# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 11, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1392/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ.  പിണറായി വിജയൻ |
| കായികം വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി  വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം. വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 34
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 83

**II അടിയന്തരപ്രമേയം**

കുട്ടനാട്ടിലെ വെള്ളപ്പൊക്കം

– ശ്രീ. പി. സി. വിഷ്ണുനാഥ്
(അവതരണാനുമതി നിഷേധിച്ചു) ...502

**III ശ്രദ്ധ ക്ഷണിക്കൽ**

1. റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

– ശ്രീ. മാത്യു ടി. തോമസ് ...519

2. പരിവർത്തിത ക്രൈസ്തവർക്കുള്ള സംവരണാനുകൂല്യം

– ശ്രീ. മോൻസ് ജോസഫ് ...526

**IV സബ്മിഷൻ**

1. പൈതൃക ടൂറിസത്തിൽ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം ഉൾപ്പെടുത്തൽ

– ശ്രീ. കെ. വി. സുമേഷ് ...530

2. ദുരന്ത നിവാരണ വകുപ്പിന്റെ ഉത്തരവ്

– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...531

3. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

– ശ്രീ. കെ. കെ. രാമചന്ദ്രൻ ...534

4. കടക്കാട്ടുപ്പാറ റെഗുലേറ്റർ നിർമ്മാണം

– ശ്രീ. പി. അബ്ദുൽ ഹമീദ് ...536

*പേജ്*

5. എൻ.ടി.സി. മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കൽ

— ശ്രീ. പി. നന്ദകുമാർ ...538

6. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം

— ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ...539

7. റേഷൻ കാർഡ്

— ശ്രീ. ഇ. ടി. ടൈസൻ മാസ്റ്റർ ...542

8. റെയിൽപ്പാത ഇരട്ടിപ്പിക്കൽ

— ശ്രീ. സി. കെ. ഹരീന്ദ്രൻ ...544

9. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

— ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ...546

10. വളവന്നൂർ സി. എച്ച്. സി.-യുടെ പ്രവർത്തനം

— ശ്രീ. കുറുക്കോളി മൊയ്തീൻ ...548

**V ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ...551

**VI നിയമനിർമ്മാണകാര്യം**

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ...744

**VII ക്രമപ്രശ്നം**

ബില്ലിന്റെ ഭരണഘടനാ സാധുത

— ശ്രീ. എൻ. ഷംസുദ്ദീൻ, പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ), ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) & ശ്രീ. പി. സി. വിഷ്ണുനാഥ് ...745

**റൂളിംഗ്** ...756

**നിയമനിർമ്മാണകാര്യം-തുടർച്ച** ...757

**അനുബന്ധം** ...809

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 11, ബുധൻ*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2021 ആഗസ്റ്റ് മാസം 11-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *421

ചോദ്യം നമ്പർ*421, *431-മായി ക്ലബ് ചെയ്യുന്നതിന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു.

### പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

1 (*421) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. ആർ. മഹേഷ് :
ശ്രീ. ടി.സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയം നിരസിച്ചതിന് പെൺകുട്ടികളെ ശല്യം ചെയ്യുന്ന കേസുകളിൽ പോലീസ് മൃദുസമീപനം സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെ ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ചിയ്യാരം സ്വദേശി നീതു എന്ന ഇരുപത്തിരണ്ട് വയസ്സുകാരിയെ പ്രണയം നിരസിച്ചതിന്റെ പേരിൽ പെട്രോളൊഴിച്ച് കൊലപ്പെടുത്തിയതും മലപ്പുറം ഏലംകുളത്ത് യുവതിയെ കുത്തിക്കൊലപ്പെടുത്തിയതുമായ കേസുകളെത്തുടർന്ന് സമാനമായ സംഭവങ്ങൾ തടയാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(സി) കോതമംഗലത്ത് ഡെന്റൽ കോളേജ് വിദ്യാർത്ഥിനിയായിരുന്ന മാനസ വെടിയേറ്റ് കൊല്ലപ്പെടുന്നതിനുമുമ്പ് രാഖിലിനെ പ്രതിയാക്കി പോലീസിൽ പരാതി നല്കിയിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്താലുടൻതന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കൃത്യവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികൾക്ക് കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നിയമ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്തെങ്കിലും അതിക്രമങ്ങൾ സംബന്ധിച്ച അറിവോ പരാതിയോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെതന്നെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ നേരിട്ടുചെന്ന് ഇത്തരം പരാതി നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതിയും നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന "Aparajitha.pol@kerala.gov.in" സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനു പുറമെ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി. ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് യഥാസമയം പോലീസ് സഹായം എത്തിക്കുന്നതിന് പ്രത്യേക പോലീസ് കമാൻഡ് സെൻറർ പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിൽ എവിടെ നിന്നും ഏതു സമയവും 112 എന്ന നമ്പറിൽ അടിയന്തര സേവനം തേടാവുന്നതാണ്. വിളിക്കുന്ന ആൾ ഉള്ള സ്ഥലം കൃത്യമായി മനസ്സിലാക്കി സേവനം നൽകുന്നതിന് പോലീസ് കമാൻഡ് സെന്ററിന് കഴിയും.

സൈബർ ലോകത്തടക്കം സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. കുട്ടികളുടെയും സ്ത്രീകളുടെയും അശ്ലീലചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുകയും മാരകായുധങ്ങൾക്ക് പരസ്യം നൽകുകയും ചെയ്യുന്ന ഡാർക്ക് നെറ്റ്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ പരിശോധിക്കുന്നതിന് വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ ഇവ ഇന്റർനെറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ത്രീകളെയും കുട്ടികളെയും സൈബറിടങ്ങളിലെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് Cyber Crime Prevention against Women & Children (CCPWC) നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള പ്രണയബന്ധങ്ങളിലെ ചതിക്കുഴികളെപ്പറ്റി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് മീഡിയ സെന്റർ, സൈബർഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'സൂക്ഷിക്കണം e-കാലം' എന്ന സോഷ്യൽ മീഡിയ കാംപെയ്ൻ ആരംഭിച്ചിട്ടുണ്ട്. സൈബർ സൗഹൃദങ്ങൾ പരിധിവിട്ട് പോകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു. ഇത്തരം ചതിക്കുഴികളിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാസെല്ലുകൾ, ജനമൈത്രി പോലീസ് എന്നിവ മുഖേന കൗൺസിലിംഗ് നൽകിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ വഴി 'സെൽഫ് ഡിഫൻസ് ട്രെയിനിംഗ്' നൽകിവരുന്നു. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി സ്ത്രീകളും കുട്ടികളും കൂടുതൽ കേന്ദ്രീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും വനിതകൾ ഉൾപ്പെടെയുള്ള പോലീസിന്റെ കർശനമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മാനസയുടെ പിതാവായ ശ്രീ. മാധവൻ തന്റെ മകളെ രാഖിൽ എന്നയാൾ കോളേജിലെത്തി ശല്യം ചെയ്യുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതായി 5-7-2021-ന് കണ്ണൂർ അസി. പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിരുന്നു. 7-7-2021-ന് കണ്ണൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ പരാതിക്കാരനെയും എതിർകക്ഷിയായ രാഖിലിനെയും പിതാവ് രഘൂത്തമനെയും വിളിപ്പിച്ച് ഇരുകക്ഷികളോടും സംസാരിച്ചിരുന്നതായി പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പ്രണയം നിരസിച്ചതിന് പെൺകുട്ടികൾ കൊല ചെയ്യപ്പെടുന്ന സംഭവങ്ങൾ

2. (*431) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയം നിരസിച്ചതിന് പെൺകുട്ടികൾ കൊല ചെയ്യപ്പെടുന്ന സംഭവങ്ങൾ ഉയർന്നുവരുന്ന ഗുരുതരമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലത്ത് ഡെന്റൽ കോളേജ് വിദ്യാർത്ഥിനിയെ വെടിവെച്ച് കൊന്ന സംഭവത്തിന്റെയടിസ്ഥാനത്തിൽ സമാന സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) സോഷ്യൽ മീഡിയ വഴിയുള്ള സൗഹൃദം പിന്നീട് കൊലപാതകത്തിലേക്ക് നയിക്കുന്ന സാഹചര്യം തടയുന്നതിന് ബോധവൽക്കരണ പരിപാടികളും നിയമ നിർമ്മാണവും നടത്താൻ മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഈ അടുത്തകാലത്തായി രണ്ടു സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്തെങ്കിലും അതിക്രമങ്ങൾ സംബന്ധിച്ച അറിവോ പരാതിയോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെതന്നെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ നേരിട്ടുചെന്ന് ഇത്തരം പരാതി നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതിയും നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന "Aparajitha.pol@ kerala.gov.in" സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനു പുറമേ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് യഥാസമയം പോലീസ് സഹായം എത്തിക്കുന്നതിന് പ്രത്യേക

പോലീസ് കമാൻഡ് സെന്റർ പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിൽ എവിടെനിന്നും ഏതു സമയവും 112 എന്ന നമ്പറിൽ അടിയന്തര സേവനം തേടാവുന്നതാണ്. വിളിക്കുന്നയാൾ ഉള്ള സ്ഥലം കൃത്യമായി മനസ്സിലാക്കി സേവനം നൽകുന്നതിന് പോലീസ് കമാൻഡ് സെന്ററിന് കഴിയും. സൈബർ ലോകത്തടക്കം സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. കുട്ടികളുടെയും സ്ത്രീകളുടെയും അശ്ലീലചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുകയും മാരകായുധ ങ്ങൾക്ക് പരസ്യം നൽകുകയും ചെയ്യുന്ന ഡാർക്ക് നെറ്റ്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ പരിശോധിക്കുന്നതിന് വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടു ള്ളതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ ഇവ ഇന്റർനെറ്റിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ത്രീകളെയും കുട്ടികളെയും സൈബറിടങ്ങളിലെ അപകടങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് Cyber Crime Prevention against Women & Children (CCPWC) നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള പ്രണയബന്ധങ്ങളിലെ ചതിക്കുഴികളെപ്പറ്റി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് മീഡിയ സെന്റർ, സൈബർഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'സൂക്ഷിക്കണം e-കാലം' എന്ന സോഷ്യൽ മീഡിയ കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. സൈബർ സൗഹൃദങ്ങൾ പരിധിവിട്ട് പോകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു. ഇത്തരം ചതിക്കുഴികളിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാ സെല്ലുകൾ, ജനമൈത്രി പോലീസ് എന്നിവ മുഖേന കൗൺസിലിംഗ് നൽകിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ വഴി 'സെൽഫ് ഡിഫൻസ് ട്രെയിനിംഗ്' നൽകിവരുന്നു. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി കുട്ടികളും സ്ത്രീകളും കൂടുതൽ കേന്ദ്രീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും വനിതകളുൾപ്പെടെയുള്ള പോലീസിന്റെ കർശനമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിശോധിച്ചിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച സംഭവമാണ് കോതമംഗലം ഡെന്റൽ കോളേജിലെ വിദ്യാർത്ഥിനിയായ മാനസ എന്ന കുട്ടി വെടിയേറ്റു മരിച്ച സംഭവം. തൃശ്ശൂർ ജില്ലയിൽ ഒരു പെൺകുട്ടിയെ പെട്രോൾ ഒഴിച്ച് കത്തിച്ച ഒരു സമാന സംഭവവുണ്ടായി. അതുപോലെതന്നെ മലപ്പുറം ജില്ലയിൽ ഏലംകുളത്ത് യുവതിയെ കുത്തിക്കൊന്ന കേസുണ്ടായി. ഇതെല്ലാം അടുത്ത കാല ങ്ങളിലുണ്ടായ ദുരന്തസംഭവങ്ങളാണ്. എന്റെ ചോദ്യം മാനസയെ വെടിവച്ചു കൊല്ലുന്നതിനുമുമ്പ് 6-7-2021-ൽ ആ കുട്ടിയുടെ മാതാപിതാക്കൾ കണ്ണൂർ Dy.S.P-ക്ക് പരാതി കൊടുത്തിരുന്നു. പോലീസ് അവരെ വിളിച്ച് കാര്യങ്ങളൊക്കെ സമാധാന പരമായി സെറ്റിൽ ചെയ്ത് കുഴപ്പമൊന്നുമുണ്ടാക്കരുതെന്നെഴുതിവാങ്ങി വിടുകയും ചെയ്തു. പക്ഷേ വെടി വച്ച പ്രതി ഈ കുട്ടി പഠിക്കുന്ന കോതമംഗലം ഡെന്റൽ കോളേജിന്റെ തൊട്ടടുത്ത് ഈ കുട്ടിയെ കാണാവുന്ന രീതിയിൽ വീടെടുത്ത് വളരെ വലിയൊരു പ്ലാനിംഗ് നടത്തി. യഥാർത്ഥത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നുമുള്ള കുറ്റം എന്നുപറയുന്നില്ല. പോലീസ് ഇന്റലിജന്റ്സ് വിഭാഗത്തിന് അല്ലെങ്കിൽ സ്പെഷ്യൽ ബ്രാഞ്ചിന് ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി ജാഗ്രത പുലർത്താൻ കഴിഞ്ഞാൽ ഇവരുടെ അടുത്ത ശ്രമങ്ങൾ എന്താണ്; എന്തെങ്കിലും വൈരാഗ്യത്തിലേയ്ക്ക് പോകുന്നുണ്ടോ എന്നൊക്കെ കണ്ടുപിടിക്കാനാവും. അതിനുള്ള സംവിധാനം പോലീസ് ഡിപ്പാർട്ടു മെന്റിൽ ഏർപ്പെടുത്താൻ സാധിക്കുമോ; ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം അതീവ ഗൗരവമായ ഒരു പ്രശ്നം തന്നെയാണ് ഉന്നയിച്ചിട്ടുള്ളത്. കാരണം, ഇത്തരമൊരു സംഭവം പിന്നീട് കൊലപാതകത്തിലേയ്ക്ക് എത്തുമെന്ന് സാധാരണഗതിയിൽ സംശയിക്കില്ല. പക്ഷേ, നമ്മുടെ അനുഭവം വളരെ ഞെട്ടിക്കുന്നതാണ്. വളരെ കൃത്യമായി, ആസൂത്രിതമായി കൊലപാതകം നടത്തുകയാണ് ചെയ്തിരിക്കുന്നത്. ഇത്തരമൊരു ഘട്ടത്തിൽ അങ്ങനെയൊരു വഴിക്ക് പോകുന്നുണ്ടോ എന്നുകൂടി അന്വേഷിക്കേണ്ട ആവശ്യം വരികയാണ്. തീർച്ചയായും ആ കാര്യം പോലീസ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, സൈബറിന്റെ ചതിക്കുഴികളാണ് ഇത്തരം പല കാര്യങ്ങളിലേയ്ക്കും നീങ്ങുന്നത് എന്നറിയാം. ഇന്ന് കേരളത്തിലെ എല്ലാ ജില്ലകളിലും സൈബർ പോലീസുണ്ട്. അവിടെ വരുന്ന കേസുകളിൽ ഉണ്ടാകുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം വിദേശത്തുനിന്നുവരുന്ന കോളുകൾ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ് എന്നതാണ്. ഇന്റർപോൾ പലപ്പോഴും കൃത്യമായി വിവരങ്ങൾ നൽകുന്നില്ല. ഗൂഗിൾ ആണെങ്കിലും സമയത്ത് മറുപടി കിട്ടുന്നില്ല. സൈബർ ഇടങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴിയെ സംബന്ധിച്ച് ബോധവൽക്കരണം വേണം. മാനസയുടെയും പെട്രോൾ ഒഴിച്ച് കത്തിച്ച്

കൊല ചെയ്യപ്പെട്ട കുട്ടിയുടെയും പിന്നിലുള്ളവർ മാനസിക പ്രശ്നമുള്ളവരാണ്. കേരളത്തിൽ ഇത്തരം സംഭവങ്ങൾ ആനപ്പകപോലെയാണ് ആവർത്തിക്കുന്നത്. ഇത്തരം കേസുകൾ വന്നാൽ അത് മാനസിക പ്രശ്നമായിക്കൂടി കണ്ട് മാനസികാരോഗ്യ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയും പോലീസ് സേനയുടെ സേവനം കുറേക്കൂടി കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനുമുള്ള ശ്രമം കൂടി നടത്തുമോ; അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിവിപുലമായൊരു ചതിക്കുഴി ഒരുക്കിക്കൊണ്ട് ഒരു കൂട്ടർ നീങ്ങുകയാണ്. വളരെ വലിയ തോതിൽ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണ്. നമ്മുടെ പെൺകുട്ടികൾ ഒരു നിശ്ചിത പ്രായത്തിലെത്തുമ്പോൾ ആ കുട്ടികളെ ചതിക്കുഴിയിൽ വീഴ്ത്താനുള്ള ശ്രമമാണ് ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹു. അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ ഈ പ്രശ്നം കേവലം സൈബർ രീതിയിൽ മാത്രം കൈകാര്യം ചെയ്താൽ പോരാ, അതോടൊപ്പം മാനസികമായി ആ കുട്ടി അടിപ്പെട്ടുപോയിട്ടുണ്ടോ എന്നു മനസ്സിലാക്കി അതിൽനിന്നും മോചിപ്പിക്കാനുള്ള നീക്കങ്ങൾകൂടി നടത്തേണ്ടതുണ്ട്. തീർച്ചയായും ആ ഭാഗംകൂടി ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഡൽഹിയിലും വടക്കേ ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും ഇതുപോലെ പെൺകുട്ടികൾക്കെതിരെയുള്ള നിരവധി പീഡന കേസുകൾ വന്നപ്പോൾ പാർലമെന്റിൽ ബഹളമായി, സ്വാഭാവികമായിട്ടും ജനങ്ങൾ മുഴുവൻ ചർച്ച ചെയ്തു. രാജ്യത്ത് നിയമംപോലും അതിന്റെ പേരിൽ മാറ്റിക്കൊണ്ടാണ് പുതിയ സിആർ.പി.സി, ഐ.പി.സി. എന്നിവയിലെ വ്യവസ്ഥകൾ മാറ്റിയത്. 354(എ) എന്നുപറയുന്ന ഒരു അഡീഷണൽ വ്യവസ്ഥ ഇതിനകത്ത് ചേർത്തിട്ടുണ്ട്. മറ്റുചില വ്യവസ്ഥകളുമുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. കേരളത്തിൽ ഏറ്റവും സീനിയറായിട്ടുള്ള വനിതാ പോലീസ് ഓഫീസറെ ഉൾപ്പെടുത്തി 'വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം' എന്ന പേരിൽ ഒരു ടീമുണ്ടായിരുന്നു. ഇപ്പോൾ ഡി.ജി.പി. യായിരിക്കുന്ന ശ്രീമതി ബി. സന്ധ്യയാണ് അതിന്റെ ഹെഡ് ആയിരുന്നത്. അതോടൊപ്പംതന്നെ നമ്മുടെ പെൺകുട്ടികളുടെ ഡീസൻസിയും ഡെക്കോറവും കീപ്പ് ചെയ്യത്തക്കവിധത്തിൽ വളരെ മാതൃകാപരമായ ഒരു നിയമത്തിന് നമ്മൾ രൂപം കൊടുത്തു. അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണ്. പെൺകുട്ടികൾക്കും അവരുടെ അമ്മമാർക്കും കാര്യങ്ങൾ തുറന്നുസംസാരിക്കാൻ കഴിയത്തക്കവിധത്തിൽ ഇൻവെസ്റ്റിഗേഷൻ കറക്ടായി മുന്നോട്ടുപോകുന്നതിന് വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ശക്തമായ ടീം കേരളത്തിലൊട്ടാകെ രൂപീകരിക്കുകയും അവർക്ക് അധികാരം കൊടുക്കുകയും ചെയ്യണം. അത്തരത്തിൽ സമഗ്രമായ മാറ്റമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീർച്ചയായും അന്വേഷണം ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. അന്വേഷണ മികവിന്റെ ഭാഗമായാണ് സാധാരണഗതിയിൽ ഇത്തരം കുറ്റവാളികളെ കണ്ടെത്താനാകുന്നത്. നമ്മുടെതന്നെ അനുഭവത്തിൽ ജിഷ കൊലപാതകം ഒരു തെളിവും ഉണ്ടാകില്ലെന്ന് കണക്കാക്കിയിരുന്നതാണല്ലോ. പക്ഷേ വളരെ ഫലപ്രദമായി അന്വേഷണം നടത്തിയപ്പോൾ ആ തെളിവിലേയ്ക്കെത്താനും കുറ്റവാളിയിലേയ്ക്കെത്താനും കഴിഞ്ഞു. അതുപോലുള്ള നടപടികൾ തന്നെയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും ആ തരത്തിലുള്ളതാണ്.

ശ്രീ. സി. ആർ. മഹേഷിനുവേണ്ടി <u>ശ്രീ. റോജി എം ജോൺ</u>: സർ, സംസ്ഥാനത്ത് ഓൺലൈൻ പോർട്ടൽ അതുപോലെതന്നെ ഡാർക്ക് വെബ് തുടങ്ങിയ മാധ്യമങ്ങളിലൂടെ അനധികൃതമായി തോക്കും മറ്റ് ആയുധങ്ങളും വാങ്ങുന്നതിനുള്ള സംവിധാനങ്ങൾ ആളുകൾ പ്രയോജനപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നാളിതുവരെ അത്തരം സംഘങ്ങൾക്കെതിരെ ഏതെങ്കിലും രീതിയിലുള്ള പരാതികൾ ലഭിക്കുകയോ അന്വേഷണമോ, നടപടികളോ കൈക്കൊള്ളുകയോ ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മാനസയുടെ കൊലപാതകി തോക്ക് സംഘടിപ്പിച്ചത് ഇപ്പോൾ പുറത്തുവന്നിട്ടുണ്ടല്ലോ. ബിഹാറിൽനിന്നാണ് ആ തോക്ക് വാങ്ങിയതെന്നാണ് മനസ്സിലായത്. പോലീസിന്റെ അന്വേഷണ മികവിന്റെ ഭാഗമായിട്ടു തന്നെ അവിടെ തോക്ക് കൊടുത്ത ആളെയും അതിന് സഹായിച്ചവരെയുമെല്ലാം കസ്റ്റഡിയിലെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. അതുപോലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ, തോക്ക് അനധികൃതമായി കൈകാര്യം ചെയ്യുന്ന അവസ്ഥ വരുമ്പോൾ പോലീസ് അതീവ ഗൗരവമായി തന്നെയാണ് നടപടികളെടുക്കുന്നത്. തുടർന്നും അത്തരത്തിൽ തന്നെ നടപടിയെടുക്കുകയും ചെയ്യും.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, മാനസയുടെ ഉൾപ്പെടെയുള്ള കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ പുതുതലമുറയിലെ യുവാക്കൾ പാശ്ചാത്യരാജ്യങ്ങളിൽമാത്രം കേട്ടുകേൾവിയുള്ള തോക്കുപയോഗിച്ചു കൊണ്ടുള്ള കൊലപാതകങ്ങളാണ് കേരളത്തിലുൾപ്പെടെ അടുത്തകാലത്ത് നടത്തിവരുന്നത്. ഇതുപോലെ അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോക്കുകൾ പിടികൂടാനുള്ള നടപടികളും ലൈസൻസുള്ള തോക്ക് കൈവശം വയ്ക്കുന്ന ആളുകൾ പിന്നീട് ക്രിമിനൽ കേസുകളിലുൾപ്പെടുമ്പോൾ അത് തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തോക്കിന്റെ കാര്യത്തിൽ ഇപ്പോഴും ഗൗരവമായ നടപടി തന്നെയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. തോക്ക് കൈവശമുള്ളയാൾ ക്രിമിനൽ നടപടിയിൽ ഏർപ്പെട്ടാൽ ഫലപ്രദമായ രീതിയിൽത്തന്നെ

നടപടികൾ സ്വീകരിക്കുന്നുണ്ട്. തോക്ക് കസ്റ്റഡിയിലെടുക്കുന്നതടക്കമുള്ള നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്. അതിലൊരു വിട്ടുവീഴ്ചയുടെ സമീപനം പൊതുവെ പോലീസ് സ്വീകരിക്കുന്നില്ല.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല)

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ നാട്ടിൽ ഫേക്ക് ഐ.ഡി. വലിയൊരു പ്രശ്നം തന്നെയാണ്. ഫേക്ക് ഐ.ഡി. വഴി വർഗ്ഗീയത വളർത്തുന്നു, പ്രണയങ്ങൾ കൊണ്ടുവരുന്നു, പൊതുസമൂഹവും വ്യക്തികളും കബളിക്കപ്പെടുന്നു. നിയമം ഉണ്ടെങ്കിലും ഇവർക്ക് രക്ഷപ്പെടാനുള്ള പഴുതുകളുമുണ്ട്. ഫേക്ക് ഐ.ഡി. നിയന്ത്രിക്കാൻ ശക്തമായ നിയമനിർമ്മാണം കൊണ്ടുവരാൻ നമുക്ക് സാധിക്കുമോ; കർശനമായ നിയമം കൊണ്ടുവന്നില്ലെങ്കിൽ ഇത് ആവർത്തിച്ചുകൊണ്ടിരിക്കും. പെൺകുട്ടികൾ പല രീതിയിൽ കബളിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. എനിക്കും രണ്ട് പെൺകുഞ്ഞുങ്ങളാണ്. സത്യം പറഞ്ഞാൽ ഭയമാണ്. കർശന നിയമം കൊണ്ടുവന്ന് ഇത്തരത്തിലുള്ള വിഷയങ്ങൾ നമുക്ക് നിയന്ത്രിക്കാൻ സാധിക്കുമോ, അതിന് മുൻകയ്യെടുക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് പൊതുവായ ഒരാഗ്രഹമാണ്. പക്ഷേ, നിയമപരമായ കാര്യങ്ങളിലേയ്ക്ക് നീങ്ങുമ്പോൾ അതിന് ചില അതിർവരമ്പുകളുണ്ട് എന്നത് നാമെല്ലാം കാണേണ്ടതാണ്. മറ്റുതരത്തിൽ അപകടം വരുത്താത്ത മട്ടിലുള്ള നിയമം മാത്രമെ സാധിക്കുകയുള്ളൂ. അതിൽ മറ്റു വ്യാഖ്യാനങ്ങളും വരാനിടയുണ്ട്. പെൺകുട്ടികളെ അപായപ്പെടുത്താൻ നോക്കുന്ന ഇത്തരം ശക്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ തീരുമാനം. നിലവിലുള്ള നിയമം കർക്കശമായി നടപ്പാക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിലുള്ള ചില പ്രത്യേകതകൾ, ചില ദൗർബല്യങ്ങൾ അതിന്റെ ഭാഗമായുണ്ട്. അതടക്കം എങ്ങനെ പരിഹരിച്ചുപോകാൻ പറ്റുമെന്നുള്ളത് നാം പൊതുവെ ചർച്ചചെയ്ത് തീരുമാനത്തിലെത്തേണ്ടതാണ്. അതിലേയ്ക്ക് സർക്കാരിന് ഒറ്റയടിക്ക് നീങ്ങാൻ പറ്റുന്നതല്ല. കാരണം, കോടതികളുടെ നിരീക്ഷണങ്ങൾ പലകാര്യത്തിലുമുണ്ടായിട്ടുണ്ട്. അതടക്കം വച്ചുകൊണ്ടുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ കഴിയും.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ലോക്ഡൗൺ കാലത്ത് ഇന്റെർനെറ്റിന്റെ ഉപയോഗം കൂടിവരികയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ പെൺകുട്ടികൾ പലപ്പോഴും ചതിക്കുഴിയിൽ വീഴുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് മാതാപിതാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വനിതാ കമ്മീഷന്റെയും യുവജന കമ്മീഷന്റെയും പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് വനിതാ കമ്മീഷൻ അദ്ധ്യക്ഷൻപോലും നിലവിലില്ല. അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മാതാപിതാക്കൾക്കും പെൺകുട്ടികൾക്കും യുവജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അവബോധം സൃഷ്ടിക്കുകയെന്നത് തന്നെയാണ് വളരെ പ്രധാനം. അതിന് ഏതെല്ലാം വഴിയുണ്ടോ അവയൊക്കെ സ്വീകരിക്കാം. ആ വഴികൾ പലതും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം നിർദ്ദേശിച്ച കാര്യങ്ങളും സ്വീകരിക്കാം. അതിനപ്പുറമുള്ള കാര്യങ്ങളും നമുക്ക് ചെയ്യാം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ജിഷ കൊലപാതകത്തിനുശേഷം കേരളത്തിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്നാണ് പൊതുവെ ധരിച്ചിരുന്നത്. പക്ഷെ തുടരെത്തുടരെ അത്തരം കൊലപാതകങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ രക്ഷിതാക്കൾ കുട്ടികൾക്ക് എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പ്രത്യേകിച്ച് ഓൺലൈൻ പഠനത്തിനുവേണ്ടി മൊബൈൽ ഫോൺ ഉൾപ്പെടെ വാങ്ങിക്കൊടുക്കുന്നുണ്ട്. പക്ഷെ അവർ അതെങ്ങനെ ഉപയോഗിക്കുന്നുവെന്ന് നിരീക്ഷിക്കാൻ രക്ഷിതാക്കൾ ശ്രമിക്കുന്നില്ല. കുട്ടികൾ അതെങ്ങനെ ഉപയോഗിക്കുന്നുവെന്ന് രക്ഷിതാക്കൾ നിരീക്ഷിക്കേണ്ടത് പ്രധാനപ്പെട്ട ആവശ്യമായിട്ടാണ് മനഃശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് സ്കൂൾ പി.ടി.എ. വഴി രക്ഷിതാക്കളെയും കുട്ടികളെയും ഇത്തരം കാര്യങ്ങളിൽ ബോധവൽക്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ചതിക്കുഴിയിൽ ആൺകുട്ടികളും പെൺകുട്ടികളും വീഴുകയാണ്. ആൺകുട്ടികൾ ആത്മഹത്യയിലേയ്ക്ക് എത്തിച്ചേരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാം ഈയൊരു മായാലോകത്തിന്റെ, കളിയുടെ ഭാഗമായി വരുന്നതാണ്. ഇത് നമ്മുടെ ലോകത്തിന് ആവശ്യമാണ്. ഇനിയുള്ള കാലത്ത് ഇതില്ലാതെ നമുക്ക് ജീവിക്കാനാകില്ല. അതോടൊപ്പം ആവശ്യമായ ജാഗ്രത പാലിച്ചുപോകേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ രക്ഷിതാക്കൾ ഇക്കാര്യത്തിൽ പ്രത്യേക ജാഗ്രത കാണിക്കണം. കുട്ടി നല്ലതേ ചെയ്യൂ എന്നുവിചാരിച്ച് അവർ ചെയ്യുന്നത് എന്താണെന്ന് നോക്കാതിരിക്കുന്ന അവസ്ഥയുണ്ടാകരുത്. കുട്ടി എന്താണ് ചെയ്യുന്നതെന്ന് ഇടയ്ക്ക് നിരീക്ഷിക്കുന്ന സ്ഥിതിയുണ്ടാകണം. പ്രത്യേകിച്ച് അടച്ചിട്ട മുറിയിൽ കുട്ടി ഇക്കാര്യങ്ങൾ ചെയ്യാൻ പാടില്ല. എപ്പോഴും രക്ഷിതാക്കൾക്ക് കടന്നുചെല്ലാനും കാണാനും പറ്റുന്ന തരത്തിലായിരിക്കണം കുട്ടികൾ കാര്യങ്ങൾ നടത്തേണ്ടത്. അക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്താൻ പി.ടി.എ-യെ ഉപയോഗിക്കാം. മറ്റുതരത്തിലും നമുക്ക് ശ്രമിക്കാം.

<u>ശ്രീ. വി. ജോയി</u>: സർ, പ്രണയം നിരസിച്ചാൽ കൊല്ലുക, പ്രണയിക്കുന്ന പെൺകുട്ടി മറ്റാരോടെങ്കിലും സംസാരിച്ചാൽ കൊല്ലുക, ആ ഒരു മാനസികാവസ്ഥ പലരിലും കൂടിക്കൂടി വരുന്ന സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഈ

മാനസികാവസ്ഥ പരിഹരിക്കുന്നതിന് പ്ലസ് വൺ, പ്ലസ് ടു തലം മുതൽതന്നെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാൻ നമുക്ക് സാധിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, എല്ലാ തലത്തിലുമുള്ള ബോധവൽക്കരണം ആവശ്യമാണ്. അക്കാര്യവും നമുക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കാവശ്യമായ നിയമങ്ങളെല്ലാം ഉണ്ട്. പക്ഷെ ആ നിയമങ്ങളൊന്നും ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്നതാണ് ഏറ്റവും പ്രധാന പ്രശ്നം. സ്ത്രീധനത്തെ സംബന്ധിച്ച് എത്രയോ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്; പക്ഷെ അതിനെതിരെ ഫലപ്രദമായ രീതിയിൽ ഏതെങ്കിലും സ്ഥലത്ത് സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്താൽ കർശനമായ നടപടി സ്വീകരിച്ചാലല്ലേ ജനങ്ങൾക്ക് ഭയപ്പാടുണ്ടാകുകയുള്ളു. അതുകൊണ്ട് ഇക്കാര്യത്തിൽ കർശനമായ നിലപാടും തീരുമാനങ്ങളും ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിയമം ഉണ്ടായാൽ ആ നിയമത്തിന്റെ ഭാഗമായുള്ള നടപടികളിലേയ്ക്ക് നീങ്ങാൻ സാധാരണഗതിയിൽ നിയമപാലകർക്ക് അധികാരവും അവകാശവുമുണ്ട്. പക്ഷെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സ്ത്രീധന പ്രശ്നത്തിൽ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രമെ പരാതി വരുന്നുള്ളു. മറ്റേത്, രണ്ട് കൂട്ടരുംകൂടി യോജിച്ചുനടത്തുന്ന കാര്യമാണ്. അതുകൊണ്ടാണ് വിവാഹത്തിന് സ്ത്രീധനമുണ്ടെന്ന് ബോദ്ധ്യമായാൽ ആ വിവാഹത്തിന് ജനപ്രതിനിധികൾ പങ്കെടുക്കാതിരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവർണർ നിർദ്ദേശിച്ചത്. അത്തരത്തിലുള്ള നടപടികളിലേയ്ക്ക് നമ്മൾ നീങ്ങിക്കൊണ്ട് സാമൂഹ്യമായി ഒറ്റപ്പെടുത്തേണ്ട ഒരു കാര്യമാണിതെന്ന് സമൂഹം പൊതുവിൽ എത്തിച്ചേരുന്ന സ്ഥിതിയുണ്ടാകണം. അങ്ങനെ വന്നാൽ മാത്രമെ പെൺകുട്ടികൾക്കും ധൈര്യം വരികയുള്ളു. വിവാഹ പ്രായത്തിലെത്തിനിൽക്കുന്ന കുട്ടികൾക്ക് കുടുംബം കൊടുക്കാൻ തയ്യാറാകുന്ന സ്ത്രീധനം, അങ്ങനെ സ്ത്രീധനം കൊടുത്തുകൊണ്ട് ഒരു വരനെ തനിക്ക് ആവശ്യമില്ലെന്ന് പെൺകുട്ടിയും സ്ത്രീധനം വാങ്ങിക്കൊണ്ട് തനിക്ക് ഒരു പെൺകുട്ടിയെ വേണ്ടെന്ന് ചെറുപ്പക്കാരനും പറയുന്ന അവസ്ഥയിലേയ്ക്കെത്തണം. നമ്മുടെ സമൂഹത്തിൽ അത്തരത്തിലുള്ളൊരു ബോധവൽക്കരണം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. നാമെല്ലാവരും അതിന് ശ്രമിക്കേണ്ടതാണ്. പരാതികളുണ്ടായാൽ അന്വേഷണ സംവിധാനങ്ങൾ കർക്കശമായ നിലപാട് തന്നെയാണ് ഇപ്പോൾ സ്വീകരിച്ചു പോരുന്നത്.

## കോവിഡ് അതിജീവനം

3 (*422) ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് അതിജീവനത്തിനുൾപ്പെടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കാനുദ്ദേശി ക്കുന്നുണ്ടോ;

(ബി) കോവിഡ് അതിജീവനം ലക്ഷ്യമാക്കി പന്ത്രണ്ടിന പരിപാടികൾ പ്രഖ്യാപിച്ച് നടപ്പാക്കിയിരുന്നോ; പുതുതായി പ്രഖ്യാപിച്ച നൂറുദിന പരിപാടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്താൻ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തി മേഖലകൾ ഏതെല്ലാമാണ്;

(സി) വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സന്നദ്ധസേനയുടെ സഹകരണത്തോടെ സാന്ത്വന പരിചരണം ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ,

(എ) ഉണ്ട്. പ്രവർത്തനങ്ങളുടെ വിവരം അനുബന്ധം 'എ*' ആയി ചേർത്തിരിക്കുന്നു.

(ബി) സർക്കാർ പന്ത്രണ്ടിന പരിപാടി പ്രഖ്യാപിച്ച് നടപ്പാക്കിയിരുന്നു. 6-3-2020-ലെ ഉത്തരവുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെ ടുവിച്ചിട്ടുണ്ട്. ഇതിൽ കോവിഡ് അതിജീവനം ലക്ഷ്യമാക്കിയുള്ള പ്രവർത്തന ങ്ങളുമുണ്ട്. വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടിയിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ അനുബന്ധം 'സി' ആയി നൽകിയിട്ടുണ്ട്.*

(സി) സാമൂഹ്യ സന്നദ്ധസേനയുടെ സഹകരണത്തോടെ കിടപ്പുരോഗികൾ, വൃദ്ധജനങ്ങൾ, മാരകമായ അസുഖങ്ങൾ ബാധിച്ചവർ, ഭിന്നശേഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്കാവശ്യമായ മരുന്നും, അടിയന്തര സർക്കാർ സേവനങ്ങളും വീടുകളിൽ എത്തിച്ചുനൽകുവാനുള്ള പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

വാതിൽപ്പടി സേവനം എന്ന പദ്ധതിയുടെ നിർവ്വഹണ മാർഗ്ഗരേഖ 31-5-2021-ലെ സർക്കാർ ഉത്തരവനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട 50 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഉടൻ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കോവിഡ് അതിജീവനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഭിനന്ദനാർഹമായ നിലപാടാണ് കേരളത്തിലുടനീളം സ്വീകരിച്ചുവരുന്നത്. ഈ ദുരന്തത്തെത്തുടർന്ന് പാവപ്പെട്ടവരെ ലക്ഷ്യംവച്ച്, അവർക്ക് ഭക്ഷണം ഉറപ്പുവരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് കുടുംബശ്രീവഴി നടത്തിവരുന്ന, ജനകീയ ഹോട്ടൽ ജനങ്ങളിൽ വലിയ പ്രതികരണങ്ങൾ സൃഷ്ടിച്ചിട്ടുള്ളതാണ്. ജനകീയ ഹോട്ടൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമായോ; കേരളത്തിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നു എന്നീ കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായാണ് 'ജനകീയ ഹോട്ടൽ' എന്ന ആശയം പ്രാവർത്തികമാക്കാനുള്ള ശ്രമം നടത്തിയത്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും ഒന്നുവീതവും വലിയ നഗരസഭകളിൽ പത്തുവാർഡിന് ഒന്ന് എന്ന ക്രമത്തിലും 25 രൂപയ്ക്ക് ഊണ് നൽകുന്നതിന് ജനകീയ ഹോട്ടൽ ആരംഭിക്കുക എന്നതാണ് ലക്ഷ്യമായി ചൂണ്ടിക്കാണിച്ചിരുന്നത്. ആവശ്യമെങ്കിൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നിലേറെ ഹോട്ടലുകൾ ആരംഭിക്കാം. ആകെ നൽകുന്ന ഊണിന്റെ 10 ശതമാനം സൗജന്യമായി നൽകണം. ഒരു ഹോട്ടലിന് ജില്ലാ പഞ്ചായത്ത് 10,000 രൂപയും അതത് ബ്ലോക്ക് പഞ്ചായത്തുകൾ 20,000 രൂപയും റിവോൾവിംഗ് ഫണ്ടായി നൽകും. കെട്ടിടത്തിന്റെ വാടക, വൈദ്യുതി തുടങ്ങിയവ അതത് ഗ്രാമപഞ്ചായത്ത്/നഗരസഭ വഹിക്കണം. പാചകത്തിനുവേണ്ട പാത്രങ്ങളും മറ്റും കുടുംബശ്രീ ലഭ്യമാക്കണം. ഊണിനുവേണ്ട അരി, സബ്സിഡി നിരക്കിൽ 10.90 രൂപയ്ക്ക് സിവിൽ സപ്ലൈസ് നൽകും. സർക്കാർ കുടുംബശ്രീ മുഖേന ഒരു ഊണിന് 5 രൂപ വീതം സബ്സിഡി നൽകും. കിടപ്പുരോഗികൾക്കും വയോജന ങ്ങൾക്കും ആവശ്യമായ ഭക്ഷണം ജനകീയ ഹോട്ടലുകളിൽനിന്നും വീടുകളിൽ എത്തിക്കും. ഈ സംരംഭത്തിന് ആവശ്യമായ തുക തനത് വികസന ഫണ്ടിൽ നിന്നും തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. 1145 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 956 എണ്ണവും നഗരസഭകളിൽ 189 എണ്ണവുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ഭക്ഷണത്തിന്റെ വില 25 രൂപ എന്ന് പറഞ്ഞോയെന്ന സംശയമുണ്ട്. അവിടെയിരുന്ന് കഴിക്കുന്നവർക്ക് 20 രൂപയും പാർസലിന് 25 രൂപയുമാണ്. ഇപ്പോൾ പാർസൽ മാത്രമാണ് ലഭിക്കുന്നത്. അതിന് 25 രൂപ തന്നെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ധാരാളം തൊഴിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. കോവിഡിനെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമീണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തിയത്. കൂടുതൽ തൊഴിൽ സാധ്യതകൾ ലക്ഷ്യമിടുന്ന നിരവധി പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രഖ്യാപിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകൾ ചേർന്ന് സംയോജിത കാർഷിക പദ്ധതി ഗ്രാമീണമേഖലയിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കും. അത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമാകും. അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് കേരളത്തിലുടനീളം നടപ്പിലാക്കുന്നതിന് ഗവൺമെന്റ് പരിപാടികൾ ആവിഷ്കരിക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, രണ്ടുതരത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നത്. ഒന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾതന്നെ 1000 ജനസംഖ്യയ്ക്ക് അഞ്ചുപേർക്ക് തൊഴിൽനൽകുക എന്ന പദ്ധതിയനുസരിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരുടെ ജനസംഖ്യ അടിസ്ഥാനപ്പെടുത്തി 100 മുതൽ 250 വരെ തൊഴിലവസരങ്ങൾ സുസ്ഥിരമായി തുടർന്നുപോകാൻ തക്കവിധത്തിലുണ്ടാക്കണം. അതുപോലെ, കുടുംബശ്രീ ആരംഭിച്ചിട്ട് 23 വർഷമായി. അതിൽ 45.44 ലക്ഷം അംഗങ്ങളാണുള്ളത്. അവർ നടപ്പിലാക്കിയ നിരവധി പദ്ധതികളെക്കുറിച്ച് നേരത്തെ ഇവിടെ വിശദീകരിച്ചു. പുതിയ തലമുറ 18 വയസുമുതൽ 40 വയസുവരെയുള്ള യുവതികൾ അഭ്യസ്തവിദ്യരാണ്. അവർ കുടുംബശ്രീയുടെ ഭാഗമായി അത്രത്തോളം വരുന്നില്ല. 23 വർഷം മുമ്പ് ആരംഭിച്ചതുകൊണ്ടുതന്നെ 50-55 വയസുള്ളവരാണ് അംഗങ്ങളിലധികവും. പുതിയ തലമുറയെ കുടുംബശ്രീയുമായി ബന്ധിപ്പിച്ച്, സാമൂഹികമായി അഭിമുഖീകരിക്കുന്ന സ്ത്രീധനമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പ്രതിരോധിക്കാനുള്ള കവചമായി വളരെ ഫലപ്രദമായി പ്രവർത്തിക്കാനുള്ള അവബോധത്തോടെ, പ്രത്യേക സംരംഭകത്വത്തിന്റെ ഭാഗമായി ഓരോ വാർഡിലും അഭ്യസ്തവിദ്യരായ 50 ആളുകൾ വീതം 20000 യൂണിറ്റുകൾ രൂപീകരിക്കണമെന്നാണ് തീരുമാനം. ആ യൂണിറ്റുകൾ അവരുടെ പ്രദേശത്ത് തൊഴിൽ നൽകുന്നതിനുവേണ്ടി എന്തൊക്കെ സാധ്യതകളാണുള്ളതെന്ന് മനസിലാക്കി അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ

ഗവൺമെന്റിന്റെ പരിപൂർണ്ണ പിന്തുണയോടുകൂടി കുടുംബശ്രീയുടെ തണലിൽ രൂപപ്പെടുത്തി വളർത്തിയെടുക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കാർഷികം, വ്യാവസായികം, സേവനം എന്നീ സർവ്വതല സ്പർശിയായ മേഖലകളിൽ എങ്ങനെ തൊഴിൽ നൽകാമെന്ന കാര്യം കുടുംബശ്രീയുമായി ബന്ധപ്പെട്ട് ന്യൂജെൻ സംവിധാനത്തിന്റെ ഭാഗമായ യൂണിറ്റുകൾ സംരംഭകത്വത്തിന്റെ ഭാഗമായി പരിശോധിക്കും. അടുത്ത മാസം മുതൽ ആ രീതിയിലുള്ള നടപടികളിലേയ്ക്ക് സംഘടനാപരമായി നീങ്ങണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിൽ സംയോജിത കാർഷിക പരിപാടിയുൾപ്പെടെ നൂറോ നൂറ്റൻപതോ പരിപാടികളുടെ ഗൃഹപാഠം നടത്തി ലിസ്റ്റ് അവർക്ക് നൽകി എന്ത് സംരംഭം അവർക്ക് തുടങ്ങാനാകുമെന്ന കാര്യമാണ് ചർച്ച ചെയ്യാൻപോകുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, കോവിഡ് മഹാമാരി ഇപ്പോഴും നമ്മളെ പിടിവിട്ടിട്ടില്ല. കോവിഡ് കാലത്ത് ഏറ്റവും സഹായകരമായി നിന്നത് നമ്മുടെ നാട്ടിലെ ചെറുപ്പക്കാരും യുവജനപ്രവർത്തകരും വോളന്റിയർമാരുമാണ്. ആദ്യ ഘട്ടത്തിൽ ഇതിന്റെ പ്രവർത്തനങ്ങളിൽ ആരും സഹകരിക്കാൻ താൽപ്പര്യപ്പെട്ടിരുന്നില്ല. എന്നാൽ പിന്നീട് എന്തും സഹിച്ച്, രോഗം വന്നാലും പ്രശ്നമില്ലെന്ന രൂപത്തിലേയ്ക്ക് സജീവമായി പ്രവർത്തനത്തിൽ ധാരാളംപേർ ഇടപെട്ടിരുന്നു. ശവമടക്കുന്നതിൽനിന്നും ബന്ധുക്കൾ മാറിനിൽക്കുമ്പോൾ ഇത്തരം കാര്യങ്ങൾപോലും ഇവർ നിർവ്വഹിക്കുകയാണ്. അവരുടെ പ്രവർത്തനങ്ങൾ ഇനിയും സജീവമാക്കാൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യങ്ങളിൽ അവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യതയുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണം, ആരോഗ്യം, പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി സന്നദ്ധ പ്രവർത്തകരെ അണിനിരത്തി വളരെ ഫലപ്രദമായ പ്രതിരോധമുണ്ടാക്കാൻ കേരളം ശ്രമിച്ചിട്ടുണ്ട്. ഇപ്പോഴും അത് നടന്നുവരികയാണ്. വാർഡുതലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അതിന്റെ അദ്ധ്യക്ഷന്മാരായി പ്രവർത്തിക്കുകയും അതിന്റെ ഭാഗമായി പല മേഖലകളിലും ആരോഗ്യപ്രവർത്തകരും സന്നദ്ധ പ്രവർത്തകരും പോലീസുമുൾപ്പെടെ ചേർന്ന് ഫലപ്രദമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ശവമടക്കമുൾപ്പെടെയുള്ള കാര്യങ്ങളിൽ, പ്രത്യേകിച്ച് ആദ്യകാലങ്ങളിൽ കുടുംബാംഗങ്ങളുൾപ്പെടെ നിസ്സഹായരായി മാറിനിന്ന സന്ദർഭത്തിൽ സന്നദ്ധ പ്രവർത്തകരും യുവജന സംഘടനകളും

മുൻകയ്യെടുത്ത് കോവിഡ് രോഗികളുടെ ശവസംസ്കാരം നടത്തിയ അനുഭവം കേരളത്തിലുണ്ട്. വളരെയേറെ സന്നദ്ധപ്രവർത്തകർ ഇതിന്റെ ഭാഗമായി പ്രവർത്തിച്ചിട്ടുണ്ട്. അവർക്ക് സാമ്പത്തികമായി എന്തെങ്കിലും നൽകിയെന്നു പറയാൻ സാധിക്കുന്നതല്ല. സർട്ടിഫിക്കറ്റുൾപ്പെടെ നൽകുന്ന കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, വാക്സിനേഷൻ യജ്ഞം പ്രധാനപ്പെട്ടൊരു വിഷയമായി ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് അകലെയുള്ള സ്ഥലങ്ങളിലാണ് വാക്സിൻ ലഭിക്കുന്നത്. അതിനു പകരം തദ്ദേശാടിസ്ഥാനത്തിലുള്ള വാക്സിനേഷൻ രജിസ്ട്രേഷൻ പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ആരോഗ്യ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ചേർന്ന് വാക്സിനേഷന്റെ പ്രശ്നം ഗൗരവപൂർവ്വം ആലോചിച്ചു. വാക്സിനേഷൻ മുഴുവൻ ആളുകളിലും എത്തിക്കുക എന്ന ഗവൺമെന്റ് നിലപാട് വാക്സിനേഷന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കാനാണ് ഇപ്പോൾ സാധിക്കുന്നത്. അതിന്റെ ഭാഗമായി രജിസ്ട്രേഷൻവഴിയും നേരിട്ടും വാക്സിനേഷൻ നൽകത്തക്കരീതിയിലുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. എല്ലാം ഒരു കേന്ദ്രത്തിൽനിന്ന് എന്ന രീതിയിലല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡടിസ്ഥാനത്തിൽ രജിസ്ട്രേഷനും നേരിട്ടുള്ള വാക്സിനേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യാൻ സാധിക്കുന്നവിധത്തിലുള്ള നിലപാട് ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യപ്രവർത്തകരും ആരോഗ്യവകുപ്പും ഇക്കാര്യം അംഗീകരിച്ച് താഴെത്തലം വരെ നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. എം. വിജിൻ</u>: സർ, ഒന്നുംരണ്ടും ഘട്ട കോവിഡ് വ്യാപനം അതിജീവിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പുമായി ചേർന്ന് മാതൃകാപരമായ ഇടപെടലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ളത്. മൂന്നാം തരംഗത്തെ സംബന്ധിച്ച് വലിയ ആശങ്കയിലാണ്. അതിനെ അതിജീവിക്കാനുള്ള എന്തെല്ലാം മുൻകരുതലുകളാണ് തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഒന്നാം തരംഗത്തിന്റെ ഘട്ടത്തിലും രണ്ടാം തരംഗത്തിന്റെ അവസാന ഘട്ടത്തിൽ എന്ന് പറയാറായിട്ടില്ലെങ്കിലും, ഈ ഘട്ടത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ അർത്ഥത്തിലും ജനങ്ങൾക്ക് മാതൃകയായിത്തന്നെ പ്രവർത്തനരംഗത്തുണ്ടായിരുന്നു. മൂന്നാം തരംഗം ഇതിലും ഗൗരവമുള്ള തരത്തിലേയ്ക്കാണ് വരുന്നതെന്ന് കണ്ടുകൊണ്ട് ആരോഗ്യ വകുപ്പുതന്നെ തുടർന്നുള്ള ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ

വളരെയേറെ ശ്രദ്ധേയമായ രീതിയിലുള്ള കാര്യങ്ങൾനീക്കി മുന്നോട്ടു പോകുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആ തയ്യാറെടുപ്പിന്റെ ഭാഗഭാക്കായുണ്ട്. വാക്സിനേഷന്റെ ക്വാട്ട കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് മുഴുവൻ ആളുകൾക്കും വാക്സിനേഷൻ നൽകുക എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. വളരെ ചുരുക്കം മാസംകൊണ്ടുതന്നെ വാക്സിനേഷൻ നൽകാനുള്ള ശേഷിയുണ്ടെന്ന് ഇപ്പോൾ മനസ്സിലായിട്ടുണ്ട്. 5 ലക്ഷത്തിലധികം ആളുകളെ ഒറ്റ ദിവസംതന്നെ വാക്സിനേറ്റ് ചെയ്യാനുള്ള കഴിവ് കേരളം ആർജ്ജിച്ചിട്ടുണ്ട്. തീർച്ചയായും വളരെ വേഗം ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിലേയ്ക്ക് നീങ്ങുകയാണ്. മൂന്നാം തരംഗം വരുന്നതിന്റെ മുന്നോടിയായി വളരെ ഫലപ്രദമായ പ്രതിരോധ പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, 60 വയസ്സ് കഴിഞ്ഞ എത്ര ശതമാനം ആളുകൾക്ക് ഇനിയും വാക്സിനേഷൻ നടത്താൻ ബാക്കിയുണ്ടെന്ന് പറയാൻ സാധിക്കുമോ; വാർഡടിസ്ഥാനത്തിൽ വാക്സിനേഷൻ നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

മി. സ്പീക്കർ: ഇത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറയേണ്ട ഉത്തരമല്ല. അങ്ങയുടെ ചോദ്യത്തിലെ രണ്ടാമത്തെ ഭാഗത്തിനുള്ള ഉത്തരം ബഹുമാനപ്പെട്ട മന്ത്രി പറയുന്നതായിരിക്കും.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ആഗസ്റ്റ് 15-ന് മുമ്പ് 60 വയസ്സ് കഴിഞ്ഞ മുഴുവൻ ആളുകളുടേയും വാക്സിനേഷൻ പൂർത്തിയാക്കും.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, നമ്മുടെ നാട്ടിൽ കോവിഡ് അതിജീവനവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചനുകൾ നടത്തിവന്നിരുന്നത് വലിയൊരു സഹായമായിരുന്നു. പക്ഷേ ഇപ്പോൾ കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിക്കുന്നില്ല. നിരാലംബരായ ആളുകൾക്കും കോവിഡുമായി ബന്ധപ്പെട്ട് ദുരിതത്തിലായവർക്കുമൊക്കെ അത് തുടരുന്നത് സഹായകരമായിരിക്കും. അതിനാൽ കമ്മ്യൂണിറ്റി കിച്ചനുകൾ തുടർന്നും നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കമ്മ്യൂണിറ്റി കിച്ചൻ നിർത്തിവച്ചിട്ടില്ല. ആവശ്യമായ ഘട്ടം വരുന്ന സന്ദർഭത്തിലെല്ലാം അതിന്റെ പ്രവർത്തനം നടത്തും. അതിന് യാതൊരു പ്രയാസവുമില്ല. അത് നടത്താൻ തന്നെയാണ് തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

**ഐ.ടി. മേഖലയുടെ വികസനം**

4 (*423) ശ്രീമതി ദെലീമ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ലിന്റോ ജോസഫ്: സർ, താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ഐ.ടി. മേഖലയിൽ സൃഷ്ടിച്ച വികസനത്തിന്റെ തുടർച്ചയായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നതെന്നറിയിക്കാമോ;

(ബി) ഐ.ടി. വ്യവസായ രംഗത്തെ ലോകോത്തര കമ്പനികളെയുൾപ്പെടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ മികച്ച അടിസ്ഥാനസൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും സൃഷ്ടിക്കാനായിട്ടുണ്ടോ;

(സി) ഐ.ടി. വ്യവസായത്തിലൂടെ സംസ്ഥാനത്ത് പരമാവധി തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിനായി സർക്കാർ ഐ.ടി. പാർക്കുകളുടെ വികസനത്തിനും പ്രത്യേക സാമ്പത്തിക മേഖലയിലും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉൽപ്പാദനമേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്ന സമീപനമാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. അതിനുതകുന്നവിധം ഒരു നയരേഖയും സംസ്ഥാന സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായ നേട്ടങ്ങളാക്കി മാറ്റാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി മാറാനും നമുക്ക് കഴിഞ്ഞു. എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുന്നതിന് പൊതുമേഖലയിൽ ആരംഭിച്ച കെ-ഫോൺ ലോകത്തിന് ആകെത്തന്നെ മാതൃകയാകുന്ന ഒന്നായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു. 21 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസും 56000 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പ്രാപ്തമാകുന്നവിധം പുതിയ പ്രോജക്ടുകൾ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. 2016-2021 കാലയളവിൽ 52.44 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസിൽ വർദ്ധനവുണ്ടായി. ഐ.ടി. പാർക്കുകളിൽ 292 പുതിയ

കമ്പനികൾ പ്രവർത്തനമാരംഭിച്ചു. 2019-20 വരെ 2500 സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനുള്ള നടപടികൾക്കും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടപെടലുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങളെ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ ആവിഷ്കരിക്കുന്നത്. ദേശീയ, അന്തർദ്ദേശീയ തലത്തിലുണ്ടാകുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനും സർക്കാർ പരിശ്രമിക്കുകയാണ്. 5 വർഷത്തിനകം ആഗോളതലത്തിൽ വീട്ടിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആഗോള ഡിജിറ്റൽ മേഖലയിൽ വന്നിട്ടുള്ള ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാലാടിസ്ഥാനത്തിൽ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു സ്കിൽ മിഷൻ തന്നെ രൂപീകരിക്കാനാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിലുള്ള വിവിധ സ്ഥാപനങ്ങളിലെ നൈപുണ്യ പരിശീലനം വിപുലീകരിക്കുന്നതിലൂടെ 50 ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കാനും അതിൽനിന്ന് ജോലിക്കാരെ തെരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരം നൽകുകയെന്നതുമാണ് സർക്കാരിന്റെ ലക്ഷ്യം. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വീട്ടിലോ വ്യവസായ പാർക്കുകളിലോ മറ്റോ ജോലി ചെയ്യാനുള്ള സൗകര്യമുണ്ടാക്കും. ആഗോള കമ്പനികൾക്കുവേണ്ടി ജോലിസാധ്യതകളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയ പുതിയ ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. സാമ്പത്തിക ഭരണമേഖലയുടെ എല്ലാ തലങ്ങളിലും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമീപനവും സ്വീകരിക്കും. വിദ്യാർത്ഥികൾക്ക് ഇന്നവേഷൻ ചലഞ്ച് മത്സരങ്ങൾ ഉൾപ്പെടെ സംഘടിപ്പിച്ച് മത്സരാർത്ഥികൾക്ക് സാമ്പത്തിക പ്രോത്സാഹനം നൽകുന്ന സമീപനവും സ്വീകരിക്കും. ഏതു മേഖലയിലെ പ്രശ്നങ്ങളും നൂതന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും അവ മികവുറ്റതാണെങ്കിൽ സർക്കാർ സഹായങ്ങൾ നൽകും. സ്വകാര്യവ്യക്തികൾ വാങ്ങിയാൽ അവയ്ക്ക് സബ്സിഡിയും നൽകും. കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്തുന്നതിനും ലക്ഷ്യം വയ്ക്കുന്നു. ഇതിനായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ കൂട്ടായ നേതൃത്വത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലകളെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും

ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് സംവിധാനത്തിൽ ഉയർത്തുന്നതിനായി പുതിയ മാസ്റ്റർപ്ലാൻ തയ്യാറാക്കും. 5 വർഷം കൊണ്ട് 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിച്ച് ഒരു ലക്ഷം പേർക്ക് അതിലൂടെ മാത്രം തൊഴിൽ നൽകാനാണുദ്ദേശിക്കുന്നത്. സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നേതൃത്വത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിച്ച് 250 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ആരംഭിക്കാനും ഉദ്ദേശിക്കുന്നു. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ അനിവാര്യഘടകമാണ് ഐ.ടി. മേഖലയിലെ വികസനം. ഇതിനാവശ്യമായ എല്ലാ പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയിലൂടെയും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണ ത്തിലൂടെയും ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നു. സൈബർ സുരക്ഷയ്ക്കുള്ള സമഗ്രമായ പദ്ധതിയും വിഭാവന ചെയ്യുന്നുണ്ട്. സൈബർ ടെക്, സൈബർ ഡോം, ഹൈടെക് സൈബർ സെൽ എന്നിവ സംയുക്തമായി സൈബർ സുരക്ഷയ്ക്കുള്ള സമഗ്രമായ സംവിധാനം സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനകം സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, KTU, KDISC എന്നിവ ചേർന്ന് കേരളത്തിന്റെ കൃഷി, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, സേവനമേഖലകൾ എന്നിവയുടെ സമഗ്രമായ ഡിജിറ്റൽ പരിവർത്തനത്തിന് മുൻകയ്യെടുക്കാനുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ പ്രാവർത്തികമാക്കും. കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ രംഗത്ത് വിഭാവന ചെയ്യുന്നത്. ഇ-ഗവേണൻസ് പദ്ധതി സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരളത്തിന്റെ ഐ.ടി മേഖലയെ ലോകോത്തര സംവിധാനമാക്കി വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്കുണ്ടായ കേരളത്തിൽ അതിനനുസൃതമായ വികാസം ഈ രംഗത്ത് ഉണ്ടായിട്ടില്ല. ആ മുരടിപ്പ് പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങളെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുമാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

(ബി) ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ സെസ്, നോൺ സെസ് മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള 'കോവർക്കിംഗ് സ്പെയിസ്' സംവിധാ നത്തിലുള്ള താൽപ്പര്യം അറിയിക്കുക, അവ പ്രയോജനപ്പെടുത്തിക്കൊണ്ട് 'റിമോട്ട്

വർക്ക് ഫോഴ്സ്" വഴി സംസ്ഥാനത്ത് പ്രാതിനിധ്യമില്ലാത്ത വൻകിട കമ്പനികളുടെ ബിസിനസ്സ് കേരളത്തിൽ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. വൻകിട കമ്പനികൾ സംസ്ഥാനത്തേയ്ക്ക് വരുന്നതിന് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണ്. അതിവിദഗ്ദ്ധരായ തൊഴിൽ സേനയെ ഒരുക്കുന്നതിനും കഴിയേണ്ടതുണ്ട്. അതിനു തകുന്ന നൈപുണ്യവികസന പദ്ധതികളും ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്. ചുരുക്കത്തിൽ നിക്ഷേപം നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന ചുവപ്പുനാടകളെ ഒഴിവാക്കി മുന്നോട്ടുപോകുന്നതിനുള്ള സൗകര്യങ്ങളും സംസ്ഥാന സർക്കാർ ഇതിനായി ഒരുക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് എല്ലാവിധ മൂലധനങ്ങളും കൊണ്ടുവരുന്നതിനുള്ള ഇടപെടലാണ് ഈ രംഗത്തും സ്വീകരിക്കുന്നത്.

(സി) അഞ്ചുവർഷം കൊണ്ട് ഐ.ടി. വ്യവസായത്തിൽ 2 കോടി ചതുരശ്രയടി ഐ.ടി. പാർക്കുകളും 2 ലക്ഷം തൊഴിൽ അവസരങ്ങളുമാണ് വിഭാവന ചെയ്യുന്നത്. സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ബഹുരാഷ്ട്ര കമ്പനികൾ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിലെ ഐ.ടി. സംരംഭകർക്ക് പ്രവർത്തിക്കാനാവശ്യമായ രീതിയിലുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടക ഇളവും മറ്റ് ആനുകൂല്യങ്ങളും നിലവിൽ പ്രവർത്തിക്കുന്ന ഐ.ടി. സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായി. ഈ നടപടി ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് പാർക്കിൽ നിക്ഷേപം നടത്തുന്നതിനും പ്രേരകമാവുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഐ. ടി. പാർക്കുകളുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന വികസനപദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

ശ്രീമതി ദെലീമയ്ക്കുവേണ്ടി ശ്രീ. പി. വി. ശ്രീനിജിൻ: സർ, സോഫ്റ്റ്‌വെയർ രംഗത്ത് കേരളം ഇന്ന് ലോകത്തുതന്നെ അറിയപ്പെടുന്ന പ്രധാനപ്പെട്ടൊരു ഹബ്ബാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയടക്കമുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുന്ന ഐ. ടി. വകുപ്പിനെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. സോഫ്റ്റ്‌വെയർ രംഗത്തെന്ന പോലെ അനന്തമായ സാധ്യതകളുള്ള ഒരു മേഖലയാണ് ഹാർഡ്‌വെയർ മേഖല. ഈ മേഖലയിൽ ഹാർഡ്‌വെയർ പാർക്കടക്കമുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

---

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇപ്പോൾത്തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഒരു ഹാർഡ്‌വെയർ പാർക്കുതന്നെ വേണമെന്ന തരത്തിലേയ്ക്ക് നടപടികൾ നീങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഫലപ്രദമായ രീതിയിലേയ്ക്ക് അതെത്തിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പുതിയ കാലഘട്ടത്തിൽ, പ്രത്യേകിച്ച് കോവിഡിന്റെ സമയത്ത് ഏറ്റവുമധികം വിറ്റുപോകുന്നത് ഇലക്ട്രോണിക്സ് ഉപകരണങ്ങളാണ്. ഇത്തരം ഉപകരണങ്ങൾ ഉപയോഗശൂന്യമാകുമ്പോൾ ഇവ കളക്ട് ചെയ്യുന്നതിനും ഡിസ്പോസ് ചെയ്യുന്നതിനും ഇപ്പോൾ പ്രത്യേകിച്ചൊരു സംവിധാനമില്ല. വലിയ പാരിസ്ഥിതിക പ്രശ്നമാകാൻ സാധ്യതയുള്ള ഇത്തരം ഇ-വേസ്റ്റുകൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള പഠനം നടത്തുവാനും അതിനുള്ള സംവിധാനം ഒരുക്കുന്നതിനുമുള്ള നടപടികളെടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് ഈ രംഗത്തുള്ള വളർച്ചയുടെ ഭാഗമായി വരുന്നൊരു പ്രശ്നമാണ്. അതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യാം.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കഴിഞ്ഞ സർക്കാർ ഐ. ടി. മേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അത് ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്റെ ചോദ്യം, പള്ളിപ്പുറം ടെക്നോ സിറ്റിയുടെ രണ്ടാംഘട്ട നിർമ്മാണം ഇപ്പോൾ പുരോഗമിച്ചുവരികയാണ്. പള്ളിപ്പുറം മുതൽ വെൺപാലവട്ടം വരെയുള്ള ഭാഗം സംസ്ഥാനത്തിന്റെ ഐ.ടി. കോറിഡോറായി പ്രഖ്യാപിച്ച് തുടർനടപടികൾ സ്വീകരിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ടെക്നോ സിറ്റിയിൽ നല്ല രീതിയിലുള്ള വികസനം കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. കുറെ സ്ഥാപനങ്ങൾ ഇപ്പോൾത്തന്നെ പരിഗണനയിലുണ്ട്. നല്ല രീതിയിൽ അത് വികസിച്ചുവരും എന്നുതന്നെയാണ് കണക്കാക്കാവുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഐ. ടി. രംഗത്തെ അഭിമാനകരമായ ചുവടുവയ്പ്പാണ് കെ-ഫോൺ പദ്ധതി. 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യുന്നതും 30000 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് സൗകര്യം എത്തിക്കുന്നതുമായ ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കെ-ഫോണിന്റെ കാര്യത്തിൽ കോവിഡ് ചെറിയ തോതിൽ ബാധിച്ചുവെന്നതാണ് വസ്തുത. അത് നല്ല രീതിയിൽ വേഗത്തിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ടം 2021 ഫെബ്രുവരി 15-ന് തന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. ആ പദ്ധതിയുടെ നടത്തിപ്പിനായി 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും കെ.എസ്.ഇ.ബി.എൽ. പോളുകളുടെ സർവ്വേയും 375 പോയിന്റ് ഓഫ് പ്രസൻസു കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ്വർക്ക് ഓപ്പറേഷൻ സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ മുഖേന ബന്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ലിന്റോ ജോസഫ്: സർ, നമ്മുടെ ഐ.ടി. മേഖലയിൽ വലിയ കുതിച്ചുചാട്ടമുണ്ടായ കാലഘട്ടമാണ് കഴിഞ്ഞ 5 വർഷം. മികച്ച അടിസ്ഥാന സൗകര്യമൊരുക്കാനും തൊഴിൽ സൃഷ്ടിക്കാനും വിദേശ കമ്പനികളെ കേരളത്തിലേയ്ക്ക് ക്ഷണിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഐ.ടി. മേഖലയിൽ വർക്ക് ചെയ്യുന്നവർ നിരവധി ചൂഷണങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഇപ്പോൾ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം. തൊഴിലിടങ്ങളിലെയും യാത്രകളിലെയും സുരക്ഷിതത്വം ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കണം. ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടും വളരെ തുച്ഛമായ വേതനത്തിലാണ് പല കമ്പനികളിലും ചെറുപ്പക്കാരായ ആളുകൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവർക്ക് മിനിമം വേതനം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഐ. ടി. മേഖലകളിൽ വളരെ തുച്ഛമായ വേതനമാണ് നൽകുന്നത് എന്നതിനോട് യോജിക്കാൻ കഴിയുന്നതല്ല. എന്നാൽ അത്തരത്തിൽ നൽകുന്ന ചില കമ്പനികളുണ്ട്. സാധാരണഗതിയിൽ പ്രശസ്തമായ പല കമ്പനികളും നല്ല രീതിയിൽ വേതനം നൽകുന്നവ തന്നെയാണ്. മറ്റ് പ്രശ്നങ്ങൾ നമുക്ക് പ്രത്യേകമായി പരിശോധിക്കേണ്ടതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, വ്യവസായ വളർച്ചയിൽ ഐ.ടി. മേഖലയുടെ അനന്ത സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ട മാണിത്. എല്ലാ ഷിഫ്റ്റുകളിലും നിരവധി സ്ത്രീ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇവിടെ സ്ത്രീ സുരക്ഷയ്ക്കുവേണ്ടി നാം ഏറ്റെടുത്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, എല്ലാ മേഖലകളിലുമുള്ള സ്ത്രീകൾക്ക് സുരക്ഷയൊരുക്കുക എന്നുള്ളത് തന്നെയാണ് പ്രധാനം. ഐ.ടി. മേഖലയിൽ മാത്രമായി സ്ത്രീകൾക്ക് പ്രത്യേകമായ പ്രശ്നങ്ങളുണ്ടെന്ന് തോന്നുന്നില്ല. വിവിധ തൊഴിലിടങ്ങളിൽ സ്ത്രീ എന്ന നിലയ്ക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളുണ്ട്. അത് ഐ.ടി. മേഖലയിലും കാണും. അത്തരം പ്രശ്നങ്ങളിൽ ഗൗരവമായ നടപടികൾതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്ത് ഒരുകാലത്ത് കിൻഫ്ര പോലെയുള്ള ഐ.ടി. പാർക്കുകൾ ധാരാളമായി വന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, പ്രത്യേകിച്ച് കഴിഞ്ഞ അഞ്ചുവർഷം പുതിയ സംരംഭങ്ങളൊന്നും തുടങ്ങാൻ സാധിച്ചിട്ടില്ല. ഇന്നത്തെ ഒരു സാഹചര്യത്തിൽ, തൊഴിൽ വർദ്ധിപ്പിക്കാനുള്ള മേഖലയെന്ന നിലയ്ക്ക് പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നുണ്ടോ; അങ്ങനെയുണ്ടെങ്കിൽ മണ്ണാർക്കാട് മേഖലയിൽ ഒരു ഐ.ടി. പാർക്ക് അനുവദിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത്യാവശ്യം കാര്യങ്ങളൊക്കെ മനസ്സിലാക്കുന്ന ബഹുമാനപ്പെട്ട അംഗം, സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ നടന്ന കാര്യങ്ങൾ മനസ്സിലാക്കിയില്ലെന്നുള്ളത് ആശ്ചര്യകരമാണ്. അതിന്റെ ഭാഗമായിട്ടാണ് കഴിഞ്ഞ അഞ്ചുവർഷം പ്രത്യേകിച്ച് ഒന്നും നടന്നില്ലെന്ന് പറഞ്ഞത്. 2016-2021 കാലയളവിൽ മൂന്ന് ഐ.ടി. പാർക്കുകളിലുംകൂടി 52.48 ലക്ഷം ചതുരശ്രയടി പ്രവൃത്തിയെടുക്കാനുള്ള സ്ഥലം വർദ്ധിച്ചിട്ടുണ്ട്, വെറുതെ കെട്ടിടം വർദ്ധിച്ചു വന്നതല്ല. അതിന്റെ ഭാഗമായി തൊഴിലവസരങ്ങളും വർദ്ധിച്ചു. ഏകദേശം 30950 തൊഴിലവസരമാണ് വർദ്ധിച്ചിട്ടുള്ളത്. അദ്ദേഹം ഒരു കമ്പനിയും വന്നിട്ടില്ലെന്ന് എന്തടിസ്ഥാനത്തിലാണ് പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ തെറ്റിദ്ധാരണ മാറുന്നതിനുവേണ്ടി ഞാൻ ആ കണക്ക് പറയാം, 2016-2021 കാലയളവിൽ 292 പുതിയ കമ്പനികൾ വന്നിട്ടുണ്ടെന്ന് കാണാൻ കഴിയും. അടുത്ത അഞ്ച് വർഷംകൊണ്ട് വർദ്ധിപ്പിക്കാനുദ്ദേശിക്കുന്ന സ്ഥലവിസ്തൃതി 71.22 ലക്ഷം ചതുരശ്രയടിയാണ്. അതും വർദ്ധിപ്പിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. ആ ഘട്ടത്തിൽ പുതിയ സ്ഥലങ്ങൾ വേറെ ആലോചിക്കേണ്ടിവരും. നിലവിൽ ആ സ്ഥലത്തിന് പ്രൊപ്പോസലുണ്ടോയെന്ന് അറിയില്ല. മണ്ണാർക്കാട് ഒരു അസ്പൃശ്യമായ സ്ഥലമായിട്ടൊന്നും സർക്കാർ കാണുന്നില്ല. അതിന്റെ സാധ്യത സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കൊരട്ടി ഇൻഫോ പാർക്കിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എല്ലാ പാർക്കുകളിലും ആവശ്യമായ രീതിയിലുള്ള വികസനം വരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. പക്ഷേ ചില പ്രശ്നങ്ങളുണ്ട്, പ്രധാന കേന്ദ്രങ്ങളിലാണ് ഇതിന്റെ ഭാഗമായുള്ള വികസനം വരുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സ്ഥലത്തിന് വലിയ അകൽച്ചയുണ്ടെന്ന് പറയാൻ പറ്റുകയില്ല. പ്രധാന കേന്ദ്രത്തിന്റെ തൊട്ടടുത്തുള്ള സ്ഥലമാണ്, എന്നാലും ചില പ്രശ്നങ്ങൾ വരുന്നുണ്ട്. ഏതായാലും ഗവൺമെന്റ് എല്ലാ സ്ഥലങ്ങളും വികസിപ്പിക്കാൻ തന്നെയാണ് ആഗ്രഹിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, കണ്ണൂർ ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന ഐ.ടി. പാർക്ക് സംബന്ധിച്ച് എന്തെങ്കിലും പുരോഗതിയുണ്ടോ; എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏത് ഘട്ടത്തിലാണ്?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ ഐ.ടി. പാർക്കുകൾ വേണമെന്നുള്ള ആവശ്യം നിരന്തരമായി ഉയരുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് ഇത്രയുമാണ് പ്രധാനപ്പെട്ട പാർക്കുകളായി നിലനിൽക്കുന്നത്. എന്നാൽ വിമാനത്താവളാധിഷ്ഠിതമായാണ് പല പാർക്കുകളും വികസിച്ചുവരുന്നത്. അങ്ങനെ വരുമ്പോൾ കണ്ണൂരിന്റെ സാധ്യതയും പ്രത്യേകിച്ച് ബാംഗ്ലൂരിനോട് ചേർന്നുകിടക്കുന്ന സ്ഥലമെന്ന നിലയ്ക്ക് നല്ല രീതിയിൽ പരിഗണിക്കാവുന്നതാണ്. സിസ്റ്റർ സ്ഥാപനമെന്ന നിലയ്ക്ക് വരാനുള്ള സാധ്യത അവിടെയുണ്ട്. ആ കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## കോവിഡ് നിയന്ത്രണം

5 (*424) ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ കോവിഡ് രണ്ടാം തരംഗം അവസാനിക്കുമ്പോഴും കേരളത്തിൽ കോവിഡ് കേസുകളുടെ എണ്ണം കുറയാതെ നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) അശാസ്ത്രീയമായ ലോക്ഡൗണും എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ ലഭ്യമാക്കുന്നതിലെ പോരായ്മയും കോവിഡ് കേസുകൾ ഉയർന്ന നിൽക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) സാമൂഹ്യ പ്രതിരോധശേഷി (Herd Immunity) കൈവരിച്ച് മാത്രമെ കോവിഡിനെ പൂർണ്ണമായി നിയന്ത്രണ വിധേയമാക്കാൻ കഴിയുകയുള്ളൂവെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ,

(എ) കോവിഡ്-19 കേസുകൾ ചൈനയിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പബ്ലിക് ഹെൽത്ത് എമർജൻസി ഓഫ് ഇന്റർനാഷണൽ കൺസേൺ ആയി ഇതിനെ ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ ചൈനയിൽനിന്നും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയ്ക്കും ആളുകൾ തിരിച്ചെത്തിയെങ്കിലും 2020 ജനുവരി 30-നുതന്നെ ഇന്ത്യയിൽ ആദ്യമായി രോഗം സ്ഥിരീകരിക്കപ്പെട്ടത് കേരളത്തിലാണ്. ഇത്തരത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും സർവ്വയലൻസിലും പകർച്ചവ്യാധി നിയന്ത്രണത്തിലും കേരള സംസ്ഥാനത്തിന്റെ മികവ് പ്രളയം, നിപ്പ എന്നിങ്ങനെയുള്ള അവസരങ്ങളിൽ കൂടിയും ലോകമെമ്പാടും തിരിച്ചറിഞ്ഞിട്ടുള്ളതുമാകുന്നു. കോവിഡിന്റെ ആദ്യ തരംഗത്തിൽ ഇന്ത്യയിലൊട്ടാകെയും പൊടുന്നനെ കേസുകൾ വർദ്ധിക്കുകയും കൃത്യമായ രോഗ സ്ഥിരീകരണത്തിലൂടേയും മറ്റ് പ്രതിരോധ പ്രവർത്തനങ്ങളിലൂടേയും കോവിഡ് കേസിന്റെ വർദ്ധനവിനെയും മരണനിരക്കിനെയും സംസ്ഥാനത്തിന് പിടിച്ചു നിർത്താനായത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിരുന്നു. മാർച്ച് മാസത്തിൽ ഇന്ത്യയൊട്ടാകെയും കേസുകൾ വർദ്ധിച്ചതിനെത്തുടർന്ന് കേരളത്തിലും ഏപ്രിൽ ആദ്യവാരം മുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിത്തുടങ്ങി. ഇത് പിന്നീട് വ്യാപനശേഷി കൂടുതലുള്ള കോവിഡ്-19-ന്റെ ഡെൽറ്റ വകഭേദംമൂലമാണെന്ന് ജനിതകശ്രേണീകരണത്തിലൂടെ തെളിയിക്കപ്പെട്ടിരുന്നു. കോവിഡ്-19 പോലൊരു മഹാമാരിയിൽ ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് പെട്ടെന്നുണ്ടാകാമെങ്കിലും കുറവ് അത്ര പെട്ടെന്ന് ഉണ്ടാകാൻ സാധ്യത കുറവാണെന്ന് ശാസ്ത്രലോകം വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ മികച്ച പൊതുജനാരോഗ്യ സംവിധാനവും ആശുപത്രി ശൃംഖലകളും വർദ്ധിച്ച അവബോധമുള്ള പൊതുജനങ്ങളും രാഷ്ട്രീയ ഉത്തരവാദിത്വവും കൂടിയുള്ള ആകെ തുകയുടെ ഫലമായി കോവിഡ് മഹാമാരിയുടെ ആദ്യഘട്ടം മുതൽ തന്നെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് റിപ്പോർട്ടിംഗിലും പ്രതിരോധ പ്രവർത്തനങ്ങളിലും മരണ നിരക്ക് കുറയ്ക്കുന്നതിലും കേരളം മികവ് പുലർത്തിയിരുന്നു. രണ്ടാം തരംഗ സമയത്തെ കേസുകളുടേയും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും പരിശോധിച്ചാൽ സംസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ മികവ് ബോദ്ധ്യമാകുന്നതാണ്. കേസുകൾ വർദ്ധിച്ചതിനെത്തുടർന്ന് മുൻപേതന്നെ വിഷമ ഘട്ടത്തിലായിരുന്ന സാമ്പത്തിക

മേഖലയ്ക്ക് കൂടുതൽ ആക്കം തട്ടാതിരിക്കാൻ വാരാന്ത്യ ലോക്ഡൗൺവഴി കേസുകളുടെ എണ്ണം കുറയ്ക്കാനാണ് സംസ്ഥാനം ആദ്യം ശ്രമിച്ചത്. തുടർന്നും കേസുകൾ വർദ്ധിച്ച തിനാൽ പിന്നീട് സംസ്ഥാനം മുഴുവൻ ലോക്ഡൗൺ ഏർപ്പെടുത്തുകയുണ്ടായി. കേസുകളുടെ എണ്ണത്തിൽ കുറവ് വരുന്നത് കണ്ടതിനെത്തുടർന്ന് പടിപടിയായി ജൂൺ മൂന്നാം വാരം മുതൽ ലോക്ഡൗൺ നിബന്ധനകളിൽ ഇളവുകളും നൽകുക യുണ്ടായി. അതിനെത്തുടർന്നാണ് കേരളത്തിൽ വീണ്ടും കേസുകൾ വർദ്ധിച്ചു തുടങ്ങിയത്. ഈ ഘട്ടത്തിൽ രണ്ട് പ്രത്യേക സാഹചര്യങ്ങൾ നാം പരിഗണിക്കേണ്ടതുണ്ട് ഐ.സി.എം.ആർ. നാല് ഘട്ടങ്ങളിലായി നടത്തിയ സീറോ സർവയലൻസ് പഠനത്തിൽ കേരളത്തിലെ രോഗവ്യാപന നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചും ഇന്ത്യയൊട്ടാകെ അപേക്ഷിച്ചും കുറവായാണ് കണ്ടിട്ടുള്ളത്. കേരള സംസ്ഥാനം മാർച്ച് 2021-ൽ നടത്തിയ സീറോ സർവയലൻസ് പഠനത്തിലും 11% ആൾക്കാർക്ക് മാത്രമെ രോഗബാധയുണ്ടായതായി കണ്ടെത്തിയിരുന്നുള്ളൂ. 2021 മേയ് 31-ന് ഐ.സി.എം.ആർ. പൂർത്തിയാക്കിയ സീറോ സർവയലൻസ് പഠനത്തിന്റെ റിപ്പോർട്ടിലും ഇന്ത്യയൊട്ടാകെ 67.6% പേർക്കാണ് രോഗബാധ സ്ഥിരീകരിക്കപ്പെട്ടതായി കണ്ടെത്തിയത്. മറ്റ് സംസ്ഥാനങ്ങളിൽ 60%-നും 70%-നും ഇടയിൽ രോഗബാധ സ്ഥിരീകരണ നിരക്ക് കാണിക്കപ്പെട്ടപ്പോൾ കേരളത്തിൽ അത് കേവലം 44.4% മാത്രമായിരുന്നു. സിറോപ്രിവലൻസ്വഴി എസ്റ്റിമേറ്റഡ് കേസുകളുടെ എണ്ണവും റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണവും പരിശോധിച്ചപ്പോൾ കേരളത്തിൽ ആറിലൊന്ന് കേസുകൾ കണ്ടെത്തുന്നുണ്ടെന്നും ഇന്ത്യൻ സംസ്ഥാനങ്ങളിൽ അണ്ടർ കൗണ്ടിംഗ് ഫാക്ടർ ഏറ്റവും കുറവായ സംസ്ഥാനമാണെന്നും നമുക്ക് മനസ്സിലാക്കാം. ഇത് സൂചിപ്പിക്കുന്നത് കേരളം ഇക്കാലമത്രയും സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി 44.4% പേർക്ക് മാത്രമേ രോഗം ബാധിച്ചിട്ടുള്ളൂ എന്നാണ്. മാത്രമല്ല ഇപ്പോൾ കേസുകളിൽ നേരിയ വർദ്ധനവ് കാണാമെങ്കിലും വർദ്ധിച്ച രീതിയിൽ വാക്സിനേഷൻ നടത്തുന്ന കേരളത്തിൽ ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ നിരക്കും ഗുരുതരരോഗവുമായി ഐ.സി.യു.-വിലും വെന്റിലേറ്ററിലും അഡ്മിറ്റ് ആകുന്നവരുടെ നിരക്കും രണ്ടാം തരംഗത്തിലെ ആദ്യകാലഘട്ടത്തിനെ അപേക്ഷിച്ച് കുറവാണ്. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ റിപ്പോർട്ടിംഗിലും ചികിത്സാ സംവിധാനങ്ങളിലും പൊതുജനാരോഗ്യത്തിലും രോഗത്തോടുള്ള ആൾക്കാരുടെ സമീപനത്തിലും അവബോധത്തിലും ഏറെ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തേയും മറ്റ് സംസ്ഥാനങ്ങളെയും താരതമ്യം ചെയ്യാൻ സാധ്യമല്ല.

(ബി) ഓരോ ഘട്ടത്തിലെയും കോവിഡ് വ്യാപനത്തോത്, ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലെ പര്യാപ്തത, വാക്സിനേഷൻ നിരക്ക് എന്നിവ കണക്കിലെടുത്ത് പൊതുജനങ്ങളുടെ ജീവനോപാധികൂടി സംരക്ഷിക്കുന്ന

തരത്തിലാണ് സാമൂഹിക അകലം ഉറപ്പാക്കാനുള്ള വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ സമൂഹത്തിൽ ഏർപ്പെടുത്താറുള്ളത്. കേരള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അംഗങ്ങളും വിദഗ്ദ്ധ സമിതി അംഗങ്ങളുൾപ്പെട്ട ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചാണ് ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന തീരുമാനമെടുക്കാറുള്ളത്.

(സി) ഏതൊരു രോഗത്തേയും പ്രതിരോധിക്കാനായി അനുവർത്തിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ സ്വയം പ്രതിരോധ മാർഗ്ഗങ്ങൾ, അസുഖത്തിനെതിരായ ചികിത്സ, രോഗവ്യാപനശേഷിയിലെ കുറവ് രോഗാണുവിന് മരണകാരണമാകാനുള്ള ശേഷിക്കുറവ് എന്നീ ഘടകങ്ങളെ ആശ്രയിച്ചാണ്. കോവിഡ്-19 പുതിയൊരു രോഗമായതിനാൽത്തന്നെ അതിനെതിരെ പ്രത്യേക തരത്തിലുള്ള ചികിത്സാ സംവിധാനങ്ങളോ മരുന്നുകളോ വാക്സിനുകളോ തുടക്കത്തിൽ ലഭ്യമായിരുന്നില്ല. എന്നാൽ രോഗം സ്ഥിരീകരിക്കപ്പെടുന്നവരിൽ രണ്ട് മുതൽ മൂന്ന് ശതമാനംവരെ പേർക്ക് മരണമുണ്ടായേക്കാമെന്ന ശാസ്ത്ര ലോകത്തിന്റെയും ഗ്ലോബൽ റിപ്പോർട്ടുകളുടെയുമടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കെല്ലാം രോഗം വന്നുപോയി സാമൂഹ്യപ്രതിരോധശേഷി കൈവരിക്കുക എന്ന മാർഗ്ഗം കേരളം പിന്തുടർന്നില്ല. മാത്രമല്ല ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിച്ച പൊതുജനാരോഗ്യ സംവിധാനം ഉയർന്നുനിൽക്കുന്ന പല ലോകരാഷ്ട്രങ്ങളിലും രോഗവ്യാപനനിരക്കും മരണനിരക്കും ഉയരുന്നതാണ് നാം കണ്ടത്. ആയതിനാൽ തന്നെ സോപ്പ്, മാസ്ക്, സോഷ്യൽ ഡിസ്റ്റൻസിംഗ് എന്നിവ ദിനചര്യയുടെ ഭാഗമാക്കി കോവിഡ് 19-ന്റെ കണ്ണികൾ പൊട്ടിച്ചെറിയുകയും രോഗം സ്ഥിരീകരിക്കപ്പെടുന്നവരെ നിരീക്ഷണത്തിൽ നിർത്തുകയും അവരുമായി സമ്പർക്കത്തിൽപ്പെട്ടവരെ എത്രയും പെട്ടെന്ന് കണ്ടെത്തുകയും രോഗലക്ഷണങ്ങളും മറ്റ് അനുബന്ധരോഗങ്ങളുമുള്ളവരെ എത്രയും പെട്ടെന്ന് ചികിത്സിക്കുകയും ചെയ്യുക എന്നതാണ് കേരളം പിൻതുടർന്നുപോന്ന തന്ത്രം. ഇതുവഴി രോഗവ്യാപന നിരക്കിനേയും മരണ നിരക്കിനേയും ഒരു പരിധിവരെ പിടിച്ച് നിർത്താനും ഇത്തരം പ്രവർത്തനങ്ങൾക്ക് വിദഗ്ദ്ധരിൽനിന്ന് പ്രശംസ നേടിയെടുക്കാനും സാധിച്ചു. ഇതുകൂടാതെ താരതമ്യേന പ്രമേഹം, രക്താതിമർദ്ദം എന്നീ രോഗങ്ങൾ കൂടുതലുള്ളതും വയോജനങ്ങൾ കൂടുതലുള്ളതുമായ സംസ്ഥാനമായതിനാലും റിവേഴ്സ് ക്വാറന്റൈൻവഴി ഇവരെ പ്രത്യേകം സംരക്ഷിക്കാനും കേരളം ശ്രമിച്ചിരുന്നു. വീടുകളിൽ നിരീക്ഷണത്തിന് സംവിധാനമില്ലാത്തവർക്ക് ഡൊമിസിലിയറി കെയർ സെന്റർ സംവിധാനവും ആശുപത്രികളിൽ തിരക്ക് കുറയ്ക്കുന്നതിനായി സി.എഫ്.എൽ.ടി.സി., സി.എസ്.എൽ.ടി.സി. സംവിധാനങ്ങളും സംസ്ഥാനമൊട്ടുക്കും ക്രമീകരിച്ചിരുന്നു. കോവിഡ് നിയന്ത്രിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളിൽ ഒന്നാണ് കോവിഡ് വാക്സിനേഷൻ. ലോകമെമ്പാടുമുള്ള കോവിഡ് പ്രതിരോധ വിവരങ്ങളും

ലോകരാഷ്ട്രങ്ങളിൽ പിന്തുടർന്ന മാർഗ്ഗങ്ങളും പരിശോധിക്കുമ്പോൾ സാമൂഹിക പ്രതിരോധശേഷി കൈവരിക്കുന്നതുവഴി കോവിഡിനെ പ്രതിരോധിക്കാമെന്ന് കരുതാനാവില്ല.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്നലെ കേരളത്തിലെ ടി.പി.ആർ. 15 കഴിഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ ഉയർന്നുനിൽക്കുന്നതിന് കാരണമായി സർക്കാർ പലതവണയും പറഞ്ഞിരുന്നത് ഉയർന്ന ജനസാന്ദ്രതയാണ്. ദേശീയ ശരാശരിയെക്കാൾ ഇരട്ടി ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഡൽഹിയിൽ ഒരു സ്ക്വയർ കിലോമീറ്ററിലെ ജനസാന്ദ്രത 11320 ആയിരുന്നിട്ടും ഇന്നലെ രണ്ടുശതമാനം മാത്രമാണ് ടി.പി.ആർ. ഇന്ത്യയിലെ ഒരു സംസ്ഥാനത്തുമില്ലാത്ത തരത്തിൽ കേരളത്തിൽമാത്രം ടി.പി.ആർ. ഇത്തരത്തിൽ ഉയർന്നുനിൽക്കുന്നത് നമ്മുടെ പ്രതിരോധ നടപടികളുടെ പാളിച്ച കൊണ്ടാണോ അതോ സ്കീമിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, സംസ്ഥാനത്തിന്റെ ഉയർന്ന ജനസാന്ദ്രത ഒരു കാരണമാണ്. ദേശീയ ശരാശരിയുടെ ഇരട്ടിയാണ് കേരളത്തിലെ ജനസാന്ദ്രത. അത് ഒരു ഘടകം മാത്രമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, കേരളത്തിലാകെ 50 ശതമാനത്തിൽ താഴെ ആൾക്കാർക്ക് മാത്രമാണ് രോഗപ്രതിരോധ ശേഷിയുള്ള തെന്നാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നടത്തിയ സിറോപ്രിവലൻസ് സ്റ്റഡിയിലൂടെ വ്യക്തമായിരിക്കുന്നത്. രോഗ പ്രതിരോധശേഷി രണ്ടു തരത്തിലാണ് ആർജ്ജിക്കുന്നത്, ഒന്ന്, രോഗം വന്ന് ആന്റീബോഡീസ് ശരീരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുക, രണ്ട്, വാക്സിനേഷനിലൂടെ രോഗപ്രതിരോധ ശേഷിയുണ്ടാകുകയെന്നുള്ളതാണ്. രാജ്യത്ത് വാക്സിനേഷൻ നല്ല രീതിയിൽ തന്നെ നടപ്പാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. അതിന്റെ അർത്ഥം, രോഗം വന്നവരുടെ എണ്ണം കേരളത്തിൽ വളരെക്കുറവാണെന്നുള്ളതാണ്. അങ്ങ് സൂചിപ്പിച്ച ഡൽഹിയും കേരളവുമായി സിറോപ്രിവലൻസ് സ്റ്റഡിയിൽ തന്നെ എവിടെയാണെന്നുള്ളത് അങ്ങേയ്ക്ക് പരിശോധിക്കാവുന്നതാണ്. സിറോപ്രിവലൻസ് സ്റ്റഡിയിൽ, രോഗം വന്ന ആളുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ഏറ്റവും കുറവ് കേരളത്തിലാണ്. അതുകൊണ്ട് രോഗം വരാനുള്ള ആളുകളുടെ സാധ്യത ഏറ്റവും കൂടുതലാണ്. ഇത് കാണിക്കുന്നത് കേരളത്തിന്റെ പ്രതിരോധ സംവിധാനം ഏറ്റവും ശക്തമായിരുന്നു വെന്നുള്ളതാണ്. ഇത് വളരെ വിശദമായി നമ്മൾ ധനാഭ്യർത്ഥന ചർച്ചയിൽ പറഞ്ഞതാണ്. രണ്ട് രീതിയിൽ രോഗ പ്രതിരോധ ശേഷിയുണ്ടാകാം, എന്നാൽ പിന്നെ രോഗം വന്ന് ആയിക്കൂടെ എന്നുചോദിച്ചാൽ കോവിഡ്മൂലം നമുക്കുണ്ടാകുന്ന പോസ്റ്റ് കോവിഡ് ഡിസീസസ്, ലോകത്തും രാജ്യത്തുമുണ്ടായ ലക്ഷക്കണക്കിന് മരണങ്ങൾ, കോവിഡിൽനിന്നും ജനങ്ങളെ സംരക്ഷിക്കുകയെന്ന ഉത്തരവാദിത്വമാണ്

കേരളം ഏറ്റെടുത്തത്, അത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയുന്നുവെന്നുള്ളതാണ്. അങ്ങ് പറഞ്ഞതുപോലെ കഴിഞ്ഞ 3 ദിവസത്തെ ശരാശരി ടി.പി.ആർ. 14.3 ആണ്. അപ്പോഴും കാണേണ്ട പ്രത്യേകമായിട്ടുള്ള കാര്യം, ഹോസ്പിറ്റൽ ഒക്യുപ്പെൻസിയും, ഐ.സി.യു. ഒക്യുപ്പെൻസിയും ഈ ഘട്ടത്തിൽ വളരെ കുറവാണെന്നുള്ളതാണ്. അതായത് രോഗത്തിന്റെ തീവ്രത ഈ ഘട്ടത്തിൽ കുറവാണെന്നുള്ളതാണ്. അതീവ ജാഗ്രതയോടുകൂടി ഈ ഘട്ടത്തിൽ നമുക്ക് മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, രോഗത്തിന്റെ തീവ്രത കുറവാണെന്ന് പറയുമ്പോൾത്തന്നെ ഇന്നലെയും മരണം നൂറിന് മുകളിലായിരുന്നു. കോവിഡ് നിയന്ത്രണത്തിന്റെ ഭാഗമായി ഇന്നലെ ആറ്റിങ്ങലിൽ മത്സ്യം വിറ്റുകൊണ്ടിരിക്കുന്ന സ്ത്രീകൾക്കുനേരെ അതിക്രമമുണ്ടായി. മത്സ്യത്തൊഴിലാളി സ്ത്രീകൾ, പുലർച്ചെ തീരത്തുനിന്നും മത്സ്യം വാങ്ങി രാവിലെ മുതൽ വൈകുന്നേരംവരെ വെയിലത്തും മഴയത്തും അവ വിറ്റുതീരുന്നതുവരെ അവിടെയിരിക്കും. അർദ്ധരാത്രിയാണ് മത്സ്യം വിറ്റുതീരുന്നതെങ്കിൽ അതുവരെയുമിരുന്ന് മത്സ്യം വിറ്റശേഷംമാത്രം വീട്ടിലേയ്ക്ക് പോകുന്ന വിഭാഗമാണ് മത്സ്യത്തൊഴിലാളി സ്ത്രീകൾ. അവരോടാണ് ഇന്നലെ ജീവനക്കാർ കയ്യൂക്ക് കാണിക്കുന്നതരത്തിൽ മത്സ്യം തട്ടിത്തെറിപ്പിച്ചത്. ചുട്ടുപൊള്ളുന്ന റോഡിൽ കിടന്നുകൊണ്ടുള്ള ആ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ പ്രതിഷേധത്തിന്റെ കരളലിയിക്കുന്ന ദൃശ്യങ്ങൾ നമ്മൾ മാധ്യമങ്ങളിലൂടെ കണ്ടതാണ്. വെറുംകയ്യോടെ വീട്ടിലേയ്ക്ക് പോകാൻ കഴിയാത്തതുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നത്. ഇത്തരത്തിൽ കയ്യൂക്ക് കാണിച്ചുകൊണ്ട് കോവിഡ് നിയന്ത്രണങ്ങൾ നടപ്പിൽ വരുത്താൻ ആരോഗ്യ വകുപ്പ് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം സൂചിപ്പിച്ച കാര്യം രോഗതീവ്രതയെക്കുറിച്ചാണ്. ആശുപത്രിയിലും തീവ്രപരിചരണ വിഭാഗത്തിലും ചികിത്സയിലുള്ള കോവിഡ് രോഗികളുടെ എണ്ണം കുറയുന്നുണ്ട്. മരണങ്ങൾ സംബന്ധിച്ച കാര്യത്തിൽ ആരോഗ്യവകുപ്പ് പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. രോഗലക്ഷണങ്ങളു ണ്ടെങ്കിലും പലരും അത് അവഗണിക്കുന്നുവെന്നതാണ് ഈയൊരു ഘട്ടത്തിൽ പൊതുവേ കാണുന്നത്. കോവിഡിനോടാപ്പം വരുന്ന മറ്റ് അസുഖങ്ങളുള്ളവർ (Comorbid) പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനപ്രതിനിധികൾ എന്ന നിലയിൽ എല്ലാവരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇക്കാര്യത്തെക്കുറിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വമേറ്റെടുക്കണം. കോവിഡിനൊപ്പം മറ്റ് അസുഖങ്ങൾകൂടിയുള്ളവർ രോഗലക്ഷണങ്ങൾ കണ്ടാൽ നിർബന്ധമായും ഡോക്ടറുടെ സേവനം തേടേണ്ടതാണ്. അതുപോലെതന്നെ കോവിഡ് രോഗ ലക്ഷണങ്ങൾ കാണിക്കുന്നുവെങ്കിൽ അത് അവഗണിക്കാതെതന്നെ ഡോക്ടറുടെ

ഉപദേശം സ്വീകരിക്കേണ്ടതുണ്ട്. അസുഖം സങ്കീർണ്ണമായശേഷം മാത്രം ആശുപത്രികളിൽ എത്തുന്നതായാണ് പൊതുവെ കാണുന്നത്. ഇവരിലെ മരണനിരക്ക് കൂടുതലാണെന്ന് പരിശോധിക്കുമ്പോൾ മനസിലാകും. ഈ അവസ്ഥയും പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. കോവിഡ് വ്യാപനമുണ്ടാകുന്ന ഇക്കാലത്ത് ആളുകളുടെ ജീവൻ രക്ഷിക്കുന്നതോടൊപ്പം ജീവനോപാധികൂടി സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാടെന്ന് നേരത്തെതന്നെ വ്യക്തമാക്കിയതാണ്. ഇത്തരം കാര്യങ്ങൾക്കായി ആരോഗ്യവകുപ്പ് ആവശ്യമായ നിർദ്ദേശം നൽകുകയും ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ അത്തരത്തിലുള്ള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അംഗം ചോദിച്ച ചോദ്യത്തിനുള്ള മറുപടി പറയണ്ടേ? .....(ബഹളം)....

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അങ്ങയോട് ഒരു കാര്യം പറയാനുണ്ട്, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അംഗം ഇത്തരത്തിൽ ഒരു ചോദ്യം ഉന്നയിക്കാൻ കാരണം കോവിഡ് നിയന്ത്രണങ്ങളെ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ചട്ടം 300 പ്രകാരം ഇവിടെ വച്ചത് ആരോഗ്യ വകുപ്പുമന്ത്രിയാണ്. കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽകൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറഞ്ഞതും ഇതേ മന്ത്രിതന്നെയാണ്. അതുകൊണ്ടു തന്നെയാണ് ഇന്നലെയുണ്ടായ, വളരെ ദൗർഭാഗ്യകരമായതും കേരളത്തിന് മുഴുവൻ അപമാനകരമായതുമായ ഒരു സംഭവത്തെക്കുറിച്ച് ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിച്ചത്. ഇക്കാര്യത്തിൽ മന്ത്രി മറുപടി പറയണ്ടേ?

മി. സ്പീക്കർ: മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു, മറുപടി ഇന്നതായിരിക്കണമെന്ന് നിഷ്കർഷിക്കാൻ പറ്റില്ല. ...(ബഹളം).. ഡോ. മാത്യു കുഴൽനാടൻ ചോദ്യം ചോദിക്കാൻ തയ്യാറായി നിൽക്കുകയാണ്, അദ്ദേഹത്തെ തടസ്സപ്പെടുത്തരുത്... അദ്ദേഹം സംസാരിക്കട്ടെ. ...(ബഹളം)..

ഡോ. മാത്യു കുഴൽനാടൻ: സർ, അരിയെത്ര എന്ന് ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്നുപറയുന്ന രീതിയിൽ ചോദ്യോത്തരവേള മുമ്പോട്ടുപോകുന്നതു കൊണ്ട് കാര്യമില്ല. ഈ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയം വൈകാരികമായി ഉയർന്നുവരാൻ കാരണം, ഒരാഴ്ചക്കുള്ളിൽ രണ്ടോ മൂന്നോ മത്സ്യത്തൊഴിലാളികളെയാണ് പോലീസ് ഇതുപോലെ ആക്രമിച്ചത് എന്നതു കൊണ്ടാണ്. അതുകൊണ്ടുതന്നെയാണ് ആ മേഖലയിൽനിന്നും വരുന്ന അംഗം

വൈകാരികമായ ഒരു ചോദ്യം ചോദിച്ചത്. ഇവിടെ നിരവധി നിയന്ത്രണങ്ങളിൽ ഇളവുവരുത്തിയെന്നു പറഞ്ഞു, അവയിൽ മത്സ്യത്തൊഴിലാളികളടക്കമുള്ളവർക്ക് മീൻ വില്പനയ്ക്ക് അനുവാദം നൽകുന്നുണ്ടോ; അതോ അവർ മീൻ വിൽക്കരുതെന്നുള്ള നിർദ്ദേശം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നൽകിയിട്ടുണ്ടോയെന്ന അംഗത്തിന്റെ ചോദ്യം ഞാൻ ആവർത്തിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, വളരെ വ്യക്തമായിത്തന്നെ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ സർക്കാരിന്റെ ഇതുസംബന്ധിച്ച സമീപനം ചട്ടം 300 പ്രകാരം ഈ സഭയിൽ പ്രസ്താവന നടത്തിയിട്ടുള്ളതുമാണ്. കഴിഞ്ഞ ചോദ്യത്തിന് മറുപടിയായി പറഞ്ഞതുപോലെ, നമ്മുടെ മുമ്പിലുള്ള പ്രധാന വിഷയം ആളുകളുടെ ജീവൻ രക്ഷിക്കുകയെന്നതും ജീവനോപാധി സംരക്ഷിക്കുകയെന്നതുമാണ്. അതിന്റെ ഭാഗമായി ഈ ഘട്ടത്തിൽ ജാഗ്രതാ പ്രവർത്തനങ്ങൾ ഏതുരീതിയിൽ ചെയ്യണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ആയിരം ജനസംഖ്യയുള്ള സ്ഥലങ്ങളിൽ 8 പേരിലധികം കൂടാൻ പാടില്ല, കോവിഡ് പോസിറ്റീവാണെങ്കിൽ അവിടം മൈക്രോ കണ്ടെയ്ന്റ്മെന്റ് സോണാക്കി മാറ്റുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചത്. മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം ആരോഗ്യ വകുപ്പ് പ്രത്യേകമായ ശ്രദ്ധ കൊടുക്കുന്നുണ്ട്. തീർത്തും സാധാരണക്കാരായ നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരങ്ങളുടെ ജീവനോപാധികൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് കോസ്റ്റൽ ബെൽറ്റിൽ പ്രത്യേകമായ വാക്സിൻ ഡ്രൈവ് നടത്തുന്നത്. ഇവിടെ പരാമർശിച്ച വിഷയങ്ങൾ ഉൾപ്പെടെയുള്ളതിൽ, അനുവദിക്കപ്പെട്ട സാഹചര്യങ്ങളിൽ അവർക്ക് അവരുടെ ജീവനോപാധികളുമായി മുന്നോട്ടുപോകുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ട്. കോസ്റ്റൽ ബെൽറ്റിലുൾപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ കേരളത്തിലുടനീളം പ്രത്യേകമായി വാക്സിനേഷൻ ഡ്രൈവുകൾ നടത്തിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് ബഹുമാന്യരായ അംഗങ്ങൾക്കറിയാം.

ശ്രീ. ടി. ജെ. വിനോദ്: സർ, കഴിഞ്ഞ ദിവസം പാരിപ്പള്ളിയിൽ മത്സ്യത്തൊഴിലാളികൾക്ക് നേരെയുണ്ടായ സംഭവം ചിത്രീകരിച്ചതാണെന്ന മുഖ്യമന്ത്രിയുടെ മറുപടിയാണ് യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്കുനേരെ വീണ്ടുംവീണ്ടും ആക്രമണമുണ്ടാകാൻ കാരണം. ആ സംഭവത്തെ അന്ന് ഗൗരവമായെടുത്തിരുന്നെങ്കിൽ തീർച്ചയായും ഇത്തരം പ്രവൃത്തികൾ മത്സ്യത്തൊഴിലാളി മേഖലയിൽ ആവർത്തിക്കപ്പെടുമായിരുന്നില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി PM CARES Fund ഉപയോഗിച്ച് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള വെന്റിലേറ്ററുകൾ ഏതൊക്കെ ആശുപത്രികൾക്കാണ് നൽകിയിട്ടുള്ളത്; പ്രസ്തുത വെന്റിലേറ്ററുകളുടെ ഗുണനില വാരത്തെ സംബന്ധിച്ച പരാതികളിൽ വാസ്തവമുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, വളരെ നിശ്ചിതമായ ഒരു ചോദ്യമായതു കൊണ്ട് അതിന്റെ കണക്കുകൾ പരിശോധിച്ചശേഷം മറുപടി നൽകുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ PM CARES പദ്ധതിയിലുൾപ്പെടുത്തി വെന്റിലേറ്ററുകൾ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിരുന്നു. കേരളത്തിനും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ലഭ്യമായ വെന്റിലേറ്ററുകൾക്ക് നേരത്തെ ചില തകരാറുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു, അത് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നമ്മുടെ രാജ്യത്തിനുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയായ നിലയിൽ പ്രസ്തുത പ്രവർത്തനങ്ങൾ ഗവൺമെന്റ് സംഘടിപ്പിക്കുമ്പോൾ രാഷ്ട്രീയ ഭേദമെന്യേ അതിനെ പിന്തുണയ്ക്കുന്ന നിലപാടാണ് എല്ലാവരും സ്വീകരി ക്കേണ്ടത്. കോവിഡാനന്തര ചികിത്സ വളരെ പ്രധാനപ്പെട്ടതാണ്. കോവിഡ് വന്നുമാറിയതിനുശേഷം പലരും മരണപ്പെടുന്ന സാഹചര്യമുണ്ട്. പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുമുണ്ട്. കോവിഡാനന്തര ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് വളരെ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. ഇതൊക്കെ ഗവൺമെന്റ് നടപ്പാക്കുന്നുണ്ട്. കോവിഡാനന്തര ചികിത്സയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേ ശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. ഡെൽറ്റ വകഭേദത്തിലുള്ള കോവിഡുമായി ബന്ധപ്പെട്ട് കാണുന്ന ഏറ്റവും വലിയ പ്രത്യേകത കോവിഡാനന്തര രോഗങ്ങൾ വലിയതോതിൽ ഉണ്ടാകുന്നുവെന്നതാണ്. പേശികൾക്കും സന്ധികൾക്കുമുണ്ടാകുന്ന വേദനയടക്കം നാഡീവ്യൂഹങ്ങളെ ബാധിക്കുന്ന രോഗങ്ങൾ, ക്ഷയരോഗം തുടങ്ങിയവ കാണുന്നുണ്ട്. ഇത് പത്ത് ശതമാനത്തിൽതാഴെ ആളുകളിൽ മാത്രമാണ് കാണപ്പെടുന്നത്. 1183 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സംസ്ഥാനത്തുടനീളം വിവിധ ആശുപത്രി കളുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്നുണ്ട്. കോവിഡാനന്തരമുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗ്കൂടി ആളുകൾക്ക് ആവശ്യമുണ്ടെന്ന് മുന്നിൽകണ്ടുകൊണ്ട് അതും നൽകുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് കോവിഡാനന്തര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. കോവിഡാനന്തര രോഗങ്ങളുടെ ചികിത്സയ്ക്കായി അലോപ്പതി, ആയുർവ്വേദം, ഹോമിയോ തുടങ്ങിയ എല്ലാ വിഭാഗത്തിലുമുള്ള സേവനം ലഭ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കോവിഡ് നിയന്ത്രണത്തിന്റെ ഭാഗമായുള്ള ലോക്ഡൗണും നിയന്ത്രണങ്ങളുമൊക്കെ ചോദ്യോത്തരത്തിന്റെ ഭാഗമാണെന്നിരിക്കെ മത്സ്യത്തൊഴിലാളി സ്ത്രീയുടെ മത്സ്യക്കൊട്ട തട്ടിത്തെറിപ്പിച്ച സംഭവങ്ങളുടെ ദൃശ്യം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കണ്ടിട്ടുണ്ടോയെന്നറിയില്ല, കണ്ടാൽ സഹിക്കില്ല. അതുകൊണ്ട് പ്രസ്തുത വിഷയം പരാമർശിക്കാതെ പോയത് ശരിയായില്ല. ചോദ്യത്തിൽ സൂചിപ്പിച്ച സംഭവത്തിൽ പ്രത്യേകമായി അന്വേഷിക്കുമെന്ന അനുഭാവപൂർണ്ണമായ ഒരുമറുപടിയെങ്കിലും പറയാതെപോയത് എന്തുകൊണ്ടാണ്; കോവിഡ് നിയന്ത്രണ മുള്ളപ്പോൾ റോഡിൽ കച്ചവടം ചെയ്യുന്നവർ ഗതികെട്ടിട്ടാണ് അങ്ങനെ ചെയ്യുന്നത്. കയ്യിൽ കിട്ടുന്ന, വിൽക്കാൻ കഴിയുന്നതെന്തുംകൊണ്ട് ആളുകൾ റോഡിലിറങ്ങുകയാണ്. അവർക്ക് ഭക്ഷണം കഴിക്കണ്ടേ? ഇവരോട് നിങ്ങൾ റോഡ് സൈഡിലാണ് കച്ചവടം ചെയ്യുന്നതെന്ന് പറഞ്ഞുകൊണ്ട് ഇങ്ങനെ ബലപ്രയോഗം നടത്തുന്നത് ശരിയാണോ; തൽക്കാലത്തേയ്ക്ക് റോഡ് സൈഡിലോ ഫുട്പാത്തിലോ മറ്റെവിടെ യെങ്കിലുമോ വച്ച് സാധനം വിറ്റ് അന്നന്നത്തേയ്ക്കായി ഒരു നൂറുരൂപയെങ്കിലും സംഘടിപ്പിക്കാൻ നോക്കുന്ന അനേകം കച്ചവടക്കാരുണ്ട്. ആ കൂട്ടത്തിൽ മത്സ്യ ത്തൊഴിലാളികളുമുണ്ട്. അവർക്കുനേരെ കേസെടുക്കുക മാത്രമല്ല ബലപ്രയോഗവും നടത്തി. അങ്ങനെ ചെയ്യുന്നത് ജീവനക്കാരാണ്. മന്ത്രി അതിനെക്കുറിച്ച് അനുഭാവ പൂർണ്ണമായി ഒരക്ഷരം പോലും പറഞ്ഞില്ല. പ്രത്യേകം നോക്കുമെന്നെങ്കിലും പറയണ്ടേ?

മി. സ്പീക്കർ : ഓർഡർ....ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിൽ അന്വേഷണം

6 (*425) ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്‌കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അമ്പത് കോടി രൂപയുടെ തട്ടിപ്പ് നടന്ന സംഭവത്തിൽ പോലീസ് അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ഏതെങ്കിലും വ്യക്തികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

&

(സി) ഈ സംഭവത്തിൽ പോലീസിന് പരാതി ലഭിക്കുന്നത് എപ്പോഴാണെന്നും എന്തൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 650/2021 ആയി IPC 406, 420, 409, 465 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രൈം. നമ്പർ 165/ CB/TSR/R/2021 ആയി റീ-രജിസ്റ്റർ ചെയ്ത് കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി. കേസിലെ ഒന്നാം പ്രതി കരുവന്നൂർ സഹകരണ ബാങ്ക് മുൻ സെക്രട്ടറി സുനിൽകുമാറിനെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കേസിൽ നിലവിലുള്ള വകുപ്പുകൾക്ക് പുറമേ IPC 468, 471 വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസന്വേഷണം നടത്തിവരുന്നു. കരുവന്നൂർ ബാങ്ക് സെക്രട്ടറി (ഇൻ ചാർജ്ജ്) 14-7-2021-ന് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ 2019-ൽ തട്ടിപ്പ് കണ്ടെത്തിയിട്ടും ആയത് യഥാസമയം പോലീസിനെ അറിയിക്കാതിരുന്നത് കേസ് ഒതുക്കിത്തീർക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ലോക്ക് ഡൗൺ ഇളവുകൾ

7 (*426) ശ്രീ. സജീവ് ജോസഫ്:

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശാസ്ത്രീയമായ ലോക്ക് ഡൗൺ കാരണം ജീവനോപാധി നഷ്ടപ്പെട്ട് ജനങ്ങൾ കഷ്ടത്തിലാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുമോ?

ചില ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. സർക്കാർ ശാസ്ത്രീയമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിയന്ത്രണങ്ങളും ഇളവുകളും പ്രഖ്യാപിക്കുന്നതും നടപ്പാക്കുന്നതും. വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്രമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സർക്കാർ നൽകുന്ന

കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേയ്ക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേയ്ക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശയിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപ പരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖലയിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 1,000 മുതൽ 3,000 രൂപ വരെയും തനതു ഫണ്ടിലൂടെ 1,000 മുതൽ 5,000 രൂപ വരെയും കോവിഡിന്റെ ഒന്നാം ഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2,000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കണമെന്ന് ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് തവണകൾ അടയ്ക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ ഒന്നും, രണ്ടും തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കി വരുന്നത്. വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്കും നേരത്തെ മാതാപിതാക്കളിലൊരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും പ്രതിമാസം 2000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം

തുടങ്ങുന്നതിനും ബിരുദതലം വരെയുള്ള പഠന ചെലവുകൾ സർക്കാർ വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ലോക്ക്ഡൗൺ കാരണം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കാതിരിക്കുന്നതിനായി പൊതു മേഖലയിലും, സ്വകാര്യ മേഖലയിലും, നിർമ്മാണ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിലെയും സ്ഥാപനങ്ങളുടെ ഉടമകൾക്കും ഫാക്ടറി ഉടമകൾക്കും ലേബർ കമ്മീഷണർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ലോക്ക് ഡൗൺ വരുത്തിവച്ച സാമ്പത്തിക ബാധ്യത താങ്ങാൻ സാധിക്കാതെ പത്തോളം പേർ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ ലോക്ക് ഡൗണിൽ കൂടുതൽ ഇളവുകൾ നല്കാൻ തയ്യാറാകുമോ?

ലോക്ഡൗണിന്റെ പ്രത്യാഘാതങ്ങളിൽ നിന്നും സംരക്ഷിക്കാൻ സമാശ്വാസ പാക്കേജുകളും അതിജീവനകിറ്റുകളും അധിക ധാന്യ വിഹിതവും മറ്റിളവുകളും സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നു. ഓരോ ഘട്ടത്തിലെയും കോവിഡ് വ്യാപനതോത്, ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലെ പര്യാപ്തത, വാക്സിനേഷൻ സ്വീകരിച്ചവരുടെ എണ്ണം എന്നിവ കണക്കിലെടുത്ത് പൊതുജനങ്ങളുടെ ജീവനോപാധികൂടി സംരക്ഷിക്കുന്നത് കണക്കിലെടുത്ത് കാലാകാലങ്ങളിൽ സാമൂഹിക അകലം ഉറപ്പാക്കാനുള്ള വിവിധ തരത്തിലുള്ള നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തിവരുന്നു.

(സി) കോവിഡുമൂലം കഷ്ടത്തിലായ ജനങ്ങൾക്ക് ആശ്വാസമായി നിശ്ചിത തുക ബാങ്ക് അക്കൗണ്ടിൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫറായി നല്കാൻ തയ്യാറാകുമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധികൾ വഴി പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാം ഘട്ട ധനസഹായം നൽകുന്നതിനായി 357,38,97,840 രൂപ അനുവദിച്ചു. ആയതിൽ 18,49,785 തൊഴിലാളികൾക്കായി 187,22,54,000 രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ട കോവിഡ് ധനസഹായ വിതരണത്തിനായി 210,32,98,000 രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ വിതരണം നടന്നുവരുന്നതുമാണ്.

## കോവിഡ് ദുരന്ത നിവാരണ കമ്മീഷൻ

8 (*427) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം എല്ലാ മേഖലകളിലും ഉണ്ടായിരിക്കുന്ന തളർച്ചയെ ക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ 5-5-2020 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 2945/2020/ധന സർക്കാർ ഉത്തരവ് പ്രകാരം Expert Committee to conduct study on the impact of Covid-19 and the consequence of lock down on the different facets of public finance of the state, 14-5-2020 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 3032/2020/ധന സർക്കാർ ഉത്തരവ് പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ടു വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടുകളിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അ) നമ്പർ 152/2020/ധന പ്രകാരം ധനദൃഢീകരണം സാധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 5-5-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലെ (COVID-19 Pandemic and Kerala: A Response Strategy) മറ്റു നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത വിഷയം പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി കോവിഡ് ദുരന്ത നിവാരണ കമ്മീഷൻ രൂപീകരിക്കാൻ തയ്യാറാകുമോ?

ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) കോവിഡ് മൂലം കഷ്ടത്തിലായ ചെറുകിട വ്യാപാരികൾ, ജപ്തി ഭീഷണി നേരിടുന്നവർ, അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവർക്ക് ആശ്വാസമെത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കോവിഡുമൂലം പ്രതിസന്ധിയിലായ വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്രമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ നൽകുന്ന കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന കാലത്തേയ്ക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേയ്ക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശയിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപ പരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖലയിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 1000 മുതൽ 3000 രൂപ വരെയും തനതു ഫണ്ടിലൂടെ 1,000 മുതൽ 5,000 രൂപ വരെയും കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1,000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30-ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ ആറു മാസത്തേയ്ക്ക് വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽനിന്നും എടുക്കുന്ന 2,000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കാനായി ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി.-യിൽ നിന്നും ലഭ്യമാക്കിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് തവണകൾ അടയ്ക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല. 2000 കോടി രൂപയുടെ രണ്ടു പാക്കേജുകളും 5650 കോടി രൂപയുടെ അനുബന്ധ പാക്കേജുമാണ് കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ സർക്കാർ നടപ്പാക്കിവരുന്നത്. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ ഒന്നും, രണ്ടും തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കിവരുന്നത്.

## അഴിമതിമുക്ത കേരളം

9 (*428) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും തദ്വാരാ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യാനുസരണം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും, ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുകയും പുതിയ വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്ക് സഹായകരമായി ആധുനിക ഡിജിറ്റൽ ക്യാമറകളും നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

(ബി) അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ അറിയിക്കുന്നതിനും സമർപ്പിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും ചെയ്യുന്നുണ്ട്.

(സി) അഴിമതിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും ഇന്റേണൽ വിജിലൻസ് വിഭാഗത്തിന് ആവശ്യമായ പരിശീലനം നൽകുകയും അവരുടെ കോൺഫറൻസുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഇതിനുപുറമേ പൊതുസ്ഥലങ്ങളിലും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ പരിപാടികൾ ബ്യൂറോയുടെ നേതൃത്വത്തിൽ നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

**മാതൃ, ശിശു മരണ നിരക്ക് കുറയ്ക്കാൻ നടപടി**

10 (*429) <u>ഡോ. സുജിത് വിജയൻപിള്ള:</u>
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീമതി ശാന്തകുമാരി കെ.:</u>
<u>ശ്രീ. പി. വി. അൻവർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം നിലനിർത്താനായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നീതി ആയോഗിന്റെ Sustainable Development Goals India Index 3.0 (2020-21) പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മൂന്നാമത്തെ ലക്ഷ്യമായ ആരോഗ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഒൻപതാമതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 75 പോയിന്റുമായി കേരളം ഒന്നാം സ്ഥാനത്താണെങ്കിലും നീതി ആയോഗ് പുറത്തിറക്കിയ പ്രസ്താവന പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മൂന്നാമത്തെ ലക്ഷ്യമായ ആരോഗ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഒൻപതാമതായ കാരണങ്ങൾ ഇവയാണ്:

1. സംയോജിത ആരോഗ്യ സൂചികയിൽ നിന്ന് വ്യത്യസ്തമായി, SDG ഇന്ത്യ 3.0 MMR, U5MR പോലുള്ള പ്രധാന ആരോഗ്യ ഫലസൂചകങ്ങൾ ആരോഗ്യ സൂചികയിൽ കണക്കിലെടുക്കുന്നില്ല.

2. ഇൻഡിക്കേറ്ററുകളുടെ നോർമലൈസ്ഡ് സ്കോറുകൾ ടാർഗെറ്റിനെ അടിസ്ഥാനമാക്കിയുള്ളതും ടാർഗെറ്റ് മൂല്യത്തേക്കാൾ വലിയ മൂല്യങ്ങൾ 100 ആയി പരിമിതപ്പെടുത്തിയിരിക്കുന്നതും ആയതിനാൽ, ലക്ഷ്യത്തിനപ്പുറം മികച്ച പ്രകടനം ഇൻഡക്സിൽ പ്രതിഫലിക്കുന്നില്ല. അല്ലാത്തപക്ഷം, ഇൻഡക്സ് 72 -ന് പകരം 95 ആകും.

3. 1,00,000 ജനസംഖ്യയിൽ ടിബി കേസുകളുടെ മൊത്തം വിജ്ഞാപന നിരക്ക് 242 ആണ്. ക്ഷയരോഗ നിർമ്മാർജ്ജനത്തിലെ ഇടപെടലുകൾ കാരണം കേരളത്തിലെ ടി.ബി. കേസുകളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവായതിനാൽ, നിരക്ക് ലക്ഷ്യത്തേക്കാൾ വളരെ കുറവായിരിക്കും. നിർഭാഗ്യവശാൽ നീതി ആയോഗ് പരിഗണിക്കുന്ന ഇൻഡിക്കേറ്ററിന്റെ ഉയർന്ന മൂല്യം ഉയർന്ന പ്രകടനമാണ്. കേരളത്തിൽ ഇൻഡിക്കേറ്ററിന് കുറഞ്ഞ മൂല്യം ഉയർന്ന പ്രകടനം എന്നാണ് അർത്ഥമാക്കുന്നത്, SDG സൂചികയുടെ കണക്കുകൂട്ടലിൽ നിന്ന് ഈ ഇൻഡിക്കേറ്റർ ഒഴിവാക്കുകയാണെങ്കിൽ സൂചിക 72-ന് പകരം 77 ആകും.

4. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആത്മഹത്യകളും അപകടങ്ങളും കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്മൂലമുള്ള ഈ സൂചകങ്ങളുടെ കുറഞ്ഞ സ്കോറുകൾ ലക്ഷ്യം 3-ലെ മൊത്തം പ്രകടനത്തെ ബാധിച്ചു. ഉയർന്ന മരണനിരക്കിനു കാരണമാകുന്നു.

5. ആരോഗ്യമേഖലയിലെ പ്രതിമാസ പ്രതിശീർഷ ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്, കാരണം ഒപിഡി സേവന വിതരണത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉയർന്നതാണ് എന്നത് കുറഞ്ഞ സംയോജിത സൂചികയിലേയ്ക്ക് നയിച്ചു.

(ബി) മാതൃ, ശിശു മരണ നിരക്കിൽ സംസ്ഥാനത്തിന് കൈവരിക്കാനായ നേട്ടം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്ത് അറിയിക്കാമോ; ശിശുമരണ നിരക്ക് കുറയ്ക്കാൻ ആദ്യത്തെ ആയിരം ദിനങ്ങൾ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം ബുള്ളറ്റിൻ പ്രകാരം 2016-2018-ൽ കേരളത്തിലെ മാതൃ മരണ നിരക്ക് 43-ഉം ദേശീയതലത്തിൽ 113-ഉം, ശിശുമരണ നിരക്ക് 7-ഉം, ദേശീയ ശരാശരി 32-ഉം ആണ്. മാതൃശിശു മരണ നിരക്കിൽ ഇൻഡ്യയിലെ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട നിരക്കുള്ളത് കേരളത്തിലാണ്. ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന് സർക്കാർ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 അടിസ്ഥാനമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കുട്ടികളിൽ ആദ്യത്തെ 1000 ദിവസം, ഇടപെടലുകൾ നടത്തുന്നതിനുള്ള സാദ്ധ്യതകൾ ഏറ്റവും കൂടുതലുള്ള സമയമായതിനാലാണ് പ്രസ്തുത സമയം പ്രധാനപ്പെട്ടതായി മാറുന്നത്. ഏർളി ചൈൽഡ്ഹുഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കേന്ദ്രീകൃത സംവിധാനത്തിന്റെ ഭാഗമായി ദിശയുമായി

ചേർന്ന് ഒരു കാൾ സെന്റർ പ്രവർത്തിച്ചുവരുന്നു. ഗർഭാവസ്ഥയിലുള്ള അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യ പരിചരണത്തിന് ഊന്നൽ കൊടുക്കുന്നതിന് സംസ്ഥാനത്ത് കേന്ദ്രീകൃത സംവിധാനത്തിന്റെ ഭാഗമായി ആരംഭിച്ച പദ്ധതി യാണിത്. ഗർഭാവസ്ഥയിലുള്ള ഓരോ അമ്മമാർക്കും, ജനിച്ച് 2 വയസ്സ് വരെയുള്ള കുട്ടികളുടെ അമ്മമാർക്കും വേണ്ട സ്നേഹ വാത്സല്യവും സംശയ ദൂരീകരണവുമാണ് ഇ.സി.ഡി. കാൾ സെന്ററിലൂടെ സാധ്യമാക്കുന്നത്. ഇ.സി. ഡി. കാൾ സെന്റർ പ്രധാനമായും ഊന്നൽ കൊടുക്കുന്നത് നവജാത ശിശുവിന്റെ ആദ്യത്തെ 1000 ദിനങ്ങളാണ്. അമ്മയുടെയും കുട്ടിയുടെയും പരിചരണവും പ്രസവശേഷം അമ്മ പാലിക്കേണ്ട കരുതലുകളും മുലയൂട്ടലിന്റെ പ്രാധാന്യവും അമ്മയുടെ സംശയനിവാരണവും അമ്മയ്ക്ക് വേണ്ടിയുള്ള കൗൺസിലിംഗ് എന്നിവയാണ് ഇ.സി.ഡി.യിലൂടെ വിഭാവന ചെയ്യുന്നത്. അമ്മയ്ക്കും കുഞ്ഞിനുമുള്ള ആരോഗ്യപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി പരിശീലനം കിട്ടിയ വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള സംഘം 24 മണിക്കൂറും ദിശയുമായി ചേർന്ന് ഇ.സി.ഡി. കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. Comprehensive Newborn Screening Programme, 99% പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്ന നമ്മുടെ നാട്ടിൽ നവജാത ശിശുക്കളുടെ സമഗ്ര ആരോഗ്യ പരിശോധനയിലൂടെ അവരുടെ അസുഖങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും, കൃത്യമായ ഇടപെടൽ നടത്തി ചികിത്സ ഉറപ്പ് വരുത്തുന്നതിനും ഫോളോഅപ്പ് നടപടികൾ ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യപൂർണ്ണമായ അതിജീവനത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ശലഭം'. ഈ പദ്ധതി മുഖാന്തരം സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും സമഗ്രമായ പരിശോധ നകൾക്ക് വിധേയരാക്കി സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളുടെ ജന്മനാലുള്ള വൈകല്യങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നു. വിവിധതരം പരിശോധനകൾ താഴെ ചേർക്കുന്നു :

1. Visible Birth defect സ്ക്രീനിംഗ് - ജനിച്ച് 24 മണിക്കൂറിനുള്ളിൽ പരിശോധിക്കപ്പെടുന്നു.
2. Pulse oximetric സ്ക്രീനിംഗ്-ജന്മനായുള്ള ഹൃദ്രോഗബാധ തിരിച്ചറി യുന്നതിന്, 24 -48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു.
3. OAE (ഓട്ടോ അക്വസ്റ്റിക്ക് എമിഷൻ) സ്ക്രീനിംഗ്- കേൾവി പരിശോധന;- 24 -48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു.
4. IEM രക്തപരിശോധന - ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന്-48 മണിക്കൂറിനുള്ളിൽ/അല്ലെങ്കിൽ ഡിസ്ചാർജിന് മുൻപ് മേൽപ്പറഞ്ഞ തരത്തിൽ സമഗ്ര ആരോഗ്യ പരിശോധന തല

മുതൽ കാല്പാദം (Head to toe) വരെ നടത്തുന്നതാണ്. ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച സ്റ്റാഫ് നഴ്സ് അല്ലെങ്കിൽ ആർ.ബി.എസ്.കെ. നഴ്സുമാരാണ് ഇത്തരത്തിൽ പരിശോധന നടത്തേണ്ടത്. പ്രവർത്തനങ്ങളെല്ലാം പീഡിയാട്രിഷൻ/മെഡിക്കൽ ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നത്.

(സി) ദരിദ്ര വിഭാഗങ്ങളിൽപ്പെട്ടവർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാവരുടെയും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരണം, ആർ.എസ്.ബി.വൈ, താലോലം, ഹൃദ്യം, സുകൃതം തുടങ്ങി ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. l. താലോലം 2. ക്യാൻസർ സുരക്ഷ 3. ആർ.ബി.എസ്.കെ 4. ആരോഗ്യ കിരണം 5. സുകൃതം 6. പ്രൈം മിനിസ്റ്റേഴ്സ് നാഷണൽ റിലീഫ് ഫണ്ട് 7. കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) 8. പട്ടിക വർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി 9. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 10. AAWAZ 11. JSSK (അമ്മയും കുഞ്ഞും പദ്ധതി) 12. സ്നേഹ സാന്ത്വനം എന്നീ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. താലോലം - 18 വയസ്സിനു താഴെയുള്ള നിർദ്ധനരായ കുട്ടികളുടെ സൗജന്യ ചികിൽസാ പദ്ധതിയാണ് താലോലം. (ക്യാൻസർ മാത്രം) APL/BPL വ്യത്യാസമില്ല. ഹൃദയ സംബന്ധമായ അസുഖങ്ങൾ, വൃക്ക രോഗങ്ങൾ, സെറിബ്രൽ പാൾസി, അസ്ഥിരോഗങ്ങൾ, ന്യൂറോ സംബന്ധമായ രോഗങ്ങൾ താലസ്സീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങൾക്ക് താലോലം പദ്ധതിയിലൂടെ സൗജന്യ ചികിൽസ ലഭ്യമാകുന്നു. സർക്കാർ ജീവനക്കാരുടെ മക്കൾക്കും റീ ഇംബേഴ്സ്മെന്റുള്ളവർക്കും ലഭിക്കില്ല. ആരോഗ്യ ഇൻഷ്വറൻസ് ഉള്ളവർക്ക് ഈ പദ്ധതിയിലെ ആനുകൂല്യം കഴിഞ്ഞതിനുശേഷം മാത്രം 50,000 രൂപ വരെ അടിയന്തര സാഹചര്യത്തിൽ അധിക തുക നൽകുന്നതാണ്.

2. ക്യാൻസർ സുരക്ഷ - 18 വയസ്സിനു താഴെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ സൗജന്യ ചികിത്സാ പദ്ധതിയാണിത്. APL/BPL വ്യത്യാസമില്ലാതെ റീഇംബേഴ്സ്മെന്റ് ചെയ്യാൻ കഴിയാത്ത മാതാപിതാക്കളുടെ കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. സർക്കാർ ജീവനക്കാരുടെ മക്കൾക്കും റീ ഇംബേഴ്സ്മെന്റുള്ളവർക്കും ലഭിക്കില്ല. ആരോഗ്യ ഇൻഷ്വറൻസ് ഉള്ളവർക്ക് ഈ പദ്ധതിയിലെ ആനുകൂല്യം കഴിഞ്ഞതിനുശേഷം മാത്രം 50,000 രൂപ വരെ അടിയന്തര സാഹചര്യത്തിൽ അധിക തുക നൽകുന്നതാണ്

3. ആർ.ബി.എസ്.കെ. - ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ചികിത്സ ലഭിക്കുന്നു. ജന്മനായുള്ള രോഗങ്ങൾ, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങി 30 രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നു.

4. ആരോഗ്യ കിരണം - 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട 30 രോഗങ്ങൾക്കൊഴികെയുള്ള എല്ലാ അസുഖങ്ങൾക്കും ആനുകൂല്യം ലഭിക്കും. ഗുണഭോക്താക്കളുടെ രക്ഷിതാക്കൾ ആദായ നികുതി അടയ്ക്കുന്നവരോ സർക്കാർ ഉദ്യോഗസ്ഥരോ ആയിരിക്കരുത്. കാസ്പ്, കാരുണ്യ തുടങ്ങിയ സ്കീമുകൾ ഉപയോഗപ്പെടുത്തിയതിനുശേഷം മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

5. സുകൃതം - 18 വയസ്സിനു മുകളിലുള്ള നിർദ്ധനരായ ക്യാൻസർ രോഗികൾക്കുള്ള ചികിത്സാപദ്ധതിയാണ് സുകൃതം പദ്ധതി. BPL ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും RBSK/CHIS PLUS കാർഡ് ഉള്ളവർക്കുമാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭ്യമാകുന്നത്

6. പ്രൈം മിനിസ്റ്റേഴ്സ് നാഷണൽ റിലീഫ് ഫണ്ട് - ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ചികിത്സ തേടുന്നയാൾ M.P. മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും, ചികിത്സാ സഹായം ആശുപത്രി അക്കൗണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. ടി വ്യക്തി ചികിത്സാ ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്ക് പദ്ധതി ചെലവായ തുകയുടെ 50% അനുവദിക്കുകയാണ് ചെയ്യുന്നത്

7. കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) - ഈ പദ്ധതി പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഇല്ലാത്തവർക്കും മറ്റ് ആനുകൂല്യങ്ങൾ ഇല്ലാത്തവരായ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയിൽ കുറവായിട്ടുള്ളവർക്കും KASP പാക്കേജിന് അനുസൃതമായി പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാനുകൂല്യം ലഭിക്കുന്നതാണ്. ഹൃദയം, വൃക്ക, ക്യാൻസർ വിഭാഗത്തിൽപ്പെടുന്നവർക്ക് പരമാവധി 3 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കും.

8. പട്ടിക വർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി-ആശുപത്രിയിൽ ചികിത്സ തേടുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വ്യക്തികൾക്കും സൗജന്യ ചികിത്സ നൽകിവരുന്നു. APL വിഭാഗക്കാർക്ക് 10,000 രൂപ വരെയും BPL. വിഭാഗക്കാർക്ക് 50,000 രൂപ വരെയും ചികിത്സ സഹായം ആശുപത്രി സൂപ്രണ്ടിനു നേരിട്ട് അനുവദിക്കാവുന്നതാണ്. 50,000 രൂപയിൽ കൂടുതൽ ചികിത്സാ സഹായം ആവശ്യമുള്ളവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അനുമതിയോടുകൂടി ചികിത്സാ സഹായം അനുവദിക്കാവുന്നതാണ്.

9. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)- ചികിത്സാ കാർഡ് ഉള്ളവർക്ക് ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കൂടി പരമാവധി 5 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കുന്നു. ഡയാലിസിസ്, റേഡിയേഷൻ തുടങ്ങിയ ഡേ കെയർ പ്രൊസീജ്യറുകൾക്കും, കിടത്തി ചികിത്സ ആവശ്യമുള്ള രോഗികൾക്കുമാണ് ആനുകൂല്യം ലഭ്യമാകുക. രോഗ നിർണ്ണയത്തിന് വേണ്ടി അഡ്മിറ്റ് ചെയ്യപ്പെടുന്നവർ, ജന്മനാ ഉള്ള അസുഖങ്ങൾ, ആത്മഹത്യാശ്രമം, ഭ്രൂണഹത്യ, വന്ധ്യതാ ചികിത്സ, വാക്സിനേഷൻ, കോസ്മെറ്റിക്സ് ചികിത്സയുടെ ഭാഗമായുള്ള ദന്ത ചികിത്സ എന്നിവ ഒഴികെയുള്ളവയ്ക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.

10. AAWAZ - കിടത്തി ചികിത്സ ആവശ്യമായ ഇതര സംസ്ഥാന തൊഴിലാളികളുടെ ചികിത്സാ സഹായ പദ്ധതിയാണിത്. പരമാവധി 15000 രൂപ വരെ അനുവദിക്കുന്നു.

11. JSSK (അമ്മയും കുഞ്ഞും പദ്ധതി) - ആന്റി നാറ്റൽ പീരീഡു മുതൽ എല്ലാ ചികിത്സകളും ഈ പദ്ധതി പ്രകാരം ലഭിക്കുന്നു. APL, BPL ഭേദമന്യേ എല്ലാവർക്കും ഈ പദ്ധതി വഴി ചികിത്സ ലഭിക്കുന്നു. കുഞ്ഞിന് ഒരു വയസ് വരെ ഈ പദ്ധതി വഴി ചികിത്സ ലഭിക്കുന്നു.

12. സ്നേഹ സാന്ത്വനം - സ്മാർട്ട് കാർഡ് ഉള്ള എല്ലാ എൻഡോസൾഫാൻ ദുരിതബാധിതർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നു.

(ഡി) അടിയന്തര വൈദ്യസഹായം എത്തിക്കൽ പദ്ധതി ശാക്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

2015-2016 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് 249.95 ലക്ഷം തുക ഉപയോഗിച്ച് നിരവധി ആശുപത്രികളിൽ ട്രോമാകെയർ ഉൾപ്പെടെ അത്യാഹിത വിഭാഗം-മറ്റ് അത്യാഹിതങ്ങളായ Heart attack, Pulmonary edema, acute severe asthmas, snake bite, poisoning, drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന APEX TRAUMA AND EMERGENCY LEARNING CENTRE (ATELC) സംസ്ഥാനത്തിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും, അറ്റൻഡർമാർക്കും അടിയന്തര വൈദ്യ സഹായം നൽകുന്നതിലേയ്ക്കായി ട്രെയിനിംഗ് നൽകി വരുന്നു. വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കുപറ്റുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി ജില്ലാ ആശുപത്രി/താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഘട്ടം ഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാനായി

ആദ്യ മണിക്കൂറിൽ (Golden Hour) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്ത് നിന്നും മതിയായ ചികിത്സ സംവിധാനമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ആധുനിക സൗകര്യങ്ങളുള്ള 315 ആംബുലൻസുകളും (കനിവ് -108) വിന്യസിച്ചിട്ടുണ്ട്.

## സൗജന്യ റേഷനും ഭക്ഷ്യകിറ്റും

11 (*430) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗത്തിന്റെ ആഘാതത്തിലും സംസ്ഥാനത്ത് ഒരാളും പട്ടിണി കിടക്കില്ലെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി എല്ലാ റേഷൻ കാർഡുടമകൾക്കും 2020 ഏപ്രിൽ-മേയ് കാലയളവിലും 2020- ലെ ഓണത്തിനും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിരുന്നു. കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ ആഘാതം നിലനിന്നിരുന്ന സാഹചര്യത്തിൽ 2020 സെപ്റ്റംബർ മുതൽ 2021 ജൂൺ വരെയുള്ള എല്ലാ മാസങ്ങളിലും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം തുടരുകയുണ്ടായി. ഇതിനുപുറമെ സംസ്ഥാനത്തെ വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ, ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ, മത്സ്യത്തൊഴിലാളികൾ, സംസ്ഥാനത്തെ അതിഥി തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി അവർക്കും സപ്ലൈകോ മുഖേന സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-ലെ ഓണത്തോടനുബന്ധിച്ച് 16 ഇനങ്ങൾ ഉൾപ്പെടുന്ന സൗജന്യ ഓണക്കിറ്റിന്റെ വിതരണവും ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി റേഷൻ കാർഡുടമകൾക്കുള്ള നോർമൽ വിഹിതത്തിനു പുറമെ 2020 ഏപ്രിൽ, മേയ്, ജൂൺ, ആഗസ്റ്റ് മാസങ്ങളിലും, 2021 മാർച്ച് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലും NPS, NPNS വിഭാഗങ്ങൾക്ക് 15 രൂപ നിരക്കിൽ ശരാശരി 10 കിലോഗ്രാം വീതം സ്പെഷ്യൽ അരിയും അനുവദിച്ചിരുന്നു. ഭക്ഷ്യപൊതു വിതരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുവിപണിയിൽ കർശനമായ പരിശോധനകൾ നടത്തിയതിന്റെ ഫലമായി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാനും പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) സൗജന്യ റേഷനും ഭക്ഷ്യകിറ്റും എത്ര കാലത്തേയ്ക്ക് വിതരണം ചെയ്യാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ 2021-ലെ ഓണത്തോടനുബന്ധിച്ച് 16 ഇനങ്ങൾ ഉൾപ്പെടുന്ന സ്പെഷ്യൽ കിറ്റ് വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NPS, NPNS വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. ലോക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഒരാളിന് 5 കിലോ അരിയോ, 4 കിലോ ആട്ടയോ ആവശ്യാനുസരണം വിതരണം ചെയ്തു. ഇതു കൂടാതെ 2020 ഏപ്രിൽ മുതൽ 2020 നവംബർ വരെയുള്ള കാലയളവിലേയ്ക്ക് പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന സ്കീമിലും 2020 മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് ആത്മ നിർഭർ ഭാരത് സ്കീമിലും സൗജന്യമായനുവദിച്ച ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. നിലവിൽ AAY വിഭാഗത്തിന് പ്രതിമാസ വിതരണത്തോത് പ്രകാരമുള്ള അരിയും ഗോതമ്പും സൗജന്യമായാണ് വിതരണം ചെയ്തു വരുന്നത്. കൂടാതെ PHH വിഭാഗത്തിന് 2 രൂപ നിരക്കിലും, NPS വിഭാഗത്തിന് 4 രൂപ നിരക്കിലും ധാന്യം നൽകി വരുന്നു. PMGKAY സ്കീം 2021 മെയ് മുതൽ 2021 നവംബർ വരെ നീട്ടിയതുപ്രകാരം എ.എ.വൈ., മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കിലോഗ്രാം വീതം ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ FCI യിൽ നിന്ന് അരി ലഭ്യമാക്കി, മുൻഗണനേതര വിഭാഗത്തിന് സ്പെഷ്യൽ വിഹിതമായി 10 കി.ഗ്രാം അരി വീതം കി.ഗ്രാമിന് 15 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്.

(സി) പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് സൗജന്യ റേഷനും ഭക്ഷ്യകിറ്റും ലഭിക്കുന്നുവെന്നുറപ്പാക്കാൻ പ്രത്യേകം പദ്ധതി തയ്യാറാക്കിയിരുന്നോ?

ഒറ്റപ്പെട്ട മലയോരമേഖലകളിലും വനാതിർത്തിക്കുള്ളിലും താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക വർഗ്ഗക്കാരായ ആദിവാസികൾ വസിക്കുന്ന ഗതാഗത സൗകര്യം കുറവുള്ളതും നിലവിലെ റേഷൻ കടകളിൽനിന്നും അകന്ന് ഒറ്റപ്പെട്ടുള്ള ആദിവാസി ഊരുകളിൽ അർഹതപ്പെട്ട റേഷൻ വിഹിതം എത്തിച്ചു നൽകുന്നതിനു വേണ്ടിയാണ് 'സഞ്ചരിക്കുന്ന റേഷൻകട' പ്രവർത്തിച്ചുവരുന്നത്. ആയതിനൊപ്പം അനുവദിക്കപ്പെട്ട സൗജന്യ റേഷനും ഭക്ഷ്യകിറ്റും വിതരണം നടത്തിവരുന്നു.

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിയിരുന്നോ; വ്യക്തമാക്കുമോ?

കോവിഡ് വ്യാപന സമയത്ത് തൊഴിൽ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിരുന്നു. ഇപ്രകാരം 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി 320803 അതിഥി തൊഴിലാളികൾക്ക് 1166.52 MT അരിയും 349.994 MT ആട്ടയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ആത്മ നിർഭർ ഭാരത് പദ്ധതിയിൻ കീഴിലും അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു.

## സിൽവർ ലൈൻ പദ്ധതി

12 (*432) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർകോട് അർദ്ധ അതിവേഗ സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം, നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ലിഡാർ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വിശദമായ സർവ്വേ നടത്തുകയും ഇതനുസരിച്ച് സ്ഥലം ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനം, ഭൂമി ഏറ്റെടുക്കൽ, സെല്ലുകൾ രൂപീകരിക്കൽ അടക്കമുള്ള പ്രാഥമിക പ്രവർത്തനങ്ങൾ വൈകാതെ ആരംഭിക്കും. സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് ജനുവരി 15, 2021-ന് നൽകിയ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 13265 കോടി രൂപയാണ് സ്ഥലമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനുമായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1230 കോടി രൂപ പുനരധിവാസത്തിനും 4460 കോടി രൂപ വീടുകളുടെ അറ്റകുറ്റപ്പണിക്കുമാണുള്ളത്. ഇതിനുവേണ്ടിയുള്ള വായ്പയ്ക്കായി ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച അന്തിമ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിർദിഷ്ട സിൽവർ ലൈൻ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി കെ-റെയിൽ പഠനം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു പരിസ്ഥിതി ആഘാത പഠനം സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന നടത്തിയിരുന്നു. സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ഈ പദ്ധതി സംബന്ധിച്ച ആശങ്കകളും ആക്ഷേപങ്ങളും പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതി സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

## ജനമൈത്രി പോലീസ്

13 (*433) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനത്തിൽ ആധുനികവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനിൽ നേരിട്ടുപോകാതെ പരാതി നൽകാൻ കഴിയുന്ന സ്മാർട്ട് കിയോസ്ക് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനിൽ നേരിട്ട് പോകാതെ പരാതി നൽകാൻ കഴിയുന്ന സ്മാർട്ട് കിയോസ്കുകൾ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി എന്നീ പോലീസ് ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം സ്മാർട്ട് കിയോസ്കുകൾ ഉപയോഗിച്ച് പരാതി നൽകുവാനും കിയോസ്ക് കൺട്രോൾ റൂമിലെ പോലീസ് ഉദ്യോഗസ്ഥനെ വീഡിയോ കോൾ വഴി പരാതി ബോധിപ്പിക്കുവാനും, എഴുതിയ പരാതി അയച്ചു കൊടുക്കുവാനും സാധിക്കും. നിലവിൽ സ്ഥാപിച്ചിട്ടുള്ള കിയോസ്കുകളുടെ പ്രവർത്തന പുരോഗതി പരിശോധിച്ച് വിലയിരുത്തിയതിനു ശേഷം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ആധുനിക കാലത്തിന് അനുയോജ്യമായ മികച്ച സേനയായി സംസ്ഥാനത്തെ പോലീസ് സേനയെ മാറ്റിത്തീർക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയതിന്റെ തുടർച്ചയായി ചെയ്യാനുദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

പോലീസ് സംവിധാനത്തെ ആധുനികവത്ക്കരിക്കുന്നതിനു താഴെ പറയുന്ന പദ്ധതികൾ പോലീസ് രംഗത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നു :

നിർമ്മിതബുദ്ധി സാങ്കേതികവിദ്യ: വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് നിർമ്മിതബുദ്ധി സാങ്കേതികവിദ്യയ്ക്ക് നിർണ്ണായക പങ്കുണ്ട്. Data കൾ, ഫോട്ടോഗ്രാഫുകൾ, CCTV footage കൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവ അതിവേഗം വിശകലനം ചെയ്യുവാൻ ഈ സാങ്കേതികവിദ്യമൂലം സാധിക്കും.

Drone Forensic & Research Center: ഡ്രോൺ സാങ്കേതികവിദ്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. Unmanned Aerial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമായിരിക്കും ഇത്. അന്വേഷണ ഏജൻസികൾക്ക് രാജ്യത്തിന്റെ സുരക്ഷയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് ഉണ്ടാകുന്ന ഭീഷണി ചെറുക്കുവാനും കുറ്റകൃത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ആവശ്യമായ ശാസ്ത്രീയമായ തെളിവ് നൽകുവാനും ഈ സ്ഥാപനത്തിന് കഴിയും.

ഡ്രോൺ ഫോറൻസിക് ലാബ്: സൈബർഡോമിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡ്രോൺ ഫോറൻസിക് ലാബിൽ ഡ്രോണിന്റെ ദുരുപയോഗവും ഡ്രോണിന്റെ സഞ്ചാരപഥവും മറ്റു വിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് കഴിയും.

സ്മാർട്ട് പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ: പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുവാൻ സാധിക്കുന്ന വിധം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ഇലക്ട്രോണിക് ഉപകരണം വഴി അവർക്ക് പരാതി നൽകാം. അതോടൊപ്പം ഓൺലൈനായി പോലീസിന് പരാതിയും അപേക്ഷയും നൽകുന്ന സംവിധാനം വിപുലപ്പെടുത്തും. ആധുനികവത്ക്കരണത്തിലൂടെ എവിടെ നിന്നുമുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമാക്കി മാറ്റാനാണുദ്ദേശിക്കുന്നത്.

ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം: കേരള ജനതയ്ക്ക് സുരക്ഷിതവും കാര്യക്ഷമവുമായ ഗതാഗത സംവിധാനങ്ങൾ ഒരുക്കുന്നതിനായി കേരള പോലീസ് അതിനൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി നടപ്പിൽ വരുത്തുന്ന സംവിധാനമാണ് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം. അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി റോഡ് നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി: സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും സൈബർ കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ കൂട്ടിച്ചേർത്ത് ഒരു Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ technical support നൽകുന്നതിനായി ഒരു Cyber Operations & Security Division (COSD) ആരംഭിക്കും.

ഡാർക്ക് നെറ്റ് മോണിറ്ററിങ് ടൂൾ: ഡാർക്ക് നെറ്റ് വഴി ഡ്രഗ്സ് വിൽപ്പനയും ഭീകരവാദ പ്രവർത്തനങ്ങളും ചൈൽഡ് പോണോഗ്രാഫി, റാൻസം വെയർ/ മാൽവെയർ അറ്റാക്ക് തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ഇത് തടയുന്നതിനായി സൈബർഡോമിന്റെ റിസേർച്ച് & അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസിനുവേണ്ടി ഒരു basic ടൂൾ ഡെവലപ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്ക് പുറമെ ഈ ടൂളിനോട് കൂടി കൂടുതൽ ഫീച്ചർ ഉൾപ്പെടുത്തിയുള്ള ടൂൾ development HacKP 2021-ന്റെ ഭാഗമായി നടന്നുവരുന്നു.

വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം: സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വ്യാപകമായ രീതിയിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE യൂണിറ്റിന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ പറഞ്ഞു മനസ്സിലാക്കുകയും കുട്ടികളെ വിദഗ്ദ്ധ കൗൺസിലിംഗിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം ചിത്രങ്ങൾ നീക്കം ചെയ്യാനും CCSE യൂണിറ്റ് ശ്രമിക്കുന്നുണ്ട്.

സോഷ്യൽ പോലീസിംഗ്: പോലീസിനെ കൂടുതൽ ജനകീയവത്ക്കരിക്കുക യെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. ക്രമസമാധാന പരിപാലനം ജനങ്ങളുടെ കൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ അവരെ കൂടി സഹകരിപ്പിച്ചു കൊണ്ട് മുന്നോട്ടു പോകുകയെന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ പോലീസിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

ഫോറൻസിക് സയൻസ് ലബോറട്ടറി: കേസന്വേഷണത്തിന് ശാസ്ത്രീയ തെളിവുകൾ വിശകലനം ചെയ്യുന്നതിന് ഏറെ പ്രധാനമാണ് ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനം കേസന്വേഷണം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രധാനമാണ്. ഈ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) ജനമൈത്രി പോലീസ് സംവിധാനം പോലീസിനെ കൂടുതൽ ജനകീയമാക്കാൻ പ്രയോജനം ചെയ്തിട്ടുണ്ടോ?

ഉണ്ട്. തനിച്ചു താമസിക്കുന്ന മുതിർന്ന പൗരന്മാർ, അഗതികൾ എന്നിവർക്ക് മരുന്ന്, ഭക്ഷണം മുതലായവ എത്തിക്കുന്നതിനും വീടുകൾ നിർമ്മിച്ചു നൽകുന്നതിനും പാവപ്പെട്ട കുട്ടികൾക്ക് പഠനത്തിനാവശ്യമായ പാഠപുസ്തകം, മൊബൈൽ ഫോൺ, ടി.വി. എന്നിവയും, കോവിഡ്-19 സമയത്ത് കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനും ജനമൈത്രി പോലീസ് സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി, ട്രാഫിക്, ആന്റിറാഗിംഗ്, സ്ത്രീ സുരക്ഷ തുടങ്ങി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, പ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളോടനുബന്ധിച്ച് ജനമൈത്രി ബീറ്റ് ഓഫീസർമാർ സജീവമായി രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തിയത് വഴി ജനമൈത്രി പോലീസ് സംവിധാനം, പോലീസിനെ കൂടുതൽ ജനകീയമാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) എല്ലാ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തമായി കെട്ടിടവും വാഹനവും ഉറപ്പാക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 12 പോലീസ് സ്റ്റേഷനുകൾക്ക് 2021-22 വർഷത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ആവശ്യമായ വാഹനങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

## റേഷൻ വിതരണം സുഗമമാക്കാൻ നടപടി

14 (*434) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ.സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലക്ഷക്കണക്കിന് കാർഡുടമകൾക്ക് ജൂൺമാസ കിറ്റ് നൽകാതെയും ജൂലൈമാസ കിറ്റ് നിഷേധിച്ചും സെർവർ കേട് വരുത്തിയും റേഷൻ വിതരണം അട്ടിമറിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. 2021 ജൂൺ മാസത്തിലെ കിറ്റ് വിതരണ കാലയളവ് 29-7-2021 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്ന് 31-7-2021 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും അവശ്യസാധനങ്ങളടങ്ങിയ സ്പെഷ്യൽ ഓണക്കിറ്റിന്റെ വിതരണം ആരംഭിച്ചിട്ടുണ്ട്. ജൂൺ മാസത്തെ ആദ്യ ആഴ്ചയിൽ ഒരു ദിവസം ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം കുറച്ചു സമയങ്ങളിൽ തടസപ്പെട്ടിരുന്നു. സ്റ്റേറ്റ് ഡാറ്റ സെന്ററിൽ (SDC) ഉപയോഗിക്കുന്ന National Knowledge Network-ൽ ഉണ്ടായ തകരാർ കാരണമാണ് റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടത്. ആയതു SDC, NIC യുമായി ബന്ധപ്പെട്ട് ഉടൻതന്നെ പരിഹരിക്കുകയുണ്ടായി. റേഷൻ വിതരണം മൊത്തമായി മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ജൂൺ 17-ന് അര മണിക്കൂർ ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടത് ആധാർ സെർവറിൽ വളരെ അടിയന്തരമായി മെയിന്റനൻസ് നടത്തേണ്ടിവന്നതിനാലാണ്. ഇതും വളരെ അടിയന്തരമായി പരിഹരിച്ചു റേഷൻ വിതരണം സാധ്യമാക്കിയിരുന്നു.

(ബി) പന്ത്രണ്ട് ലക്ഷം കുടുംബങ്ങൾ കിറ്റ് വാങ്ങാൻ ബാക്കിയുള്ളപ്പോൾ ജൂൺമാസ കിറ്റ് വിതരണം അവസാനിപ്പിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർ ഉത്തരവിറക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ജൂൺ മാസത്തിലെ കിറ്റ് 8362979 ഗുണഭോക്താക്കൾ വാങ്ങിയിട്ടുണ്ട്. ആയത് വാങ്ങുന്നതിനായി 29-7-2021 വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. ജൂൺ മാസത്തെ കിറ്റ് വിതരണം പൂർത്തിയായതിനുശേഷം ഏകദേശം രണ്ടു ലക്ഷത്തോളം കിറ്റുകൾ മാത്രമാണ് ഗുണഭോക്താക്കൾ വാങ്ങാത്തതിനാൽ സപ്ലൈകോ റേഷൻ കടകളിൽ നിന്നും തിരിച്ചെടുക്കേണ്ടിവന്നിട്ടുള്ളത്.

(സി) സെർവർ തകരാർമൂലം നിരവധി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങളും കിറ്റും ലഭിക്കാത്ത സാഹചര്യത്തിൽ ആയത് പരിഹരിച്ച് റേഷൻ വിതരണം സുഗമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് തകരാർ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി NIC യുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി ASA, UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ ഉള്ളവയല്ല. ഈ സാഹചര്യത്തിൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുവാൻ ആവശ്യപ്പെടുവാൻ മാത്രമേ സാധിക്കുകയുള്ളൂ. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ അപൂർവമായി അരമണിക്കൂർ നേരത്തേയ്ക്ക് ഇ-പോസ് മെഷീൻ മുഖാന്തരമുള്ള ഇടപാടുകൾ തടസ്സപ്പെടുന്നത് മൂലം ആർക്കും റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**അഴിമതിമുക്ത കേരളം**

15 (*435) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. എം. എം. മണി:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. കെ. വി. സുമേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി ഇന്ത്യയിലെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ടോ?

കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായി അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ട്. ട്രാൻസ്പരൻസി ഇന്റർനാഷണൽ എന്ന സംഘടന ഒക്ടോബർ 2018 മുതൽ നവംബർ 2019 വരെയുള്ള കാലയളവിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നടത്തിയ ഒരു സർവ്വേയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അഴിമതി കുറവാണെന്നും മുൻവർഷങ്ങളെ അപേക്ഷിച്ച് അഴിമതിയുടെ കാര്യത്തിൽ 31 ശതമാനത്തോളം കുറവുണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയിരുന്നു.

(ബി) സർക്കാർ സർവ്വീസിലെയും പൊതുരംഗത്തെയും അഴിമതി നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അഴിമതിമുക്ത കേരളം പദ്ധതി പ്രാവർത്തികമാക്കി യിട്ടുണ്ടോ?

സംസ്ഥാനത്ത് അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തു ന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി രഹിത കേരളം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. " അഴിമതി മുക്ത പൊതു സേവന രംഗം" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പരാതിക്കാരന് തന്റെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ അഴിമതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി "ജനജാഗ്രതാ പോർട്ടൽ" എന്ന ഇലക്ട്രോണിക് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സർക്കാർ സേവനങ്ങൾ സുതാര്യവും ജനങ്ങളുടെ അവകാശവുമാക്കി അഴിമതിക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സർക്കാർ സേവനങ്ങൾ സുതാര്യവും ജനങ്ങളുടെ അവകാശവുമാക്കി അഴിമതിക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ഇതിനകം തന്നെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതു ജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്തെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ

ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും തദ്വാരാ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനുമുതകുന്ന വിവിധ പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യാനുസരണം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അന്വേഷണ ഉദ്യോഗസ്ഥർക്ക് സഹായകരമായ ആധുനിക ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുമുണ്ട്.

## വാക്സിൻ സമത്വം

16 (*436) <u>ശ്രീ. വാഴൂർ സോമൻ:</u>

<u>ശ്രീ. പി. എസ്. സുപാൽ:</u>

<u>ശ്രീ. സി. സി. മുകുന്ദൻ:</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വാക്സിൻ സമത്വം പ്രാവർത്തികമാക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളിലും വാക്സിൻ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് പ്രധാനമാണ്. അർഹരായ എല്ലാവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ സി.വി.സി (കോവിഡ് വാക്സിനേഷൻ സെന്ററുകൾ) വഴി സൗജന്യമായി വാക്സിൻ നൽകുന്നു.

(ബി) വാക്സിൻ സമത്വം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാനത്തിന് ആവശ്യമായ അളവിൽ വാക്സിൻ നൽകുവാൻ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേന്ദ്രമന്ത്രാലയം അറിയിച്ചതുപോലെ, 18 വയസ്സിനു മുകളിലുള്ള ജനസംഖ്യയുടെ അനുപാതം അനുസരിച്ചാണ് സംസ്ഥാനങ്ങൾക്ക് കോവിഡ് വാക്സിൻ അനുവദിക്കുന്നത്. ആവശ്യകതയുമായി താരതമ്യപ്പെടുത്തുമ്പോൾ വാക്സിൻ വിതരണം പരിമിതമായതിനാൽ, വിവിധ വിഭാഗങ്ങളിൽ ഘട്ടം ഘട്ടമായി, കേന്ദ്രസർക്കാർ വാക്സിൻ നൽകുന്നു. താഴെ കാണിച്ചിരിക്കുന്ന ക്രമത്തിൽ വിവിധ വിഭാഗങ്ങളെ വാക്സിനേഷൻ ഡ്രൈവിൽ ഉൾപ്പെടുത്തിയിട്ടുണ്ട് :

(i) 2021 ജനുവരി 16 മുതൽ ആരോഗ്യ പ്രവർത്തകർ

(ii) 2021 ഫെബ്രുവരി 1 മുതൽ മുൻനിര പോരാളികൾ (സംസ്ഥാനത്ത് ഫെബ്രുവരി 11 മുതൽ)

(iii) 2021 മാർച്ച് 1 മുതൽ 60 വയസ്സിനു മുകളിലുള്ളവരും 45-59 വയസ്സിനിടയിലുള്ള മറ്റ് അനുബന്ധരോഗമുള്ളവരും

(iv) 2021 ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ളവർ

(v) 2021 മേയ് 1 മുതൽ 18 വയസ്സിന് മുകളിലുള്ളവർ (സംസ്ഥാനത്ത് 2021 മേയ് 17 മുതൽ).

(സി) വാക്സിൻ സമത്വത്തിനായി സംസ്ഥാന സർക്കാർ വാക്സിനേഷൻ രജിസ്ട്രേഷൻ ക്യാമ്പയിനിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജനസംഖ്യ, ബി.പി.എൽ. ജനസംഖ്യ എന്നിവയിലെ നിരവധി പേർക്ക് ഡിജിറ്റൽ ഉപകരണങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ്പ് സംഘടിപ്പിക്കുന്നതിനായി സർക്കാർ "WAVE-Work Along For Vaccine Equity"എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിൽ വാർഡ് തലത്തിലാണ് രജിസ്ട്രേഷൻ നടത്തുന്നത്. ഓരോ വാർഡിലെയും യോഗ്യരായ ബി.പി.എൽ./ പാർശ്വവൽക്കരിക്കപ്പെട്ട ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അതാത് വാർഡുകളിലെ ആശാ പ്രവർത്തകരാണ്. ഓരോ പ്രദേശങ്ങളിലെയും പ്രാഥമിക ആരോഗ്യ കേന്ദ്രം/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ/അർബൻ പി.എച്ച്.സി./ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവ വഴി രജിസ്ട്രേഷൻ പ്രക്രിയ നിരീക്ഷിച്ചുവരുന്നു. കൂടാതെ, ജില്ലാ/ബ്ലോക്ക് ടാസ്ക് ഫോഴ്സ് രജിസ്ട്രേഷന്റെ പുരോഗതി വിലയിരുത്തുന്നു.

(ഡി) എങ്കിൽ പ്രസ്തുത ക്യാമ്പയിൻ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

2021 ജൂലൈ 31-നകം രജിസ്ട്രേഷൻ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. രജിസ്ട്രേഷൻ പൂർത്തിയാകാത്തതിനാൽ ക്യാമ്പെയിൻ തുടരുന്നു.

(ഇ) വാക്സിനേഷനുമായി ബന്ധപ്പെട്ട് സ്പോട്ട് രജിസ്ട്രേഷന്റെ കാര്യത്തിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്പോട്ട് രജിസ്ട്രേഷൻ സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാമത്തെ ഡോസ് ലഭിക്കാത്തവർക്കും ഓൺലൈനിൽ സ്ലോട്ട് ബുക്ക് ചെയ്യാൻ കഴിയാത്ത ഗുണഭോക്താക്കൾക്കുമാണ് സ്പോട്ട് രജിസ്ട്രേഷൻ പ്രധാനമായും നൽകുന്നത്.

## തിരിച്ചെത്തുന്ന പ്രവാസികൾക്ക് ആനുകൂല്യങ്ങൾ

17 (*437) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ദീർഘകാലത്തെ പ്രവാസ ജീവിതം കഴിഞ്ഞ് തിരിച്ചെത്തിയ പ്രവാസികൾക്ക് ആജീവനാന്തം ചികിത്സാസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ സാമ്പത്തികവും, ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ ചികിത്സാ ധനസഹായത്തിനായി സാന്ത്വന പദ്ധതി നിലവിലുണ്ട്.

(ബി) തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തിരികെയെത്തിയ പ്രവാസികൾക്കായുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി കൂടുതൽ വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവിധ പദ്ധതികൾക്കായുള്ള ബഡ്ജറ്റ് വിഹിതം 2020-21-ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്ന പുതിയ സംരംഭത്തിന് 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രവാസി പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ?

പ്രവാസി മലയാളികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിന് ഫലപ്രദമായും കാര്യക്ഷമമായും കേരളീയ പ്രവാസികാര്യവകുപ്പും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് കൈമാറ്റം

18 (*438) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് ഈ മേഖലയിൽ മുൻ പരിചയമില്ലാത്തതായി പറയപ്പെടുന്ന അദാനി ഗ്രൂപ്പിന് നൽകിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും സംസ്ഥാന സർക്കാരിന് മുഖ്യ പങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ നിക്ഷിപ്തമാക്കണമെന്ന സംസ്ഥാനത്തിന്റെ ശക്തമായ ആവശ്യം പരിഗണിക്കാതെ അദാനി എന്റർപ്രൈസസിനെ ഏൽപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയുണ്ടായി.

(ബി) വിവിധ പദ്ധതികൾക്കായി ആയിരത്തി അഞ്ഞൂറ് കോടി രൂപയും പുതിയ ടെർമിനൽ നിർമ്മാണത്തിനായി അറുന്നൂറ് കോടി രൂപയും ചെലവഴിച്ച് അതിന്റെ പ്രവൃത്തികൾ പുരോഗമിക്കുമ്പോൾ പ്രസ്തുത വിമാനത്താവളം സ്വകാര്യ വ്യക്തിക്ക് കൈമാറുന്നതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

&

(സി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഡൽഹി, മുംബൈ വിമാനത്താവളങ്ങൾ സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചതിലൂടെ നടന്നിട്ടുള്ളതായി പറയപ്പെടുന്ന ചൂഷണങ്ങളുടെയും സംഭവിച്ച നഷ്ടത്തിന്റെയും അടിസ്ഥാനത്തിൽ തലസ്ഥാനത്തെ വിമാനത്താവളത്തിന് സമാനഗതി ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവത്കരണം

ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി KSIDC-യുടെ നേതൃത്വത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. അതോടൊപ്പം പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക് കത്തും അയച്ചിരുന്നു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചെങ്കിലും ആയത് അംഗീകരിച്ചില്ല. തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സി.യും ചേർന്ന് കേരള ഹൈക്കോടതി മുമ്പാകെ WP(C) 6823/2019, 6076/2019 നമ്പർ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി ഈ വിഷയം പരിശോധിച്ച് പുറപ്പെടുവിച്ച വിധിയിൽ, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ട വിഷയം ആയതിനാൽ ഈ ഹർജിയുടെ ഒർജിനൽ ജ്യൂറിസ്ഡിക്ഷൻ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം ബഹു. സുപ്രീം കോടതിയാണെന്ന് പ്രസ്താവിച്ചു. ഈ വിധി പ്രസ്താവനയിൽ കേന്ദ്ര സർക്കാർ എയർപോർട്ട് അതോറിറ്റി നൽകിയ ശിപാർശകളിന്മേൽ തീരുമാനമെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ടായിരുന്നു. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള കക്ഷികൾ അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി മേൽപ്പറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ഹൈക്കോടതി റിട്ട് ഹർജി കേൾക്കണമെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിക്കനുസൃതമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസിൽ ഹിയറിംഗ് നടന്നുവരുന്നതിനിടയിലാണ് 19-8-2020-ൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം ഏകപക്ഷീയമായി തിരുവനന്തപുരം വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും അദാനി എന്റർപ്രൈസസിനെ ഏർപ്പിക്കാൻ തീരുമാനമെടുത്തത്. വിമാനത്താവളം കൈമാറാനുള്ള തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ പൊതുവികാരത്തിനനുസൃതമല്ലെന്ന് 19-8-2020-നുതന്നെ ബഹുമാനപ്പെട്ട പ്രധാന മന്ത്രിയെ കത്തിലൂടെ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് 20-8-2020-ന് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളുടെയും യോഗം വീഡിയോ കോൺഫറൻസ് മുഖേന വിളിച്ചു ചേർക്കുകയും യോഗത്തിലെ പൊതുവികാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ

വീണ്ടും കത്തിലൂടെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു വികാരം കണക്കിലെടുത്ത് 19-8-2020-ലെ കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള എസ്.പി.വി.-ക്ക് നൽകണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

19 (*439) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കുറ്റവും ശിക്ഷയും സംബന്ധിച്ച ആധുനികകാല കാഴ്ചപ്പാടിനനുസരിച്ച് സംസ്ഥാനത്തെ ജയിലുകളുടെ ഭരണനിർവ്വഹണം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ആധുനിക കാഴ്ചപ്പാടുകൾക്കനുസരിച്ച് ജയിലുകളുടെ നവീകരണവും ആധുനിക വൽക്കരണവും നിരന്തരമായി നടത്തേണ്ട പ്രക്രിയയാണ്. 2010-ലെ ജയിൽ നിയമവും 2014-ലെ ജയിൽ ചട്ടങ്ങളും 1991-1993 കാലയളവിൽ ഉദയഭാനു കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്, ദേശീയ ജയിൽ പരിഷ്കരണ കമ്മീഷനായ ജസ്റ്റിസുമുള്ള കമ്മിറ്റി റിപ്പോർട്ട്, ജയിൽ ഡി.ജി.പി. ആയിരുന്ന ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായി ജയിൽ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്, ജയിൽ അന്തേവാസികളെ കോടതികളിൽ ഹാജരാക്കുമ്പോഴും അവരുടെ യാത്രാസമയത്തും പാലിക്കേണ്ട സുരക്ഷ സംബന്ധിച്ചും മറ്റുമുള്ള ജസ്റ്റിസ് രാമചന്ദ്രൻ നായർ അധ്യക്ഷനായ കമ്മിറ്റിയുടെ ശിപാർശകൾ ഇവ അടിസ്ഥാനപ്പെടുത്തിയുള്ള പരിഷ്കരണങ്ങളാണ് പ്രധാനമായും ജയിൽ ഭരണ നിർവ്വഹണത്തിൽ സ്വീകരിച്ചിട്ടുള്ളത്. വൈദേശിക അധിനിവേശത്തിന്റെ ഇരകളായി അടിമകളെപ്പോലെ തദ്ദേശീയരെ പാർപ്പിച്ച സ്ഥാപനങ്ങളായിരുന്നു ജയിലുകൾ. ആ നിലയിൽ നിന്നും വ്യത്യസ്തമായി ജയിലുകളിൽ കുറ്റവാളികളുടെ തെറ്റുകൾ തിരുത്തി അവരെ ഉത്തമ പൗരൻമാരാക്കാൻ ഉതകുന്ന രീതിയിലുള്ള സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. തടവുകാർക്ക് അവരുടെ കുടുംബങ്ങൾക്ക് താങ്ങാകുവാൻ തക്കവണ്ണമുള്ള ജയിൽ വേതനമാണ് നിലവിൽ നൽകിവരുന്നത്. ശിക്ഷാ കാലയളവിനുശേഷവും പരാശ്രയമില്ലാതെ ജീവിക്കുന്നതിനായി സംസ്ഥാനത്തെ ജയിലുകളിൽ ഒട്ടനവധി തൊഴിലധിഷ്ഠിത കോഴ്സുകൾ സംഘടിപ്പിച്ച് പരിശീലനം നൽകിവരുന്നു. ജയിൽ അന്തേവാസികളുടെ മാനസികോല്ലാസം ലക്ഷ്യമാക്കി

ജയിലുകളിൽ യോഗപരിശീലനം, കായിക, കലാപരിപാടികൾ, വിവിധ സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, ജയിൽക്ഷേമദിനാഘോഷം എന്നിവ നടപ്പാക്കി വരുന്നുണ്ട്. അന്തേവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസം, തുടർവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സാക്ഷരതാ മിഷൻ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, ഓപ്പൺ യൂണിവേഴ്സിറ്റി, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ പദ്ധതി, കേരള യൂണിവേഴ്സിറ്റി ഡിസ്റ്റന്റ് എഡ്യുക്കേഷൻ പ്രോഗ്രാം, പോളിടെക്നിക് എന്നിവയുമായി ബന്ധപ്പെട്ട ബോധന പദ്ധതികളും നടപ്പിലാക്കി വരുന്നു. ജയിൽമോചിതരാകുന്ന അന്തേവാസികൾക്ക് ജീവസന്ധാരണ പ്രവൃത്തികൾക്കായി വിവിധ ധനസഹായ പദ്ധതികൾ, സാമൂഹ്യ നീതിവകുപ്പുവഴി നൽകി വരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സിന് ചേർന്ന് പഠിക്കുന്ന അന്തേവാസികളുടെ മക്കൾക്ക് ഒരു ലക്ഷം രൂപവരെ സ്കോളർഷിപ്പും 1 മുതൽ 5-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 3,000 രൂപയുടേയും 6 മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്നവർക്കായി 5,000 രൂപയുടേയും ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് 7,000 രൂപയുടേയും വാർഷിക ധനസഹായം നൽകിവരുന്നു. ജയിൽ അന്തേവാസിയുടെ ശിക്ഷാകാലയളവ് ജയിലിനുള്ളിൽ ശിക്ഷിക്കപ്പെടാനുള്ളതല്ല പകരം, തിരുത്തലിന് വിധേയമായി അവർ ഉത്തമപൗരന്മാരായി മാറുക എന്ന നിലപാടാണ് സർക്കാർ കൈക്കൊള്ളുന്നത്.

(ബി) ജനോപകാരപ്രദമായ കാര്യങ്ങൾക്ക് തടവുകാരുടെ മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; വിശദമാക്കുമോ?

സംസ്ഥാനത്തെ തടവുകാരുടെ സേവനം ഉപയോഗിച്ച് പാചകം ചെയ്യുന്ന, ഗുണമേന്മയും വിലക്കുറവുമുള്ള ഫുഡ് ഫോർ ഫ്രീഡം ഉത്പന്നങ്ങൾക്ക് നമ്മുടെ നാട്ടിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. അന്തേവാസികൾ നിർമ്മിക്കുന്ന മാസ്ക്, സാനിറ്റൈസർ, സോപ്പ്, ലോഷൻ, കരകൗശലവസ്തുക്കൾ, എണ്ണ പലഹാരങ്ങൾ, പപ്പടം, മെത്തകൾ, വിവിധതരം ഫർണിച്ചറുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, എൽ.ഇ.ഡി. ബൾബുകൾ, ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ എന്നിങ്ങനെ ജനോപകാരപ്രദമായ വസ്തുക്കൾ വിൽപ്പന നടത്തുന്നു. തയ്യൽക്കടകൾ, അച്ചാർ, മുട്ട, പാൽ, ചിക്കൻ വിൽപ്പനശാലകൾ, പ്ലാന്റ് നേഴ്സറികൾ, ബ്യൂട്ടിപാർലറുകൾ, പ്രധാന ജയിലുകൾ കേന്ദ്രീകരിച്ച് സ്ഥാപിച്ചിട്ടുള്ള പെട്രോൾ പമ്പുകൾ എന്നീ വിവിധ മേഖലകളിൽ ഒട്ടനവധി ജനോപകാരപ്രദമായ പദ്ധതികളിലൂടെ തടവുകാരുടെ മനുഷ്യവിഭവ ശേഷി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരത്തിൽ അഭിമാനകരമായ രീതിയിൽ നേട്ടങ്ങൾ കൈവരിക്കുവാൻ ജയിൽ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഓൺലൈൻ സേവനദാതാക്കൾവഴി ഭക്ഷണം വീടുകളിലെത്തിക്കുന്നതിന് ഫുഡ് ഫോർ ഫ്രീഡം യൂണിറ്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തുറന്ന ജയിലിലെ അന്തേവാസികൾ നിർമ്മിച്ച ഷോർട്ട് ഫിലിമിന് ലഭിച്ച സ്വീകാര്യതയും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

(സി) ജയിലുകളിലെ മനുഷ്യാവകാശ ലംഘനങ്ങൾ, സുരക്ഷാ വീഴ്ചകൾ എന്നിവ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടായാൽ പരാതികൾ ജയിൽ സന്ദർശിക്കുന്ന ഉന്നത ഉദ്യോഗസ്ഥരോടും, ജുഡീഷ്യൽ ഓഫീസർമാരോടും നേരിട്ട് ബോധിപ്പിക്കുന്നതിനും ജില്ലാ ജഡ്ജ്, ജയിൽ വകുപ്പ് മേധാവി എന്നിവർക്ക് പരാതിപ്പെട്ടി വഴി നൽകുവാനും കഴിയും. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങൾ ജയിലുകളിൽ സ്ഥാപിച്ചിട്ടുള്ളതാകുന്നു. സംസ്ഥാനത്ത് ആകെയുള്ള 55 ജയിലുകളിൽ 51 ജയിലുകളിലും സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചിട്ടുള്ളതാകുന്നു. മികച്ചതും ആധുനിക രീതിയിൽ പരിശീലനം നൽകിയിട്ടുള്ളതുമായ ഡോഗ് സ്ക്വാഡ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ഡി) ജയിലുകളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജയിലിലേയ്ക്കെത്തുന്ന ഓരോ അന്തേവാസിയെയും ആരോഗ്യ പരിശോധന നടത്തിയാണ് ജയിലിൽ പ്രവേശിപ്പിക്കുന്നത്. രോഗികളായ അന്തേവാസികളുടെ പ്രാഥമിക ചികിത്സ നടത്തുന്നതിനും വിദഗ്ദ്ധ ചികിത്സ ആവശ്യമായാൽ ലഭ്യമാക്കുന്നതിനും ആംബുലൻസ് സംവിധാനം ഉൾപ്പെടെ ജയിലുകളിൽ നിലവിലുണ്ട്. പ്രധാനപ്പെട്ട ജയിലുകളിൽ എല്ലാ ദിവസവും ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള ഡോക്ടർമാരുടെ തസ്തികകൾ ഡെപ്യൂട്ടേഷൻ നിയമനത്തിനായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ ജയിലുകളിൽ കിടക്കയോടുകൂടിയ ആശുപത്രികളും നിലവിലുണ്ട്. കൂടാതെ മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള ഡോക്ടറുടെ സേവനവും ലഭ്യമാക്കാറുണ്ട്. കോവിഡ് കാരണത്താൽ ചില ജയിലുകൾ ടെലി മെഡിസിൻ സൗകര്യവും ഉപയോഗിച്ചുവരുന്നു. കോവിഡ് കാലമായതിനാൽ വാക്സിനേഷൻ നൽകുകയും ചെയ്തുവരുന്നുണ്ട്.

(ഇ) ജയിലുകളിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 1280 തസ്തികകളാണുള്ളത്. ഒഴിവുകളുള്ള 135 തസ്തികകൾ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ 87 തസ്തികകളിൽ 18 ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. തുടർന്നുള്ള എല്ലാ തസ്തികകളും സമയബന്ധിതമായി പ്രൊമോഷൻ നടത്തുകയും ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 495 പുതിയ തസ്തികകൾ ജയിൽ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

(എഫ്) ജയിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും മെറ്റൽ ഡിറ്റക്ടർ, സ്കാനർ, സി.സി.ടി.വി. തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ സി.സി.ടി.വി. സിസ്റ്റം, ഇലക്ട്രിക് ഫെൻസിംഗ്, മെറ്റൽ ഡിറ്റക്ടർ, ബാഗ്ഗേജ് സ്കാനർ തുടങ്ങിയവ ജയിലുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോടതികളേയും ജയിലുകളേയും ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ഭൂരിഭാഗം ജയിലുകളിലും ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ എന്നിവ നൽകിയിട്ടുണ്ട്. സെൻട്രൽ പ്രിസണുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

**പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ സംസ്ഥാനത്ത് പുതിയ പുരസ്കാരം**

20 (*440) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഭാരത സർക്കാർ നൽകിവരുന്ന പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ കേരളത്തിൽ പുതിയ പുരസ്കാരം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

&

(ബി) സംസ്ഥാനത്ത് വ്യത്യസ്ത മേഖലകളിൽ പ്രാഗത്ഭ്യവും വ്യക്തിമുദ്രയും പതിപ്പിച്ചവരെ ആദരിക്കുന്നതിന് പ്രസ്തുത പുരസ്കാരം ഗുണം ചെയ്യുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തികൾക്ക് കേന്ദ്രസർക്കാർ എല്ലാ വർഷവും നൽകുന്ന പത്മപുരസ്കാരത്തിന്റെ മാതൃകയിൽ സംസ്ഥാനത്തും പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ പ്രാഥമിക ചർച്ച നടന്നിട്ടുണ്ട്. പുരസ്കാരം ഏർപ്പെടുത്തുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സ്റ്റാർട്ടപ്പുകൾക്കുള്ള പ്രോത്സാഹനം

21 (*441) ശ്രീ ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന യുവ സംരംഭകർക്ക് സ്റ്റാർട്ടപ്പ് മിഷനിലൂടെ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു.

1. ആശയം ഉൽപ്പന്നമാക്കി മാറ്റുന്നതിനും ഉൽപ്പന്നം വിപണിയിൽ നില നിൽക്കുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിനും ഉല്പന്ന വിപണനത്തിനും ആവശ്യമുള്ള ഉപദേശങ്ങൾ, മെന്ററിംഗ്, വിപണന ബന്ധങ്ങൾ എന്നിവ
2. പ്രാഥമിക ആവശ്യങ്ങളായ കമ്പനി രജിസ്ട്രേഷൻ, DPIIT രജിസ്ട്രേഷൻ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ യൂണിക്ക് ഐ.ഡി. എന്നിവ നേടുന്നതിനാവശ്യമായ ഉപദേശങ്ങൾ.
3. ഫെയിൽ ഫാസ്റ്റ് ആന്റ് സക്സീഡ് എന്ന വെർച്വൽ ഇങ്കുബേഷൻ പരിപാടി.
4. ഇന്നവേഷൻ ഗ്രാന്റ് പദ്ധതി.
5. സീഡ് വായ്പാ പദ്ധതി.
6. കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട് പദ്ധതി.
7. പ്ലഗ് ആന്റ് പ്ലേ സൗകര്യം.
8. മെന്റർഷിപ്പ് സൗകര്യം.
9. സൗജന്യ ക്ലൗഡ് ക്രെഡിറ്റ്സ്.
10. സൂപ്പർ ഫാബ് ലാബ്, ഫാബ് ലാബുകൾ.
11. ഫ്യൂച്ചർ ലാബുകൾ.
12. സാങ്കേതിക പരിജ്ഞാന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം.

13. ദേശീയ അന്തർദ്ദേശീയ തലത്തിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും ഉല്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള സഹായം.

14. വനിതാ സംരംഭകർക്ക് അതിവേഗ വായ്പാ സൗകര്യം.

(ബി) സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കൊച്ചി കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിച്ചുവരികയാണ്. ആദ്യ ഘട്ടമായി 1.80 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് എന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. രണ്ടാം ഘട്ടമായി രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം KIIFB യുടെ ധനസഹായത്തോടെ പുരോഗമിച്ചുവരുന്നു. മൂന്നാമത്തെ കെട്ടിടം നിർമ്മിച്ച് ഉപയോഗിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ STPI-ക്ക് അനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം കൂടി പൂർത്തിയാക്കുന്നതോടെ ലോകോത്തര നിലവാരമുള്ള ഒരു പൂർണ്ണ ഇന്നവേഷൻ ഹബ്ബ് ആയി ടെക്നോളജി ഇന്നവേഷൻ സോൺ മാറും. മേൽപ്പറഞ്ഞതു കൂടാതെ തിരുവനന്തപുരത്ത് ടെക്നോപാർക്ക്, കോഴിക്കോട് സൈബർപാർക്ക്, UL സൈബർപാർക്ക്, പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജ്, കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ കെട്ടിടം എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന് സ്വന്തം ഇൻകുബേറ്ററുകളും തിരുവനന്തപുരം ടെക്നോപാർക്ക് ക്യാമ്പസ്സിലെ C-DAC കെട്ടിടത്തിൽ ആക്സിലറേറ്ററും നിലവിലുണ്ട്. ഇവയെല്ലാം സജ്ജീകരിക്കുന്നത് ലോകോത്തര നിലവാരത്തിലാണ്. കൂടാതെ, MIT യുടെ സഹകരണത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ കൊച്ചിയിൽ സൂപ്പർ ഫാബ് ലാബ് സ്ഥാപിച്ചുവരുന്നു.

(സി) പുതിയ സ്റ്റാർട്ടപ്പ് സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്ന സേവനങ്ങളെല്ലാം ഓൺലൈനായാണ് ലഭ്യമാക്കുന്നത്.

(ഡി) കേരളത്തിലെ സ്റ്റാർട്ടപ്പ് വ്യവസായ സംരംഭങ്ങളിൽ വനിതാ സംരംഭകരുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വനിതകൾക്കായി പ്രത്യേക ഇങ്കുബേഷൻ പരിപാടികൾ, ധനസഹായ പദ്ധതികൾ, അന്താരാഷ്ട്ര ഇന്നവേഷൻ ചലഞ്ചുകൾ എന്നിവ നടപ്പിലാക്കിയതുവഴി വനിതാ സംരംഭകരുടെ പ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ സാമ്പത്തിക ചൂഷണം

22 (*442) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) രോഗികളുടെ ദുരിതം മുതലെടുത്ത് സാമ്പത്തിക ചൂഷണം നടത്തുന്ന വൻ വ്യവസായമായി രാജ്യത്തെ മിക്ക സ്വകാര്യ ആശുപത്രികളും മാറിക്കഴിഞ്ഞെന്ന സുപ്രീം കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ സാമ്പത്തിക ചൂഷണം നിയന്ത്രിക്കുന്നതിന് പര്യാപ്തമായ എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) ഈ മേഖലയിൽ കൂടുതൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെയും ക്ലിനിക്കൽ സ്ഥാപനങ്ങളെയും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനായി 2018-ലെ കേരളാ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് നിലവിൽ വന്നു. പ്രസ്തുത ആക്ടിലെ പ്രധാനപ്പെട്ട വകുപ്പുകൾ താഴെ പറയുന്നു :

വകുപ്പ് 16 (1) പ്രകാരം കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ബന്ധപ്പെട്ട അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

വകുപ്പ് 16(2) പ്രകാരം ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ക്ലിനിക്കൽ സ്ഥാപനം നടത്തുവാൻ പാടുള്ളതല്ല.

വകുപ്പ് 19(2) പ്രകാരം താത്ക്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനവും, താത്ക്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് അറുപത് ദിവസം മുൻപായി സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്.

വകുപ്പ് 19(12) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനം നിർണ്ണയിക്കപ്പെട്ട നിലവാരം സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പരീക്ഷിക്കുന്നതിനുമായി സ്വതന്ത്ര അസസ്സർമാരുടെ ഒരു പാനൽ രൂപീകരിച്ചു വരുന്നു.

വകുപ്പ് 39(1) പ്രകാരം ഒരോ ക്ലിനിക്കൽ സ്ഥാപനവും ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് അതിന്റെ താത്ക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്.

വകുപ്പ് 39(2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവിടെ നൽകിവരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേയ്ക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്.

വകുപ്പ് 39(3) പ്രകാരം സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും പ്രത്യേക നടപടിക്രമങ്ങൾക്കായുള്ള പാക്കേജ് പ്രദർശിപ്പിക്കേണ്ടതാണ്.

വകുപ്പ് 39(4) പ്രകാരം യാതൊരു ക്ലിനിക്കൽ സ്ഥാപനവും പ്രദർശിപ്പിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ഫീസോ പാക്കേജ് നിരക്കോ ഈടാക്കാൻ പാടുള്ളതല്ല.

വകുപ്പ് 26(2) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നവിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്, ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയ ശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്ന പക്ഷം, പിഴ ശിക്ഷയ്ക്കു പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ്. മാത്രമല്ല 2018-ലെ കേരളാ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് പ്രകാരം പൊതുജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട പരാതികൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-ക്ക് നൽകാവുന്നതാണ്. ഇത് കൂടാതെ പരാതികൾ പരിശോധിക്കുന്നതിനായി 15-3-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 664/2021/ആരോഗ്യം പ്രകാരം അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക ചൂഷണം നിയന്ത്രിക്കുന്നതിനുവേണ്ടി ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. 6-7-2020 തീയതിയിലെ സ.ഉ. (സാധാ)നമ്പർ 1246/2020/ ആരോഗ്യം പ്രകാരം കാസ്പിന്റെ ആനുകൂല്യമുള്ളവർക്കും സർക്കാർ ആശുപത്രികളിൽ നിന്ന് കാസ്പ് എംപാനൽഡ് സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്ന രോഗികൾക്കും സൗജന്യ കോവിഡ് ചികിത്സ ലഭ്യമാക്കുന്നു.

2. 3-4-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 392/2021/ഡി.എം.ഡി. പ്രകാരം എല്ലാ സർക്കാർ സ്വകാര്യ കോ-ഓപ്പറേറ്റീവ്, ഇ.എസ്.ഐ. ആശുപത്രികളിലും 50% കിടക്കകൾ കോവിഡ് ചികിത്സയ്ക്കായി മാറ്റിവെച്ചിട്ടുണ്ട്.

3. 2-6-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 1176/2021/ ആരോഗ്യം പ്രകാരം 15 മെഡിക്കൽ സാധനങ്ങളുടെ വില ക്രമീകരിച്ചിട്ടുണ്ട്. ഇത് സ്വകാര്യ ആശുപത്രികളിൽ സ്വയം കോവിഡ് ചികിത്സക്കെത്തുന്ന രോഗികൾക്കും ബാധകമാക്കിയിട്ടുണ്ട്.

## പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ

23 (*443) ഡോ. കെ. ടി. ജലീൽ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് നാട്ടിലേയ്ക്ക് മടങ്ങാൻ നിർബന്ധിതരായവരുടെ ബാഹുല്യം പരിഗണിച്ച് പ്രവാസി ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ ഊർജ്ജിതമാക്കിയിരുന്നോ?

കോവിഡ് മഹാമാരിയെത്തുടർന്ന് നാട്ടിലേയ്ക്ക് മടങ്ങിയെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായിട്ടുള്ള വിവിധ പദ്ധതികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. തിരികെയെത്തുന്ന പ്രവാസികൾക്കായി നോർക്ക മുഖാന്തരം നൽകുന്ന ആനുകൂല്യങ്ങളുടെ പദ്ധതി വിഹിതം നടപ്പ് സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രവാസി സമാശ്വാസ പുനരധിവാസ പദ്ധതികൾ കൂടുതൽ വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്ന പുതിയ സംരംഭത്തിന് 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2020 ജനുവരി 1 മുതൽ മേയ് 5 വരെ വിദേശത്തുനിന്നും മടങ്ങിയെത്തി ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്തവർക്ക് 5000 രൂപ വീതം ധനസഹായം നൽകിയിരുന്നു. കോവിഡ് ബാധിച്ച പ്രവാസികളിൽ അർഹതയുള്ളവർക്ക് 1,000 രൂപ വീതം ധനസഹായം

നൽകിയിട്ടുണ്ട്. പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അത് പുതുക്കു ന്നതിനുള്ള പലിശയും പിഴ പലിശയും നിശ്ചിത കാലത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്.

(ബി) തിരികെയെത്തുന്ന പ്രവാസികളുടെ സംരംഭകത്വ സഹായത്തിനായി നടപ്പാക്കിവരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് വിപുലീകരിച്ചിട്ടുണ്ടോ; സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഈ പദ്ധതി വഴി എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കാമോ?

തിരികെ എത്തുന്ന പ്രവാസികളുടെ സംരംഭകത്വ സഹായത്തിനായി നടപ്പി ലാക്കിയിട്ടുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്. സംരംഭകർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. വിവിധ സംരംഭങ്ങൾക്ക് ഈ പദ്ധതി മുഖേന വായ്പ ലഭ്യമാക്കുന്നുണ്ട്. നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(സി) പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ആകെ 15,956 പേർക്കായി 95.25 കോടി രൂപ സാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

**കോവിഡ് മരണങ്ങളുടെ കണക്ക്**

24 (*444) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോവിഡ് മരണങ്ങൾ മറച്ചുവയ്ക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) വിവരാവകാശനിയമം വഴി 13-7-2021-ന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭിച്ച കോവിഡ് മരണങ്ങളുടെ കണക്കിലും ആരോഗ്യ വകുപ്പിന്റെ കണക്കിലും ഏഴായിരം മരണങ്ങളുടെ വ്യത്യാസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഐ.സി.എം.ആർ.-ഉം, ഡബ്ല്യു.എച്ച്.ഒ.-യും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള പഠനം പരിശോധിച്ചിട്ടില്ല. ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണ കാരണം കോവിഡ് മൂലമോ അല്ലയോ എന്നത് ചികിത്സിച്ചിരുന്ന ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യ വകുപ്പ് 13325 മരണമാണ് കോവിഡ് മൂലമാണ് എന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡ പ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽനിന്ന് അയച്ചു തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡുമൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തിരിക്കുന്നത്. 2021 ജൂൺ 16 തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണ കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്തുവരുന്നു. ഔദ്യോഗികമായി കോവിഡ് മരണമാണെന്ന് റിപ്പോർട്ട് ചെയ്ത മരണങ്ങളുടെ വിവരങ്ങളറിയാൻ 'ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ' നിലവിലുണ്ട്.

(സി) കോവിഡ് മരണങ്ങൾ ശരിയായ രീതിയിൽ കണക്കാക്കുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഇല്ല. ICMR-ഉം WHO യും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽ നിന്ന് അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമാണോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. " Brought dead¨ ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ചുതരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ തരംതിരിക്കുന്നത്. കോവിഡ് മരണം റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 2021 ജൂൺ 16-ാം തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണനിരക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവൺമെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയും, സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്തുവരുന്നു.

**തോക്ക് ഉപയോഗിച്ചുള്ള കൊലപാതകം**

25 (*445) ശ്രീ. റോജി എം. ജോൺ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം സംഭവിക്കാറുള്ള തോക്ക് ഉപയോഗിച്ചുള്ള കൊലപാതകം സംസ്ഥാനത്ത് ഉണ്ടാകുന്ന സാഹചര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കോതമംഗലത്ത് ഡെന്റൽ കോളേജ് വിദ്യാർത്ഥിനിയായിരുന്ന മാനസയെ രാഖിൽ എന്ന യുവാവ് വെടിവെച്ചുകൊന്ന സംഭവത്തിൽ തോക്കിന്റെ ഉറവിടം കണ്ടെത്താൻ പോലീസിന് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. പ്രസ്തുത കേസിലെ കുറ്റകൃത്യത്തിനായി ഉപയോഗിച്ച തോക്ക് പ്രതിയായ രാഖിൽ ബീഹാറിൽ നിന്നും വാങ്ങിയതാണെന്ന് സുഹൃത്ത് ആദിത്യൻ മൊഴി നൽകിയതിനെത്തുടർന്ന് അന്വേഷണ സംഘം ബീഹാറിലെത്തി രാഖിലിന് തോക്ക് നൽകിയ സോനുകുമാർ മോദി, ഇക്കാര്യത്തിന് ഇടനിലക്കാരനായി പ്രവർത്തിച്ച Manish Kumar എന്നിവരെ അറസ്റ്റ് ചെയ്ത് 8-7-2021-ന് കേരളത്തിലെത്തിച്ച് ഊർജ്ജിതമായ അന്വേഷണം തുടർന്നു വരുന്നു.

(സി) സംസ്ഥാനത്ത് ഓൺലൈൻ പോർട്ടലുകൾ, ഡാർക്ക് വെബ് തുടങ്ങിയ വയിൽ നിന്നും അനധികൃതമായി തോക്കുകൾ വാങ്ങുവാൻ സാധിക്കും എന്നത് വസ്തുതയാണോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തോക്കുകൾ, നിരോധിത ലഹരി പദാർത്ഥങ്ങൾ എന്നിവ വിൽക്കുന്ന ടെലഗ്രാം ചാനലുകൾ, ഡാർക്ക് വെബ് സൈറ്റുകൾ എന്നിവ പ്രവർത്തിക്കുന്നതായി ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെയും സൈബർ ഡോമിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സോഷ്യൽ മീഡിയ ആപ്ലിക്കേഷനുകൾ വഴി തോക്കുകൾ വിൽപ്പന നടത്തുന്നതായിട്ടുള്ള മെസേജുകളും പരസ്യങ്ങളും മറ്റും നൽകിവരുന്നതായി കാണപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഒന്നുംതന്നെ തോക്കുകൾ കേരളത്തിൽ ഡെലിവറി ചെയ്തിട്ടുള്ളതായോ പ്രസ്തുത സോഷ്യൽ മീഡിയ ആപ്ലിക്കേഷനുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായോ കണ്ടെത്തിയിട്ടില്ല. മറ്റ് സ്ഥലങ്ങളിലുള്ള ഇത്തരം സൈറ്റുകളിലൂടെ തോക്കുകൾ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നതായി അവകാശപ്പെടുന്നുണ്ടെങ്കിലും ഇതിനു വേണ്ട ട്രാൻസാക്ഷൻ, വെർച്വൽ കറൻസിയായിട്ടാണ് സൈറ്റുകളിൽ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഇന്ത്യയിൽ ഇത്തരത്തിലുള്ള വെർച്വൽ കറൻസി ട്രാൻസാക്ഷനുകൾ നിയമ വിധേയമല്ലാത്തതിനാൽ ഇത്തരത്തിൽ പണം നൽകി ഇവർ അവകാശപ്പെടുന്നതുപോലെ തോക്കുകൾ ലഭ്യമാകും എന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള സൈറ്റുകളിൽ അവരുടെ യാതൊരു വിശദാംശങ്ങളും നൽകിയിട്ടില്ലാത്തതുമാണ്. ഇത്തരത്തിലുള്ള വെബ് സൈറ്റുകൾ ഹൈടെക് സെല്ലിന്റെയും സൈബർ സെല്ലിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി വരുന്നു. ഇത് സംബന്ധിച്ചുള്ള പരാതികളൊന്നും പോലീസിന് ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് തോക്കിന് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

Arms Act, 1959/Arms Rules, 2016 പ്രകാരം തോക്കിന് ലൈസൻസ് അനുവദിക്കുന്നതിന് ജില്ലാ ഭരണാധികാരികൾക്കാണ് അധികാരം. സ്പോർട്ട്സ്, സ്വയരക്ഷ, കൃഷി സംരക്ഷണം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് തോക്ക് ലൈസൻസ് അനുവദിച്ചുവരുന്നത്. തോക്ക് ലൈസൻസ് അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി റിപ്പോർട്ടിനായി അതാത് ജില്ലാ പോലീസ് മേധാവികൾക്ക് അയച്ചുകൊടുക്കുകയും അപേക്ഷകന്റെ ക്രിമിനൽ പശ്ചാത്തലം, തോക്ക് കൈകാര്യം ചെയ്യുന്നതിലെ പ്രാവീണ്യം, ലൈസൻസിന്റെ ആവശ്യകത എന്നിവ അന്വേഷണം നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടമാണ് തോക്ക് ലൈസൻസ് അനുവദിക്കുന്നത്.

### കുടുംബശ്രീയുടെ വിപുലീകരണം

26 (*446) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ കരുത്തുറ്റ സാമൂഹിക സംഘടനാ സംവിധാനം എന്ന നിലയിൽ കുടുംബശ്രീയുടെ പ്രവർത്തനമേഖല വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സ്ത്രീകളുടെ കരുത്തുറ്റ സാമൂഹിക സംഘടനാ സംവിധാനം എന്ന നിലയിൽ കുടുംബശ്രീയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

1. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും നിരന്തരം പരിപോഷിപ്പിക്കുകയും ചെയ്യുക.

   (i) സാമൂഹ്യാധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുന്നതിന് ജില്ല-ബ്ലോക്ക്-സി.ഡി.എസ്. തല കോർ കമ്മിറ്റി രൂപീകരണം.

   (ii) സി.ഡി.എസ്. തല മെന്റർമാരുടെ നിയമനം

(iii) സ്വതന്ത്രമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ വിഷൻ ബിൽഡിംഗ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.

(iv) സി.ഡി.എസ്. ഓഫീസ് നവീകരണവും എ.ഡി.എസ്സുകൾക്ക് ഓഫീസ് സൗകര്യം സജ്ജീകരിക്കലും

2. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്താനായി മികച്ച നയങ്ങൾ നിരന്തരം സ്വീകരിച്ച് മുന്നോട്ട് പോകണം.

3. കുടുംബശ്രീ സംഘടനാ സംവിധാനത്തിന് മികച്ച പരിശീലനങ്ങൾ നിരന്തരമായി നൽകണം.

4. കുടുംബശ്രീ അയൽക്കൂട്ട ശാക്തീകരണം.

5. പുതുതലമുറയെ ഉൾക്കൊള്ളിക്കുന്നതിന് 18-40 പ്രായപരിധിയിലുള്ള യുവതികളുടെ യൂണിറ്റുകൾ രൂപീകരിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കും.

(ബി) ഇ-കൊമേഴ്സ് മേഖലയുടെ വളർച്ചാസാധ്യത കണക്കിലെടുത്ത് ഈ രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഇ-കോമേഴ്സ് മേഖലയുടെ വളർച്ചാ സാധ്യത കണക്കിലെടുത്ത് ഈ രംഗത്ത് കുടുംബശ്രീ കൃത്യമായ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്.

(സി) കുടുംബശ്രീയുടെ ഇ-കോമേഴ്സ് പ്രവർത്തനം വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ക്ലേശ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കുടുംബശ്രീയുടെ ഇ-കോമേഴ്സ് പോർട്ടൽ വിപുലീകരിക്കുന്നതിൽ കൂടുതൽ പൊതുജന അവബോധം സൃഷ്ടിക്കാത്തതും മത്സരാധിഷ്ഠിത വിലയിൽ ഉല്പന്നങ്ങൾ നല്കാൻ സാധിക്കാത്തതും നിലവിലുള്ള ക്ലേശഘടകങ്ങളാണ്. കൂടാതെ ഓൺലൈൻ പോർട്ടലുകളിൽ പ്രാമുഖ്യത്തോടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യേണ്ടതുമുണ്ട്.

(ഡി) കുടുംബശ്രീ സംരംഭകർക്ക് നേരിട്ട് ഇ-കൊമേഴ്സ് സൈറ്റുകളിൽ ഉൽപ്പന്നങ്ങൾ വില്പന നടത്തുവാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കുടുംബശ്രീ സംരംഭകർക്ക് നേരിട്ട് ഇ-കോമേഴ്സ് സൈറ്റുകളിൽ ഉൽപ്പന്നങ്ങൾ വില്പന നടത്തുവാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനുള്ള പരിശീലനവും സഹായവും കുടുംബശ്രീ മുഖേന നൽകിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം 500 സംരംഭകർക്ക് കൂടി പരിശീലനം നൽകി ഓൺലൈൻ വിപണന രംഗത്ത് സജീവമാക്കുന്നതാണ്.

(ഇ) ഇ-കൊമേഴ്സ് രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. ഇ-കോമേഴ്സ് രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ പരിഗണനയിലുണ്ട്. 1000 സംരംഭകർക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ 2500 കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണനത്തിന് സജ്ജീകരിച്ച് കുടുംബശ്രീ ഓൺലൈൻ പ്രവർത്തന വിപുലീകരണ പദ്ധതി ലക്ഷ്യമിടുന്നു.

**റേഷൻ കടകളുടെ പ്രവർത്തനം**

27 (*447) ശ്രീ. എം. നൗഷാദ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന എല്ലാ സംവിധാനങ്ങളും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. പൊതുവിതരണ ശൃംഖല ശാക്തീകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. വാതിൽപ്പടി വിതരണം കൂടുതൽ സുതാര്യമാക്കുന്നതിന് വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 പ്രകാരമുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

3. സംസ്ഥാനത്ത് മുൻഗണനാ കാർഡിനുള്ള അപേക്ഷ ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈനാക്കുന്നത്.

(ബി) ഇതിന്റെ ഭാഗമായി റേഷൻ കടകളെ വൈവിധ്യവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റേഷൻ കട വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പി വെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കായപ്പൊടി, കറിപൗഡർ, സോപ്പ്, അപ്പം പൊടി എന്നിവയുടെ വിതരണവും ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥല പരിമിതിമൂലം ഉത്സവകാലങ്ങളിലും സ്പെഷ്യൽ റേഷൻ നൽകുന്ന സമയങ്ങളിലും റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ സംസ്ഥാനത്തെ കടകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഒരു പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 1000 റേഷൻ കടകൾ മാതൃകാപരമായി നിലവാരം ഉയർത്തിക്കൊണ്ട് കൂടുതൽ സൗകര്യപ്രദവും ഉപഭോക്തൃ സൗഹൃദവുമാക്കുന്നതാണ്.

(സി) കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ റേഷൻ കടകളുടെ പ്രവർത്തന സമയത്തിൽ വരുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് വ്യാപനത്തെത്തുടർന്ന് റേഷൻ കടകളുടെ പ്രവർത്തന സമയം 21-5-2020 മുതൽ രാവിലെ 9.00 മുതൽ 1.00 വരെയും വൈകുന്നേരം 3.00 മുതൽ 7.00 വരെയും ക്രമീകരിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നപക്ഷം അതനുസരിച്ച് റേഷൻ കടകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിനും, കണ്ടെയിൻമെന്റ് സോണുകൾ, മൈക്രോ കണ്ടെയിൻമെന്റ് സോണുകൾ എന്നിവിടങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാനും നിർദ്ദേശം നൽകിയിരുന്നു. കോവിഡ് രണ്ടാം ഘട്ട വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ 3-5-2021 മുതൽ റേഷൻ കടകൾ രാവിലെ 8.30 മുതൽ ഉച്ചക്ക് 2.30 വരെ തുടർച്ചയായി പ്രവർത്തിക്കുന്നതിനും ക്രമീകരണം നടത്തിയിരുന്നു. തുടർന്ന് കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ 1-7-2021 മുതൽ റേഷൻ കടകളുടെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ 12.30 വരെയും വൈകുന്നേരം 3.30 മുതൽ 6.30 വരെയും പുനഃക്രമീകരിച്ച് നൽകിയിരുന്നു.

## ലഹരിയുടെ ഉപയോഗം തടയുന്നതിനുള്ള നടപടികൾ

28 (*448) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

യുവജനങ്ങൾക്കിടയിലെ ലഹരിയുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും, ഇന്റലിജൻസ് വിഭാഗവും, എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിപണനം എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം മുൻ നിർത്തി രൂപം നൽകിയ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ആഭിമുഖ്യത്തിൽ വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് യുവാക്കൾക്കും കുട്ടികൾക്കും പകർന്ന് നല്കുന്നതിനായി ഷോർട്ട് ഫിലിം, സംവാദം, പ്രഭാഷണം തുടങ്ങിയ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവമാധ്യമങ്ങൾ വഴിയും സംപ്രേഷണം ചെയ്തുവരുന്നു. ലഹരിക്കെതിരെ ശരിയായ അവബോധം നൽകുന്നതിന് പ്രശസ്തരായ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരുന്നു.

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കോളേജ് തലത്തിൽ 899 ക്ലബ്ബുകളും, സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാത്ത എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിനായി പ്രൊഫഷണൽ കോളേജ് ക്യാമ്പസ്സിനുള്ളിൽ “ നേർക്കൂട്ടം” എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ “ ശ്രദ്ധ” എന്ന പേരിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ലഹരിയുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിന് നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ എന്തെല്ലാം സന്ദേശ പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ലഹരിയുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്ക് ശരിയായ അവബോധം നൽകുന്നതിനായി ഷോർട്ട് ഫിലിം, സംവാദം, പ്രഭാഷണം തുടങ്ങിയ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിച്ചുവരുന്നു. ലഹരിക്കെതിരെ ശരിയായ അവബോധം നൽകുന്നതിന് പ്രശസ്തരായ സൈക്കോള ജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും, കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ രക്ഷകർത്താക്കൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിഷയ വിദഗ്ദ്ധർ, കലാ സാഹിത്യ രംഗത്തെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ നടത്തുകയും, വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**കോവിഡാനന്തര ചികിത്സകൾ**

29 (*449) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് പഠിക്കുവാനും നിരീക്ഷിക്കുവാനും ആരോഗ്യവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് രോഗ മുക്തരായ നിരവധി ആളുകളിൽ കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ പ്രത്യക്ഷപ്പെടുന്നതായി ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ഈ രോഗങ്ങളെ നിരീക്ഷിക്കുവാനും രോഗബാധിതർക്ക് കൃത്യമായ ചികിത്സ നൽകുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം

മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുള്ള ഈ ക്ലിനിക്കുകളിലൂടെ ആയിരക്കണക്കിന് രോഗികൾക്ക് ചികിത്സ നൽകിവരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ 1185 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി പ്രവർത്തിച്ചുവരുന്നു. നാളിതുവരെ രണ്ടരലക്ഷത്തോളം ജനങ്ങൾ വിവിധ രോഗലക്ഷണങ്ങളുമായി ഈ ക്ലിനിക്കുകൾ സന്ദർശിച്ചിട്ടുണ്ട്. ഇതിനായുള്ള പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വിദഗ്ദ്ധരുടെ സഹായത്തോടുകൂടി നൽകി വരുന്നു.

(ബി) കോവിഡാനന്തര ചികിത്സാ രീതികൾ പ്രതിപാദിക്കുന്ന മാർഗ്ഗരേഖകൾ വൈദ്യശാസ്ത്രത്തിന്റെ വിവിധ വിഭാഗങ്ങൾക്ക് അനുസൃതമായി തയ്യാറാക്കുവാൻ ഒരു റിസർച്ച് സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതും അവലോകനം ചെയ്യുന്നതും സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ആർ.ആർ.ടി. (Rapid Response Team) സെല്ലാണ്. ഇപ്പോഴത്തെ പരിമിതമായ സാഹചര്യങ്ങളിൽ രോഗനിരീക്ഷണവും ചികിത്സയും വിവരശേഖരണവും മാത്രമാണ് ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് ഗവേഷണോന്മുഖമായി ഒരു ശാസ്ത്രീയ സമിതിയുടെ രൂപത്തിൽ വിവിധ രോഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുത്തികൊണ്ട് വിപുലീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(സി) ശ്വാസകോശ പ്രശ്നങ്ങൾ, നാഡീരോഗങ്ങൾ, ഫംഗസ് രോഗങ്ങൾ എന്നിവയുടെ വ്യാപനം നിയന്ത്രിക്കുന്നതിന് ഊന്നൽ കൊടുത്തുള്ള പ്രത്യേക പഠനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതും അവലോകനം ചെയ്യുന്നതും സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ആർ.ആർ.ടി. (Rapid Response Team) സെല്ലാണ്. ഇപ്പോഴത്തെ പരിമിതമായ സാഹചര്യങ്ങളിൽ രോഗനിരീക്ഷണവും ചികിത്സയും വിവരശേഖരണവും മാത്രമാണ് ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് ഗവേഷണോന്മുഖമായി ഒരു ശാസ്ത്രീയ സമിതിയുടെ രൂപത്തിൽ വിവിധ രോഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിപുലീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ**

30 (*450) ശ്രീ. പി. വി. അൻവർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങളും റേഷൻ കടകളെ കൂടുതലായി ആശ്രയിക്കുന്ന നിലവിലെ സാഹചര്യത്തിൽ റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് ആലോചനയുണ്ടോ; വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗങ്ങൾക്കുവേണ്ടിവരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കിഴിച്ച് ബാക്കിവരുന്ന 4 ലക്ഷം മെ.ടണിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തി വരുന്നത്. എ.എ.വൈ./മുൻഗണനാ വിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പടെ മുൻഗണനേതര വിഭാഗത്തിനു ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ പ്രതിമാസം 27,958 മെ.ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം ആവശ്യമായ അളവിൽ നൽകുന്നതിന് അപര്യാപ്തമായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല. കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പദ്ധതിപ്രകാരം മുൻഗണനാ വിഭാഗത്തിന് ലഭ്യമായ ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുത്ത് പരമാവധി ആളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം 2020 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച അരിയും പയർവർഗ്ഗങ്ങളും ഏറ്റെടുത്ത് വിതരണം ചെയ്തു. എന്നാൽ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാകുന്ന അലോട്ട്മെന്റ് അപര്യാപ്തമായതിനാൽ 2020 ഏപ്രിൽ മുതൽ നാളിതുവരെ കി.ഗ്രാമിന് 20 രൂപ മുതൽ 22.50 രൂപ വരെ ചെലവഴിച്ച് സൗജന്യമായും സബ്സിഡി നിരക്കിലും വിവിധ ഘട്ടങ്ങളിലായി പ്രസ്തുത വിഭാഗത്തിന് വിതരണം ചെയ്തുവരികയാണ്.

ഇതിനായി 305030 മെ.ടൺ അരി വാങ്ങുന്നതിന് 505.17 കോടി രൂപ വിലയിനത്തിൽ മാത്രം ചെലവായിട്ടുണ്ട്. 237689 മെ.ടൺ അരി ഇത്തരത്തിൽ സ്പെഷ്യൽ വിഹിതമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) റേഷൻ കടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിന് വിവിധ ബാങ്കുകളുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(സി) റേഷൻ വ്യാപാരികൾക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷൻ എത്രയാണെന്നും കൂടുതൽ വില്പന നടത്തുന്ന റേഷൻ വ്യാപാരികൾക്ക് അധിക കമ്മീഷൻ ലഭിക്കുന്നതിനുള്ള അവസരമുണ്ടോയെന്നും അറിയിക്കുമോ?

45 ക്വിന്റൽ വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് 18,000 രൂപ അടിസ്ഥാന കമ്മീഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്. 45 ക്വിന്റലിന് താഴെ വിതരണം നടത്തുന്ന വ്യാപാരികൾക്ക് ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷനും സപ്പോർട്ടീവ് പേയ്മെന്റായി പരമാവധി 8,500 രൂപയും അനുവദിച്ചു നൽകുന്നുണ്ട്. 45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരിക്ക് അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്. വിൽപ്പനയിൽ ഉണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവു ണ്ടാകുന്നതാണ്. 45 ക്വിന്റലിൽ അധികം വിൽപ്പന നടത്തുന്ന വ്യാപാരികൾക്ക് ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ നൽകിവരുന്നുണ്ട്. വിതരണം കൂടുന്തോറും കമ്മീഷൻ തുകയും വർദ്ധിക്കുന്ന രീതിയിലാണ് നിലവിൽ കമ്മീഷൻ അനുവദിച്ചുവരുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അടിസ്ഥാന സൗകര്യ വികസനം

1 (4724) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസനമെന്ന ആവശ്യം കണക്കാക്കി ഉദാരമായ കേന്ദ്ര സഹായം നേടിയെടുക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

&

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി പ്രധാനമന്ത്രിയുമായും കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രിയുമായും മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയതിൻപ്രകാരം ലഭ്യമാകുന്ന വികസന പദ്ധതികൾ എന്തെല്ലാം; അവ പ്രാവർത്തികമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ), തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, അങ്കമാലി-ശബരി റെയിൽപ്പാത, തലശ്ശേരി-മൈസൂർ റെയിൽപ്പാത, കൊച്ചി മെട്രോ രണ്ടാം ഘട്ടം, തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പ്രോജക്റ്റ്, എയർപോട്ട് വികസനം, കരിപ്പൂർ എയർപോർട്ട്, കോഴിക്കോട് എയർപോർട്ട്, ശബരിമല എയർപോർട്ട്, കോവിഡ്-19 വാക്സിനേഷൻ, കോവിഡ്-19-നോടനുബന്ധിച്ച് പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ, 15-ാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ സ്പെസിഫിക്, സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ സംബന്ധിച്ച ശിപാർശകൾ, 2021-22-ലെ വായ്പാ പരിധി സംബന്ധിച്ച നിബന്ധനകൾ നീക്കം ചെയ്യുക, ജി.എസ്.ടി നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ സി.എസ്.ആറിന്റെ ഭാഗമാക്കുക (2021 ഡിസംബർ 31 വരെ) വായ്പാ തിരിച്ചടവിന് മൊറട്ടോറിയം അനുവദിക്കുക, തീരശോഷണം പ്രകൃതിദുരന്തമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുക, പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഭൂമിക്ക് സംസ്ഥാന സർക്കാർ വില നൽകണമെന്ന ആവശ്യം പുനഃപരിശോധിക്കുക, ബി.പി.സി.എൽ. സ്വകാര്യവത്ക്കരണത്തിനുള്ള നടപടിയിൽനിന്നും പിന്മാറുക, കൊച്ചിയിലെ പെട്രോകെമിക്കൽ കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ലക്ഷദ്വീപ് ഭരണകൂടം കൊച്ചിയിൽനിന്നും വിവിധ ഓഫീസുകൾ മാറ്റുന്ന നടപടിയിൽനിന്നും പിന്നോട്ടുപോകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

2 (4725) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന ചെറുതും വലുതുമായ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങളും നടപടിക്രമങ്ങളും അവയുമായി ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കണമെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*. 11-6-2012-ലെ സ.ഉ. (എം.എസ്). നമ്പർ 142/2012/പൊഭവ)

(സി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും പാർലമെന്ററികാര്യ വകുപ്പ് പുറപ്പെടുവിച്ച 23-10-2017-ലെ പാ.കാ.വ.-എ 2/205/ 2017-പാ.കാ.വ. സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭരണപരിഷ്കാര കമ്മീഷൻ ശിപാർശകൾ**

3 (4726) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ഇതുവരെ എത്ര ശിപാർശകളാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നാലാം ഭരണപരിഷ്കാര കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണപരിഷ്കാര കമ്മീഷൻ സർക്കാരിൽ സമർപ്പിച്ച ശിപാർശകളിൽ ഒന്നായ "Capacity Development of Civil Servants-Kerala" എന്ന ശിപാർശയിന്മേൽ സർക്കാർ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഭരണപരിഷ്കാര കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടായ "Capacity Development of Civil Servants-Kerala" എന്നതിലെ ശിപാർശകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സെക്രട്ടറിതല സമിതി വിലയിരുത്തി അഭിപ്രായം സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ

4 (4727) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ച് 23-ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനുശേഷം മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നതിനായി എത്ര ക്യാമ്പുകൾ തുറന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനമൊട്ടാകെ 21556 ക്യാമ്പുകൾ സജ്ജീകരിച്ച് 434280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി.

(ബി) ഏത് വകുപ്പിന്റെ ചുമതലയിലാണ് ക്യാമ്പുകൾ പ്രവർത്തിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജില്ലാ ഭരണകൂടം, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പുകളുടെ സംയുക്തമായ സഹകരണത്തോടെയാണ് ക്യാമ്പുകൾ പ്രവർത്തിപ്പിച്ചിരുന്നത്.

(സി) മേൽപ്പറഞ്ഞ ക്യാമ്പിനായി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അതിഥി തൊഴിലാളികൾക്ക് ഭക്ഷണവും ക്യാമ്പുകളിൽ ടെലിവിഷൻ, കാരം ബോർഡ്, ചെസ്ബോർഡ് തുടങ്ങിയ വിനോദോപാധികൾ നൽകുന്നതിനുമായി തൊഴിൽ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ ഭരണകൂടം ഉൾപ്പെടെ എല്ലാ വകുപ്പുകളും പ്രത്യേകമായാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പ് ജില്ലകൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | ചെലവഴിച്ച തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 15,26,000 |
| കൊല്ലം | 11,35,320 |
| പത്തനംതിട്ട | 7,76,080 |
| ആലപ്പുഴ | 9,89,362 |
| കോട്ടയം | 11,77,386 |

| (1) | (2) |
|---|---|
| ഇടുക്കി | 6,10,000 |
| എറണാകുളം | 21,36,041 |
| തൃശ്ശൂർ | 5,13,792 |
| പാലക്കാട് | 11,70,930 |
| മലപ്പുറം | 8,57,756 |
| കോഴിക്കോട് | 8,75,129 |
| വയനാട് | 4,97,618 |
| കണ്ണൂർ | 17,05,400 |
| കാസർഗോഡ് | 6,50,000 |
| ആകെ | 1,46,20,814 |

**നിയമസഭാ റിപ്പോർട്ടുകൾ**

5 (4728) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയുടെതന്നെ മിനിയേച്ചറായി അംഗീകരിക്കപ്പെട്ട നിയമസഭാ സമിതികൾ നൽകുന്ന റിപ്പോർട്ടുകൾ മിക്കവാറും വകുപ്പുകൾ സഗൗരവം പരിഗണിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടുകളിലെ ശിപാർശകൾ വർഷങ്ങളോളം അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(സി) സമിതി റിപ്പോർട്ടുകളിൽ നൽകുന്ന ശിപാർശകളോ നിർദ്ദേശങ്ങളോ അംഗീകരിക്കത്തക്കത് അല്ലെങ്കിൽ അത്തരം ശിപാർശകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും മറ്റുള്ളവ കാലവിളംബം കൂടാതെ നടപ്പാക്കുന്നതിനും എല്ലാ വകുപ്പുകളോടും പ്രത്യേകമായി നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

സമിതികളുടെ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ/ശിപാർശകൾ കാലവിളംബം കൂടാതെ നടപ്പാക്കി നടപടി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് പാർലമെന്ററികാര്യ വകുപ്പ് നിർദ്ദേശം നൽകാറുണ്ട്.

(ഡി) നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനിലും മറ്റും നൽകുന്ന ഉറപ്പുകൾ പ്രത്യേകം ഫയലുകളായി കണക്കാക്കി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉറപ്പുകൾക്കുള്ള മറുപടി Assurance Implementation Desk (AID) മുഖേന ഓൺലൈനായി ബന്ധപ്പെട്ട വകുപ്പുകൾ നിയമസഭയ്ക്ക് നൽകിവരുന്നുണ്ട്.

**അനിയന്ത്രിതമായ പെട്രോൾ, ഡീസൽ വില വർദ്ധന**

6 (4729) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പെട്രോൾ, ഡീസൽ വില അനുദിനം വർദ്ധിക്കുന്നതിനാൽ, ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ, ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനും ആയത് ജനജീവിതത്തെ സാരമായി ബാധിക്കുന്നതിനും കാരണമാകുന്നുണ്ട്.

(ബി) മുൻ സർക്കാർ, വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പതിനാലിനം അവശ്യസാധനങ്ങളുടെ വില ഉയരാതെ നിലനിർത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

&

(സി) ജനങ്ങൾക്ക് ഏറെ ആശ്വാസകരമായിരുന്ന പ്രസ്തുത തീരുമാനം തുടരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ പതിമൂന്നിനം അവശ്യ സാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. ഏപ്രിൽ 2016-നുശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ പൊതുവിപണിയിലെ വിലയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വാങ്ങൽ വിലയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് സബ്സിഡി വില്പന വിലയിൽ ഇളവ്

നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതുവിപണിയിൽ ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം നിലവിലും ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുവിതരണ സംവിധാനവും നിലവിലുണ്ട്.

(ഡി) ഇന്ധന വില വർദ്ധനവുമൂലം കമ്പോളത്തിലെ അവശ്യവസ്തുക്കളുടെയും അസംസ്കൃത വസ്തുക്കളുടെയും വില ഉയരാതിരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പൊതു വിപണിയിൽ വില വർദ്ധനയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലകളിൽ പൊതു വിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവരുൾപ്പെട്ട സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വിലവിവരം ലഭ്യമാക്കി അവലോകനം നടത്തിവരുന്നതിലൂടെ പൊതു വിപണിയിൽ ആയതിന്റെ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയാനും കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺമാർക്കറ്റ്, മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/വകുപ്പുതലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇതിനുപുറമെ വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളുടെയും ടെക്നിക്കൽ ജീവനക്കാരെയുൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ (15-5-2017-ലെ സർക്കാർ ഉത്തരവുപ്രകാരം) രൂപീകരിക്കുകയും കൃത്യമായ കാലയളവിൽ യോഗം ചേരുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ സപ്ലൈകോ അവരുടെ വിൽപ്പനശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി പതിമൂന്നിനം സാധനങ്ങൾ സബ്സിഡി വിലയിൽ നൽകിവരുന്നുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക വിപണി ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

**ട്രാൻസ്ജെൻഡർ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിലുള്ള സംവരണം**

7 (4730) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്വീപ്പർ/പ്യൂൺ തസ്തികകളിൽ താൽക്കാലിക നിയമനം ലഭിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്ഥിര നിയമനം നല്കണമെന്ന വിവിധ സി.ബി.ഒ.-കളുടെ ആവശ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആകെ ജനസംഖ്യ, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ എന്നിവ ആവശ്യമാണ്. ആയത് ലഭ്യമാകുന്നതിനായി വകുപ്പ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന സർവ്വേ നടത്തി വരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം പി.എസ്.സി.-യുടെ മാനദണ്ഡങ്ങൾ പ്രകാരമാണ്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംവരണം നൽകുന്നതുസംബന്ധിച്ച് തീരുമാന മെടുത്താൽ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിലും സംവരണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ച**

8 (4731) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ചുമതലയേറ്റതിനുശേഷം മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി എത്ര തവണ കൂടിക്കാഴ്ച നടത്തുകയുണ്ടായി ?

ഒരു തവണ

(ബി) ഈ സന്ദർശനത്തിൽ സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം വിഷയങ്ങളിൽ ചർച്ച നടത്തുകയുണ്ടായി;

&

(സി) കൂടിക്കാഴ്ചയിൽ സംസ്ഥാനത്തെ ഗതാഗത-കാർഷിക-ടൂറിസം രംഗങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായോ; വിശദാംശം നൽകാമോ?

സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ (സിൽവർ ലൈൻ), തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, അങ്കമാലി-ശബരി റെയിൽപ്പാത, തലശ്ശേരി-മൈസൂർ റെയിൽപ്പാത, കൊച്ചി മെട്രോ രണ്ടാം ഘട്ടം, തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പ്രോജക്റ്റ്, എയർപോട്ട് വികസനം, കരിപ്പൂർ എയർപോർട്ട്, കോഴിക്കോട് എയർപോർട്ട്, ശബരിമല എയർപോർട്ട്, കോവിഡ്-19 വാക്സിനേഷൻ, കോവിഡ് 19-നോടനുബന്ധിച്ച് പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ, 15-ാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ സ്പെസിഫിക്, സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ സംബന്ധിച്ച

ശിപാർശകൾ, 2021-22 ലേയ്ക്കുള്ള വായ്പാ പരിധി സംബന്ധിച്ച നിബന്ധനകൾ നീക്കംചെയ്യുക, ജി.എസ്.ടി. നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ സി.എസ്.ആർ.-ന്റെ ഭാഗമാക്കുക, വായ്പാ തിരിച്ചടവിന് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം അനുവദിക്കുക, തീരശോഷണം പ്രകൃതിദുരന്തമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുക, പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഭൂമിക്ക് സംസ്ഥാന സർക്കാർ വില നൽകണമെന്ന ആവശ്യം പുനഃപരിശോധിക്കുക, ബി.പി.സി.എൽ. സ്വകാര്യവത്ക്കരണത്തിനുള്ള നടപടിയിൽനിന്നും പിന്മാറുക, കൊച്ചിയിലെ പെട്രോകെമിക്കൽ കോംപ്ലക്സ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ലക്ഷദ്വീപ് ഭരണകൂടം കൊച്ചിയിൽനിന്നും വിവിധ ഓഫീസുകൾ മാറ്റുന്ന നടപടിയിൽ നിന്നും പിന്നോട്ടുപോകുക തുടങ്ങിയ വിഷയങ്ങളിലാണ് സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി ചർച്ച നടത്തിയത്.

(ഡി) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുന്നോട്ടുവച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കേരളത്തിന്റെ ആവശ്യങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മുന്നിൽ അവതരിപ്പിക്കുകയാണുണ്ടായത്. ഇതിനോട് പൊതുവിൽ അനുകൂലമായാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രതികരിച്ചത്.

(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹിക രംഗത്തെ വികസനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമർപ്പിച്ച നിവേദനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

നിവേദനം അനുബന്ധമായി ചേർക്കുന്നു*.

**വാമനപുരം റീബിൽഡ് കേരള പദ്ധതി**

9 (4732) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ, ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വാക്സിനുകളുടെ നിർമ്മാണം**

10 (4733) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വാക്സിനുകൾ കയറ്റുമതി ചെയ്യുന്ന നടപടി തിരുത്തണമെന്നും സംസ്ഥാനത്തിനാവശ്യത്തിന് വാക്സിനുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വാക്സിനേഷൻ നൽകാനുള്ള പ്രായപരിധിയിലുൾപ്പെട്ട എല്ലാവർക്കും എത്രയും വേഗം വാക്സിനേഷൻ നൽകുന്നതിനായി ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യത്തിന് വാക്സിനുകൾ കേരളത്തിൽ ലഭ്യമാക്കാത്ത സാഹചര്യം പരിഗണിച്ച് കേരളത്തിൽതന്നെ കോവിഡ് പ്രതിരോധ വാക്സിൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

&

(സി) വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; എന്നത്തേയ്ക്ക് വാക്സിൻ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് സത്വര നടപടികൾ സ്വീകരിച്ച് വരികയുമാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എച്ച്.എസ്.എ. സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റ്

11 (T*4734) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാലാവധി എന്നുവരെയാണ്?

നിലവിലുണ്ട്. 13-9-2021 വരെയാണ് ലിസ്റ്റിന്റെ കാലാവധി.

(ബി) മുൻ വർഷങ്ങളിൽ സ്റ്റാഫ് ഫിക്സേഷൻ നടക്കാത്തതുകൊണ്ട് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

### തീരുമാനമാകാത്ത ഫയലുകൾ

12 (4735) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയലുകളിൽ കുരുങ്ങിക്കിടക്കുന്ന പൊതുസമൂഹത്തിന്റെ ജീവിത സങ്കടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ ഫയലും ഓരോ ജീവിതമാകയാൽ ഉദ്യോഗസ്ഥർ അവയെ ചുവപ്പുനാടയിൽ കുരുക്കുന്നത് ഒഴിവാക്കുന്നതിനും പൊതുസമൂഹത്തിന്റെ കണ്ണീരകറ്റുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(സി) ഫയലുകളിൽ കാലതാമസമുണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടികൾ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

തീർപ്പാക്കാനുള്ള ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിവരുന്നു. മൂന്നുമാസത്തിൽ ഒരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിഭാഗം

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ജീവനക്കാരും മാനുവൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. അപ്രകാരം ജോലി ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിക്കുന്നപക്ഷം നിലവിലുള്ള സർവ്വീസ് ചട്ടങ്ങളനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും ഇത്തരത്തിൽ തീരുമാന മാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## കുട്ടികളിൽ ലഹരി ഉപയോഗത്തിന്റെ വർദ്ധനവ്

13 (4736) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; 2018-19, 2019-20 എന്നീ വർഷങ്ങളിലെ കണക്കുകൾ അറിയിക്കുമോ?

നിലവിൽ 256 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-19 കാലയളവിൽ 139 കേസുകളും 2019-20 കാലയളവിൽ 95 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കുട്ടികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം "വിമുക്തി"യുടെ ഭാഗമായി ബോധവൽ ക്കരണ ക്ലാസ്സുകളും മറ്റ് വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. എൻ.എസ്.എസ്, എസ്.പി.സി., എൻ.സി.സി. എന്നിവയുമായി സഹകരിച്ച് കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നടക്കുന്നുണ്ടെങ്കിൽ അത്തരം കുട്ടികളെ കൗൺസിലിംഗിന് വിധേയമാക്കുന്നു. സ്കൂൾ സംരക്ഷണ സമിതി, രക്ഷാകർതൃസമിതി എന്നിവരുമായി സഹകരിച്ച് സ്കൂളിന് സമീപത്തുള്ള ലഹരി വിൽപ്പനക്കാരുടെ നീക്കങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് നൽകുന്നതിന് ഷോർട്ട് ഫിലിമുകൾ, ലഹരിക്കെതിരെയുള്ള സംവാദം, പ്രഭാഷണം തുടങ്ങിയവ

തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവമാധ്യമങ്ങൾ വഴിയും സംപ്രേഷണം നടത്തുന്നതിന് പുറമേ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും എല്ലാ മാസവും വെബിനാറുകൾ നടത്തുകയും ചെയ്യുന്നു.

(ഡി) വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബോധവൽക്കരണമുൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്കൂൾ തലത്തിൽ 4842 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ 899 ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശം നൽകുന്ന ചിത്രരചനാ മത്സരം, ഉപന്യാസ മത്സരം, ക്വിസ് മത്സരം തുടങ്ങിയ വിവിധങ്ങളായ മത്സരങ്ങളും നടത്തുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ ലഹരിയിലേയ്ക്ക് പോകാതിരിക്കാൻ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആരോഗ്യം നിലനിർത്തുന്നതിനും സംസ്ഥാനത്തെ സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട 4 സ്കൂളുകളിൽ 'ഉണർവ്' പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സുസ്ഥിര വികസന ലക്ഷ്യങ്ങൾ**

14 (4737) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. പ്രഭാകരൻ :
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനത്തിന്റെ സദ്ഫലം എല്ലാ ഭവനങ്ങളിലേയ്ക്കും എത്തിക്കുമെന്ന ലക്ഷ്യത്തോടെയുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവിധ മേഖലകളിൽ ആവശ്യമായ ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃപരമായ പങ്കാളിത്തത്തോടും ജനപങ്കാളിത്തത്തോടുംകൂടി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നു. ഇതിലൂടെ വികസനത്തിന്റെ ഗുണഫലങ്ങൾ ഓരോ കുടുംബത്തിലും വ്യക്തിയിലും എത്തിച്ചേരുന്നെന്ന് ഉറപ്പുവരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ രാജ്യത്ത് ഏറ്റവും മികച്ച സ്ഥാനം നേടാനായത് നിലനിർത്തുന്നതിനും വികസന പ്രക്രിയ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള പ്രധാന പരിപാടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും സ്ത്രീ സുരക്ഷ, മാതൃശിശുസംരക്ഷണം എന്നീ രംഗങ്ങളിലും സർക്കാർ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ഏകോപിതമായ ഇടപെടലുകളാണ് നടത്തുന്നത്. അടിസ്ഥാന സൗകര്യ വികസന നിക്ഷേപങ്ങൾ ആകർഷിക്കൽ എന്നിവയ്ക്കൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷയ്ക്കും സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. മിഷൻ രീതിയിൽ പ്രവർത്തനം നടത്തിവരുന്നു. ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ യജ്ഞം, കിഫ്ബി സഹായത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസന പരിപാടികൾ സമയബന്ധിതമായി നടപ്പാക്കുന്ന 100 ദിന കർമ്മപരിപാടി എന്നിവയിലൂടെയാണ് സർക്കാർ വികസന പരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നു.

(സി) പുതുതായി പ്രഖ്യാപിച്ചിട്ടുള്ള ഏകോപന നവകേരളം പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോയെന്നറിയിക്കാമോ?

തയ്യാറാക്കിയിട്ടില്ല.

**സിൽവർ ലൈൻ പദ്ധതി**

15 (4738) ശ്രീ. നജീബ് കാന്തപുരം :
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. പി. കെ. ബഷീർ :
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ അതിവേഗ റെയിൽവേ പദ്ധതിയായ സിൽവർ ലൈനിന് അന്തിമാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതെന്നറിയിക്കാമോ?

അർദ്ധ അതിവേഗ റെയിൽവേ പദ്ധതിയായ സിൽവർ ലൈനിന് അന്തിമാനുമതി ലഭിക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് അറിയിപ്പുകളൊന്നുംതന്നെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ബാദ്ധ്യതകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ചില പ്രത്യേക സാഹചര്യത്തിൽ ബാധ്യതയുണ്ടായാൽ സംസ്ഥാന സർക്കാർ അത് ഏറ്റെടുക്കണമെന്ന നിർദ്ദേശം ലഭിച്ചിരുന്നു.

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനം ഈ വിഷയം പരിശോധിച്ചുവരികയാണ്.

**സിൽവർ ലൈൻ റെയിൽ പദ്ധതി**

16 (4739) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ ട്രെയിൻ സർവ്വീസ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതിയുടെ സാധ്യതാ പഠനം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന് റെയിൽവേയിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദ പഠന റിപ്പോർട്ടിന് കേരള സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കൽ നടപടിയും അതിനായുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളുമാണ് ഇപ്പോൾ നടന്നുവരുന്നത്. തുടർന്ന് റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടെയും അനുമതി ലഭിക്കുന്നമുറയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് സിൽവർലൈൻ ട്രെയിൻ സർവ്വീസ് ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) കെ-റെയിൽ പദ്ധതിയും സിൽവർ ലൈൻ പദ്ധതിയും തമ്മിലുള്ള അന്തരം വിശദമാക്കാമോ?

(കെ-റെയിൽ) അഥവാ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് എന്നത് സംസ്ഥാനത്തെ റെയിൽ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് രൂപീകരിച്ച ഒരു സംയുക്ത സംരംഭ കമ്പനിയാണ്. കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട്

റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കാനുള്ള അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ ഇങ്ങനെ അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർമ്മാണം തുടങ്ങുന്നതിനായി എസ്.പി.വി. രൂപവൽക്കരിക്കൽ എന്നിവ ഉൾപ്പെടുന്നു. സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) ഒട്ടനവധി പദ്ധതികൾ ഇതിനായി ഏറ്റെടുത്തു നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽ സംസ്ഥാനത്തെ ഗതാഗത സംവിധാനത്തിന് വൻകുതിപ്പേകുന്നതും വലിയ അന്താരാഷ്ട്ര നിലവാരത്തിൽ എത്തുന്നതരത്തിൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനുമായി തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിൽ ഒരു ഗ്രീൻ ഫീൽഡ് ഇരട്ട പാത നിർമ്മിക്കുക എന്നതാണ് സിൽവർ ലൈൻ പദ്ധതി.

## മുഖ്യമന്ത്രിയുടെ വിദ്യാഭ്യാസ ശാക്തീകരണ നിധി

17 (4740) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠന സൗകര്യങ്ങളുൾപ്പെടെ വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന സാമൂഹിക നിലപാടിൽ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സാർത്ഥകമാക്കാൻ സഹായകമാകുംവിധം ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങളും, എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സിൽ തടസ്സങ്ങളില്ലാതെ പങ്കെടുക്കാനാവശ്യമായ ക്രമീകരണങ്ങളും, കുട്ടികളുടെ വിദ്യാഭ്യാസം സാമൂഹികമായ ഉത്തരവാദിത്തം ആയതിനാൽ അതിനായി ആവിഷ്കരിക്കുന്ന ജനകീയ പദ്ധതികളിൽ എല്ലാവരുടെയും അർത്ഥപൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കുകയും, ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെയും സമൂഹത്തെയും സജ്ജരാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയുമാണ് ശാക്തീകരണത്തിന്റെ ഭാഗമായ നടപടികൾ. പൊതുവിദ്യാഭ്യാസ രംഗത്തെ ശാക്തീകരിക്കാൻ 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപംനൽകി. പൊതുവിദ്യാഭ്യാസ

സംരക്ഷണ യജ്ഞത്തിന് സമാനമായ ജനകീയ ഇടപെടലിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ഉറപ്പാക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ വിദ്യാഭ്യാസ ശാക്തീകരണത്തിനായി ഒരു നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. പാഠപുസ്തകം ലഭ്യമാക്കുന്നതുപോലെ കുട്ടികൾക്ക് ഓൺലൈൻ ഉപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഓൺലൈൻ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ജനകീയ ക്യാമ്പയിൻ 'വിദ്യാകിരണം' എന്ന പേരിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഭാഗമായി 'ചീഫ് മിനിസ്റ്റേഴ്സ് എഡ്യൂക്കേഷണൽ 'എംപവർമെന്റ് ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക അക്കൗണ്ടും അതുമായി ബന്ധപ്പെട്ട് പോർട്ടലും (https://vidyakiranam.kerala.gov.in) തയ്യാറാക്കിയിട്ടുണ്ട് .

(സി) എങ്കിൽ പ്രസ്തുത നിധിയിൽ നിന്നുള്ള ധനസഹായം ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത അർഹരായ കുട്ടികളെ കണ്ടെത്തി അവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണുദ്ദേശിക്കുന്നത്.

(ഡി) ഫണ്ടിലേയ്ക്ക് ധനസമാഹരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് സമാനമായ ജനകീയ ഇടപെടലിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വ്യക്തികൾ, കമ്പനികൾ, സംഘടനകൾ തുടങ്ങിയവർക്ക് കുട്ടികൾക്കോ, സ്കൂളുകൾക്കോ https://vidyakiranam.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സഹായം നൽകാവുന്നതാണ്.

**കെ-റെയിൽ പദ്ധതി**

18 (4741) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയായ കെ-റെയിലിന്റെ അന്തിമ അലൈൻമെന്റ് നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; കെ-റെയിൽ പദ്ധതിയുടെ പേരിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന അനാവശ്യ ആശങ്ക പരിഹരിക്കുന്നതിനുള്ള പ്രചരണ മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അതിവേഗ റെയിൽ പദ്ധതിയായ കെ-റെയിലിന്റെ അലൈൻമെന്റ് വിശദ പദ്ധതി റിപ്പോർട്ടിനോടൊപ്പം സർക്കാരിന് ലഭിച്ചിരുന്നു. ഈ അലൈൻമെൻറും വിശദ പഠന റിപ്പോർട്ടും സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും ഭരണ വകുപ്പിന്റെ ഉത്തരവോടുകൂടി പ്രസ്തുത രൂപരേഖ റെയിൽ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കെ-റെയിൽ പദ്ധതിയെക്കുറിച്ച് ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ സംശയങ്ങളും ദൂരീകരിക്കുന്നതിന് സർക്കാരും കെ-റെയിലും സന്നദ്ധരാണ്. 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) ആക്ട് അനുസരിച്ചുള്ള പബ്ലിക്ക് ഹിയറിങ്ങും എസ്.ഐ.എ. അടക്കമുള്ള എല്ലാ നടപടിക്രമങ്ങളും കേന്ദ്ര അനുമതി ലഭിക്കുന്നമുറക്ക് നടത്തുന്നതാണ്. ഇതുകൂടാതെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും മീറ്റിംഗുകളിലും പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നുമുണ്ട്.

**വയനാട് പാക്കേജിലെ പദ്ധതികൾ**

19 (4742) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) നിലവിൽ വയനാട് പാക്കേജുമായി ബന്ധപ്പെട്ട് നടക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ?

വയനാട് പാക്കേജിനായി 2021-22 ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിനുള്ള ഭേദഗതി പത്രികയിൽ, 2021-22 ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ബ്രഹ്മഗിരി പ്ലാന്റ് വിപുലപ്പെടുത്തുന്നതിന് ബ്രഹ്മഗിരി സൊസൈറ്റിക്ക് അടിയന്തര സഹായം നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിച്ചുകൊണ്ട് "2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ) (ഡിമാന്റ് നമ്പർ XXIX-കൃഷി)" എന്ന ശീർഷകവും കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സർക്കാർ വിഹിതം സംബന്ധിച്ച ചെലവും വയനാട് കാപ്പിയുടെ വെൻഡിംഗ്

മെഷീനുകളും കിയോസ്കുകളും സ്ഥാപിക്കുന്നതിനുള്ള ചെലവും വഹിക്കുന്നതിന് 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിച്ചുകൊണ്ട് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)(ഡിമാന്റ് നമ്പർ XXXVI-ഗ്രാമവികസനം)" എന്ന ശീർഷകവും അനുവദിച്ചു. കുടുംബശ്രീക്കുള്ള ചെലവ് "2515-00-102-29-കുടുംബശ്രീ-നിലവിലുള്ള പരിപാടികൾ (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള ചെലവ്-"2401-00-108-29-ബ്രഹ്മഗിരി കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്കുള്ള സഹായം (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നുമായിരിക്കും വഹിക്കുക. ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. കൂടാതെ 2021-22 സാമ്പത്തിക വർഷം വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കൃഷി വകുപ്പ് 1335 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംയോജിത കുരുമുളക് കൃഷി വികസനം (500 ലക്ഷം രൂപ), സംയോജിത കാപ്പി കൃഷി വികസനം (500 ലക്ഷം രൂപ), ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ (125 ലക്ഷം രൂപ), വെള്ളപ്പൊക്ക നിവാരണം (210 ലക്ഷം രൂപ) എന്നീ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷി വകുപ്പിന്റെ അംഗീകരിക്കപ്പെട്ട 2021-22 ലെ ആന്വൽ പ്ലാൻ പ്രകാരമാണ് മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതി ഘടകങ്ങൾ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കോഫി പ്ലാന്റ് വിപുലപ്പെടുത്തുന്നതിനായി ബ്രഹ്മഗിരി സൊസൈറ്റിക്ക് അനുവദിച്ച 5 കോടി രൂപ നൽകുന്നതിനായി പുതിയ ധന ശീർഷകം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) വിവിധ വകുപ്പുകൾക്ക് കീഴിൽ വയനാട് പാക്കേജിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾക്ക് ക്രോഡീകരണവും ഏകോപനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**സിൽവർ ലൈൻ റെയിൽ പാത**

20 (4743) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ റെയിൽ പാതയ്ക്കുവേണ്ടി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം സിൽവർ ലൈൻ റെയിൽ പാതയ്ക്ക് 1383 ഹെക്ടർ ഭൂമിയാണ് ആവശ്യമായിവരിക. ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സ്ഥല സർവ്വേയ്ക്കുശേഷം മാത്രമേ കൃത്യമായ കണക്ക് വ്യക്തമാവുകയുള്ളൂ.

(ബി) ഏറ്റെടുക്കുന്ന ഭൂമികളുടെ വിസ്തീർണ്ണവും സർവ്വേ നമ്പരും വില്ലേജും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഏറ്റെടുക്കുന്ന ഭൂമികളുടെ ഫോം 2 പ്രകാരം ആവശ്യമായ വിവരം റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(സി) സിൽവർ ലൈൻ റെയിൽ പാതയ്ക്കാവശ്യമായ ചെലവ് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ?

നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിക്ക് 63,941 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കായി 13,362 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേരള സർക്കാരും റെയിൽ മന്ത്രാലയവും തമ്മിൽ ഒപ്പുവച്ച സംയുക്ത സംരംഭ കരാർ അനുസരിച്ചും ഡി.പി.ആർ. പ്രകാരവും പ്രസ്തുത തുക കേരള സർക്കാർ വഹിക്കേണ്ടതാണ്. കൂടാതെ സംയുക്ത സംരംഭ കരാർ അനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതിക്കായി നൽകേണ്ട ഓഹരിയും ഉൾപ്പെടുന്നു. ബാക്കിയുള്ള തുക മുഴുവനും അന്താരാഷ്ട്ര ഉഭയകക്ഷി ബഹുമുഖ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമാണ് കണ്ടെത്തേണ്ടത്.

(ഡി) ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ?

സ്ഥലമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനുംമറ്റുമായി 2013-ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലാണ് ഭൂമിയുടെയും മറ്റും പ്രതിഫലം നിശ്ചയിക്കുക.

(ഇ) സിൽവർ ലൈൻ റെയിൽ പാതയിൽക്കൂടി ഓടുന്ന ട്രെയിനുകൾക്ക് ഏതെല്ലാം സ്റ്റേഷനുകളിൽ സ്റ്റോപ്പ് ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ അംഗീകരിച്ച വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം അർദ്ധ അതിവേഗ റെയിൽ പദ്ധതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള 11 സ്റ്റേഷനുകൾ വിഭാവന ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊച്ചി എയർപോർട്ട്, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ സ്റ്റേഷനുകളിലാകും സ്റ്റോപ്പുകളുണ്ടാവുക.

(എഫ്) പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങുമെന്നും ട്രെയിൻ ഓടിത്തുടങ്ങുക എപ്പോഴാണെന്നും അറിയിക്കാമോ?

റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടെയും അനുമതി ലഭിക്കുന്നമുറയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് സിൽവർലൈൻ ട്രെയിൻ സർവ്വീസ് ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മന്ത്രിമാരുടെ വാഹനങ്ങൾ**

21 (4744) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം മന്ത്രിമാർക്ക് യാത്ര ചെയ്യുന്നതിനുവേണ്ടി പുതിയ കാറുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മന്ത്രിമാർക്ക് വേണ്ടിയാണ് വാഹനങ്ങൾ വാങ്ങിച്ചതെന്നും ഓരോ വാഹനത്തിനും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മന്ത്രിമാർക്ക് യാത്ര ചെയ്യുന്നതിനായി പ്രത്യേകം കാറുകൾ വാങ്ങിയിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ ആവശ്യത്തിനായി 37 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ 7,12,89,773 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ മന്ത്രിസഭാ കാലയളവിൽ മന്ത്രിമാർക്ക് വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മന്ത്രിമാർക്ക്, എത്ര തവണ, വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇങ്ങനെ വാഹനങ്ങൾ മാറ്റി നൽകാനുണ്ടായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ?

കഴിഞ്ഞ മന്ത്രിസഭാ കാലയളവിൽ മന്ത്രിമാർക്ക് വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ കാലപ്പഴക്കംമൂലം ശ്രീ. എ. കെ. ബാലൻ (നിയമം), ശ്രീ. ഇ. പി. ജയരാജൻ (വ്യവസായം) എന്നീ മന്ത്രിമാർക്ക് വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ട്.

**ഫയലുകൾ തീർപ്പാക്കാൻ നടപടി**

22 (4745) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെയും സർക്കാർ ഓഫീസുകളിലെയും ഫയലുകൾ കാലതാമസമില്ലാതെ അതിവേഗം തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സെക്രട്ടേറിയറ്റിലെയും സർക്കാർ ഓഫീസുകളിലെയും ഫയലുകൾ കാലതാമസമില്ലാതെ അതിവേഗം തീർപ്പാക്കാൻ ഫയൽ അദാലത്തുകൾ ഉൾപ്പെടെ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിവരുന്നു. ഒരു ഓഫീസറുടെ അഭാവത്തിൽ ലിങ്ക് ഓഫീസർക്ക് പ്രസ്തുത ഫയലുകൾ കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിൽ ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ ഓഫീസുകളും ഇ-ഫയലുകൾ കൈകാര്യം ചെയ്യാൻ സജ്ജമായിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ഇ-ഫയൽ, ഇ-ഓഫീസ് എന്നിവ പൂർണ്ണസജ്ജമായി കൈകാര്യം ചെയ്യുന്ന സംസ്ഥാനത്തെ ഡയറക്ടറേറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത ഡയറക്ടറേറ്റുകളിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് ഇ -ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് ഇന്റർ ഓഫീസ് ഫയൽ ട്രാൻസ്ഫർ സംവിധാനം മുഖേന ഫയലുകൾ അയയ്ക്കാൻ സാധിക്കും.

## കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ നിയമനം

23 (4746) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്/അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്/വിജിലൻസ് ട്രിബ്യൂണൽ/കേരള ലോകായുക്ത എന്നീ വകുപ്പുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II വിഭാഗത്തിൽ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ച് മറുപടി ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| ഗവൺമെന്റ് സെക്രട്ടറിയേറ്റ് | 153 |
| കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ | 47 |
| കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 25 |
| അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് | 12 |
| വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം | 3 |
| വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് | 2 |
| കേരള ലോകായുക്ത | 4 |

(ബി) പ്രസ്തുത വകുപ്പുകളിൽ ടി തസ്തികയിൽ നിലവിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം വകുപ്പ് തിരിച്ച് നൽകാമോ?

ഗവ. സെക്രട്ടറിയേറ്റ്: 162 (അന്യത്രസേവന വ്യവസ്ഥയിൽ 2 പേരും സൂപ്പർന്യൂമററി തസ്തികയിൽ 7 പേരും ഉൾപ്പെടെ.) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ: 47 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്: 23, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്: 9, വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം: 3, വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്: 1, കേരള ലോകായുക്ത: 4.

(സി) പ്രസ്തുത വകുപ്പുകളിൽ മേപ്പടി തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളത്; വിശദാംശം വകുപ്പ് തിരിച്ച് നൽകാമോ?

ഗവ. സെക്രട്ടറിയേറ്റ്: 38 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 എൻ.ജെ.ഡി. ഒഴിവ് റിപ്പോർട്ട് ചെയ്യാനുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ: ഒഴിവുകളൊന്നും നിലവിലില്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്: നിലവിലുള്ള 2 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്: 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം: ഒഴിവുകളൊന്നും നിലവിലില്ല. വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്: 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 ഒഴിവു റിപ്പോർട്ട് ചെയ്യാനുണ്ട്. കേരള ലോകായുക്ത: ഒഴിവുകളൊന്നും നിലവിലില്ല

(ഡി) പ്രസ്തുത വകുപ്പുകളിൽ ഈ തസ്തികയിൽ രണ്ട് വർഷത്തിനുള്ളിൽ പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിങ്ങനെ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നു; വിശദാംശം അറിയിക്കാമോ?

ഗവൺമെന്റ് സെക്രട്ടറിയേറ്റ്: വിരമിക്കൽമൂലം 33 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. പ്രൊമോഷൻമൂലമുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ കഴിയുകയില്ല. കേരള പബ്ലിക് സർവീസ് കമ്മീഷൻ: വിരമിക്കൽമൂലം 21 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്: വിരമിക്കൽമൂലം 5 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. പ്രൊമോഷൻമൂലമുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ കഴിയുകയില്ല. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്: 3 വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം: 0 വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്: 0 കേരള ലോകായുക്ത: 0

(ഇ) ഈ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ പുതിയ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്നറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം**

24 (4747) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിഗണനയിലില്ല.

**തസ്തികമാറ്റംവഴി ആശ്രിത നിയമനം**

25 (4748) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഫെബ്രുവരി 3, 4, 5 തീയതികളിൽ മുഖ്യമന്ത്രി നടത്തിയ അദാലത്തിൽ തസ്തികമാറ്റം വഴി ആശ്രിത നിയമനം ലഭിക്കുന്നതിന് എത്ര പേരുടെ അപേക്ഷയാണ് ലഭിച്ചതെന്നറിയിക്കാമോ?

മുഖ്യമന്ത്രി നേരിട്ട് അദാലത്ത് നടത്തിയിട്ടില്ല. അദാലത്തിന് വിളിച്ച 139 പേരിൽ 102 പേർ അദാലത്തിൽ പങ്കെടുത്തു.

(ബി) മലപ്പുറത്തെ മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലി ചെയ്തുവരികെ മരണമടഞ്ഞ ഉദയൻ ആർ. കെ.യുടെ ഭാര്യ നിഷ. എ. ആശ്രിത നിയമനത്തിനുവേണ്ടി സമർപ്പിച്ച അപേക്ഷയിലെ File No. E1/44/15-AH കംപാഷനേറ്റ് എംപ്ലോയ്മെന്റ് നമ്പർ പ്രകാരമുള്ള അപേക്ഷയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

&

(സി) 2013 ജൂൺ 28-ന് മരണമടഞ്ഞ ഉദയന്റെ ഭാര്യക്ക് ആശ്രിത നിയമന നടപടി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീമതി നിഷയുടെ നിയമനനടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

25-10-2013 അപേക്ഷാ തീയതിയായുള്ള ശ്രീമതി നിഷ എ. (ഇ.1/44/15-എ.എച്ച്.) പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ നിലവിലുള്ള അസിസ്റ്റന്റിന്റെ സീനിയോരിറ്റി ലിസ്റ്റിൽ 4-ാമതാണ്. ശ്രീമതി നിഷ എ. 5-2-2021 തീയതിയിൽ ഈ വകുപ്പിൽ നടന്ന അദാലത്തിൽ പങ്കെടുക്കുകയും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 തസ്തിക തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. നിയമന ശിപാർശ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിലാണ്.

**കോവിഡ് പ്രതിസന്ധി**

26 (4749) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെത്തുടർന്ന് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും സംസ്ഥാന ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങാതിരിക്കാൻ സർക്കാർ നടത്തിയ നടപടി സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുടെ പ്രതികരണമെന്തായിരുന്നു?

ഇതുസംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി യോഗങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) അഴിമതി തടയുന്നതിന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്.

(സി) സർക്കാർ ജീവനക്കാരെ വ്യക്തിഹത്യ ചെയ്യുകയെന്ന ലക്ഷ്യത്തോടെ വ്യാജ രേഖകൾ/കത്തുകൾ ചമയ്ക്കുന്നതും സമൂഹ മാധ്യമങ്ങളിലൂടെ അപവാദം പ്രചരിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

## പൊതുഭരണ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ലിസ്റ്റ്

27 (4750) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥരുടെ സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പൊതുഭരണ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിതലം മുതൽ സ്പെഷ്യൽ സെക്രട്ടറിതലം വരെയുള്ള (നോൺ ഐ.എ.എസ്.) ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധം * ആയും പൊതുഭരണ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധം* ആയും പൊതുഭരണ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധം* ആയും പൊതുഭരണ സെക്രട്ടേറിയറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ കരട് സീനിയോരിറ്റി ലിസ്റ്റ് അനുബന്ധം* ആയും പൊതുഭരണ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധം ആയും ചേർക്കുന്നു.*

(ബി) അസിസ്റ്റന്റ് ഇതര വിഭാഗങ്ങളിൽനിന്നും സെക്ഷൻ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിനുള്ള അനുപാതം, യോഗ്യത ഉൾപ്പടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(സി) സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് തസ്തികകളിലേക്ക് മറ്റ് വിഭാഗം തസ്തികകളിൽനിന്നും നിയമനം നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; പ്രസ്തുത നിയമനങ്ങൾക്കായി വിവിധ വിഭാഗങ്ങളിൽ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സെക്ഷൻ ഓഫീസർ തസ്തികയിലേക്ക്, തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അസിസ്റ്റന്റ് സെക്ഷൻ ഓഫീസർമാരെയും 25-3-2006-നുമുമ്പ് സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും നിശ്ചിത യോഗ്യതയുള്ളവരെയും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 1:1:15 എന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുപാതത്തിൽ നിയമിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽനിന്നും സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമനം നേടുന്നവർ ബിരുദധാരികളോ അല്ലെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ യോഗ്യത നിർണ്ണയ പരീക്ഷയും, അക്കൗണ്ട് ടെസ്റ്റ് (ലോവർ), സെക്രട്ടേറിയറ്റ് മാനുവൽ എന്നീ യോഗ്യതാ പരീക്ഷകളും വിജയിച്ച വരും, അസിസ്റ്റന്റ് ട്രെയിനി എന്ന നിലയിൽ ഒരു വർഷത്തെ തൃപ്തികരമായ പരിശീലനം പൂർത്തീകരിച്ചവരുമായിരിക്കണം. അസിസ്റ്റന്റ് ട്രെയിനി നിയമന ത്തിനായി കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചശേഷം മുൻഗണനാക്രമമനുസരിച്ച് പ്രസിദ്ധീകരിച്ച 30-1-2020-ലെ പട്ടിക അനുബന്ധം 6 ആയി ചേർക്കുന്നു*. കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്നുള്ള ബൈട്രാൻസ്ഫർ നിയമനം 28-2-2011-ലെ സ.ഉ. (പി) നമ്പർ 65/2011/പൊഭവ (എസ്. ആർ. ഒ. 188/2011 വിജ്ഞാപനം) പ്രകാരം പൊതുഭരണ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിന്റെ 20% കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവരിൽ നിന്നുമുള്ള 2:1 എന്ന അനുപാതത്തിൽ തസ്തികമാറ്റത്തിനായി മാറ്റിവെച്ചിട്ടുണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 25-3-2006-നോ അതിനുശേഷമോ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക്; അതേ തസ്തികയിൽ 4 വർഷം സർവ്വീസ് പൂർത്തിയാക്കുകയും ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദവും അല്ലെങ്കിൽ തത്തുല്യ യോഗ്യതയും, അക്കൗണ്ട് ടെസ്റ്റ് (ലോവർ), സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ എന്നിവയുമാണ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ട യോഗ്യതകൾ. പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിൽ നിന്നുമുള്ള യോഗ്യരായ ഉദ്യോഗസ്ഥരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചശേഷം മുൻഗണനാക്രമമനുസരിച്ച് പ്രസിദ്ധീകരിച്ച പട്ടിക അനുബന്ധം 7 ആയി ചേർക്കുന്നു.* കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിനായി സീനിയോറിറ്റി പട്ടിക നിലവിലില്ല. താഴ്ന്ന വിഭാഗം തസ്തികയിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനം 17-5-2018-ലെ സ.ഉ. (പി) നമ്പർ 4/2018/ പൊഭവ. (എസ്.ആർ.ഒ 304/18) പ്രകാരം പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിന്റെ 4% സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനത്തിനായി മാറ്റിവെച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം തസ്തികയിൽ 4 വർഷം സർവ്വീസും ഏതെങ്കിലും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകൃത സർവ്വകലാശാലയിൽനിന്നുള്ള ബിരുദവും അല്ലെങ്കിൽ തത്തുല്യ യോഗ്യതയും അക്കൗണ്ട് ടെസ്റ്റ് (ലോവർ), സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ എന്നിവയുമാണ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുവേണ്ട യോഗ്യതകൾ. പൊതുഭരണ വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാരിൽനിന്നുമുള്ള യോഗ്യരായ ഉദ്യോഗസ്ഥരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചശേഷം മുൻഗണനാക്രമം അനുസരിച്ച് പ്രസിദ്ധീകരിച്ച പട്ടിക അനുബന്ധം 8 ആയി ചേർക്കുന്നു*.

**സേവന അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

28 (4751) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012 നവംബർ 1-ന് നിലവിൽ വന്ന സേവന അവകാശ നിയമം എത്ര വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇനി എത്ര വകുപ്പുകളിലാണ് ഈ നിയമം നടപ്പിലാക്കാനുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2012 നവംബർ 1-ന് നിലവിൽ വന്ന സേവനാവകാശ നിയമം 121 വകുപ്പുകൾ/സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇനിയും നടപ്പിലാക്കാനുള്ള വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ യഥാസമയം സേവനങ്ങൾ നൽകാത്തത് സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

&

(സി) സേവന അവകാശ നിയമപ്രകാരം യഥാസമയം സേവനം ലഭിക്കാത്തതിന് നാളിതുവരെ എത്ര സർക്കാർ ജീവനക്കാരിൽനിന്ന് പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ?

ഉണ്ട്. സേവനാവകാശനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് 250 രൂപ നിരക്കിൽ അതിന്റെ ആകെ തുക 5,000 രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ചവരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ 500 രൂപയിൽ കുറയാത്തതും 5000 രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ നിയമ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ വിഴ്ചവരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കുമെതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.

(ഇ) പ്രസ്തുത നിയമം നടപ്പിലാക്കാത്ത വകുപ്പുകളിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് പറയുമോ?

വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഒൻപത് വർഷങ്ങൾക്കുശേഷവും നിയമം പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയാത്തതിലെ വീഴ്ചകൾ പരിശോധിക്കുമോ?

സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതു സ്ഥലംമാറ്റം**

29 (4753) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുകാരണം വിവിധ വകുപ്പുകളിൽ പൊതു സ്ഥലംമാറ്റം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ദീർഘകാലമായി അന്യജില്ലകളിൽ ജോലി നോക്കേണ്ടിവരുന്ന ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു സ്ഥലംമാറ്റം നടക്കാത്തത് കാരണം നിലവിൽവരുന്ന ഒഴിവുകളിൽ അനർഹരായവർക്കും സീനിയോറിറ്റി മറികടന്നും സ്ഥലംമാറ്റം അനുവദിക്കുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(സി) പൊതു സ്ഥലംമാറ്റം യഥാസമയം നടക്കാത്ത എല്ലാ വകുപ്പുകളിലും മാനദണ്ഡപ്രകാരമുള്ള സ്ഥലംമാറ്റം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ പൊതുസ്ഥലംമാറ്റം യഥാസമയം നടത്താൻ സാധിക്കാതെ വന്നത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലാണ്. ജില്ലാതല ഓഫീസർമാർ നടത്തുന്ന സ്ഥലം മാറ്റങ്ങൾക്കും നിയമനങ്ങൾക്കുമെതിരെയുള്ള അപ്പീലുകൾ ബന്ധപ്പെട്ട വകുപ്പുതലവൻ മുമ്പാകെയും വകുപ്പുതലവൻ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കും നിയമനങ്ങൾക്കുമെതിരെയുള്ള അപ്പീലുകൾ സർക്കാരിലെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്കും സമർപ്പിക്കുന്നതിന് 25-2-2017-ലെ സ.ഉ.(പി)നമ്പർ 3/2017/ഉഭപവ. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുസ്ഥലംമാറ്റ നടപടികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ലാത്ത വകുപ്പുകൾ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവ്**

30 (4754) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വ്യക്തമാക്കാമോ;

(i) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 231 ആണെന്നിരിക്കെ നിലവിൽ 87 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

(ii) ഐ.പി.എസ് കേഡറിന്റെ അംഗീകൃത അംഗബലം 172 ആണെങ്കിലും നിലവിൽ 82 ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

(iii) ഐ.എഫ്.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 107 ആണെങ്കിലും നിലവിൽ 45 ഐ.എഫ്.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

(iv) എന്നാൽ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിൽ മറ്റു സംസ്ഥാന കേഡറുകളിൽനിന്നും ഐ.എ.എസ്.-ൽ 1 ഉം, ഐ.പി.എസ്. - ൽ 3 ഉം, ഐ.എഫ്.എസ്-ൽ 8 ഉദ്യോഗസ്ഥരും നിലവിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി) ഒരു വകുപ്പ് മേധാവിക്ക്, പല വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നേരിട്ടുള്ള നിയമനത്തിൽ കൂടിയും സ്ഥാനക്കയറ്റം/സെലക്ഷൻ മുഖേനയും കൂടുതൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സംസ്ഥാന കേഡറിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) അഖിലേന്ത്യാ സർവ്വീസിൽ, കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

(i) കേരള കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 22 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും, 2 പേർ മറ്റ് സംസ്ഥാനങ്ങളിൽ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും 6 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തുവരുന്നു.

(ii) ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ നിലവിൽ 23 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും 2 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തുവരുന്നു.

(iii) ഐ.എഫ്.എസ് ഉദ്യോഗസ്ഥരിൽ നിലവിൽ 14 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 5 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും സേവനമനുഷ്ഠിച്ചുവരുന്നു.

**റീബിൽഡ് കേരള പദ്ധതി**

31 (4755) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ;

&

(ബി) ഇതിൽ ഓരോ റോഡിനും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിവഴി സർക്കാർ നവീകരിക്കുന്ന റോഡുകളുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**രണ്ടാം നവ കേരളം കർമ്മ പദ്ധതി**

32 (4756) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. പി. മമ്മിക്കുട്ടി :

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള നിർമ്മിതിയുടെ നാല് സുപ്രധാന സംരംഭങ്ങളായി ആവിഷ്കരിച്ച ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നീ യജ്ഞങ്ങൾ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, രണ്ടാംഘട്ടത്തിൽ നിലവിലുള്ള നാല് മിഷനുകളായ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയെയും കേരള പുനർനിർമ്മാണ പദ്ധതി(RKI)-യെയുമുൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത യജ്ഞങ്ങൾ വിപുലീകരിച്ച് ഏകോപിപ്പിക്കാനുദ്ദേശിക്കുന്ന പരിപാടിയുടെ ലക്ഷ്യവും പ്രവർത്തന പരിപാടിയും സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ?

ഇല്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണോ രണ്ടാം നവകേരളം കർമ്മ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അതെ.

**തീരദേശപരിപാലന നിയമ ലംഘനം**

33 (4757) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശപരിപാലന നിയമം ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ എത്രയുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത കെട്ടിടങ്ങളുടെ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ കൺവീനറായും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായുള്ള തീരദേശ ജില്ലാ കമ്മിറ്റികൾ 10 തീരദേശ ജില്ലകളിൽ രൂപീകരിച്ചിരുന്നു. തീരദേശ ജില്ലാ കമ്മിറ്റികൾ റിപ്പോർട്ട് ചെയ്ത കേസുകൾ യഥാർത്ഥ തീരദേശ പരിപാലന നിയമ ലംഘനങ്ങളാണോ എന്നത് നിർണ്ണയിക്കുന്നതിന് ഫീൽഡ് പരിശോധന/ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ഥല പരിശോധന തുടങ്ങിയവ നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായിട്ടില്ല. അവ പൂർത്തീകരിച്ചശേഷം മാത്രമേ ഇത്തരം കെട്ടിടങ്ങൾ എത്രയെന്ന കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

**ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും**

34 (4758) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ :
ശ്രീ. എച്ച്. സലാം:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അനന്തരഫലമായി സംസ്ഥാനത്തിന്റെ തീരദേശ പ്രദേശങ്ങൾ കടൽ കവരുന്നത് തീരപ്രദേശത്തെ ആവാസ വ്യവസ്ഥയെത്തന്നെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കടലാക്രമണം തടയുന്നതിന് പരമ്പരാഗത രീതിയിൽ നിർമ്മിച്ചിട്ടുള്ള കടൽഭിത്തികൾ പ്രസ്തുത സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് പര്യാപ്തമാണോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

കടൽ ഭിത്തികളെന്നത് ശാശ്വത പരിഹാരമോ എല്ലായിടത്തും അനുയോജ്യമോ അല്ലെന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി) സവിശേഷമായ സാഹചര്യത്തിനനുസരിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ സർക്കാർ ആരായുന്നുണ്ടോ; ഇത് സംബന്ധിച്ചുള്ള എന്തെങ്കിലും പഠനങ്ങൾ സർക്കാരിന്റെ പരിശോധനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്; വിശദാംശങ്ങൾക്കുള്ള വിവരം ശേഖരിച്ചുവരുന്നു.

## കാലാവസ്ഥാ നിരീക്ഷണത്തിനായുള്ള സ്റ്റേഷൻ

35 (4759) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല റവന്യൂ ടവറിന് സമീപം നിർമ്മിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാ നിരീക്ഷണത്തിനായുള്ള സ്റ്റേഷനിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

തൽസമയ അടിസ്ഥാനത്തിൽ മഴ (Rainfall), താപനില (Temperature), ആപേക്ഷിക ഈർപ്പം (Relative Humidity), സൗരവികിരണം (Solar Radiation), കാറ്റിന്റെ വേഗത (Wind Speed), കാറ്റിന്റെ ദിശ (Wind Direction), അന്തരീക്ഷമർദ്ദം (Atmospheric Pressure), ബാഷ്പീകരണം (Evaporation) മുതലായ ഘടകങ്ങൾ അളക്കുന്നതിനുള്ള സൗകര്യങ്ങളുണ്ട്.

(ബി) സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കി 20-6-2021-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

## കുട്ടികൾക്ക് സൗജന്യ ചികിത്സ

36 (4760) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനെട്ട് വയസിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ഗുരുതര രോഗങ്ങളുടെ ചികിത്സ സൗജന്യമായി തുടരുന്നുണ്ടോ?

ഉണ്ട്.

(ബി) റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ സൗജന്യ ചികിത്സ കുട്ടികൾക്ക് നിഷേധിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ?

റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ സൗജന്യ ചികിത്സ കുട്ടികൾക്ക് നിഷേധിക്കുന്നില്ല. ആർ.ബി.എസ്.കെ., ആരോഗ്യ കിരണം എന്നീ പദ്ധതികളിൽ 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ നൽകിവരുന്നു.

(സി) തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ റേഷൻകാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത കുട്ടികൾക്ക് സൗജന്യ ചികിത്സ നിഷേധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ച് സൗജന്യ ചികിത്സ ഉറപ്പു വരുത്തുമോ?

തിരുവനന്തപുരം ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ റേഷൻ കാർഡ് മുൻഗണനാ പട്ടികയിലുൾപ്പെടുത്താത്ത കുട്ടികൾക്ക് സൗജന്യ ചികിത്സ നിഷേധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കിയ കരാർ പ്രകാരം (MOU) ശസ്ത്രക്രിയ ഉൾപ്പെടെയുള്ള 50 അസുഖങ്ങൾക്കുള്ള ചികിത്സ മാത്രമേ ശ്രീചിത്രാ ആശുപത്രി നൽകാൻ സന്നദ്ധമായിട്ടുള്ളൂ, ബാക്കി നൽകിയിരുന്ന സേവനം ചികിത്സാ ചെലവായി കേന്ദ്ര സർക്കാർ പദ്ധതിയായ ആർ.ബി.എസ്.കെ മുഖാന്തരം അനുവദിച്ചിട്ടുള്ള തുക കുറവാണെന്ന് കാണിച്ച് തുടർന്നുനൽകാൻ വിസമ്മതിച്ചിരിക്കുകയാണ്. എന്നാൽ മറ്റ് അസുഖങ്ങളുള്ള കുട്ടികൾക്ക് താലോലം പദ്ധതി വഴി സൗജന്യ ചികിത്സ ലഭ്യമാണ്. എന്നാൽ ബി.പി.എൽ.-ന് താഴെയുള്ളവർക്ക് മാത്രമേ ഈ പദ്ധതി പ്രയോജനപ്പെടുകയുള്ളൂ.

(ഡി) റേഷൻ കാർഡ് ഭേദമന്യേ പ്രസ്തുത ആശുപത്രിയിൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകിവന്നിരുന്നോ; എങ്കിൽ നിലവിൽ ഇത് നിഷേധിക്കുന്നത് ഏത് സാഹചര്യത്തിലാണെന്നത് പരിശോധിക്കുമോ?

2019-ൽ എൻ.എച്ച്.എം.-ഉം ശ്രീചിത്രയുമായുള്ള പുതിയ കരാർ പ്രകാരം കേന്ദ്ര സർക്കാരിന്റെ RBSK Model Costing അനുസരിച്ച് നിർദ്ദേശിച്ച അസുഖങ്ങൾക്കുമാത്രമേ ചികിത്സ സാധ്യമാകുകയുള്ളൂ. ശ്രീചിത്രാ ആശുപത്രി ഈ സാഹചര്യത്തിൽ RBSK Model Costing-ൽ ഉൾപ്പെട്ടിട്ടുള്ള ചികിത്സകൾ ഉൾപ്പെടെയുള്ളവയിൽ കുട്ടികൾക്കുള്ള ചികിത്സ സൗജന്യമായി നൽകുന്നതിൽനിന്നും പിറകോട്ടു പോയിരിക്കുകയാണ്.

(ഇ) സൗജന്യ ചികിത്സ അനുവദിച്ചതുമായി ബന്ധപ്പെട്ട് പ്രസ്തുത ആശുപത്രിക്ക് സർക്കാർ പണം നൽകാനുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

2014 മുതൽ എൻ.എച്ച്.എം. ശ്രീചിത്ര ആശുപത്രിയുമായി ആർ.ബി.എസ്.കെ പദ്ധതിക്കായി MOU നിലനിന്നിരുന്നു. ഇതിൻപ്രകാരം തിരുവനന്തപുരം ജില്ല എൻ.എച്ച്.എം ഓഫീസിൽ നിന്നാണ് ശ്രീചിത്രയ്ക്ക് ഫണ്ട് നൽകിയിരുന്നത്. എന്നാൽ 2018-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവനുസരിച്ച് ശ്രീചിത്രയ്ക്ക് കൊടുക്കാനുള്ള ഫണ്ട് സ്റ്റേറ്റ് ഓഫീസിൽ നിന്നും നേരിട്ട് നൽകാൻ തുടങ്ങി. ഇത്തരത്തിൽ 2018 മുതൽ 28-10-2020 വരെ മുപ്പത്തിയെട്ട് കോടി അറുപത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി അൻപത്തിരണ്ട് (38,68,70,852) രൂപ ശ്രീചിത്രയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2018 സാമ്പത്തിക വർഷം അവസാനം ശ്രീചിത്രയ്ക്ക് ആശുപത്രി ചികിത്സയ്ക്കായി ആവശ്യപ്പെടുന്ന തുകയിൽ വലിയ വർദ്ധനവും മറ്റ് സംസ്ഥാനങ്ങളിലെ കുട്ടികളെക്കൂടി ചികിത്സിക്കുന്ന തുക ചേർക്കുന്നതിൽ ആശയക്കുഴപ്പവും കണ്ടെത്തി. തുടർന്ന് ശ്രീചിത്രയുമായി കരാർ പുതുക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു. ആർ.ബി.എസ്.കെ. മോഡൽ കോസ്റ്റിംഗ് ഉൾപ്പെട്ട ശസ്ത്രക്രിയയ്ക്ക് അതേ നിരക്കിൽ മാത്രമേ ഫണ്ട് നൽകാൻ സാധിക്കുയെന്ന് ആർ.ബി.എസ്.കെ ദേശീയതലത്തിലുള്ള ഉദ്യോഗസ്ഥരും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.എസ്.കെ. കോസ്റ്റിംഗ് പ്രകാരം മാത്രമേ ശ്രീചിത്രയ്ക്ക് ക്ലെയിം ചെയ്യാവൂയെന്ന് പ്രസ്തുത ആശുപത്രിയോട് 2019-ൽ നിർദ്ദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിലൊന്നുംതന്നെ ആവശ്യക്കാരായ കുട്ടികൾക്ക് ചികിത്സ മുടങ്ങിയിരുന്നില്ല. ഇതിനെത്തുടർന്ന് 2019 ഏപ്രിൽ മുതൽ ഡിസംബർ വരെ കുട്ടികളെ ചികിത്സിച്ച വകയിൽ ശ്രീചിത്രയ്ക്ക് ഇരുപത് കോടി എൺപത്തി ഒന്ന് ലക്ഷത്തി എൺപത്തി എണ്ണായിരത്തി എഴുപത്തി ഒന്ന് (20,81,88,071) രൂപ നൽകാനാവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയുണ്ടായി. ഇതിൻപ്രകാരം 4 വിഭാഗങ്ങളായി തിരിച്ചായിരുന്നു റിപ്പോർട്ട് നൽകിയിരുന്നത്.

1. കേരളത്തിൽനിന്നുള്ള 1355 കിടത്തി ചികിത്സിക്കേണ്ട കുട്ടികളുടെ ചികിത്സയ്ക്കായി പതിനൊന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഒരുനൂറ്റി എൺപത്തി ആറ് (11,94,35,186) രൂപയും (ഇതിൽ 702 ജന്മനാ ഹൃദ്രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി എട്ട് കോടി അറുപത്തിഅഞ്ച് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒൻപത് (8,65,08,929) രൂപയും, ന്യൂറോളജിക്കൽ അസുഖങ്ങളുള്ള 653 കുട്ടികളുടെ ചികിത്സയ്ക്ക് മൂന്ന് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി ഇരുനൂറ്റി അൻപത്തി ഏഴ് (3,29,26,257) രൂപയും, ജന്മനാ ഹൃദ്രോഗബാധിതരായ 297 കുട്ടികളുടെ സർജറിക്കായി അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി പതിനായിരത്തി നാനൂറ്റി ഇരുപത്തി എട്ട് (5,99,10,428 രൂപ) രൂപയും, 405 കുട്ടികളുടെ മെഡിക്കൽ മാനേജ്മെന്റിനായി രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ്റി ഒന്ന് രൂപ (2,65,98,501) രൂപയും ചെലവ് വന്നിട്ടുണ്ട്.) മേൽ വിവരിച്ച ജന്മനാലുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് ചെലവഴിച്ച തുകയായ 3.42 കോടിയിൽ 1.72 കോടി ശ്രീചിത്രയ്ക്ക് നൽകിയിട്ടുണ്ട്.

2. 10,692 കേസുകളിൽ ഒ.പി-യിൽ ചികിത്സിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറായിരത്തി മുന്നൂറ്റി അൻപത് (2,24,90,350) രൂപ ശ്രീചിത്ര ആവശ്യപ്പെട്ടു. എന്നാൽ ഈ തുക ആർ.ബി.എസ്.കെ. മാനദണ്ഡ പ്രകാരം നൽകാൻ സാധിക്കുന്നതായിരുന്നില്ല. ഇതിൽ കൂടുതലും വിവിധ പരിശോധനകൾക്കായി ചെലവഴിച്ച തുകയാണ്. ഇത് മൂന്ന് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി

ഇരുപത്തി ആറായിരത്തി ഇരുന്നൂറ്റി അൻപത്തി ഏഴ് (3,29,26,257) രൂപയാണ്. ഇത്തരത്തിൽ 653 ഹൃദ്രോഗേതര ചികിത്സക്കാരായ ഐ.പി. കേസുകൾ പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഐ.പി. കേസുകൾ കൂടുതൽ വിശദാംശം വേണമെന്ന് ശ്രീചിത്രയോട് ആവശ്യപ്പെട്ടിരുന്നു. ഈ രണ്ട് കാറ്റഗറിയിലും കൂടി ശ്രീചിത്ര ആശുപത്രി ആവശ്യപ്പെട്ട പതിനാല് കോടി പത്തൊൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്തി ആറ് (14,19,25,536) രൂപയിൽ പത്ത് കോടി അറുപത്തി എട്ട് ലക്ഷം (10,68,00,000) രൂപ എൻ.എച്ച്.എം. നൽകിയിട്ടുണ്ട്.

3. കേരളത്തിന് പുറത്തുനിന്നുള്ള 795 കുട്ടികളുടെ കിടത്തി ചികിത്സയ്ക്ക് ചെലവായ തുകയായ അഞ്ച് കോടി എഴുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി അഞ്ച് (5,73,96,545) രൂപ (ഇതിൽ 273 ജന്മനാലുള്ള ഹൃദ്രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി മൂന്ന് കോടി എഴുപത്തിഏഴ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി മുന്നൂറ്റി പതിനാറ് (3,77,52,316) രൂപ ചെലവായി. കൂടാതെ മറ്റിതര രോഗം ബാധിച്ച 522 കുട്ടികളുടെ ചികിത്സയ്ക്കായി ഒരു കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഒൻപത് (1,96,44,229) രൂപയും ചെലവായി.

4. കേരളത്തിന് പുറത്തുനിന്നുള്ള 33254 കുട്ടികൾക്ക് ഒ.പി.യിൽ ചികിത്സിച്ച വകയിൽ എൺപത്തിഎട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് (88,65,990) രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കേരളത്തിന് പുറത്തുള്ള കുട്ടികളുടെ ചികിത്സയ്ക്കായി ചികിത്സാ വകയിൽ നൽകാനുള്ള ആകെ തുകയായ ആറ് കോടി അറുപത്തി രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിഅഞ്ച് (6,62,62,535) രൂപ ശ്രീചിത്രയ്ക്ക് നൽകാനുണ്ട്. 2020 ജനുവരി മുതൽ മാർച്ച് മാസം വരെ കുട്ടികളെ ചികിത്സിച്ച വകയിൽ ഐ.പി. കേസുകൾ മാത്രം പരിഗണിച്ച വകയിൽ 5 കോടി രൂപ ശ്രീചിത്രയ്ക്ക് നൽകിയിട്ടുണ്ട്.

(എഫ്) റേഷൻ കാർഡ് ഒരു പ്രത്യേക വിഭാഗത്തിലുൾപ്പെട്ടുപോയി എന്ന കാരണത്താൽ ഗുരുതര രോഗങ്ങൾക്ക് ചികിത്സ തേടിവരുന്ന പതിനെട്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നിഷേധിക്കുന്നത് ഒഴിവാക്കുന്ന തിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ സൗജന്യ ചികിത്സ കുട്ടികൾക്ക് നിഷേധിക്കുന്നില്ല. ആർ.ബി.എസ്.കെ, ആരോഗ്യ കിരണം എന്നീ പദ്ധതികളിൽ 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ നൽകിവരുന്നു. എന്നാൽ ആരോഗ്യ കിരണം പദ്ധതിയിൽ ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ്

37 (4761) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കുവേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെന്താണെന്ന് അറിയിക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽപ്പെടാത്ത, തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ വേണ്ടി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇപ്പോൾ അതതു സ്ഥാപനങ്ങൾ നേരിട്ടാണ് പ്രസ്തുത തസ്തികകളിൽ നിയമനങ്ങൾ നടത്തിവരുന്നത്. നിയമനങ്ങളിൽ കൂടുതൽ സുതാര്യതയും ഏകീകൃത സ്വഭാവവും കൈവരുത്തുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടിയാണ് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുദ്ദേശിക്കുന്നത്.

(ബി) നിലവിൽ പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം നടത്തിവരുന്നത് ഏത് സർക്കാർ ഏജൻസി വഴിയാണ്; പ്രസ്തുത നിയമന രീതിയിൽ ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ P.S.C. മുഖേനയല്ലാത്ത തസ്തികകളിൽ (MD ഒഴികെ) അതതു സ്ഥാപനങ്ങൾ തന്നെയാണ് നിയമനങ്ങൾ നടത്തിവരുന്നത്. ഉദ്യോഗാർത്ഥികളുടെ യോഗ്യതാ പരീക്ഷയും മറ്റും നടത്താൻ Centre For Management Development (CMD) തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം പൊതുമേഖലാ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം നടത്തിവരുന്ന സർക്കാർ ഏജൻസിയിൽനിന്നും നിയമന പ്രക്രിയ മാറ്റുന്നതിന് കാരണം വ്യക്തമാക്കാമോ?

നിലവിൽ PSC മുഖേനയല്ലാത്ത തസ്തികകളിൽ (MD ഒഴികെ) അതത് പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെയാണ് നിയമനങ്ങൾ നടത്തിവരുന്നത്. ഇതിനായി ഏതെങ്കിലും സർക്കാർ ഏജൻസികളെ നിയോഗിച്ചിട്ടില്ല.

**പി.എസ്.സി.യുടെ പ്രവർത്തനം യു.പി.എസ്.സി.-യുടെ മാതൃകയിൽ ആക്കണമെന്ന നിർദ്ദേശം**

38 (4762) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പി.എസ്.സി.യുടെ പ്രവർത്തനം യു.പി.എസ്.സി.-യുടെ മാതൃകയിൽ ക്രമീകരിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(ബി) പി.എസ്.സി. പരീക്ഷകൾക്ക് വാർഷിക കലണ്ടർ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

യു.പി.എസ്.സി.യെക്കാൾ കൂടുതൽ പരീക്ഷകളും തസ്തികകളും കൈകാര്യം ചെയ്യേണ്ടിവരുന്നതിനാലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരീക്ഷാ കേന്ദ്രങ്ങൾക്കായി ആശ്രയിക്കേണ്ടിവരുന്നതിനാലും വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിയമനം ആവശ്യമില്ലാത്തവർക്ക് റാങ്ക് ലിസ്റ്റിൽനിന്നും പിന്മാറുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥിക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യറിലെ ചട്ടം 18(ii)-ലെ വ്യവസ്ഥകൾക്ക് വിധേയമായി തന്റെ നിയമനത്തിനായുള്ള അവകാശം പരിത്യജിക്കാവുന്നതാണ്. ആയതിന് സമർപ്പിക്കുന്ന അപേക്ഷയിലെ ടിയാന്റെ പേര്/മേൽവിലാസം, ഒപ്പ് എന്നിവ കേന്ദ്ര/സംസ്ഥാന സർവീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. പരിത്യജിക്കലിനായി

ഗസ്റ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ Affidavit, അപേക്ഷകന്റെ ഫോട്ടോയുള്ള ID proof-ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പതിനഞ്ച് ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകളും പതിനഞ്ച് ദിവസം കഴിഞ്ഞാണെങ്കിൽ അപേക്ഷകൻ ഉൾപ്പെടാൻ സാദ്ധ്യതയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് മുൻപ് സമർപ്പിക്കപ്പെടുന്ന അപേക്ഷകളും പരിത്യജിക്കലിനായി പരിഗണിക്കുന്നതാണ്. പരിത്യജിക്കൽ സംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

39 (4763) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ അഞ്ച് വർഷത്തെ ഭരണകാലത്ത് പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ?

25-5-2016 മുതൽ 20-5-2021 വരെ 4,253 (നാലായിരത്തി ഇരുന്നൂറ്റി അൻപത്തിമൂന്ന്) റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാലത്ത് പ്രസിദ്ധീകരിച്ച പല റാങ്ക് ലിസ്റ്റുകളിലും നിയമന വേഗത കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ റവന്യൂ ഉൾപ്പെടെയുള്ള പല വകുപ്പുകളിലും ഉയർന്ന തസ്തികകളിലുള്ള പ്രൊമോഷൻ വൈകുന്നതുമൂലം പരമാവധി പേർക്ക് നിയമനം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) ഇതിന് പരിഹാരമായി ഓരോ വകുപ്പിലുമുള്ള പ്രൊമോഷനുകൾ സമയബന്ധിതമായി നൽകുന്നതിനും ഇതുവഴി റാങ്ക് ലിസ്റ്റിലുൾപ്പെട്ട കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസുകൾ എന്നിവമൂലം റെഗുലർ പ്രൊമോ

ഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ വകുപ്പദ്ധ്യക്ഷൻമാർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കോടതി/ട്രിബ്യൂണലിൽ നിന്നും ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസുകളിൽ താൽക്കാലിക പ്രൊമോഷൻ നടത്തി അതിന്റെ ഫലമായി വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത/യോഗ്യതയുള്ളവരുടെ അഭാവം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി, അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും 8-6-2021-ലെ സ.ഉ.(കൈ)നമ്പർ 13/2021/ ഉഭപവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്.

## പി.എസ്.സി. അംഗീകരിക്കാത്ത നെറ്റ് ബോൾ എന്ന കായിക ഇനം

40 (4764) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ നാലു വർഷമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരത്തോടെ ദേശീയതല മത്സരങ്ങളിൽ കേരളത്തിന് മെഡലുകൾ നേടി തന്നിട്ടുള്ള നെറ്റ് ബോൾ എന്ന കായിക ഇനത്തെ പി.എസ്.സി. അംഗീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന ക്ലാസ്-III, ക്ലാസ്-IV തസ്തികകളിലേയ്ക്ക് നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ 40 കായിക ഇനങ്ങൾക്ക് അധികമാർക്ക് (വെയ്റ്റേജ്) നൽകിവരുന്നുണ്ട്. പ്രസ്തുത കായിക ഇനങ്ങളുടെ പട്ടികയിൽ നെറ്റ്ബോൾ ഉൾപ്പെട്ടിട്ടില്ല. ടി പട്ടികയിൽ പുതിയ

കായിക ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല. മികച്ച കായിക താരങ്ങൾക്ക് അധികമാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയം പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി കൺവീനറായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## കൃഷി അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

41 (4765) ശ്രീ. ടി. ഐ. മധുസൂദനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാനയോഗ്യത എന്താണ്;

&

(ബി) പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതയിൽ ബി.എസ്.സി. അഗ്രികൾച്ചർ ഉൾപ്പെട്ടിട്ടുണ്ടോ?

12-7-2019-ലെ സ.ഉ.(കൈ)നമ്പർ 93/2019/കൃഷി പ്രകാരം കൃഷി അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത ചുവടെ ചേർക്കുന്നു :

(എ) (i) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകപ്പെടുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ/ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ, ആയതിന്റെ അഭാവത്തിൽ, (ii) അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് (ബി) നല്ല കായിക ശേഷി

(സി) പ്രസ്തുത തസ്തികയ്ക്ക് നിലവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഏതെല്ലാം യോഗ്യതകൾ നേടിയ ആൾക്കാരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(1) കേരള കാർഷിക സർവകലാശാലയിൽ നിന്നും നൽകപ്പെടുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ

(2) ബി.എസ്.സി. അഗ്രികൾച്ചർ

(3) എം.എസ്.സി. അഗ്രികൾച്ചർ

(4) ബി.എസ്.സി. ഹോർട്ടികൾച്ചർ (കേരള കാർഷിക സർവകലാശാലയിൽ നിന്നും ലഭിച്ച തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളവർ).

(ഡി) പി.എസ്.സി. നടത്തിയ പരീക്ഷയിൽ കിട്ടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണോ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്?

അതെ.

(ഇ) പ്രസ്തുത തസ്തികയുടെ അടിസ്ഥാനയോഗ്യത ഡിപ്ലോമ ഇൻ അഗ്രികൾച്ചർ അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ എന്നാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള അംഗങ്ങളുടെ ഒഴിവുകൾ**

42 (4766) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലുള്ള അംഗങ്ങളുടെ ഒഴിവുകൾ നികത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ?

പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളുടെ ഒഴിവുകൾ നിലവിലില്ല.

(ബി) പി.എസ്.സി. അംഗമാകാൻ കോഴ വാങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത സംഭവം പി.എസ്.സി.യുടെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ബാധകമല്ല.

**പി.എസ്.സി.യിലെ എൻ.സി.എ. നോട്ടിഫിക്കേഷൻ**

43 (4767) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യിലെ എൻ.സി.എ. വേക്കൻസികൾ എത്ര തവണ നോട്ടിഫൈ ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

KS&SSR ചട്ടം 15 (a) പ്രകാരം എൻ.സി.എ. ഒഴിവുകൾക്കായി രണ്ട് തവണയിൽ കുറയാതെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്.

(ബി) ഓരോ എൻ.സി.എ. നോട്ടിഫിക്കേഷനും ഇടയ്ക്കുള്ള കാലയളവ് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ?

ഓരോ എൻ.സി.എ. വിജ്ഞാപനത്തിനും ആറ് മാസത്തെ ഇടവേള നിശ്ചയിച്ചിട്ടുണ്ട്.

(സി) എൻ.സി.എ. നോട്ടിഫിക്കേഷൻ നീണ്ടുപോവുന്നതുമൂലം ഒഴിവുകൾ നികത്തപ്പെടാതെയും റാങ്ക് ലിസ്റ്റിലെത്തുന്നവർക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

എൻ.സി.എ. വിജ്ഞാപനങ്ങൾക്ക് അകാരണമായ കാലതാമസം ഉണ്ടാകുന്നില്ല.

**പട്ടികവർഗ്ഗ വിഭാഗക്കാരുടെ എൻ.സി.എ. ഒഴിവുകൾ**

44 (4768) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി. റാങ്ക് പട്ടികയിൽ പട്ടികവർഗ്ഗവിഭാഗക്കാരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ ഉടലെടുത്തതും ഇതര സമുദായങ്ങൾക്ക് ഊഴം നൽകി കൊടുത്തിട്ടുള്ളതും എന്നാൽ നാളിതുവരെ പട്ടികവർഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തിരികെ നൽകാൻ കഴിയാത്തതുമായ എൻ.സി.എ. ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ ഭരണനിയന്ത്രണം**

45 (4769) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നിയമാവലി പ്രകാരം ഭരണനിയന്ത്രണം കേരള സർക്കാരിലാണോ കേന്ദ്രസർക്കാരിലാണോ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഈ സ്ഥാപനത്തിന് ഓരോ വർഷവും കേരളാ സർക്കാരിൽ നിന്നും ലഭ്യമായ സാമ്പത്തിക സഹായം എത്രയായിരുന്നു എന്നറിയിക്കാമോ?

| സാമ്പത്തിക വർഷം | പദ്ധതിയിനത്തിൽ ലഭിച്ച തുക (ലക്ഷം രൂപയിൽ) | പദ്ധതിയേതരയിനത്തിൽ ലഭിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 2011-12 | 2,500.00 | 2,000.00 |
| 2012-13 | 3,400.00 | 2,235.00 |
| 2013-14 | 4,217.00 | 2,664.00 |
| 2014-15 | 2,000.00 | 4,165.40 |
| 2015-16 | 0.00 | 5,079.74 |
| 2016-17 | 5,936.00 | 5,099.62 |
| 2017-18 | 215.00 | 5,771.66 |
| 2018-19 | 3 ,463.00 | 5,771.66 |
| 2019-20 | 2,777.00 | 6,274.232 |
| 2020-21 | 3,469.37 | 7,438.64 |

(സി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ പ്രവർത്തിയെടുക്കുന്ന സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും കരാർ ദിവസവേതന നിരക്കിൽ ജോലി നോക്കി വരുന്നവരുടെയും തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

റീജിയണൽ കാൻസർ സെന്ററിൽ ഇപ്പോൾ പ്രവർത്തിയെടുക്കുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ ദിവസവേതന നിരക്കിൽ ജോലിനോക്കിവരുന്ന വരുടെയും തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇവിടെ നടക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന സംവരണതത്വങ്ങൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ആർ.സി.സി.-യിലെ അനദ്ധ്യാപക നിയമനങ്ങൾ ഇതുവരെ നടത്തിയവയിൽ എല്ലാം സംവരണതത്വങ്ങൾ പാലിച്ചാണ് നടത്തിയിട്ടുള്ളത്. അദ്ധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇതിനായി ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ പരിശോധിച്ചുവരികയാണ്.

(ഇ) ആർ.സി.സി.യി.-ലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആർ.സി.സി.യി.-ലെ ഡോക്ടർമാരൊഴികെയുള്ള ജീവനക്കാരുടെ നിയമനങ്ങൾ 29-6-2019-ലെ എസ്.ആർ.ഒ. നമ്പർ 437/2019 വിജ്ഞാപനപ്രകാരം പബ്ലിക് സർവീസ് കമ്മീഷന് വിട്ടിരിക്കുകയാണ്. ടി നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതിനായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരീക്ഷ**

46 (4770) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 534/19, 535/19 എന്നീ കാറ്റഗറി നമ്പരുകൾ പ്രകാരം നടന്ന ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരീക്ഷയിൽ പൊതുവിഭാഗത്തിൽനിന്നും സർവീസ് വിഭാഗത്തിൽനിന്നും ഓരോ ജില്ലയിലും എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർ പരീക്ഷയെഴുതുന്നതിനുള്ള കൺഫർമേഷൻ നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൽ.ഡി ടൈപ്പിസ്റ്റ് (വിവിധം) റാങ്ക് ലിസ്റ്റ്

47 (4771) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബർ മാസത്തിൽ നിലവിൽവന്ന എൽ.ഡി. ടൈപ്പിസ്റ്റ് (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്നും നാമമാത്രമായ നിയമനമാണ് നടന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തസ്തികയിൽ വിവിധ ജില്ലകളിൽ നിലനിൽക്കുന്ന റാങ്ക് ലിസ്റ്റുകളിൽനിന്നും എത്ര പേർക്ക് നിയമനം നൽകി; അഡ്വൈസ് അയയ്ക്കാൻ വിവിധ ജില്ലകളിൽ എത്ര ഒഴിവുകൾ പി.എസ്.സി.യിലുണ്ട് ; വിശദീകരിക്കാമോ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ ഉദ്യോഗസ്ഥരുടെ പിടിപ്പുകേടുമൂലം പല ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ;

&

(ഡി) പ്രസ്തുത തസ്തികയിലെ 2013-16, 2016-19 കാലയളവിലെ റാങ്ക് ലിസ്റ്റുകളിലെയും നിലവിലെ റാങ്ക് ലിസ്റ്റിലെയും നിയമനങ്ങൾ താരതമ്യം ചെയ്യുമ്പോൾ ടി തസ്തികയിലേയ്ക്കുള്ള നിയമനം ഓരോ വർഷം കഴിയുംതോറും കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. നിലവിലെ എൽ.ഡി ടൈപ്പിസ്റ്റ് (വിവിധം) റാങ്ക് ലിസ്റ്റിൽനിന്ന് നൽകിയിട്ടുള്ള നിയമന ശിപാർശകളുടെ എണ്ണം, നിലവിലുള്ള ഒഴിവുകളുടെ എണ്ണം, എൽ.ഡി ടൈപ്പിസ്റ്റ് (വിവിധം) മുൻ റാങ്ക് ലിസ്റ്റുകളിലെ (2013-16, 2016-19) എണ്ണം എന്നിവയുടെ പട്ടിക തിരിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ നിയമനം

48 (4772) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതിയും വ്യക്തമാക്കാമോ?

ഇടുക്കി ഒഴികെയുള്ള 13 ജില്ലകളിൽ 30-4-2021-നും ഇടുക്കി ജില്ലയിൽ 13-7-2021-നുമാണ് വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ലിസ്റ്റ് നിലവിൽ വന്ന തീയതി മുതൽ ഒരു വർഷമാണ് സ്വാഭാവിക കാലാവധി.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പ്രതീക്ഷിക്കാവുന്ന ഒഴിവുകളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഇ) എക്സൈസ്, ക്രൈംബ്രാഞ്ച്, നർകോട്ടിക്സ്, സൈബർ സെൽ, വിമുക്തി തുടങ്ങിയവയിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്നറിയിക്കാമോ?

പ്രാതിനിധ്യം/ആവശ്യകത കണക്കിലെടുത്താണ് വിവിധ ഓഫീസുകളിൽ നിയമനം നടത്തുന്നത്.

(എഫ്) വനിതാ സിവിൽ എക്സൈസ് ഓഫീസർ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച ഫയൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലാണ്.

(ജി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപായി പരമാവധി പേർക്ക് നിയമനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് പരീക്ഷ**

49 (4773) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 278/2018 പ്രകാരം നടന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് പരീക്ഷയ്ക്ക് ഓരോ ജില്ലയിലും എത്ര ഉദ്യോഗാർത്ഥികൾ അപേക്ഷ നൽകിയിരുന്നെന്നും എത്ര പേർ പരീക്ഷ എഴുതാൻ കൺഫർമേഷൻ നൽകിയെന്നും കൺഫർമേഷൻ നൽകിയ എത്ര പേർ പരീക്ഷ എഴുതിയെന്നുമുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

&

(ബി) മേൽപ്പറഞ്ഞ തസ്തികയിൽ എത്ര ഒഴിവുകൾ വീതമാണ് നാളിതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന വിവരം ജില്ല തിരിച്ച് നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 6-7-2019-ന് നടന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് പരീക്ഷയ്ക്ക് രണ്ടുവർഷങ്ങൾക്കുശേഷവും സാധ്യതാലിസ്റ്റ്പോലും പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

&

(ഡി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഇന്റർവ്യൂ നടത്താൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

Dictation Test-ൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ ഏകീകൃത ചുരുക്കപ്പട്ടികയുടെ തയ്യാറാക്കൽ പുരോഗമിച്ചുവരുന്നു. പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകൾ ഇതിനോടകം ഏകീകൃത ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി തസ്തികയുടെ തെരഞ്ഞെടുപ്പിന് ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

50 (4774) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലേയ്ക്കുള്ള നിയമനങ്ങൾക്കായി പി.എസ്.സി. തയ്യാറാക്കിയ എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 280/2018) റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

പ്രസ്തുത വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്.

## എൽ.ജി.എസ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ നടപടി

51 (4775) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ വ്യാപനം തദ്ദേശ-നിയമസഭാ തെരഞ്ഞെടുപ്പുകൾ എന്നീ സാഹചര്യങ്ങളാൽ വിവിധ വകുപ്പുകളിൽ എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം, പ്രൊമോഷൻ എന്നിവ യഥാസമയം നടക്കാത്തതിനാൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

കോവിഡ് വ്യാപനവും തദ്ദേശ-നിയമസഭാ തെരഞ്ഞെടുപ്പുകളും റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനമോ സ്ഥാനകയറ്റമോ യഥാസമയം നടക്കുന്നതിന് തടസ്സമായിരുന്നില്ല.

(ബി) സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേയ്ക്ക് വിവിധ വകുപ്പിലെ എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുന്ന കാര്യം പരിഗണിക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തിക

52 (4776) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനം ചെയ്യുന്ന സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണം എത്രയാണെന്നും അതിൽ വിവിധ വിഭാഗങ്ങളിലായി എത്ര വനിതാ സിവിൽ പോലീസ് ഓഫീസർമാർ സേവനം ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സിവിൽ പോലീസ് വിഭാഗത്തിൽ 3502 വനിതാ സിവിൽ പോലീസ് ഓഫീസർമാരുൾപ്പെടെ 26,656 സിവിൽപോലീസ് ഓഫീസർമാർ നിലവിലുണ്ട്. ബറ്റാലിയനിൽ 983 വനിതാ പോലീസ് കോൺസ്റ്റബിളുൾപ്പെടെ 7836 ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾമാർ നിലവിലുണ്ട്. സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ വനിതകളുടെ ശതമാനം 15.12 ശതമാനമായും ബറ്റാലിയൻ വിഭാഗത്തിൽ 14.34 ശതമാനമായും വർദ്ധിച്ചിട്ടുണ്ട്.

(ബി) പുരുഷ സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണത്തിന്റെ നിശ്ചിത ശതമാനം വനിതാ പോലീസ് തസ്തിക സൃഷ്ടിക്കുമെന്നും അതനുസരിച്ച് നിയമനം നടത്തുമെന്നുമുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഡി.ജി.പി. പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് നൽകിയിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാരിലെത്തിയിട്ട് എത്ര നാളായെന്നും പ്രസ്തുത പ്രൊപ്പോസലുകളിൽ നയപരമായ തീരുമാനമെടുത്ത് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

&

(ഡി) ഇല്ലെങ്കിൽ നിലവിൽ തസ്തിക സൃഷ്ടിക്കുന്നതിനായി സർക്കാരിന് മുൻപിലുള്ള പ്രൊപ്പോസലുകൾ പരിഗണിച്ച് പുരുഷ സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണത്തിന് ആനുപാതികമായി വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തിക അടിയന്തരമായി സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികയിൽ വനിതകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നിലവിലുള്ള വനിതാ സിവിൽ പോലീസ് ഓഫീസർ പി.എസ്.സി. റാങ്ക് ലിസ്റ്റിലെ മെയിൻ, സപ്ലിമെന്ററി ലിസ്റ്റുകളിലായി എത്ര ഉദ്യോഗാർത്ഥികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും അതിൽ എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയെന്നും വ്യക്തമാക്കുമോ?

4-8-2021-ന് അവസാനിച്ച റാങ്ക് പട്ടികയിൽ 2013 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 59 പേരും ഉണ്ടായിരുന്നു.

നിയമന വിവരം ;

4-8-2021 വരെ ആകെ ഒഴിവുകൾ : 827

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 34

പ്രത്യേക മേഖലകളിൽ നിന്നുള്ള പട്ടികവർഗ്ഗത്തിൽ നിന്നുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 35

ഈ റാങ്ക് ലിസ്റ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ : 758

ഇവയിൽ ഉൾപ്പെട്ട എൻജെഡി ഒഴിവുകൾ : 131

ഇവയിൽ ഉൾപ്പെട്ട എൻസിഎ ഒഴിവുകൾ : 3

ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ലഭിച്ചവർ : 702

നിയമന ശിപാർശ ലഭിക്കാനുള്ളവർ: 56 (ഒരു എൻസിഎ ഉൾപ്പെടെ)

(എഫ്) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നതിനാൽ റാങ്ക് ലിസ്റ്റ് കാലാവധി ആറ് മാസം കൂടി നീട്ടിനൽകുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ?

പരിഗണനയിൽ ഇല്ല.

**ഫുഡ് സേഫ്റ്റി ഓഫീസർ സാധ്യതാ ലിസ്റ്റ്**

53 (4777) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 499/19 പ്രകാരം 29-9-2020-ന് പരീക്ഷ നടന്ന ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികയുടെ സാധ്യതാലിസ്റ്റ് പോലും പി.എസ്.സി. പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ പി.എസ്.സി. എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാറ്റഗറി നമ്പർ 499/2019 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

54 (4778) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി കഴിഞ്ഞ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നീട്ടാൻ പി.എസ്.സി. -യോട് ശിപാർശ ചെയ്യാൻ സർക്കാരിന് അധികാരമുണ്ടോ;

(ബി) 20-3-2020 മുതൽ 29-3-2020 വരെയുള്ള ഏതെല്ലാം റാങ്ക് ലിസ്റ്റുകളാണ് 30-3-2020-ലെ എ.വി.(2) 4182/02/ജി.ഡബ്ല്യൂ. ഉത്തരവ് പ്രകാരം കാലാവധി നീട്ടിയത്; വിശദവിവരം നൽകാമോ;

(സി) പ്രസ്തുത ഉത്തരവ് നിയമപരമായിരുന്നോ; കാലാവധി കഴിഞ്ഞ ലിസ്റ്റുകൾ പുനരുജ്ജീവിപ്പിക്കാൻ പി.എസ്.സി.-ക്ക് അധികാരമുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) 20-3-2020-ന് കാലാവധി കഴിയുന്നവയെയും 5-2-2021 മുതൽ 3-8-2021 വരെയുമുള്ള പി.എസ്.സി. ലിസ്റ്റുകൾ നീട്ടിയപ്പോൾ കോവിഡ് 19 രൂക്ഷമായിരുന്ന, 21-3-2020 മുതൽ 4-2-2021 വരെയുള്ള റാങ്ക് ലിസ്റ്റുകൾക്ക് പ്രസ്തുത ആനുകൂല്യം നൽകാതിരുന്നത് തുല്യനീതിയുടെ ലംഘനമല്ലേ; പ്രസ്തുത കാലയളവിലെ ലിസ്റ്റിലുൾപ്പെട്ടവർക്ക് അനുകൂലമായി ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകൽ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

&

(ഇ) പുതിയ റാങ്ക് ലിസ്റ്റ് വരുന്നതുവരെയുണ്ടാവുന്ന ഒഴിവുകളിൽ കാലാവധി കഴിഞ്ഞുപോയ ലിസ്റ്റിലുള്ളവരെ നിയമിക്കാൻ പ്രത്യേക ഉത്തരവിറക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കാനും ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാനും റാങ്ക് ലിസ്റ്റുകളുടെ കാലാവധി നിശ്ചയിക്കാനുമുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടിചട്ടങ്ങൾ പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ പി.എസ്.സി.യോട് ശിപാർശ ചെയ്യാറുണ്ട്. സാധാരണഗതിയിൽ കാലാവധി കഴിഞ്ഞ റാങ്ക് ലിസ്റ്റുകൾ നീട്ടാൻ സർക്കാർ ശിപാർശ ചെയ്യാറില്ല. കൊറോണ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 23-3-2020 മുതലും ദേശീയ തലത്തിൽ 25-3-2020 മുതലും ലോക്ക്ഡൗൺ പ്രഖ്യാപിച്ച അസാധാരണ സാഹചര്യമുണ്ടായി. സർക്കാർ ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും

പ്രവർത്തനം അത്യാവശ്യ സേവനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ട സ്ഥിതിയുണ്ടായിരുന്നു. ഈ കാലയളവിലുണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതിരുന്ന അസാധാരണ സാഹചര്യം കണക്കിലെടുത്ത് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിന് സർക്കാർ ശിപാർശ ചെയ്തിരുന്നു.

(എഫ്) 20-3-2020-ന് കാലാവധി കഴിഞ്ഞുപോയ ലിസ്റ്റ് 30-3-2020-ലെ ഉത്തരവുപ്രകാരം പുനരുജ്ജീവിപ്പിക്കാമെങ്കിൽ 21-3-2020 മുതൽ 4-2-2021 വരെയുള്ള പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ഒന്നര വർഷം വരെ പരമാവധി കാലാവധി നൽകി പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല

**എൽ.പി.എസ്.എ. തസ്തികയിലെ നിയമനം**

55 (4779) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലേയ്ക്ക് വിവിധ വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിന്മേൽ നിലവിലുള്ള ചട്ടപ്രകാരം നിയമന ശിപാർശ നൽകേണ്ട സമയപരിധി വ്യക്തമാക്കുമോ?

നിശ്ചയിച്ചിട്ടില്ല.

(ബി) റാങ്ക് പട്ടികയിലെ നിയമനത്തിന്മേൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഏതെങ്കിലും തരത്തിലുള്ള സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

കോടതി നടപടികൾ നിയമന ശിപാർശകളെ ദോഷകരമായി ബാധിക്കുന്ന അവസരങ്ങളിൽ കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനും സ്റ്റേ vacate ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ പി.എസ്.സി.-യുടെ ലീഗൽ റീറ്റൈനർക്ക് കത്ത് നൽകുകയാണ് കമ്മീഷൻ സ്വീകരിക്കുന്ന നടപടിക്രമം.

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേക്ക് 18-9-2019-ൽ റിപ്പോർട്ട് ചെയ്തിരുന്ന 47 ഒഴിവുകളിലെ നിയമന ശിപാർശ തടയുന്നതുമായി ബന്ധപ്പെട്ട് ഹർജി നൽകിയവർ നിയമന ശിപാർശ തടസ്സപ്പെടുത്തുന്നതിന് ഉന്നയിച്ച തടസ്സവാദമെന്താണ്; ഈ ഹർജിക്കാർക്ക് ഇതേ തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതാണോ; ഇല്ലെങ്കിൽ സ്റ്റേ ഒഴിവാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) യഥാസമയം സ്റ്റേ ഒഴിവാക്കി ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാത്തത് റാങ്ക് പട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സമയബന്ധിതമായി നിയമനം നൽകുക എന്ന സർക്കാർ നയത്തിന് വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;

&

(ഇ) റിപ്പോർട്ട് ചെയ്യപ്പെട്ട 47 ഒഴിവുകളിലേക്ക് അടിയന്തരമായി സ്റ്റേ ഒഴിവാക്കി നിയമന ശിപാർശ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം ജില്ലയിൽ LPSA തസ്തികയുടെ കാറ്റഗറി നമ്പർ 389/2008 ആയുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്ത 47 ഒഴിവുകളിലേക്കുള്ള നിയമനശിപാർശ തടയുന്നതിനായി കാറ്റഗറി നമ്പർ 387/2014 തസ്തികയുടെ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസിൻമേലാണ് ഇടക്കാല ഉത്തരവിലൂടെ മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് നിയമന ശിപാർശ സ്റ്റേ ചെയ്തത്. മുൻ റാങ്ക് പട്ടിക നാലര വർഷം കാലാവധി ലഭിച്ച ലിസ്റ്റാണെന്നും ആയതിനാൽ പ്രസ്തുത 47 ഒഴിവുകൾ ടി ലിസ്റ്റിലുള്ളവർക്ക് അവകാശപ്പെട്ടതല്ലെന്നും കാറ്റഗറി നമ്പർ 387/2014 സെലക്ഷന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഹർജിക്കാർക്ക് അവകാശപ്പെട്ടതുമാണെന്നായിരുന്നു ഹർജിക്കാരുടെ തടസ്സവാദം. എന്നാൽ ടി ഹർജിക്കാർക്കെല്ലാം തന്നെ നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾക്കായി ലീഗൽ റിറ്റൈനർക്ക് കത്ത് PSC നൽകിയിട്ടുണ്ട്

## കേരഫെഡിന്റെ ഫീഡർ കാറ്റഗറി റൂൾസ്

56 (4780) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ ഫീഡർ കാറ്റഗറി റൂൾസിന് (സ്പെഷ്യൽ റൂൾ) നിലവിൽ അംഗീകാരം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം നൽകുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം ലഭ്യമാകാത്തത് കേരഫെഡിലെ ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത ഫീഡർ കാറ്റഗറി റൂൾസിന് അംഗീകാരം നൽകുന്ന നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

25-1-2020 ലെ സ.ഉ.(കൈ)നമ്പർ 14/2020/കൃഷി പ്രകാരം അംഗീകാരം നൽകിയ കേരഫെഡിലെ സ്റ്റാഫ് പാറ്റേണിന് അനുസൃതമായി കേരഫെഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച കരട് റിക്രൂട്ട്മെന്റ് റൂൾ, ജോലി സ്വഭാവത്തിനും ഉത്തരവാദിത്തങ്ങൾക്കനുസരിച്ചും ഫാക്ടറികളുടെ സുഗമമായ നടത്തിപ്പിന് അനുസൃതമായും ഭരണനിർവ്വഹണത്തിന് അത്യന്താപേക്ഷിതമായ ഭേദഗതികൾ സഹിതം Draft Recruitment (Qualification and Method of Appointment) Rules for Kerafed-2020 തയ്യാറാക്കുകയും, അതിന്മേൽ ആസൂത്രണ-സാമ്പത്തികകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, ധനകാര്യ, നിയമ വകുപ്പുകളുടെ അഭിപ്രായം തേടുകയും ചെയ്തിരുന്നു. നിയമന ചട്ടരൂപീകരണത്തിന്റെ അന്തിമ ഘട്ടമെന്ന നിലയിൽ കരട് ചട്ടത്തിന്മേൽ കേരള പി.എസ്.സി.-യുടെ ഉപദേശം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം**

57 (4781) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പേർക്ക് നിയമനം ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

26-5-2016 മുതൽ 20-5-2021 വരെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പി.എസ്.സി. നൽകിയിട്ടുള്ള നിയമന ശിപാർശകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പുതിയ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണന യിലുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരുടെ നിയമനം**

58 (4782) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ ലാസ്റ്റ്ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) പാർട്ട് ടൈം/ഫുൾടൈം, കണ്ടിജന്റ് ജീവനക്കാരുടെ നിയമന രീതിയും പ്രൊമോഷനും എങ്ങനെയെന്ന് വിശദീകരിക്കാമോ?

പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനം പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ചട്ടം 3 പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നേരിട്ടാണ് നടത്തുന്നത്. പാർട്ട് ടൈം ജീവനക്കാർക്ക് അതത് ഫുൾ ടൈം തസ്തികകളിലേയ്ക്ക് പ്രൊമോഷന് അർഹതയുണ്ട്. ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ പാർട്ട് ടൈം ജീവനക്കാരിൽ നിന്നും പ്രൊമോഷൻ വഴിയോ ഇത്തരത്തിൽ യോഗ്യതയുള്ളവരില്ലാത്തപക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നേരിട്ടോ ആണ് നിയമിക്കുന്നത്. ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി ടെലഫോൺ കം കമ്പ്യൂട്ടർ കം ഫോട്ടോകോപ്പിയർ ക്ലീനർ, ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ, ട്രാഫിക് വാർഡൻ, സ്റ്റോർ അറ്റൻഡന്റ്, കോൺഫെറൻസ് ഹാൾ വാച്ച് മാൻ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നൽകി വരുന്നു.

## സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്

59 (4783) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

&

(ബി) എന്നുമുതൽ ഇത് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുൾപ്പെട്ടിരുന്ന സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക 3-2-2016-ലെ സ.ഉ.(പി)നമ്പർ 8/2016/പൊഭവ. പ്രകാരം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ വരുന്ന സെക്രട്ടേറിയറ്റിലെ മറ്റുള്ള തസ്തികകൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ശിപാർശകളൊന്നും തന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഭിന്നശേഷിക്കാരായവരുടെ സ്ഥാനക്കയറ്റം

60 (4784) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം നൽകുന്നത് സംബന്ധിച്ച സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ, എത്ര മാസത്തിനകം ഈ വിധി നടപ്പാക്കണമെന്നാണ് കോടതി ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ?

സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് ഉദ്യോഗക്കയറ്റത്തിൽ സംവരണം നൽകണമെന്ന് ആശ്രിത നിയമനത്തിലൂടെ ഉദ്യോഗം ലഭിച്ച ഭിന്നശേഷിക്കാരിയായ ശ്രീമതി ലീസാമ്മ ജോസഫ് ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അനുകൂല വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധി ന്യായത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ കേരള സർക്കാർ ഫയൽ ചെയ്തിരുന്ന സിവിൽ അപ്പീൽ നമ്പർ 59/2021 കേസിലെ 28-6-2021 ലെ വിധിന്യായത്തിൽ മൂന്ന് മാസം സമയം അനുവദിച്ചിട്ടുണ്ട്.

(സി) ഇതനുസരിച്ച് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## ഭിന്നശേഷിക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

61 (4785) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1999-2003 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചതും പിന്നീട് സ്ഥിരപ്പെടുകയും ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് കോടതി വിധിയുടെയും 14-ാം കേരള നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

1999-2000 കാലയളവിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലികമായി 179 ദിവസം ജോലി ചെയ്തിരുന്ന ഭിന്നശേഷിക്കാരെ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും അനുകമ്പാപൂർവ്വം 18-5-2013 ലെ സ.ഉ(പി)നമ്പർ 40/13/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർനിയമനം നൽകിയിരുന്നു. ഇങ്ങനെ നിയമിക്കപ്പെട്ടവർക്കായി 3-2-2016 ലെ സ.ഉ.(അച്ചടി)നമ്പർ 01/16/ സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം അവധി, യാത്രാബത്ത, ദിനബത്ത, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഇൻക്രിമെന്റ്, പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ എന്നിവ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ സൂപ്പർന്യൂമററി തസ്തികകൾ സ്ഥിരം തസ്തികകൾക്ക് പുറത്തുള്ളവയായതിനാൽ നിയമിക്കപ്പെട്ട ജീവനക്കാരന്റെ സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഈ തസ്തികകളും ഇല്ലാതെയാകും. ആയതിനാൽതന്നെ സ്ഥിരം ജീവനക്കാർക്കുള്ളതുപോലെ റഗുലറൈസേഷനും പ്രൊമോഷനും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെട്ടിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചതും പിന്നീട് സ്ഥിരപ്പെടുകയും ചെയ്ത ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷൻ ഉൾപ്പെടെയുള്ള സർക്കാർ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശയൊന്നും ലഭിച്ചിട്ടില്ല.

**സർക്കാർ ജീവനക്കാർക്ക് ഗുഡ്സർവ്വീസ് എൻട്രി**

62 (4786) ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഗുഡ് സർവീസ് എൻട്രി അനുവദിക്കുന്നതിലെ മാനദണ്ഡം വ്യക്തമാക്കാമോ; സർക്കാർ ജീവനക്കാർക്ക് സർക്കാരാണോ അതോ വകുപ്പ് തലവൻമാർ സ്വന്തം നിലയിലാണോ ഗുഡ് സർവ്വീസ് എൻട്രി നൽകുന്നതെന്ന് അറിയിക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 34 ന് ചുവടെയുള്ള സർക്കാർ തീരുമാനം 1 ഖണ്ഡിക 2 പ്രകാരം, പ്രത്യേക അംഗീകാരം അർഹിക്കുന്ന വിധത്തിൽ തങ്ങളുടെ കൃത്യനിർവ്വഹണത്തിലും ജോലിയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലും അസാധാരണമായ അർപ്പണമനോഭാവം, മൗലികത, സർഗശക്തി, ഭാവനാത്മകത എന്നിവ പ്രകടിപ്പിക്കുക, കാര്യക്ഷമതയിൽ വിട്ടുവീഴ്ച ചെയ്യാതെ ചെലവു കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നീ കാര്യങ്ങൾക്ക് ജീവനക്കാർക്ക് ഗുഡ് സർവ്വീസ് എൻട്രി അനുവദിക്കാവുന്നതാണ്. 3-9-1977-ലെ

83667/എസ്.ഡി3/77/പൊ.ഭ.വ.നമ്പർ സർക്കുലർ പ്രകാരം, കോൺഫിഡൻഷ്യൽ റെക്കോർഡ്സ് സൂക്ഷിക്കേണ്ടതില്ലാത്ത സബോർഡിനേറ്റ്, ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഗുഡ് സർവ്വീസ് എൻട്രി അനുവദിക്കുന്നതിന് ജീവനക്കാരന്റെ തൊട്ടടുത്ത ഉന്നത അധികാരിക്കോ മറ്റ് ഉന്നത അധികാരികൾക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്. മേൽ സൂചിപ്പിച്ച വിഭാഗങ്ങൾ ഒഴികെയുള്ള, കോൺഫിഡൻഷ്യൽ റെക്കോർഡ്സ് സൂക്ഷിക്കേണ്ട വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കോൺഫിഡൻഷ്യൽ റെക്കോർഡ്സിന്റെ ചുമതലയിലുള്ള അധികാരിക്കോ മറ്റ് ഉന്നത അധികാരികൾക്കോ ഗുഡ്സർവ്വീസ് എൻട്രി അനുവദിക്കാവുന്നതാണ്.

(ബി) റവന്യൂ വകുപ്പിലെ ഒരു ജീവനക്കാരിക്ക് സർക്കാർ അനുവദിച്ചുനൽകിയ ഗുഡ് സർവ്വീസ് എൻട്രി വകുപ്പുതലവൻ സ്വന്തം നിലയിൽ റദ്ദാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വകുപ്പ് സെക്രട്ടറി നൽകിയ ഗുഡ് സർവ്വീസ് എൻട്രി വകുപ്പ് സെക്രട്ടറി തന്നെ റദ്ദാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ അനുവദിച്ച ഗുഡ് സർവ്വീസ് എൻട്രി വ്യക്തിപരമായി ഒഴിവാക്കുന്നു എന്ന നിലയിൽ ഉത്തരവിറക്കിയ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

## ആശ്രിത നിയമനം

63 (4787) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ കാലാനുസൃതമായ നടപടികൾ ഉണ്ടാവുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആശ്രിത നിയമനം നടത്തുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ 24-5-1999-ലെ G.O.(P) No. 12/99/P&ARD നമ്പർ ഉത്തരവിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് പരിശോധിച്ചു നടപടി സ്വീകരിക്കേണ്ടത്.

(ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ നിലവിൽ പരിഹരിക്കപ്പെടാതെയുണ്ടെന്നുള്ള കാര്യം വകുപ്പുതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് 2016 മുതൽ നാളിതുവരെ പുറപ്പെടുവിച്ച പൊതുവായ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2016 മുതൽ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു* :

1. സ.ഉ.(കൈ)നമ്പർ 2/17/ഉ.ഭ.പ.വ. തീയതി 16-1-2017
2. സ.ഉ.(കൈ)നമ്പർ .13/17/ഉ.ഭ.പ.വ. തീയതി 27-5-2017
3. സ.ഉ.(പി)നമ്പർ 1/18/ഉ.ഭ.പ.വ. തീയതി 7-1-2018
4. സ.ഉ.(കൈ)നമ്പർ5/18/ഉ.ഭ.പ.വ. തീയതി 21-2-2018
5. സ.ഉ.(പി)നമ്പർ 7/18/ഉ.ഭ.പ.വ. തീയതി 28-4-2018
6. സ.ഉ.(കൈ)നമ്പർ8/19/ഉ.ഭ.പ.വ. തീയതി 5-7-2019
7. സ.ഉ.(കൈ)നമ്പർ12/21/ഉ.ഭ.പ.വ. തീയതി 7-6-2021

**പണം നൽകി സ്ഥാനാർത്ഥിത്വം പിൻവലിച്ച കേസ്**

64 (4788) ശ്രീ. എ. കെ. എം. അഷ്റഫ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്ന കെ. സുന്ദരയ്ക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിന് പണം നൽകിയെന്ന ആരോപണത്തെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

6-4-2021-ന് നടന്ന കേരള നിയമസഭാ പൊതു തിരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബി.ജെ.പി. സ്ഥാനാർത്ഥിയായ കെ. സുരേന്ദ്രൻ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ബി.എസ്.പി. സ്ഥാനാർത്ഥിയായ കെ. സുന്ദരയ്ക്ക് 2.5 ലക്ഷം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

 രൂപയും ഒരു മൊബൈൽ ഫോണും പ്രതിഫലമായി നൽകി സ്ഥാനാർത്ഥിത്വം പിൻവലിപ്പിച്ച് തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്നുള്ള കാര്യത്തെ സംബന്ധിച്ച് മഞ്ചേശ്വരം നിയോജക മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി ബഹുമാനപ്പെട്ട കാസർഗോഡ് JFCM-II കോടതി മുമ്പാകെ അന്യായം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടതി നിർദ്ദേശ പ്രകാരം 7-6-2021 തീയതി ബദിയടുക്ക പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 193/2021 ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 171(B), 171(E) എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും അന്വേഷണ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത കേസ് ഇപ്പോൾ സി ബ്രാഞ്ച് കാസർഗോഡ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) ഈ കേസുമായി ബന്ധപ്പെട്ട് പണം, മറ്റു തൊണ്ടിമുതലുകൾ പോലീസ് കണ്ടെത്തി ഏറ്റെടുത്തിട്ടുണ്ടോ; കേസിലെ പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ; കേസിലെ പ്രതികൾക്ക് ഒരു ദേശീയ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റുമായുള്ള ബന്ധം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

പണം, മറ്റ് തൊണ്ടി മുതലുകൾ എന്നിവ ബന്തവസ്സിലെടുത്ത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതാണ്. ഒരു ദേശീയ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റാണ് പ്രതിസ്ഥാനത്തുള്ളത്. ടി കേസ് സംബന്ധിച്ച് ഊർജിതമായ അന്വേഷണം നടത്തിവരുന്നു.

(ഇ) മഞ്ചേശ്വരം മണ്ഡലത്തിലെ പ്രസ്തുത ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥിക്കുവേണ്ടിയാണ് കെ. സുന്ദരയുടെ പത്രിക പിൻവലിച്ചത് എന്ന ആക്ഷേപമുള്ളതിനാൽ ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥി ഈ കേസിൽ പ്രതിയായിട്ടുണ്ടോ; ഈ കേസിൽ ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥിയെ ചോദ്യം ചെയ്തിട്ടുണ്ടോയെന്നും അദ്ദേഹത്തിന്റെ പങ്ക് അന്വേഷിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ദേശീയ കക്ഷിയുടെ സ്ഥാനാർത്ഥി ടി കേസ്സിന്റെ FIR-ൽ പ്രതിസ്ഥാനത്താണുള്ളത്. ടിയാനെ ചോദ്യം ചെയ്യേണ്ടതുണ്ട്.

(എഫ്) പ്രസ്തുത ദേശീയ കക്ഷിയുടെ ഏതൊക്കെ ഉന്നത പ്രാദേശിക നേതാക്കളെയാണ് ചോദ്യം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കേസിൽ ദേശീയകക്ഷിയുടെ നേതാക്കളായ 1. ശ്രീ. മണികണ്ഠറായ്, ബി.ജെ.പി. കാസർഗോഡ് ജില്ലാ ജനറൽ സെക്രട്ടറി, 2. ശ്രീ. സുനിൽ നായ്ക്ക്, യുവമോർച്ച ഭാരവാഹി, കോഴിക്കോട് ജില്ല, 3. ശ്രീ. ലോകേഷ് നോണ്ട, ബി.ജെ.പി. പൈവളികെ പഞ്ചായത്ത് മണ്ഡലം പ്രസിഡന്റ്, 4. ശ്രീ. മുരളീധരൻ, ബിജെപി മഞ്ചേശ്വരം നിയോജക മണ്ഡലം ജനറൽ സെക്രട്ടറി, 5. ശ്രീ. സുരേഷ് നായ്ക്ക്, ബി.ജെ.പി. മഞ്ചേശ്വരം നിയോജക മണ്ഡലം സെക്രട്ടറി എന്നിവരെ ചോദ്യം ചെയ്തിട്ടുണ്ട്.

**മാധവൻ നമ്പ്യാർ കമ്മിറ്റി**

65 (4789) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പ്രിംഗ്ലർ വിഷയവുമായി ബന്ധപ്പെട്ട മാധവൻ നമ്പ്യാർ കമ്മിറ്റിയുടെ കണ്ടെത്തലുകൾ വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

&

(ബി) മാധവൻ നമ്പ്യാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പഠിക്കാൻ സർക്കാർ വേറെ ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും കമ്മിറ്റിയുടെ ഘടനയും എന്നാണ് കമ്മിറ്റി രൂപീകരിച്ചതെന്നും വ്യക്തമാക്കാമോ;

മാധവൻ നമ്പ്യാർ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ മൂന്നംഗ സമിതിയെ നിയമിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. റിപ്പോർട്ടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) പ്രസ്തുത കമ്മിറ്റിക്കുവേണ്ടി എത്ര തുക ചെലവായിട്ടുണ്ടെന്നും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിക്കുവേണ്ടി 5,27,830 (അഞ്ചു ലക്ഷത്തി ഇരുപത്തിയേഴായിരത്തി എണ്ണൂറ്റിമുപ്പതു രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്.

(ഡി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; എങ്കിൽ റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇ-ഫയലിംഗ്

66 (4790) ശ്രീമതി കാനത്തിൽ ജമീല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ താലൂക്കുകളിൽനിന്നും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകൾക്കുവേണ്ടി അയയ്ക്കുന്ന അപേക്ഷകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചുവരാൻ കാലതാമസവും ഏത് ഗസറ്റിലാണ് പ്രസിദ്ധീകരിച്ച് വരുന്നതെന്ന് അറിയാൻ ജനങ്ങൾക്ക് ബുദ്ധിമുട്ടും അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും ഏറ്റവും അടുത്ത് പ്രസിദ്ധീകരിക്കുന്ന ഗസറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഫയൽ നമ്പർ (കമ്പ്യൂട്ടർ ഇ-ഫയൽ നമ്പർ) ഉപയോഗിച്ച് പിന്നീട് ആയത് ഏത് ഗസറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് അറിയാവുന്ന തരത്തിൽ ഈ സംവിധാനങ്ങൾ കണക്ക് ചെയ്തുകൊണ്ട് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാകുമോ ; വിശദമാക്കാമോ;

&

(സി) റവന്യൂ വിഭാഗം ഇ-ഫയലിംഗ് സംവിധാനത്തിലേയ്ക്ക് മാറുമ്പോൾ ഗവൺമെന്റ് പ്രസ്സിനെ കൂടി കണക്ക് ചെയ്തുകൊണ്ട് ഗസറ്റ് വിജ്ഞാപന സെക്ഷൻ കൂടി ഇതിന്റെ ഭാഗമാക്കാൻ ആലോചിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഗുണകരമാണ്. കേരള സർക്കാരിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി, അച്ചടി വകുപ്പിന്റെ ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന "കംപോസ് പ്രോജക്ട്"-ന്റെ ഭാഗമായി സാധാരണ ഗസറ്റുകൾ, പൂർണ്ണമായും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇ-ഫയലിംഗ് സംവിധാനം ലിങ്ക് ചെയ്യുന്നതിനുള്ള മൊഡ്യൂൾ കംപോസ് സോഫ്റ്റ്‍വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിൽ ആപ്ലിക്കേഷനുകൾ

67 (4791) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി സ്വകാര്യ സംരംഭകർ രൂപപ്പെടുത്തി വിതരണം ചെയ്യുന്ന ഓൺലൈൻ/മൊബൈൽ ആപ്ലിക്കേഷനുകളുടെ ഫീസ് നിരക്ക്, ഉള്ളടക്കം, ഗുണനിലവാരം, സേവന വ്യവസ്ഥ എന്നിവ വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ മേൽനോട്ടത്തിൽ വിദഗ്ധരെയുൾപ്പെടുത്തി സാങ്കേതിക സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ എസ്.സി.ഇ. ആർ.ടി.-യും കൈറ്റും സംയുക്തമായി അംഗീകരിച്ചശേഷം മാത്രമേ സ്കൂളുകളിലേയ്ക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക് കണ്ടന്റ് ലഭ്യമാക്കാവൂ, പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധന ഉള്ളതുമായ സോഫ്റ്റ്‌വെയറുകൾ സ്കൂളുകളിൽ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ലെന്നും വ്യക്തമാക്കി യിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത ഐ.ടി. പ്രൊപ്പോസലുകൾ സ്കൂളുകളിലും സ്ഥാപനങ്ങളിലും നടപ്പാക്കാനായി പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി (എം.പി., എം.എൽ.എ., തദ്ദേശഭരണ സ്ഥാപനങ്ങൾ) പരിഗണിക്കാൻ പാടുള്ളതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്

(ബി) ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഡിജിറ്റൽ പഠനം നിലവിൽ കൈറ്റ് വിക്ടേഴ്സ് വഴി നടപ്പാക്കിക്കൊണ്ടിരി ക്കുകയാണ്. ഈ വർഷം ഡിജിറ്റൽ പഠനത്തോടൊപ്പം അദ്ധ്യാപകർ വിദ്യാർത്ഥി കളുമായി നേരിട്ട് ആശയവിനിമയം നടത്തുന്ന ഓൺലൈൻ പഠനവും നടപ്പി ലാക്കുകയാണ്. നിലവിൽ ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഓൺലൈൻ ക്ലാസുകൾ നടത്തുന്നത്. കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ നേതൃത്വത്തിൽ ഓൺലൈൻ പഠനത്തിന് ആവശ്യമായ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

68 (4792) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും, അക്ഷയ കേന്ദ്രങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡിജിറ്റൽ പഠനം നിലവിൽ കൈറ്റ് വിക്ടേഴ്സ് വഴി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം ഡിജിറ്റൽ പഠനത്തോടൊപ്പം അദ്ധ്യാപകർ വിദ്യാർത്ഥികളുമായി നേരിട്ട് ആശയവിനിമയം നടത്തുന്ന ഓൺലൈൻ പഠനവും നടപ്പിലാക്കുകയാണ്. നിലവിൽ ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഓൺലൈൻ ക്ലാസുകൾ നടത്തുന്നത്. കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ നേതൃത്വത്തിൽ ഓൺലൈൻ പഠനത്തിന് ആവശ്യമായ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണുള്ളത്?

25

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കാൻ അപേക്ഷ നൽകിയിട്ടുള്ള സംരംഭകർ ആരൊക്കെയാണ്?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ മീറ്റ്ന എന്ന ലൊക്കേഷനിലേയ്ക്ക് അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ടി ലൊക്കേഷനിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ സീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഭിച്ച അപേക്ഷകളുടെ പരിശോധനയ്ക്കുശേഷം സംരംഭക തെരഞ്ഞെടുപ്പിനായി ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ അക്ഷയകേന്ദ്രങ്ങൾ

69 (4793) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ നിലവിൽ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആലത്തൂർ, കിഴക്കഞ്ചേരി, തേങ്കുറിശ്ശി, വണ്ടാഴി പഞ്ചായത്തുകളിൽ 3 വീതവും എരിമയൂർ, കുഴൽമന്ദം, മേലാർകോട് പഞ്ചായത്തുകളിൽ 2 വീതവും അക്ഷയ കേന്ദ്രങ്ങളാണുള്ളത്.

(ബി) പുതുതായി അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും, മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും, കോർപ്പറേഷനുകളിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

## അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കൽ

70 (4794) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനുകളിൽ

1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് അറിയിക്കുമോ; അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അക്ഷയയുടെ പുതിയ ലൊക്കേഷൻ അനുവദിക്കുന്നതിന് അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടറെ സംബോധന ചെയ്ത് അപേക്ഷ അക്ഷയ ജില്ലാ ഓഫീസിലാണ് സമർപ്പിക്കേണ്ടത്. അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത, പ്രായം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള രേഖകളാണ് സമർപ്പിക്കേണ്ടത്. സ്വന്തമായി കെട്ടിടം ഉണ്ടെന്നോ അധിക യോഗ്യതകളോ പ്രവൃത്തി പരിചയമോ ഉണ്ടെന്നോ അവകാശപ്പെടുന്ന പക്ഷം അവയുടെ രേഖകളും ഹാജരാക്കേണ്ടതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും പ്രത്യേകം മാനദണ്ഡമാണോയെന്ന് വിശദമാക്കാമോ?

പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് ദൂരപരിധിയിൽ വ്യത്യാസമുണ്ട്.

**സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വികസനം**

71 (4795) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി 2.3 കോടി ചതുരശ്ര അടിയായി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സംസ്ഥാനത്തെ ഐ.ടി പാർക്കുകൾ സർക്കാർ കെട്ടിടങ്ങളിലൂടെയും ഉപസംരംഭകരിലൂടെയും ഇതുവരെ 20 ദശലക്ഷം ചതുരശ്ര അടി സ്പേസ് നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിന്റെ വിവിധ പദ്ധതികളിലൂടെ അടുത്ത 5 വർഷത്തിനുള്ളിൽ നിലവിലെ 102.7 ലക്ഷം ചതുരശ്ര അടിയിൽ നിന്നും

ഏകദേശം 56 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം കൂടി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇൻഫോപാർക്കിന്റെ ഐ.ടി. സ്പേസ് വിസ്തൃതി 6 ദശലക്ഷം ചതുരശ്ര അടിയിൽ നിന്ന് 9.2 ദശലക്ഷം ചതുരശ്ര അടിയിലേയ്ക്ക് നിലവിൽ വർദ്ധിച്ചിട്ടുണ്ട്. സൈബർ പാർക്കിൽ നിലവിലുള്ള ഏകദേശം 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിന് പുറമെ ഏകദേശം 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം കൂടി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ഐ.ടി. മേഖലയിൽ മുൻസർക്കാർ എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചത്; വ്യക്തമാക്കാമോ?

മുൻസർക്കാറിന്റെ കാലയളവിൽ ടെക്നോപാർക്കിൽ 11000 (ഏകദേശം), ഇൻഫോപാർക്കിൽ 19400 (ഏകദേശം), സൈബർ പാർക്കിൽ 550 (ഏകദേശം) എന്നിങ്ങനെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

**ഹൈടെക് സൈബർ സുരക്ഷാ കേന്ദ്രം**

72 (4796) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ദെലീമ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സൈബർ ഡോമുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സൈബർഡോമിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സൈബർ സെക്യൂരിറ്റി കൂടുതൽ ഉറപ്പുവരുത്തുന്നതിനുമായി ഡാർക്ക് നെറ്റിലെ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും അതിന്റെ അന്വേഷണങ്ങൾക്കുമായി ഡാർക്ക് നെറ്റ് റിസർച്ച് ലാബ് സ്ഥാപിക്കുന്നതിനും, രാജ്യത്തും സംസ്ഥാനത്തും ഡ്രോണുകളുടെ ഉപയോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ ഡ്രോണുകളുടെ ശാസ്ത്രീയത ടെക്നിക്കൽ അനാലിസിസ് നടത്തുന്നതിനും ഡ്രോണിന്റെ സഞ്ചാര പഥങ്ങളെക്കുറിച്ചും അവയുടെ ഇൻവെസ്റ്റിഗേഷന് ആവശ്യമായ ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന അത്യാധുനിക ഡ്രോൺ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതിനും മൊബൈൽ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനാവശ്യമായ മൊബൈൽ ഫോറൻസിക് ലാബ് സ്ഥാപിക്കുന്നതിനും ഇവ

സൈബർ ഡോമിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സൈബർ ഡോമുകളെ ശക്തിപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഹൈടെക് സൈബർ സുരക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഐ.ടി. വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം

73 (4797) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ സർക്കാർ ആഫീസുകളിലും സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവനക്കാർ പ്രവർത്തിക്കുന്നതുപോലെ ഐ.ടി. വകുപ്പിലെ വിദഗ്ധരായ ജീവനക്കാരെ മറ്റ് വകുപ്പുകളിൽ നിയമിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഡയറക്ടറേറ്റുകളോ മറ്റ് ആഫീസുകളോ ജീവനക്കാരോ ഇല്ല. ആയതിനാൽ മറ്റു വകുപ്പുകളിലേയ്ക്ക് നിയമിക്കാൻ കഴിയുന്നതല്ല.

## ഡിഫൻസ് അക്കാദമികളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

74 (4798) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പ്രാധാന്യമുള്ള ഇന്ത്യൻ നേവൽ അക്കാദമി, ഇന്ത്യൻ എയർഫോഴ്സ് അക്കാദമി, ഇന്ത്യൻ മിലിട്ടറി അക്കാദമി, നാഷണൽ ഡിഫൻസ് അക്കാദമി എന്നിവിടങ്ങളിൽ പഠിക്കുന്ന കേരളീയരായ കുട്ടികൾക്ക് 29-7-2019 സംസ്ഥാന സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ 27/2019/സൈ.ക്ഷേ.വ. പ്രകാരം ഏർപ്പെടുത്തിയ രണ്ട് ലക്ഷം രൂപയുടെ സ്കോളർഷിപ്പ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

സായുധ സേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ പ്രവേശനം നേടുന്ന കേരളീയരായവർക്ക് 19-2-2019-ലെ സ.ഉ.(കൈ) 37/2019/പൊ.ഭ.വ. പ്രകാരവും പ്രസ്തുത ഉത്തരവിന് ഭേദഗതി വരുത്തിക്കൊണ്ടുള്ള 19-8-2019-ലെ സ.ഉ.(കൈ)

27/2019/സൈ.ക്ഷേ.വ പ്രകാരവും അനുവദിച്ച സ്കോളർഷിപ്പ് വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 4,00,000 രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 8,00,000 രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുകയും 28,00,000 രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) പ്രസ്തുത ഉത്തരവിൽ തുടർന്ന് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സായുധ സേനയുടെ കീഴിലുള്ള ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാഡമി, നാഷണൽ ഡിഫൻസ് അക്കാഡമി, ഇൻഡ്യൻ മിലിട്ടറി അക്കാഡമി, നേവൽ അക്കാഡമി, എയർഫോഴ്സ് അക്കാഡമി, ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ്, രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ്, സൈനിക സ്കൂളുകൾ എന്നിവിടങ്ങളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് പ്രോത്സാഹനമായി 2,00,000 രൂപയും; മിലിട്ടറി, നേവൽ, എയർഫോഴ്സ് നേഴ്സിംഗ് സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് 1,00,000 രൂപയും; സ്കോളർഷിപ്പ് അനുവദിച്ച് 19-2-2019-ലെ സ.ഉ.(കൈ) 37/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ് (RIMC), സൈനിക സ്കൂളുകൾ എന്നിവയെ ഒഴിവാക്കിക്കൊണ്ടും, സായുധ സേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ 19-2-2019 -നോ അതിനു ശേഷമോ ചേരുകയും ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കി സായുധസേനയിൽ കമ്മീഷൻഡ് ആഫീസറായി ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നവർക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ടും 19-8-2019-ലെ സ.ഉ.(കൈ) 27/2019/സൈ.ക്ഷേ.വ. പ്രകാരം തുടർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത ഉത്തരവിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.

(സി) ഏതുകാലയളവിൽ അഡ്മിഷൻ നേടിയ കുട്ടികൾക്കാണ് സ്കോളർഷിപ്പിനുള്ള അർഹത ഉണ്ടായിരിക്കുന്നത്; പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

സായുധസേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ 19-2-2019 -നോ അതിനുശേഷമോ പ്രവേശനം നേടിയവർക്കാണ് സ്കോളർഷിപ്പിനുള്ള അർഹതയുള്ളത്. അക്കാഡമികളിൽനിന്ന് വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കി സായുധ സേനയിൽ ജോലിയിൽ പ്രവേശിച്ചിരിക്കണം എന്നുള്ളതാണ് പ്രസ്തുത സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

പ്രസ്തുത സ്കോളർഷിപ്പ് ഇനത്തിലുള്ള ചെലവ് 2235-60-200-94-വിമുക്ത ഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. 2021-22 സാമ്പത്തിക വർഷം 50,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

75 (4799) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള റോഡുകൾ ഏതെല്ലാമാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## കോവിഡ് നിയന്ത്രണം പുനഃക്രമീകരിക്കാൻ നടപടി

76 (4800) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. അബ്ദുൽ ഹമീദ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളെ വിവിധ കാറ്റഗറികളാക്കി ടി.പി.ആർ. അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനെ കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ശാസ്ത്രീയമായ രീതികൾ അവലംബിക്കാതെയുള്ള കാറ്റഗറി തരംതിരിവുകൾക്കെതിരെ ഉയർന്നു വന്നിട്ടുള്ള വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് സംബന്ധിച്ച മാനദണ്ഡങ്ങൾ പുനഃപരിശോധിക്കാനും, ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷം മാത്രം കോവിഡ് നിയന്ത്രണങ്ങൾ പുനഃക്രമീകരിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാക്സിനേഷൻ പൂർത്തിയാക്കുന്നതുവരെ ജനങ്ങൾക്കിടയിൽ രോഗം വ്യാപിക്കാതിരിക്കാനും അതോടൊപ്പം ജനങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾ നടത്താനും ഉതകുന്ന വിധത്തിലുള്ള നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. കോവിഡിന്റെ ഓരോ ഘട്ടങ്ങളെയും അതിന്റേതായ ഗൗരവത്തിൽ പരിശോധിച്ച് ജനങ്ങളുടെ പിന്തുണയോടെയാണ് നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തിവരുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ നിയന്ത്രണം ബാധകമാക്കുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതനുസരിച്ച് ഇളവ് നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ അടിസ്ഥാനപ്പെടുത്തിയുള്ള ലോക്ഡൗൺ നിയന്ത്രണങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

## കോവിഡ് ബാധിച്ച മരണപ്പെടുന്നവരുടെ കുടുംബത്തിന് ധനസഹായം

77 (4801) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദീകരിക്കാമോ?

നിലവിൽ കോവിഡ് ചികിത്സ സൗജന്യമാണ്. അതോടൊപ്പം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കും പരമാവധി തുക ഈടാക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് ചികിത്സയ്ക്കായുള്ള ആശുപത്രികളിൽ ആവശ്യമായ എല്ലാ ഉപകരണങ്ങൾ, ഓക്സിജൻ, മരുന്ന് എന്നിവയുടെയും ലഭ്യത ഉറപ്പാക്കിവരുന്നു. എല്ലാ രോഗികൾക്കും പോഷകാഹാരം ഉറപ്പുവരുന്നതരത്തിൽ ആഹാരം നൽകിവരുന്നു. ഇതിനുള്ള സഹായം സർക്കാർ നേരിട്ടാണ് ചെയ്യുന്നത്. മരണപ്പെട്ട എല്ലാപേരുടെയും ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യത്തിൽ ഇപ്പോൾ പൊതുവായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## റീ ബിൽഡ് കേരള

78 (4802) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ റീ ബിൽഡ് കേരളയിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ; ഇതിൽ ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായിചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കച്ചവട സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതി

79 (4803) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ, ടി.പി.ആർ. മാനദണ്ഡമാക്കി കച്ചവട സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള അനുമതിയും നിയന്ത്രണങ്ങളും നടപ്പാക്കുമ്പോൾ ജനങ്ങൾക്കുണ്ടാവുന്ന ബുദ്ധിമുട്ടുകളും തിരക്കും ആൾക്കൂട്ടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എല്ലാ ദിവസവും കടകൾ തുറന്നുപ്രവർത്തിക്കുകയും പ്രവർത്തന സമയം ദീർഘിപ്പിക്കുകയും ചെയ്താൽ, ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനും തിരക്കും ആൾക്കൂട്ടവും ഒഴിവാക്കാനും സാധിക്കുമെന്നതിനാൽ സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഓരോ ഘട്ടത്തിലെയും കോവിഡ് വ്യാപനതോത്, ആശുപത്രികളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലെ പര്യാപ്തത, വാക്സിനേഷൻ നിരക്ക് എന്നിവ കണക്കിലെടുത്ത് പൊതുജനങ്ങളുടെ ജീവനോപാധികൂടി സംരക്ഷിക്കുന്ന തരത്തിലാണ് സാമൂഹിക അകലം ഉറപ്പാക്കാനുള്ള വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുള്ളത്. കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അംഗങ്ങളും വിദഗ്ദ്ധ സമിതി അംഗങ്ങളുമുൾപ്പെട്ട ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചാണ് നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി.പി.ആർ. അടിസ്ഥാനമാക്കി നിയന്ത്രണങ്ങൾ നടപ്പാക്കുന്നത് മാറ്റി വീക്കിലി ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) അടിസ്ഥാനമാക്കി പരിഷ്കരിച്ച മാനദണ്ഡങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു*)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ദുരിതാശ്വാസ സഹായം

80 (4804) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘനാളുകളായി നീളുന്ന കോവിഡ് ലോക്ഡൗൺ കാരണം വരുമാനം ഇല്ലാതെയായതിനാൽ ദൈനംദിന ജീവിതത്തിൽ ദുരിതം അനുഭവിച്ചുവരുന്ന സംസ്ഥാനത്തെ ആട്ടോറിക്ഷാ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിന് സഹായപദ്ധതി പരിഗണിക്കുന്നുണ്ടോ?

സംസ്ഥാനത്ത് കോവിഡിനോടനുബന്ധിച്ച് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട ആട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെയുള്ള മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസം എന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും നിരവധി ധനസഹായങ്ങൾ അനുവദിച്ചുനൽകിയിരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ടേബിൾ IV വിഭാഗത്തിൽപ്പെട്ട ആട്ടോറിക്ഷാ, തൊഴിലാളികൾക്ക് ആദ്യ ഘട്ടത്തിൽ 2,000 രൂപ വീതവും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ വീതവും മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ ആട്ടോറിക്ഷാ തൊഴിലാളികളുൾപ്പെടെ, മോട്ടോർ തൊഴിലാളികളെ മുഴുവനായി പരിഗണിക്കുമ്പോൾ ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886 രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500 രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. ആട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെ പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്കും സ്കാറ്റേർഡ് വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും നാലാംഘട്ട ധനസഹായമായി 1,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള ബോർഡിന്റെ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) കുടുംബാംഗങ്ങളുടെ ചികിത്സ, മക്കളുടെ വിദ്യാഭ്യാസം, ദൈനംദിന ജീവിത ചെലവുകൾ എന്നിവ നിറവേറ്റാൻ ബുദ്ധിമുട്ടിലായ ഇവർക്ക് അടിയന്തരമായി ഉചിതമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവ ധനസഹായം, ശവസംസ്കാരചടങ്ങിനുള്ള ധനസഹായം, പെൻഷൻ, കലാ-കായിക മേഖലയിൽ മികവുപുലർത്തുന്നവർക്കായി പ്രത്യേക റിവാർഡുകൾ എന്നിവ നൽകിവരുന്നു.

### ആശ്രാമം എയർസ്ട്രിപ്പ് നിർമ്മാണം

81 (4805) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി ഗതാഗതവകുപ്പ് മുഖേന ബി.ആർ.ഡി.സി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സൈറ്റ് ക്ലിയറൻസിനുവേണ്ടി മെറ്റീരിയോളജിക്കൽ ഡേറ്റാ, സർവ്വേ മാപ്പ്, റവന്യൂ മാപ്പ്, ഫ്ലഡ് ഡേറ്റാ എന്നിവ 7-6-2021-ൽ ബി.ആർ.ഡി.സി. സമർപ്പിച്ചിട്ടുണ്ട്.

(ബി) കൊല്ലം ആശ്രാമം മൈതാനത്ത് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ കൊല്ലം ആശ്രാമം മൈതാനത്ത് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടില്ല.

### ലൈറ്റ് മെട്രോ പദ്ധതി

82 (4806) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെയാണ് (21.821 കി.മീ., 19 സ്റ്റേഷനുകളോടെ) ലൈറ്റ് മെട്രോ പദ്ധതിയുടെ ആദ്യഘട്ടമായി രൂപകല്പന ചെയ്തിട്ടുള്ളത്. പദ്ധതി അടങ്കൽ തുക 4673 കോടി രൂപയാണ്. ഇത് കൂടാതെ ടെക്നോപാർക്ക് ഭാഗത്തെ ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയാണ് (13.33 കി.മീ., 14 സ്റ്റേഷനുകളോടെ) ലൈറ്റ് മെട്രോ പദ്ധതിയുടെ ആദ്യഘട്ടമായി രൂപകല്പന ചെയ്തിട്ടുള്ളത്. പദ്ധതി അടങ്കൽ തുക 2773 കോടി രൂപയാണ്. കേന്ദ്ര - കേരള സർക്കാരുകളുടെ സംയുക്ത സംരംഭമായിട്ടാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. അടങ്കൽ തുകയുടെ (സ്ഥലമെടുപ്പിനുള്ള ചെലവ്, സംസ്ഥാന നികുതികൾ, പി.പി.പി. ഘടകം എന്നിവ കൂടാതെ) 20% വീതം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുകയും, 60% വായ്പയും എന്ന രീതിയാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ സ്ഥലമെടുപ്പിന്റെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

(ബി) തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കുന്നതിനുള്ള വിശദപദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ച തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ.-ന് 2015 സെപ്റ്റംബറിൽ കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചു. കേന്ദ്ര നഗര വികസനമന്ത്രാലയത്തിൽനിന്ന് പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ആവശ്യപ്പെട്ട അധിക വിവരങ്ങളും വിശദീകരണങ്ങളും കേരള സർക്കാർ ലഭ്യമാക്കി. 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാർ പുതുക്കിയ മെട്രോറെയിൽ നയം പ്രഖ്യാപിച്ചു. കേന്ദ്രസർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന മെട്രോ പദ്ധതികളിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ഈ നയത്തിൽ പ്രതിപാദിച്ചിരുന്നു. തുടർന്ന് ഡി.എം.ആർ.സി. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. പുതിയ കേന്ദ്രനയത്തിനനുസൃതമായി പുതുക്കി തയ്യാറാക്കി. പദ്ധതിയുടെ അടങ്കൽ തുക 7446 കോടി രൂപ (തിരുവനന്തപുരം - 4673 കോടി രൂപ, കോഴിക്കോട് - 2773 കോടി രൂപ) ആയി പുതുക്കി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആർ.-ന് 2021 ഫെബ്രുവരി 12- ലെ ജി.ഒ. (എം.എസ്.) നമ്പർ 11/2021/പി.ഡബ്യൂ.ഡി പ്രകാരം അംഗീകാരം നൽകുകയും പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

(സി) പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ലൈറ്റ് മെട്രോ ഡിപ്പോ, മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; പദ്ധതി ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

ലൈറ്റ് മെട്രോ പദ്ധതിയുടെ മുന്നോടിയായി തിരുവനന്തപുരത്ത് ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ 2016 സെപ്റ്റംബറിൽ സർക്കാർ ഭരണാനുമതി നൽകി. കിഫ്ബി-യിൽ നിന്ന് ഇതിനുള്ള തുക ലഭ്യമാക്കാനും തീരുമാനിച്ചു. മൂന്ന് മേൽപ്പാലങ്ങൾക്കുമായി ആകെ 272 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

**കൊച്ചി മെട്രോ റെയിൽപാത ദീർഘിപ്പിക്കാൻ നടപടി**

83 (4807) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽ നിന്ന് തൃപ്പൂണിത്തുറ റെയിൽവെ സ്റ്റേഷൻ വരെ കൊച്ചി മെട്രോ റെയിൽ നീട്ടുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

14-6-2019-ലെ സ.ഉ(കൈ)നമ്പർ 27/2019/ഗതാ.നമ്പർ ഉത്തരവ് പ്രകാരം 356 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് 16-1-2021-ലെ സ.ഉ. (കൈ) നമ്പർ 2/2021/ഗതാ നമ്പർ ഉത്തരവുപ്രകാരം 448.33 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) എസ്.എൻ. ജംഗ്ഷൻ വരെയുള്ള മെട്രോ റെയിലിനുവേണ്ടി തൂണുകൾ നിർമ്മിച്ചിരിക്കുന്ന റോഡിന്റെ വീതി എത്രയാണെന്ന് വ്യക്തമാക്കാമോ?

മെട്രോ റെയിൽ നിർമ്മാണത്തിനുശേഷം റോഡിന്റെ വീതി 21.6 മീറ്റർ ആയിരിക്കും.

(സി) എസ്.എൻ. ജംഗ്ഷനിൽനിന്ന് റെയിൽവെസ്റ്റേഷനിലേയ്ക്ക് എത്ര മീറ്റർ റോഡാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കുമോ;

&

(ഡി) ഈ റോഡ് നിർമ്മിക്കാമെന്ന് നഗരസഭ ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

എസ്.എൻ ജംഗ്ഷൻ റിഫൈനറി റോഡിനെയും തൃപ്പൂണിത്തുറ ഹിൽപാലസ് റോഡിനെയും ബന്ധിപ്പിച്ചുകൊണ്ടും എല്ലാ സൗകര്യങ്ങളോടും കൂടിയ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി ഭൂമി ഏറ്റെടുക്കാൻ 22-11-2018-ലെ സ.ഉ.(സാധാ) നമ്പർ

2969/18/ത.സ്വ.ഭ.വ പ്രകാരം തൃപ്പൂണിത്തുറ നഗരസഭയ്ക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, 28-10-2019-ലെ സ.ഉ. (സാധാ) നമ്പർ 3043/2019/RD പ്രകാരം ആധുനിക ബസ് സ്റ്റാന്റും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് 1030 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഭാവിയിലുണ്ടാകാവുന്ന ബാദ്ധ്യത കണക്കിലെടുത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി പ്രസ്തുത നിർമ്മാണപ്രവൃത്തിയിൽനിന്നും പിൻമാറുകയും നിർമ്മാണച്ചുമതല KMRL-നെ ഏൽപ്പിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത റോഡ് നിർമ്മാണത്തിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, തൃപ്പൂണിത്തുറ നഗരസഭ എന്നിവരാരുംതന്നെ ഉറപ്പ് നൽകിയിട്ടില്ല.

## കൊല്ലം മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത പദ്ധതി

84 (4808) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു*.

## കുണ്ടറ മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത പദ്ധതികൾ

85 (4809) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിവയുടെ വിവരം തരം തിരിച്ച് നൽകാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നിലവിൽ ടെണ്ടർ ചെയ്തിട്ടുള്ളതോ, ഉടമ്പടി വച്ചിട്ടുള്ളതോ ആയ പദ്ധതികളൊന്നും തന്നെയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി

86 (4810) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :
ശ്രീ. ജോബ് മൈക്കിൾ :
ഡോ. എൻ. ജയരാജ് :
ശ്രീ. പ്രമോദ് നാരായൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെന്ന നിലയിൽ പ്രാദേശിക പത്രപ്രവർത്തകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ?

ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. '2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം' (കേന്ദ്ര നിയമം) പ്രകാരം 2-2-2016-ലെ ജി.ഒ. (പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്കുള്ള അർഹതയും ഉണ്ടായിരിക്കുന്നതാണ്. പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാനുള്ള അവസരമുണ്ട്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത

തൊഴിലാളികൾക്ക് 19-8-2019-ലെ സ.ഉ.(സാധാ) നമ്പർ 1005/2019/തൊഴിൽ പ്രകാരം ടി പദ്ധതിയിൽ അംഗങ്ങളായി ചേരാൻ സൗകര്യമുണ്ട്. ഈ പദ്ധതിയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000 രൂപ വരെ ചികിത്സാ സഹായമായി ലഭിക്കും. അതിനാൽ, പ്രാദേശിക പത്രപ്രവർത്തകർക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരം നൽകുകയും ഈ പദ്ധതിമുഖേന പ്രാദേശിക പത്രപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കാവുന്നതുമാണ്.

## പ്രാദേശിക മാധ്യമ പ്രവർത്തകർ

87 (4811) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക മാധ്യമപ്രവർത്തകരുടെ വിവരം സംബന്ധിച്ച് കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരമൊരു കണക്കെടുക്കാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടില്ല.

(ബി) പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ജില്ലാതല അക്രെഡിറ്റേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ ആലോചിച്ചിട്ടില്ല.

(സി) പ്രാദേശിക മാധ്യമപ്രവർത്തകരുടെ വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കമ്മീഷനെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

## പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

88 (4812) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് നിലവിൽ നൽകി വരുന്ന ഇളവുകൾ എന്താണെന്നും കൂടുതൽ ഇളവുകൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായ വായ്പാപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ്(NDPREM). 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. ബാങ്കുകളുടെയും അപേക്ഷകരുടെയും ആവശ്യകതയനുസരിച്ച് പ്രായോഗികതയുള്ള ഒരു പദ്ധതി ആരംഭിക്കുന്നതിന് ഏകദേശം 30 ലക്ഷം രൂപ വരെയുള്ള പദ്ധതി ചെലവ് വരുമെന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതിയുടെ മൂലധനച്ചെലവ് 30 ലക്ഷം രൂപ വരെയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി അനുവദിക്കുന്നതിനുള്ള ലോക്ക് ഇൻ പീരിയഡ് മൂന്ന് വർഷമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനും കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സംരംഭകർക്കാവശ്യമായ അടിസ്ഥാനപരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ സംരംഭകത്വ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ നോർക്ക റൂട്ട്സ്, സി.എം.ഡി. മുഖാന്തരം എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ഏകദേശം 5642 ശാഖകളിലായി വായ്പാലഭ്യത വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങൾക്കുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി (പ്രവാസി-ഭദ്രത). കോവിഡ്-19 മഹാമാരിയെത്തുടർന്ന് ലോകവ്യാപകമായി സൃഷ്ടിച്ച പ്രതിസന്ധി, പ്രവാസി കേരളീയരുടെ തൊഴിലിനെയും തൊഴിൽ സാദ്ധ്യതകളെയും ബാധിക്കുകയും നിരവധി പ്രവാസി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരിച്ചെത്തിയവരെയും വിദേശങ്ങളിൽ തൊഴിൽചെയ്ത് മടങ്ങിയെത്തുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും 2021-22

ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ പൊതുമേഖലാ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, കെ.എസ്.ഐ.ഡി.സി. എന്നിവ വഴി പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയായ പ്രവാസി ഭദ്രതയുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുന്നു.

1. നാനോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം - കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന പലിശരഹിത വായ്പാ പദ്ധതിയാണ് നാനോ എന്റർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകൾ ഇതിലൂടെ ലഭിക്കുന്നു.

2. മൈക്രോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം-ഷെഡ്യൂൾ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള സംരംഭകത്വ വായ്പകൾക്ക് ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും നിശ്ചിത ശതമാനം പലിശ സബ്സിഡിയും ഇതിലൂടെ നൽകുന്നു.

3. മെഗാ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (കെ.എസ്.ഐ.ഡി.സി. മുഖേന) - 25 ലക്ഷം മുതൽ 2 കോടി രൂപ വരെയുള്ള സംരംഭങ്ങൾക്ക് നിശ്ചിത ശതമാനം പലിശ സബ്സിഡി ഇതിലൂടെ നൽകുന്നു.

## പ്രവാസികൾക്ക് നൽകുന്ന സഹായങ്ങൾ

89 (4813) ശ്രീ. തോമസ് കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് ഈ സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പ്രവാസി ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ വിശദമാക്കുന്നു :

1. സാന്ത്വന പദ്ധതി

പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതി.

2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)

വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിൻതുണ നൽകുന്ന പദ്ധതി. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു.

3. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)

പ്രവാസികളായ മലയാളികളിൽനിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു.

4. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെയും വിദേശതൊഴിൽ അവസാനിപ്പിച്ചുവരുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള ഈ പുതിയ പദ്ധതിക്കായി 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

5. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേയ്ക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് (എച്ച്.ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കാനുള്ള കേരളത്തിൽനിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് നോർക്ക-റൂട്ട്സ്.

6. ജോബ് പോർട്ടൽ

മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും

കേരളത്തിലെ യുവതീയുവാക്കളെ വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കാനായി നൈപുണ്യ നവീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .

8. <u>സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം</u>

രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, ആശയ വിനിമയ വൈദഗ്ധ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. <u>മാർക്കറ്റ് റിസർച്ച് പദ്ധതി</u>

നിയമപരവും സുരക്ഷിതവുമായി വിദേശത്ത് തൊഴിൽ ലഭിക്കാൻ നോർക്ക റൂട്ട്സിൽ റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസേർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

10. <u>പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ</u>

വിദേശത്ത് തൊഴിൽ തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

11. <u>പ്രവാസി നിയമസഹായ പദ്ധതി</u>

വിദേശ രാജ്യങ്ങളിൽ വിവിധ തരത്തിലുള്ള നിയമ പ്രശ്നങ്ങൾ നേരിടുന്ന പ്രവാസികൾക്ക് അതത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ നിയമ സഹായം ലഭ്യമാക്കുന്ന പദ്ധതിക്കായി 6 ജി.സി.സി. രാജ്യങ്ങളിൽ 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട് .

12. <u>ഗ്ലോബൽ കോൺടാക്റ്റ് സെന്റർ</u>

പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും സംശയ നിവാരണത്തിനും ഉതകുന്ന ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന ലോകോത്തര മാതൃകയിലുള്ള ഗ്ലോബൽ കോൺടാക്റ്റ് സെന്റർ നോർക്ക റൂട്ട്സ് വഴി 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

13. <u>വനിത എൻ.ആർ.ഐ. സെൽ</u>

കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത എൻ.ആർ.ഐ സെൽ രൂപീകരിച്ചു.

14. ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി

പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

15. നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി.

16. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം

പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിപ്രകാരം പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് പരമാവധി 3 ലക്ഷം രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു.

17. പ്രവാസി ക്ഷേമ വികസന സഹകരണ സംഘം

പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

18. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ അസുഖബാധിതരായി നാട്ടിലേയ്ക്കുമടങ്ങുന്ന വിദേശ മലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നു. ഈ സേവനം ഇപ്പോൾ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേയ്ക്കും നീട്ടിയിട്ടുണ്ട്.

19. എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി

അടിയന്തര ഘട്ടങ്ങളിൽ, വിദേശ രാഷ്ട്രങ്ങളിലുള്ള പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ, തൊഴിൽ സ്ഥലത്ത് നിന്നോ നാട്ടിലുള്ള വിമാനത്താവളങ്ങളിൽ സ്വീകരിച്ച് അതത് പ്രദേശങ്ങളിലേയ്ക്ക്/ ആശുപത്രികളിലേയ്ക്ക് എത്തിക്കുന്നതിന് എമർജൻസി റിപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

20. <u>നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം</u>

എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ, വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ, സ്പോൺസറോ സഹായിക്കാനില്ലാത്തപക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നു.

21. <u>നോർക്ക ഐഡി കാർഡ്</u>

നോർക്ക ഐഡി കാർഡ് എടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടംമൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും അപകടംമൂലമുള്ള ഭാഗികമോ/സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നു.

22. <u>ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി</u>

2021 ജനുവരി മാസത്തിൽ ആരംഭിച്ച പദ്ധതിയിൽ, വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയിൽ 18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ വിശദമാക്കുന്നു.

(1) പെൻഷൻ - 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2,000 രൂപ മിനിമം പെൻഷൻ നൽകിവരുന്നു. 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടാൻ പാടുള്ളതല്ല.

(2) കുടുംബ പെൻഷൻ-ഒരു അംഗം പെൻഷന് അർഹത നേടിയതിന് ശേഷം മരണമടയുന്നപക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം അയാളുടെ നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബ പെൻഷനായി ലഭിക്കുന്നതാണ്.

(3) അവശതാ പെൻഷൻ - പ്രവാസി ക്ഷേമ നിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40 ശതമാനത്തിന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(4) മരണാനന്തര ധനസഹായം- പ്രവാസി ക്ഷേമനിധിയിൽ, അംഗമായിരിക്കെ അസുഖംമൂലമോ അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്ത് നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(5) ചികിത്സാ ധനസഹായം-ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ അൻപതിനായിരം രൂപ വരെ ചികിത്സ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) വിവാഹ ധനസഹായം-കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹച്ചെലവിനായി 10,000 രൂപ ഒരംഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(7) പ്രസവാനുകൂല്യം- തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 3,000 രൂപയും ഗർഭം അലസൽ സംഭവിച്ചവർക്ക് 2,000 രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(8) വിദ്യാഭ്യാസ ആനുകൂല്യം- രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4,000 രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(9) പ്രവാസി ഡിവിഡന്റ് പദ്ധതി- പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനായുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയിൽ നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനം വരെ സുസ്ഥിരമായ മാസ വരുമാനം ഉറപ്പാക്കുന്നു. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽനിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസന ത്തിനായി വിനിയോഗിക്കുന്നതുമാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിലവിൽ നിക്ഷേപകർക്ക് ഉറപ്പാക്കപ്പെട്ട 10% ഡിവിഡന്റ് നൽകുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും അദ്ദേഹത്തിന്റെ കാലശേഷം ജീവിത പങ്കാളിക്കും പ്രതിമാസമായി ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം ആദ്യ 3 വർഷത്തെ ഡിവിഡന്റ് ഉൾപ്പെടെയുള്ള നിക്ഷേപ തുക നോമിനി/അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും.

(ബി) തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയുമാണ് പദ്ധതിമുഖേന ലഭിക്കുക. ഇത്തരത്തിൽ തിരിച്ചെത്തിയവരെയും കോവിഡ് പ്രതിസന്ധിമൂലം വിദേശങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവരെയും പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതി ലേയ്ക്കായി 2021-22 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) പ്രവാസികളുടെ പെൻഷൻ, ചികിത്സാസഹായം, മറ്റ് വിവിധ സഹായങ്ങൾ എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിന് പ്രത്യേക നടപടിയുണ്ടാകുമോ?

2021-22 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ, പ്രവാസി ക്ഷേമനിധി അംശദായം വിദേശത്തുള്ളവരുടേത് 350 രൂപയായും നാട്ടിൽ തിരിച്ചെത്തിയവരുടേത് 200 രൂപയായും വർദ്ധിപ്പിക്കുന്നതിനും പെൻഷൻ തുക യഥാക്രമം 3,500 രൂപയും 3,000 രൂപയുമായി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് സഹായങ്ങൾക്കുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം കോവിഡ്-19 സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇപ്പോൾ പരിഗണനയിലില്ല.

## പ്രവാസികൾക്ക് ധനസഹായം

90 (4814) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക മുഖാന്തരം പ്രാസികൾക്ക് ഏതൊക്കെ ആനുകൂല്യങ്ങൾ, സഹായങ്ങൾ, പദ്ധതികൾ എന്നിവ ലഭ്യമാക്കുന്നെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ പ്രവാസി ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) കോവിഡ്-19 പശ്ചാത്തലത്തിൽ നാട്ടിൽ വന്ന് തിരിച്ചു പോകാൻ കഴിയാത്ത പ്രവാസികൾക്ക് എന്ത് സഹായമാണ് നോർക്ക ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നോർക്കയിൽ ധനസഹായത്തിനായി എത്ര പ്രവാസികൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് സഹായം അനുവദിച്ചെന്നും വ്യക്തമാക്കുമോ; ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളവർക്ക് ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് -19 പശ്ചാത്തലത്തിൽ 2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/തൊഴിൽ വിസയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്ത പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖാന്തരം 5,000 രൂപവീതം അടിയന്തര ധനസഹായവും കോവിഡ് ബാധിതരായവർക്ക് സാന്ത്വന പദ്ധതി പ്രകാരം 10,000 രൂപ വീതം ധനസഹായവും നൽകുന്നതിനും പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ 1,000 രൂപ വീതം ഒറ്റത്തവണ ധനസഹായവും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപ വീതം ധനസഹായവും നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നോർക്ക റൂട്ട്സിൽ ലഭ്യമായ 1,75,474 അപേക്ഷകളിൽ അർഹരായ 1,28,799 പേർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായവും പ്രവാസി ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്ന 14218 പേർക്ക് 1,000 രൂപ ഒറ്റത്തവണ ധനസഹായവും (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) അനുവദിച്ചിട്ടുണ്ട്. കോവിഡ് ബാധിതരായ പ്രവാസികളിൽ 141 പേർക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡ് അംഗങ്ങളായിട്ടുള്ള 1157 പേർക്ക് ബോർഡ് മുഖാന്തരവും 10,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ വന്ന് തിരിച്ച് വിദേശത്തേയ്ക്ക് പോകാൻ കഴിയാതെ സാമ്പത്തിക പ്രയാസം നേരിടുന്ന ധാരാളം പ്രവാസികളുടെ ദയനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ സർക്കാറിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന സമാശ്വാസ പദ്ധതികളായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിക്കുന്നതിനായി, നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം 18 കോടി രൂപയിൽനിന്നും 24.4 കോടി രൂപയായും സാന്ത്വന പദ്ധതിയുടെ വിഹിതം 27 കോടി രൂപയിൽനിന്നും 30 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളെയും, വിദേശ തൊഴിൽ അവസാനിപ്പിച്ച് വരുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും, സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്ന നൂതന സംരംഭം ആരംഭിക്കുന്നതിനായി 50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാനുള്ള അടിയന്തരനടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡുമൂലം നാട്ടിലും വിദേശത്തും മരണമടഞ്ഞ പ്രവാസികളുടെ അവിവാഹിതരായ പെൺകുട്ടികൾക്ക് പ്രമുഖ പ്രവാസി വ്യവസായി രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം വിതരണം ചെയ്യുന്ന പ്രവാസി തണൽ പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, തൊഴിൽദാതാക്കളിൽനിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇന്ത്യൻ എംബസികൾ വഴി സഹായം തേടുന്നതിനുള്ള സംവിധാനവും നോർക്ക വകുപ്പ് ഒരുക്കിയിട്ടുണ്ട്. ആയിരം കോടി രൂപയുടെ പ്രത്യേക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് .

(ഡി) ഇത്തരത്തിൽ നാട്ടിലുള്ള പ്രവാസികൾക്ക് വിദേശത്ത് തിരിച്ച് പോകാൻ ഭാരിച്ച തുക വേണ്ടിവരുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി പ്രവാസികൾക്ക് വിമാന ടിക്കറ്റിന് സാമ്പത്തിക സഹായമോ ഒരു വർഷ കാലാവധിയിൽ പലിശരഹിത വായ്പയോ നൽകാൻ തയ്യാറാകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവാസികൾക്ക് വിമാന ടിക്കറ്റിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലില്ല.

## വിദേശ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ

91 (4815) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ഉപരിപഠനം, പ്രൊഫഷണൽ വിദ്യാഭ്യാസം എന്നിവയ്ക്ക് പോകുന്ന വിദ്യാർത്ഥികൾക്ക് പ്രവാസിക്ഷേമ വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ വിശദമാക്കുമോ; വിദ്യാർത്ഥികൾക്ക് കരാർ ഉടമ്പടികൾക്ക് വിരുദ്ധമായ അനുഭവങ്ങൾ നേരിടേണ്ടി വരുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ?

വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കേരളീയരായ വിദ്യാർത്ഥികളുടെ വിവരശേഖരണത്തിനായി നോർക്കാ സ്റ്റുഡൻറ്സ് ഐ.ഡി. കാർഡ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 4 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്ന പ്രസ്തുത പദ്ധതിയിൽ വിദേശരാജ്യങ്ങളിലേയ്ക്ക് പഠനത്തിനായി പ്രവേശന നടപടികൾ പൂർത്തിയാക്കിയ മലയാളി വിദ്യാർത്ഥികൾക്കും, നിലവിൽ വിദേശത്ത് പഠിക്കുന്നവർക്കും അംഗത്വമെടുക്കാവുന്നതാണ്. കരാർ സംബന്ധമായ ഉടമ്പടികൾക്ക് വിരുദ്ധമായ അനുഭവങ്ങൾ നേരിടേണ്ടിവരുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽനിന്നും പരാതികളൊന്നും ലഭ്യമായിട്ടില്ല.

(ബി) ഉപരിപഠനത്തിന് വിദേശത്ത് പ്രവേശനം ലഭ്യമാക്കുന്ന ഏജൻസികൾക്ക് സർക്കാർ അംഗീകാരം നൽകുന്നുണ്ടോ; സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര അംഗീകൃത ഏജൻസികളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ?

ഉപരിപഠനത്തിന് വിദേശത്ത് പ്രവേശനം ലഭ്യമാക്കുന്ന ഏജൻസികൾക്ക് അംഗീകാരം നൽകുന്നത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. അത്തരത്തിലുള്ള വിവരങ്ങൾ സർക്കാരിന്റെ പക്കൽ ലഭ്യമല്ല.

## നോർക്ക റൂട്ട്സ്

92 (4816) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളെ സഹായിക്കാനായി നോർക്ക റൂട്ട്സ് വഴി നടത്തുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ :

പ്രവാസി ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ വിശദമാക്കുന്നു :

1. സാന്ത്വന പദ്ധതി

പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതി.

2. പ്രവാസി പുനരധിവാസ പദ്ധതി (NDPREM)

വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിൻതുണ നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതി. 30 ലക്ഷം രൂപവരെയുള്ള വായ്പക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ ) 3% പലിശ സബ്സിഡിയും ലഭിക്കുന്നതാണ്. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു.

3. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)

പ്രവാസികളായ മലയാളികളിൽനിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു.

4. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന

കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെയും വിദേശതൊഴിൽ അവസാനിപ്പിച്ച് വരുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും, സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിക്കായി 50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്.

5. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേയ്ക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് (എച്ച്. ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസി കൂടിയാണ് നോർക്ക-റൂട്ട്സ് .

6. ജോബ് പോർട്ടൽ

മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും

കേരളത്തിലെ യുവതീയുവാക്കളെ വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കാനായി നൈപുണ്യ നവീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .

8. സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം

രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, ആശയ വിനിമയവൈദഗ്ധ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനായി സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. മാർക്കറ്റ് റിസർച്ച് പദ്ധതി :

നിയമപരവും സുരക്ഷിതവുമായി വിദേശത്ത് തൊഴിൽ ലഭിക്കാൻ നോർക്ക റൂട്ട്സിൽ റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യ വികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

10. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ

വിദേശത്ത് തൊഴിൽ തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

11. <u>പ്രവാസി നിയമസഹായ പദ്ധതി</u>

വിദേശ രാജ്യങ്ങളിൽ വിവിധ തരത്തിലുള്ള നിയമപ്രശ്നങ്ങൾ നേരിടുന്ന പ്രവാസികൾക്ക് അതത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സൗജന്യ നിയമസഹായം ലഭ്യമാക്കുന്ന പദ്ധതിക്കായി 6 ജി.സി.സി. രാജ്യങ്ങളിൽ 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട് .

12. <u>ഗ്ലോബൽ കോൺടാക്റ്റ് സെന്റർ</u>

പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരത്തിനും, സംശയ നിവാരണത്തിനുമുതകുന്ന ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന ലോകോത്തര മാതൃകയിലുള്ള ഗ്ലോബൽ കോൺടാക്റ്റ് സെന്റർ നോർക്ക റൂട്ട്സ് വഴി 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

13. <u>വനിത എൻ.ആർ.ഐ. സെൽ</u>

കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത എൻ.ആർ.ഐ സെൽ രൂപീകരിച്ചു.

14. <u>ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി</u>

പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

15. <u>നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി</u>

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി.

16. <u>പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം</u>

പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി. പ്രവാസികൾ അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള ഇത്തരം സഹകരണ സംഘങ്ങൾക്ക് പരമാവധി 3 ലക്ഷം രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു.

17. <u>പ്രവാസി ക്ഷേമ വികസന സഹകരണ സംഘം</u>

പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

18. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് -

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശ മലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതിക ശരീരം കേരളത്തിലെ വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നു. ഈ സേവനം ഇപ്പോൾ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേയ്ക്കും നീട്ടിയിട്ടുണ്ട്.

19. എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി

അടിയന്തര ഘട്ടങ്ങളിൽ, വിദേശ രാഷ്ട്രങ്ങളിലുള്ള പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്തുനിന്നോ, തൊഴിൽ സ്ഥലത്തുനിന്നോ നാട്ടിലുള്ള വിമാനത്താവളങ്ങളിൽ സ്വീകരിച്ച് അതത് പ്രദേശങ്ങളിലേയ്ക്ക്/ ആശുപത്രികളിലേയ്ക്കെത്തിക്കുന്നതിന് എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

20. നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം

എമർജൻസി റിപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയിൽ, വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ സ്പോൺസറോ സഹായിക്കാനില്ലാത്തപക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നു.

21. ലോക കേരളസഭ

ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുംവേണ്ടി ലോക കേരള സഭക്ക് രൂപം നൽകി.

22. ലോക കേരള കേന്ദ്രം

കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസി കാര്യവകുപ്പിന്റെ (നോർക്ക) അധീനതയിൽ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നത്.

23. <u>നോർക്ക ഐഡി കാർഡ്</u>

നോർക്ക ഐഡി കാർഡെടുക്കുന്ന പ്രവാസിക്ക് നിലവിൽ അപകടംമൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും അപകടംമൂലമുള്ള ഭാഗികമോ/ സ്ഥിരമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു .

24. <u>ക്രിട്ടിക്കൽ കെയർ ഇൻഷ്വറൻസ് പദ്ധതി</u>

2021 ജനുവരി മാസത്തിൽ ആരംഭിച്ച പദ്ധതിയിൽ, വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്ക് ഗുരുതര അസുഖങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പോളിസിയിൽ പറയുന്ന പ്രകാരമുള്ള രോഗമുണ്ടായാൽ ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും കൂടാതെ 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയിൽ 18-നും 60-നും മദ്ധ്യേ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്നതാണ്.

(ബി) കോവിഡ് മഹാമാരി കാരണം ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് നോർക്ക റൂട്ട്സ് മുഖേന ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

കോവിഡ് -19 പശ്ചാത്തലത്തിൽ 2020 ജനുവരി 1 മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്തവർക്ക് 5,000 രൂപവീതം അടിയന്തര ധനസഹായം നൽകുകയും കോവിഡ് ബാധിച്ച പ്രവാസികൾക്ക് 10,000 രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെയും വിദേശ തൊഴിൽ അവസാനിപ്പിച്ച് വരുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന എന്ന നൂതന പദ്ധതി ആരംഭിക്കുന്നതിനായി 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കൂടാതെ, തൊഴിൽദാതാക്കളിൽനിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇന്ത്യൻ എംബസികൾ വഴി സഹായം തേടുന്നതിനുള്ള സംവിധാനവും നോർക്ക വകുപ്പ് ഒരുക്കിയിട്ടുണ്ട്. ആയിരം കോടി രൂപയുടെ പ്രത്യേക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് .

**നിയമസഭാ കേസിലെ വിചാരണ**

93 (4817) ശ്രീ. ടി. ജെ. വിനോദ് :

ശ്രീമതി കെ. കെ. രമ :

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2015-ൽ നടന്ന നിയമസഭാ കൈയ്യാങ്കളി കേസിലെ പ്രതികൾ വിചാരണ നേരിടണമെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ടോ;

&

(ബി) പ്രസ്തുത കേസിൽ ഏതൊക്കെ നിയമത്തിലെ എന്തൊക്കെ വകുപ്പുകൾക്കാണ് പ്രതികൾ വിചാരണ നേരിടണമെന്ന് സുപ്രീം കോടതി വിധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/2015 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്തതും തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 790/2016-ാം നമ്പരായി നിലവിലുള്ളതുമായ കേസിൽ CrPC യുടെ 321-ാം വകുപ്പുപ്രകാരമുള്ള അധികാരമുപയോഗിച്ച് പിൻവലിക്കുന്നതിൽ സർക്കാരിന് എതിർപ്പില്ലായെന്ന് ജില്ലാ കളക്ടറെ അറിയിച്ചിരുന്നു. എന്നാൽ വിചാരണ കോടതി അനുമതി നൽകാത്തതിനെ തുടർന്ന് ബന്ധപ്പെട്ടവർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ആവശ്യം അംഗീകരിക്കാത്തതിനെതിരെ ടി കേസിലെ കക്ഷികൾ ബഹു.സുപ്രീംകോടതിയെ സമീപിക്കുകയുമുണ്ടായെങ്കിലും ബഹുമാനപ്പെട്ട സുപ്രീം കോടതി ഹർജിക്കാരുടെ ആവശ്യം അംഗീകരിച്ചില്ല. ടി കേസിൽ ഇന്ത്യൻ ശിക്ഷാനിയമം 447, 427, r/w 34-ഉം PDPP Act 1984 വകുപ്പ് 3(1) എന്നീ വകുപ്പുകളുമാണ് പോലീസിന്റെ അന്തിമ റിപ്പോർട്ടിലുള്ളത്.

(സി) സംസ്ഥാനത്ത് പൊതുമുതൽ നശിപ്പിക്കുന്നത് കുറ്റകരമാകുന്നത് ഏതെല്ലാം നിയമപ്രകാരമാണെന്ന് അറിയിക്കുമോ?

സാധാരണഗതിയിൽ കുറ്റകൃത്യത്തിനനുസൃതമായി 1860-ലെ ഇന്ത്യൻ പീനൽ കോഡിലെ വകുപ്പുകളും കൂടാതെ 1984-ലെ പൊതുസമ്പത്ത് നാശനഷ്ടപ്പെടുത്തുന്നത് തടയൽ നിയമത്തിലെ വകുപ്പുകളുമാണ് ബാധകമാകുന്നത്.

**പോലീസ് കമ്മീഷണർമാർക്ക് മജിസ്റ്റീരിയൽ അധികാരം**

94 (4818) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ, മാഫിയ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് പോലീസ് കമ്മീഷണർമാർക്ക് മജിസ്റ്റീരിയൽ അധികാരം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപോളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശയിൽ 2007-ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിക്കാൻ 23-1-2013-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. 29-1-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവു പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനത്തിന് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഗുണ്ടാ നിയമപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കേണ്ട കേസുകളുടെ ഫയലുകളിൽ കളക്ടർമാർ കാലതാമസം വരുത്തുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

&

(സി) പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പരിശോധിച്ചിട്ടില്ല.

**വർഗ്ഗീയ സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സേനാവിഭാഗം**

95 (4819) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർഗ്ഗീയ സംഘർഷങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന പോലീസിൽ പ്രത്യേക സേനാവിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല.

## കൊടകര കുഴൽപ്പണക്കേസിലെ കുറ്റപത്രം

96 (4820) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ :
ശ്രീ. ടി. ഐ. മധുസൂദനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകരയിൽ പണം കവർച്ച നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തെത്തുടർന്ന് കുഴൽപ്പണ ഇടപാട് സംബന്ധിച്ച് കുറ്റാന്വേഷണ വിഭാഗം കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിലെ പ്രധാന ചാർജ്ജുകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

ഇതുസംബന്ധിച്ച് കൊടകര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം. നമ്പർ 146/21 U/S 395 IPC കേസിലെ അന്വേഷണം നടത്തി പ്രതികൾക്കെതിരെ 23-07-2021 തീയതി സമർപ്പിച്ച കുറ്റപത്രത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(b), 395, 412, 212, 427, 201 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത് .

(ബി) ഒരു ദേശീയ രാഷ്ട്രീയപാർട്ടി സ്വതന്ത്രമായ തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കുകയെന്ന ലക്ഷ്യത്തോടെ വൻ തുക സംസ്ഥാനത്തിനു പുറത്തു നിന്നെത്തിച്ചെന്നും സംസ്ഥാനത്തെ അസംബ്ലി മണ്ഡലങ്ങളിൽ വിതരണം ചെയ്തെന്നുമുള്ള വിഷയം ഇലക്ഷൻ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ?

തെരഞ്ഞെടുപ്പ് ആവശ്യത്തിന് എറണാകുളം ജില്ലയിലേയ്ക്ക് കൊണ്ടുപോകുകയായിരുന്ന മൂന്നരക്കോടി രൂപ തൃശ്ശൂർ ജില്ലയിൽ വച്ച് തട്ടിയെടുത്തത് സംബന്ധിച്ച കേസിന്റെ അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കെ ടി കേസിൽ കള്ളപ്പണം വെളിപ്പിക്കുന്നത് സംബന്ധമായ കുറ്റകൃത്യങ്ങൾ ഉണ്ടോയെന്ന സാധ്യതയെപ്പറ്റി അന്വേഷിക്കുന്നുണ്ടെന്നും ആയതിന്റെ ആവശ്യത്തിലേയ്ക്ക് വിവരങ്ങൾ ലഭ്യമാക്കണമെന്ന് കാണിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിലും തൃശ്ശൂർ അസിസ്റ്റന്റ് ഇൻകംടാക്സ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത വകുപ്പുകളിലേയ്ക്ക് വിശദമായ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. 7-5-2021-ലും 8-6-2021-ലും മേൽ കേസ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു.

(സി) എൻഫോഴ്സ്മെന്റ് വിഭാഗമോ ആദായ നികുതി വകുപ്പോ ഈ കുഴൽപ്പണ കേസ് ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

എൻഫോഴ്സ്മെന്റ് ഡയറക്ടറും ആദായ നികുതി വകുപ്പും കേസിന്റെ വിവരങ്ങൾ ആരാഞ്ഞതല്ലാതെ ഈ കാര്യത്തിൽ അവർ സ്വീകരിച്ച നിലപാട് സംബന്ധിച്ച വിവരം ലഭ്യമല്ല.

**പോലീസ് ടെലികമ്മ്യൂണിക്കേഷനിൽ ടെക്നിക്കൽ കേഡർ**

97 (4822) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ടെലികമ്മ്യൂണിക്കേഷനിൽ ടെക്നിക്കൽ കേഡർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സബ്ഡിവിഷനുകളാണ് ഇപ്രകാരം രൂപീകരിച്ചത്?

പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകളിലെ തസ്തികകൾ ടെക്നിക്കൽ വിഭാഗം തസ്തികകളാണ്.

(ബി) പ്രസ്തുത സബ്ഡിവിഷനുകളിലേയ്ക്ക് കമ്പ്യൂട്ടർ, എ.സി. എന്നിവ വാങ്ങിയ വകയിൽ എന്ത് തുക ചെലവഴിച്ചു?

പോലീസ് ടെലികമ്മ്യൂണിക്കേഷൻ ടെക്നിക്കൽ വിഭാഗത്തിന്റെ ഉപയോഗത്തിനായി 12,49,127 രൂപ ചെലവഴിച്ച് 25 ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

(സി) പ്രസ്തുത ടെക്നിക്കൽ കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ടെക്നിക്കൽ തസ്തികയിൽ റിക്രൂട്ട് ചെയ്യപ്പെടുന്നവർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്.

**പോലീസ് സേനയിലെ നിയമനങ്ങളും പ്രൊമോഷനും**

98 (4823) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രൂപീകരണത്തിനുശേഷം സ്പെഷ്യൽ റൂൾസ് പ്രകാരം നിലവിൽ വന്ന ആംഡ് പോലീസ് ബറ്റാലിയൻ, ഡിസ്ട്രിക്ട് ആംഡ് റിസർവ്, ജനറൽ എക്സിക്യൂട്ടീവ് എന്ന സംവിധാനത്തിൽ എന്തെങ്കിലും മാറ്റം സ്റ്റാറ്റ്യൂട്ടറി സമ്പ്രദായപ്രകാരം നിലവിൽ വന്നിട്ടുണ്ടോ;

&

(ബി) സംസ്ഥാനത്തെ എത്ര പോലീസ് ജില്ലകളിൽ ഡിസ്ട്രിക്ട് ആംഡ് റിസർവ് നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ?

കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പ് തന്നെ ആംഡ് പോലീസ് ബറ്റാലിയൻ/റിസർവ്, ജനറൽ എക്സിക്യൂട്ടീവ് എന്നിവ വിവിധ ഘടകങ്ങളായി നിലവിലുണ്ടായിരുന്നു. ഇതിൽ ആംഡ് ബറ്റാലിയൻ, ആംഡ് റിസർവ് എന്നീ യൂണിറ്റുകളെ 10-12-2010-ലെ സ.ഉ.(പി.) 268/2010/ആഭ്യന്തരം ഉത്തരവുപ്രകാരം 1-4-2010 മുതൽ സംയോജിപ്പിച്ച് കേരള സിവിൽ പോലീസ് രൂപീകരിച്ചിട്ടുണ്ട്. അതിനാൽ ആംഡ് റിസർവ് നിലവിലില്ല.

(സി) ആംഡ് റിസർവിൽ എച്ച്.സി., ആർ.എ.എസ്.ഐ., ആർ.എസ്.ഐ., ആർ.ഐ., എ.സി., ഡി.സി. കമാൻഡന്റ് പോസ്റ്റുകളിൽ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഏതെല്ലാം ജില്ലകളിൽ; ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2010-ൽ എ.ആർ-ലോക്കൽ സംയോജന സമയത്ത് ആംഡ് റിസർവ് കേഡറിലുള്ളവർക്ക് എല്ലാ ആനുകൂല്യങ്ങളോടുകൂടി പോകുന്നതിന് അനുമതി നൽകിയിരുന്നു. ആംഡ് റിസർവ് കേഡറിലെ ഭൂരിപക്ഷം പോലീസ് കോൺസ്റ്റബിൾമാരും സിവിൽ പോലീസിൽ ജോയിൻ ചെയ്തു. വളരെ കുറച്ചുപേർ ക്ലോസ്ഡ് യൂണിറ്റിൽ തുടർന്നു. ഇപ്രകാരം ക്ലോസ്ഡ് എ.ആർ. കേഡറിൽ തുടരുന്നവർ മറ്റുവിധത്തിൽ യോഗ്യനാണെങ്കിൽ സംയോജനം ഇല്ലാതിരുന്നുവെങ്കിൽ ഏത് തീയതിയിൽ പ്രൊമോഷൻ ലഭിക്കുമായിരുന്നുവോ അന്ന് പ്രൊമോഷൻ ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. അപ്രകാരം ഡിവൈ.എസ്.പി. ഹയർ ഗ്രേഡ്/അസിസ്റ്റന്റ് കമ്മീഷണർ/ ഇൻസ്പെക്ടർ റാങ്ക് തസ്തികകൾക്ക് സമാനമായ ഡെപ്യൂട്ടി കമാന്റന്റ്, എ.സി, ആർ.ഐ. തസ്തികകളിലേയ്ക്ക് പ്രൊമോഷൻ പ്രതീക്ഷിക്കുന്ന ഒഴിവു തീയതി കണക്കാക്കി സ്ഥാനക്കയറ്റം നൽകുകയും അതുവഴി ഉയർന്ന തസ്തികയിലേയ്ക്ക് നിയമനം നൽകുകയും ചെയ്യുന്നതിന് നിലവിൽ യാതൊരു തടസ്സവുമില്ല. ജില്ലാ സായുധ റിസർവ് നിർത്തലാക്കിയ ഘട്ടത്തിൽ നിലനിന്നിരുന്ന തസ്തികയിൽ മേൽപ്രകാരമുള്ള സ്ഥാനക്കയറ്റത്തിന് അർഹത നേടുന്നതിനനുസൃതമായി പ്രൊമോഷൻ ലഭിക്കും. സിവിൽ പോലീസ് രൂപീകരണത്തിനുമുമ്പ് മുകളിലെ റാങ്കുകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിരുന്ന പ്രകാരം തന്നെ അർഹതപ്പെട്ട ഒഴിവുകളിൽ പ്രൊമോഷൻ നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നിലവിൽ പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരൊഴികെ 36 തസ്തികകൾ നിലനിൽക്കുന്നു.

(ഡി) കോടതിവിധി പ്രകാരമുള്ള പ്രൊമോഷൻ എ.ആർ.-ൽ നടപ്പിലാക്കിയിട്ടുണ്ടോയെന്നും അന്തർജില്ലാ-ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച നടപടിക്രമവും വിശദമാക്കുമോ?

അർഹതപ്പെട്ട പ്രൊമോഷനുകൾ അനുവദിച്ചിട്ടുണ്ട്. സിവിൽ പോലീസ് രൂപീകരണത്തിനുശേഷം ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. ആംഡ് റിസർവ് പി.സി. കേഡർ ഇല്ലാത്തതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ സാഹചര്യം ഇല്ല.

(ഇ) നിലവിൽ പോലീസ് ഉദ്യോഗസ്ഥർക്ക് കെ.എസ്.& എസ്.എസ്.ആർ. ബാധകമാണോയെന്നും അവരുടെ പ്രൊമോഷന് ഇ.ഡി.പി. കണക്കാക്കുന്നുണ്ടോയെന്നും വിശദമാക്കുമോ; ഉണ്ടെങ്കിൽ ആംഡ് പോലീസ്, ആംഡ് റിസർവ്, ജനറൽ എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങി പോലീസിലെ മറ്റ് ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഇ.ഡി.പി. പ്രകാരമാണോ പ്രൊമോഷൻ നൽകുന്നതെന്നും അറിയിക്കുമോ?

എല്ലാ വിഭാഗത്തിനും കെ.എസ്. & എസ്.എസ്.ആർ. പ്രകാരമാണ് പ്രൊമോഷൻ നൽകിവരുന്നത്. എ.ആർ - ലോക്കൽ സംയോജനത്തെ തുടർന്ന് ക്ലോസ് ചെയ്യപ്പെട്ട പഴയ ആംഡ് റിസർവ് വിഭാഗത്തിന് സംയോജനം നടന്നില്ലായിരുന്നുവെങ്കിൽ ലഭിക്കാമായിരുന്ന പ്രൊമോഷൻ പ്രതീക്ഷിക്കുന്ന തീയതിയിൽ തന്നെ അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട്. ക്ലോസ്ഡ് കേഡർ വിഭാഗത്തിന് സംയോജന ഉത്തരവിലെ പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന തീയതി (Expected date of Promotion) മുൻകൂറായി കണക്കാക്കി പ്രൊമോഷൻ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

## ഡ്യൂട്ടിക്കിടയിൽ മരണമടയുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് ആശ്വാസ നടപടികൾ

99 (4824) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഡ്യൂട്ടിക്കിടയിൽ മരണമടയുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് സമയബന്ധിതമായി ആശ്വാസനടപടികൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആശ്രിതർക്ക് അനുഭവവേദ്യമാകേണ്ടുന്ന എല്ലാ ആശ്വാസ നടപടികളും സമയബന്ധിതമായി അനുവദിച്ചു നൽകുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ട്. സേവനത്തിലായിരിക്കെ ഒരു ഉദ്യോഗസ്ഥൻ മരണപ്പെട്ടതായി വിവരം ലഭിച്ചാലുടനെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുകയും അടിയന്തര സഹായങ്ങൾ എത്തിക്കുകയും ചെയ്യുന്നു. അതോടൊപ്പം പോലീസ് വെൽഫെയർ ഫണ്ടുകളിൽ നിന്നും അടിയന്തര സാമ്പത്തിക സഹായവും കുടുംബത്തിനെത്തിക്കുന്നു. തുടർന്ന് മരണപ്പെട്ട ഉദ്യോഗസ്ഥന്റെ അനന്തരാവകാശ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് മറ്റ് ആനുകൂല്യങ്ങളും ബന്ധപ്പെട്ട കുടുംബാംഗങ്ങൾക്ക് നൽകിവരുന്നു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പോലീസ് മേധാവി പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് ഓടുന്ന ബസ്സുകൾ**

100 (4825) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (എ) പ്രകാരം പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് ഓടുന്ന ബസ്സുകൾക്കെതിരെ പോലീസിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (A) പ്രകാരം പെർമിറ്റ് വയലേഷന് 2,000 മുതൽ 5,000 രൂപ വരെ പിഴ ഈടാക്കുന്നു. നിയമ ലംഘനം ആവർത്തിച്ചാൽ പിഴ തുക 10,000 രൂപ വരെ ഈടാക്കുന്നതാണ്. ഗുരുതര നിയമ ലംഘനം നടത്തിയാൽ ടി വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കുക/സസ്പെൻഡ് ചെയ്യുന്ന തടക്കമുള്ള നടപടിയ്ക്ക് ബന്ധപ്പെട്ട ആർ.ടി.ഒ.-യ്ക്ക് റിപ്പോർട്ട് ഹാജരാക്കുന്നതാണ്.

**അന്തിക്കാട് പോലീസ് സ്റ്റേഷൻ**

101 (4826) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് വരുന്നത്?

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ അന്തിക്കാട്, ചാഴൂർ, താന്ന്യം, മണലൂർ, അരിമ്പൂർ എന്നീ അഞ്ച് പഞ്ചായത്തുകളുണ്ട്.

(ബി) വിസ്തൃതമായ ഭൂപ്രദേശത്തിന്റെ ക്രമസമാധാന ചുമതലയുള്ള അന്തിക്കാട് പോലീസ് സ്റ്റേഷനിൽ മതിയായ പോലീസ് ഉദ്യോഗസ്ഥരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അനുവദിക്കപ്പെട്ട തസ്തികകളിൽ ചില ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അന്തിക്കാട് പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണ്?

അന്തിക്കാട് പോലീസ് സ്റ്റേഷന് ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 3, എ.എസ്.ഐ.-2, എസ്.സി.പി.ഒ-8, സി.പി.ഒ.-28, ഡബ്ല്യൂ.സി.പി.ഒ.-3, ഡ്രൈവർ സി.പി.ഒ.-1, പാർട്ട് ടൈം സ്വീപ്പർ - 1 എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സ്റ്റേഷനിലെ നിലവിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ?

അന്തിക്കാട് പോലീസ് സ്റ്റേഷന് നിലവിലുള്ള അംഗസംഖ്യ ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 2, എ.എസ്.ഐ.-1, എസ്.സി.പി.ഒ.-7, സി.പി.ഒ.-28, ഡബ്ല്യൂ.സി.പി.ഒ.-3, ഡ്രൈവർ സി.പി.ഒ.-1, പാർട്ട് ടൈം സ്വീപ്പർ - 1 എന്ന ക്രമത്തിലാണ്.

(ഇ) പ്രസ്തുത സ്റ്റേഷനിൽ ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ ആയത് നികത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഒഴിവുകൾ നികത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സദാചാര പോലീസ് സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ

102 (4827) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചിലർ സദാചാര പോലീസായി നടത്തുന്ന പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ പോലീസിന്റെ കാര്യക്ഷമമായ ഇടപെടലുണ്ടാകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉണ്ട്. പൊതുനിരത്തുകൾ, ഷോപ്പിംഗ് മാളുകൾ, പാർക്കുകൾ തുടങ്ങിയ സ്ഥലങ്ങളിൽ വനിതാ പോലീസ് അടക്കമുള്ളവരുടെ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് സമഗ്രമായ അന്വേഷണം നടത്തി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## വെള്ളോറയിൽ പോലീസ് സ്റ്റേഷൻ

103 (4828) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ വെള്ളോറയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വെള്ളോറയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## നെല്ലിമൂട് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ്

104 (4829) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനു 2020-ൽ നെയ്യാറ്റിൻകര എം.എൽ.എ. ഡി.ജി.പി.-ക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടിയെടുത്തെന്ന് വ്യക്തമാക്കാമോ;

&

(ബി) എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടിയെടുക്കാൻ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എയ്ഡ് പോസ്റ്റ് എപ്പോൾ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന നെല്ലിമൂട് ജംഗ്ഷനിൽ ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ. സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചിരുന്നു. ഇതിനായി അധിക തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലെന്നും നിലവിലുള്ള അംഗബലം ഉപയോഗിച്ച് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്‌ലോഗ്

105 (4830) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നോൺ-ഐ.പി.എസ്. തസ്തികകളിൽ ആകെ എത്ര ഉദ്യോഗസ്ഥരുണ്ട്; പ്രസ്തുത വിഭാഗത്തിൽ മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട എത്ര ഉദ്യോഗസ്ഥരുണ്ടെന്നും ഇതിൽ സംവരണത്തിലൂടെ നിയമിതരായ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ;

(ബി) കേരള പോലീസിൽ മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്‌ലോഗ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം നൽകുമോ;

&

(സി) മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്‌ലോഗ് നികത്തുന്നതിനായി എൻ.സി.എ. വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ടോ; പ്രസ്തുത വിജ്ഞാപനം ഇറക്കിയത് എന്നാണ്; ആയതിൽ നിയമനപ്രക്രിയ ഏതുവരെയായി; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചു വരുന്നു

**പോലീസ് സേനയിൽ ടെക്നിക്കൽ കേഡർ**

106 (4831) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ടെക്നിക്കൽ കേഡർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കേഡറിലേയ്ക്ക് പോലീസിലെ എം.ടെക്., ബി. ടെക്., എം.ബി.എ. തുടങ്ങിയ യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

&

(സി) പ്രസ്തുത ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി എസ്.ഐ. -മാരുടെ കീഴിൽ സബ് ഡിവിഷനുകളിൽ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ?

പോലീസ് വകുപ്പിൽ ടെക്നിക്കൽ തസ്തികകൾ നിലവിലുണ്ട്. അതാതു തസ്തികകളുടെ നിയമനത്തിനുള്ള വിശേഷാൽ ചട്ടപ്രകാരമാണ് നിയമനം നടക്കുന്നത്. പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടെക്നിക്കൽ യോഗ്യതയുടെയും പരിശീലനത്തിന്റെയും അടിസ്ഥാനത്തിൽ പോലീസിന്റെ വിവിധ ഉപകരണങ്ങൾ/മെഷീനുകൾ എന്നിവ നന്നാക്കുക, പരിപാലിക്കുക എന്നിങ്ങനെയുള്ള ജോലികൾക്കായി വിവിധ വിഭാഗങ്ങളിൽ നിയോഗിക്കുന്നു.

**കേരള പോലീസിലെ വനിതാ പ്രാതിനിധ്യം**

107 (4832) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ പോലീസിൽ വനിതാ പ്രാധിനിധ്യം നിലവിൽ എത്ര ശതമാനമാണെന്നറിയിക്കാമോ?

കേരളാ പോലീസിൽ വനിതാ പ്രാതിനിധ്യം നിലവിൽ 9% (ഒൻപത് ശതമാനം) ആണ്. സർക്കാരിന്റെ ഫലപ്രദമായ നടപടിയിലൂടെ നിലവിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 14% - ൽ അധികമായി വർദ്ധിച്ചിട്ടുണ്ട്.

## കൂത്തുപറമ്പ് കേന്ദ്രമായി പുതിയ ട്രാഫിക് യൂണിറ്റ്

108 (4833) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും കൂടുതൽ തിരക്കുള്ള സമയങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചും നഗരങ്ങളിലും പ്രധാന പാതകളുടെ പരിസരങ്ങളിലും മറ്റുമുള്ള അനധികൃത പാർക്കിംഗ് നിയന്ത്രിച്ചും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും ഹൈവേ പോലീസിനെ നിയോഗിച്ചും നിരന്തരം പട്രോളിംഗ് നടത്തിയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റുകയും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർ നാമകരണം ചെയ്യുകയും ചെയ്തു. ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളെ ട്രാഫിക് നിയന്ത്രണത്തിന് മാത്രമുള്ളതാക്കി മാറ്റുന്നതിലൂടെ ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാനും അപകടങ്ങൾ കുറയ്ക്കാനും ഗതാഗതം സുഗമമാക്കാനും സാധിക്കുന്നു.

(ബി) അനുദിനം ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്ന കൂത്തുപറമ്പിൽ ആയത് ശാസ്ത്രീയമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ, എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കൂത്തുപറമ്പ് നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും സ്വകാര്യ വാഹനങ്ങളുടെ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനുമായി മുനിസിപ്പാലിറ്റിയുമായി കൂടിയാലോചിച്ച് പാർക്കിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) കൂത്തുപറമ്പ് കേന്ദ്രമായി പുതിയ ട്രാഫിക്ക് യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

അനുവദിച്ചിട്ടില്ല. കൂത്തുപറമ്പ് കേന്ദ്രമായി പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത യൂണിറ്റിനായി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് എത്രയാണെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

ഫണ്ട് അനുവദിച്ചിട്ടില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

109 (4834) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പേരാമ്പ്ര, മേപ്പയ്യൂർ, പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിലെ എത്ര സ്കൂളുകളിൽ എസ്.പി.സി. നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്കൂളുകളിലും പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലും, മേപ്പയ്യൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലും പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ 1 സ്കൂളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽനിന്നും എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിവരം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ 6 സ്കൂളുകളിലേയ്ക്കും പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 3 സ്കൂളുകളിലേയ്ക്കും മേപ്പയൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2 സ്കൂളുകളിലേയ്ക്കും പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ലഭിക്കുന്നതിനായി അപേക്ഷ സംസ്ഥാന പോലീസ് മേധാവിക്ക് ലഭ്യമായിട്ടുണ്ട്. പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ എസ്.പി.സി പദ്ധതി ലഭിക്കുന്നതിനായി സ്കൂളുകളുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് നടപടി

110 (4835) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന പോലീസ് സേനയിലെ അഴിമതി അവസാനിപ്പിക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന

പരാതികളിൽ, അവയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്തുന്നു. ഇവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും കുറ്റക്കാരായ ഉദ്യോഗസ്ഥരെ വെളിച്ചത്ത് കൊണ്ടുവരുന്നു. പോലീസ് സേനയിലെ ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിൽ പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, വകുപ്പുതല അച്ചടക്ക നടപടി, സ്ഥലംമാറ്റം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളിൽ നൈറ്റ് പട്രോളിംഗിനിടെയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഹൈവേ പോലീസ് വാഹനങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, വകുപ്പുതല അച്ചടക്ക നടപടി, സ്ഥലം മാറ്റം തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) നിലവിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണ് കൈക്കൂലി/അഴിമതി കേസുകളിൽപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

കൈക്കൂലി, അഴിമതി എന്നീ ആരോപണങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളിൽ നിലവിൽ 19 (പത്തൊൻപത്) പോലീസ് ഉദ്യോഗസ്ഥർ അന്വേഷണം നേരിടുന്നു. 26(ഇരുപത്തി ആറ്) പോലീസ് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട വിജിലൻസ് കോടതി മുമ്പാകെ വിചാരണ നേരിടുന്നു.

## കേരള ആന്റി ടെറർ സ്ക്വാഡ്

111 (4836) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് കേരള ആന്റി ടെറർ സ്ക്വാഡ് രൂപീകരിച്ച തീയതി അറിയിക്കാമോ; സ്ക്വാഡിന്റെ ഘടനയും ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പും നിയമന കാലാവധിയും വിശദമാക്കാമോ?

19-12-2013-ലെ സ.ഉ. (എം.എസ്.) നമ്പർ 303/2013/ആഭ്യന്തരം പ്രകാരമാണ് സംസ്ഥാനത്ത് കേരള തീവ്രവാദ വിരുദ്ധ സ്ക്വാഡ് (KATS) രൂപീകരിച്ചിട്ടുള്ളത്. 11-12-2020-ലെ സ.ഉ. (സാധാ)നമ്പർ 2868/2020/ ആഭ്യന്തരം പ്രകാരം ഇതിന്റെ പേര്

Special Operation Group (SOG) എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സ്ക്വാഡിന്റെ ഘടനയും ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പും നിയമന കാലാവധിയും വിശദമാക്കുന്ന സംസ്ഥാന പോലീസ് മേധാവിയുടെ 8-11-2017-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 39/2017-ന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) കെ.എ.റ്റി.എസ്. ഇന്റലിജൻസ് വിഭാഗത്തിലെ അംഗങ്ങളായി ലോക്കൽ സ്റ്റേഷനുകളിലെ എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുവെന്നും എന്നാണ് ഇവരെ നിയമിച്ചതെന്നും എത്ര വർഷമായി ഇവർ മാറ്റമില്ലാതെ ഇന്റലിജൻസ് വിഭാഗത്തിൽ തന്നെ തുടരുന്നുവെന്നും അറിയിക്കാമോ; കെ.എ.റ്റി.എസ് അംഗങ്ങൾക്ക് മൂന്ന് വർഷത്തെ സേവന കാലാവധി എന്ന, പോലീസ് ആസ്ഥാനത്തെ 8-11-2017-ലെ 39/2017 നമ്പർ എക്സിക്യൂട്ടീവ് ഡിറക്ടീവ് കെ.എ.റ്റി.എസ് ഇന്റലിജൻസ് വിഭാഗത്തിന് ബാധകമാണോയെന്ന് അറിയിക്കാമോ?

കെ.എ.റ്റി.എസ്. ഇന്റലിജൻസ് വിഭാഗത്തിലെ അംഗങ്ങളായി ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നും 38 പേരെ നിയമിച്ചിട്ടുണ്ട്. ഇവരിൽ 2014-ൽ 27 പേരെയും 2015-ൽ ഒരാളെയും, 2016-ൽ മൂന്നു പേരെയും 2020-ൽ 7 പേരെയും വിവിധ കാലഘട്ടങ്ങളിലായി ഇന്റലിജൻസ് വിഭാഗത്തിൽ നിയമിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിയെടുത്തു വരുന്നതുമാണ്. സംസ്ഥാന പോലീസ് മേധാവിയുടെ 8-11-2017-ലെ എക്സിക്യൂട്ടിവ് ഡയറക്ടീവ് നമ്പർ 39/2017 പ്രകാരം ലോക്കൽ പോലീസ് സ്റ്റേഷനിൽനിന്ന് കെ.എ.റ്റി.എസ്. വിഭാഗത്തിലേയ്ക്ക് 3 വർഷത്തേക്ക് അറ്റാച്ച് ചെയ്യാവുന്നതാണ്. പ്രത്യേക പരിശീലനം നേടിയ പ്രസ്തുത ഉദ്യോഗസ്ഥരുടെ പ്രവർത്തനമികവും ശാരീരികക്ഷമതയും ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്ത് അതത് ജില്ലാ പോലീസ് മേധാവിമാർക്ക് കാലാവധി നീട്ടാവുന്നതാണ്.

(സി) കെ.എ.റ്റി.എസ്. സ്ക്വാഡിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ റാങ്കനുസരിച്ച് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അധിക അലവൻസ് എത്രയാണ് നൽകുന്നതെന്നും അറിയിക്കാമോ; ഈ ആനുകൂല്യം മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കാതിരിക്കുന്നത് വിവേചനപരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥരും ദൈനംദിന ജോലികളുടെ ഭാഗമായി മാവോയിസ്റ്റ് ഭീഷണി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ കെ.എ.റ്റി.എസ്. അംഗങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

10-2-2021-ലെ സ.ഉ.(പി) നമ്പർ 27/2021/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിലെ സേനാംഗങ്ങൾക്ക് 50% Anti Naxal Operation Special risk allowance ആയി നൽകിവരുന്നുണ്ട്. കൂടാതെ Ration Money Allowance ആയി മാസത്തിൽ 1,000 രൂപയും Uniform allowance ആയി വർഷത്തിൽ 10000 രൂപയും നൽകിവരുന്നുണ്ട്. ആന്റി നക്സൽ ഓപ്പറേഷനു വേണ്ടി പ്രത്യേകം നിയമിക്കപ്പെടുന്നവർക്ക് മാത്രമാണ് മേൽ അലവൻസുകൾ നിലവിൽ നൽകിവരുന്നത്. മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിലും കോളനികളിലും ദൈനംദിന ഡ്യൂട്ടിയുടെ ഭാഗമായി പോലീസുകാർ പോകുമ്പോൾ സായുധരായ സേനാംഗങ്ങൾ അനുഗമിക്കാറുണ്ട്. കെ.എ.റ്റി.എസ്. അംഗങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കുന്നത് പരിഗണനയിലില്ല.

(ഇ) കെ.എ.റ്റി.എസ്. ഇന്റലിജൻസ് വിഭാഗത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ആന്റി-എൽ.ഡബ്ല്യൂ.ഇ. ട്രെയിനിംഗ് പൂർത്തീകരിച്ചവരാണോ എന്നറിയിക്കാമോ; കെ.എ.റ്റി.എസ്. സ്ക്വാഡിലേയ്ക്ക് ഇന്റലിജൻസ് ആന്റി-എൽ.ഡബ്ല്യൂ.ഇ. ട്രയിനിംഗ് പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ പുതുതായി ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

നിലവിൽ വയനാട് ജില്ലയിൽ ഇന്റലിജൻസ് വിഭാഗത്തിൽ ഡ്യൂട്ടി ചെയ്തു വരുന്ന മൂന്നുപേരൊഴികെ മറ്റ് എല്ലാ സേനാംഗങ്ങളും ആന്റി എൽ.ഡബ്ല്യൂ.ഇ. ട്രെയിനിംഗ് പൂർത്തിയാക്കിയവരാണ്. ഈ വിഭാഗത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നികത്തുന്ന മുറയ്ക്ക് ഇക്കാര്യം സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിക്കുന്നതാണ്.

**സർക്കാർ വിരുദ്ധ സമരങ്ങൾ**

112 (4837) ശ്രീമതി കെ. കെ. രമ താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സർക്കാർ വിരുദ്ധ സമരങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ (2016 മുതൽ 5-8-2021 വരെ) സർക്കാർ വിരുദ്ധ സമരങ്ങളുടെ പേരിൽ 7,318 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഇത്തരം സമരങ്ങളുടെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ ആകെ മൂല്യം എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ ഇത്തരം സമരങ്ങളുടെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ ആകെ മൂല്യം 4,01,34,242 (നാലു കോടി ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിരണ്ട്) രൂപയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടെന്നും ആകെ പ്രതികളുടെ എണ്ണം എത്രയെന്നും ഇതിൽ എത്രപേരാണ് ശിക്ഷിക്കപ്പെട്ടതെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ;

സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന് ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എത്ര നിയമസഭാ സാമാജികരും മുൻ നിയമസഭാ സാമാജികരുമാണ് പ്രതികളായിട്ടുള്ളത്; ഇവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ?

സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന് ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ നിലവിലെ നിയമസഭാ സാമാജികൻ ശ്രീ. ടി. സിദ്ദിഖ്, മുൻ നിയമസഭാ സാമാജികരായ ശ്രീ. ശബരീനാഥ്, ശ്രീ.എൽദോ എബ്രഹാം, ശ്രീ. അബ്ദു റബ്ബ് പി. കെ. എന്നിവർ പ്രതികളായിട്ടുണ്ട്.

**മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കെതിരെയുള്ള പോലീസ് നടപടി**

113 (4838) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ, വഴിയോരത്ത് മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീകളോട്, പോലീസ് മനുഷ്യത്വരഹിതമായി പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വഴിയോരത്ത് മത്സ്യക്കച്ചവടം ചെയ്തിരുന്ന ശ്രീമതി മേരി എന്ന സ്ത്രീയുടെ കൈവശമുണ്ടായിരുന്ന മത്സ്യം അഴുക്കു ചാലിലേയ്ക്ക് തട്ടിത്തെറുപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഉയർന്ന ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ 28-7-2021-ൽ 'ഡി' കാറ്റഗറിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച മേഖലയാണ്. അവിടെ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പൊതുസ്ഥലങ്ങളിലും മത്സ്യവിപണന കേന്ദ്രങ്ങളിലും മാർക്കറ്റുകളിലും മത്സ്യവ്യാപാരം നിയന്ത്രിക്കുകയും ചില സ്ഥലങ്ങളിൽ നിരോധിക്കുകയും ചെയ്തിട്ടുള്ളതാണ്. പാരിപ്പള്ളി-വർക്കല റോഡിൽ നീരോന്തി എന്ന സ്ഥലത്ത് 28-7-2021-ന് മത്സ്യ കച്ചവടം നടക്കുന്നതിന്റെ ഫലമായി ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്ന സാഹചര്യമുണ്ടായി. ഇതുസംബന്ധിച്ച് തദ്ദേശീയരായ ആൾക്കാർ പരാതി ഉന്നയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പോലീസ് പലതവണ വിലക്കുകയും ചെയ്തിരുന്നു. കച്ചവടം നടത്തിയവരെ കർശ്ശനമായി ഒഴിപ്പിച്ചതിനെത്തുടർന്ന് പാമ്പുറം എന്ന സ്ഥലത്തേയ്ക്ക് കച്ചവടം മാറ്റി. ഈ സ്ഥലവും ഉയർന്ന നിരക്ക് നിലനിൽക്കുന്ന 'ഡി' കാറ്റഗറിയിൽ വരുന്ന സ്ഥലമായിരുന്നു. പോലീസ് ഇവിടെനിന്നും കച്ചവടക്കാരോട് മാറാൻ നിർദ്ദേശിക്കുകയുണ്ടായി. പോലീസ് മത്സ്യങ്ങളോ പാത്രങ്ങളോ വലിച്ചെറിയുകയോ തട്ടിമറിക്കുകയോ ചെയ്തിട്ടില്ല എന്നാണ് പോലീസ് റിപ്പോർട്ട്. മത്സ്യകച്ചവടം നിരോധിച്ച കാരണത്താൽ മത്സ്യവും മറ്റും വാരിയെറിഞ്ഞ നിലയിലുള്ള രംഗം കൃത്രിമമായി സൃഷ്ടിച്ച് പ്രാദേശിക ചാനലിലൂടെ പ്രചരിപ്പിക്കുകയും തുടർന്ന് അത് സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെടുകയുമാണുണ്ടായത് എന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ പ്രശ്നത്തെയും ഇതുസംബന്ധിച്ച് പ്രചരിക്കപ്പെട്ട, വാർത്തയുടെയും നിജസ്ഥിതി അന്വേഷിക്കാൻ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**എൻ.ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള അപേക്ഷ**

114 (4839) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ട മുൻ തൊടുപുഴ സി.ഐ. ശ്രീ. എൻ. ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത വ്യക്തി അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൻ. ജി. ശ്രീമോനെ സർവ്വീസിൽ തിരിച്ചെടുക്കാൻ തീരുമാനമെടുത്തിട്ടില്ല. ടി വ്യക്തി അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) അച്ചടക്കനടപടിക്ക് കാരണമായ പരാതി നൽകിയ ശ്രീ. ബേബിച്ചൻ വർക്കി എന്ന വ്യക്തിയെ ശ്രീ. എൻ. ജി. ശ്രീമോൻ ഭീഷണിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ 12-3-2021-ന് മുഖ്യമന്ത്രി, ഡി.ജി.പി. എന്നിവർക്ക് നൽകിയ പരാതിയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

പരാതി അന്വേഷണം നടത്തുന്നതിന് ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

(സി) ശ്രീ. എൻ. ജി. ശ്രീമോൻ അനുകൂലമായി ഹൈക്കോടതിയിൽ വ്യാജ റിപ്പോർട്ട് നൽകിയതായി ആക്ഷേപമുള്ള ഉദ്യോഗസ്ഥൻ തന്നെ ടിയാനെ സർവീസിൽ തിരിച്ചെടുക്കണമെന്ന അപ്പീൽ അപേക്ഷ പരിഗണിക്കുന്നത് ഉചിതമാണോ; ഇക്കാര്യത്തിൽ ശ്രീ. ബേബിച്ചൻ വർക്കി നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പോലീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷാധികാരികൾ ചുമത്തുന്ന ശിക്ഷകളിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിക്കുന്നത് കേരള പോലീസ് വകുപ്പുതല അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങൾ (KPDIP &A Rule) പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരമനുസരിച്ചാണ്.

**ക്രിമിനൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി**

115 (4840) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. വി. ശ്രീനിജിൻ :
ശ്രീ. വി. ജോയി :
ശ്രീ. എ. രാജ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിൽ ക്രിമിനൽ കേസുകൾ ഏറെക്കാലമായി തീർപ്പാക്കാതെ കിടക്കുന്നത് വേഗത്തിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ; സി.ബി.ഐ. ഉൾപ്പെടെയുള്ള കേന്ദ്ര പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെയും സംസ്ഥാന സർക്കാർ പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ;

&

(ബി) കേസ്സുകൾ ദശാബ്ദങ്ങളായി തീർപ്പാക്കാതെ കിടക്കുന്നത് നീതിന്യായ ഭരണത്തെ ദുർബ്ബലപ്പെടുത്തുമെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിൽ ഇടപെടാൻ സാധിക്കുമോ; സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകാതിരിക്കാൻ നിർദ്ദേശം നൽകുമോ?

കോടതിയുടെ പരിഗണനയിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശിക്കുന്നതിന് സർക്കാരിന് നിയമപരമായ പരിമിതികളുണ്ട്. റിപ്പോർട്ടാകുന്ന കേസുകളിൽ അനാവശ്യ കാലതാമസം വരുത്താതെ കേസന്വേഷണം നടത്തി കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിച്ചുവരികയാണ്. വേഗത്തിൽ വിചാരണ നടപടികൾ സ്വീകരിക്കുന്നതിനായി വിചാരണയിലുള്ള കേസുകളിൽ സാക്ഷികൾക്കോ പ്രതികൾക്കോ സമൻസോ കോടതിയിൽ നിന്നുള്ള മറ്റ് കൽപനകളോ ലഭിക്കുക യാണെങ്കിൽ ആയവ സമയപരിധിക്കുള്ളിൽതന്നെ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതികളുടെ അടിസ്ഥാന സൗകര്യവികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ അടിയന്തര പ്രാധാന്യം നൽകിനടപ്പാക്കിവരുന്നു.

(സി) തലശ്ശേരി ഫസൽ വധകേസിൽ ഒരു ദശാബ്ദമായിട്ടും വിചാരണ തുടങ്ങാത്ത സാഹചര്യത്തിൽ നിയമ സംവിധാനത്തിനുമേൽ ജനങ്ങളുടെ വിശ്വാസം ഉലയ്ക്കുംവിധം ആ കേസിൽ പ്രതിപ്പട്ടികയിലുള്ള പൊതുപ്രവർത്തകർ നാടുകടത്തലിന് വിധേയരായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തലശ്ശേരി ഫസൽ വധക്കേസിലെ പ്രതിപ്പട്ടികയിലുൾപ്പെട്ടവർ ജാമ്യ വ്യവസ്ഥപ്രകാരം കണ്ണൂർ ജില്ലയിൽ പ്രവേശിക്കാൻ വരുന്ന മൂന്നു മാസത്തേയ്ക്ക് കുടി വിലക്കുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കുറ്റകൃത്യത്തിലേർപ്പെട്ടവരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസുകൾ പുനരന്വേഷിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടോ; ഫസൽ വധം നടത്തിയത് തങ്ങളാണെന്ന ഒരു സംഘടനാ പ്രവർത്തകൻ വെളിപ്പെടുത്തിയത് സാമൂഹ്യ മാധ്യമ ങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും പുറത്തുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ് കാലവിളംബം കൂടാതെ പുനരന്വേഷണം നടത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സാധ്യമാണോ; വ്യക്തമാക്കുമോ?

കുറ്റകൃത്യത്തിലേർപ്പെട്ടവരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പുനര ന്വേഷിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. ഫസൽ കൊല്ലപ്പെട്ട സംഭവത്തിന് തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 442/2006 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനും പിന്നീട് സി.ബി.ഐ.-ക്കും കൈമാറിയിരുന്നു. കൊല്ലപ്പെട്ട ഫസലിന്റെ സഹോദരനായ ശ്രീ.അബ്ദുൾ സത്താർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ പരിഗണിച്ച് സി.ബി.ഐ.-യുടെ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അക്കാര്യംകൂടി ഉൾപ്പെടുത്തി തുടരന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത കേസിന്റെ അന്വേഷണവും ഇപ്പോൾ സി.ബി.ഐ-യ്ക്കാണ്.

## സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

116 (4841) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് 2020 മുതൽ കേരളത്തിൽ എത്ര കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇതിൽ എത്ര പ്രതികൾ പിടിക്കപ്പെട്ടിട്ടുണ്ട്; ഇനി പ്രതികളായുള്ളവരിൽ എത്രപേർ പിടിക്കപ്പെടാനുണ്ട്; വ്യക്തമാക്കുമോ?

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് 1-1-2020 മുതൽ 27-7-2021 വരെ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## നായയെ കൊലപ്പെടുത്തിയ സംഭവം

117 (4842) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ ബ്രൂണോ എന്ന നായയെ അതിക്രൂരമായി പീഡിപ്പിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(ബി) പ്രതികൾക്കെതിരെ ചുമത്തിയിരിക്കുന്ന വകുപ്പുകൾ ഏതൊക്കെയാണെന്നും മാതൃകാപരമായ ശിക്ഷ നൽകാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം പോലീസ് സ്റ്റേഷൻ Cr.No. 1414/2021 U/s 429,34 IPC & Sec. 11 (1) (1) of Prevention of Cruelty to Animal Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും 1-7-2021-ന് കേസിന്റെ സീൻ മഹസർ തയ്യാറാക്കി സാക്ഷിമൊഴികളും മറ്റും രേഖപ്പെടുത്തിയിട്ടുള്ളതും, ഒന്നാം പ്രതി Sunil, S/o. Cleetus, മൂന്നാം പ്രതി Siluvayyan S/o.Sairus എന്നിവരെ 2-7-2021-ൽ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. രണ്ടാം പ്രതി ജുവനൈൽ ആയതിനാൽ Juvenile Justice Board, തിരുവനന്തപുരത്തിന് പ്രത്യേകം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും കേസിന്റെ അന്വേഷണം പൂർത്തിയാക്കി 15-7-2021-ന് ബഹുമാനപ്പെട്ട JFMC, Neyyattinkara മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ

118 (4843) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ നടത്തുന്ന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിന് നിലവിൽ എന്തെല്ലാം നിയമങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സമൂഹത്തിലെ ഇത്തരം ദുഷ്പ്രവൃത്തികളെ ഇല്ലായ്മ ചെയ്യുന്നതിനും ശാസ്ത്രബോധം വളർത്തി ജനങ്ങൾക്കിടയിൽ ശാസ്ത്രചിന്ത പരിപോഷിപ്പിക്കുന്നതിനും മാനവിക സാംസ്കാരിക മൂല്യങ്ങൾ ഉയർത്തുന്നതിനുമുള്ള ബാധ്യത സർക്കാരിനുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചൂഷണങ്ങളും അതിക്രമങ്ങളും നിയന്ത്രിക്കുന്നതിന് 'The Kerala Prevention and Eradication of Inhuman Evil Practice, Sorcery and Black Magic' ബില്ലിന്റെ കരട് സർക്കാർ തയ്യാറാക്കുകയുണ്ടായി. ഇതിൽ നിയമ പരിഷ്കരണ കമ്മീഷന്റെ അഭിപ്രായം പരിശോധിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനായി പോലീസ് റിപ്പോർട്ട് ചെയ്തിട്ടില്ല.

## പോലീസ് അതിക്രമങ്ങൾ

119 (4844) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് ലോക്ഡൗണിന്റെ പേരിൽ ജനങ്ങൾക്കെതിരെ പോലീസ് അതിക്രമങ്ങൾ ഉയർന്നുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലോക്ഡൗൺ ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിനും സമാധാനം ഉറപ്പുവരുത്തി ജനജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള ഉത്തരവാദിത്വവും പോലീസ് നിർവ്വഹിച്ചിട്ടുണ്ട്. ഈ കൃത്യനിർവ്വഹണത്തോടൊപ്പം ജനങ്ങളുടെ എല്ലാ ദുരിതങ്ങളിലും അവരുടെ സഹായിയായി പ്രവർത്തിച്ച അനുഭവമാണുണ്ടായിട്ടുള്ളതെന്ന് കാണാം. ഇന്ത്യയിലെ ഏറ്റവും മികച്ച ക്രമസമാധാനം പുലരുന്ന സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടു. വർഗ്ഗീയ പ്രചരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടന്ന ഘട്ടത്തിലും കേരളത്തെ വർഗ്ഗീയ സംഘർഷങ്ങളിൽനിന്ന് മുക്തമാക്കുന്നതിന് പോലീസ് സ്വീകരിച്ച നടപടി മികച്ചതാണ്. പ്രളയത്തിലും കോവിഡ്-19-നെ തടയുന്ന നടപടികളിലും പോലീസിന്റെ സജീവ

സാന്നിദ്ധ്യം പ്രകടമാണ്. ആവശ്യക്കാരന് ഭക്ഷണവും മരുന്നും എത്തിക്കുന്നതിനും അവശ്യഘട്ടങ്ങളിൽ ജനങ്ങൾക്ക് തുണയാകുന്നതിനും സജീവമായിതന്നെ പോലീസിന് നിലകൊള്ളാനായി. ഒരു ജനകീയ സേനാ സംവിധാനമെന്ന നിലയിൽ പോലീസ് മാറിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ആ നേട്ടം തുടർന്നും മുന്നോട്ടു കൊണ്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വീഴ്ചകൾ ഉണ്ടാകുന്ന ഘട്ടത്തിൽ അവ തിരുത്താനും പോലീസ് തയ്യാറായിട്ടുണ്ട്.

(ബി) അഞ്ചുതെങ്ങ് കൊച്ചുമേത്തൻ കടവിൽ മീൻ വിൽപ്പന നടത്തിയിരുന്ന മേരി എന്ന വയോധികയുടെ പതിനാറായിരത്തോളം രൂപ വിലവരുന്ന മത്സ്യം പാരിപ്പള്ളി പൊലീസ് അഴുക്കുചാലിലേക്ക് വലിച്ചെറിഞ്ഞ സംഭവത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

പോലീസ് റിപ്പോർട്ട് പ്രകാരം പാരിപ്പള്ളി പോലീസിന്റെ ഭാഗത്തു നിന്നും ഇത്തരം സംഭവം ഉണ്ടായിട്ടില്ല. ആയതിനാൽ മറ്റ് നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ലോക്ഡൗൺമൂലം ജനങ്ങൾ സാമ്പത്തിക പരാധീനത അനുഭവിക്കുമ്പോൾ പാവപ്പെട്ട ജനങ്ങളുടെ മുകളിൽ പിഴ ചുമത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തവർക്കെതിരെയും ലോക്ഡൗൺ സംബന്ധിച്ച ഉത്തരവുകൾ ലംഘിച്ചവർക്കെതിരെയും പോലീസ് നിയമാനുസരണമുള്ള പിഴ മാത്രമേ ചുമത്തിയിട്ടുള്ളൂ.

**ബാലരാമപുരം-കാട്ടാക്കട റോഡിലെ അനധികൃത പാർക്കിംഗ്**

120 (4845) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-കാട്ടാക്കട റോഡിൽ, സിമന്റ് കയറ്റിവരുന്ന വലിയ ടോറസ് ലോറികൾ ഊരൂട്ടമ്പലം ജംഗ്ഷനിൽ അനധികൃതമായി പാർക്ക് ചെയ്യുന്നതുമൂലം കാൽനട യാത്രക്കാർക്കും വാഹന യാത്രികർക്കും വലിയ തോതിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ലോറികൾ ബന്ധപ്പെട്ട സ്വകാര്യ വ്യക്തിയുടെ സിമന്റ് ഗോഡൗണിന് സമീപത്തുള്ള പാർക്കിംഗ് യാർഡിൽ പാർക്ക് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

## സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ

121 (4846) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സാമൂഹ്യമാധ്യമങ്ങൾ വ്യാപകമായതിനെ തുടർന്ന് ഇത്തരം മാധ്യമങ്ങളിലൂടെ സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നതും കുട്ടികളെ കെണിയിൽപ്പെടുത്തി വഴിതെറ്റിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ ഇതുസംബന്ധിച്ച പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടിവരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതികവിദ്യക്ക് നിർണ്ണായക പങ്കുണ്ട്. Data-കൾ, ഫോട്ടോഗ്രാഫുകൾ, CCTV Footage-കൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു. ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻറർ ഡ്രോൺ സാങ്കേതികവിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെയുംകുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻറർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. Unmanned Arial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റാൻ ഇതുവഴി സാധിക്കും. ഡ്രോണുകളുടെ ദുരുപയോഗം കണക്കിലെടുത്ത്, അവയുടെ സഞ്ചാരപദവും മറ്റു വിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായിക്കുന്ന ഡ്രോൺ ഫോറൻസിക് ലാബ് ആരംഭിക്കും. ഡാർക്ക് നെറ്റ് മോണിറ്ററിങ് ടൂൾ, ഡാർക്ക് നെറ്റ് വഴി മയക്കമരുന്ന് കടത്ത്, ഭീകരവാദ പ്രവർത്തനങ്ങൾ, ചൈൽഡ് പോണോഗ്രാഫി, റാൻസാംവെയർ/മാൽവെയർ അറ്റാക്ക് തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയേണ്ടത് അനിവാര്യമാണ്. റിസേർച്ച് & അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ്

അനാലിസിസിനുവേണ്ടി ഒരു basic ടൂൾ ഡെവലപ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്ക് പുറമെ ഈ ടൂളിനോട് കൂടി കൂടുതൽ ഫീച്ചർ ഉൾപ്പെടുത്തിയുള്ള ടൂൾ Development, ' Hac-KP 2021'-ന്റെ ഭാഗമായി നടന്നുവരുന്നു. വിക്ടിം ഐഡൻറിഫിക്കേഷൻ സിസ്റ്റം, സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെതുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസിലാക്കുകയും കുട്ടികളെ വിദഗ്ദ്ധ കൗൺസലിംഗിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർ നെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കംചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനരീതി അറിയിക്കാമോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് 19 പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ പോലീസ് സ്റ്റേഷനുകൾ അതത് ജില്ലാ പോലീസ് മേധാവിമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) നിരവധി ആപ്പുകൾ സ്വകാര്യതയിലേക്ക് കടന്നുകയറ്റം നടത്തുന്നവയും വിവരചോർച്ച നടത്തുന്നവയും ആയതിനാൽ ഇതേക്കുറിച്ച് അവബോധം വളർത്താൻ പരിപാടിയുണ്ടോ?

വിവിധ ആപ്പുകളെപ്പറ്റിയും ഓൺലൈൻ ചതിക്കുഴികളെപറ്റിയും പോലീസിന്റെ സൈബർ വിഭാഗം മുഖേനയും ഹൈടെക് സെൽ, സൈബർ ഡോമുകൾ, പോലീസിന്റെ സോഷ്യൽ മീഡിയ വിഭാഗം തുടങ്ങിയവയിലൂടെയും നിരന്തരം ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

(ഡി) ഡാർക്ക് വെബിലൂടെയുള്ള അധോലോക പ്രവർത്തനം തടയാൻ ശ്രമം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട് ഡാർക്ക് വെബിൽ അധോലോക പ്രവർത്തനം നടക്കുന്നതായി നിലവിൽ പരാതികളോ അറിവോ ലഭിച്ചിട്ടില്ല. ഡാർക്ക് വെബ് നിരീക്ഷിക്കാൻ പോലീസിന്റെ സൈബർ ഡോമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്

## വർദ്ധിച്ചുവരുന്ന സൈബർ ആക്രമണങ്ങൾ

122 (4847) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത് നേരിടുന്നതിന് പോലീസിനെ പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഓൺലൈൻ തട്ടിപ്പുകളടക്കമുള്ള സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി തിരുവനന്തപുരം ആസ്ഥാനമായ സൈബർ ഡോമിനുകീഴിൽ കൊച്ചിയിലും, കോഴിക്കോട്ടും ഓരോ സൈബർ ഡോം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി സാങ്കേതികവിദ്യ കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സൈബർ കേസുകളുടെ കുറ്റാന്വേഷണത്തിന് പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സൈബർ കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ കൂട്ടിച്ചേർത്ത് ഒരു സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ (CCI) ആരംഭിക്കുന്നതിനും സൈബർ സംബന്ധമായ ടെക്നിക്കൽ സപ്പോർട്ട് നൽകുന്നതിന് സേനയുടേതായ സൈബർ ഓപ്പറേഷൻസ് & സെക്യൂരിറ്റി ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഡാർക്ക്നെറ്റ് പോലുള്ള സംവിധാനങ്ങൾ വഴി നിയമ വിരുദ്ധ പ്രവർത്തനം നടത്തുന്നത് തടയുന്നതിന് സൈബർ ഡോമിന്റെ റിസർച്ച് & അനാലിസിസ് വിഭാഗം ബേസിക് ടൂൾ വികസിപ്പിച്ചിട്ടുണ്ട്.

(ബി) പോലീസിന് മാത്രമായി ഒരു ഐ.റ്റി. കേഡർ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

## വസ്തു കയ്യേറിയ കേസിന്റെ വിശദാംശങ്ങൾ

123 (4848) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വാൻറോസ് ജംഗ്ഷനിൽ കട നടത്തിയിരുന്ന കലാ ശ്രീകുമാർ എന്ന ആളുടെ വസ്തു കയ്യേറി അടച്ചുകെട്ടിയത് സംബന്ധിച്ച് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വാൻറോസ് ജംഗ്ഷനിൽ സോന ഫാൻസി എന്ന സ്ഥാപനം നടത്തിവന്ന കലാ ശ്രീകുമാറിനുവേണ്ടി ഭർത്താവ് ശ്രീകുമാർ നടരാജപിള്ള 16-6-2021-ന് ഇമെയിൽ മുഖാന്തരം കന്റോൺമെന്റ് സ്റ്റേഷനിൽ ഒരു പരാതി നൽകി. പരാതിയിൽ ബിജു രമേഷ് എന്നയാളും അനുയായികളും ചേർന്ന് അവർ നടത്തി വന്ന സ്ഥാപനത്തിന്റെ പ്രവേശന കവാടം അടച്ചുകെട്ടിയതായും ഉദ്ദേശം 15 ലക്ഷം രൂപയുടെ വസ്തുവകകൾ മോഷണം നടത്തിയതായും പറഞ്ഞിരുന്നു. പരാതിക്കാർ കാനഡയിലായിരുന്നതിനാൽ അവരുടെ പ്രതിനിധിയായി സുഹൃത്തായ മണിയൻ എന്നയാൾ സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയനുസരിച്ചാണ് കേസെടുത്തത്. പരാതിയിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 826/2021 നമ്പറായി U/s 457,380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. കൂടാതെ കടയിൽ സ്ഥാപിച്ചിരുന്ന ഇലക്ട്രിസിറ്റി ബോർഡ് വക മീറ്റർ കാണാതായതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരാതി പ്രകാരം കേരള ഇലക്ട്രിസിറ്റി ആക്ട് 136, 138 വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 991/2021 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരാതി രജിസ്റ്റർ ചെയ്യാൻ പോലീസ് കാലതാമസം വരുത്തിയിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ?

കാലതാമസം വരുത്തിയിട്ടില്ല.

(സി) പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതികളിൽ ആർക്കെങ്കിലുമെതിരെ, അനധികൃതമായി ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട്, സംസ്ഥാനത്തെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

&

(ഇ) കേസിലെ ഏതെങ്കിലും പ്രതിയുടെ വൃദ്ധമാതാവിന് പോലീസ് സംരക്ഷണം നൽകിക്കൊണ്ട് കോടതി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

CCTV, DVR എന്നിവ ഫോറൻസിക് വിശദ പരിശോധനയ്ക്കായി ബന്തവസ്സിലെടുത്തിട്ടുണ്ട്. പ്രസ്തുത ഭാഗത്തുള്ള സ്ഥലം പുറമ്പോക്ക് ഭൂമിയാണെന്ന് അറിവായിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

124 (4849) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആഭ്യന്തര വകുപ്പ് മുഖാന്തരം ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ പോലീസ് സ്റ്റേഷനും കുഴൽമന്ദം പോലീസ് സ്റ്റേഷനുംവേണ്ടി രണ്ട് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ആലത്തൂർ സബ് ജയിലിൽ സി.സി.ടി.വി. സംവിധാനം 2016 നവംബറിൽ കമ്മീഷൻ ചെയ്തു. തുടർന്ന് ടി സംവിധാനം 17 ക്യാമറകളുൾപ്പെടുത്തി വിപുലീകരിച്ചു. ആലത്തൂർ സബ് ജയിലിൽ 6,56,204 രൂപ ചെലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചു. ഇ-പ്രിസൺ, ഇ-ഫയൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കുകയും ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ സ്ഥാപിക്കുകയും ചെയ്തു. ജയിൽ അന്തേവാസികളുടെ തെറ്റുതിരുത്തൽ പ്രക്രിയയുടെ ഭാഗമായി 1,37,500 രൂപ ചെലവിൽ ജയിൽ ക്ഷേമദിനാഘോഷം സംഘടിപ്പിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ 3,78,561 രൂപ ചെലവിൽ ആലത്തൂർ സബ് ജയിലിലെ സെല്ലുകളിൽ ടൈൽസ് പാകി. 2019-20 വർഷത്തിൽ 97,846 രൂപ ചെലവിൽ കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ചു. 2020-21-ൽ ആലത്തൂർ സബ് ജയിലിൽ 60,000 രൂപ ചെലവിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ആലത്തൂർ നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് പരിശീലനം നൽകുകയും നിലവിൽ 27 പേർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആപത് മിത്ര പദ്ധതിയുടെ ഭാഗമായി മുപ്പതോളം സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ആലത്തൂർ നിലയത്തിനുള്ള സ്ഥലം ഏറ്റെടുക്കലും പൂർത്തിയായിട്ടുണ്ട്. വാർഷിക പദ്ധതിയിനത്തിലെയും മറ്റും ഫണ്ടുകളുപയോഗിച്ച് ആലത്തൂർ നിലയത്തിൽ വാഹനങ്ങളും ഉപകരണങ്ങളും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്.

**വിരമിച്ച പോലീസുദ്യോഗസ്ഥരുടെ ട്രെയിനിംഗ് പിരീഡിലെ ആനുകൂല്യം**

125 (4850) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങളുടെ ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിക്കാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതി മുതലാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്;

(ബി) 1-4-2010-നുശേഷം സർവ്വീസിൽനിന്നും വിരമിച്ചവർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുകയും 1-4-2010-ന് മുമ്പ് വിരമിച്ചവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കുകയും ചെയ്തതിനുള്ള കാരണമെന്താണ്;

&

(സി) ട്രെയിനിംഗ് കഴിഞ്ഞശേഷം പോലീസ് സേനയിൽനിന്നും മറ്റ് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് പോയവർക്ക് ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിച്ച് ആനുകൂല്യം നൽകിയിട്ടും 1-4-2010-ന് മുമ്പ് സേനയിൽനിന്നും വിരമിച്ചതും ഇന്ന് ജീവിച്ചിരിക്കുന്നതുമായ അയ്യായിരത്തോളം അംഗങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാത്തതിന് കാരണമെന്താണ്; വിശദമാക്കുമോ; ആയത് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

സേവനകാലത്ത് ലഭിക്കേണ്ട ചില ആനുകൂല്യങ്ങൾക്ക് പരിശീലന കാലയളവ് പരിഗണിക്കുന്നുണ്ട്. ഈ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച 1-3-2011-ലെ ജി.ഒ. (എം.എസ്.) നമ്പർ 80/2011/ആഭ്യന്തരം, 22-8-2011-ലെ ജി.ഒ. (എം.എസ്.) നമ്പർ 185/2011/ആഭ്യന്തരം എന്നീ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള തീയതികൾ മുതൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽനിന്നോ മറ്റ് കോടതികളിൽ നിന്നോ ഈ വിഷയം സംബന്ധിച്ച് ഉത്തരവുകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ട്രിബ്യൂണൽ/കോടതി ഉത്തരവുകളിൽ, ആനുകൂല്യം നൽകുന്നതിനുള്ള കാലാവധി നിർദ്ദേശിച്ചിരുന്നോ; ഉണ്ടെങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം പൂർണ്ണമായും അർഹതപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;

&

(എഫ്) 1-4-2010-ന് മുമ്പ് വിരമിച്ച എല്ലാ പോലീസുദ്യോഗസ്ഥർക്കും ട്രെയിനിംഗ് പിരീഡിലെ ആനുകൂല്യം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

OA (EKM) 115/18 പ്രകാരം ഇതുസംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് 15-7-2020-ൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതും OA (EKM) 17/2018 പ്രകാരം പുറപ്പെടുവിച്ച ഉത്തരവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതുമാണ്. കേസിൽ തീർപ്പുണ്ടായിട്ടില്ല.

**റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൈമാറിയ തുക**

126 (4851) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമലംഘനത്തിന് ഈടാക്കുന്ന പിഴയുടെ അമ്പത് ശതമാനം റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൈമാറണമെന്ന നിബന്ധന പോലീസ് ഡിപ്പാർട്ട്മെന്റ് പാലിക്കുന്നുണ്ടോ;

&

(ബി) 2008-മുതൽ ഇതുവരെ ഓരോ വർഷവും ഈ ഇനത്തിൽ കൈമാറിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 11-ാം വകുപ്പ് പ്രകാരം ട്രാഫിക് നിയമലംഘനത്തിന് ഈടാക്കുന്ന പിഴയുടെ 50% പോലീസ് വകുപ്പ് നേരിട്ട് റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൈമാറുന്നില്ല. മറ്റ് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിന് ഈടാക്കിയ പിഴ**

127 (4852) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിന്റെ പേരിൽ എത്ര രൂപയാണ് പൊതുജനങ്ങളിൽനിന്ന് പിഴയായി ഈടാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ പാലിക്കാത്തതിന്റെ പേരിൽ 31-7-2021 വരെ 100,01,95,900 രൂപ (നൂറ് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി തൊള്ളായിരം രൂപ) പിഴയായി ഈടാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇത്തരത്തിൽ സംസ്ഥാനത്തെ വ്യാപാരികളിൽനിന്നും ഈടാക്കിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

വ്യാപാരികളിൽ നിന്ന് 2,82,59,900 രൂപ (രണ്ട് കോടി എൺപത്തി രണ്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപ) ഈടാക്കിയിട്ടുണ്ട്.

**ഇ-കൊമേഴ്സ് ഏജൻസികൾ**

128 (4853) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കൊമേഴ്സ് ഏജൻസികളെ സഹായിക്കുവാനായി സംസ്ഥാന പോലീസ് മേധാവി, എല്ലാ ജില്ലാ പോലീസ് മോധാവികൾക്കും 15-5-2021-ലെ റ്റി9-103231/2020 പി.എച്ച്.ക്യൂ. എന്ന നമ്പർ പ്രകാരം CoB മെസ്സേജ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഏതെല്ലാം ഏജൻസികൾക്കു വേണ്ടിയാണ് പ്രസ്തുത മെസ്സേജ് നൽകിയിട്ടുള്ളതെന്നതിന്റെ വിശദവിവരം നൽകുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിത്യോപയോഗ സാധനങ്ങളെന്ന പേരിൽ കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെടെ ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ ഡെലിവറി നടത്തുന്നത് മറ്റ് ഉൽപ്പന്നങ്ങളാണെന്നിരിക്കെ ഇവരെ സഹായിക്കാൻ ഇത്തരത്തിലുള്ള ഒരു സന്ദേശം നൽകുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ;

&

(സി) ലോക്ക്ഡൗണിൽ സംസ്ഥാനത്തെ ഭൂരിഭാഗം വ്യാപാരസ്ഥാപനങ്ങളും അടച്ചിടേണ്ടി വന്നപ്പോൾ കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ എന്ന പേരിൽ മറ്റുൽപ്പന്നങ്ങളുടെ ഡെലിവറി നടത്തുന്നതിനുവേണ്ടി, ഇ-കോമേഴ്സ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി പ്രസ്തുത സന്ദേശം ജില്ലാ പോലീസ് മേധാവികൾക്ക് കൈമാറിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ഇ-കൊമേഴ്സ് ഏജൻസികളെ സഹായിക്കാൻവേണ്ടി എന്നുള്ള നിലയിൽ മെസേജ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലോക്ഡൗൺ കാലയളവിൽ മരുന്നുകൾ/ഓൺലൈൻ ക്ലാസുകളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളടക്കമുള്ള അവശ്യവസ്തുക്കൾ കൊണ്ടുപോകുന്നതിന് വിവിധ ഏജൻസികൾക്ക് അനുമതി നൽകാവുന്നതാണെന്ന് യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്.

## ആഭ്യന്തര വകുപ്പ് മുഖേന അനുമതി ലഭിച്ച പദ്ധതികൾ

129 (4854) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016-ന് ശേഷം നാളിതുവരെ ആഭ്യന്തര വകുപ്പ് മുഖേന അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് അറുപത് ലക്ഷം രൂപ (60,00,000 രൂപ) അനുവദിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കായംകുളം നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് നിലയതല, ജില്ലാതല, സംസ്ഥാനതല പരിശീലനം നൽകുകയും അവരുടെ സേവനം സ്റ്റേഷൻ പരിധിയിൽ പ്രയോജനപ്പെടുത്തിയും വരുന്നു. വാർഷിക പദ്ധതിയിനത്തിലെയും

മറ്റും ഫണ്ടുകൾ ഉപയോഗിച്ച് കായംകുളം നിലയത്തിൽ വാഹനങ്ങളെയും ഉപകരണങ്ങളെയും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കായം കുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 15-6-2019-ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

## സാമൂഹ്യ സേവന നിയമം

130 (4855) ശ്രീ. വി. ജോയി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹചര്യംകൊണ്ട് അതീവ ഗുരുതരമല്ലാത്ത കുറ്റകൃത്യം ചെയ്തവരെ തിരുത്തിയെടുക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളത്; 2021-ൽ നിലവിൽ വന്ന പ്രൊബേഷൻ നയം നടപ്പാക്കാൻ എന്തെല്ലാം കാര്യ പദ്ധതികളാണ് പരിഗണിക്കുന്നത്;

ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണെങ്കിൽ കൂടി കേസിന്റെ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റവാളിയുടെ പ്രകൃതം, കുറ്റവാളിയുടെ പ്രായം, കുടുംബ പശ്ചാത്തലം, പൂർവ്വകാല ചരിത്രം എന്നിവ കണക്കിലെടുത്ത് ചില വ്യവസ്ഥകൾക്ക് വിധേയമായി കുറ്റവാളിയുടെ ജയിൽ ശിക്ഷ മാറ്റിവയ്ക്കുകയും ഒരു പ്രത്യേക കാലയളവ് വരെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്ന പ്രൊബേഷൻ (നല്ല നടപ്പ്) സംവിധാനം സാമൂഹ്യനീതി വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഈ ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾക്ക് ജയിലിലെ കൊടുംകുറ്റവാളികളുമായുള്ള സഹവാസം തടഞ്ഞ്, ജയിൽ പുള്ളി എന്ന പേര് വരാതെ സമൂഹത്തിൽ സാധാരണ ജനങ്ങളെപ്പോലെ സ്വന്തം കുടുംബത്തോടൊപ്പം ജീവിക്കുന്നതിന് സാധിക്കും. ടി കാലയളവിൽ പ്രൊബേഷൻ ഓഫീസർമാർ അവരുടെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും മാനസിക സാമൂഹിക ഇടപെടലുകൾ നടത്തുകയും അവരെ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. കൂടാതെ 18-25 നുമിടയിൽ പ്രായത്തിലുള്ള കുറ്റാരോപിതരിൽ സാമൂഹ്യ മനഃശാസ്ത്ര ഇടപെടലുകൾ നടത്തുന്ന നേർവഴി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2021-ൽ നിലവിൽ വന്ന പ്രൊബേഷൻ നയവുമായി ബന്ധപ്പെട്ട കാര്യ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാമൂഹ്യ സേവന നിയമം നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോയെന്നറിയിക്കുമോ;

സാഹചര്യം കൊണ്ട് അതീവ ഗുരുതരമല്ലാത്ത കുറ്റകൃത്യം ചെയ്തവരെ ജയിലിൽ അയയ്ക്കുന്നതിനുപകരം ഒരു നിശ്ചിത മണിക്കൂർ/ദിവസം കണക്കാക്കി സർക്കാർ സംവിധാനങ്ങളിൽ സാമൂഹ്യസേവനത്തിന് നിയോഗിക്കുന്ന സാമൂഹ്യസേവന നിയമം കൊണ്ടുവരുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലാണ്. മൂന്നു വർഷം വരെ ശിക്ഷ കിട്ടാവുന്ന കേസുകളിൽ സാമൂഹ്യ സേവനം പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ കൊണ്ടുവരാനും ആഗ്രഹിക്കുന്നു. അതോടൊപ്പം തന്നെ 18 വയസ്സു വരെയുള്ള, കേസിൽപ്പെട്ട കുട്ടികളുടെ മേഖലയിൽ കാവൽ പദ്ധതി മാതൃകയിൽ ആദ്യ കുറ്റവാളികളുടെ പുനരധിവാസം പരിഗണനയിലാണ്.

(സി) കുറ്റകൃത്യത്തിന് ഇരയാകുന്നവരെയും ജയിലിൽ കിടക്കുന്നവരുടെ ആശ്രിതരെയും തടവ് കഴിഞ്ഞിറങ്ങുന്നവരെയും എങ്ങനെയെല്ലാം പുനരധിവസിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

I. കുറ്റകൃത്യത്തിന് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി രണ്ട് പദ്ധതികൾ നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

1. അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി അതിക്രമത്തിനിരയായി കൊല്ലപ്പെടുകയോ, കിടപ്പിലാക്കുകയോ, ഗുരുതരമായി പരിക്കേൽക്കുകയോ, ചെയ്തവരുടെ മക്കൾക്ക് വിദ്യാഭ്യാസം തുടരുന്നതിന്/തുടങ്ങുന്നതിനായി വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

2. കുറ്റകൃത്യങ്ങൾക്കിരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്കും ഗുരുതര പരിക്ക് പറ്റിയവരുടെയും പുനരധിവാസത്തിനായി സ്വയം തൊഴിൽ സംരംഭം ആരംഭിയ്ക്കുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ ധനസഹായമായി 20,000 രൂപ വരെ നൽകുന്നു. കൂടാതെ സമഗ്രമായ സാമൂഹ്യ മനഃശാസ്ത്ര പുനരധിവാസം ഈ മേഖലയിൽ നടപ്പാക്കേണ്ടതിനായി പ്രസ്തുത കുടുംബങ്ങളുടെ ദൈനംദിന കാര്യങ്ങളിൽ ഇടപെട്ട് സമഗ്രമായ

പുനരധിവാസ പദ്ധതി തയ്യാറാക്കുന്നതിനും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സംവിധാനം വഴി ഇടപെടുന്നതിനുമായി നേർവഴി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

II. ജയിലിൽ കിടക്കുന്നവരുടെ ആശ്രിതരെ പുനരധിവസിപ്പിക്കുന്നതിനായി നിലവിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 5 വർഷമോ, അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000 രൂപ ധനസഹായം നൽകുന്ന പദ്ധതി. ഒരു കുടുംബത്തിൽ ഒരാളെ മാത്രമേ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ. കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ഭർത്താവ്, തൊഴിൽ രഹിതരും, അവിവാഹിതരുമായ മകൻ/മകൾ എന്നിവർക്കാണ് പ്രസ്തുത ധനസഹായം അനുവദിക്കുന്നത്. കുറ്റകൃത്യങ്ങളെ അതിജീവിച്ചവരെപ്പോലെ ഇവരും കുറ്റം ചെയ്യുവരല്ലാത്തതു കൊണ്ടുതന്നെ ഇവരുടെ വിഷയത്തിലും സമഗ്രമായ സാമൂഹ്യ മനഃശാസ്ത്ര പുനരധിവാസം നടപ്പാക്കുന്നത് പരിഗണനയിലാണ്.

III. തടവു കഴിഞ്ഞിറങ്ങുന്നവരുടെ പുനരധിവാസത്തിനായി ഒരു സ്വയം തൊഴിൽ ധനസഹായ പദ്ധതി മുൻ കുറ്റവാളികളുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഒറ്റത്തവണയായി 15,000 രൂപ ധനസഹായം നല്കുന്ന പദ്ധതി. ചെയ്ത കുറ്റത്തിനുള്ള ശിക്ഷ അനുഭവിച്ചു കഴിഞ്ഞാലും ഇവർ അനുഭവിക്കുന്ന സാമൂഹ്യ അയിത്തം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് നേർവഴി പദ്ധതി ശക്തിപ്പെടുത്തുന്നതുകൊണ്ട് സാധിക്കും.

**കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ജീവനക്കാർ**

131 (4856) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന വിവരം സ്ഥിരം/താൽക്കാലികം എന്ന തരത്തിൽ വിശദമാക്കാമോ?

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ (ഡെപ്യൂട്ടേഷൻ) ഒഴികെ 96 താൽക്കാലിക ജീവനക്കാരാണ് നിലവിലുള്ളത്. നാല് ഡെപ്യൂട്ടേഷൻ തസ്തികകളിൽ ഇപ്പോൾ 3 പേർ ജോലി ചെയ്തുവരുന്നു.

(ബി) പ്രസ്തുത കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിൽ ജോലി നോക്കുന്നവരിൽ ഒന്നിലേറെ തവണ കരാർ പുതുക്കി നിയമനം ലഭിച്ചവരുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ?

നിയമിക്കപ്പെടുന്ന ജീവനക്കാരുമായി കരാർ ഒപ്പുവെക്കാറില്ല. ആയതിനാൽ കരാർ പുതുക്കി നിയമനം നൽകാറില്ല. എന്നാൽ ആവശ്യത്തിനനുസരിച്ച് വീണ്ടും നിയമനം നൽകാറാണുള്ളത്. ഇപ്രകാരം നിയമിക്കപ്പെട്ട 93 ജീവനക്കാരുടെ പേര് വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. 3 പേർ ആദ്യ നിയമന കാലാവധി പൂർത്തിയാക്കിയിട്ടില്ല.

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ ഏതൊക്കെ വകുപ്പിലെ ജീവനക്കാരാണെന്നും അവരുടെ തസ്തിക ഏതാണെന്നും അവർ ഏത് കാലയളവിലാണ് ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചതെന്നും വ്യക്തമാക്കുമോ?

ആഭ്യന്തര വകുപ്പിൽനിന്നും ഐ.പി.എസ്. കേഡറിലുള്ള ഉയർന്ന ഉദ്യോഗസ്ഥരെയാണ് മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിയമിക്കാറുള്ളത്. എ.പി. ബറ്റാലിയൻ ഡി.ഐ.ജി.യാണ് 8-1-2021 മുതൽ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവ്വഹിച്ചുവരുന്നത്. ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ഫിനാൻസ് മാനേജർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി കെ.പി.എച്ച്.സി.സി.-യിൽ നിയമിച്ചുവരുന്നത്. നിലവിലുള്ള ഫിനാൻസ് മാനേജർ 5-7-2020 മുതൽ ജോലി ചെയ്തുവരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി നിയമിക്കപ്പെട്ടയാൾ 5-9-2020 മുതൽ കെ.പി.എച്ച്.സി.സി.-യിൽ ജോലി ചെയ്തുവരുന്നു.

(ഡി) കരാർ നിയമനം നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ്; പ്രസ്തുത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിൽ നിന്നുള്ള ഗ്രാന്റോ മറ്റു സാമ്പത്തിക സഹായങ്ങളോ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങളിൽനിന്നും സൂപ്പർവിഷൻ ചാർജ്ജിനത്തിൽ ലഭ്യമാകുന്ന നാമ മാത്രമായ തുകകൊണ്ടാണ് ഈ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ തസ്തികകളിലെ കരാർ ജീവനക്കാർക്ക് നിഷ്കർഷിച്ച വേതനംപോലും നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ അംഗീകൃത തസ്തികകൾ സൃഷ്ടിക്കുന്നതോ 179 ദിവസത്തേയ്ക്കു മാത്രമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതോ പ്രായോഗികമല്ല. ആയതിനാൽ എംപ്ലോയ്മെന്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടില്ല. കെ.പി.എച്ച്.സി.സി-യിൽ കരാർ നിയമനം നടത്തുന്നതിലേയ്ക്കായി വെബ്സൈറ്റ് മുഖേനയും പത്രപരസ്യം മുഖേനയും ആവശ്യമായ തസ്തികകളിൽ എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തികച്ചും സുതാര്യമായ രീതിയിലാണ് നിയമനം നടത്തുന്നത്. നിയമന കാലാവധിയായ 145 ദിവസം തീരുന്ന മുറയ്ക്ക് പിരിച്ചുവിടുകയും ആവശ്യമെങ്കിൽ അവരുടെ പ്രായോഗിക പരിജ്ഞാനം കണക്കിലെടുത്ത് വീണ്ടും നിയമനം നൽകുകയുമാണ് ചെയ്തുവരുന്നത്.

**സൈബർ-സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി**

132 (4857) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

ഇ-കോമേഴ്സ് സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ, സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം നേടിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഓൺലൈൻ തട്ടിപ്പുകളടക്കമുള്ള സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഈ പോലീസ് സ്റ്റേഷനുകളിൽ സൈബർ കേസുകളുടെ കുറ്റാന്വേഷണത്തിന് പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി സാങ്കേതികവിദ്യ കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

**അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

133 (4858) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള ഭരണകാലത്ത് തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട് അധികാരമേറ്റ അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൽ നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എന്നാണ് അന്വേഷണം ആരംഭിച്ചത്?

22-7-2016-ലാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്.

(സി) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ ഉദ്യോഗസ്ഥൻ വസ്തുതാ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ സൂക്ഷ്മ പരിശോധനയിലാണ്.

(ഡി) ഇതിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് പങ്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേസിന്റെ റിപ്പോർട്ടിന്മേലുള്ള സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയാൽ മാത്രമേ വകുപ്പുദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ചുള്ള വ്യക്തമായ വിവരം ലഭ്യമാക്കാൻ സാധിക്കുകയുള്ളു.

**പമ്പാ മണൽ വാരൽ**

134 (4859) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ പമ്പാ മണൽ വാരൽ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ്/എൻക്വയറി/ക്യൂക്ക് വെരിഫിക്കേഷൻ/സർപ്രൈസ് ചെക്ക്/ബോർഡ് റിപ്പോർട്ട് എന്നിവ പ്രകാരം അന്വേഷണം നടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിലോ നിലവിൽ അന്വേഷണം നടക്കുകയാണെങ്കിലോ അഴിമതി തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

2020-ലെ പമ്പാ മണൽ വാരൽ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിൽ അന്വേഷണങ്ങളൊന്നും നടക്കുന്നില്ല.

(സി) പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ വിജിലൻസ് വകുപ്പ് കേസ് ഫയൽ ചെയ്തിരുന്നോ;

&

(ഡി) ഉണ്ടെങ്കിൽ പകർപ്പ് സഹിതം വിവരങ്ങൾ വിശദമാക്കുമോ ?

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ക്രിമിനൽ റിവിഷൻ പെറ്റീഷൻ 571/2020 ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 15-9-2020-ലെ ഇടക്കാല ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട വിജിലൻസ് കോടതിയുടെ 26-8-2020-ലെ പ്രാഥമിക അന്വേഷണത്തിനുള്ള ഉത്തരവിന്റെ തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 15-9-2020-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) പ്രസ്തുത കേസ് അന്വേഷിച്ച ഉദ്യോഗസ്ഥരുടെ പേരുവിവരവും വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളൊന്നും നടന്നിട്ടില്ല.

(എഫ്) പമ്പാ തീരത്തുനിന്നും നീക്കംചെയ്ത ലക്ഷകണക്കിന് രൂപ വിലയുള്ള മണൽ ശേഖരത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

പമ്പാ തീരത്ത് അടിഞ്ഞുകൂടിയ മണ്ണും മണലും പമ്പ ഹിൽടോപ്പ്, ചാലക്കയം, ചക്കുപാലം, പമ്പ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന് സമീപം എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പോക്സോ കോടതികളിലെ തസ്തികകൾ

135 (4860) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1-4-2020 മുതൽ 28 അതിവേഗ പോക്സോ കോടതികൾ ആരംഭിക്കാൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

&

(ബി) എങ്കിൽ ഈ കോടതികൾക്ക് അനുവദിച്ച തസ്തികകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

24-4-2020-ലെ G.O.(Ms)No.93/2020/Home, 12-6-2020-ലെ G.O.(Ms) No.125/2020/Home എന്നീ ഉത്തരവുകൾ പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള 28 അതിവേഗ പ്രത്യേക കോടതികളിൽ നിലവിൽ ജില്ലാ ജഡ്ജ്, ബെഞ്ച് ക്ലർക്ക്, സീനിയർ ക്ലർക്ക് എന്നീ 3 സ്ഥിരം തസ്തികകളുൾപ്പെടുന്ന സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ് :

1. ജില്ലാ ജഡ്ജ് – 1
2. ബെഞ്ച് ക്ലർക്ക് – 1
3. സീനിയർ ക്ലർക്ക് – 1
4. കോൺഫിഡൻഷ്യൽ അസസ്റ്റന്റ് – 1 (കരാറടിസ്ഥാനത്തിൽ)
5. കമ്പ്യൂട്ടർ അസിസ്റ്റന്റ്/എൽ.ഡി.ടൈപ്പിസ്റ്റ് – 1 (കരാറടിസ്ഥാനത്തിൽ)
6. ഓഫീസ് അറ്റന്റന്റ് – 2 (കരാറടിസ്ഥാനത്തിൽ)

(സി) സിവിൽ ജുഡീഷ്യറി ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്ക് കോടതി നടപടി ക്രമങ്ങൾ സുതാര്യമായും തടസ്സരഹിതമായും നടത്തുന്നതിന് സഹായകരമായ രീതിയിൽ പ്രസ്തുത കോടതികളിൽ സ്ഥിരം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുമോ?

നിലവിൽ ഈ കോടതികളിൽ ജില്ലാ ജഡ്ജ്, ബെഞ്ച് ക്ലർക്ക്, സീനിയർ ക്ലർക്ക്, എന്നീ 3 സ്ഥിരം തസ്തികകളുണ്ട്.

**കുന്ദമംഗലത്ത് ഗ്രാമീണ കോടതി സ്ഥാപിക്കുന്നതിന് നടപടി**

136 (4861) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കോടതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകുകയും, 30 ഗ്രാമന്യായാലയങ്ങളും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സിവിൽ കോടതി നിലവിലില്ലാത്ത കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഗ്രാമീണ കോടതി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഗ്രാമീണ കോടതി ആരംഭിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലില്ല.

**കൊണ്ടോട്ടിയിൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിന് നടപടി**

137 (4862) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന നിർദ്ദേശത്തിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ കൊണ്ടോട്ടിക്ക് എത്രാമത്തെ സ്ഥാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ 79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 45-ാമതായിട്ടാണ് കൊണ്ടോട്ടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാധാന്യമനുസരിച്ച് മുൻഗണനാലിസ്റ്റിൽ നിന്ന് കോടതികൾ സ്ഥാപിക്കുകയാണ് ചെയ്യുന്നത്.

(സി) ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറിന്റെ ഏതെങ്കിലും നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ഹൈക്കോടതി സബോർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാറിന്റെ ശിപാർശ പരിഗണിച്ചാണ് കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

## സ്ത്രീധന നിരോധന നിയമം കർശനമാക്കുന്നത്

138 (4863) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കാനും ഒപ്പം കേന്ദ്ര സ്ത്രീധന നിരോധന നിയമത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ചട്ടം കർശനമായി നടപ്പാക്കാനുമായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കാനും കേന്ദ്ര സ്ത്രീധന നിരോധന നിയമത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ചട്ടം കർശനമായി നടപ്പാക്കാനുമായി വനിതാ-ശിശുവികസന വകുപ്പും പൊലീസ് വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വിവാഹ സമ്മാനമായി പണവും സ്വർണ്ണവും വസ്തുവകകളും വീടും വരുമാന സ്രോതസ്സുകളായ കെട്ടിടങ്ങളും ഉൾപ്പെടെ വിവാഹം കഴിക്കുന്ന പുരുഷന്മാർക്ക് നൽകുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ ?

ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് രേഖാമൂലം പരാതി ലഭിക്കുമ്പോൾ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന വധൂവരന്മാരുടെ മാതാപിതാക്കൾക്കെതിരെ കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തെന്ന കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ; കേസ്സുകളിൽ എത്ര പേർക്ക് ശിക്ഷ നൽകാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ ?

സ്ത്രീധന നിരോധന നിയമപ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പൊലീസ് കേസുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

## ജയിൽ തടവുകാരുടെ കുറ്റകൃത്യങ്ങൾ

139 (4864) ശ്രീ. നജീബ് കാന്തപുരം :
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ തടവുകാർ സ്വർണ്ണക്കടത്ത്, കവർച്ച, ക്വട്ടേഷൻ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ജയിൽ തടവുകാർ സ്വർണ്ണക്കടത്ത്, കവർച്ച, ക്വട്ടേഷൻ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്ന എന്നതിന് ഔദ്യോഗിക രേഖകളൊന്നും ലഭ്യമായിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ജയിലുകളിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

ജയിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള മിന്നൽ പരിശോധനയിൽ ഒളിപ്പിച്ച നിലയിൽ മൊബൈൽ ഫോണുകൾ കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സാഹചര്യങ്ങളിൽ ജയിൽ ചട്ടപ്രകാരമുള്ള അച്ചടക്കനടപടികളും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) ജയിലുകളിൽ ഔദ്യോഗിക ഫോൺ ദുരുപയോഗം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഇല്ല. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ പ്രതിയായ ഒരാൾ ജയിലിലെ തടവുകാർക്കുള്ള ഫോൺ ഉപയോഗിച്ച് ടിയാന്റെ ഭാര്യയെ വിളിച്ചപ്പോൾ കോൾ കോൺഫറൻസിംഗ് മുഖേന ഫോൺ സൗകര്യം ദുരുപയോഗം ചെയ്തെന്ന് ടി കേസുമായി ബന്ധപ്പെട്ട അന്വേഷണ ഏജൻസി മുമ്പാകെ മൊഴി നൽകിയിട്ടുണ്ട്.

(ഡി) ജയിൽ തടവുകാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ജയിൽ തടവുകാർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ ഡ്യൂട്ടി ഉദ്യോഗസ്ഥരുടെ കൃത്യമായ നിരീക്ഷണം ഉറപ്പുവരുത്തുന്നു. 24 മണിക്കൂറും തടവുകാരും ജയിൽ പരിസരവും CCTV സംവിധാനത്തിന്റെ സൂക്ഷ്മ നിരീക്ഷണത്തിലാണ്. തടവുകാരും സന്ദർശകരും തമ്മിലുള്ള കൂടിക്കാഴ്ചകൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിന് ആധുനിക സംവിധാനങ്ങളായ വിസിറ്റേഴ്സ് കമ്മ്യൂണിക്കേഷൻ സിസ്റ്റം, CCTV സംവിധാനം എന്നിവയുൾപ്പെടുത്തി ആധുനിക ഇന്റർവ്യൂ ഹാൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോൺ സൗകര്യം തടവുകാർ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് കൂടുതൽ ഡ്യൂട്ടി ഉദ്യോഗസ്ഥരെ നിയോഗിച്ച് അടുത്ത് നിരീക്ഷിക്കുകയും തടവുകാരുടെ ഫോൺ സന്ദേശങ്ങൾ ആധുനിക കോൾ റിക്കോർഡിംഗ് സംവിധാനം ഉപയോഗിച്ച് റിക്കോർഡ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നു. ജയിലിൽ നടക്കുന്ന വിവിധ തൊഴിൽ പരിശീലനങ്ങൾ, ബോധവത്കരണ ക്ലാസുകൾ, യോഗ ക്ലാസുകൾ തുടങ്ങിയവയിൽ എല്ലാ അന്തേവാസികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ജയിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ നിരീക്ഷണം ഏർപ്പെടുത്താനും സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കാനും ഡ്യൂട്ടി സ്ഥലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് തടവുകാരുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## ബ്ലേഡ് മാഫിയ ഉൾപ്പെടെയുള്ള സാമ്പത്തിക കുറ്റവാളികൾ

140 (4865) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കർശന നടപടികളിലൂടെ തടഞ്ഞ ബ്ലേഡ് മാഫിയ ഉൾപ്പെടെയുള്ള സാമ്പത്തിക കുറ്റവാളികൾ ഒരിടവേളയ്ക്കുശേഷം പ്രവർത്തനം തുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തെന്നും എത്ര പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കിയെന്നും അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ (20-5-2021 മുതൽ 31-7-2021 വരെ) ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിക്കാത്തതിനാൽ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഇത്തരം പ്രവർത്തനം സംസ്ഥാനത്തുനിന്ന് തുടച്ചു നീക്കാൻ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ബ്ലേഡ് മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങളും മറ്റും തടയുന്നതിനും നിരീക്ഷിക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ ശക്തമായ നിരീക്ഷണങ്ങളും രഹസ്യാന്വേഷണവും നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റെയ്ഡുകൾ നടത്തി കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇവയോടൊപ്പം സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് അവ നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. എല്ലാ പോലീസ് ജില്ലകളിലും ഒരു സൈബർ പോലീസ് സ്റ്റേഷൻ ഉണ്ടാകണമെന്ന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 15 പോലീസ് ജില്ലകളിൽക്കൂടി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 19 പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി കേരളാ പോലീസിന്റെ

നേതൃത്വത്തിൽ ആരംഭിച്ച സംരംഭമാണ് സൈബർ ഡോം. സൈബർ കുറ്റകൃത്യങ്ങളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്താൻ പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ' Assistance to States for Modernisation of Police' എന്ന കേന്ദ്ര പദ്ധതിയിൽ, 2021-22 വർഷത്തെ State Action Plan-ൽ ' Improving Cyber Crime Investigation Infrastructure' നായി 100 ലക്ഷം രൂപയും ' State Social Media Analysis Lab' സ്ഥാപിക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. തുക അനുവദിക്കുന്ന മുറയ്ക്ക് ഇവ നടപ്പിൽ വരുത്തുന്നതുമാണ്.

**ലോ റൈസ് കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി.**

141 (4866) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറ് മീറ്റർ വരെ ഉയരമുള്ള ലോ റൈസ് കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ വകുപ്പിൽനിന്നും ഫയർ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച് പരാതികളൊന്നും ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) നിലവിൽ ആയത് ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഫയർ സ്റ്റേഷനിൽ നൽകി, ജില്ലാ ഫയർ ഓഫീസർ ചെയർമാനായുള്ള കമ്മിറ്റി പരിശോധിച്ച്, സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി മാത്രം റീജിയണൽ ഓഫീസിലേയ്ക്ക് അയയ്ക്കുന്നതുമൂലം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ?

നിലവിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകളിലെല്ലാം സമയബന്ധിതമായി നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(സി) 16 മീറ്റർ ഉയരം വരെയുള്ള ഗണത്തിൽപ്പെട്ട ലോ റൈസ് കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ., കെ.പി.ബി.ആർ. റൂളുകൾ പ്രകാരം നിർദ്ദേശിച്ചിട്ടില്ലാത്ത സ്പെഷ്യൽ കാറ്റഗറി തരംതിരിവ് ഒഴിവാക്കി അതേ ജില്ലയിലുള്ള ജില്ലാ ഫയർ ഓഫീസിൽനിന്നും ഫയർ എൻ.ഒ.സി. നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വകുപ്പിൽ ഡീസെൻട്രലൈസേഷൻ നടപ്പിലാക്കുമ്പോൾ പ്രസ്തുത വിഷയം പരിശോധിക്കാവുന്നതാണ്.

**ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ നടപ്പിലാക്കേണ്ട പരിഷ്കാരം**

142 (4867) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കാര കമ്മീഷൻ, ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ നടപ്പിലാക്കേണ്ട പരിഷ്കാരം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നോ;

&

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഭരണ പരിഷ്കാര കമ്മീഷൻ ഫയർ ആൻഡ് റെസ്ക്യു വകുപ്പിൽ നടപ്പിലാക്കേണ്ട പരിഷ്കാരം സംബന്ധിച്ച ശിപാർശയൊന്നും ലഭ്യമാക്കിയിട്ടില്ല.

**പുതിയ ഫയർ സ്റ്റേഷനുകൾ**

143 (4868) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഫയർ സ്റ്റേഷനുകളാണ് പുതുതായി ആരംഭിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

18-2-2021-ലെ സ.ഉ.(എം.എസ്.) 51/21/ ആഭ്യന്തരം പ്രകാരം ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറൻമുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഇവ തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കെട്ടിടം/സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മതിയായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## ഗുരുവായൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

144 (4869) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

ഗുരുവായൂർ അഗ്നിരക്ഷാ നിലയം പ്രവർത്തിക്കുന്ന ഗുരുവായൂർ ദേവസ്വം ബോർഡ് വക കെട്ടിടം കാലപ്പഴക്കം ചെന്നതാണ്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ;

&

(സി) കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഭൂമിയുടെ തരം മാറ്റൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; കെട്ടിടനിർമ്മാണം വേഗതയിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഗുരുവായൂർ വില്ലേജ് സർവ്വേ നമ്പർ 129/14-ൽഉൾപ്പെട്ട, ബി.ടി.ആർ. പ്രകാരം നഞ്ചയായി രേഖപ്പെടുത്തിയിരിക്കുന്ന 0.2012 ഹെക്ടർ സ്ഥലം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി തരംമാറ്റി നൽകുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## എരുമേലി, മുണ്ടക്കയം എന്നീ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ

145 (4870) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി, മുണ്ടക്കയം എന്നീ സ്ഥലങ്ങളിൽ പുതിയതായി ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

31-7-15-ലെ സ.ഉ.(എം.എസ്.)നമ്പർ 59/15/ ആഭ്യന്തരം, പ്രകാരം എരുമേലി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുള്ള ഭരണാനുമതി നൽകി സർക്കാർ ഉത്തര വായിട്ടുള്ളതാണ്. ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാകേണ്ടതുണ്ട്. മുണ്ടക്കയം അഗ്നിരക്ഷാ നിലയം ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം

146 (4871) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം വ്യക്തമായ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നൽകിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഭരണാനുമതി നൽകിയിട്ടില്ല.

(സി) വളാഞ്ചേരി ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന പ്രൊപ്പോസൽ ഫയർ ആൻഡ് റസ്ക്യൂ വകുപ്പ് മേധാവി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള ഭരണാനുമതിക്കായി വകുപ്പ് മേധാവി 15-6-2021-ൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ

147 (4872) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ;

(സി) ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഏത് വകുപ്പിന്റെ അധീനതയിലാണെന്നും പ്രസ്തുത വകുപ്പ് ആവശ്യമായ സ്ഥലം വിട്ടുനൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നൽകാമോ;

&

(ഡി) ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ എത്ര രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

18-2-2021-ലെ സ.ഉ.(കൈ) 51/2021/ ആഭ്യന്തരം പ്രകാരം താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും; ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറന്മുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിരുന്നു. സംസ്ഥാനത്ത് മറ്റ് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ജയിൽ വകുപ്പിൽ പ്രീ-സർവ്വീസ് ട്രെയിനിംഗ്**

148 (4873) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ നിലനിന്നുവരുന്ന ഇൻ-സർവ്വീസ് ട്രെയിനിംഗിന് പകരം പ്രീ-സർവ്വീസ് ട്രെയിനിംഗ് ഏർപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് ഏതെല്ലാം തസ്തികകൾക്ക് ബാധകമാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പും അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, പ്രിസൺ ഓഫീസർ-കം-ഡ്രൈവർ എന്നീ തസ്തികകളിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രീ-സർവ്വീസ് ട്രെയിനിംഗ് അടിസ്ഥാന പരിശീലനമായി നിശ്ചയിച്ചുകൊണ്ട് 22-2-2021-ലെ സ.ഉ.(കൈ) 61/2021/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പുതന്നെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരികയും നിയമനം നടക്കുകയും ചെയ്തതിനാൽ മുൻകാലങ്ങളിലെ പോലെ അടിസ്ഥാന പരിശീലനം ഇൻ-സർവ്വീസ് ട്രെയിനിംഗായാണ് നിലവിൽ നടന്നുവരുന്നത്. ടി തസ്തികകളിൽ ഭാവിയിൽ നിലവിൽ വരുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമിതരാകുന്ന ഉദ്യോഗസ്ഥർക്ക് പ്രീ-സർവ്വീസ് ട്രെയിനിംഗ് നൽകും. 22-2-2021-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ജയിൽ വകുപ്പിൽ ഫിസിക്കൽ ട്രെയിനിംഗ് ആവശ്യമുള്ള ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. നേരിട്ട് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ജയിൽ വകുപ്പിൽ പി.എസ്.സി. നേരിട്ട് നിയമനം നടത്തുന്ന ഫിസിക്കൽ ട്രെയിനിംഗ് ആവശ്യമുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I എന്നീ തസ്തികകളാണുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2015-നുശേഷം നാളിതുവരെ അസിസ്റ്റന്റ് സൂപ്രണ്ട്/സബ് ജയിൽ സൂപ്രണ്ട് തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് എത്ര പേർക്ക് നിയമനം നൽകി; പരിശീലനം ലഭിക്കുന്നതിന് മുമ്പ് സബ് ജയിൽ സൂപ്രണ്ടായി നിയമനം നൽകാറുണ്ടോ; വിശദാംശം നൽകുമോ?

2015-നുശേഷം നാളിതുവരെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ട് 50 പേരെ നിയമിച്ചിട്ടുണ്ട്. പരിശീലനം ലഭിക്കുന്നതിന് മുമ്പ് സബ് ജയിൽ സൂപ്രണ്ടായി നിയമനം നൽകാറില്ല.

(ഡി) ജയിൽ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഫിസിക്കൽ ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുള്ളതും പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നതുമായ എല്ലാ തസ്തികകൾക്കും പ്രീ-സർവ്വീസ് ട്രെയിനിംഗ് നിർബന്ധമാക്കിക്കൊണ്ട് ജയിൽ നിയമന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ജയിൽ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഫിസിക്കൽ ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുള്ളതും പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നതുമായ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് പ്രീ-സർവ്വീസായി അടിസ്ഥാന പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആയത് സംബന്ധിച്ച ഭേദഗതി ജയിൽ നിയമന ചട്ടങ്ങളിൽ വരുത്തുന്നതുമാണ്. അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് തമിഴ്നാട്ടിലെ വെല്ലൂരിലുള്ള അക്കാദമി ഓഫ് പ്രിസൺസ് & കറക്ഷണൽ അഡ്മിനിസ്ട്രേഷനിലാണ് (ആപ്കാ) അടിസ്ഥാന പരിശീലനം നൽകുന്നത്. ടി തസ്തികയിലെ ഉദ്യോഗസ്ഥർക്ക് പ്രീ-സർവ്വീസ് ട്രെയിനിംഗ് നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ജയിൽ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ**

149 (4874) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയേഡ് ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് ചെയർമാനായ ജയിൽ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഒരു പൊലീസ് സബ് ഡിവിഷനിൽ ഒരു ജയിൽ സ്ഥാപനം ഉണ്ടാകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

ശിപാർശ ചെയ്തിരുന്നു.

(ബി) ജയിൽ വകുപ്പിലെ തിരുവനന്തപുരം മേഖലയിൽ ഏതൊക്കെ പോലീസ് സബ് ഡിവിഷനുകളിലാണ് ജയിലുകൾ നിലവിലില്ലാത്തത്; ഇവിടങ്ങളിൽ പുതിയ ജയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

തിരുവനന്തപുരം മേഖലയിൽ നെടുമങ്ങാട് പോലീസ് ഡിവിഷനിൽ ജയിൽ നിലവിലില്ല. സംസ്ഥാനത്ത് പുതിയ ജയിൽ ആരംഭിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) രാജസ്ഥാനിലെ സാംഗനീർ ഓപ്പൺ എയർ ക്യാമ്പസ് മാതൃകയിൽ പാറശ്ശാല മണ്ഡലത്തിലെ നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അനക്സായി പ്രവർത്തിക്കുന്ന തേവൻകോട് അനക്സ് പുതിയ ഓപ്പൺ എയർ ക്യാമ്പസ്സായി മാറ്റണമെന്ന കമ്മീഷൻ ശിപാർശ പരിഗണിക്കുമോ; അതിലേയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ഡി) പ്രസ്തുത റിപ്പോർട്ടിൽ മൂന്ന് സെൻട്രൽ ജയിലുകൾ കേന്ദ്രീകരിച്ച് നൂറ് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ വീതമുള്ള മൂന്ന് റിസർവ് സേന രൂപീകരി ക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ; ആയത് പരിഗണിക്കാമോ ?

ശിപാർശ പരിഗണിച്ചിട്ടില്ല.

(ഇ) പ്രസ്തുത റിപ്പോർട്ട് പ്രകാരം ജയിൽ വകുപ്പിലെ വിവിധ ജയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് പുതുതായി എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്; പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഈ ശിപാർശയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജയിൽ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ജയിൽ വകുപ്പിലെ വിവിധ ജയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് പുതുതായി 1700 തസ്തികകൾ അനുവദിക്കണമെന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്. 2017 മുതൽ 251 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകരിക്കപ്പെട്ട കണ്ണൂർ ജില്ലാ ജയിലിലേയ്ക്കായി 49 തസ്തികകളും, പാലക്കാട് ജില്ലാ ജയിലിലേയ്ക്കായി 6 തസ്തികകളും, മുട്ടം ജില്ലാ ജയിലിലേയ്ക്കായി 28 തസ്തികകളും തവനൂർ സെൻട്രൽ ജയിലിലേയ്ക്ക് 161 തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

## ഗസറ്റ് വിജ്ഞാപനം

150 (4875) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേശീയപാത വികസനത്തിന് സ്ഥലം നൽകിയവരടക്കം വിവിധ ആവശ്യങ്ങൾക്കായി അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ആയത് സംബന്ധിച്ച് സർക്കാർ പ്രസ്സിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തരമായി ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തിരൂരങ്ങാടി താലൂക്കിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുൾപ്പെട്ട ആളുകളുടെ അനന്തരവകാശ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന്റെ ഭാഗമായ ഗസറ്റ് വിജ്ഞാപനം നൽകുന്നതിന് എത്ര അപേക്ഷകൾ സർക്കാർ സെൻട്രൽ പ്രസ്സിൽ നിലവിലുണ്ട്; ആയത് അടിയന്തരമായി പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തിരൂരങ്ങാടി താലൂക്കിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഉൾപ്പെട്ട ആളുകളുടെ അനന്തരവകാശ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന്റെ ഭാഗമായ ഗസറ്റ് വിജ്ഞാപനം നൽകുന്നതിന് 134 അപേക്ഷകൾ അച്ചടി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ

151 (4876) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ 31 തസ്തികകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് അവസാനമായി പി.എസ്.സി. വഴി നിയമനം എന്നാണ് നടന്നതെന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കാമോ?

28-1-2020-നാണ് അവസാനമായി പി.എസ്.സി. വഴി ഒരു നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ) നടന്നത്.

(സി) നിലവിൽ അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ നിലവിൽ വന്ന തീയതികൾ വ്യക്തമാക്കാമോ?

25 ഒഴിവുകൾ നിലവിലുണ്ട്. 21-10-2008 മുതലുള്ള സ്ഥാനക്കയറ്റം/സംവരണം ഒഴിവുകൾ ഉൾപ്പെടെ 8 ഒഴിവുകൾ 1-6-2016-ലും 17 ഒഴിവുകൾ 8-6-2021-ലും നിലവിൽ വന്നിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

&

(ഇ) മേൽ തസ്തികയിൽ നിയമനം നടത്തുന്നതിന് നിയമപരമായോ സാങ്കേതികമായോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 15-10-2009, 25-5-2017, 16-7-2021 എന്നീ തീയതികളിൽ ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള പ്രൊമോഷൻ**

152 (4877) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നീ തസ്തികകളിലെ നിയമനത്തിന് ഒഴിവുകൾ നിലവിലുണ്ടോ; ഇത് സംബന്ധിച്ച് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഒഴിവുകൾ നിലവിലുണ്ട്. ടി തസ്തികയിലെ നിയമനത്തിനായുള്ള സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അച്ചടി വകുപ്പിലെ അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

(ബി) ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം ചേർന്ന് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(സി) സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള പ്രൊമോഷൻ യഥാസമയം നടത്തി പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ?

അച്ചടി വകുപ്പ് ഡയറക്ടർ ഡി.പി.സി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള പ്രൊമോഷൻ യഥാസമയം നടത്തിവരുന്നു.

**ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തിക**

153 (4878) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്ററുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്?

31 തസ്തികകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി അവസാനമായി നിയമനം നടന്നത് എന്നാണെന്നും എത്ര തസ്തികയിലാണെന്നും വിശദമാക്കാമോ?

അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ തസ്തികയിലേയ്ക്ക് 28-1-2020-നാണ് അവസാനമായി പി.എസ്.സി. വഴി ഒരു നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന) നടന്നത്.

(സി) രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

25 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അച്ചടി വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തുന്നതിന് എന്ത് സാങ്കേതിക നിയമ പ്രശ്നങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള ഗവൺമെൻറ് പ്രസ്സസ് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) അച്ചടി വകുപ്പിൽ സെക്രട്ടറിയും ഡയറക്ടറും നിലവിൽ എത്ര കേസ്സുകളിൽ കോടതിയലക്ഷ്യ നടപടികൾ നേരിടുന്നുവെന്നും അവ ഏതൊക്കെയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

അച്ചടി വകുപ്പിൽ താഴെപ്പറയുന്ന അഞ്ച് കോടതിയലക്ഷ്യ കേസുകളിൽ നടപടികൾ നേരിടുന്നുണ്ട്:

അച്ചടി വകുപ്പ് സെക്രട്ടറി

1. Contempt petition No. 22/2019 in OA (EKM) No. 2393/2017 filed by Sri. Ramesh K. Menon, Muhammed Mustafa and others.
2. Contempt petition No. 52/2019 in OA No. 2031/2018 filed by Sri. R. Rajeev Kumar.
3. Contempt petition No. 86/2021 in OA No. 1345/2019 filed by Sri. K.K. Jayarajan and others.

അച്ചടി വകുപ്പ് ഡയറക്ടർ

1. Contempt petition No. 133/2019 in OA No. 2321/2016 filed by Sri. S.S. Asok.
2. Contempt petition No. 22/2019 in OA (EKM) No. 2393/2017 filed by Sri. Ramesh K. Menon, Muhammed Mustafa and others.
3. Contempt petition No. 148/2020 in OA No. 1210/2019 filed by Sri. Solomon and others.
4. Contempt petition No. 52/2019 in OA No. 2031/2018 filed by Sri. R. Rajeev Kumar.
5. Contempt petition No. 86/2021 in OA No. 1345/2019 filed by Sri. K.K. Jayarajan and others.

(എഫ്) അച്ചടി വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് വിഭാഗത്തിൽ ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പരാതികൾ ലഭിച്ചിട്ടില്ല.

**അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം**

154 (4879) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് സ്ഥലം നൽകിയവരിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവർക്ക് സർട്ടിഫിക്കറ്റ് നിലവിൽ ലഭിക്കുന്നതിലെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ആയത് സംബന്ധിച്ച് നിലവിൽ സർക്കാർ പ്രസ്സിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തരമായി ഗസറ്റിൽ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിച്ച അപേക്ഷകൾ**

155 (4880) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി താലൂക്കുകളിൽ നിന്നും തിരുവനന്തപുരം ഗവൺമെന്റ് പ്രസ് ഡയറക്ടർക്ക് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിച്ച പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട അപേക്ഷകളിൽ ഏത് തീയതി വരെ ലഭിച്ച അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നറിയിക്കാമോ;

&

(ബി) 2021 ജൂലായ് 31 വരെ ലഭിച്ച എത്ര അപേക്ഷകൾ രജിസ്റ്റർ ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽനിന്നും 5-8-2021 വരെ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും ഗസറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട അപേക്ഷകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ ലഭിക്കുന്ന സമയം തന്നെ രജിസ്റ്റർ ചെയ്യുന്നതിനും അടുത്തതന്നെ പ്രസിദ്ധീകരിക്കുന്ന ഗസറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അനുകൂല്യങ്ങൾ**

156 (4881) ശ്രീ. ടി. സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനത്തിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന സ്കോളർ ഷിപ്പുകൾ നൽകിവരുന്നു :

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
2. സി.എ/സി.എം.എ/സി.എസ്. സ്കോളർഷിപ്പ്.
3. സ്വകാര്യ ഐ.റ്റി.ഐ. ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം.
4. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്.
5. സിവിൽ സർവ്വീസ് ഫീ റീ- ഇംബേഴ്സ്മെന്റ് സ്കീം.
6. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ്.
7. മദർതെരേസ സ്കോളർഷിപ്പ്.
8. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്.

(ബി) ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനായി കോച്ചിംഗ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും, 34 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ഒരു കോച്ചിംഗ് സ്ഥാപനം ആരംഭി ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കൽപ്പറ്റ മുൻസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള കൽപ്പറ്റ പഴയ ബസ്സ്റ്റാൻറ് ബിൽഡിംഗിൽ ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്.

## ന്യൂനപക്ഷ ക്ഷേമ സ്കോളർഷിപ്പുകൾ

157 (4882) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

22-2-2011-ലെ പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിന്റെ സ.ഉ.(കൈ) നമ്പർ 57/2011/പൊ.ഭ.വ. ഉത്തരവിനെ തുടർന്ന് നടപ്പിലാക്കിയ 80:20 അനുപാത മനുസരിച്ച് 2011 മുതൽ 2021 മാർച്ച് മാസം വരെ ഓരോ വർഷവും ന്യൂനപക്ഷ ക്ഷേമവകുപ്പ് മുസ്ലീം വിദ്യാർത്ഥികൾക്കും ലത്തീൻ/പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും അനുവദിച്ച സ്കോളർഷിപ്പുകളുടെ പേരും എണ്ണവും തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നൽകിവരുന്നത്. അതിനാൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. 2014-15 അദ്ധ്യയന വർഷം മുതലാണ് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളത്. ആദ്യകാലങ്ങളിൽ വകുപ്പ് നൽകിവന്ന സി.എ/ ഐ.സി.ഡബ്ല്യൂ. എ/സി.എസ്. സ്കോളർഷിപ്പ് (2013-14 മുതൽ), ഫീ റി-ഇംമ്പേഴ്സ്മെൻറ് ഫോർ പ്രൈവറ്റ് ഐ.റ്റി.ഐ സ്റ്റുഡൻറ് (2013-14 മുതൽ) എന്നിവ ഓൺലൈൻ മുഖേനയല്ല നൽകി വന്നിരുന്നത്. 2013-14 അദ്ധ്യയന വർഷം നൽകിയ ടി സ്കോളർഷിപ്പിന്റെ വിവരങ്ങൾ മതം തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ പ്രസ്തുത വർഷത്തിൽ സി.എ/ ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ് ആകെ 198 വിദ്യാർത്ഥികൾക്കായി 19.98 ലക്ഷം രൂപ വിനിയോഗിക്കുകയും, ഫീ റി-ഇംമ്പേഴ്സ്മെൻറ് ഫോർ പ്രൈവറ്റ് ഐ.റ്റി.ഐ - പഠിക്കുന്ന ആകെ 725 വിദ്യാർത്ഥികൾക്കായി 100 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് മാത്രമാണ് മുസ്ലിം, ലത്തീൻ/ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലെ പെൺകുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മറ്റ് 7 സ്കോളർഷിപ്പുകളും എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ആൺ/പെൺ വ്യത്യാസമില്ലാതെ നൽകിവരുന്നു. അതിനാൽ അതിൽ ലത്തീൻ/പരിവർത്തിത ക്രിസ്ത്യാനികളുടെ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ക്രിസ്ത്യൻ വിഭാഗത്തെ മൊത്തത്തിലാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത് ഓൺലൈൻ മുഖേനയാണ്. 2014 മുതൽ 2021 മാർച്ച് മാസം വരെ ഓരോ വർഷവും അനുവദിച്ച സ്കോളർഷിപ്പുകളുടെ പേരും എണ്ണവും തുകയും അനുബന്ധമായി ചേർക്കുന്നു*.

**അർദ്ധ അതിവേഗ റെയിൽ പദ്ധതി**

158 (4883) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാനിരിക്കുന്ന അർദ്ധ അതിവേഗ റെയിൽ പദ്ധതിയിൽ എത്ര സ്റ്റോപ്പുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും പ്രസ്തുത റെയിൽപാത ഏതെല്ലാം ജില്ലകളിലൂടെയാണ് കടന്നു പോകുന്നതെന്നും വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റെയിൽപാത പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ അംഗീകരിച്ച വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം അർദ്ധ അതിവേഗ റെയിൽ പദ്ധതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള 11 സ്റ്റേഷനുകളാണ് വിഭാവന ചെയ്തിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊച്ചി എയർപോർട്ട്, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയാണ് സ്റ്റേഷനുകൾ. പ്രസ്തുത റെയിൽപാത; തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 11 ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്.

## നിലമ്പൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

159 (4884) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

&

(ബി) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് പുതുതായി എസ്.പി.സി. തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) എയിഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് ഒരുക്കേണ്ട സൗകര്യങ്ങളും ഒടുക്കേണ്ട തുകയും എത്രയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഇളവുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പുതുതായി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് രണ്ട് അദ്ധ്യാപകരെ എസ്.പി.സി പദ്ധതി നയിക്കുന്നതിന് സ്കൂളുകളിൽ നിയോഗിക്കേണ്ടതും ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളിൽ അദ്ധ്യാപകരിൽ ഒരാൾ വനിതയായിരിക്കണം. കായിക ക്ഷമതാ പരിശീലനത്തിന് ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.ടി.ഡ്രസ്സ് എന്നിവ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറാനുള്ള സൗകര്യം (ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളിൽ പ്രത്യേകം മുറി) എന്നീ മാനദണ്ഡങ്ങളാണ് എസ്.പി.സി പദ്ധതി ആരംഭിക്കുന്നതിനായി നിലവിലുള്ളത്. പദ്ധതിയുടെ ആദ്യഘട്ടങ്ങളിൽ 2014-15-ൽ ഒരു സ്കൂളിൽ ജൂനിയർ, സീനിയർ എന്ന വിഭാഗങ്ങളിലായി രണ്ട് വർഷം പദ്ധതി നടത്തുവാനാവശ്യമായ ഏറ്റവും കുറഞ്ഞ തുക 5 ലക്ഷം രൂപയായി നിജപ്പെടുത്തുകയും ഈ തുക ബന്ധപ്പെട്ട സ്കൂളുകൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ കഴിയുകയാണെങ്കിൽ അത് പദ്ധതിയുടെ ദൈനംദിന നടത്തിപ്പ് ചെലവുകൾക്ക് ഉപയുക്തമാകുന്ന രീതിയിൽ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിൽ അതത് സ്കൂളിലെ പ്രഥമാദ്ധ്യാപകന്റെയും സ്കൂൾ നിലനിൽക്കുന്ന പ്രദേശത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെയും (പി.എസ്.എൽ.ഒ.) പേരിൽ നിക്ഷേപിച്ച് ചെലവഴിക്കാൻ 2014-ലെ സംസ്ഥാനതല ഉപദേശകസമിതിയുടെ തീരുമാനമുണ്ടായിരുന്നു. സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കാൻ സന്നദ്ധത അറിയിച്ച എയ്ഡഡ് സ്കൂളുകൾക്കാണ് SPC യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്.

(ഡി) മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന മലയോര വനപ്രദേശമെന്ന നിലയിൽ നിലമ്പൂർ മണ്ഡലത്തിലെ കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. ആരംഭിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

മാവോയിസ്റ്റ് ഭീഷണി നേരിടുന്ന മേഖലക്ക് പ്രത്യേക പരിഗണന നൽകിയല്ല സ്റ്റുഡന്റ് കേഡറ്റ് പോലീസ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത് എന്നാൽ പൗരബോധവും ലക്ഷ്യബോധവും സാമൂഹിക പ്രതിബദ്ധതയും സേവന സന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി രൂപീകരിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അർഹതയുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്ന കാര്യം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് പരിഗണിക്കുന്നതാണ്.

**സിൽവർ ലൈൻ അതിവേഗ റെയിൽ പാത**

160 (4885) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ അതിവേഗ റെയിൽ പാതയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്രമന്ത്രി സഭയുടെയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെന്റിച്ചർ എന്നീ വിഭാഗങ്ങളിൽനിന്നും പദ്ധതി വിദേശ വായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശയും നോ ഒബ്ജക്ഷനും ലഭിക്കുകയുണ്ടായി. ആയത് കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ നടപടി**

161 (4886) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ, കച്ചവട സ്ഥാപനങ്ങൾ, പൊതുഗതാഗതം എന്നിവയെല്ലാം ഭാഗികമായി തുറന്നപ്പോൾ, കോവിഡ് നിയന്ത്രണങ്ങളോടെ ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് മതനേതാക്കൾ ആവശ്യപ്പെട്ടിട്ടുണ്ടോ?

ആവശ്യപ്പെട്ടിട്ടുണ്ട് .

(ബി) വെള്ളിയാഴ്ചയിലെ ജുമുഅ, ഞായറാഴ്ച ദിവസങ്ങളിലെ ക്രൈസ്തവ ദേവാലയങ്ങളിലെ പ്രാർത്ഥന, ക്ഷേത്രങ്ങളിലെ പ്രാർത്ഥന എന്നിവയ്ക്ക് അനുമതി നൽകാൻ സർക്കാർ തയ്യാറാകാത്തതെന്തുകൊണ്ടാണ്;

&

(സി) പ്രത്യേക പ്രാർത്ഥനകൾക്കായി ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

നേരത്തെ കോവിഡ് രോഗനിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ എ,ബി,സി,ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കും രോഗവ്യാപന തോതും കുറവുള്ള എ,ബി കാറ്റഗറികളിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനം അനുവദിച്ചിരുന്നു. അതുകൂടാതെ വിശേഷ ആഘോഷ വേളകളിൽ (Special occasions of celebrations) പരമാവധി 40 പേർക്കും പ്രവേശനം അനുവദിച്ചിരുന്നു. 5-8-2021 മുതൽ ആരാധനാലയങ്ങളിൽ ഓരോ വ്യക്തിക്കും കുറഞ്ഞത് 25 ചതുരശ്ര അടി സ്ഥലം ഉറപ്പാക്കിക്കൊണ്ട് പരമാവധി 40 പേർക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിമിതിയുള്ള ഇടങ്ങളിൽ ആനുപാതികമായി ആളുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

**ഡയാലിസിസിന് വിധേയരാകുന്നവർക്ക് പെൻഷൻ**

162 (4887) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ബാധിച്ച് ജീവൻ നിലനിർത്താൻ ഡയാലിസിസിനു വിധേയരാകുന്ന രോഗികൾക്ക് സർക്കാരിന്റെ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന Society for Medical Assistance for poor പദ്ധതി മുഖേന ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. സൊസൈറ്റി അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കെ.ബി.എഫ് എന്നീ പദ്ധതികൾ വഴി എല്ലാ സർക്കാർ ആശുപത്രികളിലും എംപാനൽഡ് സ്വകാര്യ ആശുപത്രികളിലും ഡയാലിസിസ് സൗജന്യമായി ചെയ്യാവുന്നതാണ്. ആരോഗ്യകേരളം പാലിയേറ്റിവ് കെയർ പ്രൊജക്ട് പദ്ധതി പ്രകാരം വൃക്ക രോഗികൾക്കുവേണ്ട എറിത്രോപിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്.

(ബി) ഈ വിഭാഗത്തിലുള്ള രോഗികൾക്ക് കാൻസർ ബാധിത രോഗികൾക്ക് നൽകുന്നതുപോലെയുള്ള പെൻഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'സമാശ്വാസം' പദ്ധതി II പ്രകാരം ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് പ്രതിമാസം 1,600 രൂപ നൽകി വരുന്നുണ്ട്.

## എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കുന്ന വിമുക്തി പദ്ധതി

163 (4888) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കുന്ന വിമുക്തി പദ്ധതിയുടെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്?

തൃശ്ശൂർ ജില്ലയിൽ നിലവിൽ ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വിമുക്തി ഡി അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും 3 ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സി.എച്ച്.സി., പഴയന്നൂർ സി.എച്ച്.സി. എന്നീ ആശുപത്രികൾ വിമുക്തി മിഷന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-യെ തെരഞ്ഞെടുത്തിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി. പരിഗണനയിലുണ്ട്.

(സി) ഇത്തരം സെന്ററുകളിൽ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വിമുക്തിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിൽ ജില്ലയിലെ ലഹരിക്ക് അടിമകളായ കുട്ടികൾക്കും യുവാക്കൾക്കും വയോജനങ്ങൾക്കും ആവശ്യമായ ചികിത്സാ സംവിധാനങ്ങളും കൂടാതെ കൗൺസിലിംഗ്, ടെലി കൗൺസിലിംഗ് ഇവയൊക്കെ സൗജന്യമായി നൽകിവരുന്നു. ആവശ്യമായ മരുന്നുകളും സൗജന്യമായി നൽകിവരുന്നു. പ്രവർത്തനത്തിനാവശ്യമായ മുഴുവൻ ചെലവുകളും എക്സൈസ് വകുപ്പ് നേരിട്ട് വഹിക്കുന്നു.

(ഡി) പ്രസ്തുത കേന്ദ്രങ്ങൾ എന്ന് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

മുല്ലശ്ശേരി സാമൂഹികാരോഗ്യകേന്ദ്രം, പഴയന്നൂർ സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാകുന്നതാണ്.

(ഇ) പ്രസ്തുത സെന്ററുകളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകാമോ?

ചാലക്കുടി വിമുക്തി ഡീ- അഡിക്ഷൻ സെന്ററിൽ നിലവിൽ ഒരു മെഡിക്കൽ ഓഫീസർ, ഒരു സൈക്കോളജിസ്റ്റ്, ഒരു സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നേഴ്സ്, മൂന്ന് സെക്യൂരിറ്റി ജീവനക്കാർ എന്നിവർ ജോലി ചെയ്തുവരുന്നു.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

164 (4889) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ ?

കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അറിയപ്പെടുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിലാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ രൂപം നൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ). എസ്.എച്ച്.എ.-ക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെയും നടത്തിപ്പ് ചുമതല. ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ്

ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനായിരുന്ന നടത്തിപ്പ് ചുമതല. മേൽ സൂചിപ്പിച്ച സ്ഥാപനം നിയമാനുസൃതമായ ടെൻഡർ നടപടികളിലൂടെയാണ് തെരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേയ്ക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചുവരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 187 സർക്കാർ ആശുപത്രികളിലും 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും 556 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കൾ ദ്വിതീയ, ത്രിതീയ തലപരിചരണത്തിനും ചികിത്സക്കുമായി ആശുപത്രിയിൽ പ്രവേശിക്കേണ്ടിവന്നാൽ പദ്ധതി വഴി പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപെടാത്തവർക്കായി എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ ഉള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സ ആനുകൂല്യവും നൽകിവരുന്നു.

(ബി) ഏതൊക്കെ രോഗങ്ങൾക്കാണ് ഇതുവഴി ചികിത്സാ ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ; ഈ പദ്ധതിയിലൂടെ പരമാവധി നൽകുന്ന ചികിത്സാ ധനസഹായം എത്രയാണെന്ന് അറിയിക്കാമോ ?

നിലവിൽ 24 മണിക്കൂർ കിടത്തി ചികിത്സ ആവശ്യമായി വരുന്ന അലോപ്പതി ചികിത്സയ്ക്കുമാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ . കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖേനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിന് മുൻപായി തെരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്. കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർദ്ധക ചികിത്സ, വാക്സിനേഷൻ, മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്.

(സി) പ്രസ്തുത ധനസഹായം ഏതൊക്കെ ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാകും; വിശദാംശം നൽകാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതല വഹിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ സ്വകാര്യ ആശുപത്രികളിൽനിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാണ്. നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമാക്കുന്ന ആശുപത്രിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

&

(ഇ) പ്രസ്തുത ചികിത്സാ ധനസഹായത്തിന് എപ്രകാരമാണ് അപേക്ഷിക്കേണ്ടത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

നിലവിലെ പദ്ധതി ഗൈഡ്‌ലൈൻ പ്രകാരം കാർഡെടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായിവരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽ നിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽ നിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.

1. 2018 - 2019-ലെ സാധുവായ ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ് കാർഡുകൾ
2. ആധാർ കാർഡ്
3. റേഷൻ കാർഡ്
4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരാണെന്ന് കാണിച്ച് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ലഭിച്ച തപാൽ സന്ദേശം.

പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആശ്വാസകിരണം പദ്ധതി

165 (4890) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശു വികസന വകുപ്പിലൂടെ നൽകിവരുന്ന ആശ്വാസകിരണം പദ്ധതിയിലൂടെ ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) നേരത്തെ ആശ്വാസകിരണം പദ്ധതിയിൽ ധനസഹായം ലഭിച്ചു കൊണ്ടിരുന്നവർ വീണ്ടും പുതിയ അപേക്ഷകൾ സമർപ്പിക്കണമെന്ന സർക്കാർ ഉത്തരവുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് 'ആശ്വാസകിരണം' പദ്ധതി നടപ്പിലാക്കിവരുന്നത്. തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ആശ്വാസകിരണം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. നേരത്തെ ധനസഹായം ലഭിച്ചുകൊണ്ടിരുന്നവർ വീണ്ടും പുതിയ അപേക്ഷകൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടി പദ്ധതിയിലെ നിലവിലുള്ള ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റും ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങളും ശേഖരിച്ചുവരുന്നു.

(സി) ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷകൾ ഓൺലൈനിലൂടെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സ്റ്റാർട്ട്അപ് മിഷനുമായി ചേർന്ന് അപേക്ഷകൾ ഓൺലൈനിലൂടെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ

166 (4891) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021 പ്രകാരം സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വെളിപ്പെടുത്തുമോ?

ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട് 2021 പ്രകാരം സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## പി. എം. കെയർ പദ്ധതിയിൽ ലഭ്യമായ വെന്റിലേറ്ററുകൾ

167 (4892) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എം. കെയർ പദ്ധതി പ്രകാരം ഓരോ ജില്ലകളിലും ലഭ്യമായ വെന്റിലേറ്ററുകളുടെ എണ്ണം ലഭ്യമാക്കാമോ?

കേരളത്തിൽ പി എം കെയർ പദ്ധതി പ്രകാരം 480 വെന്റിലേറ്ററുകൾ ലഭിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ വിതരണം നടത്തിയിട്ടുള്ള വെന്റിലേറ്ററുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ നിലവിൽ പ്രവർത്തനക്ഷമമായവയുടെ എണ്ണവും ലഭ്യമായ വേളയിൽ പ്രവർത്തനക്ഷമമല്ലാതെ റിപ്പയർ ചെയ്ത് ഉപയോഗിക്കേണ്ടിവന്നവയുടെ എണ്ണവും ലഭ്യമാക്കാമോ?

നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള വെന്റിലേറ്ററുകളുടെയും ലഭ്യമായ വേളയിൽ ഉപയോഗക്ഷമമല്ലാത്ത വെന്റിലേറ്ററുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പി. എം. കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് ലഭിച്ച ഓക്സിജൻ പ്ലാന്റുകളുടെ എണ്ണവും അവയിൽ പ്രവർത്തനക്ഷമമായവയുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി. എം. കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് 33 ഓക്സിജൻ പ്ലാന്റുകൾ ലഭിക്കുകയും അവയിൽ 9 ഓക്സിജൻ പ്ലാന്റുകൾ പ്രവർത്തനക്ഷമമാകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോവിഡുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച തുകയുടെയും ഉപകരണങ്ങളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**മലബാർ കാൻസർ സെന്ററിന്റെ പുരോഗതിക്കായി പദ്ധതികൾ**

168 (4893) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മലബാർ കാൻസർ സെന്ററിന്റെ സമഗ്ര പുരോഗതിക്കായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് തുക നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതൊക്കെയാണ് ഇനിയും പൂർത്തിയാകാത്തതെന്നും ആയതിന്റെ കാരണം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

&

(സി) ഇവ പൂർത്തിയാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോതമംഗലം താലൂക്കിലെ കാൻസർ ബാധിതരുടെ കണക്ക്**

169 (4894) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കാൻസർ രോഗബാധിതരുടെ കണക്ക് ആരോഗ്യ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ പാലിയേറ്റീവ് കെയർ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികളുടെ എണ്ണം 496 ആണ്. സാന്ത്വന ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ കണക്കുകളല്ലാതെ ജനസംഖ്യാധിഷ്ഠിതമായി കാൻസർ സർവ്വേ ഇതുവരെ നടത്തപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ വില്ലേജ് തിരിച്ചുള്ള കാൻസർ രോഗികളുടെ കണക്ക് ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിവരശേഖരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കാൻസർ രോഗികളുടെ എണ്ണം കണ്ടെത്തുന്നതിനും ആശാ പ്രവർത്തകരുടെയും പാലിയേറ്റീവ് കെയർ പ്രവർത്തകരുടെയും സഹായത്തോടുകൂടി ഒരു സമഗ്ര വിവര ശേഖരണം നടത്തുന്നതിന് ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ പോപ്പുലേഷൻ ബെയ്സ്ഡ് സ്ക്രീനിംഗ് പദ്ധതിയിലൂടെ നടപടി സ്വീകരിക്കുന്നത് പരിശോധിക്കുന്നതാണ്.

(സി) ഈ താലൂക്കിൽ കാൻസർ രോഗം വർദ്ധിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള കാൻസർ ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടില്ല. ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം വഴി ശേഖരിക്കുന്ന സാമ്പിളുകളിൽ കോതമംഗലം താലൂക്കിൽ നിന്നും കൂടുതൽ സാമ്പിളുകൾ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിന്റെയും മറ്റുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഒരു ക്യാൻസർ നിയന്ത്രണ പരിപാടി നടപ്പിലാക്കിവരുന്നു. വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ മൂന്ന് കാൻസറുകൾ കണ്ടെത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സ്ക്രീനിംഗ് നടത്തി വരുന്നുണ്ട്. താലൂക്കാശുപത്രികളിൽനിന്നും ബയോപ്സി, FNAC എന്നീ ടെസ്റ്റുകൾ നടത്തുന്നതിന് സാംപിളുകൾ ശേഖരിച്ചെത്തിക്കുന്നതിന് സാംപിൾ ട്രാൻസ്പോർട്ടേഷൻ സംവിധാനമൊരുക്കി ആർ.സി.സി.-യിലേയ്ക്കും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും സാംപിളുകൾ എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. കൂടാതെ ക്യാൻസർ ബോധവത്ക്കരണ പരിപാടിയിലൂടെ ജനങ്ങൾ ലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് സ്വയം പരിശോധനയ്ക്ക് വിധേയരാവാറുണ്ട്.

(ഡി) ആയത് സംബന്ധിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നുണ്ടോ; വിശദമാക്കാമോ;

&

(ഇ) ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് വിദഗ്ദ്ധ ആരോഗ്യ സംഘത്തെ നിയോഗിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള ക്യാൻസർ രജിസ്ട്രിയുടെ ഭാഗമായി പ്രസ്തുത താലൂക്കുൾപ്പെടുന്ന എറണാകുളം ജില്ലയിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനായി കൊച്ചി ക്യാൻസർ റിസർച്ച് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മെഡിക്കൽ ടെക്നോളജി കൺസോർഷ്യം

170 (4895) ശ്രീ. പി. എസ്. സുപാൽ :

ശ്രീ. വാഴൂർ സോമൻ:

ശ്രീ. സി. സി. മുകുന്ദൻ :

ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതികവിദ്യയുടേയും ഉപകരണ നിർമ്മാണത്തിന്റേയും കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

&

(ബി) മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉണ്ട്. കേരളത്തെ വൈദ്യശാസ്ത്ര സംബന്ധിയായ സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും കേന്ദ്രമാക്കി മാറ്റുന്നതിനും വൈദ്യശാസ്ത്ര രംഗത്ത് നൂതന സാങ്കേതിക ഗവേഷണ ക്ലിനിക്കൽ സംവിധാനങ്ങൾ ഒരുക്കുന്നതിനും 23-11-2019-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 31/2019/പ്ലാനിംഗ് പ്രകാരം താഴെപ്പറയുന്ന പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട് :

(i) വ്യക്തിഗത സംരംഭകർക്ക് വളർച്ച ഉറപ്പാക്കുന്നതിനും നൂതന മെഡിക്കൽ ഉപകരണ/സാങ്കേതിക കമ്പനികൾക്ക് ഫണ്ട് നൽകുന്നതിനുമുള്ള ഒറ്റ ഉറവിട കേന്ദ്രമായി പ്രവർത്തിക്കുക.

(ii) അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമതയുള്ള മുൻനിര മെഡിക്കൽ സാങ്കേതികതകളും ആരോഗ്യപരിപാലന പ്രതിവിധികളും വികസിപ്പിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക.

(iii) ഇന്ത്യൻ സമൂഹത്തിന് യോജിക്കുന്ന സവിശേഷ ക്ലിനിക്കൽ ആവശ്യങ്ങൾ തിരിച്ചറിയുകയും നൂതനവും ചെലവ് കുറഞ്ഞതുമായ പ്രതിവിധികളിലൂടെ അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക.

(iv) സാമൂഹ്യമായി പ്രസക്തിയുണ്ടെങ്കിലും വ്യാപാര സാധ്യത കുറവുള്ള ക്ലിനിക്കൽ ആവശ്യങ്ങൾ മുൻനിർത്തിയുള്ള ബഹുവിജ്ഞാനപരമായ ഗവേഷണ പരിശ്രമങ്ങൾ സർക്കാരിന്റെ സവിശേഷ പിന്തുണയോടെ സൃഷ്ടിക്കുക.

(v) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികാസത്തിനും ആഗോള വ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിതസ്ഥിതിയും വൈദഗ്ധ്യവുമുള്ള തൊഴിൽസേനയും പോഷിപ്പിക്കുക.

(vi) ഉയർന്ന വരുമാനമുള്ളതും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(സി) വ്യാപാര സാധ്യത കുറവാണെങ്കിലും സാമൂഹ്യപ്രസക്തിയുള്ള ക്ലിനിക്കൽ ആവശ്യങ്ങൾക്കായി ഗവേഷണ പരിശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചുമതലപ്പെടുത്തിയ വിദഗ്ധന്മാർക്ക് കോവിഡ് സാഹചര്യംമൂലം ചില അസൗകര്യങ്ങൾ വന്നതിനാൽ മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം താത്കാലികമായി കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ മരവിപ്പിച്ചിരുന്നു. എന്നാൽ കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ 2021-2022-ലെ വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസലിൽ കൺസോർഷ്യത്തിന്റെ തുടർപ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

(ഡി) മെഡിക്കൽ ടെക്നോളജി രംഗത്തെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ആഗോള വ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് അനുകൂലമായ അന്തരീക്ഷവും വിദഗ്ധ തൊഴിൽ സമൂഹവും സൃഷ്ടിക്കുക എന്നത് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്.

**ഇ-ഹെൽത്ത് പദ്ധതി**

171 (4896) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രി കളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപ്പെട്ട വെൺപകൽ. പെരുംപഴുതൂർ, കുളത്തൂർ, ചെങ്കൽ, പരണിയം, കാരോട് എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളിലും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലുമാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പി

ലാക്കുന്നത്. ഇതിൽ കാരോട് കുടുംബാരോഗ്യകേന്ദ്രം ഒഴികെ ബാക്കി 4 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി എല്ലാ സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും വേണ്ടിയുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. കാരോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഏകദേശം രണ്ടുമാസത്തിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ മണ്ഡലത്തിലെ ഓരോ ആശുപത്രിക്കും എത്ര ലക്ഷം രൂപയാണ് ആരോഗ്യ വകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഓരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിൽ ആവശ്യമായിവരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ; പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ ലോക്കൽ ഏരിയ നെറ്റ്‍വർക്കിംഗ് (LAN), UPS, വയറിംഗ്, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, ടോക്കൺ ഡിസ്പ്ലേ, ബാർകോഡ്, പ്രിന്റർ, മിനി കമ്പ്യൂട്ടർ, സ്റ്റിക്കർ പ്രിന്റർ തുടങ്ങി വിവിധ ഹാർഡ്‍വെയറുകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് നൽകിവരുന്ന പരിശീലനം പൂർത്തിയാകുന്നമുറയ്ക്ക് എത്രയുംവേഗം ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ഇ-ഹെൽത്ത് പദ്ധതി

172 (4897) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതി തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മറ്റുള്ളവയിൽ വിവിധഘട്ടങ്ങളിലായി ഇ-ഹെൽത്ത് നടപ്പിലാക്കുന്ന നടപടികൾ നടന്നുവരുന്നു.

## കാരുണ്യ പദ്ധതി

173 (4898) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന എന്തെല്ലാം ചികിത്സ സഹായങ്ങളാണ് നൽകി വരുന്നതെന്നറിയിക്കാമോ; ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽനിന്ന് ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള അസുഖങ്ങളായിരിക്കണം. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്തെ ചികിത്സയ്ക്കും മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിനുശേഷം പരമാവധി 15 ദിവസം (ഡോക്ടറുടെ നിർദ്ദേശ പ്രകാരം) വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന ചികിത്സ സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളൂ. ഏത് പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുമുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്-റേ,

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കാനിംഗ് ഉൾപ്പടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖേനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിന് മുൻപായി തിരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവന ചെയ്ത 89 പാക്കേജുകളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടാത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്. കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർദ്ധക ചികിത്സ, വാക്സിനേഷൻ, മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽനിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി സൗജന്യ ചികിത്സ ഉറപ്പുവരുത്താവുന്നതാണ്. (1) 2018 - 2019 ലെ സാധുവായ ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് കാർഡുകൾ (2) ആധാർ കാർഡ് (3) റേഷൻ കാർഡ് (4) രജിസ്ട്രേഷൻ സമയത്ത് നൽകിയ മൊബൈൽ നമ്പർ. പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്.

(ബി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഏതെല്ലാം ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വിശദമാക്കാമോ?

നിലവിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(സി) ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യപദ്ധതികളിൽ ഉൾപ്പെടാത്തതുമായ കുടുംബങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി സംസ്ഥാന ലോട്ടറി വകുപ്പ് നടപ്പിലാക്കിയിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് (കെ. ബി. എഫ്.) പദ്ധതി 2020 സെപ്റ്റംബർ 1 മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വഴിയാണ് നടപ്പിലാക്കിവരുന്നത്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സ ആനുകൂല്യവും നൽകി വരുന്നു. മുൻപ് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ 365 പാക്കേജുകളിലായി 100-ൽ താഴെ സ്വകാര്യ ആശുപത്രികളിൽ നിന്നുമാത്രമാണ് ചികിത്സ ലഭ്യമായിരുന്നത്. എന്നാൽ കാസ്പിലേയ്ക്ക് കെ.ബി.എഫ്. (കാരുണ്യ ബെനവലന്റ് പദ്ധതി) ലയിപ്പിച്ചപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടിയ എല്ലാ ആശുപത്രികളിൽ നിന്നും കെ.ബി.എഫ്. പദ്ധതിയുടെ സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു.

**ആർദ്രം പദ്ധതി**

174 (4899) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരുക്കിയിരിക്കുന്ന സൗകര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആർദ്രം ഒന്നാം ഘട്ടം- ആർദ്രം ഒന്നാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 8,10,000 (എട്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ആരോഗ്യ കേരളം വഴി അനുവദിക്കുകയും ഒ.പി. കൗണ്ടർ, ഫാർമസി നവീകരണം, പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, മുതലായ അടിസ്ഥാനസൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം തുടങ്ങിയവ സൃഷ്ടിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ച് വരികയാണ്. ആർദ്രം പദ്ധതി വിഭാവന ചെയ്യുന്ന മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനത്തിൽ നൽകിവരുന്നു. ഇതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം - ആർദ്രം രണ്ടാം ഘട്ടത്തിൽ ടി

നിയോജകമണ്ഡലത്തിലെ പേരൂർ, പൂക്കോട്ടുകാവ്, എലമ്പുലാശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ രോഗികൾക്കുള്ള കാത്തിരിപ്പ് മുറി, ഒ.പി കൗണ്ടർ, പ്രീ ചെക്ക് കൗണ്ടർ, ലാബ് സൗകര്യം, പ്രത്യേക മുലയൂട്ടൽ റൂം, ഫാർമസി നവീകരണം, ഒ.പി. റൂം നവീകരണം, രോഗീ സൗഹൃദ അന്തീക്ഷം എന്നിവ സൃഷ്ടിച്ച് നിലവിൽ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയാണ്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പേരൂർ, എലമ്പുലാശ്ശേരി എന്നീ സ്ഥാപനങ്ങൾക്ക് 15.5 ലക്ഷം രൂപയും (പതിനഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പൂക്കോട്ടുകാവിന് 14 ലക്ഷം രൂപയും (പതിനാല് ലക്ഷം രൂപ) ആരോഗ്യ കേരളം വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി പേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റഫ് നേഴ്സ് എന്നീ തസ്തികകളും, പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും, എലമ്പുലാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു സ്റ്റാഫ് നഴ്സ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടം-ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കോട്ടപ്പുറം, തച്ചനാട്ടുകര, ലക്കിടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കായി ആരോഗ്യ കേരളം വഴി 37.5 ലക്ഷം രൂപ (മുപ്പത്തിയേഴര ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ കോവിഡ്-19 പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസോലേഷൻ വാർഡ് അനുവദിക്കുന്നതിന് ടി മണ്ഡലത്തിൽ നിന്നും കടമ്പിപ്പുറം സി.എച്ച്.സി.-യെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

## ആർദ്രം പദ്ധതി

175 (4900) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. പി. നന്ദകുമാർ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ ആരോഗ്യ മേഖല ശാക്തീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ആർദ്രം മിഷൻ പൂർത്തിയാക്കി യിരുന്നോ; ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യരംഗത്ത് ഏർപ്പെടുത്തിയ അധിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ നടപടി ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ഫലപ്രദമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകവഴി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മെച്ചപ്പെട്ട ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. അതിലൂടെ പ്രാഥമിക തലത്തിൽ രോഗ നിർണ്ണയം നടത്തുവാനും ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുവാനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും നടത്തുന്ന ജീവിതശൈലിരോഗങ്ങൾക്കുള്ള ക്ലിനിക്ക് വഴി കൂടുതൽ പേരുടെ ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കാനും ചികിത്സ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. ഉപകേന്ദ്ര ക്ലിനിക്കുകൾ വഴിയും ജീവിത ശൈലീ രോഗീ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. വ്യായാമം പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ, കൗൺസിലിംഗ് തുടങ്ങിയവയും പല കേന്ദ്രങ്ങളിലും ചെയ്തുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആർദ്രം പദ്ധതി

176 (4901) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.കളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി. മാടപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും, ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പി.എച്ച്.സി. പായിപ്പാട്, പി.എച്ച്.സി. തൃക്കൊടിത്താനം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ എഫ്.എച്ച്.സി. ആയി പ്രവർത്തിച്ചുവരുന്നു. ആർദ്രം മൂന്നാം ഘട്ടത്തിൽ പി.എച്ച്.സി. വാഴപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനം എൻ.എച്ച്.എം. വഴി നടന്നുവരുന്നു. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നേത്ര വിഭാഗത്തിൽ ഓപ്പറേഷൻ തിയേറ്റർ, പത്ത് കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിയിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 28.4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

ആർദ്രം പദ്ധതി പ്രകാരം മണ്ഡലത്തിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | സൃഷ്ടിച്ച തസ്തിക | എണ്ണം | ഉത്തരവ് നമ്പർ |
|---|---|---|---|---|
| (1) | (2) | (3) | (4) | 5) |
| 1 | ജനറൽ ആശുപത്രി ചങ്ങനാശ്ശേരി | ദന്തൽ മെക്കാനിക്ക് | 1 | G.O.(MS) No.136/2017/H&F WD dated 23-9-2017 |
| | | ജൂനിയർ കൺസൾട്ടന്റ് (O&G) | 1 | |
| | | സ്റ്റാഫ് നഴ്സ് (Gr.II) | 3 | G.O.(MS) No.101/2017/H& FWD dated 28-6-2017 |
| | | ലാബ് ടെക്നീഷ്യൻ (Gr.II) | 1 | |
| | | ലാബ് ടെക്നീഷ്യൻ (Gr.II) | 2 | G.O.(MS) No.192/2017/H& FWD dated 7-10-2016 |
| 2. | എഫ്.എച്ച്.സി. മാടപ്പള്ളി | അസിസ്റ്റന്റ് സർജൻ | 1 | G.O.(MS) No.75/2017/H& FWD dated 12-5-2017 |
| | | സ്റ്റാഫ് നഴ്സ് (Gr.II) | 2 | |
| | | ലാബ് ടെക്നീഷ്യൻ (Gr.II) | 1 | |
| | | ഫാർമസിസ്റ്റ് | 1 | സ.ഉ. (സാധാ) നമ്പർ 1548/2018 ആ.കു.വ. തീയതി 8-5-2018 |

| (1) | (2) | (3) | (4) | 5) |
|---|---|---|---|---|
| 3 | എഫ്.എച്ച്.സി. പായിപ്പാട് | അസിസ്റ്റന്റ് സർജൻ | 1 | G.O.(MS) No.171/2019/H& FWD dated 14-11-2019 |
| 4 | എഫ്.എച്ച്.ഡി തൃക്കൊടിത്താനം | സ്റ്റാഫ് നഴ്സ് | 1 | G.O.(MS) No.171/2019/H& FWD dated 14-11-2019 |

തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ആർദ്രം പദ്ധതി**

177 (4902) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ആർദ്രം ഒന്നാം ഘട്ടം

ആർദ്രം ഒന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ടി സ്ഥാപനങ്ങൾക്ക് ആരോഗ്യ കേരളം വഴി 8 ലക്ഷം രൂപ (എട്ട് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് ആർദ്രം പദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം, ജീവനക്കാരുടെ കുറവ് തുടങ്ങിയവയെല്ലാം വർദ്ധിപ്പിച്ച് സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയാണ്. ഇതിനായി ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം അസിസ്റ്റന്റ് സർജൻമാരുടെയും രണ്ട് വീതം സ്റ്റാഫ് നേഴ്സുമാരുടെയും ഒന്ന് വീതം ലാബ് ടെക്നീഷ്യൻമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ.ഉ. (സാധാ) നമ്പർ 1548/2018/ആ.കു.വ., തിരുവനന്തപുരം, തീയതി 8-5-2018 പ്രകാരം ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം ഫാർമസിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർദ്രം രണ്ടാം ഘട്ടം

ആർദ്രം രണ്ടാം ഘട്ടത്തിൽ നിയോജകമണ്ഡലത്തിലെ കുനിശ്ശേരി, തേങ്കുറുശ്ശി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 14 ലക്ഷം രൂപയും (പതിനാല് ലക്ഷം രൂപ മാത്രം), തേങ്കുറുശ്ശി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 15.5 ലക്ഷം രൂപയും (പതിനഞ്ചരലക്ഷം രൂപ മാത്രം) ആരോഗ്യ കേരളം വഴി അനുവദിച്ചുനൽകി അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിക്കുകയും ജീവനക്കാരുടെ കുറവ് പരിഹരിച്ചും ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരികയുമാണ്. ഇതിനായി ടി സ്ഥാപനങ്ങൾക്ക് ഒന്ന് വീതം സ്റ്റാഫ് നഴ്സുമാരുടെയും കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം മൂന്നാം ഘട്ടം

ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജകമണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിനായി 37.5 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം "ഐസോലേഷൻ വാർഡ്" അനുവദിക്കുന്നതിന് ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും സി.എച്ച്.സി, കുഴൽമന്ദം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(1) junior Consultant (paediatrics)-1

(2) Junior Consultant (Obstetrics & Gynecology) -1

(3) Casuality Medical Officer -4

(4) ECG Technician -1

(5) Dental Hygienist -1

(6) Medical Record Librarian -1

(7) Staff Nurse -2

(8) Lab Technician -1.

G.O.(Rt) No.1394/2020/H&FWD, dated 30-7-2020 ഉത്തരവ് പ്രകാരം KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി Casuality Block and Diagnosis Facilities നിർമ്മാണത്തിനായി 12.31 കോടി രൂപയുടെ ഭരണാനുമതിയും 11.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ ആർദ്രം പദ്ധതി

178 (4903) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം ആർദ്രം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയ കുട്ടിലങ്ങാടി പി.എച്ച്.സി., പുഴക്കാട്ടിരി പി.എച്ച്.സി. എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ?

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മങ്കട നിയോജക മണ്ഡലത്തിലെ പുഴക്കാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രം, കുട്ടിലങ്ങാടി പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന അടിസ്ഥാന സൗകര്യം, രോഗീ സൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിനായി കുട്ടിലങ്ങാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 23.11 ലക്ഷം രൂപ (ഇരുപത്തി മൂന്ന് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം)ആരോഗ്യ കേരളം വഴി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതേ രീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പുഴക്കാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുന്നതിനായി 15.09 ലക്ഷം രൂപ (പതിനഞ്ച് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) ആരോഗ്യ കേരളം വഴി അനുവദിച്ചിട്ടുണ്ട്. നിലവിൽ എം.എൽ.എ. ഫണ്ട് വഴിയുള്ള പുതിയ ഒ.പി. കെട്ടിട നിർമ്മാണവും (75% പൂർത്തിയായി) പഞ്ചായത്ത് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. ആയതിനാൽ ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആർദ്രം പദ്ധതി പ്രകാരമുള്ള പ്രവർത്തി തുടങ്ങുവാൻ കഴിയും.

(ബി) പ്രസ്തുത പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കോവിഡ്-19 പശ്ചാത്തലത്തിൽ, കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമായ ഈ ഘട്ടത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടിലങ്ങാടി പ്രാഥമികാരോഗ്യകേന്ദ്രം, പുഴക്കാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസന നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കുവാനും നിർമ്മാണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കോവിഡ്-19 പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസോലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് 26-7-2021-ലെ സ.ഉ.(സാധാ) നമ്പർ 1555/2021/ആ.കു.വ. പ്രകാരം ഉത്തരവാകുകയും ആയതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യിലാണ് ടി ഐസോലെഷൻ വാർഡ് അനുവദിച്ചിരിക്കുന്നത്.

## ആർദ്രം പദ്ധതിയുടെ ഭാഗമായി ഫാർമസിസ്റ്റ് തസ്തികകൾ

179 (4904) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 180 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പുതിയ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

3-8-2021-ലെ തീയതിലെ സ.ഉ. (കൈ)നമ്പർ 143/2021/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി 52 പുതിയ തസ്തികകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച 180 തസ്തികകളും കൂടാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള 9 തസ്തികകളും ഉൾപ്പെടെ മൊത്തം 241 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## താലൂക്ക് ആസ്ഥാന ആശുപത്രികളെ നവീകരിക്കുന്നത് സംബന്ധിച്ച്

180 (4905) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആസ്ഥാന ആശുപത്രികളെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ?

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/താലൂക്കാസ്ഥാന ആശുപത്രികളിലായി കിഫ്ബി പദ്ധതിപ്രകാരം മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രധാന സേവനങ്ങളെല്ലാം ഒരു കെട്ടിടത്തിൽ സജ്ജമാക്കുന്നതിനായി ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു. 5 കോടി രൂപയോ അതിനുമുകളിലോ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡ് പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന പ്ലാൻ ഫണ്ട്, NHM, ബഹുമാനപ്പെട്ട എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തി വികസന ഫണ്ട് എന്നിവ മുഖേനയും നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. അസറ്റ് മെയിന്റനൻസ് ഫണ്ടുപയോഗിച്ച് ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്കുതല ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനങ്ങളും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൂടാതെ ദേശീയ ആരോഗ്യ മിഷൻ മുഖേന ലക്ഷ്യ സ്റ്റാൻഡേർഡ്സ് അനുസരിച്ച് ലേബർ റൂം സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളും ഘട്ടം ഘട്ടമായി ഡയാലിസിസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം താലൂക്ക് ആശുപത്രികളാണ് നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ ഓരോ ആശുപത്രിക്കും അനുവദിച്ച ഫണ്ടിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ പി.എച്ച്.സി.-കളിലെ നിയമനം

181 (4906) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ പി.എച്ച്.സി.-കളിലേയ്ക്കായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുതിയതായി ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ ആരോഗ്യസ്ഥാപനങ്ങൾ ആർദ്രം ഒന്നും ആർദ്രം രണ്ടും ഘട്ടങ്ങളിലാണ്. 1830 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ബി) ഇതിൽ എത്ര നിയമനം നടന്നിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

പുതുതായി ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിൽ സൃഷ്ടിക്കപ്പെട്ട എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്.

(സി) സ.ഉ.(കൈ) നമ്പർ 52/2021/ആ.കു.വ. ഉത്തരവിന്റെ തുടർച്ചയായി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

പുറപ്പെടുവിച്ചിട്ടുണ്ട്. 3-8-2021-ലെ ജി.ഒ.(എം.എസ്.) നമ്പർ 143/2021/ആ.കു.വ എന്ന ഉത്തരവ് പ്രകാരം താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

1. സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 – 204
2. ഫാർമസിസ്റ്റ് ഗ്രേഡ് 2 - 52
3. ക്ലാർക്ക് - 42
4. ഓഫീസ് അറ്റൻഡന്റ് - 2

(ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യന്മാരുടെ എത്ര തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്?

പ്രസ്തുത ഉത്തരവ് പ്രകാരം ലാബ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ഇ) എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് ടെക്നീഷ്യൻമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പ്രാഥമികാരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ എൻ.എച്ച്.എം. മുഖേന ലാബ് ടെക്നീഷ്യനെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.-ന്റെ മാനദണ്ഡ പ്രകാരം എൽ.എസ്.ജി.ഡി. മുഖേന നിയമിക്കാൻ ഉത്തരവായിട്ടുണ്ട്.

**കാട്ടാക്കടയിലെ കിടപ്പുരോഗികളുടെ വിവരങ്ങൾ**

182 (4907) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി നിലവിൽ എത്ര കിടപ്പുരോഗികളുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലുള്ള നിലവിലെ കിടപ്പുരോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | കിടപ്പുരോഗികളുടെ എണ്ണം |
|---|---|---|
| 1 | മലയിൻകീഴ് | 147 |
| 2 | വിളപ്പിൽ | 127 |
| 3 | മാറനല്ലൂർ | 275 |
| 4 | വിളവൂർക്കൽ | 275 |
| 5 | പള്ളിച്ചൽ | 350 |
| 6 | ആമച്ചൽ | 310 |

(ബി) കിടപ്പുരോഗികളുടെ പേരും മേൽവിലാസവും ലഭ്യമാക്കാമോ;

&

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിദിനം ശരാശരി എത്ര രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടാറുണ്ടെന്ന് വ്യക്തമാക്കാമോ?

| ക്രമ നമ്പർ | കുടുംബാരോഗ്യകേന്ദ്രം | ഒ.പി. |
|---|---|---|
| 1 | മാറനല്ലൂർ | 105 |
| 2 | വിളവൂർക്കൽ | 100 |
| 3 | പള്ളിച്ചൽ | 200 |
| 4 | ആമച്ചൽ | 148 |

## താലൂക്ക് ആശുപത്രികളിൽ നിർബന്ധമായും അനുവദിക്കേണ്ട ചികിത്സാവിഭാഗങ്ങൾ

183 (4908) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ മാനദണ്ഡപ്രകാരം നിർബന്ധമായും അനുവദിക്കേണ്ട ചികിത്സാവിഭാഗങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ഓരോ താലൂക്ക് ആശുപത്രിയിലും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ എത്രയെന്ന് അറിയിക്കാമോ?

ആർദ്രം മാനദണ്ഡ പ്രകാരം സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ അനുവദിക്കേണ്ട ചികിത്സാ വിഭാഗങ്ങൾ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഒഫ്താൽമോളജി, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ, സൈക്യാട്രി, കാഷ്വാലിറ്റി, ഡെന്റൽ എന്നിവയാണ്. ഓരോ താലൂക്ക് ആശുപത്രിയിലും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.*

(ബി) പിറവം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; ഇനി ഏതെല്ലാം വിഭാഗങ്ങൾ ആരംഭിക്കാനുണ്ട്; അവ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ജനറൽ മെഡിസിൻ, ഒഫ്ത്താൽമോളജി, ഡെന്റൽ വിഭാഗം, ഇ.എൻ.റ്റി. എന്നിവയുടെ ഔട്ട് പേഷ്യന്റ് വിഭാഗം, കാഷ്വാലിറ്റി വിഭാഗം, ഡയാലിസിസ് യൂണിറ്റ്, പാലിയേറ്റീവ് യൂണിറ്റ്, കിടത്തി ചികിത്സാ വിഭാഗം എന്നിവയാണ് പിറവം താലൂക്കാശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്നത്. നേത്രരോഗ വിഭാഗം, ഓപ്പറേഷൻ തിയേറ്റർ എന്നിവ ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതുമാണ്. ഇ.എൻ.ടി. വിഭാഗം, ഓർത്തോ വിഭാഗം എന്നിവ പുതുതായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ അനുവദിച്ച സ്റ്റാഫ് പാറ്റേൺ എത്രയാണ്; അതിൽ ഇനിയും ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പിറവം താലൂക്കാശുപത്രിയിൽ നിലവിൽ അനുവദിച്ച സ്റ്റാഫ് പാറ്റേൺ, ഒഴിവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ആയതിൽ ഒരു സി.എം.ഒ.-യുടെയും, ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടിന്റെയും ഒഴിവുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എറവ് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക

184 (4909) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ അൻപത് വർഷത്തിലേറെയായി പ്രവർത്തിച്ചു വരുന്ന അരിമ്പൂർ പഞ്ചായത്തിലെ എറവ് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ വർഷം കഴിയുന്തോറും രോഗികളുടെ എണ്ണവും പുതിയ പ്രോജക്ടുകളുടെ എണ്ണവും കൂടിവരുന്ന എറവ് ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് ഒരു ഫാർമസിസ്റ്റിന്റെ തസ്തികയും സേവനവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഡയാലിസിസ് സെന്റർ

185 (4910) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ രോഗികൾക്കായി തുറന്നുകൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

വൈക്കം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി 31-4-2021-നാണ് പൂർത്തിയാക്കിയത്. അനുവദിച്ച ഉപകരണങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 14-9-2020-ന് വിതരണ ഉത്തരവ് നൽകിയിരുന്നെങ്കിലും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം മാത്രമാണ് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിച്ചത്. ചുവടെ ചേർക്കുന്ന ഉപകരണങ്ങളുടെ വിതരണം ഇതിനോടകം പൂർത്തിയായിട്ടുണ്ട് :

1. ഡയാലിസിസ് മെഷീൻ

2. ആർ. ഒ. പ്ലാന്റ് (R.O. Plant)

3. ഐ.സി.യു. കോട്ട് 4. യു.പി.എസ്.

5. ബൈകാർബണേറ്റ് മിക്സർ

6. ക്രാഷ് കാർട്ട്

7. എയർ കണ്ടീഷണർ.

കോവിഡ് മഹാമാരി കാരണം ആശുപത്രികളിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിൽ ചില കമ്പനികൾ കാലതാമസം വരുത്തിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒരു ദിവസം എത്ര രോഗികൾക്ക് ഡയലിസിസ് ചെയ്യാനുള്ള സൗകര്യമാണ് ഇവിടെയുള്ളതെന്ന് വ്യക്തമാക്കുമോ?

ഒരു ഷിഫ്റ്റിൽ 7 രോഗികൾക്ക് ഡയാലിസിസ് ചികിൽസ ലഭ്യമാക്കുവാനുള്ള സൗകര്യം ഈ ആശുപത്രിയിൽ ലഭ്യമാകും.

**പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണം**

186 (4911) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ഔദ്യോഗിക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ഔദ്യോഗിക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പാണാവള്ളി പി.എച്ച്.സി.**

187 (4912) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ പാണാവള്ളി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയപ്പോൾ പുതുതായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരൂർ മണ്ഡലത്തിലെ പാണാവള്ളി പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജന്റെ പുതിയ തസ്തിക സൃഷ്ടിക്കുകയുണ്ടായി.

(ബി) എൻ.ആർ.എച്ച്.എം. വഴി അരൂർ മണ്ഡലത്തിൽ ഏതെല്ലാം ഹോസ്പിറ്റലുകളിലാണ് ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

| ക്രമ നമ്പർ | ആരോഗ്യസ്ഥാപനം | ഡോക്ടർമാരുടെ എണ്ണം |
|---|---|---|
| 1 | കുടുംബാരോഗ്യകേന്ദ്രം, അരൂർ | 1 |
| 2 | കുടുംബാരോഗ്യകേന്ദ്രം, പാണാവള്ളി | 1 |
| 3 | കുടുംബാരോഗ്യകേന്ദ്രം, പെരുമ്പളം | 3 |
| 4 | താലൂക്ക് ആശുപത്രി, തുറവൂർ (ഡെന്റൽ സർജൻ. | 1 |
| കോവിഡ് 19 പ്രിവൻഷൻ ആക്റ്റിവിറ്റീസിനായി നിയമിച്ച മെഡിക്കൽ ഓഫീസർമാർ | | |
| 1 | സാമൂഹികാരോഗ്യകേന്ദ്രം, അരുകുറ്റി | 1 |
| 2 | സാമൂഹികാരോഗ്യകേന്ദ്രം, പെരുമ്പളം | 1 |
| 3 | താലൂക്ക് ആശുപത്രി, തുറവൂർ | 1 |

**ബേഡഡുക്ക സി.എച്ച്.സി.**

188 (4913) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക സി.എച്ച്.സി.-ക്ക് കിഫ്ബി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക താലൂക്ക് ആശുപത്രി നവീകരണം കിഫ്ബിയിൽ ഉൾപ്പെടുത്തി 13.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി 10.165 കോടി രൂപയുടെ സാമ്പത്തികാനുമതി 2-3-2021-ൽ നൽകിയിട്ടുണ്ട്. കിറ്റ്കോ എന്ന ഏജൻസിയെയാണ് പ്രവൃത്തികളുടെ

സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുള്ളത്. ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് ബ്ലോക്ക്, ക്വാഷ്വൽറ്റി, രോഗനിർണ്ണയ സംവിധാനങ്ങൾ എന്നിവയുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത സി.എച്ച്.സി.-യുടെ സ്ഥലം അളന്ന് അതിർത്തി നിശ്ചയിച്ചതിൻ പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടം പുതിയ സ്ഥലത്തേയ്ക്ക് മാറ്റി പഴയ കെട്ടിടം പൊളിച്ചുനീക്കാതെ സംരക്ഷിക്കണമെന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തീരുമാനത്തിൽ തുടർ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നേരത്തേ നിർമ്മാണത്തിനായി കണ്ടെത്തിയിരുന്ന സ്ഥലം മാറ്റി പുതുതായി അളന്ന് തിട്ടപ്പെടുത്തിയ സ്ഥലത്തേയ്ക്ക് ഡിസൈൻ മാറാതെ പുതിയ കെട്ടിടം നിർമ്മിക്കണമെന്നുള്ള ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരികയാണ്.

(ഡി) എച്ച്.എം.സി. തീരുമാനം സ്ഥല സൗകര്യം കുറഞ്ഞ ഈ ആശുപത്രിക്ക് ഗുണകരമാകുമെങ്കിൽ ഈ വിഷയം പരിഗണിക്കുന്നതിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ബേഡഡുക്ക താലൂക്ക് ആശുപത്രിയുടെ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് 2020 മാർച്ചിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ച കിറ്റ്കോ സ്ഥല പരിശോധന നടത്തി ആശുപത്രി അധികൃതരുമായും ആരോഗ്യ വകുപ്പ് ഡയറക്ടറുമായും ചർച്ച നടത്തി വിശദമായ പദ്ധതി രേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി ഇത് പരിശോധിച്ച് 2020 ഒക്ടോബറിൽ സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കിറ്റ്കോ തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി നടത്തിയ വിശദമായ സാങ്കേതിക പരിശോധനയ്ക്കുശേഷമാണ് 2021 മാർച്ചിൽ പദ്ധതിക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയത്. നിലവിലുള്ള പ്ലാനിൽ മാറ്റംവരുത്തി പ്രവൃത്തികൾ നടത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റേയും കിഫ്ബിയുടേയും അനുമതിയോടെ പദ്ധതിയിൽ മാറ്റം വരുത്തുന്നതിന് തടസ്സമില്ല.

## നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് സെന്റർ

189 (4914) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കാമോ; ബ്ലഡ് സെന്ററിന് ലൈസൻസ് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമോയെന്ന് അറിയിക്കാമോ?

നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കമ്പോണന്റ് സ്റ്റോറേജ് സെന്ററാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം ഏകദേശം 200 യൂണിറ്റോളം രക്തമാണ് ടി സെന്ററിൽ നിന്നും ട്രാൻസ്ഫ്യൂസ് ചെയ്യുന്നത്. രക്തത്തിന്റെ ആവശ്യകത ഉയരുന്നതിനാൽ നിലവിലുള്ള ബ്ലഡ് സ്റ്റോറേജ് സെന്ററിനെ ബ്ലഡ് കംപോണന്റ് യൂണിറ്റായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ആശുപത്രി അധികൃതരുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ബ്ലഡ് സെന്ററിന് വേണ്ട കെട്ടിടമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പൂർത്തിയായ സ്ഥിതിക്ക് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് സർജൻ അടക്കമുള്ള കൂടുതൽ ജീവനക്കാരെ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബ്ലഡ് ബാങ്ക് വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ ആശുപത്രിയിൽ ആരംഭിക്കാനിരിക്കുന്ന ബ്ലഡ് സെന്ററിൽ ഒരുക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് (ബി.സി.എസ്.യു.) ബ്ലഡ് സെന്ററിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടോ?

പുതുതായി ആരംഭിക്കുന്ന ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിന് ആവശ്യമായിവരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എൻ.എച്ച്.എം. മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ആരംഭിക്കാനിരിക്കുന്ന ബ്ലഡ് സെന്ററിൽ പ്രാദേശിക രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ബ്ലഡ് മൊബൈൽ വാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ചുമതലയുള്ള 2 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകൾ മലപ്പുറം ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. അത് ജില്ലാ ആശുപത്രി പെരിന്തൽമണ്ണയിലും മഞ്ചേരി മെഡിക്കൽ കോളേജിലുമാണ് അനുവദിച്ചിരിക്കുന്നത്. നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ 2 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകളുടെ സേവനം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കൂടി കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന ലഭ്യമാക്കുന്നതാണ്.

**തിരൂരങ്ങാടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ**

190 (4915) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**സർക്കാർ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ**

191 (4916) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ തൽസ്ഥിതി എന്താണെന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആറ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുകയും ഇവിടങ്ങളിൽ അധിക ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഒ. പി. സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ പ്രവർത്തിച്ചു വരികയുമാണ്. സ്പെഷ്യാലിറ്റി സേവനങ്ങളായ ശ്വാസ്, ആശ്വാസ് എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. നയനാമൃതം പദ്ധതി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം, അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രത്യേക കൗണ്ടറും പ്രവർത്തിക്കുന്നു. പഞ്ചായത്തടിസ്ഥാനത്തിൽ ആർദ്രം പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | ചെലവഴിച്ച തുക |
|---|---|---|
| 1 | പൂഴനാട് എഫ്.എച്ച്.സി. | 14,47,826 |
| 2 | അമ്പൂരി എഫ്.എച്ച്.സി. | 12,68,746 |
| 3 | കുന്നത്തുകാൽ എഫ്.എച്ച്.സി. | 53,25,378 |
| 4 | കൊല്ലയിൽ എഫ്.എച്ച്.സി. | 18,29,971 |
| 5 | കള്ളിക്കാട് ന്യൂ എഫ്.എച്ച്.സി. | 12,22,661 |

വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പരശുവയ്ക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 67,00,000 രൂപ അനുവദിച്ച് പുതിയ കെട്ടിടം നിർമ്മിച്ച് ടി സ്ഥാപനത്തെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെടുന്നതിന് സർവർ യൂണിറ്റുകൾ, കമ്പ്യൂട്ടറുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് ടി സ്ഥാപനത്തിൽ പാലിയേറ്റീവ് കെയർ വാഹനം, ഇ.സി.ജി. മെഷീൻ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിക്കുവേണ്ടി ചുവടെ പറയുന്ന ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | ഉപകരണം വാങ്ങിയത് | അനുവദിച്ച തുക |
|---|---|---|
| 1 | മോർച്ചറി ഫ്രീസർ | 5,72,985 |
| 2 | ജനറേറ്റർ പർച്ചേസ് | 28,00,000 |

ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് കെ.എം.എസ്.സി.എൽ. ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. ദിവസേന 12 പേർക്ക് രണ്ട് ഷിഫ്റ്റായി ഡയാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്. പ്ലാൻ ഫണ്ടുപയോഗിച്ച് 16,50,000 രൂപയുടെ എം.ആർ.എൽ. കെട്ടിടം നവീകരിച്ചിട്ടുണ്ട്. 23,13,904 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ടുപയോഗിച്ച് ഒരു മാലിന്യം സംസ്കരണ പ്ലാന്റ് പണിയുകയും ആയത് ഇപ്പോൾ ഉപയോഗത്തിലുമാണ്. 9,03,312 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ടുപയോഗിച്ച് പാലിയേറ്റീവ് കെയർ ആംബുലൻസ് വാങ്ങിയിട്ടുണ്ട്. 30,00,000 രൂപയുടെ

ആധുനിക മോർച്ചറി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 4,00,000 രൂപയുടെ ബ്ലോക്ക് ഫണ്ടു പയോഗിച്ച് മോർച്ചറി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 16,50,000 രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് പുതിയ മാതൃശിശു മന്ദിരത്തിന്റെ 95% പണികൾ പൂർത്തീക രിച്ചിട്ടുണ്ട്. ഇപ്പോൾ ലിഫ്റ്റ് സൗകര്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണ പണികൾ പുരോഗതിയിലാണ്. 22,00,000 രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എൻ.എച്ച്.എം. മുഖേന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികൾ പൂർത്തീകരിക്കുകയും ആയത് ഉപയോഗത്തിലുമാണ്. 5,00,000 രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് മെഡിക്കൽ റെക്കോർഡ് കെട്ടിടം നവീകരിച്ചിട്ടുണ്ട്. 10,00,000 രൂപയുടെ എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്ത്രീകൾക്കായി വിശ്രമ മന്ദിരം നിർമ്മിക്കുകയും ആയത് ഇപ്പോൾ ഉപയോഗിച്ചുവരികയും ചെയ്യുന്നു. 15,42,000 രൂപയുടെ ബ്ലോക്ക് ഫണ്ട് പ്രോജക്ട് വഴി പവർ ലാൺട്രി കെട്ടിടം നിർമ്മിച്ചുവരുന്നു. 5,00,000 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ടുപയോഗിച്ച് വാർദ്ധക്യ സൗഹൃദ നടപ്പാത നിർമ്മിക്കുകയും ആയത് ഇപ്പോൾ ഉപയോഗിച്ച് വരികയും ചെയ്യുന്നു. 5,04,650 രൂപയുടെ ബ്ലോക്ക് പ്രോജക്ട് ഫണ്ടുപയോഗിച്ച് ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി കോവിഡ് പ്രതിരോധം നടപ്പിലാക്കിവരുന്നു. 2,89,19,776 രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് പണിയുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുവദി ച്ചിട്ടുണ്ട്. ടി യൂണിറ്റിന്റെ പണികൾ പുരോഗമിച്ചുവരുന്നു. കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിന് 46.86 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ KIIFB-യിൽ നിന്ന് 32.27 കോടി രൂപയ്ക്കുള്ള സാമ്പത്തിക അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചെമ്പൂർ കുടുംബാരോഗ്യകേന്ദ്രത്തിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 50,00,000 (അൻപത് ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ആയതിന്റെ പ്രവർ ത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇ-ഹെൽത്ത് തുടങ്ങുന്നതിനാവശ്യമായ ഉപകരണങ്ങളും വയറിംഗും നടത്തിക്കഴിഞ്ഞു. വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പഴയ കെട്ടിടം പൊളിച്ചു നീക്കുകയും ബഹുമാനപ്പെട്ട പാറശ്ശാല എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പുതുതായി 40 ലക്ഷം രൂപയ്ക്ക് സെക്കണ്ടറി പാലിയേറ്റീവ് കെയർ-ന് ആയി ബഹുനില കെട്ടിടത്തിന്റെ പണികൾ പുരോഗമിച്ചുവരുന്നു. അമ്പൂരി പ്രാഥമികാരോഗ്യകേന്ദ്രത്തിനുവേണ്ടി 50 ലക്ഷം രൂപ ചെലവാക്കി ആശുപത്രി കെട്ടിട്ടം നിർമ്മിച്ചിട്ടുണ്ട്. ഇതു കൂടാതെ ചുറ്റുമതിലിനും ഫ്ലോറിംഗിനുംവേണ്ടി 30 ലക്ഷം രൂപ അനുവദിച്ച് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടംതിട്ട സബ് സെന്ററിനുവേണ്ടി 25 ലക്ഷം രൂപ അനുവദി ക്കുകയും ആയതിന്റെ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പാറശ്ശാല

നിയോജകമണ്ഡലത്തിൽ പൂഴനാട് സാമൂഹികാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനം ഇപ്പോൾ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്. പൂഴനാട് കുടുംബാരോഗ്യ കേന്ദ്രത്തിന് NQAC ലഭ്യമായിട്ടുണ്ട്. കുന്നത്തുകാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉയർത്തുകയും ടി സ്ഥാപനം ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ കൊല്ലയിൽ, കള്ളിക്കാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; മലയോര ആദിവാസി മേഖലയായ ഇവിടത്തെ ജനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്ന പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

22-4-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 58/2017/ആകുവ പ്രകാരം ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലിവിൽ പാറശ്ശാല താലൂക്കാശുപത്രിയുടെ സേവനം ലഭ്യമാണ്. 1-8-2021-ലെ ജി.ഒ.(ആർ.റ്റി.)1633/2021/ആകുവ നമ്പർ ഉത്തരവ് പ്രകാരം പെരുങ്കടവിള റവന്യൂ ബ്ലോക്കിൽനിന്ന് സി.എച്ച്.സി. വെള്ളറടയെ ബ്ലോക്കുതല സി.എച്ച്.സി.-ആയി ഉയർത്തിയിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ ആരോഗ്യ വകുപ്പിന്റെ പത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിന് രണ്ട് കോടി രൂപ അടങ്കലിൽ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പെരുങ്കടവിള സാമൂഹികാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2-2-2021-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 122/2021/പി.ഡബ്ല്യൂ.ഡി. എന്ന ഉത്തരവ് പ്രകാരം രണ്ട് കോടി രൂപ 4059-01-051-86 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സ്ഥലത്തെ മണ്ണ് പരിശോധന നടത്തുന്ന നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി സ്വീകരിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫിസിയോ തെറാപ്പിസ്റ്റുകളുടെ അഭാവം

192 (4917) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തിക ഒരെണ്ണം മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് സ്ഥിരം തസ്തിക വഴി ഒരാളും എൻ.എച്ച്.എം. വഴി ഒരാളും ജോലി ചെയ്തുവരുന്നു.

(ബി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ അഭാവംമൂലം ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്കായി രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇക്കാര്യം പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കടുത്തുരുത്തി മണ്ഡലത്തിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ

193 (4918) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ എഫ്.എച്ച്.സി.കളായി ഉയർത്തിയ പെരുവ, കടുത്തുരുത്തി എന്നീ പി.എച്ച്.സി.കളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കടുത്തുരുത്തി, പെരുവ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കടുത്തുരുത്തി പി.എച്ച്.സി. എഫ്.എച്ച്.സി.-യായി ഉയർത്തിയപ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീ സൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാമ്പ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പു മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള

വിതരണം എന്നിവ നടപ്പിലാക്കി കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ് കൗൺസിലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പെരുവ സി.എച്ച്.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ ആശുപത്രികളുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി ആർദ്രം പദ്ധതിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കടുത്തുരുത്തി, പെരുവ എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടം നിർമ്മാണത്തിനായി എൻ.എച്ച്.എം. മുഖേന 15,50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) ഈ ആശുപത്രികളുടെ പ്രവർത്തനത്തിന് വേണ്ടത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

**കൊണ്ടോട്ടി താലൂക്ക് ആശുപത്രി**

194 (4919) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

കൊണ്ടോട്ടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ 52 തസ്തികകൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ താലൂക്ക് ആശുപത്രികളിൽ ഉണ്ടാകേണ്ട ഭൗതിക സൗകര്യങ്ങളും, തസ്തികകളും ഇവിടെ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കൊണ്ടോട്ടി ആശുപത്രിയെ താലൂക്കുതല ആശുപത്രിയായി തെരഞ്ഞെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. G.O.(Rt) No.1000/2020/H&FWD, dated 2-6-2020 ഉത്തരവ് പ്രകാരം കിഫ്ബി വഴി ആശുപത്രിയുടെ വികസനത്തിന് 32,34,91,473 (മുപ്പത്തി രണ്ട് കോടി മുപ്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്ന് ആയിരത്തി നാനൂറ്റി എഴുപത്തി മൂന്ന് രൂപ) രൂപയും അനുവദിച്ചിട്ടുണ്ട്. INKEL എന്ന നിർമ്മാണ ഏജൻസിക്കാണ് നിർമ്മാണച്ചുമതല നൽകിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്യാൻസർ രോഗചികിത്സാ സൗകര്യം

195 (4920) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ക്യാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിലും ഒറ്റപ്പാലം താലൂക്കാശുപത്രിയിലുമാണ് ക്യാൻസർ ചികിത്സ നൽകിവരുന്നത്. ഇതിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ രോഗ ചികിത്സാ വിഭാഗത്തിൽ രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. ഇവിടെ ആഴ്ചയിൽ രണ്ട് ദിവസം പ്രവർത്തിക്കുന്ന ക്യാൻസർ ഒ.പി വിഭാഗവും 10 കിടക്കകളുള്ള ഐ.പി. വിഭാഗവും നിലവിലുണ്ട്. കീമോ തെറാപ്പിക്കായി 10 കിടക്കളുണ്ട്. പ്രതിമാസം 400 മുതൽ 500 രോഗികൾക്ക് വരെ കീമോ തെറാപ്പി നൽകിവരുന്നുണ്ട്. കീമോ തെറാപ്പിക്ക് പുറമെ ക്യാൻസർ അനുബന്ധ ചികിത്സകളും ക്യാൻസർ രോഗ നിർണ്ണയവും ഈ കേന്ദ്രത്തിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) ഇവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സയ്ക്കായി ഒരു പ്രത്യേക ബ്ലോക്ക് സജ്ജീകരിക്കുന്നുണ്ട്.

## വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രം

196 (4921) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തുകോടി രൂപ ചെലവിൽ ആധുനിക രീതിയിൽ പണികഴിപ്പിച്ച കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വാഴക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുക്കുകയും, വി.പി.എസ്. ഹെൽത്ത് കെയർ എന്ന സംഘടന വഴി സ്ഥാപനത്തിന് ആധുനിക രീതിയിൽ ഒരു കെട്ടിടം പണിത് നൽകുകയും രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് നിലവിൽ സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി ആർദ്രം പദ്ധതി

വിഭാവന ചെയ്യുന്ന രീതിയിൽ പ്രവർത്തിച്ചുവരികയുമാണ്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു അസിസ്റ്റന്റ് സർജന്റെയും, ഒരു സ്റ്റാഫ് നഴ്സിന്റെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ സ്ഥാപനത്തിലെ നിലവിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* (NHM, LSGD, HMC ഉൾപ്പെടെ). കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ഒരു അസിസ്റ്റന്റ് സർജനെയും ഒരു ഫാർമസിസ്റ്റിനെയും പഞ്ചായത്ത് മുഖേന നിയമിച്ചിട്ടുണ്ട്.

(ബി) കൊണ്ടോട്ടി ബ്ലോക്കിന് കീഴിൽ സാമൂഹികാരോഗ്യ കേന്ദ്രം ഇല്ലാത്ത തിനാൽ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ നിലവിലെ നയമനുസരിച്ച് ഒരു റവന്യൂ ബ്ളോക്കിൽനിന്നും ഒരു സി.എച്ച്.സി./പി.എച്ച്.സി.-യെ തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് പ്രകാരം കൊണ്ടോട്ടി റവന്യൂ ബ്ലോക്കിൽ നിലവിൽ സി.എച്ച്.സി. ഇല്ലാത്തതിനാൽ പ്രാഥമികാരോഗ്യകേന്ദ്രം പള്ളിക്കൽ എന്ന സ്ഥാപനത്തെയാണ് മേൽപ്പറഞ്ഞ രീതിയിൽ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്.

## നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ കെട്ടിട നിർമ്മാണം

197 (4922) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 40.30 കോടി രൂപയുടെ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിന് 23.52 കോടി രൂപയുടെ അനുമതി മാത്രമാണ് ലഭ്യമായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ 16.78 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നിർമ്മാണ അനുമതിക്കുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ഡി) രണ്ടാംഘട്ട നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

രണ്ടാം ഘട്ട നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

**കുമ്പള സി.എച്ച്.സി.**

198 (4923) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള സി.എച്ച്.സി.-യിൽ നിലവിൽ പൊതുജനങ്ങൾക്ക് ഏതെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഒ.പി. പരിശോധന, രോഗീ പരിചരണം, ഒബ്സർവേഷൻ സംവിധാനം, സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ, രോഗപ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യ ഫീൽഡുതല പ്രവർത്തനങ്ങൾ, ക്ഷയരോഗ നിർമ്മാർജ്ജനവും രോഗചികിത്സയും, കുഷ്ഠരോഗ നിർമ്മാർജ്ജനവും രോഗ ചികിത്സയും, മാനസികാരോഗ്യ ചികിത്സ, വെക്ടർ കൺട്രോൾ പ്രോഗ്രാം, കൊതുകുജന്യരോഗ ചികിത്സയും നിയന്ത്രണവും, കൗമാര ആരോഗ്യ പരിപാടി, സെക്കണ്ടറി പാലിയേറ്റീവ് കെയർ, കൂടാതെ കോവിഡ്-19-മായി ബന്ധപ്പെട്ട്, കോവിഡ് ക്ലിനിക്ക്, കോവിഡ് വാക്സിനേഷൻ, കോവിഡ് സ്രവ പരിശോധന, കോവിഡ് കൺട്രോൾ റൂം സേവനങ്ങൾ, കോവിഡ് ഡൊമിസിലിയറി കെയർ സെന്റർ സേവനങ്ങൾ മുതലായവയും മറ്റ് ആരോഗ്യക്ഷേമ പ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു.

(ബി) പ്രസ്തുത സി.എച്ച്.സി-യുടെ പ്രവർത്തന സമയം സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; നിലവിൽ ഈ സി.എച്ച്.സി.-യിൽ ഏതൊക്കെ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ; അവയിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണിവരെയും, ഉച്ചയ്ക്ക് 2.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെയും സ്ഥാപനത്തിലെ തസ്തികകളുടെ വിശദാംശവും, ഒഴിവുകളുടെ വിശദാംശവും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സി.എച്ച്.സി-യിൽ പ്രസവചികിത്സാ സേവനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? പ്രസവ ചികിത്സയ്ക്കുള്ള സൗകര്യം ഇവിടെയുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസവ ചികിത്സാ സേവനം നൽകുന്നില്ല. സ.ഉ. (സാധ) നമ്പർ 207/2021/ ആ.കു.വ തീയതി 22-1-2021 അനുസരിച്ച് സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രസവ ചികിത്സാ സേവനം വിഭാവനം ചെയ്യുന്നില്ല.

(ഡി) പ്രസ്തുത സി.എച്ച്.സി.-ക്ക് മതിയായ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ? ഈ സി.എച്ച്.സി-ക്ക് എത്ര ഭൂമി ഉണ്ടെന്ന് വ്യക്തമാക്കുമോ?

സ്ഥാപനത്തിന് 1 ഏക്കർ 65 സെന്റ് ഭൂമി നിലവിലുണ്ട്. കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് ഈ സ്ഥാപനത്തിനായി കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതിയുടെ രൂപരേഖ തയ്യറാക്കുന്നുണ്ട്.

(ഇ) പ്രസ്തുത സി.എച്ച്.സി-ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

പഞ്ചായത്ത് ഈ സ്ഥാപനത്തിനായി കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നുണ്ട്.

(എഫ്) പ്രസ്തുത സി.എച്ച്.സി-ക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ടോ; എങ്കിൽ കമ്മിറ്റി അംഗങ്ങളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

കുമ്പള സി.എച്ച്.സി.-യിൽ നിലവിലുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പിറവം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി-കളുടെ പ്രവർത്തനം**

199 (4924) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളം, രാമമംഗലം, കീച്ചേരി, മുളന്തുരുത്തി സി.എച്ച്.സി.-കളുടെ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹികാരോഗ്യകേന്ദ്രം കുത്താട്ടുകുളം ഒ.പി., ഐ.പി. സേവനങ്ങൾക്ക് പുറമേ ദന്തരോഗ വിഭാഗം, ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് സൗകര്യം, എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രൈമറി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും, ഫിസിയോ തെറാപ്പിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവരെ ഉൾപ്പെടുത്തിയിട്ടുള്ള സെക്കണ്ടറി പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. 5 ഓക്സിജൻ കിടക്കകളുള്ള ഹൈഡിപ്പൻഡൻസി യൂണിറ്റ് കോവിഡ് പ്രതിരോധ പ്രവർത്തന ങ്ങളുടെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന പീഡിയാട്രീഷൻ, ഡെന്റൽ സർജൻ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ കുത്താട്ടുകുളം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുക്കുകയും ഇതുപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടി സ്ഥാപനത്തിന് 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇവിടെ 10 ബെഡ്ഡുകളുള്ള ഒരു ഐസോലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹികാരോഗ്യകേന്ദ്രം രാമമംഗലം ഒ.പി. കിടത്തി ചികിത്സ, ഫാർമസി എന്നീ സേവനങ്ങൾക്ക് പുറമേ ലാബ് സൗകര്യം, പാലിയേറ്റീവ് കെയർ, പ്രൈമറി/സെക്കണ്ടറി പ്രവർത്തനങ്ങൾ, എൽ.സി.ഡി. ക്ലിനിക് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഒ.പി. വിഭാഗം വൈകിട്ട് 6 മണി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. എല്ലാ സജ്ജീകരണങ്ങളോടുകൂടിയ ഒ.പി. കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചുവരുന്നു. കൂടാതെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി സ്വന്തമായി വാഹനവും സജ്ജീകരിച്ചിട്ടുണ്ട്. സാമൂഹികാ രോഗ്യകേന്ദ്രം കീച്ചേരി ബ്ലോക്ക് ലെവൽ ആരോഗ്യസ്ഥാപനമായ കീച്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. സേവനങ്ങൾക്കു പുറമേ, എമർജൻസി, കോവിഡ് ഒ.പി, പോസ്റ്റ് കോവിഡ് ഒ.പി, എൽ.സി.ഡി. ക്ലിനിക്, പ്രൈമറി/ സെക്കണ്ടറി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, ഇമ്മ്യൂണൈസേഷൻ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നീ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഇ.സി.ജി., ലാബ് സൗകര്യങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. മുളത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള മുളന്തുരുത്തി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി., ഐ.പി. സേവനങ്ങൾക്കുപുറമേ ഫിസിയോതെറാപ്പി യൂണിറ്റ്, ഡെന്റൽ യൂണിറ്റ്, ഇ.സി.ജി. എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൈമറി പാലിയേറ്റീവ്, സെക്കണ്ടറി പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും ഇവിടുന്ന് നടത്തിവരുന്നു. ലാബ്, എക്സ്റേ സേവനങ്ങൾ ലഭ്യമായിട്ടുള്ള ഈ ആരോഗ്യ സ്ഥാപനത്തിൽ മോർച്ചറി, ആംബുലൻസ് സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത സി.എച്ച്.സി-കൾക്ക് അനുവദിച്ചിരിക്കുന്ന സ്റ്റാഫ് പാറ്റേൺ എത്രയെന്ന് അറിയിക്കാമോ?

&

(സി) പ്രസ്തുത സി.എച്ച്.സി.-കളിൽ അനുവദനീയമായ സ്റ്റാഫ് പാറ്റേണിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാരെ നിയമിക്കാനുണ്ടെന്നും എത്ര വീതമാണെന്നും; വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് അംഗീകൃത തസ്തികകളിലെ ജീവനക്കാർക്ക് പുറമേ എച്ച്.എം.സി/ എൻ.എച്ച്.എം. മുഖാന്തരം ആവശ്യമായ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്.

## 2021 -22 വർഷത്തെ ബഡ്ജറ്റിലെ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി

200 (4925) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ആന്റ് എക്സ്റേ യൂണിറ്റ് നിർമ്മാണം, പുല്ലുവിള ആശുപത്രിയിൽ പഴയ കെട്ടിടം പുനരുദ്ധരിച്ച് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ എന്നീ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിഴിഞ്ഞം ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആന്റ് എക്സ്റേ യൂണിറ്റ് നിർമ്മാണം സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടില്ല. പുല്ലുവിള ആശുപത്രിയിൽ പഴയ കെട്ടിടം പുനരുദ്ധരിച്ച് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ബഡ്ജറ്റിൽ ഉൾപ്പെട്ട പൂവാർ ആശുപത്രിയിൽ എക്സ്റേ മെഷീൻ, മെയിൻ ബിൽഡിംഗിന് മുകളിൽ ഒരു നില നിർമ്മാണം, വിഴിഞ്ഞം ആശുപത്രിയിൽ എക്സ്റേ യൂണിറ്റും സ്കാനിംഗ് മെഷീനും വാങ്ങൽ എന്നീ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക്കൽ പണികൾ പുരോഗമിച്ചുവരുന്നു. മെയിൻ ബിൽഡിംഗിന്റെ മുകളിലത്തെ റൂഫ് ഷീറ്റ് ഇടുന്ന പണികൾ പൂർത്തീകരിച്ചു. സീലിംഗ്, പാർട്ടീഷ്യൻ വർക്കുകൾക്ക് എസ്റ്റിമേറ്റ് ആയിട്ടുണ്ട്. വിഴിഞ്ഞം ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആൻഡ് എക്സ്റേ യൂണിറ്റ് നിർമ്മാണം സംബന്ധിച്ച വിഷയം നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പുതുക്കാട് മണ്ഡലത്തിലെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം**

201 (4926) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ പഞ്ചായത്തിലെ കോടാലി കുടുംബാരോഗ്യ കേന്ദ്രം എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 46.7 ലക്ഷം രൂപ ചെലവഴിച്ച് പണികൾ പൂർത്തീകരിച്ചു. കൂടാതെ പുതുക്കാട് താലൂക്കാശുപത്രിയുടെ അടിസ്ഥനസൗകര്യ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. മറ്റത്തൂർ പഞ്ചായത്തിലെ മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് 38 ലക്ഷം അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾക്കായി എൻ.എച്ച്.എം.-ൽ നിന്നും ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്-നെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. DPR തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ഇവിടെ കൂടുതൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും സേവനം ലഭ്യമാക്കുന്നതിനും കാരുണ്യ ഫാർമസി അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

നിലവിൽ ഇവിടെ 10 ഡോക്ടർമാർ ഉൾപ്പെടെ 47 സ്ഥിരം ജീവനക്കാരും എൻ.എച്ച്.എം, കോവിഡ് സ്റ്റാഫ്, എച്ച്.എം.സി, ആർ.എസ്.ബി.വൈ., ഐ.സി.റ്റി.സി., പാലിയേറ്റീവ് കെയർ എന്നിവ വഴി 29 ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. സ്ഥല ലഭ്യതയ്ക്ക് വിധേയമായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഫാർമസി അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) കോവിഡ് പ്രതിരോധ നടപടികളുടെ കാര്യക്ഷമത ഉറപ്പാക്കിക്കൊണ്ട് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ?

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി പുതുക്കാട് മണ്ഡലത്തിൽ നിന്ന് പുതുക്കാട് താലൂക്കാശുപത്രിയെ തിരഞ്ഞെടുത്തിട്ടുണ്ട്. കോവിഡിന്റെ ഭാഗമായി പുതുക്കാട് താലൂക്കാശുപത്രിയിൽ താൽക്കാലികമായി താഴെപ്പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (1) | സ്റ്റാഫ് നഴ്സ് | - | 2 |
| (2) | ഡയാലിസിസ് ടെക്നീഷ്യൻ | - | 2 |
| (3) | അറ്റൻഡർ ഗ്രേഡ്2 | - | 1 |
| (4) | ഡേറ്റാ എൻട്രി | - | 1 |
| (5) | ഫാർമസിസ്റ്റ് | - | 1 |

കോവിഡിന്റെ ഭാഗമായി മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി താഴെപ്പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട് :

ഡെന്റൽ സർജൻ- 1, സ്റ്റാഫ് നേഴ്സ്- 4, ലാബ് ടെക്നീഷ്യൻ 1, ഹോസ്പിറ്റൽ അറ്റൻഡർ 3.

**മാനസികാരോഗ്യ പരിപാലന പദ്ധതി**

202 (4927) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും നടപ്പിലാക്കിയ മാനസികാരോഗ്യ പരിപാലന പദ്ധതി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ താഴെ പറയുന്ന ആശുപത്രികളിലാണ് മാനസികാരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(1) എഫ്.എച്ച്.സി. ഉദുമ (2) എഫ്.എച്ച്.സി. ചിറ്റാരിക്കൽ (3) പി.എച്ച്.സി. ചെങ്കള (4) പി.എച്ച്.സി. വെള്ളരിക്കുണ്ട് (5) പി.എച്ച്.സി. പടന്ന (6) താലൂക്ക് ആസ്ഥാന ആശുപത്രി, മംഗൽപാടി (7) താലൂക്ക് ആസ്ഥാന ആശുപത്രി, പനത്തടി (8) സി.എച്ച്.സി. ബദിയടുക്ക (9)താലൂക്ക് ആസ്ഥാന ആശുപത്രി, ബേഡഡുക്ക (10) സി.എച്ച്.സി. കുമ്പള (11) താലൂക്ക് ആസ്ഥാന ആശുപത്രി, നീലേശ്വരം (12) എഫ്.എച്ച്.സി. വോർക്കാടി (13) പി.എച്ച്.സി. പെരള (14) സി.എച്ച്.സി. മഞ്ചേശ്വരം (15) സി.എച്ച്.സി, മുളിയാർ (16) സി.എച്ച്. ചെറുവത്തൂർ (17) താലൂക്ക് ആസ്ഥാന ആശുപത്രി തൃക്കരിപ്പൂർ (18) എഫ്.എച്ച്.സി. അട്ടൂർ (19) സി.എച്ച്.സി , പെരിയ.

(ബി) മാനസികാരോഗ്യ വൈകല്യങ്ങളുള്ളവർക്ക് കഴിക്കാനുള്ള മരുന്നുകൾ സ്ഥിരമായി ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡി-ന്റെ Essential Durg ലിസ്റ്റിൽ 50 ഇനം സൈക്കോട്രോപിക് മരുന്നുകൾ ഉൾപ്പെടുത്തുകയും പ്രസ്തുത മരുന്നുകൾ സൗജന്യമായി ആശുപത്രിയിൽ ലഭ്യമാക്കുകയും ചെയ്യുന്നുമുണ്ട്. ഓരോ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്ന ഇൻഡന്റ് അനുസരിച്ച് KMSCL മുഖേന മരുന്ന് ലഭ്യമാക്കി വരുന്നു. മാനസികാരോഗ്യ പരിപാടിയുടെ വാർഷിക പദ്ധതിയിൽ മാനസികാരോഗ്യ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ KMSCL മുഖേന വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തി KMSCL മുഖാന്തിരം മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്തുവരുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ അന്നേ ദിവസം തന്നെ ക്യാമ്പിൽ നിന്നും ഒരു മാസത്തേക്കുള്ള മരുന്നുകൾ നൽകി വരുന്നുണ്ട്. കിടപ്പിലായ മാനസിക രോഗികളെ ഡോക്ടർ പരിശോധിച്ചതിനുശേഷം ക്യാമ്പിൽ രജിസ്റ്റർ ചെയ്യുകയും ശേഷമുള്ള മാസങ്ങളിൽ കിടപ്പുരോഗികൾക്ക് ബൈസ്റ്റാന്റർ മുഖേന മരുന്നുകൾ നൽകുകയും ചെയ്യുന്നുണ്ട്.

## തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ - ക്ലാരി പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം

203 (4928) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ പെരുമണ്ണ - ക്ലാരി പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം പ്രകൃതിക്ഷോഭത്തിൽ ഉപയോഗശൂന്യമായ അവസ്ഥയിലായതിനാൽ ഈ കെട്ടിടം പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആർദ്രം രണ്ടാം ഘട്ടത്തിൽ പെരുമണ്ണ-ക്ലാരി ഹെൽത്ത് സെന്ററിനെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരുന്നെങ്കിലും ടി പ്രവൃത്തികളുടെ പ്രാരംഭ ഘട്ടത്തിൽ പ്രളയമുണ്ടായതിനെത്തുടർന്ന് പി.എച്ച്.സി. പ്രവർത്തിച്ചിരുന്ന കെട്ടിടം അൺ ഫിറ്റാവുകയും അടിസ്ഥാന വികസന പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. അൺ ഫിറ്റായ കെട്ടിടം പൊളിച്ചുമാറ്റുന്നതും പുതിയ കെട്ടിടം നിർമ്മിക്കുന്നതും സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

### മാർക്കറ്റിൽ ലഭ്യമാകുന്ന പാലിൽ മായം

204 (4929) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാർക്കറ്റിൽ ലഭ്യമാകുന്ന പാലിൽ ക്ഷീരസംഘങ്ങൾ മുഖേന ശേഖരിക്കുന്നവ ഒഴികെയുള്ളവയ്ക്ക് മായം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ സംസ്ഥാനത്ത് മാർക്കറ്റിൽ ലഭ്യമാകുന്ന പാലിൽ ക്ഷീരസംഘങ്ങൾ മുഖേന ശേഖരിക്കുന്നവ ഒഴികെയുള്ളവയിൽ ഗുണനിലവാരമില്ലാത്തതായി ലബോറട്ടറി പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം നൽകാമോ?

ക്ഷീരസംഘങ്ങൾ മുഖേന ശേഖരിക്കുന്നവ ഒഴികെയുള്ള പാലിന്റെ ഗുണനിലവാരം പരിശോധിച്ചതിൽ നടപ്പുവർഷം 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1. Cow Milk, Eranad (കൊല്ലം ജില്ല) 2. Milk Thattu, (തിരുവനന്തപുരം ജില്ല) 3. Hima Milk (ഇടുക്കി ജില്ല) 4. Menma Milk (ഇടുക്കി ജില്ല) 5. Kerala Milk (ഇടുക്കി ജില്ല) 6.Venad Milk (എറണാകുളം ജില്ല).

### മണ്ഡല അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സേവനം

205 (4930) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ഡല അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സേവനം നിലവിലുണ്ടോ; പ്രസ്തുത ഓഫീസറുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ സേവനം നിലവിലുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു :

1. ഭക്ഷ്യോത്പാദന സംഭരണ വിതരണ വിൽപ്പന സംരംഭവുമായി ബന്ധപ്പെട്ട Food Business Establishments (FBE)-ൽ പരിശോധന നടത്തുക.

2. വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഏതൊരു ഭക്ഷ്യ വസ്തുവിന്റെയും സാമ്പിളുകൾ നിയമാനുസരണം ശേഖരിക്കുകയും പരിശോധനാഫലം അനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. സർവ്വേയലൻസ് അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുക.

3. ഏതെങ്കിലും ഭക്ഷ്യവസ്തുവിൽ മായം ഉണ്ടെന്ന് സംശയം തോന്നുന്ന സാഹചര്യത്തിൽ അത്തരം ഭക്ഷ്യവസ്തു ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് പിടിച്ചെടുത്ത് (seize ചെയ്ത്) നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. പെട്ടെന്ന് നശിച്ചുപോകുന്ന ഭക്ഷ്യവസ്തുക്കൾ (Perishable food items) കേടായതും പഴകിയതുമാണെന്നും അത് ഭക്ഷ്യയോഗ്യമല്ലാത്തവിധം മോശമാണെന്നും ബോധ്യപ്പെട്ടാൽ അത്തരം ഭക്ഷ്യവസ്തുക്കൾ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് നശിപ്പിക്കാവുന്നതാണ്.

4. ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യോത്പാദന സംഭരണ വിതരണ വിൽപ്പന സ്ഥാപനങ്ങൾക്ക് (രജിസ്ട്രേഷൻ പരിധിയിൽപ്പെടുന്ന) ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നൽകുന്നത് അതാത് സർക്കിളുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരാണ്.

5. Food Safety and Standards Act, 2006-നെ കുറിച്ച് ഭക്ഷ്യസംരംഭകരെ ബോധവാൻമാരാക്കുക, സുരക്ഷിതാഹാരത്തെക്കുറിച്ചും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുക, ഗുണനിലവാരത്തിൽ വ്യതിയാനം കാണപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ഉത്പാദകർ, വിതരണക്കാർ, വില്പനക്കാർ സംഭരണം നടത്തുന്നവർ എന്നിവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക.

(ബി) മണലൂർ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ?

മണലൂർ മണ്ഡലത്തിലെ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

1. അരുൺ.പി.കാര്യാട്ട് (Pen -792885), ഭക്ഷ്യസുരക്ഷാ ഓഫീസർ, 18-1-2021 മുതൽ മണലൂർ ഭക്ഷ്യസുരക്ഷാ ഓഫീസറായി ജോലി ചെയ്തുവരുന്നു. 3-8-2021-വരെ തൃശ്ശൂർ, വടക്കാഞ്ചേരി സർക്കിളുകളുടെ അധിക ചുമതല വഹിച്ചിരുന്നു

2. മുഹമ്മദ് ഹഷീഫ്.പി, ക്ലർക്ക്. നിലവിൽ 22-1-2021 മുതൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് മാറ്റം ലഭിച്ചിട്ടുണ്ട്.

3. രമ്യ തിലകൻ (Pen -800 002) ഓഫീസ് അറ്റൻഡന്റ് 8-3-2017 മുതൽ മണലൂർ ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തുവരുന്നു.

(സി) പ്രസ്തുത ഓഫീസിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഭക്ഷ്യോൽപ്പാദന, സംഭരണ, വിതരണ, വിൽപ്പന സ്ഥാപനങ്ങളുടെ പരിശോധനയുടെ ഭാഗമായി മണലൂർ ഭക്ഷ്യ സുരക്ഷാ സർക്കിൾ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ 290 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് 93 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും പഠനവിധേയമായി 55 സർവെയലൻസ് സാമ്പിളുകളും ഈ കാലയളവിൽ ശേഖരിച്ച് പരിശോധനയ്ക്കയച്ചിട്ടുണ്ട്. സാമ്പിളുകളിൽ ഗുണനിലവാരം പാലിക്കാത്തതും ശരിയായ രീതിയിൽ ലേബൽ വിവരങ്ങൾ ഇല്ലാതെ പായ്ക്ക് ചെയ്ത് വിൽപ്പന നടത്തിയതിനും 12 അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഈ കാലയളവിൽ ബഹുമാനപ്പെട്ട തൃശ്ശൂർ RDO കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുണ്ട്. അഡ്ജ്യൂഡിക്കേഷൻ നടപടികളിലൂടെ നിയമലംഘനം നടത്തിയ സ്ഥാപനങ്ങളിൽ നിന്ന് 1,52,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയ മുളകുപൊടി, കേക്ക് എന്നീ ഭക്ഷ്യ വസ്തുക്കൾ നിർമ്മിച്ച് വിൽപ്പന നടത്തിയ സ്ഥാപനങ്ങൾക്കെതിരെ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, തൃശ്ശൂർ, ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, ചാവക്കാട് എന്നീ കോടതികളിൽ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ഭക്ഷ്യ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ 3009 ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ IEC പ്രവർത്തനങ്ങളുടെ ഭാഗമായി മുല്ലശ്ശേരി, വെങ്കിടങ്ങ് പഞ്ചായത്തുകളെ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വ്യാപാരികൾ, കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർമാർ എന്നിവർക്കായി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പാവറട്ടി പഞ്ചായത്തിലെ ബേക്കറി വ്യാപാരികൾക്കും മുല്ലശ്ശേരി പഞ്ചായത്തിലെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കുടുംബശ്രീ പ്രവർത്തകർക്കുമായി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട FoSTac (Food Safety Training and Certification) പരിശീലനം മുല്ലശ്ശേരി കുടുംബശ്രീ ഹാളിൽ വച്ച് നടത്തിയിരുന്നു.

## വൃക്കരോഗികളുടെ ചികിത്സ സൗകര്യം

206 (4931) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധമായ വിശദപഠനം നടത്തി കാരണം കണ്ടെത്തി ആരോഗ്യരംഗത്ത് അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൃക്ക രോഗത്തിന് കാരണമായ പ്രമേഹം, രക്താതി സമ്മർദ്ദം മുതലായ രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഈ രോഗം വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ള ജീവിതചര്യയിലെ മാറ്റങ്ങളെക്കുറിച്ച് വിവിധ പഠനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സ്റ്റഡീസുമായി ചേർന്നുകൊണ്ടും ആരോഗ്യ വകുപ്പ് നടത്തിയ കിരൺ സർവ്വേയിലൂടെ ജനങ്ങളുടെ ജീവിതചര്യയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് വിശദമായി അവലോകനം ചെയ്തിട്ടുണ്ട്.

(ബി) വൃക്കരോഗം നേരത്തെ കണ്ടുപിടിച്ച് ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്തുമോ?

പ്രാരംഭ ഘട്ടത്തിൽ തന്നെ വൃക്ക രോഗ നിർണ്ണയം നടത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്.

(സി) നെഫ്രോളജിസ്റ്റുകളുടെ സേവനങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നെഫ്രോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറുടെ ഒരു തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുന്നതിന് നടപടികൾ തുടർന്നുവരികയുമാണ്. ആരോഗ്യ വകുപ്പിന് കീഴിൽ നെഫ്രോളജിസ്റ്റുകളുടെ ദൗർലഭ്യം നിലവിലുണ്ടെങ്കിലും നിലവിലുള്ള നെഫ്രോളജിസ്റ്റുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി വൃക്ക രോഗ ചികിത്സ നടപ്പാക്കിവരുന്നു.

(ഡി) വൃക്ക മാറ്റിവച്ചവർക്കും ഡയാലിസിസിന് വിധേയമാകുന്നവർക്കും തുടർച്ചയായി മരുന്ന് കഴിക്കേണ്ടതുകൊണ്ട് ഇവർക്ക് പ്രത്യേക ധനസഹായ പദ്ധതികൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആരോഗ്യ കേരളം പാലിയേറ്റിവ് കെയർ പ്രൊജക്റ്റ് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റ ശാസ്ത്രക്രിയയ്ക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷംരൂപ വരെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. വൃക്ക് മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത് രോഗിയെ പരിചരിക്കുന്നവർക്ക് 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവ മാറ്റ ശാസ്ത്രക്രിയനടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവും ലഭ്യമാണ്. വൃക്ക മാറ്റി വച്ചവർക്കും ഡയാലിസിസിന് വിധേയമാകുന്നവർക്കും ആരോഗ്യ വകുപ്പിൽ നിന്നും നിലവിൽ Society for medical assistance to poor എന്ന പദ്ധതി മുഖേന, സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു.

## അവയവമാറ്റ ശസ്ത്രക്രിയ

207 (4932) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക, കരൾ എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർക്ക് തുടർചികിത്സയ്ക്കായി എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഈ സഹായങ്ങൾക്ക് അപേക്ഷിക്കേണ്ട രീതി എന്താണെന്ന് വ്യക്തമാക്കാമോ ?

കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സയ്ക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. വൃക്ക/കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയയ്ക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ

വരെ ലഭിക്കുന്നതാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയും ധനസഹായം ലഭിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ആശുപത്രിയിലെ ഇൻഷ്വറൻസ് വിഭാഗവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള "സമാശ്വാസം" പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി ആറു മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവും ലഭിക്കുന്നുണ്ട്. വൃക്ക/കരൾ എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിന് കീഴിലുള്ള " Society for Medical Assistance to the Poor" പദ്ധതിയിൽ നിന്നും ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റ തവണ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

(ബി) കേരളത്തിലെ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്നു എന്നുള്ളത് വിശദമാക്കാമോ?

താഴെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയാ സംവിധാനം നിലവിലുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | വൃക്ക, |
| കോട്ടയം | - | വൃക്ക, ഹൃദയം |
| ആലപ്പുഴ | - | വൃക്ക |
| കോഴിക്കോട് | - | വൃക്ക. |

## സ്പൈനൽ മസ്കുലർ അട്രോഫി സ്ഥിരീകരിച്ചവരുടെ ചികിത്സ

208 (4933) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പൈനൽ മസ്കുലർ അട്രോഫി രോഗം സ്ഥിരീകരിച്ചവരുടെ ചികിത്സ സൗജന്യമാണോ; ഇത്തരം രോഗികളുടെ ചികിത്സയുടെ ഭാഗമായുള്ള വാക്സിന് ഭീമമായ തുക ചെലവ് വരുന്നതിനാൽ ഈ വാക്സിൻ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സ്പൈനൽ മസ്കുലർ അട്രോഫി (SMA) സംബന്ധിയായ അസുഖങ്ങളുള്ള കുട്ടികൾക്ക് വിവിധ സ്പെഷ്യലിസ്റ്റുകളുടെ ചികിത്സ ആവശ്യമാണ്. ശ്വാസകോശ സംബന്ധമായ അസുഖങ്ങളും അസ്ഥി സംബന്ധമായ അസുഖങ്ങളുമാണ് ഇവർ പ്രധാനമായും നേരിടുന്നത്. ഇതിന് ഫലപ്രദമായ ചികിത്സ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. അസുഖമുള്ള കുട്ടിയുടെ കുടുംബത്തിന് ജനിതക കൗൺസിലിംഗ് നൽകി ബോധവൽക്കരിച്ച് തുടർ ഗർഭധാരണങ്ങളിൽ ഗർഭ സമയത്ത് തന്നെ രോഗ നിർണ്ണയം നടത്തി അസുഖം സ്ഥിരീകരിച്ച് ചികിത്സാ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ അസുഖത്തിന് നിലവിൽ ലഭ്യമായ ഏറ്റവും ഫലപ്രദമായ മരുന്ന് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന 'സോൾ ജെൻസ്മ' ആണ്. മരുന്ന് ലഭ്യമാകുന്നതനുസരിച്ച് ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ ലഭ്യമാണ്. രോഗ നിർണ്ണയം നേരത്തെ നടത്തി, പ്രാരംഭ ഘട്ടത്തിൽ മരുന്ന് ലഭ്യമായാൽ SMA-യെ ചെറുക്കാൻ സാധിക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ' വി കെയർ' പദ്ധതിയിലൂടെ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയിൽ നിന്നും സമാഹരിക്കുന്ന തുക ഉപയോഗിച്ച് അപൂർവ്വ രോഗബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായങ്ങൾ നൽകി വരുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ളവരിൽ നിന്നും ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴിയും നേരിട്ടുമാണ് സംഭാവന സ്വീകരിക്കുന്നത്.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി

209 (4934) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗികൾക്ക് സൗജന്യമായി എന്തൊക്കെ ചികിത്സാ സൗകര്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താരതമ്യേന ദീർഘസ്ഥായി രോഗങ്ങളായിട്ടുള്ളതും ഉയർന്ന ചികിത്സാ ചെലവ് വേണ്ടിവരുന്നതുമായ വൃക്ക രോഗങ്ങൾക്ക് സൗജന്യ നിരക്കിൽ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 87 ഡയാലിസിസ് കേന്ദ്രങ്ങളിലും കുറഞ്ഞ നിരക്കിലാണ് ഡയാലിസിസും ഇതിനോടനുബന്ധമായിട്ടുള്ള മരുന്നുകളും നൽകിവരുന്നത്. കീമോ ഡയാലിസിസ് കൊണ്ട് രോഗികൾക്ക് സാമ്പത്തിക ഭാരവും സമയ നഷ്ടവും പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ വീടുകളിൽവെച്ച്തന്നെ ഡയാലിസിസ് ചെയ്യുവാൻ

സാധിക്കുന്ന പെരിട്ടോണിയൽ ഡയാലിലിസ് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. കൂടാതെ ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റ ശാസ്ത്രക്രിയയ്ക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ വരെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി പ്രകാരം വൃക്ക/കരൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത്. രോഗിയെ പരിചരിക്കുന്നവർക്ക് 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവ മാറ്റ ശാസ്ത്രക്രിയ നടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായവും ലഭിക്കുന്നതാണ്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന വൃക്കരോഗികൾക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ ഒരുക്കുകയും, യന്ത്രങ്ങൾ സന്നദ്ധ സംഘടനകൾ വഴി ലഭ്യമാക്കുകയും ചെയ്താൽ മറ്റ് പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻകയ്യെടുക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## പക്ഷാഘാത ചികിത്സ

210 (4935) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പക്ഷാഘാതമുണ്ടാകുന്ന രോഗികളുടെ എണ്ണം കൂടുതലാണെന്ന ഐ.സി.എം.ആർ.-ന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) രണ്ട് തരത്തിലുള്ള പക്ഷാഘാത രജിസ്ട്രികളാണ് തയ്യാറാക്കുന്നത്. ഇതിൽ ജനസംഖ്യാധിഷ്ഠിതമായ സ്ട്രോക്ക് രജിസ്ട്രി തയ്യാറാക്കുന്നതിൽ കേരള സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടില്ല. ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസ് പ്രസിദ്ധീകരിച്ച് ജീവിതശൈലി രോഗങ്ങളുടെ റിപ്പോർട്ടിൽ അവികസിത വികസ്വര രാജ്യങ്ങളിൽ പക്ഷാഘാതം ഉൾപ്പെടെയുള്ള രോഗങ്ങൾ കൂടുതൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. ശ്രീചിത്തിര തിരുനാൾ ഇൗൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ നേതൃത്വത്തിൽ നടത്തുന്ന സ്ട്രോക്ക് രജിസ്ട്രിയിൽ പക്ഷാഘാത രോഗികളുടെ വർദ്ധനവ് കാണുന്നുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പക്ഷാഘാതമുള്ള രോഗികളുടെ എണ്ണം കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പക്ഷാഘാതത്തെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഒരു prospective പഠനം നടത്തുകയും 2018-ൽ അതിന്റെ ആദ്യ വിശകലന റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. സംസ്ഥാന ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതിയുമായി ചേർന്നുകൊണ്ട് ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് 2019-20 സാമ്പത്തിക വർഷം പ്രാദേശിക തലത്തിൽ പക്ഷാഘാതം നിയന്ത്രിക്കുന്നതിനെക്കുറിച്ച് ഒരു പഠനം തിരുവനന്തപുരം ജില്ലയിൽ നടത്തുകയും അതിന്റെ പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പക്ഷാഘാത ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

പക്ഷാഘാതത്തിന്റെ ചികിത്സയ്ക്കായി കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്റർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. CT, CT Angiogram സ്ഥാപിച്ചുകഴിഞ്ഞു. പ്രത്യേകം സ്ട്രോക്ക് ഐ.സി.യു. രണ്ടു മാസത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കും. സ്ട്രോക്കിനുവേണ്ടി Neurointervention ഈ വർഷം അവസാനത്തോടുകൂടി പ്രവർത്തന സജ്ജമാകും. കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ സ്ട്രോക്ക് സെന്റർ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും Medicine വിഭാഗത്തിലും Neuro Medicine വിഭാഗത്തിലും പക്ഷാഘാതത്തിനാവശ്യമായ പരിശോധനകളും ചികിത്സകളും നൽകുന്നുണ്ട്. പക്ഷാഘാത ചികിത്സയ്ക്കായി സംസ്ഥാന ജീവിത ശൈലീ പദ്ധതിയുടെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ കീഴിൽ ആരോഗ്യ വകുപ്പിലെ ഫിസിഷ്യന്മാർക്ക് പ്രത്യേക പരിശീലനം നൽകുകയും എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. Stroke Identification rehabilitation Awareness and Stabilisation Programme (SIRAS) എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ 9 ജില്ലാ ആശുപത്രികളിൽ പൂർണ്ണ തോതിൽ പ്രവർത്തിച്ചുവരുന്നു. പക്ഷാഘാത രോഗികൾക്ക് നൽകി വരുന്ന ത്രോംബോലൈസിസ് ചികിത്സയ്ക്കാവശ്യമായ Tissue Plasminogen Activator Actilyse എന്ന വിലയേറിയ മരുന്ന് കെ.എം.എസ്.സി.എൽ. വഴി സംഭരിക്കുകയും സൗജന്യമായി ഈ കേന്ദ്രങ്ങളിലൂടെ രോഗികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും stroke rehabilitazion സെന്ററുകൾ ആരംഭിക്കുകയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ട്രോക്ക് ഫിസിയോ തെറാപ്പി നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അവയവദാന മേഖലയിലെ അഴിമതികൾ**

211 (4936) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവം ദാനം നല്കുന്നതും സ്വീകരിക്കുന്നതും സംബന്ധിച്ച തീരുമാനമെടുക്കുന്നതിൽ വരുന്ന കാലതാമസം തടയാനും പ്രസ്തുത മേഖലയിലുള്ള അഴിമതികളും കച്ചവടവും ഇല്ലാതാക്കാനുമായി ഈ സർക്കാർ സ്വീകരിക്കുന്ന പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇതിനായി നിയോഗിക്കപ്പെട്ട ജില്ലാതല അംഗീകാര സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

അവയവദാനവും കൈമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനായി 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് റൂൾസിലെ ചട്ടം 31 പ്രകാരം 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിന്റെ കീഴിൽ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിനും ഇതിനെ 1955-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക്, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരു സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരുന്നതുവഴി ജില്ലാതല അംഗീകാര സമിതികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ പ്രധാന തട്ടിപ്പുകൾ എന്തെല്ലാമെന്നും ഇത്തരം തട്ടിപ്പുകളിൽ ഉൾപ്പെട്ട എത്ര പേരെ കണ്ടെത്തി നടപടി സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി സർക്കാർ പരിശോധിച്ചു വരുന്നു.

## അവയവ മാറ്റ ശസ്ത്രക്രിയകൾ

212 (4937) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം സർക്കാർ-സ്വകാര്യ ആശുപത്രികളിലൂടെ എത്ര അവയവ മാറ്റ ശസ്ത്രക്രിയകളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ?

കേരളത്തിൽ പ്രതിവർഷം സർക്കാർ സ്വകാര്യ ആശുപത്രികൾ മുഖേന ഏകദേശം 650 മുതൽ 800 വരെ അവയവ മാറ്റ ശസ്ത്രക്രിയകൾ നടന്നുവരുന്നു.

(ബി) അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരുടെ ഡാറ്റ ആരോഗ്യ വകുപ്പിന്റെ പക്കലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു ഡാറ്റാ ബാങ്ക് രൂപീകരണത്തിന് നടപടി സ്വീകരിക്കുമോ?

അവയവദാനവുമായി ബന്ധപ്പെട്ട കണക്ക് അതാത് ആശുപത്രികൾ മുഖേനയാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനായി, സർക്കാരിന്റെ അവയവദാന പദ്ധതിയുടെ ഭാഗമായി, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖേന ഒരു ഓൺലൈൻ രജിസ്ട്രി വികസിപ്പിച്ച് വരുന്നുണ്ട്.

(സി) പ്രസ്തുത ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ തുടർ ചികിത്സാ പ്രക്രിയയുടെ ഭാഗമായി മാസംതോറും ലബോറട്ടറി പരിശോധനകൾക്കും മരുന്നുകൾക്കുമായി ഭാരിച്ച തുക ചെലവിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(ഡി) ജനകീയമായി ഫണ്ട് സ്വരൂപിച്ച് ഇത്തരം ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാവപ്പെട്ടവർക്ക്, വൻ സാമ്പത്തിക ചെലവ് വരുന്ന തുടർ ചികിത്സാ പ്രക്രിയ താങ്ങാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇത്തരം ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന മുഴുവൻ പാവപ്പെട്ട രോഗികൾക്കും സൗജന്യ തുടർചികിത്സ ഉറപ്പുവരുത്തുന്നതിനും ഇവർക്ക് പ്രതിമാസം ഒരു നിശ്ചിത തുക പ്രത്യേക ധനസഹായമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള 'സമാശ്വാസം' പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്.

## പകർച്ച വ്യാധികളുടെ പ്രതിരോധം

213 (4938) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ പ്രതിരോധിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത് വൃത്തിയുള്ള പരിസരവും ശുദ്ധവായുവും വെള്ളവും വിഷരഹിത ഭക്ഷണവുമാണ് എന്ന വസ്തുത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

കോവിഡിനെ പ്രതിരോധിക്കാനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ വിവിധ സന്ദേശങ്ങൾ പത്ര, ദൃശ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്. കോവിഡ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് മുമ്പുതന്നെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി SMS ക്യാമ്പെയിനിലൂടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക, മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക എന്നീ സന്ദേശങ്ങൾ ജനങ്ങളിലെത്തിച്ചു. ഇത്

ഇപ്പോഴും തുടർന്നുവരുന്നു. തുടർന്ന് ജീവന്റെ വിലയുള്ള ജാഗ്രത, തുടരണമീ കരുതൽ, ബാക് ടു ബേസിക്സ്, ക്രഷ് ദ കർവ്, മൂന്നാം തരംഗത്തിന്റെ മുനയൊടിക്കാം തുടങ്ങിയ ക്യാമ്പെയിനുകൾ നടത്തി. എഫ്.എം. റേഡിയോ ഉൾപ്പെടെയുള്ള റേഡിയോ സ്റ്റേഷനുകൾ വഴി സന്ദേശങ്ങൾ, പത്ര മാധ്യമങ്ങളിൽ (മലയാളം & ഇംഗ്ലീഷ്) പരസ്യം, വിദഗ്ദ്ധ ഡോക്ടർമാരുടെ ലേഖനങ്ങൾ, ടി.വി. ചാനലുകളിൽ ആരോഗ്യപരിപാടികൾ, വീഡിയോ, ഓൺലൈൻ മാധ്യമങ്ങളിൽ പ്രചാരണം, വാട്സ് ആപ്പ്, ഫേസ്ബുക്ക്, ട്വിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവത്ക്കരണം ഇവ നടത്തിവരുന്നു. പോസ്റ്ററുകൾ, ബോർഡുകൾ, ബോധവത്ക്കരണ ഗാനങ്ങൾ, ലഘുചിത്രങ്ങൾ, കാർട്ടൂണുകൾ ഇവ തയ്യാറാക്കി യിട്ടുണ്ട്. പൊതുസ്ഥലങ്ങൾ, ഓഫീസുകൾ, കച്ചവട സ്ഥാപനങ്ങൾ, മാളുകൾ, പൊതുഗതാഗത സംവിധാനങ്ങൾ എന്നിവിടങ്ങളിൽ ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിക്കുകയും വോൾ പെയിന്റിംഗ് നടത്തുകയും പ്രതിരോധ സന്ദേശങ്ങൾ അടങ്ങിയ അനൗൺസ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ വിവരങ്ങൾ എല്ലാ ദിവസവും പത്രവാർത്തയായി ജനങ്ങളെ അറിയിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

(ബി) പകർച്ച വ്യാധികളുടെ പ്രതിരോധം ഓരോ പ്രദേശത്തെയും എല്ലാവ രുടെയും ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലക്ഷ്യത്തിലെത്താൻ കഴിയില്ലെന്ന കാര്യം ജനങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ ആർദ്രം മിഷന്റെ പ്രധാനമായ ലക്ഷ്യങ്ങളിലൊന്ന് രോഗപ്രതിരോധ, നിയന്ത്രണ, ആരോഗ്യവർദ്ധക പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ്. ഇത് ലക്ഷ്യമിട്ട് ആരംഭിച്ച ആർദ്രം ജനകീയ ക്യാമ്പയിനിന്റെ മുദ്രാവാക്യം "നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം" എന്നതാണ്. വാർഡുതല ആരോഗ്യപോഷണ സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യസേന, അയൽസഭ, അയൽക്കൂട്ടം, വാർഡ് സഭ, ആശ, അങ്കണവാടി, കുടുംബശ്രീ, ഊരുകൂട്ടം, ജാഗ്രതാ സമിതികൾ, പാടശേഖര സമിതികൾ, രാഷ്ട്രീയ സംഘടനകൾ, മത സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, പെൻഷൻ സംഘടനകൾ എന്നിവരെ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകവഴി പൊതുജന പങ്കാളിത്തം പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരള സർക്കാരിന്റെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയായ ആരോഗ്യജാഗ്രത പ്രതിദിനം പ്രതിരോ

ധത്തിലൂടെ പകർച്ചവ്യാധികളെ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പ്രതിരോധത്തിലും നിയന്ത്രണത്തിലും പൊതുജനങ്ങളുടെ കൂട്ടായ ഉത്തരവാദിത്വം ആവശ്യമാണെന്ന പൊതുബോധം സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. കോവിഡ് രോഗം സംബന്ധിച്ച ലോക്ഡൗൺ തുടങ്ങിയ നിയന്ത്രണങ്ങൾക്കനുസരിച്ച് ജനങ്ങൾ വീടുകളിൽത്തന്നെ കൂടുതൽ സമയവും ഉണ്ടായിരുന്ന സാഹചര്യത്തിൽ വ്യക്തിശുചിത്വം, പരിസര ശുചിത്വം, കൊതുക് ഉറവിട നശീകരണത്തിന് ഡ്രൈഡേ ആചരണം തുടങ്ങിയവ പാലിക്കുന്നതിന് നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. വിവിധ പത്ര, ദൃശ്യ, ശ്രവ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് വഴിയും ജനങ്ങൾക്കാവശ്യമായ അവബോധം നൽകിവരുന്നുണ്ട്. ആരോഗ്യം സംബന്ധിച്ച ദിന/വാര/ മാസാചരണങ്ങളോടനുബന്ധിച്ചും ജനങ്ങൾക്ക് അവബോധം നൽകിവരുന്നുണ്ട്. ഇപ്രകാരം മാസ്ക് ധരിക്കൽ, കൈകൾ ശുചിയാക്കൽ, സാമൂഹിക അകലം പാലിക്കൽ, പരിസര ശുചീകരണം, തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നത്, ഹോട്ടൽ ഭക്ഷണം ഒഴിവാക്കുന്നത് തുടങ്ങിയ ആരോഗ്യ ശീലങ്ങളുടെ കാരണമാകാം 2020-21 വർഷങ്ങളിൽ വായുജന്യ രോഗങ്ങളായ എച്ച്1 എൻ 1, ചിക്കൻപോക്സ് എന്നിവയും ജലജന്യരോഗങ്ങളും മുൻവർഷങ്ങളെ അപേക്ഷിച്ച് കുറയ്ക്കാൻ സാധിച്ചത്. അതോടൊപ്പം മലമ്പനി, ഡെങ്കിപ്പനി തുടങ്ങിയ കൊതുകുജന്യ രോഗങ്ങളും നമുക്ക് കുറയ്ക്കാൻ സാധിച്ചു.

(സി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ആശുപത്രികളായി മാത്രം കാണാതെ പ്രാഥമിക ആരോഗ്യ-വിദ്യാഭ്യാസകേന്ദ്രങ്ങളായികൂടി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുമോ?

നിലവിൽ പരിഗണനയിലില്ല, ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**അവയവ ദാനം**

214 (4939) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ ദാനം സംബന്ധിച്ച് തീരുമാനമെടുക്കുന്ന ജില്ലാതല സമിതിയുടെ നിലവിലെ ഘടനയെന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അവയവ ദാനം സംബന്ധിച്ച് തീരുമാനമെടുക്കുന്ന ജില്ലാതല സമിതിയുടെ ചെയർമാൻ, കൺവീനർ എന്നിവർ യഥാക്രമം അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഫോറൻസിക് വിഭാഗം മേധാവി എന്നിവരാണ്. കൂടാതെ ഈ സമിതിയിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി, ജില്ലാ മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിന്റെയും മെഡിക്കൽ ന്യൂറോ വിഭാഗത്തിന്റെയും വകുപ്പുതല മേധാവികൾ എന്നിവർ അംഗങ്ങളാണ്.

(ബി) സമിതി യോഗം ചേരുന്നതിലെ കാലതാമസം കാരണം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ സാഹചര്യത്തിൽ യഥാസമയം ആതറൈസേഷൻ കമ്മിറ്റി യോഗം ചേരുന്നതിന് അതാതു മെഡിക്കൽ കോളേജുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നോമിനിയായി തീരുമാനിച്ച് നൽകിയിട്ടുണ്ട്.

**മുഴുവൻ സമയ കിടപ്പുരോഗികൾക്ക് നൽകുന്ന സഹായങ്ങൾ**

215 (4940) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഴുവൻ സമയവും പരിചരണമാവശ്യമുള്ള കിടപ്പുരോഗികൾക്ക് സർക്കാർ തലത്തിൽ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത സഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും ഇതിനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും വ്യക്തമാക്കാമോ?

മുഴുവൻ സമയം പരിചരണം ആവശ്യമുള്ള കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംസ്ഥാന പാലിയേറ്റീവ് കെയർ പദ്ധതി. ഈ പദ്ധതിയിലൂടെ കിടപ്പിലായ എല്ലാ രോഗികൾക്കും ആവശ്യമായ വൈദ്യ പരിചരണം ആരോഗ്യവകുപ്പ് ജീവനക്കാരുടെയും പാലിയേറ്റീവ് കെയർ നേഴ്സുമാരുടേയും സഹായത്തോടെ നൽകിവരുന്നു. മൂന്ന് തലങ്ങളിലായി പ്രവർത്തിക്കുന്ന ഈ പദ്ധതിയുടെ പ്രാഥമിക തലം ഗൃഹ സന്ദർശനം നടത്തി കിടപ്പിലായ രോഗികൾക്ക് ആവശ്യമായ വൈദ്യസഹായം എത്തിക്കുക എന്നതാണ്. സെക്കണ്ടറി തലത്തിൽ ദേശീയ ആരോഗ്യദൗത്യത്തിന്റെ സഹായത്തോടുകൂടി

ജില്ലാ/താലൂക്ക് ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സാന്ത്വന പരിചരണമാണ്. ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്യുക എന്ന ഏക മാനദണ്ഡം മാത്രമാണ് നിലവിലുള്ളത്. ഒരിക്കൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് നിയമാനുസൃതമായി വീടുകളിലെത്തിയും ആശുപത്രികളിൽ വച്ചും സൗജന്യമായാണ് സാന്ത്വന പരിചരണം നൽകിവരുന്നത്. ഇതിനുള്ള മരുന്നുകളും വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഉപകരണങ്ങളും സൗജന്യമായാണ് ആരോഗ്യവകുപ്പ് നൽകിവരുന്നത്. കിടപ്പു രോഗികൾക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി മെഡിക്കൽ കോളേജ് മുഖേന എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന സമഗ്ര സാന്ത്വന വയോജന പരിചരണ പദ്ധതിയാണ് 'അരികെ'. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്ന് സന്നദ്ധ സംഘടനകളും കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ് നടത്തുന്ന പാലിയേറ്റീവ് വയോജന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഇതിനായി അവിടത്തെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവർക്കുള്ള പരിശീലനം, ജില്ലാതലത്തിലുള്ള ഏകോപനം, കൂടുതൽ സംഘടനകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക എന്നിവയാണ്. വീട്ടിലെത്തി സാന്ത്വന പരിചരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിലുള്ള രജിസ്ട്രേഷനും പരിശീലനവും നൽകാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്നുണ്ട്. ജില്ലകളിലെ പ്രധാന ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ വഴി പ്രത്യേക ഒ.പി.കൾ നടത്തിയും ഡോക്ടർമാർക്കും നഴ്സുമാർക്കും പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനവും ഇതു വഴി വിഭാവനം ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാർത്ഥി കളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പാലിയേറ്റീവ് ചികിത്സാ സംവിധാനം പ്രവർത്തിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ പ്രിവന്റീവ് ക്ലിനിക്കിൽ പാലിയം ഇന്ത്യയുടെ നേതൃത്വത്തിൽ സൗജന്യമായി 1 മണി മുതൽ 4 മണിവരെ ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസവും സാന്ത്വന ചികിത്സ നടത്തിവരുന്നു. ഇവിടെ നിന്ന് ഒ.പി. യിലും ഐ.പി.യിലുമുള്ള രോഗികൾക്ക് മോർഫിൻ ഗുളിക ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ അനസ്തേഷ്യാ വിഭാഗത്തിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരു ദിവസം

പാലിയേറ്റീവ് കെയർ ഒ. പി. നടത്തിവരുന്നു. ആലപ്പുഴ മെഡിക്കൽ കേളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹോം കെയർ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടത്തി വരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വരുന്ന മുഴുവൻ സമയം പരിചരണം ആവശ്യമുള്ള കിടപ്പുരോഗികൾക്ക് അവർ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്യുമ്പോൾ പോലും ആവശ്യമുള്ള മരുന്നുകൾ, എയർ ബെഡ്, സെക്ഷൻ അപ്പാരറ്റസ് തുടങ്ങിയ ചികിത്സാ ഉപാധികൾ ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നോ ആരോഗ്യ ഇൻഷുറൻസ് ഫണ്ടിൽ നിന്നോ വാങ്ങി ലഭ്യമാക്കാറുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ മെഡിക്കൽ വിദ്യാർത്ഥികളുടെ സഹകരണത്തോടെ വീടുകൾ കേന്ദ്രീകരിച്ച് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിന് കീഴിലുള്ള ഏറ്റുമാനൂർ കെ.എം.സി.എച്ച്.സി.യിൽ മുൻസിപ്പാലിറ്റിയിൽനിന്നും അനുവദിച്ച സാന്ത്വന പരിചരണത്തിന്റെ ഭാഗമായി മുഴുവൻ സമയവും പരിചരണമാവശ്യമുള്ള കിടപ്പുരോഗികൾക്കായി 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ രോഗികളുടെ ഡ്രസ്സിംഗ്, കത്തീടൽ ചെയ്ഞ്ച്, ബ്ലാഡർ വാഷ്, മൗത്ത് കെയർ എന്നിവ രോഗിയുടെ അവസ്ഥ അനുസരിച്ച് ആവശ്യമായ ഇടവേളകളിൽ ചെയ്തു നല്കുകയും വീട്ടിലെ അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ടി രോഗികൾക്കായി ആവശ്യാനുസരണം വാട്ടർ ബെഡ്, എയർ ബെഡ്, വാക്കർ, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, ആവശ്യമുള്ള മരുന്നുകൾ, സാനിറ്ററി ഐറ്റംസ് എന്നിവ സൗജന്യമായി നൽകുന്നുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഫിസിയോതെറാപ്പി പോലുള്ള കുറച്ചുകൂടി മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുമായി നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി ഒരു സെക്കന്ററി ലെവൽ സാന്ത്വന പരിചരണ യൂണിറ്റ് കൂടി പ്രവർത്തിക്കുന്നുണ്ട്. ഈ സേവനം ലഭിക്കുന്നതിന് ആശാവർക്കർമാർ മുഖാന്തരമോ, ജെ.പി.എച്ച്.എൻ. മറ്റ് ആരോഗ്യ പ്രവർത്തകർ മുഖേനയോ ടി യൂണിറ്റിനെ അറിയിക്കുമ്പോൾ രോഗിയെ സന്ദർശിക്കുകയും ആവശ്യമായ സേവനം തികച്ചും സൗജന്യമായി നൽകുകയും ചെയ്യുന്നു. ഇതിന് എ.പി.എൽ., ബി.പി.എൽ. മാനദണ്ഡങ്ങൾ ഒന്നും ബാധകമല്ല. മഞ്ചേരി മെഡിക്കൽ കോളേജിൽ സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റ് ആരോഗ്യ സേവന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം മെഡിക്കൽ കോളേജിൽ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. മാസത്തിൽ ഒരിക്കലോ രോഗികൾ/ബന്ധുക്കൾ ആവശ്യപ്പെട്ട പ്പോഴെല്ലാം കിടപ്പുരോഗികൾക്ക് പരിചരണം നൽകിവരുന്നു.

**അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര സൗജന്യ ചികിത്സ പദ്ധതി**

216 (4941) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ നാൽപ്പത്തിയെട്ട് മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ ;

&

(ബി) അപകടത്തിനിരയാകുന്നവർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ നാൽപ്പത്തിയെട്ട് മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ടി ഒരു ഉപദേശക സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ മാനവശേഷിയും സാമ്പത്തിക ഉറവിടവും കണ്ടെത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ആരോഗ്യരംഗത്ത് ഗവേഷണങ്ങൾക്ക് പ്രത്യേക പദ്ധതി**

217 (4942) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് ഗവേഷണങ്ങൾ ഊർജിതമായി നടത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) മരുന്നുകളുടെ ഗവേഷണത്തിനും ഉത്പാദനത്തിനും പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചുവരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിന് നടപടി

218 (4943) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിന് 2021-2022-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് തിരുവനന്തപുരം മെഡിക്കൽ കോളേജുകൾക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഹൈറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ബ്ലോക്കിൽ എത്ര ബെഡ് അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്; ടി പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിർദ്ദിഷ്ട ഐസൊലേഷൻ ബ്ലോക്കിൽ ഐ.സി.യു., വാർഡ് എന്നിവിട ങ്ങളിലായി 175 ബെഡ്ഡുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമാ യിട്ടുള്ള ടോപ്പോഗ്രാഫിക്കൽ സർവ്വേ നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് ആരംഭിച്ചിട്ടുണ്ട്.

## മോർട്ടൽ കോൺഫറൻസ്

219 (4944) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ കോവിഡുമൂലം മരണമടയുന്ന കേസുകളിൽ മോർട്ടൽ കോൺഫറൻസ് നടത്താറുണ്ടോയെന്ന് അറിയിക്കാമോ?

കേരളത്തിലെ കോവിഡ് മരണങ്ങൾ ഓഡിറ്റ് ചെയ്യുന്നത് ജില്ലാതലത്തിലും തുടർന്ന് സംസ്ഥാനതലത്തിൽ രൂപീകരിച്ച ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുമാണ്. കേരളത്തിൽ നിലവിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെ ചികിത്സിച്ച ഡോക്ടർമാർ തന്നെയാണ് മരണം റിപ്പോർട്ടു ചെയ്യുന്നത്, പകർച്ചവ്യാധി മരണങ്ങളുടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനും, ഭാവിയിൽ അവ പരിഹരിച്ച് ആവശ്യമായ നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിനും, ആവശ്യമെങ്കിൽ വെർബൽ ഓട്ടോപ്സി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ 2019-ൽ രൂപീകരിക്കപ്പെട്ട ഡെത്ത് ഓഡിറ്റ് സമിതി കോവിഡ് മരണങ്ങളുടെയും ഓഡിറ്റ് നടത്തുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ എത്ര മോർട്ടൽ കോൺഫറൻസ് നടത്തിയിട്ടുണ്ട്; ഉണ്ടെങ്കിൽ പരാമർശിച്ച കാര്യങ്ങൾ എന്തെല്ലാം; വിശദവിവരം നൽകാമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ 30 മോർട്ടാലിറ്റി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. മോർട്ടാലിറ്റി കോൺഫറൻസിൽ മരണകാരണം സംബന്ധിച്ച് വിശദമായ വിശകലനം നടത്തുകയും മരണകാരണം സ്ഥിരീകരിക്കുകയും ചെയ്യുന്നു. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എല്ലാ മാസവും മോർട്ടൽ കോൺഫറൻസുകൾ നടത്തുകയും മരണം സംബന്ധിച്ച് അസാധാരണമായതോ ചികിത്സാ പിഴവുകളോ ഒന്നും കണ്ടെത്തിയിട്ടുമില്ല. കോഴിക്കോട് മെഡിക്കൽ കോളേജിലും ഡെത്ത് ഓഡിറ്റ് ചർച്ചകൾ നടത്തുകയും മരണകാരണങ്ങൾ അനുബന്ധ രോഗാവസ്ഥകൾ, രോഗ നിയന്ത്രണത്തിനാവശ്യമായ നടപടികൾ എന്നിവ ചർച്ച ചെയ്യാറുമുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡെത്ത് ആഡിറ്റ് മെഡിക്കൽ കോളേജിലെ വകുപ്പ് മേധാവികൾ ഉൾപ്പെടെ പങ്കെടുത്ത് ഡി.എം.ഒ. തലത്തിലാണ് നടത്തിവരുന്നത്. കൊല്ലം മെഡിക്കൽ കോളേജിൽ രണ്ട് മോർട്ടൽ കോൺഫറൻസുകൾ നടത്തുകയും മരണകാരണങ്ങളെക്കുറിച്ചും മറ്റും ചർച്ച ചെയ്തിട്ടുമുണ്ട്.

## സ്റ്റോർ വെരിഫിക്കേഷൻ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

220 (4945) ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കായി സംഭരിക്കുന്ന മരുന്നുകൾ, ഉപകരണങ്ങൾ തുടങ്ങിയവ പൂർണ്ണമായും രോഗികൾക്ക് പ്രയോജനപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിന് സ്റ്റോർ വെരിഫിക്കേഷൻ വിഭാഗം ഉദ്യോഗസ്ഥർ വകുപ്പിൽ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ബി) സ്റ്റോർ വെരിഫിക്കേഷൻ വിഭാഗം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

(സി) സ്റ്റോർ വെരിഫിക്കേഷന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്റ്റോർ വെരിഫിക്കേഷന് 25-6-2012-ലെ സ.ഉ.(കൈ) നമ്പർ 192/2012/ആ.കു.വ. പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീം ബന്ധപ്പെട്ട മെഡിക്കൽ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലും 3 മാസത്തിലൊരിക്കൽ പരിശോധന നടത്തി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംസ്ഥാന സ്റ്റോർ വെരിഫിക്കേഷൻ ടീമിന് റിപ്പോർട്ട് നൽകേണ്ടതുണ്ട്. ഉപകരണങ്ങളുമായി ബന്ധപ്പെട്ട പരിശോധനകൾ പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീം യഥാസമയം നടത്തേണ്ടതും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളപക്ഷം സെൻട്രൽ വർക്ക്ഷോപ്പ് സൂപ്രണ്ടുമായോ സ്റ്റേറ്റ് ടീമിലെ ബയോമെഡിക്കൽ എൻജിനീയറുമായോ ബന്ധപ്പെട്ട് അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീമിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിക്കുന്ന പക്ഷം, ആയതിന്മേൽ സ്റ്റേറ്റ് ടീം ആവശ്യമായ അന്വേഷണം നടത്തി റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിലേക്കുള്ള പ്രൊമോഷൻ

221 (4946) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- II ആയി ജോലി ചെയ്തു വരവേ ഗ്രേഡ്-I ആയി പ്രൊമോഷൻ ലഭിച്ച് മലപ്പുറം ജില്ലയിൽ സ്ഥലം മാറ്റി നിയമിക്കപ്പെട്ട കെ. കെ. സ്വാമിനിയുടെ പ്രൊമോഷൻ ഉത്തരവിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

&

(ബി) 2021 നവംബറിൽ റിട്ടയർ ചെയ്യുന്ന ടി ജീവനക്കാരിയുടെ പ്രൊമോഷൻ സംബന്ധിച്ച അവ്യക്തതകൾ നീക്കി അവർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28-6-2017-ലെ ഉത്തരവ് നമ്പർ FWA4/ 19888/2014/DHS Dated 28-6-2017 പ്രകാരം ക്രമ നമ്പർ 1824 മുതൽ 2517 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകി. എന്നാൽ പ്രൊമോഷൻ നടപടികളുടെ ഭാഗമായി വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നപ്പോൾ ആയത് ലഭ്യമാക്കാത്ത ജീവനക്കാരെ പ്രൊമോഷനിൽനിന്നും ഒഴിവാക്കിയിരുന്നു. ശ്രീമതി സ്വാമിനി കെ. കെ.-യും ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവർക്ക് അപ്പീൽ സമർപ്പിക്കുന്നതിനായി 15 ദിവസം സമയം ഉത്തരവിൽ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാരി യഥാസമയം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയോ നാളിതുവരെ ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് ശ്രീമതി സ്വാമിനി കെ.കെ-യിൽ നിന്നും യാതൊരു അപേക്ഷയോ പരാതിയോ നാളിതുവരെയും ലഭിച്ചിട്ടില്ല. ടിയാളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പാരാ മെഡിക്കൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾ

222 (4947) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുകളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പാരാ മെഡിക്കൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമോ?

പരിഗണനയിലാണ്.

(സി) 2020-21 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്യേണ്ട മരുന്നുകൾ എല്ലാ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലും വിതരണം ചെയ്തിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷം വാർഷിക ഇൻഡന്റിന് അനുസൃതമായും ആശുപത്രികളിലെ നിലവിലെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിലും എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വിതരണം നടത്തിയിട്ടുണ്ട്. മരുന്ന് വിതരണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത കോർപ്പറേഷൻ വഴി മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയുള്ള മരുന്ന് വിതരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. ആശുപത്രികളിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് അധിക ആവശ്യകത നേരിടുന്ന പക്ഷം, അവ സമയബന്ധിതമായി വിതരണം നടത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്.

(ഇ) കേരളത്തിലെ ഐ.ടി.ഐ.-കളിലെ ഫാർമസിസ്റ്റ് തസ്തിക നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

കേരളത്തിലെ ഐ.ടി.ഐ.-കളിലെ ഫാർമസിസ്റ്റ് തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ ഐ.ടി.ഐ.-കളിൽ പുനഃസ്ഥാപിക്കേണ്ട സാഹചര്യം നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഫാർമസി ജീവനക്കാരുടെ ജോലിയും ചുമതലകളും

223 (4948) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാരുടെ ജോലിയും ചുമതലകളും പുനർ നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള ഫയലിൽ അന്തിമ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ആരോഗ്യവകുപ്പിലെ ഫാർമസി വിഭാഗം ജീവനക്കാരുടെ ജോലിയും ചുമതലകളും പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## ആശാ വർക്കർമാരുടെ ഓണറേറിയം

224 (4949) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 മുന്നണി പോരാളികളായ ആശാവർക്കർമാർക്ക് ഇപ്പോൾ എത്ര രൂപയാണ് ഓണറേറിയമായി നൽകുന്നതെന്നും എന്നുമുതൽ ഇത് നൽകുന്നുവെന്നും വ്യക്തമാക്കാമോ?

2021 ഏപ്രിൽ മാസം മുതൽ 6,000 രൂപ ഓണറേറിയം ആശാ പ്രവർത്തകർക്ക് നൽകിവരുന്നുണ്ട്.

(ബി) മേയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം ഇപ്പോഴും വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ?

ആശാ പ്രവർത്തകർക്ക് 2021 ജൂൺ വരെയുള്ള പ്രതിമാസ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇവർക്ക് ഓണറേറിയത്തിന് പുറമേ മറ്റ് എന്തൊക്കെ അലവൻസുകളാണ് നൽകിവരുന്നത്?

ആശാ പ്രവർത്തകർക്ക് ഓണറേറിയത്തിന് പുറമേ 2,000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവും 1,000 രൂപ കോവിഡ് ഇൻസെന്റീവും കൂടാതെ വിവിധ ആരോഗ്യ അനുബന്ധ പദ്ധതികളിൽനിന്നും ജനറൽ ഇൻസെന്റീവുകളും നൽകി വരുന്നു.

(ഡി) കോവിഡ് ഇൻസെന്റീവ്, ഫിക്സഡ് ഇൻസെന്റീവ് തുടങ്ങിയവ കോവിഡ് കാലം മുതൽ തന്നെ കുടിശ്ശിക വരാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ ;

&

(ഇ) കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചവർ എന്ന നിലയിൽ ഇവർക്ക് ലഭിക്കാനുള്ള ഓണറേറിയം, ഇൻസെന്റീവ് കുടശ്ശികകൾ സമയബന്ധിതമായി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

2021 ജൂൺ വരെയുള്ള ഓണറേറിയവും, കോവിഡ് ഇൻസെന്റീവും, ഫിക്സഡ് ഇൻസെന്റീവും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ ആശാ വർക്കർമാർക്കുള്ള ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ തസ്തിക സൃഷ്ടിക്കൽ**

225 (4950) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്; ഇതിന്റെ ഭാഗമായി എത്ര തസ്തികകളാണ് അധികമായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് ഘട്ടങ്ങളിലായി 886 ആരോഗ്യ സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾക്കായി നാളിതുവരെ 1830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ വിവിധ വിഭാഗങ്ങളിലായി 1200 തസ്തിക സൃഷ്ടിക്കാൻ ഉത്തരവായിട്ടുണ്ടോ; ഓരോ വിഭാഗത്തിലും ഏതെല്ലാം തസ്തികകൾ, എത്രയെണ്ണം വീതമാണ് സൃഷ്ടിക്കുക എന്ന് വിശദമാക്കുമോ?

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 1200 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടം എന്ന നിലയിൽ താഴെ പറയുന്ന 300 തസ്തികകൾ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ് - 204 ഫാർമസിസ്റ്റ് - 52 ക്ലാർക്ക് - 42 ഓഫീസ് അറ്റൻഡന്റ് - 2

**ആശാ വർക്കർമാരുടെ ഓണറേറിയം**

226 (4951) ഡോ. മാത്യുകുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലഘട്ടത്തിൽ ഏറ്റവും മഹനീയമായ രീതിയിൽ സേവനം നടത്തിയ ആശാ വർക്കർമാരുടെ ഓണറേറിയം, അവരുടെ സാമ്പത്തിക സാഹചര്യവും, നിലവിലെ ജീവിത നിലവാര സൂചികയും കണക്കിലെടുത്ത് സംസ്ഥാനതലത്തിൽ തുക വകയിരുത്തി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന ഓണറേറിയവും, വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ആശാ വർക്കർമാർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. 2016-17-ൽ 1500 രൂപ ആയിരുന്ന ആശമാരുടെ പ്രതിമാസ ഓണറേറിയം വർഷംതോറും വർദ്ധനവ് വരുത്തി 2021 ഏപ്രിൽ മാസം മുതൽ ഓണറേറിയം 5,000 രൂപയിൽ നിന്ന് 6,000 രൂപയാക്കി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2021 ജൂൺ വരെയുള്ള ഓണറേറിയവും, കോവിഡ് ഇൻസെന്റീവും, ഫിക്സഡ് ഇൻസെന്റീവും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ ആശാ വർക്കർമാർക്കുള്ള ഓണറേറിയം നൽകുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1,000 രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ നൽകിവരുന്നുണ്ട്.

**ആലപ്പുഴ ജില്ലയിലെ ആരോഗ്യവകുപ്പിലെ തസ്തികകൾ**

227 (4952) ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആരോഗ്യവകുപ്പിൽ നിലവിൽ ജില്ലാ നേഴ്സിംഗ് ഓഫീസർ, ചീഫ് നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് 1, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് 2, സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2, എന്നീ തസ്തികകളുടെ അനുവദനീയ അംഗബലം എത്രയാണ്?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 എന്നീ തസ്തികകളിൽ അനുപാത തുല്യത വരുത്തിയിട്ടുണ്ടോ?

ആരോഗ്യ വകുപ്പിന് കീഴിൽ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ്-1 തസ്തികകളിൽ അനുപാത തുല്യത വരുത്തിയിട്ടുണ്ട്. എന്നാൽ 3-8-2021-ലെ ജി.ഒ (എം.എസ്) നമ്പർ 143/2021 ആ.കു.വ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ നഴ്സിംഗ് ഓഫീസറുടെ ആറ് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികയിൽ അനുപാത ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 16-7-2018-ന് ശേഷം നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 എന്നീ തസ്തികകളിൽ അനുപാത തുല്യത വരുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ ?

റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളില്ല.

**ജനറൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ ജോലികൾ**

228 (4953) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ ഫിസിയോ തെറാപ്പിസ്റ്റുകളുടെ ജോലികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ജനറൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ ജോലികൾ വ്യക്തമാക്കുന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ഒ&എം 4/9794/99/ആ.വ.ഡ തീയതി 3-2-1999 അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി ഈ തസ്തികയിൽ എത്ര പേർ സേവനം അനുഷ്ഠിക്കുന്നു; ജില്ല തിരിച്ച് തസ്തികകളുടെ എണ്ണം നൽകാമോ?

ആരോഗ്യ വകുപ്പിന്റെ കീഴിൽ വിവിധ സ്ഥാപനങ്ങളിലായി ആകെ 25 തസ്തികകളാണ് ഉള്ളത്. ഇതിൽ 24 പേർ നിലവിൽ സേവനമനുഷ്ഠിക്കുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു: തിരുവനന്തപുരം - 2 കൊല്ലം - 1 പത്തനംതിട്ട - 1 ആലപ്പുഴ - 2 കോട്ടയം - 3 ഇടുക്കി - 2 വയനാട് - 1 തൃശ്ശൂർ - 2 മലപ്പുറം - 2 എറണാകുളം - 2 കോഴിക്കോട് - 1 കണ്ണൂർ - 3 കാസർഗോഡ് - 1 പാലക്കാട് - 1

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത വിഭാഗത്തിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി 23-9-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 136/2017/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം ഫിസിയോ തെറാപ്പിസ്റ്റിന്റെ 6 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) എല്ലാ താലൂക്ക് ആശുപത്രികളിലും ഈ തസ്തികകൾ സൃഷ്ടിക്കുന്നത് പരിശോധിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പറപ്പൂക്കര ഫാമിലി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

229 (4954) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഫാമിലി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് അറുപതുലക്ഷം രൂപ (60,00,000 രൂപ) അനുവദിച്ചിട്ടുണ്ട്. അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി കായംകുളം നിലയത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും 50 സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് ജില്ലാതല, സംസ്ഥാനതല പരിശീലനം നൽകുകയും അവരുടെ സേവനം സ്റ്റേഷൻ പരിധിയിൽ പ്രയോജനപ്പെടുത്തിയും വരുന്നു. വാർഷിക പദ്ധതിയിനത്തിലെയും മറ്റും ഫണ്ടുകൾ ഉപയോഗിച്ച് കായംകുളം നിലയത്തിൽ വാഹനങ്ങളെയും ഉപകരണങ്ങളെയും സുഗമമായ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. കായംകുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 15-6-2019-ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

(ബി) ഇതിനായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അടിയന്തര നടപടി സ്വീകരിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

## ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റ് നിയമനങ്ങൾ

230 (4955) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റ് (ഗ്രേഡ്-II) നിയമനങ്ങൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

&

(ബി) നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും ഇനി എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

ഉണ്ട്. ആരോഗ്യവകുപ്പിൽ 4-8-2021-വരെ 75 പേർക്ക് ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 6 ഒഴിവുകളിൽ കൂടി നിയമനം നല്കാൻ കഴിയും.

## പാലക്കാട് ജില്ലയിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 ഒഴിവുകൾ

231 (4956) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആരോഗ്യവകുപ്പിൽ 2021 ജൂലൈ 31 വരെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 എത്ര ഒഴിവുകൾ നിലവിലുണ്ടായിരുന്നു; വിശദാംശം ലഭ്യമാക്കുമോ ;

&

(ബി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു; നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; വിശദമായ കണക്ക് ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ 30 ഒഴിവുകൾ നിലവിലുണ്ടായിരുന്നു. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. നിലവിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല.

(സി) ജനപ്രതിനിധികളും ഉദ്യോഗാർത്ഥികളും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

&

(ഡി) 2021 ആഗസ്റ്റ് 4-ന് കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടും ഒഴിവുകൾ മറച്ചുവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ കാലവിളംബം കൂടാതെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നഴ്സിംഗ് ട്യൂട്ടർമാരുടെ ഒഴിവുകൾ സംബന്ധിച്ച്

232 (4957) <u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നഴ്സിംഗ് ട്യൂട്ടർമാരുടെ എത്ര ഒഴിവുകളാണു ള്ളതെന്ന് വ്യക്തമാക്കാമോ ?

സംസ്ഥാനത്ത് നിലവിൽ നഴ്സിംഗ് ട്യൂട്ടർമാരുടെ 8 ഒഴിവുകളുണ്ട്.

(ബി) ഇതിൽ എത്ര ഒഴിവുകളാണ് ബൈട്രാൻസ്ഫർ മുഖേന നിയമിക്കാൻ മാറ്റിവെച്ചിട്ടുള്ളത്; അറിയിക്കാമോ?

ഇതിൽ 4 ഒഴിവുകൾ ബൈട്രാൻസ്ഫർ മുഖേന നിയമിക്കുവാൻ മാറ്റിവച്ചിട്ടുണ്ട്.

(സി) ഇതിനായി ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; വ്യക്തമാക്കാമോ?

താത്ക്കാലികമായി തസ്തികമാറ്റം നടത്തുന്നതിനായി (provisional bytransfer posting) സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്.

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് മാറ്റിവെച്ച ഒഴിവിലേയ്ക്ക് നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നാളിതുവരെ നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി അനുവദിച്ച താത്ക്കാലിക നിയമനങ്ങൾ ക്രമീകരിക്കുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയായതിനുശേഷം തസ്തികമാറ്റം വഴി നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നികത്തേണ്ടതായ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പാലക്കാട്- ആരോഗ്യ വകുപ്പിലെ എൽ.ഡി. ക്ലർക്ക് ഒഴിവുകൾ**

233 (4958) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ എൽ.ഡി. ക്ലർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ ആരോഗ്യവകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ 5 ഒഴിവുകളാണ് ഉണ്ടായിരുന്നത്.

(ബി) നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അത് നികത്തുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത 5 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിയമന ശിപാർശയ്ക്കായി അയച്ച് നൽകിയിട്ടുണ്ട്.

**ആരോഗ്യവകുപ്പിലെ വിവിധ ഒഴിവുകൾ**

234 (4959) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ, ജില്ലാ ലബോറട്ടറി ഓഫീസർ, ചീഫ് ലാബ് ടെക്നീഷ്യൻ, സീനിയർ ഗ്രേഡ് ലബോറട്ടറി ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഓരോ ജില്ലയിലും എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവകുപ്പിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.* ആരോഗ്യ വകുപ്പിൽ ചീഫ് ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. സീനിയർ ലബോറട്ടറി ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനായി ടി തസ്തികയിൽ അനുപാത ക്രമീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആരോഗ്യവകുപ്പിലുണ്ടായ പ്രസ്തുത ഒഴിവുകളിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഇല്ല. സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളാണ് ആരോഗ്യവകുപ്പിൽ ഇപ്പോൾ നിലവിലുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി ഡോക്ടർ തസ്തികയിലേക്ക് നിയമനങ്ങൾ

235 (4960) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 17-3-2021-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി ഡോക്ടർ തസ്തികയിലേക്ക് നാളിതുവരെ നടത്തിയ നിയമനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

26 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ നിലവിലുള്ള ഡോക്ടർമാർക്ക് സർവ്വീസിൽ നിന്ന് വിരമിക്കേണ്ട കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് സർവ്വീസ് നീട്ടിക്കൊടുത്തുവെന്നും ഇവർ സർവ്വീസിൽനിന്നും വിരമിക്കുന്ന തീയതി എന്നാണെന്നും വ്യക്തമാക്കാമോ?

സ.ഉ. (കൈ) നമ്പർ 169/17/ആകുവ. തീയതി 28-11-2017 പ്രകാരം ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 56 വയസ്സിൽ നിന്നും 60 വയസ്സാക്കി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. നിലവിൽ ആരോഗ്യ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ഡോക്ടർമാർക്കും മേൽ ഉത്തരവ് ബാധകമാണ്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം നവംബർ മാസം മുതൽ വിരമിക്കൽ വഴി ഒഴിവുകൾ ഉണ്ടാകുന്നതാണ്.

(സി) ഇത്തരത്തിൽ സർവ്വീസ് കാലാവധി നീട്ടിനൽകിയത് കാരണം നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർവ്വീസ് കാലാവധി നീട്ടിനൽകിയ ഡോക്ടർമാരുടെ തുല്യ എണ്ണം ഒഴിവുകൾ, ഈ വർഷം പ്രതീക്ഷിക്കുന്ന ഒഴിവുകളായി കണക്കാക്കി നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്താനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ?

ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

**ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കാൻ നടപടി**

236 (4961) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-2-2021-ലെ സ.ഉ.(കൈ)52/2021/ആ.കു.വ. ഉത്തരവിന് വിധേയമായി ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ച ലാബ് ടെക്നീഷ്യൻ തസ്തിക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ;

&

(ബി) കോവിഡ്, സിക്ക വൈറസ് രോഗങ്ങളുടെ ഭീഷണിയുടെ പശ്ചാത്തലത്തിൽ രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായുള്ള ലാബ് പരിശോധനകൾക്കായി ഓരോ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആവശ്യമായ ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക, മേൽ ഉത്തരവനുസരിച്ച് സൃഷ്ടിക്കാൻ പദ്ധതിയുണ്ടോ?

19-2-2021-ലെ സ.ഉ.(കൈ) നമ്പർ 52/2021/ ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 1200 തസ്തികകൾ തത്ത്വത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമെന്ന നിലയിൽ നാലിൽ ഒരുഭാഗമായ 300 തസ്തികകൾ 3-8-2021-ലെ സ.ഉ.(കൈ) നമ്പർ 143/2021/ ആ.കു.വ. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ ലാബ് ടെക്നീഷ്യൻ തസ്തിക ഉൾപ്പെട്ടിട്ടില്ല.

(സി) ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി അപ് ഗ്രേഡ് ചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിക്കാനുദ്ദേശിക്കുന്ന ലാബ് ടെക്നീഷ്യൻ തസ്തിക സംബന്ധിച്ച് വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെക്നീഷ്യന്റെ 170 തസ്തികകളും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 200 ലാബ് ടെക്നീഷ്യൻ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

## ബി.പി.എൽ. കാർഡുകാർക്ക് ചികിത്സാനുകൂല്യം

237 (4962) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണന റേഷൻകാർഡുകാർക്ക് (ബി.പി.എൽ.) ചികിത്സാനുകൂല്യം നൽകേണ്ടതാണെന്ന ഉത്തരവ് (6-7-2018-ലെ സ.ഉ.നമ്പർ 2171/2018 ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,) നിലനിൽക്കുമ്പോൾ തന്നെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, ശ്രീചിത്ര തിരുനാൾ ഹോസ്പിറ്റൽ തുടങ്ങിയ പ്രധാനപ്പെട്ട ആശുപത്രികളിൽ ബി.പി.എൽ. കാർഡുള്ള രോഗികൾക്ക് ചികിത്സാ ആനുകൂല്യം നിഷേധിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പരാതികളിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

&

(സി) ബി.പി.എൽ. കാർഡുടമകൾക്ക് ചികിത്സാനുകൂല്യങ്ങൾ ആശുപത്രി അധികൃതർ നിഷേധിച്ചാൽ പൊതുജനങ്ങൾ ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ബി.പി.എൽ. കാർഡുടമകൾക്ക് തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ നിന്നും സർക്കാരിന്റെ വിവിധ ചികിത്സാ പദ്ധതികളിൽ നിഷ്കർഷിച്ച പ്രകാരമുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. എന്നാൽ കുട്ടികൾക്ക് ചികിത്സാ സൗജന്യം നൽകുന്ന ആർ.ബി.എസ്.കെ. പദ്ധതി പൂർണ്ണമായ രീതിയിലും കൂടാതെ KASP, KBF എന്നീ പദ്ധതികൾ പ്രകാരമുള്ള സൗജന്യ ചികിത്സയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള തിരുവനന്തപുരത്തുള്ള ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി എന്ന സ്ഥാപനം നടപ്പിലാക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇത് പരിഹരിക്കുന്നതിനായുള്ള നടപടികൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി ചേർന്ന് ചെയ്തുവരുന്നു.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കുറവ്

238 (4963) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കോവിഡാനന്തര ചികിത്സയ്ക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ തസ്തികകൾ ആവശ്യമായ എണ്ണം ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ മേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സസ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ വളരെ കുറവാണെന്നകാര്യം കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സസ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലെ സീറ്റുകളുടെ പരിമിതിക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നേരത്തെ ഉണ്ടായിരുന്ന പ്രസ്തുത കോഴ്സ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ മേഖലയിൽ മലപ്പുറം ജില്ലയിൽ നിലവിലുണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സസ് ട്രെയിനിംഗ് സെന്റർ പുനരാരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എം.എസ്.സി.എൽ. മുഖേന മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

239 (4964) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്ക് കോവിഡ് പ്രതിരോധ നടപടികൾക്കായി കെ.എം.എസ്.സി.എൽ. മുഖേന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ അനുവദിച്ചിരുന്ന എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് എത്ര ലക്ഷം രൂപയുടെ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. ആശുപത്രിയിലേയ്ക്ക് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേയ്ക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് KMSCL വഴി നാളിതുവരെ 15,78,553 (പതിനഞ്ച് ലക്ഷത്തി എഴുപത്തെട്ടായിരത്തി അഞ്ഞൂറ്റി അമ്പത്തിമൂന്ന് രൂപ) രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു.

(ബി) ഇനി നൽകാൻ ബാക്കിയുള്ള മെഡിക്കൽ ഉപകരണങ്ങൾ കൈമാറുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പാക്കിയപ്പോൾ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ കുറച്ചു നാൾ അടച്ചിട്ടിരുന്നതിനാലും, വിതരണോത്തരവിൽ പരാമർശിച്ചിരുന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ കമ്പനിയിൽ ലഭ്യമല്ലാതിരുന്നത് കാരണവും ഉപകരണങ്ങൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിരുന്നു.

(സി) പ്രസ്തുത മെഡിക്കൽ ഉപകരണങ്ങൾ ഏത് ദിവസത്തിനകം നൽകാമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ; ബാക്കിയുള്ള സാധനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

വിതരണം ചെയ്യാൻ ബാക്കിയുള്ള ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇവ ഏതാണ്ട് മൂന്ന് മാസത്തിനുള്ളിൽ വിതരണം ചെയ്യാനാകുമെന്ന് കരുതുന്നു.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

240 (4965) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബയോടെക്നോളജി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

കെ.എസ്.ഐ.ഡി.സി., ലൈഫ് സയൻസസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. കാര്യനിർവഹണ സൗകര്യാർത്ഥം ആദ്യ ഘട്ടത്തിൽ 75 ഏക്കറും രണ്ടാം ഘട്ടത്തിൽ 160 ഏക്കറും വീതം ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചത്. കോടതി കേസുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിൽ ഗണ്യമായ കാലതാമസമുണ്ടായി, അതിന്റെ ഫലമായി ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും, രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും നാളിതുവരെ ഏറ്റെടുത്തു കഴിഞ്ഞു. കോടതി കേസുകൾ കാരണം ബാക്കി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ആദ്യ ഘട്ടത്തിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചെലവായി 374.73 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. പാർക്കിൽ അത്യാധുനിക ഓഫീസ് സ്ഥലം, ഇൻകുബേഷൻ സെൻറർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, വലിയതും സംയോജിതവുമായ ബയോ കമ്പനികൾക്ക് അവരുടെ കാമ്പസുകളും സജ്ജീകരിക്കാൻ ഉപയോഗപ്രദമായ മോഡുലാർ ഓഫീസുകളും ചെറുകിട, സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ആയി wet&dry ലാബുകൾ സ്ഥാപിക്കുന്നതിനായി വികസിപ്പിച്ച പ്ലോട്ടുകളും പാർക്കിൽ സജ്ജമാക്കുന്നുണ്ട്. 20 മീറ്റർവീതിയുള്ള Internal റോഡുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉൾപ്പെടെ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രതിദിനം ഒരു ദശലക്ഷം ലിറ്റർ വെള്ളവും 6 MVA വൈദ്യുതിയും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE) സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU) സ്ഥാപിച്ച റിസർച്ച് കം ലേണിംഗ് സെന്റർ എന്നിവയാണ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ. KSCSTE-യ്ക്കു വേണ്ടി വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിനായി നിർമ്മിക്കുന്ന 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ് എന്നിവയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 22-7-2021-ന് വിളിച്ചുചേർത്ത ജില്ലാ വ്യാവസായിക ഭൂമി അലോട്ടുമെന്റ് കമ്മിറ്റി (DILAC) വിവിധ കമ്പനികൾക്ക് 11 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്, ഇതിലൂടെ 200 കോടി രൂപ മുതൽമുടക്കും 650-ൽ അധികം ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകാനും സാധിക്കുന്നതാണ്. ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിവിധ വാക്സിൻ നിർമ്മാണ കമ്പനികളുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ചില കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുമുണ്ട്. ആദ്യ ഘട്ടത്തിലെ മിച്ചമുള്ള 25 ഏക്കർ ഭൂമി, ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. പാർക്കിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത് KIIFB ധനസഹായത്തിലൂടെയാണ്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) 301.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 86 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഇതുവരെ 170 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി KIIFB യിലേക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി കണക്കാക്കുന്ന ചെലവ് 18 കോടി രൂപയാണ്. കൂടാതെ കെ.എസ്.ഐ.ഡി.സി. ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി ലൈഫ് സയൻസ് പാർക്കിലെ (ഘട്ടം 1 ന്റെ 9 ഏക്കർ സ്ഥലത്ത്) ഒരു മെഡ്സ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു: 1. Large Animal Breeding Centre 2. Prototyping-Pilot Manufacturing and Incubation Centre 3. Medical Device Testing & Evaluation Centre 4. R&D and Knowledge Resource Centre മെഡ്സ്പാർക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 286 കോടി രൂപയാണ്, ഇതിൽ SCTIMST-യുടെ സാങ്കേതിക പരിജ്ഞാന ഫീസ്

15 കോടി രൂപയും, കെ.എസ്.ഐ.ഡി.സി.-യുടെ ഭൂമി ചെലവ് 15 കോടി രൂപയും ആണ്. അത് 50:50 അടിസ്ഥാനത്തിൽ രണ്ട് ഏജൻസികളുടെ ഇക്വിറ്റി സംഭാവനയായി കണക്കാക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി SPV രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന് കെ.എസ്.ഐ.ഡി.സി. ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും, SCTIMST-ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. 19-3-2021-ന് ചേർന്ന കെ.എസ്.ഐ.ഡി.സി.യുടെ ബോർഡ് പദ്ധതി നിർവഹിക്കുന്നതിന് ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട Animal House, Prototype & Incubation Centre തുടങ്ങിയവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ടി നിർമ്മാണം 2022, ജൂണിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട " Knowledge Resource Center-ന്റെ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതികളെല്ലാം പൂർത്തിയാക്കി 2022 ഡിസംബറോടെ Medspark പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനകൾക്ക് ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധന ആരംഭിച്ചിട്ടില്ല.

## ആശുപത്രികളിലെ വെന്റിലേറ്റർ സൗകര്യങ്ങൾ

241 (4966) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആശുപത്രികളിൽ ആകെയുള്ള വെന്റിലേറ്ററുകളുടെ എണ്ണം സർക്കാർ, സ്വകാര്യമേഖല തിരിച്ച് അറിയിക്കുമോ?

കേരളത്തിലെ ആശുപത്രികളിലെ ആകെയുള്ള വെന്റിലേറ്ററുകളുടെ എണ്ണം സർക്കാർ മേഖലയിൽ 2404 സ്വകാര്യ മേഖലയിൽ 2391, ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | സർക്കാർ മേഖല | സ്വകാര്യ മേഖല |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 612 | 317 |

| (1) | (2) | (3) |
|---|---|---|
| കൊല്ലം | 104 | 105 |
| പത്തനംതിട്ട | 105 | 191 |
| ആലപ്പുഴ | 159 | 52 |
| കോട്ടയം | 262 | 98 |
| ഇടുക്കി | 39 | 50 |
| എറണാകുളം | 257 | 552 |
| തൃശ്ശൂർ | 125 | 239 |
| പാലക്കാട് | 86 | 148 |
| മലപ്പുറം | 132 | 118 |
| കോഴിക്കോട് | 215 | 278 |
| വയനാട് | 42 | 53 |
| കണ്ണൂർ | 203 | 140 |
| കാസർഗോഡ് | 63 | 50 |
| ആകെ എണ്ണം | 2404 | 2391 |

(ബി) കൊല്ലം ജില്ലയിൽ ആകെ എത്ര വെന്റിലേറ്ററുകൾ ഉണ്ടെന്ന് സർക്കാർ, സ്വകാര്യ മേഖലയിലെ ആശുപത്രികൾ തിരിച്ച് എണ്ണം അറിയിക്കുമോ?

കൊല്ലം ജില്ലയിൽ സർക്കാർ മേഖലയിൽ ആകെ 104-ഉം, സ്വകാര്യ മേഖലയിൽ ആകെ 105-ഉം വെന്റിലേറ്ററുകൾ ഉണ്ട്.

(സി) ജില്ലയിലെ ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര ഓക്സിജൻ ബെഡുകൾ വീതം ഉണ്ടെന്ന വിവരം സർക്കാർ, സ്വകാര്യമേഖല തിരിച്ച് അറിയിക്കുമോ?

ജില്ലയിൽ സർക്കാർ മേഖലയിൽ ആകെ 224-ഉം, സ്വകാര്യ മേഖലയിൽ ആകെ 1037-ഉം ഓക്സിജൻ ബെഡുകൾ ഉണ്ട്.

## ഹോമിയോപ്പതി വകുപ്പ് - ഡ്യൂട്ടി മാന്വൽ

242 (4967) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ജീവനക്കാരുടെ ഡ്യൂട്ടി മാന്വൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിലില്ല.

(ബി) ഇല്ലെങ്കിൽ ഡ്യൂട്ടി മാന്വൽ പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡ്യൂട്ടി മാന്വൽ പുറത്തിറക്കുന്നതിനുള്ള നടപടികൾ ഹോമിയോപ്പതി ഡയറക്ടറേറ്റ് തലത്തിൽ പൂർത്തീകരിച്ചുവരുന്നു. പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) വകുപ്പുതല ഡ്യൂട്ടി മാന്വൽ ഇല്ലെങ്കിൽ ഏത് ഡ്യൂട്ടി മാന്വൽ പ്രകാരമാണ് ജീവനക്കാർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ഹോമിയോപ്പതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പിന്റെ ഭാഗമായിരുന്നപ്പോൾ പ്രസ്തുത വകുപ്പ് 1966-ൽ പുറത്തിറക്കിയ മാന്വലിൽ പറഞ്ഞിരിക്കുന്നത് പ്രകാരവും അതിനുശേഷം കാലാകാലങ്ങളിൽ ജീവനക്കാരുടെ ഡ്യൂട്ടി സംബന്ധമായ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഹോമിയോപ്പതി ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രകാരവും ആണ് ഹോമിയോപ്പതി വകുപ്പിലെ ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിരിക്കുന്നത്.

## വാക്സിൻ നിർമ്മാണത്തിന് അടിസ്ഥാന സൗകര്യവികസനം

243 (4968) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരീകരിക്കുന്ന പകർച്ചവ്യാധികളിൽ ഭൂരിഭാഗവും ജന്തുജന്യമാണെന്നതും ഇത്തരം പകർച്ചവ്യാധികൾ മനുഷ്യരിലേയ്ക്ക് ബാധിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നതുമായ ഗുരുതര സാഹചര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് എലിപ്പനി പോലുള്ള ജന്തുജന്യ രോഗങ്ങൾ കൂടാതെ ചെള്ളുപനി, കുരങ്ങുപനി, പേവിഷബാധ മുതലായ രോഗങ്ങളും വർദ്ധിച്ചു വരുന്നുണ്ട്. കാടുകൾ വെട്ടിത്തെളിച്ച് നാടാക്കുന്നതും, വനങ്ങളിലേയ്ക്ക് ജനങ്ങൾ അതിക്രമിച്ച് കടക്കുന്നതും, ഇത്തരം ജന്തുജന്യ രോഗങ്ങൾ കൂടുന്നതിന് സാഹചര്യമൊരുക്കുന്നു. 2018-ലും 2019-ലും ഉണ്ടായ നിപ രോഗബാധയും വയനാട് ജില്ലയിലുണ്ടായിട്ടുള്ള കുരങ്ങുപനിയും ഇത്തരത്തിൽ ഉണ്ടായിട്ടുള്ളതാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജ നത്തിലുണ്ടായ അപര്യാപ്തതയാണ് എലിപ്പനി, ചെള്ളുപനി പോലുള്ള രോഗങ്ങൾ വ്യാപകമാക്കാൻ കാരണമായിട്ടുള്ളത്. എലി, കന്നുകാലികൾ എന്നിവയുടെ മൂത്രം കലർന്ന മണ്ണിലൂടെയും, വെള്ളത്തിലൂടെയുമാണ് പ്രധാനമായും എലിപ്പനി രോഗ ബാധയുണ്ടാകുന്നത്. ചെള്ളുപനി പരത്തുന്ന ട്രോംബിക്കുലോയിഡ് മൈറ്റ് എലികളുടെ ചെവിയ്ക്കുള്ളിലാണ് (പിന്ന) കാണപ്പെടുന്നത്. ഈ മൈറ്റുകളുടെ ലാർവകൾ പുല്ലുകളിലും, ചെറിയ ചെടികളിലും, മണ്ണിലുമൊക്കെ കാണപ്പെടുന്നു. ഇവയുടെ കടിയേൽക്കുന്നത് മൂലമാണ് ചെള്ളുപനി (സ്ക്രബ് ടൈഫസ്) ഉണ്ടാകുന്നത്. ജന്തുജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള വിവിധതരം പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രി ക്കുന്നതിനുമായി 2018-ൽ 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി, പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഏറ്റവും താഴെത്തട്ടിൽ വാർഡുതല ആരോഗ്യശുചിത്വ സമിതികളുടെ ആഭിമുഖ്യത്തിലാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഐ.ഡി.എസ്.പി (സംയോജിത രോഗനിരീക്ഷണ പരിപാടി) വഴി ദിവസേനയും പ്രതിവാരവും ജന്തുജന്യരോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുകയും രോഗമോ രോഗ സൂചനകളോ കണ്ടെത്തിയാൽ ദ്രുതകർമ്മസേന (ആർ.ആർ.ടി.) സ്ഥലം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. കൂടാതെ ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടി (എൻ.വി.ബി.ഡി.സി.പി), ദേശീയ പേവിഷ രോഗ നിയന്ത്രണ പരിപാടി (എൻ.ആർ.സി.പി.), എലിപ്പനി പ്രതിരോധ നിയന്ത്രണ പരിപാടി (പി.വി.സി.എൽ.) തുടങ്ങിയവ വഴിയും അതാത് ജന്തുജന്യരോഗ നിരീക്ഷണവും നിയന്ത്രണവും നടപ്പിലാക്കി വരുന്നുണ്ട്. എലിപ്പനി, ചെള്ളുപനി, കുരങ്ങുപനി എന്നിവയ്ക്കാവശ്യമായ ചികിത്സ, കുരങ്ങുപനി, പേവിഷബാധ എന്നിവയ്ക്കുള്ള വാക്സിനേഷൻ എന്നിവ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇത്തരം രോഗങ്ങളുടെ സ്ഥിരീകരണവും കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ, തദ്ദേശസ്വയംഭരണം, കൃഷി വകുപ്പുകളുടെ സഹകരണത്തോടെ എലിനശീകരണം നടത്തിവരുന്നു. എലിപ്പനി, ചെള്ളുപനി, കുരങ്ങുപനി എന്നിവയ്ക്കെതിരെ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങളും പ്രോത്സാഹിപ്പിച്ചുവരുന്നു. എലിപ്പനി രോഗസാദ്ധ്യത കൂടുതലുള്ളവർക്ക് ഡോക്സി

സൈക്ലിൻ പ്രതിരോധ ചികിത്സയും നൽകിവരുന്നു. ചെള്ളുപനി പരത്തുന്ന മൈറ്റുകളെയും കുരങ്ങുപനി പരത്തുന്ന ടിക്കുകളേയും നിയന്ത്രിക്കുന്നതിന് കീടനാശിനി പ്രയോഗവും നടത്തി വരുന്നുണ്ട്. കുരങ്ങുപനി കൂടുതലായുള്ള വയനാട് ജില്ലയിൽ കുരങ്ങുകളുടെ മരണം നിരീക്ഷിക്കുന്നതോടൊപ്പം ചത്ത കുരങ്ങുകളുടെ ശരീരം ശാസ്ത്രീയമായി മറവു ചെയ്യുകയും ചെയ്യുന്നു. ഇത്തരം രോഗപ്രതിരോധ സംബന്ധമായ ബോധവത്കരണം ജനങ്ങൾക്ക് വിവിധ പത്ര, ദൃശ്യ, ശ്രാവ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെ വിപുലമായി നൽകിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ജില്ലാ, സംസ്ഥാന തലങ്ങളിൽ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. പേവിഷബാധ നിയന്ത്രണത്തിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ വളർത്തു നായ്ക്കൾക്ക് പ്രതിരോധകുത്തിവെയ്പ്പ് നൽകിവരുന്നു. ഇതുകൂടാതെ വിപുലമായ ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. പക്ഷിപ്പനി, ബ്രൂസല്ലോസിസ് എന്നീ ജന്തുജന്യ രോഗങ്ങൾക്കെതിരെയും രോഗനിരീക്ഷണ നിയന്ത്രണ പരിപാടികൾ ടി വകുപ്പ് നടപ്പിലാക്കിവരുന്നു. ഇപ്രകാരം ജന്തുജന്യരോഗ നിയന്ത്രണത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വനം/വന്യജീവി വകുപ്പ് മുതലായവയുമായി ചേർന്ന് One health approach എന്ന ലക്ഷ്യത്തിലൂന്നി നടപ്പിലാക്കിവരുന്നുണ്ട്. (Human Health, Animal Health, Environment Health) ഈ ജനിതക രോഗത്തിന് പ്രധാനമായി Supportive and Symptomatic therapy ആണ് നൽകുന്നത് (രോഗ ലക്ഷണങ്ങളുടെ ചികിത്സ). ഇത് നിലവിൽ മെഡിക്കൽ കോളേജുകൾ വഴി സൗജന്യമായാണ് ലഭ്യമാക്കിവരുന്നത്.

(ബി) മനുഷ്യജീവന് ഭീഷണിയായ ജന്തുജന്യ രോഗത്തിനെതിരായ വാക്സിൻ ഉല്പാദിപ്പിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയുടെ രൂപരേഖയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(സി) വാക്സിൻ നിർമ്മാണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളും ലാബ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി എന്തുചെലവ് പ്രതീക്ഷിക്കുന്നുണ്ട്; സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ആരെല്ലാമാണ്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മനുഷ്യർക്കും ഉപയോഗിക്കാവുന്ന പേവിഷബാധ തടയുന്നതിനുള്ള വാക്സിൻ നിർമ്മിക്കാനുള്ള ലാബ് പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് വെറ്ററിനറി ബയോളജിക്കൽസിൽ സ്ഥാപിക്കാനായി ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പിൽ സമർപ്പിച്ചിരുന്നു. ആയത് ടി വകുപ്പിന്റെ സജീവ പരിഗണനയിലാണ്.

**ഫ്രീമാൻ ഷെൽഡൻ സിൻഡ്രോം**

244 (4969) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്രീമാൻ ഷെൽഡൻ സിൻഡ്രോം (Freemen Sheldon syndrome) എന്ന രോഗം ബാധിച്ച് ചികിത്സയിലുള്ള എത്ര കുട്ടികൾ ഉണ്ടെന്ന വിവരം വിശദമാക്കുമോ?

ഫ്രീമാൻ ഷെൽഡൺ സിൻഡ്രോം വളരെ അപൂർവമായി കണ്ടുവരുന്ന ഒരു ജനിതക രോഗമായതിനാലും ഇത് മറ്റ് ജനിതക രോഗങ്ങളുടെ ലക്ഷണങ്ങളുമായി കൂടിച്ചേർന്ന് കിടക്കുന്നതിനാലും (overlap), എത്ര കുട്ടികൾക്ക് ഈ രോഗം ബാധിച്ചിട്ടുണ്ടെന്ന് നിർണ്ണയിക്കുന്നത് അസാദ്ധ്യമാണ്. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലെ ജനിതക ക്ലിനിക്കിൽ 10 വർഷത്തിനുള്ളിൽ രണ്ട് കുട്ടികൾക്ക് ഈ രോഗം കണ്ടെത്തിയിട്ടുണ്ട്.

(ബി) ഈ രോഗം ബാധിച്ച് ചികിത്സയിലുള്ള കുട്ടികളുടെ ചികിത്സാചെലവ് നിലവിൽ സർക്കാർ വഹിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഈ ജനിതക രോഗത്തിന് പ്രധാനമായി Supportive and Symptomatic therapy ആണ് നൽകുന്നത് (രോഗ ലക്ഷണങ്ങളുടെ ചികിത്സ). ഇത് നിലവിൽ മെഡിക്കൽ കോളേജുകൾ വഴി സൗജന്യമായാണ് ലഭ്യമാക്കിവരുന്നത്.

**കോവിഡ് വ്യാപനം തടയുന്നതിനായി സ്വീകരിച്ച നടപടികൾ**

245 (4970) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 ബാധ സംസ്ഥാനത്ത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കുന്നത് തടയുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കോവിഡ് ഗുരുതരമായി പടരുന്ന നിലവിലെ സാഹചര്യത്തിൽ ഇത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ CFLTC, CSLTC, DCC എന്നിവ സജ്ജീകരിക്കുകയും, കൂടുതൽ കിടക്കകളും, കൂടുതൽ ഓക്സിജൻ ബെഡുകളും, ICU വെന്റിലേറ്ററുകളും സജ്ജീകരിക്കുകയും ചെയ്തു. ജനിതക മാറ്റം സംഭവിച്ച വൈറസുകളുടെ വ്യാപനം തടയുന്നതിനായി എയർപോർട്ട് അതോറിറ്റിയുടെ

സഹകരണത്തോടെ അന്താരാഷ്ട്ര യാത്രക്കാരുടെ RTPCR സാമ്പിളുകൾ ശേഖരിക്കുകയും, ജനിതക മാറ്റം സംഭവിച്ച വൈറസുകളെ കണ്ടെത്താൻ ടെസ്റ്റിന് വിധേയമാക്കുകയും ചെയ്തു. ഇതര സംസ്ഥാനത്ത് നിന്നും വരുന്ന യാത്രക്കാർ 48 മണിക്കൂറിനകം നടത്തിയ RTPCR ടെസ്റ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് കോവിഡ് ജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും ഉത്തരവിറക്കി. ടെസ്റ്റ് റിസൾട്ട് അപ്‌ലോഡ് ചെയ്യാത്തവരെ നാട്ടിൽ എത്തുന്ന മുറയ്ക്ക് പരിശോധനയ്ക്ക് വിധേയരാക്കുന്നു. ടെസ്റ്റിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ടെസ്റ്റിംഗ് സെന്ററുകളുടെ എണ്ണം കൂട്ടുന്നതിനായി സ്വകാര്യ മേഖലയിലെ ലാബുകൾക്കും അനുമതി നൽകി. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഓരോ നിയുക്ത സ്ഥലങ്ങളിലും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും സെക്ടറൽ മജിസ്ട്രേറ്റുമാരെ ജില്ലാ ഭരണകൂടം നിയമിക്കുകയും കോവിഡ് പ്രതിരോധ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിനായി അവരുടെ സേവനം ഉറപ്പാക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തനമാരംഭിച്ചു. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിനും സെന്റിനൽ സർവയലൻസ് ആരംഭിച്ചു. ഇതിനായി വിവിധ ജില്ലകളിലായി ആറ് ലാബുകളും അഞ്ച് മെഡിക്കൽ കോളേജുകളിലെ ലാബുകളും സജ്ജീകരിക്കുകയും രണ്ടാഴ്ച കൂടുമ്പോൾ ലാബുകളിൽ നിന്നും 15 RTPCR സാമ്പിളുകൾ വീതം ശേഖരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജിനോമിക് & ഇന്റഗ്രേറ്റീവ് ബയോളജി (ഐ. ജി. ഐ. ബി-ഡൽഹി)-യിൽ അയച്ച് പരിശോധന നടത്തുന്നു. ആശുപത്രികൾക്കാവശ്യമായ ഓക്സിജൻ വിതരണം ചെയ്യുന്നതിനുവേണ്ടി സംസ്ഥാന/ജില്ലാ തലങ്ങളിൽ ഓക്സിജൻ വാർ റൂമുകൾ സജ്ജീകരിക്കുകയും ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൊലീസിന്റെയും, തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, റവന്യൂ വകുപ്പിന്റെയും സഹകരണത്തോടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അനുസരിച്ച് കണ്ടെയ്ൻമെന്റ് സോണുകൾ തിരിച്ച് കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കിവരുന്നു. കോവിഡ് രോഗികളിൽ കണ്ടുവരുന്ന മ്യൂക്കർ മൈക്കോസിസ്സ് (ബ്ലാക്ക് ഫംഗസ്) കൃത്യമായി എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ ജില്ലകളിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രോഗ ചികിത്സക്കാവശ്യമായ മരുന്നുകളുടെ ലഭ്യത KMSCL വഴി ഉറപ്പാക്കിയിട്ടുണ്ട്. ഇത്തരം കേസുകൾ കണ്ടെത്തുന്നതിനാവശ്യമായ പരിശീലനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കോവിഡിതര രോഗികൾ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നത് ഒഴിവാക്കുന്നതിനും അവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമായി e Sanjeevani Tele Consultation Platform വഴി വിദഗ്ദ്ധ

ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നുണ്ട്. എല്ലാ ജില്ലകളിലേയും സർക്കാർ സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും ഐ.സി.യു. വെന്റിലേറ്റർ ട്രെയിനിംഗും, മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക് ഫംഗസ്) ഇൻഫെക്ഷൻ കൺട്രോൾ എന്നിവയിൽ നിരന്തര പരിശീലനം നൽകിവരുന്നു. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി Break the Chain, Crush the Curve, Back to Basics, SMS തുടങ്ങിയ ക്യാമ്പയിനുകൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നു. എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ബോധവത്ക്കരണ സന്ദേശങ്ങൾ തുടർച്ചയായി നൽകിവരുന്നു. പ്രായം ചെന്നവർ, ഗർഭിണികൾ, കുട്ടികൾ, ഹൃദ്രോഗം/കാൻസർ/കിഡ്നി രോഗം എന്നിവ ബാധിച്ചവരെ കൊറോണ ബാധിതരിൽനിന്നും പൂർണ്ണമായി അകറ്റി നിർത്തുന്നതിനും സമ്പർക്കം ഒഴിവാക്കുന്നതിനും റിവേഴ്സ് ക്വാറന്റൈൻ സൗകര്യം ആരോഗ്യവകുപ്പിന്റെയും, തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന് പുറമേ പോലീസ്, സാമൂഹ്യക്ഷേമ വകുപ്പ്, ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, വോളന്റിയർമാർ, ആർ. ആർ. റ്റി. ടീമംഗങ്ങൾ എന്നിവർ കോവിഡ് രോഗികളെയും ക്വാറന്റൈനിൽ കഴിയുന്നവരെയും നിരന്തരം നിരീക്ഷിക്കുകയും അവർക്കാവശ്യമായ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മരുന്നുകളും മറ്റ് സൗകര്യങ്ങളും എത്തിച്ച് കൊടുക്കുന്നതിനും വേണ്ട മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട് 'എന്ന പദ്ധതി ആരോഗ്യവകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. സൈക്യാട്രിസ്റ്റ്, സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, കൗൺസിലേഴ്സ് എന്നിവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയിൻമെന്റ്സോൺ തിരിച്ച് വ്യാപനം തടയുന്നതിനുവേണ്ട കർശന നടപടികൾ സ്വീകരിക്കുന്നു. ഇവിടങ്ങളിൽ ടെസ്റ്റിംഗ് സംവിധാനവും, ചികിത്സാ സംവിധാനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. പി. എച്ച്. സി, സി.എച്ച്.സി., എഫ്.എച്ച്.സി. തലത്തിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളും, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കോവിഡ് രോഗികളിൽ ഉണ്ടാകാനിടയുള്ള പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾ യഥാസമയം കണ്ടെത്തി അവരെ ഇത്തരം റഫറൽ ക്ലിനിക്കുകളിലേക്ക് റഫർ ചെയ്യുവാനും പോസ്റ്റ് കോവിഡ് റഫറൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം ക്ലിനിക്കുകളിൽ എത്തുന്നവർക്ക് ആവശ്യമായ സ്പെഷ്യലിസ്റ്റ് സർവ്വീസുകളും നൽകുന്നുണ്ട്. കോവിഡ് രോഗത്തെ പ്രതിരോധിക്കുന്നതിനായി കോവിഷീൽഡ്, കോവാക്സിൻ എന്നീ പ്രതിരോധ വാക്സിനുകൾ 16-1-2021 മുതൽ ആരോഗ്യ

പ്രവർത്തകർക്ക് നൽകുകയുണ്ടായി. അതിനെ തുടർന്ന് മറ്റ് വകുപ്പിലെ മുന്നണി പോരാളികൾക്കും 60 വയസ്സിന് മുകളിലുള്ളവർക്കും 45 വയസ്സിന് മുകളിലുള്ളവർക്കും 18 വയസ്സിനു മുകളിലുള്ളവർക്കും ഘട്ടംഘട്ടമായി വാക്സിൻ നൽകിവരുന്നുണ്ട്. എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും വാക്സിൻ എത്തിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈറിസ്ക് പ്രദേശങ്ങളായ ആദിവാസി മേഖലകൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രായഭേദമന്യേ എല്ലാവരിലേക്കും വാക്സിൻ എത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ICMR നടത്തിയ സീറോ സർവ്വേ ഫലങ്ങളും കേരളം നടത്തിയ സീറോസർവ്വേ ഫലങ്ങളും കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കോവിഡ് ബാധിച്ചിട്ടുള്ള ആളുകളുടെ എണ്ണം കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെ കോവിഡ് വ്യാപനവും, കോവിഡ് മൂലമുള്ള മരണനിരക്കും ഒരു പരിധിവരെ നിയന്ത്രണത്തിൽ നിർത്താൻ സാധിച്ചിട്ടുണ്ട്.

## കോവിഡ് വാക്സിൻ

246 (4971) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാനുപാതികമായിട്ടാണോ സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ വാക്സിൻ ജില്ലകൾക്ക് നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ലഭിക്കുന്ന വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത് ജില്ലകളിലെ ജനസംഖ്യ, ജില്ലകളിലെ വാക്സിന്റെ ഉപയോഗം, ജില്ലയിലെ നിലവിലുള്ള വാക്സിന്റെ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ്.

(ബി) വാക്സിൻ ലഭ്യത കുറവുള്ള ജില്ലകളിൽ വാക്സിൻ നൽകുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മേൽ പ്രസ്താവിത ഘടകങ്ങളെ അടിസ്ഥാനമാക്കി എല്ലാ ജില്ലകൾക്കും ആനുപാതികമായി കോവിഡ് വാക്സിനുകൾ അനുവദിച്ചിട്ടുണ്ട്. അർഹരായ എല്ലാവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ സിവിസി (കോവിഡ് വാക്സിനേഷൻ സെന്ററുകൾ) വഴി സൗജന്യമായി വാക്സിൻ നൽകുന്നു. കൂടാതെ, സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽ നിന്ന് പരമാവധി അളവിൽ പ്രതിരോധ കുത്തിവയ്പ്പുകൾ വാങ്ങുന്നതിന് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നു. ദിവസേന റിവ്യൂ മീറ്റിംഗ് നടത്തി വാക്സിൻ ഉപഭോഗം കുറഞ്ഞ ജില്ലകളിൽ കൂടുതൽ വാക്സിനേഷൻ സെന്ററുകൾ തുടങ്ങി

വാക്സിനേഷൻ ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുത്തുവരുന്നു. അങ്ങനെ ഉപഭോഗം കൂടുന്ന ജില്ലകളിൽ കൂടുതൽ വാക്സിൻ കൊടുക്കുന്നു. സംസ്ഥാനത്തിന് കോവിഡ് വാക്സിനുകൾ അനുവദിക്കുന്നത് വർദ്ധിപ്പിക്കാൻ സംസ്ഥാനം ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കോവിഡ് വാക്സിൻ ക്ഷാമം**

247 (4972) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ക്ഷാമം അതീവ രൂക്ഷമായ സാഹചര്യത്തിൽ കൂടുതൽ വാക്സിൻ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

മതിയായ അളവിൽ വാക്സിൻ ഡോസുകൾ ലഭിക്കുന്നതിന് സംസ്ഥാനം പതിവായി മന്ത്രാലയവുമായി ബന്ധപ്പെടുന്നു. സംസ്ഥാനത്തിനാവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് മന്ത്രാലയത്തെ അറിയിക്കുകയും 90 ലക്ഷം ഡോസുകൾ/ മാസം ആവശ്യപ്പെടുകയും ചെയ്തു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളിലും വാക്സിൻ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് പ്രധാനമാണ്. അർഹരായ എല്ലാവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവെയ്പ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ സിവിസി (കോവിഡ് വാക്സിനേഷൻ സെന്ററുകൾ) വഴി സൗജന്യമായി വാക്സിൻ നൽകുന്നു.

(ബി) സംസ്ഥാനത്തെ വാക്സിൻ വിതരണ സംവിധാനം സുതാര്യമല്ലെന്നും പോർട്ടൽ വഴി ബുക്ക് ചെയ്തവർക്ക് പോലും വാക്സിൻ ലഭ്യമാകുന്നില്ല എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിനിൽ രജിസ്റ്റർ ചെയ്തശേഷം, സ്ലോട്ടുകളുടെ ലഭ്യതയെ അടിസ്ഥാനമാക്കി ഗുണഭോക്താവിന് കോവിഡ് വാക്സിനുവേണ്ടി സ്ലോട്ടുകൾ ബുക്ക് ചെയ്യാം. ആവശ്യകതയുമായി താരതമ്യപ്പെടുത്തുമ്പോൾ വാക്സിൻ ലഭ്യത വളരെ കുറവായതിനാൽ കോവിനിൽ പ്രസിദ്ധീകരിച്ച എല്ലാ സ്ലോട്ടുകളും ഏതാനും മിനിറ്റുകൾക്കുള്ളിൽ ബുക്ക് ചെയ്യപ്പെടും. അതിനാൽ, പലർക്കും വാക്സിനേഷൻ സ്ലോട്ടുകൾ ലഭിക്കുന്നത് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ മതിയായ വാക്സിൻ സ്റ്റോക്ക് ഉറപ്പാക്കുന്നത് പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗമാണ്. കൂടുതൽ വാക്സിൻ ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) വയോധികർ ഉൾപ്പെടെ നാല്പത്തിയഞ്ചുവയസ്സിന് മുകളിൽ പ്രായമായ പലർക്കും ആദ്യ ഡോസ് വാക്സിൻ പോലും കിട്ടിയിട്ടില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ആദ്യ ഡോസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

4-8-2021-ലെ കണക്കനുസരിച്ച് വയോധികർ ഉൾപ്പെടെ 45 വയസ്സിനു മുകളിൽ പ്രായമായവരിൽ 9467781 പേർ ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. ഇത് Target population-ന്റെ 83% ആണ്. ഇവരിൽ 4957368 പേർ രണ്ടാമത്തെ ഡോസും സ്വീകരിച്ചിട്ടുണ്ട്.

## കോവിഷീൽഡ് വാക്സിന്റെ വിനിയോഗം

248 (4973) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഷീൽഡ് വാക്സിൻ സൗജന്യ സ്ലോട്ടിനെക്കാൾ കൂടുതൽ പെയ്ഡ് സ്ലോട്ട് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കോവിഷീൽഡ് വാക്സിന്റെ സൗജന്യ സ്ലോട്ടുകളാണ് കൂടുതൽ നൽകുന്നത്. ഗവൺമെന്റ് സിവിസി വഴി സൗജന്യമായും നിർമ്മാതാവും MoHFW- ഉം നിശ്ചയിച്ച നിരക്ക് പ്രകാരം സ്വകാര്യ സിവിസി വഴിയുമാണ് ഇപ്രകാരം കോവിഡ് വാക്സിൻ നൽകിവരുന്നത്. 2021 മേയ് 1 മുതൽ ആഗസ്റ്റ് 6 വരെ, 18, 19, 301 ഗുണഭോക്താക്കൾ സ്വകാര്യമേഖലയിൽ നിന്ന് കോവിഡ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. 2026/8/2021-വരെ നാല്പത്തിയഞ്ച് വയസ്സിന് മുകളിൽ 13340802 ഡോസുകൾ നൽകിയിട്ടുണ്ട്. അതിൽ 508494 പേർക്ക് പെയ്ഡ് ഡോസ് നൽകി (ഒരു ഡോസിന് 780 രൂപ). ഇതിനു പുറമെ 8,29,978 ഡോസുകൾ സ്വകാര്യ മേഖലയിൽ 250 രൂപ /ഡോസ് മാർച്ച്, ഏപ്രിൽ കാലയളവിൽ നൽകി. 1 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ, കേന്ദ്രസർക്കാർ പ്രൈവറ്റ് കോവിഡ് വാക്സിനേഷൻ സെന്ററുകൾക്ക് സബ്സിഡി നിരക്കിൽ വാക്സിനേഷൻ നൽകിയ അവസരത്തിൽ 8,29,976 ഡോസുകൾ സ്വകാര്യമേഖലയിൽ നൽകിയിട്ടുണ്ട്. അങ്ങനെ മൊത്തം കോവിഡ് വാക്സിനേഷന്റെ 12.28 ശതമാനമാണ് ഇതുവരെ സ്വകാര്യ മേഖലയിൽ നടന്നത്.

(ബി) സർക്കാരിന്റെ പക്കൽ വാക്സിൻ ഇല്ലാതിരുന്ന ദിവസങ്ങളിൽ സ്വകാര്യ ആശുപത്രികൾ കോവിഷീൽഡ് വാക്സിൻ നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രസർക്കാരിന്റെ വിതരണവും സ്വകാര്യ വിതരണവും വ്യത്യസ്ത ചാനലുകളിലൂടെയാണ്. രണ്ടും സ്വതന്ത്രമാണ്. സർക്കാർ സിവിസികൾ കേന്ദ്രസർക്കാരിന്റെ സപ്ലൈ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്, എന്നാൽ സ്വകാര്യ സി.വി.സി.-കൾ

നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് വാക്സിനുകൾ വാങ്ങുന്നു. സാധാരണ ദിവസങ്ങളിൽ, ആവശ്യത്തിന് സ്റ്റോക്കുള്ളപ്പോൾ, സർക്കാർ മേഖലയിൽ വാക്സിനേഷൻ സ്ലോട്ടുകൾ കൂടുതലാണ്. എന്നിരുന്നാലും, സർക്കാർ മേഖലയിൽ വാക്സിൻ സ്റ്റോക്ക് കുറവായിരിക്കുമ്പോൾ, ചിലപ്പോൾ സ്വകാര്യ മേഖലയിൽ കൂടുതൽ സ്ലോട്ടുകൾ ലഭ്യമാകാം.

(സി) പതിനെട്ട് വയസ്സിനും നാല്പത്തിയഞ്ച് വയസ്സിനും ഇടയിൽ എത്ര പേർക്ക് ഈ വാക്സിൻ നൽകിയെന്നും ഇതിൽ സൗജന്യമായി നൽകിയത് എത്രയെന്നും പെയ്ഡ് എത്രയെന്നും വ്യക്തമാക്കാമോ?

പതിനെട്ട് വയസ്സിനും നാല്പത്തിയഞ്ച് വയസ്സിനും ഇടയിൽ മൊത്തം 4320717 (6-8-2021) വരെ ഡോസുകൾ നൽകിയിട്ടുണ്ട്, അതിൽ 1245348 പേർക്ക് പെയ്ഡ് ഡോസ് നൽകി (780 രൂപ/ഡോസ്).

(ഡി) നാല്പത്തിയഞ്ച് വയസിന് മുകളിൽ എത്ര പേർക്ക് ഈ വാക്സിനേഷൻ നൽകി; ഇതിൽ സൗജന്യമായി നൽകിയതെത്ര; പെയ്ഡ് എത്ര; വ്യക്തമാക്കാമോ?

6-8-2021 വരെ നാല്പത്തിയഞ്ച് വയസ്സിന് മുകളിൽ 13340802 ഡോസുകൾ നൽകിയിട്ടുണ്ട്. അതിൽ 508494 പേർക്ക് പെയ്ഡ് ഡോസ് നൽകി (ഒരു ഡോസിന് 780 രൂപ). ഇതിനു പുറമെ 8,29,978 ഡോസുകൾ സ്വകാര്യ മേഖലയിൽ 250 രൂപ/ ഡോസ് മാർച്ച്, ഏപ്രിൽ കാലയളവിൽ നൽകി.

## കോവിഡ് വാക്സിൻ നിർമ്മാണം

249 (4974) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ നിർമ്മാണത്തിനായി ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശാസ്ത്ര സാങ്കേതിക വകുപ്പിൽനിന്നും തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ-ആരോഗ്യ വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പ്രാഥമികയോഗം ചേർന്ന് തുടർനടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യരംഗത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. എൽ.-മായി സഹകരിച്ചുകൊണ്ട് വാക്സിൻ നിർമ്മാണം നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ശാസ്ത്ര സാങ്കേതിക വകുപ്പിൽനിന്നും തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്റ്റ് ഡയറക്ടറെ നിയമിക്കുകയും, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ-ആരോഗ്യ വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പ്രാഥമികയോഗം ചേർന്ന് തുടർനടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിലെ സൗജന്യ കോവിഡ് ചികിത്സ

250 (4975) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഒ.പി., ഐ.പി. വിഭാഗങ്ങളിൽ ചികിത്സ തേടുന്നവർക്ക് കോവിഡ് ചികിത്സ സൗജന്യമാണോ; പ്രസ്തുത രോഗികളിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമല്ലാത്തവർക്ക് കോവിഡ് രോഗനിർണ്ണയം, ചികിത്സ തുടങ്ങി ഏതൊക്കെ വിഭാഗങ്ങളിലാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്?

എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു.

(ബി) സർക്കാർ ആശുപത്രികളിലെ പ്രസ്തുത ചികിത്സയ്ക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്നുണ്ടോയെന്നും ഏതൊക്കെ ഇനങ്ങളിൽ എത്ര രൂപ വീതം ആണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

കോവിഡ് ചികിത്സ നൽകുന്നതിലേയ്ക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 648.17 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്. ഇതുകൂടാതെ 176 കോടി NHM ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായി കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. ഇതുവരെ 702.39 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കോവിഡ് ചികിത്സയിൽ സർക്കാർ ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ മുഖേന ലഭ്യമാക്കാവുന്ന സൗകര്യങ്ങൾ എന്തൊക്കെയാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ മുഖേന ലഭ്യമാക്കാവുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു :

I. അതത് ആശുപത്രികളിൽ താൽക്കാലിക ജീവനക്കാരുടെ നിയമനം.

II. കോവിഡ് ചികിത്സയ്ക്ക് ആവശ്യമായി വരുന്ന മരുന്നുകളും ഉപകരണങ്ങളും നൽകുന്നതിന് സഹായിക്കുന്നു.

(ഡി) പ്രസ്തുത കമ്മിറ്റികൾ വഹിക്കുന്ന ചുമതലകളും ഇവയുടെ പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

&

(ഇ) പ്രസ്തുത കമ്മിറ്റിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇവർക്ക് കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

2010 ജൂൺ 22-ാം തീയതിയിലെ കേരള ഗസറ്റ് അസാധാരണ നമ്പർ 1412-ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനവും സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

## കോവിഡ്-19 പ്രതിരോധ വാക്സിൻ

251 (4976) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കോവിഡ്-19 പ്രതിരോധ വാക്സിൻ ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ വാക്സിൻ സ്വീകരിച്ചവരുടെ വിവരം നിയോജകമണ്ഡലം തിരിച്ച് കോവിൻ പോർട്ടലിൽ ലഭ്യമല്ല. ഓരോ നിയോജക മണ്ഡലത്തിലുമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികൾ വഴി വാക്സിൻ സ്വീകരിച്ചവരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റേഡിയോഗ്രാഫർമാരെ കോവിഡ് ഫ്രണ്ട്‌ലൈൻ വർക്കേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

252 (4977) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർ, നഴ്സ് എന്നിവർ കഴിഞ്ഞാൽ രോഗികളുമായി ഏറ്റവും അടുത്ത് ഇടപഴകേണ്ടി വരുന്ന റേഡിയോഗ്രാഫർമാരെ കോവിഡ് ഫ്രണ്ട്‌ലൈൻ വർക്കേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് നിലവിൽ അമിത ജോലി ഭാരംമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

&

(ബി) റേഡിയോഗ്രാഫർമാരെ കൂടി കോവിഡ് ഫ്രണ്ട്‌ലൈൻ വർക്കേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാനദണ്ഡപ്രകാരം റേഡിയോഗ്രാഫർമാരെ ആരോഗ്യ പ്രവർത്തകരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോവിഡ് ടെസ്റ്റുകൾ

253 (4978) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ സർക്കാർ മേഖലയിൽ എത്ര കോവിഡ് ടെസ്റ്റുകൾ നടത്തിയിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ ?

സർക്കാർ തലത്തിലും സ്വകാര്യതലത്തിലും ചെയ്യപ്പെടുന്ന എല്ലാ ടെസ്റ്റുകളും ഗവൺമെന്റിന്റെ ലാബ് ഡയഗ്നോസിസ് മാനേജ്മെന്റ് സിസ്റ്റം (LDMS) പോർട്ടലിൽ ആണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടത്തിയിട്ടുള്ള കോവിഡ് ടെസ്റ്റുകളിൽ 45% സർക്കാർ തലത്തിലും 55% പ്രൈവറ്റ് തലത്തിലുമാണ് നടന്നിട്ടുള്ളത്. സംസ്ഥാനത്ത് 8-8-2021 വരെ 2,85,14,136 (രണ്ടു കോടി എൺപത്തിയഞ്ച് ലക്ഷത്തി പതിനാലായിരത്തി നൂറ്റി മുപ്പത്തിയാറ്) ടെസ്റ്റുകൾ നടത്തിയിട്ടുണ്ട്.

(ബി) ഇതിനായി എന്ത് തുക ചെലവ് വന്നിട്ടുണ്ടെന്നും സർക്കാർ ഖജനാവിൽ നിന്നും ഇതിനായി അനുവദിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ മേഖലയിൽ കോവിഡ്-19 ടെസ്റ്റുകൾ നടത്തുന്നതിനാവശ്യമായ ടെസ്റ്റ് കിറ്റുകളും അതിനാവശ്യമായ കൺസ്യൂമബിൾസുകളും വാങ്ങി നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 4-8-2021-വരെ 438.28 കോടി രൂപയുടെ വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഇതിൽ 53.87 കോടി രൂപ ദേശീയാരോഗ്യ ദൗത്യത്തിലെ ഫണ്ടും 384.41 കോടി രൂപ സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്.

**കോവിഡ് വാക്സിനേഷൻ സ്പോട്ട് രജിസ്ട്രേഷൻ**

254 (4979) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് കണക്ടിവിറ്റിയും മൊബൈൽ കവറേജും ഇല്ലാത്ത/കുറവായ സ്ഥലങ്ങളിൽ ജനങ്ങൾക്ക് വാക്സിനേഷന് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എല്ലാ അധികാരവും കോവിഡ് വാക്സിനേഷനുള്ള ജില്ലാ ടാസ്ക് ഫോഴ്സിന് നൽകിയിട്ടുണ്ട്. സ്മാർട്ട് ഫോൺ/ഇന്റർനെറ്റ് ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉപയോഗിച്ച് പ്രതിരോധ കുത്തി വയ്പ്പ് നടത്തുന്നു. ഇതിന് വേണ്ടി സംസ്ഥാനം "വേവ് - വാക്സിൻ ഇക്വിറ്റിക്ക് വേണ്ടി പ്രവർത്തിക്കുക" എന്ന കാമ്പെയ്നും ആരംഭിച്ചിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളെ അണി നിരത്തുന്നതിന് ആശാ പ്രവർത്തകരുടെയും എൽ.എസ്.ജി.ഡി. ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. ആശാവർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ ക്യാമ്പയിൻ നടത്തിവരുന്നത്. ആശാവർക്കർമാരാണ് വാർഡ് തലത്തിൽ രജിസ്ട്രേഷൻ കോവിൻ പോർട്ടലിൽ നടത്തുന്നത്. രജിസ്ട്രേഷൻ വീടുകളിൽ ചെന്നും പൊതുവായ സ്ഥലത്ത് വച്ചും നടത്തുന്നു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്.

(ബി) ഇത്തരം പ്രദേശങ്ങളിൽ പൂർണ്ണമായും സ്പോട്ട് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ അനുവാദം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എല്ലാ അധികാരവും കോവിഡ് വാക്സിനേഷനുള്ള ജില്ലാ ടാസ്ക് ഫോഴ്സിന് നൽകിയിട്ടുണ്ട് സ്മാർട്ട് ഫോൺ/ഇന്റർനെറ്റ് ആക്സസ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു. ഇതിനുവേണ്ടി സംസ്ഥാനം "വേവ് - വാക്സിൻ ഇക്വിറ്റിക്ക് വേണ്ടി

പ്രവർത്തിക്കുക" എന്ന ക്യാമ്പെയിനും ആരംഭിച്ചിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളെ അണി നിരത്തുന്നതിന് ആശാ പ്രവർത്തകരുടെയും എൽ.എസ്.ജി.ഡി. ജീവനക്കാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ ക്യാമ്പയിൻ നടത്തി വരുന്നത്. ആശാവർക്കർമാരാണ് വാർഡ് തലത്തിൽ രജിസ്ട്രേഷൻ കോവിൻ പോർട്ടലിൽ നടത്തുന്നത്. രജിസ്ട്രേഷൻ വീടുകളിൽ ചെന്നും പൊതുവായ സ്ഥലത്ത് വച്ചും നടത്തുന്നു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ടാണ് രജിസ്ട്രേഷൻ നടത്തുന്നത്.

### കോവിഡ് -19 മൂന്നാം തരംഗം

255 (4980) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെ തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കി വരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും, വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാന തല വിദഗ്ദ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു.

12. വിവിധവകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.

14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുകയെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനുവേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

**ഐസൊലേഷൻ വാർഡിന്റെ പ്രവർത്തന പുരോഗതി**

256 (4981) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ്-19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു : രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും, ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടികണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെയും CFLTC കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (District Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ-സംസ്ഥാനതലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ഉപകരണങ്ങളും KMSCL മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കായുള്ള ചികിത്സ ലഭ്യമാക്കിവരുന്നു. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുന്നു. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനതല വിദഗ്ദ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട

കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജന-പ്രതിനിധികളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ ജാഗ്രതാ പോർട്ടലിൽ നിന്നും പാസ് ലഭ്യമാക്കുകയും 48 മണിക്കൂറിനുള്ളിൽ ഉള്ള നെഗറ്റീവ് RTPCR റിസൾട്ട് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുംവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ്19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കോവിഡ്-19-ന്റെ രണ്ടാം വ്യാപന ഘട്ടത്തിൽ കോവിഡ് രോഗികളിലും രോഗം മാറിയവരിലും ഓക്സിജന്റെ അളവ് കുറയുന്നതായും ശ്വാസതടസ്സവും ഹൃദയാഘാതവും വർദ്ധിച്ചു വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയെ പ്രതിരോധിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മുക്തരായവരിൽ നിസ്സാര ശാരീരിക ക്ഷീണം മുതൽ ശ്വാസതടസ്സം, ഹൃദയാഘാതം വരെയുള്ള രോഗങ്ങൾ പോസ്റ്റ് കോവിഡ് സിൻഡ്രോമായി പ്രത്യക്ഷപ്പെടുന്നു. ഇവയെ ഫലപ്രദമായി നേരിടുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആയി സജ്ജീകരിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിൽ ആശാ പ്രവർത്തകർ കോവിഡ് മുക്തരായവരെ തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രത്തിലെ പോസ്റ്റ് കോവിഡ് ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യുകയും നിസ്സാര രോഗലക്ഷണങ്ങൾ ഉള്ളവർക്ക് അവിടെത്തന്നെ ചികിത്സ നൽകുകയും ചെയ്യുന്നു. വിദഗ്ദ്ധ ചികിത്സ ആവശ്യമായിട്ടുള്ളവരെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്ത് വിദഗ്ദ്ധ ചികിത്സ നൽകിവരുന്നു. ഇതിനായുള്ള പരിശീലനം മെഡിക്കൽ ഓഫീസർമാർക്കും അനുബന്ധ ജീവനക്കാർക്കും വിദഗ്ദ്ധരുടെ സഹായത്തോടെ നൽകിയിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജുകളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും ഓക്സിജൻ ബെഡുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഓക്സിജൻ ബെഡുകളുടെ ദൗർലഭ്യം നിലവിലില്ല. ഓക്സിജൻ ബെഡുകളുടെ എണ്ണവും ഉപയോഗപ്പെടുത്തിയ ബെഡുകളുടെ എണ്ണവും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കോവിഡ്-19 രണ്ടാംഘട്ട വ്യാപനം പ്രതിരോധിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ച ഐസൊലേഷൻ വാർഡ് നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വാർഡുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുകയെന്ന് വിശദമാക്കാമോ?

അനുയോജ്യമായ സ്ഥലം ലഭിക്കുകയാണെങ്കിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കാൻ 4 മുതൽ 6 മാസം വരെയുള്ള സമയക്രമമാണ് നിശ്ചയിച്ചിരിക്കുന്നത്. സ്ഥലലഭ്യതയും മണ്ണിന്റെ ദൃഢതയും അനുസരിച്ച് നിശ്ചയിച്ച സമയക്രമത്തിൽ മാറ്റം ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രസ്തുത യൂണിറ്റിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ്, അടിയന്തിര ചികിത്സക്കുള്ള റെസെഷൻ യൂണിറ്റ്, നഴ്സിംഗ് യൂണിറ്റ്, ഡോക്ടർ കൺസൾട്ടേഷൻ റൂം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു. അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിന് ഇടതടവില്ലാതെയുള്ള ഓക്സിജൻ സംവിധാനവും സക്ഷൻ സംവിധാനവും ടി യൂണിറ്റിൽ ഒരുക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കൂത്തുപറമ്പ് മണ്ഡലത്തിൽ അനുവദിച്ച ഐസൊലേഷൻ വാർഡിനുള്ള ഫണ്ട് ഏത് വകുപ്പിൽ നിന്നാണ് ലഭിക്കുകയെന്നും എത്ര രൂപ വരെ ചെലവഴിക്കാൻ സാധിക്കുമെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ ;

&

(എഫ്) പ്രസ്തുത ഐസൊലേഷൻ വാർഡ് പൂർണ്ണ രൂപത്തിൽ സജ്ജീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

26-7-2021-ലെ സ.ഉ.(സാധാ)നമ്പർ 1555/2021/ആ.കു.വ., 2-8-2021-ലെ സ.ഉ(സാധാ)നമ്പർ 1648/2021/ആ.കു.വ എന്നിവ പ്രകാരം 140 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണച്ചെലവിൽ 50% തുക കിഫ്ബി ഫണ്ടിൽ നിന്നും ബാക്കി 50% നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. കൂത്തുപറമ്പ് മണ്ഡലത്തിൽ പുതുതായി നിർമ്മാണം നടത്തുന്ന ഐസൊലേഷൻ വാർഡിന് ഏകദേശം 44 ലക്ഷം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെ 1.79 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ധനകാര്യ വകുപ്പ് അംഗീകരിച്ച നിർമ്മാണ ഏജൻസി മുഖേന പ്രീ-എഞ്ചിനീയേർഡ് സ്ട്രക്ചർ ഉപയോഗിച്ച് സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ആശുപത്രികളിലെ സൗകര്യങ്ങൾ**

257 (4982) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരി നിയന്ത്രിക്കുന്നതിന് മങ്കട നിയോജക മണ്ഡലത്തിലെ വിവിധ പി.എച്ച്.സി./സി.എച്ച്.സി.-കളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ മങ്കട സി.എച്ച്.സി.-യിൽ 25 ഓക്സിജൻ പോയിന്റുള്ള സെൻട്രൽ ഓക്സിജൻ പൈപ്പ്ലൈൻ വർക്ക് നടന്നുകൊണ്ടിരിക്കുന്നു. മങ്കട ബ്ലോക്കിലേയ്ക്ക് 24 ഓക്സിജൻ കോൺസൻട്രേറ്റർ അനുവദിച്ചിട്ടുണ്ട്. ഓക്സിജൻ സിലിണ്ടർ ബി ടൈപ്പ് -10, ഡി ടൈപ്പ്-10 എണ്ണവും അനുവദിച്ചിട്ടുണ്ട്. സ്റ്റെബിലൈസേഷൻ യൂണിറ്റ് മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ തുടങ്ങിയിട്ടുണ്ട്. മങ്കട ബ്ലോക്കിലെ 8 പഞ്ചായത്തുകളിലും ഹോം ഐസോലേഷനിൽ കഴിയുന്ന രോഗികൾക്ക് പ്രയാസം നേരിടുന്നപക്ഷം സ്റ്റെബിലൈസേഷൻ യൂണിറ്റിലേക്ക് കൊണ്ടുവരികയും ഇവിടെനിന്നും ആവശ്യമായ അടിയന്തര ചികിത്സ, ചുരുങ്ങിയ ദിവസത്തേയ്ക്കുള്ള കിടത്തി ചികിത്സ എന്നിവ നൽകാറുണ്ട്. കോവിഡ് ബ്ലോക്ക് കൺട്രോൾ റൂം മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ആന്റിജൻ ടെസ്റ്റ് ചെയ്തുവരുന്നുണ്ട്. കൂടാതെ മങ്കട സാമൂഹികാരോഗ്യ കേന്ദ്രം, മൂർക്കനാട് കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ RTPCR ടെസ്റ്റും നടത്തിവരുന്നുണ്ട്. മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കോവിഡിനുള്ള പ്രാഥമിക ചികിത്സയും കിടത്തി ചികിത്സയും നൽകിവരുന്നുണ്ട്. കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമായി വരുന്നപക്ഷം മഞ്ചേരി മെഡിക്കൽ കോളേജിലേക്കോ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്കോ റഫർ ചെയ്യുന്നു. മങ്കട നിയോജകമണ്ഡലത്തിലെ മങ്കട, മൂർക്കനാട്, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മക്കരപ്പറമ്പ്, പുഴക്കാട്ടിരി, കുറവ എന്നീ 7 പഞ്ചായത്തുകളിലും ഡി.സി.സി.കൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഐ.സി.യു./ വെന്റിലേറ്റർ സൗകര്യങ്ങൾ എവിടെയെല്ലാം നിലവിലുണ്ട്; ഇവയുടെ കണക്കുകൾ ലഭ്യമാക്കുമോ; അധികമായി ഇത്തരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എവിടെയെല്ലാമാണ്; വ്യക്തമാക്കുമോ?

മങ്കട ബ്ലോക്കിലെ സർക്കാർ ആശുപത്രികളിൽ ഐ.സി.യു/വെന്റിലേറ്റർ സൗകര്യങ്ങൾ നിലവിലില്ല.

**കോവിഡ് വാക്സിൻ വിതരണം**

258 (4983) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ നൽകുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്ത് നിന്നും അനാസ്ഥയുണ്ടെന്ന തരത്തിലുള്ള പത്രവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ്-19 വാക്സിൻ നൽകുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തു നിന്നും നാളിതുവരെ അനാസ്ഥയൊന്നും ഉണ്ടായിട്ടില്ല.

(ബി) എറണാകുളം ജില്ലയിൽ പതിനെട്ട് വയസ്സ് കഴിഞ്ഞ എല്ലാവർക്കും ഒന്നാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; കണക്കുകൾ ലഭ്യമാക്കാമോ;

&

(സി) എറണാകുളം ജില്ലയിൽ പതിനെട്ട് വയസ്സ് കഴിഞ്ഞ എല്ലാവർക്കും രണ്ടാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

4-8-2021 വരെ എറണാകുളം ജില്ലയിൽ 18 വയസ്സ് കഴിഞ്ഞ 19,97,536 പേർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. 18 വയസ്സ് കഴിഞ്ഞ 7,03,118 പേർക്ക് (4-8-2021 വരെ) രണ്ടാം ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. രണ്ടാം ഡോസ് കൊടുക്കുവാനുള്ള സമയം ആകുന്ന മുറയ്ക്ക് വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകി വരുന്നുണ്ട്.

(ഡി) കോവിഡിന്റെ മൂന്നാം തരംഗത്തെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് ജില്ലാതലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കോവിഡിന്റെ മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെ തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ ചുവടെ ചേർക്കുന്നു :

- രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ് ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്ത മാക്കിയിട്ടുണ്ട്.
- രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടികണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ. വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെയും, CFLTC കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നു.
- ജില്ലാ തലത്തിലുള്ള DPMSU (District Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്കു ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്.

- ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

- ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ-സംസ്ഥാനതലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

- കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ഉപകരണങ്ങളും KMSCL മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

- പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ-പ്രശ്നങ്ങൾക്കായുള്ള ചികിത്സ ലഭ്യമാക്കി വരുന്നു.

- കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുന്നു. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

- സംസ്ഥാനതല വിദഗ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

- ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു.

- വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജന-പ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

- വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

- ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- PHC/FHC/CHC കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ ജാഗ്രതാ പോർട്ടലിൽനിന്നും പാസ് ലഭ്യമാക്കുകയും 48 മണിക്കൂറിനുള്ളിൽ ഉള്ള നെഗറ്റീവ് RTPCR റിസൾട്ട് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

- കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.
- അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിൽ കുട്ടികൾക്ക് അടിയന്തര കോവിഡ് ചികിത്സാസൗകര്യം**

259 (4984) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ മൂന്നാം തരംഗം നേരിടുന്നതിന് കോഴിക്കോട് ജില്ലയിൽ കുട്ടികൾക്ക് അടിയന്തരചികിത്സാസൗകര്യം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 മൂന്നാംതരംഗം നേരിടുന്നതിന് കോഴിക്കോട് മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ പീഡിയാട്രിക് ഐ.സി.യു. സജ്ജീകരിക്കുന്നതിന് എൻ.എച്ച്.എം. മുഖാന്തരം 24,68,339 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. PMSSY ബ്ലോക്കിൽ പ്രവർത്തിക്കുന്ന കോവിഡ് ഹോസ്പിറ്റലിൽ പുതിയ 100 ബെഡ് ഐ.സി.യു. കുട്ടികൾക്കുകൂടി ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിക്കുന്നതിന് എൻ.എച്ച്.എം. മുഖാന്തരം 1.2 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയിരുന്നു. എൻ.എച്ച്.എം. മുഖാന്തരം കോഴിക്കോട് ജില്ലയിലെ വിവിധ ആശുപത്രികൾക്ക് പീഡിയാട്രിക് ഐ.സി.യു. സജ്ജീകരിക്കുന്നതിന് ECRP-phase II-ൽ 911.55 ലക്ഷം രൂപയുടെ പുതിയ പ്രൊപ്പോസൽ ഗവൺമെൻറ് ഓഫ് ഇൻഡ്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തിരം ഗവൺമെന്റ് ജനറൽ ആശുപത്രി കോഴിക്കോട് പീഡിയാട്രിക് ഐ.സി.യു. സജ്ജീകരിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇൻറർ നാഷണൽ പീഡിയാട്രിക് വെബിനാർ & ട്രെയിനിംഗ് സംഘടിപ്പിച്ചു. കോഴിക്കോട് മെഡിക്കൽകോളേജിലും ജില്ലയിലെ മറ്റു ആശുപത്രികളിലും സ്റ്റാഫ് നഴ്സുമാർക്കുള്ള പരിശീലനം നടന്നുകൊണ്ടിരിക്കുന്നു.

(ബി) എത്ര പുതിയ പീഡിയാട്രിക് ഐ.സി.യു.-കൾ തയ്യാറാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

PMSSY ബ്ലോക്കിൽ പ്രവർത്തിക്കുന്ന കോവിഡ് ഹോസ്പിറ്റലിൽ പുതിയ 100 ബെഡ് ഐ.സി.യു. കുട്ടികൾക്കുകൂടി ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ പീഡിയാട്രിക് ഐ.സി.യു. സജ്ജീകരിച്ചു.

(സി) പീഡിയാട്രിക് ഐ.സി.യു.-കളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ കിടക്കകൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് തുടങ്ങുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കോഴിക്കോട് ജനറൽ ആശുപത്രിയിൽ 12 പീഡിയാട്രിക് ഐ.സി.യു. ബെഡ്, 30 പീഡിയാട്രിക് ബെഡ് എന്നിവയും മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ 15 പീഡിയാട്രിക് ഐ.സി.യു. ബെഡുകളും സ്ത്രീകളുടെ ആശുപത്രിയിൽ 10 പീഡിയാട്രിക് ഐ.സി.യു. ബെഡുകളും കൊയിലാണ്ടി താലൂക്കാസ്ഥാന ആശുപത്രിയിൽ 10 പീഡിയാട്രിക് ഐ.സി.യു. ബെഡുകളും വടകര ജില്ലാ ആശുപത്രിയിൽ 12 പീഡിയാട്രിക് ഐ.സി.യു. ബെഡുകളും 30 പീഡിയാട്രിക് ബെഡുകളും സജ്ജീകരിക്കുന്നതിനായി പ്രൊപ്പോസൽ എൻ.എച്ച്.എം. മുഖാന്തരം ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ സൗകര്യങ്ങൾക്കായി എൻ.എച്ച്.എം. മുഖാന്തരം ജില്ലയിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കോവിഡ് വാക്സിനേഷൻ പൂർത്തീകരണത്തിന് ടാർജറ്റ്

260 (4985) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് 18 വയസ്സിനു മുകളിലുള്ള 100% പേർക്കും വാക്സിനേഷൻ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ടാർജറ്റുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

അടുത്ത 2 മാസത്തിനുള്ളിൽ യോഗ്യരായ എല്ലാ ഗുണഭോക്താക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകാൻ സംസ്ഥാനം വിശദമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളുകയെന്ന ലക്ഷ്യത്തോടെ, പ്രതിദിന പ്രതിരോധ കുത്തിവയ്പ്പുകൾ ഇരട്ടിയാക്കുകയും ഒരു ദിവസം 5 ലക്ഷത്തിലധികം ഡോസുകൾ വരെ നൽകുകയും ചെയ്തുവരുന്നു. എന്നിരുന്നാലും വാക്സിന്റെ ലഭ്യതക്കുറവ് ലക്ഷ്യത്തിലെത്താൻ തടസ്സമാകുന്നുണ്ട്. നിലവിൽ കേന്ദ്ര ഗവൺമെന്റ് 18 വയസ്സിനു മുകളിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ അനുമതിയുണ്ട്. മതിയായ അളവിൽ വാക്സിൻ ഡോസുകൾ ലഭിക്കുന്നതിന് സംസ്ഥാനം പതിവായി മന്ത്രാലയവുമായി ബന്ധപ്പെടുന്നു. സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് മന്ത്രാലയത്തെ അറിയിക്കുകയും 90 ലക്ഷം ഡോസുകൾ/മാസം ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ, സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽനിന്ന് പരമാവധി അളവിൽ വാക്സിനുകൾ വാങ്ങുന്നതിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നുണ്ട്. അടുത്ത രണ്ട് മാസത്തിനുള്ളിൽ യോഗ്യരായ എല്ലാ ഗുണഭോക്താക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിന് സംസ്ഥാനം വിശദമായ പ്രവർത്തനപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ച് കേന്ദ്രത്തിൽ നിന്നും വാക്സിൻ ലഭിക്കുകയാണെങ്കിൽ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വാക്സിനേഷന്റെ വിശദാംശങ്ങൾ**

261 (4986) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഷീൽഡ്, കോവാക്സിൻ വിഭാഗങ്ങളിൽ ഫസ്റ്റ്, സെക്കന്റ് ഡോസുകൾ നൽകിയതും നൽകേണ്ടതും സംബന്ധിച്ച വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാണോ?

കോവിഡ് വാക്സിനേഷനായി രജിസ്റ്റർ ചെയ്യുകയും കോവിഡ് വാക്സിനേഷൻ നൽകിയതിനുശേഷം ആ വിവരം രേഖപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കോവിൻ പോർട്ടലിൽ മേൽവിലാസമോ, വാക്സിൻ ലഭിക്കുന്ന ആളിന്റെ സ്ഥലമോ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ പ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ജില്ലകളിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി നൽകുന്ന വാക്സിന്റെ കണക്ക് ലഭ്യമാണ്.

(ബി) ആണെങ്കിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഫസ്റ്റ്, സെക്കന്റ് ഡോസുകൾ ലഭിച്ചതും ലഭിക്കേണ്ടതുമായ സ്ഥിതിവിവരക്കണക്കുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഇല്ലെങ്കിൽ പഞ്ചായത്തടിസ്ഥാനത്തിൽ വാക്സിനേഷൻ സമയബന്ധിതമായും ആനുപാതികമായും ലഭ്യമാക്കാൻ നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വാക്സിൻ ലഭ്യതയ്ക്കനുസരിച്ച്, എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന 1200-ൽ അധികം സർക്കാർ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിനേഷൻ നൽകിവരുന്നു.

## കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റിലെ പിഴവുകൾ

262 (4987) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിന്റെ രണ്ട് ഡോസും എടുത്ത ചിലർക്ക് ഫൈനൽ സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ആദ്യ ഡോസ് എടുത്തതായുള്ള രേഖപ്പെടുത്തൽ പ്രസ്തുത സർട്ടിഫിക്കറ്റിൽ ഇല്ലാത്തതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ കോവിൻ പോർട്ടലിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന കോവിഡ് വാക്സിനേഷൻ ഫൈനൽ സർട്ടിഫിക്കറ്റിൽ രണ്ട് വാക്സിനേഷൻ ഡോസിന്റെ വിവരവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ ഒന്നാം കോവിഡ് വാക്സിന്റെ വിവരം കോവിഡ് പോർട്ടലിൽ രേഖപ്പെടുത്താതിരിക്കുകയും പിന്നീട് കോവിഡ് വാക്സിന്റെ രണ്ടാം ഡോസിനായി നേരിട്ട് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റിൽ ഒന്നാം ഡോസിന്റെ വിവരം രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാക്സിൻ സർട്ടിഫിക്കറ്റിൽ രണ്ട് ഡോസും എടുത്തതായി രേഖപ്പെടുത്താത്തത് കാരണം വിദേശത്ത് ജോലിക്ക് പോവാൻ ചില രാജ്യങ്ങളിൽ നിന്ന് അനുമതി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ?

കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ നിന്നുള്ള ആശയവിനിമയം അനുസരിച്ച് പ്രശ്നം ഉടൻ പരിഹരിക്കപ്പെടുമെന്ന് അറിയിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോവിഡ് വാക്സിൻ സൈറ്റിലെ പിഴവുകൾ തിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് വാക്സിൻ സൈറ്റിലെ പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചുള്ള പല പ്രശ്നങ്ങളും ഇതിനോടകം തന്നെ പരിഹരിച്ചിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സൈറ്റിനെ സംബന്ധിച്ചുള്ള മറ്റ് പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

## മിസ്ക് അഥവാ മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം

263 (4988) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കുട്ടികൾക്കുള്ള വാക്സിൻ ഇതുവരെ ലഭ്യമല്ലാത്തതുകൊണ്ടും ആദ്യ രണ്ടു തരംഗത്തിലും കോവിഡ് ബാധിക്കപ്പെട്ടത് വളരെക്കുറച്ച് കുട്ടികൾക്കാണെന്നതുകൊണ്ടും കോവിഡിന്റെ മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്നും കുട്ടികളെ ബാധിച്ചേക്കാമെന്നുമുള്ള ആശങ്ക നിലനിൽക്കുന്നുണ്ട്. ഇപ്പോഴത്തെ വേഗതയിൽ വാക്സിൻ നൽകിയാൽ കുറച്ചു നാളുകൾ കൊണ്ട് 18 വയസ്സിന് മുകളിലുള്ളവർക്കെല്ലാം വാക്സിൻ ലഭിക്കും. കുട്ടികളുടെ വാക്സിൻ ലഭ്യമല്ലാത്തതിനാൽ കുട്ടികൾ മാത്രമാകും അപ്പോഴും വാക്സിൻ കിട്ടാതെ ശേഷിക്കുന്നതെന്നതും ആശങ്കയ്ക്ക് കാരണമാകുന്നു.

(ബി) മിസ്ക് അഥവാ മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം ദക്ഷിണേന്ത്യയിൽ വ്യാപകമായേക്കാമെന്ന മെഡിക്കൽ വിദഗ്ദ്ധരുടെ മുന്നറിയിപ്പ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോവിഡ് ബാധിച്ച കുട്ടികളെയോ കോവിഡ് ബാധിച്ച വ്യക്തിയുമായി സമ്പർക്കം പുലർത്തുന്ന കുട്ടികളേയോ ആണ് പ്രധാനമായും ഈ രോഗം ബാധിക്കാനിടയുള്ളതെന്ന വിദഗ്ദ്ധാഭിപ്രായം കണക്കിലെടുത്ത് എന്തെല്ലാം ജാഗ്രതാ നിർദ്ദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C) എന്നത് വൈറൽ രോഗങ്ങൾ കുട്ടികളിൽ ഉണ്ടാക്കാവുന്ന രോഗങ്ങളുടെ ഒരു ശ്രേണിയാണ്. ശരീരത്തിലെ മിക്ക അവയവങ്ങളെയും കോശങ്ങളെയും ഒരുപോലെ ബാധിക്കാവുന്ന ഈ രോഗം കോവിഡ്-19 വന്ന കുട്ടികളിലും കോവിഡ് മുക്തരായ കുട്ടികളിലും കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന ആശങ്ക ലോകമെമ്പാടും നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, രോഗമുള്ളവരുമായി കുട്ടികൾ അകലം പാലിക്കുന്നുണ്ടെന്ന് രക്ഷാകർത്താക്കൾ ഉറപ്പുവരുത്തേണ്ടതും മറ്റുള്ളവരെപ്പോലെതന്നെ കുട്ടികളും എസ്.എം.എസ്. പ്രതിരോധം പാലിക്കേണ്ടതുമാണ്. ഇതിനായുള്ള അവബോധം മീഡിയ വഴി നിരന്തരമായി നൽകുന്നുണ്ട്.

**കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനത്തിലെ പോരായ്മകൾ**

264 (4989) ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനം സാധാരണക്കാർക്ക് പ്രയോജനകരമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

കോവിഡ്-19-ന്റെ ഫലപ്രദമായ പ്രതിരോധത്തിനായി അർഹരായ എല്ലാവർക്കും എത്രയുംപെട്ടെന്ന് വാക്സിനേഷൻ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാവിധ പ്രവർത്തനങ്ങളും നടത്തിവരുന്ന സംസ്ഥാനമാണ് കേരളം. 4-8-2021 വരെ സംസ്ഥാനത്ത് 2,12,08,758 ഡോസ് വാക്സിൻ നൽകുകയുണ്ടായി. ഇതിൽ സാധാരണക്കാരും മുൻനിര പോരാളികളും മുതിർന്നവരും കിടപ്പുരോഗികളും ഗർഭിണികളും മുൻഗണനാടിസ്ഥാനത്തിലുള്ളവരും 18 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവർക്കെല്ലാം വാക്സിനേഷൻ ലഭിക്കാതിരിക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. ഓൺലൈൻ മുഖാന്തരം രജിസ്റ്റർ ചെയ്തവർക്ക് വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ലോട്ടുകൾ അനുവദിച്ച് വാക്സിനേഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവർക്കും വാക്സിനേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവർക്കും വാക്സിൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാക്സിന്റെ ലഭ്യതയനുസരിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ച് എല്ലാവർക്കും വാക്സിൻ നൽകിവരുന്നു.

(ഡി) കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ സൗകര്യമില്ലാത്തവർക്കും ഇന്റർനെറ്റ് സൗകര്യമില്ലാത്തവർക്കും ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്?

കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ സൗകര്യമില്ലാത്തവർക്കും ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവർക്കും പ്രതിരോധ കുത്തിവയ്പ്പ് സംഘടിപ്പിക്കുന്നതിനായി സർക്കാർ "WAVE-Work Along For Vaccine Equity"എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വഴി ആശാവർക്കർമാരെ ഉപയോഗിച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വീടുകൾ സന്ദർശിച്ച് വാക്സിൻ രജിസ്ട്രേഷൻ ചെയ്യാനുള്ള സഹായം ചെയ്തുവരുന്നു.

**കുട്ടികളുടെ സംരക്ഷണം**

265 (4990) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അച്ഛനും അമ്മയും മരണപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതോ ആയ കുട്ടികളുടെ സംരക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

മാതാപിതാക്കൾ മരണപ്പെട്ട് അനാഥരാകുന്ന ഏതൊരു കുട്ടിയും ബാലനീതി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഗണത്തിൽപ്പെടുന്നു. പ്രസ്തുത കുട്ടികൾക്കായി സംയോജിത ശിശുസംരക്ഷണ പദ്ധതിപ്രകാരം സ്ഥാപന സംരക്ഷണം സ്ഥാപനേതര സംരക്ഷണം എന്നീ പുനരധിവാസ മാർഗ്ഗങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു : സ്ഥാപന സംരക്ഷണം - ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള

കുട്ടികളെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് സർക്കാരിനു കീഴിൽ 27 ശിശു സംരക്ഷണ സ്ഥാപനങ്ങളും ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത 678 സ്ഥാപനങ്ങളും നിലവിലുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ആവശ്യമാണെന്ന് തോന്നുന്നപക്ഷം ടി കുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റിയ്ക്കുമുമ്പിൽ ഹാജരാക്കി കമ്മിറ്റിയുടെ ഉത്തരവുപ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസവും മറ്റു സൗകര്യങ്ങളും ഉറപ്പാക്കുന്നു.

സ്ഥാപനേതര സംരക്ഷണം -

1. അഡോപ്ഷൻ: മാതാപിതാക്കൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെടുന്നതുമായ കുട്ടികൾക്ക് അനുയോജ്യരായതും കുട്ടികളെ പരിപാലിക്കാൻ പ്രാപ്തരായതുമായ മാതാപിതാക്കൾക്ക് ദത്ത് നൽകി കുട്ടിയ്ക്ക് സ്ഥായിയായ കുടുംബാന്തരീക്ഷം സൃഷ്ടിക്കുന്നു.

2. ഫോസ്റ്റർ കെയർ (പോറ്റിവളർത്തൽ):

മാതാപിതാക്കൾക്കുള്ള അവകാശങ്ങളും ചുമതലകളും നഷ്ടപ്പെടാതെ തന്നെ കുട്ടികളെ മറ്റൊരു കുടുംബത്തിൽ താൽക്കാലികമായി വളർത്തുന്നതാണ് പോറ്റി വളർത്തൽ. കുടുംബത്തിൽ മതിയായ സംരക്ഷണം ലഭിക്കാത്തതും ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ കുട്ടികളെ ഗുണകരമായ കുടുംബാന്തരീക്ഷത്തിൽ പുനരധിവസിപ്പിക്കുകയെന്നതാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ലക്ഷ്യം.

3. സ്പോൺസർഷിപ്പ് -

ബാലനീതി നിയമപ്രകാരം, 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2,000 രൂപ ധനസഹായം നല്കുന്നതാണ് ഈ പദ്ധതി. സംസ്ഥാനത്ത് മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ നിർധനരായ കുടുംബങ്ങളിലെ കുട്ടികളെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'സ്നേഹപൂർവ്വം' പദ്ധതി നടപ്പിലാക്കിവരുന്നു. ഒന്നാം ക്ലാസ്സ് മുതൽ ഐ.ടി.ഐ./പോളിടെക്നിക് കോഴ്സുകൾ ഉൾപ്പെടെ ഡിഗ്രിതലം വരെയുള്ള സർക്കാർ/എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്കായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും 1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സുവരെ പഠിക്കുന്നവർക്കും പ്രതിമാസം - 300 രൂപ വീതവും 6-ാം ക്ലാസ്സ മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്നവർക്ക് പ്രതിമാസം 500 രൂപ വീതവും +1, +2, ITI / പോളിടെക്നിക്

ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 750 രൂപ വീതവും ബിരുദം/ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1,000 രൂപ വീതവും ധനസഹായം ഗഡുക്കളായോ ഒറ്റത്തവണയായോ ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസത്തേയ്ക്ക് 'സ്നേഹപൂർവ്വം' പദ്ധതി പ്രകാരം അനുവദിച്ചുവരുന്നുണ്ട്. കോവിഡ്മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ഒരുക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഇത്തരം കുട്ടികൾക്ക് 3 ലക്ഷം രൂപ ഒറ്റത്തവണയായി നൽകുന്നു. അതിനുപുറമേ 18 വയസ്സുവരെ പ്രതിമാസം 2,000 രൂപ വീതം നൽകുന്നതിനും ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകാനും തീരുമാനിച്ചിട്ടുണ്ട്.

**അങ്കണവാടി**

266 (4991) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ 209 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. വിശദാംശം അനുബന്ധം-1 ആയി* ചേർക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾ നവീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിലെ 8-ാം നമ്പർ അങ്കണവാടിക്ക് വകുപ്പ് മുഖേന നവീകരണം നടത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഗ്രാമപഞ്ചായത്തുകൾ നവീകരിച്ച 71 അങ്കണവാടികളുടെ വിശദാംശം അനുബന്ധം-2 ആയിചേർക്കുന്നു.*

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

അങ്കണവാടികളുടെ നവീകരണത്തിനായി വകുപ്പ് മുഖാന്തരം 98,309 രൂപയും, വിവിധ പഞ്ചായത്തുകൾ മുഖേന 1,55,51,454 രൂപ ഉൾപ്പെടെ 1,56,49,763 രൂപ ചെലവഴിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഫണ്ട് വിനിയോഗിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം-3 ആയിചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ മാതൃക അങ്കണവാടി സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

ഉണ്ട്. നിർമ്മാണാനുമതി നല്കിയ വാഴപ്പള്ളി പഞ്ചായത്തിലെ സെന്റർ നമ്പർ 51 ന്റെ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു.

## ആശുപത്രി വികസന സമിതികൾ സംബന്ധിച്ച പരാതി

267 (4992) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി വഴി പഴകിയ ഉപകരണങ്ങളും കേടായ ഉപകരണങ്ങളും വാങ്ങി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇത്തരത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ടോ; പത്രങ്ങളിൽ വന്ന ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഡി.എം.ഇ.യിലെ ബന്ധപ്പെട്ട വിഭാഗം പരിശോധിച്ചിട്ടുണ്ടോ?

ഇല്ല. അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും വികസന സമിതികൾ വഴി 2016 മുതൽ നാളിതുവരെ നടന്ന നിയമനങ്ങൾ എത്ര; നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന പരാതി പരിശോധിക്കുമോ?

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആശുപത്രി വികസന സൊസൈറ്റികൾ വഴി 2016 മുതൽ നാളിതുവരെ 3188 നിയമനങ്ങൾ നടന്നിട്ടുണ്ട്. ആശുപത്രി വികസന സമിതികൾ നടത്തുന്ന നിയമനങ്ങൾ കരാർ/ താൽക്കാലിക അടിസ്ഥാനത്തിൽ ആയതിനാൽ സംവരണ ക്രമപ്രകാരമല്ല നിയമനം നടക്കുന്നത്.

(സി) ആശുപത്രി വികസന സമിതികൾ മുഖേന 2016 മുതൽ വാങ്ങിയ ഉപകരണങ്ങളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇതിനുവേണ്ടി ചെലവായ തുക എത്ര; മെഡിക്കൽ കോളേജ് തിരിച്ച് ലഭ്യമാക്കുമോ?

ആശുപത്രി വികസന സൊസൈറ്റികൾ മുഖേന 2016 മുതൽ വാങ്ങിയ ഉപകരണങ്ങളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും വിവരങ്ങളും, ഇതിനുവേണ്ടി ചെലവായ തുകയും മെഡിക്കൽ കോളേജ് തിരിച്ച് ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധത്തിൽ കണ്ടാലും. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങിയതും നിയമനങ്ങളും സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഡി.എം.ഇ.യ്ക്കോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോവിഡ് കാലത്ത് ഹോസ്റ്റൽ ഫീസ് ഈടാക്കുന്നവർക്കെതിരെ നടപടി**

268 (4993) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽനിന്നും സ്വകാര്യ നഴ്സിംഗ് കോളജ് അധികൃതർ ഹോസ്റ്റൽ ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ക്ലാസ് നടക്കുമ്പോഴും ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥി കളിൽ നിന്നും നാൽപ്പത്തയ്യായിരം രൂപ വരെ ഫീസ് വാങ്ങുന്നതും ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് ഫൈൻ ഏർപ്പെടുത്തുന്ന സാഹചര്യവും കണക്കിലെടുത്ത് മാനേജ്മെന്റുകളുടെ ഇത്തരം കൊള്ള തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

&

(സി) കോവിഡ്കാലത്ത് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി കളിൽ നിന്നും ഹോസ്റ്റൽ ഫീസ് ഈടാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സ്വകാര്യ കോളേജ് അധികൃതർ മെഡിക്കൽ കോഴ്സുകൾക്ക് അധിക ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതികൾ പരിശോധിച്ചുവരുന്നു.

**സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി**

269 (4994) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാനമെടുക്കാതെ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ തിരുവനന്തപുരം കാര്യാലയത്തിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

1-1-2015 മുതൽ സി.എ.പി. അസോസിയേറ്റ് പ്രൊഫസർ പദവി അനുവദിച്ച് കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാർ നൽകിയ അപേക്ഷകളിൽ തീരുമാന മെടുക്കാതെ ഫയലുകൾ അനന്തമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി അനുബന്ധരേഖകൾ പൂർണ്ണമായും ഉൾക്കൊള്ളിച്ച് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി വിഭാഗം ഫാക്കൽറ്റികളുടെ ശമ്പളം 1-1-2016 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിച്ച 11-9-2020-ലെ സ.ഉ.(പി) 54/2020/ആ.കു.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി ഗവൺമെന്റ് ഡോക്ടർമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ**

270 (4995) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എച്ച്.എം.എസ്. 2016-17 ബാച്ചിൽ തിരുവനന്തപുരം നേമം ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ കേരള മെഡിക്കൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നു?

കേരള മെഡിക്കൽ പ്രവേശന പരീക്ഷാ റാങ്കിന്റെ അടിസ്ഥാനത്തിൽ 42-ഉം മാനേജ്മെന്റ് ക്വാട്ടയിൽ 8-ഉം ഉൾപ്പെടെ 50 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിരുന്നു.

(ബി) പ്രസ്തുത കോളേജിന് ലെറ്റർ ഓഫ് പെർമിഷൻ നൽകിയില്ല എന്ന കാരണത്താൽ 2016-17 ബാച്ചിലെ ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നും WP(C)No.10527/2021, WP(c) No.35766/2016 കേസുകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിദ്യാർത്ഥികൾക്കനുകൂലമായി വിധി പ്രസ്താവിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ?

നേമം ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന് കേന്ദ്ര ആയുഷ് വകുപ്പിൽ നിന്നും ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കാത്തതിനാൽ 2016-17 ബാച്ച് അഡ്മിഷൻ നടക്കാതെവരികയും തുടർന്ന് പ്രസ്തുത കോളേജ് മാനേജ്മെന്റ് ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നമ്പർ 35766/2016-ൽ മേലുള്ള 30-11-2016-ലെ അനുകൂല വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തുകയും ചെയ്തിരുന്നു. അഡ്മിഷൻ നേടിയ പ്രസ്തുത ബാച്ചിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര ആയുഷ് വകുപ്പിന്റെ ലെറ്റർ ഓഫ് പെർമിഷന്റെ അഭാവത്തിൽ കേരള ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ നൽകാതെ താത്കാലിക രജിസ്ട്രേഷൻ അനുവദിക്കുകയും വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ ഒന്ന്, രണ്ട്, മൂന്ന് വർഷങ്ങളിലെ പരീക്ഷകൾ എഴുതിയും വന്നിരുന്നു. പ്രസ്തുത ബാച്ചിന്റെ കോഴ്സ് അവസാനിക്കാറായ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് കേരള ആരോഗ്യ സർവ്വകലാശാലയുടെ സ്ഥിര രജിസ്ട്രേഷൻ ആവശ്യമായതിനാൽ വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) നമ്പർ 10527/2021 കേസ് ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 4-6-2021-ലെ അനുകൂല വിധിന്യായം പ്രകാരം ടി ബാച്ചിന് ലെറ്റർ ഓഫ് പെർമിഷൻ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകുകയുമുണ്ടായി.

(സി) അവസാന വർഷ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഈ ബാച്ചിലെ വിദ്യാർത്ഥികൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് വകുപ്പ് ലെറ്റർ ഓഫ് പെർമിഷൻ അനുവദിക്കുന്ന മുറയ്ക്ക് തുടർനടപടികൾ ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് സ്വീകരിക്കാവുന്നതാണ്. നിലവിൽ അവസാന വർഷ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പ്രസ്തുത ബാച്ചിലെ വിദ്യാർത്ഥികൾക്ക് 6-9-2021-ന് തുടങ്ങുന്ന അവസാന വർഷ ബി.എച്ച്.എം.എസ്. പരീക്ഷ എഴുതാനുള്ള എല്ലാ ക്രമീകരണങ്ങളും പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ തയ്യാറാക്കിയിട്ടുണ്ട്.

**ഗർഭിണികളായ മെഡിക്കൽ വിദ്യാർത്ഥിനികളുടെ സേവനം**

271 (4996) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കോവിഡും സിക്ക വൈറസും പടരുന്ന സാഹചര്യത്തിൽ ഹൈറിസ്ക് കാറ്റഗറിയിൽപ്പെട്ട ഗർഭിണികളായ മെഡിക്കൽ വിദ്യാർത്ഥിനികളുടെ നിർബ്ബന്ധിത സേവനം അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ സാരമായി ബാധിക്കുന്നുവെന്ന ഗുരുതര പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സർവ്വീസിലുള്ള ഗർഭിണികളായ ഉദ്യോഗസ്ഥകൾക്ക് ലഭിക്കുന്ന പരിരക്ഷ കോവിഡ് മൂന്നാം തരംഗത്തിന്റെ ഭീഷണി നിലനിൽക്കുന്നതിനാൽ ഗർഭിണികളായ മെഡിക്കൽ/പി.ജി. മെഡിക്കൽ/ആയുഷ് വിദ്യാർത്ഥിനികൾക്കും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(സി) ഗർഭിണികളായ മെഡിക്കൽ വിദ്യാർത്ഥിനികൾക്കുള്ള കോവിഡ് സേവന ഇളവുകളും മാനദണ്ഡങ്ങളും സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഉത്തരവ് ഇറക്കുവാൻ വകുപ്പ് മേലധികാരിക്ക് നിർദ്ദേശം നൽകാമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗർഭിണികളായ വിദ്യാർത്ഥിനികൾക്ക് കോവിഡ് ഡ്യൂട്ടി നൽകുന്നില്ല.

## ആലപ്പുഴ മെഡിക്കൽ കോളേജിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

272 (4997) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരാണുള്ളതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിലായി 28 പ്രൊഫസർമാർ, 29 അസോസിയേറ്റ് പ്രൊഫസർമാർ, 185 അസിസ്റ്റന്റ് പ്രൊഫസർമാർ, 154 ജൂനിയർ റസിഡന്റുമാർ, ബോണ്ട് വ്യവസ്ഥയിൽ 71 സീനിയർ റസിഡന്റുമാർ, കരാർ വ്യവസ്ഥയിൽ 16 സീനിയർ റസിഡന്റുമാർ, 135 ഹൗസ് സർജൻമാർ എന്നിവർ സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി) അനസ്തേഷ്യ വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുമൂലം പല പ്രധാന ശസ്ത്രക്രിയകളും മാറ്റിവയ്ക്കേണ്ടതായ സാഹചര്യമുണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡിന്റെ സാഹചര്യത്തിൽ അനസ്തേഷ്യ വിഭാഗത്തിലെ ഡോക്ടർമാരെയും ടെക്നീഷ്യൻമാരെയും കോവിഡ് ഐ.സി.യു.-വിലേയ്ക്ക് ഡ്യൂട്ടിയ്ക്കായി വിന്യസിച്ചതു കാരണം ഇലക്ടീവ് സർജറികൾ താല്ക്കാലികമായി നിർത്തിവച്ചിരുന്നു. കോവിഡ് കേസുകൾ കുറഞ്ഞതിനെത്തുടർന്ന് ജൂലൈ മാസം മുതൽ എല്ലാവിഭാഗങ്ങളിലും ഇലക്ടീവ് സർജറികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പടിഞ്ഞാറൻ മേഖലയിലെ ഏറ്റവും പ്രധാന ആശുപത്രിയെന്ന നിലയിൽ പ്രസ്തുത വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ഒറ്റ പാക്കേജ് പ്രൊപ്പോസലിൽ ആലപ്പുഴ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിൽ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തികയും രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും സൃഷ്ടിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഹൗസ് സർജൻസി**

273 (4998) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഹൗസ് സർജൻസി ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഹൗസ് സർജൻസി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഹൗസ് സർജൻസി ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജില്ലാ ജനറൽ ആശുപത്രികളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഇൻസ്പെക്ഷൻ നടത്തുന്നതിന് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന് അനുവാദം നൽകിയിട്ടുണ്ട്. നിലവിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ (എം.സി.ഐ.) അംഗീകാരമില്ലാത്തതും എന്നാൽ ആവശ്യമായ ഫാക്കൽറ്റികളും സൗകര്യങ്ങളും ഉള്ളതുമായ ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ രണ്ടാംഘട്ട പരിശോധനനടത്തി യോഗ്യമായ സ്ഥാപനങ്ങൾക്ക് എം.സി.ഐ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടി പൂർത്തിയായാൽ മാത്രമേ ഹൗസ് സർജൻസി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

**കാസർഗോഡ് മെഡിക്കൽ കോളേജ്**

274 (4999) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകളുണ്ടെന്നും ഏതെല്ലാം വർഷങ്ങളിലാണ് അവ സ്ഥാപിച്ചതെന്നും ജില്ലതിരിച്ച് വിശദമാക്കാമോ?

| ക്രമ നമ്പർ | സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിച്ച വർഷം |
|---|---|
| 1 | തിരുവനന്തപുരം-1951 |
| 2 | കൊല്ലം ESI-യുടെ കീഴിലുണ്ടായിരുന്ന സ്ഥാപനം സർക്കാർ ഏറ്റെടുക്കുകയും മെഡിക്കൽ കോളേജായി പ്രവർത്തിക്കുന്നതിന് പ്രിൻസിപ്പാൾ ഉൾപ്പടെയുള്ള തസ്തികകൾ സൃഷ്ടിച്ച് 4-7-2016-ൽ ഉത്തരവായിട്ടുള്ളതും, മെഡിക്കൽ കോളേജിന്റെ ഔപചാരികമായ ഉദ്ഘാടനം 14-8-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ച് പ്രവർത്തിച്ചുവരുന്നു. |
| 3 | കോന്നി-14-9-2020-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| 4 | ആലപ്പുഴ- 19-10-1972 |
| 5 | കോട്ടയം-1960 |
| 6 | ഇടുക്കി 11-7-2014 (അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ പരിഹരിക്കുവാൻ കഴിയാത്തതു കാരണം മെഡിക്കൽ കൗൺസിൽ അംഗീകാരം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുകയും തുടർന്ന് 2014-15, 2015-16 ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികളെയും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.) |
| 7 | എറണാകുളം-17-12-2013 |
| 8 | തൃശ്ശൂർ-1981 |
| 9 | പാലക്കാട് പ്രവർത്തനമാരംഭിച്ചത്-2014 |
| 10 | മഞ്ചേരി-1-8-2013 |
| 11 | കോഴിക്കോട്-5-8-1957 |
| 12 | വയനാട് -12-2-2021 |
| 13 | കണ്ണൂർ -18-3-2019 |
| 14 | കാസർഗോഡ്-6-4-2020-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

(ബി) അടുത്ത കാലത്ത് മെഡിക്കൽ കോളേജുകളിൽ പ്രിൻസിപ്പാൾ നിയമനവും സ്ഥലംമാറ്റവും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം ജില്ലതിരിച്ച് നൽകാമോ?

നടപ്പാക്കിയിട്ടുണ്ട്. ആയതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി* ചേർക്കുന്നു.

(സി) കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇപ്പോൾ പ്രിൻസിപ്പാൾ, സൂപ്രണ്ട് തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാൾ/സൂപ്രണ്ട് തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ സൃഷ്ടിച്ച തസ്തികകളും പ്രസ്തുത തസ്തികകളിൽ നടത്തിയ നിയമനങ്ങളും സംബന്ധിച്ച് വിശദമായ വിവരം നൽകാമോ?

തസ്തിക സൃഷ്ടിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.* കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ 273 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് 50% തസ്തികകളിൽ നിയമനം നടത്തിവരുന്നു. മെഡിക്കൽ കോളേജ് ഓഫീസ് ആരംഭിക്കുകയും ഇതിലേക്കായുള്ള ജീവനക്കാരെയും നിയമിച്ചിട്ടുമുണ്ട്.

(ഇ) പ്രസ്തുത മെഡിക്കൽ കോളേജ് ഇപ്പോൾ ഏത് രീതിയിലാണ് പ്രവർത്തിക്കുന്നതെന്നും എന്നത്തേയ്ക്ക് പൂർണ്ണ അർത്ഥത്തിൽ മെഡിക്കൽ കോളേജായിത്തീരുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിലവിൽ കോവിഡ് ആശുപത്രിയായി മാത്രം പ്രവർത്തിച്ചുവരുന്നു. ഈ ആശുപത്രിയിൽ നിലവിൽ 250 ഐ.പി. കിടക്കകളും 10 ഐ.സി.യു. കിടക്കകളും തയ്യാറാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടമായി അനുവദിച്ച 25 കോടി രൂപ ഉപയോഗിച്ച് അക്കാഡമിക് ബ്ലോക്കിന്റെ 95% പണി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നബാർഡ് മുഖാന്തരം ലഭ്യമാക്കിയ 95 കോടി ഉപയോഗിച്ച് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ആയതിന്റെ 53% പണി പൂർത്തിയായിട്ടുണ്ട്. മൂന്നാംഘട്ടം റസിഡൻഷ്യൽ ഫെസിലിറ്റി നിർമ്മാണത്തിനായി കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗേൾസ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹോസ്റ്റൽ, അദ്ധ്യാപികമാരുടെ ക്വാർട്ടേഴ്സ് ടെൻഡർ നടപടികൾ നടന്നുവരുന്നു. 160 കോടി രൂപ ചെലവിൽ നാലാംഘട്ട വികസനത്തിനായി KIIFB-വഴി ഫണ്ട് ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക ബഡ്ജറ്റിൽ 4.85 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സി.സി.പി. (ഹോമിയോ) കോഴ്സ്

275 (5000) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.സി.പി. (ഹോമിയോ) കോഴ്സ് ഡിപ്ലോമ/ഡിഗ്രി കോഴ്സായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കോവിഡ് ചികിത്സയിൽ ഹോമിയോപ്പതിക്ക് അംഗീകാരം

276 (5001) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

ഗുരുതരമല്ലാത്ത കോവിഡ് രോഗികൾക്ക് ഹോമിയോപ്പതി ചികിത്സ നൽകാമെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 2 കോടതി ഉത്തരവുകൾ നിലവിലുണ്ട്.

1. സിവിൽ അപ്പീൽ നമ്പർ 4049/2020 കേസിന്മേൽ 15-12-2020-ലെ വിധി.
2. WP(C) No.11555/2021 കേസിന്മേൽ 2-6-2021-ലെ വിധി.

(ബി) കോവിഡ് ചികിത്സയിൽ സംസ്ഥാനത്ത് ഹോമിയോപ്പതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ?

കോവിഡ്-19-ന് ഹോമിയോപ്പതി വിധിപ്രകാരമുള്ള ചികിത്സയ്ക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം നടത്തുന്നതിനുള്ള അനുവാദം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ ഇപ്പോഴും വിതരണം നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ സ്വകാര്യ ഹോമിയോ ഡോക്ടർമാർ കോവിഡ് ചികിത്സ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഹോമിയോപ്പതി വകുപ്പിൽനിന്നും കോവിഡുമായി ബന്ധപ്പെട്ടും അല്ലാതെയും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമാകുന്നുണ്ടോ; എങ്കിൽ അവ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ

277 (5002) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ഏകീകൃത സ്റ്റാഫ് പാറ്റേൺ ഇപ്പോൾ നിലവിലില്ല. ഓരോ സ്ഥാപനങ്ങളും കാലാകാലങ്ങളിൽ അനുവദിക്കുമ്പോൾ അതോടൊപ്പം അനുവദിക്കുന്ന സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നത്. അതുപ്രകാരം ഹോമിയോപ്പതി ഡിസ്പെൻസറികളിൽ 5 വ്യത്യസ്തമായ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ നിലവിലുള്ളത്.

| ക്രമ നമ്പർ | സ്റ്റാഫ് പാറ്റേൺ |
|---|---|
| 1 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-അറ്റൻഡർ-പി.റ്റി.എസ്. |
| 2 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഡിസ്പെൻസർ-വാച്ചർ കം സ്വീപ്പർ/ സ്വീപ്പർ-കം-പ്യൂൺ |
| 3 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-ഓഫീസ് അറ്റൻഡന്റ്-പി.റ്റി.എസ്. |
| 4 | മെഡിക്കൽ ഓഫീസർ |
| 5 | മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ ഓഫീസർ-ഫാർമസിസ്റ്റ്-സ്വീപ്പർ-കം-പ്യൂൺ |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എല്ലാ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഡിസ്പെൻസർ തസ്തിക മാത്രമുള്ള 91 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ തസ്തിക സൃഷ്ടിക്കുന്നതിന് ആയുഷ് വകുപ്പിന് പൊതുവായി അനുവദിച്ചിട്ടുള്ള 300 തസ്തികകളിൽ ഫാർമസിസ്റ്റിന്റെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) ഹോമിയോപ്പതി ഡിസ്പെൻസറികളിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഹോമിയോ ഫാർമസിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ

278 (5003) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ 2:1 അനുപാതത്തിലുള്ള റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ;

&

(ബി) കാലതാമസം പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്ന് റേഷ്യോ പ്രൊമോഷൻ നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാതെപോയ ഏതാനും ചില ഫാർമസിസ്റ്റുമാരുടെ പരാതികൾ കൂടി പരിശോധിച്ച് ലിസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള സത്വരനടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

## ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ

279 (5004) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിലെ 2313134/ആയുഷ് എ 1/234/2018 എന്ന ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി ഭാരതീയ ചികിത്സാ ഡയറക്ടറിൽനിന്നും കൂടുതൽ വിവരങ്ങൾ തേടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ;

&

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് വിവരങ്ങൾ ലഭ്യമാകാൻ താമസിക്കുന്നതെന്നും ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച തുടർ നടപടിയും വിശദമാക്കാമോ?

ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ എ 1-234/2018/ആയുഷ് നമ്പർ ഫയൽ പ്രകാരം പരിശോധിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ടി ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ആവശ്യകത വ്യക്തമാക്കി, ടി ഡിസ്പെൻസറിക്ക് അടുത്തുള്ള മറ്റ് ആശുപത്രികളുടെ വിവരങ്ങൾ സഹിതം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ 25-5-2018-ലെ എ 1/234/ 2018/ആയുഷ് നമ്പർ കത്ത് പ്രകാരം ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം 10-6-2019-ലെ ബി2-16792/2015 നമ്പർ കത്ത് പ്രകാരം ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും ആയുഷ് വകുപ്പിന്റെ പാക്കേജിൽ പ്രസ്തുത പ്രൊപ്പോസൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ 19-7-2019-ലെ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരമുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഇ) നൂറ് കണക്കിന് രോഗികൾ നിത്യേന ആശ്രയിക്കുന്ന നെല്ലിക്കുഴി പഞ്ചായത്തിലെ ചെറുവട്ടൂരിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ലാ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം

280 (5005) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡ്രഗ്സ് കൺട്രോളർ ഓഫീസിൽ നിലവിൽ ഒഴിവുള്ള ലാ ഓഫീസർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾസ് അനുസരിച്ചുള്ള നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തസ്തികയിൽ ഒഴിവു വന്ന സമയത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ യോഗ്യരായ ജീവനക്കാർ ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ തന്നെ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനമാണ് ലോ ഓഫീസർ തസ്തികയുടെ ഒന്നാമത്തെ നിയമനരീതി. ലോ ഓഫീസർ തസ്തികയിൽ ഒഴിവ് വന്ന സമയത്ത് ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ യോഗ്യതയുള്ള ജീവനക്കാരൻ സേവനമനുഷ്ഠിക്കുന്നുണ്ട്. എന്നാൽ ജൂലൈ 2020- ന് പി.എസ്.സി. നടത്തേണ്ടിയിരുന്ന ലീഗൽ അസിസ്റ്റന്റ് സ്പെഷ്യൽ ടെസ്റ്റ് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാത്തതിനാലാണ് ടിയാളുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി ഔദ്യോഗികമായി പ്രഖ്യാപിക്കാൻ സാധിക്കാത്തത്. ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ രണ്ട് വർഷത്തെ സേവന കാലയളവിലെ ഒരു വർഷത്തെ യഥാർത്ഥ ഡ്യൂട്ടി കാലയളവ് നിരീക്ഷണകാലമാണ്. ടിയാളുടെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ നിരീക്ഷണ കാലയളവ് 25-2-2021-ൽ കഴിഞ്ഞിട്ടുണ്ട്. ടിയാളുടെ അപേക്ഷ പരിഗണിച്ച് 18-3-2021-ന് പ്രസ്തുത പരീക്ഷ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള പി.എസ്.സി.-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് അംഗീകരിച്ച് പി.എസ്.സി.-യിൽ നിന്ന് മറുപടിയും ലഭിച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ചാണ് ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ലോ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനായി പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റും ഇപ്പോൾ നിലവിലില്ല.

(സി) ലാ ഓഫീസറുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ വിവരം ലഭ്യമാക്കുമോ?

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇ 1-3603/2021/ഡിസി എന്ന ഫയൽ പ്രകാരം ആണ് നടപടികൾ സ്വീകരിക്കുന്നത്.

## പാരമ്പര്യ കളരി മർമ്മ ചികിത്സ നടത്തുന്നവർക്ക് ലൈസൻസ്

281 (5006) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ കളരി മർമ്മ, ഉഴിച്ചിൽ ചികിത്സ നടത്തുന്നവർക്ക് ഇതിനാവശ്യമുള്ള തൈലങ്ങൾ, കുഴമ്പുകൾ എന്നിവ നിർമ്മിക്കാനും വിപണനം നടത്താനുമുള്ള ലൈസൻസ്/ അനുമതി പത്രം ഡ്രഗ്സ് കൺട്രോളർ വിഭാഗം വഴി നൽകിവരുന്നുണ്ടോ?

വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ് ലൈസൻസുകൾ ഇന്ത്യയിൽ നിർബന്ധമാണ്. പ്രസ്തുത ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് വഴി മാത്രമാണ് നൽകിവരുന്നത്. ഈ ആവശ്യത്തിലേയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്ന് 25 ഡി ലൈസൻസ് അനുവദിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ ആയത് ലഭിക്കുവാനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്ന് അറിയിക്കുമോ; ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ലൈസൻസ്/ അനുമതി പത്രം ലഭിക്കുന്നതിനായി അപേക്ഷ നൽകേണ്ട സ്ഥലം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം - ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, ആരോഗ്യ ഭവൻ, തിരുവനന്തപുരം
2. കൊല്ലം/പത്തനംതിട്ട/കോട്ടയം-ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, മന്നാനിയ ഷോപ്പിംഗ് കോംപ്ലക്സ്, ആണ്ടാമുക്കം, കൊല്ലം.
3. തൃശ്ശൂർ/എറണാകുളം/പാലക്കാട്/ഇടുക്കി/ആലപ്പുഴ - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കാക്കനാട്.
4. കോഴിക്കോട്/കാസർഗോഡ്/ കണ്ണൂർ/ വയനാട്/മലപ്പുറം - ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കോഴിക്കോട്. അപേക്ഷയും അനുബന്ധ രേഖകളും അതാത് ഡ്രഗ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ഡ്രഗ് ഇൻസ്പെക്ടർ സ്ഥാപന പരിശോധന നടത്തിയശേഷം ഇൻസ്പെക്ഷൻ റിപ്പോർട്ട് സഹിതം അപേക്ഷ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം)-ടെ കാര്യാല

യത്തിലേയ്ക്ക് അയയ്ക്കുന്നു. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ & സ്റ്റേറ്റ് ലൈസൻസിംഗ് അതോറിറ്റി അപേക്ഷയും ഇൻസ്പെക്ഷൻ റിപ്പോർട്ടും മറ്റുരേഖകളും പരിശോധിച്ചശേഷം അപേക്ഷ ക്രമത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർ ശിപാർശ ചെയ്തിട്ടുമുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കുന്നു. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ചെക് ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഡ്രഗ്സ് കൺട്രോളർ വിഭാഗം വഴിയല്ല ലൈസൻസ്/അനുമതി പത്രം നൽകുന്നതെങ്കിൽ മറ്റേത് വിഭാഗമാണ് ഈ കാര്യങ്ങളിൽ അനുമതി/ലൈസൻസ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

വിപണനാർത്ഥം ആയുർവേദ/സിദ്ധ/യുനാനി ഔഷധങ്ങൾ നിർമ്മിക്കുന്നതിന് ഡ്രഗ്സ് & കോസ്മറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ് ലൈസൻസ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് വഴി മാത്രമാണ് നൽകിവരുന്നത്.

### ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മുഖ്യപ്രവർത്തനങ്ങൾ

282 (5007) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മുഖ്യപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടെന്നും അറിയിക്കുമോ?

സംസ്ഥാനത്തിലെ മരുന്നുകളുടെ വിതരണവും, ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ/കാര്യക്ഷമത നിരന്തരമായ അവലോകനങ്ങളിലൂടെ ഉറപ്പാക്കുന്നുണ്ട്. വകുപ്പിന്റെകീഴിൽ പ്രധാനമായും എൻഫോഴ്സ്മെന്റ് വിഭാഗവും, പരിശോധനാ വിഭാഗവുമാണുള്ളത്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് മരുന്ന് നിർമ്മിച്ച് വിതരണം ചെയ്ത് വിൽക്കപ്പെടുന്നതെന്നത് ഉറപ്പുവരുത്തുന്നതാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതല. മരുന്ന് നിർമ്മാണ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന, മരുന്നുകളുടെ സാമ്പിൾ ശേഖരണം, ചട്ടലംഘനങ്ങൾക്കെതിരെ വകുപ്പുതല/നിയമനടപടികൾ സ്വീകരിക്കുക എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. എൻഫോഴ്സ്മെന്റ് വിഭാഗം ചട്ടപ്രകാരം ശേഖരിക്കുന്ന സാമ്പിളുകൾ ഫാർമകോപ്പിയ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് റിപ്പോർട്ടുകൾ നൽകുകയെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്നതാണ് പരിശോധനാവിഭാഗത്തിന്റെ ചുമതല. ഫാർമസിയിൽ ബിരുദം അടിസ്ഥാന യോഗ്യതയായിട്ടുള്ളവരാണ് ഈ രണ്ട് വിഭാഗത്തിലും സേവനം അനുഷ്ഠിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ 6 മേഖലകളായി തിരിച്ച് ഒരോ മേഖലയിലേയും അസ്സിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരാണ് ഡ്രഗ്സ് ഇൻസ്പെക്ടർ മാരുടെ പ്രവർത്തനം അവലോകനം ചെയ്തുവരുന്നത്. കൂടാതെ ഒരോ മേഖലയിലും ഒരു ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർ മരുന്നുകളുടെ വിതരണം നിരീക്ഷിച്ചുവരുന്നു. വകുപ്പ് തലവനായ ഡ്രഗ്സ് കൺട്രോളർ ആണ് 6 മേഖലകളുടെയും, ഗുണനിലവാര പരിശോധനാവിഭാഗത്തിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിരീക്ഷിച്ച് അവലോകനം നടത്തുന്നത്. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് & ഡ്രഗ്സ് പ്രൈസ് കൺട്രോൾ റൂൾസ്, കോസ്മെറ്റിക്സ് റൂൾസ് 2020, കേരള പോയിസൺ റൂൾസ്, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ, ഡ്രഗ്സ് & മാജിക് റമഡീസ് ആക്ട് എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗം നടപ്പിലാക്കിവരുന്നത്. വിപണിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളെല്ലാം തന്നെ അതത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ്. നിർമ്മിക്കുന്ന ഒരോ ബാച്ച് മരുന്നുകളും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ തന്നെ കർശനഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് വിൽപ്പനയ്ക്ക്/വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ഇപ്രകാരം എത്തുന്ന മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിൽ ഗുണനിലവാരം നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിക്കുകയും പരിശോധനയ്ക്കായി വകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളിലേക്ക് അയക്കുകയും ചെയ്യുന്നു. പ്രസ്തുത ലാബോറട്ടറികളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള അനലിസ്റ്റ് ഗ്രേഡ്-III സാമ്പിളുകൾ പരിശോധിക്കുകയും റിപ്പോർട്ട് സൂപ്പർവൈസറി പോസ്റ്റിലുള്ള അനലിസ്റ്റ് ഗ്രേഡ്-II ന് സമർപ്പിക്കുകയും ചെയ്യുന്നു. അനലിസ്റ്റ് ഗ്രേഡ്-II റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് നിയമപ്രകാരമുള്ള ടെസ്റ്റുകളെല്ലാം തന്നെ യഥാവിധി ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി ഗവൺമെന്റ് അനലിസ്റ്റിന് സമർപ്പിക്കുകയും ഗവൺമെന്റ് അനലിസ്റ്റ് അവ വീണ്ടും പരിശോധിച്ച് മരുന്നിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതാണ് പരിശോധനാ രീതി. ഇത്തരത്തിലുള്ള ലാബുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നത് ചീഫ് ഗവണ്മെന്റ് അനലിസ്റ്റാണ്. പരിശോധനാ വിഭാഗമായ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയുടെയും പ്രവർത്തനക്ഷമത മേൽപ്പറഞ്ഞ വിവിധതട്ടുകളിൽ വിലയി രുത്തുന്നുണ്ട്.

(ബി) സ്വകാര്യ മരുന്നുകടകളിലൂടെ വിറ്റഴിക്കുന്ന മരുന്നുകൾക്ക് ഗുണനിലവാരം ഉറപ്പാക്കാനുള്ള സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തി യിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂവെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുകയും ചെയ്യുന്നു. മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാന ഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കുവേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാംമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറി യിലേയ്ക്കയയ്ക്കുന്നത്. സാമ്പിളെടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻതന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വിൽപ്പന നിർത്തിവെയ്ക്കുകയും ടി മരുന്നുകളുടെ വിതരണ ശൃംഖല ട്രേസ് ചെയ്ത് ആയത് എവിടെനിന്നെല്ലാം വാങ്ങിയെന്നതിനെകുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗി ക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർനടപടികൾ ആരംഭിക്കുന്നു. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ്. വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും, ആശുപത്രികൾ, മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുകയും കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നുമുണ്ട്.

(സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കൂടുതൽ മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനത്തെ നിലവിലെ മൂന്ന് മരുന്ന് പരിശോധനാ ലാബുകൾക്ക് പുറമെ കോന്നിയിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കുകയും ഈ വർഷം തന്നെ പ്രവർത്തനക്ഷമമാക്കാനുമാണ് ഉദ്ദേശിച്ചി ട്ടുള്ളത്. കൂടാതെ കണ്ണൂരിൽ ഒരു പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ സ്ഥലം അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഫാർമസിസ്റ്റ് എന്നീ തസ്തികകളുടെ നിയമനം

283 (5008) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയ 1948-ലെ ഫാർമസി ആക്ട്, 2015-ലെ ഫാർമസി പ്രാക്ടീസ് റെഗുലേഷൻ ആക്ട് എന്നിവ പ്രകാരം ആറു വർഷ കോഴ്സായ ഡോക്ടർ ഓഫ് ഫാർമസി പാസ്സായവരെ രാജ്യത്തെ എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഫാർമസിസ്റ്റ് എന്നീ തസ്തികകൾക്കായി സംവരണം ചെയ്ത് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്തുനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയ 1948-ലെ ഫാർമസി ആക്ട്, 2015-ലെ ഫാർമസി പ്രാക്ടീസ് റെഗുലേഷൻ ആക്ട് എന്നിവ പ്രകാരം ആറു വർഷ കോഴ്സായ ഡോക്ടർ ഓഫ് ഫാർമസി ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഫാർമസിസ്റ്റ് എന്നീ തസ്തികകൾക്കുള്ള യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള ഒരു വകുപ്പിലും നിലവിലില്ല.

(ബി) മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിൽ മേൽപറഞ്ഞവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പി.എസ്. സി. -ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

&

(സി) ഇവരെ നിയമിക്കുന്നതിന് സ്വകാര്യ ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അടിയന്തരനടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ലിംഗസമത്വം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് നടപടി**

284 (5009) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീവിരുദ്ധ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ, ലിംഗസമത്വത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

സ്ത്രീവിരുദ്ധ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ലിംഗസമത്വത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കർമ്മപദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ലിംഗ അസമത്വം, ഗാർഹികപീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക്, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺ ലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽകരണ ക്ലാസ്സ് നല്കിയിട്ടുണ്ട്. ലിംഗസമത്വം യുവാക്കളിൽനിന്ന് തുടങ്ങണമെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ലിംഗസമത്വത്തിന്റെ പ്രസക്തിയും പ്രാധാന്യവും സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ലിംഗസമത്വം, സ്ത്രീ സുരക്ഷാനിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കൽ, വിവാഹ ധൂർത്തുനിയന്ത്രിക്കൽ, ശൈശവ വിവാഹം നിരോധിക്കൽ എന്നിവ സംബന്ധിച്ച വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെയും കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകുന്നതിന്, ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി രൂപം കൊടുത്ത ജാഗ്രതാ സമിതിയുടെ ഘടനയും ലക്ഷ്യങ്ങളും വ്യക്തമാക്കാമോ; ജാഗ്രതാ സമിതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; ഇവ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങളും അവകാശലംഘനങ്ങളും പ്രാദേശിക തലത്തിൽതന്നെ പരിഹരിക്കുന്നതിനുംവേണ്ടിയാണ് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുള്ളത്. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല തലങ്ങളിലും വാർഡ് തലങ്ങളിലും ജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും/ കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേരളത്തിലുടനീളം ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിനായി പ്രസ്തുതസമിതികൾ സമയബന്ധിതമായി കൂടുന്നതിന് എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്ത്രീ സുരക്ഷയ്ക്കായി പദ്ധതികൾ

285 (5010) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീസുരക്ഷയ്ക്കായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് ഷീ ലോഡ്ജ് ആരംഭിച്ചത് എവിടെയൊക്കെയാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നിലവിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, തൃപ്പൂണിത്തുറ, പെരിന്തൽമണ്ണ, വടകര, മൂവാറ്റുപുഴ, കുന്നംകുളം, ചാവക്കാട്, കാഞ്ഞങ്ങാട്, മട്ടന്നൂർ എന്നീ നഗരസഭകളിൽ ഷീ ലോഡ്ജ് പ്രവർത്തിക്കുന്നു. ഗുരുവായൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. വർക്കല, തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാർ ജീവനക്കാരായ സ്ത്രീകൾക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക ഇളവുകൾ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഉത്തരവിൽ വനിതാജീവനക്കാരെ കഴിയുന്നിടത്തോളം മലയോര ജില്ലകളിൽ വിദൂര പ്രദേശങ്ങളിൽ നിയമിക്കാതിരിക്കാവുന്നതാണെന്നും പ്രസവാവധിയിൽ നിന്നും മടങ്ങിവരുന്ന ജീവനക്കാരെയും 31-8-2007-ലെ സ.ഉ.(പി)നമ്പർ 391/2007/ഫിൻ-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിലേക്ക് തന്നെ ഒരു വർഷക്കാലത്തേക്ക് നിയമിക്കേണ്ടതാണെന്നും അവർ അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകേണ്ടതാണെന്നും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മരണമടഞ്ഞ വനിതകളുടെയും കുട്ടികളുടെയും എണ്ണം**

286 (5011) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷങ്ങളിൽ പ്രണയബന്ധങ്ങളുടെ പേരിൽ മരണപ്പെട്ട വനിതകൾ എത്രയുണ്ടെന്ന കണക്ക് നൽകുമോ?

ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായ കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) കോവിഡുമൂലം എത്ര വനിതകളും കുട്ടികളും മരണമടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 6-8-2021 വരെ കോവിഡ് ബാധിച്ച് 6833 വനിതകളും 36 കുട്ടികളും (18 വയസിൽ താഴെ പ്രായമുള്ളവർ) മരണപ്പെട്ടിട്ടുണ്ട്.

**അങ്കണവാടി ജീവനക്കാരുടെ വേതനം**

287 (5012) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടി പ്രവർത്തകർക്ക് കേന്ദ്രസർക്കാർ 60:40 അനുപാതത്തിൽ ഓണറേറിയം നൽകിവരുന്നുണ്ട്. അതുകൂടാതെ, സംസ്ഥാനവിഹിതവും തദ്ദേശ സ്വയം ഭരണ വകുപ്പ് വിഹിതവും ഇതിൽ ഉൾപ്പെടുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന വേതന നിരക്കിൽ അങ്കണവാടി ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

അങ്കണവാടി പ്രവർത്തകർ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരാണ്. അവരെ സർക്കാർ ജീവനക്കാരായി കണക്കാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് ജീവന ക്കാരുടെ വേതനം നൽകാൻ സാധ്യമല്ല.

(സി) അങ്കണവാടി ജീവനക്കാർ ജോലിയിൽ നിന്ന് വിരമിച്ചാൽ ലഭിക്കുന്ന ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യക്ഷേമ പെൻഷൻകൂടി ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

&

(ഡി) കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ആരോഗ്യപ്രവർത്തകരെ സഹായിക്കുന്ന അങ്കണവാടി ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ചികിൽസാപദ്ധതി ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാമോ?

പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല.

### വനിതാ ശിശു വികസന വകുപ്പിൽ പുതിയ തസ്തികകൾ

288 (5013) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചശേഷം പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്?

വനിതാ ശിശു വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല. സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിനുശേഷം വനിത ശിശു വികസന വകുപ്പിൽ 24 തസ്തികകളും വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നിർഭയ സെല്ലിൽ ഒരു തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഡോ. പി. കെ. ആനന്ദി റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് പരിഗണിക്കുന്നുണ്ടോ?

ഡോക്ടർ പി. കെ. ആനന്ദിയുടെ നേതൃത്വത്തിൽ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല.

(സി) കോൺട്രാക്ട് റെഗുലറൈസേഷൻ മുഖാന്തരം സ്ഥിരപ്പെടുത്തിയ എത്ര ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും ഇവരുടെ റിട്ടയർമെന്റ് തീയതിയും വ്യക്തമാക്കുമോ?

കോൺട്രാക്ട് റെഗുലറൈസേഷൻ മുഖാന്തരം സ്ഥിരപ്പെടുത്തിയ 20 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വനിത ശിശു വികസനവകുപ്പിൽ സേവന മനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ റിട്ടയർമെന്റ് തീയതി ചുവടെചേർക്കുന്നു :

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | റിട്ടയർമെന്റ് തീയതി |
|---|---|---|
| (1) | (2) | (3) |
| 1 | ലേഖ. എസ് | 30-4-2025 |
| 2 | പദ്മകുമാരി. റ്റി | 31-5-2024 |
| 3 | കെ. പി. ലത | 31-5-2028 |
| 4 | ലാലി മാത്യു | 31-5-2029 |
| 5 | ശ്രീലത. കെ. ബി | 31-5-2023 |
| 6 | പാത്തുമ്മ. ഒ | 30-6-2024 |
| 7 | ബിന്ദു. റ്റി.എം | 31-3-2027 |
| 8 | പത്മാവതി. എ | 30-4-2026 |
| 9 | ഷൈലജ. എൻ | 31-1-2023 |
| 10 | സഫിയ. കെ | 31-5-2025 |

| (1) | (2) | (3) |
|---|---|---|
| 11 | സക്കീന. കെ | 31-5-2026 |
| 12 | റംല ബീഗം. എൻ | 31-5-2027 |
| 13 | മിനി പിലക്കാട് | 31-5-2025 |
| 14 | ആഗ്നസ്. എച്ച്.എൻ | 31-5-2024 |
| 15 | ബിന്ദു. സി. എസ് | 31-5-2029 |
| 16 | ക്ലാര. വി.ജെ | 31-10-2022 |
| 17 | പ്രീത. എൻ | 31-7-2029 |
| 18 | ജമീല. കെ | 30-6-2022 |
| 19 | ബിന്ദുറാണി. എം | 31-8-2030 |
| 20 | നിഷ. പി | 31-5-2026 |

**സ്കൂൾ കൗൺസിലർമാരുടെ കരാർ**

289 (5014) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുവികസന വകുപ്പിനുകീഴിൽ സൈക്കോസോഷ്യൽ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ പുതുക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരുടെ കരാർ പുതുക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കരാർ പുതുക്കുന്നതിനുള്ള പുതിയ എസ്.ഒ.പി. പ്രകാരം കൗൺസിലർ നിയമനത്തിനുള്ള യോഗ്യത എം.എസ്.ഡബ്ല്യു. സ്പെഷലൈസേഷനുള്ള ഒരു വിഭാഗത്തിനുമാത്രമായി നിജപ്പെടുത്തിയത് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മറ്റ് സ്പെഷലൈസേഷൻ ഉള്ളവർക്ക് ബാധകമാക്കാതെ പുതിയ നിയമനത്തിൽ മാത്രം ബാധകമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

സ്കൂൾ കൗൺസിലർമാരുടെ നിയമനത്തിനുള്ള പുതുക്കിയ യോഗ്യതയായ എം.എസ്.ഡബ്ല്യൂ. സ്പെഷലൈസേഷൻ, നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മറ്റ് സ്പെഷലൈസേഷനുള്ള സ്കൂൾ കൗൺസിലർമാർക്ക് ബാധകമാക്കിയിട്ടില്ല.

(സി) ശനി, ഞായർ ദിവസങ്ങളിലുൾപ്പെടെ കോവിഡ് ടെലികൗൺസിലിംഗ് ജോലി ചെയ്തിട്ടും കാസർഗോഡ്, വയനാട്, തിരുവനന്തപുരം തുടങ്ങിയ പല ജില്ലകളിലും ഓണറേറിയം തുക മുഴുവനായും നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക മുഴുവൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. കരാർ പുതുക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണത്തിനാനുപാതികമായി ഓണറേറിയം കണക്കാക്കി നൽകുന്നതിനും അവധി ദിവസങ്ങളിൽ DMHP duty ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ ഹാജർരേഖ അടിസ്ഥാനമായി ടി ദിവസങ്ങൾ duty ആയി പരിഗണിച്ച് ആയതു കണക്കാക്കി ഓണറേറിയം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അങ്കണവാടികളുടെ നവീകരണം**

290 (5015) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിനും കുട്ടികളുടെ ബുദ്ധി വികാസവും പേശീവികാസവും ഉറപ്പുവരുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിനും കുട്ടികളുടെ പേശീവികാസം ഉറപ്പുവരുത്തുന്നതിനുമായി ചായം (CHAYAM-Child Friendly Anganwadies Yielded through Adornment and make over) എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ 258 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അങ്കണവാടികളുടെ നവീകരണത്തിലൂടെ എന്തെല്ലാം കാര്യങ്ങളാണ് സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അങ്കണവാടി കെട്ടിടവും പരിസരവും പരിവർത്തനപ്പെടുത്തി അതിനെ പഠന സാമഗ്രിയാക്കി മാറ്റുന്നതിനും ചുമരുകളിൽ ചിത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ, അക്കങ്ങൾ, അക്ഷരങ്ങൾ, എന്നിങ്ങനെ ബൗദ്ധിക വികാസം സാധ്യമാകുന്ന വിധത്തിൽ വർണ്ണ വൈവിദ്ധ്യമാർന്ന ചിത്രങ്ങൾ ആലേഖനം ചെയ്തും കളിയുപകരണങ്ങൾ സ്ഥാപിച്ച് കളിമൂലകൾ സൃഷ്ടിച്ചുകൊണ്ടും കുഞ്ഞുങ്ങളിലെ ചാലക പേശികളുടെ വികാസം ഉറപ്പുവരുത്തുന്നതിനും, സംഗീതം ആസ്വദിക്കുന്നതിനും അവരുടെ കുഞ്ഞുകുഞ്ഞു

കഴിവുകൾ കൂട്ടുകാർക്കുമുന്നിൽ പ്രദർശിപ്പിക്കുന്നതിനുമുള്ള മ്യൂസിക് സിസ്റ്റം സ്ഥാപിക്കൽ, ശിശുസൗഹൃദവും ആകർഷകമായ നിറങ്ങളോടുകൂടിയതുമായ ഫർണിച്ചറുകൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള, ശിശുസൗഹൃദ ടോയ്‍ലറ്റ്, വാഷ്ഏര്യ നിർമ്മിക്കൽ, ഔട്ട്ഡോർ കളിയുപകരണങ്ങൾ സ്ഥാപിക്കൽ, ഫല വൃക്ഷതൈകളുടെ നടീൽ, വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കൽ എന്നിവ സജ്ജീക രിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

2022 മാർച്ച് 31-ന് മുമ്പായി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ

291 (5016) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഡോ. ടി. കെ. ആനന്ദിയുടെ നേതൃത്വത്തിൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ പ്രകാരം സൂപ്പർവൈസർമാരുടെ ചുമതല ഇരുപത് അങ്കണവാടികൾക്ക് ഒന്ന് എന്ന നിലയിലായതിനാൽ പ്രസ്തുത ശിപാർശ കണക്കി ലെടുത്ത് പുതിയ സൂപ്പർവൈസർ തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഡോ. ടി. കെ. ആനന്ദിയുടെ നേതൃത്വത്തിൽ ഇത്തരത്തിലൊരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല. നിലവിലെ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമമനു സരിച്ചാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക സംസ്ഥാനത്ത് അനുവദി ച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളത്തിൽ ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള 33115 അങ്കണവാടികൾക്കായി 1327 സൂപ്പർവൈസർ തസ്തിക പര്യാപ്തമാണ്. ആയതിനാൽ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## മോഡൽ അങ്കണവാടി

292 (5017) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടിയെ മോഡൽ അങ്കണവാടിയാക്കുന്നതിനായുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്വന്തമായി 10 സെന്റ് സ്ഥലം ലഭ്യമായതും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾക്കാണ് മോഡൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നിർമ്മാണാനുമതി നൽകുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ. വിഹിതവുമായാണ് വകയിരുത്തുന്നത്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ പാലത്തര അങ്കണവാടിയെ മോഡൽ അങ്കണവാടിയായി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിലെ പാലത്തര അങ്കണവാടിയ്ക്ക് 2020-21 സാമ്പത്തികവർഷത്തിൽ 27,64,952 രൂപ വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അങ്കണവാടി ജീവനക്കാരുടെ നിയമനം**

293 (5018) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചാവക്കാട് മുനിസിപ്പാലിറ്റി, പുന്നയൂർ, പുന്നയൂർക്കുളം, വടക്കേക്കാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും ചാവക്കാട് അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്റ്റിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി, ഒരുമനയൂർ പഞ്ചായത്ത്, കടപ്പുറം പഞ്ചായത്ത് എന്നിവിടങ്ങളിലും തളിക്കുളം ഐ.സി.ഡി.എസ്. പ്രോജക്റ്റിലെ എങ്ങണ്ടിയൂർ പഞ്ചായത്തിലും അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) ക്ഷണിച്ച അപേക്ഷകളിൻമേൽ ഇന്റർവ്യൂ, നിയമനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ ഹെൽപ്പർ തസ്തികയിൽ സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടുള്ളതും നിയമനം നടത്തിയിട്ടുമുള്ളതാണ്. സെലക്ഷൻ കമ്മിറ്റിയിലേക്ക് 5 സാമൂഹ്യപ്രവർത്തകരെ

നോമിനേറ്റ് ചെയ്ത് പഞ്ചായത്തിൽനിന്നും ലഭിക്കാത്തതുകാരണം സെലക്ഷൻ കമ്മിറ്റി സമയബന്ധിതമായി രൂപീകരിക്കാൻ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കഴിയാത്ത സാഹചര്യമാണ് സെലക്ഷൻ നടപടികൾ നീണ്ടു പോകുവാൻ കാരണമായിട്ടുള്ളത്. നിലവിൽ, WP(C) No. 24893/2018 മേൽ 26-11-2019-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരണവും നടപടികളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദുചെയ്തിട്ടുണ്ട്.

(സി) അങ്കണവാടികളിൽ ജീവനക്കാരെ അടിയന്തരമായി നിയമിക്കേണ്ടതിനാൽ ഇതുസംബന്ധിച്ചുള്ള തടസ്സം ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അതിയന്നൂർ ഐ.സി.ഡി.എസ്. പ്രോജക്റ്റിലുൾപ്പെട്ട നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ അങ്കണവാടി സെലക്ഷൻ ലിസ്റ്റിനെതിരെ ആക്ഷേപമുന്നയിച്ച് ശ്രീമതി. മോനിഷ എം.എസ്. -ഉം കൂട്ടരും ഫയൽ ചെയ്ത WP(C) No. 24893/ 2018 മേൽ 26-11-2019-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായമനുസരിച്ച് നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ സെലക്ഷൻ ലിസ്റ്റ് റദ്ദാക്കുകയും മറ്റിടങ്ങളിൽ 26-11-2019-ന് മുൻപ് പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരണമുൾപ്പെടെയുള്ള നടപടി പൂർത്തിയായിട്ടുണ്ടെങ്കിൽ മാത്രം ആയത് നിലനിൽക്കുന്നതാണെന്നും അല്ലാത്തപക്ഷം പുതിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലേ പുതിയ സെലക്ഷൻ നടപടികൾ സ്വീകരിക്കാവൂ എന്നും ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ 30-9-2020-ൽ WA No. 730/2020 നമ്പറായി റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് അപ്പീലിൽ അന്തിമവിധിവരുന്ന മുറയ്ക്ക് മാത്രമേ സെലക്ഷൻ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. അങ്കണവാടി നിയമനങ്ങളിൽ കൂടുതൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും വേഗതയും ഉറപ്പാക്കുന്നതിന് പ്രസ്തുത ജീവനക്കാരുടെ നിയമന സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ചുള്ള വിഷയം പരിഗണനയിലാണ്.

**വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനം**

294 (5019) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ രൂപീകരിച്ച വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് എന്തെല്ലാം ശ്രമങ്ങളാണ് വകുപ്പ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ?

2016-2021 കാലയളവിൽ രൂപീകരിച്ച വനിത ശിശു വികസന വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിൽ എത്തിയ്ക്കുവാൻ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി വിവിധപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതിനൊപ്പം ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ സമൂഹത്തിൽ വ്യാപക ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ഒറ്റപ്പെട്ട് കഴിയുന്ന സ്ത്രീകൾ, വിധവകൾ, HIV ബാധിതർ, ലൈംഗിക തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും വകുപ്പ് ഉദ്ദേശിക്കുന്നു. വനിതാ ശിശു വികസനവകുപ്പ് സ്ത്രീകളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്ന വിവിധപദ്ധതികളുടെ വിശദാംശം അനുബന്ധം- 1 ആയി* ചേർക്കുന്നു.

(ബി) കേരളത്തെ മാതൃശിശു സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് സമഗ്രമായ രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ?

പൊതുയിടങ്ങളിൽ മാതൃശിശു സൗഹാർദ്ദമാക്കുവാൻ Breast Feeding pod-കൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസവാനന്തരം ഒരു മണിക്കൂറിനുള്ളിൽ മുലയൂട്ടൽ ആരംഭിക്കൽ, ആറുമാസംവരെ മുലയൂട്ടുന്ന അമ്മമാരുടെ ശതമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് പരിഹരിക്കൽ എന്നിവയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

വനിത ശിശു വികസന വകുപ്പിൻ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ ലഭ്യമാകുന്ന സഹായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയിചേർക്കുന്നു.*

(ഡി) ആദിവാസി മേഖലകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുഞ്ഞുജനിച്ച് ആദ്യ ഒരു മണിക്കൂറിനുള്ളിൽ മുലപ്പാൽ നൽകുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും 6 മാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിനെപ്പറ്റിയും തുടർന്ന് മറ്റു പോഷകാഹാരത്തോടൊപ്പം മുലപ്പാൽ നൽകുന്നതിന്റെ ആവശ്യകതയെ പറ്റിയും സംയോജിത ശിശു വികസന പദ്ധതിയുടെ മേൽനോട്ടത്തിൽ അങ്കണവാടി പ്രവർത്തകർ മുഖേന കേരളമൊട്ടാകെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലാടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസർമാർ, സി.ഡി.പി.ഒ. എന്നിവരുടെ ആഭിമുഖ്യത്തിൽ വെബ്ബിനാർ സംഘടിപ്പിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ

295 (5020) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## നെല്ല് സംഭരണം

296 (5021) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് മുൻവർഷങ്ങളിലുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒന്നാം വിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയ്ക്ക് സ്വന്തമായി മില്ലുകൾ ഇല്ലാത്തതിനാൽ സംസ്ഥാനത്തെ സ്വകാര്യ മില്ലുകളുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടുകൊണ്ടാണ് പ്രസ്തുത പദ്ധതി നിർവ്വഹിച്ചു വരുന്നത്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളുമായുള്ള തർക്കംമൂലം മുൻ സീസണിലെ (2020-21 സീസൺ) നെല്ല് സംഭരണം ചെറിയ കാലയളവിൽ തടസ്സപ്പെട്ടിരുന്നു. ഈക്കാര്യത്തിൽ കർഷകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുകയും അതിനെതുടർന്ന് സംസ്ഥാന സർക്കാർ വിഷയത്തിൽ സത്വരമായി ഇടപെട്ടുകൊണ്ട് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ മുഖാന്തിരം നെല്ല് സംഭരണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ തുടരുവാൻവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ നെല്ല് സംഭരണ സീസൺ തീരുമാനിക്കുന്നത് കേന്ദ്രസർക്കാർ ആയതിനാൽ കേന്ദ്ര നിർദ്ദേശാനുസരണമാണ് അതത് സീസണുകളിലെ നെല്ല് സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത്. 2021-22 സീസണിലെ നെല്ല് സംഭരണം കേന്ദ്ര സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കർഷക രജിസ്ട്രേഷൻ നടപടികൾ ആഗസ്റ്റ് പകുതിയോടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങുവാനുള്ള നടപടികളും സംഭരണ പ്രവർത്തനങ്ങൾ സുഗമമായി തുടരുന്നതിനായി സപ്ലൈകോയും മില്ലുടമകളുമായുള്ള ചർച്ചകളും പുരോഗമിച്ചുവരുന്നു. കൂടാതെ നെല്ല് സംഭരണം കൂടുതൽ കർഷക സൗഹൃദമാക്കുന്നതിനുവേണ്ടി കർഷകർ, മില്ലുടമകൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ജില്ലതിരിച്ചുള്ള യോഗങ്ങൾ സംഘടിപ്പിക്കും. പാലക്കാട് ജില്ലയുടെ യോഗം 11-10-2021-ന് ചേരും.

## ഭക്ഷ്യകിറ്റ് വിതരണം

297 (5022) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ കാലത്ത് എത്ര കുടുംബങ്ങൾക്കാണ് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളത്; ജില്ലതിരിച്ച് ഓരോ മാസത്തേയും കണക്കുകൾ ലഭ്യമാക്കാമോ?

അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് ഇക്കാര്യത്തിന് എത്രപണം ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

2021 ജൂൺ വരെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി 5053.65 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യകിറ്റ് വേണ്ടെന്നറിയിച്ച എത്ര കുടുംബങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ?

നിലവിൽ എട്ട് ഗുണഭോക്താക്കൾ ഭക്ഷ്യകിറ്റ് വേണ്ടെന്നറിയിച്ചിട്ടുണ്ട്.

## വിശപ്പ് രഹിത കേരളം പദ്ധതി

298 (5023) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വിശപ്പുരഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ, തൃശ്ശൂർ, കോട്ടയം.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ രീതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി ലഭ്യമാക്കുകവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വിശപ്പുരഹിത കേരളം പദ്ധതി 2017-ൽ ആലപ്പുഴ ജില്ലയിൽ ആരംഭിച്ചത്. പദ്ധതിയുടെ ഒന്നാംഘട്ടമായി ആലപ്പുഴ നഗരസഭാപരിധിയിൽ കിടപ്പുരോഗികൾക്ക് അവരവരുടെ വീടുകളിൽ ഭക്ഷണം സൗജന്യമായി എത്തിച്ചുനല്കുകയും രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കുറഞ്ഞ വിലയ്ക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തു. ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചു നല്കുന്നതിന് ഭക്ഷണത്തിന്റെ വിലയായി ഊൺ ഒന്നിന് 25 രൂപയും കൈകാര്യചെലവായി 5 രൂപയും ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ നല്കിവരുന്നുണ്ട്. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചയൂണ് പാചകം ചെയ്ത് വിതരണം നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവരുമായി കരാറുണ്ടാക്കി 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം പൊതുജനങ്ങൾക്ക് നല്കിവരുന്നുണ്ട്. ഉച്ചഭക്ഷണത്തിനു പുറമെ മറ്റ് വിഭവങ്ങളും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ ഭക്ഷണശാലകളിൽ നിന്നും വിതരണം നടത്തുന്നുണ്ട്.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കിടപ്പുരോഗികൾ, അശരണർ, വാസസ്ഥലത്ത് ഭക്ഷണം ലഭ്യമാക്കേണ്ടവർ എന്നിങ്ങനെയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് കുടുംബശ്രീ, ആശാവർക്കർമാർ, ഐ.സി.ഡി.എസ്., പാലിയേറ്റീവ് കെയർ സെന്റർ എന്നിവരുടെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ കണ്ടെത്തി താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധനനടത്തി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചുനല്കുകയാണ് ചെയ്യുന്നത്.

**വാമനപുരം മണ്ഡലത്തിലെ ഭക്ഷ്യവകുപ്പ് പദ്ധതികൾ**

299 (5024) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ൽ അനുശാസിക്കുന്ന എല്ലാ പ്രവർത്തനങ്ങളും വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വാമനപുരം മാവേലി സ്റ്റോർ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി മാവേലി സൂപ്പർസ്റ്റോറായി ഉയർത്തി പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. കൂടാതെ, നന്ദിയോട് മാവേലി സ്റ്റോർ, പനവൂർ മാവേലിസ്റ്റോർ എന്നിവയും കെട്ടിടമാറ്റം നടത്തി സപ്ലൈകോ സൂപ്പർമാർക്കറ്റായി ഉയർത്തി പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാനിരിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ കളമച്ചലിൽ പുതിയ മാവേലി സൂപ്പർ സ്റ്റോർ ആരംഭിക്കുന്നതിനായി ഒരു പ്രപ്പോസൽ ലഭ്യമായിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശത്തിന് സമീപസ്ഥലങ്ങളിലെ സപ്ലൈകോ വിൽപ്പനശാലകളുടെ വിവരവും അവയുടെ പ്രതിമാസ വിറ്റുവരവിനെ പ്രസ്തുത പ്രപ്പോസൽ എങ്ങിനെ ബാധിക്കുമെന്നതും, ജീവനക്കാരുടെ ലഭ്യതാ വിവരങ്ങളും പുതിയ വിൽപ്പനശാലകളുടെ വിപണന സാദ്ധ്യതയും കൂടി പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രത അലവൻസ്

300 (5025) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രത അലവൻസ് സപ്ലൈകോയുടെ സഹകരണത്തോടെ ഭക്ഷ്യധാന്യ കിറ്റുകളായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർക്കാർ ഉത്തരവുപ്രകാരം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണം സപ്ലൈകോ ഭക്ഷ്യധാന്യ വിഹിതവും ഭക്ഷ്യഭദ്രതാ അലവൻസിനു തുല്യമായ തുകയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റും 2020-21 ഏപ്രിൽ മാസം മുതൽ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) സ്കൂൾ തുറക്കാൻ കഴിയാത്ത നിലവിലെ സാഹചര്യത്തിൽ ഭക്ഷ്യഭദ്രത അലവൻസ് തുടർന്നും ഭക്ഷ്യ-ധാന്യകിറ്റുകളായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2021-22 അദ്ധ്യയനവർഷം സംസ്ഥാനത്ത് സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതുവരെ ഭക്ഷ്യധാന്യ വിഹിതവും ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായും വിതരണം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യകിറ്റിൽ കുട്ടികളുടെ താൽപ്പര്യം പരിഗണിച്ച് ബിസ്കറ്റ്, സ്നാക്സ് എന്നിവ ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

2021-22 അദ്ധ്യയനവർഷം ആദ്യഘട്ടമായി വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം കടലമിഠായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രത അലവൻസ് കൂപ്പണുകളായി നൽകി സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിന്നും ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

&

(ഇ) കോവിഡിന്റെ മൂന്നാംതരംഗത്തിന്റെ പശ്ചാത്തലത്തിൽ സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രത അലവൻസ് മുടങ്ങാതെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തിൽ ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യ കിറ്റുകളായാണ് വിതരണം ചെയ്തുവരുന്നത്. സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷ്യഭദ്രതാ അലവൻസ് നിലവിൽ മുടങ്ങാതെ നൽകിവരുന്നുണ്ട്.

## ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന് നൂതന പദ്ധതികൾ

301 (5026) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് വിഭാവനം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 അനുശാസിക്കുന്ന എല്ലാ സംവിധാനങ്ങളും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. പൊതുവിതരണ ശൃംഖല ശാക്തീകരിക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു :

1. വാതിൽപ്പടി വിതരണം കൂടുതൽ സുതാര്യമാക്കുന്നതിന് വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 പ്രകാരമുള്ള മുൻഗണനാ ഒഴിവുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

3. സംസ്ഥാനത്ത് മുൻഗണനാകാർഡിനുള്ള അപേക്ഷ ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈനാക്കുന്നതാണ്.

(ബി) ഇതിന്റെ ഭാഗമായി പൊതുവിതരണ സംവിധാനത്തിലൂടെ പോഷകാഹാര സുരക്ഷ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പോഷകാഹാര പര്യാപ്തത ഉറപ്പുവരുത്തുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയായ സമ്പുഷ്ടീകൃത ധാന്യവിതരണ പദ്ധതി പ്രകാരം റേഷൻകടകൾ വഴി കാർഡുടമകൾക്ക് നൽകുന്ന അരിയോടൊപ്പം അയൺ, ഫോളിക് ആസിഡ് മറ്റ് വിറ്റാമിനുകൾ എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച അരിവിതരണം ചെയ്യുന്നതിന്റെ പൈലറ്റ് പദ്ധതി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. പദ്ധതിയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ പൊതുമേഖലാ സ്ഥാപനമായ Oil Palm India Ltd- ൽ സ്ഥാപിച്ച്, ഫോർട്ടിഫൈഡ് റൈസ് കെർണൽസ്, സപ്ലൈകോ വഴി ടെൻഡർ പ്രകാരം വാങ്ങി മേൽപ്പറഞ്ഞ സ്ഥാപനത്തിലെത്തിച്ച് അരിയും ഫോർട്ടിഫൈഡ് റൈസ് കെർണൽസുമായി 100:1 എന്ന അനുപാതത്തിൽ സാമ്പിൾ പരിശോധനയ്ക്കായി അരി ഫോർട്ടിഫൈ ചെയ്യുകയും ചെയ്തു. പരിശോധനാഫലങ്ങളിൽ ഇരുമ്പിന്റെ അംശം അനുവദനീയമായതിൽ കൂടുതലായതിനാൽ FSSAI-യുടെ നിർദ്ദേശപ്രകാരം അരിയുടെ സാമ്പിളുകൾ വീണ്ടും പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ആയതിൻമേൽ തീരുമാനമാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് പൊതുവിതരണ ശൃംഖല വഴിയുള്ള ഫോർട്ടിഫൈഡ് റൈസ് വിതരണം ആരംഭിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ ഭക്ഷ്യ ഉല്പന്നങ്ങളിൽ പോഷക സമ്പുഷ്ടീകരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. നിലവിൽ സപ്ലൈകോവഴി സമ്പുഷ്ടീകരിച്ച ആട്ട എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും വിതരണം നടത്തിവരുന്നു. കൂടാതെ അരി സമ്പുഷ്ടീകരിച്ച് റേഷൻകടകൾ വഴിയും സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി (MDMS), അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്ന (ICDS) പദ്ധതി എന്നിവവഴി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ

302 (5027) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുകൾ സംബന്ധിച്ച എത്ര പരാതികളാണ് നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിൽ ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

22549 പരാതികൾ, പഞ്ചായത്ത് തിരിച്ചുള്ള എണ്ണം അനുബന്ധം-1 ആയി* ചേർക്കുന്നു.

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. പുതിയ കാർഡിനുള്ള അപേക്ഷകളിൽ അന്വേഷണം ആവശ്യമില്ലാത്തവ സമയ ബന്ധിതമായും ശേഷിക്കുന്നവ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കും തീർപ്പു കൽപ്പിച്ചുവരുന്നു. പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് മുൻഗണനേതര നോൺസബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെങ്കിലും മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അതുപ്രകാരമുള്ള റേഷൻ കാർഡ് അനുവദിച്ചുവരുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണന കാർഡുകളുടെ എണ്ണം പരിമിതമായതിനാലും ലിസ്റ്റിലെ അനർഹരെ ഒഴിവാക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാലും ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ പുതിയ മുൻഗണന കാർഡുകൾക്കുള്ള അപേക്ഷ തീർപ്പാക്കാൻ കഴിയൂ.

(സി) ഫീൽഡ് വിസിറ്റും ഹിയറിംഗും നടത്തി പരിശോധിച്ചതിൽ എത്ര പരാതികളാണ് അർഹതയില്ലാത്തതായി കണ്ടെത്തിയതെന്ന വിവരം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; അർഹരായവരുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ കാർഡുടമകളെ യഥാസമയം രേഖാമൂലം അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

413 പരാതികൾ. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി* ചേർക്കുന്നു. അർഹരായവരുടെ പരാതികളിൽ നടപടി സ്വീകരിച്ച് വിവരം രേഖാ മൂലം/ഫോൺ മുഖേന അറിയിക്കാറുണ്ട്.

(ഡി) ബി.പി.എൽ. കാർഡുകൾ സംബന്ധിച്ച് ജില്ലയിലെ അപ്പീൽ അധികാരി ആരാണെന്ന് അറിയിക്കുമോ; ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടുണ്ടോ?

മുൻഗണനാകാർഡുകളെ സംബന്ധിച്ച് പരാതികൾ താലൂക്ക് തലത്തിൽ തീർപ്പാകാത്തപക്ഷം ഇതുസംബന്ധിച്ചുള്ള അപ്പീൽ അപേക്ഷകൾ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നൽകാവുന്നതാണ്. എന്നാൽ ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടില്ല.

**ഭൂപരിധി മാനദണ്ഡം**

303 (5028) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഭൂപരിധി ഒരു മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഭൂപരിധി നിശ്ചയിച്ചതുമൂലം വയനാട് ജില്ലയിലെയും മറ്റ് മലയോര മേഖലകളിലേയും കർഷകർ മുൻഗണനാ ലിസ്റ്റിൽനിന്നും പുറത്തായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. റേഷൻ മുൻഗണനാവിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ (18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ ഭ.പൊ.വി.വ.) പ്രകാരം പട്ടികവർഗ്ഗക്കാർ ഒഴികെയുള്ളവർക്ക് ഭൂപരിധി ഒരു ഏക്കറായി നിജപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ ഒഴികെ ഒരേക്കറിന് മുകളിൽ ഭൂമിയുള്ള മുൻഗണന കാർഡുകൾ കാർഡുടമയുടെ അപേക്ഷപ്രകാരവും ഫീൽഡ് തല പരിശോധന പ്രകാരവും പൊതുവിഭാഗത്തിലേക്ക് മാറ്റിനൽകിയിട്ടുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം ഒരേക്കറിനു മുകളിൽ ഭൂമിയുള്ളവരെ മുൻഗണനയ്ക്കായി പരിഗണിക്കാൻ കഴിയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതിയ ബി.പി.എൽ. റേഷൻ കാർഡ്

304 (5029) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. റേഷൻ കാർഡ് എ.പി.എൽ. ആയി മാറ്റുന്നതിനുവേണ്ടി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

2021 മേയ് വരെ അനർഹമായ 5.92 ലക്ഷം മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരം അനർഹമായ 75263 മുൻഗണനാ കാർഡുകൾ 2021 ജൂലൈ 15 വരെ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്.

(ബി) പുതുതായി ബി.പി.എൽ. റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡ പ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദ നീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

### മുൻഗണനാ കാർഡിനുള്ള അപേക്ഷകൾ

305 (5030) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

8386 അപേക്ഷകൾ. താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| താലൂക്ക് | അപേക്ഷകളുടെ എണ്ണം |
|---|---|
| കാസർഗോഡ് | 1520 |
| ഹോസ്ദുർഗ്ഗ് | 3003 |
| വെള്ളരിക്കുണ്ട് | 498 |
| മഞ്ചേശ്വരം | 3365 |
| ആകെ | 8386 |

(ബി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

**റേഷൻ കാർഡ് വിതരണം**

306 (5031) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് സമയബന്ധിതമായി കൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സേവനാവകാശ നിയമപ്രകാരം അപേക്ഷ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ റേഷൻ കാർഡ് അനുവദിച്ചുനൽകുന്നുണ്ട്. കൂടുതൽ പരിശോധന ആവശ്യമായ അപേക്ഷകളിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കാർഡ് അനുവദിക്കുന്നതാണ്.

**മുൻഗണനാ റേഷൻ കാർഡ്**

307 (5032) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയില്ലാത്ത മുൻഗണനാ റേഷൻ കാർഡുടമകൾക്കുപകരം അർഹതയുള്ളവരെ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പിൽനിന്നും, നാലുചക്രവാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു. മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റിപ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽ അർഹരെ ഉൾപ്പെടുത്തുന്നുണ്ട്.

**മുൻഗണനാ റേഷൻ കാർഡിനുള്ള അപേക്ഷ**

308 (5033) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാവിഭാഗത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച പരാതി/അപേക്ഷ താലൂക്ക് സപ്ലൈ ഓഫീസർ വഴി നിലവിൽ സ്വീകരിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വരുമാന സർട്ടിഫിക്കറ്റ്, ഗുരുതര രോഗബാധിതൻ ആണെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, മുൻഗണനയ്ക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്നതിന് ഉപോൽബലകമായ മറ്റെന്തെങ്കിലും രേഖയുണ്ടെങ്കിൽ അതിന്റെ പകർപ്പ്.

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അർഹത മാനദണ്ഡങ്ങൾ വിശദമാക്കാമോ;

&

(ഡി) മത്സ്യത്തൊഴിലാളികൾ/ക്യാൻസർ ബാധിതർ/ഡയാലിസിസ് ചെയ്തു വരുന്ന വൃക്കരോഗികൾ/മറ്റ് മാരക രോഗബാധിതർ എന്നിവർ ഉൾപ്പെട്ട കാർഡുകൾ മുൻഗണനാവിഭാഗത്തിലേക്ക് മാറ്റിനൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ?

എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുടമകളാണ് മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ അർഹരായ എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിന് കേന്ദ്രസർക്കാർ മാനദണ്ഡങ്ങളും മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. 1. സാമൂഹ്യമോ കുടുംബപരമോ, ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യരോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ. 2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും. ഇതുകൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വിവ.

(അനുബന്ധം 1 ആയി ചേർക്കുന്നു*) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. പ്രസ്തുത മാനദണ്ഡ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/അസംഘടിത തൊഴിലാളി കുടുംബങ്ങൾ, ക്യാൻസർ ബാധിതർ/ഡയാലിസിസ് ചെയ്തുവരുന്ന വൃക്കരോഗികൾ/മറ്റ് മാരക രോഗബാധിതർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, ഗുരുതരരോഗബാധ എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ ഭ.പൊ.വി.വ. (അനുബന്ധം 2 ആയി ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**മുൻഗണനാ റേഷൻ കാർഡുകൾ**

309 (5034) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹർ കൈവശംവച്ചുവരുന്ന മുൻഗണനാ റേഷൻകാർഡുകൾ തിരികെ ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയം ഭരണ വകുപ്പിൽനിന്നും, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാപട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. കൂടാതെ നിലവിൽ എ.എ.വൈ./മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഡുകളുടെ അർഹത പുനഃപരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

(ബി) നാട്ടിലെ സന്നദ്ധ സംഘടനകൾ/നാട്ടുകാർ നിർമ്മിച്ച് നൽകിയ വീടിന്റെ വിസ്തീർണം ആയിരം ചതുരശ്ര അടിയിൽ കൂടിയതിനാൽ ബി.പി.എൽ. മുൻഗണനാലിസ്റ്റിൽ നിന്നും അർഹർ ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) നിർദ്ധന കുടുംബങ്ങൾക്ക് സന്നദ്ധ സംഘടനകളും മറ്റും നിർമ്മിച്ച് നൽകുന്ന വീടുകളുടെ വിസ്തീർണം സംബന്ധിച്ച് ബി.പി.എൽ. മുൻഗണനാ മാനദണ്ഡത്തിൽ ഇളവ് നൽകുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മുൻഗണനാപട്ടികയിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ, അത്തരം കാർഡുടമകൾ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, ഗുരുതരരോഗബാധ എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ ഭ.പൊ.വി.വ. (അനുബന്ധം ആയി* ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കാൻ നടപടി**

310 (5035) <u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

&

(ബി) പുതിയ റേഷൻ കാർഡുകൾക്ക് അപേക്ഷിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കാർഡ് അനുവദിച്ചുവരുന്നുണ്ട്. പുതിയ റേഷൻ കാർഡിനായി അപേക്ഷകന് സ്വന്തമായി CITIZEN LOGIN മുഖേനയോ അക്ഷയ മുഖേനയോ അപേക്ഷിക്കാവുന്നതാണ്. റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതുകൂടാതെ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം ലഘൂകരിച്ചിട്ടുണ്ട്. എൻ.പി.എൻ.എസ്. കാർഡ് മാത്രം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റിനുപകരം വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും. പഞ്ചായത്ത് ഓഫീസുകളിൽനിന്നും ഹാജരാക്കിക്കൊണ്ടിരുന്ന താമസം തെളിയിക്കുന്നതിനുള്ള രേഖ (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്)കൾക്ക് പകരം നടപ്പു സാമ്പത്തിക വർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത്, ഇലക്ട്രിസിറ്റി ബില്ല്, വാട്ടർ ബിൽ, ലാൻഡ് ഫോൺ ബിൽ, എൽ.പി.ജി. വൗച്ചർ/ബില്ല്, ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന, നോൺ ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒ.-യുടെ സാക്ഷ്യപത്രം, പൊതുമേഖലാ സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം, ദേശസാത്കൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡ്, ഇലക്ടൽ ഐ.ഡി. പകർപ്പ്, സാധുവായ വാടകക്കരാർ എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മതിയാകും. ഒരിടത്തും റേഷൻകാർഡിൽ പേരില്ലാത്തവർ ജനപ്രതിനിധികളുടെ ശിപാർശ കത്തിനു പകരം ആധാർകാർഡ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിലുള്ളതോ ആയിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുതരേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് 3 മാസത്തിനകം ലഭിച്ചവയുമാകേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോധ്യപ്പെടുന്നപക്ഷം കാർഡ് അനുവദിക്കുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിനായി വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്.

(സി) റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, അളവ്, വില എന്നിവ ഗുണഭോക്താക്കളെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

റേഷൻ കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേക്ക് എസ്.എം.എസ് ആയും, ഔദ്യോഗിക ഫേസ് ബുക്ക് പേജ് [Department of Food & Civil Supplies, Kerala (https://www.facebook.com/ccstvm)] മുഖേനയും, വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് (https://civilsupplieskerala.gov.in) മുഖേനയും പ്രതിമാസ ഭക്ഷ്യധാന്യവിഹിതം സംബന്ധിച്ച് അറിയിപ്പ് നൽകുന്നുണ്ട്.

### പെൻഷൻ വരുമാനക്കാർക്ക് മുൻഗണനാ കാർഡ്

311 (5036) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് ഇ.പി.എഫ്. മുതലായ പെൻഷൻ വരുമാനക്കാരെ അവരുടെ വരുമാനപരിധിക്കനുസരിച്ച് തരംതിരിച്ച് മുൻഗണനാ വിഭാഗങ്ങളിലുൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 ആയി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ, ഏറ്റവും അർഹരായവരെ കണ്ടെത്തി പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള മാനദണ്ഡപ്രകാരം (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു) ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000 രൂപയിൽത്താഴെ പെൻഷൻ വാങ്ങുന്നവർ, 10,000 രൂപയിൽത്താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### മുൻഗണനാ ലിസ്റ്റിലെ അനർഹർ

312 (5037) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ; അറിയിക്കുമോ?

ഇല്ല. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആണ്.

(ബി) സംസ്ഥാനത്താകെ അനർഹരായ എത്രപേർ ഇത്തരത്തിൽ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

6,68,122. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുൻഗണനാലിസ്റ്റിൽനിന്നും ഒഴിവാക്കാൻ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ ഒഴിവാകാത്ത എത്ര കാർഡുടമകളുണ്ട്; ഇവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനർഹമായ മുൻഗണനാകാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് 2021, ജൂലൈ 15 വരെ 75263 കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്. പരിശോധനയിൽ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തുന്നവർക്കെതിരെ KTPDS (Control) Order-ലെ ഖണ്ഡിക 11 പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1. നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ.
2. കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖല, സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ജീവനക്കാരാണെങ്കിൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ.
3. റേഷൻ കാർഡ് റദ്ദാക്കൽ.
4. കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച നിരക്കിൽ (ഇക്കണോമിക്/ കമ്പോള നിരക്ക്) സർക്കാരിനുണ്ടായ നഷ്ടം വീണ്ടെടുക്കൽ.

**കോട്ടക്കൽ രാങ്ങാട്ടൂരിൽ പുതിയ റേഷൻകട**

313 (5038) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ രാങ്ങാട്ടൂർ കേന്ദ്രീകരിച്ച് ഒരു റേഷൻകട ആരംഭിക്കണമെന്ന റിപ്പോർട്ട് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

26-2-2021-ലെ സർക്കാർ ഉത്തരവ് നമ്പർ 118/2021/ഭ.പൊ.വി.വ. പ്രകാരം രാങ്ങാട്ടൂർ കേന്ദ്രീകരിച്ച് റേഷൻകട ആരംഭിക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ഓഫീസർക്ക് വിജ്ഞാപനം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## റേഷൻ വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം

314 (5039) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ രൂപപ്പെടുത്തുവാൻ വിഭാവനം ചെയ്ത വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയവയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കാമോ;

&

(സി) ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ച് 17-8-2018-ലെ 420/2018/ ഭ.പൊ.വി.വ., 419/2018/ഭ.പൊ.വി.വ, 418/2018/ഭ.പൊ.വി.വ, 417/2018/ ഭ.പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട എന്നിങ്ങനെ നാലു തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ല, താലൂക്ക് തല കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാരുടെ മേൽനോട്ടത്തിൽ റേഷൻകടതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ, നിയമസഭാ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞിട്ടുള്ള പശ്ചാത്തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാന, ജില്ല, താലൂക്ക് തല കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകൾ

315 (5040) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രയോജനം ഉൾവനങ്ങളിലുള്ള ഏതെല്ലാം പട്ടികവർഗ്ഗ കോളനികൾക്കാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ; കൂടുതൽ പട്ടികവർഗ്ഗ കോളനികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുമതി നൽകുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

അമ്പുമല, മുണ്ടികടവ്, നെടുങ്കയം, ഉച്ചക്കുളം എന്നീ ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' നിലവിൽ പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി അരിയും ഗോതമ്പും ഭക്ഷ്യക്കിറ്റുകളും മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂവെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വൈദ്യുതീകരണം നടക്കാത്ത പട്ടികവർഗ്ഗ കോളനികളിലേക്ക് മണ്ണെണ്ണയും പഞ്ചസാരയും അടക്കമുള്ളവ സഞ്ചരിക്കുന്ന റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. പദ്ധതിയുടെ തുടക്കകാലത്ത് സഞ്ചരിക്കുന്ന റേഷൻകടകൾ വഴി മണ്ണെണ്ണ, പഞ്ചസാര എന്നിവ നൽകിയിരുന്നു. എന്നാൽ പണം നൽകി ഈ സാധനങ്ങൾ വാങ്ങുന്നതിന് ഉപഭോക്താക്കൾ തയ്യാറാകാതിരുന്നതിനാൽ നിലവിൽ അരിയും ഗോതമ്പും ഭക്ഷ്യകിറ്റുകളും മാത്രമാണ് വിതരണം ചെയ്യുന്നത്.

(സി) സഞ്ചരിക്കുന്ന റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ യഥാർത്ഥ കാർഡുടമകൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; ഇതിനായി റേഷനിംഗ് ഇൻസ്പെക്ടർ കൂടെ പോകണ മെന്ന നിർദ്ദേശം പ്രായോഗികമാണോ എന്നറിയിക്കാമോ;

&

(ഡി) വിതരണം ഇ-പോസ് മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിൽ ആക്കിയാൽ യഥാർത്ഥ കാർഡുടമകൾക്ക് റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനാകില്ലേ എന്നറിയിക്കാമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ആദിവാസി മേഖലകളിൽ ഭൂരിഭാഗം കാർഡ് അംഗങ്ങൾക്കും ആധാർ ഇല്ലാത്തതിനാൽ ഇ-പോസ് മുഖാന്തരമുള്ള റേഷൻ വിതരണം ദുഷ്കരമായതിനാൽ റേഷൻ കാർഡുമായി വരുന്നവർക്കാണ് റേഷൻ നൽകിവരുന്നത്. "സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' യുടെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റേഷൻകട ലൈസൻസി, എസ്.ടി. പ്രൊമോട്ടർ എന്നിവരാണ് റേഷൻ സാധനങ്ങൾ വിതരണംനടത്തുന്നത്. വന്യജീവികളുടെ ആക്രമണം, ഗതാഗത യോഗ്യമല്ലാത്ത കാട്ടുപാതകൾ, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ പ്രസ്തുത ജീവനക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാറുണ്ട്. ടി സ്ഥലങ്ങളിൽ നെറ്റ്വർക്ക് കവറേജ് ഇല്ലാത്തതിനാൽ

വിതരണം ഇ-പോസ് മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിൽ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ യഥാർത്ഥ കാർഡുടമകൾക്ക് റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ റേഷനിംഗ് ഇൻസ്പെക്ടർ, എസ്.ടി. പ്രൊമോട്ടർ എന്നിവരുടെ സേവനം സഹായിക്കുന്നുണ്ട്.

## ഭക്ഷ്യധാന്യ വിഹിതം

316 (5041) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ തോത് എത്രയാണ്; അർഹതപ്പെട്ട അളവ് ധാന്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന് ഭക്ഷ്യഭദ്രതാ നിയമപ്രകാരം പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഓരോ വിഭാഗത്തിനും ലഭ്യമായ അളവ് അനുബന്ധമായി ചേർത്തിരിക്കുന്നു*. മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടിവരുന്ന 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കിവരുന്ന 4 ലക്ഷം മെട്രിക് ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ടത്. എ.എ.വൈ./ മുൻഗണനാവിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻ കാലങ്ങളിൽ അധിക വിഹിതമുൾപ്പടെ എ.പി.എൽ. വിഭാഗത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ പ്രതിമാസം 27,958 മെട്രിക് ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാംവിധം നൽകുന്നതിന് അപര്യാപ്തമായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധിതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല. എൻ.എഫ്.എസ്.എ. പ്രാബല്യത്തിൽ വരുന്നതിന് 3 വർഷം പിറകോട്ടുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ബി.പി.എൽ. അധിക വിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000-ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭദശയിൽ ബി.പി.എൽ. വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും ബി.പി.എൽ. വിഭാഗത്തിലേക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്കുകൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനാണ് ബി.പി.എൽ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികവിഹിതം നൽകിയിരുന്നതെന്നും ആയതിനാലാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയപ്പോൾ ബി.പി.എൽ. അധികവിഹിതം പരിഗണിക്കാതിരുന്നതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതിതന്നെ അവലംബിച്ചിരിക്കുന്നതിനാൽ ഇതിൽ മാറ്റംവരുത്താനാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തിന് ലഭിക്കേണ്ട മണ്ണെണ്ണയുടെയും പഞ്ചസാരയുടെയും തോതിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 സാമ്പത്തികവർഷത്തിൽ 9264 KL സബ്സിഡി മണ്ണെണ്ണയാണ് കേന്ദ്രത്തിൽനിന്നും ഓരോ പാദത്തിലും ലഭിച്ചുകൊണ്ടിരുന്നത്. ഇത് എല്ലാവിഭാഗം കാർഡുകൾക്കും 1/2 ലിറ്റർ, (നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് 4 ലിറ്റർ) എന്ന തോതിൽ എല്ലാ മാസവും നൽകിയിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിലെ ഒന്നാംപാദം മുതൽ ടി വിഹിതം വീണ്ടും 6480 KL ആയി കുറച്ചിരുന്നു. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വിതരണരീതി തന്നെ മാറ്റുകയുണ്ടായി. മൂന്ന് മാസത്തിലൊരിക്കലാണ് ഇപ്പോൾ മണ്ണെണ്ണ വിതരണം നടത്തുന്നത്. വിതരണ തോത് AAY, PHH കാർഡുകൾക്ക് ഒരു ലിറ്ററും NPS, NPNS കാർഡുകൾക്ക് അര ലിറ്ററുമാണ് (നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് 8 ലിറ്റർ). 2016-17 സാമ്പത്തിക വർഷം വരെ കേന്ദ്രത്തിൽനിന്നും പ്രതിമാസം 4103 MT പഞ്ചസാരയ്ക്കാണ് സബ്സിഡി ലഭ്യമായത്. ഇത് ഉപയോഗിച്ച് അന്ന് നിലവിലുണ്ടായിരുന്ന എ.എ.വൈ./ബി.പി.എൽ. കാർഡുകൾക്ക് പഞ്ചസാര വിതരണം നടത്തിയിരുന്നു. എന്നാൽ NFSA 2013 നടപ്പിൽ വന്നതോടുകൂടി ബി.പി.എൽ. വിഭാഗം ഇല്ലാതായതിന്റെ അടിസ്ഥാനത്തിൽ പഞ്ചസാരയ്ക്കുള്ള സബ്സിഡി എ.എ.വൈ. വിഭാഗത്തിനുമാത്രമായി കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിരുന്നു. ആയത് അനുസരിച്ച് എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് ഒരു കിലോ നിരക്കിൽ വിതരണം നടത്തുന്നതിന് 595.8 MT പഞ്ചസാരയ്ക്കാണ് നിലവിൽ സബ്സിഡി ലഭ്യമാകുന്നത്.

**വയനാട് ജില്ലയിലെ ഭക്ഷ്യക്കിറ്റ് വിതരണം**

317 (5042) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ എത്ര റേഷൻ കാർഡുടമകളാണ് സൗജന്യ ഭക്ഷ്യക്കിറ്റ് വാങ്ങുന്നത്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2021 ജൂൺ മാസത്തിലെ സൗജന്യ ഭക്ഷ്യക്കിറ്റുകൾ വാങ്ങിയ റേഷൻ കാർഡുടമകളുടെ എണ്ണം വൈത്തിരി - 67230 ബത്തേരി - 79552 മാനന്തവാടി - 66690.

(ബി) വയനാട് ജില്ലയിൽ 2021 ജനുവരി മുതൽ എത്ര പുതിയ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വൈത്തിരി - 1322 ബത്തേരി - 1328 മാനന്തവാടി - 1289.

**ഓണച്ചന്തകൾ**

318 (5043) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഓണത്തിന് എല്ലാ റേഷൻ കാർഡുടമകൾക്കും പച്ചക്കറിയും മറ്റ് ഭക്ഷ്യസാധനങ്ങളും നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

16 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഓണക്കിറ്റാണ് ഈ വർഷം സപ്ലൈകോ മുഖേന തയ്യാറാക്കി റേഷൻകടകൾ മുഖേന കാർഡുടമകൾക്ക് എത്തിക്കുന്നത്. ആദ്യപടിയായി എ.എ.വൈ. വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്കുള്ള കിറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. സപ്ലൈകോ മുഖേന ഓണത്തിന് വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളടങ്ങിയ കിറ്റിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് റേഷൻകാർഡുടമകൾക്ക് പച്ചക്കറി വിതരണം ചെയ്യുന്നില്ല. ഓണച്ചന്തകളോടനുബന്ധിച്ച് പ്രാദേശീയ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സപ്ലൈകോ ഔട്ട് ലെറ്റുകളോടനുബന്ധിച്ച് കർഷക കൂട്ടായ്മകൾ/സംഘങ്ങൾ എന്നിവർക്ക് സ്റ്റാൾ നടത്തുന്നതിന് സ്ഥലം സൗജന്യമായി നൽകുന്നുണ്ട്.

(ബി) ഓണത്തിന് കൂടുതൽ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി 14 ജില്ലാ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ജില്ലാതല ഓണം മേളകൾ മാത്രമാണ് പ്രത്യേകമായി സ്ഥലം കണ്ടെത്തിയും പന്തലുകൾ തയ്യാറാക്കിയും അതത് ജില്ലാ ഭരണാധികാരികളുടെ അനുമതിക്ക് വിധേയമായി ഒരുക്കുന്നത്. ജില്ലാതല ഓണം മേളകൾ ഓഗസ്റ്റ് 11 ന് ആരംഭിച്ച് 20-ന് സമാപിക്കും. താലൂക്ക് കേന്ദ്രങ്ങളിലുള്ള 75 താലൂക്ക് ഫെയറുകൾ, മറ്റ് നിയമസഭാമണ്ഡലങ്ങൾ കേന്ദ്രീകരിച്ചുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

60 ഓണം മാർക്കറ്റുകൾ എന്നിവ സപ്ലൈകോയുടെ പ്രമുഖ വിൽപ്പനശാലകളോട് അനുബന്ധമായാണ് ഈ വർഷം നടത്തുന്നത്. ഈ മേളകൾ ഓഗസ്റ്റ് 16-ന് ആരംഭിച്ച് ഓഗസ്റ്റ് 20-ന് സമാപിക്കും. ഇതേ കാലയളവിൽ, സപ്ലൈകോയുടെ മറ്റ് വിൽപ്പനശാലകളെല്ലാം ഓണം മിനിഫെയറുകളായി പ്രവർത്തിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 1498 ഫെയറുകൾ പ്രവർത്തിപ്പിക്കും. എല്ലാത്തരം ഓണം മേളകളിലും സബ്സിഡി ഇതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതാണ്. ജില്ലാ ഓണം മേളകളിൽ പച്ചക്കറി വിതരണത്തിന് ഹോർട്ടികോർപ്പ്, കർഷക കൂട്ടായ്മകൾ, മറ്റ് പ്രാദേശിക ഇനങ്ങളുടെ വിപണനത്തിന് കുടുംബശ്രീ തുടങ്ങിയ സർക്കാർ ഏജൻസികളുടെ സ്റ്റാളുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**അശാസ്ത്രീയ ഗോഡൗണുകൾ ഒഴിവാക്കാൻ നടപടി**

319 (5044) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 അനുസരിച്ച് സ്വകാര്യ മൊത്ത വിതരണക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് വാതിൽപടി വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗോഡൗണുകളിൽ നിന്ന് ഉപയോഗശൂന്യമായ/നശിച്ച എത്ര ടൺ ഭക്ഷ്യധാന്യങ്ങളുണ്ടെന്നുള്ള കണക്ക് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ വിതരണ യോഗ്യമല്ലാത്ത ഭക്ഷ്യധാന്യങ്ങൾ തരംതിരിക്കുന്നതിന് രൂപീകരിച്ച സാങ്കേതിക സമിതി റിപ്പോർട്ട് പ്രകാരം എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ 2703.763 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ടി കമ്മിറ്റി ശിപാർശ പ്രകാരം മിൽ ക്ലീൻ ചെയ്യാവുന്നവ, കാലിത്തീറ്റയായി ഉപയോഗിക്കാവുന്നവ, വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാവുന്നവ, ഡമ്പിംഗ് ചെയ്യാവുന്നവ എന്നിങ്ങനെ തരംതിരിച്ച് തുടർനടപടികൾ സപ്ലൈകോ മുഖേന സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

46

(സി) അശാസ്ത്രീയമായ ഗോഡൗണുകൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശാസ്ത്രീയ ഗോഡൗണുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. അശാസ്ത്രീയമായ ഗോഡൗണുകൾ പ്രവർത്തിക്കുന്ന താലൂക്കുകളിൽ സപ്ലൈകോ മാനദണ്ഡപ്രകാരം ശാസ്ത്രീയഗോഡൗണുകൾ പണിത് ലഭ്യമാക്കുന്നതിന് EOI പ്രകാരം അപേക്ഷക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിൽ മേൽനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ഡി) വാതിൽപ്പടി വിതരണം സപ്ലൈകോയെ ഒഴിവാക്കി വകുപ്പുതലത്തിൽ ഏറ്റെടുത്ത് നടത്താൻ തീരുമാനമുണ്ടോ?

വാതിൽപ്പടി വിതരണം സപ്ലൈകോയെ ഒഴിവാക്കി വകുപ്പുതലത്തിൽ ഏറ്റെടുത്ത് നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി ഇതുസംബന്ധിച്ചുള്ള ചർച്ചകൾ നടത്തിവരുന്നു.

(ഇ) റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തി ഗോഡൗൺ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഇക്കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

## ഭക്ഷ്യക്കിറ്റ് വിതരണം

320 (5045) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണത്തിന് ഓരോ മാസവും ചെലവഴിക്കുന്ന തുക എത്രയെന്നും റേഷൻ കാർഡുടമകളുടെ/ കുടുംബങ്ങളുടെ എണ്ണവും അറിയിക്കുമോ?

സൗജന്യ ഭക്ഷ്യ കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 2021 ജൂൺ വരെ 5053.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോ വിവിധ മാസങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത ഭക്ഷ്യക്കിറ്റിന് കേന്ദ്രവിഹിതം അനുവദിച്ചിട്ടുണ്ടോയെന്നും സംസ്ഥാനം ഇതിലേക്ക് മാറ്റിവച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ?

ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രസർക്കാർ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടില്ല. ഭക്ഷ്യകിറ്റ് വിതരണത്തിനായി ഓരോ ഘട്ടത്തിലും വേണ്ടിവരുന്ന തുക സപ്ലൈകോയുടെ ശിപാർശപ്രകാരമാണ് അനുവദിച്ചുനൽകാറുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണ്ണെണ്ണ വിതരണം

321 (5046) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകൾക്കായി മണ്ണെണ്ണ വിതരണം പരിമിതപ്പെടുത്തിയ ഉത്തരവ് പുനഃപരിശോധിച്ച് കേന്ദ്രത്തിൽ നിന്നും കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കി എല്ലാ ജില്ലകളിലും മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

മത്സ്യബന്ധന പെർമിറ്റുകൾക്ക് അനുവദിച്ച നോൺ-സബ്സിഡി മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുള്ള 9 തീരദേശ ജില്ലകളിലും വിതരണം ചെയ്തിരുന്നു. ശേഷിച്ച മണ്ണെണ്ണയാണ് കോട്ടയം, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ വിതരണം ചെയ്തത്.

(ബി) വൈദ്യുതി ഇല്ലാത്ത വീടുകൾക്കുള്ള മണ്ണെണ്ണ വിതരണം നിലവിലുള്ള മൂന്ന് മാസത്തിന് എട്ട് ലിറ്റർ എന്നത് മുൻപുണ്ടായിരുന്ന ഒരു മാസം നാല് ലിറ്റർ എന്ന തോതിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തികവർഷത്തിൽ കേന്ദ്രത്തിൽ നിന്നുള്ള മണ്ണെണ്ണയിൽ വന്ന ഗണ്യമായ കുറവ് ക്രമീകരിക്കുന്നതിനാണ് വൈദ്യുതീകരിക്കാത്ത വീടുകൾക്ക് മൂന്ന് മാസത്തിലൊരിക്കൽ 8 ലിറ്റർ എന്ന അളവിൽ വിതരണം പുനഃക്രമീകരിച്ചത്. കൂടാതെ മാസംതോറും 1/2 ലിറ്റർ വീതം AAY, PHH, NPS, NPNS എന്നീ വിഭാഗത്തിനും കുറവ് വരുത്തിയിരുന്നു AAY, PHH എന്നീ കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1 ലിറ്റർ മണ്ണെണ്ണയും NPS, NPNS കാർഡുകൾക്ക് മൂന്നുമാസത്തി ലൊരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയുമാണ് നിലവിൽ നൽകിവരുന്നത്.

(സി) പയറുവർഗ്ഗങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വിതരണംചെയ്യുന്ന സബ്സിഡി ഭക്ഷ്യ ധാന്യങ്ങൾ റേഷൻ ഡിപ്പോകൾ വഴി വിതരണം നടത്തുന്നതിന് 27-7-2021-ലെ ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ സ.ഉ.(സാധാ)നമ്പർ 302/21/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) വിശപ്പുരഹിത കേരളം പദ്ധതി പ്രകാരമുള്ള സുഭിക്ഷ ഹോട്ടലുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വിശപ്പുരഹിത കേരളം പദ്ധതി നിലവിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലും, തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, പെരിഞ്ഞനം എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിലും നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലും തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച നടപടികൾ അവസാനഘട്ടത്തിലാണ്. ടി പദ്ധതി പ്രകാരം സുഭിക്ഷാ ഹോട്ടലുകൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയിലും ഹോട്ടലുകൾ ആരംഭിക്കുന്നതിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ഥലം കണ്ടെത്തുന്നപക്ഷം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സുഭിക്ഷ ഹോട്ടലുകൾ തുടങ്ങാനും പദ്ധതിയുണ്ട്.

**റേഷൻ വീട്ടുകളിൽ എത്തിച്ചു നൽകാൻ നടപടി**

322 (5047) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ പോയി സാധനങ്ങൾ വാങ്ങുന്നതിന് പരസഹായം ആവശ്യമായ നിരവധി കുടുംബങ്ങളുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് റേഷൻസാധനങ്ങൾ വീടുകളിലെത്തിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. നേരിട്ട് റേഷൻകടയിൽ പോകാൻ സാധിക്കാത്ത വൃദ്ധരും കിടപ്പിലായതും രോഗികളായവരുമായ കാർഡുടമകൾക്ക് അതേ റേഷൻ കടയിലെ കാർഡംഗമായ വ്യക്തിയെ പകരക്കാരനായി നിയോഗിച്ച് റേഷൻ വാങ്ങാവുന്ന പ്രോക്സി സംവിധാനം നിലവിലുണ്ട്. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നല്കിയാൽ മതിയാകും.

(ബി) ഇല്ലെങ്കിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയത് ഏതൊക്കെ മേഖലകളിൽ ആരംഭിക്കുമെന്നറിയിക്കാമോ; ആദിവാസി ഊരുകൾക്ക് ഈ വിഷയത്തിൽ പ്രഥമപരിഗണന നൽകുമോ; വിശദമാക്കുമോ?

വന്യമൃഗശല്യം, ഏറെദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിൻ പ്രദേശം, ഒറ്റപ്പെട്ട കോളനികൾ എന്നീ ക്ലേശഘടകങ്ങൾ പരിഗണിച്ച് ഒറ്റപ്പെട്ട വനയോരമേഖലകളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതപ്പെട്ട

ഭക്ഷ്യധാന്യങ്ങൾ നേരിട്ട് എത്തിച്ചു നൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ അകമലവാരം, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ എളംബ്ലാശ്ശേരി എന്നീ ആദിവാസി ഊരുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ 2018-ൽ ആരംഭിച്ച "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭക്ഷ്യക്കിറ്റിൽ സോപ്പ് ഉൾപ്പെടുത്തൽ

323 (5048) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യക്കിറ്റിൽ പൊതുമേഖല സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സോപ്പ് കൂടി ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ രണ്ടാം വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ 2021-ലെ ഓണത്തോടനുബന്ധിച്ച് റേഷൻകടകൾ മുഖേന നിലവിൽ വിതരണം ചെയ്തുവരുന്ന സ്പെഷ്യൽ കിറ്റിൽ സപ്ലൈകോയുടെ ഉൽപ്പന്നമായ ശബരി ബാത്ത് സോപ്പ് അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനമായ Kerala Soaps ഉൽപ്പാദിപ്പിക്കുന്ന ബാത്ത് സോപ്പ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## കൂത്തുപറമ്പിൽ സൂപ്പർ മാർക്കറ്റുകൾക്ക് സ്വന്തം കെട്ടിടം

324 (5049) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കീഴിൽ ലാഭകരമായി പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റുകളും മറ്റു സ്ഥാപനങ്ങളും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെയുള്ള വിൽപ്പനശാലകളും മറ്റു സ്ഥാപനങ്ങളും ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ വാടക കെട്ടിടങ്ങളിലും, അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതുമായ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്.

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലമേറ്റെടുത്ത് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമായ സർക്കാർ ഉടമസ്ഥ തയിലുള്ള സ്ഥലം ലഭ്യമാകുന്നപക്ഷം ആവശ്യകതകൂടി കണക്കിലെടുത്ത് സൂപ്പർ മാർക്കറ്റ് സ്ഥാപിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) കൂത്തുപറമ്പ് മണ്ഡലത്തിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾക്ക് ഇപ്രകാരം കെട്ടിടം നിർമ്മിക്കുന്നത് പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിൽ സപ്ലൈകോയ്ക്ക് നിലവിൽ സ്വന്തമായി സ്ഥലമില്ല. എങ്കിലും വിപണന സാധ്യതയും ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യ പ്രദമായ ലൊക്കേഷനുകളിൽ സൗജന്യമായി സപ്ലൈകോയ്ക്ക് സർക്കാർ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂരിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### റേഷൻ വ്യാപാരികളുടെ കമ്മീഷൻ കുടിശ്ശിക

325 (5050) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പന്നങ്ങൾ വാങ്ങിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നാളിതുവരെ വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

&

(ബി) ഈ തുക കുടിശ്ശികയായതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ കേന്ദ്രകാര്യാലയത്തിൽ, ഉൽപ്പന്നങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് നൽകുവാനായി ഏകദേശം മുന്നൂറ് കോടി രൂപയുടെ വൗച്ചറുകളാണ് കുടിശ്ശികയായുള്ളത്. ഉല്പന്നങ്ങളുടെ വിതരണം പൂർത്തി യാകുന്ന മുറയ്ക്ക് മാത്രമാണ് തുക അനുവദിക്കാറുള്ളത്. നിലവിലുള്ള കുടിശ്ശികത്തുക വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

(സി) കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ എത്ര മാസത്തേത് കുടിശ്ശികയായിട്ടുണ്ട്?

2020 ഒക്ടോബർ മാസം മുതൽ 2021 ജൂൺ മാസം വരെ വിതരണം പൂർത്തിയായ 9 മാസങ്ങളിലെ കിറ്റ് വിതരണത്തിനുള്ള കമ്മീഷൻ റേഷൻ വ്യാപാരികൾക്ക് അനുവദിച്ചുനൽകാനുണ്ട്.

(ഡി) റേഷൻ കടക്കാരുടെ കമ്മീഷൻ തുക വിതരണം ചെയ്യാത്തത് ഇവരെ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

&

(ഇ) എങ്കിൽ ഈ ഓണക്കാലത്തിനു മുൻപായി കുടിശ്ശികത്തുക മുഴുവനായും വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

റേഷൻ വ്യാപാരികൾക്ക് ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിന് 2021 ജൂൺ മാസംവരെയുള്ള കമ്മീഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്. 2021 ജൂലൈ മാസത്തെ കമ്മീഷൻ അനുവദിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമൂലം റേഷൻ കടക്കാർ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ

326 (5051) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രതിമാസ വിൽപ്പനയും സ്ഥലലഭ്യതയും പരിശോധിച്ച് വിൽപ്പനസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ വിൽപ്പനശാലകളുടെ നവീകരണത്തിനാവശ്യമായ തുക പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മാവേലിസ്റ്റോറുകൾ നവീകരിച്ചുവരുന്നുണ്ട്. കാര്യക്ഷമമായ വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃസൗഹൃദമാക്കുന്ന നടപടികൾ നടത്തിവരുന്നു. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കി (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകൾ ബ്രാൻഡ് ഇനങ്ങൾക്ക് സെൽഫ്

സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തി മാവേലി സൂപ്പർ സ്റ്റോറുകളായി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യതകൂടി മുൻനിർത്തി നവീകരിച്ച് സൂപ്പർമാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയവ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മാവേലിസ്റ്റോറുകൾ ഇല്ലാതിരുന്ന എല്ലാ പഞ്ചായത്തുകളിലും 17-2-2021 തീയതിയോടെ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത പരിസ്ഥിതിലോല പ്രദേശങ്ങളായ ഇടമലക്കുടി, വട്ടവട പഞ്ചായത്തുകളുൾപ്പെടുന്ന വനമേഖലയിൽ മൊബൈൽ മാവേലിസ്റ്റോറുകൾ അനുവദിച്ച് പ്രവർത്തിച്ചുവരുന്നു.

**പയ്യന്നൂർ പാടിച്ചാൽ സപ്ലൈകോ സ്റ്റാളിന്റെ വാടക**

327 (5052) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ പാടിച്ചാലിൽ പ്രവർത്തിക്കുന്ന സപ്ലൈകോ സ്റ്റാളിന്റെ വാടക നിലവിലാരാണ് വഹിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത സ്റ്റാളിന്റെ വാടക സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും നൽകാൻ നടപടി സ്വീകരിക്കുമോ?

ഒരു പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് പ്രസ്തുത മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം അതത് പഞ്ചായത്ത് തന്നെ വാടക നൽകണമെന്ന നിബന്ധന അംഗീകരിച്ചുകൊണ്ടുള്ള പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ പാടിച്ചാലിൽ പ്രവർത്തിച്ചുവരുന്ന സപ്ലൈകോ മാവേലി സ്റ്റോറിന്റെ വാടക പഞ്ചായത്താണ് നൽകുന്നത്. വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിലൂടെയും സബ്സിഡി നിരക്കിൽ അവശ്യ സാധന വിതരണം നടത്തുന്നതിലൂടെയുമുള്ള പ്രവർത്തനങ്ങളിലൂടെ വലിയ സാമ്പത്തിക പരിമിതികൾ നേരിടുന്നതിനാൽ സ്റ്റാളിന്റെ വാടക സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് നൽകുന്നത് പ്രായോഗികമല്ല.

## ജനകീയ ഹോട്ടലുകൾ

328 (5053) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജനകീയ ഹോട്ടലുകളാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ?

754 ജനകീയ ഹോട്ടലുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് ജനകീയ ഹോട്ടലുകൾക്ക് നൽകുന്നതെന്ന് അറിയിക്കുമോ?

സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും നൽകുന്ന പെർമിറ്റ് പ്രകാരം ഓരോ ഹോട്ടലിനും പരമാവധി 600 കിലോഗ്രാം പുഴുക്കലരി 10.90 രൂപ നിരക്കിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. ടി ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിലുൾപ്പെടുത്തി അരി നൽകുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് 21-2-2021 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്.

## ഗ്യാസ് ഏജൻസി ഗോഡൗണുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ

329 (5054) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസികളുടെ ഗോഡൗണുകൾ പ്രവർത്തിക്കുന്നത് നിർദ്ദിഷ്ട സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓയിൽ കമ്പനികളാണ് ഗ്യാസ് ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത്. ഓയിൽ കമ്പനി നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡ പ്രകാരമാണോ ഗ്യാസ് ഏജൻസികളുടെ ഗോഡൗണുകൾ പ്രവർത്തിക്കുന്നതെന്ന് ആറുമാസത്തിലൊരിക്കൽ ഓയിൽ കമ്പനി അധികൃതർ പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധന വേളയിൽ എക്സ്പ്ലോസീവ്/ മലിനീകരണ നിയന്ത്രണ ലൈസൻസ് എന്നിവ സൂക്ഷിക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്.

(ബി) ഗോഡൗണിലേക്ക് വരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിയ ലോറികൾ റോഡിൽ/റസിഡൻഷ്യൽ ഏര്യകളിൽ നിർത്തിയിടുന്നത് കാരണമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?

കോഴിക്കോട് ജില്ലയിൽ അത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗോഡൗണിലേക്ക് വരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിയ ലോറികൾ റോഡിൽ/ റസിഡൻഷ്യൽ ഏര്യകളിൽ നിർത്തിയിടുവാൻ പാടുള്ളതല്ല. എൽ.പി.ജി. ഓപ്പൺ ഫോറം കൂടിയ ഘട്ടത്തിലും അല്ലാതെയും ഓയിൽ കമ്പനി പ്രതിനിധികൾക്ക് ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വീഴ്ച കണ്ടെത്തിയാൽ നടപടിക്ക് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന വിവരവും ഗ്യാസ് ഏജൻസികളെ അറിയിച്ചിട്ടുണ്ട്.

**തിരുവല്ലയിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

330 (5055) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പ് തിരുവല്ലയിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

തിരുവല്ലയിൽ സപ്ലൈകോ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഏറ്റെടുത്തിട്ടില്ല. ഇവിടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള ഇന്റർമീഡിയറി ഗോഡൗണിന്റെ നിർമ്മാണമാണ് പുരോഗമിക്കുന്നത്. ഇതിലെ ഒന്നാമത്തെ ഗോഡൗണിന്റെ ഏകദേശം 50 ശതമാനത്തോളം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാമെന്ന് വ്യക്തമാക്കാമോ?

ഇന്റർമീഡിയറി ഗോഡൗണിന്റെ നിർമ്മാണം മാർച്ച് 2022-നകം പൂർത്തീകരിക്കുന്നതാണ്.

(സി) ഷോപ്പിംഗ് കോംപ്ലക്സിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യധാന്യ സംഭരണത്തിനായി യഥാക്രമം 772 Sq.M, 385 Sq.M വിസ്തൃതിയിൽ 2 ഗോഡൗണുകൾ നിർമ്മിക്കുന്നതാണ്.

## ലീഗൽ മെട്രോളജി വകുപ്പിലെ സ്ഥിരനിയമനം

331 (5056) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച താലൂക്കുകളിൽ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ ഫുൾടൈം വാച്ചർ, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലായി എത്ര താൽക്കാലിക ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഫുൾടൈം വാച്ചർ തസ്തികയിൽ 9 ഒഴിവും ഓഫീസ് അറ്റന്റഡന്റ് തസ്തികയിൽ 8 ഒഴിവുമാണുള്ളത്. ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സ്ഥിരനിയമനം നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് അറിയിക്കാമോ?

ഇല്ല. പുതുതായി രൂപീകരിച്ച 14 താലൂക്കുകളിൽ ഇൻസ്പെക്ടർ, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്, ക്ലർക്ക് എന്നിങ്ങനെ 42 സ്ഥിരം തസ്തികകളും, 14 ഫുൾടൈം വാച്ചർ, 14 ഓഫീസ് അറ്റന്റഡന്റ്, എന്നിങ്ങനെ താല്ക്കാലിക തസ്തികകളും സൃഷ്ടിക്കുവാൻ 6-7-2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/ഉ.കാ.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം ടി താല്ക്കാലികതസ്തികകൾ സ്ഥിരം തസ്തികകളാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല. പ്രസ്തുത താല്ക്കാലിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം പുതുതായി അനുവദിച്ച താലൂക്കുകളിൽ വകുപ്പിന് കീഴിലെ ഫുൾടൈം വാച്ചർ, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും താല്ക്കാലിക നിയമനത്തിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും ലഭ്യമാക്കി നിയമനം നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം, പുതുതായി രൂപീകരിച്ച 14 താലൂക്ക് ഓഫീസുകളിൽ,

തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട കാട്ടാക്കട, വർക്കല എന്നീ 2 ഇൻസ്പെക്ടറാഫീസുകളിലുള്ള ഫുൾടൈം വാച്ചർ, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്ക്, താല്ക്കാലിക നിയമനത്തിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ലീഗൽ മെട്രോളജി കൺട്രോളർ തിരുവനന്തപുരം ജില്ലാ പി.എസ്.സി. ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

**മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ**

332 (5057) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽനിന്നും വ്യാവസായികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാലിന്യത്തിൽനിന്നും വ്യാവസായികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ നിലവിൽ പഠനം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തരത്തിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുന്നതിന് ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മാലിന്യത്തിൽനിന്നും വ്യാവസായികമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല.

(സി) ഇലക്ട്രോണിക് വേസ്റ്റ് ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ സാങ്കേതികത പഠന വിധേയമാക്കുമോ; വ്യക്തമാക്കുമോ?

സുരക്ഷിതമായ സംസ്കരണം നടത്തുന്നതിലേക്കായി ഇലക്ട്രോണിക് മാലിന്യ ശേഖരണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് തദ്ദേശസ്വയം ഭരണവകുപ്പിനു കീഴിലുള്ള ക്ലീൻ കേരള കമ്പനിയെയാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ Centre for Materials for Electronics Technology (CMET)-യുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി ആവശ്യമായ നിർദ്ദേശങ്ങൾ തേടാറുണ്ട്. ഇലക്ട്രോണിക് വേസ്റ്റ് ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ സാങ്കേതികത സംബന്ധിച്ച് CMET-യുമായി സഹകരിച്ച് പഠനം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

333 (5058) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചുനൽകുന്ന ലേബർ ബജറ്റിലെ തൊഴിൽദിനങ്ങൾ അനുസരിച്ചുള്ള തൊഴിൽ നൽകാൻ സംസ്ഥാനത്തിനായിട്ടുണ്ടോ; കേന്ദ്രസർക്കാർ കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞതുകയാണോ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ആദ്യം അംഗീകാരം നൽകിയ ലേബർബഡ്ജറ്റിലെ 8 കോടി തൊഴിൽദിനങ്ങൾ എന്നത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 10 കോടി ആയി ഉയർത്തുകയുണ്ടായി. അതിൻമേൽ സംസ്ഥാനം 10.23 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 2021-22 സാമ്പത്തിക വർഷത്തേക്ക് 7.5 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലേബർബഡ്ജറ്റിനാണ് നിലവിൽ കേന്ദ്രസർക്കാർ അനുമതി ലഭ്യമാക്കിയിട്ടുള്ളത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞതുകയാണ്.

(ബി) കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പ്രവർത്തികൾ നടത്തിയിരുന്നോ; ഏതൊക്കെ മേഖലകളിൽ എത്ര ഭൗതിക നേട്ടം കൈവരിച്ചെന്ന് അറിയിക്കാമോ?

നടത്തിയിരുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കിയ ഉപജീവന ആസ്തികളുടെ 2020-21-ലെ ഭൗതിക നേട്ടം ചുവടെപ്പറയുന്നു. കാലിത്തൊഴുത്ത് - 20794, ആട്ടിൻകൂട് - 17122 കോഴിക്കൂട് - 15225 കാർഷിക കുളം - 5593 തീറ്റപ്പുൽ കൃഷി - 442.8 ഹെക്ടർ, SHG വർക്ക് ഷെഡ് - 112, അസോള ടാങ്ക് - 2312 സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട്, 2020-21 സാമ്പത്തിക വർഷം അയ്യൻകാളി

നഗര തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പൊതുസ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും കൃഷിചെയ്യുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ നഗരസഭകളും ഏറ്റെടുത്ത് നടത്തിയിരുന്നു. ടി വർഷം സുഭിക്ഷകേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് മാത്രമായി 4,03,684 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു. തരിശുഭൂമി കൃഷിക്കുയോഗ്യമാക്കൽ, കൃഷിക്കായി സ്ഥലമൊരുക്കൽ, മത്സ്യകൃഷിക്കായി കുളം വൃത്തിയാക്കൽ, പടുതാക്കുളം നിർമ്മാണം, പച്ചത്തുരുത്തുകളുടെ നിർമ്മാണം, കോഴിക്കൂട്, കാലിത്തൊഴുത്ത് എന്നിവയുടെ നിർമ്മാണം, അസോള കൃഷി, നെൽകൃഷിക്കായി നിലമൊരുക്കൽ എന്നിവയാണ് നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാന സർക്കാർ നഗരപ്രദേശത്ത് നടപ്പിലാക്കുന്ന അയ്യങ്കാളി നഗർ തൊഴിലുറപ്പ് പദ്ധതി മുഖേന നടത്തുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

3-11-2017-ലെ സ.ഉ.(കൈ)നമ്പർ 216/2017/തസ്വഭവ പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വള്ളിക്കുന്ന് മണ്ഡലത്തിലെ വില്ലേജ് നോളജ് സെന്റർ**

334 (5059) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിൽവരുന്ന മുഴുവൻ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്രസാമൂഹ്യസുരക്ഷാ പദ്ധതിയായ സമൃദ്ധിക്കും വരൾച്ച, പരിസ്ഥിതിനാശം, സമഗ്രവും ശാസ്ത്രീയവും ജനപങ്കാളിത്തത്തോടും കൂടിയ മണ്ണ് ജൈവ സംരക്ഷണം, നീർത്തടസംരക്ഷണം എന്നിവ ലക്ഷ്യമിട്ടുമുള്ള നീർത്തടാധിഷ്ഠിത വികസന പദ്ധതിയുടെയും പ്രവർത്തനങ്ങൾക്കാവശ്യമുള്ള വിവര-വിജ്ഞാന വ്യാപനത്തിനായി തദ്ദേശഭരണസ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന ഒരു സ്ഥിരംസംവിധാനമായ വില്ലേജ് നോളജ് സെന്റർ നിലവിൽ എവിടെയെല്ലാമുണ്ടെന്ന് വ്യക്തമാക്കാമോ?

7-3-2018-ലെ സ.ഉ.(സാധാ) നമ്പർ 55/2018/ഇ&ഐ.റ്റി.ഡി. പ്രകാരം കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറുമാത്തൂർ, ചപ്പാരപടവ്, മയ്യിൽ, കൊളച്ചേരി, കുറ്റിയാട്ടൂർ, പരിയാരം, മലപ്പട്ടം ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി, ധർമ്മടം, വെങ്ങാട്, പെരളശ്ശേരി, അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, മുഴപ്പിലങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് നോളജ് സെന്ററുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സമാനമായരീതിയിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ വില്ലേജ് നോളജ് സെന്റർ ആരംഭിക്കുന്നകാര്യം പരിശോധിക്കുമോ; ഇതിനായി നൽകിയ അപേക്ഷയിൽ സ്വീകരിച്ചനടപടികൾ വ്യക്തമാക്കാമോ?

അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായതായി കാണുന്നില്ല. സർക്കാർതലത്തിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**അഗതിരഹിത കേരളം പദ്ധതി**

335 (5060) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതിരഹിത കേരളം പദ്ധതിയുടെ വിശദാംശം നൽകുമോ?

കേരള സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ, 2003 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് ആശ്രയ. 2017-18 ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആശ്രയയുടെ നവീകരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. കേരളത്തിൽ 1,034 തദ്ദേശഭരണ സ്ഥാപനങ്ങളിലും അഗതിരഹിത കേരളം പദ്ധതി അംഗീകാരം നേടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പത്തോ അതിലധികമോ പട്ടികവർഗ്ഗ ഗുണഭോക്താക്കൾ ഒരു തദ്ദേശഭരണ സ്ഥാപനത്തിലുണ്ടെങ്കിൽ അവിടെ പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതിയും നിലവിലുണ്ട്. ഇത്തരത്തിൽ 170 പട്ടികവർഗ്ഗ പ്രത്യേക പദ്ധതികളാണുള്ളത്. 1,57,381 (ജനറൽ പദ്ധതി 1,47,651 പട്ടികവർഗ്ഗ പദ്ധതി 9,730) ഗുണഭോക്തൃ കുടുംബങ്ങളാണ് ഈ പദ്ധതിയിലുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങളെത്തിക്കുക വഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് അഗതിരഹിത കേരളം പദ്ധതിയുടെ പ്രധാനലക്ഷ്യം. 12-12-2017-ലെ സ.ഉ.(എം.എസ്)നമ്പർ 252/17/ ത.സ്വ.ഭ.വ. പ്രകാരം ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. 9 ക്ലേശഘടകങ്ങളും, നഗര പ്രദേശങ്ങളിൽ 10 അധികക്ലേശഘടകങ്ങളും, ഗ്രാമപ്രദേശങ്ങളിൽ 8 അധികക്ലേശ ഘടകങ്ങളും ഉൾപ്പെടുത്തിയാണ് സർവ്വേ നടത്തുന്നത്. ഇവയിൽ 7 ക്ലേശഘടകങ്ങൾ ബാധകമാകുകയും അതോടൊപ്പം അധിക ക്ലേശഘടകങ്ങളിൽ ഒന്നെങ്കിലും ബാധകമാകുകയും ചെയ്യുന്ന കുടുംബത്തെയാണ് അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

## എ.ഡി.എസ്., സി.ഡി.എസ്. തെരഞ്ഞെടുപ്പുകൾ

336 (5061) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ കുടുബശ്രീയുടെ എ.ഡി.എസ്., സി.ഡി.എസ്. എന്നിവയിലേയ്ക്ക് മാറ്റിവെച്ച തെരഞ്ഞെടുപ്പുകൾ എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ്. ഭരണസമിതികളുടെ തെരഞ്ഞെടുപ്പ് കാലാവധി, 12-7-2021 തീയതിയിലെ സ.ഉ.(കൈ) നമ്പർ 135/2021/ത.സ്വ.ഭ.വ. പ്രകാരം തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി ചുമതലയേല്ക്കുംവരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തെരഞ്ഞെടുപ്പ് എപ്പോൾ നടത്തുമെന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) കുടുംബശ്രീ വഴി ഈ സാമ്പത്തികവർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

കുടുംബശ്രീ മുഖേന ഈ സാമ്പത്തിക വർഷം സൃഷ്ടിക്കാനുദ്ദേശിക്കുന്ന തൊഴിലവസരങ്ങൾ താഴെപ്പറയുന്നവയാണ്:- 1.കുടുംബശ്രീ വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതിയായ ദേശീയ നഗര ഉപജീവന മിഷനുകീഴിൽ ഈ വർഷം 6,549 പേർക്ക് സ്വയംതൊഴിൽ നൈപുണ്യ പരിശീലനവും, സ്വയം തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണുദ്ദേശിക്കുന്നത്. 2.കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നിവയുടെ ഭാഗമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതിയായ 'യുവകേരള' പദ്ധതികളിലൂടെ 24,006 ഗുണഭോക്താക്കൾക്ക് നൈപുണ്യ പരിശീലനം ആരംഭിക്കുന്നതിനും 18,207 പേരുടെ പരിശീലനം പൂർത്തീകരിക്കുന്നതിനും 13,655 പേർക്ക് ജോലി ലഭ്യമാക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. 3. ദേശീയ ഗ്രാമീണ ഉപജീവന മിഷനുകീഴിലുള്ള Startup Village Enterprise Programme (SVEP)പ്രകാരം ഈ വർഷം 7,498 സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. 4. കുടുംബശ്രീ സൂക്ഷ്മസംരംഭ രൂപീകരണത്തിലൂടെ ഈ വർഷം 15,000 പേർക്ക് തൊഴിൽ നല്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 5. പുതുതലമുറ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി 18 - 40 പ്രായപരിധിയിലുള്ള യുവതികളുടെ യൂണിറ്റുകൾ ഒരു വാർഡിൽ ഒന്നുവീതം രൂപീകരിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കും.

**എസ്.സി.പി./ ടി.എസ്.പി. ഘടകപദ്ധതി**

337 (5062) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകുന്ന എസ്.സി.പി./ ടി.എസ്.പി. ഘടകപദ്ധതിയിൽ എത്ര ശതമാനം തുകയാണ് ഓരോ പഞ്ചായത്തും ചെലവഴിക്കുന്നതെന്ന വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത തുകയിൽ ചെലവഴിക്കാത്ത തുക ഉപയോഗിച്ച് പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ലൈഫ് മിഷൻ പദ്ധതി**

338 (5063) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് വർഷം വരെ റേഷൻ കാർഡ് അനുവദിക്കപ്പെട്ടവർക്കാണ് ലൈഫ് മിഷൻ പദ്ധതിപ്രകാരം ഭവനനിർമ്മാണത്തിന് അപേക്ഷിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കാമോ?

2021 ഫെബ്രുവരി വരെ റേഷൻ കാർഡ് അനുവദിക്കപ്പെട്ടവർക്കാണ് ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷിക്കാൻ കഴിയുക.

(ബി) പുതിയതായി റേഷൻ കാർഡ് ലഭിച്ചവർക്ക് ലൈഫ് മിഷനിൽ വീട് വയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വിശദീകരിക്കാമോ?

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ എല്ലാവർക്കും ഭവനനിർമ്മാണത്തിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് 2020 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ സെപ്റ്റംബർ 23 വരെയും തുടർന്ന് 2021 ഫെബ്രുവരി 12 മുതൽ 20 വരെയും അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച 9,20,261 അപേക്ഷകൾ തദ്ദേശസ്ഥാപനതലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് റേഷൻ കാർഡുള്ള എല്ലാ ഭവനരഹിതരെയും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2020-2021 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷയിന്മേൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും പരിഗണിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**പഞ്ചായത്ത് വകുപ്പിലെ സ്ഥലംമാറ്റം**

339 (5064) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ മാനദണ്ഡങ്ങൾ പാലിച്ചാണോ സ്ഥലംമാറ്റങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ ഏതൊക്ക വ്യവസ്ഥകളാണ് വകുപ്പിൽ നടപ്പിലാക്കുന്നതെന്നും ഏതൊക്കെ വ്യവസ്ഥകളാണ് വകുപ്പിൽ നടപ്പിലാക്കാത്തതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായി നടപ്പിലാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

&

(ഡി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഒരു ഓഫീസിൽ ഒരു ജീവനക്കാരന് തുടർച്ചയായി എത്ര വർഷം ജോലിചെയ്യാമെന്ന് അറിയിക്കുമോ?

25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് പഞ്ചായത്ത് വകുപ്പിൽ സ്ഥലംമാറ്റം നടത്തുന്നത്. പ്രസ്തുത ഉത്തരവുപ്രകാരം നിശ്ചിതകാലയളവ് നിഷ്കർഷിച്ചിട്ടില്ല.

(ഇ) പഞ്ചായത്ത് ഡയറക്ടറാഫീസിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലും ഓഫീസ് അസിസ്റ്റന്റ് ഒഴിച്ചുള്ള ഏതൊക്കെ ജീവനക്കാർ അഞ്ച് വർഷത്തിലധികമായി ജോലിചെയ്യുന്നുവെന്ന് അവരുടെ പേരുവിവരം സഹിതം അറിയിക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

340 (5065) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമേട് ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ബയോ മെഡിക്കൽ വേസ്റ്റ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഗാർഹിക-സ്ഥാപനതലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങളായ യൂസ്ഡ് സിറിഞ്ചുകൾ, യൂസ്ഡ് മെഡിസിൻ സ്ട്രിപ്പ്, കാലഹരണപ്പെട്ട മരുന്നുകൾ, സാനിറ്ററി മാലിന്യങ്ങളായ സാനിറ്ററി നാപ്കിൻ, സാനിറ്ററി ഡയപ്പർ, അഡൽറ്റ് ഡയപ്പർ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശേഖരിച്ച് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഉടമസ്ഥതയിൽ കൊച്ചിയിലെ അമ്പലമേട് പ്രവർത്തനമാരംഭിച്ച കോമൺ ബയോമെഡിക്കൽ ട്രീറ്റ്മെന്റ് ഫെസിലിറ്റി മുഖേന സംസ്കരിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കൊച്ചി, കളമശ്ശേരി, തൃക്കാക്കര, ആലുവ, ചേർത്തല, ആലപ്പുഴ എന്നീ നഗരസഭകളിൽ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയങ്ങൾ/ഗാർഹിക/സ്ഥാപന തലങ്ങളിൽ നിന്നും ബയോമെഡിക്കൽ/സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിതകർമ്മ സേനകൾക്കാവശ്യമായ പരിശീലനം നൽകി ചുമതലപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ഓൺലൈൻ പഠന സൗകര്യം

341 (5066) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കി കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും അനുവദിച്ച് നൽകുന്നതിന് കെ.എസ്.എഫ്.ഇ.-യുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിപ്രകാരം എല്ലാ അപേക്ഷകർക്കും പ്രസ്തുത ഉപകരണങ്ങൾ ഇനിയും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ?

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഗോളതലത്തിൽ കമ്പ്യൂട്ടർ സാമഗ്രികളുടെ ലഭ്യതക്കുറവുള്ളതിനാൽ HP, LENOVO കമ്പനികൾക്ക് ലാപ്ടോപ്പ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല, 1057 ലാപ്ടോപ്പുകൾ HP കമ്പനി ഇതുവരെ വിതരണംചെയ്തിട്ടുണ്ട്. എന്നാൽ LENOVO ലാപ്ടോപ്പുകൾ വിതരണംചെയ്തിട്ടില്ല.

(സി) ഉണ്ടെങ്കിൽ അവ പരിഹരിച്ച് എല്ലാ അപേക്ഷകർക്കും ലാപ്ടോപ്പുകൾ അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ലാപ്ടോപ്പ് വിതരണത്തിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ, KSFE വിദ്യാശ്രീ ചിട്ടിയിൽ ചേർന്ന് മൂന്ന് തവണകൾ അടച്ചവർക്കെല്ലാം രണ്ട് ഓപ്ഷനുകൾ നല്കാൻ തീരുമാനിച്ചിട്ടുണ്ട്. HP, LENOVO എന്നീ ലാപ്ടോപ്പുകൾ ലഭ്യമാകാൻ കാലതാമസമുണ്ടാകുമെന്ന് അറിയിച്ചശേഷവും ആയത് വാങ്ങാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്നമുറയ്ക്ക് കെ.എസ്.എഫ്.ഇ. മുഖാന്തരം ലാപ്ടോപ്പ് നല്കുന്നതാണെന്നും രണ്ടാമതായി ലാപ്ടോപ്പോ, ടാബ്ലെറ്റോ മാർക്കറ്റിൽ നിന്ന് വാങ്ങി ബിൽ/ഇൻവോയിസ് കെ.എസ്.എഫ്.ഇ. ബ്രാഞ്ചിൽ ഹാജരാക്കുകയാണെങ്കിൽ ലാപ്ടോപ്പിന്റെ തുകയോ, പരമാവധി 20,000 രൂപയോ ഏതാണ് കുറവ് ആയത് കെ.എസ്.എഫ്.ഇ. ബ്രാഞ്ച് നല്കുകയും ആയത് 500 രൂപയുടെ 40 മാസതവണകളായി, തുകയ്ക്ക് അനുസൃതമായി അടയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് ഇനിയും പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിന് അവസരം നൽകുമോ?

2021 ജൂൺ 30 വരെയായിരുന്നു നിലവിലെ പദ്ധതിയിൽ ചേരാനുള്ള സമയം.

**മാരാരിക്കുളം സൗഹൃദഗ്രാമം**

342 (5067) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകളും കുഞ്ഞുങ്ങളും നേരിടുന്ന വിവേചനങ്ങളും അരുതായ്മകളും പ്രതിരോധിച്ച് പ്രാദേശികവികസന പദ്ധതിയിലുൾപ്പെടുത്തിയ മാരാരിക്കുളം സൗഹൃദഗ്രാമം എന്ന മോഡൽ, സംസ്ഥാനം മുഴുവൻ നടപ്പിലാക്കാനും സ്ത്രീധന സമ്പ്രദായത്തിനെതിരെ തദ്ദേശഭരണകൂടങ്ങൾ സന്നദ്ധ പ്രവർത്തകരെയും മറ്റും ഉപയോഗിച്ച് ശക്തമായ ചെറുത്തുനിൽപ്പ് ഉണ്ടാക്കാനും നടപടികൾ സ്വീകരിക്കുമോ?

'മാരാരിക്കുളം സൗഹൃദം ഗ്രാമം' എന്ന മോഡൽ, സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സ.ഉ.(കൈ) നമ്പർ 11/2018 തീയതി 29-1-2018-ലെ ഖണ്ഡിക 6.3 (6) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കി അതിക്രമരഹിത ഗ്രാമപഞ്ചായത്തായി മാറ്റുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, സ്വാതന്ത്ര്യനിഷേധം, അവകാശലംഘനം എന്നീപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതുമാണ്.

**കായംകുളം മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ**

343 (5068) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിന്റെ നിലവിലെ അവസ്ഥയെന്താണെന്നും വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കുകീഴിൽ അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**എമർജൻസി റസ്പോൺസ് ടീമിനുള്ള പരിശീലനം**

344 (5069) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം, മഴക്കെടുതി തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ പ്രാദേശികമായി പഞ്ചായത്ത്, മുൻസിപ്പൽ തലത്തിൽ എമർജൻസി റസ്പോൺസ് ടീമിന് പരിശീലനം നൽകാൻവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്ഥാപന തല എമർജൻസി റെസ്പോൺസ് ടീമംഗങ്ങൾക്ക് പൊതുവായ പരിശീലനം കില മുഖേന നൽകിവരുന്നുണ്ട്. പരിശീലനം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംഗീകൃത അറവുശാലകൾ

345 (5070) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ അംഗീകൃത അറവുശാലകൾ എത്രയുണ്ടെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ അംഗീകൃത അറവുശാലകളില്ല.

(ബി) തദ്ദേശസ്ഥാപന പരിധിയിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഇംപാക്ട് കേരള മുഖേന കിഫ്ബി ധനസഹായത്തോടെ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകയ്ക്കുള്ള പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) അറവുശാലകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

1996-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40(എ) പ്രകാരം ഉടമസ്ഥനോ കശാപ്പുശാലയുടെയോ ഇറച്ചി കടയുടെയോ ലൈസൻസിയോ കശാപ്പുകാരനോ, മൃഗങ്ങളുടെയോ പക്ഷികളുടെയോ അവശിഷ്ടങ്ങൾ, മാംസം എന്നിവ നിക്ഷേപിക്കാനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്തും, രീതിയിലുമല്ലാതെ മറ്റൊരിടത്തും നിക്ഷേപിക്കാനോ, കുഴിച്ചു മൂടാനോ, ഒഴുക്കി വിടാനോ പാടില്ലാത്തതും അപ്രകാരം അനുവദിക്കാനോ കാരണക്കാരാകാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതിനുപുറമെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അറവുശാലകൾക്ക് അനുമതി നൽകുന്നത്. കൂടാതെ ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന ആധുനിക അറവുശാല പദ്ധതിയിൽ അറവു ശാലകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും Rendering Plant/Effluent Treatment Plant/Biogas Plant/Bio-filter മുതലായ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## മലമ്പുഴ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

346 (5071) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ച മലമ്പുഴ മണ്ഡലത്തിലുൾപ്പെട്ട പുതുപ്പരിയാരം പഞ്ചായത്തിലെ കോരനാൽ റിംഗ് റോഡ്, പുളിയമ്പുള്ളി-പരുത്തി റോഡ്, പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് എസ്.ടി. കോളനി റോഡ്, മരുതറോഡ് പഞ്ചായത്തിലെ പൂളക്കാട് അങ്കണവാടി കെട്ടിടം, വരാട് അങ്കണവാടി കെട്ടിടം, കൊശക്കുഴികുളം റോഡ് എന്നീ പ്രവൃത്തികൾക്ക് അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## തനതുഫണ്ടിൽ നിന്ന് ചെലവായ തുക

347 (5072) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വരുമാനം കുറഞ്ഞ് സാമ്പത്തികപ്രയാസം അനുഭവിക്കുന്ന നഗരസഭകൾക്ക്, റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നീ ഇനങ്ങളിൽ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച തുക അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി നഗരസഭാ വികസനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX മുമ്പാകെയും, സപ്ലിമെന്ററി ഡിമാന്റ്ഗ്രാന്റ് 2021-22 മുമ്പാകെയും 550 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഇനത്തിൽ മലപ്പുറം ജില്ലയിലെ ഓരോ നഗരസഭയ്ക്കും എത്ര തുക വീതം സർക്കാർ നൽകാനുണ്ടെന്നും ആയത് എപ്പോൾ നൽകാനാകുമെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലപ്പുറം ജില്ലയിലെ നഗരസഭകൾക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 30-6-2021 വരെ അനുവദിച്ച് നൽകാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

(തനത് ഫണ്ടിൽ നിന്നും നഗരസഭകൾ ചെലവാക്കിയിട്ടുള്ള തുകകളുടെ വിവരം മാത്രം)

| നഗരസഭയുടെ പേര് | തുക |
|---|---|
| തിരൂർ | 7,63,88,758 |
| മലപ്പുറം | 5,04,24,143 |
| മഞ്ചേരി | 4,24,43,883 |
| പെരിന്തൽമണ്ണ | 2,43,17,448 |
| പൊന്നാനി | 1,11,02,331 |
| തിരൂരങ്ങാടി | 23,70,318 |
| കൊണ്ടോട്ടി | 11,95,762 |
| കോട്ടയ്ക്കൽ | 8,87,655 |

## പറപ്പറ്റ പാലം നിർമ്മാണം

348 (5073) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പ്രളയത്തിൽ തകർന്ന തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി പഞ്ചായത്തിലെ പറപ്പറ്റ പാലം പുനർനിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ അനുവദിച്ച ഫണ്ട് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എസ്റ്റിമേറ്റ് പ്രകാരം മതിയായ സംഖ്യ അനുവദിച്ച് പറപ്പറ്റ പാലം നിർമ്മാണത്തിന് വേണ്ടി പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭരണാനുമതി പുതുക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്.

## കൊയിലാണ്ടി മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

349 (5074) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു; എത്ര വീടുകളുടെ നിർമ്മാണം നടന്നുവരുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ പട്ടികയായി അറിയിക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ലൈഫ്ഭവന പദ്ധതി പ്രകാരം 833 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 97 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്. തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിച്ചതും എന്നാൽ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതുമായ വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ പട്ടികയാക്കി ലഭ്യമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതും എന്നാൽ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതുമായ വീടുകളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ലൈഫ്ഭവന പദ്ധതി പ്രകാരം അപേക്ഷിക്കാൻ വിട്ടുപോയവർക്ക് 2021 -ൽ വീണ്ടും അപേക്ഷ സമർപ്പിക്കാൻ സമയം അനുവദിച്ചിരുന്ന കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷിക്കാൻ വിട്ടുപോയവർക്ക് 2020-2021-ൽ അപേക്ഷ സമർപ്പിക്കാൻ സമയം അനുവദിച്ചിരുന്ന കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത കാലയളവിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ലഭിച്ച അപേക്ഷകൾ തദ്ദേശസ്ഥാപന തലത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അപേക്ഷകളിൽ പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### കാടൻമൂല-കൊച്ചുതുരുത്ത് പാലത്തിന്റെ നിർവ്വഹണ പുരോഗതി

350 (5075) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

ചവറ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കാടൻമൂല-കൊച്ചുതുരുത്ത് പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം ഈ പ്രവൃത്തി നടപ്പിലാക്കുന്നില്ല.

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

351 (5076) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ചുനക്കര ഗ്രാമപഞ്ചായത്തിലെ കരിമുളക്കൽ ജംഗ്ഷന്റെ നവീകരണ ത്തിനായി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എന്നാൽ പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) കരിമുളക്കൽ ജംഗ്ഷൻ നവീകരണത്തിന് അനുവദിച്ച തുക കഴിവിള-മേപ്പള്ളി റോഡിനായി അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത തുക കഴിവിള-മേപ്പള്ളി റോഡിനായി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.

## വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന്റെ പദ്ധതി

352 (5077) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ വെള്ളമുണ്ട സർക്കാർ ഐ.ടി.ഐ.-ക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് രൂപം നൽകിയ പദ്ധതി നടപ്പായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പായിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ഏത് ഓഫീസിലാണുള്ളതെന്നും എത്ര കാലമായി ഫയൽ പ്രസ്തുത ഓഫീസിന്റെ പരിഗണനയിലായിരുന്നെന്നും വ്യക്തമാക്കാമോ;

&

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിന്റെ മുഴുവൻ നാൾവഴികളും വിശദമായി അറിയിക്കാമോ?

ഐ.ടി.ഐ.-ക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കാൻ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് ഭരണസമിതി 16-8-2018-ൽ 27/27 നമ്പർ തീരുമാനമെടുത്തു. തുടർന്ന്, സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി 3-11-2020-ലെ എ 3-7158/18 നമ്പർ കത്ത് മുഖാന്തരം വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ ലഭ്യമാക്കി. 9-1-2021-ലെ PAN/14144/2020-C3(DP) നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പരിശോധിച്ച സർക്കാർ 7-6-2021-ലെ ആർസി1/10/2021/ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം ഐ.ടി.ഐ. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശം ഏതാണെന്നും, ഭൂമിയുടെ വിസ്തീർണ്ണം, സ്കെച്ച്, പ്ലാൻ, സ്ഥലമെടുപ്പിനുവേണ്ടി വരുന്ന ഏകദേശ ചിലവ്, അനുയോജ്യതാ സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടറോട് ആരായുകയും, 5-8-2021-ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

353 (5078) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ കല്ലുമല ഐ.ടി.ഐ. ജംഗ്ഷൻ-പുറ്റംപാട്ട് മുക്ക് റോഡിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 4-11-2020-ലെ സ.ഉ.(കൈ) നമ്പർ 170/2020/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിൽ ക്രമനമ്പർ 337 പ്രകാരം 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീ കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത 15 ലക്ഷം രൂപ തഴക്കര പഞ്ചായത്തിലെ തന്നെ ഏഴാം വാർഡിലെ കല്ലിമേൽ എസ്.എൻ.ഡി.പി. ഗുരുമന്ദിരം-പഴഞ്ചിറകുളം റോഡ് നിർമ്മാണത്തിന് അനുവദിക്കുമോ; വ്യക്തമാക്കുമോ;

&

(ഡി) ഈ ആവശ്യമുന്നയിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

**വീടുകൾക്ക് നമ്പർ**

354 (5079) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോഴിക്കോട് പെരുവയൽ പഞ്ചായത്തിലെ ചാലിയാർ തീരത്ത് വീടുവെച്ച് താമസിക്കുന്നവർക്ക് വീട്ടുനമ്പർ ലഭിക്കാത്തതുമൂലം പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വീടുകൾക്ക് നമ്പർ നൽകുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(സി) ഇല്ലെങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് വീട്ടുനമ്പരുകൾ നൽകുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകുമോ?

കോഴിക്കോട് പെരുവയൽ ഗ്രാമപഞ്ചായത്തിലെ ചാലിയാർ തീരത്തെ 9,10 വാർഡുകളിൽ ഉൾപ്പെടുന്ന പള്ളിക്കടവ് പ്രദേശം CRZ(കോസ്റ്റൽ റഗുലേഷൻ സോൺ) പരിധിയിലുൾപ്പെടുന്ന പ്രദേശമായതിനാൽ മേൽ പരിധിയിൽ വരുന്ന വീടുകൾക്ക് നിയമപ്രകാരം വീട്ടുനമ്പർ അനുവദിക്കാൻ സാധിക്കില്ല. ആയതിനാൽ ടി പ്രദേശത്ത് അർഹരായവർക്ക്, അപേക്ഷ ലഭിച്ചതിനനുസരിച്ച് താൽക്കാലിക നമ്പർ അനുവദിച്ചിട്ടുണ്ട്.

### കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

355 (5080) ശ്രീ. പി.വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി, റീബിൽഡ് കേരള പദ്ധതി, വെള്ളപ്പൊക്ക ദുരിതാശ്വാസനിധി എന്നിവയിലുൾപ്പെടുത്തി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും, ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

### മഞ്ചേശ്വരം താലൂക്ക് ഓഫീസ്/മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

356 (5081) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ഓഫീസ്/മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി കൈമാറുന്നതുസംബന്ധിച്ച് 10-12-2019-ലെ ആർ.സി.4/295/2019 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത ആവശ്യത്തിന് ഭൂമി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ ഒന്നര ഏക്കർ സ്ഥലം മഞ്ചേശ്വരം താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും പ്രസ്തുത ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനാവശ്യമായ എല്ലാ രേഖകളും സമർപ്പിക്കാത്തതിനാൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ബന്ധപ്പെട്ട ഫയലിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ഡി) പ്രസ്തുത ആവശ്യത്തിനായി ഭൂമി എപ്പോൾ അനുവദിച്ചുനൽകാൻ കഴിയുമെന്ന് വിശദമാക്കുമോ?

സർക്കാർ ആവശ്യപ്പെട്ട രേഖകൾ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കി കഴിഞ്ഞാൽ, ആയത് പരിശോധിച്ച് ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുശേഷം ഭൂമി കൈമാറ്റത്തിനുള്ള നടപടി സ്വീകരിക്കുന്നത് റവന്യൂവകുപ്പാണ്. സർക്കാർ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**തിരുവല്ല സബ്ട്രഷറി നിർമ്മാണത്തിന് നഗരസഭയുടെ ഭൂമി**

357 (5082) <u>ശ്രീ. മാത്യു ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തിരുവല്ല സബ്ട്രഷറി നിർമ്മാണത്തിനായി തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുകൊടുക്കുന്നതുസംബന്ധിച്ച് നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തിരുവല്ല വില്ലേജിൽ ബ്ലോക്ക് നമ്പർ 191-ൽ സർവ്വേ നമ്പർ 8-ൽപ്പെട്ട തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള 11.65 ആർ സ്ഥലത്തുനിന്നും 4.86 ആർ പുരയിടം തിരുവല്ല സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിലേയ്ക്ക് 99 വർഷത്തേയ്ക്ക് പ്രതിവർഷം 1,000 രൂപ ഈടാക്കി പാട്ടക്കരാർ വ്യവസ്ഥയിൽ വിട്ടുനൽകുന്നതിന് 30-7-2019-ലെ 2-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും, നഗരസഭാ സെക്രട്ടറിയെ ട്രഷറിവകുപ്പുമായി പാട്ടക്കരാറിൽ ഏർപ്പെടുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പാട്ടക്കരാറിന്റെ കരട് നഗരസഭ ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് നഗരകാര്യഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഭൂമി വിട്ടുനൽകുന്നതുസംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ അദ്ധ്യായം II ചട്ടങ്ങൾ 6 മുതൽ 12 വരെയാണ് വസ്തു കയ്യൊഴിക്കൽ സംബന്ധിച്ച് പരാമർശിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ട് 215 പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ, അതിനു പുറത്തുള്ള ഭൂമിയോ, കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് എന്തെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനുവേണ്ടി ആർജ്ജിക്കുകയോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കൈയ്യൊഴിക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ കെട്ടിടങ്ങൾ ആക്റ്റിന്റെ 215-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ വസ്തുക്കളുടെ കൈമാറ്റം കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 215-ാം വകുപ്പ് (1)-ാം ഉപവകുപ്പിനനുസൃതവും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിന് അനുയോജ്യവുമായി രിക്കേണ്ടതാണ്.

**വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും നടപടി**

358 (5083) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ കണക്റ്റിവിറ്റിക്കു വേണ്ടിയുള്ള കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണത്താൽ രൂപപ്പെട്ട ബണ്ടുകളും അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

&

(ബി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ കണക്ടിവിറ്റിക്ക് വേണ്ടിയുള്ള കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണം M/s. Afcons എന്ന കമ്പനി മുഖാന്തരം സതേൺറെയിൽവേയാണ് നടത്തിയിരിക്കുന്നത്. ആയതിനാൽ ചെളിയും മണ്ണും നീക്കം ചെയ്യാൻ കൊച്ചി കോർപ്പറേഷനു കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

**മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ നടപടി**

359 (5084) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

&

(ബി) ജനസംഖ്യകൊണ്ടും ഭൂവിസ്തൃതികൊണ്ടും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ എരുമേലി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് മുക്കൂട്ടുതറ ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി**

360 (5085) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ അനുവദിച്ചു; എത്ര അപേക്ഷ ബാക്കിയുണ്ട്; ലിസ്റ്റ് സഹിതം പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി ലൈഫ് പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി 1268 വീടുകൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. അർഹരായ 2019 ഗുണഭോക്താക്കൾ ബാക്കിയുണ്ട്. ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെയും ഇനി ലഭ്യമാക്കാനുള്ളവരുടെയും തദ്ദേശസ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പൊതു ഇടങ്ങൾ**

361 (5086) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന എത്ര ടി.വി. കിയോസ്കുകളുണ്ടെന്ന് പഞ്ചായത്തുതിരിച്ച് കണക്ക് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തന രഹിതമായി കിടക്കുന്ന ടി.വി. കിയോസ്കുകൾ ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പൊതു കുളങ്ങൾ, പൊതുകിണറുകൾ എന്നിവയുടെ എണ്ണമെത്രയെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി ആകെ 62 പൊതുകുളങ്ങളും 82 പൊതു കിണറുകളുമുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**പാഴൂർ തങ്കയത്തിൽ ക്ഷേത്രം റോഡ് പ്രവൃത്തി**

362 (5087) <u>ശ്രീ. സി. ആർ. മഹേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ തഴവ പഞ്ചായത്തിലെ കൊയ്യള്ളിമുക്ക് പാഴൂർ തങ്കയത്തിൽ ക്ഷേത്രം റോഡിന് ഇരുപത്തിഎട്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും ആയതിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി കരാർ ഒപ്പിടുകയും ചെയ്തിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെയ്തിരുന്നു. സാങ്കേതികാനുമതി 10-2-2021 നമ്പർ 95372/2020-21, 6-7-2021-ലെ കരാർ നമ്പർ 04/AE/LSGD/TGP/2020-21 കരാറുകാരൻ: ശ്രീ. പ്രഹ്ളാദൻ, ചിറക്കട വീട്, പട നോർത്ത്, കരുനാഗപ്പള്ളി.

(ബി) എന്നാൽ പ്രസ്തുത റോഡിന് സാങ്കേതികാനുമതി നൽകി നടപടികൾ പൂർത്തിയാക്കിയ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇതുസംബന്ധിച്ച സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യാത്തതിനാൽ നാളിതുവരെ സാങ്കേതിക അനുമതി ലഭിക്കാത്ത പ്രവൃത്തികൾ റദ്ദ് ചെയ്ത ഉത്തരവിൽ ഈ റോഡുൾപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി തെറ്റായി റദ്ദ് ചെയ്ത നടപടി തിരുത്തി പ്രവൃത്തി തുടങ്ങാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോട്ടയം ജില്ലയിലെ മാലിന്യസംസ്കരണ പ്ലാന്റ്

363 (5088) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോട്ടയം ജില്ലയ്ക്കുവേണ്ടി ആവിഷ്കരിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റ് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് കോഴ കൃഷിഫാമിൽ ആയത് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ആയത് കൃഷിഫാമിനെയും ആവാസവ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുമെന്ന വിദഗ്ദ്ധാഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

&

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ കോട്ടയം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ജനവാസ കേന്ദ്രമായ കോഴായിൽ നാടിന് ദോഷകരമാകുന്നവിധത്തിൽ മാലിന്യ പ്ലാന്റ് സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് വിവിധ ജില്ലകളിൽ തിരഞ്ഞെടുക്കപ്പെട്ട 7 സ്ഥലങ്ങളിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പ്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കോട്ടയം ജില്ലയിൽനിന്നുള്ള സ്ഥലം ഉൾപ്പെട്ടിട്ടില്ല.

## ക്ഷേമ പെൻഷനുകൾക്ക് മസ്റ്ററിംഗ്

364 (5089) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) നിശ്ചിതസമയത്ത് മസ്റ്ററിംഗ് നടത്താത്തതുകൊണ്ട് വിവിധ ക്ഷേമ പെൻഷനുകൾക്ക് അർഹതയുണ്ടായിട്ടും ലഭിക്കാത്തവരുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മസ്റ്റർ ചെയ്യാൻ ഇനിയും അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കളുടെ കാര്യത്തിൽ കോവിഡ് മഹാമാരിക്ക് ശമനമുണ്ടാകുന്ന മുറയ്ക്ക് മസ്റ്ററിംഗിന് സമയ മനുവദിക്കുന്നതും അപ്രകാരം മസ്റ്ററിംഗ് പൂർത്തിയാക്കുന്നവർക്ക് മുടങ്ങിക്കിടക്കുന്ന പെൻഷൻ തുടർന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) കോഴിക്കോട് ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി അർഹതപ്പെട്ട എത്ര പേർക്കാണ് മസ്റ്ററിംഗ് നടത്താത്തതുകൊണ്ട് പെൻഷൻ ലഭിക്കാത്തത് എന്നറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 10805 പേരാണ് മസ്റ്റർ ചെയ്യാൻ ഇനിയും അവശേഷിക്കുന്നത്.

(സി) അർഹതപ്പെട്ടവർക്ക് ക്ഷേമപെൻഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

365 (5090) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടും കെ.എം.ബി.ആർ. ലംഘനങ്ങളുള്ളതു കാരണം അംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെറിയരീതിയിൽ ഉള്ള കെ.എം.ബി.ആർ. ചട്ടലംഘനങ്ങൾമൂലം പ്രവൃത്തികൾക്ക് അംഗീകാരം നൽകാത്തതുകാരണം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

&

(സി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചട്ടങ്ങളിൽ ഇളവുവരുത്തി അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ പ്രവൃത്തികൾക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രത്യേക ഇളവ് വ്യവസ്ഥ ചെയ്യുന്നില്ല.

## പെർഫോമൻസ് ഓഡിറ്റ് സംവിധാനം

366 (5091) ശ്രീ. സജീവ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രവർത്തിച്ചിരുന്ന പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയ വിപുലമായ ചുമതലകളും വർദ്ധിച്ച തോതിലുള്ള ഫണ്ടും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകളുണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും 1997-ലെ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ, കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ എന്നിവയിലൂടെ രൂപം നൽകിയ സംവിധാനമാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം. സംസ്ഥാന തലത്തിലുള്ള പെർഫോമൻസ് അതോറിറ്റിയുടെ കീഴിൽ മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാർ, ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാർ, ബ്ലോക്ക് തല പെർഫോമൻസ് ഓഡിറ്റ്, റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിലായാണ് വിവിധ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

(ബി) വകുപ്പിന്റെ പെർഫോമൻസുമായി ബന്ധപ്പെട്ട ഇന്റേണൽ ഓഡിറ്റ് സംവിധാനം മെച്ചപ്പെട്ടതും സുതാര്യവുമാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള ഇന്റേണൽ ഓഡിറ്റ് സെല്ലും മോണിട്ടറിംഗ് കമ്മിറ്റിയുമടങ്ങിയ ഇന്റേണൽ ഓഡിറ്റ് സംവിധാനം തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള അതാത് വകുപ്പ് തലവന്മാരുടെ കാര്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പ്രവൃത്തികൾ

367 (5092) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേര്, ആവശ്യമായ തുക, പഞ്ചായത്ത് തുടങ്ങിയ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധം 1 ആയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം 2 ആയും ചേർക്കുന്നു*.

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്

368 (5093) ശ്രീ. എൻ. കെ. അക്ബർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസും ജില്ലാതല ഓഫീസുകളും തുടങ്ങുന്നതിനുള്ള സർക്കാർ ഉത്തരവുപ്രകാരം ജില്ലാ ഓഫീസുകൾ എന്ന് മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ?

വിശേഷാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാനതല, ജില്ലാതല ഓഫീസുകൾ പ്രവർത്തനക്ഷമമാകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി നഗരസഭ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം വന്നിട്ടുള്ള തിനാൽ നഗരസഭ ജീവനക്കാരുടെ സി.പി.എഫ്. നിർത്തൽ ചെയ്ത് ജി.പി.എഫ്.-ലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(സി) നഗരസഭ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം വന്ന സാഹചര്യത്തിൽ പഞ്ചായത്ത് ജീവനക്കാരുടേത് പോലെ നഗരസഭ ജീവനക്കാരുടെയും പി.എഫ്. വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സ്പാർക്കിൽ സംവിധാനമൊരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഇല്ല. പരിശോധിക്കുന്നതാണ്.

**ഇ.എംഎസ്.ഭവന നിർമ്മാണ പദ്ധതി**

369 (5094) ശ്രീ. സനീഷ്കുമാർ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടണമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ; ഇത് പ്രകാരം ഗുണഭോക്താവിന്റെ വീട് നിൽക്കുന്ന വസ്തുവിന്റെ ആധാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഇ.എം.എസ്. ഭവനപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 7-11-2009 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 207/2009-ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള ഇ.എം.എസ്സ്. ഭവനപദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം 20.2-ൽ പദ്ധതിപ്രകാരം അനുവദിക്കുന്ന വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 10 വർഷത്തേക്ക് ഒഴിവാക്കുന്നതിനായി ഗുണഭോക്താവ് നിശ്ചിത മാതൃകയിൽ ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആധാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടില്ല.

(ബി) കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്തു കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള കരാർ റദ്ദ് ചെയ്യുന്നതിനായി ഗുണഭോക്താവ് കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ച് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25-5-2017-ലെ 92/ഡിബി1/17/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ ഇതോടൊപ്പം ചേർക്കുന്നു*.

(സി) കരാർ റദ്ദ് ചെയ്ത് കിട്ടാത്തതിനാൽ ടി വസ്തു കൈമാറ്റം ചെയ്തോ ബാങ്കിൽ ഈട് വച്ചോ വായ്പ എടുക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ.എം.എസ്. ഭവനപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കി 7-7-2010 -ലെ സ.ഉ.(സാധാ) നമ്പർ 2234/2010-ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 10-9-2014-ലെ സ.ഉ.(സാധാ) നമ്പർ 2368/14 ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല.*

(ഡി) ഗഡുക്കൾ പൂർണ്ണമായി കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

തീരുമാനമെടുത്തിട്ടില്ല.

**കിഴക്കമ്പലം പഞ്ചായത്ത് ഭരണസമിതി**

370 (5095) <u>ശ്രീ. പി.വി. ശ്രീനിജിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

2015-2020-ലെ കിഴക്കമ്പലം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സ്വകാര്യ കമ്പനിയിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ മാസപ്പടിയോ/ശമ്പളമോ/മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെയെടുത്ത നടപടികൾ വിശദീകരിക്കാമോ?

പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ്**

371 (5096) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതുവഴി പൊതുജനങ്ങൾക്ക് അധികമായി ലഭിക്കുന്ന മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വകുപ്പുതല ഏകോപനവും പദ്ധതിസംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയം ഭരണവകുപ്പ്. വ്യത്യസ്തമായി നിൽക്കുന്ന അഞ്ചു വകുപ്പുകൾ ഏകീകരിക്കുന്നതോടു കൂടി ഭരണരംഗത്തും ആസൂത്രണത്തിലുമുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വരുന്നതോടെ ഇത് സാധ്യമാവും. തദ്ദേശസ്വയംഭരണ പൊതു ഭരണസംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കുന്നതിനും കഴിയും.

(ബി) പൊതു സർവ്വീസ് നടപ്പാക്കിക്കഴിഞ്ഞാൽ ഏതൊക്കെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരാണ് എക്സ്ഒഫീഷ്യോ സെക്രട്ടറിമാരെന്ന നിലയിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ?

വിവിധ വകുപ്പുകളിൽ നിന്ന് കൈമാറി കിട്ടിയ ഉദ്യോഗസ്ഥരെ എക്സ്ഒഫിഷ്യോ സെക്രട്ടറിമാരായി നിയമിക്കാമെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 179(11) വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 48(13) വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ ഹൈറാർക്കിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉദ്യോഗസ്ഥരിൽ അധികാരകേന്ദ്രീകരണം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശേഷാൽ ചട്ടങ്ങളും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരമാണ് ഉദ്യോഗസ്ഥരുടെ വിന്യാസവും ചുമതലകളുമുണ്ടാവുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുത്ത സമിതികൾക്കാണ് ഭരണാധികാരം.

(ഡി) തദ്ദേശാധ്യക്ഷൻമാർക്ക് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുമായി നേരിട്ടും കൂടുതൽ ഫലവത്തായും ഇടപെടുന്നതിന് തദ്ദേശപൊതുസർവ്വീസ് ഏതു തരത്തിലാണ് സഹായിക്കുകയെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഉദ്യോഗസ്ഥർ ഒറ്റ വകുപ്പിലായിത്തീരുന്നതോടെ എല്ലാ തദ്ദേശസ്ഥാപന അധ്യക്ഷന്മാർക്കും ഇവരുമായി വകുപ്പ് ഭേദമില്ലാതെ ഇടപ്പെടാൻ കഴിയുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പരപൂരകത്വം ഉറപ്പാക്കാനും കഴിയും.

**പഠനമുറി നിർമ്മാണ ധനസഹായം**

372 (5097) <u>ഡോ. മാത്യു കുഴൽനാടൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പഠനമുറി നിർമ്മാണം എന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ, പട്ടികജാതി വികസന വകുപ്പിന്റെ 30-12-2017 -ലെ സ.ഉ.(പി) നമ്പർ 13/2017/പജപവവിവ. എന്ന ഉത്തരവിലൂടെ നടപ്പിലാക്കുന്ന സമാനപദ്ധതിയുടെ മാനദണ്ഡങ്ങളുടേതിന് തുല്യമാക്കി, 15%+30%+40%+15% എന്ന ക്രമത്തിൽ പഠനമുറി ധനസഹായം അനുവദിക്കുന്നതിന്, നിലവിലുള്ള മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

14-2-2018-ലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ ഉത്തരവുപ്രകാരമുള്ള ജനകീയാസൂത്രണ മാർഗ്ഗരേഖയനുസരിച്ച് 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാൻ ആകെ 2.00 ലക്ഷം രൂപ വരെ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടായിരുന്നു. 50,000 രൂപ മുൻകൂറായി നൽകുന്ന

തിനാണ് ഇതുപ്രകാരം അനുമതി നൽകിയിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടപ്രകാരം 6-12-2019 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം ഇത് 3 ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകി. ഇതുപ്രകാരം ആദ്യ ഗഡുവായി 50,000 രൂപയും ശേഷിക്കുന്ന തുക 75,000 രൂപയുടെ രണ്ട് ഗഡുക്കളായും നൽകാം. ആദ്യ ഗഡു തുക ഉപയോഗിച്ച് നിർമ്മാണം നടത്തിയതിനുശേഷം അതിന്റെ വാലുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 75,000 രൂപയും ശേഷിക്കുന്ന തുക പഠനമുറി പൂർത്തിയാക്കി വാലുവേഷന്റെ അടിസ്ഥാനത്തിൽ നൽകാമെന്നാണ് 28-1-2020-ലെ സ.ഉ.(സാധാ)നമ്പർ 221/2020/തസ്വഭവ. ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സ്കീം പ്രകാരം ആദ്യ രണ്ടു ഗഡുക്കളിലൂടെ 90,000 രൂപ ലഭിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സ്കീമിലൂടെ രണ്ട് ഗഡുക്കളായി 1,25,000 രൂപ ലഭിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പഠനമുറി നിർമ്മിക്കുന്നതിന്, പട്ടികജാതി വികസന വകുപ്പിലെന്ന പോലെ നാല് ഗഡുക്കളായി തുക അനുവദിക്കുന്നതിനുള്ള സാധ്യത പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതാണ്.

**സി.എം.എൽ.ആർ.ആർ.പി.**

373 (5098) ശ്രീ. കെ. പ്രേംകുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം തകർന്നു പോയ റോഡുകൾ റീടാറിങ് ചെയ്യുന്നതിനനുവദിച്ച ഫണ്ടുപയോഗിച്ച് ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികൾ വീണ്ടും ടെൻഡർ ക്ഷണിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തടസ്സമില്ല.

1. ടെണ്ടർ ക്ഷണിച്ച് ആരും പ്രതികരിച്ചിട്ടില്ല എങ്കിൽ റീ-ടെണ്ടർ ക്ഷണിക്കാവുന്നതാണ്.
2. കരാർ ഉറപ്പിച്ച പ്രവൃത്തികളുടെ വിഷയത്തിൽ പൊതുമരാമത്ത് മാനുവൽ ക്ലോസ് 2116 പ്രകാരം നടപടികൾ സ്വീകരിച്ച് റീ-ടെണ്ടർ ക്ഷണിക്കാവുന്നതാണ്.

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

374 (5099) ശ്രീമതി കെ.കെ.രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് മുടങ്ങിയതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ് മുഴുവനായും വിതരണം ചെയ്യാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് സാഹചര്യത്തിൽ രക്ഷിതാക്കൾക്ക് തൊഴിൽ ചെയ്യാൻ കഴിയാതെ സാമ്പത്തിക പ്രതിസന്ധിയിലായ സാഹചര്യത്തിൽ സ്കോളർഷിപ്പ് മുടങ്ങിയത് ഇവർക്ക് കനത്ത ബാധ്യത ഉണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

കോവിഡ് സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് മുടങ്ങുന്നത് അവരുടെ കുടുംബങ്ങളെ ബാധിക്കുമെന്നത് കണ്ടുകൊണ്ട്, ഗ്രാമസഭ ചേർന്ന് ഗുണഭോക്തൃ പട്ടിക തയ്യാറാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ 2019-20-ലെ ഗുണഭോക്തൃ ലിസ്റ്റ് അടിസ്ഥാനമാക്കി ടി വർഷം ധനസഹായം അനുവദിക്കുന്നതിന് 24-12-2020 -ലെ ഡിഎ 1/323/2020-തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കോവിഡ് സാഹചര്യം കണക്കിലെടുത്ത്, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായമെന്ന നിലയിൽ യാത്രാബത്തയുൾപ്പെടെ മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നൽകണമെന്ന് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും 5-1-2021-ലെ സ.ഉ.(സാധാ) നമ്പർ 25/2021/തസ്വഭവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഈ സ്കോളർഷിപ്പ് തുക എത്ര രൂപയാണെന്നും ഇതിൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ വിഹിതം എത്രയാണെന്നും ശതമാനം എത്ര വീതമാണെന്നും അറിയിക്കുമോ?

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും വിതരണം ചെയ്യുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 14-2-2018-ലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച്, ഓരോ വിഭാഗത്തിലും വിവിധ ഇനങ്ങളിലായി നൽകേണ്ട

സ്കോളർഷിപ്പ് നിരക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു*. ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം തീരുമാനിക്കുന്നത് അതത് ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ അതത് തദ്ദേശ സ്ഥാപനങ്ങളാണ്.

(ഡി) ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ഫണ്ട് വകമാറ്റാൻ പാടില്ലെന്ന് സർക്കാർ തദ്ദേശസ്ഥാപനങ്ങൾക്ക് കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

&

(ഇ) എങ്കിൽ ഈ സ്കോളർഷിപ്പ് ഉടൻ തന്നെ വിതരണം ചെയ്യുന്നതിന് സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും വിതരണം ചെയ്യുന്നതിന് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വിഹിതം നീക്കിവെയ്ക്കണമെന്ന് വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭിന്നശേഷി വിഭാഗക്കാർക്ക് നൽകേണ്ട മുഴുവൻ ധനസഹായവും മുടക്കം കൂടാതെ നൽകാൻ ഗ്രാമപഞ്ചായത്തുകളും നഗര സഭകളും കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണെന്നും ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഇതിനായി തുക വകയിരുത്തി പ്രൊജക്റ്റ് തയ്യാറാക്കി ഭിന്നശേഷി വിഭാഗക്കാർക്ക് നൽകേണ്ട സ്കോളർഷിപ്പ്, ബത്ത, റ്റി.എ., എന്നിവ മുടക്കം കൂടാതെ നൽകു ന്നതിന് ഗ്രാമ പഞ്ചായത്തുകളെ സഹായിക്കേണ്ടതാണെന്നും 24-12-2020-ലെ ഡിഎ 1/322/2020/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ പ്രത്യേക സഹായമെന്ന നിലയിൽ മുഴുവൻ സ്കോളർഷിപ് തുകയും വിതരണം ചെയ്യണമെന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പോലെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സംയോജിത പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് യഥാസമയം കൈമാറുന്നുണ്ടെന്നതും ഉറപ്പ് വരുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം സമാഹരിക്കുന്നതിനും വിഹിതം നിശ്ചയിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ച് ചേർത്ത് സഹായം പൂർണ്ണമായി ലഭ്യമാക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പെഷ്യൽ റൂൾസ്

375 (5100) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകൾക്കായി സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ എപ്പോഴാണ് സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചതെന്നും അവ പരിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

മുനിസിപ്പൽകോമൺ സർവ്വീസിൽ 16-8-1972-ലെ ജി.ഒ.(എം.എസ്.) നമ്പർ 246/12/LA&SWD സർക്കാർ റൂൾപ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ സ.ഉ(പി) നമ്പർ 151/94/എൽ.എ.ഡി. തീയതി 16-6-1994 ഉത്തരവുപ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയായി പറയുന്ന കോഴ്സുകൾ സർക്കാർ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ?

ഉണ്ട്.

(ഡി) ആരോഗ്യവകുപ്പ് പതിനാറ് വർഷമായി നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് മേൽപ്പറഞ്ഞ തസ്തികയുടെ യോഗ്യതയായി അംഗീകരിക്കപ്പെട്ടിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മികച്ച യോഗ്യതയുള്ളവർ ഇത്തരം പ്രധാന തസ്തികകളിൽ നിന്ന് ഒഴിവാക്കപ്പെടുന്നത് സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ഏകീകൃത സ്പെഷ്യൽ റൂൾ അടിയന്തരമായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

&

(എഫ്) മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനായുള്ള പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പായി പുതിയ സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്ത് വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നത് 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് VI പ്രകാരമായി ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ്. പ്രസ്തുത യോഗ്യതകളിൽ അവസാനമായി Any other equivalent qualification എന്ന് രേഖപ്പെടുത്തി യിട്ടുമുണ്ട്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് 1972 -ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമന ത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്.

## ലൈഫ് മിഷൻ പദ്ധതി

376 (5101) ശ്രീ. എച്ച്. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പാവപ്പെട്ടവന്റെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ വീട് ലഭിച്ചവരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കേരളത്തിലെ അർഹരായ എല്ലാ ഭവനരഹിതർക്കും വീടുകൾ നൽകുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ്ഭവനപദ്ധതി വിവിധ ഘട്ടങ്ങളായാണ് നടപ്പാക്കിവരുന്നത്. 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിലേർപ്പെട്ട് ഭവന നിർമ്മാണമാരംഭിക്കുകയും എന്നാൽ വിവിധ കാരണ ങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ കണ്ടെത്തിയ 54116 വീടുകളിൽ 52623 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണമാണ് നടപ്പാക്കിയത്. അർഹരായ ഗുണഭോക്താക്കളിൽ 102624 ഗുണഭോക്താക്കൾ എഗ്രിമെന്റ്വെച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ

88651 വീടുകൾ പൂർത്തീകരിച്ചിട്ടുമുണ്ട്. സംസ്ഥാനത്തെ അർഹരായ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന ടി വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളുടെ ഒരു അഡീഷണൽ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ലഭ്യമാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടി അന്തിമമാക്കി. ടി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഭൂരഹിത ഭവന രഹിതരുടെ പുനഃരധിവാസമാണ് മൂന്നാം ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഈ വിഭാഗത്തിൽ അർഹരായ 139205 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളിൽ സ്വന്തമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/വകുപ്പ് മുഖേനയോ ഭൂമി ആർജ്ജിച്ചുവന്ന 21032 ഗുണഭോക്താക്കൾ ഭൂമിയുള്ള ഭവന രഹിതരായി മാറിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 13100 പേർ തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 3,667 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിനു പുറമെ 362 ഗുണഭോക്താക്കളെ ഭവന സമുച്ചയത്തിലൂടെ പുനഃരധിവസിപ്പിച്ചിട്ടുണ്ട്. കൂടുതൽ ഭൂരഹിത-ഭവനരഹിതരായ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനായി 38 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി, ലൈഫ് മിഷൻ മുഖേനയും വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ ഏകോപിപ്പിച്ചും സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഇത്തരത്തിലുള്ള വിവിധ പദ്ധതികളിലൂടെ 116828 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 262131 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു*.

(ബി) വീടും സ്ഥലവും ഇല്ലാത്ത പാവപ്പെട്ടവർക്കായി ലൈഫ് മിഷനിലുൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

38 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 17 സമുച്ചയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(സി) ഓരോ ജില്ലയിലും എത്ര ഫ്ലാറ്റുകളുടെ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്; എത്ര എണ്ണത്തിന്റെ നിർമ്മാണമാണ് നടന്നുവരുന്നത്; ഇനിയും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്തവയെത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയായ ഭവന സമുച്ചയങ്ങൾ-

ഇടുക്കി-1, തിരുവനന്തപുരം-2, എറണാകുളം-2, മലപ്പുറം-1. 38 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. നിർമ്മാണം ആരംഭിക്കാൻ കഴിയാത്തവയുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഫ്ലാറ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

31-7-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 151/2017/ത.സ്വ.ഭ.വ ഉത്തരവു പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.*

(ഇ) ഇതുവരെ ലൈഫ് മിഷനിൽ അപേക്ഷ നൽകാൻ കഴിയാത്ത വീടില്ലാത്തവർക്ക് ഇനിയും അതിനുള്ള അവസരം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ എല്ലാവർക്കും ഭവന നിർമ്മാണത്തിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് 2020 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ സെപ്റ്റംബർ 23 വരെയും തുടർന്ന് 2021 ഫെബ്രുവരി 12 മുതൽ 20 വരെയും അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച 920261 അപേക്ഷകൾ തദ്ദേശസ്ഥാപന തലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ

377 (5102) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിലുൾപ്പെട്ടതും തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്നതുമായ വട്ടിയൂർക്കാവ്-കുടപ്പനക്കുന്ന് സോണൽ ഓഫീസുകളിൽ നിന്നുള്ള ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലുൾപ്പെട്ടതും തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്നതുമായ വട്ടിയൂർക്കാവ്-കുടപ്പനക്കുന്ന് സോണൽ ഓഫീസുകളിലെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ ജനന മരണ വിവാഹ രജിസ്ട്രേഷനുകളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. ടി ഡേറ്റകൾ വെബിലേയ്ക്ക് പോർട്ട് ചെയ്യുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ സാധിക്കും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകൾ ഏതെല്ലാമാണെന്നും ഈ യൂണിറ്റുകൾ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വന്നതെന്നും അറിയിക്കാമോ?

തിരുവനന്തപുരം നഗരസഭയുടെ കീഴിൽ വട്ടിയൂർക്കാവ്, വിഴിഞ്ഞം, കുടപ്പനക്കുന്ന്, ശ്രീകാര്യം, കഴക്കൂട്ടം എന്നീ കൂട്ടിച്ചേർത്ത 5 പഞ്ചായത്തുകളും തിരുവനന്തപുരം നഗരസഭയും ഉൾപ്പെടെ 6 സിവിൽ രജിസ്ട്രേഷൻ യൂണിറ്റുകളാണുള്ളത്. 1-11-2010 -ലെ സ.ഉ.(സാധാ) നമ്പർ 3408/2010/തസ്വഭവ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി സ്വതന്ത്ര രജിസ്ട്രേഷൻ യൂണിറ്റുകൾ നിലവിൽ വന്നത് .

(സി) ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

രജിസ്റ്റർ ചെയ്ത് വെബിലേയ്ക്ക് പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ജനന-മരണ വിവാഹ സർട്ടിഫിക്കറ്റുകളും https://cr.lsgkerala.gov.in/ https:/erp.lsgkerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ (IKM) ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ ഭൂമി

378 (5103) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ കൈവശമുള്ള സ്ഥലത്ത് വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവർക്ക് പ്രസ്തുത സ്ഥലം പതിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ ആർ.സി.4/147/2018/ത.സ്വ.ഭ.വ. (ചെമ്മനാട്) ആർ.സി.4/95/2017/ത.സ്വ.ഭ.വ. വർഷങ്ങളായി തീരുമാനത്തിലെത്താതെ ഓഫീസുകൾ മാറി മാറി അയച്ചുകൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഫയൽ നടപടികളിൽ കാലതാമസം വരുത്താതെ പാവപ്പെട്ട താമസക്കാർക്ക് പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉദുമ ഗ്രാമപഞ്ചായത്തിലെ സ്ഥലം പതിച്ചുനൽകുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ (ആർസി4/95/2017/ത.സ്വ.ഭ.വ) റവന്യൂവകുപ്പിന്റെ പരിഗണനയിലാണ്. ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ സ്ഥലം പതിച്ചു നൽകുന്നതിനാവശ്യമായ രേഖകളുടെ അഭാവം മൂലമാണ് ഫയലിൽ കാലതാമസം നേരിടുന്നത്. ഭൂമി പതിച്ചു നൽകുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികൾ**

379 (5104) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വാഹന ഇലക്ട്രിക്കൽ പ്രവൃത്തികൾ പൊതുമരാമത്ത് വിഭാഗത്തിന് കൈമാറി ചെയ്യുന്നതിനാലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ജില്ലാകേന്ദ്രങ്ങളിൽ സ്ഥിതിചെയ്യുന്ന പൊതുമരാമത്ത് ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങളുടെ വളരെ പരിമിതമായ ജീവനക്കാരെ വച്ച് മുഴവൻ തദ്ദേശ സ്ഥാപനങ്ങളിലെയും പ്രവൃർത്തികൾ നിർവ്വഹിക്കുന്നത് പ്രയാസകരമാണെന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 22-9-2015 ലെ സ.ഉ.(സാധാ) നമ്പർ 2878/15/തസ്വഭവ,8-2-2019-ലെ സ.ഉ സാധാ) നമ്പർ 267/19/തസ്വഭവ ഉത്തരവുകൾ പ്രകാരം, തദ്ദേശ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി. എന്നി വിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽ നിന്നും പാനൽ തയ്യാറാക്കി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും കോർപ്പറേഷൻ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായുമുള്ള കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിൽ മെക്കാനിക്കൽ വിഭാഗമില്ലാത്ത സാഹചര്യത്തിൽ മെക്കാനിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗ പ്പെടുത്തി നിർവ്വഹിക്കാനേ നിലവിൽ കഴിയുകയുള്ളൂ.

(സി) ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഫയലുകൾ തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം കൈകാര്യം ചെയ്ത് തീരുമാനം എടുക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇങ്ങനെ തീരുമാനമെടുക്കാനുള്ള അധികാരം എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടോയെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

മേൽ ഉത്തരവുകൾ പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റികളാണ് തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് അധികാരപ്പെട്ടിട്ടുള്ളത്. മെക്കാനിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയാണ് ചെയ്തു വരുന്നത്.

## ഇൻഫർമേഷൻ കേരള മിഷൻ സോഫ്റ്റ്‌വെയർ

380 (5105) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം നഗരസഭയിൽ മറ്റ് നഗരസഭകളിൽ നിന്നും വ്യത്യസ്തമായി ഏതുരീതിയിലാണ് തൊഴിൽ നികുതി പിരിക്കുന്നതിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയറിൽ ഡെവലപ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറ്റ് നഗരസഭകളിൽ നിന്ന് വ്യത്യസ്തമായി ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം നഗരസഭയ്ക്ക് വേണ്ടി മാത്രം തൊഴിൽ നികുതി പിരിക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തിട്ടില്ല. നിലവിൽ തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്നതാണ്.

(ബി) ഐ.കെ.എം. തിരുവനന്തപുരം നഗരസഭയുടെ തൊഴിൽ നികുതി രജിസ്റ്റർ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

&

(സി) തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാത്ത തിനാൽ പ്രസ്തുത നഗരസഭയിലെ തൊഴിൽ സ്ഥാപനങ്ങളും ജീവനക്കാരും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതിന് പരിഹാരം കണ്ടെത്തുമോ?

2015-2016 വരെയുള്ള കാലയളവിലെ തൊഴിൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ടായിരുന്നു. 2017-2018-ൽ സോഫ്റ്റ്‌വെയർ വെബ് ആപ്ലിക്കേഷനാക്കുകയും ആ വർഷത്തെ വിവരങ്ങൾ ഈ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ തൊഴിൽനികുതി അടച്ചുകഴിഞ്ഞാൽ സ്വയം പ്രേരിതമായി പോസ്റ്റിങ്ങ് നടക്കുന്നതിനായുള്ള മാറ്റങ്ങൾ വരുത്താൻ സാധിച്ചില്ല. ആയതിനാൽ അതിനുശേഷമുള്ള വിവരങ്ങൾ കാലികമാക്കുന്ന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തു. നിലവിൽ തൊഴിൽ നികുതി അടച്ചുകഴിഞ്ഞാൽ സ്വയം പ്രേരിതമായി പോസ്റ്റിംഗ് നടക്കുന്ന രീതിയിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തൊഴിൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടർ വത്ക്കരിക്കാവുന്നതാണ്.

## അനധികൃത മണൽകടത്ത് കേന്ദ്രങ്ങൾ

381 (5106) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് അനധികൃത മണൽകടത്ത് കേന്ദ്രങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഈ കടത്തുകേന്ദ്രങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തവ കണ്ടെത്തി ത്രിതലപഞ്ചായത്ത് സംവിധാനത്തിലൂടെ അംഗീകൃത മണലെടുപ്പ് കേന്ദ്രങ്ങളാക്കി മാറ്റിയാൽ പഞ്ചായത്തുകൾക്കും അതുവഴി സർക്കാരിനും ധനസമാഹരണം നടത്തുന്നതിനുള്ള ഉപാധിയാക്കി മാറ്റാമെന്ന വിഷയം പരിശോധിക്കുമോ;

&

(സി) ഖജനാവിൽ പണം ലഭിക്കുന്നതോടൊപ്പം മണൽ മാഫിയ സംഘങ്ങളെ നിയന്ത്രിക്കാനും ഇതിലൂടെ സാധിക്കുമെന്ന വിഷയം കൂടി പരിശോധനയ്ക്ക് വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001- ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, Ministry of Environment, Forest & Climate Change ന്റെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരം തയ്യാറാക്കിയ District Survey Report ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം മാത്രമേ നദികളിൽ നിന്നുള്ള മണൽ നീക്കംചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

**വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകൾക്ക് സാങ്കേതിക അനുമതി**

382 (5107) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ സാങ്കേതിക അനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണോ?

5 മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾക്ക് സാങ്കേതിക അനുമതി നൽകുന്നത് തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗമാണ്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിലേക്കായി ഒരു ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഈ പദ്ധതിയിൽ വയനാട് ജില്ലയിൽ ഏതെങ്കിലും റോഡുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ;

&

(സി) പ്രസ്തുത പദ്ധതിയിൽപ്പെട്ട വയനാട് ജില്ലയിലെ ഏതെങ്കിലും പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകാനുള്ള ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൈയിലുണ്ടോ; വ്യക്തമാക്കുമോ?

5 മീറ്ററിൽ താഴെ വീതിയുള്ള 4 പ്രവർത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. അവ പൂർത്തീകരിച്ചിട്ടുണ്ട്. 5 മീറ്ററിന് മുകളിൽ വീതിയുള്ള 14 റോഡുകൾക്കും സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. 9 റോഡുകളുടെ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയിലാണ്.

**നികുതി ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

383 (5108) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നിർമ്മാണം പൂർത്തിയാക്കി നികുതി അടച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ ഉദ്ദേശവും ഉപയോഗവും മാറ്റിയാൽ, നികുതി ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

2011-ലെ കേരള മുനിസിപ്പാലിറ്റി/കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം17-ൽ വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങൾ പ്രതിപാദിക്കുന്നു. ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ട പ്രകാരമുള്ള ഒരു പുതിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

(ബി) സാംസ്കാരിക നിലയങ്ങൾ ആരാധനാലയങ്ങളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ആക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം നിലവിലെ ഒരു കെട്ടിടത്തിന്റെ ഉപയോഗമാറ്റം വരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയിൽനിന്നും പെർമിറ്റ് വാങ്ങേണ്ടതാണ്. ഏതുപയോഗത്തിലേക്കാണോ കെട്ടിടത്തിന്റെ ഉപയോഗമാറ്റം വരുത്തേണ്ടത് അതുപ്രകാരമുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.

## വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

384 (5109) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

നിലവിലുണ്ട്. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി, രണ്ട് ലക്ഷം രൂപ വരെ വരുമാനമുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധനസഹായം 2019-20 വർഷം മുതൽ നൽകുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുഖേന അന്വേഷണം നടത്തി

അർഹരായ ഗുണഭോക്താക്കൾക്ക് ജില്ലാ കലക്ടറേറ്റിൽ നിന്നും ധനസഹായത്തിനുള്ള അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം നൽകിവരുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കായുള്ള മാർഗ്ഗരേഖ പ്രകാരം ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി/പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75,000 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിയ്ക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് അർഹമായവയ്ക്ക് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതുമാണ്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ വിവാഹ ധനസഹായത്തിനായി എപ്രകാരമാണ് അപേക്ഷിക്കേണ്ടതെന്നും എന്തൊക്കെ രേഖകൾ ഇതോടൊപ്പം നൽകണമെന്നും സംബന്ധിച്ച വിശദാംശം നൽകാമോ ?

അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിയ്ക്ക് സമർപ്പിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75,000 രൂപ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം വിവാഹിതയാകുന്ന യുവതിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വരന്റെ സമ്മതപത്രം, ജാതി സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, വിവാഹശേഷം ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷയാണെങ്കിൽ വിവാഹ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. പൊതുവിഭാഗത്തിൽപ്പെടുന്ന സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി അപേക്ഷയോടൊപ്പം, വിവാഹിതയാകുന്ന യുവതിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വരന്റെ സമ്മതപത്രം, വരുമാന സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, വിവാഹശേഷം ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷയാണെങ്കിൽ വിവാഹ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതുണ്ട്.

(സി) നിലവിൽ ധനസഹായമായി എത്ര തുകയാണ് അനുവദിക്കുന്നത്; ഈ തുക കാലോചിതമായി ഉയർത്തി നൽകുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി/പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75,000 രൂപയാണ് അനുവദിക്കുന്നത്. സാധുക്കളായ പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിനായി നിലവിൽ 30,000 രൂപയുമാണ് അനുവദിച്ചുവരുന്നത്. ഇത് കാലോചിതമായി ഉയർത്തി നൽകുന്ന വിഷയം പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ തയ്യാറാക്കുമ്പോൾ പരിശോധിക്കുന്നതാണ്.

## ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ലോൺ സൗകര്യം

385 (5110) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് മൂന്ന് ശതമാനം പലിശനിരക്കിൽ വീട്, വാഹന ലോൺ സൗകര്യം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

## കേന്ദ്രം പാസ്സാക്കിയ മാതൃകാ വാടക നിയമം

386 (5111) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേന്ദ്രം പാസ്സാക്കിയ മാതൃക വാടക നിയമം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുസൃതമാണോയെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ 2-6-2021-ൽ അംഗീകരിച്ച Model Tenancy Act-ന്റെ കരട് സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി കേന്ദ്ര സർക്കാരിന്റെ ഭവനവും നഗരകാര്യവും മന്ത്രാലയത്തിൽനിന്നും ലഭ്യമാക്കിയിരുന്നു. പ്രസ്തുത Model Act അതത് സംസ്ഥാനത്ത് ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ആക്ടുകളെ റദ്ദ് ചെയ്തുകൊണ്ട് പുതിയ ആക്ട് സംസ്ഥാനങ്ങളിൽ കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് 1965-ലെ കേരളാ കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം കാലാനുസൃതമായി പരിഷ്കരിച്ച് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിൽ Model Tenancy Act -ലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടി സംബന്ധിച്ചും, കൂടാതെ കരട് ചട്ടത്തിലെ സ്വീകാര്യമായ വ്യവസ്ഥകളും അതിനൊപ്പം പരിഗണിച്ച് ഉൾപ്പെടുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും കേന്ദ്രസർക്കാരിനെ അഭിപ്രായം അറിയിച്ചിരുന്നു.

(ബി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) എങ്കിൽ സംസ്ഥാന താൽപ്പര്യത്തിനനുസൃതമായി പുതിയ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭവനവും നഗരകാര്യവും മന്ത്രാലയത്തിൽനിന്നും ലഭ്യമാക്കിയ 2021-ലെ Model Tenancy Act ന്റെ പകർപ്പ് ഹൗസിംഗ് കമ്മീഷണർക്ക് ലഭ്യമാക്കുകയും, 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം പരിഷ്കരിച്ച് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റ് സൗകര്യങ്ങളും) ബില്ലിൽ 2021-ലെ Model Tenancy Act -ലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ കരട് ലഭ്യമാക്കുവാൻ ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പഞ്ചായത്ത് വകുപ്പിലെ ഒഴിവുകൾ**

387 (5112) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഡിസംബർ മാസം വരെ പഞ്ചായത്ത് വകുപ്പിൽ വരാവുന്ന റിട്ടയർമെന്റ് ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് നൽകാമോ?

| തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|
| (1) | (2) |
| പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ | 18 |
| സെക്രട്ടറി | 203 |
| അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് | 146 |
| ഹെഡ് ക്ലാർക്ക് | 9 |
| അക്കൗണ്ടന്റ് | 30 |

| (2) | (3) |
|---|---|
| സീനിയർ ക്ലാർക്ക് | 113 |
| ക്ലാർക്ക് | 59 |
| ഓഫീസ് അറ്റൻഡന്റ് | 37 |
| പാർട്ട് ടൈം സ്വീപ്പർ | 66 |
| ഫുൾ ടൈം സ്വീപ്പർ | 37 |
| പാർട്ട് ടൈം ലൈബ്രേറിയൻ | 5 |
| പാർട്ട് ടൈം ഫെറിമാൻ | 2 |
| പാർട്ട് ടൈം ആയ | 2 |
| ടൈപ്പിസ്റ്റ് | 4 |
| പാർട്ട് ടൈം പൗണ്ട് കീപ്പർ | 3 |
| ഫുൾ ടൈം ലൈബ്രേറിയൻ | 4 |
| ഡ്രൈവർ | 4 |

(ബി) തദ്ദേശസ്വയം ഭരണ പൊതു സർവ്വീസ് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ഇത്തരത്തിൽവരുന്ന ഒഴിവുകൾ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരിൽനിന്നും പ്രമോഷൻ വഴിയാണോ നികത്തുന്നതെന്ന് വ്യക്തമാക്കാമോ?

17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമായിരിക്കും പൊതുസർവ്വീസിലെ സ്ഥാനക്കയറ്റ നടപടികൾ.

**ദുരന്ത നിവാരണ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി**

388 (5113) ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശികമായി ദുരന്ത നിവാരണത്തിന് സഹായകരമായ ഉപകരണങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ തലത്തിലുള്ള ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രതികരണ ഉപകരണങ്ങളുടെ ആവശ്യകത പരിശോധിച്ച് തദ്ദേശസ്വയംഭരണ തലത്തിലുള്ള ദുരന്ത ലഘൂകരണ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങാവുന്നതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഇതിനാവശ്യമായ തുക വകയിരുത്തുവാൻ വ്യവസ്ഥയുള്ളതിനാൽ, തദ്ദേശ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന മുറയ്ക്ക് ആവശ്യമായ തുക തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**ജനകീയ, സുഭിക്ഷ ഹോട്ടലുകൾ**

389 (5114) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടലുകളും സുഭിക്ഷ ഹോട്ടലുകളും ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നാളിതുവരെ 1,143 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. നഗരപ്രദേശത്ത് 189 ജനകീയ ഹോട്ടലും ഗ്രാമപ്രദേശത്ത് 954 ജനകീയ ഹോട്ടലുമാണ് രൂപീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ഹോട്ടലുകൾക്കുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ജനകീയ ഹോട്ടലുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനസഹായം നൽകുന്നില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ കീഴിൽ ലഭ്യമായ കെട്ടിടങ്ങൾ സൗജന്യമായി നല്കുന്നുണ്ട്.

**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

390 (5115) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ?

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 29-1-2018-ലെ സ.ഉ. (കൈ)നമ്പർ 11/2018/തസ്വഭവ.,

14-2-2018-ലെ സ.ഉ. (കൈ) നമ്പർ 22/2018/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. വ്യക്തികൾക്കും, കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികവർഗ്ഗക്കാരുടെ പൊതു സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളും ഇത് പ്രകാരം ഏറ്റെടുക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് പദ്ധതി രൂപീകരണ, സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇവ കൂടാതെ ഉത്പാദന-സേവന മേഖലകളിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വ്യക്തിഗത-ഗ്രൂപ്പ് ഗുണഭോക്തൃ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ വിശദാംശം അറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 23-6-2021-ലെ സ.ഉ.(സാധാ) നമ്പർ 1197/2021/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം മെച്ചപ്പെടുത്തുന്നത് വഴി ഓരോ സ്കൂളിലെയും കുട്ടികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാൻ സാധിക്കുകയും, പഠനോപകരണങ്ങളുടെയും ഡിജിറ്റൽ സൗകര്യങ്ങളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനും, പൊതുപഠന കേന്ദ്രങ്ങൾ ഒരുക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കാൻ പ്രത്യേക പിന്തുണ നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പോഷണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ മാനസിക ഉല്ലാസം ആരോഗ്യകരമാക്കുന്നതിനും സാധിക്കുന്നതാണ്. 23-6-2021-ലെ സ.ഉ. (സാധാ) നമ്പർ 1197/2021/തസ്വഭവ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലൈഫ് ഭവനപദ്ധതി

391 (5116) ശ്രീ. എ. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

ലൈഫ് ഭവനപദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ 2531 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു*.

(ബി) ഇതിൽ എത്ര വീടുകൾ പൂർത്തിയായെന്നും എത്രയെണ്ണം ഇനിയും പൂർത്തിയാക്കാനുണ്ടെന്നും അറിയിക്കാമോ?

ലൈഫ് ഭവനപദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച 2531 വീടുകളിൽ 2226 വീടുകൾ പൂർത്തീകരിക്കുയും ബാക്കിയുള്ള 305 വീടുകൾ നിർമ്മാണ പുരോഗതിയിലുമാണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.*

## ലൈഫ് മിഷൻ പദ്ധതി

392 (5117) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്നും എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ചതും നിർമ്മിച്ച് നൽകിയതുമായ 993 വീടുകളാണുള്ളത്.*

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മാണ പുരോഗതിയിലുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 235 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(സി) ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം എത്ര വീടുകൾ കൂടി നിർമ്മിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം 1025 വീടുകൾ കൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നീലേശ്വരം നഗരസഭയ്ക്ക് പുതിയ കെട്ടിടം

393 (5118) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച നഗരസഭകൾക്കുള്ള കെട്ടിട നിർമ്മാണ പദ്ധതി പ്രകാരം നീലേശ്വരം നഗരസഭയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ അധിക തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

"പുതുതായി രൂപീകരിച്ച നഗരസഭകൾക്കുള്ള കെട്ടിട നിർമ്മാണം" പദ്ധതിയിൽ നീലേശ്വരം നഗരസഭ ഉൾപ്പെടുന്നില്ല.

## ബഡ്സ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രതിമാസ വേതനം

394 (5119) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളമായി ഇപ്പോൾ എത്ര തുകയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം നല്കുന്നത് 7-2-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 20/2018/തസ്വഭവ. പ്രകാരമാണ്. അതിൻപ്രകാരം നിലവിലെ ബഡ്സ് സ്കൂളുകളിലെ ജീവനക്കാരുടെ പ്രതിമാസ ഓണറേറിയം/ശമ്പളം താഴെപ്പറയും പ്രകാരമാണ്. ബഡ്സ് സ്കൂളുകളിൽ ജോലി ചെയ്യുന്ന Rehabilitation Council of India (RCI)-യുടെ അംഗീകൃത പരിശീലനം സിദ്ധിച്ച അദ്ധ്യാപകർക്ക് 30,675 രൂപയും നിശ്ചിത യോഗ്യത ഇല്ലാത്ത അധ്യാപകർക്ക് 23,100 രൂപയുമാണ് പ്രതിമാസ ഓണറേറിയം/ശമ്പളം. മുകളിൽ പറഞ്ഞ ഉത്തരവുപ്രകാരം ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ആയമാർക്ക് പ്രതിമാസ ഓണറേറിയം/ശമ്പളം 17,325 രൂപയാണ്.

(ബി) സർക്കാർ പ്രഖ്യാപിച്ച മാസവേതനം അവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ പ്രഖ്യാപിച്ച പ്രതിമാസ വേതനം ബഡ്സ് സ്കൂളുകളിൽ പ്രവർത്തിക്കുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നല്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്.

(സി) ഇവർക്ക് കിട്ടുന്ന വേതനം വർദ്ധിപ്പിക്കാൻ ശിപാർശകളുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

**മുണ്ടാർ പാലം**

395 (5120) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ മുണ്ടാർ നടപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കപ്പെടാതിരുന്നാൽ പൊതുഖജനാവിനുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

&

(ഡി) നിലവിലുള്ള നിയമങ്ങളെല്ലാം പാലിച്ചുകൊണ്ടും എല്ലാ അനുമതികളും ലഭ്യമാക്കിയതിന് ശേഷവും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതികൾ ഇടയ്ക്കുണ്ടാകുന്ന ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ തടസ്സപ്പെടുന്നതുമൂലം പൊതുഖജനാവിന് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. 38 ലക്ഷം രൂപയാണ് പ്രവൃത്തിയുടെ അടങ്കൽ തുക. ജലസേചന വകുപ്പ് നൽകിയ എൻ.ഒ.സി ആധാരമാക്കി നാളിതുവരെ 29.78 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ ജലസേചന വകുപ്പ് ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾ ഒഴിവാക്കിയാൽ പാലം ഉപയോഗപ്രദമായ രീതിയിൽ പൂർത്തീകരിക്കുവാനാകും. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ**

396 (5121) ഡോ. സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) നേരിട്ടുള്ള/ബൈടാൻസ്ഫറിലൂടെ നിയമനം ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ബാധകമായിട്ടുള്ള സ്പെഷ്യൽ റൂൾസ് ഉണ്ടോ; ഉണ്ടെങ്കിൽ നമ്പരും തീയതിയും അറിയിക്കാമോ?

ഉണ്ട്. 16-2-2011 തീയതിയിലെ സ.ഉ.(അ)44/2011/തസ്വഭവ. നമ്പർ ഉത്തരവ്.

(ബി) പ്രസ്തുത റൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുന്ന ഒരു വ്യക്തി പ്രസ്തുത നിയമനം ലഭിക്കുന്നതിന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ, MOP എന്നിവ പാസ്സായിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വീണ്ടും ഇതേ ടെസ്റ്റുകൾ പാസ്സാകേണ്ടതുണ്ടോയെന്നറി യിക്കാമോ;

&

(സി) 2011-ന് മുമ്പ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ എന്നിവയിൽ ഏതെങ്കിലും പാസ്സാവുകയും 2012-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുകയും ചെയ്യുന്ന ആൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് പാസ്സാകേണ്ടതുണ്ടോ?

16-2-2011-ലെ GO(P)44/2011/LSGD നമ്പർ വിശേഷാൽ ചട്ടം നിലവിൽ വന്ന ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടി തീയതിക്ക് മുമ്പുതന്നെ Account test (Lower/Higher) Manual of Procedure എന്നീ ടെസ്റ്റുകൾ പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കു ന്നതിന് Account test for Executive Officer-ഉം Manual of Procedure-ഉം പാസ്സാകണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും അവർ നേരത്തെ ആർജ്ജിച്ച പ്രസ്തുത യോഗ്യതകൾ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് പരിഗണിക്കാവുന്ന താണെന്നും 16-6-2017-ലെ സ.ഉ(എം.എസ്.) 112/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്.

(ഡി) 2011-ന് ശേഷവും 2018-ന് മുമ്പായും അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ പാസ്സായ വ്യക്തിക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചാൽ അദ്ദേഹത്തിന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് പാസ്സാകേണ്ടതുണ്ടോ?

ഉണ്ട്.

(ഇ) 2018-ന് മുമ്പ് MOP പാസ്സായ ഒരു വ്യക്തിക്ക് 2018-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിച്ചാൽ പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് വീണ്ടും MOP പാസ്സാകേണ്ടതുണ്ടോ; വിശദവിവരം നൽകുമോ?

ഇല്ല. അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ്, അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ എന്നിവ വ്യത്യസ്ത പരീക്ഷകൾ ആയതിനാലാണ് ഇവ പാസ്സാകണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എം.ഒ.പി പരീക്ഷ ഒരു തവണ വിജയിച്ചാൽ മതിയാകുന്നതാണ്.

## ഹരിത കേരളം മിഷൻ

397 (5122) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ ഹരിത കേരളം മിഷൻ പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയിൽ ഹരിതകേരളം മിഷൻ ജലഉപമിഷന്റെ ഭാഗമായി സർക്കാർ ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിലേയും ഏജൻസികളിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച സാങ്കേതികസമിതികളുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കി. ഹരിതകേരളം മിഷൻ "ഇനി ഞാനൊഴുകട്ടെ" എന്ന പേരിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയ നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് കാമ്പയിന്റെ ഭാഗമായി 662 കി.മീ. നീർച്ചാലുകളുടെ പുനരുജ്ജീവനം സാധ്യമാക്കി. ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി 5 എം.എൽ.എ. മാരുടെ പ്രത്യേക ആസ്തി വികസന ഫണ്ടിൽ നിന്നും 46.92 ലക്ഷം രൂപ ഉപയോഗിച്ച് 36 ഹയർസെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ജനപങ്കാളിത്തത്തോടെ കേരളത്തിലെ വിഭവങ്ങളും പൊതു സ്വത്തുകളും മാപ്പ് ചെയ്യുന്നതിനുവേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള മാപ്പത്തോൺ ഓപ്പൺ സ്ട്രീറ്റ് മാപ്പിംഗിലൂടെ ജില്ലയിലെ 80 ശതമാനത്തോളം നീർച്ചാലുകൾ മാപ്പിംഗ് നടത്തി. പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മുള, രാമച്ചം, തീറ്റപ്പുല്ല് എന്നിവ നട്ടുപിടിപ്പിക്കുന്ന പദ്ധതി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്നു. ഇതുകൂടാതെ വിവിധ സർക്കാർ വകുപ്പുകളുടേയും തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള വിവിധ ഏജൻസികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ

ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. ഹരിതകേരളം മിഷൻ-കൃഷി ഉപമിഷന്റെ (സുജലം, സുഫലം) ഭാഗമായി ലക്ഷ്യമിടുന്ന ജൈവ കൃഷി രീതിയിലൂടെ പച്ചക്കറി, ഫലവർഗ്ഗ വിളകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയും സംയോജിത കൃഷി രീതി എന്നിവയുടെ ഭാഗമായി വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. മണക്കാട്, കുമളി എന്നീ പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചു. കുമളി, ശാന്തൻപാറ, മണക്കാട്, പുറപ്പുഴ, നെടുങ്കണ്ടം, അടിമാലി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളാക്കി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി അനുയോജ്യമായ ഇടങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന 43 പച്ചത്തുരുത്തുകൾ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ പരിപാലിച്ചുവരുന്നു. കട്ടപ്പന ഗവ. ഐ.ടി.ഐ. ഹരിത കാമ്പസാക്കി മാറ്റുന്നതിന്റെ ഭാഗമായി കാമ്പസിനുള്ളിലെ മുഴുവൻ അജൈവ വസ്തുക്കളും ശേഖരിച്ചു. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രത്യേക ബിന്നുകൾ സ്ഥാപിച്ചു. കാർഷിക ഉപകരണങ്ങൾ വാങ്ങി. തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തി ഏറ്റെടുത്ത് നടത്തിവരുന്നു. ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷനുമായി ബന്ധപ്പെട്ട് അജൈവ മാലിന്യം വാതിൽപ്പടി ശേഖരണം നടത്തുന്നതിന് 50 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും 1355 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേന, കുടുംബശ്രീ സംരംഭ ഗ്രൂപ്പുകളായി പ്രവർത്തിച്ചുവരുന്നു. (ഇടമലക്കുടി, വട്ടവട എന്നീ ഗ്രാമപഞ്ചായത്തുകളൊഴികെ) ജൈവ മാലിന്യം സംസ്കരിക്കുന്നതിന് 16 ഗ്രാമപഞ്ചായത്തുകളിലും 2 നഗരസഭകളിലും കമ്യൂണിറ്റി കമ്പോസ്റ്റിനുള്ള സംവിധാനം നിലവിലുണ്ട്. അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് 45 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 55 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും 7 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും ജില്ലയിൽ പ്രവർത്തനക്ഷമമാണ്. ശുചിത്വ പദവി നിർണ്ണയത്തിന് 12-8-2020-ലെ 1497/2020/ ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കിയ 39 ഗ്രാമപഞ്ചായത്തുകൾക്കും 2 നഗരസഭകൾക്കും സർക്കാർ ശുചിത്വ പദവി നൽകിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഹരിത ചട്ടം പാലിക്കുന്ന 161 ജില്ലാതല സ്ഥാപനങ്ങൾക്കും 616 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രീൻ സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. വാഗമൺ പ്രദേശത്ത് സമഗ്ര ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് "വഴികാട്ടാൻ വാഗമൺ" എന്ന പദ്ധതി ഏലപ്പാറ ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷൻ പദ്ധതിയിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. മാലിന്യ സംസ്കരണ ശീലം സഞ്ചാരികളിൽ വളർത്തിയെടുക്കുക, ടൂറിസം മേഖലയിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുക, ഗ്രീൻ പ്രോട്ടോക്കോൾ

പാലിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. രാഷ്ട്രീയ രംഗത്തെ പ്രമുഖർ, ജനപ്രതിനിധികൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആസൂത്രണ വകുപ്പ്, ജില്ലാ ടൂറിസം കൗൺസിൽ, വനം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെയാണ് ഈ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. വാഗമണ്ണിലേക്കുള്ള 5 കവാടങ്ങളിൽ ഹരിതചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുകയും വിനോദ സഞ്ചാരികളിൽ നിന്നും മാലിന്യ ശേഖരണം നടത്തുന്നതിന് ഹരിത കർമ്മസേനയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. യൂസർഫീ ഈടാക്കിയാണ് ഈ പ്രവർത്തനം നടത്തി വരുന്നത്. ഇടുക്കി ജില്ലാ പഞ്ചായത്ത്, ജില്ലാ കളക്ടർ, ഇടുക്കി എം.പി., ദേവികുളം എം.എൽ.എ., അടിമാലി, ദേവികുളം ബ്ലോക്ക് പഞ്ചായത്തുകൾ, പള്ളിവാസൽ, മൂന്നാർ, ദേവികുളം, മറയൂർ, കാന്തല്ലൂർ, ചിന്നക്കനാൽ എന്നീ പഞ്ചായത്തുകൾ എന്നിവരുമായി സഹകരിച്ച് ഹരിതകേരളം മിഷൻ "ഹരിതമൂന്നാർ" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേക്കുള്ള വിശദമായ പദ്ധതി രേഖയും ബൈലോയും തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളുടേയും യുവാക്കളുടേയും പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും പ്രകൃതി സൗഹൃദ പെട്ടികൾ സ്ഥാപിച്ച് 'പെൻഫ്രണ്ട്സ്' എന്ന പദ്ധതിയിലൂടെ ഉപയോഗശേഷമുള്ള പ്ലാസ്റ്റിക് പേനകൾ ശേഖരിക്കുകയാണ്. കൂടാതെ മാലിന്യ പരിപാലനത്തിലെ അടിസ്ഥാന തത്വങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് 'തിരിച്ചെടുക്കാം വലിച്ചെറിയാതെ' എന്ന കാമ്പയിനും നടത്തിവരുന്നു. ഇതുകൂടാതെ ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുള്ള ഗവൺമെൻറ് ഓഫ് ഇന്ത്യ ജെഫ് (GEF) -യു.എൻ.ഡി.പി. സംയുക്തമായി നടത്തിവരുന്നു. അഞ്ചുനാടിനും സമീപ ഭൂവ്യവസ്ഥക്കും വേണ്ടിയുള്ള സുസ്ഥിര ഉപജീവന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, മറയൂർ, ചിന്നക്കനാൽ, മൂന്നാർ, ദേവികുളം, ഇടമലക്കുടി, മാങ്കുളം, അടിമാലി എന്നീ പഞ്ചായത്തുകളിൽ താഴെ പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. 345 ഏക്കറിലായി പരമ്പരാഗത ഇനത്തിലുള്ള നെല്ലും ചെറുധാന്യങ്ങളും കൃഷി ചെയ്യുന്നു. 1160 കർഷകർ ഇതിൽ പങ്കാളികളാണ്.

2. സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ചുകൊണ്ട് ജൈവ വൈവിധ്യ സംരക്ഷണത്തിനും സുസ്ഥിര ഉപജീവന മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 11 സ്റ്റാർട്ട് അപ്പുകൾക്കുതുടക്കം കുറിച്ചു.

3. ഔഷധ സസ്യങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി മറയൂർ, കാന്തല്ലൂർ മേഖലയിൽ 1800 കുടുംബങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് തുടക്കം കുറിച്ചു.

4. 9 ഗ്രാമപഞ്ചായത്തുകളിൽ സി.ഡബ്ല്യൂ.ആർ.ഡി.എം.മായി സഹകരിച്ച് സംയോജിത ജലവിഭവ പരിപാലന പ്ലാൻ തയ്യാറാക്കി.

5. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി സഹകരിച്ച് 8 ഗ്രാമപഞ്ചായത്തുകളിൽ 57 സേവന ദാതാക്കൾക്ക് ശേഷിവികസന പരിശീലനം സാധ്യമാക്കി.

6. ഈ പദ്ധതിയുടെ ഭാഗമായി മറയൂർ, കാന്തല്ലൂർ മേഖലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ 5 വിദ്യാർത്ഥികൾക്ക് ബാംഗ്ലൂരിലെ വുഡ് സയൻസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷത്തെ പരിശീലനം നൽകി തൊഴിലുറപ്പാക്കി.

7. സി-ഡിറ്റുമായി സഹകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ 18 കുട്ടികൾക്ക് വിഷ്വൽ മീഡിയ കോഴ്സിൽ പരിശീലനം നൽകിവരുന്നു.

## പ്ലാസ്റ്റിക് നിരോധനം

398 (5123) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്ലാസ്റ്റിക്കുകൾക്കാണ് നിരോധനമുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 27-11-2019-ലെ സ.ഉ (കൈ)6/2019/ പരിസ്ഥിതി, 17-12-2019-ലെ സ.ഉ. (കൈ)7/2019/ പരിസ്ഥിതി എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിരോധിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യക്തികളോ, കമ്പനികളോ, വ്യവസായമോ, സ്ഥാപനമോ മേൽ പറഞ്ഞ പ്രകാരമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടുള്ളതല്ലെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

- പ്ലാസ്റ്റിക് ക്യാരിബാഗുകൾ (കനം നോക്കാതെ)
- ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്
- തെർമോകോൾ, സ്റ്റെറോ ഫോം എന്നിവ ഉപയോഗിച്ച് ഉണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ
- ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോ, ഡിഷുകൾ, സ്റ്റിറർ

- പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ ബൗളുകൾ, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ ബാഗുകൾ
- നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ലാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്
- വാർട്ടർ പൗച്ചുകൾ, പാലസ്റ്റിക്ജ്യൂസ് പാക്കറ്റുകൾ(ബ്രാൻഡഡ് അല്ലാത്തവ)
- 500 മി. ലിറ്ററിന് താഴെയുള്ള PET /PETE കുടിവെള്ള ബോട്ടിലുകൾ, പ്ലാസ്റ്റിക് ഗാർബേജ് ബാഗുകൾ
- പി.വി.സി. ഫ്ലക്സ് മെറ്റീരിയൽസ്
- വില്പനകേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പായ്ക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ.

(ബി) പ്ലാസ്റ്റിക് നിരോധന നിയമം കർശനമായി പാലിക്കുന്നതിനും നിയമം നടപ്പിലാക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കാനാകുമോ; വിശദമാക്കുമോ?

നിരോധിത പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി 2021 ഏപ്രിൽ മാസം വരെ നഗരസഭകളിൽ 16,74,980 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതി**

399 (5124) ശ്രീ. എം. എം. മണി :
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിമൂലം സമസ്ത മേഖലകളിലും ഏറെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്ക് ഏറെ ഉപകാരപ്രദമായ രീതിയിൽ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ഫലപ്രദമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത സൃഷ്ടിച്ച് ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 100 ദിവസം തൊഴിൽ നൽകുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം കഴിഞ്ഞ സാമ്പത്തിക വർഷം 10.23 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ഈ വർഷം ഇതിനകം തന്നെ 1.21 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സുഭിക്ഷകേരളം, മാലിന്യസംസ്കരണം എന്നീ മേഖലകളിലെ വിവിധ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിവരുന്നു. ഇത് കൂടാതെ ഗ്രാമീണ റോഡുകൾ, ഗ്രാമചന്തകൾ മുതലായവയുടെ നിർമ്മാണവും മണ്ണ്, ജല സംരക്ഷണ പ്രവൃത്തികളും ഏറ്റെടുക്കുന്നു. നഗര പ്രദേശങ്ങളിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി 2021-22 സാമ്പത്തിക വർഷം 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) ഈ ദുരിത കാലത്ത് പദ്ധതികളെ ജനനന്മയ്ക്കായി ഉപയോഗിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് മെറ്റീരിയലുകൾ, സ്കിൽഡ് ലേബർ, സെമി സ്കിൽഡ് ലേബർ എന്നിവ ഉൾക്കൊള്ളിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയലുകൾ, സ്കിൽഡ്-സെമിസ്കിൽഡ് ലേബർ എന്നിവയ്ക്കുള്ള തുകയുടെ 25% സംസ്ഥാന സർക്കാർ വിഹിതമാണ്. ടി തുക കൂടി ഉപയോഗിച്ചു സൃഷ്ടിച്ച ആസ്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരം വേതന സാധന അനുപാതം 60:40 ആണ്. എന്നാൽ വേതന ഘടകത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ് പദ്ധതിയിൽ നഗരസഭകൾ കൂടുതലായി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

## നഗരസഭകളിലെ ജീവനക്കാരുടെ ട്രാൻസ്ഫർ

400 (5125) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മുൻനിര പോരാളികളിൽ ഉൾപ്പെട്ട നഗരസഭകളിലെ ഹെൽത്ത് വിഭാഗം ജീവനക്കാരെയുൾപ്പെടെ അന്യായമായി ട്രാൻസ്ഫർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) ഉണ്ടെങ്കിൽ യാതൊരു മാനദണ്ഡവുമില്ലാതെ സ്ഥലം മാറ്റുന്ന നടപടി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഇല്ല. നിലവിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചാണ് സ്ഥലംമാറ്റം നൽകിവരുന്നത്.

**കുറ്റ്യാടി മണ്ഡലത്തിൽ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവം**

401 (5126) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസീയർ എന്നീ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂന്നാംതരം ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല*.

(ബി) എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവംമൂലം വിവിധ പദ്ധതികളിലായുള്ള പ്രവൃത്തികളുടെ നിർവ്വഹണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

&

(സി) ഇത് വാർഷിക പദ്ധതി ചെലവിനെയും എം.എൽ.എ.ഫണ്ട്, റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. എന്നീ സ്കീമുകളുടെ പ്രവൃത്തി നടത്തിപ്പിനെയും ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; ഡി.പി.സി. ചേർന്ന് പ്രൊമോഷൻ നടത്തുന്നതിന് നിലവിൽ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021 ജൂൺ മാസം വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ ഡിപിസി കൂടി നികത്തിയിട്ടുണ്ട്.

## ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കൽ

402 (5127) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിഗണനയിലില്ല.

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ

403 (5128) ശ്രീ. ടി. സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടും ബൈട്രാൻസ്ഫർ മുഖേനയും നിയമനം ലഭിക്കുന്നവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതു സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റൂൾ ഏതാണെന്നും ആയത് എന്നാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 16-2-2011 തീയതിയിലെ സ.ഉ.(അ)44/2011/തസ്വഭവ. നമ്പർ ഉത്തരവ്.

(ബി) പ്രസ്തുത തസ്തികയിലേക്ക് നേരിട്ടും ബൈട്രാൻസ്ഫർ മുഖേനയും നിയമനം ലഭിക്കുന്നവർ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് ഏതെല്ലാം ടെസ്റ്റുകളാണ് വിജയിക്കേണ്ടതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനുമുമ്പ് ഒരു ഉദ്യോഗാർത്ഥി പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ ടെസ്റ്റുകൾ വിജയിച്ചിട്ടുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം വീണ്ടും പ്രസ്തുത ടെസ്റ്റുകൾ വിജയിക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2011-ന് മുൻപ് അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ, എം.ഒ.പി. എന്നിവ വിജയിക്കുകയും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുകയും ചെയ്യുന്ന ഒരു ഉദ്യോഗാർത്ഥി ടി തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് വേണ്ടി വീണ്ടും അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ് വിജയിക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ;

&

(ഇ) സെക്രട്ടേറിയറ്റ്, നിയമസഭ സെക്രട്ടറിയേറ്റ് തുടങ്ങിയ വകുപ്പിൽനിന്നും പ്രസ്തുത തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കുന്ന ഒരു ഉദ്യോഗാർത്ഥി അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ, എം.ഒ.പി. എന്നിവ മുൻപ് വിജയിച്ചിട്ടുണ്ടെങ്കിൽ ടി തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു വേണ്ടി വീണ്ടും പ്രസ്തുത ടെസ്റ്റുകൾ വിജയിക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടും ബൈട്രാൻസ്ഫർ മുഖേനയും നിയമനം ലഭിക്കുന്നവർ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് ടെസ്റ്റ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് Account test for Executive Officer-ഉം Manual of Procedure-ഉം ആണ്. 16-2-2011-ലെ G.O.(P)44/2011/LSGD നമ്പർ വിശേഷാൽ ചട്ടം നിലവിൽ വന്ന ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ടി തീയതിക്ക് മുമ്പുതന്നെ Account test (Lower/Higher) Manual of Procedure എന്നീ ടെസ്റ്റുകൾ പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് Account test for Executive Officer-ഉം Manual of Procedure-ഉം പാസ്സാകണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും അവർ നേരത്തെ ആർജ്ജിച്ച പ്രസ്തുത യോഗ്യതകൾ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിന് പരിഗണിക്കാവുന്നതാണെന്നും 16-6-2017-ലെ സ.ഉ(എം.എസ്) 112/2017/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം വ്യക്തത വരുത്തിയിട്ടുണ്ട്.

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

404 (5129) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളിൽ നിയമനം നടക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; ആയത് അടിയന്തരമായി നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ആകെ 9 ഒഴിവുകൾ നിലവിലുണ്ട്.

(നഗരകാര്യ വകുപ്പ് -4; ചീഫ് എഞ്ചിനീയറുടെ കാര്യാലയം -3; പഞ്ചായത്ത് വകുപ്പ്-2) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുണ്ടായിരുന്ന 3 ഒഴിവുകളിൽ, തിരുവനന്തപുരം ജില്ലയിലെ ഒഴിവ് DA Low Vision കാറ്റഗറിക്കായി പി.എസ്.സി. നീക്കി വെച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലയിലെ ഒഴിവ് സ്പെഷ്യൽ റിക്രൂട്ട്മെന്റായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കണ്ണൂർ ജില്ലയിലെ ഒഴിവിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയതിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിലുള്ള മറ്റ് ഒഴിവുകളിൽ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**വിരമിക്കൽ ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റ നടപടിക്രമങ്ങൾ**

405 (5130) ശ്രീ. രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) 2023 മേയ് മാസം വരെ പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

| തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|
| (1) | (2) |
| പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ | 17 |
| സെക്രട്ടറി | 188 |
| അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് | 133 |
| ഹെഡ് ക്ലാർക്ക് | 8 |

| (1) | (2) |
|---|---|
| അക്കൗണ്ടന്റ് | 25 |
| സീനിയർ ക്ലാർക്ക് | 107 |
| ക്ലാർക്ക് | 50 |
| ഓഫീസ് അറ്റൻഡന്റ് | 35 |
| പാർട്ട് ടൈം സ്വീപ്പർ | 49 |
| ഫുൾ ടൈം സ്വീപ്പർ | 35 |
| ഫുൾ ടൈം ലൈബ്രേറിയൻ | 4 |
| പാർട്ട് ടൈം ഫെറിമാൻ | 1 |
| പാർട്ട് ടൈം ആയ | 2 |
| പാർട്ട് ടൈം ലൈബ്രേറിയൻ | 4 |
| പാർട്ട് ടൈം പൗണ്ട് കീപ്പർ | 3 |
| ടൈപ്പിസ്റ്റ് | 4 |
| ഡ്രൈവർ | 4 |

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരികയാണെങ്കിൽ പ്രസ്തുത വിരമിക്കൽ ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റ നടപടിക്രമങ്ങൾ എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കാമോ?

17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരമായിരിക്കും പൊതുസർവ്വീസിലെ സ്ഥാനക്കയറ്റ നടപടികൾ.

(സി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് തന്മൂലം എന്തെങ്കിലും നഷ്ടം സംഭവിക്കാനിടയുണ്ടോയെന്ന കാര്യം അറിയിക്കാമോ?

ഇടയില്ല.

**ബിൽ കളക്ടർ തസ്തികയിലെ ഒഴിവുകൾ**

406 (5131) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ തസ്തികമാറ്റം മുഖേനയുള്ള ഒഴിവ് നികത്തുന്നതിനായി ബിൽ കളക്ടർ തസ്തികയുടെ എത്ര ഒഴിവുകളാണ് മാറ്റി വച്ചിട്ടുള്ളതെന്ന വിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

&

(ബി) 2015 -ന് ശേഷം ഈ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനുകാരണം വ്യക്തമാക്കുമോ?

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 1 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| കോട്ടയം | 2 |
| കൊച്ചി | 4 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 1 |
| കോഴിക്കോട് | 15 |
| വയനാട് | 1 |
| മലപ്പുറം | 3 |
| കണ്ണൂർ | 3 |
| കാസർഗോഡ് | 1 |

ഈ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

**ലക്ഷം വീട് പദ്ധതിയിൽ വീടുകളുടെ ഉടമാവസ്ഥാവകാശം**

407 (5132) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീട് പദ്ധതിയിൽ അനുവദിച്ച വീട് സ്ഥിതി ചെയ്യുന്ന ഭൂമിയിൽ പ്രസ്തുത വ്യക്തിക്ക് എത്ര വർഷത്തിന് ശേഷമാണ് സ്വാഭാവിക അവകാശം ഉണ്ടാകുന്നത്; ഭൂമിയുടെ അവകാശം സംബന്ധിച്ചുള്ള വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ലക്ഷം വീട് ഭവന പദ്ധതിപ്രകാരം അനുവദിച്ചിരുന്ന വീടുകൾക്ക് റവന്യൂ വകുപ്പ് മുഖേനയാണ് പട്ടയം അനുവദിച്ചിരുന്നതും ആയതിന്റെ പോക്കുവരവ് നടപടികൾ സ്വീകരിച്ചിരുന്നതും. ലക്ഷംവീട് പദ്ധതിപ്രകാരം അനുവദിച്ച വസ്തുവിൽ താമസിക്കുന്നതിനുള്ള അനുമതി മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിരുന്നത്. എന്നാൽ 18-7-88-ലെ G.O.(Ms)No. 592/88/Rd നമ്പർ ഉത്തരവുപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്*.

(ബി) ഉടമയ്ക്ക് നിശ്ചിത കാലാവധിക്ക് ശേഷം ലക്ഷം വീട് സ്ഥലം വിൽക്കാനുള്ള അവകാശമുണ്ടോ; ഈ സ്ഥലം പഞ്ചായത്തിന് തിരിച്ചുനൽകണമെന്ന വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

G.O.(Ms)No.592/88/RD നമ്പർ ഉത്തരവുപ്രകാരം പതിച്ചു നൽകുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിരുന്നെങ്കിലും സ.ഉ.(കൈ)നമ്പർ 289/2015/റവ പ്രകാരം ലക്ഷം വീട് പദ്ധതി പ്രകാരം പുതുതായി അനുവദിക്കുന്ന പട്ടയങ്ങളുടെ അനധികൃത കൈമാറ്റം തടയുന്നതിന് 25 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന ഭൂമി പതിവ് ചട്ടത്തിലെ വ്യവസ്ഥ പാലിച്ചുമാത്രമേ പട്ടയം അനുവദിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.*

(സി) ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

ലക്ഷം വീട് ഭവന പദ്ധതി പ്രകാരം അനുവദിച്ചിരുന്ന വീടുകൾക്ക് പട്ടയം അനുവദിക്കുന്നതും ഭൂമി കൈമാറ്റം ചെയ്യുന്നതും സംബന്ധിച്ച് 30-6-2015-ൽ സ.ഉ.(കൈ)നമ്പർ 289/2015/റവ.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൂടാനം-പൊൻകുളം-വില്ലാരം പതി റോഡ് പ്രവൃത്തി

408 (5133) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുല്ലൂർ-പെരിയ പഞ്ചായത്തിൽ നബാഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXI-ൽ അനുമതി ലഭിച്ച കൂടാനം-പൊൻകുളം-വില്ലാരം പതി റോഡ് പ്രവൃത്തി നാളിതുവരെ തുടങ്ങാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സൈറ്റിൽ വന്ന ചില സാങ്കേതിക പ്രശ്നങ്ങൾമൂലം നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് ജില്ലാ പ്രോജക്റ്റ് ഡയറക്ടർ തന്നിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ഗ്രാമ വികസന കമ്മീഷണറുടെ പരിഗണനയിലുള്ള 18472/RI3/19/CRD ഫയലിൽ അനുകൂല തീരുമാനമുണ്ടാക്കി ഏറ്റവും അത്യാവശ്യമായ ഈ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXI-ൽ ഉൾപ്പെട്ട കാസർഗോഡ് ജില്ലയിലെ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ കൂടാനം- പൊൻകുളം-വില്ലാരംപതി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ കാലാവധിയായ 30-9-2021-നുള്ളിൽ പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ച സാഹചര്യത്തിലാണ് ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാതിരുന്നത്. നബാർഡ് RIDF ട്രാൻഞ്ചെ XX, XXI എന്നിവയുടെ പ്രവൃത്തി പൂർത്തീകരണ സമയപരിധി 30-9-2021 ആണ്. ആയതിനാൽ ഈ വൈകിയ വേളയിൽ അനുമതി നൽകാനാവില്ല.

## വികസന പരിശീലന കേന്ദ്രങ്ങൾക്ക് ലഭ്യമാകുന്ന ധനസഹായങ്ങൾ

409 (5134) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വികസന പരിശീലന കേന്ദ്രങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകുന്നത്; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിൽ നിന്നും റെക്കറിംഗ്, നോൺ റെക്കറിംഗ് ഗ്രാന്റുകൾ വികസന പരിശീലന കേന്ദ്രങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി) ഇത്തരത്തിൽ എത്ര പരിശീലനകേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത പരിശീലന കേന്ദ്രങ്ങളെ സർക്കാർ വകുപ്പിൽ നിന്ന് ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

നിലവിൽ മൂന്ന് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ്, എന്നിവിടങ്ങളിലെ എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്ററുകളെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-യുമായി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി 13-2-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 34/2017/ത.സ്വ.ഭ.വ പ്രകാരം യഥാക്രമം കില-സെന്റർ ഫോർ സോഷ്യോ ഇക്കണോമിക്സ് ഡെവലപ്മെന്റ്-കൊട്ടാരക്കര, കില-സെന്റർ ഫോർ ഗുഡ് ഗവേണൻസ്- മണ്ണുത്തി, കില-സെന്റർ ഫോർ ഓർഗാനിക്ക് ഫാമിംഗ് & വേസ്റ്റ് മാനേജ്മെന്റ് - തളിപ്പറമ്പ് എന്നിങ്ങനെ പുനർനാമകരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളെ സർക്കാർ വകുപ്പിൽനിന്നും ഒഴിവാക്കിയാൽ അവയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രസർക്കാർ ഫണ്ടിന്റെ ലഭ്യതയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഡി) വികസന പരിശീലന കേന്ദ്രങ്ങൾ നിർത്തലാക്കുമ്പോൾ നിലവിൽ അവിടെയുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എപ്രകാരം ക്രമപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

&

(ഇ) ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

17-7-2020-ലെ സ.ഉ.(കൈ)നമ്പർ 106/2020/തസ്വഭവ. പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. വികസന പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുമായി വകുപ്പ് ചർച്ച നടത്തിയിട്ടില്ല.

## കിഴക്കമ്പലം പഞ്ചായത്തിലെ റോഡ് നിർമ്മാണം

410 (5135) ശ്രീ. പി. വി. ശ്രീനിജിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018, 2019 വർഷങ്ങളിൽ കിഴക്കമ്പലം പഞ്ചായത്തിലെ ബി.എം.&ബി.സി. റോഡുകൾ പണിതതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണസമിതിക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇല്ല. ഈ പരാതികളുമായി ബന്ധപ്പെട്ട് WP(C)1597/2020 നമ്പരായി ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ കേസ് നിലവിലുണ്ട്.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

411 (5136) ശ്രീ. റ്റി. പി .രാമകൃഷ്ണൻ :
ശ്രീ സി കെ. ഹരീന്ദ്രൻ :
ശ്രീ. പി. മമ്മിക്കുട്ടി :
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ?

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ 'അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി' എന്ന പേരിൽ നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബ്ബല കുടുംബങ്ങൾക്ക് മറ്റുതരത്തിലുള്ള തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ

ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

3-11-2017-ലെ സ.ഉ.(കൈ)നമ്പർ 216/2017/തസ്വഭവ. ഉത്തരവ് പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കോവിഡ് രോഗവ്യാപനം മൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധി പരിഗണിച്ച് പ്രസ്തുത പദ്ധതിയുടെ കീഴിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 50 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. ഈ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനുവേണ്ടി ആവശ്യമെങ്കിൽ കൂടുതൽ തുക അനുവദിക്കുമെന്ന് ബഡ്ജറ്റിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

412 (5137) ശ്രീ. നജീബ് കാന്തപുരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പത്ത് വർഷം കാലാവധി പൂർത്തിയാക്കിയ താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന താൽക്കാലിക/കരാർ ജീവനക്കാരുടെ വേതന വർദ്ധനവിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പളം 9-2-2021-ലെ സ.ഉ.(കൈ) നമ്പർ 32/2021/തസ്വഭവ. പ്രകാരം 1-1-2021 മുതൽ പ്രാബല്യത്തോടെ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജില്ലാ വികസന കമ്മീഷണർ നിയമനം

413 (5138) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ജില്ലകൾതോറും വികസന കമ്മീഷണർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോട്ടയം, പത്തനംതിട്ട, കാസർഗോഡ്, പാലക്കാട് എന്നീ നാല് ജില്ലകളൊഴിച്ച് ബാക്കി 10 ജില്ലകളിലും വികസന കമ്മീഷണർമാരെ (ഡി.ഡി.സി.) നിയമിച്ചിട്ടുണ്ട്.

(ബി) ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സബ് കളക്ടർ ഗ്രേഡ് -I തസ്തികയിലുള്ള ഐ.എ.എസ്. ഓഫീസർമാരെയാണ് നിയമിച്ചിട്ടുള്ളത്.

(സി) ജില്ലാ വികസന കമ്മീഷണർമാരുടെ ചുമതലകൾ എന്തെല്ലാമാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജില്ലാ വികസന കമ്മീഷണർമാരുടെ ചുമതലകൾ താഴെ പറയുന്നവയാണ് :

(i) ജില്ലയിൽ നടക്കുന്ന വൻകിട വികസന പദ്ധതികളുടെ നിരീക്ഷണവും അവലോകനവും.

(ii) വിവിധ സർക്കാർ വകുപ്പ് സെക്രട്ടറിമാർക്ക് അതത് മാസത്തെ പുരോഗതി റിപ്പോർട്ടുകൾ ജില്ലാ കളക്ടർ വഴി സമർപ്പിക്കുക.

(iii) ജില്ലാതലത്തിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് പരിഹരിക്കുക.

(iv) കോടതിവ്യവഹാരങ്ങളിൽ കാലതാമസം ഒഴിവാക്കാൻ അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.

(v) വികസന പദ്ധതികളും പ്രോജക്ടുകളും ത്വരിതഗതിയിൽ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാൻ ജില്ലാ കളക്ടർമാരെ സഹായിക്കുക.

(vi) പോലീസും മറ്റു എൻഫോഴ്സ്മെന്റ് ഏജൻസികളെയും ഏകോപിപ്പിച്ച് നിയമവാഴ്ച ഉറപ്പാക്കുന്നതിലും, ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ജില്ലാ മജിസ്ട്രേറ്റിനെ സഹായിക്കുക.

(vii) യഥാസമയം സംസ്ഥാന സർക്കാരോ, ജില്ലാ കളക്ടറോ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കുകയും സുപ്രധാന വേദികളിലോ മീറ്റിംഗുകളിലോ ജില്ലാ കളക്ടറെ സഹായിക്കുകയോ പ്രതിനിധീകരിക്കുകയോ ചെയ്യുക.

(viii) ജില്ലാ ആസൂത്രണ സമിതിയുടെ ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിൽ പ്രമുഖ പങ്ക് നിർവ്വഹിക്കുക. നിലവിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷം വഹിക്കുന്ന ചില സമിതികളിൽ അദ്ധ്യക്ഷം വഹിക്കുക, മറ്റുള്ളവയിൽ അംഗമായി പ്രവർത്തിക്കുക തുടങ്ങിയവയടക്കം മറ്റ് അധിക ചുമതലകൾ ഡി.ഡി.സി.മാർക്ക് നൽകിയതിന്റെ വിശദവിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു*.

(ഡി) ജില്ലാ വികസന കമ്മീഷണർമാരുടെ ആസ്ഥാനം, ഓഫീസ് സ്റ്റാഫ്, മറ്റ് സൗകര്യങ്ങൾ എന്നീ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നിലവിൽ പത്ത് ജില്ലകളിലാണ് ഡി.ഡി.സി.മാരെ നിയമിച്ചിട്ടുള്ളത്. അവർക്ക് ജില്ലാ കളക്ടർക്ക് തുല്യമായ നിലയിൽ വാഹനം, താമസം, സ്റ്റാഫ്, സെക്യൂരിറ്റി എന്നിവ നൽകുന്നുണ്ട്. അവർക്ക് ഓഫീസ് സൗകര്യം കളക്ടേറ്റിലോ അല്ലെങ്കിൽ ജില്ലാ ആസ്ഥാനത്ത് അനുയോജ്യമായ സ്ഥലത്തോ നൽകിയിട്ടുണ്ട്. നിലവിൽ ജില്ലാ വികസന കമ്മീഷണർമാരുടെ ആസ്ഥാനം, ഓഫീസ് സ്റ്റാഫ്, മറ്റു സൗകര്യങ്ങൾ എന്നിവ ജില്ലതിരിച്ച് അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.*

(ഇ) ജില്ലാ വികസന കമ്മീഷണർമാർ റിപ്പോർട്ട് നൽകേണ്ടതാർക്കാണ്; ഏതൊക്കെ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് ഇവർ നേതൃത്വം നൽകേണ്ടത്; വ്യക്തമാക്കാമോ?

ജില്ലാ കളക്ടർമാർ മുഖേന ചീഫ് സെക്രട്ടറിക്കാണ് ഡി.ഡി.സി.-മാർ റിപ്പോർട്ട് നൽകേണ്ടത്.

**കില ഡയറക്ടറുടെ നിയമന രീതി**

414 (5139) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കില ഡയറക്ടറുടെ നിയമന രീതിയും യോഗ്യതയും എന്തൊക്കെയാണ്; നിലവിലെ ഡയറക്ടറുടെ യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിലയുടെ ചട്ടങ്ങൾ പ്രകാരമോ സർവ്വീസ് ബൈലോ പ്രകാരമോ ഡയറക്ടർ ജനറലിന് നിശ്ചിത യോഗ്യത നിശ്ചയിച്ചിട്ടില്ല. നിയമന സമയത്ത് സർക്കാർ തീരുമാനിക്കുന്ന നടപടിക്രമങ്ങളിലൂടെ അനുയോജ്യനായ വ്യക്തിയെ കണ്ടെത്തി നിയമിക്കുകയാണ് ചെയ്തു വരുന്നത്. നിലവിലെ ഡയറക്ടറുടെ യോഗ്യതകൾ.

1. Master in Public Health (from Sree Chitra Tirunal Institute of Medical Sciences and Technology, TVPM).

2. MBBS (University of Kerala).

(ബി) അദ്ധ്യാപന ഗവേഷണ പരിചയവും ഗവേഷണ ബിരുദവും ഡയറക്ടർ ജനറലിന്റെ യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

(സി) കില, അന്താരാഷ്ട്ര പഠനകേന്ദ്രമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കില നിലവിൽ അന്താരാഷ്ട്ര പഠനകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഇത് 2017-ലെ ഗവർണറുടെ നയപ്രഖ്യാപനത്തിലുൾപ്പെടുത്തി വന്നിട്ടുള്ളതാണ്. അതിനുമുൻപ് തന്നെ സൗത്ത് ഏഷ്യാ സ്കൂൾ കിലയുടെ ക്യാമ്പസിൽ തന്നെ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിവിധ രാജ്യങ്ങളിലുള്ള പ്രതിനിധികൾക്ക് കിലയിൽ നിലവിൽ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. അതോടൊപ്പം പല രാജ്യങ്ങൾക്കും ആവശ്യമായ അക്കാദമിക് - സാങ്കേതിക സഹായങ്ങളും നൽകിവരുന്നുണ്ട്.

**കിലയുടെ വികസനം**

415 (5140) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ഭാവി വികസനം മുന്നിൽ കണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

1. <u>കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെകുറിച്ചുള്ള മ്യൂസിയം</u>:-

   ഇത് സംബന്ധിച്ച പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഈ വർഷം തന്നെ പൂർത്തിയാകും.

2. തളിപ്പറമ്പിൽ പുതിയ കേന്ദ്രവും പുതിയ കോഴ്സും:- കിലയുടെ തളിപ്പറമ്പ് കേന്ദ്രത്തിൽ പുതുതായി വിപുലമായ അക്കാദമിക് കേന്ദ്രം ആരംഭിക്കും. ആധുനിക ലോകത്തിലെ ഭരണവും വികസനവും കോർത്തിണക്കിയ വിവിധ കോഴ്സുകൾക്ക് രൂപം നൽകും. സർവകലാശാലകളുമായും ഇതര അക്കാദമിക് സ്ഥാപനങ്ങളുമായും കൈകോർത്തുകൊണ്ട് മികവിന്റെ കേന്ദ്രമായി ഈ കേന്ദ്രത്തെ വളർത്തും. ആദ്യ പടി എന്ന നിലയിൽ പ്രസ്തുത കേന്ദ്രത്തിലെ ആദ്യ കോഴ്സിന്റെ കരിക്കലം, സിലബസ് എന്നിവ അന്തിമമാക്കും.

3. നൈപുണ്യ വികസനത്തിന് 100 പരിശീലന കോഴ്സുകൾ:- സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ രംഗത്തെ മുന്നേറ്റത്തിന് സഹായകമായി കിലയുടെ വിവിധ കേന്ദ്രങ്ങളിലായി 100 വിഷയങ്ങളിൽ നൈപുണ്യ വികസന പരിപാടികൾക്ക് തുടക്കം കുറിക്കും.

4. എല്ലാ നഗരസഭകൾക്കും ISO സർട്ടിഫിക്കറ്റ്:- ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ISO പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കിയത് കിലയാണ്. ഈ വർഷം നഗരസഭകളുടെ ISO സർട്ടിഫിക്കേഷനാവശ്യമായ നടപടികൾ പൂർത്തിയാക്കും. അതിലൂടെ എല്ലാ നഗരസഭകൾക്കും ISO സർട്ടിഫിക്കറ്റ് ലഭിക്കുമെന്ന് ഉറപ്പു വരുത്തും.

5. ഓൺലൈൻ പരിശീലനങ്ങൾക്കായി സ്റ്റുഡിയോ:- ഓൺലൈൻ പരിശീലനങ്ങൾ വർദ്ധിച്ച് വരുന്നതിനാലും നൂതന പരിശീലന സങ്കേതങ്ങൾ ഉപയോഗിച്ച് മുന്നേറേണ്ടതിനാലും അതിനാവശ്യമായ ഒരു സ്റ്റുഡിയോ കിലയിൽ ഈ വർഷം സ്ഥാപിക്കും.

6. തദ്ദേശകം ഓൺലൈൻ ചർച്ച വേദി:- തദ്ദേശഭരണം വ്യവസ്ഥാപിതമാക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും ഇതുസംബന്ധിച്ച ആശയവിനിമയവും ചർച്ചകളും അനിവാര്യമാണെന്നതിനാൽ തദ്ദേശകം എന്ന പേരിൽ ഒരു ഓൺലൈൻ ചർച്ചാ വേദിക്ക് തുടക്കം കുറിക്കും.

7. ജനകീയാസൂത്രണ രജത ജൂബിലി അന്താരാഷ്ട്ര കോൺഫറൻസ്:- ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷമെന്ന നിലയിൽ വിപുലമായ പരിപാടികൾ സംഘടിപ്പിക്കും. ഈ വർഷം ഒരു അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിക്കും.

8. 25 വർഷങ്ങൾക്കായി 25 പുസ്തകങ്ങൾ:- വിവിധ വികസന മേഖലകളിലായി ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങൾ അവലോകനം ചെയ്യുള്ള 25 പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി പ്രസിദ്ധീകരിക്കും.

9. പട്ടിക വർഗ്ഗ വികസന കാര്യശേഷി വികസന പരിപാടി:- കിലയുടെ അട്ടപ്പാടി കേന്ദ്രം ആസ്ഥാനമാക്കി പട്ടികവർഗ്ഗ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിനായി സമഗ്രമായ കാര്യശേഷി വികസന പരിപാടി തയ്യാറാക്കി പരിശീലനം ആരംഭിക്കും.

10. കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മ പരിപാടി:- കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനായി പ്രാദേശിക കർമ പദ്ധതി (Local Action Plan on Climate Change) തയ്യാറാക്കാനുള്ള പരിശീലനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർത്തിയാക്കും.

11. പ്രാദേശിക തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ:- പ്രാദേശിക തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി വികസന പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നതിനായി പരിശീലനം സംഘടിപ്പിക്കും. ഇതിനാവശ്യമായ ടൂൾകിറ്റ്, ഡാഷ് ബോർഡ് എന്നിവ തയ്യാറാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് രാജ്യത്തെ നൂതനമായ പ്രവർത്തനമാകും.

12. കിലയുടെ കാമ്പസ് വിപുലീകരണം:- കിലയുടെ തൃശ്ശൂർ കാംപസ് ഈ വർഷം വിപുലീകരിക്കും. അതോടൊപ്പം നവീകരിച്ച ഓഡിറ്റോറിയം പ്രവർത്തന സജ്ജമാക്കും.

### കിലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

416 (5141) ശ്രീ. തോമസ് കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്ന കിലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ കിലയിൽ താഴെ പറയുന്ന വിവിധ വിഷയമേഖലാ കേന്ദ്രങ്ങൾ ഉണ്ട്. അവ ശക്തിപ്പെടുത്തും. സെന്റർ ഫോർ സബ് ഓൾട്ടെൻ സ്റ്റഡീസ് സെന്റർ ഓഫ് അർബൻ ഗവേണൻസ് (CUG)&സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേണൻസ് (SAS) ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ്

സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സ് & ആർ.ഡി. ചൈൽഡ് റിസോഴ്സ് സെന്റർ (CRC) സെന്റർ ഫോർ എസ്.ഡി.ജി. & ലോക്കൽ ഗവേണൻസ് ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് സെന്റർ ഫോർ ക്ലൈമെറ്റ് ചെയിഞ്ച്, ബയോ ഡിവേർസിറ്റി ആൻഡ് എൻവയോൺമെന്റ്

2. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള മ്യൂസിയം: ഇത് സംബന്ധിച്ച പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഈ വർഷം തന്നെ പൂർത്തിയാകും.

3. തളിപ്പറമ്പിൽ പുതിയ കേന്ദ്രവും പുതിയ കോഴ്സും : കിലയുടെ തളിപ്പറമ്പ് കേന്ദ്രത്തിൽ പുതുതായി വിപുലമായ അക്കാദമിക് കേന്ദ്രം ആരംഭിക്കും. ആധുനിക ലോകത്തിലെ ഭരണവും വികസനവും കോർത്തിണക്കിയ വിവിധ കോഴ്സുകൾക്ക് രൂപം നൽകും. സർവ്വകലാശാലകളുമായും ഇതര അക്കാദമിക് സ്ഥാപനങ്ങളുമായും കൈകോർത്തുകൊണ്ട് മികവിന്റെ കേന്ദ്രമായി ഈ കേന്ദ്രത്തെ വളർത്തും. ആദ്യ പടി എന്ന നിലയിൽ പ്രസ്തുത കേന്ദ്രത്തിലെ ആദ്യ കോഴ്സിന്റെ കരിക്കുലം, സിലബസ് എന്നിവ അന്തിമമാക്കും.

4. സംയോജിത വകുപ്പിൽ എല്ലാ ജീവനക്കാർക്കും പരിശീലനം: തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനം പൂർത്തിയാകുന്ന സാഹചര്യത്തിൽ ഈ വർഷം എല്ലാ ജീവനക്കാർക്കും ആമുഖ പരിശീലനം ഉറപ്പു വരുത്തുന്ന വിപുലമായ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കും. ഇതുവഴി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കിലയുടെയും ശാക്തീകരണം സാധ്യമാകും.

5. നൈപുണ്യ വികസനത്തിന് 100 പരിശീലന കോഴ്സുകൾ : സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ രംഗത്തെ മുന്നേറ്റത്തിന് സഹായകമായി കിലയുടെ വിവിധ കേന്ദ്രങ്ങളിലായി 100 വിഷയങ്ങളിൽ നൈപുണ്യ വികസന പരിപാടികൾക്ക് തുടക്കം കുറിക്കും.

6. ഓൺലൈൻ പരിശീലനങ്ങൾക്കായി സ്റ്റുഡിയോ : ഓൺലൈൻ പരിശീലനങ്ങൾ വർദ്ധിച്ച് വരുന്നതിനാലും നൂതന പരിശീലന സങ്കേതങ്ങൾ ഉപയോഗിച്ച് മുന്നേറേണ്ടതിനാലും അതിനാവശ്യമായ ഒരു സ്റ്റുഡിയോ കിലയിൽ ഈ വർഷം സ്ഥാപിക്കും.

7. തദ്ദേശകം ഓൺലൈൻ ചർച്ചാ വേദി : തദ്ദേശഭരണം വ്യവസ്ഥാപിതമാക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും ഇത് സംബന്ധിച്ച ആശയ വിനിമയവും ചർച്ചകളും അനിവാര്യമാണെന്നതിനാൽ തദ്ദേശകം എന്ന പേരിൽ ഒരു ഓൺലൈൻ ചർച്ചാ വേദിക്ക് തുടക്കം കുറിക്കും.

8. കിലയുടെ കാമ്പസ് വിപുലീകരണം : കിലയുടെ തൃശ്ശൂർ കാമ്പസ് ഈ വർഷം വിപുലീകരിക്കും. അതോടൊപ്പം നവീകരിച്ച ഓഡിറ്റോറിയം പ്രവർത്തന സജ്ജമാക്കും.

9. പട്ടിക വർഗ്ഗ വികസന കാര്യശേഷി വികസന പരിപാടി : കിലയുടെ അട്ടപ്പാടി കേന്ദ്രം ആസ്ഥാനമാക്കി പട്ടികവർഗ്ഗ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലിനായി സമഗ്രമായകാര്യ ശേഷി വികസന പരിപാടി തയ്യാറാക്കി പരിശീലനം ആരംഭിക്കും.

(ബി) കിലയ്ക്ക് എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇപ്പോൾ അഞ്ച് ജില്ലകളിൽ കിലയുടെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് തൽക്കാലം പരിഗണന യിലില്ല.

(സി) സർക്കാർ സർവ്വീസിൽ ജോലിക്ക് കയറുന്ന എല്ലാ ജീവനക്കാർക്കും കില വഴി രണ്ടാഴ്ചത്തെ പരിശീലനം നൽകിയതിന് ശേഷം മാത്രം ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

തൽക്കാലം പരിഗണനയിലില്ല.

**ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ**

417 (5142) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പിന്നാക്ക മേഖലയിലെ ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

&

(ബി) പ്രസ്തുത മേഖലയെ ലഹരി മുക്തമാക്കുന്നതിന് ജനമൈത്രി എക്സൈസ് സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമാകുന്നുണ്ടോ?

ഉണ്ട്.

(സി) പൊതുജനങ്ങൾ ലഹരിക്ക് അടിമപ്പെടാതിരിക്കാൻ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നെന്ന് വിശദമാക്കാമോ?

ആദിവാസി ഊരുകളിലെ നിവാസികളെ പ്രത്യേകിച്ച് യുവജനങ്ങളെ ലഹരിയുടെ ഉപയോഗത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് വേണ്ടിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ മുഖേന നടത്തിവരുന്നു. നിലവിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗ് സെന്ററു കളുടെയും ഡീ-അഡിക്ഷൻ സെന്ററുകളുടെയും സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഓരോ ആദിവാസി മേഖലയിലേയും യുവാക്കളുടെ ശ്രദ്ധ വിദ്യാഭ്യാസ കായിക

പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കുന്നതിനും പഠനം മുടങ്ങിയവരെ കണ്ടെത്തി അവർക്ക് തുടർ പഠനം നടത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ ഗുണകരമായി വിനിയോഗിക്കുന്നതിനുള്ള അറിയിപ്പുകൾ യഥാസമയം നൽകി വരുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്ലസ് ടു, ഡിഗ്രി പ്രവേശനവുമായി ബന്ധപ്പെട്ട് അലോട്ട്മെന്റ്/ഓപ്ഷൻ തുടങ്ങിയ സേവനങ്ങളും നൽകുന്നുണ്ട്.

(ഡി) കൂടുതൽ ആദിവാസി പിന്നാക്ക മേഖലകളിൽ പ്രസ്തുത സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം വിപുലീകരിക്കുമോ?

ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

**ജനമൈത്രി എക്സൈസ് പ്രവർത്തനം**

418 (5143) <u>ശ്രീ ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് എക്സൈസ് വകുപ്പിൽ നിയമനം നൽകിയിട്ടുള്ളത്?

എക്സൈസ് വകുപ്പിൽ വയനാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പട്ടികവർഗ്ഗ വിഭാഗക്കാരായ 17 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ വയനാട് ജില്ലയിൽ എക്സൈസ് വകുപ്പിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

വയനാട് ജില്ലയിൽ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 5-ഉം സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 3-ഉം വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 5 ഒഴിവുകളും നിലവിലുണ്ട്.

(സി) ജനമൈത്രി എക്സൈസ് പ്രവർത്തനം വയനാട് ജില്ലയിലെ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ?

ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

**എക്സൈസ് പിടിച്ചെടുത്ത ലഹരി വസ്തുക്കൾ**

419 (5144) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലത്ത് സംസ്ഥാനത്ത് എക്സൈസ് പിടിച്ചെടുത്ത കഞ്ചാവ്, വ്യാജമദ്യം, മറ്റ് ലഹരി വസ്തുക്കൾ സംബന്ധിച്ച കേസുകളുടെ വിവരം ഇനം, ജില്ല തിരിച്ച് വിശദമാക്കുമോ?

വിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഇപ്രകാരം പിടിച്ചെടുത്ത ഉല്പന്നങ്ങളുടെ അളവ് ഇനം തിരിച്ച് അറിയിക്കുമോ?

വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) ഇത്തരത്തിൽ പിടിച്ചെടുത്ത ഉല്പന്നങ്ങൾ സൂക്ഷിച്ചുവയ്ക്കുകയോ നശിപ്പിച്ചു കളയുകയോ ചെയ്യുന്നത് എപ്രകാരമെന്ന് വ്യക്തമാക്കുമോ?

എൻ.ഡി.പി.എസ്. നിയമപ്രകാരം പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കൾ 1985-ലെ എൻ.ഡി.പി.എസ്. നിയമത്തിലെ 52(എ) വകുപ്പ് പ്രകാരം കോടതി മുമ്പാകെ ഹാജരാക്കുകയും തുടർന്ന് കോടതിയുടെ നിർദ്ദേശാനുസരണം പ്രാഥമിക തെളിവ് എന്ന നിലക്ക് സാമ്പിളുകൾ ശേഖരിച്ച് കെമിക്കൽ എക്സാമിനർ ലാബിലേക്ക് അയക്കുകയും ബാക്കി വരുന്ന തൊണ്ടി വക ലഹരി വസ്തുക്കൾ കോടതിയിലോ പോലീസ് ഗോഡൗണുകളിലോ സൂക്ഷിക്കുന്നതാണ്. കെമിക്കൽ എക്സാമിനർ ലാബിൽ നിന്നും പരിശോധനാഫലം ലഭിച്ചതിന് ശേഷം കോടതിയുടെ ഉത്തരവിന് വിധേയമായി ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ചെയർമാനായിട്ടുള്ള ഡ്രഗ് ഡിസ്പോസൽ കമ്മിറ്റി മുമ്പാകെ ഹാജരാക്കി നിയമാനുസരണം നശിപ്പിച്ചുകളയുന്നു. അബ്കാരി നിയമപ്രകാരം പിടിച്ചെടുക്കുന്ന സ്പിരിറ്റ്, കള്ള്, ചാരായം, കോട, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ സാമ്പിളുകൾ രാസപരിശോധനക്കായി കെമിക്കൽ എക്സാമിനർ ലാബിലേക്ക് അയച്ചശേഷം ബാക്കിയുള്ളവ അതത് ഓഫീസുകളിൽ സൂക്ഷിക്കുന്നു. തുടർന്ന് രാസപരിശോധന റിപ്പോർട്ട് ലഭിച്ച ശേഷം 1996-ലെ കേരള അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ് റൂൾസ് പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായുള്ള ഡിസ്പോസൽ കമ്മിറ്റി സ്പിരിറ്റ് ഒഴികെയുള്ള വസ്തുക്കൾ നിയമാനുസരണം നശിപ്പിച്ചു കളയുകയും ഉപയോഗ യോഗ്യമായ സ്പിരിറ്റ് വ്യാവസായിക ആവശ്യങ്ങൾക്ക് വില്പന നടത്തുകയും ചെയ്യുന്നു.

## മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ്

420 (5145) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര എക്സൈസ് സർക്കിൾ ഓഫീസുകളാണുള്ളതെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ 3 എക്സൈസ് സർക്കിൾ ഓഫീസുകളാണ് നിലവിലുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. എക്സൈസ് സർക്കിൾ ഓഫീസ് ഹോസ്ദുർഗ്.

2. എക്സൈസ് സർക്കിൾ ഓഫീസ്, കാസർഗോഡ്.

3. എക്സൈസ് സർക്കിൾ ഓഫീസ്, വെള്ളരിക്കുണ്ട്.

(ബി) മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

&

(സി) കർണാടകയുടെ അതിർത്തി പ്രദേശം എന്ന പരിഗണനയിൽ പ്രസ്തുത ഓഫീസ് ഈ വർഷം തന്നെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരുന്നു.

(ഡി) അബ്കാരി കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിക്കുന്നതിന് കുമ്പള എക്സൈസ് റെയ്ഞ്ച് പരിധിയിൽ ഡമ്പിംഗ് യാർഡ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കുമ്പള എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിലുള്ള കോയിപ്പടി വില്ലേജിലെ സർവ്വേ നമ്പർ 378/15-ൽപ്പെട്ട ഒരേക്കർ സ്ഥലത്ത് ചുറ്റുമതിൽ, ഗാർഡ് റൂം എന്നിവ നിർമ്മിക്കുന്നതിന് 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ബിവറേജസ് ഔട്ട്ലെറ്റുകളിലെ എക്സൈസ് ജീവനക്കാർ

421 (5146) ശ്രീ. പ്രമോദ് നാരായൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലെ തിരക്ക് നിയന്ത്രിക്കാൻ എക്സൈസ് വകുപ്പിൽ നിന്നും ജീവനക്കാരെ നിയോഗിക്കാൻ പ്രത്യേക തീരുമാന മെടുത്തിരുന്നോ; എങ്കിൽ എന്നുമുതലാണ് ഈ തീരുമാനം പ്രാബല്യത്തിൽ വന്നതെന്നും എത്ര ഉദ്യോഗസ്ഥരെയാണ് ഇത്തരത്തിൽ നിയോഗിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ?

തീരുമാനമെടുത്തിരുന്നു. 2-7-2021 മുതൽ സംസ്ഥാനത്തെ FL-1 വിദേശമദ്യ ചില്ലറ വില്പന ശാലകളിൽ എക്സൈസ് ഉദ്യോഗസ്ഥരെ തിരക്ക് നിയന്ത്രിക്കുന്നതിനായി നിയോഗിച്ചിട്ടുള്ളതാണ്.

(ബി) ഇത്തരത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എക്സൈസ് വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലാണ് FL-1 വിദേശമദ്യ ചില്ലറവില്പനശാലകളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളത്.

(സി) ബാറുകൾ തുറക്കുന്ന സാഹചര്യത്തിൽ ബിവറേജസ് ഔട്ട്ലെറ്റുകളിൽ തിരക്ക് കുറയും എന്നതിനാൽ ഇവരെ തിരികെ ഡ്യൂട്ടിയിൽ പ്രവേശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചില്ലറ വിൽപ്പന ശാലകളിലെ തിരക്ക് പൂർണ്ണമായും ഒഴിവായി കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് മദ്യം വിതരണം ചെയ്യാനുള്ള സാഹചര്യം ഉണ്ടാകുന്ന മുറക്ക് FL-1 വിദേശമദ്യ ചില്ലറ വിൽപ്പന ശാലകളിലെ തിരക്ക് നിയന്ത്രിക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ച നടപടി പുനഃപരിശോധിക്കുന്നതാണ്.

**വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിന് നടപടി**

422 (5147) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീമതി ഒ. എസ്. അംബിക :
ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്തേക്ക് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരാൻ ആസൂത്രിത നീക്കങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഇതിന് തടയിടാൻ എന്തെല്ലാം ഇടപെടലുകളാണ് എക്സൈസ് സേന നടത്തിവരുന്നത്; അറിയിക്കാമോ?

അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്കുള്ള ലഹരി വസ്തുക്കളുടെ ഒഴുക്ക് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുകയും ബോർഡർ പട്രോളിംഗും, വാഹന പരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഫീൽഡ് യൂണിറ്റിലെ വിവിധ ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ കണ്ടെടുത്തും, സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ചും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

(ബി) വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാലയങ്ങളിൽ കഴിഞ്ഞ സർക്കാർ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

(സി) ചികിത്സയും പുനരധിവാസവും ഉൾപ്പെടുത്തി ആധുനിക നിലവാരത്തിലുള്ള ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ മേഖല കളിലായി സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്ക

ന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 3 മേഖലകളിൽ ലഹരിക്കടിമപ്പെട്ട വർക്ക് പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിമുക്തി മിഷൻ ഉദ്ദേശിക്കുന്നു.

## ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി

423 (5148) ശ്രീ. ടി. ഐ. മധുസൂദനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ, ഇത്തരം ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് വിഭാഗവും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും, രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗവും, എക്സൈസ് ഷാഡോ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചും, വയർലസ് സംവിധാനം ഏർപ്പെടുത്തിയും, വാഹനപരിശോധന കർശ്ശനമാക്കിയും, അന്യ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും, ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാൻ ഇടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തിയും മയക്കുമരുന്നു കളുടെയും ലഹരി വസ്തുക്കളുടേയും ഉപയോഗവും, വ്യാപനവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര വിമുക്തി സെന്റർ

424 (5149) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ വിമുക്തി സെന്ററിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതിയതായി ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി പ്രത്യേക സൗകര്യങ്ങളോടു കൂടിയ ഡീ-അഡിക്ഷൻ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർമ്മാണ/നവീകരണ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത സെന്റർ കൂടുതൽ കാര്യക്ഷമമായി പ്രവൃത്തിക്കുന്നതിന് വേണ്ടി അധിക ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

**പാപ്പിനിശ്ശേരി എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്വന്തം കെട്ടിടം**

425 (5150) ശ്രീ. എം. വിജിൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരിയിൽ റീ.സ.357/2-ൽ പെട്ട 40 സെന്റ് റവന്യൂ ഭൂമി എക്സൈസ് വകുപ്പിന് അനുവദിക്കുന്നതിനുവേണ്ടിയുള്ള സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി എക്സൈസ് വകുപ്പിന് ഇതുവരെ ലഭ്യമായിട്ടില്ല.

**വനിത എക്സൈസ് ഓഫീസർ**

426 (5151) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സേനയിൽ എഫ് 1/153/21/റ്റി. ഡി. നമ്പർ ഫയൽ പ്രകാരം വനിത എക്സൈസ് ഓഫീസറുടെ പുതിയ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

&

(ബി) ഓരോ ജില്ലയിലും എത്ര പേരെയാണ് വനിതാ എക്സൈസ് ഓഫീസർമാരായി നിയമിക്കുന്നതെന്ന് വിശദമാക്കാമോ?

വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

[4752, 4821 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00A.M.]

## II അടിയന്തരപ്രമേയം

### കുട്ടനാട്ടിലെ വെള്ളപ്പൊക്കം

മി. സ്പീക്കർ: ആവർത്തിച്ചുവരുന്ന പ്രളയംമൂലം കുട്ടനാട് പ്രദേശത്ത് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ഇത് പ്രധാനപ്പെട്ട ഒരു വിഷയമാണെങ്കിൽപ്പോലും ഈ സമ്മേളന കാലത്തുതന്നെ ചോദ്യോത്തര വേളകളിലും ധനാഭ്യർത്ഥനയുടെ പരിഗണനാവേളയിലും ചർച്ച ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ വിശദമായ മറുപടികൾ നൽകിയിട്ടുള്ളതുമാണ്. വിശേഷിച്ചും ഇന്നലെ ജലവിഭവ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഉന്നയിക്കാമായിരുന്നതിൽ അധികമായും അടിയന്തര സ്വഭാവമുള്ളതായും ചൂണ്ടിക്കാണിക്കാവുന്ന ഒന്നുംതന്നെ ഇന്നത്തെ നോട്ടീസിൽ പരാമർശിച്ചിട്ടില്ലായെന്നും കാണുന്നു. അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നൽകുന്നത് സംബന്ധിച്ച ചട്ടം 52-ന്റെ ശരിയായ വ്യാഖ്യാനത്തിൽപ്പെടുത്തി ഈ വിഷയം ഇന്ന് അവതരിപ്പിക്കാൻ കഴിയില്ലെങ്കിൽപ്പോലും പൊതുപ്രാധാന്യ പ്രശ്നമെന്നുള്ള നിലയിലാണ് ഇന്ന് നോട്ടീസിന് അനുമതിനല്കുന്നത്. അടിയന്തരപ്രമേയം നോട്ടീസ് നല്കുന്ന വേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

2018-ലെ മഹാപ്രളയത്തിനുശേഷം വർഷംതോറും കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടായതുപോലെ ഈ വർഷവും കാലവർഷം ശക്തമാകുമ്പോൾ വെള്ളപ്പൊക്കത്തെ ചെറുക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം കുട്ടനാട്ടിലെ ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്ന കുട്ടനാട്, സമുദ്ര നിരപ്പിൽനിന്ന് ഏകദേശം 0.5 മീ. മുതൽ 2.50 മീ. വരെ താഴ്ചയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ്. ഏകദേശം 1172 ച.കി.മീ. വിസ്തൃതിയുള്ളതാണ് ഈ പ്രദേശം. ഈ പ്രദേശത്തിന്റെ പ്രധാനപ്പെട്ട പല വിഷയങ്ങളും നമ്മുടെ സഭയിൽ പലതവണ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ കായൽ നിലങ്ങളും സമുദ്ര നിരപ്പിൽനിന്ന് താഴെയുള്ള കൃഷിയും

ആഗോള പ്രാധാന്യമുള്ള പൈതൃക കൃഷിയായി ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ അംഗീകരിച്ചിട്ടുള്ളതാണ്. സമുദ്ര നിരപ്പിൽനിന്ന് താഴെയുള്ള പ്രദേശത്ത് 150 വർഷമായി നെൽ കൃഷി നടത്തിവരുന്നു. ഏകദേശം 55000 ഹെക്ടർ പുഞ്ച കൃഷിയും 6000 ഹെക്ടർ വിരുപ്പുകൃഷിയും കുട്ടനാട്ടിൽ ചെയ്തു വരികയാണ്. കേരളത്തിലെ പ്രധാന നദികളായ പമ്പാ നദി, അച്ചൻകോവിലാർ മണിമലയാർ എന്നിവ കുട്ടനാട്ടിലൂടെയാണ് വേമ്പനാട്ട് കായലിൽ എത്തിച്ചേരുന്നത്. കുട്ടനാടിന്റെ ഭൂപ്രദേശത്തിന്റെ ചെരിവ് തെക്ക്-കിഴക്കുനിന്ന് വടക്കുപടിഞ്ഞാറ് ആയതിനാൽ കുട്ടനാടിനെ കീറിമുറിച്ചാണ് വേമ്പനാട്ട് കായലിൽ എത്തിച്ചേരുന്നത്. കഠിനവും സങ്കീർണ്ണവുമായ ആവാസ വ്യവസ്ഥയുള്ള കുട്ടനാട് കാലവർഷ സമയത്ത് ഈ നദികളുടെ ജലം ഉൾക്കൊള്ളാൻ കഴിയാത്ത വിധം വെള്ളക്കെട്ടിൽപ്പെടുന്നു. തന്മൂലം കൃഷിനാശം, മടവീഴ്ച, വീടുകളിലുണ്ടാകുന്ന വിള്ളലുകൾ, വളർത്തു മൃഗങ്ങളുടെയും മനുഷ്യരുടെയും ജീവഹാനി തുടങ്ങിയവ സംഭവിക്കുന്നു. കുട്ടനാട്ടിലെ സുഗമമായ ജല നിർഗ്ഗമനത്തിനുവേണ്ടിയാണ് തോട്ടപ്പള്ളി സ്പിൽവേ നിർമ്മിച്ചത്. കൂടാതെ വേമ്പനാട്ട് കായലിലേയ്ക്ക് ഓരുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ തണ്ണീർമുക്കം ബണ്ടും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ചങ്ങനാശ്ശേരിയിൽനിന്നും ആലപ്പുഴ യിലേയ്ക്ക് ഗതാഗതം സുഗമമാക്കുവാൻ റോഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും മുമ്പ് വിഭാവനം ചെയ്ത രീതിയിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന് സമാന്തരമായി നിർദ്ദേശിച്ചിരിക്കുന്ന കനാലിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. തോട്ടപ്പള്ളി സ്പിൽവേയിലൂടെ 1900 ക്യൂബിക് മീറ്റർ വാട്ടർ ഡിസ്ചാർജ്ജ് ചെയ്തിരുന്നതാണെങ്കിൽപോലും ഇന്ന് ഏകദേശം 800 ഘനമീറ്റർ മാത്രമാണ് അതിലൂടെ ഒഴുകുന്നത്. അഴിമുഖത്ത് സ്വാഭാവികമായുണ്ടായ മണൽത്തിട്ട കാരണം സുഗമമായ ജലനിർഗ്ഗമനം നടക്കുന്നില്ല. കൂടാതെ സ്പിൽവേയുടെ മുകൾ ഭാഗത്ത് ഏകദേശം 368 മീ. വീതിയുണ്ടെങ്കിലും മണലും ചെളിയും അടിഞ്ഞുകിടന്ന് 80-100 മീ. വരെയുള്ള ഭാഗത്ത് മാത്രമാണ് ജലനിർഗ്ഗമനം നടക്കുന്നത്. മഹാപ്രളയത്തിന്റെ നാശനഷ്ടങ്ങൾ കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്; അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തോട്ടപ്പള്ളി സ്പിൽവേയ്ക്കും പൊഴിക്കുമിടയിലെ തടസ്സങ്ങൾ മാറ്റി ജലനിർഗ്ഗമനം സുഗമമാക്കുക എന്നുള്ളതാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാത വികസനം, സ്പിൽവേയുടെയും അതിന്റെ മുകൾ ഭാഗത്തിന്റെയും ജലനിർഗ്ഗമന പാതയുടെ നവീകരണം, ഏകദേശം 420 കി. മീ. നീളമുള്ള ജലനിർഗ്ഗമന ചാലുകളുടെയും തോടുകളുടെയും ചെളി നീക്കംചെയ്യൽ, ജലനിർഗ്ഗമനത്തിനും ജലഗതാഗതത്തിനും തടസ്സമായി നിൽക്കുന്ന പാലങ്ങളുടെ പുനർനിർമ്മാണം എന്നിവ ജലനിർഗ്ഗമനം

സുഗമമാക്കുന്നതിന് ചെയ്തുതീർക്കേണ്ട പ്രവൃത്തികളാണ്. കുട്ടനാടിന്റെ വെള്ളപ്പൊക്ക നിയന്ത്രണ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് പഠനം നടത്താനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കാനും ഐ.ഐ.ടി. ചെന്നൈയെ ചുമതലപ്പെടുത്തിയിരിക്കുന്നു. അതിന് 1,38,00,000 രൂപ ചെലവഴിക്കുന്നുണ്ട്. ഇതിനോടകംതന്നെ 84,00,000 രൂപ നൽകിക്കഴിഞ്ഞു. ആറ് മാസമായിരുന്ന കാലാവധി, കോവിഡിന്റെ പശ്ചാത്തലത്തിൽ രണ്ട് മാസംകൂടി വൈകുമെന്നറിയിച്ചിട്ടുണ്ട്. നവംബർ മാസത്തോടുകൂടി പ്രാഥമിക റിപ്പോർട്ട് ലഭിക്കും. അതിന്റെ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് തുടക്കം കുറിക്കാനായി സാധിക്കുന്ന തരത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളും. അച്ചൻകോവിലാറിലെയും പമ്പാ നദിയിലെയും കൂടുതൽ ജലം വീയ്യപുരം ഭാഗത്ത് വച്ച് തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്ക് തിരിച്ചുവിടുന്നത് ഈ പഠനത്തിന്റ ഭാഗമായാണ്. അതോടൊപ്പം തോട്ടപ്പള്ളി അഴിമുഖത്തോട് ചേർന്ന് കടലിലേയ്ക്ക് ഒരു പുലിമുട്ട് നിർമ്മിച്ച് അഴിമുഖത്ത് മണ്ണ് വീണ് അടയാ തിരിക്കാൻ പരിഹാരമാർഗ്ഗം ഈ പഠനത്തിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. തകഴിക്കടുത്ത് പമ്പയാറിൽനിന്നും ടി.എസ്.-കനാലിലേയ്ക്കുള്ള പ്രധാന തോടുകളുടെ ആഴം വർദ്ധിപ്പിച്ച് തോട്ടപ്പള്ളിയിലേയ്ക്ക് വലിയൊരു ഭാഗം ജലം ഒഴുക്കികളയാനുള്ള സാധ്യത ഈ പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് കീഴിലായി ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിച്ച് കായംകുളം കായലിലേയ്ക്ക് അധികജലം എത്തിക്കാനുള്ള സാധ്യതാപഠനവും നടന്നുവരുന്നു. അച്ചൻകോവിലാറിൽനിന്നും കായംകുളത്തേയ്ക്ക് ഒഴുകുന്ന തോട് വൃത്തിയാക്കി പ്രളയജലം കായംകുളം കായലിലേയ്ക്ക് എത്തിക്കാനുള്ള സാധ്യതാപഠനവും ഇതിന്റെ ഭാഗമായി നടക്കുന്നു. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളോരോന്നും പരിഹരിക്കുന്നതിനുവേണ്ടി സമയബന്ധിതമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ സഭയുടെ സ്പിരിറ്റാണ്, ഈ വിഷയത്തിൽ സാധ്യമായതൊക്കെ ചെയ്യുക എന്നുള്ളത് മാത്രവുമല്ല പ്രധാനപ്പെട്ടൊരു കാര്യം, ഇതുമായി ബന്ധപ്പെട്ട് എത്രയോ മീറ്റിംഗുകൾ ഇവിടെ നടന്നു. 14-6-2021-ൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഇതിനോടകം കുട്ടനാട് സന്ദർശിച്ച് അവിടത്തെ വിഷയങ്ങൾ വിലയിരുത്തി അവിടെ വേണ്ടതായ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും ജോയിന്റായാണ് ആ സ്ഥലത്തെത്തി അവിടത്തെ വിഷയങ്ങൾ പഠിക്കുകയും അതിനുശേഷം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നത്. ജൂൺ മാസം 21-ാം തീയതി വീണ്ടും കൃഷി വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ച് കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നം സമഗ്രമായി വിലയിരുത്തി അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ജൂൺ മാസം 25-ാം തീയതി ജലവിഭവ വകുപ്പിന്റെ

ച്ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ഞാനും കുട്ടനാട് സന്ദർശിച്ചു. അവിടത്തെ പാടശേഖരങ്ങളിലെ വിഷയം, ബണ്ടുകളിലെ പ്രശ്നം, അടിസ്ഥാനപരമായു ണ്ടാകേണ്ട മാറ്റങ്ങൾ, ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും ചെയ്യേണ്ട കാര്യങ്ങളെല്ലാം വിലയിരുത്തി നടപടിക്രമങ്ങൾ തുടർന്നുവരികയാണ്. മാത്രമല്ല ഇറിഗേഷൻ വകുപ്പിന്റെ ഡിമാൻഡ് ഡിസ്കഷനിൽ, അവിടെ നടന്ന വിഷയങ്ങളെല്ലാം സഭയിൽ മറുപടി പ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചതാണ്. കുടിവെള്ള പ്രശ്നമുൾപ്പെടെ കുട്ടനാടിനെ ബാധിക്കുന്ന സമഗ്രമായ വിഷയങ്ങൾ നല്ല നിലയിൽ ചർച്ച ചെയ്യപ്പെട്ടുവരികയാണ്. ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളിലെല്ലാം നിലപാടുകൾ സ്വീകരിച്ചുവരുന്ന സന്ദർഭത്തിലാണ് ഈ പ്രമേയം അവതരിപ്പിക്ക പ്പെട്ടിട്ടുള്ളത്. മാത്രമല്ല ഡിമാൻഡ് ഡിസ്കഷനുശേഷം ഏതാനും മണിക്കൂറുകൾക്കകം അടിയന്തരപ്രാധാന്യമുള്ള മറ്റുവിഷയങ്ങളേതെങ്കിലും കൂട്ടതലായിട്ടുണ്ടെങ്കിൽ അതും പരിഗണാനർഹമായി പരിഹരിക്കാം. കുട്ടനാടിന്റെ പൊതുവിഷയം ആ നിലയിൽ കാണുവാനും ചർച്ച ചെയ്യുവാനും അതിന്റെ സ്പിരിറ്റ് നശിക്കാതിരിക്കാനും നമ്മുടെ സഭയുടെ സ്പിരിറ്റായി കുട്ടനാട് സംസ്കാരത്തെയും അവിടത്തെ ജീവിതത്തെയും നിലനിർത്താനുംവേണ്ടിയുള്ള നടപടികളിൽ ഒരുമിച്ചുമുന്നോട്ടുപോകുകയാണ് വേണ്ടത്. അതുകൊണ്ട് അടിയന്തരപ്രാധാന്യമുള്ള വിഷയമായി നിലനിൽക്കുമ്പോഴും അടിയന്തരപ്രാധാന്യത്തോടെ ഈ വിഷയം ഗവൺമെന്റ് കാണുന്നുവെന്നുള്ളത് മനസ്സിലാക്കാനായി സാധിക്കണം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ, വേമ്പനാട്ടുകായൽ എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് കുട്ടനാട്. സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന അസാധാരണമായ ഭൂസ്ഥിതിയുള്ളൊരു പ്രദേശമാണ്. ശ്രമകരമായ ഭൂമിശാസ്ത്ര സാഹചര്യങ്ങളിൽ ഇച്ഛാശക്തിയോടെ നേരിട്ടുകൊണ്ടാണ് കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾ മണ്ണിൽ പൊന്ന് വിളയിച്ചത്. കേരളത്തിന്റെ മറ്റുഭാഗങ്ങളിലുള്ള മനുഷ്യരുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റാൻവേണ്ടിയാണ് ഈ കഠിനദൗത്യം പല തലമുറകളായി അവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത്രയും പ്രതിസന്ധിയിൽ മനുഷ്യർ കൃഷി ചെയ്യുന്ന മറ്റൊരു ഭൂപ്രദേശം ലോകത്തുണ്ടോ എന്നുള്ള കാര്യം സംശയമാണ്. കുട്ടനാടിലെ കർഷകത്തൊഴിലാളിയുടെ വിയർപ്പാണ് കേരളത്തിന്റെ ഭക്ഷ്യ അടിത്തറ. കുട്ടനാട് നിലമൊരുക്കിയത് കേരളത്തിന്റെ ഭക്ഷ്യ അടിത്തറയ്ക്ക് മാത്രമല്ല, തകഴി ശിവശങ്കര പിള്ള, കാവാലം നാരായണപ്പണിക്കർ തുടങ്ങിയ അനേകം സർഗ്ഗപ്രതിഭകളുടെ സംഭാവന കൂടിയാണ് മലയാളിയുടെ ഉന്നതമായ സാംസ്കാരിക ഭാവുകത്വം. ആ കുട്ടനാട് സംസ്ഥാന ഭരണകൂടത്തെ നോക്കി നിശ്ശബ്ദമായി നിലവിളിക്കുന്നത് നാം

കേൾക്കുന്നില്ലേ? രണ്ടുലക്ഷത്തിലധികം വരുന്ന മനുഷ്യരുടെ അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും ആരുടെ മനഃസാക്ഷിയെയും മുറിവേൽപ്പിക്കുന്നില്ലേ? ഭരണപക്ഷത്തുനിന്നും കേട്ട പരിഹാസങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. 2011-ലെ കണക്കുകൾ മാത്രം പരിശോധിച്ചാൽ പത്തുവർഷത്തിനിടയിൽ കുട്ടനാട്ടിൽ ജീവിച്ച രണ്ടുശതമാനത്തിലധികം ആളുകൾ അവിടെനിന്ന് പലായനം ചെയ്തുകഴിഞ്ഞു. 2018-നുശേഷം ഒരു വില്ലേജിൽനിന്നും ഏതാണ്ട് 25 മുതൽ 30 വരെ കുടുംബങ്ങൾ പലായനം ചെയ്തിട്ടുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ജനിച്ചുവളർന്ന നാട്ടിൽ നിന്നും പൂർവ്വപരമ്പരകൾ, സ്നേഹസൗഹൃദത്തിൽ കഴിഞ്ഞ മണ്ണിൽനിന്നും അവർ പോകുന്നത് ഭാഗ്യം അന്വേഷിച്ചിട്ടല്ല; ജലത്താൽ മുറിവേറ്റിട്ടാണ്. വാശാന ലംഘനങ്ങളുടെ ജലരേഖയാൽ മുറിവേറ്റിട്ടാണ് അവർ പലായനം ചെയ്യുന്നത്. അത് നമ്മൾ കാണാതെപോയാൽ, അത് ചർച്ച ചെയ്യാതിരുന്നാൽ ഈ സഭയൊക്കെ എന്തിനാണ്? 2018-ലെ പ്രളയം മറ്റ് പ്രളയങ്ങളെപ്പോലെയല്ല. കുട്ടനാട്ടുകാർക്ക് പ്രളയമൊരു പുതിയകാര്യമല്ല. തകഴിയുടെ 'വെള്ളപ്പൊക്കം' എന്ന ചെറുകഥ എന്റെ കയ്യിലുണ്ട്. കഥ തുടങ്ങുന്നതുതന്നെ നാട്ടിലെ പൊക്കംകൂടിയ സ്ഥലം ക്ഷേത്രമാണ്, അവിടെ ദേവൻ കഴുത്തറ്റം വെള്ളത്തിൽ നില്ക്കുന്നുവെന്ന് അമ്പതുവർഷം മുമ്പ് തകഴി എഴുതി. പക്ഷേ 2018-ലെ പ്രളയം മനുഷ്യനിർമ്മിതമായിരുന്നു. പമ്പാനദിയിലെ 9 അണക്കെട്ടുകൾ ഒറ്റയടിക്ക് തുറന്നുവിട്ട് സെക്കന്റിൽ ഏഴ് ലക്ഷം ലിറ്റർ വെള്ളം കുട്ടനാട്ടിലേക്ക് ഇരച്ചുകയറിയിട്ടാണ് ആ പ്രളയം കുട്ടനാടിനെ തകർത്തത്. അതിനുശേഷം അവിടെ രണ്ടാംകൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായി. സ്വാഭാവികമായി ജലപ്രവാഹത്തെ തടസ്സപ്പെടുത്തുന്ന ജലാശയങ്ങളിലെ മണ്ണും ചെളിയും മൂടിയ അവസ്ഥ ഇടയ്ക്കിടെയുണ്ടാകുന്ന വെള്ളപ്പൊക്കങ്ങളുടെ ആഘാത ശേഷി വർദ്ധിപ്പിക്കുന്നുണ്ട്. അവിടത്തെ 13 പഞ്ചായത്തിലും കുടിവെള്ളം കിട്ടാക്കനിയാണ്. സമയക്രമം മാറിയ കാർഷിക കലണ്ടർ, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, ഭൂമിയുടെ വിലത്താഴ്ച, മഹാപ്രളയത്തിനുശേഷമുണ്ടായ ചെമ്മണ്ണ് നിക്ഷേപം തുടങ്ങിയ നിരവധി വെല്ലുവിളികളാണ് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്നത്. 2019 ജനുവരി 31-ന് സഹൃദയനും സാമ്പത്തികകാര്യ വിദഗ്ദ്ധനുമായ മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട തലക്കെട്ട് 'പുതിയ കുട്ടനാട് പാക്കേജ് എന്നായിരുന്നു. ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ, 250 കോടി രൂപയുടെ കുടിവെള്ള പദ്ധതി, 150 കോടി രൂപയുടെ ഹെലികോപ്റ്റർ ഇറങ്ങാൻ സൗകര്യമുള്ള ബഹുനില ആശുപത്രി പുളിങ്കുന്നിൽ, ചെളിവാരി കായലിന്റെ ആഴം കൂട്ടാൻ 57 കോടി രൂപ, ഉപ്പുവെള്ളം കയറ്റി തണ്ണീർമുക്കം ബണ്ട് ശുദ്ധീകരിക്കാനും കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താനും 20 കോടി രൂപ, ഉറവിടത്തിൽ ഖരമാലിന്യ സംസ്കരണം, തോട്ടപ്പള്ളി സ്പിൽവേയുടെ വീതിയും ആഴവും കൂട്ടം,

എ.സി. കനാൽ നവീകരിക്കുന്നതിന് 40 കോടി രൂപ, അങ്ങനെ 500 കോടി രൂപയുടെ പദ്ധതിയെങ്കിലും 2019-ലും 2020-ലുമായി പ്രഖ്യാപിക്കുമെന്ന് നിയമസഭയിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിട്ട് അതിന്റെ അഞ്ഞൂറിലൊന്നെങ്കിലും യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? ആശുപത്രി കെട്ടുകയോ എ.സി. കനാൽ നവീകരിക്കുകയോ ചെയ്യാതെ വീണ്ടും അടുത്ത ബഡ്ജറ്റിൽ ഫെബ്രുവരി 7-ന് മറ്റൊരു 2400 കോടി രൂപ പ്രഖ്യാപിച്ചു. വീണ്ടും കുടിവെള്ള പദ്ധതിക്കായി 291 കോടി രൂപ, സ്പിൽവേകളുടെ നവീകരണത്തിന് 280 കോടി രൂപ തുടങ്ങിയ ധാരാളം കാര്യങ്ങൾ പ്രഖ്യാപിച്ചു. പമ്പാനദി, മണിമലയാർ, അച്ചൻകോവിലാർ എന്നിവിടങ്ങളിലെ ചെളി നീക്കം ചെയ്യുന്ന പദ്ധതിയുടെ Detailed Project Report (DPR) പോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. 2018-ലെ പ്രളയത്തിനുശേഷം മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കുട്ടനാട്ടിൽ നേരിട്ടുവന്നതിനുശേഷം കുട്ടനാട് താലൂക്കിലുള്ള 12 പഞ്ചായത്തിലും കമ്മ്യൂണിറ്റി ഷെൽറ്റർ ഹോം സ്ഥാപിക്കുന്ന പദ്ധതി പ്രഖ്യാപിച്ചു. വിയ്യപുരം പഞ്ചായത്ത് കാർത്തികപ്പള്ളി താലൂക്കിലാണുള്ളത്. 12 പഞ്ചായത്തുകളിലും ആയിരം പേർക്ക് താമസിക്കാവുന്ന കമ്മ്യൂണിറ്റി ഷെൽറ്റർ ഹോം പണിയുമെന്ന് പ്രഖ്യാപിച്ചു. കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം അതിനുവേണ്ടി മാറ്റിവച്ചു. ഞാൻ അങ്ങയോട് ചോദിക്കുന്നു, ആ 12 കമ്മ്യൂണിറ്റി ഷെൽറ്റർ ഹോമുകളിൽ ഒരെണ്ണംപോലും പണിതില്ലെന്നുമാത്രമല്ല അതിനുവേണ്ടി കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ മാറ്റിവച്ച ശമ്പളം അവിടെ വകമാറ്റി ചെലവഴിച്ചു. 2018-നുശേഷം അവിടത്തെ ടൂറിസം മേഖല തളർന്നു. വാഗ്ദാനങ്ങൾ വെറുംവാക്കായി തീരുന്നത് മാത്രമല്ല പ്രശ്നം കുട്ടനാട്ടുകാരനായ ചെറുകര സണ്ണി ലൂക്കോസ് 'കേരള ശബ്ദം' വാരികയിൽ ഇതിന്റെ നയപരമായ പോരായ്മകളെക്കുറിച്ച് നിരന്തരം എഴുതി. മനോരമ ന്യൂസ് 'ഒരു വാർത്താദിനം കുട്ടനാടിനൊപ്പം' എന്ന പേരിൽ ഒരു ദിവസം സമർപ്പിച്ചു. ഏഷ്യാനെറ്റ് ന്യൂസ് 'കുട്ടനാടിന് കരകയറണം' എന്ന പേരിൽ വാഗ്ദാനലംഘനങ്ങൾ സർക്കാരിനെ അറിയിച്ചു. മാതൃഭൂമി ദിനപ്പത്രം തുടർച്ചയായി അഞ്ചുദിവസം കുട്ടനാടിന്റെ പ്രശ്നങ്ങൾ വായനക്കാരിലെത്തിച്ചു. സർക്കാർ ഇതൊന്നും അറിയുന്നില്ലേ? കുട്ടനാട്ടിലെ ലക്ഷക്കണക്കിന് മനുഷ്യരുടെ ഭീതിയെ, അരക്ഷിതാവസ്ഥയെ, പലായനത്തെ, ഒരു ഭരണകൂടത്തിന് എങ്ങനെ ഇത്ര നിസ്സംഗതയോടുകൂടി നോക്കി കാണാനായി കഴിയും? അവർക്കുവേണ്ടിയുള്ള പണം എങ്ങനെ വകമാറ്റി ചെലവഴിക്കാൻ കഴിയും? വീണ്ടും പാക്കേജുകൾ പ്രഖ്യാപിച്ചു കൊണ്ട് നിരന്തരമായി ഒരു ജനതയെ എങ്ങനെ വഞ്ചിക്കാൻ കഴിയും? ഇത് ചർച്ച ചെയ്യേണ്ട പ്രശ്നമല്ലേ? ഇവിടെ പ്ലാനിംഗ് ബോർഡിന്റെ പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സഭയിലെ എല്ലാവരും അറിയണം. ശ്രീ. മോൻസ് ജോസഫിന്റെ

നിയോജകമണ്ഡലമായ കടുത്തുരുത്തിയിൽ തുടങ്ങുന്ന അപ്പർ കുട്ടനാട്. ശ്രീ. വി. എൻ. വാസവൻ മന്ത്രിയുടെ നിയോജകമണ്ഡലമായ ഏറ്റുമാനൂർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവർകൾ പ്രതിനിധാനം ചെയ്യുന്ന കോട്ടയം, ശ്രീ. ജോബ് മൈക്കിളിന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരി, ശ്രീ. മാത്യു ടി. തോമസിന്റെ നിയോജകമണ്ഡലമായ തിരുവല്ല, ഞാൻ മുമ്പ് പ്രതിനിധാനം ചെയ്ത, ഇപ്പോൾ ശ്രീ. സജി ചെറിയാൻ മന്ത്രി പ്രതിനിധാനം ചെയ്യുന്ന ചെങ്ങന്നൂർ, ശ്രീ. എം. എസ്. അരുൺകുമാറിന്റെ നിയോജകമണ്ഡലമായ മാവേലിക്കര മുൻ പ്രതിപക്ഷ നേതാവിന്റെ നിയോജകമണ്ഡലമായ ഹരിപ്പാട് തുടങ്ങി ഈ 2400 കോടി രൂപയുടെ പ്ലാനിംഗ് ബോർഡിന്റെ പാക്കേജിന്റെ വിശദവിവരം എം.എൽ.എ.-മാർക്ക് ആർക്കെങ്കിലും അറിയുമോ? ആരോടെങ്കിലും ചർച്ച ചെയ്തിട്ടുണ്ടോ, അവർ ഇരുട്ടിൽ നിൽക്കുകയല്ലേ? കൃഷി വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ, മങ്കൊമ്പിൽ കൃഷി വകുപ്പ് പാടശേഖര സമിതി മുതൽ ജനപ്രതിനിധികൾ വരെയുള്ളവരുടെ അഭിപ്രായം കേട്ട് തയ്യാറാക്കിയ പദ്ധതി എവിടെ കളഞ്ഞു? ആ പദ്ധതി ഉപേക്ഷിച്ച് ഫ്രീസറിൽ വച്ചിട്ട് കുട്ടനാട് കണ്ടിട്ടില്ലാത്ത ചില ആളുകൾ ചേർന്ന് അവിടെയൊരു പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. കുട്ടനാട് കണ്ടിട്ടുണ്ടോയെന്ന പരിഹാസം ഞാൻ അവിടെനിന്നും കേട്ടു. ഇപ്പോൾത്തന്നെ അശാസ്ത്രീയതയുടെ ദുരിതമനുഭവിക്കുന്ന കുട്ടനാട്ടുകാർക്കുമേൽ മൂന്ന് പുതിയ ബണ്ട്, ഇവിടെ മന്ത്രി മറുപടി പറഞ്ഞത്, അവിടെ അച്ചൻകോവിലാറിലെ വെള്ളം വേഗത്തിൽ കുട്ടനാട്ടിലോട്ട് ഒഴുകിയെത്താൻ നാലുമീറ്റർ കരഭൂമി കീറി വളവുനീക്കു മെന്നാണ്. ഈ പുതിയ പദ്ധതിയുടെ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് എവിടെയെങ്കിലും ആരെങ്കിലും എപ്പോഴെങ്കിലും പഠിച്ചിട്ടുണ്ടോ? കുട്ടനാടിനെ വീണ്ടും തകർക്കാൻവേണ്ടി പുതിയ പദ്ധതിയുമായി ഇറങ്ങിയിരിക്കു കയാണ്. നിയമസഭയെയും ജനപ്രതിനിധികളെയും ഇരുട്ടിൽ നിർത്തിയിരിക്കുകയാണ്. അങ്ങ് അനുവദിച്ചതുകൊണ്ടും ദീർഘമായി പറയരുതെന്ന് പറഞ്ഞതു കൊണ്ടും ഞാൻ ചുരുക്കുകയാണ്. സാധാരണ എല്ലാവരും പന്ത്രണ്ട് മിനിട്ടെടുക്കുന്നതാണ്. ഇവിടെ പുതിയൊരു ഹൈക്കോടതി വിധി കൂടി വന്നിട്ടുണ്ട്. 2020-ലെ വെള്ളപ്പൊക്കത്തിൽ ഏതാണ്ട് 43538 കുടുംബങ്ങൾക്ക് ധനസഹായം കൊടുക്കണമെന്ന് ജെയ്സപ്പൻ എന്നയാളുടെ കേസിൽ വിധി വന്നിട്ടുണ്ട്. അത് സർക്കാർ പരിഗണിക്കണം. ഒരു കാര്യംകൂടി ആവർത്തിക്കുന്നു. അപ്പർ കുട്ടനാടിനെ പ്രായോഗികമായും പാരിസ്ഥിതികമായും പരിഗണിക്കുന്ന ഒരു കുട്ടനാട് വികസന അതോറിറ്റിയും അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികളു മുണ്ടാകണം. അതുകൊണ്ട് വെള്ളപ്പൊക്കം, കുടിവെള്ളക്ഷാമം, മടവീഴ്ച, സംഭരണ ത്തിന്റെ പ്രശ്നം, കാർഷികമേഖലയിലെ പ്രതിസന്ധി ആരോഗ്യ പ്രശ്നങ്ങൾ, കൂട്ടപലായനം, കുട്ടനാടിന്റെ ദുഃഖം ഇതെല്ലാം ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. തോമസ് കെ. തോമസ്: സർ, ശ്രീ. പി. സി. വിഷ്ണുനാഥിനോട് എനിക്ക് ആദ്യമായി പറയാനുള്ളത് ഞങ്ങളുടെ കഞ്ഞിയിൽ പാറ്റയിടരുത് എന്നാണ്. 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം ആദരീണയനായ മുഖ്യമന്ത്രി കുട്ടനാടിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ ശ്രേഷ്ഠമായ രീതിയിൽ പറയേണ്ട കാര്യങ്ങൾ തന്നെയാണ്. ഇവർ ഇവിടെയിരുന്ന് കരയുന്നത് കണ്ടു. ഒന്നാം കുട്ടനാട് പാക്കേജ് പൊളിച്ചവരാണ് രണ്ടാം കുട്ടനാട് പാക്കേജ് എവിടെയാണെന്ന് അറിഞ്ഞിട്ടില്ലെന്ന് പറയുന്നത്. ശ്രീ. പി. ജെ. ജോസഫിന്റെയും ശ്രീ. കൊടിക്കുന്നിൽ സുരേഷിന്റെയും അടിയാണ് ഒന്നാം കുട്ടനാട് പാക്കേജ് പൊളിച്ചത്. തോമസ് ചാണ്ടി കോടിക്കണക്കിന് രൂപ കൊടുത്ത് വാങ്ങിയ സ്ഥലത്ത് കുടിവെള്ള പദ്ധതി കൊണ്ടുവന്നപ്പോൾ അതിന് തടസ്സം നിന്നവരാണ് ഇന്ന് ഈ നിയമസഭയിലിരിക്കുന്നവർ എന്നുള്ള കാര്യം മറക്കരുത്. 2011 മുതൽ 2016 വരെ അദ്ദേഹത്തെ കണ്ണീര് കുടിപ്പിച്ചവർ ഇന്ന് കുട്ടനാടിനെക്കുറിച്ച് കണ്ണീര് പൊഴിക്കുന്നത് കാണുമ്പോൾ സങ്കടം തോന്നുന്നു. ഞങ്ങളാരും വെള്ളത്തിലൊന്നുമല്ല. ഞങ്ങളുടെ എല്ലാ കാര്യങ്ങളും നല്ല രീതിയിൽ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെ ഞങ്ങൾക്ക് സഹായം ലഭിച്ച ഒരു സംവിധാനവും മന്ത്രിസഭയും ഇതിനുമുമ്പ് വന്നിട്ടില്ല. ഞാൻ പ്രസംഗിച്ച 172 പ്രദേശങ്ങളിലും ശ്രീ. പിണറായി വിജയന് പകരംവയ്ക്കാൻ വേറൊരു മുഖ്യമന്ത്രി കേരളത്തിലുണ്ടായിട്ടില്ലെന്ന് ഒരുപോലെ അവിടുത്തെ ജനങ്ങൾ പറയുകയുണ്ടായി. കുട്ടനാട്ടുകാരുടെ പ്രയാസങ്ങൾ മനസ്സിലാക്കി നല്ല രീതിയിൽ പ്രവർത്തിച്ച ഒരു മുഖ്യമന്ത്രിയാണ്. ഒരു മന്ത്രിയും കുട്ടനാട്ടിൽ വന്നിട്ടില്ല. ആദ്യമായി വന്ന മന്ത്രിയാണ് ശ്രീ. റോഷി അഗസ്റ്റിൻ. അദ്ദേഹത്തിന് ഒരു പുരസ്കാരം കൊടുക്കാൻ ഞങ്ങൾ തയ്യാറായിട്ടിരിക്കുന്നു എന്ന് ഞാൻ കഴിഞ്ഞ ഒരു പ്രസംഗത്തിൽ പറഞ്ഞു. കൃഷി വകുപ്പുമന്ത്രിയും ആദരണീയനായ എന്റെ സഹോദരൻ ശ്രീ. സജി ചെറിയാൻ അപ്പർ കുട്ടനാട്ടിൽ വന്നു. ആരാണ് വരാത്തത്. എല്ലാ മന്ത്രിമാരും അവിടെ സന്ദർശിച്ചിട്ടുണ്ട്.

മി. സ്പീക്കർ: യെസ്..... യെസ്..... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാടിനുവേണ്ടി നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ കൂടിപറയാനുണ്ട്.

മി. സ്പീക്കർ: ദയവായി അവസാനിപ്പിക്കൂ.....

ശ്രീ. തോമസ് കെ. തോമസ്: സർ, തോട്ടപ്പള്ളി സ്പിൽവേ തുറന്ന് മണ്ണ് മാറ്റിയപ്പോൾ പറഞ്ഞത്, മണ്ണ് മാറ്റിക്കോ, പക്ഷേ പൊഴി തുറക്കരുതെന്നാണ്. പൊഴിയും മണ്ണും തമ്മിലുള്ള വ്യത്യാസം അറിയാത്ത കോൺഗ്രസ്സുകാർ പറഞ്ഞത്; പൊഴി തുറന്നോ, പക്ഷേ മണ്ണ് മാറ്റരുതെന്നാണ്. മണ്ണ് എങ്ങോട്ടാണ് കൊണ്ടു പോകുന്നത്. ഞങ്ങളുടെ നെഞ്ചത്തോട്ട് വരുന്ന വെള്ളത്തെ തടഞ്ഞ് ഒഴുക്കി വിടേണ്ട ഒരു സംവിധാനമാണ്.

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ.....

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അടിയന്തര പ്രമേയാവതരണ ഘട്ടത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഞാൻ സൂക്ഷ്മമായി കേൾക്കുകയായിരുന്നു. ശ്രീ. തോമസ് കെ. തോമസ് പറഞ്ഞത് അദ്ദേഹത്തിന്റെ മനസിന്റെ വിഷമമാണ്. അതുൾക്കൊള്ളാനും ഒരു എം.എൽ.എ.-യുടെ താൽപ്പര്യത്തിനനുസരിച്ച് ആ പ്രദേശത്തെത്തി വിഷയങ്ങൾ പഠിക്കാനും ഈ ഗവൺമെന്റ് തയ്യാറായി എന്നുള്ളത് ആദ്യമായി നിങ്ങൾ ഓരോരുത്തരും മനസ്സിലാക്കണം. രണ്ടാമത്തെ വിഷയം, ഏതെങ്കിലും ഘട്ടത്തിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷം നടത്തിയ നടപടികളുടെ ഭാഗമായി ഈ ഭാഗങ്ങളിൽ കൂടുതലായി മട വീണിരുന്നെങ്കിൽ അവിടെനിന്ന് ഇവരാരും വീണ്ടും ജയിച്ച് ഇങ്ങോട്ട് വരില്ലായിരുന്നു എന്നുള്ളതും മനസ്സിലാക്കണം. ജനങ്ങളെ സംബന്ധിച്ച് അവരുടെ വിഷയങ്ങൾക്ക് പരിഹാരമുണ്ടായിവരുന്നു എന്നുള്ളത് നല്ല സെൻസോടെ കാണുവാനും മനസ്സിലാക്കാനും സാധിക്കണമെന്നുള്ളതാണ് ആമുഖമായി പറയാനുള്ളത്. അച്ചൻകോവിലാറിനെയും പമ്പയാറിനെയും കീറി തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്ക് തിരിച്ച് വിടുമ്പോൾ എന്തോ അപകടമുണ്ടാകുമെന്നാണ് പറഞ്ഞത്. ഞാൻ പറഞ്ഞ ഭാഗം ഒരുപക്ഷേ മെമ്പർ ശ്രദ്ധിച്ചുകാണില്ല. ചെന്നൈ ഐ.ഐ.ടി. പഠനവിധേയമാക്കേണ്ട വിഷയമാണ് ഞാൻ പറഞ്ഞത്. ആ പഠനം നടത്തി റിപ്പോർട്ട് കിട്ടുമ്പോൾ അതിന്റെ പശ്ചാത്തലത്തിൽ സ്വാഭാവികമായ നിരീക്ഷണത്തിന്റെയുംകൂടി അടിസ്ഥാനത്തിലാകും തീരുമാനം കൈക്കൊള്ളുന്നത്. അത് നമ്മുടെ സഭയിലും ആവശ്യമെങ്കിൽ അവിടത്തെ സമൂഹവുമായും ചർച്ച ചെയ്യാം. അത്തരം കാര്യങ്ങളിൽ ഒരു ബുദ്ധിമുട്ടും നമുക്കില്ല. കുട്ടനാടിന്റെ ചരിത്രത്തിലേയ്ക്ക് പോകുമ്പോൾ കാണാൻ സാധിക്കുന്നതെന്താണ്? നമ്മുടെ തനത് സംസ്കാരത്തിന്റെ ഭാഗമായ, നെല്ലറയായ കുട്ടനാടിനെ സംരക്ഷിക്കാൻ എന്താണ് ചെയ്യേണ്ടത്? 2018-ലെ പ്രളയം കുട്ടനാട്ടിൽ മാത്രം ബാധിച്ച പ്രശ്നമല്ല. കേരളത്തെ മുഴുവൻ ബാധിച്ചു. എല്ലാവരും ദുഃഖിതരായിരുന്നു. ഞങ്ങളുടെ മലയോര മേഖലയായ ഇടുക്കിയിൽ മണ്ണിടിഞ്ഞും ഉരുൾപൊട്ടിയും എത്രയോ ആളുകൾ മരണമടഞ്ഞു. ആ നിലയിലെല്ലാമുണ്ടായ വിഷയങ്ങളെ ഒരു പ്രശ്നമായി കണ്ട് ആ പ്രദേശത്തിന്റെ ഗൗരവവും അവിടത്തെ ജനവാസവും ആവാസ വ്യവസ്ഥയും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനവും ചെറുതായി കാണുവാനും കുറച്ച് കാട്ടുന്നതിനുള്ള നടപടികളിലേയ്ക്ക് പോകാനും പ്രേരണയൊരുക്കുന്നത് ശരിയായ നടപടിക്രമത്തിന്റെ ഭാഗമല്ല എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ നാല് പ്രധാന നദികളായ പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ എന്നിവയും വേമ്പനാട്ടുകായലും ചേർന്ന് രൂപം നൽകിയ ഡെൽറ്റാ പ്രദേശമാണ് കുട്ടനാട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി

വ്യാപിച്ചുകിടക്കുന്ന ഈ ഭൂവിഭാഗത്തിന്റെ മൊത്തം വിസ്തൃതി 870 ച.കി.മീ. ആണ്. കുട്ടനാടിന്റെ അതിരുകൾ കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലുമായി ആകെ 79 റവന്യൂ വില്ലേജുകൾ വിശാല കുട്ടനാട് പ്രദേശത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു. എല്ലാ കാലഘട്ടത്തിലും അവിടത്തെ വിഷയങ്ങൾ നല്ല നിലയിൽ സഗൗരവം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പലായനം ചെയ്യുതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, എന്നാണ് കുട്ടനാട്ടിൽനിന്ന് ആളുകൾ പലായനം ചെയ്തത്. പരമ്പരാഗതമായി ഏറെ വർഷക്കാലമായി കുട്ടനാട്ടിൽനിന്ന് ആളുകൾ മാറിക്കൊണ്ടിരിക്കുന്നു. പഠിക്കാൻ പോകുന്ന വിദ്യാർത്ഥികളും ജോലി തേടിപ്പോകുന്നവരും കൃഷിയിറക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ആളുകൾ ചങ്ങനാശ്ശേരിയിലേയ്ക്കും ആലപ്പുഴയിലേയ്ക്കും മാറി താമസിക്കുന്നു. ഭൂമിയെല്ലാം പാട്ടത്തിന് കൊടുക്കുന്നു. നല്ല കുടിവെള്ളം ലഭ്യമല്ല. അതിന് പരിഹാരമുണ്ടാക്കുക എന്നുള്ളതാണ് ഒരു ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെയാണ് കുട്ടനാട്ടിൽ ഏറെ വെള്ളമുണ്ടെങ്കിലും ഒരുതുള്ളി നല്ല വെള്ളം കുടിക്കാനില്ല ജലരേഖയാണെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. പഞ്ചായത്തുകൾക്കുവേണ്ടി 290 കോടി രൂപയുടെ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കി കുട്ടനാട്ടിൽ ശുദ്ധജല വിതരണം നടത്താൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ആവർത്തിച്ച് ഈ സഭയിൽ പറയുന്നു. ആ നിലയിലാണ് നമ്മൾ ഓരോ കാര്യങ്ങളെയും കാണുന്നത്. തുരുത്തുകൾ രൂപംകൊണ്ടതിനുശേഷം അവ തമ്മിൽ ബന്ധിപ്പിച്ചിട്ടുള്ള ചിറകളും അവയ്ക്കിടയിലുണ്ടായ കുളങ്ങളും പാടശേഖരങ്ങളായി മാറി. ഈ പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്യാനുള്ള സംവിധാനങ്ങളുമായി കുട്ടനാടൻ ജനത മുന്നോട്ടുപോയി. ആദ്യം വലിയ ചക്രം ചവിട്ടിയാണ് വെള്ളം വറ്റിച്ച് എക്കൽ നിറഞ്ഞ ഭൂമി കനകം വിളയിക്കുന്ന അവസ്ഥയിലേയ്ക്ക് കൊണ്ടുവന്നത്. തലമുറകൾ കഠിന പ്രയത്നം ചെയ്ത് പൊന്നു വിളയിക്കുന്ന ഭൂമിയിൽ അനേകരുടെ വിയർപ്പും നീരും നൽകി കടഞ്ഞെടുത്തതാണ് ഈ കുട്ടനാട്. അവർക്കെന്തെങ്കിലും നഷ്ടമോ വിഷമമോ ഉണ്ടായാൽ ആ വിഷയം പരിഹരിക്കാൻ ശ്രമിക്കുമെന്നുള്ളതാണ് ആദ്യം സൂചിപ്പിച്ചത്. സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി സമയബന്ധിതമായി ആ വിഷയങ്ങൾ പഠിക്കാൻ ഞങ്ങൾ ഓരോരുത്തരും മന്ത്രിമാരെന്ന നിലയിൽ അവിടെയെത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനാവശ്യമായ നിർദ്ദേശം നൽകി. ഇവിടെ കുട്ടനാട് വികസനത്തിന്റെ ഒന്നാം പാദത്തിൽ ഒന്നും സംഭവിച്ചില്ല എന്നാണ് പറഞ്ഞത്. ഇത് കുട്ടനാട്ടുകാർ പറയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കുട്ടനാട് വികസനത്തിന്റെ ഒന്നാം പാദത്തിൽ സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ടുപ്രകാരം 16,300 ഹെക്ടർ ഭൂമി ബണ്ടുകൾ ബലപ്പെടുത്തി കൃഷിയോഗ്യമാക്കി. കുട്ടനാട് താലൂക്കിലും വിയ്യപുരം പഞ്ചായത്തി

ലുമുൾപ്പെടുന്ന ഏകദേശം 77 പാടശേഖരം ബണ്ട് ബലപ്പെടുത്തി കൃഷിയോഗ്യമാക്കി. ഇതിനൊക്കെ ആരാണ് എതിര് പറയുന്നത്. തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടം പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. അവിടെയൊന്നും ഒരു പ്രശ്നവും വീഴ്ചയുമില്ല. രണ്ടാം പാദത്തിലേയ്ക്ക് പോകുമ്പോൾ ഒരു ആശങ്കയും ആർക്കും ആവശ്യമില്ല. പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാൻ ഓരോ പാക്കേജും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ പാക്കേജുകൾക്ക് നാഥനുണ്ട്, അതിന് നേതൃത്വം കൊടുക്കാൻ ഒരു മുഖ്യമന്ത്രിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ പാക്കേജ് രണ്ടാം പാദം കുട്ടനാട്ടിൽ അക്ഷരാർത്ഥത്തിൽ പൂർണ്ണമായും നടപ്പിലാക്കി. കുട്ടനാടിനെ പൂർണ്ണ നിലയിൽ പഴയ സ്ഥിതിയിലേയ്ക്ക് തിരിച്ചു കൊണ്ടുവരും. എന്താണ് അവിടെ നടപ്പിലാക്കുന്ന പദ്ധതികൾ. സ്പിൽവേയ്ക്കും അഴിമുഖത്തിനുമിടയിലുള്ള ഏകദേശം 2.49 ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് കെ.എം.എം.എൽ.-നെ ചുമതലപ്പെടുത്തി നീക്കം ചെയ്തുവരുന്നു. 83 ശതമാനം മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. സ്പിൽവേയ്ക്ക് മുകളിലായി വീയപുരം മുതൽ തോട്ടപ്പള്ളി വരെ ഏകദേശം 11 കിലോമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനായി ടെണ്ടർ പൂർത്തീകരിച്ച് പണി നടന്നുവരുന്നു. വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള ചാനലിന്റെ തീരസംരക്ഷണത്തിന് 70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ പ്രവൃത്തികൾ നടന്നുവരുന്നു. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിലുൾപ്പെടുത്തി 66 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 103 കിലോമീറ്റർ നീളത്തിൽ പുറംബണ്ട് സംരക്ഷിക്കുന്നതിലൂടെ 2150 ഹെക്ടർ കൃഷിസ്ഥലം സംരക്ഷിക്കാൻ സാധിക്കും. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി 29.3 കിലോമീറ്റർ നീളത്തിൽ ബണ്ട് നവീകരിക്കുന്നതിലൂടെ കൂടുതൽ കൃഷിസ്ഥലം സംരക്ഷിക്കാൻ സാധിക്കും. 19.5 കിലോമീറ്റർ തോടുകൾ എക്കലും ചെളിയും നീക്കംചെയ്ത് നവീകരിക്കുന്നതിലൂടെ ജലനിർഗ്ഗമനം സുഗമമാകും. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ഫ്ലഡ് മാനേജ്മെന്റ് ആൻഡ് ബോർഡർ ഏരിയാസ് പ്രോഗ്രാം 2084 കോടി രൂപയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. 2018-ലെ പ്രളയത്തിൽ കുട്ടനാട്ടിലുണ്ടായ മടവീഴ്ചകളും അനുബന്ധ നാശനഷ്ടങ്ങളും പരിഹരിക്കാൻ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്.ഡി.ആർ.എഫ്.)-ലുമുൾപ്പെടുത്തി 25 കോടി രൂപ ചെലവഴിക്കപ്പെട്ടു. കൈനകരി പഞ്ചായത്തിലെ കനകശ്ശേരി പാടശേഖരത്തിന്റെ പുനർനിർമ്മാണം നടത്തുന്നതിനുള്ള രൂപരേഖ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് എസ്റ്റിമേറ്റ് തയ്യാറാക്കി അടുത്തയാഴ്ച കുട്ടനാട് ചീഫ് എഞ്ചിനീയർക്ക് നൽകുന്ന സ്ഥിതിവരെ എത്തിനിൽക്കുന്ന ഘട്ടത്തിലാണ് ഈ അടിയന്തരപ്രമേയം നമ്മുടെ സഭയിൽ വന്നത്. അടിയന്തരപ്രാധാന്യമുള്ള വിഷയം സഭ ചർച്ച ചെയ്യേണ്ടതാണെന്ന കാര്യത്തിലൊന്നും തർക്കമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ അങ്ങ് ഇത്രയും കാര്യങ്ങൾ പറഞ്ഞതെല്ലാം ഞങ്ങളുടെയൊക്കെ പ്രദേശവുമായി ബന്ധപ്പെട്ടതാണ്. കുട്ടനാട്ടിലെ വെള്ളം ഒഴുകിപ്പോകണമെങ്കിൽ ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കണം. ഇപ്പോൾ അവിടെ നടക്കുന്ന കരിമണൽ ഖനനമല്ലാതെ ലീഡിംഗ് ചാനലിലുള്ള മണ്ണും ചെളിയും മാറ്റാനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. അടിയന്തരമായി ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കണം. കുട്ടനാട്ടിലെ വെള്ളമൊഴുകി തോട്ടപ്പള്ളി സ്പിൽവേയിലൂടെ അറേബ്യൻ കടലിലേയ്ക്ക് പോകുന്നതാണ് രീതി. അതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; ഏകദേശം ഒന്നര വർഷത്തിനുമുമ്പ് പൂർത്തിയാകേണ്ടതായിരുന്നു. ഒച്ചിന്റെ വേഗതയിലാണ് ഇത് മുന്നോട്ടുപോകുന്നത്. അത് പരിഹരിക്കാതെ കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് ശമനമുണ്ടാകില്ല. അതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഞാൻ ഇന്നലെ ധനാഭ്യർത്ഥന ചർച്ചയുടെ മറുപടിയിൽ അത് പറഞ്ഞതാണ്. ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുക യെന്നതാണ് തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഏറ്റവും പ്രധാനപ്പെട്ടത്. അതിന് ശാസ്ത്രീയമായ പഠനം ആവശ്യമാണ്. ആ പഠനത്തിന്റെ പശ്ചാത്തലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ വേഗത്തിലാക്കാ നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എല്ലാ മേഖലയിലും, പ്രത്യേകിച്ച് എക്കലും മണ്ണുമെല്ലാം അടിഞ്ഞ് കിടക്കുന്നതുകൊണ്ട് 1600 cubic meters per second ഒഴുകിപ്പോയിരുന്ന സ്ഥലത്ത് ഇപ്പോൾ 600 cubic meters per second മാത്രമാണ് ഒഴുകിപ്പോകുന്നത്. അത് വെള്ളപ്പൊക്കത്തിന് കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്, അതിന് പ്രയോരിറ്റി കൊടുക്കുന്നതാണ്. അങ്ങ് ഓർമ്മിപ്പിച്ചത് പോസിറ്റീവായ ഒരു കാര്യമാണ്. ഇന്നലെ പറഞ്ഞ മറുപടിതന്നെയാണ് എനിക്ക് പറയാനുള്ളത്. അത് ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

അതോടൊപ്പമുള്ള മറ്റൊരു കാര്യം, നമ്മുടെ അശാസ്ത്രീയമായ പല നിർമ്മാണ പ്രവൃത്തികളും ഫ്ലഡ് മാനേജ്മെന്റിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. അതെല്ലാം പരിശോധിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ നിലയിൽ അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങൾ നമ്മുടെ സഭ ചർച്ച ചെയ്യുമ്പോൾ പൊതു സ്വഭാവമുള്ള വിഷയങ്ങളിൽ ഒരു പൊതുധാരണയുണ്ടാകുന്നത് എപ്പോഴും നല്ലതാണ്. ഇവിടെ അന്യോന്യം തർക്കമുള്ള വിഷയങ്ങളൊന്നും പറഞ്ഞിട്ടില്ല. മറ്റൊരു കാര്യം, ഇവിടെ പറഞ്ഞു, കുട്ടനാട്ടിൽനിന്നും ജനങ്ങൾ പലായനം ചെയ്യുന്നുണ്ടെന്ന്, അങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കാമോ? കഴിഞ്ഞ അഞ്ച് വർഷക്കാലമേ ആയിട്ടുള്ളോ കുട്ടനാട്ടിൽനിന്നും ആളുകൾ മാറിത്തുടങ്ങിയിട്ട്? അങ്ങനെയാണെങ്കിൽ

തീർച്ചയായിട്ടും അത് സമ്മതിക്കാം. യാഥാർത്ഥ്യബോധമാണ് നമുക്കാവശ്യം. 2018-ലെ പ്രളയത്തിൽനിന്നും ഇത്രയും പെട്ടെന്ന് കേരളത്തെ തിരികെ കൊണ്ടു വരാൻ ഏത് കാലഘട്ടത്തിൽ ഏത് ഗവൺമെന്റിനാണ് സാധിച്ചിട്ടുള്ളത്; തകർന്നടിഞ്ഞ റോഡുകൾ നന്നാക്കിയില്ലേ; പ്രധാനപ്പെട്ട പദ്ധതികളെല്ലാം അംഗീകരിക്കപ്പെട്ടില്ലേ; റോഡുകൾ പൂർത്തിയായി എന്നുമാത്രമല്ല ബി.എം.&ബി.സി. നിലവാരമുള്ള റോഡു കളായി മാറിയില്ലേ? ഈ നിലയിലെല്ലാം പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റി നോടാണ് നിങ്ങൾ ഇങ്ങനെ സൂചിപ്പിക്കുന്നത്. അതോടൊപ്പം എ.സി. കനാലുൾപ്പെടെ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. തീർച്ചയായിട്ടും ഈ കാര്യങ്ങളിലെല്ലാം വളരെ കൃത്യതയോടുകൂടി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ഇന്നലെത്തന്നെ കൃഷിവകുപ്പുമന്ത്രി കുട്ടനാട്ടിലെ 'R Block'-ലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ ജനപ്രതിനിധികളുടെയും എം.എൽ.എ.മാരുടെയും യോഗം ചേർന്നിരുന്നു. അവിടെ നല്ലരീതിയിൽ ഇടപെടൽ നടക്കുന്നുണ്ട്. ഞാൻ ആലപ്പുഴ കളക്ടേറ്റിൽ പോയി അവിടത്തെ എം.എൽ.എ.മാരെ വിളിച്ചുകൂട്ടി യോഗം നടത്തിയിരുന്നു. അങ്ങനെയാണ് നമ്മൾ ഓരോ കാര്യങ്ങളും നടത്തുന്നത്. അല്ലാതെ കുട്ടനാട്ടിലെ ജനങ്ങളെ പലായനം ചെയ്യിക്കുന്നതിനുള്ള സൗകര്യമൊരു ക്കാനല്ല ഞങ്ങൾ ശ്രമിക്കുന്നത്. അവിടെനിന്ന് ആരെങ്കിലും പോയിട്ടുണ്ടെങ്കിൽ ഇരട്ടി വേഗത്തിൽ തിരിച്ചുവന്ന് സമൃദ്ധമായ കുട്ടനാട്ടിനെ തിരിച്ചുപിടിക്കാൻ ആവശ്യമായ നടപടികൾക്ക് നേതൃത്വം കൊടുക്കും. അതുകൊണ്ട് നടപടി സ്വീകരിച്ച് പരിഹരിച്ചുവരുന്ന വിഷയമാണ് അടിയന്തരപ്രമേയമായി കൊണ്ടുവന്നതെന്നതിനാൽ ഇത് സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ യടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണ ഇവിടെ ധനാഭ്യർത്ഥന ചർച്ചയിൽ രണ്ടുമൂന്ന് മന്ത്രിമാരുടെ അഞ്ചാറ് വിഷയങ്ങൾ വരികയാണ്. അതിനിടയിൽ കിട്ടുന്ന ഏഴോ എട്ടോ മിനിട്ട് കൊണ്ട് സംസാരിച്ച് തീർക്കേണ്ട ചെറിയ പ്രശ്നമല്ല; ഈ സഭ നിർത്തിവച്ച് രണ്ട് മണിക്കൂർ ചർച്ച ചെയ്യേണ്ട വിഷയമായതുകൊണ്ടാണ് കുട്ടനാട് പ്രശ്നം അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. മാത്രമല്ല, എന്തായിരിക്കണം അടിയന്തരപ്രമേയത്തിന്റെ വിഷയം എന്നുള്ള സാമ്പ്രദായിക രീതികളിൽനിന്നും ഞങ്ങൾ മാറി ചിന്തിക്കുകയും ജനകീയ പ്രശ്നങ്ങൾ കൊണ്ടുവന്ന് ആ വിഷയങ്ങൾക്ക് സർക്കാരിന്റെകൂടി സഹകരണത്തോടു കൂടി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു പുതിയ രീതിയാണ് അവലംബിക്കുന്നത്. അതിന് ബഹുമാനപ്പെട്ട അങ്ങയുടെ പിന്തുണകൂടി ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: പക്ഷെ ചട്ടപ്രകാരം അടിയന്തരസ്വഭാവമുള്ള വിഷയങ്ങളാണ് അടിയന്തരപ്രമേയമായി കൊണ്ടുവരേണ്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ കാര്യത്തിനോട് ഞാൻ യോജിക്കുന്നു. പക്ഷെ ഞങ്ങളുടെ പുതിയൊരു സമീപനത്തെക്കൂടി അങ്ങ് സ്വാഗതം ചെയ്യണം. ഈ സഭയിൽ നടക്കുന്ന ചർച്ചകൾ ജനോപകാരപ്രദമായി മാറണം. .... (ബഹളം).... ഇത് പറഞ്ഞതിന് എന്തിനാണ് വിരോധം? ജനോപകാരപ്രദമായി മാറണം, result oriented ആകണം. അത് രാഷ്ട്രീയ പാർട്ടികളോടും രാഷ്ട്രീയ പ്രവർത്തകരോടും ഗവൺമെന്റിനോടുമൊക്കെയുള്ള ആളുകളുടെ ബഹുമാനം വർദ്ധിപ്പിക്കും. ഇവിടെ കുട്ടനാട് കാണാത്തവരാണ് ഇത് പറഞ്ഞതെന്ന് പറഞ്ഞു. കുട്ടനാട് എന്നുപറഞ്ഞാൽ ഇപ്പോൾ സംസാരിച്ച എം.എൽ.എ.-യുടെ മണ്ഡലത്തിന്റെ അതിർത്തി മാത്രമല്ല. അത് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ മൂന്ന് ജില്ലകളിലായി കിടക്കുന്ന കേരളത്തിന്റെ ഹൃദയഭൂമിയായ ഒരു പ്രദേശമാണ്. റംസാർ സൈറ്റിൽ അടയാളപ്പെടുത്തിയിട്ടുള്ള സ്ഥലമാണ്. ഏറ്റവും വലിയ കാർഷിക ജൈവ സമ്പത്തുള്ള പ്രദേശമായി ഒരു നാടിന്റെ ഹൃദയമായി കണക്കാക്കിയിട്ടുള്ള പ്രദേശമാണ്. ലോകത്തിന്റെ മുഴുവൻ ഫോക്കസുള്ള ഒരു പ്രത്യേകമായ പ്രദേശമാണ്. അടിയന്തര പ്രമേയാവതരണ നോട്ടീസിൽ അവസാനം പേര് വായിച്ച ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ ഉൾപ്പെടെയുള്ളവർ 2018-ലെ പ്രളയത്തിൽ കുട്ടനാട്ടിൽ ശുചീകരണ പ്രവർത്തനങ്ങൾക്കും അവിടെയുള്ള ആളുകളെ സഹായിക്കാനുമായി സാധനങ്ങളുമായി പോയവരാണ്. അതിനെ പരിഹസിക്കരുത്. മൂന്ന് തരത്തിലുള്ള വെള്ളമാണ് അവിടെയുള്ളത്. ഒന്ന്, മഴപെയ്യുമ്പോഴുണ്ടാകുന്ന പെയ്ത്ത് വെള്ളം പോകുന്നില്ല. രണ്ടാമത്തേത്, നാല് നദികളിൽനിന്നും വേമ്പനാട് കായലിൽനിന്നും വരുന്ന വെള്ളം പോകാൻ വഴികളില്ല. മൂന്നാമത്തേത്, കഴിഞ്ഞ അഞ്ച് വർഷമായി നടക്കുന്ന വാഗ്ദാന പെരുമഴകൊണ്ടുണ്ടായിരിക്കുന്ന വെള്ളം, അതും ഇപ്പോൾ പോകുന്നില്ല, കെട്ടിക്കിടക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഇവിടെ ഈ വിഷയം കൊണ്ടുവന്നത്. അതിന് പരിഹാരമുണ്ടാക്കാനാണ് കൊണ്ടുവന്നത്. ഉദ്യോഗസ്ഥന്മാരുടെയും മന്ത്രിമാരുടെയും നിയമസഭയുടെയും പൊതുസമൂഹത്തിന്റെയും ഫോക്കസിൽ കുട്ടനാടിനെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നം കൊണ്ടുവരാൻവേണ്ടിത്തന്നെയാണ് ഞങ്ങൾ ഈ വിഷയം ഇവിടെ കൊണ്ടുവന്നത്. അവിടത്തെ ആവാസവ്യവസ്ഥ മുഴുവൻ തകർന്നു, കൃഷി മുഴുവൻ തകർന്നു. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് കണക്കെടുക്കാൻ പറയണം, അദ്ദേഹത്തിന്റെ കുറ്റമല്ലല്ലോ. ഇപ്പോൾ വന്ന രണ്ട് മന്ത്രിമാരെക്കുറിച്ചാണോ ഞങ്ങൾ ആക്ഷേപം ഉന്നയിച്ചത്? 2018-ലെ പ്രളയം കൂടിയായപ്പോൾ അവിടെ നിലനിന്നിരുന്ന പ്രശ്നങ്ങൾ വളരെ രൂക്ഷമായി. നിങ്ങൾ അവിടെ പോയിട്ടുണ്ട്. പക്ഷെ നിങ്ങൾ കുട്ടനാട്ടിൽ പോകുന്നതിനുമുൻപ് പോയ ആളാണ് ഞാൻ. അവിടെ ചെന്നപ്പോൾ സ്ത്രീകളും കുട്ടികളും നിൽക്കുന്ന ഒരു

സ്ഥലത്തേയ്ക്ക് പോകേണ്ടി വന്നു. അവരെ എന്റെ അടുത്തേയ്ക്ക് വിളിക്കാതിരിക്കാൻ ഞാൻ അങ്ങോട്ട് പോകാൻ ശ്രമിച്ചപ്പോൾ മുട്ടിനുമീതെ ചെളിയിലേയ്ക്ക് ഞാൻ താഴ്ന്നുപോയി. ഒരാൾ മുഴുവൻ താഴ്ന്നുപോകുന്ന ചെളിയാണ് മട വീണ് അവിടെയുള്ളത്. ....(ബഹളം).... അവിടത്തെ കുട്ടികൾക്കും വൃദ്ധരായ ആളുകൾക്കും സഞ്ചരിക്കാൻ പോലും കഴിയാത്ത സ്ഥിതിയാണുള്ളത്. അവരുടെ ടോയ്‌ലെറ്റുകൾ പോലും വെള്ളക്കെട്ടായി നിൽക്കുകയാണ്. ....(ബഹളം).... ദയവുചെയ്ത് തടസ്സപ്പെടുത്തരുത്, സ്ഥിരമായി തടസ്സപ്പെടുത്തുന്ന ആളുകളാണ്. ....(ബഹളം).... അവിടെ വെള്ളം കെട്ടിനിൽക്കുകയാണ്. ....(ബഹളം).... ഇത് എന്താണ്? ഞാൻ വഴങ്ങുന്നില്ലെന്ന് പറഞ്ഞില്ലേ? സംസാരിക്കുമ്പോൾ ഇങ്ങനെ ശല്യപ്പെടുത്താൻ പാടുണ്ടോ?

മി. സ്പീക്കർ: വഴങ്ങുന്നത് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സഭയുടെ മുന്നിൽ ഗൗരവമായ ഒരു കാര്യം അവതരിപ്പിക്കുകയല്ലേ, എന്ത് പറഞ്ഞാലും ഇങ്ങനെ നിരന്തരമായി ശല്യപ്പെടുത്താമോ. കുട്ടനാട്ടിൽ അവർ നിൽക്കുന്ന സ്ഥിതി കണ്ടാൽ നമ്മൾ സഹിക്കില്ല. എങ്ങനെയാണ് മനുഷ്യർ അവിടെ ജീവിക്കുന്നതെന്ന് നമുക്ക് മനസ്സിലാകില്ല. ....(ബഹളം).... വളരെ പ്രയാസകരമായ ഒരു സാഹചര്യമാണ് അവിടെയുള്ളത്. വെള്ളത്തിലാണ് മനുഷ്യൻ ജീവിക്കുന്നത്, ടോയ്‌ലെറ്റിൽ പോകാൻ കഴിയുന്നില്ല, സ്കൂളുകളിലേയ്ക്ക് കുട്ടികൾക്ക് പോകാൻ കഴിയുന്നില്ല, പുറത്തിറങ്ങിയാൽ ചെളിയിൽ താഴ്ന്നുപോകും, പകൽപോലും യാത്ര ചെയ്യാൻ പറ്റുന്നില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ 'പഴയകാലത്ത് വടക്കേ ഇന്ത്യയിൽനിന്നും ആളുകൾ പ്രളയകാലത്ത് ഇങ്ങോട്ട് വരുന്നതുപോലെ പിച്ച തെണ്ടി ഇവിടെനിന്നും ആരും പോയില്ലല്ലോ' എന്ന് ചോദിച്ചു, കുട്ടനാട്ടിൽനിന്നും ഉള്ളതെല്ലാം പെറുക്കിക്കെട്ടി ആ പാവങ്ങൾ പലായനം ചെയ്യുകയാണ്. അതിന് നമുക്ക് പരിഹാരമുണ്ടാക്കണം. ....(ബഹളം).... ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട ഗൗരവതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ അവിടെയുണ്ട്. ആ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകണം. മണ്ണ് വന്ന് അടിഞ്ഞ് നദികളുടെയും ഡാമുകളുടെയുമെല്ലാം ആഴം മുഴുവനായും കുറഞ്ഞിരിക്കുകയാണ്. വെള്ളത്താൽ ചുറ്റപ്പെട്ട ഒരു പ്രദേശത്ത്, ജൈവ വ്യവസ്ഥയുടെ പ്രധാന ഭാഗമായി വെള്ളം നിൽക്കുന്ന ഒരു സ്ഥലത്ത് വെള്ളത്തിന്റെ ആഗമന-നിർഗ്ഗമന മാർഗ്ഗങ്ങൾ ക്ലിയർ ചെയ്യുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. അഞ്ഞൂറോളം സ്ക്വയർ കിലോമീറ്ററുണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട വേമ്പനാട് കായൽ നിരവധിയായ കയ്യേറ്റങ്ങൾ കാരണം അതിന്റെ നാലിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. 2006-07-ൽ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് കോടിക്കണക്കിന് രൂപയുടെ ഒന്നാം കുട്ടനാട് പാക്കേജ് അവതരിപ്പിക്കുന്നത്. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം ചുരുക്കാൻ പോകുകയാണ്. നിങ്ങൾ അത് ദീർഘിപ്പിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നാൽ പല കാരണങ്ങളാൽ ആ പാക്കേജ് കൃത്യമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല, നമ്മുടെ എല്ലാ പ്രോജക്ടുകളും അങ്ങനെയാണ്. മാറിമാറിവരുന്ന ഗവൺമെന്റുകൾ പരിശ്രമിച്ചാലും ബുദ്ധിമുട്ടിയാലും ഇത്തരം പാക്കേജുകൾ തീരാറില്ല. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ നിങ്ങളായിട്ട് തടസ്സപ്പെടുത്തരുത്, നിങ്ങൾ ഇരിക്കൂ. ....(ബഹളം).... അവർക്ക് മൈക്ക് കൊടുത്തിട്ടില്ലല്ലോ. അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷനേതാവ് എന്നുള്ള നിലയിൽ ഞാൻ ഈ സഭയിൽ സംസാരിക്കുമ്പോൾ എല്ലാ മര്യാദകളുടെയും സീമ ലംഘിച്ചു കൊണ്ടാണ് അംഗങ്ങൾ പെരുമാറുന്നത്. ആരെ കുത്തിനോവിപ്പിക്കാനാണ് ഈ വിഷയം ഞാനിവിടെ പറഞ്ഞത്? ഞാൻ അവിടെയുള്ള ആളുകളുടെ സങ്കടം നേരിൽ കണ്ടും വായിച്ചറിഞ്ഞുമാണ് വന്ന് പറയുന്നത്. ഈ നിയമസഭയിലല്ലാതെ ഞാൻ എവിടെപ്പോയി പറയും? അത് പറയുമ്പോൾ എന്താണ് പറയുന്നതെന്ന് കേട്ടിരിക്കാനുള്ള മാനസികാവസ്ഥയെങ്കിലും വേണ്ടേ? പത്രപ്രവർത്തകനും കുട്ടനാട്ടുകാരനുമായ ചെറുകര സണ്ണി ലൂക്കോസിന്റെ 'അതിജീവനത്തിനായി കേഴുന്ന കുട്ടനാട് ' എന്ന പുസ്തകം വായിക്കണം. സങ്കടങ്ങളും അവിടെ നടക്കുന്ന പ്രശ്നങ്ങളും പദ്ധതികൾ പാളിപോകുന്നതും സംബന്ധിച്ച് ശാസ്ത്രീയമായി ഗവേഷണം നടത്തിയ അറിവും ആ നാട്ടുകാരന്റെ പ്രാചീനമായ അറിവുംകൂടി സംയോജിപ്പിച്ചുകൊണ്ടുള്ള പുസ്തകമാണത്. മന്ത്രിമാരും ഉദ്യോഗസ്ഥൻമാരും എം.എൽ.എ.-മാരും എല്ലാവരും വായിക്കേണ്ട പുസ്തകമാണത്. അടുത്തിടെ വിവിധ മാധ്യമങ്ങളിൽ വന്ന പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം, അതിലേയ്ക്ക് ഊഴ്ന്നിറങ്ങുന്ന പ്രശ്നമാണ്, ഒരു ജനത മുഴുവൻ അപകടകരമായ ജീവിതാവസ്ഥയിൽ നിൽക്കുന്ന ഒരു പ്രത്യേകമായ സമയമാണ്. വെള്ളപ്പൊക്കം തടയാൻവേണ്ടിയിട്ടുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങളാണ് തേടേണ്ടത്. വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സമായി മടവീണുകിടക്കുകയാണ്. എന്നിട്ടും ഒരുപ്രശ്നവും ഇല്ലെന്ന് പറയുകയാണ്. മടവീഴാതിരിക്കാൻ രണ്ട് പാടശേഖരങ്ങൾ തമ്മിലുള്ള ഭിത്തികളുണ്ടാക്കാൻ സാധിച്ചിട്ടില്ല. പല മാർഗ്ഗങ്ങൾ കണ്ടെത്തിയെങ്കിലും അതൊന്നും അവിടെ പ്രായോഗികമായില്ല. പ്രഖ്യാപിക്കപ്പെട്ട അഞ്ഞൂറിലധികം കോടി രൂപയുടെ പദ്ധതിയിൽ ഒന്നുപോലും അവിടെ നടപ്പാക്കിയില്ല. രോഗാതുരമായ ഒരു സമൂഹമായി അവിടം മാറുകയാണ്. പുതിയ രോഗങ്ങളുണ്ടാകുകയാണ്. ക്യാൻസർ രോഗം വർദ്ധിക്കുന്നുവെന്നുള്ള പരാതി വരികയാണ്. അതുസംബന്ധിച്ചുള്ള

പരിശോധനകൾ നടത്തണം. മുഴുവൻ വെള്ളമാണ് എന്നാൽ കുടിക്കാൻ ഒരുതുള്ളി വെള്ളമില്ല. കുടിക്കാൻ വെള്ളമില്ലാതെ ആളുകൾ പ്രയാസപ്പെടുന്ന സാഹചര്യം, ആരോഗ്യ സ്ഥാപനങ്ങൾ കൃത്യമായി പ്രവർത്തിക്കാത്തതിന്റെ അപാകതകൾ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ. നമ്മൾ അതുവഴി പോകുകയല്ലേ, അവിടെ വലിയ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുകയാണ്. എലിവേറ്റഡ് ഹൈവേയിൽക്കൂടി പോകുമ്പോൾ കുട്ടനാടിന്റെ സങ്കടം കാണാൻ കഴിയും. അല്ലാതെ എലിവേറ്റഡ് ഹൈവേ ഇത്തരം കാര്യങ്ങൾക്കുള്ള പരിഹാരമല്ല. കുട്ടനാടിനെ കാണാൻ കഴിയണം. വെള്ളത്തിൽ കിടക്കുന്ന മനുഷ്യരുടെ ദുഃഖങ്ങൾ കാണാൻ കഴിയണം. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് സമഗ്രമായ ഒരു പദ്ധതിയുണ്ടാക്കണം. അതിന് ഞങ്ങൾ പൂർണ്ണമായും സഹകരിക്കാം. അതുസംബന്ധിച്ച് എല്ലാ വകുപ്പുകളുടെയും കോ-ഓർഡിനേഷൻ പ്രധാനപ്പെട്ടതാണ്. ഇറിഗേഷൻ വകുപ്പ് നേരത്തെ അവിടെ ചെയ്തിരിക്കുന്ന പദ്ധതികളെല്ലാം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുന്നത് നല്ലതാണ്. മുമ്പ് ചെയ്ത പദ്ധതികളുടെ റിസൾട്ട് എന്തായിരുന്നു; അവ എന്താണ് ലക്ഷ്യമാക്കിയതെന്ന് പരിശോധിക്കുന്നത് നല്ലതാണ്. എങ്കിൽ മാത്രമെ ഇനി ചെയ്യുന്ന കാര്യങ്ങൾക്ക് പൂർണ്ണത കൈവരിക്കാൻ സാധിക്കുകയുള്ളൂ. വ്യത്യസ്തമായ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചെയ്യണം. വെള്ളം ഒഴുകുന്നില്ല, പാലങ്ങൾ പുനർനിർമ്മിക്കണം, കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുകയാണ് അതായത് ഉല്പാദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്, വല്ലാതെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കാലാവസ്ഥ വ്യതിയാനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മിനിഞ്ഞാന്ന് വലിയൊരു റിപ്പോർട്ട് വന്നു, 195 രാജ്യങ്ങളുടെ ഇന്റർ ഗവൺമെന്റ് പാനൽ റിപ്പോർട്ട്. അതിൽ ഞെട്ടിക്കുന്ന കാര്യങ്ങളാണ് കേരളത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. സഭ ചർച്ച ചെയ്യേണ്ട ഒരു കാര്യമാണത്. കേരളം അതിനകത്ത് ഏറ്റവും vulnerable position-ലുള്ള ഒരു സ്ഥലമാണ്. മഴയുടെ സ്വഭാവം മാറാൻ പോകുകയാണ്. വരുന്ന മുപ്പത് വർഷം തീവ്രമായ മഴയും കാലം തെറ്റിയുള്ള അതിവർഷവും ഉണ്ടാകുമെന്നാണ് 195 രാജ്യങ്ങളുടെ പ്രതിനിധികളുൾപ്പെട്ട പാനലിന്റെ പ്രധാനപ്പെട്ട റിപ്പോർട്ടിൽ പറയുന്നത്. സമുദ്രത്തിലെ ഉപരിതല ഊഷ്മാവ് കൂടുകയാണ്. അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും ഇതിന്റെ ഫലമായി ധാരാളം ചുഴലിക്കാറ്റും പ്രശ്നവുമുണ്ടാകും. അതിന്റെ ആദ്യത്തെ ഇരയാകാൻ പോകുന്ന സ്ഥലമാണ് കുട്ടനാട്. അതിനാൽ ദീർഘകാലത്തേയ്ക്കുള്ള, ദീർഘവീക്ഷണത്തോടുകൂടിയ ഒരു പ്ലാൻ നമുക്കുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഞാൻ ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പതിനേഴ് വയസ്സുകാരിയായ Swedish Activist, Greta Thunberg-ന്റെ പ്രധാനപ്പെട്ട വാചകമുണ്ട്. മുതിർന്നവരോടാണ് ആ കുട്ടി പറയുന്നത്. '

" Adults keep saying:

"We owe it to the young people to give them hope. "

But I don't want your hope.

I don't want you to be hopeful.

I want you to panic.

I want you to feel the fear I feel everyday.

And then I want you to act.

I want you to act as you would in a crisis.

I want you to act as if our house is on fire.

Because it is."

വീടിന് തീപിടിക്കുമ്പോൾ ഒരു പ്രതിസന്ധിയാണ്. ആ പ്രതിസന്ധിയെ എങ്ങനെ കൈകാര്യം ചെയ്യണം. അതിന്റെ അസ്വസ്ഥമായ മനസ്സോടുകൂടിവേണം ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെ കൈകാര്യം ചെയ്യേണ്ടത്. ഇത്തരം ഒരുവിഷയം കൊണ്ടുവന്നപ്പോൾ കുട്ടനാട് എം.എൽ.എ. വളരെ തെറ്റായ രീതിയിൽ സംസാരിച്ചു. രണ്ടര വർഷം കഴിയുമ്പോൾ അദ്ദേഹത്തിന് മന്ത്രിയാകണമെങ്കിൽ മുഖ്യമന്ത്രിയെ സുഖിപ്പിച്ചോ, അതിന് കോൺഗ്രസ്സുകാരുടെ നെഞ്ചത്തോട്ട് കയറണ്ട. കോൺഗ്രസ്സുകാരുടെ ചെലവിൽ മന്ത്രിയാകാൻ നിൽക്കണ്ട. കുറച്ചുകൂടി മര്യാദയായി, നന്നായി അവിടത്തെ എം.എൽ.എ. സംസാരിക്കണം. അങ്ങനെയൊന്നും ഭയപ്പെടുത്തേണ്ട. ...... (ബഹളം)........... (ബഹളം)...... ഈ വിഷയത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കണമെന്നുള്ള നിലപാട് ഞങ്ങൾ സഭയിൽ വയ്ക്കുന്നു. ...... (ബഹളം).........

## III ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

ശ്രീ. മാത്യു ടി. തോമസ്: സർ, പോലീസ്, പൊതുജനാരോഗ്യം, പൊതുമരാമത്ത്, വാഹനഗതാഗതം എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി റോഡ് സേഫ്റ്റി അതോറിറ്റിയുടെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന ആവശ്യകതയിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മന്ത്രിസഭയിൽ ഗതാഗത വകുപ്പുമന്ത്രിയായി ചുമതല വഹിക്കുന്ന സമയത്ത് എനിക്ക് ആദ്യം മറുപടി

പറയേണ്ടതായി വന്ന ശ്രദ്ധ ക്ഷണിക്കൽ, അന്ന് കോട്ടയം എം.എൽ.എ.-ആയിരുന്ന ഇന്നത്തെ സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ അവതരിപ്പിച്ച റോഡപകടങ്ങളെ സംബന്ധിച്ച വിഷയത്തിനായിരുന്നു. 2001 മുതൽ ഓരോ വർഷവും സംസ്ഥാനത്തുണ്ടായ അപകടങ്ങളുടെ എണ്ണം അദ്ദേഹം സഭയിൽ അവതരിപ്പിച്ചു. 2001-ൽ 38361 അപകടങ്ങളുണ്ടായിരുന്നത് 2005-ൽ 42363 ആയി വർദ്ധിക്കുന്ന തരത്തിൽ ഓരോ വർഷത്തെ കണക്കവതരിപ്പിച്ചുകൊണ്ട് അദ്ദേഹം സഭയിൽ പറഞ്ഞത്, രാജ്യത്താകെയുണ്ടാകുന്ന അപകടങ്ങളുടെ പത്ത് ശതമാനത്തിലധികവും കേരളത്തിലാണ് ഉണ്ടാകുന്നതെന്നാണ്. അദ്ദേഹം ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചതിന്റെ ഫലമെന്ന നിലയിൽ കണക്കുകൾ പിന്നീട് നോക്കുമ്പോൾ 2005-ലെ 42363 അപകടങ്ങളുടെ എണ്ണം അനുക്രമമായി 2010-ൽ 35000 ആയി കുറഞ്ഞു. വാഹനങ്ങളുടെ എണ്ണം ഇരട്ടി ആയപ്പോഴും ഇരുപത് ശതമാനം അപകടങ്ങളുടെ എണ്ണം കുറയുന്ന സ്ഥിതി വിശേഷം അന്നുണ്ടായി. പിന്നീട് ഓരോ വർഷവും ഘട്ടംഘട്ടമായി ഇത് വർദ്ധിക്കുകയാണ്. 2019-ൽ അപകടങ്ങളുടെ എണ്ണം 41111 ആണ്. 2019-ൽ മരിച്ചവരുടെ എണ്ണം 4440, പരിക്കുപറ്റിയവർ 46055 ആണ്. എന്നാൽ 2020-ൽ ഇതിന് വലിയ കുറവുവന്നിട്ടുണ്ട്. പക്ഷേ ലോക്ഡൗൺ കാലഘട്ടമായിരുന്നതുകൊണ്ട് ആ കണക്കുകളെ ഗൗരവത്തിലെടുക്കാൻ സാധിക്കില്ല. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കാക്കുമ്പോൾ അതിന് ആനുപാതികമായി അപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവില്ലെന്ന് ആശ്വസിക്കാം. 1960-ൽ ഈ സംസ്ഥാനത്ത് ആകെ 24,000 വാഹനങ്ങളാണുണ്ടായിരുന്നത്. 1970-ൽ അത് 50,000 ആയി വർദ്ധിച്ചു. 2019-ലെ കണക്ക് പ്രകാരം 1,41,84,184 (ഒരു കോടി നാല്പത്തിയൊന്ന് ലക്ഷത്തി എൺപത്തിനാലായിരത്തി ഒരുന്നൂറ്റി എൺപത്തിനാല്) വാഹനങ്ങൾ. ഇതിൽ ബഹുഭൂരിഭാഗവും ടൂ വീലറുകളാണ്. ടൂ വീലറുകൾക്ക് രൂപഭേദം വരുത്തി ഓൺലൈനിൽ വൈറലാകാൻവേണ്ടി അമിതവേഗത്തിൽ ഓടിക്കുന്ന നിരവധി സംഭവങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഒരു ലക്ഷം വാഹനങ്ങളിൽ എത്ര വാഹനങ്ങൾ അപകടത്തിൽപ്പെടുന്നുവെന്നതാണ് പ്രധാനപ്പെട്ട കണക്ക്. അവിടെ നമുക്ക് ആശ്വസിക്കാൻ വകയുണ്ട്. 2020-ലെ സാമ്പത്തിക അവലോകനം പേജ് 520-ൽ പട്ടികയായി ഇക്കാര്യങ്ങൾ ചേർത്തിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നു. 2010-ൽ ഒരു ലക്ഷം വാഹനങ്ങളിൽ 600 വാഹനങ്ങൾ അപകടത്തിൽപ്പെട്ടെങ്കിൽ 2011-ൽ ഒരു ലക്ഷം വാഹനങ്ങളിൽ 576 വാഹനങ്ങളാണ് അപകടത്തിൽപ്പെട്ടത്. 2019-ലെ കണക്കുപ്രകാരം ഒരു ലക്ഷം വാഹനങ്ങളിൽ 259 വാഹനങ്ങൾ മാത്രമാണ് അപകടത്തിൽപ്പെട്ടത് എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്, വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനാനുപാതികമായി അപകടങ്ങളുടെ എണ്ണം വർദ്ധിക്കുന്നില്ലെന്നാണെങ്കിൽപ്പോലും ഇന്നും രാജ്യത്തെ

അപകടങ്ങളിൽ പത്ത് ശതമാനത്തോളം നമ്മുടെ സംസ്ഥാനത്ത് തന്നെയാണ്. നിരവധി തവണ ഓർഡിനൻസ് ആയി Promulgate ചെയ്തതിനുശേഷം 2007-ലാണ് റോഡ് സേഫ്റ്റി അതോറിറ്റി ആക്ട് നിയമമായി നിലവിൽ വന്നത്. ഗവൺമെന്റിനു വേണ്ടി ഇതിനെ പൈലറ്റ് ചെയ്യാനുള്ള നിയോഗം എനിക്കായിരുന്നു. അന്ന് പാസ്സാക്കിയ നിയമത്തിന്റെ സ്പിരിറ്റ്, സത്ത ഇന്ന് പാലിക്കപ്പെടുന്നില്ലെന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്.

ഒന്ന്, പ്രസ്തുത നിയമത്തിലെ 11-ാം വകുപ്പുപ്രകാരം റോഡ് സേഫ്റ്റി ഫണ്ട്, എല്ലാ വാഹനങ്ങളും ആദ്യമായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഒരു വൺ ടൈം സെസ്, ഗവൺമെന്റ് ഓഫ് കേരളയും ഗവൺമെന്റ് ഓഫ് ഇന്ത്യയും നൽകുന്ന ഗ്രാന്റുകൾ, സംഭാവനകൾ, ഈ നിയമമനുസരിച്ചുള്ള കോമ്പൗണ്ടിംഗ് ഫീസ് ഇതൊക്കെ ഈ ഫണ്ടിലേയ്ക്ക് വരേണ്ടതാണ്. പക്ഷേ ഇപ്പോൾ അത് എത്തുന്നില്ല. ഈ തുക പൂർണ്ണമായും അതോറിറ്റിക്ക് കൈമാറി ചെലവാക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവകാശവും നൽകിക്കൊടുക്കുന്ന രൂപത്തിലുള്ള ഇടപെടൽ ഇന്ന് ആവശ്യമാണ്. നിയമത്തിൽ കാലോചിതമായി ചില മാറ്റങ്ങൾ ആവശ്യമാണ്. ഇപ്പോൾ റോഡ് സേഫ്റ്റി അതോറിറ്റിയിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസിലെ ചീഫ് എഞ്ചിനീയർ അംഗമായിരിക്കുമെന്ന് പറയുന്നു. ഇപ്പോൾ റോഡ്സ് വിഭാഗത്തിനും ബ്രിഡ്ജസ് വിഭാഗത്തിനും ചീഫ് എഞ്ചിനീയർമാർ വേറെയാണ്. സേഫ് കേരള, ശബരിമല സേഫ് സോൺ പ്രോജക്ട് തുടങ്ങിയ പദ്ധതികളിലൂടെ ഫലപ്രദമായ സുരക്ഷാ നടപടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. എന്നാൽ റോഡ് സേഫ്റ്റി അതോറിറ്റി കാര്യക്ഷമമാക്കാൻ വേണ്ടി കൂടുതൽ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നുവെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ പറയാൻ ഞാൻ ശ്രമിക്കുന്നത്. National Transportation Planning and Research Centre (NATPAC)-ന്റെയും Kerala Highway Research Institute (KHRI)-ന്റെയും സ്കിൽ നമുക്ക് പ്രയോജനപ്പെടുത്താനാകണം. അപകട സാധ്യതയുള്ള പ്രതലങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കണം. എന്റെ മണ്ഡലത്തിൽ ഒരു പ്രത്യേക പോയിന്റുണ്ട്. കഴിഞ്ഞ രണ്ടുമാസത്തിനിടെ 29 പ്രാവശ്യം അവിടെ അപകടങ്ങളുണ്ടായി. അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടലുകൾ ആവശ്യമാണ്. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം കരിക്കുലം പരിഷ്കരിക്കാൻ പോകുന്നുവെന്ന് പറഞ്ഞു. കഴിയുമെങ്കിൽ റോഡ് സുരക്ഷയുള്ള പാഠഭാഗങ്ങൾകൂടി സ്കൂൾ സിലബസ്സിലുൾപ്പെടുത്തണം. മദ്യപിച്ച് വാഹനമോടിച്ച് അപകടം വരുത്തുന്ന കേസുകളിൽ ജയിൽവാസം ഉറപ്പാക്കുന്നവിധം നിയമം ഭേദഗതി ചെയ്യണം. നിലവിലുള്ള നിയമമനുസരിച്ച് ആക്സിഡന്റ് കേസുകൾക്ക് conviction rate വളരെ കുറവാണെന്നത് ബഹുമാനപ്പെട്ട

മന്ത്രിക്ക് അറിയാമെന്നാണ് എന്റെ വിശ്വാസം. ഹൈവേ പോലുള്ള പ്രധാന നിരത്തുകളിൽ അപകടമുണ്ടായാൽ ഓടിയെത്താൻ കഴിയുന്ന തരത്തിൽ നിശ്ചിത ദൂരത്തിൽ ട്രോമാകെയർ സംവിധാനമുള്ള ആംബുലൻസ് ക്രമീകരിച്ച് നിർത്തണം. അപകടത്തിൽപ്പെടുന്നവരെ സഹായിക്കാനെത്തുന്നവർക്ക് പിന്നീട് പ്രയാസങ്ങളു ണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ച് ജനങ്ങളെ അറിയിക്കണം. പോലീസ്, ആരോഗ്യം, പൊതുമരാമത്ത്, വാഹന ഗതാഗതം എന്നീ വകുപ്പുകൾ തമ്മിൽ മതിയായ ഏകോപനമാണ് അതോറിറ്റി ആക്ടിലൂടെ ലക്ഷ്യമിട്ടത്. അത് പൂർണ്ണരൂപത്തിൽ കൈവരിക്കാനായിട്ടില്ല. ഇതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഇടപെടലുണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, പൊതുനിരത്തുകളിൽ വാഹന സാന്ദ്രത അനുദിനം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് 2020-ൽ സംസ്ഥാനത്ത് റോഡപകടങ്ങളുടെ എണ്ണത്തിലും അപകടത്തിൽ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്യുന്നവരുടെ എണ്ണത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം, 2019-ൽ സംസ്ഥാനത്ത് ആകെ 41,111 അപകടങ്ങളിലായി 4,440 പേർ മരണപ്പെടുകയും 32,570 പേർക്ക് ഗുരുതര പരിക്കുകളും 13,485 പേർക്ക് നിസ്സാര പരിക്കുകളും സംഭവിച്ചിട്ടുണ്ട്. എന്നാൽ, 2020-ൽ 27,807 അപകടങ്ങളിലായി 2979 പേരാണ് മരണപ്പെട്ടത്. ഗുരുതരമായി പരിക്കേറ്റവർ 22,224 പേരും നിസ്സാര പരിക്കേറ്റവർ 8,286 പേരുമാണ്. 2021 ജനുവരി ഒന്ന് മുതൽ ജൂലൈ വരെയുള്ള കാലയളവിൽ സംസ്ഥാനത്താകെ 18,397 റോഡ് അപകടങ്ങളാണുണ്ടായിട്ടുള്ളത്. അതിൽ 1,896 പേർ മരണപ്പെടുകയും 14,848 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്ന 20-5-2021 മുതൽ 31-7-2021 വരെയുള്ള കാലയളവിൽ മദ്യപിച്ച് വാഹനമോടിച്ചത് കാരണം അപകടങ്ങളുണ്ടായതുമായി ബന്ധപ്പെട്ട 102 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം അപകടങ്ങളിൽപ്പെട്ട് രണ്ടുപേർ മരണമടഞ്ഞിരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റി നടത്തിയ അപകട വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ റോഡ് ശൃംഖലയിലെ 340 അപകട സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ 238 സ്ഥലങ്ങൾ ഉയർന്ന അപകട സാധ്യതയുള്ളതും 102 ഇടത്തരം അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളുമാണ്. ഇതിനുപുറമെ, Ministry of Road Transport and Highways (MoRTH) നടത്തിയ മറ്റൊരു പഠനത്തിൽ 243 ബ്ലാക്ക് സ്പോട്ടുകൾ നാഷണൽ ഹൈവേയിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാക്കുന്നതിനായി സ്ഥലമേറ്റെടുക്കലുൾപ്പെടെയുള്ള നടപടികൾ ആവശ്യമാണ്. അതിനായുള്ള നടപടികൾ സ്വീകരിച്ചു

വരുന്നു. റോഡ് സുരക്ഷാ അവബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി എസ്.സി.ഇ.ആർ.ടി.-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്ക് 'റോഡ് സുരക്ഷായാത്ര' എന്ന കൈപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസ്സിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർനടപടികൾ നടന്നുവരികയാണ്. ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് നിരത്തുകളിൽ കർശന വാഹന പരിശോധന നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി Save Our Fellow Traveller (SOFT), Seamless Medical Intervention for Lifecare and Emergencies (SMILE) എന്നീ പദ്ധതികളും ശുഭയാത്രാ പദ്ധതിയും വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. വാഹനാപകടങ്ങളും റോഡ് സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി മോട്ടോർ വാഹന ചട്ടങ്ങൾ നടപ്പിലാക്കുവാൻ ഒരു വശത്ത് ശ്രമിക്കുമ്പോൾ അതിനെ ബോധപൂർവ്വം അട്ടിമറിക്കാനുള്ള ശ്രമം മറുവശത്ത് സംഘടിതമായി നടന്നുവരികയാണ്. ലോക്ഡൗൺ നിയന്ത്രണങ്ങളെയും മോട്ടോർ വാഹന ചട്ടങ്ങളെയും കാറ്റിൽപ്പറത്തി, പരസ്യമായി ലംഘിച്ച്, വെല്ലുവിളിച്ച്, തിരക്കഥയുടെയടിസ്ഥാനത്തിൽ സീരിയൽ രംഗങ്ങളെ വെല്ലുന്ന തരത്തിലുള്ള നിലവിളിയും സംഭ്രമജനകങ്ങളായ സംഘട്ടനങ്ങളും സംവിധാനം ചെയ്ത് അവ ക്യാമറകളിൽ പരത്തി പ്രചരിപ്പിച്ച് പൊതുസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും നടന്നുവരികയാണ്. നിയമം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായ നിയമപാലകരെ പ്രതിക്കൂട്ടിൽ നിർത്താനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായി മാത്രമെ ഇത്തരം സംഭവങ്ങളെ കാണാൻ കഴിയൂ. ഇത്തരം ദുഷ്പ്രചരണങ്ങൾക്ക് അല്പായുസ്സ് മാത്രമേയുണ്ടാകുകയുള്ളൂവെന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കുന്നത് നന്നായിരിക്കും. മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ മുഖം നോക്കാതെയുള്ള ശക്തമായ നടപടികൾ തുടരും. സംഘടിതമായ ദുഷ്പ്രചരണങ്ങളിലൂടെ നിയമപാലകരുടെ മനോവീര്യം തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളെ അംഗീകരിക്കാനാകില്ല. നിയമം നടപ്പിലാക്കാൻ നിയമപാലകർ ആത്മാർത്ഥമായി ശ്രമിക്കുമ്പോൾ പൊതുസമൂഹവും മുഖ്യധാരാ മാധ്യമങ്ങളും നൽകുന്ന പിന്തുണ സ്വാഗതാർഹമാണ്.

റോഡ് സുരക്ഷാ അതോറിറ്റിക്കായി നിയമപ്രകാരം വേർതിരിച്ചിട്ടുള്ള തുക റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് മാത്രമാണുപയോഗിക്കുന്നത്. അപകടത്തിൽ പ്പെട്ടവരെ രക്ഷിക്കുന്നതിനും അടുത്തുള്ള ആശുപത്രികളിലേയ്ക്ക് മാറ്റുന്നതിനും സ്വയം സഹായ സംഘങ്ങൾക്കും (Self help group) സന്നദ്ധ സേനയ്ക്കുമായി വോളണ്ടിയേഴ്സ് ഒരു പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. ജനങ്ങളിൽ റോഡ് സുരക്ഷാ അവബോധം

വളർത്തുന്നതിനായി വിവിധ മാധ്യമങ്ങൾ വഴി റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു. റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗങ്ങൾ യഥാസമയം ചേരുകയും അവിടെ എടുക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. അപകടം പരമാവധി ഒഴിവാക്കുന്നതോടൊപ്പം അപകടം സംഭവിച്ചാൽ അതിൽപ്പെട്ടവർക്ക് അടിയന്തര ചികിത്സാ സൗകര്യവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനാവശ്യമായ നിയമ വ്യവസ്ഥകൾ അനിവാര്യമാണ്. ഇതിന് ആരോഗ്യ വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും KRSA (Kerala Road Safety Authority)-യുടെയും യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനും അടുത്തുള്ള ആശുപത്രികളിലേയ്ക്ക് മാറ്റുന്നതിനും സ്വയം സഹായ സംഘങ്ങൾക്കും സന്നദ്ധ സേനയ്ക്കുമായി റോഡ് സുരക്ഷാ അതോറിറ്റി ഒരു പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. ക്രാഷ് സാധ്യതയുള്ള സ്ഥലങ്ങൾക്ക് സമീപം ആംബുലൻസ് സ്ഥാപിക്കുന്നതിനായി കനിവ് 108 ആംബുലൻസ് അഗ്രിഗേറ്റഡ് സേവന ദാതാവിന് ബ്ലാക്ക് സ്പോട്ട് ലൊക്കേഷന്റെ പട്ടിക കൈമാറിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി പ്രധാന റോഡുകളിലെ വശങ്ങളിൽ വിവിധ സംഘടനകളുടെ സഹായത്തോടെ സ്ഥാപിച്ച സി.സി.ടി.വി. ക്യാമറകൾ, ഇന്റർസെപ്റ്റർ, സ്പീഡ് റഡാർ എന്നിവയുടെ സഹായത്തോടുകൂടി വാഹനങ്ങൾ നിരീക്ഷിച്ചുവരുന്നതും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി ഹൈവേ പട്രോൾ കൺട്രോൾ റൂം വാഹനങ്ങളുടെയും ഷാഡോ ട്രാഫിക് എൻഫോഴ്സ്മെന്റ് ടീമിന്റെയും സേവനങ്ങൾ രാപ്പകൽ ഉപയോഗിച്ചുവരുന്നു. കൂടാതെ, ജനമൈത്രി, എസ്.പി.സി. വിദ്യാർത്ഥികൾ, വിവിധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ, റാലികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ സൈൻബോർഡുകൾ, ക്രാഷ് ബാരിക്കേഡുകൾ, ബ്ലിങ്കിംഗ് ലൈറ്റുകൾ, റിഫ്ളക്ടിംഗ് സ്റ്റഡുകൾ എന്നിവ സ്ഥാപിച്ച് അപകട സാധ്യത കുറയ്ക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ബന്ധപ്പെട്ട പരിധിയിലെ ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റുകയും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി നാമകരണം ചെയ്യുകയും ചെയ്തു. ഇതുവഴി ട്രാഫിക് നിയമങ്ങൾ ശക്തമാക്കാനും അപകടങ്ങൾ കുറയ്ക്കാനും ഗതാഗതക്കുരുക്ക് ലഘൂകരിക്കാനും സാധിച്ചിട്ടുണ്ട്. ഈ രംഗത്ത് നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കിവരുന്നു. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് അവയെ പോലീസ് കമാൻഡന്റ് കൺട്രോൾ സെന്ററുമായി ബന്ധപ്പെടുത്തിയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്.

11.00 A.M.

റോഡ് സുരക്ഷയ്ക്ക് ലഭിക്കുന്ന ഫണ്ടുകൾ അനുവദിക്കുന്ന പദ്ധതികൾക്കായിത്തന്നെ വിനിയോഗിക്കുന്നുണ്ട്. 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 185 പ്രകാരം മദ്യപിച്ച് വാഹനമോടിച്ച് പിടിക്കപ്പെട്ട വ്യക്തിയെ ആദ്യത്തെ തവണ 6 മാസം തടവോ 10,000 രൂപ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാൻ വ്യവസ്ഥയുണ്ട്. രണ്ടാം തവണ ഇതേ വ്യക്തി ഇതേ കുറ്റം ആവർത്തിച്ചാൽ രണ്ടുവർഷം തടവും 15,000 രൂപ പിഴയും അടപ്പിക്കാനും വ്യവസ്ഥയുണ്ട്. ഈ വിഷയത്തിൽ പോലീസ്, ആരോഗ്യം, പൊതുമരാമത്ത്, വാഹന ഗതാഗതം എന്നീ വകുപ്പുകൾ തമ്മിൽ മതിയായ ഏകോപനം ഉറപ്പാക്കുന്നതിൽ സർക്കാർ അതീവശ്രദ്ധ പുലർത്തുന്നുണ്ട്. റോഡ് സുരക്ഷാ അതോറിറ്റി നിയമത്തിൽ കാലോചിതമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾകൂടി നിയമഭേദഗതികളിലൂടെ ഉൾപ്പെടുത്താൻ സാധിക്കും. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ജില്ലാ കൗൺസിലുകൾക്ക് നിലവിൽ വേണ്ടത്ര കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ കഴിയുന്നില്ല. അവരുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. പ്രാദേശിക തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കേണ്ടതുണ്ട്. കെ.ആർ.എസ്.എ. ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. റോഡ് സേഫ്റ്റി അതോറിറ്റിക്ക് കിട്ടേണ്ട അർഹമായ ഫണ്ട് ലഭ്യമാക്കാനുള്ള ശ്രമങ്ങളും നടന്നുവരികയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, എടപ്പാൾ കേന്ദ്രമായി ഒരു ഡ്രൈവേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. നിരന്തരം ഇത്തരം കുറ്റകൃത്യം അതായത് വാഹനാപകടം വരുത്തുന്ന ആളുകൾക്ക്, പ്രത്യേകമായി ട്രെയിനിംഗ് നിർബന്ധമാക്കുവാൻ ആ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, എടപ്പാൾ കേന്ദ്രീകരിച്ചുള്ള കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള ശ്രമം നടത്തിവരികയാണ്. അതിന്റെയൊരു റീജിയണൽ സെന്റർ കോട്ടയത്ത് ഉഴവൂരിൽ തുടങ്ങാനുള്ള നടപടികളും ത്വരിതപ്പെടുത്തി വരികയാണ്.

## (2) പരിവർത്തിത ക്രൈസ്തവർക്കുള്ള സംവരണാനുകൂല്യം

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്ന പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾക്ക് പട്ടികജാതി സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിക്കുന്നത്. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തേണ്ടതിന്റെയും വളരെയേറെ പിന്നാക്കാവസ്ഥ നേരിടുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സാധ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദളിത് ക്രൈസ്തവ ജനവിഭാഗങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ജനവിഭാഗങ്ങൾക്ക് സാമൂഹ്യനീതി നിഷേധിക്കുന്ന സ്ഥിതിയാണ് ഇന്ന് നിലനിൽക്കുന്നത്. ഈ ജനവിഭാഗങ്ങളെക്കൂടി പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തണമെന്ന ആവശ്യം ദീർഘകാലമായി നിലനിൽക്കുന്നതാണ്. 1950 മുതൽ ഈ ആവശ്യം ഉയർന്നുവരുന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് ഇക്കാര്യങ്ങൾ നീതിപൂർവ്വമായി പരിഹരിച്ചിട്ടില്ലെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 1950-ലെ ഭരണഘടനാ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് 1956-ൽ സിക്കുമതക്കാരെയും 1990-ൽ വീണ്ടും പ്രസിഡൻഷ്യൽ ഓർഡർ ഭേദഗതി ചെയ്തുകൊണ്ട് ബുദ്ധമതക്കാരെയും പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിലുൾപ്പെടുത്തുകയുണ്ടായി. എന്നാൽ ക്രിസ്തുമതക്കാരായ ദളിത് ക്രൈസ്തവർക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ഏർപ്പെടുത്തുന്നതിന് തയ്യാറായിട്ടില്ല എന്ന സ്ഥിതി നമ്മുടെ രാജ്യത്ത് നിലനിൽക്കുകയാണ്. കേരളത്തിലെ ഏതാണ്ട് 20 ലക്ഷത്തോളം വരുന്ന ദളിത് ക്രൈസ്തവ സഹോദരങ്ങൾ ഈ ആവശ്യം നേടിയെടുക്കുന്നതിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. കേരളത്തിലെ ദളിത് ക്രൈസ്തവ ജനവിഭാഗം പട്ടികജാതി/പട്ടികവർഗ്ഗക്കാരെപ്പോലെതന്നെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ്. ഈ ദുരവസ്ഥയ്ക്ക് ശാശ്വതവും നീതിയുക്തവും ന്യായയുക്തവുമായ ഒരു പരിഹാരമുണ്ടാകേണ്ടത് സംസ്ഥാനത്തിന്റെ ആവശ്യമാണ്. കേന്ദ്ര സർക്കാരിന്റെ നിലപാട് തിരുത്തുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ ക്കൊണ്ടുവരിക എന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. കേരളത്തിൽ പരിവർത്തിത

ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് അത് നടപ്പാക്കുന്നതിനുള്ള നടപടികളുണ്ടാകണം. ദീർഘകാലമായി അവഗണിക്കപ്പെട്ട ഈ ജനതയോട് നീതി കാണിക്കേണ്ടത് അത്യാവശ്യമാണ്. 2016-2019 കാലയളവ് പരിശോധിച്ചപ്പോൾ മെഡിക്കൽ, പി.ജി. വിഭാഗത്തിൽ നാമമായ പ്രവേശനമാണ് ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സീറ്റിന്റെ കാര്യത്തിൽ ലഭിച്ചത്. വലിയ അവഗണനയാണ് ഈ രംഗത്ത് ഇതുമൂലം സംഭവിച്ചിട്ടുള്ളത്. പരിവർത്തിത ക്രിസ്ത്യൻ കുട്ടികളുടെ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയെല്ലാം വർദ്ധിപ്പിക്കേണ്ട ആവശ്യം കാലങ്ങളായി ഉന്നയിക്കുന്നുണ്ടെങ്കിലും ഇതുവരെ അത് പരിഗണിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ നീതി നിഷേധവും അവഗണനയുമുണ്ടാകുന്ന സ്ഥിതിവിശേഷം നമ്മുടെ സാമൂഹ്യ വ്യവസ്ഥയിൽതന്നെ ഒരു അനീതിയാണെന്നുള്ളതിൽ ഒരു സംശയവുമില്ല. ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഓരോരുത്തർക്കും അവരുടെ മതവിശ്വാസങ്ങൾ വച്ചു പുലർത്തുന്നതിനുള്ള അവകാശമുണ്ട്. ആ അവകാശങ്ങളുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ള ഈ നിലപാടിനെ എല്ലാവരും രാജ്യത്തൊട്ടാകെ അംഗീകരിക്കുമ്പോൾ, കേരളത്തിൽ ദളിത് ക്രൈസ്തവ സഹോദരങ്ങൾ അവഗണിക്കപ്പെടുന്നു; അവർക്ക് നീതി നിഷേധിക്കപ്പെടുന്നു എന്ന പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. ഇത് നീതിപൂർവ്വമായി പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് ഇവിടെ ഉന്നയിച്ചിരിക്കുന്ന കാര്യം ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതി വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തണമെന്നും അവരുടെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കണമെന്നുമുള്ളതാണ്. അദ്ദേഹം ഇവിടെ ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് കൺവെർട്ട് ചെയ്ത ആളുകളെ സംബന്ധിച്ചിടത്തോളം, അവർക്ക് ഏറെ പ്രയാസകരമായിട്ടുള്ള ജീവിതമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. സാധാരണ നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. "ഇല്ലത്തുനിന്നും പോരുകയും ചെയ്തു, അമ്മാത്തേയ്ക്ക് എത്തിയതുമില്ല!" എന്നു പറഞ്ഞതുപോലെയാണ് പട്ടികജാതിയിൽനിന്നും കൺവെർട്ട് ചെയ്ത് ക്രിസ്തുമതത്തിലേയ്ക്ക് ചേർന്ന ആളുകളുടെ സ്ഥിതി. അവരെ കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ദളിത് ക്രിസ്ത്യൻ വിഭാഗം ഷെഡ്യൂൾഡ് കാസ്റ്റിൽനിന്നും കൺവെർട്ട് ചെയ്താണ് ക്രിസ്ത്യാനിയായി മാറിയത്. സംസ്ഥാനത്ത് അവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അവർക്ക് തൊഴിൽരംഗത്തും വിദ്യാഭ്യാസരംഗത്തും സംവരണം ആ രീതിയിൽ ലഭിക്കുകയും ചെയ്യുന്നുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇവർക്ക്

രണ്ട് ശതമാനത്തിന്റെ സംവരണവും ഇതര തസ്തികകളിൽ ഒരു ശതമാനം തൊഴിൽ സംവരണവുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ വിഭാഗത്തെ ഒ.ഇ.സി. ലിസ്റ്റിലുൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. അതായത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. ഇവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ടത്. 2020 ജനുവരി മാസത്തിൽ ഇവരുടെ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളെല്ലാം വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് അംഗീകരിച്ച അൺ എയ്ഡഡ് സ്കൂളുകളിലും അൺ എയ്ഡഡ് കോളേജുകളിലും പഠിക്കുന്നവർക്ക് ഫീസും അതുപോലെ ലംപ്സംഗ്രാന്റും സ്റ്റൈപന്റുമെല്ലാം നൽകിവരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്കും ഇതുപോലെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച വിഭാഗങ്ങളെ ഒരു ശതമാനം സംവരണം ലഭിക്കുന്ന മറ്റ് പിന്നാക്ക ക്രിസ്ത്യാനികൾ എന്നതിലുൾപ്പെടുത്തി അവർക്ക് സംവരണം അനുവദിച്ചിരുന്നു. മെഡിക്കൽ പി.ജി.-ക്ക് ഒരു ശതമാനം സംവരണം, ഇവർക്ക് മാത്രമല്ല, മറ്റ് പിന്നോക്ക വിഭാഗത്തിൽനിന്നും കൺവെർട്ട് ചെയ്ത ക്രിസ്ത്യാനികൾക്കുകൂടി ലഭിക്കുന്ന സംവരണമാണ് ഒരു ശതമാനം. ബഹുമാനപ്പെട്ട മെമ്പറുടെ മറ്റൊരാവശ്യം സംസ്ഥാനത്ത് നിലവിലെ ഉദ്യോഗസ്ഥ സംവരണം പുനഃക്രമീകരിക്കണമെന്നതാണ്. പിന്നോക്ക ജനവിഭാഗത്തിന്റെ ഏകദേശം കണക്കുമാത്രമാണ് പറയുന്നത്. കൃത്യമായ കണക്കെടുക്കാൻ ശ്രമിച്ചെങ്കിലും അത് നടന്നിട്ടില്ല. അതുകൊണ്ട് സംസ്ഥാനത്ത് ഏകദേശം 65 ശതമാനത്തിലധികം പിന്നോക്കക്കാരുണ്ടെന്ന് നമുക്ക് പറഞ്ഞുപോകാം. ഓരോ പിന്നോക്ക വിഭാഗത്തിലുമുള്ള ജനവിഭാഗത്തിന്റെ കൃത്യമായ കണക്ക് എടുത്തിട്ടില്ല. അതുപോലെ ഉദ്യോഗത്തിലും ആ രീതിയിലുള്ള പ്രാതിനിധ്യമുണ്ടോയെന്നും കണക്കെടുത്തിട്ടില്ല. ഇതുരണ്ടും കണക്കെടുക്കാത്തതുകൊണ്ട് നിലവിലെ ഉദ്യോഗസ്ഥസംവരണം പുനഃക്രമീകരിക്കുക എന്നുള്ള കാര്യം ഇപ്പോൾ നടപ്പിലാക്കാൻ കഴിയുന്നതല്ല. ഉദ്യോഗസംവരണം ജനസംഖ്യാനുപാതികമായി കണക്കാക്കാൻ കഴിയാത്ത ഒരു സ്ഥിതി ഇപ്പോൾ നിലവിലുണ്ട്.

മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞിരിക്കുന്നത്, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ്. ഏകദേശം എസ്.സി. വിഭാഗത്തേക്കാൾ സമാനമോ എസ്.സി. വിഭാഗത്തേക്കാൾ താഴ്ന്നോ ആണ് അവരുടെ സ്ഥിതി എന്നുള്ള കാര്യത്തിലൊന്നും ഒരു സംശയവുമില്ല. ട്രൈബ് കൺവെർട്ട് ചെയ്യുകയാണെങ്കിൽ

അവർക്ക് ട്രൈബിന്റെ എല്ലാ ആനുകൂല്യങ്ങളും കിട്ടുമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏത് മതത്തിലേയ്ക്ക് കൺവെർട്ട് ചെയ്താലും ട്രൈബിന് അവർക്കവകാശപ്പെട്ട അതാത് ആനുകൂല്യം കിട്ടും. എന്നാൽ എസ്.സി. കൺവെർട്ട് ചെയ്താൽ ആ ആനുകൂല്യം ലഭിക്കില്ല. ബുദ്ധമതക്കാർക്കും സിക്ക് മതക്കാർക്കും അതുപോലെ തന്നെ മറ്റ് മതക്കാർക്കുമെല്ലാം കൺവെർട്ട് ചെയ്തപ്പോൾ, അത് പ്രത്യേക കേസായി കേന്ദ്ര ഗവൺമെന്റ് പരിഗണിച്ച് അവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ആനുകൂല്യം കൊടുത്തത്. എന്നാൽ കൺവെർട്ടഡ് ക്രിസ്ത്യൻ വിഭാഗത്തെ, പ്രത്യേകിച്ച് പട്ടികജാതിയിൽ നിന്നും കൺവെർട്ട് ചെയ്തിട്ടുള്ള ക്രിസ്ത്യൻ വിഭാഗത്തെ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. ആവശ്യവും നിവേദനവുമൊക്കെത്തന്നെ നിലനിൽക്കുന്നുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. സംസ്ഥാന ഗവൺമെന്റിന് അക്കാര്യത്തിൽ പരിമിതികളുണ്ട്. ഇവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ എന്താണോ ചെയ്യേണ്ടത് അക്കാര്യം സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് കഴിയാവുന്ന രീതിയിലെല്ലാം ചെയ്യാൻവേണ്ടിശ്രമിക്കുന്നുണ്ട്. ഇവരുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് കൺവെർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷൻ രൂപീകരിച്ചത്. അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് ഈ വിഭാഗത്തെ കൂടുതൽ സഹായിക്കാൻ വേണ്ടിയുള്ള ഇടപെടലാണ് നടത്തുന്നത്. ഗവൺമെന്റ് നടത്തുന്ന എല്ലാ പദ്ധതികളിലെയും പ്രയോറിറ്റി ഈ വിഭാഗത്തിനുകൂടി ലഭിക്കാൻവേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകുമെന്നാണ് ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാനുള്ളത്.

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിൽ ഈ ജനവിഭാഗത്തെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നത് കൺവെർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷൻ വഴിയാണ്. കോർപ്പറേഷൻ വളരെ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ആവശ്യകത സംസ്ഥാനത്ത് നിലനിൽക്കുകയാണ്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, നിർഭാഗ്യവശാൽ നാമമാത്രമായ കാര്യങ്ങൾ ചെയ്തു പോകുന്നുവെന്നല്ലാതെ, ഇത്രയും വലിയ ജനവിഭാഗത്തിന് സങ്കീർണ്ണമായ പ്രശ്നത്തിന്റെ നടുവിൽ ജീവിച്ചുപോകുന്ന ഇവർക്ക് ആവശ്യമായൊരു പരിഗണന കൊടുക്കാൻ നമ്മുടെ സംസ്ഥാനത്തിന് വേണ്ടത്ര കഴിയുന്നില്ല. അതുകൊണ്ട് പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾക്കുവേണ്ടി രൂപീകരിച്ച കോർപ്പറേഷന് കൂടുതൽ സാമ്പത്തിക സഹായം ഗവൺമെന്റ് കൊടുത്തുകൊണ്ട് കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും. കൺവെർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ അത് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നൊരു കോർപ്പറേഷനാണ്. ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റ് മാത്രം ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ലോണെടുത്തതും കൊടുത്തതുമായ കണക്കുകൾപോലും കൃത്യമായി ലഭ്യമല്ലാത്ത സ്ഥിതി നേരത്തെ ഉണ്ടായിരുന്നു. അത് കുറച്ചൊക്കെ റഗുലറൈസ് ചെയ്തിട്ടുണ്ട്. കൺവെർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷൻ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് ഈ വിഭാഗത്തെ കൂടുതൽ സഹായിക്കാൻ വേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അറിയിക്കുകയാണ്.

## IV സബ്മിഷൻ

### (1) പൈതൃക ടൂറിസത്തിൽ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം ഉൾപ്പെടുത്തൽ

ശ്രീ. കെ. വി. സുമേഷ്: സർ, കണ്ണൂരിലെ വളരെ പ്രധാനപ്പെട്ട ഒരു ക്ഷേത്രമാണ് പള്ളിക്കുന്നിലെ ശ്രീമൂകാംബിക ക്ഷേത്രം. വിശ്വാസികൾ അതിനെ 'ദക്ഷിണ മൂകാംബിക' എന്നാണ് വിളിക്കുന്നത്. ഏതാണ്ട് 15,000 മുതൽ 25000 വരെ കുരുന്നു കുട്ടികൾ ആദ്യാക്ഷരം എഴുതാൻ വരുന്നൊരു കേന്ദ്രം കൂടിയാണ് പള്ളിക്കുന്നിലെ മൂകാംബിക ക്ഷേത്രം. പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ഈ ക്ഷേത്രത്തെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നേരത്തെ ഒരു നിവേദനം നൽകിയിരുന്നു. അത് പരിഗണിക്കാമെന്ന് സർക്കാർ മറുപടി നൽകിയതായി അതിന്റെ ഭാരവാഹികൾ പറയുകയും ചെയ്തിരുന്നു. ഒട്ടേറെ വിശ്വാസികൾ വരുന്ന വളരെ പ്രധാനപ്പെട്ട പൈതൃകമുള്ള ക്ഷേത്രമാണിത്. അതുകൊണ്ട് ആ ക്ഷേത്രത്തെ തലശ്ശേരി പൈതൃകം ടൂറിസം പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യമാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ഉന്നയിച്ച വിഷയം പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ ഓഡിറ്റോറിയം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തണമെന്ന ആവശ്യമാണ്. നൂറ് കണക്കിന് വിശ്വാസികൾ ദൈനദിനം വരുന്ന ആരാധനാലയങ്ങൾ നമ്മുടെ നാട്ടിൽ നിരവധിയുണ്ട്. അവയെ ടൂറിസവുമായി ബന്ധപ്പെടുത്തി അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പിൽഗ്രിം ടൂറിസത്തിന്റെ പ്രത്യേകതയെന്നത് ഒരു തവണ വന്നവർ തൊട്ടടുത്ത വർഷവും വരുന്നൊരു രീതിയുണ്ട്. അതുകൊണ്ട് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കും. മറ്റ് ടൂറിസം ഡെസ്റ്റിനേഷനുകളിൽനിന്ന് വ്യത്യസ്തമാണ് പിൽഗ്രിം ടൂറിസത്തിന്റെ

സാധ്യതകൾ. എല്ലാവർഷവും വരുന്ന സാധ്യതയാണിത്. പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ സരസ്വതി മണ്ഡപമുൾപ്പെടെയുള്ള ഓഡിറ്റോറിയം നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി M/s. Space Art എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിക്കൊണ്ട് അതിന്റെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ, തലശ്ശേരി പൈതൃക നഗര പദ്ധതിയിലോ അല്ലെങ്കിൽ പിൽഗ്രിം ടൂറിസം പദ്ധതിയിലോ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## (2) ദുരന്ത നിവാരണ വകുപ്പിന്റെ ഉത്തരവ്

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ദുരന്ത നിവാരണ വകുപ്പിന്റെ 4-8-2021-ലെ ജി.ഒ.(ആർ.ടി.)നമ്പർ 564/2021/ഡി.എം.ഡി. ഉത്തരവ് ഭരണഘടന ഉറപ്പുനൽകുന്ന സഞ്ചാര സ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും ഹനിക്കുന്നതാണ്. സർക്കാരിന്റെ പുതിയ ഉത്തരവനുസരിച്ച് ഒരു ഡോസ് വാക്സിനെങ്കിലും സ്വീകരിച്ച് രണ്ടാഴ്ച പൂർത്തീകരിച്ചവർക്കാണ് കടകളിൽ പോകാൻ അനുവാദമുള്ളത്. അല്ലാത്തവർ ആർ.ടി.പി.സി.ആർ. ടെസ്റ്റ് ഫലം 72 മണിക്കൂറിനുള്ളിൽ എടുത്തത് കൈവശം കരുതണം. സംസ്ഥാനത്താകെ വാക്സിൻ 41.72 ശതമാനം പേർക്കാണ് ലഭിച്ചിട്ടുള്ളത്. രണ്ട് ഡോസും ലഭിച്ചത് 17.48 ശതമാനവുമാണ്. സർക്കാരിന്റെ പുതിയ ഉത്തരവുപ്രകാരം 58 ശതമാനത്തിലധികം പേരും ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റും സംഘടിപ്പിച്ചുകൊണ്ടുവേണം ഇനി കടകളിൽ കയറാൻ. 72 മണിക്കൂറിനുള്ളിലെ ടെസ്റ്റ് ഫലമെന്ന് പറയുമ്പോൾ, തുടർച്ചയായി കടകളിൽ പോകേണ്ടിവരുന്നവർ സർക്കാരിന്റെ ഈ നിബന്ധനയനുസരിച്ച് നിരന്തരം ആർ.ടി.പി.സി.ആർ. ടെസ്റ്റിന് വിധേയരാകണമെന്നുള്ളതാണ്. വാക്സിൻ എടുത്തവർക്കും ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റുള്ളവർക്കും മാത്രമെ വീടിനുപുറത്തുപോയി ജോലി ചെയ്യാവൂ എന്ന ഉത്തരവ് നിലനിൽക്കുന്നതല്ല. മിസോറാമിലും മേഘാലയയിലും ഇപ്രകാരം ഇറക്കിയ രണ്ട് ഉത്തരവുകൾ ഗുവാഹട്ടി ഹൈക്കോടതിയും മേഘാലയ ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന തുല്യത, ജോലി ചെയ്യാനുള്ള അവകാശം, ജീവിക്കാനുള്ള അവകാശം എന്നിവയുടെ ലംഘനമാണിതെന്ന് ഈ ഹൈക്കോടതികൾ നിരീക്ഷിച്ചിട്ടുണ്ട്. വാക്സിനേറ്റഡ്, നോൺ വാക്സിനേറ്റഡ് എന്നീ രീതിയിൽ പൗരസമൂഹത്തെ വിഭജിക്കുന്നതിനെ കോടതി വിമർശിച്ചു. ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി മേഘാലയ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പ്രസ്തുത ഉത്തരവിനെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗുവാഹട്ടി ഹൈക്കോടതി ജസ്റ്റിസുമാരായ Justice

Michael Zothankhuma, Justice Nelson Sailo എന്നിവരാണ് ഈ ഉത്തരവ് ഏകപക്ഷീയവും ഭരണഘടനയുടെ ആർട്ടിക്കിൾ 14, 19, 21 എന്നിവയുടെ ലംഘനവുമാണെന്ന് വിലയിരുത്തിയത്. ഈ ഉത്തരവിൽ വന്നിട്ടുള്ള അപാകതകൾ അങ്ങ് പരിശോധിക്കണം. ജനങ്ങൾക്കുകൂടി ഉൾക്കൊള്ളാൻ കഴിയത്തക്കവിധം അതേസമയം ഭരണഘടനാ വിധേയമായി ഉത്തരവുകൾ തിരുത്തുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കണമെന്നാണ് എന്റെ അഭിപ്രായം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഈ സബ്മിഷനിൽ, അദ്ദേഹം ഇവിടെ ഉദ്ധരിച്ച ഗുവാഹട്ടി കോടതി വിധിയെ തെറ്റായി കരുതിയതാകുമെന്നാണ് എന്റെ ധാരണ. കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവന്നിട്ടുണ്ട്. മൂന്നാം തരംഗത്തിലേയ്ക്ക് സംസ്ഥാനം പോകാതിരിക്കാനുള്ള ജാഗ്രുകമായ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. വേഗത്തിലുള്ള വാക്സിനേഷൻ നടപടികൾ, സാമൂഹിക അകലം ഉറപ്പാക്കൽ, രോഗികളെയും രോഗം സംശയിക്കുന്നവരെയും ക്വാറന്റൈൻ ചെയ്യിക്കൽ തുടങ്ങി ഒട്ടനവധി നടപടികൾ സർക്കാർ ഇതിനായി സ്വീകരിക്കുന്നുണ്ട്. സാമൂഹിക അകലം ഉറപ്പാക്കാനും ആളുകൾ കൂട്ടം കൂടുന്നത് തടയാനും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒട്ടനവധി നിയന്ത്രണങ്ങൾ ഈ കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം തരംഗം രൂക്ഷമാകുന്നുവെന്ന് കണ്ടതിനെതുടർന്ന് മേയ് മാസം 8-ാം തീയതി മുതൽ സംസ്ഥാനത്ത് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇത്തരം നിയന്ത്രണ ങ്ങൾവഴി രണ്ടാംതരംഗത്തെ നിയന്ത്രണവിധേയമാക്കാനും ആശുപത്രികളിൽ ചികിത്സ കിട്ടാത്ത സാഹചര്യം ഒഴിവാക്കാനും അതുവഴി മരണനിരക്ക് ഗണ്യമായി കുറയ്ക്കാനും കഴിഞ്ഞു. ജീവസന്ധാരണം ഉറപ്പാക്കിക്കൊണ്ടുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ സമൂഹത്തിൽ നടക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്നുള്ളതു കൊണ്ടാണ് ഇതുവരെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് ആഗസ്റ്റ് 5 മുതൽ വ്യത്യാസം വരുത്തി പരിഷ്കരിച്ച നിയന്ത്രണ മാർഗ്ഗരേഖകൾ ജി.ഒ.(ആർ.ടി.) 564/21/ഡി.എം.ഡി. ഉത്തരവുപ്രകാരം പുറപ്പെടുവിച്ചത്. സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളും ആരോഗ്യ വിദഗ്ദ്ധ സമിതിയുമായും കൂടിയാലോ ചിച്ചശേഷമാണ് ഭരണഘടനയ്ക്കനുസൃതമായി മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുള്ളത്. സബ്മിഷനിൽ സൂചിപ്പിച്ച രണ്ട് കോടതി വിധികളും വ്യത്യസ്ത സാഹചര്യങ്ങ ളിലുണ്ടായിട്ടുള്ളവയാണ്. സാഹചര്യംകൂടി മനസ്സിലാക്കി കോടതി വിധികളെ നമ്മൾ ഉൾക്കൊള്ളണം. രണ്ട് വിധികളും പുറപ്പെടുവിച്ചിട്ടുള്ളത് ഗുവാഹട്ടി ഹൈക്കോടതിതന്നെയാണ്. മിസോറാം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ വാക്സിൻ സ്വീകരിക്കാത്ത ജനങ്ങൾ വീടിന് പുറത്തിറങ്ങരുതെന്നും വാക്സിൻ എടുത്തവർ മാത്രമേ കച്ചവട സ്ഥാപനങ്ങൾ നടത്താനും അവിടെ ജോലിചെയ്യാനും

പാട്ടുള്ളൂവെന്നും വാക്സിനേഷൻ എടുത്ത കണ്ടക്ടറും ഡ്രൈവറും മാത്രമേ പൊതുഗതാഗത സംവിധാനത്തിൽ ഏർപ്പെടാൻ പാട്ടുള്ളൂവെന്നും നിഷ്കർഷിച്ചതിനേയും അരുണാചൽപ്രദേശ് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ, സ്വകാര്യ-പൊതു മേഖലകളിൽ പണിയെടുക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കിയതിനേയുമാണ് ഗുവാഹട്ടി ഹൈക്കോടതി റദ്ദാക്കിയത്. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ നിയന്ത്രണങ്ങളിൽ അത്തരം നിഷ്കർഷകൾക്കുപകരം എല്ലാവർക്കും ജീവനോപാധി ഉറപ്പാക്കുന്ന ഉപാധികളാണുള്ളത്. ജീവനോപാധി തേടിപ്പോകുന്നവർക്കും കാർഷികവൃത്തിയിലേർപ്പെടുന്നവർക്കും യാതൊരു നിയന്ത്രണവും യഥാർത്ഥത്തിൽ ഏർപ്പെടുത്തിയിട്ടില്ല. ജി.ഒ.(ആർ.ടി)നമ്പർ 564/21-ലെ ഖണ്ഡിക രണ്ടിലും നാലിലുമാണ് വാക്സിനേഷൻ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഖണ്ഡിക രണ്ടിൽ, കടകളും ടൂറിസം സെന്ററുകളും മറ്റിതര സ്ഥാപനങ്ങളും വാക്സിനേഷനെടുത്ത ജീവനക്കാരുടെ വിവരം പ്രസിദ്ധപ്പെടുത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വാക്സിനേഷനെടുക്കാത്തവർ ജോലി ചെയ്യേണ്ടതില്ലെന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. പൊതുസമൂഹത്തിൽ ആത്മവിശ്വാസം സൃഷ്ടിക്കുകയെന്നതുദ്ദേശിച്ചാണ് ഇപ്രകാരം പറഞ്ഞിട്ടുള്ളത്. ഇവിടെ വാക്സിനേഷൻ മാത്രമല്ല നിയന്ത്രണങ്ങൾക്ക് മാനദണ്ഡമായിട്ടുള്ളത്. എന്നാൽ മിസോറാം, അരുണാചൽപ്രദേശ് സർക്കാരുകളുടെ ഉത്തരവുകളിൽ വാക്സിനേഷൻ മാത്രമാണ് മാനദണ്ഡമാക്കിയിട്ടുള്ളത്. അങ്ങിവിടെ പറഞ്ഞ കോടതിവിധിയിൽ രണ്ട് സർക്കാരുകളും ഉന്നയിക്കപ്പെട്ടിട്ടുള്ളത് മൂന്ന് കാര്യങ്ങളാണ്. ഒന്നാമതായി ആളുകൾ പുറത്തിറങ്ങുന്നതിനെക്കുറിച്ച് പറഞ്ഞത് ' Persons going outside shall mandatory cover their faces. In case of compelling circumstances, only vaccinated individuals....' എന്നാണ്. രണ്ടാമതായി ജോലി ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞത് ' Only vaccinated individual should be engaged for manning shops and stores or undertaking any works...' എന്നാണ്. മൂന്നാമതായി വാഹനമോടിക്കുന്നവരെക്കുറിച്ച് പറഞ്ഞത്, ' Only drivers and conductors who had been vaccinated should be allowed to operate public transports' എന്നാണ്. ഈ സാഹചര്യത്തിലാണ് മേൽപ്പറഞ്ഞ സംസ്ഥാനങ്ങൾ പുറപ്പെടുവിച്ച ഉത്തരവുകൾ കോടതി റദ്ദാക്കിയത്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഇവിടത്തെ ഉത്തരവിലെ ഖണ്ഡിക 4-ൽ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഒരു ഡോസ് വാക്സിനേഷൻ സ്വീകരിച്ചവരോ ആർ.ടി.പി.സി.ആർ. സർട്ടിഫിക്കറ്റ് കൈവശമുള്ളവരോ ഒരു മാസത്തിനുമുൻപ് കോവിഡ് രോഗം വന്ന് ഭേദമായവരോ ആണെങ്കിൽ അവർക്ക് കടകളിലും പൊതുസ്ഥലങ്ങളിലും ബാങ്കുകളിലും മറ്റ് ജോലിക്കായും സന്ദർശകരായും പ്രവേശനം ഉറപ്പാക്കിയിട്ടുണ്ട്. അത്തരത്തിൽ അല്ലാത്തയാളുകൾക്കും കോവിഡ്-19 പരിശോധന, മെഡിക്കൽ എമർജൻസി, മരുന്നുകൾ വാങ്ങൽ, ബന്ധുക്കളുടെ മരണം, അടുത്ത ബന്ധുക്കളുടെ വിവാഹം, പരീക്ഷകൾ തുടങ്ങിയ അത്യാവശ്യ

കാര്യങ്ങൾക്ക് ബസ്, ട്രെയിൻ, കപ്പൽ എന്നിവ മുഖേനയുള്ള പ്രാദേശിക യാത്രകൾ നടത്തുന്നതിന് അതേ ഉത്തരവിലെതന്നെ ഖണ്ഡിക അഞ്ചിലൂടെ അനുമതിയുണ്ട്. മരുന്നു വാങ്ങൽ അടക്കമുള്ള അത്യാവശ്യ കാര്യങ്ങൾക്കുപോലും വാക്സിനെടുക്കാത്തവരെ അനുവദിക്കാത്ത മിസോറാം ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നിയന്ത്രണങ്ങളാണ് ബഹുമാനപ്പെട്ട കോടതി എടുത്തുപറഞ്ഞ് വിമർശിച്ചതെന്ന കാര്യം അങ്ങ് പ്രത്യേകം ഓർമ്മിക്കുമല്ലോ. പൊതുസമൂഹത്തിന്റെ അവകാശങ്ങൾ തടയുന്ന യാതൊന്നുംതന്നെ സർക്കാർ പുറപ്പെടുവിച്ച, നേരത്തേ ഉദ്ധരിക്കപ്പെട്ട ഉത്തരവിലില്ല. മേൽ ഉത്തരവ് പൊതുനന്മ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണെന്നും ഇവിടെ ഊന്നിപ്പറയുന്നു. അതുകൊണ്ട് ഇതിൽ ഭരണഘടനാ വിരുദ്ധമായ യാതൊരു പരാമർശവുമില്ല.

## (3) ആറ്റപ്പിള്ളി റഗുലേറ്റർ - കം - ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയ്ക്ക് കുറുകെ ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം ആരംഭിച്ചിട്ട് പതിമൂന്ന് വർഷമായെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിലെ അപാകതകൾ കാരണം റോഡിൽ വലിയ ഗർത്തങ്ങൾ രൂപപ്പെട്ട് അവിടെ ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. 2008-ൽ ആരംഭിച്ച ഈ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലും അതിന്റെ ഭാഗമായ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലും വീഴ്ചകളുണ്ടായി എന്നാണ് പ്രാഥമിക പരിശോധനയിൽ കാണാൻ കഴിയുന്നത്. ഇതിന്റെ ഭാഗമായി സമഗ്രമായ പരിശോധനയും അന്വേഷണവും നടക്കേണ്ടതുണ്ട്. അപാകതകളുണ്ടെങ്കിൽ അത് പരിഹരിച്ച് റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനാവശ്യമായ നടപടികളു ണ്ടാകണം. വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 2008-ൽ നിർമ്മാണം ആരംഭിച്ച ബ്രിഡ്ജിന്റെ പ്രധാന ഭാഗങ്ങളിൽ നിർമ്മിക്കേണ്ട ഏപ്രൺ ഇതുവരെയും നിർമ്മിച്ചിട്ടില്ല. അതിന്റെ ഫലമായി പുഴയോരഭാഗങ്ങളിലൂടെയും അടിത്തട്ടുകളിലൂടെയും മണ്ണ് ഊർന്നുപോയി വലിയ ഗർത്തങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2018-ലെയും 2019-ലെയും പ്രളയ കാലത്തുണ്ടായ വലിയ കുത്തൊഴുക്കുകൾകൂടി കണക്കിലെടുത്ത് അടിയന്തരമായി സുരക്ഷാസംവിധാനങ്ങളൊരുക്കി ഈ അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കാനുള്ള അടിയന്തര നടപടികളുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, തൃശ്ശൂർ ജില്ലയിലെ ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നബാർഡ് സഹായത്തോടെ 2008-ൽ ആരംഭിച്ചു വെങ്കിലും പാലത്തിന്റെ പണികൾ പൂർത്തീകരിച്ചതിനുശേഷം ഏപ്രണടക്കമുള്ള മറ്റു ജോലികൾ പുരോഗമിക്കുന്നതിനിടെ 2014-ൽ നബാർഡ് സഹായത്തിന്റെ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് മുടങ്ങിപ്പോയിരുന്നു. 2015-ൽ പ്രസ്തുത പ്രവൃത്തി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് കൈമാറുകയും തുടർന്ന് പൂർത്തീകരിക്കേണ്ട മറ്റു പ്രവൃത്തികളായ റഗുലേറ്റർ വിയറുകൾ, ഷട്ടറുകൾ, ഇടതു-വലതു കരകളുടെ സംരക്ഷണ ഭിത്തികൾ, ഡൗൺസ്ട്രീം, അപ്സ്ട്രീം ഏപ്രണുകൾ, അപ്രോച്ച് റോഡ് എന്നിവ പൂർത്തീകരിക്കാനായി 7 കോടി രൂപയുടെ ഭരണാനുമതിയോടെ സർക്കാർ പദ്ധതി വിഹിതത്തിൽപ്പെടുത്തി 3-10-2016-ൽ പണികൾ ആരംഭിക്കുകയും 31-5-2019-ൽ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. ഡൗൺസ്ട്രീം ഏപ്രൺ, അപ്സ്ട്രീം ലൂസ് ഏപ്രൺ, അപ്രോച്ച് റോഡിലെ കാന നിർമ്മാണം എന്നിവ ഒഴിച്ച് എല്ലാ ഇനങ്ങളും പൂർത്തീകരിച്ചു.

ഏപ്രൺ നിർമ്മാണത്തിനായി റിംഗ് ബണ്ടിന്റെ നിർമ്മാണവും ഡിവാട്ടറിംഗും പുരോഗമിക്കുന്നതിനിടെ മറ്റത്തൂർ ഭാഗത്തെ രണ്ടാമത്തെ വിയറിനിടയിൽക്കൂടി ഒരിടത്ത് ചോർച്ചയുള്ളതായി കണ്ടെത്തി. ആയതിനാൽ 10-6-2019-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ മേൽപ്രവൃത്തിയുടെ കരാറിൽ നിന്നും കരാറുകാരനെ നഷ്ടോത്തരവാദിത്വമില്ലാതെ റദ്ദ് ചെയ്യുകയും ചെയ്തു. ഇപ്പോൾ മറ്റത്തൂർ ഭാഗത്ത് അപ്രോച്ച് റോഡിൽനിന്നും മണ്ണ് ഊർന്നുപോയി റോഡിൽ ഗർത്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. 4-6-2021-ൽ റോഡിന്റെ നടുക്ക് കുഴി രൂപപ്പെടുകയും അതിനാൽ ഗതാഗതം തടയുകയും Quarry Waste ഉപയോഗിച്ച് ഗർത്തങ്ങൾ നിറച്ചതിനുശേഷം ടു വീലർ, ത്രീ വീലർ എന്നിവയ്ക്കായി റോഡ് തുറന്നു കൊടുക്കുകയും ചെയ്തിരുന്നു. അതിനുശേഷം 25-6-2021-ൽ മണ്ണിടിഞ്ഞ് ഗർത്തം രൂപപ്പെടുകയും ചെയ്തു. ഇപ്പോൾ വീണ്ടും 24-7-2021-ന് റോഡ് ഇടിയാൻ തുടങ്ങിയിരിക്കുന്നു. ആയതിന്റെയടിസ്ഥാനത്തിൽ ഇതുവഴിയുള്ള ഗതാഗതം പൂർണ്ണമായി നിർത്തി വച്ചിരിക്കുകയാണ്. ഡൗൺസ്ട്രീം ഏപ്രൺ നിർമ്മിക്കാത്തതുമൂലം നിലവിൽ അപ്സ്ട്രീം ഏപ്രണും കേടുപാടുകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മറ്റത്തൂർ ഭാഗത്തെ abutment-ന്റെ അടിയിലുള്ള പൈൽ ഫൗണ്ടേഷനുകളിലൂടെ ജലത്തിന്റെ ഒഴുക്കുള്ളതായി കാണുന്നുണ്ട്. ഇത് തടയാനായി മണൽചാക്കും ഇരുമ്പ് ഗ്രില്ലും ഉപയോഗിച്ച് താല്ക്കാലിക തടസ്സം സൃഷ്ടിച്ചെങ്കിലും അതും വിജയം കണ്ടില്ല. തുടർന്ന് റോഡ് പൂർണ്ണമായി പുതുക്കി പണിയാനും ഇടതുഭാഗത്തെ ഭിത്തികൾക്ക് സംരക്ഷണം നൽകുവാനുമായി 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കുറുമാലി പുഴയുടെ

പ്രത്യേകതമൂലം, നവംബർ, ഡിസംബർ മാസങ്ങളിൽ മാത്രമേ ജലത്തിന്റെ ഒഴുക്ക് നിയന്ത്രിച്ച് ഈ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ അവസ്ഥയിൽ റോഡിൽ ഇനിയും മണ്ണ് ഊർന്നുപോകാൻ സാധ്യതയുള്ളതിനാൽ ഗതാഗതം അനുവദിക്കുക ബുദ്ധിമുട്ടായിരിക്കും.

6-1-2020-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി 2014-ൽ ഒഴിവാക്കിയ പ്രവൃത്തിയുമായി ബന്ധപ്പെട്ട പോരായ്മകളും പിയറുകൾക്കിടയിലുള്ള ലീക്കേജിനുള്ള കാരണവും കണ്ടു പിടിക്കുന്നതിനാവശ്യമായ പര്യവേഷണ പ്രവൃത്തികൾ ചെയ്യുവാനായി പീച്ചിയിലെ Kerala Engineering Research Institute (KERI) ഡയറക്ടറെ ചുമതലപ്പെടു ത്തിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഏപ്രൺ കോൺക്രീറ്റിന്റെ കനവും ഉണ നിലവാരവും പരിശോധിക്കുന്നതിനുള്ള 4.60 ലക്ഷം രൂപയുടെ പര്യവേഷണ പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പര്യവേഷണ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ KERI ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും അപാകത കളുണ്ടോയെന്ന് അറിയുവാനും അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുവാനും കഴിയുകയുള്ളൂ. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട് എന്നതിനാൽ ടെക്നിക്കൽ കമ്മിറ്റി വിളിച്ചു ചേർത്ത് ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. 2008-ൽ ആരംഭിച്ച ഒരു പ്രവൃത്തിയുടെ പണി ഇത്രയും കാലമായിട്ടും പൂർത്തീകരിക്കുവാനോ ഉപകരിക്കപ്പെടാനോ സാധിക്കുന്നില്ല എന്നത് ഗൗരവപൂർവ്വമായിട്ടാണ് കാണുന്നത്. ഇതിന്റെ ഓരോ നാൾവഴികളും കൃത്യമായി അന്വേഷിക്കും. പോരായ്മകളെക്കുറിച്ച് പഠിക്കും. അത് പ്രയോജനകരമാക്കി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനാ വശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

## (4) കടക്കാട്ടുപാറ റഗുലേറ്റർ നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കടക്കാട്ടുപാറ റഗുലേറ്റർ പദ്ധതി, മണ്ണട്ടാംപാറ അണക്കെട്ടിന്റെ കൈവരി നിർമ്മാണം എന്നിവ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്ന് പഞ്ചായത്തിലും തൊട്ടടുത്ത പഞ്ചായത്തുകളിലുമുള്ള ധാരാളം കർഷകരുടെ കൃഷിയിടങ്ങളിലേയ്ക്ക് കടലുണ്ടിപ്പുഴവഴി ഉപ്പുവെള്ളം കയറി കൃഷിയിടങ്ങളും മറ്റും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കർഷകരുടേയും മറ്റ് പ്രദേശവാസികളുടേയും പ്രധാന ജലസ്രോതസ്സായ കടലുണ്ടിപ്പുഴയിലേയ്ക്ക് ഉപ്പുവെള്ളം

കയറാതിരിക്കാൻ കടലുണ്ടിപ്പുഴയിൽ ഒരു റഗുലേറ്റർ പദ്ധതി നടപ്പാക്കുന്നതിന് കിഫ്ബിയിൽനിന്നും തത്വത്തിൽ 36 കോടി രൂപയുടെ ഭരണാനുമതി 2017-ൽ ലഭിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട പദ്ധതിക്കായി ആദ്യം സ്ഥലം കണ്ടെത്തിയ ഇരുമ്പോത്തിങ്ങൽ പദ്ധതിക്കിണങ്ങിയ സ്ഥലമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വള്ളിക്കുന്ന് പഞ്ചായത്തിനേയും തേഞ്ഞിപ്പാലം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കടക്കാട്ടുപാറയിൽ റഗുലേറ്റർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിരുന്നു. അവിടെ മണ്ണ് പരിശോധന നടത്തുകയും തുടർന്ന് IDRB-ക്ക് ഡിസൈനിംഗിനായി നൽകുകയും ചെയ്തു. മാസങ്ങൾ കഴിഞ്ഞിട്ടും പദ്ധതി അനന്തമായി നീണ്ടുപോകുകയാണ്. ആയതിനാൽ കടക്കാട്ടുപാറയിൽ റഗുലേറ്റർ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം കടലുണ്ടിപ്പുഴയിൽ മണ്ണട്ടാംപാറ അണക്കെട്ടിന്റെ കൈവരി കാലപ്പഴക്കംകൊണ്ട് മാസങ്ങളായി തകർന്നുകിടക്കുകയാണ്. അപകടകരമായ അവസ്ഥയാണ് അവിടെ നിലവിലുള്ളത്. ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൂടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വള്ളിക്കുന്ന്, തേഞ്ഞിപ്പാലം പഞ്ചായത്തുകളിലായി കടലുണ്ടിപുഴയ്ക്ക് കുറുകെ ഇരുമ്പോത്തിങ്ങലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി നടത്തിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും വിശദാംശങ്ങളും പഠനത്തിന് വിധേയമാക്കിയപ്പോൾ പുഴയുടെ കരകളുടെ ഉയരമില്ലായ്മയും പാലത്തിന് കൂടുതൽ ഉയരം വേണ്ടതിനാലും അപ്രോച്ച് റോഡിനും ആനുപാതികമായ ഉയരം വേണമെന്നത് കാരണം പദ്ധതി പ്രായോഗികമല്ലെന്ന് IDRB (Irrigation Design & Research Board) കണ്ടെത്തിയിരുന്നു. തുടർന്ന് ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറും ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറും സംയുക്തമായി സ്ഥല പരിശോധന നടത്തുകയും ഒലിപ്പുറം കടവ് പാലത്തിന് മുകൾഭാഗത്ത് എം.എൽ.എ. സൂചിപ്പിച്ച കടക്കാട്ടുപാറയിൽ ഒരു റെഗുലേറ്റർ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇവിടെ റെഗുലേറ്റർ നിർമ്മിക്കുന്നതിനു വേണ്ടി ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ ഇൻവസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിക്കുകയും തുടർന്ന് ഐ.ഡി.ആർ.ബി. അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരികയുമാണ്. ഐ.ഡി.ആർ.ബി.-യിൽനിന്ന് ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് പരിശോധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. കാലതാമസം ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

രണ്ടാമത്തെ വിഷയം, മലപ്പുറം ജില്ലയിലെ മൂന്നിയൂർ-വള്ളിക്കുന്ന് പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കടലുണ്ടിപുഴയ്ക്ക് കുറുകെ 1958-ൽ നിർമ്മിച്ചിട്ടുള്ളതാണ് മണ്ണട്ടാംപാറ അണക്കെട്ട്. മൂന്നിയൂർ-വള്ളിക്കുന്ന് പഞ്ചായത്തുകളിലായി താമസിക്കുന്ന

കുടുംബങ്ങളും പരിസരവാസികളും മണ്ണട്ടാംപാറ അണക്കെട്ടിന്റെ ഭാഗമായി എൺപത് മീറ്റർ നീളത്തിലുള്ള നടപ്പാലം കാൽനടയ്ക്കായി സ്ഥിരമായി ഉപയോഗിച്ചുവന്നിരുന്നു. കാലപ്പഴക്കംമൂലവും ഉപ്പുവെള്ള അന്തരീക്ഷത്താലും കോൺക്രീറ്റ് നടപ്പാലം ദ്രവിച്ച് വിള്ളൽ വീഴുകയും തുടർന്ന് നടപ്പാതയുടെ ഒരു മീറ്റർ ഉയരത്തിൽ ഇഷ്ടിക കൊണ്ടുനിർമ്മിച്ച കൈവരി പതിനേഴ് മീറ്ററോളം നീളത്തിൽ കോൺക്രീറ്റ് സ്ലാബ് ഉൾപ്പെടെ തകർന്ന് വീഴുകയും ചെയ്തതിനാൽ കാൽനടയാത്ര തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത നടപ്പാതയുടെ രണ്ട് കിലോമീറ്റർ താഴെയും മുകളിലുമായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെയാണ് പാലങ്ങളുള്ളത്. ആയതിനാൽ പതിനേഴുമീറ്റർ നീളത്തിൽ പുതിയ നടപ്പാത നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പതിനേഴുമീറ്റർ നീളത്തിൽ പുതിയ നടപ്പാത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിനാൽ ഒരു റീ-യൂസ്ഡ് സ്റ്റീൽ ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് സാമ്പത്തികവും സാങ്കേതികവുമായ സാധ്യത മനസ്സിലാക്കിയതിനുശേഷം തീരുമാനമെടുക്കുന്നതാണ്. അതിന്റെയടിസ്ഥാനത്തിൽ അവിടെ എം.എൽ.എ. പറഞ്ഞ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

## (5) എൻ.ടി.സി. മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കൽ

ശ്രീ. പി. നന്ദകുമാർ: സർ, എൻ.ടി.സി. മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ നാല് മില്ലുകളായ വിജയമോഹിനി മിൽസ് തിരുവനന്തപുരം, കേരളാ ലക്ഷ്മി മിൽസ് തൃശ്ശൂർ, അളഗപ്പ മിൽസ് തൃശ്ശൂർ, സ്പിന്നിംഗ് & വീവിംഗ് മിൽസ് കണ്ണൂർ എന്നിവ 2020 മാർച്ച് 24 മുതൽ പൂട്ടിക്കിടക്കുകയാണ്. 1075 സ്ഥിരവും 1240 സ്ഥിരമല്ലാത്തതുമായ തൊഴിലാളികളടക്കം 2315 തൊഴിലാളി കുടുംബങ്ങൾ ഇതോടെ തെരുവാധാരമായിക്കുകയാണ്. 1971-ൽ മീനാക്ഷി ഗ്രൂപ്പിൽ നിന്നും സംസ്ഥാന ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത ഈ സ്ഥാപനം 1974-ലാണ് എൻ.ടി.സി.-യെ ഏൽപ്പിച്ചത്. കഴിഞ്ഞ ആറ് വർഷത്തിനകം മോഡേണൈസേഷൻ നടത്തി നല്ലരീതിയിൽ ഉല്പാദനം നടത്തുന്ന സ്ഥാപനമാണിത്. സംസ്ഥാനത്തുള്ള എല്ലാ മില്ലുകളും ലാഭകരമായി പ്രവർത്തിക്കുന്ന അവസരത്തിലാണ് കോവിഡ് മഹാമാരിയുടെ കാലത്ത് എൻ.ടി.സി. മില്ലുകളൊക്കെ പൂട്ടിയത്. പട്ടണത്തിന്റെ ഹൃദയഭാഗത്തുതന്നെ 115 ഏക്കർ വരുന്ന ഭൂമി എൻ.ടി.സി. ഇപ്പോൾ വിൽപ്പനയ്ക്ക് ശ്രമിക്കുകയാണ്. അതിനാവശ്യമായ രീതിയിലേയ്ക്ക് ഭൂമി തിട്ടപ്പെടുത്തുന്ന പ്രവർത്തനമാണ് നടക്കുന്നത്. തൊഴിലാളികൾ എല്ലാം കൂട്ടമായി ആ പ്രവർത്തനം തടഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സ്ഥിരം തൊഴിലാളികൾക്ക് മാത്രമാണ് പട്ടിണിക്കൂലി അതായത് മൂന്നിലൊന്ന് കൂലികൊടുക്കുന്നത്. ബാക്കിയുള്ള തൊഴിലാ

ളികൾക്ക് ഒന്നും കൊടുക്കുന്നില്ല. തൃശ്ശൂരിലെ ഒരു തൊഴിലാളി ആത്മഹത്യ ചെയ്തു. ഈ വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണം. മില്ലുകൾ തുറന്നുപ്രവർത്തിപ്പിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. ഈ ഭൂമി സംസ്ഥാന സർക്കാരിനുംകൂടി ബന്ധപ്പെട്ടതാണ്. ഇത് സംബന്ധിച്ചുള്ള ചില നടപടികൾ ഇപ്പോഴും നടക്കുന്നുണ്ട്. സർക്കാർ ഇടപെട്ടുകൊണ്ട് ഈ മില്ലുകൾ തുറന്നുപ്രവർത്തിപ്പിച്ച് തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും ഈ വ്യവസായത്തെയും സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പംതന്നെ പാവപ്പെട്ട തൊഴിലാളി കൾക്ക് ഈ അവസരത്തിൽ കഴിയുന്ന സഹായം ചെയ്തുകൊണ്ട് പട്ടിണിയിൽനിന്ന് അവരെ സംരക്ഷിക്കാനാവശ്യമായ നടപടിയും ഗവൺമെന്റ് സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കോവിഡ് 19 വ്യാപനത്തെത്തുടർന്ന് അടച്ചിട്ട എൻ.ടി.സി. മില്ലുകൾ ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുവന്നപ്പോൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുസംബന്ധിച്ച് സംസ്ഥാന സർക്കാർ കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും തുറന്നു പ്രവർത്തിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ ലോക്ഡൗൺ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കു കയുണ്ടായി. എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കാത്തതു കാരണം ഈ മില്ലുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന കഷ്ടപ്പാടുകളും സാമ്പത്തിക പ്രതിസന്ധിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ അധീനത യിലുള്ള എൻ.ടി.സി.-യുടെ കീഴിൽ വരുന്ന തിരുവനന്തപുരം വിജയമോഹിനി മിൽസ്, തൃശ്ശൂർ കേരളാ ലക്ഷ്മി മിൽസ്, തൃശ്ശൂർ അളഗപ്പ മിൽസ്, മാഹി സി. എസ്. & ഡബ്ല്യൂ. മിൽസ്, കണ്ണൂർ സി.എസ്. & ഡബ്ല്യൂ. മിൽസ് തുടങ്ങിയവ തുറന്നു പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകളും സർക്കാരിന് നിവേദനം നൽകിയിരുന്നു. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിൽവരുന്ന മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ എൻ.ടി.സി. മില്ലുകളും സത്വരം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

### (6) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വേമ്പനാട്ട് കായലിലേയ്ക്ക് പായൽ തള്ളിവിടുന്നതുമൂലം തണ്ണീർമുക്കം ബണ്ട് മുതൽ വടക്കോട്ട് വൈക്കം, ചേർത്തല, കണയന്നൂർ, കൊച്ചി താലൂക്കിൽപ്പെട്ട പ്രദേശങ്ങളിൽ ആയിരക്കണക്കിന്

മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ മത്സ്യബന്ധനം അസാധ്യമായി ത്തീർന്നിരിക്കുകയാണ്. അവരുടെ ഊന്നിവലകൾ, ചീനവലകൾ, ഒഴുക്കുവലകൾ എന്നിവ നശിക്കുന്നതുമൂലം തൊഴിൽ ചെയ്യാനാകാതെ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഓരോ വർഷങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പായൽ ഉറവിട ങ്ങളിൽനിന്ന് നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനുമുള്ള നടപടി ഗവൺമെന്റ് ആലോചിക്കണം. കായലുകളിൽ പായൽ വ്യാപിക്കുന്നതുമൂലം സൂര്യപ്രകാശം ലഭിക്കാതെ മത്സ്യസമ്പത്തിന്റെ പ്രജനനം അസാധ്യമാകുകയാണ്. ഉൾനാടൻ മത്സ്യത്തൊഴിലാളി മേഖലയിൽ വലിയ പ്രതിസന്ധി അനുഭവപ്പെടുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 4,500 രൂപ ഒരുമിച്ച് നൽകേണ്ടതാണ്. ഇപ്പോൾ 1,500 രൂപ ആണ് നൽകിയിട്ടുള്ളത്. ലൈഫ് പദ്ധതി വന്നതോടുകൂടി ഉൾനാടൻ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ ലഭിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 'തണൽ' പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന് 50,000 രൂപ നൽകിയിരുന്നു, ടോയ്‌ലറ്റിന് 17,500 രൂപ ഗ്രാന്റും നൽകിയിരുന്നു. ഇതെല്ലാം നിർത്തലാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ പദ്ധതികളെല്ലാം പുനഃസ്ഥാപിക്കണമെന്നും ഉൾനാടൻ മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു പാക്കേജ് പ്രഖ്യാപിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു എം.എൽ.എ. ഒരുപാട് കാര്യങ്ങളാണ് ഒന്നിച്ച് സബ്മിഷനായി ഉന്നയിച്ചിരിക്കുന്നത്. അതിൽ ഒരു കാര്യം സമ്പാദ്യ സമാശ്വാസ പദ്ധതി സംബന്ധിച്ചാണ്. സംസ്ഥാനത്ത് കേന്ദ്ര ധന സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണത്. ഗുണഭോക്താക്കളിൽനിന്ന് പരമാവധി 1,500 രൂപ ഗഡുക്കളായി ശേഖരിക്കുകയും സംസ്ഥാന, കേന്ദ്ര സർക്കാർ വിഹിതമായ 1,500 രൂപവീതവും ചേർത്ത് 4,500 രൂപ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ മൂന്ന് ഗഡുക്കളായി അനുവദിക്കുകയും ചെയ്യുന്ന പദ്ധതിയാണ്. കഴിഞ്ഞ ദിവസം വളരെ വിശദമായി മറുപടി പറഞ്ഞതുകൊണ്ട് വിശദാംശ ങ്ങളിലേയ്ക്ക് പോകുന്നില്ല. രണ്ട് വർഷമായി ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്നില്ല. 2021-22 സാമ്പത്തിക വർഷം ഏതാണ്ട് 179376 ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട 25.51 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. പക്ഷെ അതിന് മറുപടി കിട്ടിയില്ലെന്നുമാത്രമല്ല നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം 179000-ൽനിന്ന് 40000 ആയി ലിമിറ്റ് ചെയ്യാനുള്ള നിർദ്ദേശം വന്നിരിക്കുകയാണ്. 98.26 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കാനുണ്ട്. എങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി സമ്പാദ്യ സമാശ്വാസ പദ്ധതി ഇപ്പോൾ നടക്കുന്നുണ്ട്. പക്ഷെ ദീർഘകാലത്തേയ്ക്ക് ആ പദ്ധതി മുന്നോട്ടു കൊണ്ടുപോകാനുള്ള പ്രയാസങ്ങൾ അങ്ങ്

മനസ്സിലാക്കണം. രണ്ടാമതായി അങ്ങ് പറഞ്ഞ കാര്യം ഭവന പദ്ധതി സംബന്ധിച്ചാണ്. 2010-ൽ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് മുഖാന്തരം നടത്തിയ സർവ്വേ പ്രകാരം 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16,359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12,850 കുടുംബങ്ങൾ ഭൂരഹിത-ഭവനരഹിതരുമാണ്. 2011 മുതൽ ഇതുവരെ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വിവിധ പദ്ധതികളിലായി 19,158 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വകുപ്പിന്റെ ഭൂരഹിത-ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം 1854 പേരെ പരിഗണിച്ചതിൽ 1418 പേർ സ്ഥലം രജിസ്റ്റർ ചെയ്തു. 1119 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ലൈഫ് മിഷനാണ് ഇപ്പോൾ എല്ലാ ഭവനനിർമ്മാണ പദ്ധതിയും നിർവ്വഹിക്കുന്നത്. 'പുനർഗേഹം' പദ്ധതി വഴി മത്സ്യത്തൊഴിലാളികളെ പ്രത്യേകമായി സഹായിക്കുന്നുണ്ട്. അക്കാര്യം ഞാൻ വിശദീകരിച്ചതാണ്. ആ വിധത്തിൽ കണ്ടെത്തിയ 2011 ഭവനരഹിതരിൽ 1161 പേർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണവും അതുപോലെ 374 ഭൂരഹിത-ഭവനരഹിതർക്കുവേണ്ടിയുള്ള ഭൂമി അനുവദിച്ച് നൽകിയുള്ള സ്കീമും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ ലിസ്റ്റ് ഫിഷറീസ് വകുപ്പുതന്നെ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏൽപ്പിച്ചിട്ടുണ്ട്.

'തണൽ' പദ്ധതിയാണ് അങ്ങ് പറഞ്ഞ മൂന്നാമത്തെ കാര്യം. കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതിയിലെ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതിയാണ് തണൽ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> മിനിസ്റ്റർ... നേരത്തെ അങ്ങേയ്ക്ക് എഴുതിത്തന്നതിന് മാത്രം മറുപടി പറഞ്ഞാൽ മതി.

<u>ശ്രീ. സജി ചെറിയാൻ:</u> സർ, ഞാൻ പോയിന്റ് മാത്രമാണ് പറഞ്ഞത്. അദ്ദേഹം പത്തുപതിനഞ്ച് കാര്യങ്ങൾ ഒരുമിച്ച് ചോദിച്ചിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അതിനെല്ലാം അങ്ങ് മറുപടി പറയേണ്ട.

<u>ശ്രീ. സജി ചെറിയാൻ:</u> സർ, മത്സ്യ/അനുബന്ധ തൊഴിലാളികൾക്ക് പ്രതിവർഷം 1350 രൂപ പൂരക വേതനമായി പദ്ധതി പ്രകാരം അനുവദിച്ചിരുന്നു. 55.16 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെയാണ് ചുമതലപ്പെടുത്തിയത്. അത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞ ജലാശയങ്ങളിലെ പോളപ്പായൽ നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട് കുറേ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ വേമ്പനാട്

കായലിന്റെ ശുചീകരണത്തിനുവേണ്ടി പണം നീക്കിവച്ചിരുന്നു. അങ്ങയെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഞാൻ ഒരു യോഗം വിളിച്ചുചേർത്തു. അതിന്റെ അടിസ്ഥാനത്തിൽ 2021 ആഗസ്റ്റ് 30-നുള്ളിൽ ബ്ലോക്കടിസ്ഥാനത്തിൽ കമ്മിറ്റികളുണ്ടാകും. സെപ്റ്റംബർ 30-നുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കമ്മിറ്റി കളുണ്ടാകും. 2021 ഒക്ടോബർ 30-നുള്ളിൽ വാർഡടിസ്ഥാനത്തിൽ കമ്മിറ്റികളുണ്ടാകും. 2021 നവംബർ 1-ന് ആരംഭിച്ച് 2022 നവംബർ 1-ന് തീർക്കത്തക്കവിധത്തിൽ വേമ്പനാട് കായലിൽ ജനകീയ പങ്കാളിത്തത്തോടെ കായൽ ശുചീകരണ പദ്ധതി ആരംഭിക്കാൻ പോകുന്നുവെന്ന കാര്യം കൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. വിവിധ വകുപ്പുകളെ കോർത്തിണക്കിക്കൊണ്ട് വേണ്ടത്ര എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി പദ്ധതി ക്രോഡീകരണം നടത്തി രണ്ടാം ഘട്ടവും നടപ്പിലാക്കും. ദീർഘമായ മറുപടിയായതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.*

## (7) റേഷൻ കാർഡ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ രാജ്യത്തെ ഓരോ കുടുംബത്തിനും ഉണ്ടായിരിക്കേണ്ട ആധികാരിക സർക്കാർ രേഖയാണ് റേഷൻ കാർഡ്. ഇതില്ലാത്ത കുടുംബത്തിന് സർക്കാരിന്റെ നിരവധി ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായിത്തീർന്നിട്ടുണ്ട്. പലവിധ സാങ്കേതികത്വത്തിൽ കുടുങ്ങി ഇപ്പോഴും റേഷൻ കാർഡ് ലഭിക്കാത്ത നിരവധി കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രധാനമായും പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർ, സ്വന്തമായി വീടില്ലാതെ വാടക വീട്ടിൽ താമസിക്കുന്നവർ, പലവിധ കാരണങ്ങളാൽ താമസ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ തുടങ്ങിയവർക്കാണ് ഇത്തരത്തിലുള്ള കഷ്ടപ്പാടുണ്ടാ യിരിക്കുന്നത്. ഇതിൽ വാടകയ്ക്ക് താമസിക്കുന്നവരുടെ വീടിന്റെ നമ്പർ ഉപയോഗിച്ച് മറ്റൊരു കുടുംബം റേഷൻ കാർഡ് എടുത്തിട്ടുള്ള സ്ഥിതിയുമുണ്ട്. ആർ.സി.എം.എസ്. സോഫ്റ്റ്‌വെയറിൽ ഓപ്ഷനുകളില്ലാത്തതിനാൽ ഇവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല ഇത്തരത്തിലുള്ളവർ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ വാടകച്ചീട്ട്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വീട്ടുടമസ്ഥന്റെ സമ്മതപത്രം തുടങ്ങി നിരവധി രേഖകളാണ് അപ്‌ലോഡ് ചെയ്യപ്പെടേണ്ടത്. ഇപ്പോഴാണെങ്കിൽ റേഷൻ കാർഡ് ആധാർ കാർഡുമായി ലിങ്ക് ചെയ്തിരിക്കുന്ന തിനാൽ ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡ് കണ്ടെത്തുന്നതിനും അത് റദ്ദ് ചെയ്യുന്നതിനും എളുപ്പം സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ റേഷൻ കാർഡില്ലാത്ത മുഴുവൻ കുടുംബങ്ങളെയും കണ്ടെത്തി റേഷൻ കാർഡ് നൽകേണ്ട

* അനുബന്ധം ഇ ആയി ചേർത്തിട്ടുണ്ട്.

ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ നടപടിക്രമങ്ങൾ ലഘൂകരിച്ച് ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ റേഷൻ കാർഡില്ലെന്ന് ഉറപ്പുവരുത്തി എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നല്കുവാനാവശ്യമായ നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ അടിയന്തര പ്രാധാന്യമർഹിക്കുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭ്യമാക്കണമെന്നും അതിനുള്ള നടപടികൾ ലളിതവും സുതാര്യവുമാകണമെന്നുമാണ് സർക്കാരിന്റെ നയം. നിലവിൽ അപേക്ഷിച്ച് 24 മണിക്കൂറിനകംതന്നെ റേഷൻ കാർഡ് നല്കുന്നതിനുള്ള സംവിധാനം വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഭാഗമായി അപേക്ഷകന്റെയും കുടുംബാംഗങ്ങളുടെയും ആധാർ വിവരങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നതിനാൽ മറ്റേതെങ്കിലും കാർഡിൽ അപേക്ഷകനോ, അംഗങ്ങളോ, ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വേഗത്തിൽ അറിയാൻ കഴിയും. ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം വാടക വീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഒരു ടി.സി. നമ്പരിൽ ഒരു റേഷൻ കാർഡാണ് സാധാരണ നല്കിവരുന്നത്. എന്നാൽ, ഒരു വീട്ടിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നപക്ഷം ഇവർക്ക് ഒരു ടി.സി. നമ്പർ ഉപയോഗിച്ചുകൊണ്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം വഴി ഓൺലൈനായി റേഷൻ കാർഡിന് അപേക്ഷിക്കുന്നതിന് സാങ്കേതികമായി തടസ്സമൊന്നുമില്ല. പ്രസ്തുത ടി.സി. നമ്പരിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിവരം താലൂക്ക് സപ്ലൈ ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർക്ക് ബോദ്ധ്യപ്പെടേണ്ടതുണ്ട്. ഇത്തരം കേസ്സുകളിൽ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ താലൂക്ക് സപ്ലൈ ഓഫീസർക്ക് തീരുമാനമെടുക്കാവുന്നതാണ്. പ്രകൃതിക്ഷോഭമുൾപ്പെടെയുള്ള ദുരിതങ്ങളിൽപ്പെട്ട് കാർഡ് നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് നല്കിവരുന്നുണ്ട്. റേഷൻ കാർഡിനായി അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന്റെ മേൽവിലാസം സ്ഥിരീകരിക്കുന്നതിന് പഞ്ചായത്ത് ഓഫീസറിൽനിന്നും ലഭിക്കുന്ന റെസിഡൻഷ്യൽ സർട്ടിഫിക്കറ്റോ, പകരം താഴെപ്പറയുന്നവയിലേതെങ്കിലും രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ, ഹാജരാക്കിയാൽ മതിയാകുന്നതാണ്.

1. നടപ്പു സാമ്പത്തികവർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത്
2. ഇലക്ട്രിസിറ്റി ബിൽ
3. വാട്ടർ ബിൽ
4. ലാൻഡ് ഫോൺ ബിൽ
5. എൽ.പി.ജി. ബിൽ
6. ഗസറ്റഡ് ഓഫീസറാണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യ പ്രസ്താവന
7. നോൺ ഗസറ്റഡ് ഓഫീസറാണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒ.-യുടെ സാക്ഷ്യപത്രം
8. പൊതുമേഖല സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം
9. ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ് ബുക്ക്
10. ആധാർ കാർഡ്
11. ഇലക്ടറൽ ഐ.ഡി
12. സാധുവായ വാടകക്കരാർ.

മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽപ്പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം കാർഡ് അനുവദിക്കാവുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡിനായി വീട് നമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്. ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർ ആധാറിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും.

## (8) റെയിൽപ്പാത ഇരട്ടിപ്പിക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട കാര്യമാണ് ശ്രദ്ധയിൽ പ്പെടുത്താനുള്ളത്. തെക്കൻ കേരളത്തിലെ പ്രധാന റെയിൽ ഗതാഗതമായ

തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽവേപ്പാത ഇരട്ടിപ്പിക്കലും ഇലക്ട്രിഫിക്കേഷനുമെന്ന പ്രവൃത്തിക്ക് കേന്ദ്ര റെയിൽവേ വകുപ്പിന്റെ അനുമതി ലഭിച്ചെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതുകാരണം പ്രസ്തുത പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. 2015-16 വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. 86.56 കിലോമീറ്റർ ദൈർഘ്യമുള്ള തിരുവനന്തപുരം സെൻട്രൽ-നാഗർകോവിൽ ജംഗ്ഷൻ-കന്യാകുമാരി റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ വൈദ്യുതീകരണം എന്ന പ്രവൃത്തിക്ക് 1,432 കോടി രൂപയാണ് അടങ്കൽ തുക. ഈ പദ്ധതി യാഥാർത്ഥ്യമായാൽ പാസഞ്ചർ-ചരക്ക് ട്രെയിനുകൾക്കായി കേരളവും തമിഴ്നാടും തമ്മിലുള്ള കണക്ടിവിറ്റി സുഗമമാകും. ഈ റൂട്ടിൽ കൂടുതൽ ട്രെയിനുകൾ അനുവദിക്കാൻ കഴിയും. ഇരണിയൽ മുതൽ തിരുവനന്തപുരം സെൻട്രൽ വരെയുള്ള 47 കിലോമീറ്റർ ദൂരത്തിൽ ഇരണിയൽ മുതൽ പാറശ്ശാല വരെയുള്ള 17 കിലോമീറ്റർ ഭാഗം കേരള-തമിഴ്നാട് അതിർത്തി പ്രദേശമായതിനാൽ പ്രസ്തുത മേഖലയിൽ രണ്ട് സംസ്ഥാനങ്ങളും സംയുക്തമായി വേണം ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കേണ്ടത്. ടി നടപടികൾ അതിവേഗം പൂർത്തിയാക്കേണ്ടതുണ്ട്. തിരുവനന്തപുരം മുതൽ നേമം വരെയുള്ള നിലവിലുള്ള പാതയുടെ ഇടതുവശത്തുനിന്നും നേമം മുതൽ ഇരണിയൽ വരെ പാതയുടെ വലതുവശത്തുനിന്നും സ്ഥലമേറ്റെടുക്കേണ്ടിവരുമെന്നാണ് റെയിൽവേ അധികൃതരിൽനിന്നും അറിയാൻ കഴിഞ്ഞത്. പാത ഇരട്ടിക്കാനുള്ള സാധ്യത മുന്നിൽക്കണ്ട് ഈ മേഖലയിൽ കഴിഞ്ഞ എട്ട് വർഷത്തോളമായി 30 മീറ്റർ വീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കിയിരുന്നില്ല. പൊതുജനങ്ങൾ ഇതിനോട് സഹകരിച്ചിട്ടും പദ്ധതി അനന്തമായി നീണ്ടുപോകുകയാണ്. തിരുവനന്തപുരം മുതൽ നേമം വരെയുള്ള ഭാഗത്ത് തൈക്കാട്, നേമം, തിരുമല, പള്ളിച്ചൽ വില്ലേജുകളിലായി നൂറിലേറെ സർവ്വേ നമ്പരുകളിലായി 7.9 ഹെക്ടർ സ്ഥലമേറ്റെടുക്കേണ്ടതായുണ്ട്. ഇതിനായി റീസർവ്വേ പ്രകാരമുള്ള വിവരങ്ങൾ നല്കിയെങ്കിലും ഭൂമിയേറ്റെടുക്കുന്നതിനുള്ള ഫണ്ട് റെയിൽവേ വകുപ്പ് നാളിതുവരെ കൈമാറിയിട്ടില്ല. നേമം മുതൽ ഇരണിയൽ വരെയുള്ള ഭാഗത്തെ സർവ്വേ നടപടികളും ദ്രുതഗതിയിൽ പൂർത്തിയാക്കേണ്ടതുണ്ട്. പദ്ധതിക്കനുബന്ധമായി ഇഞ്ചിവിള, കാരാളി, ഉദിയൻകുളങ്ങര, ധനുവച്ചപുരം എന്നിവിടങ്ങളിൽ സർവ്വീസ് റോഡും കാൽനട യാത്രക്കാർക്കായി ഫുട്ബ്രിഡ്ജും ഈ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ, കേരളത്തെയും തമിഴ്നാടിനെയും ബന്ധിപ്പിച്ചുകൊണ്ട് പാറശ്ശാല നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്രധാന ഗ്രാമീണ റോഡാണ് അമരവിള-ധനുവച്ചപുരം-കാരക്കോണം-പനച്ചമൂട്-വെള്ളറട റോഡ്. മണ്ഡലത്തിലെ മലയോര മേഖലകളെ പട്ടണവുമായി ബന്ധിപ്പിക്കുന്ന ഏക റോഡാണിത്. ചെറുതും

വലുതുമായ 25000-ഓളം വാഹനങ്ങൾ ദിവസവും ഇതുവഴി കടന്നുപോകുന്നു. കോളേജുകളും, ഇന്റർനാഷണൽ ഐ.ടി.ഐ.യും ഉൾപ്പെടെ മുപ്പതിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്. ഏകദേശം 15000 വിദ്യാർത്ഥികൾ ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു. അമരവിളയ്ക്കും ധനുവച്ചപുരത്തിനും ഇടയിൽ എയ്ത്തു കൊണ്ടാൻകാണിയിൽ റെയിൽവേ ലെവൽക്രോസ്സുണ്ട്. പലപ്പോഴും ട്രെയിൻ കടന്നുപോകാൻ ലെവൽ ക്രോസ്സ് അടയ്ക്കുന്നതിനാൽ മണിക്കൂറുകളോളം ഗതാഗതം തടസ്സപ്പെടുന്നു. ഇക്കാരണത്താൽ വിദ്യാർത്ഥികൾക്ക് കൃത്യസമയത്ത് സ്കൂളിലെത്താൻ കഴിയുന്നില്ല. ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് കടന്നുപോകാൻ ട്രാഫിക് ബ്ലോക്ക് തടസ്സമാകുകയാണ്. അതുകൊണ്ട് ഈ ലെവൽക്രോസ്സിന് കുറുകെ ഒരു റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുക മാത്രമാണ് പരിഹാരം. അതിനാൽ ഇവിടെ ഒരു റെയിൽവേ മേൽപ്പാലം ഉടൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനുമായി ബന്ധപ്പെട്ട് നേരത്തെ ഈ വിഷയം സംസാരിച്ചിട്ടുണ്ടായിരുന്നു. തെക്കൻ കേരളത്തിലെ പ്രധാന റെയിൽവേ റൂട്ടായ തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കലിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ റിക്വിസിഷൻ ലഭിക്കാനുള്ള കാലതാമസം കാരണം പദ്ധതി മന്ദഗതിയിലാണ്. തിരുവനന്തപുരം-കന്യാകുമാരി റൂട്ടിലെ കുഴിത്തുറ മുതൽ ഇരണിയൽ വരെയുള്ള ഭാഗങ്ങൾ തമിഴ്നാടിന്റെ ഭാഗമായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആ സർക്കാരാണ് സ്വീകരിക്കേണ്ടത്. ഈ പദ്ധതിയിലുൾപ്പെടുത്തി അമരവിള-കാരക്കോണം റോഡിൽ എയ്ത്തു കൊണ്ടാൻകാണിയിലെ ലെവൽക്രോസ് ഒഴിവാക്കി റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം, റെയിൽവേയുമായി കൂടിയാലോചിച്ച് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തയയ്ക്കുന്നതാണ്. ഇതിനുമുമ്പും ഇക്കാര്യം ആവശ്യപ്പെട്ടതാണ്.

## (9) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കണ്ണൂർ ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയഭൂമിയിൽ പ്രവർത്തിക്കുന്ന കണ്ണൂർ മണ്ഡലത്തിലെ ജില്ലാ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ജില്ലയുടെ വലിപ്പവും അതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി തലത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തും അന്നത്തെ ആരോഗ്യ

വകുപ്പുമന്ത്രിയുമുൾപ്പെടെ, മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. ഒ.പി. വിഭാഗത്തിലെ തിരക്ക് ഒഴിവാക്കാനായി എയിംസ് മാതൃകയിൽ ഇലക്ട്രോണിക്സ് രജിസ്ട്രേഷൻ ഉൾപ്പെടെ ചികിത്സാ സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് വിഭാഗം, സർജറി വിഭാഗം, ട്രോമാകെയർ, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങൾക്കും രൂപം കൊടുത്തു. മാലിന്യസംസ്കരണം, ജലശുദ്ധീകരണം എന്നിവയ്ക്ക് വിപുലമായ പദ്ധതികളാണ് തയ്യാറാക്കിയത്. ഓക്സിജൻ ലഭ്യമാക്കുന്നതിന് സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സംവിധാനം നിലവിലുണ്ട്. കോവിഡ് കാലത്ത് ഈ നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാധാന്യം പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. ഇത്തരത്തിൽ ബഹുമുഖ വികസന പ്രവർത്തന ങ്ങൾക്ക് രൂപംകൊടുത്തുകൊണ്ട് ആദ്യഘട്ടത്തിൽ കിഫ്ബി മുഖേന 76 കോടി രൂപ അനുവദിക്കുകയും ചെയ്തു. ബി.എസ്.എൻ.എൽ.-നാണ് അതിന്റെ നിർമ്മാണ ചുമതല. അതിന്റെ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ.-ന് പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയില്ല. ഏതായാലും ജില്ലയുടെ സിരാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രി, അതിന്റെ ബഹുമുഖമായ വികസനപ്രവർത്തനങ്ങളുടെ അനിവാര്യത, കോവിഡ് കാലത്ത് ജനങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ, ഡോക്ടർമാരുടെ ലഭ്യത എന്നിവ എല്ലാ വിഭാഗത്തിനും ഒരുപോലെ വേണ്ടിവരുന്ന ആവശ്യകത അത്രയേറെ വലുതാണ്. അതുകൊണ്ട് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ ദ്രുതഗതിയിൽ പ്രാവർത്തികമാക്കി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നനിലയ്ക്കുള്ള ഈ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 1911-ൽ സ്ഥാപിതമായ ആശുപത്രിയാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിനു കീഴിൽ പ്രവർത്തിച്ചുവരുന്ന കണ്ണൂർ ജില്ലാ ആശുപത്രി. ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 616 ആണ്. 8 കെട്ടിടങ്ങളിലായാണ് ഈ ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിനുമുമ്പ് പ്രതിദിന ശരാശരി ഒ.പി. 2500-നും 3000-നും ഇടയിലും ഐ.പി. 400-ഉം ആയിരുന്നു. കോവിഡ് തുടങ്ങിയതിനുശേഷം ഒ.പി.-യിലെത്തുന്ന രോഗികൾക്ക് കുറവുണ്ടായെങ്കിലും ഇപ്പോൾ ഏകദേശം 1200 മുതൽ 1500 വരെ രോഗികൾ പ്രതിദിനം എത്തുന്നുണ്ട്. ഈ ആശുപത്രിയിൽ കോവിഡ് ചികിത്സയോടൊപ്പം നോൺ കോവിഡ് ചികിത്സയും നൽകിവരുന്നുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് 16-1-2017-ൽ 76.44 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും 24-9-2018-ൽ

കിഫ്ബിയിൽനിന്ന് 57.52 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് 15-7-2020-ൽ പദ്ധതിയുടെ സാമ്പത്തികാനുമതി തുക 57.52 കോടി രൂപയിൽനിന്നും 63.48 കോടി രൂപയായി കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ബി.എസ്.എൻ.എൽ. ആണ്. കിഫ്ബിയിൽനിന്ന് പ്രത്യേകാനുമതി വാങ്ങി 61.72 കോടി രൂപയുടെ ടെണ്ടർ ക്ഷണിക്കുകയും (സിവിൽ വർക്ക് - 39.8 കോടി രൂപ, ഇലക്ട്രിക്കൽ വർക്ക് - 21.92 കോടി രൂപ) P&C Projects Private Limited എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയും ചെയ്തു. 2019 ജൂൺ 5-ന് നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സർജിക്കൽ ബ്ലോക്ക്, സ്ത്രീകളുടെയും കുട്ടികളുടെയും വാർഡിന്റെ നവീകരണം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, ഭൂമിക്കടിയിലുള്ള ജലസംഭരണി, പാർക്കിംഗ് സംവിധാനങ്ങൾ, ആശുപത്രിക്കുള്ളിലെ റോഡുകളുടെ നവീകരണം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ വർഷം അവസാനത്തോടെ പദ്ധതിയുടെ പൂർത്തീകരണം ലക്ഷ്യമിട്ടിരുന്നെങ്കിലും പലവിധ കാരണങ്ങളാൽ നിർമ്മാണ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ രണ്ടാം നിലവരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയശേഷം പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സർജിക്കൽ ബ്ലോക്ക് എന്നിവ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയശേഷം മാത്രമേ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും സർജിക്കൽ ബ്ലോക്കിന്റെയും നവീകരണം ആരംഭിക്കാൻ കഴിയുകയുള്ളൂ. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും സമയബന്ധിതമായി അത് പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത പ്രവൃത്തി ഉൾപ്പെടെ ആരോഗ്യവകുപ്പിനുകീഴിലുള്ള പദ്ധതികൾ സംബന്ധിച്ച് ജോയിന്റ് സെക്രട്ടറി തലത്തിൽ ഒരുദ്യോഗസ്ഥനെ നിയോഗിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

### (10) വളവന്നൂർ സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വളവന്നൂർ സി.എച്ച്.സി.-യുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണമെന്നും നിലച്ചുപോയ കിടത്തി ചികിത്സ അടിയന്തരമായി തുടങ്ങണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് എന്റെ ഈ സബ്മിഷൻ. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കാലത്ത് മലബാർ ജില്ലയിലെ വളവന്നൂരിൽ ഒരു സർക്കാർ ആശുപത്രിക്കുവേണ്ടി നാട്ടിലെ പൗരപ്രമുഖരും അന്നത്തെ ഞങ്ങളുടെ നേതാക്കന്മാരും നടത്തിയ വലിയൊരു പരിശ്രമം 1961-ലാണ് പൂവണിഞ്ഞത്.

കേരളം രൂപംകൊണ്ട് നാല് വർഷം കഴിഞ്ഞ് മഹാനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ഞങ്ങളുടെ പ്രദേശത്തെ എം.എൽ.എ. ആയിരുന്നപ്പോഴാണ് താനൂർ ബ്ലോക്കിലെ ആദ്യത്തെ ഡിസ്പെൻസറി വളവന്നൂരിലെ താല്ക്കാലിക കെട്ടിടത്തിൽ ആരംഭിച്ചത്. 1964-ൽ നാട്ടിലെ പ്രധാനിയായിരുന്ന കടായിക്കൽ സെയ്ദലി ഹാജി 8 ഏക്കർ സ്ഥലം ആശുപത്രിക്കുവേണ്ടി നൽകി. പിന്നീട് അവിടെയാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. കിടത്തി ചികിത്സയും പ്രസവശുശ്രൂഷയും വളരെ നല്ലരീതിയിൽ നടന്നിരുന്ന ആശുപത്രിയായിരുന്നു ഇത്. തീരദേശ ബ്ലോക്കായ താനൂരിലെ ഏഴ് പഞ്ചായത്തുകളിലെ ആളുകൾ ആശ്രയിക്കുന്ന ഏക ആതുരാലയമാണിത്. 1986-ൽ പ്രാഥമികാരോഗ്യ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യുകയും ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ തറക്കല്ലിടുകയും ചെയ്തു. സാമ്പത്തിക പ്രയാസങ്ങൾ കാരണം നാട്ടുകാർ സഹായിക്കാൻ മുന്നോട്ടു വന്നു. എക്സ്റേ ഉൾപ്പെടെയുള്ള ലാബും മറ്റ് സൗകര്യങ്ങളുമൊരുക്കാൻ നാട്ടിലെ പ്രധാനിയായ മണ്ടയപ്പുറത്ത് മൊയ്തീൻ മൂപ്പൻ 1956-ൽ രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ആ പരിശ്രമങ്ങളെല്ലാം വൃഥാവിലാവുകയാണുണ്ടായത്. 1990-ഓടുകൂടി സാമ്പത്തിക പ്രശ്നങ്ങൾ പറഞ്ഞ് സി.എച്ച്.സി.യായി ഉയർത്താനുള്ള തീരുമാനം റദ്ദാക്കുകയും അതോടെ നന്നായി നടന്നിരുന്ന ഐ.പി. ഇല്ലാതാകുകയും ചെയ്തു. ത്രിതല പഞ്ചായത്ത് സംവിധാനം വന്നശേഷം വീണ്ടും സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും ആ പദവിയല്ലാതെ മറ്റൊന്നും കൈവന്നിട്ടില്ല എന്നതാണ് പരമാർത്ഥം. ഇപ്പോൾ ഒ.പി. നന്നായി നടന്നുവരുന്നു. ആയിരത്തിലധികം രോഗികൾ എത്തിച്ചേരുന്നു എന്നുള്ളതാണ് അവിടത്തെ സവിശേഷത. താനൂർ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച ഒരു ഡോക്ടറെയും ഫാർമസിസ്റ്റിനേയും ഉപയോഗപ്പെടുത്തി സായാഹ്ന ഒ.പി.-യും ഇപ്പോൾ നടന്നുവരുന്നുണ്ട്. നിലവിൽ 11 ജീവനക്കാരാണ് ഇവിടെയുള്ളത്. ആകെ വേണ്ടത് 29 ജീവനക്കാരാണ്. NRHM-ഉം പ്രാദേശിക ഭരണസംവിധാനവും നിയോഗിച്ച ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ വച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. നിലവിൽ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 2, ഹെഡ് നഴ്സ് - 1, സ്റ്റാഫ് നഴ്സ് - 3, നഴ്സിംഗ് അസിസ്റ്റന്റ് - 2, ഗ്രേഡ് II എച്ച്.ഐ. - 2 എന്നിങ്ങനെ 11 ജീവനക്കാരാണുള്ളത്. സി.എച്ച്.സി. മാനദണ്ഡമനുസരിച്ച് അസിസ്റ്റന്റ് സർജൻ - 3, പീഡിയാട്രിഷ്യൻ - 1, ജനറൽ സർജൻ - 1, ഫിസിഷ്യൻ- 1, ഗൈനക്കോളജിസ്റ്റ് -1, സ്റ്റാഫ് നഴ്സ് -7, നഴ്സിംഗ് അസിസ്റ്റന്റ് -2, ഗ്രേഡ് II എച്ച്.ഐ. - 2 എന്നിങ്ങനെ 18 ഒഴിവുകൾ കിടക്കുകയാണ്. സർക്കാർ കുടുംബാരോഗ്യ കേന്ദ്രമായി സി.എച്ച്.സി.-യെ ഉയർത്തിയതിൽ സന്തോഷമുണ്ട്. അതനുസരിച്ചുള്ള ജീവനക്കാരെ ലഭിക്കേണ്ടതുണ്ട്. ഭാവിയിൽ മെഡിക്കൽ കോളേജായി ഉയർത്താൻപോലും ആവശ്യമായ സ്ഥലവും മറ്റെല്ലാ അനുകൂല ഘടകങ്ങളും ഒത്തുകൂടിയ സ്ഥാപനമാണിത്. വികസനം അറച്ചുതന്നെ നിൽക്കുന്നു എന്നുള്ളതാണ് പ്രത്യേകത. എന്നാൽ ധാരാളം സ്വകാര്യ സ്ഥാപനങ്ങൾ സമീപ പ്രദേശങ്ങളിലും പൊതുവെ ജില്ലയ്ക്കകത്തും വികസിച്ചുകൊണ്ടിരിക്കുന്നു.

പൊതുജനാരോഗ്യകേന്ദ്രം മാത്രം വളരുന്നില്ല. ഈ അവസ്ഥ ഇനിയെങ്കിലും മാറിക്കിട്ടേണ്ടതുണ്ട്. ഉടനടി സി.എച്ച്.സി. നിലവാരത്തിലുള്ള ജീവനക്കാരെ നിയമിക്കുകയും സ്റ്റാഫ് പാറ്റേൺ അനുവദിക്കുകയും നിലച്ചുപോയ കിടത്തി ചികിത്സ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ഗൈനക്കോളജി, പീഡിയാട്രിക്സ്, ന്യൂറോളജി വിഭാഗങ്ങൾകൂടി ആരംഭിക്കാനുള്ള നടപടികളുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

12.00 Noon]

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ സ്ഥിതിചെയ്യുന്ന വളവന്നൂർ സാമൂഹ്യാരോഗ്യകേന്ദ്രം 1986-ലാണ് സി.എച്ച്.സി. ആയി ഉയർത്തപ്പെട്ടത്. ആർദ്രം പദ്ധതിയിൽ രണ്ടാംഘട്ടത്തിന്റെ ഭാഗമായി 2018-ൽ ഈ ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തതിനെത്തുടർന്ന് അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിൽ ഒരു കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയാണ്. ഈ ആശുപത്രിയിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-2, ഹെഡ് നഴ്സ്-1, സ്റ്റാഫ് നഴ്സ്-3, ജെ.പി.എച്ച്.എൻ.-6, ഹെൽത്ത് ഇൻസ്പെക്ടർ-4, സൂപ്പർവൈസർ-1 ഇങ്ങനെ 33 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളൊന്നുമില്ല. എൻ.എച്ച്.എം. മുഖാന്തരം മൂന്ന് ഡോക്ടർമാരുടെ സേവനം അധികമായി ലഭ്യമാക്കിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകൾ എത്രയുംപെട്ടെന്ന് നികത്തുന്നതിനുള്ള നടപടികളും നടക്കുന്നുണ്ട്. മേൽപ്പറഞ്ഞ സ്ഥിരം ജീവനക്കാർക്കു പുറമെ എൻ.എച്ച്.എം., എച്ച്.എം.സി., എൽ.എസ്.ജി.ഡി. എന്നിവ മുഖേന താൽക്കാലിക ജീവനക്കാരുടെ സേവനവും ഈ ആശുപത്രിയിൽ ലഭിക്കുന്നതാണ്. എൻ.എച്ച്.എം. മുഖാന്തരം ഡോക്ടർ-3, സ്റ്റാഫ് നഴ്സ്-1, ആർ.ബി.എസ്.കെ. നഴ്സ്-1, പാലിയേറ്റീവ് നഴ്സ്-1 ഉൾപ്പെടെയുള്ള ജീവനക്കാരെയും ഇവിടെ നിയോഗിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടായ 46 ലക്ഷം രൂപ ഉപയോഗിച്ച് രണ്ടുനിലകളിലായി ഒരു വനിതാ വാർഡ് ഈ ആശുപത്രിയിൽ നിർമ്മിച്ചിട്ടുണ്ട്. അതുകൂടാതെ കമ്മ്യൂണിറ്റി ഡയാലിസിസ് സൊസൈറ്റി എന്ന ട്രസ്റ്റ് മുഖേന ഒരു ഡയാലിസിസ് യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനായി 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ള പ്രവൃത്തികൾ നടന്നിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മൂന്നാംതരംഗ സാധ്യതയുടെ മുന്നൊരുക്കങ്ങൾ എന്ന നിലയിൽ സംസ്ഥാനത്തെ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക്-താലൂക്ക്തല ആശുപത്രികളിൽ 10 കിടക്കകളുടെ സൗകര്യമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി തിരൂർ നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ളത് വളവന്നൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

# V ധനകാര്യം

## 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 226,75,46,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 77,42,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,58,95,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 420.77 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾക്കുള്ള പ്രമേയങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചത്. കോവിഡ് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഉപധനാഭ്യർത്ഥനയിലൂടെ കാണാൻ സാധിക്കുന്നത്. പ്രതിപക്ഷത്തുനിന്നും പ്രസംഗിക്കുന്നവരൊക്കെ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്ന് പറയുന്നു. ഈയവസരത്തിൽ എന്തൊക്കെയാണ് ഉപധനാഭ്യർത്ഥനയിൽ പറഞ്ഞിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നോളജ് ഇക്കോണമി ഫണ്ട്, കേരള സായുധ പോലീസിലെ ആറാം ബറ്റാലിയൻ, ഹൈവേയിലെയും എം.സി. റോഡിലെയും പ്രധാന കവലകളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കൽ, സമഗ്രശിക്ഷ കേരളയിലൂടെ നടപ്പിലാക്കുന്ന വിദ്യാഭ്യാസ നവീകരണ പരിപാടി, വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ സമിതി, ലൈഫ് സയൻസ് പാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്കൽ വാക്സിൻ ഗവേഷണ യൂണിറ്റ് സ്ഥാപിക്കൽ, വയനാട്ടിൽ പുതിയ മെഡിക്കൽ കോളേജ്, പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ, യുവ സംരംഭകർക്കായി 25 സഹകരണ സംഘങ്ങൾ ആരംഭിക്കൽ, കാർഷികോൽപ്പന്നങ്ങൾ, മത്സ്യം, മാംസം, പാൽ തുടങ്ങിയവയുടെ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, രണ്ട് ആധുനിക അരി മില്ലുകൾ സ്ഥാപിക്കൽ, കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കൽ, പാലിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, മത്സ്യസംസ്കരണത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകർക്ക് വർദ്ധിച്ച തോതിൽ സബ്സിഡി നൽകൽ, വളരെ പ്രധാനപ്പെട്ടൊരു

വിഷയം, കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന പൊതുമേഖലാ സ്ഥാപനമായ BHEL-EML ഏറ്റെടുക്കൽ, വിനോദസഞ്ചാര മേഖലയിലെ പുനരുദ്ധാരണ പദ്ധതികൾ, സ്ത്രീകളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുള്ള സ്മാർട്ട് കിച്ചൻ പദ്ധതി ഇവയൊക്കെയാണ് ഈ ഉപധനാഭ്യർത്ഥനകളിലൂടെ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ പ്രയാസപ്പെട്ട കാലഘട്ടത്തിലും ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്തുന്ന അവസരത്തിലാണ് ഗുവാഹട്ടി ഹൈക്കോടതിയുടെ വിധി കൊണ്ടുവന്ന് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി റൂൾ 300 അനുസരിച്ച് കോവിഡുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളെക്കുറിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. അതിലുണ്ടായിരുന്ന അഭികാമ്യം എന്ന വാക്കുമായി ബന്ധപ്പെട്ട് വലിയ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഇപ്പോൾ ഗുവാഹട്ടി ഹൈക്കോടതി വിധിയെ സംബന്ധിച്ചാണ് ഇവിടെ  പറഞ്ഞുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ എന്താണ് ചെയ്യേണ്ടത്; ബലി പെരുന്നാളുമായി ബന്ധപ്പെട്ട് ഷോപ്പ് തുറക്കുന്നതിനായി ചെറിയൊരു റിലാക്സേഷൻ കൊടുത്തപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി അതിൽ ഇടപെട്ടുകൊണ്ട് പറഞ്ഞ കാര്യം നമുക്കറിയാം. സമയമില്ലാത്തതുകൊണ്ടാണ് ആ ഉത്തരവ് കാൻസൽ ചെയ്യാൻ സുപ്രീംകോടതി മെനക്കെടാതിരുന്നത്.  രൂക്ഷമായ ഭാഷയിലാണ് സുപ്രീംകോടതി അക്കാര്യം പറഞ്ഞത്. ബഹുമാനപ്പെട്ട ഹൈക്കോടതി എന്താണ് പറഞ്ഞത്? ലോക്ഡൗണിനെതിരായ ഹർജി തള്ളി, ആരോഗ്യമാണ് പ്രധാനം നിയന്ത്രണങ്ങളാകാമെന്ന് ഹൈക്കോടതി, എന്നതാണ് പത്രത്തിലെ തലക്കെട്ട് ജനങ്ങളുടെ ആരോഗ്യമാണ് പ്രധാനമെന്നും മതിയായ കാരണങ്ങളുണ്ടെങ്കിൽ വാണിജ്യത്തിനും വ്യാപാരത്തിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്താമെന്നും വാരാന്ത്യത്തിലെ ലോക്ഡൗൺ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി തള്ളിക്കൊണ്ട് ഹൈക്കോടതി പറഞ്ഞു. കച്ചവടം ചെയ്യാൻ അവകാശം നൽകുന്നുണ്ടെങ്കിലും ആരോഗ്യവും ജീവിതവുമുണ്ടെങ്കിൽ മാത്രമെ കച്ചവടം ചെയ്യാൻ സാധിക്കുവെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് രോഗവ്യാപന നിരക്ക് വർദ്ധിക്കുകയാണ്. പൗരന്മാരുടെ ജീവനും ആരോഗ്യത്തിനും സുരക്ഷയും സംരക്ഷണവും ഒരുക്കേണ്ടത് ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരം സർക്കാരിന്റെ ബാദ്ധ്യതയാണ്. ഈ സാഹചര്യത്തിൽ വ്യാപാരത്തിനും നിയന്ത്രണം ഏർപ്പെടുത്താവുന്നതാണെന്ന് കോടതി വ്യക്തമാക്കി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും ബഹുമാനപ്പെട്ട സുപ്രീംകോടതിയും വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞിട്ടുള്ള സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തെ ഗുവാഹട്ടി ഹൈക്കോടതി വിധിയുടെ കാര്യം പറഞ്ഞത്. കേരള ഹൈക്കോടതിയും സുപ്രീംകോടതിയും പറഞ്ഞതിന്റെ മുകളിലൊന്നുമല്ല ഗുവാഹട്ടി ഹൈക്കോടതി പറഞ്ഞതെന്ന് സാന്ദർഭികമായി സൂചിപ്പിക്കാൻ

ഞാൻ ആഗ്രഹിക്കുന്നു. ഈ നിയന്ത്രണങ്ങളോട് ജനങ്ങൾ വളരെ നല്ല രീതിയിൽ സഹകരിച്ചിട്ടുണ്ട്. ഈ നിയന്ത്രണങ്ങളൊക്കെ ഉണ്ടായിട്ടും നാട്ടിൽ ഒരു പ്രശ്നവും ഉണ്ടായില്ലല്ലോ? ഞങ്ങളുടെ നാട്ടിൽ വ്യാപാരികൾതന്നെയാണ് ജീവനക്കാരെ കൊണ്ടുപോയി വാക്സിൻ എടുപ്പിക്കുന്നത്. ഞങ്ങളുടെ നാട്ടിൽ ഫാമിലി ടെക്സ്റ്റയിൽസ് എന്ന വലിയൊരു സ്ഥാപനമുണ്ട്. അവിടെ ആയിരത്തോളം ജീവനക്കാരാണുള്ളത്. ആ സ്ഥാപനംതന്നെ മുഴുവൻ ചെലവും വഹിച്ചുകൊണ്ട് ആശുപത്രിക്കാരുടെ സഹകരണത്തോടെ എല്ലാവർക്കും വാക്സിൻ എടുക്കുകയാണ്. എല്ലാ വ്യാപാരികളും വ്യാപാര സംഘടനകളും ശക്തമായി മുന്നോട്ടുവന്ന് എല്ലാവർക്കും വാക്സിൻ എടുത്തുകൊണ്ടിരിക്കുകയാണ്. റൂൾ 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളും നേരത്തെ പരാമർശവിധേയമായ ഉത്തരവും ജനങ്ങൾ ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഉൾക്കൊണ്ടിട്ടുണ്ടെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

പുട്ടിന് തേങ്ങയിടുന്നതുപോലെ ഇടയ്ക്കിടയ്ക്ക് ന്യൂനപക്ഷ സ്കോളർഷിപ്പ്, ന്യൂനപക്ഷാവകാശം എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അക്കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ന്യൂനപക്ഷ സ്കോളർഷിപ്പിനെ സംബന്ധിച്ച് ചിലയാളുകൾ സംസാരിക്കുകയുണ്ടായി. ഈ വിഷയത്തിൽ സുപ്രീംകോടതിയിൽ പോയിട്ട് കാര്യമില്ല. സുപ്രീംകോടതി വക ഒരു തട്ടും ഒരു മുട്ടും കിട്ടും. വേണ്ടത്ര രീതിയിൽ ഹൈക്കോടതിയിൽ വാദം നടത്തിയി ട്ടില്ലെന്നും സൂചിപ്പിക്കുകയുണ്ടായി. ന്യൂനപക്ഷ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയെ സമീപിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച ഒരു പരാമർശത്തിൽ 16-ാം ഖണ്ഡികയിൽ വ്യക്തമായി പറയുന്നുണ്ട്. "16. Additional 4th respondent viz., an organisation called Minority Indians Planning and Vigilance Commission Trust, has also filed an affidavit justifying the stand adopted by the State Government in Exhibit P3 order fixing 80:20 ratio by and between the Muslims and the Latin Catholic Christians and other Converted Christians." ഗവൺമെന്റ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്ന് പറഞ്ഞുകൊണ്ട് ഈ കേസിൽ ഹാജരായത് മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറലും മുസ്ലീംലീഗ് നേതാവുമായ ശ്രീ. വി. കെ. ബീരാൻ ആണ്. അദ്ദേഹത്തെക്കുറിച്ച് അറിയണമെങ്കിൽ ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിനോട് ചോദിച്ചാൽ മതി. എന്നിട്ട് ഇതുസംബന്ധിച്ച് അവർ സുപ്രീംകോടതിയിൽ പോകുന്നുണ്ട്. ഈ ഗവൺമെന്റിന്റെ വാദത്തെ അനുകൂലി ച്ചെന്നുമാത്രമല്ല അവിടെ അതിന് ഹാജരാകുന്നത് ഹാരിസ് ബീരാനാണ്. അദ്ദേഹം

ആരാണെന്ന് നിങ്ങൾക്കറിയാം. നേരത്തെ ഡി.ജി.പി.-യ്ക്കുവേണ്ടി സൗജന്യമായി കേസ് നടത്തിയയാളാണ്. ഇവിടെ സുപ്രീംകോടതിയിൽ പോയിട്ട് ഫലമില്ലെന്ന് പറയുന്ന ആളുകൾ ഇക്കാര്യം ആലോചിക്കണം. അവർ അവരുടെ നേതാക്കന്മാരോടുതന്നെ അക്കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നത് നല്ലതാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ന്യൂനപക്ഷങ്ങൾക്ക് ഇതുവരെയൊന്നും കൊടുത്തിട്ടില്ലെന്ന് കഴിഞ്ഞ ദിവസം പറഞ്ഞു. ആരാണ്; എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത്; 'ന്യൂനപക്ഷ ഭവനപദ്ധതി അട്ടിമറി-ലീഗിലും സമസ്തയിലും അമർഷം' - ഇത് ആരുടെ കാലത്താണ്? ഈ പറയുന്നയാളുകൾ ഇവിടെ ഭരിച്ചിരുന്ന കാലഘട്ടത്തിലാണ് ഇത് നടന്നത്. 'ന്യൂനപക്ഷങ്ങൾക്കുള്ള പാർപ്പിട പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ ഉടക്ക്' - ഇതും ആര് ഭരിക്കുന്ന കാലത്താണ് എന്നുപറയണം. 'ന്യൂനപക്ഷങ്ങൾക്ക് ഭവന പദ്ധതി-സർക്കാർ നിലപാടിൽ പ്രതിഷേധം' 'സർക്കാർ നയത്തിനെതിരെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത് തെറ്റ് - ശ്രീ. കെ. എൻ. എ. ഖാദർ.' ഒരുപാട് ആളുകളുടെ പ്രസ്താവന ഇക്കാര്യത്തിലുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെപ്പറ്റിയാണല്ലോ നിങ്ങൾ പറയുന്നത്. ആ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഐ.എ.വൈ. പദ്ധതിയിൽ വീട് നൽകുമ്പോൾ 47 ശതമാനം ന്യൂനപക്ഷങ്ങൾക്ക് കൊടുക്കണമെന്ന് വ്യവസ്ഥപ്പെടുത്തിയത്. അത് നടപ്പാക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായില്ലെന്ന് മാത്രമല്ല അത് നടപ്പാക്കാൻ സാധിക്കില്ലെന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയ ആളുകളാണ് അപ്പുറത്തുള്ളത്. അത് നടപ്പാക്കിയില്ല. അതുസംബന്ധിച്ച് ശ്രീ. കെ. എൻ. എ. ഖാദറിന്റെയും ശ്രീ. പാലൊളി മുഹമ്മദ്കുട്ടിയുടെയും പ്രസ്താവനകൾ എന്റെ കൈവശമുണ്ട്. അങ്ങനെ ഒരുപാട് നേതാക്കന്മാർ കാര്യങ്ങൾ അന്ന് പറഞ്ഞിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ അന്ന് നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ സാധിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. ന്യൂനപക്ഷ സ്കോളർഷിപ്പ് പരിമിതമാണെന്നും ഇപ്പോൾ പുതിയ സർക്കാർ ഉത്തരവ് അനുസരിച്ച് എല്ലാവർക്കും ഇത് കിട്ടില്ലെന്നും പറയുന്ന ആളുകളുണ്ടല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് മറുപടി പറഞ്ഞിട്ടുണ്ട്. എന്നാലും ഞാൻ ഒരു കാര്യം പറയുകയാണ്, പ്രീമെട്രിക് സ്കോളർഷിപ്പിന് ന്യൂനപക്ഷ വിദ്യാർത്ഥികൾ അപേക്ഷിക്കേണ്ടതില്ലെന്ന് ചൂണ്ടിക്കാട്ടി 23-2-2013-ന് സർക്കാർ ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആരാണ് ഈ ഉത്തരവ് ഇറക്കിയത്; എന്തിനാണ് ഇങ്ങനെയൊരു ഉത്തരവ് ഇറക്കിയത്; 23-2-2013-ന് സ.ഉ. (സാധാ) നമ്പർ 22/2013, പിന്നോക്കസമുദായ വിഭാഗ വകുപ്പ് ഇറക്കിയിട്ടുള്ള ഉത്തരവാണ്. 'ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കപ്പെടുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല.' അന്നത്തെ മുഖ്യമന്ത്രി

ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അന്ന് ഭരിച്ചിരുന്ന ആളുകളൊക്കെ അപ്പുറത്തിരിക്കുന്നുണ്ട്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വീടുകളുടെ കാര്യം പറയുമ്പോൾ അന്ന് ഈ വകുപ്പിന്റെ മന്ത്രി ശ്രീ. കെ. സി ജോസഫും മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും ആയിരുന്നു. ഇതുപോലെ ഒരുപാട് കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. 8-5-2015-ന്റെ ഒരു ഉത്തരവ് ഞാൻ വായിക്കാം. Selection will be based on merit and income, അതിൽ പറയുന്നത് 80:20 ആണ്. ആ ഉത്തരവിറക്കിയിരിക്കുന്നത് 8-5-2015-ലാണ്. അന്നും ഭരിക്കുന്നത് യു.ഡി.എഫ്. തന്നെയാണ്. അങ്ങനെ നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാൻ സാധിക്കും. മലബാറിനോട് അവഗണനയുണ്ടെന്നാണല്ലോ നിങ്ങൾ പറയുന്നത്. 185 ഹയർ സെക്കണ്ടറി സ്കൂളുകളാണ് ബഹുമാനപ്പെട്ട എം. എ. ബേബി ഭരിക്കുന്ന കാലത്ത് അനുവദിച്ചത്. അതിന് സർക്കാർ ഇറക്കിയ ഉത്തരവിലെ രണ്ടുമൂന്ന് കാര്യങ്ങൾ ഞാൻ വായിക്കാം. "New schools or upgradation of existing schools need be considered only in areas where .... because of the educational backwardness". അഞ്ച് ജില്ലകളുടെ പേര് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ആ അഞ്ച് ജില്ലകൾ മലബാറിലേതാണ്. ആ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 185 സ്കൂളുകൾ അനുവദിച്ചത്. High Schools will be upgraded as Higher Secondary Schools in Palakkad, Malappuram, Kozhikode, Wayanad, Kannur and Kasargod districts where it is found that number of students who have qualified themselves to Higher Studies is higher than the number of seats available in Higher Secondary and Vocational Higher Secondary Schools. ഇത് ആര് ഇറക്കിയതാണ്; ഈ ഉത്തരവ് എവിടെപ്പോയി, ഇത് ആരാണ് വേണ്ടെന്നുവച്ചത്? In order to overcome the educational backwardness of muslim community, recogniton will be granted, an NOC for starting CBSE, ICSE schools shall be issued to those unaided schools. ഇത്തരത്തിൽ ഈ ഉത്തരവുകളിലെല്ലാം ഒരുപാട് കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അതിനാൽ ഇടയ്ക്കിടയ്ക്ക് ഇത്തരത്തിൽ പറയേണ്ട കാര്യമില്ല. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ ഇതെല്ലാം നോക്കേണ്ടതായിരുന്നു എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇതൊക്കെ പാസാക്കിത്തന്നാലും ഗവൺമെന്റ് ആ തുക ചെലവഴിക്കില്ല. അതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. എന്റെ സഹപ്രവർത്തകരുടെ അനുവാദമില്ലാതെ സി.പി.ഐ.(എം)-നെ ഞാൻ ആദ്യമായി അനുമോദിക്കുകയാണ്. നിങ്ങൾ ക്ഷമിക്കണം. കാരണം 75 വർഷങ്ങൾക്കുശേഷം സി.പി.ഐ.(എം) ഒരു

തെറ്റ് തിരുത്തുകയാണ്. അവർ സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ പോകുകയാണ്, പാർട്ടി ആസ്ഥാനങ്ങളിൽ ദേശീയ പതാക ഉയർത്താൻ പോകുകയാണ്. സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതിനുമുമ്പ് നിങ്ങളോടെനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ക്രിസ്ത്യാനികൾ കുമ്പസരിക്കുന്നതിനുമുമ്പ് പാപം ഏറ്റുപറഞ്ഞുകൊണ്ട് ഒരു പ്രാർത്ഥനയുണ്ട്. കുമ്പസാരത്തിനുള്ള ജപട എന്നാണ് അതിന് പറയുന്നത്. ചെയ്തുപോയ പാപങ്ങൾക്ക് മാപ്പുചോദിച്ചുകൊണ്ടുള്ള പ്രാർത്ഥന. മിയ കുൾപ്പ-എന്റെ പിഴ, മിയ കുൾപ്പ-എന്റെ പിഴ, മിയ മാക്സിമ കുൾപ്പ - എന്റെ വലിയ പിഴ,..... നിങ്ങൾ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത് സ്വാഗതാർഹമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത്തരം കാര്യങ്ങൾ തെറ്റായി പറയാമോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 75 വർഷത്തിനുശേഷം ഒരു തെറ്റ് തിരുത്തുകയാണ്. ഇനിയും നിങ്ങൾ തെറ്റ് തിരുത്താനുണ്ട്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞതിൽ തെറ്റുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജപട അല്ല ജപം, ഞാനെന്റെ തെറ്റ് തിരുത്തുകയാണ്, അവർ ഇനിയും തിരുത്താനുണ്ട്. ബ്രിട്ടീഷുകാരുടെ കൂടെനിന്ന് ഒറ്റുകൊടുത്ത ക്വിറ്റ് ഇന്ത്യാദിനത്തിന്റെ തെറ്റുതിരുത്താനുണ്ട്. എനിക്ക് വ്യക്തമായി അറിയില്ല, അടുത്ത കാലത്ത് ആണവ കരാറിന്റെ കാര്യത്തിൽ യു.പി.എ. ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചത് ചൈനയ്ക്ക് വേണ്ടിയാണ് എന്നൊരു തെറ്റും നിങ്ങൾ ചെയ്തതായി പറയുന്നുണ്ട്. ഇതൊക്കെ തിരുത്തുന്നത് നല്ലതാണ്.

നമ്മുടെ അഭിമാനതാരമായ ശ്രീ. പി. ആർ. ശ്രീജേഷിനെ എല്ലാ ഗവൺമെന്റുകളും ആദരിക്കുകയും സാമ്പത്തിക സഹായം പ്രഖ്യാപിക്കുകയും ചെയ്തു. പഞ്ചാബ് ഗവൺമെന്റും ഹരിയാന ഗവൺമെന്റും ഹോക്കി ടീമിലുള്ള എല്ലാ താരങ്ങൾക്കും സാമ്പത്തിക സഹായം പ്രഖ്യാപിച്ചു. ജാവ്‌ലിൻ ത്രോയിൽ നീരജ് ചോപ്രയ്ക്ക് ആറ് കോടി രൂപയാണ് ഹരിയാന ഗവൺമെന്റ് പ്രഖ്യാപിച്ചത്. നീരജ് ചോപ്രയ്ക്ക് ഡോ. ഷംസീർ വയലിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചു. അത്രയെങ്കിലും ഔചിത്യം കാണിക്കണം. ടോക്കിയോയിൽനിന്ന് അഭിമാനവിജയം നേടിവന്ന നമ്മുടെ അഭിമാനതാരത്തിന് സഹായം പ്രഖ്യാപിക്കാൻ കർക്കിടകം കഴിയാൻ നോക്കിയിരിക്കുകയാണോ? വളരെ നാണക്കേടായിപ്പോയിയെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് നിരവധി പ്രഖ്യാപനങ്ങൾ നടത്തുന്നു. നിങ്ങൾ എത്ര നൂറുദിന കർമ്മ പരിപാടി പ്രഖ്യാപിച്ചു? ഏറ്റവും ഒടുവിൽ നാലാം നൂറ് ദിന കർമ്മ പരിപാടിയും പ്രഖ്യാപിച്ചിരിക്കുകയാണ്. അതുപോലെതന്നെയാണ് പാക്കേജുകളുടെ

കാര്യവും. ജീവനോപാധി വികസന പാക്കേജ്, ഒന്നാം കുട്ടനാട് പാക്കേജ്, രണ്ടാം കുട്ടനാട് പാക്കേജ്, വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കാസർഗോഡ് പാക്കേജ്, തീരദേശ പാക്കേജ്, കുടുംബശ്രീ പാക്കേജ്, മാന്ദ്യവിരുദ്ധ പാക്കേജുകൾ, തീരദേശ ഹൈവേ, മലയോര ഹൈവേ തുടങ്ങിയവയെല്ലാം പ്രഖ്യാപനങ്ങളിൽമാത്രം ഒതുങ്ങി നിൽക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യ ബന്ധനത്തിന് പോകാതിരിക്കുന്ന ദിവസങ്ങളിൽ 200 രൂപ കൊടുക്കുമെന്ന് ശ്രീ. സജി ചെറിയാൻ ഒരു പ്രഖ്യാപനംകൂടി അക്കൂട്ടത്തിൽ നടത്തി. ഇതെല്ലാം പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയിരിക്കുകയാണ്. കേരളത്തെ പ്രഖ്യാപനങ്ങളുടെ ശവപ്പറമ്പാക്കി മാറ്റിയിരിക്കുകയാണ് ഈ ഗവൺമെന്റ്. ഒരു പ്രഖ്യാപനവും പാലിക്കാൻ അവർക്ക് സാധിക്കുന്നില്ല. പ്രവാസി ചിട്ടിവഴി 2021-ഓടുകൂടി 10,000 കോടി രൂപയുടെ വരവ് ഉണ്ടാകുമെന്നായിരുന്നു പ്രഖ്യാപനം. ഇതിന്റെ പ്രചരണത്തിന് 14 കോടി രൂപയും സോഫ്റ്റ്‍വെയർ വികസനത്തിനും മറ്റുമായി 5½ കോടി രൂപയും ചെലവാക്കി. ഇന്നുവരെ പ്രവാസിചിട്ടിയിൽ 61 കോടി രൂപയാണ് ആകെ കിട്ടിയത്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയണം. അതുപോലെ റിസർവോയറുകളിലെ മണൽ നീക്കംചെയ്ത് ഖജനാവ് നിറയ്ക്കുമെന്ന പ്രഖ്യാപനമുണ്ടായി. ഇപ്പോൾ ഖജനാവല്ല, എക്കലടിഞ്ഞ് പുഴകളും നദികളുമാണ് നിറഞ്ഞത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് 7200 കോടി രൂപ അനുവദിച്ചു. ഇന്നുവരെ എത്ര രൂപ ചെലവഴിച്ചു? 13-8-2018-ൽ സംസ്ഥാനത്തെ നികുതിപിരിവ് സംബന്ധിച്ച് പഠിക്കാൻ ഗവൺമെന്റ് സെക്രട്ടറിമാരടങ്ങുന്ന ഉന്നതാധികാര സമിതിയെ നിയോഗിച്ചു. ഈ സമിതി കാര്യങ്ങൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഇന്നുവരെ അതിനെക്കുറിച്ച് യാതൊരു തീരുമാനവുമെടുത്തിട്ടില്ല. 2018-ൽ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടാണ്. അതിന്മേൽ ഇതുവരെ ഒരു തീരുമാനവു മെടുത്തിട്ടില്ല. ഇതാണ് ഗവൺമെന്റിന്റെ കാര്യക്ഷമത. കേരളത്തിൽ വാക്സിൻ നിർമ്മിച്ച് നൽകുമെന്ന പ്രഖ്യാപനം നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് എൽ.ഡി.എഫ്. നടത്തി, അതുകേട്ട് ജനങ്ങൾ കോരിത്തരിച്ചു. തിരുവനന്തപുരം തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ കോവിഡ് വാക്സിൻ നിർമ്മാണം ആരംഭി ക്കാനുള്ള സാധ്യതാ പഠനം എന്തായി? ഇതുവരെയും അതും വാഗ്ദാനമായി നിൽക്കുകയാണ്.

ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ചില പ്രശ്നങ്ങളുണ്ടായി. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി വളരെ ശക്തമായി ഞങ്ങളെ അടിച്ചിരുത്താനുള്ള ശ്രമം നടത്തി. ഇന്നത്തെ മലയാള മനോരമ ദിനപത്രത്തിൽ റോസ് മേരിയുടെ ഒരു ലേഖനമുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അത് വായിക്കണം. നിങ്ങളുടെ സർക്കാർ, ആറ്റിങ്ങൽ നഗരസഭയിലെ അൽഫോൺസിയ എന്ന സ്ത്രീയോട് ചെയ്ത

അനീതി. ഏതൊരാളുടെയും കരളലിയിപ്പിക്കുന്ന കാര്യമാണ് മാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരുന്നത്. അതിനെതിരെ കേസെടുത്തുവെന്നത് സമ്മതിക്കുന്നു. എന്നാൽ അതുമായി ബന്ധപ്പെട്ട് സഭയിൽ ദുഃഖം രേഖപ്പെടുത്താൻ നിങ്ങൾക്ക് സാധിച്ചോ? വായിക്കാത്തവർ ആ വാർത്ത വായിക്കണം. സാധാരണക്കാരെ വിസ്മരിച്ചുകൊണ്ട് പ്രഖ്യാപനങ്ങൾമാത്രം നടത്തി ജനങ്ങളെ വഞ്ചിക്കുന്ന ഈ സർക്കാരിന് ഉപധനാഭ്യർത്ഥനകളിലൂടെ തുക പാസ്സാക്കിക്കൊടുത്തിട്ട് ഒരു കാര്യവുമില്ല. എയർപോർട്ടിന് എം.ഡി. ഇല്ല, താൽക്കാലിക ചാർജ്ജാണ്. കൊച്ചി മെട്രോയിൽ ആറ് മാസമായി എം.ഡി. ഇല്ല. അവിടെ റവന്യൂ സെക്രട്ടറി സ്തുത്യർഹമായ സേവനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഡൽഹിയിൽ വച്ചുനടന്ന ഇന്ത്യയിലെ മെട്രോകളുടെ സുപ്രധാനമായ ഒരു യോഗത്തിൽ കേരളത്തിന്റെ പ്രതിനിധിയുണ്ടായിരുന്നില്ല. കേരളത്തിലെ മെട്രോയുടെ എം.ഡി.-യ്ക്ക് ഹാജരാകാൻ സാധിച്ചില്ല. അതുകൊണ്ട് അവിടെ ഫുൾ ടൈം എം.ഡി.യെ നിയോഗിക്കണം. കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങിയിരിക്കുകയാണ്. അത് ഇതുവരെയും എവിടെയും എത്തിയിട്ടില്ല. കൊച്ചിയിലെ ജലാശയങ്ങളിലൂടെ കുതിച്ചുപായുമെന്ന് നിങ്ങൾ പറഞ്ഞ കൊച്ചി വാട്ടർ മെട്രോ ഇപ്പോൾ കിതച്ച് നിൽക്കുകയാണ്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ സമയം അവസാനിച്ചു. പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഇത്തരം പ്രഖ്യാപനങ്ങൾ നടത്തി ജനങ്ങളെ കബളിപ്പിക്കുന്ന ഈ നിലപാട് ഉപേക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി)

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ സഭയ്ക്കുമുമ്പാകെ അവതരിപ്പിച്ച 420.77 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. " ദാരിദ്ര്യമെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ" എന്ന് പഴയൊരു കവി എഴുതിയിട്ടുണ്ട്. ദാരിദ്ര്യം നന്നായി മനസ്സിലാക്കിയവരും അതനുഭവിക്കുന്ന ജനതയെ പ്രതിനിധാനം ചെയ്യുന്നവരുമാണ് ഇടതുപക്ഷം എന്നതുകൊണ്ട് അവർ നിയമസഭയിൽ ഉന്നയിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ പരമാവധി പരിശ്രമിക്കുമെന്ന് മുൻകാല ചരിത്രം തെളിയിച്ചിട്ടുണ്ട്. കാലം കാത്തുനിന്ന് പകരം ചോദിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷം ഇപ്പോൾ ആവശ്യത്തിനും അനാവശ്യത്തിനും ട്രഷറി ബെഞ്ചിനെ എതിർക്കുകയാണ്. വളരെ പരിണിതപ്രജ്ഞനാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ). അദ്ദേഹം നിരവധി തവണ നിയമസഭയിൽ അംഗമായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യൻ സ്വാതന്ത്ര്യസമരം പാട്ടത്തിനുവച്ചപ്പോൾ

അതെടുത്ത് നടത്തിത്തന്നവരാണ് കോൺഗ്രസ്സുകാർ എന്നൊരു ധാരണ അദ്ദേഹത്തിനുണ്ട്. ബാക്കിയാരും സ്വാതന്ത്ര്യ സമരത്തിലില്ല. അതിന്റെ കുത്തക മുഴുവൻ കോൺഗ്രസ് പ്രസ്ഥാനത്തിനാണെന്നാണ് അദ്ദേഹം ധരിച്ചിട്ടുള്ളത്. അദ്ദേഹം നല്ലതുപോലെ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രം എടുത്തുവായിക്കണം. Larry Collins-ഉം Dominique Lapierre-ഉം 'Freedom at Midnight' എന്ന പേരിൽ അത് പുസ്തകമാക്കിയിട്ടുണ്ട്. പലചരക്കുകടയിൽ ഉപ്പുപെട്ടി പുറത്താണല്ലോ വയ്ക്കാറുള്ളത്. നിങ്ങളിപ്പോൾ ഗാന്ധിജിയേയും നെഹ്റുവിനേയുമൊക്കെ അതുപോലെ പുറത്ത് വച്ചിരിക്കുകയാണല്ലോ; ഇടയ്ക്ക് ആ പുസ്തകമൊക്കെ എടുത്ത് വായിക്കുന്നത് നല്ലതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ വിപ്ലവ പ്രസ്ഥാനവും ആദ്യകാല നേതാക്കൾ നടത്തിയ അനശ്വരമായ വിപ്ലവ ചരിത്രവും അവിഭാജ്യ ഭാഗമാണ്. നിങ്ങൾക്ക് ഭഗത് സിംഗിനേയും ഉദ്ധം സിംഗിനേയും രാജ് ഗുരുവിനേയും മാതാംഗിനി ഹസ്രയെയും തള്ളിക്കളയാൻ പറ്റുമോ? കോൺഗ്രസ്സിന്റെ മുഖ്യധാരയിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തോട് ആഭിമുഖ്യമുണ്ടായിരുന്ന ആ നേതാക്കൾ നയിച്ചതുകൂടിയാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം. ഇന്ത്യൻ ദേശീയ പതാക കോൺഗ്രസിന് മാത്രം അവകാശപ്പെട്ടതാണെന്ന മിഥ്യാധാരണയിൽനിന്ന് ഒന്ന് മാറിച്ചിന്തിച്ചാൽ ഇനിയുള്ള കാലം അങ്ങേയ്ക്ക് നന്നായിരിക്കും. കോൺഗ്രസ്സാണ് സർവ്വവും എന്നാണ് ധാരണ. അമരപ്പന്തൽ വീണതുപോലെ നിൽക്കുകയല്ലേ കേരളത്തിൽ. പൊക്കാൻ പറ്റുമോ; മച്ചിപ്പശുവിനെ തൊഴുത്ത് മാറ്റിക്കെട്ടുന്നതുപോലെ നിങ്ങൾ പ്രസിഡന്റിനെ മാറ്റി. ഇനി ജില്ലാ പ്രസിഡന്റുമാരെ മാറ്റാൻ പോകുന്നു. ഇനി കെ.പി.സി.സി. അഴിച്ചുപണിയുന്നു. അല്ലെങ്കിൽ മോന്തായം മാറ്റുന്നു. ഇതുകൊണ്ടൊന്നും നിൽക്കില്ല. ഇതുവരെ കോൺഗ്രസ്സ് പുലർത്തിപ്പോന്ന രാഷ്ട്രീയ ആഭിമുഖ്യത്തിൽവന്ന മാറ്റം നല്ലതുപോലെ ബോധ്യമായിട്ടുള്ളവരാണ് ഇന്ത്യയിലെ ജനങ്ങൾ. 1991 മുതൽ നിങ്ങൾ ആവിഷ്കരിച്ച സാമ്പത്തിക നയത്തിന്റെ ചുവടുപിടിച്ച് ഇന്ത്യാരാജ്യത്ത് വളർന്നു പന്തലിച്ചതാണ് സാമ്രാജ്യത്വ വികസന നയം. ആ നയത്തിൽനിന്ന് കോൺഗ്രസ്സിന് കൈകഴുകി രക്ഷപ്പെടാൻ കഴിയുമോ; കെ.പി.സി.സി. പ്രസിഡന്റായിരുന്ന, നിങ്ങളെ നിരവധി കാലം കേരളത്തിൽ നയിച്ച, കേരളത്തിലെ എം.എൽ.എ.-യും മന്ത്രിയും പാർലമെന്റ് അംഗവുമൊക്കെ ആയിരുന്ന ശ്രീ. വി. എം. സുധീരൻ എഴുതിയ ലേഖനത്തിൽ പറഞ്ഞു, 'കോൺഗ്രസ് കേരളത്തിൽ അല്ലെങ്കിൽ ഇന്ത്യയിൽ ആവിഷ്കരിച്ച സാമ്പത്തിക പദ്ധതികൾ പാളിപ്പോയി' എന്ന്. ഒരു രാഷ്ട്രീയ പ്രസ്ഥാനം ഭരണാധികാരത്തിൽ വന്നാൽ ആവിഷ്കരിച്ച സാമ്പത്തിക പദ്ധതികൾ പാളിപ്പോയി എന്ന് ഒരു മുൻ കെ.പി.സി.സി. പ്രസിഡന്റും എ.ഐ.സി.സി. നേതാവും പരസ്യമായിപ്പറഞ്ഞാൽ അതിനോട് നിങ്ങൾ എങ്ങനെയാണ് പ്രതികരിക്കുന്നത്; അതിനെ സംബന്ധിച്ചുള്ള നിങ്ങളുടെ പ്രതികരണമെന്താണെന്ന് ഇതുവരെ നിങ്ങൾ കേരളത്തിലെ ജനങ്ങളോട് പറഞ്ഞില്ലല്ലോ.

കേരളത്തിൽ ഈ ഗവൺമെന്റ് ഉപധനാഭ്യർത്ഥനകൾ നടത്തുമ്പോൾ, കാലമിതുവരെ പാർലമെന്റിന്റേയും നിയമസഭയുടേയുമൊക്കെ കീഴ്വഴക്ക രീതിവച്ച് ഉപധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷം ഉന്നയിക്കുമെന്നുവച്ചാലും രാഷ്ട്രീയമായി അതിനെ നേരിടുന്ന പതിവില്ല. പാർലമെന്റിൽ ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞതിനുശേഷം ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരുന്നത് ആ ബഡ്ജറ്റ് ജനങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള പ്രധാനപ്പെട്ട ഒരു നടപടി യായിട്ടാണ്. അക്കാര്യത്തെ എതിർക്കുന്നു. ഉപധനാഭ്യർത്ഥനകൾ നടപ്പിലാകില്ല എന്നുപറയുന്നു. അത് ഏത് മേഖലയിലാണെന്ന് നിങ്ങൾ പറയണം. കോവിഡാണ് ഇപ്പോൾ പ്രതിപക്ഷം ഏറ്റെടുത്തിട്ടുള്ള പ്രധാനപ്പെട്ട പ്രശ്നം. എന്താണ് കോവിഡുമായി ബന്ധപ്പെട്ട് ഇന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്? ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ കോവിഡ് പടരാനുള്ള സാധ്യത കേരളത്തിൽ വളരെ കൂടുതലാണ്. നാല് പാൻഡമിക്കുകളെ ലോകം നേരിട്ടിട്ടുണ്ട്. വളരെ ശക്തമായി കേരളത്തിൽ പടർന്നുപിടിച്ച വസൂരിയും അതിനുമുമ്പ് കോളറയും ഈ കേരളത്തെ ബാധിച്ചിട്ടുണ്ട്. അന്ന് ഇത്രയൊന്നും ജനസംഖ്യയില്ല. ഇത്ര ജനകീയമായ അടുപ്പം, പോപ്പുലേഷൻ ഡെൻസിറ്റി കേരളത്തിലില്ല. ആ കാലയളവുകളിൽപ്പോലും നമുക്ക് രോഗത്തെ അതിജീവിക്കാനും നിയന്ത്രിച്ചുനിർത്താനുമുള്ള കഴിവുണ്ടായിരുന്നു. 1957-ൽ തൃശ്ശൂരിൽനിന്ന് വിജയിച്ച ഡോ. എ. ആർ. മേനോൻ ആരോഗ്യ വകുപ്പുമന്ത്രിയായ സന്ദർഭം മുതൽ കേരളത്തിൽ ആരംഭിച്ച പ്രൈമറി ഹെൽത്ത് സെന്ററുകളും താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളും മെഡിക്കൽ കോളേജും ആരോഗ്യ സംവിധാന രംഗത്ത് കേരളത്തെ വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കാവുന്ന നിലയിലെത്തിച്ചിട്ടുണ്ട്. കോവിഡിന്റെ കാലത്തും അത് സംഭവിച്ചിട്ടുണ്ട്. കോവിഡിന്റെ കാലത്ത് നിങ്ങളിപ്പോൾ കഴുകൻമാരെപ്പോലെ ശവങ്ങൾ തിരഞ്ഞ്, കേരളത്തിന്റെ ആരോഗ്യ പരിപാലനമാകെ അട്ടിമറിക്കപ്പെട്ടു എന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. എവിടെയാണ് അട്ടിമറിക്കപ്പെട്ടത്; കേന്ദ്രത്തിൽ നടക്കുന്ന ശ്രമങ്ങളോട് എന്തു കൊണ്ടാണ് നിങ്ങൾ വിയോജിപ്പ് പ്രകടിപ്പിക്കാത്തത്? ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ നിർമ്മിക്കുന്ന വാക്സിൻ 225 രൂപയ്ക്കും 300 രൂപയ്ക്കും അമേരിക്കയ്ക്കും ബ്രിട്ടനും വിൽക്കുമ്പോൾ ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് എത്ര രൂപയ്ക്കാണ് കൊടുക്കുന്നത്; അതിനോട് നിങ്ങൾക്ക് പ്രതിഷേധവും പരിഭ വവുമില്ല. ഈ കേരളത്തിൽ എല്ലാ മേഖലയിലും കുറ്റമറ്റ രീതിയിൽ കോവിഡിനോട് പൊരുതിനിൽക്കാൻ കഴിയുന്ന ഒരു ആരോഗ്യസേനാ സംവിധാനത്തെ ക്രമീകരിക്കാൻ കഴിഞ്ഞ ആരോഗ്യ വകുപ്പിനെ അഭിനന്ദിക്കാത്തവരില്ല. ലോകത്തിലെ പത്രങ്ങൾ, മറ്റ് വാർത്താ മാധ്യമങ്ങളെല്ലാംതന്നെ ഈ കേരളത്തെ അഭിനന്ദിക്കുകയുണ്ടായി. കോഴിക്കോട് ഒരു വാർഡിലുണ്ടായ നിപ മഹാരോഗത്തെ വളഞ്ഞിട്ട് അവസാനി പ്പിക്കാൻ കഴിഞ്ഞ, ആ രോഗത്തിന് അറുതി വരുത്തിയ ആരോഗ്യ സംവിധാനം കേരളത്തിലുണ്ട്.

ഉപധനാഭ്യർത്ഥനകളിൽ പ്രധാനമായും വിദ്യാഭ്യാസ മേഖലയെ കുറിച്ചാണ് പറയുന്നത്. ഇന്ന് നമുക്ക് രണ്ട് തരത്തിലുള്ള പൗരത്വമുണ്ട്. ഒന്ന് നെറ്റിസൺഷിപ്പും മറ്റൊന്ന് സിറ്റിസൺഷിപ്പും. സിറ്റിസൺഷിപ്പിന് നിങ്ങൾക്ക് ഐ.ഡി. കാർഡ്, ആധാർ കാർഡ്, എൻ.ആർ.സി., എൻ.പി.ആർ. തുടങ്ങിയവയെല്ലാം വേണം. പക്ഷേ നെറ്റിസൺഷിപ്പിന് നിങ്ങൾക്ക് ഇതൊന്നും വേണ്ട. ഒരു ആൻഡ്രോയിഡ് മൊബൈൽ ഫോണും സിമ്മും മതി. നിങ്ങൾക്ക് ലോകത്തെവിടെയുമുള്ള ഒരു പൗരനായി മാറാം. നിങ്ങൾക്ക് ലോകത്തിലെ ഏത് മേഖലയിലും ഇടപെടാൻ സാധിക്കുന്ന സംവിധാനമായി ഇന്ന് കാലം വികസിച്ചിട്ടുണ്ട്. ആ കാലത്താണ് നിങ്ങൾ ഇത്തരത്തിലുള്ള നട്ടാൽ മുളയ്ക്കാത്ത നുണകളുമായി ഈ നിയമസഭയിൽ വരുന്നത്. വിദ്യാഭ്യസ മേഖല നിങ്ങൾ പരിശോധിക്കൂ. നമ്മുടെ കുഞ്ഞുങ്ങളുടെ കൈകളിലേയ്ക്ക് മൗസ് കൊടുത്ത് ലോകത്തെ കാണൂ എന്ന് പഠിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിക്കാൻ നമുക്ക് സാധിച്ചു. പൊതിച്ചോറ് അദ്ധ്യാപകൻ കട്ട് ഉണ്ടിരുന്ന ഒരു വിദ്യാലയാന്തരീക്ഷത്തെ കുറിച്ച് കാരൂർ 'പൊതിച്ചോറ് എന്നൊരു കഥ എഴുതിയിട്ടുണ്ട്. വിദ്യാർത്ഥികൾ കൊണ്ടുവരുന്ന പൊതിച്ചോറ് കട്ടുണ്ട് വിശപ്പുമാറ്റിയിരുന്ന അദ്ധ്യാപക ലോകമുണ്ടായിരുന്നു. മാനേജർമാരുടെ പശുത്തൊഴുത്ത് വൃത്തിയാക്കുന്നതിനും കടയിലേയ്ക്ക് അനാദിവസ്തുക്കൾ വാങ്ങുന്നതിനുംവേണ്ടി വിട്ടിരുന്ന അദ്ധ്യാപകരെ അദ്ധ്യാപകരാക്കി മാറ്റി വിദ്യാർത്ഥികൾക്ക് മുന്നിൽ എത്തിച്ചത് ഇടതുപക്ഷത്തിൽ ആദ്യമായി ജയിച്ചുവന്ന മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയായിരുന്നു എന്ന് ആർക്കാണ് അറിയാത്തത്; കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ സ്ഥിതിയെന്തായിരുന്നു; അദ്ധ്യാപകരുടെ സ്ഥിതിയെന്തായിരുന്നു; വിദ്യാർത്ഥികളുടെ സ്ഥിതിയെന്തായിരുന്നു; എത്ര പേർക്ക് പഠിക്കാൻ കഴിഞ്ഞിരുന്നു; അതുകൊണ്ട്, ആധുനിക കേരളീയ സൃഷ്ടിയിൽ നല്ല പങ്കുവഹിച്ച ഇടതുപക്ഷം വീണ്ടും അധികാരത്തിൽ വന്നതോടെ കേരളത്തിന്റെ വിവിധ രംഗത്ത് വന്ന നവീകരണ പ്രവർത്തനങ്ങൾ അനസ്യൂതം മുന്നോട്ട് കൊണ്ടുപോകാൻ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വളരെ ധൃതിപിടിച്ച് ഈ സപ്ലിമെന്ററി ഡിമാൻഡ് പാസ്സാക്കിയിട്ട് അത് ചെലവഴിക്കാൻ അങ്ങേയ്ക്ക് കഴിയുമോയെന്ന് എനിക്ക് സംശയമുണ്ട്. കാരണം ഇവിടെ ഖിയാമത്ത് നാളിന്റെ അടയാളങ്ങൾ ഞാൻ കാണുന്നുണ്ട്, അതായത് ലോകാവസാനം, end of the world. പൂർണ്ണ സ്വാതന്ത്ര്യം അകലെ, ബൂർഷ്വകൾക്കുള്ള അധികാര കൈമാറ്റമാണ് ഇവിടെ നടക്കുന്നതെന്ന് 1947 മുതൽ പറഞ്ഞിരുന്ന സി.പി.ഐ.(എം.), സ്വാതന്ത്ര്യദിനത്തിനെ വഞ്ചനാദിനമായി ആചരിച്ചിരുന്ന,

കരിങ്കൊടി നാട്ടിയിരുന്ന സി.പി.ഐ.(എം.) 75 വർഷത്തിനുശേഷം തെറ്റുതിരുത്തി സ്വാതന്ത്ര്യദിനാഘോഷം പാർട്ടി പരിപാടിയായി ഏറ്റെടുക്കാൻ തയ്യാറായതാണ് അതിലൊന്ന്. എം.വി.ആർ. ഉണ്ടായിരുന്ന കാലത്ത് അദ്ദേഹം സ്ഥിരം പറയു മായിരുന്നു സി.പി.ഐ.(എം.)-ന് വൈകിയേ ബുദ്ധി ഉദിക്കുകയുള്ളൂവെന്ന്. ഇനി സ്വാതന്ത്ര്യം നേടിത്തന്ന കോൺഗ്രസ്സ് ഔട്ട്, കേരളത്തിലെങ്കിലും സി.പി.ഐ.(എം.) ആയിരിക്കും ഇത് ആഘോഷിക്കുന്നതിന് മുൻപിൽ.

ഇന്നലെ ധനാഭ്യർത്ഥന ചർച്ചകളുടെ അവസാനമായി 6 മന്ത്രിമാർ മറുപടി പറഞ്ഞു, ഇതിൽ രണ്ട് പ്രധാനപ്പെട്ട വകുപ്പുകളുണ്ടായിരുന്നു. ഒന്ന് പ്രവാസിക്ഷേമം, രണ്ടാമത്തേത് ന്യൂനപക്ഷക്ഷേമം. ഇന്നലെ എല്ലാ കുഞ്ഞുവകുപ്പുകളെപ്പറ്റിയും വളരെ ദീർഘമായി എല്ലാ മന്ത്രിമാരും സംസാരിച്ചെങ്കിലും ഈ രണ്ട് പ്രധാന വകുപ്പുകളും കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി സഭയിലുണ്ടായിരുന്നിട്ടും ഈ വകുപ്പുകളെപ്പറ്റിയോ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെപ്പറ്റിയോ ഒരക്ഷരം ഉരിയാടിയില്ല, മറ്റ് മന്ത്രിമാരും പറഞ്ഞില്ല. പ്രവാസികളെപ്പറ്റി ഇപ്പോൾ പറഞ്ഞില്ലെങ്കിൽ പിന്നീട് എപ്പോഴാണ് സംസാരിക്കുക. അവരെ മരണത്തിന്റെ വ്യാപാരികൾ എന്നുവിളിച്ച് നമ്മൾ അധിക്ഷേപിച്ചു, 5,000 രൂപ കോവിഡ് ധനസഹായം കൊടുക്കുമെന്ന് പറഞ്ഞ് പറ്റിച്ചു, വാക്സിൻ കൊടുത്തെങ്കിലും സർട്ടിഫിക്കറ്റ് നൽകിയില്ല. മടങ്ങിപ്പോകേണ്ട ടിക്കറ്റിന് ഏകദേശം ഒന്നരലക്ഷം രൂപവരെ ആയി, നമ്മൾ ഇടപെട്ടില്ല. ഇതൊക്കെ പരിശോധിക്കാനാണ് പ്രവാസി വകുപ്പ്. എന്താണ് പ്രവാസികൾ ചെയ്ത തെറ്റ്? ഒന്നരലക്ഷം കോടി രൂപ ഒരു വർഷം കേരളത്തിലേയ്ക്ക് അയച്ചതാണോ; നാട്ടിൽ അമ്പലങ്ങൾ, പള്ളികൾ, ക്ലബ്ബുകൾ എന്നിവയ്ക്കും സാധാരണക്കാർക്ക് വീട് വയ്ക്കാനും ചികിത്സയ്ക്കും കല്യാണത്തിനും സഹായം നൽകിയതാണോ? കോവിഡിന്റെ ആരംഭകാലത്ത് വിദേശത്തുള്ള എല്ലാ മലയാളികളെയും സ്വന്തം ജീവൻപോലും തുണവൽക്കരിച്ചുകൊണ്ട് നാട്ടിലേയ്ക്ക് കയറ്റിവിട്ടതാണോ? അതോ അവരെ പട്ടിണിക്കിടാതെ ക്യാമ്പുകളിൽ നല്ല രീതിയിൽ പരിപാലിച്ചതുകൊണ്ടാണോ? എന്തിനാണ് ഈ നോർക്കയെന്ന് മന്ത്രിമാരടക്കം അവിടെയുള്ള സംഘടന കളോടല്ലേ ചോദിച്ചിരുന്നത്. പ്രവാസികളുടെ ശരിക്കുള്ള നോർക്ക അവിടെയുള്ള കെ.എം.സി.സി. പോലുള്ള സംഘടനകളാണ്. നമ്മൾ ഇപ്പോഴല്ലേ അവർക്ക് സാന്ത്വനം പകരേണ്ടത്? ഇന്നലെ മുഖ്യമന്ത്രി സഭയിൽ ഉണ്ടായിരുന്നിട്ടും ഒരക്ഷരം അവർക്കുവേണ്ടി മിണ്ടാത്തത് വലിയ തെറ്റായിപ്പോയി, പ്രവാസികൾ ഇത് ക്ഷമിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെ തന്നെയാണ് ന്യൂനപക്ഷ ക്ഷേമം. മൈനോറിറ്റി സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് 80:20 റേഷ്യോ, കോടതി കേസ്സ്, കള്ളത്തരം പ്രചരിപ്പിക്കുന്നത്, വാദപ്രതിവാദങ്ങൾ, സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന സമുദായ നേതാക്കളുടെ അഭ്യർത്ഥന, ഇതൊക്കെ

ഈ സഭയിലല്ലാതെ എവിടെയാണ് ചർച്ച ചെയ്യുക. കോടതിയുടെ പേര് പറഞ്ഞു കൊണ്ട് സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരിക്കുന്നത് ശരിയല്ല. ഈ സമയത്തുതന്നെയാണ് ന്യൂനപക്ഷ വകുപ്പിനെപ്പറ്റി നമ്മൾ സംസാരിക്കേണ്ടത്.

ഇവിടെ ആകെ 421 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിട്ടുള്ളത്. അതിൽ മൺമറഞ്ഞ ഗൗരിയമ്മ, ബാലകൃഷ്ണപിള്ള എന്നിവരുടെ സ്മാരക നിർമ്മിതിക്ക് തുക വകയിരുത്തിയിട്ടുണ്ട്. സി.പി.ഐ.(എം.) ജീവിച്ചിരിക്കുമ്പോൾ മനുഷ്യരെ വേട്ടയാടും, മരണമടഞ്ഞ് കഴിഞ്ഞാൽ അവർക്ക് സ്മാരകം പണിയും, കെ. എം. മാണിസാറിനും ഇതുതന്നെയാണ് സംഭവിച്ചത്. ഇനി വടകരയിൽ എന്താണ് കാണാൻ പോകുന്നതെന്ന് കണ്ടുതന്നെ അറിയണം. ആദ്യത്തെ ധനാഭ്യർത്ഥന പോലീസ് വകുപ്പിനെപ്പറ്റിയാണ്. കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചതിന് 17.75 ലക്ഷം ആൾക്കാരുടെ പേരിലാണ് കേസ്സെടുത്തത്. മാസ്ക് ധരിക്കാത്തതിന് 10.7 ലക്ഷം കേസ്സ്, വാഹനങ്ങൾ പിടിച്ചെടുത്തത് രണ്ടരലക്ഷം, സോഷ്യൽ ഡിസ്റ്റൻസ് പാലിക്കാത്തത് 4.7 ലക്ഷം. 150 കോടി രൂപവരെ ഫൈനായി പിരിച്ചു. കിമ്പളം വേറെ. അവർ ചെയ്ത ക്രൂരകൃത്യങ്ങൾ എത്രയാണെന്ന് അറിയില്ല. പാരിപ്പള്ളിയിൽ മത്സ്യക്കച്ചവടം ചെയ്തിരുന്ന മേരിയമ്മയുടെ 15,000 രൂപ വില വരുന്ന മത്സ്യം വലിച്ചെറിഞ്ഞു. കാസർഗോഡ് പശുവിന് പുല്ലരിയാൻ പോയ നാരായണന് 2,000 രൂപ പിഴ. ഗൗരിനന്ദയെന്ന പ്ലസ്ടുവിന് പഠിക്കുന്ന കുട്ടിയെ പറയാൻ അശ്ലീലമൊന്നുമില്ല. എന്റെ മണ്ഡലത്തിൽ കരിമ്പനയ്ക്കൽ അബ്ദുമുസ്ലിയാർ ആശുപത്രിയിൽ കിടക്കുന്ന മകൾക്ക് ഭക്ഷണം കൊണ്ടുപോയപ്പോൾ പുറത്തിറങ്ങിയെന്ന് പറഞ്ഞ് 2,000 രൂപ പിഴ ഈടാക്കി. ചെറിയ കുറ്റങ്ങൾക്ക് ഭീമമായ പിഴ ചുമത്തുന്നതിനെതിരെ മനുഷ്യാവകാശ കമ്മീഷൻ വരെ ഇടപെട്ടു, നാണക്കേടല്ലേ നമുക്കത്. എന്നിട്ടും നമ്മൾ പറയുന്ന കോവിഡ് പ്രതിരോധത്തിൽ നാം ഒന്നാമതാണെന്ന്. വാസ്തവത്തിൽ കേരളമാണ് രോഗികളുടെ കാര്യത്തിൽ ഏറ്റവും മുൻപിൽ നിൽക്കുന്നത്. Something wrong somewhere, നമ്മൾ ഇതിനെപ്പറ്റി ഗാഢമായി പഠിക്കേണ്ടിയിരിക്കുന്നു, എന്താണെന്ന് കൃത്യമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. കോവിഡ് കാലത്ത് പോലീസിന് നൽകിയിട്ടുള്ള അമിത സ്വാതന്ത്ര്യം, കോവിഡിനു ശേഷം നിർത്തുമ്പോൾ അവർക്കൊരു വിത്ഡ്രോവൽ സിൻഡ്രോം പോലെ എന്തോ ഒരു മാനസികാവസ്ഥയിലേയ്ക്ക് എത്തിച്ചേരും. അത് കേരള പോലീസിന്റെ ഖ്യാതിതന്നെ നഷ്ടപ്പെടുത്തും.

ഓൺലൈൻ കൾച്ചറൽ ഫെസ്റ്റിവലിനുവേണ്ടി തുക ആവശ്യപ്പെട്ടിട്ടുണ്ട്, സാംസ്കാരിക വകുപ്പിനുകീഴിലുള്ള പരിപാടികളെപ്പറ്റി മറ്റ് പരാതികളുണ്ട്. അതിലൊന്ന് മലയാളം മിഷന്റെ പ്രവർത്തനങ്ങളാണ്. 2011-ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഡൽഹിയിൽ വച്ച് ഉദ്ഘാടനം ചെയ്തതാണത്.

പ്രവാസികളുടെ മക്കൾക്കുവേണ്ടി മലയാളം ഭാഷയും കേരള സംസ്കാരവും പഠിപ്പിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. കുറച്ചുകാലം മുൻപ് അവർ ഒരു അനിമേറ്റഡ് ഫിലിം ഉണ്ടാക്കിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് കാണണം, അതിന്റെ കോസ്റ്റ് വിലയിരുത്തണം. അവിടെ ഓൺലൈൻ റേഡിയോ ഉണ്ട്, എത്ര ആൾക്കാർ കേൾക്കുന്നുണ്ടെന്ന് ശ്രദ്ധിക്കണം. മലയാളം മിഷന്റെ ഓൺലൈൻ റേഡിയോ, മലയാണ്മ, സ്പോക്കൺ മലയാളം ഓൺലൈൻ കോഴ്സ്, മലയാള പത്രിക, ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ ശില്പശാലകൾ, അവിടെ നടക്കുന്ന അപ്പോയിന്റ്മെന്റ് ഇതിലൊക്കെ ഗുരുതരമായ ചട്ടലംഘനം നടക്കുന്നുണ്ട്. ഇതുകൊണ്ട് പ്രവാസികൾക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ? ഇപ്പോൾ ഞാൻ അതിനെപ്പറ്റി ഇത്രയേ പറയുന്നുള്ളൂ. മറ്റ് കാര്യങ്ങൾ എന്റെ കൈവശമുണ്ട് അത് അടുത്ത പ്രാവശ്യം പറയാം.

നാല് ചുമരുകൾക്കുള്ളിൽ ചുരുക്കപ്പെട്ട നമ്മുടെ കോവിഡുകാല വിദ്യാഭ്യാസം കാരണം മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരിക്കുന്ന ഉന്നതാധികാര കമ്മീഷനെ നിയമിക്കുന്നതിനുള്ള ചെലവുകൾക്ക് ഡിമാൻഡ് അവതരിപ്പിച്ചിട്ടുണ്ട്. തീർച്ചയായും ഈ കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ ഗൗരവമായി പഠിക്കണം. കഴിഞ്ഞ ദിവസം പ്ലസ്ടുവിന് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടി പാസ്സായ ഒരു കുട്ടി തന്റെ പിതാവിനെ ജയിച്ചുവെന്ന് അറിയിച്ചുകൊണ്ട് ഒരു മെസ്സേജ് അയച്ചു, എന്താണ് ആ കുട്ടി എഴുതിയത്, I passed away. ഞാൻ ബഹുമാനപ്പെട്ട മന്ത്രി വിചാരിക്കുന്നതുപോലെ ജയിച്ച കുട്ടികളെ തമാശയാക്കുകയല്ല. എങ്കിലും പഠന നിലവാരം വളരെ പിന്നോട്ട് പോയിരിക്കുന്നുവെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. അദ്ധ്യാപകരോട് ചോദിച്ചാൽ അവർ പറയും, 10 ശതമാനം കുട്ടികൾപോലും ക്ലാസിൽ ശ്രദ്ധിക്കുന്നില്ല, അവർ നോട്ട് എഴുതുന്നില്ല, മൊബൈലും ടി.വി.യും ഓണാക്കിവച്ചിട്ട് മറ്റു കളികളിലേയ്ക്ക് പോകുകയാണ്. കോവിഡ് കാലത്തെ വിദ്യാഭ്യാസത്തെയും പഠന നിലവാരത്തേയും കുറിച്ച് ഈ സമിതി കൃത്യമായി പഠിച്ച് ആവശ്യമായ തിരുത്തൽ വരുത്തണം. നമ്മുടെ പാർലമെന്റ് കമ്മിറ്റി പറഞ്ഞതുപോലെ മാളുകളും കടകളും തുറന്നതുപോലെ സ്കൂൾ നിർബന്ധമായും തുറന്നേ പറ്റൂ. മുഴുവൻ കുട്ടികളേയും ഒരേ സമയം അക്കോമഡേറ്റ് ചെയ്യാൻ ഇപ്പോൾ നമുക്ക് ബുദ്ധിമുട്ടായിരിക്കും, 50 ശതമാനമോ 25 ശതമാനമോ എന്ന ടേൺ വച്ച് പഠിപ്പിക്കുക. ഓണം അവധിക്കുശേഷം സ്കൂൾ തുറക്കാൻ ശ്രമിക്കണം, അല്ലെങ്കിൽ ചുറുചുറുക്കുള്ള ചെറുപ്പക്കാരെ വാർത്തെടുക്കാൻ നമുക്ക് കഴിയാതെ വരും.

ശ്രീ. പി. ടി. എ. റഹീം ഇവിടെ പറഞ്ഞ കുറച്ച് കാര്യങ്ങൾ, ഞാൻ അതിനെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല. പക്ഷേ എന്റെ നാട്ടിൽ ഒരു ചൊല്ലുണ്ട്, പിരാന്തിക്ക് ഗർഭമുണ്ടായതുപോലെയെന്ന്. അതായത് ഭ്രാന്തിക്ക് ഗർഭമുണ്ടായതു

പോലെയെന്നാണ്. എന്തെങ്കിലും എപ്പോഴും പിറുപിറുത്തുകൊണ്ടിരിക്കും. ഭ്രാന്തിക്ക് അറിയില്ല എന്താണ് പറയുന്നതെന്ന്. അത് കേൾക്കുന്നവർക്കും മനസ്സിലാകുകയില്ല. ഞാൻ ശ്രീ. പി. ടി. എ. റഹീമിനെപ്പറ്റിയല്ല പറയുന്നത്. ആ ഒരു രീതിയിൽ മാത്രമെ ഞാൻ അതിനെ കണക്കാക്കുന്നുള്ളൂ, മുസ്ലീം ലീഗ് എന്ന പാർട്ടിയെ ഇല്ലാതാക്കാനും തകർക്കാനും കുറെയധികം ആൾക്കാർ മുൻകാലങ്ങളിലൊക്കെ ശ്രമിച്ചിട്ടുണ്ട്. അത് ഐസ് കട്ടയുടെ മുകളിൽ പെയിന്റ് അടിക്കുന്നതുപോലെ ഒരു വൃഥാവ്യായാമമാണ്, അത് നടക്കില്ല. ആ പാർട്ടിയെ എത്രത്തോളം എതിർക്കുന്നുവോ അതിന്റെ ഇരട്ടി ശക്തിയിൽ അത് തിരിച്ചുവരും. അതിന് കഴിവുള്ള നേതാക്കന്മാരുണ്ട്, ലോകത്ത് തന്നെ ഇത്രയധികം ആത്മാർത്ഥതയുള്ള, അണികളുള്ള വേറൊരു പാർട്ടി അള്ളാവിന്റെ ദുനിയാവിൽ നിങ്ങൾക്ക് കാണാൻ കഴിയില്ല. സി. എച്ച്. പറയുന്നതുപോലെ ഈ പാർട്ടി ഒരു ഉറങ്ങുന്ന സിംഹമാണ്, വെറുതെ ചൊറിഞ്ഞുകൊണ്ട് അതിനെ ഉണർത്തണ്ട. അത് നിങ്ങളുടെ നാശമായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ 420.77 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളുടെ എല്ലാ ആവശ്യങ്ങളേയും പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. രാജ്യത്തിനും ലോകത്തിനും മാതൃകയായ സംസ്ഥാനമാണ് നമ്മുടെ കേരളം. അത് നമുക്കെല്ലാം അഭിമാനമാണ്, കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരും. സാമ്രാജ്യത്വ നയങ്ങൾ അടിച്ചേൽപ്പിക്കുന്ന ഒട്ടനേകം പ്രയാസങ്ങളോട് പൊരുതാൻ ബദൽ ഉയർത്തുക എന്ന തലത്തിലേയ്ക്ക് മാറാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് നമുക്ക് അഭിമാനപൂർവ്വം പറയാൻ സാധിക്കും. ഇവിടെ പ്രധാനപ്പെട്ട ചെലവിനങ്ങളെ സംബന്ധിച്ച് കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. നോളജ് ഇക്കോണമി ഫണ്ട് യാഥാർത്ഥ്യമാക്കുന്നതിനെ പ്രതിപക്ഷം എതിർക്കുകയാണ്; കേരളത്തിലെ സായുധ പോലീസിന് ആറാമത് ബറ്റാലിയൻ രൂപീകരിക്കുന്നതിനെ എതിർക്കുകയാണ്; ഹൈവേയിലെയും എം.സി. റോഡിലെയും മറ്റ് റോഡുകളിലെ പ്രധാനപ്പെട്ട കവലകളിലെയും ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ട ശാസ്ത്രീയ പഠനത്തിനെ എതിർക്കുകയാണ്. സമഗ്ര ശിക്ഷ കേരളയിലൂടെ നടപ്പിലാക്കുന്ന വിദ്യാഭ്യാസ നവീകരണ പരിപാടിയെ എതിർക്കുന്നു. വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉന്നതാധികാര സമിതിയെ നിയോഗിക്കുന്നതിനെ എതിർക്കുന്നു. ലൈഫ് സയൻസ് പാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വാക്സിൻ ഗവേഷണ യൂണിറ്റ് സ്ഥാപിക്കാനുള്ള നിർദ്ദേശത്തെ എതിർക്കുന്നു. വയനാട്ടിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനെ എതിർക്കുന്നു, അഞ്ച് പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കാനുള്ള ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു, യുവസംരംഭകർക്കായി 25 സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനെ എതിർക്കുന്നു.

കാർഷിക ഉത്പന്നങ്ങൾ, മത്സ്യം, മാംസം, പാൽ തുടങ്ങിയവയുടെ സംസ്കരണ കേന്ദ്രങ്ങളും, ഈ രംഗത്ത് ആധുനിക ഗവേഷണ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനു വേണ്ടി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള, രൂപീകരിക്കുന്നതിനായുള്ള നിർദ്ദേശത്തെ എതിർക്കുന്നു. രണ്ട് ആധുനിക അരിമില്ലുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ നെൽ സഹകരണ സംഘം സ്ഥാപിക്കുന്നതിനെ എതിർക്കുന്നു. കാർഷികോൽപ്പന്നങ്ങുടെ വിപണനത്തിന് ഐ.ടി. അധിഷ്ഠിത സേവനങ്ങളേർപ്പെടുത്തുന്നതിനായി കൃഷി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനെ എതിർക്കുന്നു. പാലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ആധുനിക ഫാക്ടറി സ്ഥാപിക്കുന്നതിനെ എതിർക്കുന്നു. മത്സ്യ സംസ്കരണത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനെ എതിർക്കുന്നു. ഇടത്തരം-ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾക്ക് വർദ്ധിച്ച തോതിലുള്ള സബ്സിഡി നൽകുന്നതിനുള്ള നിർദ്ദേശത്തെ എതിർക്കുന്നു. കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നതിനെ എതിർക്കുന്നു. വിനോദസഞ്ചാര മേഖലയിൽ പുനരുദ്ധാരണ പാക്കേജിനെ എതിർക്കുന്നു. സ്ത്രീകളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുള്ള സ്മാർട്ട് കിച്ചൻ പദ്ധതിയെ എതിർക്കുന്നു. ഇതാണ് യു.ഡി.എഫ്.-ന്റെ, ക്രിയാത്മക പ്രതിപക്ഷത്തിന്റെ സമീപനമെന്ന് നാട് തിരിച്ചറിയുകയാണ്. ഇതാണോ ക്രിയാത്മക പ്രതിപക്ഷം? അങ്ങനെ പറയുന്നവർ നമ്മുടെ നാടിനുവേണ്ടി ചെയ്യുന്നതെന്താണെന്ന് നാട്ടിലെ ജനങ്ങൾക്കറിയാം, ആ അറിവിന്റെ അനുഭവത്തിലൂടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് തുടർച്ചയുണ്ടായത്. ഈ സഭാ സമ്മേളനത്തിന്റെ ഭാഗമായി പ്രധാനമായി ഉയർത്തിക്കൊണ്ടുവന്ന ആക്ഷേപവും ആരോപണവും കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ടാണ്. ബാങ്ക് തട്ടിപ്പിനെ ന്യായീകരിക്കുകയോ, തട്ടിപ്പിന്റെ ഭാഗമായി നടത്തേണ്ടുന്ന അന്വേഷണത്തെ ഒരുവിധേനയും സ്വാധീനിക്കുകയോ ചെയ്യുന്ന സർക്കാരല്ല കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. അന്വേഷണം നടക്കട്ടെ. കുറ്റക്കാരുടെ രാഷ്ട്രീയ നിലപാടെന്താണെന്ന് നോക്കാതെ അതിൽ കണ്ണികളായ എല്ലാവരെയും പ്രതിചേർക്കാനും അറസ്റ്റ് ചെയ്യാനും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ഈ നാടിന്റെ സഹകരണ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞതാണ്, ആ പറയുന്നതിനെ വിശ്വാസത്തിലെടുക്കുന്നില്ല. എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കുണ്ടല്ലോ, അവിടുത്തെ ക്രമക്കേടുകളും അന്വേഷിക്കും. ഇന്നിതാ പുതിയ ഒരു വിവരം വന്നിരിക്കുന്നു, എന്റെ മണ്ഡലത്തിലെ പൂക്കോട്ടുകാവ് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ കൃഷ്ണകുമാർ വ്യാജ ചൂതാട്ടത്തിൽ, ലോട്ടറിതട്ടിപ്പിൽ ലക്ഷങ്ങൾ ഉപയോഗിച്ചതിന്റെ ഭാഗമായി പ്രതിയായിരിക്കുകയാണ്. ബാങ്കുമായി ആ സംഭവത്തിന് ബന്ധമുണ്ടോയെന്ന

കാര്യത്തിൽ ജനങ്ങളിൽ സംശയമുളവാകുന്നു. അത്തരം എല്ലാ തട്ടിപ്പും വെട്ടിപ്പും അന്വേഷിക്കുന്നുണ്ട്. പക്ഷേ ഇവിടെ പറഞ്ഞതെന്താണ്? തൃപ്പൂണിത്തുറ അംഗം കരുവന്നൂർ എന്ന് പറയുമ്പോൾ അതിന്റെ കൂടെ കയ്യൂരും കരിവെള്ളൂരും ചേർത്തു പറയുകയാണ്. എന്താണ് കയ്യൂരെന്നും കരിവെള്ളൂരെന്നും ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യസമര പ്രക്ഷോഭത്തെ സംബന്ധിച്ച് മനസ്സിലാക്കിയ മലയാളിക്ക് അറിയാം. കയ്യൂരിലെ നാല് സഖാക്കൾ,' മഠത്തിൽ അപ്പുവും ചിരുകണ്ടനും അബൂബക്കറും കുഞ്ഞമ്പുനായരും' സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരായിട്ടുള്ള പോരാട്ടത്തിൽ തൂക്കിലേറ്റപ്പെട്ട ധീര ദേശാഭിമാനികളാണെന്ന് നമ്മുടെ നാട് തിരിച്ചറിഞ്ഞതല്ലേ; ഇങ്ങനെ ചേർത്ത് പറയാമോ? കരിവെള്ളൂരിൽ ജന്മിത്തത്തിനെതിരായി, സാമ്രാജ്യത്വത്തിനെതിരായി ഈ നാട്ടിലെ ജനങ്ങളുടെ സമാധാന പൂർണ്ണമായ ജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടി പോലീസിന്റെ വെടിയേറ്റ് ധീരരക്തസാക്ഷിത്വം വരിച്ച കീനേരി കുഞ്ഞമ്പു ഉൾപ്പെടെയുള്ള ആളുകളെ കരുവന്നൂർ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇത്തരക്കാരോട് ഒന്നേ പറയാനുള്ളൂ, ചിലരുടെ ചെവിയിൽ വേദമോതിയിട്ടൊന്നും കാര്യമില്ലെന്ന് നമ്മുടെ നാട്ടിലൊരു പഴഞ്ചൊല്ലുണ്ട്. അത്തരക്കാരോട് പറയാനുള്ളത്, നിങ്ങളുടെ ചെവിയിൽ വേദമോതിയിട്ട് കാര്യമില്ല എന്നാണ്. ഇന്നലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. അടിയന്തര പ്രമേയ വിഷയം അട്ടപ്പാടിയിൽ ആദിവാസികൾക്കെതിരെ നടന്ന അക്രമം. പോലീസിന്റെ വീരകഥകൾ പറയുകയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന് പറഞ്ഞാണ് പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയെ ആക്ഷേപിച്ചത്. നടന്ന സംഭവമെന്താണെന്ന് മണ്ണാർക്കാട് എം.എൽ.എ.-യെങ്കിലും സത്യസന്ധമായി പറയുമെന്നാണ് ഞാൻ കരുതിയത്. തീർത്തും തെറ്റായ കാര്യങ്ങൾ അടിയന്തരപ്രമേയ ചർച്ചയുടെ ഭാഗമായി ഈ സഭയിൽ ഉന്നയിക്കുകയാണുണ്ടായതെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. അവിടെ കുറുന്താചലത്തിന്റെ സ്ഥലത്ത് മുരുകന്റെ ഭാര്യ രാജാമണി പശുവിനെ മേയ്ക്കുന്നതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായപ്പോൾ കുറുന്താചലത്തിന്റെ തലയ്ക്ക് മുരുകൻ കല്ലുകൊണ്ടടിച്ചു, മുരുകന്റെ അച്ഛൻ ചൊറിയമൂപ്പൻ വടികൊണ്ടും അടിച്ചു, രാജാമണി തെറിവിളിച്ചു. മുരുകന്റെയും ചൊറിയമൂപ്പന്റെയും ആക്രമണത്തിന്റെ ഭാഗമായി കുറുന്താചലത്തിന്റെ തലയിൽ നാല് തുന്നലും ഇടതുകൈയുടെ വിരലിന് പൊട്ടലുമുണ്ട്. എല്ലുപൊട്ടിയാൽ ഐ.പി.സി. 326 വകുപ്പുപ്രകാരം കേസെടുക്കും. സ്വാഭാവികമായും 7 വർഷത്തിൽകൂടുതൽ ശിക്ഷ ലഭിക്കാവുന്ന, ജീവപര്യന്തംവരെ ശിക്ഷ ലഭിക്കാവുന്ന ജാമ്യമില്ലാ കുറ്റത്തിന് പോലീസ് കേസെടുത്തു. ആഗസ്റ്റ് 8-ാം തീയതി രാവിലെ 6.15-നാണ് ഷോളയൂർ പോലീസ് സ്റ്റേഷനിൽ നിന്നും ഇറങ്ങുന്നത്. 6.45-നാണ് പത്ത് കിലോമീറ്റർ അപ്പുറത്തുള്ള ഷോളയൂർ പഞ്ചായത്തിലെ 'വട്ട്ലക്കി' എന്ന കോളനിയിലെത്തുന്നത്. പോലീസ് ആദ്യം പോകുന്നത് ചൊറിയമൂപ്പൻ താമസിക്കുന്ന വീട്ടിലാണ്. മൂപ്പനും മകൻ മുരുകനും

വെവ്വേറെ വീടുകളിലാണ് താമസിക്കുന്നത്. ചൊറിയമൂപ്പൻ അവിടെ കൃഷി ചെയ്യുകയാണ്, രാവിലെതന്നെ പറമ്പിൽ കിളച്ചുകൊണ്ടിരിക്കുന്ന ചെറിയമൂപ്പനോട്, വീട്ടിൽചെന്ന് മുരുകനെ വിളിക്കണമെന്ന് പോലീസ് പറയുന്നു. വീട്ടിലെത്തിയപ്പോൾ മുരുകൻ ചായകുടിച്ചുകൊണ്ടിരിക്കുകയാണ്, ഷർട്ട് ധരിച്ചിട്ടില്ല. ഷർട്ട് ധരിച്ചുവരാൻ പോലീസ് പറയുന്നു. അതിനായി അകത്തുകയകറിയ മുരുകൻ ആക്ഷൻ കൗൺസിലിന്റെ വൈസ് ചെയർമാൻ എന്ന പദവി ഉപയോഗപ്പെടുത്തി തന്റെ ബന്ധത്തിലുള്ളതും അയൽപക്കത്തുള്ളതുമായ പലരെയും ഫോൺ വിളിക്കുകയും ആളെക്കൂട്ടുകയും ചെയ്യുന്നു. ട്രൈബൽ പോലീസുകാരായ പളനിയും, പഴനിസ്വാമിയുമുൾപ്പെടെ ഇരുപത് പോലീസുകാരാണ് അവിടെ ചെന്നതെന്ന് പറയുന്നു. എന്നാൽ ഇരുപത് പോലീസുകാർ ഉണ്ടായിരുന്നില്ല. ഒരു വനിതയുൾപ്പെടെ 9 പോലീസുകാർ രണ്ട് ജീപ്പുകളിലായാണ് പോയത്. പ്രതികളുടെ മെഡിക്കൽ റിപ്പോർട്ടും wound certificate-ഉം പരിശോധിച്ചാൽ No external injury എന്നാണുള്ളതെന്ന് മനസ്സിലാകും. ഈ പറയുന്ന ആർക്കും ഒരു പരിക്കുമില്ലായിരുന്നു. വസ്തുത ഇതായിരിക്കെ എന്തെല്ലാമാണ് സഭയിൽ പറഞ്ഞത്? 'പോലീസ് നരനായാട്ട് നടത്തി, ആദിവാസികളുടെ മേൽ അതിക്രമം, അതിരാവിലെ ഊരിൽ ചെന്നു' തുടങ്ങിയ ആരോപണങ്ങളായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ ഊരിൽ ചെല്ലാൻ പാടില്ലേ? നിയമവാഴ്ച ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പോയതാണ്. തലപൊട്ടി, കൈവിരലൊടിഞ്ഞ്, എല്ലുപൊട്ടി ആശുപത്രിയിൽ കിടക്കുന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ജാമ്യമില്ലാ വകുപ്പ് ചേർത്ത് കേസെടുക്കാനും ട്രൈബൽ വിഭാഗത്തിലെ പോലീസുകാരെ ഉൾപ്പെടെ കൂട്ടിക്കൊണ്ടുപോയി പ്രതികളെ അറസ്റ്റുചെയ്യാനുമുള്ള നിയമമില്ലേ, അങ്ങനെ പാടില്ലെന്ന് ഏത് വകുപ്പിലാണ് പറയുന്നതെന്ന് അഭിഭാഷകൻ കൂടിയായ മണ്ണാർക്കാട് അംഗം വ്യക്തമാക്കണം. പോലീസിന് കോളനികളിലോ പട്ടികജാതി ഊരുകളിലോ പോകാൻ പ്രത്യേക പെർമിഷന്റെ ആവശ്യമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോളനിയിൽ ചെന്നതിനുശേഷം പോലീസ് കേസെടുത്തു. കോട്ടത്തറ ആശുപത്രിയിൽ കൊണ്ടുപോയി വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയശേഷം ഷോളയൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്നു. അവിടെ നിന്നും വീണ്ടും ആശുപത്രിയിലേയ്ക്ക് കൊണ്ടുവന്ന് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയശേഷം 65 കിലോമീറ്റർ ദൂരത്തുള്ള മണ്ണാർക്കാട് കോടതിയിൽ ഹാജരാക്കുന്നു. അവിടെനിന്നും വീണ്ടും 65-70 കിലോമീറ്റർ ദൂരമുള്ള ആലത്തൂർ ജയിലിലേയ്ക്ക് കൊണ്ടുപോകുന്നു. ഈ നടപടികൾക്കെല്ലാംകൂടി ധാരാളം സമയമെടുക്കുമെന്നതുകൊണ്ടും ഒരു പകൽ പൂർണ്ണമായും ആവശ്യമായി വരുമെന്നതുകൊണ്ടുമാണ് പോലീസ് രാവിലെതന്നെ പോയതെന്ന് അറിയാത്തവരല്ല പ്രിയപ്പെട്ട സഭാംഗങ്ങൾ. ഇത്തരത്തിൽ നമ്മുടെ നാടിനെയും സമൂഹത്തെയും ജനാധിപത്യത്തിന്റെ വേദിയായ സഭയേയും തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടക്കുന്നത്.

എന്നിട്ട് സി.പി.ഐ.(എം.)-ന്റെ നെഞ്ചത്ത് കയറാൻ നോക്കുകയാണ്. വട്ട്ലക്കി വാർഡിൽ എൽ.ഡി.എഫ്. ആണ് ജയിച്ചത്, ഷോളയൂർ പഞ്ചായത്ത് ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. അട്ടപ്പാടി മേഖലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തും ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഇടതുപക്ഷത്തെ വിശ്വാസത്തിലേറ്റിയ ഒരു ജനതയെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടത്തുമ്പോൾ അത് നമ്മുടെ നാട് തിരിച്ചറിയും. പച്ചക്കള്ളം ചതുരവടിവിൽപ്പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടത്തുമ്പോൾ തീർച്ചയായും നമുക്കതിനെ മറികടക്കേണ്ടതുണ്ട്. 'പാലം കടക്കുവോളം നാരായണാ പാലം കടന്നാൽ കൂരായണാ' എന്നാണ് പറയാൻ പോകുന്നത്. പാലം കടക്കുവോളവും പാലം കടന്നാലും കേരളത്തിലെ ഗവൺമെന്റ് പറയുന്നത് ചെയ്യും, ചെയ്യുന്നത് മാത്രം പറയും എന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഓഖിയുടെയും നിപയുടെയും പ്രളയത്തിന്റെയും കോവിഡിന്റെയും എല്ലാ കെടുതികൾക്കിടയിലും പ്രകടനപത്രികയിലൂടെ നൽകിയ 600 വാഗ്ദാനങ്ങളിൽ 580-ഉം കൃത്യമായി നടപ്പിലാക്കിയ ഗവൺമെന്റാണ് കേരളത്തിലുള്ളത്. 'കിറ്റും പെൻഷനും മാത്രം കൊടുത്തു', എന്നും പറയുകയാണ്. കിറ്റും പെൻഷനും മാത്രമല്ല, രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ, സുസ്ഥിര വികസന സൂചികയിൽ, അത് ഏർപ്പെടുത്തിയതു മുതൽ തുടർച്ചയായി മൂന്ന് വർഷം ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കുള്ള, ഇക്കാര്യത്തിൽ വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന സംസ്ഥാനം, കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന ആയുർദൈർഘ്യവുമുള്ള സംസ്ഥാനം, സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ കേന്ദ്ര വിദ്യാഭ്യാസ സൂചികയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനം നമ്മുടെ കേരളമാണ്. ഒരു വർഷം രണ്ടുലക്ഷം പേർക്ക് എന്ന കണക്കിൽ പത്തുലക്ഷം ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാമെന്നു പറഞ്ഞ്, അങ്ങനെ ചെയ്യാതെ വഞ്ചിച്ച യു.ഡി.എഫ്.-ന്റെ ഭരണമല്ലിത്. പറഞ്ഞ വാഗ്ദാനങ്ങൾ നടപ്പിലാക്കിയ നയമുള്ള ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റെന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾക്കറിയാം. യു.ഡി.എഫ്.-ന്റെ കാലത്ത് 5 വർഷംകൊണ്ട് 8325016 റേഷൻ കാർഡ് നൽകിയെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് തൊണ്ണൂറ് ലക്ഷത്തിന് മുകളിൽ, അതായത് ഏഴ് ലക്ഷത്തിലധികം റേഷൻകാർഡുകൾ അധികമായി ഈ സംസ്ഥാനത്ത് വിതരണം ചെയ്തു. യു.ഡി.എഫ്. അഞ്ചുവർഷം ഭരിച്ചപ്പോൾ CMDRF-ൽ 802.79 കോടി രൂപ കൊടുത്തുവെങ്കിൽ എൽ.ഡി.എഫ്. ഭരണത്തിൽ 5571.87 കോടി രൂപ നൽകി. പ്രളയസഹായമായി 3778.84 രൂപയും നൽകി. ഇതാണ് കേരളത്തിലെ ഗവൺമെന്റിന്റെ സമീപനം. ഗവൺമെന്റ് മുമ്പോട്ടുവയ്ക്കുന്ന ജനകീയബദൽ തിരിച്ചറിഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ എല്ലാ അർത്ഥത്തിലുമുള്ള മുന്നേറ്റത്തിന് കൂടെ നിന്ന ജനങ്ങൾക്ക് ഒരിക്കൽക്കൂടി അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

1.00 P.M.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ഉപധനാഭ്യർത്ഥനകളിൽ നേതാക്കൾക്ക് സ്മാരകമായി വിവിധ പദ്ധതികൾ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. നിയമസഭയിൽ നാല്പത് വർഷക്കാലം അംഗമായിരുന്ന കേരള കോൺഗ്രസ്സിന്റെ ചെയർമാനും അഴിമതിക്കെതിരെയും സാമൂഹിക പ്രശ്നങ്ങളിലും ശക്തമായി പ്രതികരിക്കുകയും ചെയ്ത ഒരു മാതൃകാ നിയമസഭാ അംഗമായിരുന്ന സി. എഫ്. തോമസ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി, സ്മരണ നിലനിർത്താൻ കഴിയുന്നതായ ഒരു പദ്ധതി ബഹുമാനപ്പെട്ട ശ്രീ. പി. ജെ. ജോസഫ് ഉൾപ്പെടെ നിർദ്ദേശിച്ചിരുന്നതുകൂടി ഇതിൽ ഉൾപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷം എല്ലാത്തിനെയും എതിർക്കുന്നുവെന്നാണ് ഇവിടെ അവസാനമായി സംസാരിച്ച ശ്രീ. കെ. പ്രേംകുമാർ പറഞ്ഞത്. ഞങ്ങൾ എല്ലാത്തിനെയും അനാവശ്യമായി എതിർക്കുന്നില്ല. ഗവൺമെന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കണമെന്നതാണ് കേരളത്തിന്റെ ആവശ്യം. അതിന് പല കാര്യങ്ങളും പരിശോധിക്കുമ്പോൾ കാണുന്നത് എന്താണ്; ഗവൺമെന്റ് ഒന്ന് പറയുന്നു മറ്റൊന്ന് സംഭവിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. എന്നാൽ നാട്ടിൽ നടക്കുന്നതെന്താണ്; നമ്മുടെ സഹകരണ ബാങ്കുകളെല്ലാം വായ്പകൾ തിരിച്ചടയ്ക്കാൻ പറഞ്ഞ് ആളുകളുടെമേൽ സമ്മർദ്ദം ചെലുത്തുന്ന രീതിയിൽ നോട്ടീസ് ഇഷ്യൂ ചെയ്തുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് വിദ്യാഭ്യാസ വായ്പ എടുത്തതുൾപ്പെടെയുള്ള കാര്യങ്ങളിൽ കുട്ടികൾക്കെല്ലാം നോട്ടീസ് പോയി. ഒരു ബാങ്കുകാരും ഇത് സ്വീകരിക്കാൻ തയ്യാറാകുന്നില്ല. ധനകാര്യവകുപ്പിന്റെ കീഴിലുള്ള കെ.എസ്.എഫ്.ഇ. പോലും എത്രയും പെട്ടെന്ന് വായ്പ തിരിച്ചടയ്ക്കണമെന്ന് കാണിച്ചുകൊണ്ട് ആളുകളുടെ വീടുകളിലേയ്ക്ക് നോട്ടീസ് അയച്ചുകൊണ്ടിരിക്കുന്നു. എന്തുചെയ്യാൻ കഴിയും? നോട്ടീസ് കിട്ടുമ്പോൾ ആളുകൾ ഭയപ്പെടുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രശ്നങ്ങളാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുപോലെ പ്രൊഫഷണൽ ടാക്സ്; നമ്മുടെ കോളേജുകളെല്ലാം ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നതിനാൽ ഭൂരിപക്ഷംവരുന്ന കുട്ടികളും ഫീസ് കൊടുക്കുന്നില്ല. അവർക്ക് ഫീസ് കൊടുക്കാൻ മാർഗ്ഗമില്ല, രക്ഷിതാക്കൾക്ക് പണമില്ല, അതോടൊപ്പംതന്നെ അദ്ധ്യാപകർക്ക് ശമ്പളമില്ല. മാനേജുമെന്റുകൾ എവിടെ നിന്ന് കൊടുക്കും? കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലത്തിൽ എത്രയും പെട്ടെന്ന് പ്രൊഫഷണൽ ടാക്സ് പിരിക്കണമെന്ന നിർദ്ദേശം കൊടുക്കുകയാണ്. എങ്ങനെ അടയ്ക്കും; അടയ്ക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടണമെന്നാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതുപോലെ, നിർമ്മാണ രംഗം നേരിടുന്ന പ്രതിസന്ധി ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി പരിശോധിക്കണം. ഇപ്പോൾ ഉപധനാഭ്യർത്ഥന പാസ്സാക്കുന്നു. ഇവിടെ എങ്ങനെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കും? ആറ് മാസത്തിനുള്ളിൽ കമ്പി, സിമന്റ്, മെറ്റൽ എന്നിവയ്ക്ക് 30 ശതമാനം വില വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിലെ കരാറുകാർ ആരും വർക്കുകൾ ഏറ്റെടുക്കുകയില്ല. ഇപ്പോൾ ഏറ്റെടുത്തവർ നടത്താൻ തയ്യാറുമല്ല. നിർമ്മാണ രംഗത്ത് സ്തംഭനാവസ്ഥ നിലനിൽക്കുകയാണ്. എം.എൽ.എ.-മാർ എന്തുചെയ്യും; ഇത്തരം സാഹചര്യങ്ങളിൽ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമോ; ഇത്തരം പ്രശ്നങ്ങളല്ലേ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്? ഗവൺമെന്റ് ഈ വിഷയങ്ങളിൽ ഇടപെടണം. പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ എന്നീ വകുപ്പുമന്ത്രിമാരുമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുചേർക്കണം. ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി പലപ്രാവശ്യം യോഗങ്ങൾ വിളിച്ചിരുന്നു. അങ്ങ് യോഗം വിളിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ബന്ധപ്പെട്ട കരാറുകാരുടെ സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ഈ പ്രശ്നങ്ങൾക്ക് തൃപ്തികരമായ ഒരു പരിഹാരം കാണണം. അല്ലെങ്കിൽ കേരളത്തിന്റെ നിർമ്മാണ രംഗം സ്തംഭനാവസ്ഥയിലേയ്ക്ക് പോകുമെന്ന കാര്യത്തിൽ സംശയമില്ല. അതിന് ഇടവരാത്ത രീതിയിൽ കാര്യങ്ങൾ പരിഹരിക്കാൻ കഴിയണം. മുഴുവൻ പേർക്കും കിറ്റ് കൊടുത്തുവെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞു. സത്യത്തിൽ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. റേഷൻ വ്യാപാരികളുടെ സംഘടനകളെ പ്രതിനിധീകരിച്ച് അതിന്റെ പ്രസിഡന്റ് ശ്രീ. ജോണി നെല്ലൂർ ഉൾപ്പെടെ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റുള്ള മന്ത്രിമാർക്കും നിവേദനം കൊടുക്കാൻ ഇവിടെയുണ്ട്. അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്, കേരളത്തിൽ ഇതുവരെ പതിനാല് ലക്ഷം പേർക്ക് മാത്രമാണ് കിറ്റുകൾ കിട്ടിയിട്ടുള്ളത് എന്നാണ്. എൺപത്തിയാറ് ലക്ഷം പേർക്ക് കിറ്റുകൾ കിട്ടാനുണ്ട്. ഓണത്തിനുമുമ്പ് കിറ്റ് കൊടുക്കുമെന്ന് പറഞ്ഞിരിക്കുന്നു. എങ്ങനെ കൊടുക്കും? കൊടുത്താൽ നല്ല കാര്യം. കൊടുക്കാത്ത പ്രശ്നം ഞങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഇതുവരെ പതിനാല് ലക്ഷം പേർക്ക് മാത്രമാണ് കിറ്റുകൾ കിട്ടിയിട്ടുള്ളത്. അതുകൊണ്ട് ഈ രംഗങ്ങളിലെല്ലാം ഗവൺമെന്റിന്റെ എല്ലാ ഫലപ്രദമായ ഇടപെടലുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുന്നു, ഇപ്പോൾ കുട്ടനാടുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ ചർച്ചചെയ്തു. കുട്ടനാട് എം.എൽ.എ. പോലും കുട്ടനാട്ടുകാർക്ക് അവിടെ ഒരു പ്രശ്നവുമില്ല, എല്ലാം തൃപ്തികരമാണ് എന്നാണ് പറഞ്ഞത്. എനിക്ക് അത്ഭുതമായാണ് തോന്നുന്നത്. കാരണം ഇക്കാര്യങ്ങൾ അദ്ദേഹത്തിന് കുട്ടനാട്ടിൽ പറയാൻ കഴിയില്ല. ശ്രീ. പി. ജെ. ജോസഫും ശ്രീ. കൊടിക്കുന്നിൽ സുരേഷും തമ്മിൽ തർക്കമുണ്ടായതുകൊണ്ടാണ് കുട്ടനാട് പാക്കേജ് നടക്കാതെ പോയതെന്ന്

അദ്ദേഹം പറഞ്ഞു. ഇത് എവിടെ പറയാൻ കഴിയും; ശ്രീ. പി. ജെ. ജോസഫും ശ്രീ. കൊടിക്കുന്നിൽ സുരേഷും തമ്മിൽ തർക്കമുണ്ടായതെന്തിനാണ്; അങ്ങയുടെ സഹോദരൻ തോമസ് ചാണ്ടി ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ ചർച്ചയിൽ പങ്കെടുത്തപ്പോൾ, പൈൽ ആൻഡ് സ്ലാബ് വേണോ, കല്ലുകെട്ട് വേണോ അതോ ചെളി കോരിയിട്ടാൽ മതിയോ, എന്നുള്ള വിഷയങ്ങൾ ചർച്ചചെയ്യുന്ന സാഹചര്യങ്ങളിൽ തർക്കങ്ങൾവരും, ഗവൺമെന്റ് അക്കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടു. ആ പാക്കേജുകളൊക്കെ നടപ്പിലായി. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ അഞ്ച് വർഷം വല്ലതും നടന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷം എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ ഞാനും കുട്ടനാട്ടിൽ വന്നിരുന്നു. അങ്ങ് ചൂണ്ടിക്കാണിക്കുന്നതുപോലെ കുട്ടനാട് ഒരു നിയോജകമണ്ഡലം മാത്രമല്ല, കുട്ടനാട്-വൈക്കം-കടുത്തുരുത്തി തുടങ്ങി ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ ഉൾപ്പെടുന്ന വലിയൊരു പ്രദേശമാണ്. ആ പ്രദേശത്തിന്റെ മൊത്തത്തിലുള്ള വിഷയങ്ങളുണ്ട്. അവിടെ ഡോ. സ്വാമിനാഥൻ കമ്മീഷൻ മുന്നോട്ടുവച്ച കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.-മാരുമായി ആധികാരിമായി ചർച്ചചെയ്യുന്ന വേദി കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലായിരുന്നു. ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റുകളുടെ കാലത്തും കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം ചേർന്നിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്ത് കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റെ യോഗം എം.എൽ.എ., എം.പി.-മാരെ ചേർത്ത് ഒരു പ്രാവശ്യമെങ്കിലും കൂടിയിട്ടുണ്ടോയെന്ന് അങ്ങ് പറയണം. കൂടിയിട്ടില്ല. പ്രളയം വന്നപ്പോൾ ചങ്ങനാശ്ശേരി അതിരൂപതയും സന്നദ്ധ സംഘടനകളും ചേർന്ന് അവിടെയുള്ള മുഴുവൻ വീടുകളിലെ ആളുകൾക്കും ഭക്ഷണവും മരുന്നും മറ്റ് സഹായവും എത്തിക്കാൻ മുന്നോട്ടു വന്നില്ലായിരുന്നുവെങ്കിൽ കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിതം എവിടെ പോകുമായിരുന്നുവെന്ന് ആ നാട് മുഴുവൻ അറിയുമായിരുന്നു. ഈ സത്യങ്ങൾ മറച്ചുവച്ചുകൊണ്ടാണ് കാര്യങ്ങൾ പറയുന്നത്. ഈ ഉപധനാഭ്യർത്ഥനകളെ അതിശക്തമായി എതിർക്കുകയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് അവതരിപ്പിച്ച പ്രധാനപ്പെട്ട ചില വിഷയങ്ങൾക്കായുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. സമഗ്ര മേഖലയിലും ചരിത്രനേട്ടം കുറിച്ച അഞ്ച് വർഷമാണ് കേരളം പിന്നിടുന്നത്. പ്രഖ്യാപിത ലക്ഷ്യങ്ങൾ ഒന്നൊന്നായി പിന്നിട്ട ഈ സർക്കാർ കൂടുതൽ ഉയരങ്ങളിലേയ്ക്ക് സംസ്ഥാനത്തെ നയിച്ചു. അഞ്ച് വർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പദ്ധതികൾ ലക്ഷ്യമിട്ട സ്ഥാനത്ത് അറുപതിനായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾ തുടങ്ങി. ഒരു അഴിമതി ആരോപണം പോലും ഉന്നയിക്കപ്പെടാതെയാണ് ഈ

കുതിച്ചുചാട്ടം. കാർഷിക മേഖലയിലും പ്രകൃതി സംരക്ഷണത്തിലും കാഴ്ചപ്പാടുകളെ മാറ്റിമറിച്ച ഹരിത കേരളം, ആരോഗ്യമേഖലയെ അടിമുടി പുതുക്കിപ്പണിത ആർദ്രം, പൊതുവിദ്യാഭ്യാസ മേഖലയുടെ അഭിമാനം വീണ്ടെടുത്ത പൊതുവിദ്യാഭ്യാസ യജ്ഞം, പാർപ്പിടത്തോടൊപ്പം ജീവിതംതന്നെ സമ്മാനിച്ച ലൈഫ്, എന്നിങ്ങനെ ഈ സർക്കാർ ആവിഷ്കരിച്ച നാല് മിഷനുകളും വൻ വിജയം കുറിച്ചു. വൻപ്രളയത്തിലും ഓഖി ചുഴലിക്കാറ്റിലും നിപ്പ, കൊറോണ വൈറസ് ബാധയിലും ആടിയുലയാതെ മുഴുവൻ ജനവിഭാഗങ്ങളെയും ഒന്നിച്ചുചേർത്ത് കേരളം ലോക ശ്രദ്ധനേടി. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇരുപതിനായിരം കോടി രൂപയുടെ റിലീഫ് പാക്കേജ് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ലോക്ഡൗൺ സാഹചര്യത്തിൽ ആരും പട്ടിണി കിടക്കാതിരിക്കാൻ പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഭക്ഷ്യധാന്യ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. വർഗ്ഗീയ ലഹളയില്ലാതെ സമാധാന അന്തരീക്ഷമൊരുക്കി വികസനോന്മുഖമായ അന്തരീക്ഷം കെട്ടിപ്പടുത്തു എന്നതാണ് ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകത. സേവന സംവിധാനങ്ങളെ പൊതു മേഖലയിൽ നിലനിർത്തി ശക്തിപ്പെടുത്തുന്ന നടപടികളാണ് ഇക്കാലയളവിൽ കേരളം കാഴ്ചവച്ചത്. ജനക്ഷേമ തൊഴിലാളിപക്ഷ ബദൽ ഉയർത്തിപ്പിടിക്കുകയും അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്തു. അൻപതിലേറെ ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ പിണറായി വിജയൻ സർക്കാരിനെ തേടിയെത്തി. പുതിയ ലക്ഷ്യങ്ങളിലേയ്ക്കാണ് കേരളത്തിന്റെ ജൈത്രയാത്ര തുടരുന്നത്. എനിക്കു മുമ്പ് സംസാരിച്ച ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. മഞ്ഞളാംകുഴി അലി എന്നിവർ ഒരു കാര്യം ഇവിടെ സൂചിപ്പിച്ചു, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷം കമ്മ്യൂണിസ്റ്റുകാർ ആദ്യമായിട്ട് ആഘോഷിക്കാൻ പോകുന്നുവെന്ന്. ഒരുകാര്യം ഞാനിവിടെ സൂചിപ്പിക്കട്ടെ, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് കമ്മ്യൂണിസ്റ്റുകാർ വഹിച്ച പങ്ക് വളരെ വലുതാണ്. നിങ്ങൾ ആ ചരിത്രം ഒന്ന് മനസ്സിലാക്കണം. അതിന് മഹാന്മാരായ ഇ.എം.എസ്സും എ.കെ.ജി.-യും നേതൃത്വം കൊടുത്തിട്ടുണ്ടെന്നത് നിങ്ങൾ മനസ്സിലാക്കണം. സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്ത മഹാത്മാഗാന്ധി സ്വാതന്ത്ര്യം കിട്ടിയപ്പോൾ പറഞ്ഞ ആദ്യത്തെ വാക്ക് 'കോൺഗ്രസ് പിരിച്ചുവിടണം' എന്നാണ്. അന്ന് കോൺഗ്രസ്സ് പിരിച്ചുവിട്ടിരുന്നെങ്കിൽ കോൺഗ്രസ്സിന് ഈ ഗതിവരില്ലായിരുന്നു. മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്ന വർഗ്ഗീയവാദികളോടാണ് നിങ്ങൾ ഇപ്പോൾ കൂട്ടുകൂടുന്നത്. രാമക്ഷേത്രത്തിന്റെ ശിലാസ്ഥാപനത്തിന് ക്ഷണി ച്ചില്ലെന്ന് പരാതി പറഞ്ഞത് ശ്രീമതി പ്രിയങ്കാഗാന്ധിയാണ്. പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലവർദ്ധനവ് ക്രമാതീതമായി കൂടിക്കൊണ്ടിരി ക്കുകയാണ്. ഈ അവസരത്തിൽ ജനങ്ങൾ ആകെ പ്രയാസം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പെട്രോളിന്റെ വില നിയന്ത്രണം എടുത്തുകളഞ്ഞത്

മൻമോഹൻസിങ്ങും ഡീസലിന്റെ വില നിയന്ത്രണം എടുത്തുകളഞ്ഞത് നരേന്ദ്ര മോദിയുമാണ്. ഇക്കാര്യത്തിൽ ഇവർ രണ്ടുപേരും ഏകപക്ഷീയമായാണ് മുന്നോട്ടു പോകുന്നതെന്ന് മനസ്സിലാക്കണം. ബി.ജെ.പി. അധികാരത്തിൽ വന്നിട്ട് ഏറെ വർഷക്കാലമായി. ഏതെങ്കിലുമൊരു സാമ്പത്തികനയത്തിന്റെ ഭാഗമായിട്ടുള്ള സമരത്തിൽ നിങ്ങൾ പങ്കാളികളായിട്ടുണ്ടോ? ഒരിക്കലുമില്ല. കാരണം രണ്ടുപേരെയും ഒന്നിച്ചു കൊണ്ടുപോകുന്ന സാമ്പത്തികനയമാണ് അതെന്ന് നിങ്ങൾ മനസ്സിലാക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുകയാണ്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇടതുപക്ഷ എം.പി.മാരുടെ പിന്തുണയുണ്ടായിരുന്നതുകൊണ്ട് മാത്രമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാതിരുന്നത്. അതിനുശേഷം കോൺഗ്രസ്സായാലും ബി.ജെ.പി.-യിലായാലും എല്ലാം വിറ്റുതുലയ്ക്കുകയാണ്. ഇൻഷ്വറൻസ് ഓഹരികൾ വിൽക്കുന്നു, ബാങ്കുകൾ സ്വകാര്യവത്ക്കരിക്കുന്നു. തുറമുഖങ്ങളും വിമാനത്താവളങ്ങളും കൽക്കരി പാടങ്ങളും കൂടാതെ പ്രതിരോധ മേഖലയിലെ ആയുധശാലകൾവരെ സ്വകാര്യവത്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയിലെ സ്ഥിതി എന്താണ്? ഡൽഹിയിൽ കർഷകർ സമരം തുടങ്ങിയിട്ട് എട്ടുമാസം കഴിഞ്ഞു. അവിടെ അഞ്ഞൂറോളം കർഷകരാണ് ഈ സമരഭൂമിയിൽ മരിച്ചു വീണിട്ടുള്ളത്. ഇതിനെതിരെ എന്താണ് പ്രതികരിക്കുന്നത്? മൂന്ന് കരിനിയമങ്ങളും കൊണ്ടുവരാൻ തുടക്കമിട്ടത് കോൺഗ്രസ്സല്ലേ? രാഹുൽഗാന്ധി ഇവിടെ ട്രാക്ടർ ഓടിച്ചാൽ കർഷക സമരം തീർന്നു; അതാണ് ഇവരുടെ കർഷകസമരം, അവിടെ ഇത് അവസാനിപ്പിക്കുകയാണ്. 19 എം.പി.മാർ കേരളത്തിൽനിന്നും പോയിട്ടുണ്ട്; കർഷകർക്കുവേണ്ടി പാർലമെന്റിൽ ഇവർ എന്താണ് പറഞ്ഞത്? ഇടതുപക്ഷ എം.പി.മാരായ ശ്രീ. എളമരം കരീമും ശ്രീ. എ. എം. ആരിഫുമാണ് പാർലമെന്റിൽ ഈ ബില്ലിനെതിരെ ശബ്ദമുയർത്തിയത്. അതിന് അവരെ പാർലമെന്റിൽനിന്ന് സസ്പെൻഡ് ചെയ്തു. അവർ ഗാന്ധിപ്രതിമയ്ക്ക് മുമ്പിൽ സത്യാഗ്രഹം അനുഷ്ഠിച്ചു. ഇവിടെനിന്നും പോയ ഏതെങ്കിലും എം.പി.മാർ കർഷകർക്കുവേണ്ടി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? കോവിഡ് മഹാമാരിക്കാലത്ത് ഇവിടെ എന്തൊക്കെയാണ് ചെയ്തത്; ലോകത്തിൽത്തന്നെ പ്രശസ്തി നേടിയ ഒരു ഗവൺമെന്റായി സംസ്ഥാന ഗവൺമെന്റ് മാറിയില്ലേ? ഇന്ത്യയിലെ മാത്രമല്ല ലോകത്തിലെ പത്രമാധ്യമങ്ങളെല്ലാം തന്നെ സംസ്ഥാന ഗവൺമെന്റിന്റെ നടപടികളെ പ്രകീർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. 2020 മാർച്ച് മാസത്തിൽ ലോക്ഡൗൺ പ്രഖ്യാപിക്കുമ്പോൾ എങ്ങനെ മുന്നോട്ടു പോകണമെന്ന് അറിയാതെ ചിന്തിച്ചിരുന്ന അവസരത്തിലാണ് കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ എല്ലാ ദിവസവും പത്രസമ്മേളനത്തിലൂടെ കേരളജനതയ്ക്ക് ആത്മധൈര്യം പകർന്നുകൊടുത്തത്. ലോക്ഡൗൺ കാലത്ത് എല്ലാവരും വീട്ടിലിരിക്കണം. സാധാരണ തൊഴിലാളികൾ രണ്ടോമൂന്നോ ദിവസം കഴിഞ്ഞാൽ പിന്നെ അവർ പട്ടിണിയിലേയ്ക്ക് പോകും. ആ സമയത്താണ്

മുഖ്യമന്ത്രി റേഷൻകടകൾ വഴി 25 കിലോ ഭക്ഷ്യ ധാന്യങ്ങൾ കൊടുത്തത്. പെൻഷൻ കൃത്യമായി വിതരണം നടത്തി. അതിഥിത്തൊഴിലാളികൾക്ക് കൃത്യമായി ഭക്ഷണം കൊടുക്കുകയും കോവിഡാനന്തര കാലത്ത് തിരിച്ചുപോകാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഡൽഹിയിലും ആയിരക്കണക്കിന് കിലോമീറ്ററുകൾ താണ്ടി കാൽനടയായി വീടുകളിലേയ്ക്ക് പോയപ്പോൾ അതിഥിത്തൊഴിലാളികളിൽ പലരും വഴികളിൽ മരിച്ചുവീഴുന്നതാണ് നാം കണ്ടത്. അത്തരം മേഖലകളിൽ കേരളത്തിന്റെ പ്രവർത്തനങ്ങൾ എടുത്തുപറയുന്ന ഒന്നായി മാറി. ഈ ബഡ്ജറ്റിൽ കേരളത്തിന്റെ തീരപ്രദേശം സംരക്ഷിക്കുന്നതിനായി ഏതാണ്ട് 5100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്റെ മണ്ഡലമായ കൊച്ചിയിലെ ചെല്ലാനത്ത് സുനാമിയുണ്ടായ കാലം മുതൽ കടലാക്രമണമാണ്. അടിക്കടിയുണ്ടായ രണ്ട് ചുഴലിക്കാറ്റുകളിലും ഇവിടെ ഇത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം വന്നതിനുശേഷം മുഖ്യമന്ത്രി പ്രത്യേക യോഗം വിളിച്ച്, എറണാകുളത്തിന്റെ ചുമതലയുള്ള വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും ഉൾപ്പെടെയുള്ളവരുടെ മീറ്റിംഗ് കൂടി കിഫ്ബി വഴി 433 കോടി രൂപയുടെ പ്രത്യേക പാക്കേജ് കൊണ്ടുവന്നു. ചെല്ലാനത്തെ ജനങ്ങളുടെ പ്രശ്നം പൂർണ്ണമായി പരിഹരിച്ച ഗവൺമെന്റിനോട് ഞങ്ങൾ നന്ദി പറയുകയാണ്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർ സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങിക്കുന്നവരാണ്. സാമൂഹ്യ ക്ഷേമപെൻഷൻ വാങ്ങിക്കുന്നത് 59.5 ലക്ഷം ആളുകളാണ്. 1,600 രൂപയാണ് പെൻഷൻ കൊടുക്കുന്നത്. ഇപ്രാവശ്യം ഓണത്തിന് രണ്ടുമാസത്തെ പെൻഷൻ കൃത്യമായി കൊടുക്കുന്നതിനു പുറമെ കിറ്റും കൊടുക്കുകയാണ്. കോവിഡ് കാലഘട്ടത്തിലും സാധാരണക്കാരനും പാവപ്പെട്ടവനുമെല്ലാം ഓണം ആഘോഷിക്കണമെന്നാണ് ഈ ഗവൺമെന്റ് പറയുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ ഒരു പോസ്റ്റർ ഞാൻ കണ്ടു 'യു.ഡി.എഫ്. അധികാരത്തിൽവന്നാൽ പെൻഷൻ നാലായിരം കൊടുക്കും', എല്ലാം തെറ്റിപ്പോയി. ഒരു വീട്ടിൽ ഞാൻ ചെന്നപ്പോൾ അവിടത്തെ വൃദ്ധ മാതാപിതാക്കൾ എന്നോട് പറഞ്ഞത്, അറുനൂറ് രൂപ പെൻഷൻ 21 മാസം കുടിശ്ശികയിട്ടവർ എങ്ങനെയാണ് നാലായിരം രൂപ തരുന്നത്. ഇപ്പോൾ കിട്ടുന്ന പെൻഷൻ ഞങ്ങൾക്ക് വളരെ വലുതാണ്. ഞങ്ങൾ ആരുടെയും സഹായമില്ലാതെ സുഖമായി ജീവിക്കുകയാണ്. ഞങ്ങളുടെ മക്കളെല്ലാം മറ്റുപ്രദേശങ്ങളിലാണ് താമസിക്കുന്നത്. ഞങ്ങൾക്ക് രണ്ടുപേർക്കും പെൻഷൻ കിട്ടുന്നുണ്ട്. സർക്കാർ കിറ്റ് നൽകുന്നുണ്ട്. അതുകൊണ്ട് ആരുടെയും സഹായം വേണ്ടെന്നും ശ്രീ. പിണറായി വിജയൻ ഞങ്ങൾക്ക് ദൈവമാണെന്നുമാണ് പറഞ്ഞത്. കഴിഞ്ഞ

അഞ്ചുവർഷക്കാലംകൊണ്ട് ഏതാണ്ട് 1,64,000 പേർക്ക് പട്ടയം കൊടുത്തു. കൊച്ചി മണ്ഡലത്തിലും ഏകദേശം 120 കുടുംബങ്ങൾക്ക് പട്ടയം കിട്ടി. 'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല' എന്ന് പണ്ട് കെ. എസ്. ജോർജ്ജ് പാടിയിട്ടുണ്ട്. അന്നത് ശരിയായിരുന്നു. എന്നാൽ ഇന്ന് മനുഷ്യപുത്രന് തല ചായ്ക്കാൻ ഭൂമിയുമുണ്ട് അടച്ചുറപ്പുള്ള വീടുമുണ്ട്. അതാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഇന്ത്യക്ക് മാതൃകയായി കേരളം ഇന്ന് സമ്പൂർണ്ണ വൈദ്യുതി സംസ്ഥാനമായി മാറിയിരിക്കുകയാണ്. വൈദ്യുതിയില്ലാത്ത ഒരു വീടുപോലും നമ്മുടെ പ്രദേശത്തില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ലോഡ്ഷെഡിംഗും പവർകട്ടുമായിരുന്നു. ഒരു വ്യവസായംപോലും കേരളത്തിലേയ്ക്ക് വരില്ല. കാരണം അവർക്കാവശ്യമായ വൈദ്യുതി കൊടുക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല, ഇന്ന് ആ സ്ഥിതി മാറി. കഴിഞ്ഞ അഞ്ചുവർഷക്കാലം മണിയാശാന്റെ നേതൃത്വത്തിലുള്ള വൈദ്യുതിബോർഡ് ഏറ്റവും നന്നായി പ്രവർത്തിച്ച് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. 'ജൽജീവൻ' പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതിക്ക് നേതൃത്വം കൊടുത്ത് പ്രവർത്തിച്ചു പോകുകയാണ്. വിദ്യാഭ്യാസമേഖലയിൽ കഴിഞ്ഞദിവസം പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ ഒരുപാട് സമരങ്ങൾ കൊണ്ടുവന്നു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിക്കെതിരെ കൊണ്ടുവന്നിട്ടുള്ള സമരം 'ചായക്കോപ്പയിലെ കൊടുങ്കാറ്റ് പോലെ' വന്നതുപോലെ പോയി. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ ശ്രീ. പി. കെ. അബ്ദുറബ്ബ് എന്ന വേറൊരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടായിരുന്നു. ലക്ഷക്കണക്കിന് കുട്ടികളുടെ ഭാവി തകർത്ത മന്ത്രിയാണ് അദ്ദേഹം. പരീക്ഷാ റിസൾട്ട് വന്നപ്പോൾ ജയിച്ചവൻ തോറ്റു, തോറ്റവൻ ജയിച്ചു. സ്കൂളിലെ പാചക തൊഴിലാളിക്ക് ഫുൾ എ പ്ലസ് ലഭിച്ചത് അന്ന് നമ്മളെല്ലാം പത്രത്തിൽ വായിച്ചതാണ്. അങ്ങനെ വിദ്യാഭ്യാസമേഖലയെ തകർത്ത ശ്രീ. പി. കെ. അബ്ദുറബ്ബിനെതിരെയാണ് നിങ്ങൾ സമരം ചെയ്യേണ്ടത്. ഇപ്പോഴത്തെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ അല്ല എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ച് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ആയിരം രൂപയുടെ ഉപധനാഭ്യർത്ഥനയാണ് ഇവിടെ അവതരിപ്പിച്ചത്. എം.എൽ.എ.യുടെ ഒരു ദിവസത്തെ ഡി.എ. എടുത്തുകൊടുത്താൽ അത് തീരുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചത് രണ്ടായിരം രൂപയുടെ ഉപധനാഭ്യർത്ഥനയാണ്. ബഹുമാന്യരായ ആരോഗ്യവകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമൊഴികെയുള്ള മന്ത്രിമാർ തുച്ഛമായ തുകയുടെ ഉപധനാഭ്യർത്ഥ

നകളാണ് ഇവിടെ അവതരിപ്പിച്ചത്. ന്യൂ സർവ്വീസ് പ്രൊസീജ്യുവറിലൂടെ ബഡ്ജറ്റ് ഹെഡ് രൂപീകരിക്കാൻവേണ്ടിയാണ്. അതിന്റെ അർത്ഥം പുതിയതായ, ഇതുവരെ ആവിഷ്കരിക്കാത്ത, ഇതുവരെ ബഡ്ജറ്റ് ഹെഡിലില്ലാത്ത നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ പോകുകയാണ്. പുതിയ ഗവൺമെന്റിന്റെ ഒരു മുഖമുദ്രയാണത്. പഴയതിനെ എല്ലാം നിലനിർത്തിക്കൊണ്ടുതന്നെ ആവശ്യമായ പുത്തൻ സംരംഭങ്ങൾ ഏറ്റെടുക്കാനുള്ള ദൃഢനിശ്ചയവുമായി ഗവൺമെന്റ് പോകുന്നുവെന്നതുകൊണ്ടാണ് ആയിരം രൂപയുടെയും രണ്ടായിരം രൂപയുടെയുമൊക്കെ ധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിക്കേണ്ട സ്ഥിതിവിശേഷം സംജാതമാകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഈമാസം അവസാനത്തോടുകൂടി മൂന്നുമാസം തികയാൻ പോകുകയാണ്. സാധാരണ സർക്കാരുകൾക്ക് ആറുമാസം ഹണിമൂൺ പിരീഡ് കൽപ്പിച്ച് നൽകാറുണ്ട്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റിന് ഹണിമൂൺ പിരീഡ് കിട്ടിയിട്ടില്ല. കാരണം ഒന്നാമത്, പഴയ ഗവൺമെന്റിന്റെ തുടർച്ചയാണ്. രണ്ടാമത്, ഈ ഗവൺമെന്റ് വന്നിറങ്ങുന്നതുതന്നെ പ്രശ്നങ്ങളുടെ സങ്കീർണ്ണതകളിലേയ്ക്കാണ്. കോവിഡ് വ്യാപനം ഈ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന പ്രളയത്തിന്റെ കെടുതികളിൽനിന്ന് ഈ സംസ്ഥാനത്തെ സമ്പൂർണ്ണമായി വിമോചിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ മഹാപ്രളയത്തിന്റെ പ്രത്യാഘാതങ്ങൾ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കിയത് ഒന്നൊന്നായി അഡ്രസ് ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് കോവിഡ് നമ്മുടെ നാട്ടിലുണ്ടാകുന്നത്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇല്ലെങ്കിലും അദ്ദേഹം ഈ പ്രസംഗം ശ്രദ്ധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലടക്കം മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ പല പദ്ധതികളും ഏറ്റെടുക്കാൻ ചിലയിടത്ത് കരാറുകാർ തയ്യാറാകുന്നില്ല. പ്രധാനമായും ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ പരിഷ്കാരം ആവശ്യമായി വന്നിരിക്കുകയാണ്. മണ്ണിന്റെ നിരക്ക് സംബന്ധിച്ച് ബഹുമാന്യനായ കുട്ടനാട് എം.എൽ.എ.-യോട് ഞാൻ ചോദിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നാട്ടിലെ മണ്ണിന്റെ നിരക്കും അതിനോട് ചേർന്നുകിടക്കുന്ന എന്റെ മണ്ഡലത്തിലെ അപ്പർ കുട്ടനാട് പ്രദേശത്തെ നിരക്കുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അവിടെ വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാരുണ്ട്, ഇവിടെ ഏറ്റെടുക്കുന്നില്ല. അതുകൊണ്ട് ഈ പദ്ധതികൾ ഏറ്റെടുക്കുന്നതിന് നിർബന്ധമായും അപ്പർ കുട്ടനാട് മേഖലയിലും കുട്ടനാട് പ്രദേശത്തെ നിരക്കുകളുമായി ഒരു ഏകീകരണം ആവശ്യമാണ്. നാട്ടിൽ ഒരു കോൺഫ്ലിക്ട് ഓഫ് ഇന്ററസ്റ്റുണ്ട്. കുറേ നാളുകളായി നിയന്ത്രണങ്ങളിൽ കഴിയുമ്പോൾ ജനങ്ങൾ കൂടുതൽ ഇളവുകൾ ആഗ്രഹിക്കും. അങ്ങനെ ഇളവുകൾ ആഗ്രഹിക്കുമ്പോൾത്തന്നെ

ഉത്തരവാദിത്തപ്പെട്ട ഒരു സർക്കാരിനെ സംബന്ധിച്ച് മൂന്നാം വ്യാപനത്തെ അധികം പ്രശ്നങ്ങളുണ്ടാകാതെ എങ്ങനെ തടയാൻ കഴിയും എന്നതിനാവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരികയും വേണം. ഒരു ഭാഗത്ത് ഇളവുകൾക്കുവേണ്ടി കാംക്ഷിക്കുന്ന ജനങ്ങൾ, മറുഭാഗത്ത് മൂന്നാം തരംഗമുണ്ടായാൽ അവിടെ വ്യാപന മുണ്ടാകാതെ നടപടികൾ സ്വീകരിക്കണം. ഈ ഘട്ടത്തിലാണ് സർക്കാർ പ്രായോഗികമായ ചില കാര്യങ്ങളിലേയ്ക്ക് നീങ്ങുന്നത്. അതിനെ പല രൂപത്തിൽ വ്യാഖ്യാനിച്ച് നമുക്കൊന്നും പ്രതിരോധിക്കാൻ കഴിയാത്ത രൂപത്തിൽ, നാട്ടിൽ വീണ്ടും ഒരു വ്യാപനം ഉണ്ടാക്കിയെടുക്കുന്ന കാര്യത്തിൽ ആരും ഒരു കൈ സഹായിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച എല്ലാ ആളുകളും തിരുത്തലുകളെപ്പറ്റിയാണ് സംസാരിച്ചത്. സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത് കഴിഞ്ഞ നാളുകളിൽ എടുത്ത നിലപാടിൽനിന്ന് വ്യത്യസ്തമായ നിലപാടല്ല. പറഞ്ഞുതുടങ്ങിയ ആൾ മുതൽ പ്രസംഗിച്ച എല്ലാവരും തിരുത്തിയിട്ടുള്ളവരാണ്. ബഹുമാന്യനായ തൃപ്പൂണിത്തുറ അംഗമാണ് ആദ്യം തിരുത്തലിനെ സംബന്ധിച്ച് പറഞ്ഞത്. അടിയന്തരാവസ്ഥ കാലത്ത് അദ്ദേഹവും സ്നേഹിതരും സ്വീകരിച്ച രാഷ്ട്രീയ നിലപാട് എന്താണ്. ഈ നാട്ടിലെ പൗരാവകാശങ്ങൾ ധ്വംസിച്ച് മിസാ തടവുകാരാക്കി പ്രതിപക്ഷ നേതാക്കളെ ജയിലിലടച്ച അന്നത്തെ പ്രധാനമന്ത്രിയുടെ പിന്നിൽ പാറപോലെ ഉറച്ചുനിൽക്കുകയായിരുന്ന ശ്രീ. കെ. ബാബുവിന്റെ പാർട്ടി. 1977-ൽ ഇന്ദിരാഗാന്ധി തോറ്റപ്പോൾ തിരുത്തി. ഇന്ദിരാഗാന്ധിയെ ഭാരത യക്ഷി എന്നുപോലും വിളിക്കാൻ അദ്ദേഹത്തിന്റെ കൂട്ടാളികൾ അന്ന് തയ്യാറായി. അന്ന് കെ. കരുണാകരന്റെ നേതൃത്വത്തിലും ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലും കോൺഗ്രസ് രണ്ടായി. ശ്രീ. വി. ഡി. സതീശൻ അന്ന് ഏത് ഭാഗത്തായിരുന്നുവെന്ന് എനിക്കറിയാമെങ്കിലും ഞാൻ പറയുന്നില്ല. അദ്ദേഹം പ്രതിപക്ഷനേതാവാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, (.....മൈക്ക് ഓഫ്.....)

ശ്രീ. മാത്യു ടി. തോമസ്: സർ, എനിക്ക് ആകെ എട്ട് മിനിറ്റല്ലേ ഉള്ളൂ. ഇനി മൂന്ന് മിനിറ്റ് കൂടിയേ ഉള്ളൂ. തീരുമ്പോൾ വഴങ്ങാം. അടിയന്തരാവസ്ഥയുടെ നാളുകളിൽ ഇന്ദിരാഗാന്ധിക്കനുകൂലമായ നിലപാടെടുത്തവർ, ഇന്ദിരാഗാന്ധി തോറ്റപ്പോൾ നിലപാട് തിരുത്തി അവരെ ഭാരത യക്ഷി എന്ന് വിളിച്ചു. ഇത് അധികനാൾ നീണ്ടുനിന്നില്ല. ഇന്ദിരാഗാന്ധി വീണ്ടും അധികാരത്തിൽ വരില്ലെന്നാണ് അവർ പ്രതീക്ഷിച്ചത്. 1980-ൽ അവർ കോൺഗ്രസ്സ്-എ സഖാവ് ഇ. കെ. നായനാരുടെ മന്ത്രിസഭയിൽ മന്ത്രിസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി. ഇന്ദിരാഗാന്ധി വീണ്ടും അധികാരത്തിൽ വന്നു എന്ന് കണ്ടപ്പോൾ അവർ തിരികെ അങ്ങോട്ട് പോയി.

ഏത് തെറ്റാണ് നിങ്ങൾ തിരുത്തിയത്? മുസ്ലിം ലീഗും തെറ്റുകൾ തിരുത്തിയിട്ടില്ലേ. 1967-ൽ അവർ ഇ.എം.എസ്. മന്ത്രിസഭയുടെ ഭാഗമായിരുന്നില്ലേ. തെറ്റുകൾ എന്ന് അവർ പിന്നീട് പറയുന്ന പല കാര്യങ്ങളിലും പല തിരുത്തലുകളും വരുത്തിയിട്ടില്ലേ. ബാബറി മസ്ജിദ് പൊളിച്ചപ്പോൾ അവർ യു.ഡി.എഫ്. വിട്ടെങ്കിലും കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ തിരികെ പോയി. ഇവിടെ പിന്നീട് പ്രസംഗിച്ചത് ബഹുമാന്യനായ മോൻസ് ജോസഫാണ്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അദ്ദേഹത്തിന്റെ പാർട്ടി 1991 മുതൽ 2010 വരെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായിരുന്നു. 1996-ലെയും 2006-ലെയും മന്ത്രിസഭയിൽ അംഗങ്ങളായിരുന്നു. 2006-ലെ മന്ത്രിസഭയിൽ അവർ നാലുപേരും മാറിമാറി മന്ത്രിമാരായ ചരിത്രമുണ്ട്. തെറ്റ് തിരുത്തലിനുവേണ്ടി പ്രസംഗിച്ച മറ്റൊരാൾ ബഹുമാന്യനായ മഞ്ഞളാംകുഴി അലിയാണ്. 2006-ൽ ഞാൻ ഈ സഭയിൽ അംഗമായി വരുമ്പോൾ വി. എസ്. അച്യുതാനന്ദൻ മന്ത്രിസഭയ്ക്കനുകൂലമായി കൈപൊക്കി ഇടതുപക്ഷത്തിന്റെ ഭാഗമായിരുന്ന അദ്ദേഹം ഇന്ന് പ്രതിപക്ഷത്താണ്. തിരുത്താൻ കഴിയാത്ത ആപൽക്കരമായ തെറ്റുകൾ ഈ രാജ്യത്ത് കൊണ്ടുവന്നത് കോൺഗ്രസല്ലേ. ഇന്ന് ബി.ജെ.പി. വളർന്ന് അധികാരത്തിൽ വന്നു. 1980-ൽ ബി.ജെ.പി.-യുടെ രൂപീകരണത്തിനുശേഷം നടത്തിയ ആദ്യ തെരഞ്ഞെടുപ്പാണ് 1984-ലേത്. അന്ന് രണ്ടേ രണ്ട് എം.പി.-മാരുണ്ടായിരുന്ന ബി.ജെ.പി.-ക്ക് പിന്നീട് രാഷ്ട്രീയ പ്രവർത്തനം നടത്താനുള്ള ഉറപ്പുചീട്ടായ രാമജന്മഭൂമി എന്ന വിഷയം നൽകിയത് ഈ കോൺഗ്രസല്ലേ? ആ തെറ്റ് തിരുത്താൻ അവർക്കാകുമോ? ആഗോളീകരണ, നവ, ലിബറൽ സാമ്പത്തിക നയങ്ങൾ ഈ രാജ്യത്ത് കൊണ്ടുവന്നത് ഡോ. മൻമോഹൻ സിങ് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോഴല്ലേ. അദ്ദേഹത്തിന്റെ പരിപാടി എനിക്ക് മനസ്സിലാക്കാം. പക്ഷേ അദ്ദേഹത്തിന്റെ പരിപാടി കോൺഗ്രസ് അവരുടെ നയസമീപനമായി സ്വീകരിച്ച് രാജ്യത്ത് കൊണ്ടുവന്നു. ഇന്ന് അത് തിരുത്താൻ കഴിയുമോ? കോൺഗ്രസ് ആ നയസമീപനങ്ങൾ ഈ രാജ്യത്ത് നടപ്പിലാക്കിയതിനേക്കാൾ തീവ്രമായി, മൂലധന ശക്തികളെയും കുത്തകകളെയും സഹായിക്കുന്ന നടപടികളും സാമ്പത്തിക നയ സമീപനങ്ങളും ശ്രീ. നരേന്ദ്ര മോദി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഓണം വരികയാണ്. പ്രത്യേകിച്ച്, ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഓണക്കാലത്ത് സ്വാഭാവികമായും ഉണ്ടാകാവുന്ന ഒരു പ്രതിഭാസമാണ് വിലക്കയറ്റം. ഡീസലിന്റെയും പെട്രോളിന്റെയും വില നിശ്ചയിക്കാനുള്ള വില നിർണ്ണയ അവകാശം എണ്ണക്കമ്പനികൾക്ക് കൊടുക്കുന്ന ഭ്രാന്തൻ തീരുമാനം ആദ്യം ഈ രാജ്യത്ത് കൊണ്ടുവന്നത് ഡോ. മൻമോഹൻ സിങ് ഗവൺമെന്റാണ്. തിരുത്താനാകാത്ത നിരവധി തെറ്റുകൾ നടപ്പാക്കിയ പ്രതിപക്ഷമാണ് ഇന്ന്, സ്വാതന്ത്ര്യദിനം

ആഘോഷിക്കണമെന്ന് തീരുമാനിച്ചപ്പോൾ തെറ്റുതിരുത്തലെന്ന് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. അവരുടെ രാഷ്ട്രീയത്തെ കേരളം തള്ളിക്കളയുകയാണ്. ഞാൻ ഇത് അഞ്ചാം തവണയാണ് നിയമസഭയിലെത്തുന്നത്. നാല് തവണയും ഭരണപക്ഷത്തിന്റെ ഭാഗമായാണ് വന്നത്. പ്രതിപക്ഷത്തിന്റെ ഭാഗമായി നിയമസഭയിൽ ഇരിക്കുന്നതിന് ഒരു പ്രത്യേക സുഖമുണ്ട്. അടിയന്തര പ്രമേയം അവതരിപ്പിക്കാം, പല കാര്യങ്ങളും ഉന്നയിക്കാം, പക്ഷേ ഇനി അങ്ങനെ ആഗ്രഹിച്ചാലും ഇടതുപക്ഷത്തെ ഒരാൾക്ക് പ്രതിപക്ഷാംഗമായി ഇവിടെ വരാൻ കഴിയാത്ത ഒരവസ്ഥ വന്നിരിക്കുന്നു. ജനോപകാരപ്രദമായ പദ്ധതികളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന്റെ ഉപധാനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഏറ്റവും അവസാനമായി പ്രസംഗിച്ച ബഹുമാന്യനായ മാത്യു ടി. തോമസ് രാഷ്ട്രീയപ്പാർട്ടികൾക്ക് പറ്റുന്ന തെറ്റുകളെ സംബന്ധിച്ചാണ് ഇവിടെ പ്രതിപാദിച്ചത്. കർണാടകയിൽ ബി.ജെ.പി. മുഖ്യമന്ത്രിയായിരുന്ന ശ്രീ. ബി. എസ്. യെദ്യൂരപ്പയുടെ മന്ത്രിസഭയിൽ ഉപമുഖ്യമന്ത്രിയായിരുന്നു ശ്രീ. എച്ച്. ഡി. കുമാരസ്വാമി. ബി.ജെ.പി.-യെ സംബന്ധിച്ച് കർണ്ണാടകയിൽ എന്തെങ്കിലും രാഷ്ട്രീയ പ്രതിസന്ധി വന്നാൽ അവർക്ക് ആശ്രയിക്കാൻ കഴിയുന്ന ഒരു പാർട്ടിയാണ് അദ്ദേഹത്തിന്റെ പാർട്ടി. ആ പാർട്ടിയിൽത്തന്നെയല്ലേ ബഹുമാനപ്പെട്ട അംഗം ഇപ്പോഴും നിലനിൽക്കുന്നത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇവിടെ, സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷ പരിപാടി നടക്കാൻ പോകുകയാണ്. ഏഴര പതിറ്റാണ്ടിനുശേഷം സി.പി.ഐ.(എം.) പാർട്ടി ഓഫീസുകളിൽ പതാക ഉയർത്താനുള്ള തീരുമാനത്തെ സംബന്ധിച്ചാണ് ഈ സഭയിൽ ചർച്ച നടക്കുന്നത്. മഹാത്മാ ഗാന്ധിയെ 'വാർധയിലെ കപട സന്യാസി' എന്നും ക്വിറ്റ് ഇന്ത്യാ സമരത്തെ ക്വറ്റ് ഇന്ത്യാ സമരമെന്നും സ്വാതന്ത്ര്യത്തിന്റെ ദിനങ്ങളിൽ പതാക ഉയർത്തിയ സന്ദർഭത്തിൽ നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ടില്ല എന്നുപറഞ്ഞ് കരിങ്കൊടി ഉയർത്തുകയും ചെയ്ത ആളുകൾ ഈ 75-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് പതാക ഉയർത്താൻ തീരുമാനിച്ചുതന്നെ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ വിജയമായി ഞാൻ കണക്കാക്കുകയാണ്. അതിലേയ്ക്കൊന്നും ദീർഘമായി കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകളാണ് സഭയിൽ നടക്കുന്നത്. മൊത്തം 420.77 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ സഭയുടെ അംഗീകാരം ആവശ്യമുള്ളത് ഏകദേശം 327.77 കോടി രൂപയ്ക്കാണ്. ബാക്കി 93 കോടി രൂപ ചാർജ് ഇനത്തിലുള്ളതാണ്. 420.77 കോടി രൂപയിൽ സിംഹഭാഗവും മൂന്ന് വകുപ്പുകൾ പങ്കിടുന്നു - പി.ഡബ്ല്യൂ.ഡി. 226.75 കോടി രൂപ,

ഹെൽത്ത് 77.42 കോടി രൂപ, ഇൻഡസ്ട്രീസ് 93.64 കോടി രൂപ എന്നിങ്ങനെ ആകെ 397.81 കോടി രൂപയാണ്. 17.72 കോടി രൂപ ബ്രഹ്മപുരം ഖരമാലിന്യ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിനായി വകയിരുത്തിയിരിക്കുന്നു. അഞ്ച് കോടി രൂപ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സിനുവേണ്ടിയും പിന്നെ കുറെ ടോക്കൺ പ്രൊവിഷനും. ഈ തുക അനുവദിക്കുന്നതിന് ഒറ്റ നോട്ടത്തിൽ കുഴപ്പമില്ല എന്ന് തോന്നാമെങ്കിലും പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പോലെ ഇതൊരു ജലരേഖയാകില്ല എന്ന് എങ്ങനെ ഉറപ്പിക്കാൻ കഴിയും? 1600 കോടി രൂപയുടെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഊതി വീർപ്പിച്ച റവന്യൂ വരുമാനത്തിനുശേഷം, റവന്യൂ കമ്മി 16,910 കോടി രൂപയാണെന്നാണ് സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ കമ്മി 25,000 കോടി രൂപയിലും കവിയും. 1957 മുതൽ 2016 വരെ യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടി രൂപയായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021, ജൂൺ മാസം 4-ാം തീയതി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് രേഖകൾ പ്രകാരം പൊതുകടം 3,27,654.70 കോടി രൂപയാണ്. 1,72,265.37 കോടി രൂപയാണ് വർദ്ധനവ്. 59 വർഷം കൊണ്ടുണ്ടായ പൊതുകടത്തിന്റെ ഒന്നേകാൽ ഇരട്ടിയാണ് കഴിഞ്ഞ അഞ്ച് വർഷം കൊണ്ടുണ്ടായത്. ശമ്പളവും പെൻഷനും നൽകുന്നതിനുവേണ്ടി പോലും ഈ സർക്കാർ നിരന്തരം കടമെടുക്കുകയാണ്. 2021 മേയ് മാസത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. 2021 ജൂൺ 29 വരെ എടുത്ത കടം 900 കോടി രൂപയും അതിന്റെ പലിശ 6.72 ശതമാനം മുതൽ 7.2 ശതമാനം വരെയുമാണ്. ഇത്തരത്തിൽ കടമെടുപ്പ് യജ്ഞത്തിലേർപ്പെടുന്ന ഈ സർക്കാർ, ചരിത്രത്തിലാദ്യമായി സർക്കാർ ജീവനക്കാർക്ക് ഓണത്തിന് ശമ്പളം അഡ്വാൻസായി നൽകുന്നില്ലെന്ന കാര്യംകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതെല്ലാം സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ഗുരുതരാവസ്ഥയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ഇപ്പോൾ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ അനുവദിച്ച് നൽകുന്നതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാകില്ല എന്നാണ് ഞാൻ കരുതുന്നത്. ആയതുകൊണ്ടുതന്നെ ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

കേരളം ഇന്ന് സാമ്പത്തികപരമായും ആരോഗ്യപരമായും സാംസ്കാരികപരമായും തകർന്ന് തരിപ്പണമായിരിക്കുന്നു. അതിൽനിന്നും കരകയറാൻ സർക്കാർ പല പാക്കേജുകളും പ്രഖ്യാപിച്ചു. എങ്കിലും അതിന്റെ പ്രയോജനം നാളിതുവരെയായി ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നതാണ് പരമാർത്ഥം. കോവിഡ് കാലഘട്ടത്തിൽ വായ്പകൾക്ക് മൊറട്ടോറിയം നൽകുമെന്ന് പറയാനുള്ള ആർജ്ജവംപോലും ഈ സർക്കാർ കാണിക്കുന്നില്ല. അതിന്റെ പേരിൽ ഇരുപത്തിരണ്ടോളം ആളുകൾ

ആത്മഹത്യ ചെയ്ത സാഹചര്യമാണ് സംസ്ഥാനം ഇന്ന് നേരിടുന്നത് എന്ന വസ്തുത മനസ്സിലാക്കണം. കോവിഡിനെ പിടിച്ചുകെട്ടിയെന്നാണ് ഗവൺമെന്റ് പറയുന്നത്. എങ്ങനെ പിടിച്ചുകെട്ടി; എവിടെയാണ് കെട്ടിയിട്ടിരിക്കുന്നത്? ഇത് നമ്മുടെ നാട്ടിൽ പശുവിനെ കെട്ടുന്നതുപോലെയാണോ? ഇന്ന് രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. വാക്സിനേഷനിലൂടെയാണ് കോവിഡിനെ പ്രതിരോധിക്കുന്നത് എന്നാണ് ലോകത്ത് എല്ലാ രാജ്യങ്ങളും പറയുന്നത്. പക്ഷെ ഇന്ന് കേരളത്തിലെ ജനങ്ങൾക്ക് കൃത്യമായി വാക്സിനേഷൻ നൽകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ടോ? ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്നലത്തെ പത്രത്തിൽപ്പോലും വന്ന വാർത്ത 'നമ്മുടെ സംസ്ഥാനത്തെ അഞ്ച് ജില്ലകളിൽ ഒരു തുള്ളി വാക്സിൻ ഇല്ല' എന്നതാണ്. വാക്സിൻ ഉപയോഗത്തിന്റെ കൃത്യമായ കണക്ക് കേന്ദ്ര ഗവൺമെന്റിന് നൽകുന്നില്ലെന്ന ആക്ഷേപവും നില നിൽക്കുന്നുണ്ട്. ഇതിന്റെ യഥാർത്ഥ വസ്തുത സർക്കാർ വെളിപ്പെടുത്തണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. കേരളത്തെ കുറെ വാക്കുകളുടെയും വാചകങ്ങളുടെയും തടവറയിലാക്കുകയെന്ന ഈ സർക്കാരിന്റെ ശ്രമം ഒരു ഫാസിസ്റ്റ് തന്ത്രമാണ്. ഒരു കൊച്ചുകുട്ടി പീഡനത്തിനിരയായി കൊല ചെയ്യപ്പെട്ടാൽ പ്രതിയെ പിടിക്കുന്നതിനേക്കാൾ നിങ്ങൾക്ക് ഉത്സാഹം 'സ്ത്രീപക്ഷ കേരളം', 'സുരക്ഷിത കേരളം' എന്നിങ്ങനെയുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കാനാണ്. അതിലൂടെ ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ ചെയ്തികളെയും മറച്ചുവയ്ക്കുകയും ചെയ്യും. മനുഷ്യനിർമ്മിത പ്രളയമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പോലും കണ്ടെത്തിയ പ്രളയത്തിന്റെ വാർഷികമാണ് കടന്നുപോകുന്നത്. മനുഷ്യരുടെ ജീവനും ജീവനോപാധികളും നഷ്ടപ്പെട്ടതിനെക്കുറിച്ച് അന്വേഷണം നടത്തി അർഹരായവർക്ക് ആനുകൂല്യം നൽകാതെ കേവലം പി.ആർ. വർക്ക് മാത്രം നടത്തി കേരളത്തെ വഞ്ചിച്ച സർക്കാരാണ് ഇടതുപക്ഷ സർക്കാർ. മധ്യപ്രദേശിൽ വ്യാപം അഴിമതി നടന്ന സമയത്തെ മരണങ്ങളുടെ തുടർച്ചപോലെ കേരള സംസ്ഥാനം ഇന്ന് മാറിയിരിക്കുകയാണ്. ഡി.വൈ.എഫ്.ഐ.-കാരനായ സ്വർണ്ണക്കള്ളക്കടത്തുകാരൻ അർജ്ജുൻ ആയങ്കിയുടെ കൂട്ടുപ്രതി വാഹനാപകടത്തിൽ മരിക്കുന്നു, രണ്ടാഴ്ച കഴിയുമ്പോൾ അയാളുടെ മരണത്തിന് കാരണമായ വാഹനം ഓടിച്ചിരുന്നയാൾ രക്തം ഛർദ്ദിച്ച് മരിക്കുന്നു. മനഃസമാധാനത്തോടുകൂടി ജീവിക്കാൻ കഴിയാത്ത ഒരു സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുകയാണ്. സി.പി.ഐ.(എം) സ്പോൺസർ ചെയ്ത കള്ളക്കടത്തും സർക്കാർ സ്പോൺസർ ചെയ്ത ക്വട്ടേഷൻ ഭരണവുമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. കേരളത്തിലെ പ്രശ്നങ്ങളിൽ നിർഭയമായി ഇടപെട്ടിരുന്ന സാംസ്കാരിക പ്രവർത്തകർപോലും ഭയപ്പെടുന്ന ഒരു സാഹചര്യമാണ് ഇന്ന് നാം കണ്ടു കൊണ്ടിരിക്കുന്നത്. ഇന്ന് സംസ്ഥാനത്ത് സ്വൈര്യമായി ജീവിക്കുന്നതിനും സാംസ്കാരിക പ്രവർത്തകർക്ക് പ്രവർത്തിക്കുന്നതിനും കഴിയാതെ ഭയത്തോടെ മുന്നോട്ടുപോകുന്ന

സാഹചര്യമുണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടമായി നിങ്ങൾക്ക് വേണമെങ്കിൽ ചിത്രീകരിക്കാം എന്നുപറഞ്ഞുകൊണ്ടും ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ടും നിർത്തുന്നു.

<u>ശ്രീ. എ. രാജ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. നേരത്തെ സംസാരിച്ച എറണാകുളം എം.എൽ.എ. ശ്രീ. ടി. ജെ. വിനോദ് പറഞ്ഞതുപോലെ കടമെടുത്തിട്ടാണെങ്കിലും സർക്കാർ ഉദ്യോഗസ്ഥർക്ക് കൃത്യമായി ശമ്പളം കൊടുക്കുന്ന ഒരു ഗവൺമെന്റ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റാണ് എന്നുള്ള കാര്യം നിങ്ങൾ മറന്നുപോകരുത്. പ്രളയസമയത്ത് സാലറി ചലഞ്ച് പ്രഖ്യാപിച്ചപ്പോൾ അതിൽ പങ്കെടുക്കരുതെന്ന് പറഞ്ഞ് ആ ഓർഡർ കത്തിച്ച് കോടതിയിൽപ്പോയവരാണ് അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്.-കാർ. അത് അവർ മറന്നുപോകരുത്. ഈ ഉപധനാഭ്യർത്ഥനയിലൂടെ പതിനെട്ടിന പദ്ധതികൾക്ക് 420.77 കോടി രൂപയാണ് സർക്കാർ അധികമായി ആവശ്യപ്പെടുന്നത്. കോവിഡ് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള, ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റിൽ എല്ലാ കാലത്തും പൊതുജനങ്ങൾ പ്രതീക്ഷിക്കുന്നത് സാധാരണക്കാരന്റെ ജീവിത പ്രശ്നങ്ങൾക്ക് മതിയായ പരിഗണന നൽകുന്ന, അവർക്ക് കരുതൽ നൽകുന്ന, അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെട്ടുത്താനാകുന്ന പ്രഖ്യാപനങ്ങളുണ്ടോ എന്നാണ്. തുടർച്ചയായ പ്രളയങ്ങൾ, നിപ, കോവിഡ് തുടങ്ങിയ ദുരന്തങ്ങൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിലെ സാമൂഹ്യ ജീവിതത്തെയും സമ്പദ് വ്യവസ്ഥയെയും സാരമായി ബാധിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം മഹാമാരികളിൽ ഒട്ടും പതറാതെ, ജനങ്ങൾ പ്രതീക്ഷയർപ്പിച്ച ഒരു ജനപക്ഷ സർക്കാരായി മാറാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. പ്രതിസന്ധികൾ വന്നപ്പോഴും അതിൽ പതറാതെ ജനങ്ങളെ നെഞ്ചോടുചേർത്തുപിടിച്ച ഒരു ഗവൺമെന്റുണ്ട്, അതാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ്. ഒന്നാം പിണറായി സർക്കാരിന്റെ അഞ്ച് വർഷങ്ങൾ കേരളീയ പൊതുസമൂഹത്തിന്റെ ഹൃദയങ്ങളിൽ വരുത്തിയ തുടർചലനങ്ങളുടെ by-product ആണ് കേരളീയ രാഷ്ട്രീയ ചരിത്രം മാറ്റിമറിച്ച എൽ.ഡി.എഫ്. സർക്കാരിന്റെ ഈ തുടർഭരണം. അത് വികസനത്തിനും കരുതലിനും ജനങ്ങൾ നൽകിയ അംഗീകാരമാണ്. പ്രതിസന്ധികളിലും രൂക്ഷസാഹചര്യങ്ങളിലും ജനങ്ങളെ ചേർത്തു നിർത്തുന്നതാണ് രണ്ടാം പിണറായി സർക്കാരിന്റെ ബഡ്ജറ്റ്. പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെയാണ് ജനങ്ങളോടുള്ള പ്രതിബദ്ധത ഈ സർക്കാർ വ്യക്തമാക്കുന്നത്. ദുരന്തങ്ങളുടെ മുന്നിലേയ്ക്ക് നാടിനെ എറിഞ്ഞുകൊടുക്കില്ലെന്ന ഉറപ്പാണ് ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയത്. പ്രതിസന്ധി ഘട്ടങ്ങളിൽ

ജനങ്ങളോടൊപ്പംനിന്ന് അതിനെ മറികടക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അധികഭാരം ഏൽപ്പിക്കാതെ സാമ്പത്തിക രംഗത്തെ കൈപിടിച്ചുയർത്തുന്ന സമീപനമാണ് സർക്കാരിനുള്ളത്. കാർഷിക മേഖലയിലെ നവ പദ്ധതികൾ തൊഴിൽ മേഖലയിൽ വലിയ ഉണർവുണ്ടാക്കും. കോവിഡിനെ നേരിടാൻ 20,000 കോടിരൂപയുടെ പുതിയ പാക്കേജ്, പ്രതിസന്ധിയിലായവരെ നേരിട്ട് സഹായിക്കാൻ 8,900 കോടി രൂപ, സബ്സിഡി ഇനത്തിൽമാത്രം 8,300 കോടി രൂപ, ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2,800 കോടി രൂപ എന്നിങ്ങനെ ഒരുപാട് കാര്യങ്ങൾ ഈ ബഡ്ജറ്റിലൂടെ ജനങ്ങൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. മഹാമാരിയുടെ കെടുതികൾക്കിടയിലും നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയിരിക്കുന്നത് കേരളമാണ്. മുൻവർഷത്തെ സ്കോറിൽനിന്നും 5 പോയിന്റ് കൂടുതൽ നേടിക്കൊണ്ടാണ് കേരളം വീണ്ടും ഒന്നാമതായത്. ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനപ്രകാരം രാജ്യത്തെ പ്രത്യേക സാഹചര്യത്തിലും പ്രഖ്യാപിച്ച, 2030-ഓടെ കൈവരിക്കേണ്ട 17 ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതിയുടെ അടിസ്ഥാനത്തിലാണ് സുസ്ഥിര വികസന സൂചികയിൽ ഈ നേട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞത്. പാവപ്പെട്ടവർക്ക് വീട് എന്നുപറയുന്നത് ഇന്നൊരു സ്വപ്നമാണ്. ആ സ്വപ്നം യാഥാർത്ഥ്യമാക്കിയ ഗവൺമെന്റ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റാണ്. മൂന്ന് ഘട്ടങ്ങളിലായി സുരക്ഷിതവും മാന്യവുമായ ഭവനം എല്ലാവർക്കും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ് പദ്ധതി. 2001 മുതൽ 2016 വരെയുള്ള വിവിധ സർക്കാർ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചതും പല കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാതെപോയതുമായ 52,000 വീടുകളുടെ പൂർത്തീകരണം ആദ്യ ഘട്ടത്തിൽ ലൈഫ് പദ്ധതി വഴി നടപ്പിലാക്കി. രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വീട് വയ്ക്കാൻ നിവൃത്തിയില്ലാത്തവരുമായ ആളുകൾക്ക് വീട് പണി പൂർത്തീകരിച്ചുനൽകി. മൂന്നാംഘട്ടം വീടും സ്ഥലവുമില്ലാത്ത ആളുകൾക്ക് ഭവനസമുച്ചയം നൽകാൻ ലക്ഷ്യമിടുന്നതാണ്. ഇതിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലെ അടിമാലിയിൽ 24.82 കോടി രൂപ ചെലവിൽ 217 കുടുംബങ്ങൾക്കായി ഒരു ഫ്ലാറ്റ് നിർമ്മിച്ചുനൽകി. അതുപോലെ 14 ജില്ലകളിലും ഭവനസമുച്ചയങ്ങൾക്ക് അനുമതി നൽകുകയുണ്ടായി. ലൈഫ് മിഷൻ പദ്ധതി മുഖേന ഇതുവരെ 2,67,678 വീടുകൾ പണി പൂർത്തീകരിച്ച് നൽകാൻ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേരളത്തിലുടനീളം ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖലയുടെ അതിവേഗ ഇന്റർനെറ്റ് സൗകര്യം എല്ലാ വീടുകളിലും 30000-ലധികം സർക്കാർ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും മറ്റ് പൊതു സ്ഥാപനങ്ങളിലുമായി കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.എൽ.,

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെ-ഫോൺ പദ്ധതി മുഖേന നടപ്പിലാക്കും. പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കെ-ഫോൺ പദ്ധതി ഈ നാടിന്റെ വികസന ചിന്തകളിൽ ഏറ്റവും പുതുമയുള്ള ഒന്നായി മാറിയിട്ടുണ്ട്.

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽപോലും 210.33 കോടി രൂപയുടെ സഹായമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 1,600 രൂപയാക്കി കുടിശ്ശികയില്ലാതെ പാവപ്പെട്ട ആളുകളുടെ കൈകളിലേയ്ക്കെത്തിച്ചു കൊടുക്കാൻ സാധിച്ചു. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ അത് എങ്ങനെയായിരുന്നുവെന്ന് നമ്മൾ പരിശോധിക്കണം. 600 രൂപയുണ്ടായിരുന്ന പെൻഷൻപോലും കൃത്യമായി നൽകാൻ സാധിക്കാതെ 18 മാസത്തെ കുടിശ്ശിക വച്ചിട്ട് പോയവരാണവർ. ആ കുടിശ്ശിക ഇടതുപക്ഷ ഗവൺമെന്റ് വന്നതിനുശേഷമാണ് കൊടുത്തുതീർക്കാൻ സാധിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വാഗ്ദാനങ്ങൾ നിറവേറ്റിയ സർക്കാരായിരുന്നു. കേരളം പ്രഖ്യാപനങ്ങളുടെ ശവപ്പറമ്പാണെന്ന് നേരത്തെ പ്രസംഗിച്ച ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം കെ. ബാബു പറഞ്ഞിരുന്നു. വാഗ്ദാനങ്ങൾ കൊടുക്കുന്നത് മാത്രമല്ല, അത് നടപ്പിലാക്കുന്ന ഒരു ഗവൺമെന്റായിരുന്നു കേരളത്തിൽ ഇടതുപക്ഷത്തിന്റെ ഗവൺമെന്റ്. മാത്രമല്ല, ഓരോ വർഷവും ജനങ്ങൾക്ക് മുന്നിൽ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. അതുപോലെ എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നൂറുദിന കർമ്മ പദ്ധതികൾക്കും തുടക്കംകുറിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി എന്നിവയിലൂടെ 2464.92 കോടി രൂപയുടെ ചെലവാണ് പ്രസ്തുത പദ്ധതിക്ക് ഉദ്ദേശിക്കുന്നത്. വിവിധ റോഡുകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനുവേണ്ടി 1,519 കോടി രൂപ വിനിയോഗിക്കാനും ലൈഫ് മിഷൻ പദ്ധതി വഴി പതിനായിരം വീടുകളും പന്ത്രണ്ടായിരം പട്ടയ വിതരണവും നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അഞ്ച് ലക്ഷം കുടുംബങ്ങളുടെ പട്ടിണി മാറ്റുന്നതിനുവേണ്ടിയും ദാരിദ്ര്യം തുടച്ചുനീക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമായി കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾക്ക് രൂപംകൊടുക്കാൻ ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. ദാരിദ്ര്യം അനുഭവിക്കുന്ന 4.5 ലക്ഷം കുടുംബങ്ങളെ കണ്ടെത്തി അവരുടെ ദുരവസ്ഥ പരിഹരിക്കുന്നതിനുള്ള കാര്യങ്ങളും ചെലവുകളും മൈക്രോ പ്ലാനിംഗിലൂടെ കണക്കാക്കി നടപ്പാക്കുന്നു.

കോവിഡ് രണ്ടാംതരംഗത്തിന്റെ നിലവിലെ സാഹചര്യത്തിൽ സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടാനുള്ള നിർമ്മാണപ്രവർത്തനങ്ങളും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും അടിയന്തരകടമയായി സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം 4012 റാങ്ക് ലിസ്റ്റുകളിൽനിന്നായി 1,57,909 നിയമന ശിപാർശകളാണ് പി.എസ്.സി. വഴി നൽകിയിട്ടുള്ളത്. 47,823 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാൾ കൂടുതൽ നിയമനങ്ങളും നിയമന ശിപാർശകളും നടത്തുകയുണ്ടായി. ഇതിൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിലെ നിയമനങ്ങൾ സർവ്വകാല റിക്കോർഡാണ്. വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങളിൽ യു.ഡി.എഫ്.-ന്റെ കാലത്തേക്കാൾ അഞ്ചിരട്ടി വർദ്ധനവാണുണ്ടായിട്ടുള്ളത്. കോവിഡിനെ തുടർന്ന് രാജ്യം സമ്പൂർണ്ണ ലോക്ഡൗണിൽ നിശ്ചലമായപ്പോൾ, കേരളത്തിൽ ലോക്ഡൗൺ കാലത്ത് പതിനായിരത്തിലേറെപേർക്ക് നിയമന ശിപാർശകൾ നൽകി. സംസ്ഥാനത്ത് ആദ്യമായി പോലീസ് സേനയിൽ വനിതാ ബറ്റാലിയന് രൂപം നൽകുകയും ഇതിനുമാത്രമായി 400 കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഇതോടൊപ്പം ആദിവാസി മേഖലയിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി എക്സൈസ് വകുപ്പിലേയ്ക്ക് സർക്കാരിന്റെ പ്രത്യേക നിർദ്ദേശപ്രകാരം നിയമനം നൽകി. യുവജനങ്ങളോട് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ച മറ്റൊരു സർക്കാർ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കണം. പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും പൊതുമേഖല സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകവഴിയും സ്റ്റാർട്ടപ്പ്വഴിയും ചെറുകിട വ്യവസായങ്ങൾവഴിയും നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതുവഴിയും ലക്ഷക്കണക്കിന് തൊഴിലവസരങ്ങളാണ് സർക്കാർ സൃഷ്ടിച്ചത്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുകയെന്നതു മാത്രമല്ല, പ്രവർത്തനരഹിതമായ വ്യവസായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും മുൻസർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാനുമുള്ള ക്രിയാത്മകമായ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത്. സ്റ്റാർട്ടപ്പ് റാങ്കിൽ ദേശീയതലത്തിൽ മികച്ച പ്രകടനമാണ് കേരളത്തിന്റേത്. രണ്ടായിരത്തി മുന്നൂറിലധികം സ്റ്റാർട്ടപ്പ് കമ്പനികളാണ് വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്വയം തൊഴിലിനുവേണ്ടി ശ്രമിക്കുന്ന യുവജനങ്ങൾക്ക് പ്രതീക്ഷയേകുന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾ. ഇതിലൂടെമാത്രം പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ എട്ട് ലക്ഷം ഒഴിവുകളാണുള്ളത്. അതിനെതിരെ പ്രതികരിക്കാൻ ഇന്നത്തെ യു.ഡി.എഫ്.-ന് കഴിയുന്നില്ല. ബഹുമാന്യനായ പി. ടി. തോമസ് എം.എൽ.എ. കഴിഞ്ഞ ദിവസം സഭയിൽ സംസാരിക്കുന്നവേളയിൽ കേരളത്തിലെ പതിനേഴ് മണ്ഡലങ്ങളിൽ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിച്ചുകൊണ്ടാണ്

ജയിച്ചിട്ടുള്ളതെന്ന് പറയുകയുണ്ടായി. അദ്ദേഹം പറയുമ്പോൾ ദേവികുളം നിയോജക മണ്ഡലമടക്കം പരാമർശിക്കുകയുണ്ടായി. കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിൽ മാത്രമാണ് ബി.ജെ.പി.-യുടെ സ്ഥാനാർത്ഥി ഇല്ലാതെ അവരുടെ സ്ഥാനാർത്ഥിത്വം തള്ളിപ്പോയിട്ടുള്ളത്. എന്നാൽ ആ മൂന്ന് നിയോജകമണ്ഡലങ്ങളിലും ഇന്ന് വിജയിച്ചുവന്നിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്നുള്ള കാര്യം ഞാൻ ഇവിടെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ആദിവാസി വിഭാഗവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയം ഇന്നലെ അവതരിപ്പിക്കുകയുണ്ടായി. രണ്ടുപേർ തമ്മിലുള്ള വഴക്കിനെ സംബന്ധിച്ച് പറഞ്ഞു. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ കുട്ടികളെയടക്കം 261 ആദിവാസികളെയാണ് ജയിലിലടച്ചത് എന്നുള്ള കാര്യം മറക്കരുതെന്ന് പറഞ്ഞു കൊണ്ടും ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ടും നിർത്തുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. കോവിഡ് മഹാമാരിയുടെ ദുരിതകാലത്തും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വ്യാപിപ്പിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഉപധനാഭ്യർത്ഥനയിലെ ഓരോയിനവും പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. 420.77 കോടി രൂപയാണ് സർക്കാർ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി ആവശ്യപ്പെടുന്നത്. ഹൈവേകളിലേയും എം.സി. റോഡിലേയും മറ്റുപ്രധാനപ്പെട്ട റോഡുകളിലേയും ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി ശാസ്ത്രീയമായ പഠന നടപടികൾക്കായി ഉപധനാഭ്യർത്ഥനയിലെ പദ്ധതിയിനത്തിൽ തുക ആവശ്യപ്പെട്ടിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരള-യിലൂടെ നടപ്പാക്കുന്ന വിദ്യാഭ്യാസ നവീകരണ പരിപാടി STARS (Strengthening Teaching-Learning and Results for States)-നും നോളജ് എക്കണോമിക് ഫണ്ട് എന്ന ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായും ഉപധനാഭ്യർത്ഥനയിൽ തുക നീക്കിവയ്ക്കുന്നു. വയനാട്ടിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനും യുവസംരംഭകർക്കായി ഇരുപത് സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനും ഉപധനാഭ്യർത്ഥനയിലൂടെ തുക ആവശ്യപ്പെടുന്നു. കാർഷികോല്പന്നങ്ങൾ, മത്സ്യം, മാംസം, പാൽ തുടങ്ങിയവയുടെ സംസ്കരണ കേന്ദ്രങ്ങളും ഇവയ്ക്കായി ആധുനിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമായി കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള (CAIK) രൂപീകരിക്കുന്നതിനായി ഉപധനാഭ്യർത്ഥനയിൽ തുക നീക്കിവയ്ക്കുന്നു. രണ്ട് ആധുനിക അരിമില്ലുകൾ സ്ഥാപിക്കുന്നതിനും സംസ്ഥാന അടിസ്ഥാനത്തിൽ നെല്ല് സഹകരണ സംഘം സ്ഥാപിക്കുന്നതിനും കോവിഡ് നിശ്ചലമാക്കിയ വിനോദസഞ്ചാര മേഖലയിൽ പുനരുദ്ധാരണ പാക്കേജിനുമായി ഉപധനാഭ്യർത്ഥനയിൽ പണം നീക്കിവയ്ക്കുന്നു.

സ്ത്രീകളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുള്ള സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കാനും ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്ക് വർദ്ധിച്ച തോതിൽ സബ്സിഡി നൽകുന്നതിനുമായി ഉപധനാഭ്യർത്ഥനയിൽ തുക നീക്കിവയ്ക്കുന്നു. ഇത്തരത്തിൽ കേരള സമൂഹത്തിന്റെ വിവിധ മേഖലകളിലെ സമഗ്ര വികസന പദ്ധതികൾക്കായി കൂടുതൽ പണം അഭ്യർത്ഥിക്കുന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

ലോകം പകച്ചുനിന്ന കോവിഡ് മഹാമാരിയുടെ ദുരിതദിനങ്ങളിൽ ഓരോ കേരളീയനും താങ്ങും തണലുമായിനിന്ന് പ്രവർത്തിച്ച സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലകളിലുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി അധിക തുക ചെലവഴിക്കേണ്ടിവരുമെന്നത് സ്വാഭാവികം മാത്രമാണ്. ജനങ്ങൾക്ക് പണം എത്തിക്കണം, ആശ്വാസം പകരണം എന്നൊക്കെ ഇവിടെ പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ പറയുന്നത് നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഇത്രത്തോളം ജനങ്ങൾക്ക് ആശ്വാസമെത്തിച്ച ഒരു ഗവൺമെന്റ് ഇന്ത്യയിലുണ്ടോ; ഇത്രയേറെ ആത്മവിശ്വാസം പകർന്ന ഒരു ഗവൺമെന്റ് ഇന്ത്യയിലെ മറ്റേത് സംസ്ഥാന ത്താണുള്ളത്? കേരളത്തിൽ കോവിഡ് ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളിൽ ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇതുപോലെ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ? കേരളത്തിൽ കോവിഡ് ചികിത്സ പൂർണ്ണമായും സൗജന്യമായി നടത്തിയ ഗവൺമെന്റാണിത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്നവർക്കും അവശത അനുഭവിക്കുന്ന വർക്കുമെല്ലാം കോവിഡ് ചികിത്സയും പ്രതിരോധ കുത്തിവയ്പും സൗജന്യമായി നൽകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ കോവിഡിന്റെ ഒന്നും രണ്ടും തരംഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരിച്ചുവീണപ്പോൾ കേരളത്തിൽ വലിയ തോതിൽ മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. മുഴുവൻ ജനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും പോലീസുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടെയും സാമൂഹ്യപ്രവർത്തകരുടെയുമെല്ലാം പരിശ്രമത്തിന്റെയും സഹകരണത്തിന്റെയും ഫലമായാണ് ഇത്തരത്തിൽ കോവിഡ് വ്യാപനത്തിന്റെയും മരണത്തിന്റെയും നിരക്കുകൾ കുറച്ചു കൊണ്ടുവരാൻ സാധിച്ചത്. മൂന്നാം തരംഗത്തിന്റെ വക്കിൽ എത്തിനിൽക്കുമ്പോഴും ഇവിടെ മഹാഭൂരിപക്ഷം ആളുകൾക്കും രോഗം പിടിപെടാതെ, സാമൂഹ്യ വ്യാപന മില്ലാതെ നോക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. കോവിഡ് ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ പത്തോ ഇരുപതോ കിടക്കകളോട്ടുകൂടിയ, ഐസൊലേഷൻ വാർഡുക ളുൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കി എല്ലാ നിയോജകമണ്ഡലത്തിലും ഓരോ

ആരോഗ്യകേന്ദ്രങ്ങൾ ഇപ്പോൾ നടപ്പിലാക്കാൻ പോകുകയാണ്. പ്രതിപക്ഷമെന്നും എതിർത്തുകൊണ്ടിരിക്കുന്ന കിഫ്ബിയുടെ ഫണ്ടുപയോഗിച്ചുകൊണ്ടാണ് ഈ മേഖലയിൽ ഇടപെടുന്നതെന്നുകൂടി നാം ഓർക്കേണ്ടതാണ്. വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലമായി നടപ്പിലാക്കിയ വികസന നേട്ടങ്ങൾ ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ; അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകൾ, ഹൈടെക് സൗകര്യങ്ങളോടുകൂടിയ പഠനമുറികൾ, ഓൺലൈൻ ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവയൊരുക്കി പൊതുവിദ്യാലയങ്ങളിലേയ്ക്ക് ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ എത്തിച്ച കേരള സർക്കാരിന്റെ വിദ്യാഭ്യാസ രംഗത്തെ മികവ് കണക്കിലെടുത്തു കൊണ്ടാണ് കേന്ദ്രഗവൺമെന്റ് ഇന്ത്യയിലെ ആറ് സംസ്ഥാനങ്ങളെ തെരഞ്ഞെടുത്ത ഘട്ടത്തിൽ, അതിൽ പ്രധാനമായ ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തെ 'സ്റ്റാർസ് പദ്ധതി'-യിൽ തെരഞ്ഞെടുത്തത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ.എ.നെല്ലിക്കുന്ന്]

രാജ്യത്ത് വിദ്യാഭ്യാസരംഗത്തെ മികവ് കണക്കിലെടുത്താണ് 'സ്റ്റാർസ്' പദ്ധതി നടപ്പാക്കാൻ കേരളത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. കേന്ദ്ര വിഹിതവും ലോകബാങ്ക് വിഹിതവും സംസ്ഥാനത്തിന്റെ ചെറിയൊരു വിഹിതവും ചേർത്ത് അദ്ധ്യാപന പഠന റിസൾട്ട് നിലവാരങ്ങൾ മികവാർന്നതാക്കാനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ആരോഗ്യരംഗത്ത് മികച്ച കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും കോവിഡ് ബ്രിഗേഡ് പ്രവർത്തനങ്ങൾക്കുമായി കൂടുതൽ തുക അനിവാര്യമായി വരും. സംസ്ഥാനത്തിന്റെ വരുമാനം വളരെ കുറഞ്ഞ ഈ വർത്തമാനകാലത്തും ക്ഷേമപ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും ഒട്ടും കുറവ് വരുത്തിയില്ലെന്നു മാത്രമല്ല കൂടുതൽ മികവാർന്ന രീതിയിൽ നടപ്പാക്കുകയാണ് സർക്കാർ ചെയ്തത്. അറുന്നൂറ് രൂപയായിരുന്ന ക്ഷേമപെൻഷനുകൾ 1600 രൂപയിൽ എത്തിക്കാൻ കഴിഞ്ഞു. ഒരു കുടിശ്ശികയും വരുത്താതെ ഓരോരുത്തരുടെയും കൈകളിൽ അത് എത്തിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ദശലക്ഷക്കണക്കിന് സാധാരണക്കാരായ ജനങ്ങളുടെയും വയോജനങ്ങളുടെയും കർഷകത്തൊഴിലാളികളുടെയും വിധവകളുടെയും ഭിന്നശേഷിക്കാരുടെയും അഗതി കളുടെയും ക്യാൻസർ രോഗികളുടെയും കൈകളിലേയ്ക്ക് മുടങ്ങാതെ പെൻഷൻ എത്തിക്കുന്ന മഹാദൗത്യം ഒരു മുടക്കവും കൂടാതെ എൽ.ഡി.എഫ്. ഗവൺമെന്റ് നിർവ്വഹിച്ചുവരികയാണ്.

നിർദ്ദേശങ്ങളെന്ന നിലയിൽ ഈ ഉപധനാഭ്യർത്ഥനയിൽ അവതരിപ്പിക്കാനുള്ളത്, കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ മറ്റ് സാമൂഹിക പെൻഷനുകൾക്കൊപ്പം വർദ്ധിപ്പിച്ച് നൽകേണ്ടതുണ്ട്. രക്ഷിതാക്കൾ മരണപ്പെട്ട കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ സംരക്ഷണത്തിനായി ആവിഷ്കരിച്ച 'സ്നേഹപൂർവ്വം'

പദ്ധതി പ്രകാരം ഓരോ വിദ്യാലയത്തിൽനിന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്ക് അതത് അദ്ധ്യയനവർഷങ്ങളിൽ തന്നെ പ്രസ്തുത സഹായം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം. കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്തുതീർക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി അറ്റാദായം ലഭിക്കുന്നതിനുള്ള അപേക്ഷകർക്ക് കുടിശ്ശിക തുക നൽകാനുണ്ട്. ആയതിനാൽ അത് അനുവദിക്കുന്നതിന് തുക നീക്കിവയ്ക്കണം. പൊതുവിദ്യാഭ്യാസം മികവാർന്ന രീതിയിൽ ഉയർത്തിയതുപോലെ ഉന്നത വിദ്യാഭ്യാസരംഗത്തും ഉയർന്ന നിലവാരവും തൊഴിൽ സാദ്ധ്യതകളും ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. സർവ്വകലാശാലകളിൽ കൃത്യമായ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും അതിനനുസരിച്ച് പരീക്ഷകൾ നടത്തുന്നതിനും റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനും കഴിയേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപനം യഥാർത്ഥ്യമാക്കണം. വിദേശ പഠനത്തിന് പോകുന്ന കുട്ടികൾക്ക് ട്രാൻസ്ക്രിപ്റ്റ് യഥാസമയം നൽകാൻ കഴിയണം. അതുപോലെ സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ മേഖലയിലെ ആയിരക്കണക്കിന് ജീവനക്കാരെ മാനേജ്മെന്റുകളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കാൻ നടപടി സ്വീകരിക്കണം. അവർക്ക് അർഹമായ സേവന-വേതന വ്യവസ്ഥകളും ജോലി സുരക്ഷയും ഉറപ്പുവരുത്തണം. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെയും ദുരിതാശ്വാസ സമാഹ രണത്തെയും സാലറി ചലഞ്ചിനെയും തലചായ്ക്കാൻ സ്വന്തമായി കൂരയോ ഇടമോ ഇല്ലാതിരുന്ന പാവപ്പെട്ട മനുഷ്യർക്ക് പാർപ്പിടമൊരുക്കിയ ലൈഫ് പദ്ധതിയെയും കെ-ഫോൺ പദ്ധതിയെയും എതിർത്ത പ്രതിപക്ഷത്തിന്റെ പരിഹാസ്യവും അപഹാസ്യവുമായ നിലപാടുകളെല്ലാം കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞതാണ്. പ്രതിപക്ഷം അതേ നില ഭദ്രമാക്കികൊണ്ട് അപഹാസ്യരും പരിഹാസ്യരുമായ നിലയിൽതന്നെ ഓരോരോ ചെറിയ വിഷയങ്ങളെടുത്ത് അവരുടെ പഴയ നില കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ട് പോകുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നവകേരള സൃഷ്ടിക്കുവേണ്ടി ശക്തമായ പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുകയാണ്. ദീർഘവീക്ഷണത്തോടെ കേരളത്തെ പുതുക്കി പണിയുന്നതിനുവേണ്ടിയും കഴിഞ്ഞ അഞ്ച് വർഷക്കാലമായി തുടർന്നു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയും ഈ കാലയള വിലുണ്ടായ നിപ വൈറസും ഓഖി ചുഴലിക്കാറ്റും രണ്ട് മഹാപ്രളയങ്ങളും ഇപ്പോൾ കോവിഡും ഉണ്ടായ ഈ പ്രത്യേക സാഹചര്യത്തിൽ ജനങ്ങളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും നവകേരളം കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തന ത്തിലേർപ്പെട്ടിട്ടുള്ള സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ തിരിച്ചുവിളിക്കാൻ ജനാധിപത്യ വ്യവസ്ഥയിൽ എന്തെങ്കിലും പഴുതുകളുണ്ടായിരുന്നെങ്കിൽ രണ്ട് മാസക്കാലംകൊണ്ട് രണ്ടാം പിണറായി സർക്കാരിനെ ജനങ്ങൾ തിരിച്ചു വിളിക്കുമായിരുന്നു. പല യൂറോപ്യൻ രാജ്യങ്ങളിലും അതുണ്ട്. ആ ഒരു സംവിധാനം ഇവിടെ ഇല്ലാത്തതിനാലാണ് ഈ ഗവൺമെന്റ് നിലനിൽക്കുന്നത്. കേരളത്തിലെ ജനങ്ങളെ മുഴുവൻ ഇത്രയെളുപ്പത്തിൽ കടക്കെണിയിലാക്കാൻ ഈ ഗവൺമെന്റിന് മാത്രമെ കഴിയുകയുള്ളൂ. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാക്കിയെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. എന്നാൽ, സർക്കാർ പ്രസിദ്ധപ്പെടുത്തിയ Review of Public Enterprises Report അനുസരിച്ച് കേരളത്തിലെ 53 പൊതുമേഖലാ സ്ഥാപനങ്ങൾ 2015-16-കാലഘട്ടത്തിൽ വരുത്തിവച്ച Accumulated Loss 15392.31 കോടി രൂപയായിരുന്നു. 2016-17-ൽ അത് 19647.88 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. 2017-18-ലെ സ്ഥിതിയിൽ 57 പൊതുമേഖലാ സ്ഥാപനങ്ങൾ വരുത്തിവച്ച നഷ്ടം 23868.60 കോടി രൂപയായിരുന്നത് 2018-19-ൽ 26273.47 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. സർക്കാരിന്റെ ഔദ്യോഗിക രേഖകൾപോലും വെളിപ്പെടുത്തിയ കണക്കുകൾ ഇവിടെ മറച്ചുവച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനയുമായാണ് മന്ത്രിമാർ സഭയിൽ വരുന്നത്. നേരത്തെ ഇവിടെ സംസാരിച്ച എന്റെ യുവ സുഹൃത്തുക്കളായ ഒറ്റപ്പാലം അംഗവും ദേവികുളം അംഗവും പറഞ്ഞത്, പി.എസ്.സി. മുഖേന നടന്ന നിയമനങ്ങളിൽ സർവ്വകാല റിക്കോർഡാണ് ഈ സർക്കാർ സൃഷ്ടിച്ചതെന്നാണ്. അത് ഡി.വൈ.എഫ്.ഐ. നേതാക്കന്മാർക്ക് സഭയ്ക്ക് പുറത്ത് പറയാൻ കഴിയുമോ? തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവാക്കൾ ഇന്നല്ലെങ്കിൽ നാളെ തൊഴിൽ ലഭിക്കുമെന്ന് കരുതി പി.എസ്.സി. പരീക്ഷയെഴുതി തൊഴിലിനായി കാത്തിരിക്കുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടംനേടിയ ആയിരക്കണക്കിന് യുവാക്കളാണ് കഴിഞ്ഞ ദിവസങ്ങളിൽ സെക്രട്ടേറിയറ്റ് നടയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് സമരം നടത്തിയത്. ഒരു വനിതാ ഉദ്യോഗാർത്ഥി സ്വന്തം മുടി മുറിച്ച് ഇക്കാര്യത്തിൽ പ്രതിഷേധിച്ചു. പി.എസ്.സി.-യുടെ വിശ്വാസ്യത തകർത്തില്ലേ; പി.എസ്.സി.-യെ നോക്കുകുത്തിയാക്കിയില്ലേ; ആർക്കാണ് ഇവർ നിയമനം കൊടുത്തുവെന്ന് പറയുന്നത്? ശരത്ത് ലാലിന്റെയും കൃപേഷിന്റെയും വധക്കേസിലെ പ്രതികളുടെ ഭാര്യമാർക്കാണ് ഇവർ നിയമനം കൊടുത്തുവെന്ന് പറയുന്നത്. പി.എസ്.സി.-യെ നോക്കുകുത്തിയാക്കി എല്ലായിടത്തും ഇപ്പോൾ പിൻവാതിൽ നിയമനമാണ് നടക്കുന്നത്.

2.00 P.M.]

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ അറുന്നൂറോളം ആളുകൾ പരീക്ഷയെഴുതി കാത്തിരിക്കുകയാണ്. പക്ഷേ ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല. അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറുടെ തസ്തികയിലേയ്ക്കുപോലും യോഗ്യതയില്ലാത്ത ആളുകളുടെ നിയമനം നടത്താൻ പോകുകയാണ്. യഥാർത്ഥത്തിൽ ഈ എൽ.ഡി.എഫ്. ഗവൺമെന്റ് ബി.ഡി.എ. (ബാക്ക് ഡോർ അപ്പോയിന്റ്മെന്റ് സർക്കാർ) ആയി മാറിയിരിക്കുകയാണ്. പിൻവാതിൽ നിയമനമാണ് ഈ സർക്കാരിന്റെ മുഖമുദ്ര എന്നു പറയുന്നത്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ പാസ്സായിട്ടുള്ള കുട്ടികൾക്ക് തുടർപഠനത്തിന് അവസരമൊരുക്കണമെന്നതാണ് കഴിഞ്ഞ ദിവസങ്ങളിലൊക്കെ ചർച്ചചെയ്തു വളരെ പ്രധാനപ്പെട്ട വിഷയം. ഇത്തവണ എല്ലാവരും പരീക്ഷയെഴുതിയിട്ടാണ് പാസ്സായതെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. ഇതിനുമുമ്പ് പാസ്സായ ആളുകൾ പരീക്ഷയെഴുതാതെ പാസ്സായി എന്ന ഒരു വ്യംഗ്യാർത്ഥം അതിലുണ്ട്. അത് അവരെ അവഹേളിക്കുന്നതിന് തുല്യമാണ്. ഏതായാലും ഒരു റെക്കോർഡ് വിജയം ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷയിലുണ്ടായിട്ടുണ്ട്. പരീക്ഷ പാസ്സായിട്ടുള്ള മുഴുവൻ ആളുകൾക്കും തുടർപഠനത്തിന് അവസരമൊരുക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന ഗവൺമെന്റിനില്ലേ; അത് നിർവ്വഹിക്കുന്നുണ്ടോ? ഇപ്പോഴിതാ ഈ സഭയ്ക്ക് പുറത്ത് നിരവധി വിദ്യാർത്ഥി സംഘടനകളുടെ നേതാക്കന്മാരുൾപ്പെടെ ഓരോ നിയോജകമണ്ഡലങ്ങളിലെയും കണക്കെടുത്ത് നിവേദനം നൽകാൻ വന്നിരിക്കുകയാണ്. ഒരു സംഘടന എസ്.കെ.എസ്.എസ്.എഫ്., 140 എം.എൽ.എ.-മാർക്കും അതത് നിയോജക മണ്ഡലങ്ങളിൽ കുട്ടികൾക്ക് പഠിക്കാൻ സൗകര്യമില്ലാത്തതിന്റെ പോരായ്മകൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി പ്രിന്റ് ചെയ്ത് കൊടുക്കുകയാണ്. ഇന്നലെ മലപ്പുറത്ത് ഒരു വിദ്യാർത്ഥി സംഘടന പ്ലസ് ടു സീറ്റ് അനുവദിക്കണമെന്നും തുടർപഠനത്തിന് അവസരമൊരുക്കണമെന്നും ആവശ്യപ്പെട്ട് നടത്തിയ സമരത്തെ ലാത്തികൊണ്ടാണ് പോലീസ് നേരിട്ടത്. വിദ്യാർത്ഥികളുടെ മേൽ ജാമ്യമില്ലാ വകുപ്പ് ചുമത്തുകയാണ്. കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കിയില്ലെന്നു മാത്രമല്ല പഠിക്കാൻ അവസരത്തിനുവേണ്ടി ശബ്ദിക്കുന്നവരെ ലാത്തികൊണ്ട് നേരിടുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഉപധനാഭ്യർത്ഥനയൊക്കെ പാസാക്കാം; പക്ഷേ കുട്ടികൾക്ക് പഠിക്കാനുള്ള അവസരവും ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകളും പ്ലസ് ടു പാസായ കുട്ടികൾക്ക് കോളേജിൽ അഡ്മിഷനും ലഭിക്കുന്നതിനും കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം

സഭയിൽ നൽകിയ മറുപടിയിൽ, മലപ്പുറം ഗവൺമെന്റ് കോളേജിൽ 2020-21 അക്കാദമിക വർഷത്തിൽ യൂണിവേഴ്സിറ്റി ശിപാർശ ചെയ്ത കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ലെന്നാണ് പറഞ്ഞത്. കേരളത്തിലെ എൽ.ഡി.എഫ്. കൺവീനർ സഖാവ് എ. വിജയരാഘവൻ പഠിച്ച കോളേജാണ് മലപ്പുറം ഗവൺമെന്റ് കോളേജ്, അവിടെ ആവശ്യമായ കോഴ്സുകളും മലപ്പുറത്തെ ഗവൺമെന്റ് വിമൻസ് കോളേജിൽ പുതിയ കോഴ്സുകളും അനുവദിക്കണമെന്ന കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് സ്വന്തമായി കെട്ടിടമില്ലാത്ത മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെ യോഗം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്തു. പ്രിയപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാരൊക്കെയുണ്ടായിരുന്നു. വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഐ.എച്ച്.ആർ.ഡി. കോളേജുകൾ/സ്ഥാപനങ്ങൾക്കിപ്പോഴും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. നിരവധി മണ്ഡലങ്ങളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഐ.എച്ച്.ആർ.ഡി. കോളേജുകൾ വാടകക്കെട്ടിടത്തിലും മറ്റുമാണ് പ്രവർത്തിക്കുന്നത്. ഈ ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങൾക്കാവശ്യമായ സ്ഥലം വാങ്ങാനും കെട്ടിടമുണ്ടാക്കാനുമുള്ള തുക ബഡ്ജറ്റിൽ വകയിരുത്തണം.

ഓൺലൈൻ പഠനം ആരംഭിച്ച് രണ്ടുമാസം കഴിഞ്ഞുവെങ്കിലും ഇപ്പോഴും കുട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ പഠന സൗകര്യമുണ്ടായിട്ടില്ല. എത്ര കുട്ടികൾക്ക് ഗവൺമെന്റ് നേരിട്ട് ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു കുട്ടിക്കും കൊടുത്തില്ല; തങ്ങളുടെ കുട്ടികൾക്ക് ഫോണില്ല, ടി.വി.-യില്ല, ടാബില്ല ആയതിനാൽ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞ് പാവപ്പെട്ട രക്ഷിതാക്കൾ ഇപ്പോഴും ജനപ്രതിനിധികളെ വിളിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? നിയമസഭയ്ക്കകത്ത് എല്ലാവർക്കും പഠനസൗകര്യം ഏർപ്പെടുത്തുമെന്ന് പറഞ്ഞതല്ലാതെ മുഴുവൻ കുട്ടികൾക്കും പഠന സൗകര്യമേർപ്പെടുത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഓൺലൈൻ പഠനസൗകര്യമില്ലാത്ത മുഴുവൻ കുട്ടികൾക്കും എന്നേയ്ക്ക് പഠന സൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്ന് ഈ സഭയ്ക്കുമുമ്പാകെ ബഹുമാനപ്പെട്ട മന്ത്രിമാർ ഉറപ്പുനൽകണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താല്ക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്. ഭിന്നശേഷിക്കാരായ 2677 പേരെ ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്ഥിരപ്പെടുത്തുകയുണ്ടായി. 2003 വരെ ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്തിയത്. എന്നാൽ ഇപ്രകാരം താല്ക്കാലിക നിയമനം ലഭിച്ചിട്ടുള്ള ഭിന്നശേഷിക്കാർക്ക് 2004-നുശേഷം ഇതുവരെയും സ്ഥിരംജീവനക്കാരായി നിയമനം ലഭിച്ചിട്ടില്ല. ആയതിനുള്ള നടപടി കൂടിയുണ്ടാകണം.

പി.ഡബ്ല്യൂ.ഡി.-യുടെ സെക്ഷൻ ഓഫീസുകളെ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നത് അതത് മണ്ഡലങ്ങളിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ വളരെ സുതാര്യമായും കാര്യക്ഷമമായും നടത്താൻ സഹായകമാകുമെന്നതുകൊണ്ട് പതിനാലാം നിയമസഭയിൽ ശ്രീ. കെ. എൻ. എ. ഖാദർ ഇങ്ങനെയൊരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. ആ കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണം യുവതലമുറയെ നശിപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യമാണ് മദ്യപാനം. എന്നാൽ ഈ മഹാമാരിയുടെ കാലത്തും സർക്കാർ പൊതുനന്മയ്ക്കായി 24 മണിക്കൂർകൊണ്ടാണ് ബാറുകൾ തുറക്കാൻ തീരുമാനിച്ചത്. ജനങ്ങളെല്ലാം മദ്യപിച്ച് സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടണമെന്ന് ആഹ്വാനം ചെയ്യുന്ന ഏക സർക്കാർ എൽ.ഡി.എഫ്. സർക്കാരാണ്. ലോകത്തെവിടെയും ഇങ്ങനെയൊരു സർക്കാരില്ല. മദ്യകച്ചവടത്തിൽ ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ പണം മദ്യപാനംമൂലം രോഗികളാകുന്നവരുടെ ചികിത്സയ്ക്കും തുടർചെലവിനുമായി ആരോഗ്യ വകുപ്പുവഴി സർക്കാർ ഖജനാവിൽനിന്നും ചെലവാക്കുന്നുവെന്ന വസ്തുത നാം കാണാതെ പോകരുത്.

മി. ചെയർമാൻ : അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, അവസാനിപ്പിക്കാം, വേണ്ടി വന്നാൽ പോലീസ് സ്റ്റേഷനിലും ബോംബുണ്ടാക്കുമെന്നു പറഞ്ഞവരും പോലീസ് സ്റ്റേഷൻ വരാന്തയിൽ ധർണ നടത്തിയവരുമാണ് ഇപ്പോൾ പോലീസിന്റെ മനോവീര്യം കെടുത്തരുതെന്ന് പറയുന്നത്. ആ വലിയ മാറ്റത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ പോലീസിനെ ഒരു മർദ്ദനോപാധിയായി ഉപയോഗപ്പെടുത്തുന്നത് ഒരു എൽ.ഡി.എഫ്. ഗവൺമെന്റിന് ഭൂഷണമല്ല എന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കോവിഡ് പ്രതിരോധ നിയന്ത്രണങ്ങളുടെ പേരിൽ ജനങ്ങളെ പീഡിപ്പിക്കുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അതിശക്തമായി എതിർക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. യഥാർത്ഥത്തിൽ ധനകാര്യ വകുപ്പിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പറയാനുള്ളത്, ഏത് കൊടുങ്കാറ്റിനെയും തടഞ്ഞുനിർത്തി ഏത് തിമിർക്കുന്ന മഹാമഴയെയും പേമാരിയെയും തന്റെ വേരുകളെ വളരെ ആഴത്തിൽ നിലനിർത്തിക്കൊണ്ട് ഏത് മിന്നൽപ്പിണരിലും അതിന്റെ അപകടങ്ങളെ സ്വയം ഏറ്റെടുത്ത് അത് ഭൂമിയിലേക്ക് മാറ്റി ഒരു സംരക്ഷണത്തിന്റെ വലയം തീർക്കുന്ന ഒരു സംവിധാനമാണിതെന്നാണ്. വരാൻ പോകുന്ന ഒരു വർഷക്കാലത്തെ നമ്മുടെ സംസ്ഥാനത്തിന്റെ വികസനോന്മുഖമായ കാഴ്ചപ്പാടുകളെയും അവയ്ക്കുണ്ടാകുന്ന

പ്രതിസന്ധികളെയുമെല്ലാം യഥാർത്ഥത്തിൽ ഏറ്റുവാങ്ങി അതേറ്റവും ഭംഗിയായി മാനേജ് ചെയ്ത് നടപ്പാക്കുകയെന്നുള്ള വളരെ നിർണ്ണായകമായ പങ്ക് വഹിക്കേണ്ട ഒരു ഡിപ്പാർട്ടുമെന്റാണ് ധനകാര്യ വകുപ്പ്. അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഒരു പക്ഷേ ഈ ചർച്ചകളെല്ലാം അവസാനിക്കുമ്പോൾ ഇനിയുള്ള ദിവസങ്ങളിൽ ഏറെ ആശങ്കാകുലനും ഏറ്റവും സൂക്ഷ്മദൃക്കായിത്തന്നെ പ്രവർത്തിക്കേണ്ട ഒരാളുമാണ്. ഒ.എൻ.വി. പറഞ്ഞതുപോലെ, "മറ്റുള്ളവർക്കായി സ്വയം കത്തിയെരിയുന്ന സസ്നേഹമൂർത്തിയാം സൂര്യൻ" എന്നു ഞാൻ അങ്ങയെ വിളിക്കുന്നില്ലെങ്കിലും യഥാർത്ഥത്തിൽ ധനകാര്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ആ രീതിയിൽ വളരെയേറെ പ്രാധാന്യമുള്ളതാണെന്ന് പറയാം. കാരണം, ഇവിടെ നടന്ന ചർച്ചകളിൽ എനിക്ക് മുമ്പേ സംസാരിച്ച ശ്രീ. പി. ഉബൈദുള്ളയുൾപ്പെടെയുള്ള ആളുകൾ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചൊക്കെ സംസാരിച്ചു. ഇവിടെ എപ്പോഴും ഉയർന്നുവരുന്ന ഒരു കാര്യം നമ്മുടെ കടത്തെക്കുറിച്ചാണ്. കടം ഏതാണ്ട് വലിയൊരു അപകടമാണെന്ന് ആരോ പറഞ്ഞ് നമ്മെ വല്ലാതെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നാണ് എന്റെ ധാരണ. കടം അങ്ങനെ വളരെ വലിയൊരപകടമല്ല; വ്യക്തിയാണെങ്കിലും സമൂഹമാണെങ്കിലും ഒരു സംസ്ഥാനമാണെങ്കിലും അതിന്റെ മുമ്പോട്ടുള്ള പ്രവർത്തനങ്ങൾക്ക് കടം വാങ്ങേണ്ടതായുണ്ട്. പക്ഷേ സംസ്ഥാനത്തിന്റെ അല്ലെങ്കിൽ നമ്മുടെയൊക്കെ കടത്തെ പലപ്പോഴും പല രീതിയിലാണ് നമ്മൾ കാണുന്നത്. വലിയൊരു കാണാച്ചരട് അതിന്റെ പിന്നിലുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. വേൾഡ് ബാങ്കുൾപ്പെടെയുള്ള ആളുകളുടെ കൃത്യമായ അജണ്ട ഈ ചരടിന്റെ പിന്നിലുണ്ട്; ഇത് യഥാർത്ഥത്തിൽ ഇവിടെ തുടങ്ങിയതല്ല. നമ്മുടെ സ്റ്റെബിലൈസേഷൻ പോളിസിയെപ്പറ്റി നമുക്കറിയാം, സ്റ്റെബിലൈസേഷൻ പോളിസിക്കുശേഷം വന്ന ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട്, ഇതിനുശേഷംവന്ന കടവുമായി ബന്ധപ്പെട്ട ഫിസ്കൽ ഡെഫിസിറ്റിനെക്കുറിച്ചുള്ള ആവശ്യമില്ലാതെയുള്ള ഒരുപാട് ചർച്ചകൾ, ഇതെല്ലാം ബോധപൂർവ്വം ഗവൺമെന്റിന്റെ ഇടപെടലുകൾ മാറ്റിനിർത്തിക്കൊണ്ട് സംസ്ഥാനങ്ങൾക്ക് കടം വാങ്ങാനുള്ള അധികാരം പൂർണ്ണമായിത്തന്നെ വെട്ടിക്കുറച്ചുകൊണ്ട് സംസ്ഥാനങ്ങളെ വല്ലാതെ ഞെരുക്കുന്ന നിലപാടാണ്. ഇപ്പോൾതന്നെ ഡിവിസിബിൾ പൂളിൽനിന്ന് നമുക്ക് കിട്ടാനുള്ള ഫണ്ട് ലഭിക്കുന്നില്ല. ഇടയ്ക്കിടയ്ക്കുണ്ടാകുന്ന പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന മാറ്റം അനുസരിച്ച് കേന്ദ്രം ഉടനെ സെസ്സ് വർദ്ധിപ്പിച്ച് അതിൽ നിന്നും ലാഭം കൊയ്യാനുള്ള നടപടിയാണെടുക്കുന്നത്. ഇതെല്ലാം സംസ്ഥാനങ്ങളെ വല്ലാതെ ഞെരുക്കുകയും നിയമനിർമ്മാണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തി സംസ്ഥാനങ്ങൾക്ക് കടം വാങ്ങാനുള്ള അധികാരങ്ങൾ വെട്ടിക്കുറയ്ക്കുകയുമാണ് യഥാർത്ഥത്തിൽ നടപ്പാക്കുന്നത്. കേരളം പോലുള്ള സംസ്ഥാനം ഏത് ഗവൺ

മെന്റാണെങ്കിലും ഒരു കാലഘട്ടത്തിൽ മുമ്പോട്ടുവച്ചുള്ള ചില സാമൂഹിക ദർശനങ്ങൾ നമ്മുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. അതിനെ ഇല്ലാതാക്കിക്കൊണ്ട് കേന്ദ്രീകൃതമായ സംവിധാനത്തിലൂടെ കോർപ്പറേറ്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളെ കടത്തിവിടാനുള്ള ബോധപൂർവ്വമായ ശ്രമമാണ് യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്ത് നടക്കുന്നത്. രണ്ട് ചേരിയിൽനിന്നുകൊണ്ട് നമുക്ക് അങ്ങോട്ടും ഇങ്ങോട്ടും തർക്കിക്കാം. പൊതുവായ വിഷയങ്ങളിൽ കേന്ദ്രഗവൺമെന്റെടുക്കുന്ന തെറ്റായ നിലപാടുകൾ നാളെകളിൽ എവിടെ എത്തിക്കുമെന്നുള്ളതാണ്. കടത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. കടത്തിന്റെ അവസ്ഥ എന്തായി; എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ ബഡ്ജറ്റിനെക്കാൾ കടത്തിന്റെ അളവ് വർദ്ധിച്ചിട്ടുണ്ട്. ഞാൻ ആ കണക്കുകളിലേയ്ക്ക് പോകുന്നില്ല. ഡെബ്റ്റ് റേഷ്യോ കണക്കാക്കുന്നത് Gross State Domestic Product (GSDP)-മായി ബന്ധപ്പെട്ടാണ്. കോവിഡ് വന്നപ്പോൾ കഴിഞ്ഞ പ്രാവശ്യം ആഭ്യന്തര വരുമാനത്തിൽ പ്രതീക്ഷിക്കാത്ത നിലവാരത്തിൽ സംസ്ഥാനത്തിന്റെ വരുമാനം കുറഞ്ഞു. ഇത് വലിയ സംഭവമല്ല. അതിന് ധനകാര്യവകുപ്പോ, ധനകാര്യമന്ത്രിയോ ഉത്തരവാദികളല്ല. രാജ്യത്തെമ്പാടുമുണ്ടായ കാര്യമാണിത്. സ്വാഭാവികമായും സംസ്ഥാനത്തിന്റെ വരുമാനം കുറഞ്ഞു. കടമെടുക്കാനുള്ള നമ്മുടെ സാധ്യതകൾ മാറുന്നു. സ്വഭാവികമായും കടം കൂടുതൽ എടുക്കേണ്ടിവരുന്നു. വികസന പ്രവർത്തനങ്ങളും കേരളത്തിന്റെ പ്രത്യേകതയും ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. മഹാമാരിക്കിടയിലും കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കുറവുണ്ടായിട്ടില്ല. അതുകൊണ്ടാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത് ഏത് പേമാരിയെയും, ഏത് മിന്നൽ പിണരിനെയും പിടിച്ചുനിർത്താൻ കഴിയുന്ന സർവ്വ തലസ്പർശിയായി എല്ലാ ഡിപ്പാർട്ടുമെന്റുകളെയും മുന്നോട്ട് കൊണ്ടുപോകുന്ന സർക്കാരാണിതെന്ന്. ആരോഗ്യരംഗത്ത് അടിയന്തരാവസ്ഥപോലുള്ള സംവിധാനങ്ങൾ കടന്നുവന്നപ്പോൾ അതിനാവശ്യമായ പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാരിനായിട്ടുണ്ട്. ബഡ്ജറ്റിന്റെ തുടക്കത്തിൽ പറയുന്നൊരു വാചകമുണ്ട്, ഏറ്റവും വലുത് ജനങ്ങളുടെ ജീവനാണ്, നിലനിൽപ്പാണ് എന്നാണ്. ഇങ്ങനെ പ്രധാനപ്പെട്ടൊരു കാഴ്ചപ്പാട് ഉയർത്തിയ ബഡ്ജറ്റാണിത്. ആ ബഡ്ജറ്റിലെ മുമ്പിലെ ചിത്രം നോക്കിയാൽ വലിയ വെള്ളപ്പൊക്കത്തിന്റെ ഇടയിൽ നിൽക്കുന്ന ഒറ്റപ്പെട്ട തുരുത്തിനകത്ത് പച്ചപ്പിന്റെ അംശങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. അത് ചെറിയൊരുകാര്യമല്ല. അതാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ഈ പറയുന്ന നിർദ്ദേശങ്ങളും ഏൽപ്പിച്ച കൊടുക്കാൻ പോകുന്ന ഉത്തരവാദിത്തവും ഇത് പാസ്സായിക്കഴിയുമ്പോൾ വളരെ കൃത്യമായി കണ്ടുകൊണ്ട് ജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുമെന്നുള്ള ആത്മവിശ്വസംകൊണ്ടാണ് ഞാൻ ഇതിനെ പിന്താങ്ങുന്നത്. ആ കാര്യത്തിൽ ഗവൺമെന്റ് കൃത്യമായി എടുത്ത ചില നിലപാടുകളുണ്ട് നമ്മൾ ഭൂതകാലത്തിലേയ്ക്ക് ചിന്തിക്കുക

അതിന്റെ അടിസ്ഥാനത്തിലാണല്ലോ വർത്തമാനകാലത്തെ കാണേണ്ടത്. ഈ വർത്തമാന കാലത്തിലും വരാൻ പോകുന്ന ഭാവിയിലും അത്തരം ശുഭോതർക്കങ്ങളായ സാഹചര്യം ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ അദ്ധ്യാപകനായിരുന്ന ഒ.എൻ.വി-യുടെ വരികൾകൂടി പറഞ്ഞുകൊണ്ട് അവസാനി പ്പിക്കുകയാണ്. ഈ മഹാമാരിയെക്കുറിച്ച് ആളുകൾക്ക് ഒരുപാട് ഭയാശങ്കകളും ഭയപ്പാടുകളുമുണ്ട്. 'ശാരങ്ഗ പക്ഷികൾ' എന്ന അദ്ദേഹത്തിന്റെ മനോഹരമായ കവിതയിൽ 'നീ ഉറങ്ങുക ഞാൻ ഉണർന്നിരിക്കാം' എന്ന് പറയുന്നതുപോലെ കേരളത്തിലെ മുഴുവൻ ജനങ്ങളും ശാന്തമായി, ദുഃസ്വപ്നങ്ങൾ കാണാതെ ഉറങ്ങാനുള്ള ഇടങ്ങൾ സൃഷ്ടിച്ചുകൊണ്ട് കാവലാളായി ശാരങ്ഗ പക്ഷികളെപോലെ ഈ ഗവൺമെന്റ് എപ്പോഴും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പൊതുമരാമത്ത്, വൈദ്യസഹായം പൊതുജനാരോഗ്യം, വ്യവസായം എന്നീ ഇനങ്ങളിലാണ് ഏറ്റവും കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനെ പിന്തുണച്ച് സംസാരിക്കുമ്പോൾ പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത് പ്രതിപക്ഷത്തിന്റെ പ്രവർത്തനശൈലിയിൽ മാറ്റം വരുത്തേണ്ടതല്ലേ എന്നാണ്. എന്തിനെയും എതിർക്കുന്ന നിലപാട് എടുക്കുന്നതാണോ പ്രതിപക്ഷം ചെയ്യേണ്ടുന്ന ഉത്തരവാദിത്തം? നിയമസഭയ്ക്കകത്ത് ഇത് പാസ്സാക്കിയാലെ നമ്മുടെ ഭരണത്തെ മുന്നോട്ടുകൊണ്ടു പോകുവാൻ സാധിക്കുകയുള്ളൂ. മുമ്പേ ശീലിച്ചുപോയ ശീലം അത് പ്രതിപക്ഷമായാലും ഭരണപക്ഷമായാലും ശരി അതിലൊരു മാറ്റം വരുത്തിക്കൊണ്ട്, വിമർശിക്കേണ്ടതിനെ വിമർശിക്കുന്ന നിലയിലേയ്ക്ക് പ്രതിപക്ഷം മാറുന്നതായിരിക്കും ഇനിയുള്ള കാലയളവിൽ നല്ലതെന്ന് എനിക്ക് തോന്നുകയാണ്. സഖാവ് പിണറായി വിജയന്റെ നേതൃത്വ ത്തിലുള്ള ഗവൺമെന്റ് അധികാരം തുടരുകയാണ്. വലിയ ജനവിധിയിലൂടെ 99 സീറ്റുകളോടെയാണ് ഈ ഗവൺമെന്റ് അധികാരത്തിലെത്തിയത്. ഒരുപക്ഷെ 100 സീറ്റ് തികയ്ക്കാൻ കഴിയുമായിരുന്നു. ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ തീർച്ചയായും വീണ്ടും അധികാരത്തിൽ വരുമെന്ന ആഗ്രഹത്തോടെ നിൽക്കുമ്പോൾ, ഇപ്പോൾ ഒരു തെരഞ്ഞെടുപ്പുവന്നാൽ കൂടുതൽ സീറ്റുകൾ കിട്ടുമായിരുന്നില്ലേയെന്ന് നിങ്ങൾ സ്വപ്നം കാണുകയാണ്. ഇതിനെക്കാൾ പ്രതിസന്ധിയുള്ള കാലയളവിൽ, പ്രയാസങ്ങളുടെ കാലയളവിൽ, നിങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസികളും എല്ലാ ശ്രമങ്ങളും നടത്തിയിട്ടും വമ്പിച്ച ജനകീയ പിന്തുണയോടുകൂടിയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതെന്ന് നിങ്ങൾ ഓർക്കണം. നിരവധി

പ്രതിസന്ധിയിലൂടെയാണ് കടന്നുപോയത്. പ്രളയം, നിപ, നോട്ടുനിരോധനം, കോവിഡ് തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുമ്പോഴും ജനങ്ങളുടെ സഹകരണത്തോടെ ജനകീയമായി അതിനെയെല്ലാം അതിജീവിച്ച് മുന്നോട്ടുപോകുമ്പോഴും വികസന പ്രവർത്തനങ്ങൾ തടയപ്പെട്ടില്ലെന്നതാണ് ഗവൺമെന്റിന്റെ മുഖമുദ്ര. പ്രഖ്യാപിച്ച നാല് മിഷനുകളും അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോയി. ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയത്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭ അതിന്റെ തുടർച്ചയാണ്. മന്ത്രിമാരെല്ലാം അവരുടെ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് കുറച്ചുകൂടി പണം വേണമെന്നാണ് ഉപധനാഭ്യർത്ഥനകളിലൂടെ ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളത്. തീർച്ചയായും അത് അംഗീകരിക്കുകയും അനുവദിക്കുകയും ചെയ്യണം. അതാണ് ഞാൻ പ്രതിപക്ഷത്തോട് സൂചിപ്പിച്ചത്. നിങ്ങൾ എല്ലാത്തിനെയും എതിർത്തു, അതല്ലേ നിങ്ങൾക്ക് വിനയായത്? 2.68 ലക്ഷത്തിലേറെ വീടുകൾ നിർമ്മിച്ചപ്പോൾ ലൈഫ് മിഷനെതിരെ നിങ്ങൾ കേസ് കൊടുത്തു. അത്രയും പേരുടെ കുടുംബാംഗങ്ങൾ നിങ്ങൾക്ക് എതിരായില്ലേ; തെരഞ്ഞെടുപ്പിന്റെ കാലമായാലും ഭക്ഷ്യകിറ്റ് കൊടുക്കണ്ടേ; ഭക്ഷ്യകിറ്റ് നൽകുന്നതിനെതിരെ കേസ്, എങ്ങനെ ജനങ്ങൾ നിങ്ങളോടൊപ്പം നിൽക്കും? പ്രളയദുരിതത്തിൽ രാജ്യത്ത് ഒറ്റപ്പെട്ട സാഹചര്യം; സഹായിക്കണമെന്ന് കേരളീയ സമൂഹത്തോട് പറഞ്ഞപ്പോൾ സഹായിക്കേണ്ടന്ന് നിങ്ങൾ പറഞ്ഞു. ജനങ്ങൾ അത് അംഗീകരിക്കുമോ; മലയാളികൾ സടകുടഞ്ഞെഴുന്നേൽക്കുകയും കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ പേരുടെയും സഹായങ്ങൾ ഉയർന്നുവരുമ്പോഴും രാഷ്ട്രീയമായി തെറ്റായ നിലപാടുകൾ നിങ്ങൾ സ്വീകരിച്ചു. സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചപ്പോൾ ക്ലാസ്സ് ആരംഭിക്കാൻ പാടില്ല; സീറോ ഇയറായി പ്രഖ്യാപിക്കണമെന്ന് നിങ്ങൾ പറഞ്ഞു. തങ്ങളുടെ മക്കളെ വഴിയാധാരമാക്കാമോ; എല്ലാ രക്ഷിതാക്കളും മുഖ്യമന്ത്രി എടുത്ത നിലപാടുകൾ ശരിയാണെന്ന് വിചാരിക്കുകയും അതിന്റെ കൂടെ നിൽക്കുകയും ചെയ്തു. അതിനുശേഷം പരീക്ഷ നടത്തുന്ന കാര്യം; പരീക്ഷ നടത്താൻ പാടില്ല, എന്നാൽ പരീക്ഷ നടത്തി. ഇപ്പോൾ പാസായ കുട്ടികൾക്ക് അഡ്മിഷൻ കിട്ടേണ്ട കാര്യമാണ് പറയുന്നത്. 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പോരായ്മ വന്നാൽ പരിഹരിക്കുമെന്നും മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ഒരു ഗവൺമെന്റ് അതല്ലേ ചെയ്യേണ്ടത്. കേരള ജനത എങ്ങനെ നിങ്ങളുടെ കൂടെ നിൽക്കും? രാജ്യത്തിന്റെ അവസ്ഥകൂടി ഈ സാഹചര്യത്തിൽ ആലോചിക്കേണ്ടതാണ്. നിങ്ങൾ എടുത്ത നിലപാടുകളുടെ ഭാഗമായാണ് ബി.ജെ.പി സർക്കാർ ഇന്ത്യൻ ഭരണ സംവിധാനത്തിൽ കടന്നുവന്നത്. തൊഴിലില്ലായ്മയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നുണ്ടല്ലോ, ഉത്തർപ്രദേശിൽ Provincial Armed Constabulary സെലക്ഷനിൽ നമ്പർ വിളിച്ച് രണ്ടുഭാഗത്തായി ആളുകളെ മാറ്റിനിർത്തി. ഒരു ഭാഗത്ത് മാറ്റിനിർത്തിയവർ

മുസ്ലീംനാമധാരികളായ ചെറുപ്പക്കാരായിരുന്നു. ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ ഉൾപ്പെടെയുള്ള മേഖലകളിൽ നിങ്ങൾ അന്ന് അവരെ സെലക്റ്റ് ചെയ്തില്ല. അവിടെ തുടങ്ങി കോൺഗ്രസ് ഹിന്ദു കാർഡ് കാണിക്കുന്ന സമീപനം. അതിനുശേഷം ബാബറി മസ്ജിദ് ഇഷ്യൂവിൽ നിങ്ങൾ എടുത്ത നിലപാട് കുറച്ചുകൂടി ആക്കം കൂട്ടുന്നതും രാജ്യത്തെ ആയുധംകൊണ്ട് അല്ലെങ്കിൽ മസിൽ പവർകൊണ്ട് കീഴ്പ്പെടുത്താൻ കഴിയുമെന്ന ബോദ്ധ്യം അവർക്ക് നിങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഇതിന്റെ ഭാഗമായി കോൺഗ്രസിനകത്ത് വലിയ പ്രശ്നങ്ങൾ നടക്കുകയാണ്. 'രാഹുലിനെ വെട്ടിലാക്കി സിബലിന്റെ വിരുന്ന്' ഇന്നലത്തെ 'ദി ഹിന്ദു' ഉൾപ്പെടെയുള്ള ഇംഗ്ലീഷ്/മലയാളം പത്രങ്ങളിലെ വാർത്തയാണ്. സോണിയഗാന്ധിക്ക് കത്തെഴുതി, നേതാക്കൾ വിരുന്നിനെത്തിയില്ല. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും മറ്റുചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആ യോഗത്തിൽ പങ്കെടുത്തു. ശ്രീ. രാഹുൽ ഗാന്ധി പങ്കെടുത്തില്ല. കോൺഗ്രസിനകത്ത് ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുന്നത് നല്ലതാണെന്ന് ചിന്തിക്കുന്നവനല്ല ഞാൻ. തീർച്ചയായും നിങ്ങൾ ഗൗരവപൂർവ്വം ഇന്ത്യയെ കണ്ടെത്തിക്കൊണ്ട് പ്രവർത്തിക്കണം. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ കേരളത്തിലേയ്ക്ക് വിളിച്ചുവരുത്തി. കുറച്ച് സീറ്റ് നിങ്ങൾക്ക് കിട്ടി. അവിടെ വിജയിക്കാൻ കഴിയില്ലെന്ന നിലയ്ക്കാണ് ശ്രീ. രാഹുൽ ഗാന്ധി ഇങ്ങോട്ടു കടന്നുവന്നതെന്ന പ്രചരണം നടത്തി യതിന്റെ അടിസ്ഥാനത്തിൽ ആ മേഖല തകർന്നുതരിപ്പണമായി. നിങ്ങൾക്കിവിടെ 19 സീറ്റ് കിട്ടി. പക്ഷേ, ഇൻഡ്യയിൽ കോൺഗ്രസ്സ് ഒറ്റപ്പെട്ടു. കേരളം ബി.ജെ.പി.-ക്കെതിരെ ഒരുമിച്ച് നിൽക്കുന്നൊരു സംസ്ഥാനമാണെന്ന രാഷ്ട്രീയ ധാരണയില്ലാതെ നിങ്ങളുടെ പിടിവാശിയുടെ അടിസ്ഥാനത്തിൽ എൽ.ഡി.എഫ്-നോട്, കമ്മ്യൂണി സ്റ്റുകാരോടുള്ള എതിർപ്പിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ എങ്ങനെയെങ്കിലും വിജയിക്കണമെന്നേ നിങ്ങൾ കണ്ടുള്ളൂ. ജയിക്കേണ്ടത് ഇൻഡ്യയാണ്, കളിക്കേണ്ടത് ആർ.എസ്.എസ്.-നോടാണെന്ന ധാരണ നിങ്ങൾക്കുണ്ടായില്ല. നിങ്ങളുടെ മുഖ്യശത്രു കേരളത്തിലെ ഇടതുപക്ഷമാണെന്ന ധാരണയിലേയ്ക്ക് നിങ്ങൾ താണുപോയി. തീർച്ചയായും നിങ്ങളെടുത്ത നിലപാടിന്റെ ഭാഗമായി തകർന്നത് കോൺഗ്രസ്സാണ്. കോൺഗ്രസ് ഹൈക്കമാൻഡാണ് ആലോചിക്കേണ്ടത് കേരളത്തിലെ കോൺഗ്രസ് നേതൃത്വമെടുക്കുന്ന നിലപാട് ശരിയാണോ, തെറ്റാണോ എന്ന്. ഞാൻ പറഞ്ഞത് കോൺഗ്രസ് വേണമെന്ന ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ്. ഇൻഡ്യൻ ഇടതുപക്ഷം ആലോചിച്ചത് അതാണ്. പക്ഷേ, നിങ്ങൾ ആ വഴിക്കല്ല ചിന്തിക്കേണ്ടത്. നിങ്ങൾ ഇപ്പോഴും ആലോചിക്കുന്നത് ആ ധാരണയിലാണ്. അവിടെയുള്ളത് ആർ.എസ്.എസ്. ആണെന്ന കാഴ്ചപ്പാട് നിങ്ങൾക്കില്ല. ഇൻഡ്യയെ തകർക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ അതിന്റെ കൂടെയാണ് നിൽക്കുന്നതെന്ന സമീപനമാണ് നിങ്ങൾ കേരളത്തിൽ എടുത്തത്. കോൺഗ്രസ്സിനെ നിങ്ങൾ ശക്തിപ്പെടുത്തുന്നില്ല. ഞങ്ങൾ സി.പി.ഐ(എം)-നെ തീർച്ചയായും ശക്തിപ്പെടുത്തും.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിക്കാൻ പോകുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, തീർച്ചയായും ശക്തിപ്പെടുത്തും. നിങ്ങൾ സിബലിന്റെ കൂടെയാണോ എന്നെനിക്കറിയില്ല. നേരത്തെ Provincial Armed Constabulary-യെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ പറഞ്ഞു, ഇവിടെ പോലിസ് വെരിഫിക്കേഷൻ നടത്തിയവരാണ് നിങ്ങൾ. കമ്മ്യൂണിസ്റ്റുകാരെ മുഴുവൻ സംസ്ഥാന സർവ്വീസിലേയ്ക്കും കേന്ദ്ര സർവ്വീസിലേയ്ക്കും റിക്രൂട്ട് ചെയ്യുമ്പോൾ, ഒറ്റുകൊടുത്തുകൊണ്ട്, പോലീസുകാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇവർ കമ്മ്യൂണിസ്റ്റുകാരാണെന്നുപറഞ്ഞ് ജോലി നഷ്ടപ്പെടുത്തിയവരല്ലേ നിങ്ങൾ? തൊഴിലില്ലാത്ത ചെറുപ്പക്കാരെക്കുറിച്ച് ഇപ്പോൾ വ്യാകുലപ്പെടുന്ന നിങ്ങൾക്കതിൽ ആശങ്കയുണ്ടാകും. കമ്മ്യൂണിസ്റ്റായതുകൊണ്ട് കേരളത്തിലെ എത്ര ചെറുപ്പക്കാരെയാണ് നിങ്ങളന്ന് വഴിയാധാരമാക്കിയത്; അതിന്റെ ഭാഗമായാണ് ഇന്ന് കേരളത്തിൽ 99 അംഗങ്ങളോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. ഇത് മുഖ്യശത്രുവാണെന്ന നിലയിലാണ് ചിന്തിക്കുന്നത്. ഞാൻ നേരത്തേ സൂചിപ്പിച്ച സാഹചര്യങ്ങൾ വച്ചുകൊണ്ട് കേരളത്തിനെതിരാണ് പ്രതിപക്ഷമെന്ന നിലയ്ക്കാണ് അവർ ചിന്തിച്ചത്. ആ സാഹചര്യത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കേണ്ടത് ഇനിയുമങ്ങോട്ട് പൂർവ്വാധികം ശക്തിയോടെ നമുക്ക് മുന്നോട്ടുപോകേണ്ടതിന്റെ അടിസ്ഥാനത്തിലാണ്.

ബഹുമാനപ്പെട്ട മന്ത്രിമാർ വകുപ്പുകളുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ചു. തൊഴിൽ മേഖലകളിലേയ്ക്ക് കടക്കേണ്ടതുണ്ട്. വിദ്യാഭ്യാസമേഖലകളേയും ശ്രദ്ധി ക്കേണ്ടതുണ്ട്. പ്രത്യേകിച്ച് കോവിഡിന്റെ കാലയളവിൽ ആരോഗ്യമേഖലയിൽ നാം നൽകിയതുപോലൊരു ശ്രദ്ധ ലോകത്താരുംതന്നെ ചെയ്തിട്ടില്ലല്ലോ. നിങ്ങൾ ക്യൂബയെക്കുറിച്ച് സൂചിപ്പിച്ചു. നിങ്ങൾക്കറിയാമോ AIPSO (All India Peace and Solidarity Organisation) എന്നൊരു സംഘടനയുണ്ട്. നിങ്ങളുടെ നേതാക്കളും അതിൽ അംഗങ്ങളാണ്. ക്യൂബയെ തകർക്കാൻ അമേരിക്ക വളഞ്ഞുകൊത്തുകയാണ്. ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം ജവഹർലാൽ നെഹ്റുവിന് ഏറ്റവും സഹായം നൽകിയത് ലോകത്തിലെ സോഷ്യലിസ്റ്റ് രാജ്യങ്ങളാണ്. അതിലൊന്നാണ് യു.എസ്.എസ്.ആർ. അന്ന് യു.എസ്.എസ്.ആർ. ഉണ്ടായിരുന്നു. ഇന്ന് അതില്ല. ആ യു.എസ്.എസ്.ആർ. ആണ് no loss no profit അടിസ്ഥാനത്തിൽ വലിയ തോതിൽ സാമ്പത്തിക സഹായം നൽകി രാജ്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ പരിശ്രമിച്ചത്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇന്ന് ക്യൂബയെ ഒറ്റപ്പെടുത്തുമ്പോൾ, സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് കോൺഗ്രസ് ചിന്തിക്കുന്നതെങ്കിൽ നിങ്ങൾ ക്യൂബയോടൊപ്പമാണ് നിൽക്കേണ്ടത്. അതിൽ സന്തോഷിച്ചുകൊണ്ട് ഈ

നിയമസഭയ്ക്കകത്ത് പ്രസംഗിക്കുന്ന രീതിയിലേയ്ക്ക് കോൺഗ്രസ് മാറാൻ പാടില്ല. അവരെ സഹായിക്കേണ്ടത് ലോകത്തിലെ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ ആളുകളുടെ മുഴുവൻ ബാദ്ധ്യതയാണ്. കാരണം, ആ പോരാട്ടം സാമ്രാജ്യത്വത്തിനെതിരെയാണ്. നിങ്ങൾ നരസിംഹ റാവുവിന്റെയും രാജീവ് ഗാന്ധിയുടെയും കാലയളവുമുതൽ സാമ്രാജ്യത്വ സാമ്പത്തികനയമാണിവിടെ നടപ്പിലാക്കിയത്. അതിനെതിരായ പോരാട്ടമാണിവിടെ നടക്കുന്നത്. അതാണ് ഡൽഹിയിൽ നടക്കുന്ന കർഷകരുടെ സമരം. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന് ഐതിഹാസിക മുഹൂർത്തം നൽകിയത് നിലം കൃഷിക്കാരുടെ സമരമാണ്. അതുപോലെ രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ തുടക്കമാണ് ഡൽഹിയിൽ നടക്കുന്ന കർഷക സമരം. തീർച്ചയായും അതിലേയ്ക്ക് ഇൻഡ്യയിലെ മുഴുവൻ കൃഷിക്കാരെയും എത്തിക്കാനുള്ള ശ്രമം അവർ നടത്തുന്നുണ്ട്. സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ഇന്നലെ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തപ്പോൾ അതിന്റെ തുടർച്ചയെന്ന നിലയിൽ മണ്ഡലങ്ങളിൽ പരിപാടികൾ നടത്തണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചു. അതുപോലെ കർഷകസമരം അവിടെ നടക്കുമ്പോൾ രാജ്യം 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിലേയ്ക്ക് കടന്നു വരുമ്പോൾ നമ്മുടെ രാജ്യത്തെ സംരക്ഷിക്കാൻ, നമ്മുടെ ഭരണഘടനയെ സംരക്ഷിക്കാൻ, നമ്മുടെ മതേതരത്വത്തെ സംരക്ഷിക്കുവാൻ, സ്വാതന്ത്ര്യ സമരത്തിൽ പോരാളികളായി വീരമൃത്യുവരിച്ച ഒട്ടേറെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ ആളുകളുടെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ടും ഈ ഉപധനാഭ്യർത്ഥന പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ തുടർച്ച എന്തുകൊണ്ടുണ്ടായി എന്ന ചോദ്യത്തിനുത്തരം, കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ എൽ.ഡി.എഫ്.-ന്റെ ഫൈനാൻസ് മാനേജ്മെന്റ് തന്നെയാണ്. തീർച്ചയായും ശ്രീ. കെ. എൻ. ബാലഗോപാൽ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ പിൻഗാമിയാണ്. അദ്ദേഹവും മികച്ച നിലയിൽ ഫൈനാൻസ് മാനേജ്മെന്റ് നടത്തി കേരളത്തിൽ ഇടതുപക്ഷത്തിന്റെ തുടർച്ചയായ ഭരണമുണ്ടാക്കാൻ പ്രവർത്തിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. നിരവധി വകസന പ്രവർത്തനങ്ങൾ ഇവിടെ നടപ്പിലാക്കപ്പെട്ടു. ആരോഗ്യമേഖല കോവിഡിന്റെ ഭീഷണിയിലാണ്. ആരോഗ്യമേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഈ സർക്കാർ മുന്നോട്ടുവന്നു. ഇവിടെ വിമർശന വിധേയമായ കിഫ്ബി, കിഫ്ബി പ്രവർത്തനങ്ങളുടെ വേഗത കൂട്ടാൻവേണ്ടിയാണ് 100 സർവ്വേയർമാരുടെ പുതിയ പോസ്റ്റ് ക്രിയേഷൻ സംസ്ഥാന സർക്കാർ നിർവ്വഹിച്ചിട്ടുള്ളത്. ഇങ്ങനെ നിരവധി

വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കപ്പെട്ടകാലം, അതായിരുന്ന പോയകാലം. ഞങ്ങളുടെ ലക്ഷ്യം തുടർഭരണമല്ല, തുടർച്ചയായ ഭരണമാണ്. ഇടതുപക്ഷത്തിന്റെ തുടർച്ചയായ ഭരണം കേരളത്തിലുണ്ടാകുമെന്ന ആത്മവിശ്വാസമാണ് ഞങ്ങൾക്കുള്ളത്. രാജ്യം അതിഗുരുതരമായ പ്രതിസന്ധിയിലാണ്. ജനാധിപത്യം അട്ടിമറിക്കപ്പെടുന്നു, ഭരണഘടനാ സ്ഥാപനം അട്ടിമറിക്കപ്പെടുന്നു. ആരാണിത് നടപ്പിലാക്കുന്നത്? ഞാൻ ഒരു കാര്യം അടിവരയിട്ടുപറയാം, ഇന്ദിരാഗാന്ധിയുടെ മിറർ ഇമേജാണ് ശ്രീ. നരേന്ദ്ര മോദി. ഞാൻ അത് റിപ്പീറ്റ് ചെയ്യുന്നു, ഇന്ദിരാഗാന്ധിയുടെ മിറർ ഇമേജാണ് നരേന്ദ്രമോദി അല്ലെങ്കിൽ താടിയില്ലാത്ത മോദിയാണ് ഇന്ദിരാഗാന്ധി. ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ നടപ്പിലാക്കി. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ, 1957-ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിടാൻ ഇന്ദിരാഗാന്ധി ജനാധിപത്യവിരുദ്ധ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തു. അതുതന്നെയല്ലേ മോദിയും ചെയ്യുന്നത്. ജനാധിപത്യ സ്ഥാപനങ്ങൾ അസ്ഥിര പ്പെടുത്താൻ ശ്രമിക്കുന്നു. ഭരണകൂടത്തിന്റെ ഭാഗമായി നിൽക്കുന്ന സകലതിനേയും അസ്ഥിരപ്പെടുത്തി മുന്നോട്ടുപോകുന്ന പ്രക്രിയയ്ക്ക് മോദി നേതൃത്വം കൊടുക്കുമ്പോൾ അതിനെതിരെ ഇൻഡ്യൻ രാഷ്ട്രീയത്തിൽ പ്രതിഷേധിക്കാൻ സാധിക്കുന്ന ഏക രാഷ്ട്രീയ പ്രസ്ഥാനം ഇടതുപക്ഷമാണ്. കോൺഗ്രസ് ചെയ്തുകൂട്ടിയ കാര്യങ്ങളിപ്പോൾ ബി.ജെ.പി. ചെയ്യുന്നുവെന്നുമാത്രം. ഇവിടെ ചോദ്യോത്തര വേളയിൽ കോൺഗ്രസിലെ ചില സാമാജികൻമാർ ഫെർട്ടിലൈസേഴ്സ് അതായത് വളത്തിന്റെ വിലക്കയറ്റത്തെ ക്കുറിച്ച് ചർച്ച ചെയ്തു. കോൺഗ്രസ് എപ്പോഴാണ് നവ ലിബറൽ നയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങിയത്? തൊണ്ണൂറുകളുടെ തുടക്കത്തിൽ നടപ്പിലാക്കിയ നവലിബറൽ നയങ്ങളല്ലേ രാജ്യത്തിന്റെ സമ്പദ് ഘടന തകർത്തത്, അതിന്റെ പ്രത്യാഘാതമല്ലേ കാർഷികമേഖല തകർന്നത്, അതിന്റെ പ്രത്യാഘാതമല്ലേ പി.എസ്.യു. തകർന്നത്, അതിന്റെ പ്രത്യാഘാതമല്ലേ പൊതുമേഖലയിൽനിന്നും സർക്കാർ പിൻമാറിയത്? 'slowdown the Government slimmerise the administration' ആരുടെ തിയറിയാണ്, ഇത് മൻമോഹൻ സിംഗിന്റെ തിയറിയാണ്. ഈ തിയറിയാണ് ഇപ്പോൾ നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിപ്പോൾ കാർഷികമേഖലയെക്കുറിച്ച് വിലപിക്കുമ്പോൾ, പി.എസ്.യു.-വിലെ നവലിബറൽ നയങ്ങളെക്കുറിച്ച് വിലപിക്കുമ്പോൾ ഇപ്പോഴെങ്കിലും കോൺഗ്രസ് തിരുത്താൻ തയ്യാറാവണം. ഞങ്ങൾ തൊണ്ണൂറുകളുടെ തുടക്കത്തിൽ നടപ്പിലാക്കിയ ന്യൂ ലിബറൽ പോളിസീസ്, അതിൽ ഞങ്ങൾക്ക് തെറ്റുപറ്റി, ഞങ്ങളുടെ അടിത്തറയിളക്കാൻ കാരണമായി, എന്ന് കോൺഗ്രസ് ഒരു ആത്മവിമർശനത്തിന് തയ്യാറുണ്ടോ; അവരിപ്പോഴും തയ്യാറല്ല. അവരിപ്പോഴും പറയുന്നത് പഴയ തഴമ്പിനെക്കുറിച്ചാണ്. എനിക്കുമുൻപ് സംസാരിച്ച ശ്രീ. ഇ. കെ. വിജയൻ G-23-യെക്കുറിച്ച് സൂചിപ്പിച്ചു.

G-7 രാഷ്ട്രങ്ങളെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. G-23 എന്ന് കേട്ടിട്ടുണ്ടോ. കോൺഗ്രസിനകത്തെ ഡിസെന്റേഴ്സാണ് ഗ്രൂപ്പ്-23. ആ ഡിസെന്റേഴ്സ് ഇപ്പോഴും അഭിപ്രായം പറയുന്നില്ലേ? കോൺഗ്രസിനകത്ത് ജനാധിപത്യമുണ്ടോ; കോൺഗ്രസിൽ എന്ത് ജനാധിപത്യം? ജനാധിപത്യം പൂർണ്ണമായും തകർന്നടിഞ്ഞ പാർട്ടിയായി കോൺഗ്രസ് മാറി. ഇവിടെ നിങ്ങൾ ആലോചിക്കണം. ശ്രീ. നീരജ് ചോപ്രയ്ക്ക് ജാവലിൻ ത്രോയിൽ ഗോൾഡ് മെഡൽ ലഭിച്ചു. യഥാർത്ഥത്തിൽ യു.പി.-യിലെ അമേഠിയിൽനിന്നും ശ്രീ. രാഹുൽ ഗാന്ധിയെ വയനാട്ടിലേയ്ക്കെറിഞ്ഞതിന് ശ്രീമതി സ്മൃതി ഇറാനിക്ക് അത്തരമൊരു ത്രോയിൽ പ്രൈസ് കിട്ടുമെങ്കിൽ ഡയമണ്ട് കിട്ടുമായിരുന്നു, യഥാർത്ഥത്തിൽ അതല്ലേ ജനാധിപത്യത്തെ തകർത്തത്, മതനിര പേക്ഷതയെ തകർത്തത്? മതനിരപേക്ഷതയെ തകർക്കുന്ന പ്രവർത്തനങ്ങൾക്ക് നിങ്ങൾ നേതൃത്വം കൊടുത്തു.

നിങ്ങളാലോചിക്കണം, സഹകരണപ്രസ്ഥാനം കേരളത്തിന്റെ നട്ടെല്ലാണ്. ആ സഹകരണപ്രസ്ഥാനം സംരക്ഷിക്കണപ്പെടണമെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും അഭിപ്രായവ്യത്യാസമില്ല. നമ്മൾ യോജിച്ച് നിൽക്കേണ്ട സമയമല്ലേ; യോജിച്ചു നിൽക്കേണ്ട ഘട്ടത്തിൽ, കരുവന്നൂർ കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ കറുത്തപാട് തന്നെയാണ്, ഒരു സംശയവുമില്ല, ഞങ്ങളാരും പിന്തുണയ്ക്കാൻ തയ്യാറല്ല. കരുവന്നൂരിൽ ജോസ് കുറ്റ്യാണിമാരുണ്ടായി. നിങ്ങൾക്ക് വിമർശിക്കാൻ അവകാശമുണ്ടോ; ആരാണ് ജോസ് കുറ്റ്യാണി. ഇടുക്കിയിലെ ഡി.സി.സി. പ്രസിഡന്റ്. ഇടുക്കി സഹകരണബാങ്കിന്റെ പ്രസിഡന്റ്. സഹകരണബാങ്കിലൂടെ തട്ടിപ്പ് നടത്താമെന്ന് കേരളീയ പൊതുസമൂഹത്തെ പഠിപ്പിച്ചവർ നിങ്ങളല്ലേ; എന്നിട്ട് കരുവന്നൂരിന്റെ പേരിൽ ചോദ്യങ്ങളും വിലാപങ്ങളും. ഒരു കാര്യത്തിൽ ഇനിയെങ്കിലും നിങ്ങൾ യോജിക്കണം. ഈ രാജ്യത്തെ സഹകരണപ്രസ്ഥാനത്തെ തകർക്കാൻ സംഘടിതമായ ശ്രമവുമായി ബി.ജെ.പി. കാത്തുനിൽക്കുന്നു. ഇവിടെ യോജിപ്പിന്റെ ശബ്ദമുണ്ടാകണം. ബഹുമാന്യനായ എന്റെ സുഹൃത്ത് സണ്ണി ജോസഫ് പ്രസംഗിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ആനപ്പന്തി ബാങ്ക്. അദ്ദേഹത്തിന്റെ നാട്ടിലാണ് നൊച്ചിയാട് ബാങ്ക്. സഹകരണമേഖലയ്ക്കകത്തെ തട്ടിപ്പുകൾക്ക് നേതൃത്വം കൊടുത്ത പ്രസ്ഥാനമാണ് കോൺഗ്രസ്സ്. ഇപ്പോൾ സമീപകാലത്തായി പള്ളിക്കുന്ന് ബാങ്കിലെ തട്ടിപ്പിന് ഒരു മുസ്ലിംലീഗ് പ്രവർത്തകനെ പത്ത് വർഷത്തേയ്ക്ക് ശിക്ഷിച്ചല്ലോ. ഞങ്ങൾ പറയുന്നു, ഇടതാവട്ടെ വലതാവട്ടെ തെറ്റ് ആര് ചെയ്താലും തെറ്റ് തെറ്റാണെന്നു പറയേണ്ട ധൈര്യമാണ് നമുക്കുണ്ടാകേണ്ടത്. അതിനുപകരം സഹകരണമേഖലയാകെ മോശമാണെന്ന രീതിയിലുള്ള ആക്ഷേപശരങ്ങൾ നാം ചൊരിയുമ്പോൾ, സഹകരണപ്രസ്ഥാനം കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് വഹിച്ച പങ്ക് ഇല്ലാതാക്കാൻ ആർ.എസ്.എസ്. പരിശ്രമിക്കുമ്പോൾ, അതിന് കുടപിടിക്കുന്ന സമീപനം നിർഭാഗ്യവശാൻ

കേരളത്തിൽ യു.ഡി.എഫ്. സ്വീകരിക്കുന്നുവെന്നുമാത്രമേ എനിക്കിപ്പോൾ സൂചിപ്പിക്കാനുള്ളൂ. എന്താ ഇപ്പോൾ യു.ഡി.എഫ്-ന്റെ സ്ഥിതി, യൂറോ കപ്പ് തോറ്റ ഫ്രാൻസിന്റെ അവസ്ഥയാണ്. യൂറോ കപ്പ് തോറ്റ ഫ്രാൻസ് എന്നുപറഞ്ഞാൽ 2018-ൽ ലോകകപ്പ് കിട്ടിയ ടീമാണ്. 2019-ൽ ഞങ്ങൾ തോറ്റു. അന്ന് ഈ സഭയിൽ ഞാൻ ഇരിപ്പുണ്ട്. എന്തായിരുന്നു പരിഹാസം, എന്തായിരുന്നു ആക്ഷേപങ്ങൾ, എന്തൊക്കെ പറഞ്ഞായിരുന്നു ഞങ്ങളെ കുത്തി നോവിച്ചത്? എന്നാൽ ഞങ്ങൾ അന്ന് പറഞ്ഞു, 2021-ൽ തുടർച്ചയുണ്ടാകും. ഞങ്ങളെ പരിഹസിച്ചു. ഏതാണ്ട് യു.ഡി.എഫ് ഇപ്പോൾ യൂറോകപ്പ് തോറ്റ ഫ്രാൻസിന്റെ അവസ്ഥയിൽ എത്തിയിരിക്കുന്നു. ഞങ്ങൾ 99, നിങ്ങൾ 41. ഇനിയും നിങ്ങൾ തകരും. ഇനി ലീഗിന്റെ സ്ഥിതിയെന്താണ്. ലീഗിനെപ്പറ്റി ഒരു കാര്യം പറയട്ടെ, ഒരു പുതിയ പരസ്യവാചകമാണ്. ലീഗിന് സ്വീകരിക്കാൻ പറ്റുമെങ്കിൽ സ്വീകരിക്കാം. 'ചന്ദ്രിക തേച്ചാൽ വെളുക്കും. ചന്ദ്രികയിലിട്ടാൽ വെളുപ്പിക്കും'. യഥാർത്ഥത്തിൽ നീരവ് മോദി ഇന്ത്യ വിട്ടുപോകേണ്ട കാര്യമുണ്ടോ? നീരവ് മോദിയും മെഹുൽ ചോക്സിയും വിജയ്മല്ല്യയും ഇന്ത്യ വിടേണ്ട കാര്യമുണ്ടായിരുന്നില്ല. അവർ മലപ്പുറത്തെ ലീഗ് നേതാക്കളുമായി ബന്ധം സ്ഥാപിച്ചാൽ മതിയായിരുന്നു. കള്ളപ്പണം വെളുപ്പിക്കാൻ പോയതിന്റെ പേരിലല്ലേ അവർ നാടുവിട്ടത്? യഥാർത്ഥത്തിൽ സ്വിസ് ബാങ്കിനുപകരം ഭാവിയിൽ പുതിയ തലമുറ പഠിക്കും ചന്ദ്രികയെന്ന്. അവിടെക്കൊണ്ട് നിക്ഷേപിച്ചാൽ മതി. ഇതല്ലേ അവസ്ഥ? ലീഗ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് പറയാം, എന്റെ ഓർമ്മയിൽ ലീഗിന്റെ നിയമസഭാ സാമാജികർ അഞ്ച് ആറ് ജില്ലകളിലുണ്ടായിരുന്നു. പതിനാലാമത് കേരള നിയമസഭയിൽ ലീഗിന് എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ നിയമസഭാ സാമാജികരുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവിടുത്തെ അക്കൗണ്ട് ക്ലോസ് ചെയ്തു. ഇപ്പോൾ ലീഗ് ഉള്ളത് മൂന്ന് ജില്ലകളിലാണ്. ഞങ്ങൾ ഒരു പാക്കേജ് പ്രഖ്യാപിക്കുന്നു, ഒരു സംശയവുംവേണ്ട, 2031-ഓടുകൂടി ലീഗിന്റെ അക്കൗണ്ട് സീറോ ബാലൻസാക്കി മാറ്റും. അടുത്ത ഘട്ടം, 2026-ൽ ഞങ്ങൾ കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിലെയും അക്കൗണ്ട് ക്ലോസ് ചെയ്യും. 2031-ഓടുകൂടി സീറോ ബാലൻസുള്ള രാഷ്ട്രീയ പ്രസ്ഥാനമായി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ കേരളത്തിൽ മാറ്റുമെന്ന കാര്യത്തിൽ ഒരു സംശയവുംവേണ്ട. ഇവിടെ ഞങ്ങൾക്കുനേരെ എന്തൊക്കെ ആക്ഷേപങ്ങളാണ് ഉന്നയിക്കുന്നതെന്ന് നിങ്ങളാലോചിക്കണം. പൊതുവെ മാന്യമായി സംസാരിക്കുന്ന വ്യക്തിയാണ് ശ്രീ. മഞ്ഞളാംകുഴി അലി. അദ്ദേഹം പറഞ്ഞു, ഭ്രാന്തി സ്ത്രീ ഗർഭം ധരിച്ചപോലെയെന്ന്. അത് ഞങ്ങളെ ഉദ്ദേശിച്ചായിരിക്കില്ല. മന്ത്രി സ്ഥാനം മോഹിച്ച്, മന്ത്രി സ്ഥാനം നഷ്ടപ്പെട്ട സഹസാമാജികന്മാരായിരിക്കും. അവർക്കായിരിക്കും ആ പദം ഭൂഷണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. അതുപോലെ സി.പി.ഐ.(എം) സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നുവെന്ന് അദ്ദേഹം ഞങ്ങളെ

പരിഹസിച്ചുകൊണ്ട് പറഞ്ഞു. ബഹളമുണ്ടാക്കേണ്ട, വളരെ അക്കാഡമിക്കായി ഞാൻ ഒരു കാര്യം പറയാം, 1921-ഗയ, 1922- അഹമ്മദാബാദ് എന്നീ രണ്ട് എ.ഐ.സി.സി. സമ്മേളനങ്ങളിൽ മൗലാന ഹസ്റത്ത് മൊഹാനിയെന്ന കമ്മ്യൂണിസ്റ്റുകാരനാണ് പൂർണ്ണ സ്വരാജ് എന്ന മുദ്രാവാക്യം ആദ്യം ഉയർത്തിയത്. ഞാൻ വളരെ അക്കാഡമിക്കാണ്, നിങ്ങൾക്ക് മറുപടി പറയാം. ഇന്ത്യയിൽ ആദ്യമായി ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു പൂർണ്ണ സ്വാതന്ത്ര്യം എന്ന മുദ്രാവാക്യം ഉയർത്തിയത്. 1929-ൽ മീററ്റ് ഗൂഢാലോചന കേസിൽ ബ്രിട്ടീഷ് സർക്കാരിനെ അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്ന ആരോപണത്തിൽ 31 കമ്മ്യൂണിസ്റ്റുകാരെ ജയിലിലടച്ചു. അവരെ മോചിപ്പിക്കാൻ ലീഗൽ കമ്മിറ്റിയുണ്ടാക്കിയപ്പോൾ അതിൽ മോത്തിലാൽ നെഹ്റുവും മുഹമ്മദലി ജിന്നയും ഉണ്ടായിരുന്നു. ശ്രീ. മഞ്ഞളാംകുഴി അലി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരാമർശിച്ചത്, 'സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞത് ലീഗ് ഉറങ്ങിക്കിടക്കുന്ന സിംഹമാണെന്നാണ് ', അത് ശരിയാണ്. എന്നാൽ നെഹ്റു പറഞ്ഞത് 'ലീഗ് ചത്ത കുതിരയാണെന്നാണ് '. ആദ്യം നിങ്ങൾ തമ്മിൽ ഒരു ഐക്യമുണ്ടാക്കു, എന്നിട്ട് ഞങ്ങൾ ഏത് സ്വീകരിക്കണമെന്ന് നിങ്ങൾ പറയൂ. സ്വാതന്ത്ര്യസമരത്തിൽ എന്ത് സംഭാവനയാണ് ഞങ്ങൾ ചെയ്തതെന്ന് നിങ്ങൾ ചോദിച്ചു. ഞാൻ അക്കാഡമിക് ആണ്, ആരെയും കുറ്റപ്പെടുത്തി സംസാരിക്കുന്നില്ല, ചരിത്രത്തിന്റെ പാഠപുസ്തകങ്ങൾ ഒന്നു പഠിച്ചുനോക്കണം, അതിൽ രക്ത സാക്ഷിത്വം വരിച്ചവരാരാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ കോൺഗ്രസ് പങ്ക് വഹിച്ചില്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷെ കമ്മ്യൂണിസ്റ്റുകാരും പങ്ക് വഹിച്ചിട്ടുണ്ട്. 1946-ലെ ആർ.ഐ.എൻ. (റോയൽ ഇന്ത്യൻ നേവി) കലാപത്തെക്കുറിച്ച് അറിയാമോ? അതൊന്നും പുതിയ കോൺഗ്രസുകാർക്ക് അറിയാൻ സാധ്യതയില്ല. അവരെല്ലാം രാഹുൽ ഗാന്ധി ബ്രിഗേഡല്ലേ? അവർക്ക് കുറച്ച് വായന കുറയും. റോയൽ ഇന്ത്യൻ നേവി കലാപത്തിന്റെ യുദ്ധക്കപ്പലിൽ ഉയർത്തിയ പതാക ത്രിവർണ്ണ പതാകയും ജിന്നയുടെ മുസ്ലീം ലീഗിന്റെ പതാകയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെങ്കൊടിയുമായിരുന്നു എന്ന യാഥാർത്ഥ്യം നിങ്ങൾ മറന്നുപോകരുത്. നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ചർച്ചചെയ്യാം. ഞങ്ങൾ ഏത് ചർച്ചയ്ക്കും തയ്യാറാണ്. പക്ഷെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ കമ്മ്യൂണിസ്റ്റുകാർ ഒരു പങ്കും വഹിച്ചില്ലെന്ന രീതിയിൽ സംസാരിക്കരുത്. ഞങ്ങൾ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു, ഞങ്ങൾക്ക് ആഘോഷിച്ചുകൂടേ? ഞാൻ ഡി.വൈ.എഫ്.ഐ.-യുടെ ഭാഗമായി സഭയിൽ എത്തിയ ആളാണ്. ആഗസ്റ്റ് 15-ന് ലക്ഷക്കണക്കിന് യൗവ്വനങ്ങൾ എത്തി സ്വാതന്ത്ര്യദിനം ആഘോഷിച്ച പ്രസ്ഥാനമാണ് ഡി.വൈ.എഫ്.ഐ., അത് മറന്നുപോകരുത്. സ്വാതന്ത്ര്യദിനം നിങ്ങൾക്ക് പാട്ടം തന്നതാണോ? സി.പി.ഐ.(എം) അക്കാര്യം

തീരുമാനിക്കുന്നു, അതിലൊരു സംശയവും വേണ്ട അതോടൊപ്പം നിങ്ങളിവിടെ പരിഹസിച്ചുകൊണ്ട് ഖിയാമത്ത് നാളിന്റെ സൂചനയാണെന്ന് പറഞ്ഞു. ഒരുകാലത്തും ഒന്നും നടക്കാത്ത പല കേന്ദ്രങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന പിറുപിറുക്കലും കുഴപ്പങ്ങളും കാണുമ്പോൾ ഖിയാമത്ത് നാളിന്റെ സൂചനയാണെന്ന സംശയമുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ 'I passed away' എന്നുപറഞ്ഞുകൊണ്ട് എസ്.എസ്.എൽ.സി. പാസായ കുട്ടികളെ പരിഹസിക്കുകയാണ്. ശരിയാണ്, അതിനെക്കുറിച്ച് അന്വേഷിച്ചു, നാലകത്ത്സൂപ്പിയുടെ കാലത്ത് സ്കൂളിൽ അദ്ധ്യാപകനായി ചേരാത്ത അദ്ധ്യാപകൻ പഠിപ്പിച്ച കുട്ടിയാണ്. അതുകൊണ്ടാണ് ഇങ്ങനെ എഴുതിയത്. പാസായ കുട്ടികളെ സോഷ്യൽ മീഡിയയിൽ ട്രോളുവച്ച് ആക്ഷേപിക്കുന്നത് അങ്ങയെപ്പോലുള്ള മുതിർന്ന നിയമസഭാ സാമാജികന് ചേർന്നതല്ല. പിശകുണ്ടെങ്കിൽ പരിശോധിക്കാം, തിരുത്താം. അതിന് ഒരുമടിയും ഒരുകാലത്തും കാണിച്ചവരല്ല ഞങ്ങൾ. ഞങ്ങൾക്ക് പോരായ്മയുണ്ടെങ്കിൽ അത് തിരുത്തും.

പിന്നെ പോലീസിനെക്കുറിച്ച്, ഞങ്ങളെയൊക്കെ എത്ര തല്ലിയിട്ടുണ്ട്, ഏതെല്ലാം കേസുകളിൽ നിങ്ങൾ ഞങ്ങളെ പെടുത്തിയിട്ടുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ രണ്ടാം സമ്മേളനത്തിൽ നിങ്ങൾക്ക് വിഷയമുണ്ടോ? പണ്ട് ചീട്ടുകളിക്കുമ്പോൾ പോലീസ് പിടിക്കും, പിന്നെ വിടും, കുറച്ചുകഴിയുമ്പോൾ വീണ്ടും അറസ്റ്റുചെയ്യും. പല അടിയന്തരപ്രമേയങ്ങളിലും നിങ്ങൾ കൊണ്ടുവരുന്ന വിഷയങ്ങൾ നിങ്ങൾതന്നെ പറഞ്ഞുമടുത്ത വിഷയങ്ങളല്ലേ? യു.ഡി.എഫ്. എന്നുപറയുന്ന സംവിധാനം ദുർബ്ബലപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങളുടെ മുൻ നിയമസഭാ സാമാജികർക്ക് എന്തേ ഗ്യാലറിയിൽ ഇരിക്കേണ്ടിവന്നത്. ഞങ്ങളുടെ നീരജ് ചോപ്രയാണ് സഖാവ് കെ. വി. സുമേഷ്. എന്തായിരുന്നു പതിനാലാം കേരള നിയമസഭയിൽ; എന്തൊക്കെയായിരുന്നു ബഹളം? ഇവിടെ ബഹളം വച്ചവരെയൊക്കെ ജനങ്ങൾ മൂലയ്ക്കിരുത്തി. ഞങ്ങൾ എല്ലാക്കാലത്തും ജനങ്ങളുടെ പക്ഷത്താണ്. ജനങ്ങളുടെ പക്ഷത്തുനിന്ന് പൊരുതിയ പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനം. ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് ഇനിയും ഇടതുപക്ഷം പ്രവർത്തിക്കുമെന്ന് ഞങ്ങൾ ഉറപ്പിച്ചുപറയുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാരിന് അഞ്ചുവർഷം ജനം വീണ്ടും മാൻഡേറ്റ് നൽകിയിരിക്കുന്നു. നിങ്ങൾ പറയുന്ന, പ്രതിപക്ഷനേതാവും ആവർത്തിച്ചു പറയുന്ന കാര്യമാണ് കൺസ്ട്രക്റ്റീവ് ഒപ്പോസിഷൻ എന്ന്. എന്താണ് കൺസ്ട്രക്റ്റീവ് ഒപ്പോസിഷൻ; നിങ്ങൾ കൺസ്ട്രക്റ്റീവ് ആണോ? നിങ്ങൾ കൺസ്ട്രക്റ്റീവ് അല്ല, ഡിസ്ട്രക്റ്റീവ് ആണ്. ഒരു ഹണിമൂൺ പീരിഡ് അല്ലേയിത്? ആ പീരിഡിലെങ്കിലും നിങ്ങൾ പ്രശ്നമുണ്ടാക്കരുത്. ഇവിടെ യു.ഡി.എഫ്. എന്ന സംവിധാനം ദുർബ്ബലപ്പെടുന്നു. യു.ഡി.എഫ്. എന്ന സംവിധാനത്തിന് നേതൃത്വമുണ്ടോ? നേതൃത്വമില്ലാത്ത

രീതിയിൽ, വിഷയ ദാരിദ്ര്യം നേരിടുന്ന മുന്നണിയായി യു.ഡി.എഫ്. എന്ന രാഷ്ട്രീയ സംവിധാനം മാറുന്നു. യു.ഡി.എഫ്. കേരളത്തിനകത്ത് അസ്ഥിരപ്പെടും. യു.ഡി.എഫ്.-നകത്തെ കോൺഗ്രസുകാരോട് ഒരുകാര്യം മാത്രമേ പറയാനുള്ളൂ, അണികളെ കയ്യിലാക്കിക്കോ, മറ്റവർ ചാക്കുമെടുത്ത് ഇറങ്ങിയിട്ടുണ്ട്. എത്ര നേതാക്കന്മാർ എത്രകാലം കോൺഗ്രസിനകത്ത് ഉണ്ടാകുമെന്ന ശങ്ക എനിക്കുണ്ട്. പത്ത് വർഷം തുടർച്ചയായി കേരളത്തിൽ പ്രതിപക്ഷത്ത്, ഇത് ആദ്യത്തെ എക്സ്പീരിയൻസ് അല്ലേ? പിന്നെ കേന്ദ്രത്തിലെ ഭരണം. കോൺഗ്രസിനെക്കുറിച്ച് ആശങ്കയുണ്ട്. എന്താകും ഇവിടെയിരിക്കുന്ന പലരുടെയും ഭാവിയെന്ന് ആശങ്കയുണ്ട്. ഒരു കാര്യം പറയാം ഞങ്ങളുടെ പേരിന്റെ കൂടെ മൂന്ന് അക്ഷരമോ രണ്ട് അക്ഷരമോ ഇല്ലെങ്കിലും ഞങ്ങൾ ഇങ്ങനെതന്നെയുണ്ടാകും. അധികാരം ഇല്ലെങ്കിലും ഇടതുപക്ഷം ഇടതുപക്ഷമായിത്തന്നെയുണ്ടാകും. അധികാരമില്ലാത്ത യു.ഡി.എഫ്.-ന് ഇങ്ങനെ നിലനിൽക്കാൻ സാധിക്കുമോ എന്ന ചോദ്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞാൻ വളരെ വിനയത്തോടെ ഈ ഉപധനാഭ്യർത്ഥനകളെ ഏകകണ്ഠമായി അംഗീകരിക്കാൻ പ്രതിപക്ഷംകൂടി തയ്യാറാകണമെന്നുമാത്രം പറഞ്ഞ് ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ ഞാൻ പഴവങ്ങാടി മൈതാനത്ത് നിൽക്കുകയാണോ എന്നൊരു തോന്നലാണ് ശ്രീ. എ. എൻ. ഷംസീർ സംസാരിച്ച് കഴിഞ്ഞപ്പോഴുണ്ടായത്. അങ്ങ് ഈ റോക്കോർഡ് കാത്തുസൂക്ഷിക്കണം. കാരണം കോവിഡ് കാലത്ത് അഞ്ചിൽ കൂടുതൽ ആളുകളെ സദസ്യരായികിട്ടാൻ പാടാണ്. അപ്പോൾ ഈ 140 ആളുകളുടെ മുമ്പിൽ പഴവങ്ങാടി രൂപത്തിൽ പ്രസംഗിക്കുകയാണ്. ഇത് അങ്ങ് മാത്രമല്ല, പിണറായി സ്കൂളിൽ പഠിച്ചിറങ്ങിയ എല്ലാവരും ഇതേ നടപടിതന്നെയാണ് നടത്തുന്നത്. അങ്ങയോടുള്ള സ്നേഹം കൊണ്ട് ഞാൻ മറ്റൊന്നും പറയുന്നില്ല. നമ്മുടെ ചർച്ച ഉപധനാഭ്യർത്ഥനയെക്കുറിച്ചല്ലേ? അങ്ങയുടെ പ്രസംഗത്തിൽ പരാമർശിക്കാത്ത ഏക കാര്യം ഉപധനാഭ്യർത്ഥനയെക്കുറിച്ചാണ്. ഒരു വാക്കെങ്കിലും എം.എൽ.എ. ഹോസ്റ്റലിൽ ചെന്നിട്ടാണെങ്കിലും അതിനെക്കുറിച്ച് ആലോചിക്കുന്നത് നല്ലതാണ്. നമ്മുടെ നാട് കടംകൊണ്ട് തകർന്നു. എവിടെയെത്തിയെന്ന് ഞാൻ പറയേണ്ട കാര്യമില്ല. പക്ഷെ ഇന്നത്തെ അവസ്ഥയിൽ ഒരു വ്യക്തിക്ക് ഒരു ലക്ഷം രൂപ കടമാണ്. ഈ സംസ്ഥാനത്തിന്റെ കടം 3,27,655 കോടി രൂപയാണ്. ശ്രീ. കെ. എൻ. ബാലഗോപാൽ എനിക്ക് വലിയ ഇഷ്ടമുള്ള ആളാണ്. പക്ഷേ അദ്ദേഹത്തിന് ഈ കല്ലും മുള്ളും ചുമക്കേണ്ടിവരുന്നല്ലോ? ചെയ്യാത്ത പാപത്തിന് ഉത്തരം പറയേണ്ടിവരുന്ന ഗതികേടിൽ അദ്ദേഹം നിൽക്കുന്നുവെന്നുള്ള സത്യം മറയ്ക്കുകയേവേണ്ട. ഇവിടെ

എങ്ങനെയാ ഈ രൂപത്തിൽ വന്നത്? എന്റെ കയ്യിൽ ഒരു രേഖയുണ്ട്. നികുതി വകുപ്പും Dorcas Market Makers എന്ന സ്ഥാപനവും തമ്മിൽ ഹൈക്കോടതിയിൽ കേസ് നടന്നു. അതിൽ Dorcas Market Makers-ന് അനുകൂലമായ ഒരു വിധിയുണ്ടായി. അതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കേണ്ടതാണ്. ഇതിലേയ്ക്ക് 29-7-2017, 15-9-2017, 10-10-2017 എന്നീ തീയതികളിൽ ബന്ധപ്പെട്ട സ്പെഷ്യൽ പ്രോസിക്യൂട്ടർക്ക് എ.ജി. നിർദ്ദേശവും കൊടുത്തു. ടാക്സ് കമ്മീഷണറേറ്റും അപ്പീൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്ത് കൊടുത്തിട്ടുണ്ട്. അപ്പീൽ നൽകാൻ 890 ദിവസത്തെ കാലതാമസം വന്നതുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി അപ്പീൽ ഫയലിൽ സ്വീകരിച്ചില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി അത് നിരാകരിച്ചു. ആ നിരാകരണത്തിന്റെ ഫലമെന്താ? 22,43,55,938 രൂപ നമ്മുടെ ഖജനാവിന് നഷ്ടമുണ്ടായി. അപ്പീൽ ബോധപൂർവ്വം 890 ദിവസം താമസിപ്പിച്ചതുകൊണ്ടാണ് നഷ്ടം സംഭവിച്ചത്. ഞങ്ങളിതൊന്നും കണ്ടില്ല, കേട്ടില്ല, ഞങ്ങൾക്ക് അതുമായൊന്നും ബന്ധമില്ല എന്ന് നിങ്ങൾക്ക് വേണമെങ്കിൽ പറയാം. എന്റെ കൈവശം നിങ്ങൾ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ച ഒരു രേഖയുണ്ട്. സത്യം പറഞ്ഞാൽ, ആ നിയമന രേഖയിലുൾപ്പെട്ടിട്ടുള്ള വക്കീലിനുകൂടി നിങ്ങൾ പ്രൊമോഷൻ നൽകിയിരിക്കുകയാണ്. ഈ സംസ്ഥാനത്തിന് ഇത്രയും നഷ്ടമുണ്ടാക്കി 23 കോടിരൂപ വെള്ളം കൂടാതെ മുക്കിയ ഒരു വക്കീലിനെതന്നെ ഒമ്പതാം നമ്പരായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി ടാക്സസ് വകുപ്പിൽത്തന്നെ നിയമിച്ചുവെന്നുള്ളതാണ് ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും വിചിത്രമായ കാര്യം. എങ്ങനെ ഈ സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിൽ എത്താതിരിക്കും? അതാണ് ഞാൻ പറഞ്ഞത്, ശ്രീ. കെ. എൻ. ബാലഗോപാൽ നനയാതെ ഈറനുടുക്കുകയാണ്. അദ്ദേഹം ഇതൊക്കെ അനുഭവിക്കേണ്ടിവരികയാണ്. എനിക്ക് അതിൽ സഹതാപമുണ്ട്. പക്ഷെ ഇതാണ് ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്.

ജി.എസ്.ടി. വരുമാനത്തെ സ്വാധീനിക്കുന്ന കുറേ ഘടകങ്ങളുണ്ട്. ആ ഘടകങ്ങളെ നേരിടുന്നതിനുവേണ്ടി ഒരു നടപടിയും ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്ത് ചെയ്തില്ലായെന്നുള്ളതാണ് സത്യം. ജി.എസ്.ടി. നികുതി വെട്ടിപ്പ് വ്യാപകമല്ലേ; സർക്കാർ കണ്ണടച്ച് നിൽക്കുകയല്ലേ; ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി ഇപ്പോൾ വൻതോതിൽ ബിൽ ഇല്ലാതെ സാധനങ്ങൾ കടന്നുവന്നില്ലേ; ജി.എസ്.ടി. സ്ലാബ് പലതായപ്പോൾ നികുതി വെട്ടിപ്പുകാർക്ക് ചാകരയായി മാറിയില്ലേ? ഇന്ത്യയിൽ ഏറ്റവും കൂടുതൽ റിട്ടേൺ ഓഫ് ഡിഫാൾട്ടേഴ്സുള്ളത് കേരള സംസ്ഥാനത്താണെന്നുള്ളത് ഈ ചർച്ച ചെയ്യുന്ന നിമിഷത്തിലെങ്കിലും അങ്ങ് ഓർക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. ഇപ്പോൾ സാമ്പത്തികമായി നിലനിൽക്കുന്നത്

ജി.എസ്.ടി.-യുടെ കോമ്പൻസേഷൻകൊണ്ടാണ്. നികുതി പിരിവ് കുറഞ്ഞാൽ ജി.എസ്.ടി.-ക്ക് 15 ശതമാനം കോമ്പൻസേഷൻ കിട്ടും. 2017-18-ൽ 2102 കോടിരൂപ, 2018-19-ൽ 2554 കോടിരൂപ എന്ന നിലയിൽ കോമ്പൻസേഷൻ കൈപ്പറ്റിയാണ് നമ്മൾ ഇപ്പോൾ നിൽക്കുന്നത്. സത്യം പറഞ്ഞാൽ ജി.എസ്.ടി. സൗജന്യത്തിന്റെ പുറത്താണ് ഈ കേരളത്തിന്റെ ഖജനാവ് നിൽക്കുന്നതെന്നുള്ള സത്യം അങ്ങ് മറക്കരുത്. 2022 ജൂൺ 30-ഓടുകൂടി ഈ കോമ്പൻസേഷനും തീരാൻ പോകുകയാണ്. ഇതും തകിടം മറിയാൻ പോകുകയാണ്. ഈ കോമ്പൻസേഷനും അവസാനിക്കും. നമ്മൾ ഇപ്പോൾ മഹത്തരമായി പറയുന്ന നമ്മുടെ സംസ്ഥാനത്തെ ഈ രീതിയിലേയ്ക്ക് കൊണ്ടുപോകാമോ? കൃത്യസമയത്ത് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചുകളുടെ ഏകോപനവും മറ്റ് ഡിപ്പാർട്ടു മെന്റുകളിലെ ഡാറ്റാ വിശകലനവും നടത്തുന്നതിൽ നമ്മൾ വളരെ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നുള്ള യാഥാർത്ഥ്യം അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ജി.എസ്.ടി. നിലവിൽവന്ന് നാലുവർഷം കഴിഞ്ഞിട്ടും പഴയ വിൽപ്പന നികുതി വകുപ്പിനെ പുനഃക്രമീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അങ്ങ് ഇനിയെങ്കിലും അതിനെ ക്കുറിച്ച് ആലോചിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാന നഷ്ടം ഞെട്ടിക്കുന്നതല്ലേ? വാറ്റ് നികുതി ചുമത്തിയിരുന്നപ്പോൾ ശരാശരി 1.25 ശതമാനം കോമ്പൗണ്ടിംഗിൽ നമുക്ക് കിട്ടിയിരുന്നത് പ്രതിവർഷം 700 കോടിരൂപ. ജി.എസ്.ടി. വന്നതിനുശേഷം മൂന്ന് ശതമാനമായി നമ്മൾ അത് കൂട്ടി. പക്ഷെ നമ്മുടെ നികുതി വരുമാനം മൊത്തത്തിൽ 200 കോടിരൂപയായി ചുരുങ്ങി. 500 കോടിരൂപ ആവിയായിപ്പോയി. ഈ രൂപത്തിൽ നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികസ്ഥിതി തകിടം മറിയുകയല്ലേ? 2016-ൽ ഒരു ഗ്രാം സ്വർണ്ണത്തിന് 2650 രൂപയായിരുന്നപ്പോൾ നികുതി വരുമാനം 700 കോടിരൂപ. ഇന്ന് ഗ്രാമിന് 4400 രൂപയുള്ളപ്പോൾ നമുക്ക് കിട്ടുന്നത് കേവലം 200 കോടിരൂപ. ഈ മേഖലയിൽ നിന്നുള്ള നികുതിച്ചോർച്ച അവിടെയാണ് ആയങ്കിയുടെയും റമീസിന്റെയും സ്വർണ്ണക്കള്ളക്കടത്തുകാരുടെയുമെല്ലാം പങ്ക്. ഇതെല്ലാംകൂടെ കൂടി, അവർ ഒത്തുകളിച്ചതോടുകൂടി, കേരളത്തെ സാമ്പത്തികമായി ഞെക്കിഞെരുക്കി ഒരു മൂലയിലെത്തിച്ചുവെന്നുള്ള സത്യം നമുക്ക് മറക്കാൻ കഴിയുമോ? 1996-2001 ഇടതുപക്ഷ സർക്കാരിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ കാലത്തെ കെടുകാര്യസ്ഥതയേക്കാൾ ബീഭത്സമായ സാമ്പത്തിക അന്തരീക്ഷമാണ് ഈ സംസ്ഥാനം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വാർഷിക നികുതി വരുമാനത്തിന്റെ 79.68 ശതമാനവും നികുതി വകുപ്പിൽ നിന്നുള്ള വരുമാനമാണ്. അത് യഥാക്രമം 40.63 ശതമാനം ജി.എസ്.ടി. വരവും 39.5 ശതമാനം ജി.എസ്.ടി. ഇതര പെട്രോൾ, മദ്യം എന്നിവയിൽ നിന്നുള്ള വരുമാനവുമാണ്.

അതാണ് നമ്മുടെ മൊത്തം വരുമാനം. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനം കുത്തനെ ഇടിഞ്ഞു. പ്രഖ്യാപിത വളർച്ചാ നിരക്കായ 30 ശതമാനം നികുതി പിരിവ് വർദ്ധനവിൽനിന്ന് 10 ശതമാനമായി നമ്മൾ താഴേയ്ക്കു പോയി. എന്നാൽ, ഇതിന്റെ യഥാർത്ഥ കാരണം നമ്മൾ പഠിക്കാൻ ശ്രമിച്ചില്ല. നികുതി ചോർച്ച തടയുന്നതിനുള്ള ഒരു നടപടിയുമെടുത്തില്ല. പൊതുകടം 3,27,000 കോടിരൂപയായി വർദ്ധിക്കുകയാണ് ചെയ്തത്. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 18.35 ശതമാനം വിവിധ വായ്പകൾക്ക് നമ്മൾ അടയ്ക്കേണ്ടിവരുന്ന തുകയാണ്. അതിൽ കിഫ്ബിയും വരും. അതും വരാൻ പോകുകയാണ്.

<u>മി. ചെയർമാൻ:</u> അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിയാറായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമല്ലേ? മൊത്തത്തിൽ വരുമാനത്തിന്റെ 48.46 ശതമാനം ശമ്പളത്തിനും പെൻഷനും വേണ്ടി നീക്കിവയ്ക്കുകയാണ്. മൊത്തം വരുമാനത്തിന്റെ 66.81 ശതമാനം കമ്മിറ്റഡ് ലയബിലിറ്റിയായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ബാക്കിവരുന്ന 33.19 ശതമാനത്തിൽനിന്നുവേണം ക്ഷേമ പ്രവർത്തനങ്ങൾ, നിത്യനിദാന ചെലവുകൾ, വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കൊക്കെ പണം കണ്ടെത്തേണ്ടത്. എന്നിട്ടും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞില്ല. പ്രതീക്ഷിത വരുമാനം പിരിച്ചെടുക്കാതെയും കൊച്ചി മെട്രോ മോഡലിൽ നമുക്ക് ചുരുങ്ങിയ പലിശയ്ക്ക് കടം ലഭിക്കാനുള്ള സാധ്യത ഉപയോഗിക്കാതെയും 9.72 ശതമാനം പലിശയ്ക്ക് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽനിന്ന് പണം കടമെടുത്ത് ഈ സംസ്ഥാനത്തിന്റെ ഖജനാവിനെ തകർത്തുകളഞ്ഞയാളാണ് നമ്മുടെ മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എന്നുപറയുന്നതിൽ എനിക്ക് ദു:ഖമുണ്ട്. ഇതൊരു പ്രസംഗംകൊണ്ട് അവസാനിപ്പിക്കാനുള്ളതല്ല. ഈ സഭ അധികാരമുള്ള സഭയാണ്. ഈ സഭയിൽ ചില കമ്മിറ്റികളുണ്ട്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി. ഈ സംസ്ഥാനത്തെ കടക്കെണിയിൽ മുക്കി, ഈ സംസ്ഥാനത്തിന് തലപൊക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയ ഉത്തരവാദികളെ മുഴുവൻ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി വിളിച്ചുവരുത്തി വിസ്തരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ സംസ്ഥാനത്തെ നിങ്ങൾ തകർത്തില്ലേ? അതിനുത്തരവാദികളെ നമുക്ക് കണ്ടെത്തണ്ടേ? ആർക്കും വിഴുങ്ങാൻ കഴിയാത്ത നാല് പദപ്രയോഗങ്ങൾ നടത്തി ഈ നിയമസഭയിൽ ഇംപ്രഷൻ ഉണ്ടാക്കിയതു കൊണ്ട് ഈ നാട്ടിലെ പട്ടിണിപ്പാവങ്ങളുടെ പ്രശ്നങ്ങൾ അവസാനിക്കില്ല. അതുകൊണ്ട് ഈ തെറ്റായ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത ഉത്തരവാദികളായ ആളുകൾ - ഞാൻ പേര് പറയുന്നില്ല, ഡോ. ടി. എം. തോമസ് ഐസക് മുതൽ താഴോട്ടുണ്ട്, ഉദ്യോഗസ്ഥരുണ്ട്, അഡ്വൈസ് ചെയ്തവരുണ്ട്, ഈ നാടിനെ കുട്ടിച്ചോറാക്കിയവരുണ്ട്, പട്ടിണിപ്പാവങ്ങളുടെ പിച്ചക്കാശുപോലും പലിശയാക്കി കൊടുക്കേണ്ട സാഹചര്യ

ത്തിലെത്തിച്ച ആളുകളുണ്ട്. ഈ ഫിനാൻഷ്യൽ ക്രൈം നടത്തിയിട്ടുള്ള ആളുകളെ നിയമസഭയുടെ കമ്മിറ്റിയിൽ വിളിച്ച്, വിസ്തരിച്ച് അവരെ കുറ്റക്കാരാണെങ്കിൽ ശിക്ഷിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണം എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്നിവിടെ അവതരിപ്പിച്ച 420.77 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. നിയമസഭയിലെ നടപടിക്രമങ്ങളുടെ ഭാഗമായി പ്രതിപക്ഷം അന്ധമായി ഇതിനെ എതിർക്കുന്നുവെന്ന് പറയുന്നത് ചടങ്ങുപോലെയായി മാറുന്നുവെന്നാണ് ചർച്ച കേൾക്കുമ്പോൾ മനസ്സിലാകുന്നത്. നടപടിക്രമത്തിന്റെ ഭാഗമായി അവർ എതിർക്കുന്നെങ്കിലും ഇത്തരമൊരു സാഹചര്യത്തിൽ ഏറ്റവും അടിയന്തരമായി പാസ്സാക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് അവർ ഉള്ളുകൊണ്ട് അംഗീകരിക്കുന്നുണ്ടെന്ന് നമുക്കെല്ലാമറിയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രതിപക്ഷം എതിർക്കുന്നത് ചടങ്ങല്ല. എനിക്ക് അനുവദിച്ച 8 മിനിട്ടിനുള്ളിൽ പറയാവുന്ന കണക്കുകളാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രതിപക്ഷം എതിർക്കുന്നതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അങ്ങ് പറഞ്ഞ കണക്കുകളിലേയ്ക്ക് ഞാൻ വരാം. 420.77 കോടി രൂപയിൽ 226 കോടി രൂപ സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച റോഡുകളുടേതാണ്. 77.42 കോടി രൂപ കോവിഡ് ബ്രിഗേഡ് പാക്കേജുമായി ബന്ധപ്പെട്ട NHM ജീവനക്കാർക്ക് ഇൻസെന്റീവ് റിസ്ക് അലവൻസ് കൊടുത്തതാണ്. 17.73 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കോമ്പൻസേഷനാണ്. രാമനാട്ടുകരയിലെ വ്യവസായ പാർക്കിനുവേണ്ടിയും പുഴയ്ക്കൽ വ്യവസായ പാർക്കിന് സ്ഥലം ഏറ്റെടുത്തതിനുള്ള കോമ്പൻസേഷനുവേണ്ടിയുമാണ് 75.05 കോടി രൂപ. കെ.എം.എം.എൽ. ആയിരം പേർക്ക് ഓക്സിജൻ ബെഡ് കൊടുക്കുന്ന വളരെ മാതൃകാപരമായ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. അതിനുള്ള ഓക്സിജൻ പ്ലാന്റിനുവേണ്ടിയാണ് 4.38 കോടി രൂപ കൊടുത്തത്. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഷെയർ സർക്കാർ ഷെയറാക്കി മാറ്റുന്നതിന് 14.21 കോടി രൂപ. ഇതിവിടെ ചർച്ചയിൽ ഉന്നയിച്ച കാര്യമാണ്.

കോവിഡ് പ്രതിസന്ധി കാരണം ശമ്പളം കൊടുക്കാൻപോലും നിവൃത്തിയില്ലാതായ സർക്കാർ നിയന്ത്രണത്തിലുള്ളതും സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളെ സഹായിക്കാൻ ലോൺ കൊടുക്കുന്നതിനുവേണ്ടി പ്രത്യേക ബഡ്ജറ്റ് ശീർഷകം New service procedure വഴി ആരംഭിക്കുന്നു.

ഇന്നലെവരെ 23 കോടി രൂപ കൊടുത്തു. ഒട്ടും പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥാപനങ്ങൾക്ക് ബാക്കി തുക കൊടുക്കേണ്ടിവരും. അതും ഈ ബഡ്ജറ്റിന്റെ ഹെഡ്ഡിലുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾക്കും ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഫൈനലൈസ് ചെയ്തതിനുശേഷം പുതുതായി വരുന്ന ചെലവുകൾക്കുംവേണ്ടിയാണ് ന്യൂ സർവ്വീസ് പ്രൊസീജ്വർ എന്ന ബഡ്ജറ്റ് ശീർഷകം. അതിനകത്ത് ടോക്കൺ പ്രൊവിഷൻ വയ്ക്കുകയും കാര്യങ്ങൾ വരുന്നമുറയ്ക്ക് വീണ്ടും നിയമസഭയുടെ അംഗീകാരത്തിന് വിധേയമാക്കി പാസ്സാക്കുകയും ചെയ്യുക എന്നുള്ളതാണ്. അതനുസരിച്ചുള്ള കാര്യങ്ങളാണ്  നിയമപരമായ ഉത്തരവാദിത്വമെന്ന നിലയിൽ ഇതിനകത്ത് ഉൾപ്പെടുത്തി അംഗീകാരത്തിനായി സഭ മുമ്പാകെ അവതരിപ്പിച്ചത്. അത് പൊതുവിൽ അംഗീകരിക്കേണ്ടതാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അന്നത്തെ ചർച്ചകളിലും അതിനുശേഷവും അടിയന്തരമായി വരുന്ന കാര്യങ്ങളുൾപ്പെടുത്തി അംഗീകരിക്കുക എന്നുള്ളതാണ്. ഇതിനുശേഷം  അഡീഷണലായി വരുന്ന ധനവിനിയോഗം സംബന്ധിച്ച് അടുത്ത മാർച്ച് മാസത്തോടെ ഈ സഭയുടെ അംഗീകാരം വാങ്ങി പൂർത്തീകരിക്കുക എന്നുള്ളതാണ് പൊതുവായ നടപടിക്രമം.

കോവിഡുമായി ബന്ധപ്പെട്ട് ഇവിടെ ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് സ്വാഭാവികമായും വിമർശനം വരും. ഈ സർക്കാർ 20,000 കോടി രൂപയിൽ എന്തൊക്കെയാണ് ചെയ്തതെന്നുള്ള കാര്യങ്ങൾ തൃപ്പൂണിത്തുറ അംഗം ശ്രീ. കെ. ബാബു ചോദിക്കുകയുണ്ടായി. നൂറ് ദിവസംകൊണ്ട് 50000 തൊഴിലവസരങ്ങൾ നൽകാനാണ് തീരുമാനിച്ചതെങ്കിലും അതിന്റെ ഇരട്ടി തൊഴിലവസരങ്ങൾ നൽകാൻ കഴിഞ്ഞതിന്റെ ഡീറ്റെയിൽസ് www.100days.kerala.gov.in എന്ന വെബ്സൈറ്റിലുണ്ട്. അതിൽ നോക്കിയാൽ ഇരട്ടി ജോലി സൃഷ്ടിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. വലിയ വലിയ പ്രഖ്യാപനങ്ങളാണ് എൽ.ഡി.എഫ്. നടത്തുന്നത്, ഒന്നും നടപ്പിലാക്കുന്നില്ല, പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ എന്നിവിടെ പറഞ്ഞു. തീരദേശ ഹൈവേയെ സംബന്ധിച്ച് നേരത്തെതന്നെ പ്രഖ്യാപിച്ചതാണ്. 655 കിലോമീറ്റർ നീളമുള്ള 6500 കോടി  രൂപ ചെലവുവരുന്ന പദ്ധതിയിൽ 645 കോടി രൂപയുടെ പദ്ധതി ഇപ്പോൾത്തന്നെ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 32.7 കിലോമീറ്റർ റോഡും രണ്ട് പാലങ്ങളുമുണ്ട്. മറ്റൊരു 260 കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. തയ്യാറായിവരികയാണ്. മലയോര ഹൈവേ 1235 കിലോമീറ്റർ നീളമുള്ള പദ്ധതിയാണ്. ഇതിൽ 1671.19 കോടി രൂപ ചെലവുള്ള 521 കിലോമീറ്റർ നീളമുള്ള പദ്ധതി അംഗീകരിച്ചുകഴിഞ്ഞു. കൊല്ലം ജില്ലയിലെ 46 കിലോമീറ്ററും തിരുവനന്തപുരത്തെ 20 കിലോമീറ്ററും പൂർത്തിയായിക്കഴിഞ്ഞു. ഇതൊന്നും പ്രഖ്യാപനം മാത്രമല്ല. റോഡിൽക്കൂടി യാത്ര ചെയ്യുന്ന തരത്തിലേയ്ക്ക് ആ റോഡ് വികസിച്ചുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടി പറയുകയാണ്. ഇവിടെ മൊറട്ടോറിയത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ ദീർഘകാലമായി നാഷണൽ ഹൈവേയുടെ വികസനത്തിന്റെയും

എൽ.എൻ.ജി. പെട്രോൾ ലിമിറ്റഡിന്റെയും ഗ്യാസ് പൈപ്പ് ലൈനിന്റെയുമൊക്കെ കാര്യമുണ്ടായിരുന്നല്ലോ. കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നതിനുശേഷമാണല്ലോ ആലപ്പുഴ, കൊല്ലം ബൈപ്പാസിലൂടെ യാത്ര ചെയ്യുന്നത്. ഞാനങ്ങനെ തർക്കമെന്ന നിലയിലേയ്ക്ക് പോകാനുദ്ദേശിച്ചിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഉദ്ഘാടനം ചെയ്തതല്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഉദ്ഘാടനം മാത്രമല്ല. ആലപ്പുഴ ബൈപ്പാസും കൊല്ലം ബൈപ്പാസും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഉദ്ഘാടനം മാത്രമല്ല. അതിന്റെ നിർമ്മാണം, സ്ഥലമെടുപ്പ് തുടങ്ങിയ ബാക്കി കാര്യങ്ങൾ സ്പീഡപ് ചെയ്തത് ഒന്നാം പിണറായി സർക്കാർ വന്നതിനുശേഷമാണ്. ഇവിടെ പ്രവാസി ചിട്ടിയെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു. കേരളത്തിലെ ജനങ്ങൾക്ക് ധാരണ പിശകുണ്ടാകരുതെന്ന് കരുതി പറയുകയാണ്. പത്തോ അറുപതോ കോടി രൂപയാണ് പ്രവാസി ചിട്ടിയിൽ വന്നതെന്നാണ് ഇവിടെ പറഞ്ഞത്. പ്രവാസി ചിട്ടിയിൽ 478.42 കോടി രൂപ ലഭിച്ചിട്ടുണ്ട്. നിങ്ങൾ പറഞ്ഞത് ശരിയല്ല. ദീർഘകാലം എം.എൽ.എ.-യും മന്ത്രിയുമൊക്കെയായിരുന്ന പ്രതിപക്ഷത്തെ ഒരു പ്രധാന നേതാവ് സംസാരിച്ചപ്പോൾ, കേരളത്തിലെ ഗവൺമെന്റ് മൊറട്ടോറിയമൊന്നും നടപ്പിലാക്കിയില്ലെന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നടപ്പിലാക്കേണ്ട മൊറട്ടോറിയം സംബന്ധിച്ച് ഇടതുപക്ഷ സർക്കാരിനെതിരെ വിമർശനമെന്ന നിലയിൽ പറഞ്ഞത് ശരിയായി ല്ലെന്നാണ് എന്റെ അഭിപ്രായം. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ട സ്ഥാപനമാണ് സഹകരണ ബാങ്ക് എന്നകാര്യം അങ്ങേയ്ക്ക് അറിയില്ലെന്ന് കരുതുന്നുണ്ടോ? സഹകരണ നിയമം വന്നതിനുശേഷം ആഡിറ്റും മറ്റ് കാര്യങ്ങളുമുൾപ്പെടെ എല്ലാ കാര്യങ്ങളും പാലിക്കേണ്ടതാണ്. റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ് സഹകരണ ബാങ്ക്. കേരള ബാങ്കിനും അതിന് താഴോട്ടുള്ള സഹകരണ ബാങ്കുകൾക്കും ആ നിയമം ബാധകമാണ്. കേരളത്തിൽ കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നീ രണ്ട് സ്ഥാപനങ്ങൾക്ക് മാത്രമാണ് റിസർവ് ബാങ്കിന്റെ നിയമത്തിനപ്പുറം ചെയ്യാൻ കഴിയുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, കേരള ഗവൺമെന്റിന് ഒന്നും ചെയ്യാനില്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, റിസർവ് ബാങ്ക് ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് കേരള ഗവൺമെന്റിനല്ല ചെയ്യാൻ കഴിയുക. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്തതും 2021 മാർച്ച്

31 വരെ തിരിച്ചടവ് കൃത്യമായിരുന്നതും കോവിഡുമൂലം തിരിച്ചടവ് സാധ്യമാകാതെ പ്രതിസന്ധിയിലായതുമായ ആളുകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. അവരുടെ ലോൺ റീ-സ്ട്രക്ചർ ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ നേരത്തെ അനൗൺസ് ചെയ്തതാണ്. അതുപോലെ കുടിശ്ശികക്കാർക്ക് സെപ്റ്റംബർ 30 വരെ 50 മുതൽ 100 ശതമാനം വരെ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ കെ.എസ്.എഫ്.ഇ.-യുടെ കാര്യം വളരെ വിശദമായി ഞാൻ പറഞ്ഞതാണ്. കെ.എസ്.എഫ്.ഇ. ചിട്ടിയുടെ കാര്യത്തിലും ചില ഗുണപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയടക്കമുള്ള സ്ഥാപനങ്ങൾക്ക് റവന്യൂ റിക്കവറി പോലെ അല്ലെങ്കിൽ വൺ ടൈം സെറ്റിൽമെന്റ് പോലെ ചെയ്യാൻ കഴിയുന്നതെല്ലാം ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും അദ്ദേഹത്തെ നേരിൽക്കണ്ട് ഈ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും മൊറട്ടോറിയം ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഞാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ട് സംസാരിച്ചിട്ടുണ്ട്. മൊറട്ടോറിയത്തിന്റെ കാര്യം കേന്ദ്ര ഗവൺമെന്റാണ് പ്രഖ്യാപിക്കേണ്ടതെന്ന പ്രശ്നമുണ്ട്. നമുക്ക് ചെയ്യാൻ കഴിയുന്നതെന്താണ്? ഇപ്പോൾ വിവിധ മേഖലകളിലെ വ്യാപാരികൾക്കും വ്യവസായികൾക്കും കൃഷിക്കാർക്കുമൊക്കെ പുതിയ ലോണുകൾ പ്രഖ്യാപിച്ചതിൽ നാല് ശതമാനംവരെ പലിശ സംസ്ഥാന സർക്കാർ നേരിട്ട് കൊടുക്കാമെന്ന് പറയുന്ന ഒരു സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം നമുക്ക് സംയുക്തമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

പ്രൊഫഷണൽ ടാക്സിന്റെ കാര്യം ഇവിടെ പറഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഡിമാൻഡ് കൊടുക്കേണ്ടതാണ്. അങ്ങനെ ഡിമാൻഡ് കൊടുത്തുവെന്നല്ലാതെ മറ്റൊരു മേഖലയിലും ടാക്സിന്റെ കാര്യത്തിൽ നിർബന്ധം പിടിച്ച് ബഹളമുണ്ടാക്കുന്നില്ല. മോട്ടോർ വാഹനങ്ങളുടെ ടാക്സ്, വ്യാപാരി വ്യവസായികളുടെ ജി.എസ്.ടി. അടക്കമുള്ളവയുടെ കുടിശ്ശിക അടയ്ക്കുന്നതിന് അല്ലെങ്കിൽ ടാക്സ് അടയ്ക്കുന്നതിനുള്ള തീയതി നീട്ടിയിട്ടുണ്ട്. ഈ പ്രതിസന്ധിക്കിടയിൽ ജനങ്ങൾക്കൊപ്പം നിൽക്കാൻ ഇതെല്ലാം സർക്കാർ ചെയ്തതാണ്. ഇങ്ങനെയൊക്കെ ചെയ്യുമ്പോഴും രാഷ്ട്രീയമായി മാത്രം ഇതിനെ കാണുന്നത് ശരിയല്ല. ഇവിടെ കടത്തിന്റെ കാര്യം പറഞ്ഞു. ഓരോ അഞ്ച് വർഷം കൂടുമ്പോഴും കടം ഇരട്ടിക്കുന്നത് പൊതുവായി നോക്കിയാൽ മനസ്സിലാകുന്നതാണ്. 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന കടം 49,875 കോടി രൂപയാ

യിരുന്നു. ആ സർക്കാരിന്റെ കാലാവധി 2011-ൽ കഴിയുമ്പോൾ അത് 89,418 കോടി രൂപയായി, ഇരട്ടിയായി. പിന്നീട് വന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽനിന്നും പോകുമ്പോൾ കടം 1,86,454 കോടി രൂപയായി. അതിനുശേഷം ഒന്നാം പിണറായി സർക്കാർ വന്ന് അധികാരം ഒഴിയുമ്പോൾ പൊതുകടം 2,99,724 കോടി രൂപയായി. ഇത് സാധാരണഗതിയിൽ വരുന്ന ട്രെൻഡാണ്. ആ ട്രെൻഡനുസരിച്ച് വരുന്ന കാര്യമല്ലാതെ മറ്റൊന്നും ഇക്കാര്യത്തിൽ വന്നിട്ടില്ലെന്നുള്ളതാണ് സത്യം. ലോകത്തെ പല രാജ്യങ്ങളും ഇതുപോലെ കടമെടുത്താണ് പോകുന്നത്. ഇവിടത്തെ കൊച്ചുകുട്ടികളെപ്പോലും അമിതമായ കടബാദ്ധ്യതയിലാക്കിയെന്ന ആരോപണം പറയുന്നതിൽ അടിസ്ഥാനമില്ലെന്നാണ് ഞാൻ പറഞ്ഞത്.

ഇവിടെ രണ്ട് കാര്യങ്ങൾ പറഞ്ഞു. കേരളം വലിയ സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്കാണ് പോകുന്നത്, ആർക്കും ഒന്നും കൊടുക്കുന്നില്ല. മറുവശത്ത്, സർക്കാർ ജീവനക്കാർക്ക് ബോണസ് അല്ലെങ്കിൽ ഫെസ്റ്റിവൽ അലവൻസുപോലും കൊടുക്കുന്നില്ലെന്നും പറഞ്ഞു. ഇത് രണ്ടുംകൂടി കോൺട്രഡിക്ടറിയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കേരളത്തിനും വലിയ സാമ്പത്തിക പ്രതിസന്ധിയാണ്.

3.00 P.M.]

തമിഴ്നാട്ടിലെ ധനകാര്യ വകുപ്പുമന്ത്രി അവിടത്തെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചും ടാക്സിന്റെ കുറവിനെ സംബന്ധിച്ചും കേന്ദ്രഗവൺമെന്റ് നിലപാടിനെ സംബന്ധിച്ചും ഇന്നലെ ഒരു വൈറ്റ് പേപ്പർ ഇറക്കിയിട്ടുണ്ട്. നമ്മൾ ഇവിടെ പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് അവിടെയുമുള്ളത്. കേരളത്തിലുള്ളതി നേക്കാളും ഇരട്ടി ജനസംഖ്യയുള്ള ഒരു സംസ്ഥാനമാണ് തമിഴ്നാട്. തമിഴ്നാട്ടിൽ മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലും അവർക്ക് കിട്ടുന്ന ആനുകൂല്യത്തിന്റെയും വരുമാനം കുറഞ്ഞതിന്റെയും മറ്റും സാമ്പത്തിക പ്രശ്നങ്ങൾ പറയുന്നുണ്ട്. തമിഴ്നാട് നമ്മളെക്കാൾ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള സ്റ്റേറ്റാണ്. ഇങ്ങനെയൊരു സ്ഥിതി തുടരുമ്പോൾ, ഒരു വശത്ത് ആളുകൾക്ക് ഒന്നും കൊടുക്കുന്നില്ലായെന്നുള്ള പരാതിയും മറുവശത്ത് ഗവൺമെന്റ് തകരുന്നുവെന്ന സ്ഥിതിയും പറഞ്ഞുപരത്തുകയാണ്. ഞാൻ ഒരു കാര്യം പറയാം. സർക്കാർ ജീവനക്കാർക്ക് രണ്ട് ശമ്പളം കൊടുക്കുന്നത് 2018 മുതലാണ്. സാധാരണ അങ്ങനെ കൊടുക്കാറില്ല. ഒരുമിച്ച് വരുന്ന ഡേറ്റുകൾ നോക്കിയിട്ടാണ് രണ്ട് ശമ്പളം കൊടുക്കുന്നത്. അത് പ്രത്യേക ശമ്പളമല്ല, ഒരു മാസത്തെ ശമ്പളം അഡ്വാൻസ് കൊടുക്കുന്നതാണ്. കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തെ കണക്ക് എടുക്കുകയാണെങ്കിൽ രണ്ട് ശമ്പളം ഒരുമിച്ച് കൊടുത്തിട്ടില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് 20-ാം തീയതി കഴിഞ്ഞാൽ അടുത്ത ശമ്പളം കൊടുക്കേണ്ട

തിനാൽ ആ രണ്ട് ശമ്പളം ഇപ്പോൾ കൊടുക്കേണ്ട കാര്യമില്ലെന്ന് തീരുമാനിച്ചു. എന്നാൽ വരുമാനം ഏറ്റവും കുറഞ്ഞ താഴ്ന്ന വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ബോണസും അതിനുമുകളിലുള്ളവർക്ക് ഫെസ്റ്റിവൽ അലവൻസും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം കൊടുത്ത ആനുകൂല്യം തന്നെ ഇപ്രാവശ്യവും കൊടുക്കാനാണ് തീരുമാനം. അങ്ങനെയാണെങ്കിൽ ശമ്പളം വാങ്ങുന്നവരും മറ്റുള്ള വിഭാഗക്കാരും കുറച്ച് തുക സമൂഹത്തിനുവേണ്ടി കൊടുക്കാനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യാനോ തയ്യാറാകുന്നവിധത്തിൽ ഉദാരമായി പ്രവർത്തിക്കണമെന്ന് ഒരു അഭ്യർത്ഥന ഞാൻ ഇവിടെ പരസ്യമായി നടത്തുകയാണ്. ഇപ്പോൾ എല്ലാ വിഭാഗത്തിനും കൊടുക്കുന്ന ആനുകൂല്യങ്ങൾ പിടിച്ചുവയ്ക്കാൻ തീരുമാനിച്ചിട്ടില്ല.

ഇവിടെ പി.എസ്.സി.-യെ സംബന്ധിച്ചും കേരളത്തിലെ വികസനത്തെ സംബന്ധിച്ചും ധാരാളം കാര്യങ്ങൾ പറഞ്ഞു. കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ, വാസ്തവത്തിൽ ചില കാര്യങ്ങൾ പറയണ്ടേ; കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഒരു ഗവൺമെന്റ് സർവ്വീസിലെ നിയമനത്തിന്റെ കാര്യവും കേരളത്തിലെ പി.എസ്.സി. നിയമനത്തിന്റെ കാര്യവും എടുക്കുമ്പോൾ, കേരളത്തിൽ അഞ്ചേകാൽ ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ടെന്നാണ് പറയുന്നത്. 2014-15-ൽ കേന്ദ്ര ഗവൺമെൻറിനുകീഴിൽ 36,45,584 ഒഴിവുകൾ ഉണ്ടായിരുന്നപ്പോൾ അതിൽ 11.57 ശതമാനം ഒഴിവുകൾ നികത്തിയില്ല. 2018-19 സാമ്പത്തികവർഷത്തിൽ 39,99,145 വേക്കൻസികൾ അവിടെയുണ്ടായിരുന്നപ്പോൾ 30,88,992 പേർക്ക് മാത്രമാണ് നിയമനം നൽകിയിട്ടുള്ളത്. അതായത്, 22.76 ശതമാനം കേന്ദ്രഗവൺമെന്റ് വേക്കൻസി അവിടെ ഒഴിഞ്ഞുകിടക്കുകയാണ്. കേന്ദ്രഗവൺമെന്റ്, യൂണിവേഴ്സിറ്റി അദ്ധ്യാപകർ മുതൽ അവിടത്തെ ക്ലാസ്സ് ഫോർ ജീവനക്കാർ വരെയുള്ള 22.76 ശതമാനം ഒഴിവുകളിലും നിയമനങ്ങൾ നടത്തുന്നില്ല. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള വേക്കൻസികളിൽ നിയമനം നടത്താത്തതായി രണ്ടുശതമാനത്തിലും കുറവാണ്. ഏറ്റവും ഒടുവിൽ പി.എസ്.സി. ലിസ്റ്റ് വന്നപ്പോൾ രണ്ടായിരത്തിലധികം വേക്കൻസികളിൽ നിയമനം നൽകിയിട്ടുണ്ട്. ആരോഗ്യ രംഗത്ത്, കഴിഞ്ഞ മന്ത്രിസഭായോഗം തീരുമാനിച്ചതനുസരിച്ച് 300-ഓളം വരുന്ന പുതിയ വേക്കൻസികളിൽ നിയമനം നടത്തി.

ഇവിടെ നേരത്തെ ചർച്ച ചെയ്തത് സർവ്വേയർമാരുടെ പ്രശ്നമായിരുന്നു. നൂറിൽ ചില്വാനം സർവ്വേയർമാരുടെ പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്തു. പരിമിതിക്കകത്തു നിന്നുകൊണ്ട് ഇത്തരമൊരു സാഹചര്യത്തെ നേരിടാനുള്ള ഒരു സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ കണക്കുകൾ ഞാൻ ഇപ്പോൾ

പറയുന്നില്ല. ഓരോ സംസ്ഥാനത്തെയും കണക്കെടുത്താൽ പി.എസ്.സി. ഉൾപ്പെടെയുള്ള നിയമനങ്ങൾ കൃത്യമായി നടത്തുന്നില്ലായെന്നുള്ളതാണ്. എന്നാൽ കേരളത്തിൽ ഇങ്ങനെയൊരു സ്ഥിതിവന്നപ്പോഴും നിയമനങ്ങളെല്ലാം കൃത്യമായി നടക്കുന്നുണ്ട്. സ്ഥിരമായി തെറ്റിദ്ധാരണാജനകമായിട്ടുള്ള കാര്യങ്ങൾ ഈ ചർച്ചയിൽ കൊണ്ടുവരുന്നത് പല മെമ്പർമാരും സ്വീകരിക്കുന്ന ഒരു മാർഗ്ഗമാണ്. അത് രാഷ്ട്രീയത്തിന്റെ ഭാഗമായിട്ടായിരിക്കും. യൂറോപ്പിലും മറ്റ് രാജ്യങ്ങളിലുമുള്ളവർക്കും ഇവിടെ വോട്ടിംഗ് അവകാശമുണ്ടെങ്കിൽ അവരെ കേരളത്തിലേയ്ക്ക് തിരിച്ചു വിളിക്കുമായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം, ശ്രീ. പി. ഉബൈദുള്ള നേരത്തെ സൂചിപ്പിച്ചത്. അങ്ങനെ വോട്ടിംഗ് അവകാശമുള്ളവരെയെല്ലാം തിരിച്ചുവിളിച്ചിരുന്നുവെങ്കിൽ അപ്പുറത്തിരിക്കുന്നവരിൽ 41 എന്നുള്ള നമ്പർ അതിലും കുറയുമായിരുന്നു. എത്ര കുറയുമെന്ന് ഞാൻ പറയുന്നില്ല. മലപ്പുറം ജില്ലയിൽ സമീപ ദിവസങ്ങളിൽ ഒരു പാർട്ടിയിലുണ്ടായ, ലീഗിനകത്തുണ്ടായ പ്രശ്നങ്ങളെപ്പറ്റി ഞാൻ പറയുന്നില്ല. നിങ്ങൾ ഇവിടെ കാണിക്കുന്ന സാഹചര്യം വച്ചുനോക്കുമ്പോൾ ആ പാർട്ടിയിലുള്ള എം.എൽ.എ.-മാരിൽ എത്രപേരെ വീണ്ടും തെരഞ്ഞെടുക്കും? ഞങ്ങൾ ആവശ്യമില്ലാത്ത കാര്യങ്ങളൊന്നും പറയുന്നില്ല. സഭയിൽവന്ന് ഇങ്ങനെ ഓരോന്ന് പറഞ്ഞാൽ മറുപടി പറയാതിരിക്കാൻ കഴിയില്ലായെന്നുള്ളതു കൊണ്ടാണ്.

കരൺ താപ്പർ-ന്റെ 'ദി ഡെവിൾസ് അഡ്വക്കേറ്റ്' എന്ന ലേഖനമുണ്ട്. അദ്ദേഹം ഇൻഡ്യൻ ടെലിവിഷനിൽ ഏറ്റവും പ്രധാനപ്പെട്ട ചർച്ച നയിക്കുന്ന ഒരു പത്രപ്രവർത്തകനാണ്. അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ, കേരളാ മോഡലിന്റെ പ്രത്യേകതയെപ്പറ്റി പറയുന്നു. അദ്ദേഹം മാത്രമല്ല, ഇൻഡ്യയിലെ ആരോഗ്യരംഗത്തെയും സാമ്പത്തികരംഗത്തെയും പ്രശസ്തരായിട്ടുള്ള വിദഗ്ദ്ധന്മാർ കേരളത്തിലെ കോവിഡ് രംഗത്തുള്ള പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി വളരെ മാതൃകാപരമായി എടുത്തു പറയുന്നുണ്ട്. നമുക്ക് രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടാകും. എന്നാൽ, ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി അംഗീകരിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വളരെയേറെ പരിചയസമ്പന്നനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ GST വന്നതിനുശേഷം കളക്ഷൻ കുറഞ്ഞിട്ടുണ്ടെന്ന് പറയുകയുണ്ടായി. അത് അവരുടെ ഔദാര്യം കൊണ്ടല്ല, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും GST സമ്പ്രദായം വരുമ്പോൾ കുറവ് വന്നാൽ 14 ശതമാനം കോമ്പൻസേഷൻ, ഞങ്ങൾ കൊടുക്കാമെന്നുള്ള ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്. എന്നാൽ GST നടപ്പിലാക്കുന്നതിൽ വന്ന പോരായ്മകളെപ്പറ്റി കുറേ കാര്യങ്ങൾ പറഞ്ഞു. ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുന്നുവെന്നുള്ളതാണ് GST-യുടെ പ്രത്യേകത. ചെക്ക് പോസ്റ്റുകളാണ് ഈ തടസ്സമെല്ലാം ഉണ്ടാക്കുന്നത്. Free flow of goods

and services - സർവ്വീസസിന് Free flow-യുടെ പ്രശ്നം ചെക്ക് പോസ്റ്റ് വഴിയല്ല. ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് വരുമ്പോൾ free flow of goods ആണ്. ഇൻഡ്യ മുഴുവൻ 'one country one tax' സിസ്റ്റം വരുന്നതിനാണ് GST വന്നത്. അന്ന് ഞങ്ങൾ അതുസംബന്ധിച്ച ചില ആശങ്കകൾ ഉന്നയിച്ചിരുന്നു. അങ്ങ് പറഞ്ഞ ചില കാര്യങ്ങളിൽ വസ്തുതയില്ലായെന്ന് ഞാൻ പറയുന്നില്ല. അത് ഗവൺമെന്റുമായി ബന്ധപ്പെടുത്തിയല്ല കാണേണ്ടത്. ഇങ്ങനെ വരുമ്പോൾ GST എന്ന സാങ്കേതിക സംവിധാനത്തിലൂടെ പഞ്ചാബിൽ നിന്നോ ഹരിയാനയിൽ നിന്നോ രാജസ്ഥാനിൽ നിന്നോ........

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങനെ സൂചിപ്പിക്കാനുള്ള കാരണം, ഇതേ നിലപാടാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരുന്നത് എന്നതുകൊണ്ടാണ്. ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുന്നുവെന്നുള്ളതാണ് GST-യുടെ പ്രത്യേകത. മറ്റ് കാര്യങ്ങളിൽ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണങ്ങളെല്ലാം നിലയ്ക്കുകയും കോമ്പൻസേഷൻ കിട്ടുമെന്നുള്ള ഉറപ്പുള്ളതുകൊണ്ട് മറ്റ് സാധനങ്ങൾ ടാക്സില്ലാതെ, ടാക്സ് തട്ടിപ്പ് നടത്തിക്കൊണ്ട് ഇവിടെ വിൽക്കുന്നത് തുടക്കകാലത്ത് ശ്രദ്ധിച്ചില്ല. അതിനെക്കുറിച്ച് ഞങ്ങൾ ധാരാളം ആക്ഷേപങ്ങൾ ഉന്നയിച്ചു. ആ ആക്ഷേപങ്ങൾ ഉന്നയിച്ചതിനെ ത്തുടർന്ന് ചെക്ക് പോസ്റ്റിൽ ഒരു സംവിധാനം ഏർപ്പെടുത്തുമെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ ഉറപ്പ് നൽകി. അതിൽ പ്രധാനപ്പെട്ട കാരണം 28 ശതമാനം നികുതിയുള്ള ചില ഉല്പന്നങ്ങൾ തമിഴ്നാട്, കർണ്ണാടകം എന്നിവിട ങ്ങളിൽനിന്ന് കൊണ്ടുവന്ന് കേരളത്തിൽ വിൽക്കുന്നു. കേരളത്തിൽ വിൽക്കുമ്പോൾ ഗവൺമെന്റിന് ടാക്സ് കുറയുന്നുവെന്ന് മാത്രമല്ല, ഗവൺമെന്റിന് ടാക്സ് കുറയുന്നത് കഴിഞ്ഞ ഗവൺമെന്റ് കണ്ണടച്ചുനിന്നു. അതിനുകാരണം കേന്ദ്രഗവൺമെന്റിൽ നിന്ന് കോമ്പൻസേഷൻ കിട്ടുമെന്നുള്ളതുകൊണ്ടാണ്. ഇത് കൊണ്ടുണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത്, വലിയ എസ്റ്റാബ്ലിഷ്മെന്റോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. ജനുവിൻ ടാക്സ് പെയറായിട്ടുള്ള വേറെ സ്ഥാപനങ്ങളുണ്ട്. ഇവർ ഇങ്ങനെ കൊണ്ടുവന്ന് വിൽക്കുമ്പോൾ ജനുവിൻ ടാക്സ് പെയർ ആയിട്ടുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടും. അപ്പോൾ രണ്ട് ഗുരുതരമായ പ്രശ്നങ്ങളുണ്ടാകും. അതുകൊണ്ടാണ് ചെക്ക് പോസ്റ്റിൽ ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയ്ക്ക് ഉറപ്പുനൽകിയത്. GST-യുടെ പൊതുവായ തത്വത്തിന് അങ്ങ് സൂചിപ്പിച്ചതുപോലെ എതിരാണെങ്കിലും കേരളത്തിൽ വ്യാപകമായി ഇങ്ങനെ കള്ള വില്പന നടക്കുന്നുവെന്ന ഞങ്ങളുടെ ആക്ഷേപത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞ ഒരു കാര്യമാണ്. അതാണ് അദ്ദേഹം സൂചിപ്പിച്ചത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങ് പൊതുവിൽ ധനത്തിന്റെ കാര്യത്തിൽ എന്നപോലെ സമയത്തിന്റെ കാര്യത്തിലും നിയന്ത്രണം പാലിക്കുന്ന ആളാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ സമയക്രമം പാലിക്കാം. ഇത് നിരന്തരമായി പറയുന്ന ഒന്നുരണ്ട് കാര്യമായതുകൊണ്ടാണ് മറുപടി പറയുന്നത്. ഇത് പാർലമെന്റിൽ പറഞ്ഞാൽ, through you we are asking this question, through you I am speaking to the State as well as to the Country. ഈ പറഞ്ഞതിൽ tax evasion, tax avoidance എന്നിവ കാര്യമായിട്ടുണ്ട്, അത് കേരളത്തിന്റെ പൊതുതാല്പര്യമാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട അത്രയും ടാക്സ് വരുന്നില്ല. വാഹനം വരുമ്പോൾ നമ്പർ പ്ലേറ്റ് എടുത്ത് അതിന്റെ ചില സർവ്വെയലൻസ് സംവിധാനമൊക്കെ വച്ച് പരിശോധിക്കാനുള്ള ആധുനിക സാങ്കേതികവിദ്യകൾ നമുക്കുണ്ട്. ചെക്ക് പോസ്റ്റിന് പകരമുള്ള സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ അത് പൂർണ്ണമായി വിജയകരമായിട്ടില്ലെന്ന് പറയുന്നതിന് എനിക്ക് യാതൊരു മടിയുമില്ല. അതിനേക്കാളും ബുദ്ധിപരമായിട്ടുള്ള തട്ടിപ്പുകൾ നടത്തുന്ന ആളുകളുണ്ട്. ആ തട്ടിപ്പ് യാതൊരു കാരണവശാലും അംഗീകരിക്കാൻ പോകുന്നില്ല. ഈ ടാക്സ് സംബന്ധിച്ച് ശക്തമായ നടപടിയുണ്ടാകുമെന്നുള്ളതിന് യാതൊരു തർക്കവുമില്ല. സ്റ്റഡി നടത്തുമ്പോൾ ജി.ഡി.പി.-യിൽ നമുക്ക് കിട്ടേണ്ടതിനേക്കാൾ ഇരട്ടി കിട്ടുന്ന ഒരു സ്റ്റേറ്റിന്റെ ശതമാനം പോലെ നമുക്ക് കിട്ടാനുള്ള ശരാശരി എടുക്കാൻ സാധിക്കും. അങ്ങനെ എടുക്കുമ്പോൾ ഇനിയും ടാക്സ് വരേണ്ടതുണ്ട്. സ്വർണ്ണ ത്തിന്റെ കാര്യം അങ്ങ് ഇവിടെ പറഞ്ഞത് ശരിയാണ്. നേരത്തെ സ്വർണ്ണത്തിന് 700 കോടി രൂപ കിട്ടിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ടാക്സ് കുറയുന്ന ഒരു പ്രശ്നമുണ്ട്. കേരള ഗവൺമെന്റ് സ്വർണ്ണത്തിന്റെ ടാക്സ് നിരക്ക് കുറച്ചു. എനിക്ക് മുൻപ് ഇതിന്റെ ചുമതല വഹിച്ചിരുന്ന ഡോ. ടി. എം. തോമസ് ഐസക് തന്നെ മുൻകൈ എടുത്ത് ചില കാര്യങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് കേരളത്തിന്റെ ആവശ്യമെന്ന നിലയിൽ സ്വർണ്ണത്തിന്റെ ടാക്സേഷൻ സംബന്ധിച്ച് ഒരു ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് രൂപീകരിച്ചു. കേരളമാണ് അതിന്റെ കൺവീനർ. അതിന്റെ ചർച്ചാവേളയിൽ സ്വർണ്ണം സംബന്ധിച്ച് ഈ ഇവേഷൻ വരുന്നില്ലെന്നോ അല്ലെങ്കിൽ വേണ്ടത്ര ടാക്സ് വരുന്നില്ലെന്നോ ഉള്ള ചില നിയമപരമായ പ്രശ്നങ്ങൾ ഉന്നയിച്ചു. GST കൗൺസിൽ അത് അംഗീകരിക്കുമെന്നാണ് വിശ്വസിക്കുന്നത്. അതിനായുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇവിടെ സിമന്റ്, കമ്പി എന്നിവയുടെ നികുതി സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞിരുന്നു. 2018-ലുള്ള ഡൽഹിയിലെ റേറ്റ് അംഗീകരിച്ചിട്ടുണ്ട്. 2021 ആഗസ്റ്റ് 15 മുതൽ 2018-ലെ ഷെഡ്യൂൾ അനുസരിച്ച് പുതിയ വർക്കുകൾക്ക് നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ വർദ്ധനവ്

വരും. അങ്ങനെ കുറെയേറെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. പ്രത്യേകമായ പ്രശ്നങ്ങളുണ്ടെങ്കിൽ, ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ച് വലിയ തോതിലുള്ള വർദ്ധനവ് സംബന്ധിച്ച് തീരുമാനിക്കാം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ ചുരുക്കാം. ബാക്കി കടത്തിന്റേതാണ്.

കൊച്ചി മെട്രോ പോലെ കിഫ്ബി മസാല ബോണ്ട് എടുത്തിരുന്നതെങ്കിലെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ചോദിച്ചു. കിഫ്ബിയുടെ ലോൺ സംബന്ധിച്ച് (മസാല ബോണ്ട്) നിരന്തരമായി സംശയം ഉണ്ടാകുന്നുണ്ട്. കിഫ്ബി മസാല ബോണ്ടായി 2,150 കോടി രൂപയാണ് എടുത്തത്. കിഫ്ബി മസാല ബോണ്ട് ഡോളർ ടേംസിലോ യൂറോ ടേംസിലോ അല്ല എടുത്തത്. ഇന്ത്യയിൽ അന്നത്തെ ഏറ്റവും കോംപറ്റിറ്റീവായിട്ടുള്ള റേറ്റ് (9.723%) അനുസരിച്ചാണ് തുക എടുത്തത്. കൊച്ചി മെട്രോയ്ക്ക് യൂറോ ടേംസിലാണ് ലോൺ എടുത്തത്. ഇത് ആറ് മാസം കൂടുമ്പോഴുള്ള Euribor + 1.55%p.a. എന്ന് പറയുന്ന റേറ്റാണ്. ഡോളർ/യൂറോ ടേംസിൽ ലോൺ എടുക്കുമ്പോൾ ആ തുക തന്നെയാണ്, ഒരു ലക്ഷം കോടി ഡോളർ എടുത്താൽ ഒരു ലക്ഷം കോടി ഡോളറും പലിശയും തിരിച്ച് കൊടുക്കണം. ആറ് മാസത്തിലൊരിക്കൽ പലിശ പുതുക്കി നിശ്ചയിക്കും. അങ്ങനെ പുതുക്കി നിശ്ചയിക്കുമ്പോൾ 40 പ്രാവശ്യം പലിശ വ്യത്യാസം വരാം, കൂടുതൽ വരാം. അതിൽ ഏറ്റവും വലിയ പ്രശ്നം, നമ്മൾ 2,150 കോടി രൂപ എടുത്താൽ മോണിറ്ററിംഗ് വാല്യു 2,150 കോടി രൂപ തന്നെയാണ്. പക്ഷെ 2,150 കോടി ഡോളർ എടുത്താൽ money devaluation കൂടി കണക്കാക്കിവരുമ്പോൾ ചിലപ്പോൾ അത് രണ്ടായിരത്തി അഞ്ഞൂറോ രണ്ടായിരത്തി എഴുന്നൂറോ വരും. ഇതാണ് സത്യമെന്നിരിക്കെ നാല് വർഷം മുമ്പ് എടുത്തിരുന്ന പണം, ഇപ്പോഴുള്ള ഡോളറിന്റെ വില നോക്കിയാൽ അന്ന് 60 രൂപയായിരുന്നത് ഇന്ന് 72 രൂപയാണെങ്കിൽ അത്രയും വ്യത്യാസം വരും. അങ്ങനെ നോക്കുമ്പോൾ money terms-ൽ, INR-ൽത്തന്നെ എടുത്തത് നഷ്ടമല്ലെന്ന കാര്യം കൂടി മനസ്സിലാക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അതായത് 9.72 ശതമാനം പലിശയ്ക്കാണ് മസാല ബോണ്ടിൽ നിന്നും പണമെടുത്തിരിക്കുന്നത്. അത് ഇന്ത്യൻ രൂപയാണ്. അതുകൊണ്ടാണ് അതിന് മസാല ബോണ്ട് എന്ന പേര് വന്നിരിക്കുന്നത്. 2,150 കോടി രൂപയാണെങ്കിൽ അതിനൊരു മാറ്റമുണ്ടാകുകയില്ല. ഡോളർ റേറ്റിൽ എടുക്കുന്ന സമയത്ത് എക്സ്ചേഞ്ച് റേറ്റിൽ വ്യത്യാസം വരുമ്പോൾ പലിശ വർദ്ധിക്കുമെന്നുമാണ് പറഞ്ഞത്. കൊച്ചി മെട്രോയ്ക്ക് 1.5 ശതമാനം പലിശ യ്ക്കാണ് ലോൺ എടുത്തിരിക്കുന്നത്. അത് ഈ റേറ്റിൽ വരണമെന്നുണ്ടെങ്കിൽ, ഡോളറിൽ വ്യത്യാസം വരുന്നുണ്ടെങ്കിൽ 1.5 ശതമാനത്തിന്റെ ആറ് ഇരട്ടിയാണ് 9.72 ശതമാനമെന്ന് പറയുന്നത്. അതായത് ഇപ്പോഴത്തെ ഡോളറിന്റെ വില

70 രൂപയാണെങ്കിൽ 6x70 = 420 രൂപ ഡോളറിന് വരുന്ന കാലത്ത് മാത്രമേ മസാല ബോണ്ടിന്റെ പലിശയും ഈ പലിശയും ഒരുമിച്ച് വരികയുള്ളൂ. 420 രൂപ ഡോളറിന് വരുന്ന കാലം ഇന്ത്യൻ ഇക്കോണമി പോലും ഉണ്ടാകുകയില്ല. ഇത് ക്ലിയർ ആയിട്ടുള്ള arithmetics ആണ്. ഡോളറിന് 420 രൂപയാകുമ്പോൾ മാത്രമേ മസാല ബോണ്ടിന്റെ പലിശയും മെട്രോയുടെ പലിശയും തുല്യമാകുകയുള്ളൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് അങ്ങേയറ്റം തെറ്റിദ്ധാരണാജനകമായ സ്റ്റേറ്റ്മെന്റാണ്. ഒരു ലക്ഷം ഡോളർ എടുത്തു. അന്നത്തെ ഡോളറിന്റെ റേറ്റ് 40 രൂപ. അതായത് ഇന്ത്യൻ രൂപ, 1,00,000x40=40,00,000 രൂപ. തിരിച്ചുകൊടുക്കുമ്പോൾ 40 ലക്ഷം രൂപ കൊടുത്താൽ മതി. അഞ്ച് വർഷം കഴിഞ്ഞ് 40 ലക്ഷം രൂപയ്ക്ക് എത്ര ഡോളർ ആകുന്നോ അത്രയും തിരിച്ച് കൊടുത്താൽ മതി. എന്നാൽ ഒരു ലക്ഷം ഡോളറായി എടുത്തിട്ട് ഡോളർ ടേംസിൽ കൊടുക്കുന്നതെങ്കിൽ 5 വർഷം കഴിയുമ്പോൾ ഒരു ലക്ഷം ഡോളർ തിരിച്ച് കൊടുത്താൽ മതി. അപ്പോൾ ഡോളറിന് ഇന്ത്യൻ രൂപയ്ക്ക് 60 രൂപയെങ്കിൽ 60 ലക്ഷം രൂപ കൊടുക്കണം. ബിസിനസ്സ് അറിയാവുന്ന ചിലയാളുകൾ ഇവിടെയുണ്ട്. രാഷ്ട്രീയം വച്ച് പറയരുത്. നിങ്ങൾക്കൊക്കെ അറിയാം. അപ്പുറത്തിരിക്കുന്ന ബിസിനസ്സ് അറിയാവുന്ന ആളുകളെ എനിക്കറിയാം. ഞാൻ ആ ആളുകളെ കണ്ടിട്ട് തന്നെയാണ് പറഞ്ഞത്. 40 രൂപ വച്ച് ഡോളർ ടേംസിൽ എടുത്താൽ തിരിച്ച് കൊടുക്കുമ്പോൾ 60 രൂപ, ഡോളർ ടു ഇന്ത്യൻ രൂപയായി കഴിഞ്ഞാൽ 60 ലക്ഷം രൂപ കൊടുക്കണം. ഇവിടെ മസാല ബോണ്ട് ആയതുകൊണ്ടും ഈ കണ്ടീഷൻ ആയതുകൊണ്ടും വ്യത്യാസമുണ്ട്. ആറ് മാസത്തിലൊരിക്കൽ പുനഃപരിശോധിക്കുന്ന Euribor + 1.55% റേറ്റിലാണ് കൊച്ചി മെട്രോയ്ക്ക് എടുത്തിരിക്കുന്നത്. വിദേശ ലോൺ ഡോളർ ടേംസിലോ യൂറോ ടേംസിലോ എടുക്കുമ്പോൾ നമ്മുടെ പ്രശ്നം എക്സ്ചേഞ്ച് റേറ്റിന്റെ പ്രശ്നമാണ്. അതുകൊണ്ട് അത് സേവ് ചെയ്തിട്ടാണ് എടുത്തിരിക്കുന്നത്. അതുപോലെ ഇത് ചെലവഴിച്ചതിനെ സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തല ചോദിച്ചിരുന്നു. കഴിഞ്ഞ ദിവസവും പറഞ്ഞതാണ്. രണ്ട് വർഷത്തിനകം തന്നെ പണം ചെലവാക്കിയിട്ടുണ്ട്. അതിന് അധികമായി പലിശ കൊടുക്കേണ്ടി വന്നിട്ടില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് അങ്ങ് കോടതിയിൽ പോയി നോക്കിയതാണല്ലോ; അത് കോടതിയിൽ കിടക്കുകയാണല്ലോ? ഞാൻ ഒരു കാര്യം കൂടി പറയാം. കിഫ്ബി വന്നപ്പോൾ എന്തൊക്കെ വിവാദമായിരുന്നു. കിഫ്ബിയുടെ കാര്യത്തിൽ സി.&എ.ജി.-യെ നോക്കാൻ സമ്മതിക്കുന്നില്ല., കയറാൻ സമ്മതിക്കുന്നില്ല, നിയമം സമ്മതിക്കുന്നില്ല. പാർലമെന്റിൽ ഓഗസ്റ്റ് 3-ന് ശ്രീ. സോമപ്രസാദ്

എം.പി.-യ്ക്ക് നല്കിയ മറുപടിയാണിത്. Whether the Government of Kerala has allowed C&AG Audit of KIIFB and KIAL ever since their commencement. എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്നാണ് കേന്ദ്രഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. ടി മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.* എന്തൊക്കെ വിവാദങ്ങളാണ് സി.&എ.ജി.-യെക്കുറിച്ച് നിങ്ങൾ ഉണ്ടാക്കിയത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച സമയത്ത് എ. കെ. ഗോപാലൻ കണ്ണൂർ സെൻട്രൽ ജയിലിലായിരുന്നു. 'എന്റെ ജീവിതകാലം മുഴുവൻ എന്തിനുവേണ്ടി പോരാടിയോ ആ സ്വാതന്ത്ര്യദിന പുലരി എനിക്ക് ജയിലിൽ നിന്നും കാണേണ്ടിവന്നു' എന്ന് അദ്ദേഹം ആത്മകഥയിൽ എഴുതിയിട്ടുണ്ട്. അത് കോൺഗ്രസ്സുകാർ മനസ്സിലാക്കേണ്ടതാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെയും പോരാട്ടങ്ങളുടെയും പൈതൃകം ഏറ്റെടുക്കാൻ വരുന്നൊരു സമീപ നമുണ്ടല്ലോ അത് ശരിയല്ല. നമ്മുടെ സ്വാതന്ത്ര്യ സമരത്തിലെ ഏറ്റവും പ്രധാനപ്പെട്ട കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെയും ഇന്ത്യൻ രാഷ്ട്രീയ പാർട്ടിയുടെയും എല്ലാം സമീപനത്തെ സംബന്ധിച്ച് അറിയാമല്ലോ? ഞാൻ അതിനപ്പുറം പോയാൽ സ്വാതന്ത്ര്യ സമരത്തിന്റെ പാരമ്പര്യത്തിനെ വെല്ലുവിളിച്ചുകൊണ്ട് ആരെയൊക്കെ കോൺഗ്രസ്സിൽ കൊണ്ടുവന്നുവെന്ന് പറയേണ്ടിവരും. റാണി ലക്ഷ്മീഭായി അഭയത്തിനുവേണ്ടി ഗ്വാളിയാർ കോട്ടയിലേയ്ക്ക് പോയി. ആ ഗ്വാളിയാർ കോട്ടയിൽ നിന്നും റാണി ലക്ഷ്മി ഭായിയെ പുകച്ച് പുറത്ത് ചാടിച്ച് അവിടെനിന്ന് ചാടി ആത്മഹത്യ ചെയ്ത റാണി ലക്ഷ്മി ഭായിയുടെ കുടുംബത്തിലുള്ളവരല്ലേ സിന്ധ്യമാർ. ആ സിന്ധ്യമാർ വീണ്ടും ബി.ജെ.പി.-യിലേക്ക് പോയല്ലോ? സ്വാതന്ത്ര്യസമര ചരിത്രവും രക്തസാക്ഷികളുടെ ചരിത്രവും ഇത്തരമൊരു ചർച്ചയിൽ കൊണ്ടുവരരുത് എന്നുള്ളതുകൊണ്ടാണ് ഇക്കാര്യം പറഞ്ഞത്. ഞാൻ കൂടുതൽ രാഷ്ട്രീയം പറയാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

---

* അനുബന്ധം എഫ് ആയി ചേർക്കുന്നു.

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീമതി കാനത്തിൽ ജമീല
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. യു. ജനീഷ് കുമാർ
22. ശ്രീ. ജോബ് മൈക്കിൾ
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
27. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. ലിന്റോ ജോസഫ്
30. ശ്രീ. ടി. ഐ. മധുസൂദനൻ
31. ശ്രീ. പി. മമ്മിക്കുട്ടി
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു. ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. എ. സി. മൊയ്തീൻ
38. ശ്രീ. സി. സി. മുകുന്ദൻ
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. പി. നന്ദകുമാർ
42. ശ്രീ. എ. പ്രഭാകരൻ
43. ശ്രീ. പ്രമോദ് നാരായൺ
44. ശ്രീ. പി. പ്രസാദ്
45. ശ്രീ. വി. കെ. പ്രശാന്ത്
46. ശ്രീ. കെ. ഡി. പ്രസേനൻ
47. ശ്രീമതി യു. പ്രതിഭ
48. ശ്രീ. കെ. പ്രേംകുമാർ
49. ശ്രീ. കെ. രാധാകൃഷ്ണൻ

50. ശ്രീ. പി. ടി. എ. റഹീം

51. ശ്രീ. എ. രാജ

52. ശ്രീ. എം. രാജഗോപാലൻ

53. ശ്രീ. കെ. രാജൻ

54. ശ്രീ. പി. രാജീവ്

55. ശ്രീ. കെ. കെ. രാമചന്ദ്രൻ

56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

57. ശ്രീ. ടി. പി. രാമകൃഷ്ണൻ

58. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

59. ശ്രീ. റോഷി അഗസ്റ്റിൻ

60. ശ്രീ. കെ. എം. സച്ചിൻദേവ്

61. ശ്രീ. സജി ചെറിയാൻ

62. ശ്രീ. എച്ച്. സലാം

63. ശ്രീമതി ശാന്തകുമാരി കെ.

64. ശ്രീ. എ. കെ. ശശീന്ദ്രൻ

65. ശ്രീ. വി. ശശി

66. ശ്രീ. ഐ. ബി. സതീഷ്

67. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

69. ശ്രീ. എ. എൻ. ഷംസീർ

70. ശ്രീ. വി. ശിവൻകുട്ടി

71. ശ്രീ. വാഴൂർ സോമൻ

72. ശ്രീ. പി. വി. ശ്രീനിജിൻ

73. ശ്രീ. ജി. സ്റ്റീഫൻ

74. ഡോ. സുജിത് വിജയൻപിള്ള

75. ശ്രീ. കെ. വി. സുമേഷ്
76. ശ്രീ. പി. പി. സുമോദ്
77. ശ്രീ. വി. ആർ. സുനിൽ കുമാർ
78. ശ്രീ. പി. എസ്. സുപാൽ
79. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
80. ശ്രീ. തോമസ് കെ. തോമസ്
81. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
82. ശ്രീ. വി. എൻ. വാസവൻ
83. ശ്രീമതി വീണാ ജോർജ്ജ്
84. ശ്രീ. ഇ. കെ. വിജയൻ
85. ശ്രീ. എം. വിജിൻ
86. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 86

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, എന്റെ പേര് പോൾ ലിസ്റ്റിൽ വന്നിട്ടില്ല.

മി. സ്പീക്കർ: സാധാരണ പല അംഗങ്ങളും വോട്ട് രേഖപ്പെടുത്തിയിട്ടില്ലെന്ന് പരാതി പറയാറുണ്ട്. പിന്നീട് പരിശോധിക്കുമ്പോൾ വോട്ട് രേഖപ്പെടുത്തിയതായാണ് കാണുന്നത്. ഇക്കാര്യം പരിശോധിക്കാം.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ

9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്

62. ശ്രീ. സജി ചെറിയാൻ

63. ശ്രീ. എച്ച്. സലാം

64. ശ്രീമതി ശാന്തകുമാരി കെ.

65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. ജെ. ജോസഫ്

13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

14. ശ്രീ. യു. എ. ലത്തീഫ്

15. ശ്രീ. കെ. പി. എ. മജീദ്

16. ശ്രീ. മാണി സി. കാപ്പൻ

17. ഡോ. മാത്യൂ കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീമതി കെ. കെ. രമ

25. ശ്രീ. റോജി എം. ജോൺ

26. ശ്രീ. സജീവ് ജോസഫ്

27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. സനീഷ്കുമാർ ജോസഫ്

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. ടി. സിദ്ദിഖ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യൂ കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. സി. സി. മുകുന്ദൻ

40. ശ്രീ. ഡി. കെ. മുരളി

41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ

43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ

45. ശ്രീ. പി. പ്രസാദ്

46. ശ്രീ. വി. കെ. പ്രശാന്ത്

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ

49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ

51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്

62. ശ്രീ. സജി ചെറിയാൻ

63. ശ്രീ. എച്ച്. സലാം

64. ശ്രീമതി ശാന്തകുമാരി കെ.

65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 226,75,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ

45. ശ്രീ. പി. പ്രസാദ്

46. ശ്രീ. വി. കെ. പ്രശാന്ത്

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ

49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ

51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്

62. ശ്രീ. സജി ചെറിയാൻ

63. ശ്രീ. എച്ച്. സലാം

64. ശ്രീമതി ശാന്തകുമാരി കെ.

65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്

62. ശ്രീ. സജി ചെറിയാൻ

63. ശ്രീ. എച്ച്. സലാം

64. ശ്രീമതി ശാന്തകുമാരി കെ.

65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. സി. സി. മുകുന്ദൻ

40. ശ്രീ. ഡി. കെ. മുരളി

41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ

43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ

45. ശ്രീ. പി. പ്രസാദ്

46. ശ്രീ. വി. കെ. പ്രശാന്ത്

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ

49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ

51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്

62. ശ്രീ. സജി ചെറിയാൻ

63. ശ്രീ. എച്ച്. സലാം

64. ശ്രീമതി ശാന്തകുമാരി കെ.

65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. സനീഷ്കുമാർ ജോസഫ്

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. ടി. സിദ്ദിഖ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 77,42,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്

13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. സി. സി. മുകുന്ദൻ

40. ശ്രീ. ഡി. കെ. മുരളി

41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ

43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ

45. ശ്രീ. പി. പ്രസാദ്

46. ശ്രീ. വി. കെ. പ്രശാന്ത്

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ

49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ

51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. യു. ജനീഷ് കുമാർ

23. ശ്രീ. ജോബ് മൈക്കിൾ

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. മാത്യു. ടി. തോമസ്

35. ശ്രീ. കെ. ജെ. മാക്സി

36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. സി. സി. മുകുന്ദൻ

40. ശ്രീ. ഡി. കെ. മുരളി

41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ

43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. സനീഷ്കുമാർ ജോസഫ്

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. ടി. സിദ്ദിഖ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. കെ. ആൻസലൻ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺകുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. പി. ബാലചന്ദ്രൻ

10. ശ്രീ. കെ. എൻ. ബാലഗോപാൽ

11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. യു. ജനീഷ് കുമാർ

23. ശ്രീ. ജോബ് മൈക്കിൾ

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്

62. ശ്രീ. സജി ചെറിയാൻ

63. ശ്രീ. എച്ച്. സലാം

64. ശ്രീമതി ശാന്തകുമാരി കെ.

65. ശ്രീ. എ. കെ. ശശീന്ദ്രൻ

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യൂ. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

10. ശ്രീ. പി. കെ. ബഷീർ

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. ജെ. ജോസഫ്

13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

14. ശ്രീ. യു. എ. ലത്തീഫ്

15. ശ്രീ. കെ. പി. എ. മജീദ്

16. ശ്രീ. മാണി സി. കാപ്പൻ

17. ഡോ. മാത്യു കുഴൽനാടൻ

18. ശ്രീ. കുറുക്കോളി മൊയ്തീൻ

19. ശ്രീ. മോൻസ് ജോസഫ്

20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. സനീഷ്കുമാർ ജോസഫ്

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. ടി. സിദ്ദിഖ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ
44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനൻ
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാർ
50. ശ്രീ. കെ. രാധാകൃഷ്ണൻ
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. ടി. സിദ്ദിഖ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,58,95,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലിന്റോ ജോസഫ്

31. ശ്രീ. ടി. ഐ. മധുസൂദനൻ

32. ശ്രീ. പി. മമ്മിക്കുട്ടി

33. ശ്രീ. എം. എം. മണി

34. ശ്രീ. മാത്യു. ടി. തോമസ്

35. ശ്രീ. കെ. ജെ. മാക്സി

36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. സി. സി. മുകുന്ദൻ

40. ശ്രീ. ഡി. കെ. മുരളി

41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ

43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ

45. ശ്രീ. പി. പ്രസാദ്

46. ശ്രീ. വി. കെ. പ്രശാന്ത്

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ

49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ

51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ
54. ശ്രീ. കെ. രാജൻ
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. റോഷി അഗസ്റ്റിൻ
61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. എം. വിജിൻ
87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ : 87

പ്രതികൂലിക്കുന്നവർ : 36

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. സി. സി. മുകുന്ദൻ

40. ശ്രീ. ഡി. കെ. മുരളി

41. ശ്രീ. മുരളി പെരുനെല്ലി

42. ശ്രീ. പി. നന്ദകുമാർ

43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായൺ

45. ശ്രീ. പി. പ്രസാദ്

46. ശ്രീ. വി. കെ. പ്രശാന്ത്

47. ശ്രീ. കെ. ഡി. പ്രസേനൻ

48. ശ്രീമതി യു. പ്രതിഭ

49. ശ്രീ. കെ. പ്രേംകുമാർ

50. ശ്രീ. കെ. രാധാകൃഷ്ണൻ

51. ശ്രീ. പി. ടി. എ. റഹീം

52. ശ്രീ. എ. രാജ

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. പി. രാജീവ്

56. ശ്രീ. കെ. കെ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. ടി. പി. രാമകൃഷ്ണൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. റോഷി അഗസ്റ്റിൻ

61. ശ്രീ. കെ. എം. സച്ചിൻദേവ്
62. ശ്രീ. സജി ചെറിയാൻ
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രൻ
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. എ. എൻ. ഷംസീർ
71. ശ്രീ. വി. ശിവൻകുട്ടി
72. ശ്രീ. വാഴൂർ സോമൻ
73. ശ്രീ. പി. വി. ശ്രീനിജിൻ
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺകുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു. ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. സി. സി. മുകുന്ദൻ
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. പി. നന്ദകുമാർ
43. ശ്രീ. എ. പ്രഭാകരൻ

44. ശ്രീ. പ്രമോദ് നാരായണ്‍
45. ശ്രീ. പി. പ്രസാദ്
46. ശ്രീ. വി. കെ. പ്രശാന്ത്
47. ശ്രീ. കെ. ഡി. പ്രസേനന്‍
48. ശ്രീമതി യു. പ്രതിഭ
49. ശ്രീ. കെ. പ്രേംകുമാര്‍
50. ശ്രീ. കെ. രാധാകൃഷ്ണന്‍
51. ശ്രീ. പി. ടി. എ. റഹീം
52. ശ്രീ. എ. രാജ
53. ശ്രീ. എം. രാജഗോപാലന്‍
54. ശ്രീ. കെ. രാജന്‍
55. ശ്രീ. പി. രാജീവ്
56. ശ്രീ. കെ. കെ. രാമചന്ദ്രന്‍
57. ശ്രീ. രാമചന്ദ്രന്‍ കടന്നപ്പള്ളി
58. ശ്രീ. ടി. പി. രാമകൃഷ്ണന്‍
59. ശ്രീ. തോട്ടത്തില്‍ രവീന്ദ്രന്‍
60. ശ്രീ. റോഷി അഗസ്റ്റിന്‍
61. ശ്രീ. കെ. എം. സച്ചിന്‍ദേവ്
62. ശ്രീ. സജി ചെറിയാന്‍
63. ശ്രീ. എച്ച്. സലാം
64. ശ്രീമതി ശാന്തകുമാരി കെ.
65. ശ്രീ. എ. കെ. ശശീന്ദ്രന്‍
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. എ. എൻ. ഷംസീർ

71. ശ്രീ. വി. ശിവൻകുട്ടി

72. ശ്രീ. വാഴൂർ സോമൻ

73. ശ്രീ. പി. വി. ശ്രീനിജിൻ

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. എം. വിജിൻ

87. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. കെ. പി. എ. മജീദ്
16. ശ്രീ. മാണി സി. കാപ്പൻ
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി കെ. കെ. രമ
25. ശ്രീ. റോജി എം. ജോൺ
26. ശ്രീ. സജീവ് ജോസഫ്
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്

29. ശ്രീ. വി. ഡി. സതീശൻ

30. ശ്രീ. ഷാഫി പറമ്പിൽ

31. ശ്രീ. ടി. സിദ്ദിഖ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 87 |
| പ്രതികൂലിക്കുന്നവർ | : | 36 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

ധനാഭ്യർത്ഥന നമ്പർ XIV

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,95,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVI

പെൻഷനും പലവകയും

മി. സ്പീക്കർ: പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII

നഗരവികസനം

മി. സ്പീക്കർ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,72,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VI നിയമനിർമ്മാണകാര്യം

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

# VII ക്രമപ്രശ്നം

## ബില്ലിന്റെ ഭരണഘടനാ സാധുത

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ബിൽ നിയമപ്രകാരമല്ലാത്തതിനാൽ അവതരണാനുമതി നിഷേധിക്കണമെന്നാണ് എന്റെ ഒബ്ജക്ഷൻ. ഇന്ന് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്നതിന് എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല ആക്ടും അതിനനുസൃതമായ സർവ്വകലാശാലയും നിലവിലുണ്ട്. ഇങ്ങനെയൊരു പുതിയ നിയമം കൊണ്ടുവരുമ്പോൾ അതിന്റെ ഭാഗമായി പഴയ നിയമങ്ങളിൽ മാറ്റം വരുത്തണം, അല്ലെങ്കിൽ ഒരേ കാര്യ നിർവ്വഹണത്തിനായി രണ്ട് നിയമങ്ങൾ ഉണ്ടെന്ന പ്രശ്നം ഉത്ഭവിക്കും. അത് Conflict of Law എന്ന പ്രശ്നമായിത്തീരും. അതുവഴി നിരവധി ആശയക്കുഴപ്പങ്ങൾ ഇക്കാര്യത്തിലുണ്ടാകും. അതാണ് എന്റെ ആദ്യത്തെ ഒബ്ജക്ഷൻ. അതായത്, ശാസ്ത്ര സാങ്കേതിക പഠനത്തിന് നിലവിൽ ഒരു യൂണിവേഴ്സിറ്റിയുണ്ട്. അതിൽപ്പെടുന്ന അതേ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഇപ്പോൾ മറ്റൊരു സർവ്വകലാശാലകൂടി വരുന്നു. ഒരേ കാര്യത്തിൽ രണ്ട് നിയമങ്ങൾ ഉണ്ടാകുന്നുവെന്നുള്ള പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നുണ്ട്.

മറ്റൊരു കാര്യം, എത്ര ലാഘവത്തോടുകൂടിയാണ് ബില്ലിന്റെ ഡ്രാഫ്റ്റിംഗ് നടക്കുന്നത്. ഈ ബില്ലിലെ വകുപ്പ് 6 (1)-ൽ, "ഈ ആക്ടിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായും കാലാകാലങ്ങളിൽ നിലവിലുള്ള സംവരണ തത്വങ്ങൾക്കനുസരിച്ചും, ഏതു വംശത്തിലും മതവിശ്വാസത്തിലും ജാതിയിലും വർഗ്ഗത്തിലുംപെടുന്ന എല്ലാ ലിംഗക്കാർക്കും സർവ്വകലാശാലയിൽ പ്രവേശനമുണ്ടായിരിക്കുന്നതും..." എന്ന് പറയുന്നുണ്ട്. ഇത് പ്രത്യേകം പറയേണ്ട കാര്യമുണ്ടോ? It is guaranteed by our Constitution. നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന സംഗതിയാണ്. ഒരു നിയമത്തിലും ഉണ്ടാകാത്തവിധം അതിവിടെ പറയുകയാണ്. ഇങ്ങനെ പറയുന്നതിൽ ചില ഗൂഢതന്ത്രമുണ്ടോയെന്ന് സംശയിക്കണം..... "ഏത് വംശത്തിലും മതവിശ്വാസത്തിലും ജാതിയിലും വർഗ്ഗത്തിലും ലിംഗത്തിലുംപെടുന്നവർക്ക് സർവ്വകലാശാലയിൽ പ്രവേശനമുണ്ടായിരിക്കും. സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ ആകുന്നതിനോ അവിടത്തെ ഏതെങ്കിലും പദവി വഹിക്കുന്നതിനോ അല്ലെങ്കിൽ സർവ്വകലാശാലയിൽ വിദ്യാർത്ഥിയായി പ്രവേശനം നേടുന്നതിനോ അവിടെനിന്നും ബിരുദം നേടുന്നതിനോ അവിടത്തെ ഏതെങ്കിലും വിശേഷാധികാരം അനുഭവിക്കുന്നതിനോ ഉപയോഗപ്പെടുത്തുന്നതിനോവേണ്ടി, സർവ്വകലാശാല ഏതെങ്കിലും ആളിന്റെമേൽ ഏതെങ്കിലും മതവിശ്വാസമോ തൊഴിലോ രാഷ്ട്രീയ അഭിപ്രായമോ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തുന്നതോ നിർബന്ധിക്കുന്നതോ

നിയമപരമല്ലാത്തതാകുന്നു" . എന്തിനാണ് ഇത് പ്രത്യേകം പറയുന്നത്? It is guaranteed by our Constitution. ഇത് കോൺസ്റ്റിറ്റ്യൂഷന് എതിരാണ്. ഭരണഘടനാ വിരുദ്ധമായതുകൊണ്ട്, ഭരണഘടനാ വിരുദ്ധമായൊരു ബില്ലിന് അവതരണാനുമതി നൽകരുതെന്നതാണ് എന്റെ പോയിന്റ്.

അതുപോലെതന്നെ വകുപ്പ് 6 (3)-ൽ "...പ്രത്യേകിച്ചും പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗത്തിലുംപ്പെടുന്നവർക്കും നിയമനത്തിനോ പ്രവേശനത്തിനോവേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിൽനിന്നും സർവ്വകലാശാലയെ തടയുന്നതായി കരുതപ്പെടുന്നതല്ല", എന്ന് പറയുന്നുണ്ട്; ഇതും കോൺസ്റ്റിറ്റ്യൂഷൻ നൽകുന്ന അധികാരമാണ്. ആർട്ടിക്കിൾ 14 & 15 പ്രകാരം സ്ത്രീകൾക്കും പട്ടികജാതി, പട്ടിക വർഗ്ഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രത്യേക ആനുകൂല്യം കൊടുക്കാൻ കോൺസ്റ്റിറ്റ്യൂഷന് അധികാരം നൽകുന്നുണ്ട്. അതുപോലെതന്നെ ഈ ബില്ലിലെ മറ്റൊരു ഭരണഘടനാവിരുദ്ധമായ കാര്യമെന്തെന്നാൽ, ഈ യൂണിവേഴ്സിറ്റി ചെയ്യുന്ന ഒരു കാര്യവും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല. It is against law. It is against Constitution. പലരും എഴുതി വയ്ക്കാറുണ്ട്. അങ്ങനെ എഴുതിവയ്ക്കാൻ പാടില്ല. ഏത് സംഗതിയും കോടതിയിൽ ചോദ്യം ചെയ്യാൻ ഇന്ത്യൻ പൗരന് അവകാശമുണ്ട്. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം എന്നുപറഞ്ഞിട്ട് നമ്മൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കാര്യത്തിലുണ്ടാക്കിയ അതേ കുഴപ്പമാണ് ഇവിടെയുണ്ടാകുന്നത്. എന്ത് സംഭവമുണ്ടായാലും ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ അത് തിരുത്താമെന്ന് ഇവിടെയും എഴുതി വച്ചിരിക്കുകയാണ്. ഇതും ലീഗൽ ഡ്രാഫ്റ്റിംഗിന് എതിരാണ്. ഈ പറഞ്ഞ കാരണങ്ങളാൽ, ഇതെല്ലാം പരിഹരിച്ചുമാത്രമേ ഈ ബിൽ അവതരിപ്പിക്കാവൂ എന്ന ഒബ്ജക്ഷൻ ഞാൻ ഇവിടെ ഉന്നയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സർവ്വകലാശാലാ ഫണ്ടിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും സർവ്വകലാശാലാ നിയമംമൂലം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നുണ്ടാകാവുന്ന ആവർത്തക, അനാവർത്തക ചെലവുകൾ സംബന്ധിച്ച മതിപ്പുചെലവ് ഉൾപ്പെടുത്തിയിട്ടില്ല. റൂൾ 73 വളരെ ക്ലിയറാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടം ഉണ്ടാകുമ്പോൾ അതിനകത്ത് യഥാർത്ഥത്തിലുള്ള recurring and non recurring expenses ശരിയായി മെൻഷൻ ചെയ്യണം. നേരത്തെ ചെലവാക്കിയതും ഈ വർഷം ചെലവാക്കാൻ പോകുന്നതുമായ പണം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റെക്കറിംഗ് മാത്രം പോര, നോൺ

റെക്കറിംഗ് കൂടി വേണമെന്നത് നിർബന്ധമാണ്. 1956-ൽ Essential Commodities Act പാർലമെന്റിൽ വന്നപ്പോൾ ആദ്യ പാർലമെന്റ് സ്പീക്കറായിരുന്ന ജി. വി. മാവ്‌ലങ്കാർ വളരെ സുപ്രധാനമായ ഒരു റൂളിംഗ് ലോകസഭയിൽ ഇതുസംബന്ധിച്ച് നൽകിയിട്ടുണ്ട്. റെക്കറിംഗ് എക്സ്പെൻസും നോൺറെക്കറിംഗ് എക്സ്പെൻസും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ആ ഫിനാൻഷ്യൽ മെമ്മോറാണ്ടം പിൻവലിച്ച് പിന്നീടത് കറക്ട് ചെയ്ത് പുതിയ ഫിനാൻഷ്യൽ മെമ്മോറാണ്ടം കൊണ്ടുവന്നിട്ട് മാത്രമേ ബിൽ അവതരിപ്പിക്കാൻ പാടുള്ളൂ എന്ന് അദ്ദേഹം റൂൾ ചെയ്തു. അന്ന് Essential Commodities Act ജി. വി. മാവ്‌ലങ്കാർ മടക്കി. രണ്ടാമത് ഫിനാൻഷ്യൽ മെമ്മോറാണ്ടം കറക്ട് ചെയ്തിട്ടാണ് പാർലമെന്റിൽ ആ ബിൽ അവതരിപ്പിക്കാൻ സമ്മതിച്ചത്. അതിനുശേഷം ഇന്ത്യയിലെ പാർലമെന്റിലും എല്ലാ നിയമസഭകളിലും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് പണമെടുക്കുന്നുണ്ടെങ്കിൽ അതിന്റെ recurring and non recurring expenses കൃത്യമായി മെൻഷൻ ചെയ്യാറുണ്ട്.

രണ്ടാമത്തെ കാര്യം, Companies Act, 1956-ലെ സെക്ഷൻ 25 പ്രകാരമാണ് ഇതിൽ IIITMK (The Indian Institute of Information Technology and Management-Kerala) എന്ന സ്ഥാപനം രൂപീകരിച്ചിരിക്കുന്നത്. കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ സ്പോൺസറിംഗ് സ്ഥാപനമാക്കിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചിരിക്കുന്നത്. സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഈ സ്ഥാപനം കൈമാറ്റം ചെയ്തു കൊടുക്കുമെന്നാണ് നിയമത്തിലെ 7 (2) വകുപ്പ് പറയുന്നത്. "സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായേക്കാവുന്ന ഭൂമിയും മറ്റു അടിസ്ഥാനസൗകര്യങ്ങളും സ്പോൺസറിംഗ് എന്റിറ്റി കൈമാറ്റം ചെയ്തുകൊടുക്കേണ്ടതും..." എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കമ്പനി ആക്ടിന്റെ സെക്ഷൻ 25 അനുസരിച്ച് ഈ അസറ്റ്സ് മുഴുവനും ട്രാൻസ്ഫർ ചെയ്യാൻ പറ്റില്ല. പ്രോഫിറ്റ്സ് മാത്രമേ ട്രാൻസ്ഫർ ചെയ്യാൻ പറ്റുകയുള്ളൂ. അപ്പോൾ ഈ പ്രൊവിഷൻ നിലനിൽക്കുന്നതാണോ എന്ന കാര്യത്തിൽ ഒരു വ്യക്തത വരുത്തണം. അതായത് കമ്പനി ആക്ടിലെ സെക്ഷൻ 25-ഉം ഇതിലെ സെക്ഷൻ 7(2)-ഉം തമ്മിൽ പ്രശ്നമുണ്ട്. അസറ്റ്സ് മുഴുവനായും നിലവിലിരിക്കുന്ന ഒരു കമ്പനിക്ക് ട്രാൻസ്ഫർ ചെയ്യാൻ പറ്റില്ല. മാത്രമല്ല, ഈ കമ്പനി ഡിസോൾവ് ചെയ്യപ്പെടുന്നില്ല. ഈ കമ്പനി നിലനിൽക്കുമെന്നാണ് വായിച്ചുവരുമ്പോൾ മനസ്സി ലാകുന്നത്. വ്യക്തതയില്ല. കമ്പനി നിലനിൽക്കുകയും പ്രസ്തുത കമ്പനിയുടെ അസറ്റ്സ് മുഴുവനായും ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുമെന്നും പറയുമ്പോൾ Companies Act-ലെ സെക്ഷൻ 25-ഉം ഇതിലെ സെക്ഷൻ 7(2)-ഉം തമ്മിൽ യോജിച്ചുപോകുന്നില്ല എന്നുള്ള ഗുരുതരമായൊരു പ്രശ്നമുണ്ട്.

ഡിജിറ്റൽ യൂണിവേഴ്സിറ്റി ബില്ലിലെതന്നെ 7(2)-ൽ സ്ഥാവരജംഗമ സ്വത്തുക്കളുടെ കാര്യം പറഞ്ഞു. കൂടാതെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന സമിതിയിലും ജനറൽ കൗൺസിലിലും ഈ കമ്പനിയുടെ പ്രതിനിധികൾ ഉണ്ടാകുമെന്നാണ് ഈ നിയമത്തിലെ ക്ലോസ് 11(3)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സർക്കാർ നിയമംവഴി സ്ഥാപിക്കുന്ന, ബഹുമാനപ്പെട്ട ഗവർണർ ചാൻസലറായ ഒരു സർവ്വകലാശാലയിൽ ഒരു കമ്പനിയുടെ ഡയറക്ടർമാർ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന സമിതിയിൽ ഉൾപ്പെട്ടിരിക്കുകയാണ്. കൂടാതെ, AICTE-യുടെ പ്രതിനിധികളെ ആരെയും ഈ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. യു.ജി.സി. ഗൈഡ്‌ലൈനിന് വിരുദ്ധമായ കാര്യങ്ങളാണ് ഇതിൽ കൊണ്ടുവന്നിരിക്കുന്നത്. യഥാർത്ഥത്തിൽ യു.ജി.സി. ഗൈഡ്‌ലൈനിന് വിരുദ്ധമായ കാര്യങ്ങൾ ഒരു നിയമത്തിലും കൊണ്ടുവരാൻ പാടില്ല. ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ കാര്യം പരിശോധിച്ചാലറിയാം, "സെർച്ച് കമ്മിറ്റിയുടെ പ്രഥമ വൈസ് ചാൻസലറെ സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നിയമിക്കേണ്ടതും അതിനുശേഷം വൈസ് ചാൻസലറെ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന..." സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന്റെ കോൺസ്റ്റിറ്റ്യൂഷൻ എങ്ങനെയാണെന്നാണ് പറയുന്നത്- ചാൻസലർ നിർദ്ദേശിക്കുന്ന ഒരംഗം, ബോർഡ് ഓഫ് ഗവേർണൻസ് തെരഞ്ഞെടുത്ത അംഗം, AICTE നാമനിർദ്ദേശം ചെയ്ത അംഗം, സ്റ്റേറ്റ് ചീഫ് സെക്രട്ടറി. അതിന് വിപരീതമായിട്ട് ഇവിടെ കമ്പനിയുടെ ഡയറക്ടർ ബോർഡംഗം വരികയാണ്. AICTE-യുടെ പ്രതിനിധി ഇവിടെ ഉണ്ടാകുന്നില്ല എന്നുള്ള പ്രശ്നംകൂടി കാണണം. യു.ജി.സി.-യുടെ ഗൈഡ്‌ലൈൻസിന് വിരുദ്ധമായി നമ്മൾ പ്രവർത്തിച്ചാൽ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്ക് ഇതുവരെ യു.ജി.സി.-യുടെ അംഗീകാരം കിട്ടാത്ത സാഹചര്യമുണ്ട്. അതും വളരെ ഗുരുതരമായ പ്രശ്നമാണ്. ക്ലോസ് 26 (4)-ൽ അദ്ധ്യാപകരുൾപ്പെടെയുള്ളവരുടെ നിയമനരീതി സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യണമെന്ന് പരാമർശിക്കുന്നു. 2018-ലെ യു.ജി.സി. ഗൈഡ്‌ലൈനിനനുസൃതമായി മാത്രമാണ് ഇക്കാര്യത്തിൽ വ്യവസ്ഥ രൂപീകരിക്കാൻ സാധിക്കുക. എന്നാൽ ഓർഡിനൻസ് പ്രകാരം സ്ഥാപിതമായ ഈ സർവ്വകലാശാലയിൽ യു.ജി.സി. ക്വാളിഫിക്കേഷനില്ലാത്തവരെ അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. ക്ലോസ് 26(4) യു.ജി.സി. ആക്ട് പ്രകാരമുള്ള റെഗുലേഷനുകൾക്ക് വിരുദ്ധമായ വ്യവസ്ഥയാണ്. അതിലൊരു ക്ലാരിറ്റി വേണം. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. എങ്ങനെയാണ് യു.ജി.സി. ഗൈഡ്‌ലൈൻസിന് വിരുദ്ധമായി ഓർഡിനൻസ് വഴി യു.ജി.സി. പ്രിസ്ക്രൈബ് ചെയ്യുന്ന എലിജിബിലിറ്റിയില്ലാത്ത അദ്ധ്യാപകരെ നിയമിക്കാൻ കഴിയുക എന്നുള്ളതിന് ഒരു ക്ലാരിറ്റി ഉണ്ടാകണം. യു.ജി.സി. അംഗീകാരത്തിന്റെ ഒരു പ്രശ്നംകൂടി ഇതിലുണ്ട്. അല്ലെങ്കിൽ യു.ജി.സി. അംഗീകാരം കിട്ടില്ല. യൂണിവേഴ്സിറ്റിയിലെ നേരത്തെയുള്ള അപ്പോയ്ന്റ്മെന്റ്സ് പലതും ഇർറെഗുലറായതുകൊണ്ടുള്ള

പ്രശ്നം യു.ജി.സി.-യുടെ മുന്നിലുണ്ട്. അതുകൊണ്ട് വീണ്ടും നിയമത്തിൽനിന്ന് പിറകിലേയ്ക്കുവന്ന്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് മുമ്പുള്ള ഒരു സാഹചര്യത്തിലേയ്ക്ക് പോകേണ്ടിവന്നു. സെക്ഷൻ 72, വൈഷമ്യങ്ങൾ നീക്കുന്നതനുസരിച്ച് എക്സിക്യൂട്ടീവ് ഓർഡറിറക്കി. അതാകെ വഷളാക്കി. ആ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുള്ള കേരളത്തിലെ പൊസിഷനിലേയ്ക്ക് തിരിച്ചുപോകേണ്ടിവന്നു. അതായത്, അതൊരു വെള്ളാനയായിട്ട്, ഒരു ഗുണവുമില്ലാതെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഇപ്പോൾ അന്തരീക്ഷത്തിൽ നിൽക്കുകയാണ്. ആളുകളുടെ ശമ്പളം കൊടുക്കൽ മാത്രമായി. ആ യൂണിവേഴ്സിറ്റി നിലവിൽ വരുന്നതിന് മുമ്പുള്ള സാഹചര്യം എന്തായിരുന്നു, കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ എന്നീ യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിരുന്ന അതേ സ്ഥിതിയിലേയ്ക്ക് പോകുന്നു. ഒരു പ്രയോജനവുമില്ലാതെവന്നു. അത് നിയമത്തിന്റെ പ്രശ്നം മാത്രമല്ല. നിയമത്തിന്റെ പ്രശ്നത്തിൽ യു.ജി.സി. ഗൈഡ്‌ലൈനല്ല ഇവിടെ ലീഗൽ ഒബ്ജക്ഷനായി പറയേണ്ടത് എന്നതെനിക്കറിയാം. ഒരു നിയമമുണ്ടാക്കുമ്പോൾ ക്ലാരിറ്റി വന്നില്ലെങ്കിൽ യു.ജി.സി. അംഗീകാരത്തിന് പോകുമ്പോഴുണ്ടാകുന്ന പ്രശ്നം മുൻകൂട്ടി കാണിച്ചു തന്നതാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടം വളരെ സ്ട്രിക്റ്റായിട്ട് ഫോളോ ചെയ്യേണ്ട കാര്യമാണ്. ഇത്രയും കാര്യങ്ങളാണ് പറയാനുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ, കേരള നിയമസഭ പാസ്സാക്കിയ 2015 ആഗസ്റ്റ് 31-ന് വിജ്ഞാപനം ചെയ്ത, 2015-ലെ എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലാ ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനത്തിന് സമാനമാണ്. ഭാവിയിൽ നമ്മുടെ രാജ്യത്ത് വിഷയാടിസ്ഥാനത്തിലുള്ള യൂണിവേഴ്സിറ്റികൾ പാടില്ലെന്നും യൂണിവേഴ്സിറ്റികൾ മൾട്ടി ഡിസിപ്ലിനറി ആയിരിക്കണമെന്നുമുള്ള കേന്ദ്ര സർക്കാരിന്റെയും യു.ജി.സി.-യുടെയും പ്രഖ്യാപനങ്ങൾക്ക് വിരുദ്ധമാണ് ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റി. ബില്ലിലെ പല വ്യവസ്ഥകളും സാങ്കേതിക സർവ്വകലാശാലയുടെ വളർച്ചയേയും വികാസത്തേയും തടസ്സപ്പെടുത്തുന്ന തരത്തിലുള്ളതാണ്. എ.പി.ജെ. അബ്ദുൽകലാം യൂണിവേഴ്സിറ്റി ആക്ടിലെ വകുപ്പ് 4 പ്രകാരം സർവ്വകലാശാലയുടെ ഭൂപ്രദേശ പരിധി കേരള സംസ്ഥാനം മുഴുവനും വ്യാപിച്ചിരിക്കുന്നു. സമാനമായ അധികാര പരിധിയാണ് നിർദ്ദിഷ്ട ഡിജിറ്റൽ സർവ്വകലാശാലയ്ക്കും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പി.എച്ച്.ഡി. (ഫുൾടൈം, പാർട്ട് ടൈം), അണ്ടർ ഗ്രാജ്വേറ്റ്, ഗ്രാജ്വേറ്റ് പാഠ്യപദ്ധതികൾ തുടങ്ങി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിർവ്വഹിക്കുന്ന അതേ പാഠ്യക്രമം തന്നെയാണ് ഡിജിറ്റൽ സർവ്വകലാശാല പാഠ്യക്രമത്തിൽ ഉൾപ്പെടുത്തുന്നതായി ബില്ലിൽ കാണിച്ചിട്ടുള്ളത്. സർവ്വകലാശാല നിയമത്തിലെ 5 (f) വകുപ്പിലെ വ്യവസ്ഥതന്നെയാണ് ബില്ലിലെ

5 (l)-ലും ഉള്ളത്. അന്തർവിജ്ഞാന ശാഖാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്ന 5 (g) വ്യവസ്ഥ ബില്ലിൽ 5 (f) ആയി ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ ആക്ടിലെ വകുപ്പ് 5-ൽ g, j, k, l, o എന്നിവയിൽ പ്രതിപാദിക്കുന്ന അധികാര പ്രവർത്തനമേഖല തന്നെയാണ് ഡിജിറ്റൽ സർവ്വകലാശാലാ ബില്ലിലെ 5-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സാങ്കേതിക സർവ്വകലാശാല ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തദ്ദേശീയ സാങ്കേതികവിദ്യയുടെ വികസനത്തിനും ഗവേഷണ പരിപാടിക്കുള്ള എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നതിനും അപ്ലൈഡ് ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുക, നൂതന കണ്ടെത്തലുകൾക്കും സ്ഥാപനപര മാനേജ്മെന്റ് പരിപാടികൾക്കും സഹായം നൽകുന്നതിനും സാമൂഹിക വികസന പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും എഞ്ചിനീയറിംഗ്, ശാസ്ത്രം, സാങ്കേതിക ശാസ്ത്രം എന്നീ മേഖലകളിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയ കർത്തവ്യങ്ങളെല്ലാംതന്നെ നിർദ്ദിഷ്ട ഡിജിറ്റൽ സർവ്വകലാശാല ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് കേരള നിയമസഭ 2015-ൽ പാസ്സാക്കിയ എ.പി.ജെ. അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിയമത്തിന് സമാനമായതാണ്. നിലവിൽ പാസ്സാക്കുന്ന നിയമം ഇപ്പോൾ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പ്രവർത്തനത്തെ തളർത്തുന്നതിനും അതിന്റെ പ്രവർത്തന മേഖലയിൽ അതിക്രമിച്ച് കയറി സാങ്കേതിക സർവ്വകലാശാലയുടെ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഗവേഷണ വിദ്യാർത്ഥികളുടെ പ്രതീക്ഷകളെ പ്രതികൂലമായി ബാധിക്കുന്നതിനും കാരണമാകുന്നു. ഇത് സർവ്വകലാശാലയുടെ വികസനത്തിന് തടസ്സമായിത്തീരുന്നതാണ്. അതിനാൽ നിലവിലുള്ള 2015-ലെ സാങ്കേതിക സർവ്വകലാശാല ആക്ടിന് ഭേദഗതി വരുത്താതെ സമാന വ്യവസ്ഥകളോടെ ഒരേ അധികാര ഭൂപരിധിയിൽ പ്രവർത്തിക്കാൻ അനുമതി ലഭിക്കുന്നതിനായി കൊണ്ടുവരുന്ന ഈ ബിൽ ക്രമപ്രകാരമുള്ളതല്ലാത്തതിനാൽ അവതരണാനുമതി നൽകരുതെന്നും ബിൽ പിൻവലിക്കണമെന്നും ഈ കാര്യത്തിൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഈ ബില്ലിനെ സംബന്ധിച്ച് 2018-ലെ ബഡ്ജറ്റിൽ പറയുന്നത്, കേരളത്തിലെ വിവര വിനിമയ വ്യവസായം മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഐ.ഐ.ഐ.ടി.എം.കെ.-യെ യു.ജി.സി. അംഗീകാരമുള്ള ഡീംഡ് യൂണിവേഴ്സിറ്റിയാക്കി ഉയർത്തുമെന്നാണ്. 22-1-2018-ൽ ഗവർണറുടെ നയപ്രഖ്യാപനത്തിലും ഐ.ഐ.ഐ.ടി.എം.കെ.-യെ യൂണിവേഴ്സിറ്റിയായി ഉയർത്തുമെന്ന് പറയുന്നുണ്ട്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുമ്പോൾ ഇതിനെ ഒരു സ്പോൺസറിംഗ് എന്റിറ്റിയായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഐ.ഐ.ഐ.ടി.എം.കെ.യെ സർവ്വകലാശാലയായി ഉയർത്തുമെന്ന് ഗവർണറുടെ നയപ്രഖ്യാപനവും നിയമസഭയിൽ അവതരിപ്പിച്ച ബജറ്റും കഴിഞ്ഞിട്ട്

എപ്പോഴാണ് ഇതൊരു സ്പോൺസറിംഗ് എൻറ്റിറ്റിയായി മാറുന്നത്. ഒരു കമ്പനി സ്പോൺസർ ചെയ്യുന്ന ഒരു സർവ്വകലാശാലയായി ഈ സർവ്വകലാശാല മാറുകയാണ്. ഇതിന്റെ വകുപ്പ് 5 (n)-ൽ "ഗവേഷണത്തിലൂടെയും കൺസൾട്ടിംഗിലൂടെയും ബൗദ്ധിക സ്വത്ത് ഉണ്ടാക്കുകയും ധനസമ്പാദനം നടത്തുകയും ചെയ്യുക" എന്ന് പറയുന്നുണ്ട്; ഒരു സർവ്വകലാശാല പ്രത്യേകിച്ച് നിയമനിർമ്മാണത്തിൽ ധനസമ്പാദനം നടത്തുകയെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ ഒരുപാട് നിയമനിർമ്മാണത്തിൽ ഞാൻ പങ്കെടുത്തിട്ടുള്ളതാണ്. എവിടേയും ഇത്തരത്തിൽ കണ്ടിട്ടില്ല. മൂന്നാമത്തെ കാര്യം, സർവ്വകലാശാലയുടെ വ്യാപ്തി വ്യക്തമാക്കുന്ന ഭൂപ്രദേശ പരിധി. എ.പി.ജെ. അബ്ദുൽകലാം യൂണിവേഴ്സിറ്റിയുടെ ബില്ലിൽ ഭൂപ്രദേശ പരിധി കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ഈ സർവ്വകലാശാലയുടെ ഭൂപ്രദേശ പരിധി എവിടെയാണെന്ന് ഇതിൽ എവിടേയും പറയുന്നില്ല. അതുപോലെ തന്നെ ആവർത്തനച്ചെലവ് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എത്രയാണെന്ന് കാണിച്ചിട്ടില്ല. 75 കോടി രൂപ മാറ്റിവച്ചിരിക്കുന്നുവെന്ന് പറയുന്നതല്ലാതെ ആവർത്തനച്ചെലവ് എത്രയാണെന്ന് കാണിക്കാത്തത് നിയമപരമായ ന്യൂനതയാണ്. ഈ ന്യൂനതകൾ പ്രകാരം ഈ ബിൽ അവതരിപ്പിക്കാൻ അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങളിൽ പലതും ബില്ലിന്റെ ഉള്ളടക്കത്തെ പരാമർശിക്കുന്നതാണ്. സാധാരണ സബ്ജക്റ്റ് കമ്മിറ്റിയുടെ ചർച്ചയ്ക്ക് വിധേയമാകുന്നതോ, അല്ലെങ്കിൽ സഭതന്നെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ ചെയ്യുന്ന സന്ദർഭത്തിലോ വരുന്ന കാര്യങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ട പല പ്രധാനപ്പെട്ട പ്രശ്നങ്ങളും. എന്നാൽ അല്ലാതെ ചില കാര്യങ്ങൾ ഉന്നയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നിയമത്തിന്റെ അവതരണ ഘട്ടത്തിൽ മൂന്ന് കാര്യങ്ങളാണ് പ്രധാനമായും പരിശോധിക്കുന്നത്. ഒന്ന്, സഭയ്ക്ക് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയുണ്ടോ, നിയമനിർമ്മാണ അധികാരമുണ്ടോ? ബഹുമാനപ്പെട്ട മെമ്പർ എൻ. ഷംസുദ്ദീൻ അദ്ദേഹത്തിന്റെ നോട്ടീസിൽ ഭരണഘടനാ വിരുദ്ധമാണെന്ന് മാത്രമെ എഴുതിയിട്ടുള്ളൂ. ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിലാണ് എക്സ്പ്ലനേഷൻ നടത്തിയത്. സ്റ്റേറ്റ് ലിസ്റ്റിന്റെ എൻട്രി 32, അസോസിയേഷൻ ഓഫ് യൂണിവേഴ്സിറ്റി, വളരെ കൃത്യമായി പറയുന്നുണ്ട്. അപ്പോൾ ഇക്കാര്യത്തിൽ ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയുണ്ട്. കൺകറന്റ് ലിസ്റ്റിൽ, ലിസ്റ്റ് 25, അത് യൂണിയൻ ലിസ്റ്റിന്റെ 63, 64, 65, 66-മായി ചേർത്താണ് വായിക്കുന്നത്. കേന്ദ്രത്തിന് അധികാരമുള്ളത് 63, 64, 65, 66 എന്നിവയിലാണ്, അതിലേയ്ക്ക് നമ്മൾ കടക്കുന്നതേയില്ല. നമ്മൾ ഇൻകോർപ്പറേഷൻ ഓഫ് യൂണിവേഴ്സിറ്റീസ്, സംസ്ഥാന നിയമസഭകൾക്ക് അധികാരമുള്ളതാണ്, അപ്പോൾ പൂർണ്ണമായിട്ടും ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയുണ്ട്. രണ്ടാമത്തേത്, ഭരണഘടനയ്ക്ക് വിരുദ്ധമാണോ എന്നതാണ്. അദ്ദേഹം ഒരു

അസാധാരണമായ ഇന്റർപ്രട്ടേഷനാണ് നടത്തിയത്. അത് ചരിത്ര രേഖയായി മാറേണ്ട ഒന്നാണ്. കാരണം ഭരണഘടനയിൽ ഉള്ളതെല്ലാം ഈ നിയമത്തിൽ ആവർത്തിക്കുന്നതുകൊണ്ട് അത് ഭരണഘടനാ വിരുദ്ധമാണെന്നാണ് അങ്ങ് പറഞ്ഞത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭരണഘടനയിൽ പറയുന്ന കാര്യം എല്ലാ കാര്യങ്ങൾക്കും ബാധകമാണ്, അത് പ്രത്യേകം പറയുമ്പോൾ അങ്ങനെയല്ലാതെയും ചെയ്യാമെന്ന ധ്വനി വരും, അതാണ് എന്റെ വാദം.

ശ്രീ. പി. രാജീവ്: സർ, ഇന്റർപ്രട്ടേഷനാണെന്ന് പറഞ്ഞു, ഭരണഘടനയിൽ പറയുന്ന കാര്യങ്ങൾ അതിനനുസൃതമായിരിക്കണമെന്നതാണ് നമ്മൾ പരിശോധിക്കുന്നത്. അത് ഒന്നുകൂടി ഉറപ്പിച്ച്, ബില്ലിനകത്ത് വ്യവസ്ഥകളുടെ ഭാഗമായി വരുന്നത് ഭരണഘടനാപരമായിട്ടുള്ള ചുമതല പൂർണ്ണമായും നിർവ്വഹിക്കുന്നുവെന്നാണ് അർത്ഥമാക്കേണ്ടത്. ഇത് ചോദ്യം ചെയ്യപ്പെടേണ്ട ഒന്നായിട്ട് എനിക്ക് തോന്നുന്നില്ല. മൂന്നാമത്, കേന്ദ്ര നിയമങ്ങളുമായി കോൺട്രഡിക്ഷൻ ഉണ്ടോ, നമ്മൾ ആ അധികാര പരിധിയിൽ കയറുന്നുണ്ടോയെന്നുള്ളതാണ് പ്രധാനമായും പരിശോധിക്കുന്നത്. അത് ഇവിടെ ഉന്നയിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിനുള്ള പൂർണ്ണമായ അവകാശം സംസ്ഥാന ഗവൺമെന്റിനുണ്ട്. ഇവിടെ ഉന്നയിച്ച ഒരു പ്രശ്നം, സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നു, അപ്പോൾ ഇങ്ങനെയൊരു ബിൽ കൊണ്ടുവരാമോ എന്നതാണ്. ടെക്നോളജി എന്നുള്ളതും ഡിജിറ്റൽ സയൻസ്, അതുരണ്ടും ഈക്വൽ അല്ല, അത് അതിവേഗത്തിൽ മാറുന്ന ഒന്നാണ്. സാങ്കേതിക സർവ്വകലാശാല ഏത് മേഖലയിൽ കേന്ദ്രീകരിക്കുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചൂണ്ടിക്കാട്ടിയതുപോലെ, അതിനകത്ത് വ്യക്തമാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് ഈ മേഖലകളിലാണ് അത് കേന്ദ്രീകരിക്കുന്നത്. മൾട്ടി ഡിസിപ്ലനറി എന്നത് സംബന്ധിച്ച് അദ്ദേഹം ഒരു പരാമർശം നടത്തുകയുണ്ടായി. ഈ സർവ്വകലാശാലയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത This is a multi disciplinary University എന്നതാണ്. അതോടൊപ്പംതന്നെ ഇതൊരു അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റി അല്ല. അതിവേഗത്തിൽ മാറുന്ന സാങ്കേതിക മേഖലയിലെ മാറ്റം എല്ലാ വിജ്ഞാന മേഖലകളിലേയ്ക്കും വിന്യസിപ്പിക്കാനുള്ള വളരെ ഫ്ലെക്സിബിളായിട്ടുള്ള ഘടനകൂടിയുള്ള യൂണിവേഴ്സിറ്റിയാണ്. അതുകൊണ്ടാണ് ഇപ്പോൾ സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസ്, സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, സ്കൂൾ ഓഫ് ഇലക്ട്രോണിക് സിസ്റ്റംസ് ആൻഡ് ഓട്ടോമേഷൻ, സ്കൂൾ ഓഫ് ഇൻഫോർമാറ്റിക്സ്, സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്ട് എന്നിവ വന്നിട്ടുള്ളത്. ഇന്റഗ്രേഷൻ എന്നുള്ളത് സാധാരണ ചേരുന്ന ഘടകമല്ല. അതാണ് 5 സ്കൂളുകൾ ഈ നിയമം വിഭാവന ചെയ്യുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

അതുപോലെ പുതിയ കോഴ്സുകൾ മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ്, ജിയോ സ്പെഷ്യൽ അനലെറ്റിക്, ബിഗ് ഡേറ്റാ അനലെറ്റിക്, ബയോ കംപ്യൂട്ടിംഗ്, ഇങ്ങനെയുള്ള പുതിയ മേഖലകളെയാണ് ഈ സർവ്വകലാശാല പഠിപ്പിക്കാനുദ്ദേശിക്കുന്നത്, അതും ബിരുദാനന്തര പഠനവും ഗവേഷണവുമാണ്. അതുകൊണ്ട് ഇവ തമ്മിൽ കോൺട്രഡിക്റ്ററി അല്ല. ഈ കാര്യത്തിൽ നമുക്ക് ധാരാളം അനുഭവങ്ങളുണ്ട്. മലയാളം സർവ്വകലാശാല, സംസ്കൃതം സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല എന്നിവയൊന്നും മറ്റ് നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടല്ല വന്നത്. അതുമാത്രമല്ല, ഈ നിയമം കേന്ദ്ര നിയമത്തിന് വിരുദ്ധവുമല്ല എന്നതുകൊണ്ടും വാദം നിലനിൽക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ ഗൗരവമായി പ്രശ്നങ്ങളുന്നയിച്ചിട്ടുണ്ട്, ധനകാര്യമെമ്മോറാണ്ടം ബില്ലിനകത്ത് പ്രതിപാദിക്കുന്നുണ്ട്. ബില്ലിൽ പറയുന്നതുപോലെ "ബിൽ നിയമമാക്കി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പു ചെലവുകൂടി നൽകേണ്ടതാകുന്നു." മതിപ്പുചെലവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഇവിടെ ഉന്നയിച്ചിരുന്നു. ധനസമ്പാദനം എങ്ങനെയൊക്കെ എന്നാണ് ചോദിച്ചത്. പുതിയ സർവ്വകലാശാല പുതിയ കാഴ്ചപ്പാടനുസരിച്ചുള്ളതാണ്. പ്രോജക്ടുകൾ, കൺസൽട്ടൻസി, പേറ്റന്റ്, ബൗദ്ധിക സ്വത്തവകാശം എന്നിവയിലൂടെയെല്ലാം ലഭ്യമാകുന്ന വരുമാനത്തിൽനിന്നും ആവർത്തന ചെലവുകൾക്കുള്ള വരുമാനം കണ്ടെത്തുകയാണ്, അതുവഴി വിദ്യാർത്ഥിക്കുമേൽവരുന്ന ഭാരം കുറയ്ക്കുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചതുപോലെ വാണിജ്യമല്ല, അത് വിദ്യാർത്ഥിയുടെ ഭാരംകുറയ്ക്കലാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ ആവർത്തനച്ചെലവുപോലും വളരെ വലുതായിരിക്കും. ഉയർന്ന നിലവാരത്തിലുള്ള അദ്ധ്യാപകരെ കിട്ടണമെങ്കിൽ ഉയർന്ന വേതനം നൽകണം. അതിലൊന്നും കുറവ് വരുത്താൻ ഉദ്ദേശിക്കുന്നില്ല. മതിപ്പ് ചെലവിലെ ആവർത്തന ചെലവ് അവിടെ നിന്നുതന്നെ സമാഹരിക്കുന്ന രൂപത്തിൽ കണ്ടിരിക്കുന്നതെന്നതിനാലാണ് അങ്ങനെ പരാമർശിച്ചത്. കമ്പനി നിയമത്തിലെ സെക്ഷൻ 25 (പുതുക്കിയ നിയമപ്രകാരം സെക്ഷൻ 8) എന്നത് നോൺ പ്രോഫിറ്റിംഗ് ആയിട്ടുള്ള കമ്പനികൾ രൂപീകരിക്കാനുള്ളതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്-കേരള (IIITM-K) എന്ന സ്ഥാപനം നേരെ യൂണിവേഴ്സിറ്റിയാകുമെന്നാണല്ലോ പറഞ്ഞിരിക്കുന്നത്, ഇത് എങ്ങനെ കമ്പനിയായിട്ട് വരും? ഇതാണ് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥിന്റെ ചോദ്യം. കമ്പനിയായിത്തന്നെയാണ് IIITM-K നിൽക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ കമ്പനി നിയമത്തിലെ 25-ാം സെക്ഷൻ (പുതുക്കിയ സെക്ഷൻ 8) പ്രകാരം രൂപീകരിച്ച കമ്പനിയാണ്, പ്രോഫിറ്റ് മേക്കിംഗ് സ്വഭാത്തിലുള്ളതല്ല, അതിന്റെ സ്വത്ത് ഗവൺമെന്റിന്റേതാണ്. നമ്മൾ ലീസിന് കൊടുത്ത ഭൂമിയാണ്.

അതും fully government owned company തന്നെയാണ്. ഇതും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. ലീസിന് കൊടുത്ത ഭൂമിയാണ്, അവരുടെ ഉടമസ്ഥാവകാശത്തിലുള്ളതല്ല. ഒറ്റനോട്ടത്തിൽ അങ്ങനെയാണെന്ന് തോന്നുമെങ്കിലും ഇങ്ങനെ വ്യാഖ്യാനിച്ചാൽ ഉന്നയിച്ച വാദം നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രസ്തുത കമ്പനി, കമ്പനി ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ടതാണ്. സർക്കാർ ഉടമസ്ഥതയിലുള്ളതാണോ, അല്ലയോ എന്നുള്ളത് മറ്റൊരു കാര്യം. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കമ്പനിയും ഗവൺമെന്റിന്റെ തന്നെ സർവ്വകലാശാലയും തമ്മിലുള്ള ഇടപാടുകൾ ഒക്കെ ശരിയായിരിക്കാം. പക്ഷെ നിയമപരമായി കമ്പനി ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് ഇൻകോർപ്പറേറ്റ് ചെയ്യപ്പെട്ട ഒരു കമ്പനിയുടെ ആസ്തികൾ കൈമാറ്റം ചെയ്യുന്നത് കേന്ദ്രനിയമത്തിലെ വ്യവസ്ഥകൾക്കെതിരാണ്. അതുകൊണ്ടുതന്നെ ഈ ബില്ലിലെ സെക്ഷൻ 7(2) പൊരുത്തമില്ലാത്തതാണ്. അങ്ങ് പറഞ്ഞിരിക്കുന്നത് യഥാർത്ഥത്തിൽ നടക്കുന്ന കാര്യമാണ്. പക്ഷേ നിയമപരമായി IIITM-K കമ്പനി ആക്ട് പ്രകാരം രൂപീകരിച്ച ഒരു സ്ഥാപനമാണ്.

ശ്രീ. പി. രാജീവ്: സർ, അങ്ങനെ വരില്ല. അതിനുകാരണം, കമ്പനീസ് ആക്ടിലെ സെക്ഷൻ 8-ൽ പറയുന്നത് പ്രോഫിറ്റ് വേണമെങ്കിൽ അതേ ഒബ്ജക്റ്റിനു വേണ്ടി ഉപയോഗിക്കാമെന്നും ഡിവിഡന്റ് കൊടുക്കരുതെന്നുമാണ്. മറ്റൊന്ന് നേരത്തെ അങ്ങ് പറഞ്ഞതുപോലെ, dissolution സന്ദർഭത്തിലാണെങ്കിൽ, ഇതേ സെക്ഷൻ 8 പ്രകാരം രജിസ്റ്റർ ചെയ്ത ഇതേ ഒബ്ജക്ടുള്ള മറ്റൊരു കമ്പനിക്ക് അസറ്റ് കൈമാറാം, ഇതൊക്കെയാണ് പറഞ്ഞിരിക്കുന്ന നിബന്ധനകൾ. ഇവിടത്തെ അസറ്റ് എന്നുപറയുന്നത് പാട്ടത്തിനുനൽകിയ ഭൂമിയാണ്. നൂറുശതമാനവും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. മാറുന്നതും government owned company ആയിത്തന്നെയാണ്. ഇതിനായി ഒരു പരിവർത്തന കാലയളവുണ്ട്. ഇത് പരിശോധിക്കാൻ ഒരു കമ്മിറ്റിയുണ്ട്. എല്ലാകാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളത് പൂർണ്ണമായും നിയമപരമായിത്തന്നെയാണ്. ബഹുമാന്യരായ പ്രതിപക്ഷനേതാവും പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവരും ഉയർത്തിക്കാട്ടിയ ഉത്കണ്ഠ ശരിയാണ്. യു.ജി.സി.-യുടെ അംഗീകാരം കിട്ടേണ്ടതാണ്. അംഗീകാരം കിട്ടാൻ ശ്രമിക്കണം എന്നെല്ലാം പറഞ്ഞതും വ്യവസ്ഥകൾ അതിനുതകുന്നതായിരിക്കണം എന്ന ഉത്കണ്ഠയുമൊക്കെ ഞങ്ങളും പങ്കുവയ്ക്കുന്നു. ഓർഡിനൻസ് പ്രകാരം പ്രവർത്തനമാരംഭിച്ച പ്രസ്തുത ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ഇതിനകംതന്നെ യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ടെന്നാണ് എനിക്ക് ഈ സഭയെ അറിയിക്കാനുള്ളത്. എന്നുമാത്രമല്ല, യൂണിവേഴ്സിറ്റിക്ക് AICTE (All India Council for Technical Education)-യുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട്. മറ്റൊരു വാദം അങ്ങ് പറഞ്ഞത്, ചിലപ്പോൾ വേണ്ടത്ര

ശ്രദ്ധിക്കാതെയാവാം, ആരേയും അവിടെ നിയമിച്ചിട്ടില്ല. ഇപ്പോൾ IIITM-K -ൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. ഒരാളെപ്പോലും അധികമായി നിയമച്ചിട്ടില്ല, അങ്ങനെ നിയമനം നടക്കുമ്പോൾ യു.ജി.സി. വ്യവസ്ഥകൾക്കനുസരിച്ച് മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാന്യനായ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞ കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു, ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ അതേ കാഴ്ചപ്പാടല്ല പുതിയ സർവ്വകലാ ശാലയ്ക്കുള്ളത്. പക്ഷേ രണ്ടും പരസ്പര പൂരകങ്ങളാണ്. പുതിയ സർവ്വകലാശാല ഗവേഷണത്തിലും ബിരുദാനന്തര ബിരുദത്തിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുമാണ്. ഇതിനനുയോജ്യരായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിജ്ഞാനത്തൊഴിലാളികളെ ഉത്പാദിപ്പിക്കുന്നതോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ നമ്മുടെ പരമ്പരാഗത വ്യവസായം, ആധുനിക വ്യവസായം, പുതുതലമുറ വ്യവസായം തുടങ്ങിയവയ്ക്കൊക്കെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ടെക്നോളജിയെ സ്വാംശീകരിക്കാൻ കഴിയണം. അത് സാധ്യമാകണമെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ ശക്തിയെ നവീകരിക്കണം. ആദ്യമായി പഠിക്കാൻ വരുന്നവർക്ക് മാത്രമല്ല, തുടർച്ചയായി വരുന്ന മാറ്റങ്ങൾക്കനു സരിച്ച് നവീകരണത്തിനുള്ള കോഴ്സുകൾ കൂടി ഇതിനകത്ത് വിഭാവന ചെയ്യുന്നുണ്ട്. ഇന്നത്തെ കാലഘട്ടത്തിനാവശ്യമായ രൂപത്തിലാണ് സർവ്വകലാശാല വിഭാവന ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പറഞ്ഞ കേരള സംസ്ഥാനവുമായി ബന്ധപ്പെട്ടത് എന്നതെല്ലാം പീഠികയിൽ സൂചിപ്പിച്ചതുതന്നെയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സാങ്കേതിക സർവ്വകലാശാലയുടെ ഭൂപ്രദേശ പരിധി സംസ്ഥാനമൊട്ടാകെയാണെന്നും ആസ്ഥാനം തിരുവനന്തപുരമാകുമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിൽ അങ്ങനെ കണ്ടില്ല, അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. പി. രാജീവ്: സർ, ഈ ബില്ലിലെ പ്രശ്നങ്ങളാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അങ്ങയുടെ വാദം ബിൽ അവതരിപ്പിക്കപ്പെടുന്നതിന് തടസ്സമല്ല. വകുപ്പ് തിരിച്ച് ചർച്ച ചെയ്യുമ്പോൾ എങ്ങനെയൊക്കെ വേണമെന്ന് ഓരോ അംഗത്തിനും ചർച്ച ചെയ്യാം. ഞാൻ പറഞ്ഞത് പീഠികയിൽത്തന്നെ കേരള സംസ്ഥാനത്തിന് ബാധക മാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആവർത്തനച്ചെലവ് നേരത്തെ സൂചിപ്പിച്ച പോലെയാണ് കണ്ടത്. കഴിഞ്ഞ വർഷങ്ങളിലൊക്കെ പ്രവർത്തിച്ചത് നോൺപ്ലാൻ ഗ്രാന്റ് നൽകാ തെയാണ്. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചതും നോൺപ്ലാൻ ഗ്രാന്റില്ലാതെയാണ്. ഗവേഷണം, ബൗദ്ധിക സ്വത്തവകാശം, കൺസൽട്ടൻസി, പ്രോജക്ടുകൾ എന്നിവയുടെയടിസ്ഥാനത്തിൽ ലഭ്യമാകുന്ന വരുമാനത്തെ ആധാരമാക്കി പ്രവർത്തിക്കാമെന്നാണ് കണ്ടിട്ടുള്ളത്. സ്പോൺസറിംഗ് അതോറിറ്റിയെക്കുറിച്ചും

പറഞ്ഞുകഴിഞ്ഞു. നേരത്തെ കമ്പനിയായിരുന്നത് ഈ രൂപത്തിലേയ്ക്ക് മാറുകയാണ്, ബാംഗ്ലൂരിലെല്ലാം ഇങ്ങനെയാണ്. IIITM-K രൂപത്തിലുള്ള കമ്പനികൾ ഇന്ത്യയിലും ലോകത്തെല്ലായിടത്തും യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറിയിട്ടുണ്ട്. ഈ ബില്ലും ആ കാഴ്ചപ്പാടിനനുസൃതമാണ്. ബിൽ അവതരിപ്പിക്കുന്നതിന് സൂചിപ്പിച്ച ഈ തടസ്സങ്ങളൊന്നും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്നതല്ലാത്തതിനാൽ ബിൽ അവതരിപ്പിക്കാൻ അനുവദിക്കണമെന്നഭ്യർത്ഥിക്കുന്നു.

4.00 P.M.]

## റൂളിംഗ്

മി. സ്പീക്കർ: 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിന്റെ അവതരണത്തിനെതിരെ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ഉന്നയിച്ചത് ഈ ബില്ലിലെ വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയ്ക്കും പബ്ലിക് ഓർഡറിനും വിരുദ്ധമാണെന്നാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച വിഷയങ്ങളൊക്കെത്തന്നെ ബില്ലിന്റെ ഉള്ളടക്കത്തിൽ വന്നുചേർന്നിട്ടുള്ളതായി പറയപ്പെടുന്ന വൈരുദ്ധ്യങ്ങളെ സംബന്ധിച്ചുള്ളതാണ്. അതുപോലെ ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നത്തിലും ബില്ലിന്റെ വകുപ്പുകളിൽ ഉളവായിട്ടുള്ള വ്യക്തതക്കുറവിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അതോടൊപ്പം ബില്ലിലെ ധനകാര്യമെമ്മോറാണ്ടത്തിന്റെ അവസ്ഥയെ സംബന്ധിച്ചും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നത്തിലും ബില്ലിലെ ധനകാര്യമെമ്മോറാണ്ടം പൂർണ്ണമല്ലെന്നും ബിൽ അന്തിമമായി പാസ്സാക്കുന്നതിനു മുമ്പായി പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യേണ്ടതാണെന്നും സൂചിപ്പിക്കുകയുണ്ടായി.

ഇവിടെ ഉന്നയിക്കപ്പെട്ട പൊതുവായ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. ഉന്നയിക്കപ്പെട്ട ക്രമ പ്രശ്നങ്ങളിന്മേൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ചെയർ പരിശോധി ക്കുകയുണ്ടായി. ഒരു നിയമനിർമ്മാണ പ്രൊപ്പോസൽ എന്ന നിലയിൽ ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്ന വേളയിൽ പ്രധാനമായും ക്രമപ്രശ്നങ്ങളായോ തടസ്സവാദമായോ ഉന്നയിക്കാറുള്ളത് പ്രസ്തുത ബിൽ പരിഗണിക്കുവാൻ ഈ സഭയ്ക്ക് ഭരണഘടനാപരമായ അധികാരം ഉണ്ടോയെന്നും ബില്ലിന്റെ ഘടനയിൽ നിർബന്ധമായും ഉണ്ടാകേണ്ട ഘടകങ്ങൾ ചേർത്തിട്ടുണ്ടോയെന്നും അവ പര്യാപ്തമാണോ എന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള വസ്തുതകളാണ്. മറ്റു കാര്യങ്ങളൊക്കെത്തന്നെ ബില്ലിന്റെ വിശദമായ പരിഗണനാ വേളയിലും ബന്ധപ്പെട്ട കമ്മിറ്റി തലത്തിലും പിന്നീട് സഭാ തലത്തിലും വിശദമായി പരിഗണിച്ച് യുക്തമായ തീരുമാനം

കൈക്കൊള്ളുക എന്നതാണ് നമ്മുടെ സഭയിലെ കീഴ്വഴക്കവും നടപടിക്രമവും. അതുകൊണ്ടുതന്നെ ബില്ലിന്റെ അവതരണവേളയിൽ അതിലെ ഉള്ളടക്കത്തെക്കുറിച്ച് ഉന്നയിച്ച ക്രമപ്രശ്നങ്ങൾ ഒന്നുംതന്നെ നിലനില്ക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. എന്നാൽ ബില്ലിലെ ധനകാര്യമെമ്മോറാണ്ടത്തെ സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ചെയർ ആഗ്രഹിക്കുന്നു. ബില്ലിൽ അവശ്യം ചേർത്തിരിക്കേണ്ട ധനകാര്യമെമ്മോറാണ്ടത്തെ സംബന്ധിച്ച് സഭയിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളിൽ വ്യത്യസ്തങ്ങളായ ഒട്ടനവധി റൂളിംഗുകൾ എന്റെ മുൻഗാമികളിൽനിന്നും ഉണ്ടായിട്ടുണ്ട്. ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ലെങ്കിലും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചർ പറഞ്ഞില്ലെങ്കിലും ബില്ലിന്റെ അവതരണം ഓർഡറിലാണെന്ന് 1988 ജൂൺ 20-ാം തീയതിയിൽ ഈ സഭയിൽ റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതുപോലെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ബില്ലിൽ റെക്കറിംഗ് ആൻഡ് നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചർ വ്യക്തമായി ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിരിക്കണമെന്ന് 1996 സെപ്റ്റംബർ 6, 1998 ഏപ്രിൽ 1 എന്നീ തീയതികളിലും റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഈ അടുത്ത കാലത്തായി നാം സ്വീകരിച്ചു വരുന്നത് ബില്ലിന് രൂപം നൽകുമ്പോൾത്തന്നെ പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ രൂപപ്പെടാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് വ്യക്തതയോടെ ധനകാര്യമെമ്മോറാണ്ടത്തിൽ ചേർക്കുക എന്ന രീതിയാണ്.

ഈ സഭ ഏറ്റവും ഒടുവിൽ പാസ്സാക്കിയ സർവ്വകലാശാല നിയമമായ 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിൽ വ്യക്തമായും ആവർത്തകവും അനാവർത്തകവുമായ ചെലവുകളെ സംബന്ധിച്ച് പരാമർശി ച്ചിരുന്നു എന്ന് കാണാവുന്നതാണ്. ബില്ലുകളിലെ ധനകാര്യമെമ്മോറാണ്ടത്തെ സംബന്ധിച്ച് അത്തരം മാതൃക സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് അറിയിക്കുന്നു. തടസ്സവാദങ്ങൾ തള്ളിയിരിക്കുന്നു. ബില്ലിന് അവതരണാനുമതി നൽകുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുഹമ്മദ് മുഹസിൻ)

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വിശദമായ ചർച്ചയ്ക്കായി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ട ബില്ലായതിനാൽ ദീർഘമായൊരു അവതരണ പ്രസംഗത്തിന് തയ്യാറാകുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ, ഡിജിറ്റൽ സാങ്കേതിക വിദ്യാരംഗത്ത് ആഗോളനിലവാരം ഉറപ്പാക്കുന്ന രൂപത്തിലുള്ള ഉന്നത വിദ്യാഭ്യാസ സംവിധാനം രൂപീകരിക്കുകയെന്നതാണ് പ്രധാനമായും ഇത് ലക്ഷ്യം വയ്ക്കുന്നത്. അതാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി എന്നപേരിൽ കേരള ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് രൂപം കൊടുത്തിരിക്കുന്നത്. ഇത് ഡിജിറ്റൽ രംഗത്തെ ബിരുദാനന്തര പഠനവും അതോടൊപ്പം ഗവേഷണവുമാണ് പ്രധാനമായും കേന്ദ്രീകരിക്കുന്നത്. അതിന് സാധിക്കുന്ന കർമ്മ പരിപാടികൾ, പ്രവർത്തന പദ്ധതി, പഠന പരിശീലന രംഗം അതുവഴി ഒരു വിജ്ഞാന വ്യവസ്ഥയെ പുതിയ രൂപത്തിൽ കരുപിടിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കേവലം സാങ്കേതിക പ്രതിഭകളെ വളർത്തിയെടുക്കുക എന്നതു മാത്രമല്ല, ഇന്നത്തെ കാലഘട്ടത്തിൽ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായുള്ള മാനവ വിഭവങ്ങളെ ഉറപ്പുവരുത്തുകയെന്നുള്ളതാണ്. അതിൽ പ്രധാനമായും ഗവൺമെന്റ് കാണുന്നത്, ഇന്ത്യയിലും പുറത്തുമുള്ള പ്രശസ്തമായ സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായിട്ടുള്ള നിരന്തര ബന്ധംവഴി അത്തരം വിജ്ഞാനങ്ങളെയാകെ ഏകോപിപ്പിച്ചുകൊണ്ട് നാടിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഈ സർവ്വകലാശാലയെ വളർത്തുകയെന്നുള്ളതാണ്. രണ്ടാമതായി ഈ ഗവൺമെന്റ് എപ്പോഴും പറയുന്ന അക്കാദമിക് - ഇൻഡസ്ട്രി ലിങ്കേജാണ്. അക്കാദമിക ഗവേഷണ വ്യവസ്ഥയുടെ മികവും വ്യവസായ രംഗവുമായി ചേർത്തിണക്കിക്കൊണ്ടുള്ള ഒരു പ്രവർത്തന പദ്ധതിക്ക് ഈ സർവ്വകലാശാല സഹായിക്കുമെന്നുള്ളതാണ്. നേരത്തെ പറഞ്ഞതുപോലെ, കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിൽ പുതിയ സാങ്കേതിക വിദ്യകൾ വരുന്നുണ്ട്. എന്നാൽ അത് നമുക്ക് വേണ്ടത്ര സന്നിവേശിപ്പിക്കാൻ കഴിയുന്നില്ല. നിലവിലുള്ള നമ്മുടെ വ്യവസായങ്ങൾക്കും ന്യൂ-ജനറേഷൻ വ്യവസായങ്ങൾക്കും ആവശ്യമായുള്ള ഒരു വിഭവശേഷികൂടി ഉറപ്പുവരുത്താൻ ഈ സർവ്വകലാശാല ഉദ്ദേശിക്കുന്നു. കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയാക്കി മാറ്റുമെന്ന് ഗവൺമെന്റ് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് നോളഡ്ജ് ബേസ്ഡ് ഇക്കണോമി. അതിന്റെ കാഴ്ചപ്പാടിനനുസരിച്ച് വിദ്യാഭ്യാസത്തെയും രൂപപ്പെടുത്തേണ്ടതുണ്ട്. നേരത്തെ ഒരു സാമൂഹിക ക്ഷേമ കാഴ്ചപ്പാടിലൂടെയാണ് വിദ്യാഭ്യാസത്തെ കാണുന്നത്. അതിൽ മാനവ വികാസവും സാമൂഹിക വികാസവും എന്നീ രണ്ട് കാര്യങ്ങളാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. എന്നാൽ ഒരു വിജ്ഞാന സമ്പദ്ഘടനയുടെ കാഴ്ചപ്പാടിലേയ്ക്ക്

വരുമ്പോൾ സാമൂഹിക കാഴ്ചപ്പാടിനോടൊപ്പംതന്നെ സാമ്പത്തികമായ അഭിവൃദ്ധി കാതലായി കണ്ടുകൊണ്ട് വിദ്യാഭ്യാസ മേഖല മാറണം. ഇന്നത്തെ കാലത്തിന്റെ പ്രത്യേകത അറിവുതന്നെ മൂലധനമായി മാറിയിരിക്കുന്നു എന്നതാണ്. അറിവാണ് ഉല്പാദനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്. Knowledge is become a capital എന്നുള്ളതാണ് ഇന്ന് ലോകത്താകെ നിൽക്കുന്നൊരു കാഴ്ചപ്പാട്. അതിനനുസരിച്ച് വിദ്യാഭ്യാസ മേഖലയെ വിജ്ഞാന സമ്പദ്ഘടനയ്ക്കനുസൃതമാകുന്ന രൂപത്തിൽ മാറ്റിത്തീർക്കാനുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു കാൽവയ്പായിട്ടാണ് ഈ സർവ്വകലാശാലയെ ഗവൺമെന്റ് കാണുന്നത്. സാങ്കേതിക വിദ്യ അതിവേഗത്തിൽ മാറും. അതു കൊണ്ടാണ് ഇതിന്റെ ഘടന വളരെ ഫ്ലക്സിബിളാണെന്ന് പറയുന്നത്. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ നാളെ ഔട്ട്ഡേറ്റഡായി മാറുമെന്ന് മാത്രമല്ല, ആകെ ഉപയോഗിക്കാൻ കഴിയാത്ത രീതിയിലേയ്ക്ക് മാറും. പകരം പുതിയൊരു സാങ്കേതിക വിദ്യവരും. ഒരു തലമുറ സാങ്കേതിക വിദ്യയിൽനിന്ന് പുതിയ ഒന്നിലേയ്ക്കുള്ള മാറ്റത്തിന്റെ ഇടവേളയും ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. അത് പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയണം. അതിനനുസരിച്ച് പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കഴിയുന്ന മാനവ വിഭവശേഷിയെ രൂപപ്പെടുത്തണം. അതിന് സാധിക്കുന്ന സർവ്വകലാശാലകൾ ഈ കാഴ്ചപ്പാടിനനുസരിച്ച് ഇന്ന് ഉണ്ടാകേണ്ടതുണ്ട്. അതാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നതിലേയ്ക്ക് ഗവൺമെന്റ് എത്താനുള്ള കാരണം. ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസത്തിലൂടെ വിജ്ഞാന തൊഴിലാളികളെ സൃഷ്ടിക്കുന്നതിനോടൊപ്പം നവീകരണം, ഭൗതിക സ്വത്തവകാശം (പേറ്റന്റ് റൈറ്റ്സിന്റെ കാര്യത്തിൽ), അതെങ്ങനെ ഉല്പാദനത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയും; അത് സംരംഭകത്വത്തിലേയ്ക്ക് എങ്ങനെ കൊണ്ടുവരാൻ കഴിയും; ഇതിനുതകുന്ന ഉള്ളടക്കമാണ് ഈ ബില്ലിൽ വിഭാവന ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ രണ്ട് പതിറ്റാണ്ടുമുമ്പ് സ്ഥാപിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരള-യുടെ പദവി ഉയർത്തികൊണ്ടാണ് ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് വരുന്നത്. ബഹുതല സ്പർശിയായ മൾട്ടി ഡിസിപ്ലിനറിയായ ഒരു സർവ്വകലാശാല എന്ന നിലയിലാണ് ഇപ്പോൾ ഇതിനെ വിഭാവന ചെയ്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ അഞ്ച് സ്കൂളുകളാണുദ്ദേ ശിക്കുന്നത്. സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് സിസ്റ്റം ആന്റ് ഓട്ടോമേഷൻ, സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ്, സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്സ് എന്നിങ്ങനെ ഇന്റഗ്രേറ്റഡ് കോഴ്സുകളുള്ള അഞ്ചുവിഭാഗങ്ങളായാണ് സ്കൂളുകൾ വിഭാവന ചെയ്യുന്നത്. ഡിജിറ്റൽ മേഖല അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം ഡിജിറ്റൽ ഡിവൈഡാണ്. എല്ലാപേരിലേയ്ക്കും എത്തുന്നില്ല. അത് വർദ്ധിച്ചുകൊണ്ടി

രിക്കുന്നു. കേരളം പോലെയൊരു സമൂഹം പലകാര്യങ്ങളിലും ഒരു മാതൃക സൃഷ്ടിച്ചിട്ടുള്ളതാണ്. അങ്ങനെയൊരു സമൂഹത്തിൽ എങ്ങനെ ഡിജിറ്റൽ ഡിവൈഡ് കുറയ്ക്കാൻ കഴിയും, എല്ലാപേരേയും സവിശേഷമായ നൈപുണ്യം/സ്കിൽ ആർജ്ജിക്കുന്ന രൂപത്തിൽ എങ്ങനെ കൊണ്ടുവരാൻ കഴിയും അതിനുവേണ്ടിയുള്ള ശ്രമം ഈ യൂണിവേഴ്സിറ്റി നടത്തുന്നുണ്ട്. കമ്പ്യൂട്ടർ സയൻസ്, ഇൻഫർമാറ്റിക്സ്, അപ്ലൈഡ് ഇലക്ട്രോണിക്സ്, ഡിജിറ്റൽ സംബന്ധിയായ മാനവിക വിഷയങ്ങൾ, ഞാൻ നേരത്തെ പറഞ്ഞതുപോലെ സാങ്കേതിക സർവ്വകലാശാല കൈകാര്യം ചെയ്യുന്ന ബി.ടെക് പോലെയോ ടെക്നോളജി മാനേജ്മെന്റ് പോലെയോ ഉള്ള കോഴ്സുകൾ മാത്രമല്ല, സാങ്കേതിക വിദ്യ എല്ലാ ശാസ്ത്ര മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട് അതിന്റെ വികാസത്തിന് ഉപയോഗിക്കാൻ കഴിയും. ഡിജിറ്റൽ ജേർണലിസം ഒരു പുതിയ തലമാണ്. അതുപോലെ ഹ്യൂമാനിറ്റിക്സിൽതന്നെ ഡിജിറ്റൽ ടെക്നോളജി, ഡിജിറ്റൽ സയൻസ് എന്നിവ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നുള്ള കാര്യമുണ്ട്. നിർമ്മിത ബുദ്ധി/ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക് ഇവയെല്ലാം പുതിയ തലങ്ങളാണ്. നേരത്തെ പറഞ്ഞതുപോലെ ആ തലങ്ങൾ പെട്ടെന്ന് മാറിക്കൊണ്ടിരിക്കും. അതിന് സാധിക്കുന്ന രൂപത്തിലുള്ള കോഴ്സുകൾ നമ്മൾ ഡിസൈൻ ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് നമുക്ക് പരിചിതമായുള്ള ബിരുദാനന്തര ബിരുദ പഠനവും ഗവേഷണവും മാത്രമല്ല, ഇങ്ങനെവരുന്ന അതിവേഗമാറ്റങ്ങൾ കേരളീയ സമൂഹത്തിന്റെ മാനവ വിഭവശേഷിക്ക് പ്രാപ്യമാകുന്ന തരത്തിലുള്ള ഷോർട്ട്ടേം കോഴ്സുകളും ഈ സർവ്വകലാശാല വിഭാവന ചെയ്യുന്നുണ്ട്. സർവകലാശാലയുടെ മറ്റൊരു സവിശേഷത ആജീവാനന്ത പഠനമാണ്. ഇന്നത്തെ കാലത്ത് അതാണുള്ളത്. ഇന്നലെ പഠിച്ചതല്ല, ഇന്ന് പെട്ടെന്ന് പുതിയ മാറ്റങ്ങൾ വരുന്നു. അതിന് പറ്റുന്ന രൂപത്തിലുള്ള കോഴ്സുകൾ, പുതിയതായി ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ഡോക്ടറേറ്റ് നേടുക എന്നതോടൊപ്പംതന്നെ ഏത് മേഖലയിലുള്ള ആളുകൾക്കും ആ മേഖലയിൽ വന്നിട്ടുള്ള സാങ്കേതിക വിദ്യയുടെ പുരോഗതിയെയോ സവിശേഷ ജ്ഞാനത്തെയോ ആർജ്ജിക്കാൻ കഴിയുന്ന രൂപത്തിലുള്ള ഒരു കോഴ്സും ഈ സർവ്വകലാശാല വിഭാവന ചെയ്യുന്നു. ഡിസൈൻ (രൂപകല്പന), പെഡഗോഗി (ബോധനവിദ്യ) തുടങ്ങിയ മേഖലകളിലെല്ലാം ഈ കാഴ്ചപ്പാടനുസരിച്ചാണ് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾത്തന്നെ ബ്ലോക്ക്ചെയിൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ബിഗ് ഡാറ്റ അനലറ്റിക്, ബയോ കമ്പ്യൂട്ടിംഗ്, ജിയോ സ്പെഷ്യൽ അനലറ്റിക്സ് എന്നിങ്ങനെയുള്ള പ്രത്യേക പഠനകേന്ദ്രങ്ങൾ സർവ്വകലാശാല വിഭാവന ചെയ്തിട്ടുണ്ട്. 2021-ലെ ബഡ്ജറ്റിൽ കേരള സർക്കാർ പ്രഖ്യാപിച്ച ഡിജിറ്റൽ രൂപാന്തരീകരണ ദൗത്യം, ഒരു മെറ്റമോർഫിസത്തിന്റെ, പരിവർത്തന ദൗത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പതാകവാഹകൻ എന്ന നിലയിലാണ് ഈ യൂണിവേഴ്സിറ്റിയെ

ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. വ്യത്യസ്ത തലങ്ങളിലുള്ള ആളുകൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കാൻ ഈ ദൗത്യത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരത്ത് മംഗലപുരത്തുള്ള ടെക്നോസിറ്റിയിലെ പത്ത് ഏക്കർ സ്ഥലത്താണ് ഈ യൂണിവേഴ്സിറ്റി സ്ഥാപിതമായിട്ടുള്ളത്. ഇപ്പോൾ അക്കാഡമിക് ബ്ലോക്കിന്റെയും ഹോസ്റ്റൽ ബ്ലോക്കിന്റെയും പണി പൂർത്തിയായി ക്കഴിഞ്ഞു. 1200 പേർക്ക് അവിടെ താമസിച്ച് പഠിക്കാൻ കഴിയുന്ന രീതിയിലാണ് ആ സർവ്വകലാശാല വിഭാവന ചെയ്തിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിന്റെ ചാലകശക്തിയാണ്. ഇന്ന് നമ്മുടെ യൂണിവേഴ്സിറ്റികളുടെ ആ ദൗത്യ നിർവ്വഹണത്തിന് മുമ്പിൽനിന്ന് നയിക്കാൻ കഴിയുന്ന മൾട്ടി ഡിസിപ്ലിനറിയായിട്ടുള്ള ഫ്ലക്സിബിളായ, അയവേറിയ ഘടനയുള്ള യൂണിവേഴ്സിറ്റിയായിട്ടാണ് ഗവൺമെന്റ് ഇതിനെ വിഭാവന ചെയ്യുന്നത്. അതിനുകഴിയുന്ന സ്ട്രക്ച്ചറാണുള്ളത്. ഭരണസമിതികളും ആ രൂപത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്. വിവിധ മേഖലകളിൽനിന്നുള്ള വിദഗ്ദ്ധരുടെ പ്രാതിനിധ്യമുള്ള ഭരണസംവിധാനം ഡിജിറ്റൽ യൂണിവേഴ്സിറ്റിക്കായി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ബാഹ്യലോകത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യ ങ്ങൾക്കനുസൃതമായി സ്വതന്ത്രമായ ഗവേഷണം, ലോകോത്തര നിലവാരത്തിലുള്ള പഠനപ്രക്രിയ, അതിനൊക്കെ നേതൃത്വം നൽകാൻ കഴിയുന്ന യൂണിവേഴ്സിറ്റിയാ യിട്ടാണ് ഇതിനെ കാണുന്നത്. ഇന്നത്തെ കാലഘട്ടത്തിലെ ഡിജിറ്റൽ ദർശനത്തിന്റെ, തത്വചിന്തയുടെ അടിസ്ഥാനത്തിൽ പ്രായോഗികമാക്കാൻ കഴിയുന്ന പുതിയ സംവിധാനമെന്ന നിലയിലാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. മറ്റ് വിശദാംശ ങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. സർവ്വകലാശാലയുടെ നോൺകോർ പ്രവർത്തനങ്ങളെല്ലാം സാങ്കേതിക വിദ്യയിലൂടെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഓവർഹെഡ് ചെലവുകൾ ഈ സർവ്വകലാശാലയ്ക്ക് കുറവായിരിക്കും. നേരത്തെ സൂചിപ്പിച്ചതുപോലെ പ്രോജക്ടുകൾ, കൺസൾട്ടൻസി, പേറ്റന്റ് എന്നിങ്ങനെയുള്ള രീതിയിലൂടെ ആവർത്തനച്ചെലവുകൾക്ക് പരമാവധി തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയ നൂറ്റാണ്ടിന്റെ, നവകേരളത്തിന്റെ വിജ്ഞാന സമ്പദ്ഘടനയുടെയും വിജ്ഞാന സമൂഹത്തിന്റെയും തലത്തിലേയ്ക്കുയർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്നായി ഈ സർവ്വകലാശാല മാറുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ഇത് ചർച്ച ചെയ്ത് സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയിലൂടെ ഇത് കുറേക്കൂടി സമ്പന്നമാകുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയപ്രകാരം ഡോ. എം. കെ. മുനീർ: സർ, I move that " This House resolves to disapprove The Kerala University of Digital Sciences, Innovation and Technology Ordinance, 2021 (Ordinance No. 80 of 2021)." 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ ഇവിടെ അവതരണാനുമതി

തേടിയിരിക്കുകയാണ്. അതിനെ നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഈയടുത്തകാലത്ത്, കോവിഡിന്റെ സങ്കീർണ്ണമായ സാഹചര്യത്തിൽ തിരക്കിട്ട് രണ്ട് യൂണിവേഴ്സിറ്റികൾ രൂപീകരിച്ചു. അതിലൊന്ന് യുഗപുരുഷനായ ശ്രീനാരായണഗുരുവിന്റെ പേരിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റിയും രണ്ടാമത്തേത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമാണ്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ശോചനീയാവസ്ഥയെക്കുറിച്ച് ഈ നിയമസഭയിൽതന്നെ എത്രപ്രാവശ്യം നമ്മൾ ചർച്ച ചെയ്തു. ശ്രീനാരായണഗുരു പറഞ്ഞത്, 'മനുഷ്യാണാം മനുഷ്യത്വം ജാതിർ ഗോത്വം ഗവാ യഥാ' എന്നാണ്. മനുഷ്യന് ഏറ്റവും വേണ്ടത് മനുഷ്യത്വമാണ്. അതായിരിക്കണം ജാതി എന്നാണ്. കേരളത്തിലെ വിദ്യാർത്ഥികൾ യാതൊരു അംഗീകാരവും ലഭിക്കാത്ത രീതിയിൽ, അവർ എവിടെ പോകണം, ഏത് യൂണിവേഴ്സിറ്റിയെ സമീപിക്കണമെന്നറിയാതെ നട്ടം തിരിയുന്ന അവസ്ഥയിലാണ്. ആ സാഹചര്യമാണ് യുഗപുരുഷനായ ശ്രീനാരായണഗുരുവിന്റെ പേരിൽ തുടങ്ങിയ സർവ്വകലാശാലയ്ക്ക് പോലുമുള്ളത്. അതിനിടയിലാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നത്. ഈ കൊച്ചു കേരളത്തിൽ നമുക്ക് ഇനി എത്ര സർവ്വകലാശാലകൾ വേണം. ഇപ്പോഴുള്ള സർവ്വകലാശാലകൾതന്നെ സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാർക്ക് പെൻഷൻ പരിഷ്കരിച്ച് കൊടുക്കാൻ സാധിക്കുന്നില്ല. സാങ്കേതിക വിദ്യയായതുകൊണ്ട് ഈ യൂണിവേഴ്സിറ്റിക്ക് അധികം പണം ചെലവാകില്ലെന്നും പണം അത് സ്വയമേവാ ഉണ്ടാക്കാനാണ് പോകുന്നതെന്നുമാണ് ഇവിടെ പറഞ്ഞത്. ഇതുപോലെയുള്ള എത്ര സാങ്കേതികവിദ്യകളെ ഇവിടെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്? സ്കിൽ ഡെവലപ്മെന്റ് എന്നുപറഞ്ഞ് നമ്മൾ ആരംഭിച്ചിട്ടുള്ള പ്രസ്ഥാനം തകർന്ന് തരിപ്പണമായിരിക്കുകയാണ്. അതിനെയൊന്ന് പരിപോഷിപ്പിച്ചാൽ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് ജോലി ലഭിക്കാൻ അതുമാത്രം മതി. ആമസോൺ പലസ്ഥലത്തു നിന്നും ആളുകളെ റിക്രൂട്ട് ചെയ്യുന്ന സമയത്ത്, കേരളത്തിൽ സ്കിൽ ഡെവലപ്മെന്റിനെ ഒട്ടും പരിഗണിക്കാത്തതിന്റെ, യാതൊരു തരത്തിലും പ്രോത്സാഹിപ്പിക്കാത്തതിന്റെ പേരിൽ എത്ര ചെറുപ്പക്കാർക്ക് ജോലി നിഷേധിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിനെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ? അവരും സാങ്കേതികവിദ്യ പഠിച്ചവരാണ്. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയും കുസാറ്റും കേരളത്തിലുണ്ട്. സി.അച്യുതമേനോന്റെ കാലഘട്ടത്തിൽ ആരംഭിച്ചിട്ടുള്ളതാണ് കുസാറ്റ്. അദ്ദേഹം അക്കാലത്തുതന്നെ സയൻസ് ആൻഡ് ടെക്നോളജിയെക്കുറിച്ച് ഓർത്തിരുന്നു. ആ കാലഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ പിതാവായിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് എന്ത് ജോലിയാണുള്ളത്? 2014-ൽ സ്ഥാപിച്ച ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് ഇപ്പോഴും ക്യാമ്പസുപോലുമില്ല. അന്ന് യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽനിന്നെടുത്ത തുകയല്ലാതെ വേറെ പണമില്ല. ആ യൂണിവേഴ്സിറ്റിക്ക് കുറച്ചുഭൂമിക്കുവേണ്ടി കാത്തിരിക്കുകയാണ് നമ്മളിപ്പോൾ.

കുസാറ്റ് എന്താണ് പഠിപ്പിക്കുന്നത്? അങ്ങ് ഇവിടെ കുറെയധികം ടെക്നോളജി കളെക്കുറിച്ച് പറഞ്ഞു. നിങ്ങൾ എന്തൊക്കെയാണ് ചെയ്യാൻപോകുന്നത് എന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കോഴ്സുകളെക്കുറിച്ച് പറഞ്ഞപ്പോൾ, അഞ്ച് മേഖലകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇൻഫർമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ഡിജിറ്റൽ സയൻസ്, ഇലക്ട്രോണിക് സിസ്റ്റം ആൻഡ് ഓട്ടോമേഷൻ, ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്സ് എന്നിങ്ങനെ അഞ്ച് വിഭാഗം അതിൽ വരുന്നുണ്ട്. റോബോട്ടിക്സിനെക്കുറിച്ചും ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചും അങ്ങ് പറഞ്ഞു. പക്ഷേ ഇതുമുഴുവൻ ഇപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലുണ്ട്. കുസാറ്റിൽ എം.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നെറ്റ്വർക്ക് കമ്പ്യൂട്ടിംഗ്, എം.ടെക് കമ്പ്യൂട്ടർ ആൻഡ് ഇൻഫർമേഷൻ സയൻസ്, എം.ടെക് ഇലക്ട്രോണിക് ആൻഡ് കമ്മ്യൂണിക്കേഷൻസ് സ്പെഷ്യലൈസേഷൻ വയർലെസ് ടെക്നോളജി, എം.ടെക് ഇൻ സോഫ്റ്റ്വെയർ സിസ്റ്റംസ്, എം.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ഡാറ്റാ സയൻസ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എം.ടെക് ഇൻ ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ് ഇതിനു പുറമേ നൂതനമായി കയർ മേഖലയിലും മത്സ്യബന്ധനമേഖലയിലും പുതിയ സാദ്ധ്യതകളുണ്ടെന്ന് ഇവർ മുമ്പേ പറഞ്ഞുതുടങ്ങിക്കഴിഞ്ഞു. ഇവർക്ക് ഫിഷറീസുമായി ബന്ധപ്പെട്ടിട്ടുള്ള കോഴ്സും ഓഷ്യൻ ടെക്നോളജിയുമുണ്ട്. ഒപ്റ്റിക് ഇലക്ട്രോണിക് ആൻഡ് ലേസർ ടെക്നോളജിയും എം.ടെക് പോളിമർ ടെക്നോളജിയുമുണ്ട്. കുസാറ്റിനെ അടച്ചുപൂട്ടാനാണോ തീരുമാനം? മാത്രമല്ല, ഇതിന്റെ ജോലികൾ ഇനി ചെയ്യാൻ പോകുന്നത് കമ്പനികളാണ്. ഇത് ചരിത്രത്തിലാദ്യമായിട്ടാണ്. IIITM-K (Indian Institute of Information Technology and Management-Kerala) എന്ന ടെക്നോസിറ്റിയിലുള്ള കമ്പനിയുടെ ബോർഡാണ് ഇനി കാര്യങ്ങൾ തീരുമാനിക്കാൻ പോകുന്നത്. മാത്രമല്ല ഇപ്പോൾ താൽക്കാലികമായെന്ന് പറഞ്ഞാലും നിങ്ങൾ വച്ചിരിക്കുന്ന മുഴുവൻ പ്രൊഫസർമാർക്കും സീനിയർ പ്രൊഫസർമാർക്കും ക്വാളിഫി ക്കേഷനുണ്ടോ? അവർക്ക് എക്സ്ട്രാ ജോലി കൊടുത്തത് മാത്രമാണെന്നാണ് മന്ത്രി പറയുന്നത്. എക്സ്ട്രാ ജോലി കൊടുക്കുമ്പോൾ അവർക്ക് യു.ജി.സി. പറയുന്ന ക്വാളിഫിക്കേഷനെങ്കിലും വേണ്ടേ? എത്ര പോസ്റ്റുകളിൽ ഇപ്പോൾ ആളുകളെ നിയമിച്ചു? പഠിപ്പിക്കാൻവേണ്ടിയുള്ള ഫാക്കൽറ്റിക്കുവേണ്ടി ആരാണ് പരസ്യം കൊടുത്തിരിക്കുന്നത്? ഇതിന് ഓപ്പൺ പരസ്യങ്ങളൊന്നും കൊടുത്തിട്ടില്ല.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഇപ്പോൾ തുടങ്ങാൻ പോകുന്ന യൂണിവേഴ്സിറ്റിയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇരുപത്തിമൂന്നിലധികം യൂണിവേഴ്സിറ്റികൾ ഇന്നിവിടെയുണ്ട്. അതെല്ലാം economically poor ആണെന്ന്

അങ്ങുതന്നെ പറഞ്ഞു. അക്കാഡമിക്കലി വളരെ പുറകിലാണ്. വിദേശ രാജ്യങ്ങളിലുള്ള യൂണിവേഴ്സിറ്റികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിലും കേരളത്തിലുമുള്ള യൂണിവേഴ്സിറ്റികൾക്ക് ഉന്നത നിലവാരമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. നിലവിലുള്ള യൂണിവേഴ്സിറ്റികൾ മുഴുവൻ രാഷ്ട്രീയ അതിപ്രസരത്തിന്റെ പ്രയാസം കൊണ്ട് കുട്ടികൾക്കും ആ മേഖലയിലുള്ളവർക്കും ഉന്നതനിലവാരത്തിലേയ്ക്ക് പോകാൻ കഴിയാത്ത അവസ്ഥാവിശേഷമുണ്ട്. താങ്കൾ ഇവിടെ പറഞ്ഞതുപോലെ കച്ചവടക്കാരെയും അതുപോലുള്ള മേഖലയിലെ ആളുകളെയും കൊണ്ടുവന്ന് അത്തരമൊരു സംവിധാനത്തിലേയ്ക്കുകൂടി പുതിയ യൂണിവേഴ്സിറ്റി ഉണ്ടാക്കുകയാണ് എന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ച കമ്പനി ഒരു യൂണിവേഴ്സിറ്റിയെ പൂർണ്ണമായും നിയന്ത്രിക്കാൻ പോകുന്നു എന്നത് നമ്മൾ ഇതുവരെ കേൾക്കാത്തൊരു കാര്യമാണ്. അത് നൂറുശതമാനം ഗവൺമെന്റിന്റേതാകട്ടെ, ആ കമ്പനിയിലുള്ളവർക്ക് ഈ യൂണിവേഴ്സിറ്റിയിലേയ്ക്ക് വരാൻ യാതൊരു തടസ്സവുമില്ല. അപ്പോൾ ബാക്ക് ഡോർ എൻട്രി ഇനിമുതൽ ഈ കമ്പനിയായിരിക്കും. ആ കമ്പനിയിൽ നിയമിക്കുക, കമ്പനിയിലൂടെ പതുക്കെ യൂണിവേഴ്സിറ്റിയിലെത്തിക്കുക. ഇപ്പോൾതന്നെ ഈ കമ്പനിയിലുള്ള കുറെ ആളുകൾ യൂണിവേഴ്സിറ്റിയിൽ എത്തി കഴിഞ്ഞു. അവരെ താല്ക്കാലികമായി നിയമിച്ചുവെന്ന് പറയുകയാണെങ്കിലും ഇപ്പോൾ യൂണിവേഴ്സിറ്റി റൺ ചെയ്യിക്കുന്നത് അവരാണ്. ഞാൻ ചോദിക്കട്ടെ, ഐ.ടി. കമ്പനിയിൽ ആർക്കും കയറിക്കൂടെ; സ്വപ്ന സുരേഷ് കയറിയില്ലേ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, എനിക്കൊരു സംശയമുണ്ട്. നമ്മൾ ഇവിടെ അവതരിപ്പിച്ച ബില്ലിൽ 1200 കുട്ടികളുടെ ഒരു പഠനകേന്ദ്രമാണ് ആദ്യം വിശദീകരിച്ചത്. ലോകത്തിന്റെ ഇന്നത്തെ മാറ്റത്തിനനുസരിച്ച് ഈ രംഗത്ത് വലിയതോതിൽ ആവശ്യം വളർന്നു വരുന്ന സന്ദർഭത്തിൽ, ഇപ്പോൾ മാനേജ്മെന്റ് സ്റ്റഡീസിന് ധാരാളം ഇൻസ്റ്റിറ്റ്യൂഷൻസ് നമ്മുടെ രാജ്യത്തും സംസ്ഥാനത്തുമുള്ള സാഹചര്യത്തിൽ, ഡിജിറ്റൽ കാലഘട്ടത്തിലേയ്ക്ക് മാറുമ്പോൾ ധാരാളം സാധ്യതയുള്ള മേഖലയിൽ ധാരാളം ആളുകളുടെ സാങ്കേതിക പഠനാവശ്യം നിറവേറ്റാൻ കൂടുതൽ സർവ്വകലാശാലകളുടെ ആവശ്യകതയുള്ള കാലത്ത് കേരളത്തിൽ ഇങ്ങനെയൊരു സ്ഥാപനം വരുന്നത് നല്ലതല്ലേയെന്ന് അങ്ങ് ചിന്തിച്ചിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, കോവിഡ് സാഹചര്യം മനസ്സിലാക്കിക്കൊണ്ട് പരമാവധി സമയം നിയന്ത്രിച്ചാൽ നല്ലതാണ്.

ഡോ. എം. കെ. മുനീർ: സർ, പരമാവധി സമയം ലാഭിക്കണമെങ്കിൽ, എന്റെ ഈ നിരാകരണപ്രമേയം അംഗീകരിച്ചുകൊണ്ട് അദ്ദേഹം ഇത് പിൻവലിച്ചാൽ ചർച്ചയുടെതന്നെ ആവശ്യമില്ല. നമുക്ക് വേഗം പിരിയുകയും ചെയ്യാം. അതിന് ബഹുമാനപ്പെട്ട മന്ത്രിയാണ് തയ്യാറാകേണ്ടത്. അങ്ങനെ ചെയ്യാത്തിടത്തോളം ഇതിലുള്ള കുഴപ്പം പറഞ്ഞേ പോകാൻ കഴിയൂ. ഇപ്പോൾ IIITM-K കുസാറ്റിന്റെ റെക്കഗ്നൈസ്ഡ് ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ്. കുസാറ്റിൽ റെക്കഗ്നൈസ് ചെയ്തിട്ടുള്ള ധാരാളം സ്ഥാപനങ്ങളിൽ ഒന്നുമാത്രമാണിത്. കുസാറ്റിന്റെ ലിസ്റ്റുണ്ട്. ഏകദേശം എട്ടോളം സ്ഥാപനങ്ങൾ അവർ റെക്കഗ്നൈസ് ചെയ്തതിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്-കേരള, ട്രിവാൻഡ്രം ഉൾപ്പെടുന്നുണ്ട്. ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, എറണാകുളം, ഭവൻസ് വിദ്യാഭവൻ എന്നിവയും റെക്കഗ്നൈസ് ചെയ്തിട്ടുണ്ട്. നാളെ അതും യൂണിവേഴ്സിറ്റിയാക്കുമോ? കുസാറ്റിന്റെ കീഴിൽ നിൽക്കുന്ന ഒരു കമ്പനി യൂണിവേഴ്സിറ്റിയിലെ വി.സി.-യെവരെ തീരുമാനിക്കുന്ന കമ്പനിയായി മാറിയിരിക്കുകയാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്. ഐ.ടി. കമ്പനികൾ ഇവിടെ പലതുണ്ട്. ഐ.ടി. വകുപ്പ് സെക്രട്ടറിക്ക് ഇഷ്ടംപോലെ ആളുകളെ പല കമ്പനിയിലും നിയമിക്കാൻ കഴിഞ്ഞുവെന്ന കാര്യം നമുക്കറിയാമല്ലോ. അങ്ങനെയാണല്ലോ സ്വപ്ന സുരേഷ് വന്നത്. ഈ സ്വർണ്ണ വിഷയമില്ലായിരുന്നെങ്കിൽ ഇന്ന് ഇതിന്റെ വി.സി. സ്വപ്ന സുരേഷ് ആകുമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള ആളുകൾക്ക് കയറിവരാനുള്ള എല്ലാ സൗകര്യവും ചെയ്യുന്ന ഒരു സിസ്റ്റം നമ്മൾ ഇവിടെയിരുന്ന് അംഗീകരിക്കാമോ? ഇതിനെ സേവ് ചെയ്യുന്നതിന് വേണ്ടിയുള്ളൊരു പ്രസ്ഥാനം തന്നെയുണ്ടായിട്ടുണ്ട്. അവർ പറയുന്നത്, " The Act contains a very strange Clause. Clause No. 7 which designates a company as a sponsoring agency of the University. This is unheard of in the academic field. But the Act does not indicate that the staff of the company can be absorbed into the university. Our understanding is that the staffs of the company have been designated as Professor, Assistant Professor etc. though a gross violation of the UGC regulation. The appointments could only be done only through open advertisements of vaccancies and interviews strictly following UGC regulations. We suspect that many backdoor appointments in the company are now formalised and made permanent by simply designating them academic staffs of the university without following the procedure. Similarly Deen, Registrar, Controller also have been appointed without prescribed procedure. Now this so called sponsoring agency IIITM-K has advertised

inviting application for the teaching faculty of the Digital University for which this agency has no authority. This indicates that I said IIITM-K is functioning as a recruitment agent for the newly formed Digital University. സത്യത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേയ്ക്കുള്ള റിക്രൂട്ടിംഗ് ഏജന്റായി IIITM-K മാറാൻ പോകുകയാണ്. ഇന്ന് കുസാറ്റിൽ റെക്കഗ്നൈസ് ചെയ്തിട്ടുള്ള ഒരു കമ്പനി, അത് ഗവൺമെന്റ് കമ്പനിയാകട്ടെ, അതിന്റെ ഡയറക്ടേഴ്സ് പവർഫുൾ ആകാൻ പോകുകയാണ്. ഡിജിറ്റൽ മേഖലയിൽ ധാരാളം ഇന്നൊവേഷൻസ് വന്നുകൊണ്ടിരിക്കുകയാണ്. അതിനെ നമ്മൾ ഉൾക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സജി ചെറിയാൻ പറഞ്ഞു. പക്ഷേ ഇവിടെ ഡിവൈഡ് ഉണ്ടാകരുത്.

മി. ചെയർമാൻ: പതിമൂന്ന് മിനിറ്റായി. അങ്ങേയ്ക്ക് ഇനി എത്ര സമയംകൂടി വേണ്ടിവരും?

ഡോ. എം. കെ. മുനീർ: സർ, ഇനിയൊരു രണ്ട് മിനിറ്റുകൂടി മതി. ഞാൻ സബ്ജക്ടിൽ ഒതുങ്ങിനിന്നാണ് സംസാരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ട് യൂണിവേഴ്സിറ്റികൾ - ടെക്നോളജി യൂണിവേഴ്സിറ്റിയും സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയും, എല്ലാം ഒരേ പേരുതന്നെയാണ്. അതുപോലതന്നെ ഇൻഫർമേഷൻ ടെക്നോളജി എന്നുപറഞ്ഞാൽ അതെല്ലാം ടെക്നോളജിതന്നെയാണ്. ടെക്നോളജിയിൽ ധാരാളം ഇന്നൊവേഷൻസ് വരുന്നു. ഇപ്പോൾ റോബോട്ടിക്സിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു വലിയ ശക്തിയായി മാറാൻ പോകുകയാണ്. ഇപ്പോൾത്തന്നെ കുസാറ്റിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ എം.ടെക് വരെ പഠിപ്പിക്കുന്നുണ്ട്. കേരളത്തിൽ ആ കോഴ്സ് കഴിഞ്ഞിറങ്ങിയ കുട്ടികളുടെ ഭാവിയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? സെൻട്രൽ ഗവൺമെന്റ് സ്കിൽ ഡെവലപ്മെന്റിന് നൽകുന്ന ചില ആനുകൂല്യങ്ങൾ ഫോളോ ചെയ്യേണ്ടവരാണ് നമ്മൾ. സ്കിൽ ഡെവലപ്മെന്റ് ഏരിയയിൽ ഏകദേശം നാല് ലക്ഷത്തിലധികം ആളുകൾ ട്രെയിനിംഗ് നേടിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അവർക്ക് എവിടെയും അവസരങ്ങൾ ലഭിക്കാത്ത അവസ്ഥയാണ്. കാരണം, ഇന്ന് സ്കിൽ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട എല്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളും ധാരാളം പണം ചെലവഴിച്ച് സ്വന്തമായി തുടങ്ങിയ ട്രെയിനിംഗ് സെന്ററുകളും പൂട്ടിക്കിടക്കുകയാണ്. അതിനെ നിങ്ങൾ വെറുമൊരു എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ മാത്രമായി കാണുകയാണ്. അതുകൊണ്ട് ഇനി സ്കൂൾ തുറക്കുമ്പോഴേ ഇവിടത്തെ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്സും ട്രെയിനിംഗ് സെന്ററുകളും തുറക്കുവെന്നാണ് തീരുമാനം. ആദ്യം തുറന്നുകൊടുക്കേണ്ടത് അതാണ്. അത് തുറന്നുകൊടുത്താൽ ഇവിടെയുള്ള വിവിധ മൾട്ടിനാഷണൽ കമ്പനികളിൽ കുറച്ച് ചെറുപ്പക്കാരെയെങ്കിലും ട്രെയിനികളായി എടുക്കുകയും ഇന്റേൺഷിപ്പ് കൊടുക്കുകയും ചെയ്യാം. ഇതിനൊക്കെയുള്ള അവസരങ്ങളുണ്ടായിട്ട് അതൊക്കെ നിഷേധിച്ചാണ്

ഇനിയൊരു ഡിജിറ്റൽ യൂണിവേഴ്സിറ്റികൂടി തുടങ്ങാൻ പോകുന്നത്. ഇതിന്റെ ഉദ്ദേശ്യമായി എനിക്ക് തോന്നുന്നത്, കൃഷി വകുപ്പിനും വെറ്ററിനറിക്കും ഉന്നത വിദ്യാഭ്യാസത്തിനും ഹെൽത്തിനും യൂണിവേഴ്സിറ്റികളുണ്ട്, അവിടെയെല്ലാം അതാത് വകുപ്പുമന്ത്രിമാർ പ്രോ-ചാൻസലർമാരാണ്. മുഖ്യമന്ത്രിക്കുമാത്രം പ്രോ-ചാൻസലർ പദവിയില്ല. അദ്ദേഹത്തിന് പ്രോ-ചാൻസലർ ആകാൻവേണ്ടിയാണ് ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റിയെങ്കിൽ ഞങ്ങൾ സമ്മതിച്ചുതരാം. ടെക്നോളജി മേഖലയിൽ ഇത്തരം യൂണിവേഴ്സിറ്റികൾ വേറെയുള്ളപ്പോൾ അവയെ നിഷ്പ്രഭമാക്കിക്കൊണ്ടാണ് ഇത് തുടങ്ങാൻ പോകുന്നത്. ഇതിന്റെ ഏരിയയും കേരളമൊട്ടാകെയാണ്. അപ്പോൾ കുസാറ്റിന്റെ മേഖലയേതാണ്; ടെക്നോളജി യൂണിവേഴ്സിറ്റിയുടെ അതിർത്തി ഏതാണ്. ഈ മൂന്ന് യൂണിവേഴ്സിറ്റികളും ഒരുമിച്ച് നിൽക്കുമ്പോൾ കുട്ടികൾ ഓരോ കാര്യത്തിനുവേണ്ടി എവിടെയൊക്കെയാണ് പോകേണ്ടത്. ഏത് സർട്ടിഫിക്കറ്റാണ് അവർക്ക് കൂടുതൽ ഗുണകരമായി മാറാൻ പോകുന്നത്. ഇതിന് പകരം ഞാൻ ഒരു അഭിപ്രായം പറയാം. ഇത്രയും സ്ഥലമുണ്ടല്ലോ. അവിടെയൊരു Knowledge City തുടങ്ങുകയും അവിടെ എല്ലാ ഡിജിറ്റൽ കംഫർട്ട്സ് ഉണ്ടാക്കുകയും വേണം. ആ Knowledge City-യിൽനിന്നും വരുന്ന കുട്ടികളെ മറ്റുള്ള ടെക്നോളജി യൂണിവേഴ്സിറ്റിയിൽനിന്ന് ലഭിക്കുന്ന രീതിയിൽ ട്രെയിൻ ചെയ്യിക്കണം. വിദേശ രാജ്യങ്ങളിലൊന്നും യൂണിവേഴ്സിറ്റിയല്ല അവരുണ്ടാക്കുന്നത്, Knowledge City-യാണുണ്ടാക്കുന്നത്. അത് വേൾഡ്‌വൈഡ് കൺസെപ്റ്റാണ്. ഇത് വിജ്ഞാനത്തിന്റെ യുഗമാണ്. അതിൽ ആദ്യം ചെയ്യേണ്ടത് Knowledge cities ഉണ്ടാകുക എന്നുള്ളതാണ്. കേരളം മുഴുവൻ നിങ്ങൾക്ക് Knowledge cities ഉണ്ടാക്കാം. എല്ലാ ജില്ലകളിലും Knowledge cities ഉണ്ടാക്കാം. പക്ഷെ അവിടെനിന്നും വരുന്ന കുട്ടികൾക്ക് പ്ലേസ്‌മെന്റ് ലഭിക്കുന്നതിന് ഗവൺമെന്റ് കൂടെനിൽക്കണം. അവർ പഠിച്ച് അവരുടെ ഇഷ്ടത്തിന് ജോലി കണ്ടു പിടിക്കട്ടെ എന്ന് പറയുന്നതിനുപകരം നിങ്ങളുടെ തന്നെ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് കൊടുക്കണം. ഇതൊക്കെ പറയുമ്പോഴും ഈ കുട്ടികൾ പഠിച്ച് കഴിയുമ്പോൾ അവർക്ക് കൊടുക്കാൻ എന്ത് ഡിജിറ്റൽ ടെക്നോളജിയുള്ള സ്ഥാപനമാണ് ഇവിടെയുള്ളത്? അതൊക്കെ ഇവിടെയിപ്പോൾ ചെയ്യുന്നത് Skill Development Institutes ആണ്. അവരാണ് കുട്ടികളെ ട്രെയിൻ ചെയ്ത് പല ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലും പ്ലേസ്‌മെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. ആ സ്ഥാപനങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. അവരുടെ വേദന ഇപ്പോൾ ഈ അടുത്ത കാലത്ത് ഞാൻ മനസ്സിലാക്കുകയുണ്ടായി. ഫിലിപ്പ് എന്നുപറയുന്ന ഒരാൾ 'സ്കിൽ ഡെവലപ്മെന്റിൽ ടെക്നോളജി പഠിപ്പിച്ച് ട്രെയിൻ ചെയ്ത കുട്ടികൾ എന്ത് ചെയ്യും എന്നോർത്ത്, should I live or die?' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ചിത്രം സഹിതം കൊടുത്തിരിക്കുകയാണ്. അദ്ദേഹം ആരാണെ

ന്നറിയാമോ? അദ്ദേഹം എസ്.എഫ്.ഐ.-യുടെ പ്രവർത്തകനായി വന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യുടെ പഠനശിബിരങ്ങളിൽ ക്ലാസ്സെടുത്തുകൊണ്ടിരുന്നയാളാണ്. അങ്ങനെയൊരാൾ 'എനിക്ക് മടുത്തിരിക്കുന്നു, ഞാൻ മരിക്കണോ ജീവിക്കണോ?' എന്ന് ചോദിക്കുന്ന അവസ്ഥയിലേയ്ക്ക് ഇവിടത്തെ ടെക്നോളജി രംഗത്തുള്ളവർ തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. സി. അച്യുതമേനോൻ കുസാറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ, ശ്രീ. പിണറായി വിജയൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചുവെന്ന് ചരിത്രത്തിൽ ഒരു പേര് വരാൻ മാത്രമാണ് നിങ്ങൾ ഇത് ചെയ്യുന്നതെങ്കിൽ ഞങ്ങൾക്ക് ഒരു വിഷമവുമില്ല, പക്ഷെ ഇത് നിരാകരിച്ചേ പറ്റൂ. മാത്രമല്ല, കുസാറ്റിനെയും എ. പി. ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെയും ശക്തിപ്പെടുത്താൻ കൂടുതൽ പണം നിങ്ങൾ കണ്ടെത്തണം. അവരുടെ innovations-നെ പേറ്റന്റ് ചെയ്ത് ധാരാളം പണം സമ്പാദിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കാനുള്ള എല്ലാ സാഹചര്യവും നിലനിൽക്കെ വീണ്ടും ഒരു യൂണിവേഴ്സിറ്റി കൊണ്ടുവരുന്നതിനെക്കാളും നല്ലത് കേരളത്തെ ഒരു യൂണിവേഴ്സിറ്റിയായി പ്രഖ്യാപിക്കുന്നതാണ്. അങ്ങനെയാണെങ്കിൽ പിന്നെ വേറൊന്നും നോക്കേണ്ട ആവശ്യമില്ലല്ലോ. യൂണിവേഴ്സിറ്റി എന്ന പേരിന്റെ അർത്ഥമെന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് ഇന്ന് നിലവിലുള്ള യൂണിവേഴ്സിറ്റികളെ ശക്തിപ്പെടുത്താനാണ് ആദ്യത്തെ പ്രയോറിറ്റി കൊടുക്കേണ്ടത് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ നിരാകരിക്കണമെന്ന് ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. ഇവിടെ ഈ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ മന്ത്രി തുടക്കത്തിൽ സംസാരിച്ചപ്പോഴും അതുപോലെതന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിച്ചപ്പോഴും നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോഴുമൊക്കെ നമുക്കാർക്കും മനസ്സിലാകാത്ത കാര്യം എന്തിനാണ് ഇങ്ങനെയൊരു പുതിയ യൂണിവേഴ്സിറ്റി കേരളത്തിൽ വീണ്ടും നിലവിൽ വരുന്നതെന്നാണ്. കാരണം, ഇവിടെ നിലവിലുള്ള യൂണിവേഴ്സിറ്റികൾക്ക് പ്രത്യേകിച്ച് ഡോ. എ. പി. ജെ. അബ്ദുൽ കലാമിന്റെ നാമധേയത്തിലുള്ള കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കും കുസാറ്റിനും തീർത്തും സമാനമായ രീതിയിൽ മറ്റൊരു യൂണിവേഴ്സിറ്റി നിലവിൽ വരാനാണ് ഈ നിയമം ഇവിടെ കൊണ്ടുവരുന്നത്. കുസാറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം സംസാരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഡിജിറ്റൽ യൂണിവേഴ്സിറ്റി ബില്ലിലെ സെക്ഷൻ 2(4)-ൽ അതിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന്, വിവരസാങ്കേതിക വിദ്യയിലും അതിന്റെ പ്രയോഗ രംഗങ്ങളിലും ബിരുദാനന്തര വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം, കൺസൾട്ടൻസി ജോലികൾ എന്നിവ സൗകര്യപ്പെടുത്തുകയും പ്രോത്സാഹിപ്പി

ക്കുകയും ചെയ്യുക എന്നിങ്ങനെയാണ്. മാത്രമല്ല ഇന്ത്യയിലും വിദേശത്തുമുള്ള സഹഅക്കാദമിക് സമൂഹത്തിൽ ശക്തമായ സ്വാധീനം സൃഷ്ടിക്കുക എന്നിങ്ങനെയുള്ള ഉദ്ദേശ്യലക്ഷ്യങ്ങളും ഇവിടെ പറയുന്നുണ്ട്. ബഹുമാന്യനായ മന്ത്രി ആദ്യം സംസാരിച്ചപ്പോൾ അതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം അവതരണ വേളയിൽ പ്രധാനമായും പറഞ്ഞത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലുമൊക്കെയുള്ള സ്ഥാപനങ്ങളുമായും ഇൻഡസ്ട്രീസുമായും കൂടുതൽ ഇന്റഗ്രേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇൻഡസ്ട്രി ലിങ്കേജ് എന്നത് ആധുനിക കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം പരിശോധിച്ചാൽ ആക്ടിൽതന്നെ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. 'സംസ്ഥാനത്തിന്റെ സാങ്കേതിക ശാസ്ത്ര സംബന്ധമായ നയ രൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും നേതൃത്വം നൽകുക.' ഞാൻ എല്ലാത്തിലേയ്ക്കും കടന്നുപോകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിഷയത്തിൽതന്നെ പറയുകയാണെങ്കിൽ 'എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ മറ്റ് ദേശീയവും അന്തർദ്ദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക', കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെക്കുറിച്ചാണ് ഈ പറയുന്നത്. രണ്ടാമത്തെ കാര്യം, മൾട്ടി ഡിസിപ്ലിനറി അപ്രോച്ചാണ്. ഇന്നത്തെ കാലഘട്ടത്തിൽ പഠനങ്ങളിലായാലും മറ്റ് വിഷയങ്ങളിലായാലും ഏറ്റവും അനിവാര്യമായിട്ടുള്ള ഒന്നാണത്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലെ 'എൽ' സെക്ഷനിൽ പറഞ്ഞിരിക്കുന്നത് പ്രത്യേക പ്രതിപാദ്യ മേഖലകളിൽ (അതായത് മേൽപ്പറഞ്ഞ മേഖലകളിൽ) മൾട്ടി ഡിസിപ്ലിനറി അപ്ലൈഡ് ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകുക എന്നതാണ്. എന്ത് വ്യത്യാസമാണ് ഇവിടെയുള്ളത്? അപ്പോൾ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിതമായിരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണോ, കെ.ടി.യു., കുസാറ്റ് തുടങ്ങിയവയിൽ നൽകിക്കൊണ്ടിരിക്കുന്ന കോഴ്സുകളിൽനിന്നും റിസർച്ച് ഏരിയയിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്ത തീർത്തും സമാനമായിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി തന്നെയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആക്ട് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ പുതുതായി സ്ഥാപിതമായിരിക്കുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ റിസർച്ച് ഏരിയകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അഞ്ച് സ്കൂളുകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒന്നാമത്തേത്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ആണ്. കെ.ടി.യു.-വിലും കുസാറ്റിലുമുൾപ്പെടെയുള്ള മറ്റ് നിരവധി സ്ഥാപനങ്ങളിൽ ഇപ്പോൾ നിലവിലുള്ള വളരെ ബേസിക്കായ ഒരു സ്കൂളാണിത്. രണ്ടാമത്തേത്, School of

Digital Humanities and Liberal Arts. അതിൽ പറയുന്നത് ഇങ്ങനെയാണ്; 'The School will focus on Research related to Digital Culture and Society and will explore the use of Advanced Technology related methods in Humanities and Social Science Research.' ഹ്യൂമാനിറ്റീസിലും സോഷ്യൽ സയൻസ് റിസർച്ചിലും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമെന്ന് വളരെ ലളിതമായ ഭാഷയിൽ പറയാം. അതുതന്നെയല്ലേ മറ്റ് യൂണിവേഴ്സിറ്റികളും ചെയ്തു കൊണ്ടിരിക്കുന്നത്. ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരുടെ പഠന ശാഖകളെ കൂടുതൽ പ്രോത്സാഹി പ്പിക്കുക അല്ലെങ്കിൽ ആധുനികവത്കരിക്കുക എന്നുള്ള ഉദ്ദേശ്യലക്ഷ്യത്തോടുകൂടി തന്നെയാണ് ഇന്നിവിടെ നിലനിൽക്കുന്ന എല്ലാ യൂണിവേഴ്സിറ്റികളും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നുപറയുമ്പോൾ സ്വാഭാവികമായും അഞ്ച് സ്കൂളുകളുള്ളതിൽ മൂന്നാമത്തേതാണ് ഏറ്റവും കൂടുതൽ ഫോക്കസ് ചെയ്യപ്പെ ടേണ്ടത്, അതാണ് 'സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസസ്.' കേൾക്കുമ്പോൾ നല്ല സുഖമുണ്ട്, പൊതുവെ കേൾക്കാത്ത ഒന്നാണ്. സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസ് എന്താണെന്ന് അന്വേഷിച്ച് ഞാൻ അതിലേയ്ക്ക് വിശദമായി കടന്നുപോയി. 'The school will focus on STEM Education.' കേട്ടാൽ ഞെട്ടിപ്പോകും. പക്ഷെ എന്താണ് ഈ STEM? Science, Technology, Engineering and Mathematics. ഈ നാല് മേഖലകളിൽ പഠനം നടത്തുന്നതാണോ School of Digital Sciences? അങ്ങനെയൊരു സ്കൂൾ തന്നെ ആവശ്യമുണ്ടോ? ഇനി അങ്ങനെയൊരു സ്കൂളുണ്ടെങ്കിൽ, ഈ വിഷയങ്ങളെ സംബന്ധിച്ച് അധികരിച്ചിട്ടുള്ള ബിരുദ പഠനങ്ങളായാലും ബിരുദാനന്തര പഠനങ്ങളായാലും റിസർച്ച് ഉൾപ്പെടെ മറ്റ് സ്ഥാപനങ്ങളിൽ നടക്കുന്നില്ലേ? കുസാറ്റിൽ നടക്കുന്ന കുറച്ച് കോഴ്സുകളെക്കുറിച്ച് ബഹുമാന്യനായ ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കുസാറ്റിന്റെ റിസർച്ച് ഏരിയകളിൽ ഒന്നുരണ്ടെണ്ണം മാത്രം ഞാൻ പറയാം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഇതിന്റെ പ്രധാനപ്പെട്ട കോർ ഏരിയ എന്നുപറയുന്നത് ഇൻഫർമേഷൻ ടെക്നോളജിയും കമ്പ്യൂട്ടർ സയൻസുമാണ്. അതുമായി ബന്ധപ്പെട്ടതാണല്ലോ ഡിജിറ്റൽ സയൻസസ് എന്നുപറയുന്നത്. 'ഡിജിറ്റൽ' എന്ന പദത്തിന് സ്വതന്ത്രമായി നിലനിൽപ്പില്ല. അതിന് കമ്പ്യൂട്ടർ സയൻസുമായോ ഇൻഫർമേഷൻ ടെക്നോളജിയുമായോ ബന്ധപ്പെട്ടുകൊണ്ടുമാത്രമെ നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതായത് ഞാൻ അടിവരയിട്ട് പറയാനാഗ്രഹിക്കുന്നു, വളരെ വിശാലമായ ശാസ്ത്ര സാങ്കേതികവിദ്യയിലെ ഒരു ഭാഗം മാത്രമായിട്ടുള്ള കമ്പ്യൂട്ടർ സയൻസിന്റെയോ ഇൻഫർമേഷൻ ടെക്നോളജിയുടെയോ അകത്തുമാത്രം വരുന്ന കേവലമായ വിഭാഗം മാത്രമാണ് ഡിജിറ്റൽ സയൻസസ് എന്നുപറയുന്നത്. അപ്പോൾ ഇതിന് സ്വതന്ത്രമായി നിലനിൽക്കാൻ സാധിക്കില്ല. അതുകൊണ്ടു

തന്നെയാണ് കുസാറ്റിൽ നൽകുന്ന കോഴ്സുകൾ Core areas of research in Computer Application, Simulation and Modeling, Artificial Intelligence, ഏതാണ്ട് പുതിയൊരു കാര്യം ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ തുടങ്ങാൻ പോകുന്നവെന്ന് അവതരണ വേളയിൽ അങ്ങ് പറഞ്ഞതാണിത്. അടുത്തതായി Network and Mobile Communication, Coding Theory and Cryptography. കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലേയ്ക്ക് വന്നാൽ Distributed Computing, Information Systems Engineering, മറ്റ് മേഖലകളിലേയ്ക്ക് പോയാൽ Digital Signal Processing എന്നിവയാണുള്ളത്. ഇത്തരം മേഖലകളിലെല്ലാം ഗവേഷണമുൾപ്പെടെ നടക്കുന്ന വളരെ എസ്റ്റാബ്ലിഷ്ഡായ സ്ഥാപനം എന്ന നിലയിൽ കുസാറ്റ് ബഹുമാനപ്പെട്ട നിയമ മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ തന്നെ നിലനിൽക്കുകയാണ്. അപ്പോൾ അതിന് തീർത്തും സമാനമായി കേവലം നാലോ അഞ്ചോ കോഴ്സുകൾ തുടങ്ങാൻവേണ്ടി മാത്രം ഒരു പുതിയ യൂണിവേഴ്സിറ്റി ആരംഭിക്കേണ്ടതുണ്ടോ? ഡിജിറ്റൽ സയൻസസിനെ സംബന്ധിച്ച് കൂടുതൽ കേന്ദ്രീകൃതമായ റിസർച്ച് നടത്തണമെന്നുണ്ടെങ്കിൽ കുസാറ്റിലോ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലോ അതിനുവേണ്ടി പുതിയൊരു സ്കൂൾ ആരംഭിച്ചാൽ പോരേ? അപ്പോൾ ഇവിടെയാണ് ഞങ്ങൾക്കെല്ലാവർക്കും മുൻപ് സൂചിപ്പിച്ചതുപോലുള്ള സംശയങ്ങൾ ഉയർന്നുവരുന്നത്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, കുസാറ്റിലും എ. പി. ജെ. അബ്ദുൽ കലാം യുണിവേഴ്സിറ്റിയിലും ഒരേതരത്തിലുള്ള കോഴ്സുകൾ നടക്കുന്നുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. അങ്ങനെയായിരുന്നെങ്കിൽ കൊച്ചിൻ യൂണിവേഴ്സിറ്റി നിലനിൽക്കുമ്പോൾ തന്നെ എന്തിനായിരുന്നു യു.ഡി.എഫ്. -ന്റെ കാലത്ത് എ. പി. ജെ. അബ്ദുൽ കലാം യുണിവേഴ്സിറ്റി ആരംഭിച്ചതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കുസാറ്റ് ഓട്ടോണമസായിട്ടുള്ള ഒരു ക്യാമ്പസിൽമാത്രം പ്രവർത്തിക്കുന്ന ഒരു സ്ഥാപനവും എന്നാൽ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ഇരുന്നൂറോളം അഫിലിയേറ്റഡ് കോളേജുകളുള്ള വിശാലമായ ഒരു യൂണിവേഴ്സിറ്റിയാണെന്നുമുള്ള വ്യത്യാസം അങ്ങേയ്ക്ക് മനസ്സിലാകുമെന്നാണ് ഞാൻ കരുതുന്നത്. മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകളെയും ഗവേൺ ചെയ്യുന്ന ഒരു യൂണിവേഴ്സിറ്റിയായിട്ടാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി നിലകൊള്ളുന്നത്. തീർത്തും സമാനമായി യാതൊരു തരത്തിലുമുള്ള നൂതനമായ ആശയങ്ങൾ മുന്നോട്ടു വയ്ക്കാനില്ലാത്ത, നിലവിൽ നിലനിൽക്കുന്ന കോഴ്സുകളുൾപ്പെടെ ഓഫർ ചെയ്യുന്ന മറ്റൊരു സ്ഥാപനം നിലവിൽ വരികമാത്രമാണ് ഡിജിറ്റൽ യുണിവേഴ്സിറ്റി ബിൽ പാസ്സാകുന്നതോടെ ഇവിടെ വരാൻ പോകുന്നത് യഥാർത്ഥത്തിൽ, ഏഴ് വർഷം മുമ്പ് ഡോ. എ. പി. ജെ. അബ്ദുൽ കലാമിന്റെ നാമധേയത്തിൽ രൂപീകൃതമായിട്ടുള്ള

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. എന്നാലിപ്പോൾ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്; ഒരുസെന്റ് ഭൂമിപോലും സ്വന്തമായി ഇല്ലാതെ താൽക്കാലിക കെട്ടിടത്തിലാണ് കഴിഞ്ഞ ഏഴ് വർഷങ്ങൾകൊണ്ട് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സ്വന്തമായി കാമ്പസ് ആരംഭിക്കുന്നതിനുവേണ്ടി വിളപ്പിൽശാലയിൽ നൂറേക്കർ ഭൂമി കണ്ടെത്തി. എന്നാൽ ആ ഭൂമിപോലും ഇതുവരെ കൈമാറി നൽകുവാൻ സാധിച്ചിട്ടില്ല. അവിടെ ഭൂമി വാങ്ങുന്നതിനാവശ്യമായ തുക യൂണിവേഴ്സിറ്റിയുടെ ഫണ്ടിൽനിന്നും നൽകാനാണ് സർക്കാർ പറയുന്നത്. സർക്കാർ അതിനാവശ്യമായ തുക നൽകി ആ യൂണിവേഴ്സിറ്റിയെ കൂടുതൽ ശക്തിപ്പെടുത്തുകയും സ്വന്തമായി ഒരു കാമ്പസ് ഉൾപ്പെടെ ആരംഭിച്ച്, അവിടെ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി ഡിപ്പാർട്ടുമെന്റുകളും സ്കൂളുകളും ആരംഭിക്കുന്നതിനുള്ള ക്രമീകരണമല്ലേ സർക്കാർ ചെയ്തുകൊടുക്കേണ്ടത്; നിർഭാഗ്യവശാൽ, കഴിഞ്ഞ ഏഴ് വർഷമായി കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി ഒരു ഡിപ്പാർട്ടുമെന്റോ സ്കൂളോ അരംഭിക്കാൻ സാധിച്ചിട്ടില്ല. കാരണം, സ്വന്തമായി ഒരു കാമ്പസ് വന്നതിനുശേഷം ഇതൊക്കെ ആരംഭിക്കാമെന്നുള്ള സാഹചര്യത്തിലാണ്, അല്ലെങ്കിൽ അത്തരത്തിലുള്ള ഒരു കാഴ്ചപ്പാടിലാണ് ഇപ്പോൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. അങ്ങനെ ഒരു യൂണിവേഴ്സിറ്റിക്ക് മുന്നോട്ടുപോകുവാൻ സാധിക്കുമോ? സർക്കാരിന്റെ സാമ്പത്തിക സഹായമുൾപ്പെടെയുള്ള കൃത്യമായ പിന്തുണ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് ലഭിക്കാതെ, അത് ഇന്ന് ശ്വാസം വലിച്ചുകൊണ്ടിരിക്കുകയാണ്. കെ.ടി.യു.-വിനെ ഞെക്കിക്കൊല്ലുന്നൊരു സാഹചര്യമാണ് ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നത്. പുതിയ യൂണിവേഴ്സിറ്റി വരുന്നതോടുകൂടി കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി കൂടുതൽ ദുരിതത്തിലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതായത്, പുതിയ യൂണിവേഴ്സിറ്റി വരുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം ഒരു കമ്പനി സ്പോൺസേഡായിട്ടുള്ള പുതിയ സ്ഥാപനത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയെന്നുള്ളതാണെന്നും ഏഴ് വർഷമായിട്ടും കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി ഒരു കാമ്പസുപോലും ഒരുക്കികൊടുക്കാൻ സാധിക്കാത്തതുകൊണ്ട് അതിനോടുള്ള സർക്കാരിന്റെ അപ്രോച്ച് എന്താണെന്നും വ്യക്തമാകുകയാണ്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുൾപ്പെടെ ഇന്ന് വലിയ ആശങ്കയിലായിരിക്കുകയാണ്. കാരണം, ആ സ്ഥാപനത്തിന് ലഭിക്കേണ്ട പ്രോത്സാഹനം, ഏഴ് വർഷത്തിൽ കൈവരിക്കേണ്ടതായിട്ടുള്ള ഉയർച്ച കൈവരിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. സർവ്വകലാശാലയ്ക്ക് ഫണ്ട് കൃത്യമായി ലഭ്യമാകാത്തതുകൊണ്ട് വിദ്യാർത്ഥികളിൽ നിന്നും ഓരോ കാര്യങ്ങൾക്കുമായി കൂടുതൽ തുക ഫീസായി ഈടാക്കുകയാണ്. അന്തർ സർവ്വകലാശാല KTU വിദ്യാർത്ഥികളിൽനിന്നും 25,000 രൂപയാണ്

ഈടാക്കുന്നത്. എന്നാൽ മറ്റുസർവ്വകലാശാലകളിൽ 3,000 രൂപയാണ്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അതുപോലെ Equivalency Certificate-ന് അപേക്ഷിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് 6,000 രൂപയാണ് ഫീസ് ഈടാക്കുന്നത്. മറ്റ് സർവ്വകലാശാലകളിൽ ഇത് 350 അല്ലെങ്കിൽ 500 രൂപ മാത്രമാണ്. KTU സ്വന്തമായി റിസോഴ്സസ് കണ്ടെത്തുന്നതിന് ശ്രമം നടത്തി കൊണ്ടിരിക്കുകയാണ്. അതിനായി വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഇനത്തിൽ അധിക തുക ഈടാക്കാൻ മാത്രമെ KTU-ന് സാധിക്കുകയുള്ളൂ. അല്ലാതെ സ്വന്തമായി ഒരു സർവ്വകലാശാലയ്ക്ക് റിസോഴ്സസ് കണ്ടെത്താനായി അവിടെ മറ്റ് പ്രൊഡക്ഷൻ നടക്കുന്നില്ല. അവിടെ ഫണ്ട് മൊബിലൈസേഷൻ മറ്റുതരത്തിൽ സാധ്യമല്ല. പരീക്ഷ നടത്തിപ്പിലൂൾപ്പെടെ സ്വന്തമായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കാൻപോലും ഇന്ന് KTU-ന് കഴിഞ്ഞിട്ടില്ല. രണ്ടാഴ്ചമുമ്പ് വിദ്യാർത്ഥികളുടെ സമരം അവിടെ നടക്കുകയുണ്ടായി. ഞാനും ബഹുമാന്യനായ ഷാഫി പറമ്പിൽ എം.എൽ.എ.-യുമൊക്കെ അവിടെ പോയതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരീക്ഷകൾ ഓൺലൈനായി നടത്തണമെന്നാണ് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടത്. കോവിഡ് മഹാമാരി ആരംഭിച്ച് ഏകദേശം ഒന്നരവർഷമായിട്ടും കേരളത്തിലെ ഒരു സാങ്കേതിക സർവ്വകലാശാലയ്ക്ക് അവരുടെ പരീക്ഷകൾ ഓൺലൈനായി നടത്താൻപോലുമുള്ള സൗകര്യമൊരുക്കാൻ സാധിക്കുന്നില്ല. സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നതിനാവശ്യമായ റിസോഴ്സസ് ആ യൂണിവേഴ്സിറ്റിക്ക് നൽകുവാനോ അല്ലെങ്കിൽ ആ യൂണിവേഴ്സിറ്റിയുടെ നടത്തിപ്പ് മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ ഗവൺമെന്റിന്റെ കൃത്യമായ മോണിറ്ററിംഗോ ഡയറക്ഷനോ ഇല്ലാത്താണ് ഇതിനു കാരണം. അദ്ധ്യാപക-അനദ്ധ്യാപകരുൾപ്പെടെയുള്ള നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതൊന്നും കൃത്യമായി നൽകാത്തതുകൊണ്ട് ആ യൂണിവേഴ്സിറ്റി ഇന്ന് ശ്വാസംമുട്ടി മുങ്ങിത്താഴുന്ന അവസ്ഥയിലാണ്. ആധുനിക രീതിയിലുള്ള എല്ലാ സാങ്കേതിക വിദ്യകളും ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചോളാം KTU ഇനി അവിടെ മടക്കിപൂട്ടി വച്ചാൽ മതിയെന്ന രീതിയിലേയ്ക്ക് പുതിയ യൂണിവേഴ്സിറ്റി നിലവിൽ വരുന്നതോടുകൂടി KTU മാറുമെന്ന് ഞങ്ങൾ ഭയപ്പെടുന്നുണ്ട്, ഞങ്ങൾ ആശങ്കയിലുമാണ്. എന്തുകൊണ്ടാണ് പുതിയ സർവ്വകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് പറയുന്നത് എന്നതിന്റെ യഥാർത്ഥ കാരണങ്ങൾ ഞങ്ങൾ അന്വേഷിക്കുമ്പോൾ പലകാരണങ്ങളും മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ഇവിടെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ സൂചിപ്പിച്ച, ഐ.ടി. വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലങ്ങളിൽ നടന്നിട്ടുള്ള ചില കലാപരിപാടികളുടെ ഭാഗമായിട്ടാണ് യൂണിവേഴ്സിറ്റിയെന്ന ആശയം തന്നെ ഉരുത്തിരിഞ്ഞുവന്നിരിക്കുന്നത്. ഇതിന്റെ ഉപജ്ഞാതാവ് ആരായിരുന്നുവെന്ന് കാര്യങ്ങൾ അന്വേഷിച്ചുപോയാൽ

കൃത്യമായും മനസ്സിലാക്കാൻ സാധിക്കും. അദ്ദേഹം ഇപ്പോൾ ജയിലിലാണ്. ആ ഉപജ്ഞാതാവായിരുന്ന വ്യക്തിയുടെ പേര് പറയുന്നതിൽ യാതൊരു ആശങ്കയുമില്ല. മുഖ്യമന്ത്രിയുടെ മുൻ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലായിരുന്ന ശ്രീ. എം. ശിവശങ്കർ, ഐ.എ.എസ്. അദ്ദേഹം KTU -വുമായി പലതരത്തിലുള്ള മീറ്റിംഗുകൾ നടത്താൻ ശ്രമിച്ചു. KTU-യുമായി മീറ്റിംഗുകളും പല കത്തിടപാടുകളും നടത്തി. ആ കത്തിടപാടുകളൊക്കെ യൂണിവേഴ്സിറ്റിയുടെ രേഖകളിലുണ്ട്. ഞാൻ വെറുതെ പറയുന്നതല്ല, നിങ്ങൾ അത് പരിശോധിക്കണം. ഒ.എസ്.ഡി. എന്നനിലയിൽ അദ്ദേഹം അവിടെ മാറ്റങ്ങൾ കൊണ്ടുവരുന്നതിനായി പല തീരുമാനങ്ങളും നടപ്പി ലാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന് വ്യവസ്ഥാപിതമായ രീതിയിൽ യൂണിവേഴ്സിറ്റിയുടെ നിയമങ്ങൾ അനുശാസിക്കുന്നതുപ്രകാരം ഇദ്ദേഹം ആവശ്യപ്പെട്ട പലകാര്യങ്ങളും നടപ്പിലാക്കാൻ സാധിക്കില്ലെന്ന് യൂണിവേഴ്സിറ്റി അറിയിച്ചപ്പോൾ, അങ്ങനെയാണെങ്കിൽ സിൻഡിക്കേറ്റുകൂടി നടപടിക്രമങ്ങൾ ഭേദഗതി ചെയ്യണ മെന്നുപോലും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ അത് നടക്കാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ ചില താല്പര്യങ്ങൾ അല്ലെങ്കിൽ ഐ.ടി. വകുപ്പുമായി ബന്ധപ്പെട്ട് ചില ഇടപാടുകൾക്ക്, ചില കൺസൾട്ടൻസി കമ്പനികൾക്ക്, ഇവിടെ നേരത്തെ പരാമർശിക്കപ്പെട്ട സ്വപ്ന സുരേഷിനെ പോലെയുള്ള ആളുകൾക്ക് ഈ സർവ്വകലാ ശാലയുമായി ബന്ധപ്പെടാൻ സാധിക്കാത്ത സാഹചര്യം വന്നപ്പോൾ, അതിന് ബദലായി മറ്റൊരു സർവ്വകലാശാല കൊണ്ടുവന്നേക്കാമെന്ന് ശിവശങ്കറിന്റെ "മൂശയിൽ ഉദിച്ച ആശയമാണ് ' ഈ ഡിജിറ്റൽ സകർവ്വകലാശാലയെന്ന കാര്യം സാമാന്യ ബുദ്ധിയാൽ ചിന്തിക്കുന്ന എല്ലാവർക്കും മനസ്സിലാകും. എന്തുകൊണ്ട് ഇത് സ്ഥാപിതമായി എന്നതിനെ സംബന്ധിച്ച് യഥാർത്ഥ കാരണങ്ങൾ അന്വേഷിച്ച് പോകുന്ന ആളുകൾക്കെല്ലാം മനസ്സിലാകുന്ന കാരണങ്ങൾ തന്നെയാണിത്. ഞാൻ ആ വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല.

കമ്പനീസ് ആക്ടനുസരിച്ച് നിലവിൽവന്ന സ്ഥാപനത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ; പല യൂണിവേഴ്സിറ്റികളുടെ ബില്ലുകളും ആക്ടും കണ്ടിട്ടുണ്ട്. ഇവിടെ ഏഴാം ഖണ്ഡികയിൽ, 1986-ലെ കമ്പനീസ് ആക്ടിന്റെ 25-ാം വകുപ്പിനുകീഴിലുള്ള സ്പോൺസറിംഗ് എന്റിറ്റിയുടെ കാര്യം നേരത്തെ വിശദമായി പറഞ്ഞതാണ്. അതിന്റെ രണ്ടാം ഭാഗത്തെ ഖണ്ഡികയിൽ പറയുന്നത്, "സർവ്വകലാശാല സ്ഥാപിക്കുന്നതിനാ വശ്യമായേക്കാവുന്ന ഭൂമിയും മറ്റടിസ്ഥാന സൗകര്യങ്ങളും സ്പോൺസറിംഗ് എന്റിറ്റി കൈമാറ്റം ചെയ്തുകൊടുക്കേണ്ടതും സർവ്വകലാശാല സ്ഥാപിതമായാൽ ഉടൻതന്നെ ഭരണനിർവ്വഹണാധികാരം എട്ടും ഒൻപതും പത്തും വകുപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള ചാൻസലറിലും പ്രോചാൻസലറിലും സർവ്വകലാശാലയുടെ മറ്റ് ഉദ്യോഗസ്ഥരിലും നിക്ഷിപ്തമാകുന്നതുമാണ്." എന്നാണ്. അതായത്, സർവ്വകലാശാല സ്ഥാപിക്കുന്ന തിനാവശ്യമായ ഭൂമിയും മറ്റടിസ്ഥാന സൗകര്യങ്ങളും സ്പോൺസറിംഗ് എന്റിറ്റിക്ക്

കൈമാറ്റം ചെയ്തുകൊടുക്കണം. അങ്ങനെ കൈമാറ്റം ചെയ്തുകൊടുത്തിരിക്കുകയാണോ? ഈ പുതിയ യൂണിവേഴ്സിറ്റിയുടെ സ്ഥാപനത്തിനായി ഇപ്പോൾ സർക്കാർ 75 കോടി രൂപ നൽകിയിരിക്കുകയാണ്. Indian Institute of Information Technology and Management Kerala (IIITMK) എന്ന സ്ഥാപനം ടെക്നോപാർക്കിൽനിന്നും പള്ളിപ്പുറത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടിയാണ് അവിടെ 10 ഏക്കർ ഭൂമി കണ്ടെത്തി കാമ്പസ് തുടങ്ങാനുള്ള നടപടികളാരംഭിച്ചത്. സ്പോൺസറിംഗ് എന്റിറ്റിയെന്ന് നിയമത്തിൽ പറയുന്നു. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി, ആദ്യം ഇതിന്റെ പരാമർശമുണ്ടായത് 2018-ലെ ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലാണ്. അതിനെത്തുടർന്ന് ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലും ഇതുസംബന്ധിച്ച പ്രഖ്യാപനങ്ങളും പരാമർശങ്ങളുമുണ്ടായിട്ടുണ്ട്. പിന്നീട് IIITMK-യെ ഒരു യൂണിവേഴ്സിറ്റിയായി ഉയർത്തുമെന്നാണ് അവിടെ പരാമർശിച്ചിരുന്നത്. കമ്പനീസ് ആക്ടനുസരിച്ച് സ്ഥാപിതമായ സ്ഥാപനത്തെ ഒരു സർവ്വകലാശാലയാക്കി മാറ്റാൻ നിയമപരമായി സാധിക്കില്ലെന്ന് പിന്നീട് നിയമ വകുപ്പിൽനിന്നും കിട്ടിയ ഉപദേശത്തിന്റെയടിസ്ഥാനത്തിലായിരിക്കാം ഇപ്പോൾ ഇതിനെ സ്പോൺസറിംഗ് എന്റിറ്റിയായി ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു കമ്പനി യൂണിവേഴ്സിറ്റിയുടെ സ്പോൺസറിംഗ് എന്റിറ്റിയായി വരികയാണ്. കമ്പനീസ് ആക്ടനുസരിച്ച് രൂപീകൃതമായ കമ്പനി, ആധുനിക കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് ബദൽ എന്നൊക്കെ പറയാൻ കഴിയുമായിരിക്കും, ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. സ്പോൺസറിംഗ് എന്റിറ്റിയായി കമ്പനി നിലനിൽക്കുമ്പോൾ നിങ്ങൾ അപ്ഗ്രേഡ് ചെയ്യുകയാണോ; കമ്പനി സ്വതന്ത്രമായി തുടർന്നും നിലനിൽക്കുമോ; കമ്പനി നിയന്ത്രിക്കുന്നൊരു യൂണിവേഴ്സിറ്റിയായി ഡിജിറ്റൽ യൂണിവേഴ്സിറ്റി മാറാൻ പോകുകയല്ലേ എന്ന അടിസ്ഥാനപരമായ ചോദ്യമാണ് ഈ ഘട്ടത്തിൽ ഉന്നയിക്കാനാഗ്രഹിക്കുന്നത്. കാരണം, കമ്പനിയുടെ ഡയറക്ടർ ബോർഡംഗങ്ങൾ അല്ലെങ്കിൽ കമ്പനി നിർദ്ദേശിക്കുന്ന ആൾ വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന ബോഡിയിലും ഗവേണിംഗ് കൗൺസിലിലും ഉണ്ടാകും. എല്ലാ അർത്ഥത്തിലും ഈയൊരു കമ്പനി നിയന്ത്രിക്കുന്ന സർവ്വകലാശാലയായി കേരളത്തിലെ പുതിയ ഡിജിറ്റൽ യൂണിവേഴ്സിറ്റി മാറാൻ പോകുന്നുവെന്നുള്ളത് ഇതിന്റെ വകുപ്പുകളിലൂടെ കടന്നുപോയാൽ മനസ്സിലാക്കാൻ സാധിക്കും.

ഡോ. എം. കെ. മുനീർ: സർ, കമ്പനി ഐ.കെ.എം.-നെയും ഐ.ടി. മിഷനെയും നിയന്ത്രിക്കാൻ പോകുന്നുവെന്ന സൂചനയാണ്. നമ്മുടെ പരിശീലന കേന്ദ്രങ്ങളും ഗവേഷണ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമായി സംയോജിക്കപ്പെടുമെന്ന് പറയുമ്പോൾ ഈ കമ്പനി ഐ.ടി. മിഷനെയും ഐ.കെ.എം.-നെയും നിയന്ത്രിക്കാൻ പോകുന്നുവെന്ന് പറയുന്നത് അപകടകരമല്ലേ?

മി. ചെയർമാൻ: അങ്ങ് പരമാവധി സമയം നിയന്ത്രിച്ച് സംസാരിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്ന വ്യക്തിയെന്ന നിലയിലും രാജ്യത്തെ ഇപ്പോഴുള്ള പരമോന്നതമായ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി സ്ഥാപനത്തിൽ പഠിച്ച ഒരു വ്യക്തിയെന്ന നിലയിലും സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയം സഭയിൽ ചർച്ച ചെയ്യുമ്പോൾ അതിന്റെ ആഴത്തിലും വ്യാപ്തിയിലും ചർച്ചചെയ്യേണ്ടതിന്റെ ആവശ്യകത അങ്ങ് പൂർണ്ണമായും ഉൾക്കൊള്ളുമെന്നാണ് വിചാരിക്കുന്നത്.

മി. ചെയർമാൻ: അങ്ങും അതേ യൂണിവേഴ്സിറ്റിയിൽ നിന്നായതുകൊണ്ട് വളരെ ചുരുക്കി നന്നായി സംസാരിക്കുന്ന ആളാണെന്നുള്ള മാതൃക കാണിക്കണം.

ശ്രീ. റോജി എം. ജോൺ: സർ, ജെ.എൻ.യു.-വിൽ പൊതുവെ അങ്ങനെ ചുരുക്കി സംസാരിക്കാറില്ല. ഇതിൽ ഒളിഞ്ഞിരിക്കുന്ന ഇത്തരത്തിലുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളെ സംബന്ധിച്ചാണ് ഞങ്ങളെല്ലാവരും ഇവിടെ സംശയങ്ങൾ ഉന്നയി ക്കുന്നത്. ഞാൻ അവസാനിപ്പിക്കുന്നു, കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലും കുസാറ്റിലും നിലവിലുള്ള കോഴ്സുകൾക്ക് സമാനമായ കോഴ്സുകൾ നൽകുന്നതും സമാനമായ ഗവേഷണങ്ങൾ നടത്തുന്നതുമായ മറ്റൊരു യൂണിവേഴ്സിറ്റിയായി ഇത് മാറുന്നു. യാതൊരു തരത്തിലുമുള്ള നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കാൻ സാധിക്കാത്ത മറ്റൊരു സ്ഥാപനം മാത്രമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു കമ്പനിയുടെ മറവിൽ ഒരു യൂണിവേഴ്സിറ്റിയെന്ന ആശയം കൊണ്ടു വന്ന്, ഈ കമ്പനിയുടെ ആളുകളെ മുഴുവനും യൂണിവേഴ്സിറ്റി പ്രൊഫസർമാരോ അസിസ്റ്റന്റ് പ്രൊഫസർമാരോ അസോസിയേറ്റ് പ്രൊഫസർമാരോ ആക്കി മാറ്റുവാനും കമ്പനികളുടെ പ്രതിനിധികളെ യൂണിവേഴ്സിറ്റിയുടെ ഉന്നതതലങ്ങളിൽ പ്രതിഷ്ഠിക്കാനുമുള്ള ഗൂഢമായ ഉദ്ദേശ്യം ഈ ബില്ലിൽ അടങ്ങിയിട്ടുണ്ടോയെന്ന സംശയം ഈ ഘട്ടത്തിൽ ഉന്നയിക്കുകയാണ്. ജയിലിലായിരിക്കുന്ന ശിവശങ്കറിനെ പ്പോലുള്ള ആളുകളുടെ പ്രേതം ഇപ്പോഴും ഈ ഗവൺമെന്റിനെ വിട്ടുപോയിട്ടില്ലെന്നു ള്ളതിന്റെ സൂചനയാണ് ഐ.ടി. വകുപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശാല എന്ന ആശയം മുന്നോട്ടുകൊണ്ടുവരാൻ ഈ സർക്കാർ തയ്യാറായിരിക്കുന്നതെന്നുവേണം കരുതേണ്ടത്. അതുപോലെ, കുസാറ്റിന്റെ ഒരു അപ്രൂവ്ഡ് ഏജൻസിയായ കമ്പനി യൂണിവേഴ്സിറ്റിയായി മാറുമ്പോൾ കമ്പനി നടത്തുന്ന കൺസൾട്ടൻസി സർവ്വീസുക ൾക്കുൾപ്പെടെ അന്തർദ്ദേശീയ തലത്തിൽ കൂടുതൽ ക്രെഡിബിലിറ്റി നേടിയെടുക്കാൻ പോലും ഒരു യൂണിവേഴ്സിറ്റിയെ ആയുധമാക്കി മാറ്റുമോയെന്ന സംശയം അക്കാഡമിക് സർക്കിളുകളിൽ ഉയർന്നുവരികയാണ്. ഡോ. എം. കെ. മുനീർ അവതരിപ്പിച്ച പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. വിജിൻ: സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. അറിവിനുവേണ്ടിയുള്ള മനുഷ്യരുടെ ഭിന്നമുഖമുള്ള അന്വേഷണങ്ങളുടെ ഏകമാനമായ ഉത്തരമാണ് സർവ്വകലാശാലകൾ. പലവഴികളിലൂടെ അറിവ് തേടി യെത്തിയവർക്ക് ഉത്തരം നൽകിയ നളന്ദയും തക്ഷശിലയും പൗരാണിക ഭാരതത്തിലെ സർവ്വകലാശാലകളാണ്. ആ സർവ്വകലാശാലകളുൾപ്പെടെയുള്ള രാജ്യത്തെ ചരിത്രം ഏറെ മനസ്സിലാക്കുകയും, അത് പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്ന ആളുകളാണ് നമ്മൾ ഓരോരുത്തരും. ഡിജിറ്റൽ രംഗത്ത് നാം ആർജ്ജിച്ചെടുത്ത സാധ്യതകൾ ഏറ്റവും സമഗ്രമായി പ്രയോഗിക്കപ്പെട്ടത് കോവിഡ് കാലഘട്ടത്തിലാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ടെക്നോളജിയുടെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തി ഉന്നത വിദ്യാഭ്യാസരംഗം തീർച്ചയായും നവീകരിക്കേണ്ടതുണ്ട്. ആ നിലയിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നവീകരിക്കുമ്പോഴാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രസക്തി നമ്മുടെ മുന്നിലേയ്ക്ക് കടന്നു വരുന്നത്. പ്രത്യേകിച്ച്, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു സമൂഹത്തിന്റെ മാറ്റത്തിന്റെ മുഖ്യ ചാലക ഘടകങ്ങളാണ്. നമ്മുടെ സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനം പ്രധാനമായും അക്കാഡമിക് സ്ഥാപ നങ്ങളാൽ നയിക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി സർവ്വകലാശാലയ്ക്ക് ചടുലമായ ഒരു ഭരണഘടനയും സമൂഹത്തിൽ മാറികൊണ്ടിരിക്കുന്ന ആവശ്യങ്ങളുമായി തികച്ചും പൊരുത്തപ്പെടുന്ന ഒരു നിയന്ത്രണ ചട്ടക്കൂടും നമുക്ക് വികസിപ്പിച്ചെടുക്കേ ണ്ടതായിട്ടുണ്ട്. ഡിജിറ്റൽ സാങ്കേതികരംഗത്ത് ആഗോള നിലവാരം ഉറപ്പാക്കുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു അത്യാധുനിക സ്ഥാപന സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി എന്ന പേരിൽ കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് രൂപം കൊടുത്തിരിക്കുന്നത്. ഡിജിറ്റൽ രംഗത്തെ വിവിധ മേഖലകളായ പി.ജി. അദ്ധ്യാപനത്തിലും ഗവേഷണത്തിലും ശ്രദ്ധ ഊന്നി ക്കൊണ്ടുള്ള ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയെന്നത് ഏറെ അഭിമാനത്തോടുകൂടി നമുക്കെല്ലാം പങ്കുവയ്ക്കാൻ സാധിക്കുന്ന ഒന്നാണ്.

5.00 P.M.]

രണ്ട് പതിറ്റാണ്ടുമുൻപ് പ്രിയങ്കരനായ ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കേരള സർക്കാർ വിവര സാങ്കേതികവിദ്യ വകുപ്പിൻ കീഴിൽ ഒരു കമ്പനിയായിട്ട് Indian Institute of Information Technology and Management in Kerala (IIITMK) സ്ഥാപിക്കപ്പെട്ടത്. അതിന്റെ പദവി ഉയർത്തിയാണ് നിർദ്ദിഷ്ട ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിതമായിരിക്കുന്നത്. IIITMK-യോടൊപ്പം പ്രവർത്തനം തുടങ്ങിയ രാജ്യത്തെ മറ്റ് ട്രിപ്പിൾ ഐ.ടി.-കളെപ്പറ്റി ഇവിടെ വിശദീകരിച്ചിട്ടുണ്ട്. ആ ട്രിപ്പിൾ ഐ.ടി.-കളെയെല്ലാം അതാത് സംസ്ഥാനത്തിന്റെ നിയമസഭകളുടെയോ പാർലമെന്റിന്റെയോ ഭാഗമായി നടത്തിയ നിയമനിർമ്മാണങ്ങളിലൂടെ സർവ്വകലാശാലകളും ദേശീയ സ്ഥാപനങ്ങളുമാക്കി മാറ്റുകയും അതിലൂടെ ബിരുദദാനത്തിന് പ്രാപ്തമാക്കുകയും ചെയ്തിട്ടുണ്ട്. ആ നിലയിൽ തന്നെയാണ് കേരളത്തിലും ഈ IIITMK-യെ ഇന്ത്യയിലെ തന്നെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്താൻ നമ്മുടെ സർക്കാർ തീരുമാനിച്ചത്. സ്വാഭാവികമായും ഇവർ ഇവിടെ ചില ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. പ്രതിപക്ഷത്തു നിന്നും സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചത്, ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്ന നിലയിൽ K.T.U. (Kerala Technological University) നിലവിലുണ്ടല്ലോ പിന്നെയെന്തിനാണ് ഇത്തരത്തിൽ മറ്റൊരു ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നാണ്. K.T.U.-ന്റെ ചരിത്രത്തെക്കുറിച്ചെല്ലാം ഇവിടെ പ്പറഞ്ഞു. അതിന്റെ വിശദീകരണത്തിലേയ്ക്കൊന്നും പോകുന്നില്ല. K.T.U.-ന്റെ തുടക്കത്തെക്കുറിച്ചും അതിനെ കഴുത്തുഞെരുക്കിക്കൊന്നുവെന്നുമൊക്കെ പ്രതിപക്ഷത്തു നിന്നും പറയുന്നുണ്ടായിരുന്നു. ആരാണതിനെ കഴുത്തുഞെരുക്കിക്കൊന്നത്? ആ കാലഘട്ടത്തിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി ആ യൂണിവേഴ്സിറ്റിക്കുമുന്നിൽ നിരവധി സമരങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടി വന്നിട്ടുണ്ട്. അന്ന് യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. അവരാണ് ആ യൂണിവേഴ്സിറ്റിക്ക് തുടക്കം കുറിച്ചത്. പിന്നീട് കഴുത്തുഞെരിച്ച് കൊല്ലാൻ ശ്രമിച്ച് വെന്റിലേറ്ററിൽ കിടത്തിയിട്ടാണ് അവർ അധികാരത്തിൽ നിന്നും മാറിയത്. പിന്നീട് വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് വെന്റിലേറ്ററിൽ കിടന്ന സാങ്കേതിക സർവ്വകലാശാലയിൽ ഘട്ടംഘട്ടമായ മാറ്റങ്ങളുണ്ടാക്കി ഇന്ന് വിദ്യാർത്ഥികളെ ആകർഷിക്കുന്ന നിലയിലേയ്ക്കുള്ള സംവിധാനമെങ്കിലും കൊണ്ടുവന്നത്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ എന്തായിരുന്നു ആ യൂണിവേഴ്സിറ്റിയുടെ അവസ്ഥ. CET (College of Engineering and Technology)-യോട് ചേർന്ന് ഒരു ചെറിയ കെട്ടിടം. പേര് സാങ്കേതിക സർവ്വകലാശാല. വിദ്യാർത്ഥി സമരങ്ങളുടെ യോഗത്തിലൊക്കെ

പ്രസംഗിക്കാൻ പോകുമ്പോൾ പറയുന്നത്, അഞ്ച് കമ്പ്യൂട്ടറുകൾ തികച്ചില്ലാത്ത ഒരു യൂണിവേഴ്സിറ്റി ആസ്ഥാനം. മതിയായ ജീവനക്കാരില്ലാതെ, വിദ്യാർത്ഥികളെയെല്ലാം തന്നെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ഒരു യൂണിവേഴ്സിറ്റി പരീക്ഷ നടത്താനേൽപ്പിച്ചത് സ്വകാര്യ ഏജൻസിയെയാണ്. യു.ഡി.എഫ്-ന്റെ കാലത്ത് എഞ്ചിനീയറിംഗ് കോളേജിലെ മുഴുവൻ കുട്ടികളും തെരുവിലിറങ്ങി. ഒരു സ്വകാര്യ ഏജൻസിയെ പരീക്ഷ നടത്താൻ ഏൽപ്പിച്ചു. പരീക്ഷാ പേപ്പറുകളും ക്വസ്റ്റ്യൻ പേപ്പറുകളുമുൾപ്പെടെ കെ.എസ്.ആർ.ടി.സി. ബസ്സിൽ നിന്നും വീണുകിട്ടിയ ഒരു കാലം K.T.U.-യിലുണ്ടായിരുന്നു. പ്രതിപക്ഷാംഗങ്ങൾ പറഞ്ഞതുകൊണ്ടുമാത്രം ഞാൻ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു എന്നുള്ളതാണ്. പരീക്ഷയെഴുതിയ മിടുക്കരായ വിദ്യാർത്ഥികൾ ആ കാലത്ത് തോറ്റു. CET-യിലെ മിടുക്കരായ വിദ്യാർത്ഥികൾപോലും പരീക്ഷയെഴുതി തോറ്റുപോകുന്ന ഒരു സാഹചര്യത്തിലേയ്ക്ക് K.T.U.-നെ എത്തിച്ചവരാണ് ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്. അംഗങ്ങൾ. ഇവിടെ നാം മനസ്സിലാക്കേണ്ടത്, K.T.U. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അതാണല്ലോ അവർ ഇങ്ങനെ ആശയക്കുഴപ്പം പോലെ മുന്നോട്ടുവച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ K.T.U-ന്റെ ഉദ്ദേശ്യം Professionals-ന്റെ ഉന്നമനമാണ്. K.T.U. ഒരു അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റിയായതിനാൽ അതിന്റെകീഴിൽ 150-ലധികം എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആ വിധത്തിലാണോ ഇവിടത്തെ കേരള സർക്കാർ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ ചരിത്രത്തെ മറന്നുകൊണ്ട് പ്രതിപക്ഷം തെറ്റിദ്ധാരണയുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഒരു യൂണിവേഴ്സിറ്റിയായിരുന്നുവല്ലോ കേരളത്തിലുണ്ടായിരുന്നത്. കേരള യൂണിവേഴ്സിറ്റി വിഭജിക്കുമ്പോൾ വലിയ ചർച്ചയുണ്ടായില്ലേ; പിന്നീട് കാലിക്കറ്റ് രൂപീകരിച്ചു. അവിടെയും വിഭജനം വന്നപ്പോൾ വലിയ ചർച്ചയുണ്ടായില്ലേ; കണ്ണൂർ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നു. സമാനമായ നിലയിലല്ലേ മറ്റ് യൂണിവേഴ്സിറ്റികളോരോന്നും രൂപീകരിച്ചിട്ടുള്ളത്. വെറ്ററിനറി മേഖലയിൽ, കാർഷിക മേഖലയിൽ, ഫിഷറീസ് മേഖലയിൽ, ഞാൻ ഓരോന്നും എടുത്തെടുത്ത് പറയുന്നില്ല. കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ചുള്ള മാറ്റങ്ങളാണ് വേണ്ടത്. പുതിയ തലമുറയിലെ വിദ്യാർത്ഥികൾക്ക് അവരുടെ ആവശ്യത്തിനനുസരിച്ചുള്ള ഘട്ടംഘട്ടമായ മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്. ഒരു യൂണിവേഴ്സിറ്റിയിൽ നിന്നുമാണ് വിവിധങ്ങളായ യൂണിവേഴ്സിറ്റികളിലേയ്ക്ക് ഘട്ടംഘട്ടമായ മാറ്റങ്ങളുണ്ടാക്കിയത്. ആ നിലയിലാണ് നമ്മൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ വായിച്ചെടുക്കേണ്ടത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി വ്യത്യസ്തമായ ഉദ്ദേശ്യത്തോടുകൂടിയാണ് സജ്ജമാക്കിയിരിക്കുന്നത്. ഡിജിറ്റൽ ലോകത്ത് കഴിവുള്ളവരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ യൂണിവേഴ്സിറ്റിയെ സജ്ജമാക്കിയിരിക്കുന്നത്. വൈവിദ്ധ്യമേഖലകളിലുള്ള ആളുകളെ

നവലോക അവസരങ്ങളിൽ മുന്നിട്ടുനിൽക്കാൻ സാങ്കേതിക വിദ്യയിലൂടെ പ്രാപ്തരാക്കുക എന്നതാണ് ഈ യൂണിവേഴ്സിറ്റി മുന്നോട്ടുവയ്ക്കുന്നത്. ഇത്തരം ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സംസ്ഥാനത്ത് സാധ്യമാക്കുന്നതിനുതകുന്ന തരത്തിൽ ഒരു വിദ്യാഭ്യാസ ഗവേഷണസ്ഥാപനത്തിന്റെ ആവശ്യകതയിലേയ്ക്ക് തന്നെയാണ് ആയത് വിരൽ ചൂണ്ടുന്നത്. ആ മാറ്റം കൊണ്ടുവരാനുള്ള ഒരു പ്രധാന പങ്കാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി വഹിക്കാൻ പോകുന്നത്. ഇവിടെ ഓരോരുത്തരും പറഞ്ഞകാര്യങ്ങൾ ഞാൻ വിശദീകരിച്ച് പോകുന്നില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, വിഷൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ എന്നിവയുടെയെല്ലാം പ്രയോഗം സയൻസിലും അതോടൊപ്പം തന്നെ ആർട്സിലും കോമേഴ്സിലും കൊണ്ടുവന്ന് എങ്ങനെ പ്രയോഗിക്കാം എന്നൊരു ലക്ഷ്യവും അതിനൂതന സാങ്കേതിക വിദ്യയുടെ അദ്ധ്യയനവും ഗവേഷണവുമാണ് ഈ യൂണിവേഴ്സിറ്റി മുന്നോട്ടുവയ്ക്കുന്നത്. ഇവിടെ അഞ്ച് സ്കൂളുകളെക്കുറിച്ച് പറഞ്ഞു. ആ അഞ്ച് സ്കൂളുകളെക്കുറിച്ച് പറയുമ്പോൾ ഇവർ തെറ്റിദ്ധാരണയുണ്ടാക്കാൻ കുസാറ്റിനെയും സാങ്കേതിക സർവ്വകലാശാലയെയും കൊണ്ടുവന്നു. ഒരു ഘട്ടത്തിൽപ്പോലും കുസാറ്റിന്റെയോ K.T.U.-യുടേയോ മേഖലയിലേയ്ക്ക് ഡിജിറ്റൽ യൂണിവേഴ്സിറ്റി കടന്നുപോകുന്നേയില്ല. ആ യൂണിവേഴ്സിറ്റികൾക്ക് ഒരു തരത്തിലും, ആ കോഴ്സുകളുടെ മുന്നോട്ടുപോക്കിന് തടസ്സമെന്ന വിധത്തിലേയല്ല ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ കേരളത്തിൽ മുന്നോട്ടുവയ്ക്കുന്നത്. ഇവിടെ പറയുന്ന അഞ്ച് സ്കൂളുകളിലെ പാഠ്യപദ്ധതികളും ഗവേഷണപദ്ധതികളും ക്രമീകരിക്കുന്നതിനാണ് അഞ്ച് സ്കൂളുകൾ വിഭാവന ചെയ്യുന്നത്. അതിൽ ഒന്ന് സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഓട്ടോമേഷനാണെന്ന് ഇവിടെ സൂചിപ്പിച്ചു. അതിനൂതന നാനോ സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള സെൻസർ ടെക്നോളജിയാണ് ഈ മേഖലയിൽ പാഠ്യവിഷയമായി മുന്നോട്ടുകൊണ്ടുവരുന്നത്. ഇതിന് നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ സെന്റർ ഓഫ് എക്സലൻസിന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞിരിക്കുകയാണ്. ആ നിലയിൽ മികവാർന്ന ഒരു സംവിധാനമായി അതിനെ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കും. രണ്ടാമതായി സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസ്; ഡാറ്റാ അനലിറ്റിക്സ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയാണ് ഇതിന്റെ പ്രത്യേകത; ഇവർ പലതും പറഞ്ഞു. പക്ഷേ നാം കാണേണ്ടത്, ലോകം ഗൗരവത്തോടെ ചർച്ച ചെയ്യുന്ന ഡ്രഗ് ഡിസൈൻ ഉൾപ്പെടെയുള്ള പഠന സംവിധാനങ്ങളൊരുക്കിക്കൊണ്ട് റോബോട്ട് നിർമ്മാണത്തിനുതകുന്ന വിദ്യയുടെ ആപ്ലിക്കേഷൻ സൈഡ് കൂടി ഈ സ്കൂൾ മുന്നോട്ടുവയ്ക്കുന്നു. മറ്റൊന്ന് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ആണ്. അവിടെ റോബോട്ടിക്സും സൈബർ സെക്യൂരിറ്റിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസുമൊക്കെ ഇതിന്റെ

ഭാഗമായി വരികയാണ്. മറ്റൊന്ന് സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ് ആണ്; അത് പ്രത്യേകം മേഖലകളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗത്തെക്കുറിച്ചാണ് പറയുന്നത്. കൃഷിയിൽ, മൃഗസംരക്ഷണത്തിൽ, കല-സംസ്കാരത്തിൽ, എങ്ങനെ ഡിജിറ്റൽ വിദ്യയുടെ ഉപയോഗം കൊണ്ടുവരാം എന്നുപറയുന്ന ഒരു മേഖല യായിട്ടാണ് സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ് മുന്നോട്ടുവയ്ക്കുന്നത്. അതുപോലെതന്നെ അഞ്ചാമത്തെ കോഴ്സ്, ആ കോഴ്സിനെക്കുറിച്ച് ഇവിടെപ്പറഞ്ഞു; മറ്റ് യൂണിവേഴ്സിറ്റികളിൽ ഇല്ലേ? ആ ശ്രമമല്ലേ നടക്കുന്നത് എന്ന്. ആ നിലയിലേ അല്ല, ഇന്ത്യയിലെവിടെ യുമില്ലാത്ത ഒരു കോഴ്സ്, ലോകത്തിന്റെ വിവിധ യൂണിവേഴ്സിറ്റികളിലുണ്ട്. പക്ഷേ ഇന്ത്യയിലെ മറ്റൊരു യൂണിവേഴ്സിറ്റിയിലുമില്ലാത്ത ഒരു കോഴ്സായിട്ടാണ് സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്സ് വരുന്നത്. ആർട്സിലും ഹ്യൂമാനിറ്റീസിലും എങ്ങനെ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കാം അതിന് ഉദാഹരണങ്ങൾ ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ ജേർണലിസം, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, 3 ഡി ഡിസൈൻ എന്നിവയാണത്. നമുക്ക് ഒരു കുട്ടിയെ ജ്യോഗ്രഫി പഠിപ്പിക്കണമെങ്കിൽ രണ്ട് തരത്തിൽ, ക്ലാസ് മുറികളിലിരുന്ന് ഭൂമിയെക്കുറിച്ചോ അല്ലെങ്കിൽ മാപ്പിനെക്കുറിച്ചോ ഒക്കെ പറഞ്ഞുപഠിപ്പിക്കാം. പക്ഷേ ഒരു മാപ്പ് തന്നെ കുട്ടിയുടെ മുന്നിലേക്ക് വന്ന് പഠിപ്പിക്കുന്ന ഒരു രീതി, അത് നമ്മൾ ഇപ്പോൾ ചാനലിലൊക്കെ കണ്ടുവരുന്നുണ്ട്. അതിന്റെ വിദ്യയെ പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് അതിലേയ്ക്കുതകുന്നതാണ് അഞ്ചാമതായി പറഞ്ഞ സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ആൻഡ് ലിബറൽ ആർട്സ്. ഇവിടെ പി.ജി., റിസർച്ച് പ്രോഗ്രാമുകൾ എല്ലാം മുന്നോട്ട് വയ്ക്കുകയാണ്. M.Sc., M.Tech, M.A., MBA, കോഴ്സുകളിലൂടെ തൊഴിലിന്റെ അനന്തസാധ്യതയെ യുവതലമുറയ്ക്കുമുന്നിൽ തുറന്നുകൊടുക്കുന്ന ഒരു യൂണിവേഴ്സിറ്റിയായി ഡിജിറ്റൽ യൂണിവേഴ്സിറ്റി മാറുകയാണ്. പഠനത്തോടൊപ്പം അത് പ്രയോഗിക്കൽ കൂടിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രത്യേകത. Earn to learn എന്ന് നാം സാധാരണ പറയാറുള്ള കാഴ്ചപ്പാടിനെ മുന്നോട്ടുവച്ചുകൊണ്ടാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. റിസർച്ച് 4 തരത്തിലുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. Regular- Full time Ph.D., Integrated Ph.D., Part time Ph.D., Industrial- Regular Ph.D.- ഇത് ഏറ്റവും വ്യത്യസ്തമായൊരു പ്രോഗ്രാമാണ്. അതായത് ഇൻഡസ്ട്രിയൽ വർക്ക് ചെയ്യുന്ന ഒരാൾക്ക് അവസരം കൊടുത്തുകൊണ്ട് തൊഴിലിനോടൊപ്പം അവരുടെ തൊഴിലിലുള്ള പഠനം സംബന്ധിച്ചുള്ള ഗവേഷണമാണ് അത് മുന്നോട്ടുവയ്ക്കുന്നത്. ഹാർവാർഡ് യൂണിവേഴ്സിറ്റിയെയും M.I.T.-യെക്കുറിച്ചുമൊക്കെ നാം പല വേദികളിലും പങ്കുവയ്ക്കാറുണ്ട്. എന്നാൽ സാർവ്വദേശീയ തലത്തിൽത്തന്നെ അതിപ്രഗത്ഭരായ പ്രൊഫസർമാരുടെ സേവനത്തെക്കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട്

നമ്മുടെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ഈയൊരു ചെറിയ കാലയളവുകൊണ്ട് എം.ടെക്ക്.-കോഴ്സുകൾക്ക് AICTE-യുടെ അംഗീകാരം നേടിയെടുക്കാൻ സാധിച്ചു. അതുപോലെതന്നെ P.G., Ph.D. പ്രോഗ്രാമുകൾക്ക് യു.ജി.സി.-യുടെ അംഗീകാരവും നേടിയെടുക്കാൻ സാധിച്ചു. നേരത്തെ പറഞ്ഞ ആശങ്കകളെല്ലാം ഒരു പരിധിവരെ അതിലൂടെ അവസാനിക്കപ്പെട്ടുവെന്ന് നമുക്ക് പറയാൻ സാധിക്കും. മികവാർന്ന സംവിധാനത്തിലൂടെ സർവ്വകലാശാല മുന്നോട്ടു പോകുന്നു എന്നതിന്റെ തെളിവ് കൂടിയല്ലേ; ഏതാനും നാളുകൾക്കുള്ളിൽ തന്നെയാണ് കൃത്യമായി യു.ജി.സി.-യുടെയും AICTE-യുടെയും അംഗീകാരം കിട്ടുന്നത്. ഏറെ ആകർഷകമായിട്ടുള്ള മറ്റൊരു കാര്യം, ഇനി വരാനിരിക്കുന്ന കാലം പോസ്റ്റ് കോവിഡ് കാലഘട്ടമാണ്. വീട്ടിലിരുന്നോ ലോകത്തിന്റെ ഏതുകോണിലിരുന്നോ എവിടെയുമുള്ള ജോലി ചെയ്യാവുന്ന വലിയ അവസരങ്ങളാണ് നമുക്ക് തുറന്നു വന്നിരിക്കുന്നത്. അത്തരം മാറ്റങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയാണ് നമുക്ക് സാധ്യമാകുക. അതിന്റെ ചുവടുപിടിച്ചാണ് knowledge economy-യിലൂടെ നമ്മുടെ നാട്ടിലെ 20 ലക്ഷം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴില വസരങ്ങൾ ഈ യൂണിവേഴ്സിറ്റി മുഖാന്തരം ലഭിക്കാൻ പോകുന്നത്. ഒരു വലിയ കാഴ്ചപ്പാടാണ് ഈ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ കൃഷി, വ്യവസായം, വിദ്യാഭ്യാസം, മൃഗ സംരക്ഷണം, കല-സാംസ്കാരികം ഇവയെല്ലാം ചേർത്ത് ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് തൊഴിൽ കൊണ്ടുവരാനും അതിനെ അടിസ്ഥാനമാക്കി ഗവേഷണം നടത്താനുമുള്ള വിദ്യാഭ്യാസരീതി ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലൂടെ മുന്നോട്ടുവയ്ക്കുന്നു. മറ്റ് സർവ്വകലാ ശാലകളിൽ ഇല്ലാത്ത ഗവേഷണ രീതിയാണ് ഇവിടെ ഉപയോഗിക്കുന്നത്, think you better... make the village, അതിനെക്കുറിച്ച് നാം നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. മുട്ടവിരിയിക്കുന്നതുപോലെ മനസ്സിലുള്ള ആശയം ഡിജിറ്റൽ സൊല്യൂഷനാക്കി കൊണ്ടുവരുന്ന ഒരു പ്രത്യേക പഠനരീതിയാണിത്. പഠനത്തോടൊപ്പം സമ്പാദ്യവുമെന്ന സർക്കാർ പരിപാടിയോട് ചേർന്നുനിന്ന് ഈ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടു പോകാൻ നമുക്ക് സാധിക്കും. ആധുനിക സമൂഹത്തിന്റെ വളർച്ചയിലും, പുരോഗതിയിലും ചലനം സൃഷ്ടിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഒന്നാണ് സർവ്വകലാശാലകൾ. സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് പരിഹാരം കണ്ടെത്താനുള്ള ഗവേഷണങ്ങളാണ് യൂണിവേഴ്സിറ്റികളെല്ലാം സംഘടിപ്പിക്കുന്നത്. നല്ല രീതിയിൽ പ്രയോജനപ്പെടു ത്താവുന്ന ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള ഉത്തരവാദിത്വമുള്ള ഡിജിറ്റൽ ലോകം നമുക്ക് അത്യാവശ്യമാണ്. കേരള സമൂഹത്തിൽ ഡിജിറ്റൽ മാറ്റത്തിന് നേതൃത്വം കൊടുക്കാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് സാധിക്കും. വിപ്ലവകരമായ മാറ്റമാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലൂടെ സാധ്യമാകുന്നത്. എന്തുപറയുമ്പോഴും

എതിർക്കുക എന്നതാണ് പ്രതിപക്ഷത്തിന്റെ നയം. ലോകത്തിനുമുന്നിൽ മാതൃകയായി കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഇന്റർനാഷണൽ നിലവാരത്തിൽ അറിയപ്പെടാൻ പോകുന്ന ആദ്യ യൂണിവേഴ്സിറ്റിയായി ഡിജിറ്റൽ യൂണിവേഴ്സിറ്റി വരാൻ പോകുകയാണ്. ഈ നിലയിൽ വളരെ അഭിമാനത്തോടുകൂടി ചർച്ച ചെയ്യേണ്ട നിമിഷത്തിൽ ഈ യൂണിവേഴ്സിറ്റി വരാതിരിക്കാൻ മുനീർ സാഹിബിനെപോലെ ബഹുമാനപ്പെട്ട ആളുകൾ ഇവിടെ പറഞ്ഞുവച്ച കാര്യങ്ങൾ ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. മുഖ്യമന്ത്രിക്ക് പ്രോ വൈസ് ചാൻസിലറാകാൻ വേണ്ടിയൊരു യൂണിവേഴ്സിറ്റി, മറ്റ് പല പേരുകളും വളരെ മോശമായി പ്രതിപാദിച്ചുകൊണ്ട് തരംതാണ രാഷ്ട്രീയ ചർച്ചയിലേയ്ക്ക് പോകുന്നത് ഖേദകരമാണ്. സമൂഹത്തോടും പുതിയ തലമുറയോടുമുള്ള ദ്രോഹത്തിന്റെ സമീപനമായാണ് നാം ഇതിനെ കാണേണ്ടത്. കൃത്യതയോടെ ചരിത്രം സൃഷ്ടിച്ചുകൊണ്ട് ഡിജിറ്റൽ രംഗത്ത് ചരിത്രപരമായി മുന്നേറ്റമുണ്ടാക്കാൻ ഈ ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് വിട്ടുകൊണ്ട് ബിൽ പരിശോധിച്ച്, അംഗീകരിച്ച് ഈ യൂണിവേഴ്സിറ്റിയെ കരുത്തുറ്റതാക്കി മാറ്റാൻ ഇടപെടണമെന്നഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(b) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ വളരെ അഭിമാനത്തോടെ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഈ ബിൽ ഭാവി കേരളത്തിന്റെ പ്രതീക്ഷയും, സ്വപ്നങ്ങളും പ്രതിഫലിപ്പിക്കുന്നതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തീർച്ചയായും രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിൽ രാജ്യത്ത് ആദ്യമായി ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെയും അതിനാവശ്യമായ നിയമനിർമ്മാണത്തെയും കേരളമൊട്ടാകെ സർവ്വാത്മനാ പിന്തുണയ്ക്കേണ്ടതാണെന്നുള്ളതാണ് ഈ നാടിനെ സ്നേഹിക്കുന്ന മുഴുവൻ ആളുകളും ചെയ്യേണ്ടൊരു കാര്യം. ഈ സന്ദർഭത്തിൽ പ്രതിപക്ഷം ബാലിശമായ ചില വാദമുഖങ്ങൾ ഉന്നയിക്കുന്നത് വളരെ അതിശയത്തോടെയാണ് ഞാൻ കേട്ടിരുന്നത്. ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ആദ്യംതന്നെ ഈ ബില്ലിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇന്ത്യൻ പൗരന്മാരായ മുഴുവൻ ആളുകൾക്കും ഈ സർവ്വകലാശാലയുടെ ഗുണഫലങ്ങൾ സിദ്ധിക്കുകയും വിദ്യാഭ്യാസമടക്കമുള്ള എല്ലാകാര്യങ്ങൾക്കും ആ സർവ്വകലാശാലയെ സമീപിക്കാമെന്നുമുള്ളതിനെ ഭരണഘടനാ വിരുദ്ധമായി ചിത്രീകരിക്കുകയുണ്ടായി. ബഹുമാന്യനായ വ്യവസായവും നിയമവും വകുപ്പുമന്ത്രി വിശദമായി മറുപടി പറഞ്ഞതിനാൽ ഞാൻ അക്കാര്യത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. എങ്കിലും എതിർക്കാൻവേണ്ടി മാത്രമുള്ള എതിർപ്പ് എന്നതിന്റെ

ദൃഷ്ടാന്തമായി ഞാൻ ഇതിനെ ചൂണ്ടിക്കാണിക്കുകയാണ്. പ്രതിപക്ഷാംഗങ്ങൾ പ്രധാനമായും രണ്ടുകാര്യങ്ങളാണ് ഈ ബില്ലിനെ എതിർക്കാനായി ഉയർത്തിക്കൊണ്ടുവന്നത്. ഒന്ന് IIITMK എന്ന കമ്പനി ഏതോ ജനവിരുദ്ധ സ്ഥാപനമാണ്, പൊതുതാൽപ്പര്യത്തിനെതിരായ കാര്യമാണെന്നുള്ള നിലയിൽ വലിയൊരു ചിത്രീകരണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം ഇവിടെ നടത്തുകയുണ്ടായി. അതായത് വൈസ് ചാൻസിലറെ തെരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ കമ്പനിയുടെ പ്രതിനിധികൾ വരുന്നതടക്കമുള്ള കാര്യങ്ങളെ എതിർത്തുകൊണ്ട് പറഞ്ഞു. പക്ഷേ എന്താണ് യാഥാർത്ഥ്യം? ആ കമ്പനി ഇവിടെ അപ്ഗ്രേഡ് ചെയ്യുകയല്ലേ ചെയ്യുന്നത്. കമ്പനി എന്നുപറയുന്നത് ഈ രംഗത്ത് കേരളത്തിൽ ഏറ്റവും ആധികാരികമായ സ്ഥാപനമല്ലേ; ആ കമ്പനി പൂർണ്ണമായും ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതല്ലേ; 2000-ൽ സ്ഥാപിക്കപ്പെട്ട് 21 വർഷമായി ഈ സംസ്ഥാനത്തെ സാങ്കേതിക വിദ്യാ രംഗത്ത് ഏറ്റവും നിസ്തുലമായി ഒരു ആക്ഷേപവുമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് IIITMK എന്ന കേരളത്തിന്റെ അഭിമാനമായ വിദ്യാഭ്യാസ സ്ഥാപനം. ആ വിദ്യാഭ്യാസ സ്ഥാപനത്തെ കുറെക്കൂടി ഉന്നതമായൊരു തലത്തിലേയ്ക്ക് എത്തിക്കുമ്പോൾ പുകമറ സൃഷ്ടിച്ചുകൊണ്ട് എന്തോ വലിയ കുഴപ്പം സംഭവിക്കുന്നുവെന്നുള്ള നിലയിലാണ് ചിത്രീകരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് ഒരു പിന്തിരിപ്പൻ നയമാണ് അവർ ഇവിടെ അനുവർത്തിക്കുന്നത് എന്നുള്ളതിന്റെ വലിയൊരു ഉദാഹരണമാണിതെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ഇത് കേവലം ഔപചാരികതയ്ക്കു വേണ്ടി പറയുന്നതല്ല. കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ആദ്യത്തെ സംസ്ഥാനമായിട്ട് 30 വർഷങ്ങൾ പിന്നിടുകയാണ്. ഡിജിറ്റൽ സർവ്വകലാശാല രൂപീകരിക്കുവാനുള്ള ഈ ബിൽ അവതരിപ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ വിദ്യാഭ്യാസ രംഗത്തുതന്നെ കേരളം മാതൃകയാകുകയാണെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഏറ്റവും മികവാർന്ന ഗുണഫലമാണ് ഈ ബില്ലിലൂടെ കേരളത്തിലെ യുവതലമുറയ്ക്ക് ലഭിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്, ക്രാന്തദർശിത്വം, പുതുതലമുറയോടുള്ള പ്രതിബദ്ധത അതെല്ലാം ഉജ്ജ്വലമായി നിഴലിക്കുന്നതാണ് ഈ ബില്ലും ഈ ബില്ലിലൂടെ വയ്ക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും. സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കുകയാണ്. നാം ഇന്ന് ഡിജിറ്റൽ യുഗത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ ഡിവൈഡിന്റെ ഈ കാലഘട്ടത്തിൽ have not എന്നുള്ള അവസ്ഥയിലാണ് ഇന്ത്യാരാജ്യം

ലോകരാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്നത്. രാജ്യത്തിനകത്തേയ്ക്ക് കടന്നാൽ ഈ രാജ്യത്തെ ബഹുഭൂരിപക്ഷവും ആ ഡിജിറ്റൽ ഡിവൈഡിൽ have not-ന്റെ പക്ഷത്താണ്. ഇപ്പോൾ ഓൺലൈൻ വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ ഉപാധികളുടെ അഭാവമടക്കം നാം ആ രംഗത്ത് നേരിടുന്ന വലിയ പ്രതിസന്ധികൾ മറികടന്ന് വിവര സാങ്കേതിക വിദ്യാ രംഗത്ത് വിദഗ്ദ്ധന്മാരെ സൃഷ്ടിച്ച് ലോകത്തിന് സംഭാവന ചെയ്തുകൊണ്ട് ലോകനിലവാരത്തിലേയ്ക്ക് വളരാൻ നമ്മളെ പ്രപ്തരാക്കുന്ന പ്രധാന പ്പെട്ടൊരു കാര്യമാണ് ഈ ബില്ലിലൂടെ ഡിജിറ്റൽ യൂണിവേഴ്സിറ്റി രൂപീകരിക്കുമ്പോൾ സംഭവിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് നവകേരളമിഷനുകൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാന ജനതയെ ദിശാബോധത്തോടെ നയിക്കുവാൻ ഒന്നാം പിണറായി സർക്കാരിന് കഴിഞ്ഞുവെങ്കിൽ അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഈ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിന് പതിറ്റാണ്ടുകൾ നിലനിന്നിരുന്ന ഉച്ചനീചത്വവും ഒരു പരിധിവരെ അസമത്വവും മാറ്റിയെടുക്കാൻ കഴിഞ്ഞു. പൊതു വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് എയ്ഡഡ് മേഖല രണ്ടാംകിട മേഖലയായി തരംതിരിക്കപ്പെട്ട് നിന്നൊരു കാലമുണ്ടായിരുന്നു. അസൗകര്യങ്ങളുടെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങൾ നിലനിന്നിരുന്നുവെങ്കിൽ അതിന് വലിയ അളവിൽ മാറ്റം വരുത്തി മികച്ച ലബോറട്ടറികളും, ലൈബ്രറികളും, മികച്ച സ്കൂൾ കെട്ടിടങ്ങളുമുണ്ടാക്കി. പ്രഗത്ഭരായ അധ്യാപകർ മികച്ചനിലയിൽ അദ്ധ്യയനം നടത്തിയപ്പോൾ സ്മാർട്ട് ക്ലാസ്സ്റൂമുകൾ വരികയും മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാഭ്യാസ മേഖല മാറുകയുംചെയ്തു. IT@School programme, KITE (Kerala Infrastructure and Technology for Education), Go Digital programme തുടങ്ങി നിരവധി നവീന ആശയങ്ങൾ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കി പ്രാവർത്തികമാക്കിക്കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ അലകും പിടിയും മാറ്റി പൊതുവിദ്യാഭ്യാസ മേഖലയെ ഏറ്റവും മികച്ചതാക്കിമാറ്റാൻ കഴിഞ്ഞതിന്റെ തുടർച്ചയിൽനിന്നും അതിന്റെ ഏറ്റവും ഉജ്ജ്വലമായ ഒരു പൂർത്തീകരണത്തിലേയ്ക്കും ലോകനിലവാരത്തിലേയ്ക്കും കൊണ്ടുപോകാൻ കഴിയുന്ന ഒന്നാണ് ഈ ഡിജിറ്റൽ സർവ്വകലാശാല രൂപീകര ണത്തിലുള്ള ആശയമെന്നാണ് ഇതിനെ പിന്തുണച്ചുകൊണ്ട് എനിക്ക് സൂചിപ്പി ക്കാനുള്ളത്. മുൻകാലങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ നമ്മുടെ ആളുകളുടെ ഇടയി ലായിരുന്നു മത്സരിക്കേണ്ടിയിരുന്നത്. അന്ന് അവസരങ്ങൾക്കുവേണ്ടി മത്സരി ക്കേണ്ടതുണ്ടായിരുന്നെങ്കിൽ ഇന്ന് ലോകമൊരു മാർക്കറ്റായിരിക്കുകയാണ്. ലോകം ചുരുങ്ങുമ്പോൾ നമുക്ക് തോളൊപ്പം മത്സരിക്കാൻ നമ്മുടെ കുട്ടികളെയും മികച്ചവരാക്കി മാറ്റണം.

മുൻപ് ടെക്നോളജിക്കായി വിദേശ സർവ്വകലാശാലയേയും വിദേശ രാജ്യങ്ങളേയും ആശ്രയിക്കുകയായിരുന്നുവെങ്കിൽ ഇന്ന് നമുക്ക് ടെക്നോളജി ഡെവലപ് ചെയ്യാൻ ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളും ഉന്നതമായ കോഴ്സുകളും ആവശ്യമല്ലേ; ഇവിടെ പെഗാസസ് സോഫ്റ്റ്‌വെയർ പോലുള്ള വിദേശ നിർമ്മിത സാങ്കേതിക വിദ്യയിലൂടെ നമ്മുടെ രാജ്യത്ത് ഒളിചാരപ്രവൃത്തികൾ നടത്തുന്ന ഒരു ഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇവിടെ നൂതന സാങ്കേതികവിദ്യ വളർത്തിയെടുക്കേണ്ടത് ഈ നാടിന്റെ താല്പര്യത്തിന് ഏറ്റവും അത്യന്താപേക്ഷിതവും അനുഗുണവുമാണ്. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഏറ്റവും ശ്രദ്ധേയമായ വളർച്ചയുടെ വിളവെടുപ്പിന് നിറകതിരുകൾ കൊയ്തെടുക്കാൻ നമ്മളെ പ്രാപ്തരാക്കുന്നതാണ് ഈ നൂതന സാങ്കേതികവിദ്യ. ഏറ്റവും മികച്ച രീതിയിൽ ഗവേഷണ വിദ്യാഭ്യാസ രംഗങ്ങളിൽ പ്രാവർത്തികമാക്കാൻ പര്യാപ്തമാണ് ഈ യൂണിവേഴ്സിറ്റി ബിൽ. പ്രത്യേകിച്ച് National Education Policy, വിദ്യാഭ്യാസത്തെ പാർശ്വവൽക്കരിക്കുകയും കാവിവൽക്കരിക്കുകയും ചരിത്രത്തെ തമസ്കരിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്നൊരു ഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സ്വാഭാവികമായും അതിനെതിരെ ഉയർന്നുചിന്തിക്കുന്ന നമ്മുടെ നാടിന്റെ പൊതു താല്പര്യം ഉയർത്തിപ്പിടിക്കുന്ന ദേശീയതയേയും മൂല്യങ്ങളേയും സംരക്ഷിക്കാൻ പര്യാപ്തമായനിലയിൽ നമുക്ക് സ്വതന്ത്രമായി തലയുയർത്തി നിൽക്കുവാൻ വിദ്യാഭ്യാസരംഗത്ത് ഇത്തരം നവീന ആശയങ്ങൾ സാക്ഷാത്ക്കരിക്കേണ്ടത് അനുഗുണമാണ്. ഇതിനെ എതിർക്കാൻവേണ്ടി പ്രതിപക്ഷം ഇവിടെ പരാമർശിച്ചത് Kerala Technical University-യും CUSAT-ഉം അടക്കമുള്ള ഇതര സാങ്കേതിക സർവ്വകലാശാലകളെക്കുറിച്ചാണ്. ഇവിടെ നാം മനസ്സിലാക്കേണ്ടത് ഇത് ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്ക് മാത്രമായിട്ടുള്ള സ്പെഷ്യലൈസ്ഡ് യൂണിവേഴ്സിറ്റിയാണ്. അത്തരമൊരു പുത്തനാശയത്തിന് ഒരു പുത്തൻ പന്ഥാവ് വെട്ടിത്തെളിക്കുമ്പോൾ അതിനെ എതിർക്കുവാൻ സങ്കുചിതമായ കാഴ്ചപ്പാടൊടെ പ്രവർത്തിക്കരുത്. അങ്ങനെയെങ്കിൽ ഇവരുടെ കാലത്ത് സമാന രീതിയിലുള്ള ആർട്ട്സ് ആൻഡ് സയൻസ് കോഴ്സുകൾ മാത്രം ഓഫർ ചെയ്യുന്ന എത്രയോ യൂണിവേഴ്സിറ്റികൾ രൂപീകരിച്ചു. എന്തിനാണ് ഒരു യൂണിവേഴ്സിറ്റിയുള്ളപ്പോൾ മറ്റൊരു യൂണിവേഴ്സിറ്റിയെന്ന ബാലിശമായ ചോദ്യം അന്ന് എന്തേ ഉന്നയിക്കാതിരുന്നു. അതാണ് ഞാൻ ആമുഖമായി സൂചിപ്പിച്ചത്. കേവലം എതിർക്കാൻ വേണ്ടി മാത്രമുള്ള എതിർപ്പായി മാത്രമെ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം", എന്നുള്ള കവിവാക്യംപോലെ നമ്മുടെ നാടിന്റെ പുതുതലമുറയുടെ വലിയ പ്രതീക്ഷകൾക്ക് ചിറക് നൽകുന്ന ദിശാബോധത്തോടെ, ശക്തമായ കാഴ്ചപ്പാടോടെ, രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന ഇത്തരം നവീനമായ പ്രവർത്തനത്തെ എതിർക്കുമ്പോൾ അത് എത്രമാത്രം ബാലിശമാണെന്ന് അവർ ചിന്തിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസത്തെപ്പറ്റി പ്രസിദ്ധമായൊരു ചൈനീസ് പഴമൊഴിയുണ്ട്, 'ഒരു നേരത്തേയ്ക്ക് മീൻ നൽകിയല്ല മീൻ പിടിക്കാൻ പഠിപ്പിച്ചാണ് ഒരാളെ സഹായിക്കേണ്ടത്'. വികസിത രാജ്യങ്ങളിലെ ഗവേഷണഫലമായുണ്ടാകുന്ന ഐ.ടി.മേഖലയിലെ ചില്ലറ തൊഴിലുകൾക്കുവേണ്ടി അഭയാർത്ഥികളായി വിട്ടുകൊടുക്കാനുള്ളതല്ല നമ്മുടെ യുവത്വം. ഗവേഷണങ്ങളിലൂടെ പ്രാഗത്ഭ്യം നേടുന്ന നമ്മുടെ ആളുകൾക്കുവേണ്ടി വൻകിട ഭീമൻ അന്താരാഷ്ട്ര കോർപ്പറേറ്റുകൾ ക്യൂ നിൽക്കുന്ന സ്ഥിതിയിലേയ്ക്ക് നമ്മുടെ നാടിനെ മാറ്റുന്നിടത്താണ് നമ്മുടെ പ്രാഗത്ഭ്യവും കഴിവും തെളിയിക്കേണ്ടത്. ആ പ്രാഗത്ഭ്യവും കഴിവും തെളിയിക്കാൻ പര്യാപ്തമാകുന്നതും ഉപകരിക്കുന്നതുമാണ് ഈ യൂണിവേഴ്സിറ്റി രൂപീകരണം. ഇത് നിർമ്മിത ബുദ്ധിയുടെ (ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ) കാലമാണ്. റോബോട്ടിക് ഇന്റലിജൻസുമായും കമ്പ്യൂട്ടർ ഇന്റലിജൻസുമായും ബന്ധപ്പെട്ട് നവീനങ്ങളും അത്യാന്താധുനികങ്ങളുമായ ലോകോത്തര കോഴ്സുകൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് പഠിക്കാൻ പര്യാപ്തരാക്കുന്നതും പ്രാപ്തമാക്കുന്നതുമാണ് ഈ യൂണിവേഴ്സിറ്റി. നമുക്ക് borrowed ടെക്നോളജിയാണുള്ളത്, അതല്ല വേണ്ടത്. ഉല്പാദിപ്പിക്കുന്ന ടെക്നോളജിയുണ്ടാകണം, അതിനുവേണ്ടി ഗവേഷണമുണ്ടാകണം, അതിന് സ്ഥാപനങ്ങളുണ്ടാകണം. അതാണ് ഇവിടെ ഈ ബില്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അതോടൊപ്പം നമ്മുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അല്ലെങ്കിൽ ടെക്നോളജി ഉല്പാദിപ്പിക്കുന്ന വികസിതരാജ്യങ്ങളുടെ താല്പര്യങ്ങൾ മാത്രമാണ് ആ രംഗത്ത് സംരക്ഷിക്കപ്പെടുന്നത്.

മനുഷ്യവംശത്തിന്റെ ഭാവിയെക്കുറിച്ച് എഴുതുന്നവരിൽ ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ആളാണ് യുവാൽ നോവ ഹരാരെ. അദ്ദേഹത്തിന്റെ Homo Deus എന്ന പുസ്തകം പറയുന്നത് മനുഷ്യവംശത്തിന്റെ ഭാവിയെ മാറ്റിമറിക്കാൻ പോകുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആയിരിക്കുമെന്നാണ്. മനുഷ്യരിൽ ഏതാനും ചിലർ സാങ്കേതിക വിദ്യയുടെ അതിസങ്കീർണ്ണമായ ഉപയോഗത്തിലൂടെ വൈകാതെ ആയുസ് 150 വർഷത്തിനപ്പുറത്തേയ്ക്ക് നീട്ടുമെന്നും അവർ ബാക്കി മനുഷ്യരെ അടിമകളാക്കി നിയന്ത്രിക്കുന്നൊരു അതിമാനുഷിക വിഭാഗമാകുമെന്നുമാണ് ഹരാരിയുടെ പുസ്തകത്തിലെ പ്രവചനം. ഇപ്പോൾത്തന്നെ ഡിജിറ്റൽ ഡിവൈഡിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു കഴിഞ്ഞു. ഡിജിറ്റൽ ഡിവൈഡിൽ, ഡിജിറ്റൽ പരിജ്ഞാനമുള്ളവരാക്കി നമ്മുടെ ജനതയെ നമുക്ക് മാറ്റാൻ കഴിയണ്ടേ; അതുകൊണ്ട് ഡിജിറ്റൽ യൂണിവേഴ്സിറ്റി പുരോഗതിയിലേയ്ക്കുള്ള മാർഗ്ഗം എന്നല്ല ഞാൻ വിളിക്കാൻ ആഗ്രഹിക്കുന്നത് അത് അതിജീവനത്തിന്റെ അനിവാര്യതയാണ്. അതാണ് ഈ ബില്ലിന്റെയും ഇതിലൂടെ ഉദ്ദേശിക്കുന്ന യൂണിവേഴ്സിറ്റിയുടേയും പ്രത്യേകത. സാങ്കേതികവിദ്യയുടെ കുത്തക അവസാനിപ്പിച്ച് ജനാധിപത്യവൽക്കരണം നടക്കുമ്പോൾ മാത്രമാണ് സോഷ്യലിസ്റ്റ് മൂല്യങ്ങളും ഗാന്ധിയൻ ആദർശമായ അന്ത്യോദയയും

പ്രാവർത്തികമാകുന്നതെന്ന് അടിവരയിട്ട് പറയുകയാണ്. സാങ്കേതികവിദ്യ മനുഷ്യന് പ്രകൃതിയുമായി ഇടപെടാനുള്ള മാധ്യമമാണ്. ഈ മാധ്യമം കാലാനുസൃതവും ഫലപ്രദവുമായാലേ വ്യക്തിക്ക് അനായാസജീവിതം സാധ്യമാകൂ. ഇന്ന് ടെക്നോക്രസിയുടെ കാലത്ത് ടെക്നോളജി സ്വകാര്യവൽക്കരിക്കപ്പെടുന്നത് അധികാരവും സമ്പത്തും ഉപജീവനവും സ്വകാര്യവൽക്കരിക്കുന്നതിനും കേന്ദ്രീകരിക്കുന്നതിനും കുത്തകവൽക്കരിക്കുന്നതിനും തുല്യമാണ്. അതിനെ പ്രതിരോധിക്കാനും ജനാധിപത്യത്തെ സംരക്ഷിക്കാനും എല്ലാവർക്കും ആ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനും നമ്മെ പ്രാപ്തരാക്കുകയാണ് ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റി. Think globally, act locally എന്ന മുദ്രാവാക്യമാണിവിടെ പ്രാവർത്തികമാകുന്നത്. നമ്മൾ ലോക നിലവാരത്തിൽ ചിന്തിക്കുന്നു, കാര്യങ്ങൾ കാണുന്നു. നമ്മുടെ നാടിനുവേണ്ടി നമ്മുടെ നാട്ടിൽ കാര്യങ്ങൾ ഫലപ്രദമായി പ്രാവർത്തികമാക്കുന്നു. ഈ ആശയം മുന്നിൽ കണ്ടുകൊണ്ടാണ് ഗവൺമെന്റ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ യാഥാർത്ഥ്യമാക്കാൻ വേണ്ടി നിയമനിർമ്മാണവുമായി മുന്നോട്ടുവന്നിരിക്കുന്നത്. ഇന്ന് individualized learning-ന് പ്രാധാന്യം നൽകുന്ന, റീ-ഡിസൈൻ ചെയ്ത കാലഘട്ടത്തിലാണ് വിദ്യാഭ്യാസം നിൽക്കുന്നതെങ്കിൽ ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിന്റെ ഫലമായി അത് ടീം വർക്കിന്റേയും ടീം ബിൽഡിംഗിന്റെയും ടീം മാനേജ്മെന്റിന്റെയും entrepreneur skills development-ന്റെയും ഒരു അവസ്ഥയിലേയ്ക്കും സാഹചര്യത്തിലേയ്ക്കും നമ്മുടെ വിദ്യാഭ്യാസമേഖലയെയും വിദ്യാർത്ഥികളെയും എത്തിക്കും. അതിലൂടെ കുട്ടികൾക്ക് synergetic work culture ഉണ്ടാകും. അതായിരിക്കും നാളെകളിൽ തൊഴിലിടങ്ങളിൽ വിജയിക്കുക. World Labour Organization-ന്റെ ലേറ്റസ്റ്റ് എഡിഷനിലെ പ്രായോഗിക നിർദ്ദേശവും കാഴ്ചപ്പാടും പ്രതിഫലിപ്പിക്കുന്നതും ആ സമീപനമാണ്.

കാർഷികമേഖലയെക്കുറിച്ച് ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാർഷിക മേഖലയിൽ ഏറ്റവും വലിയ പ്രതിസന്ധി നിലനിൽക്കുമ്പോൾ ഈ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി Value Added Products-ലേയ്ക്ക് പോകാനുള്ള സാങ്കേതിക വൈഭവം നമ്മുടെ കാർഷിക മേഖലയുമായി സംയോജിപ്പിക്കാൻ പര്യാപ്തമാകുന്ന നിലയിൽ നമ്മുടെ നാടിനേയും വിദ്യാഭ്യാസ മേഖലയേയും ആ വിദ്യാഭ്യാസമേഖലയിലൂടെ കടന്നുവരുന്ന ഉല്പന്നങ്ങളായ വിദ്യാർത്ഥികളെയും മാറ്റാൻ കഴിയുന്നതാണ് ഈ ബില്ലിലൂടെ യാഥാർത്ഥ്യമാകാൻ പോകുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റി. 'വിദ്യകൊണ്ട് പ്രബുദ്ധരാകാനും വിദ്യകൊണ്ട് സ്വതന്ത്രരാകാനും' ശ്രീ നാരായണഗുരു പറഞ്ഞു. മഹാത്മാ അയ്യൻകാളി പറഞ്ഞു, എന്റെ സമുദായത്തിൽനിന്ന് 'പത്ത് ബി.എ.-ക്കാരെ കണ്ടിട്ട് മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന്'. ആ ദാർശനികന്മാരുടെ കാഴ്ചപ്പാടിന്റെ അന്തഃസത്ത

ഉൾക്കൊള്ളുന്നതാണ് ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റി ബിൽ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയെത്തുടർന്ന് ഇത് അംഗീകരിച്ച് യൂണിവേഴ്സിറ്റി യാഥാർത്ഥ്യമായി നമ്മുടെ നാടിന് ശോഭനമായ ഒരു ഭാവിക്ക് ആസ്പദമായ ഒരു നിമിത്തമായി മാറുമെന്നുള്ളതിനാൽ 2021 ആഗസ്റ്റ് 11-ാം തീയതി ഈ ബിൽ സഭയിൽ അവതരിപ്പിച്ച ഈ ദിവസത്തെ 'കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ തങ്ക ലിപികളിൽ രേഖപ്പെടുത്തേണ്ട സുദിനം' എന്ന് വിശേഷിപ്പിച്ചുകൊണ്ടും ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിന്മേൽ അവതരിപ്പിക്കപ്പെട്ട ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുന്നു. 1983 ജനുവരി ഒന്ന് ഇന്റർനെറ്റ് ബർത്ത്ഡേയാണ്. ആധുനിക വിവര വിനിമയ സാങ്കേതികവിദ്യ, ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ ആരംഭിച്ചു. ലോകത്തിൽ ആദ്യമായി അമേരിക്കയാണ് ഇന്റർനെറ്റ് കോറിഡോർ ഉണ്ടാക്കിയത്. അമേരിക്കയിൽ നാല് സർവ്വകലാശാലകളിലെ ഇന്റർനെറ്റുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് കോറിഡോർ വികസിപ്പിച്ചത്. സോവിയറ്റ് യൂണിയൻ 1957-ൽ വാർത്താവിനിമയ സാറ്റലൈറ്റായ സ്പുട്നിക് വിക്ഷേപിച്ചു. ഇതിന്റെ ലക്ഷ്യമെന്നത് മിലിട്ടറി പ്രതിരോധ നിരീക്ഷണമായിരുന്നു. ഇതേത്തുടർന്ന് അമേരിക്ക എ.ആർ.പി.എ. (അഡ്വാൻസ്ഡ് റിസർച്ച് പ്രോജക്ട്സ് ഏജൻസി) ആരംഭിച്ചു. പിന്നീട് അത് അഡ്വാൻസ്ഡ് റിസർച്ച് പ്രോജക്ട്സ് ഏജൻസി നെറ്റ്‌വർക്കായി വികസിപ്പിച്ചു. ഇതിനെ ILNET എന്നുപറയും. അമേരിക്ക മുൻകയ്യെടുത്താണ് ഈ പരീക്ഷണം നടത്തിയത്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം ഈ നെറ്റ്‌വർക്ക് ലോകത്തിലെ മറ്റ് കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ച് 1983-ൽ ഇന്റർനെറ്റ് സ്ഥാപിച്ചു. ഈ ഇന്റർനെറ്റ് സംവിധാനത്തിലൂടെയാണ് ഡിജിറ്റൽ സാങ്കേതികവിദ്യ ലോകത്ത് ആരംഭിച്ചത്. വിവര വിനിമയ സാങ്കേതികവിദ്യ ഇന്ന് നോളഡ്ജ് ഇൻഡസ്ട്രിയോളം വളർന്നിരിക്കുന്നു. ഓഹരി വിപണിയിൽനിന്ന് ലോകം ഇതോടെ ഡാറ്റാ ബേസ്ഡ് ഇൻഡസ്ട്രിയിലേയ്ക്ക് മാറി. ഈ നൂതന സാങ്കേതിക പരിഷ്കാരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ നിർവ്വഹണത്തിന് ജനുവരിയിൽ സർക്കാർ ഒരു ഓർഡിനൻസ് ഇറക്കിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി പദവിയിലേയ്ക്ക് ഉയർത്തിയത്. ഇത് ഇന്ത്യയിലെതന്നെ ആദ്യത്തെ സംരംഭമാണ്. വിജ്ഞാനാധിഷ്ഠിത സമൂഹമാക്കാനുള്ള കേരളത്തിന്റെ ചുവടുവയ്പിന് ഊർജ്ജമേകിക്കൊണ്ട് ഡിജിറ്റൽ സർവ്വകലാശാല യാഥാർത്ഥ്യമാകുന്നു. ചാൻസലർകൂടിയായ ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. സംസ്ഥാനത്തെ ഉന്നത പഠനത്തിന്റെയും ഡിജിറ്റൽ

സാങ്കേതികവിദ്യയുടെയും ആഗോള കേന്ദ്രമാക്കാനും വിജ്ഞാന സമ്പദ് വ്യവസ്ഥയിലൂടെ നാടിനെ അഭിവൃദ്ധിപ്പെടുത്താനുമാണ് കഴക്കൂട്ടം ടെക്നോസിറ്റി ആസ്ഥാനമാക്കി രാജ്യത്തെ ഡിജിറ്റൽ സർവ്വകലാശാല സ്ഥാപിച്ചത്. പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള കേരളത്തിന്റെ ദൃഢനിശ്ചയമാണ് ഡിജിറ്റൽ സർവ്വകലാശാലാ രൂപീകരണത്തിലൂടെ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. 160 കോടി രൂപ ചെലവിട്ട് രണ്ടര ലക്ഷം ചതുരശ്ര അടിയിൽ രണ്ട് കെട്ടിടങ്ങൾ ഇതിനായി നിർമ്മിച്ചുകഴിഞ്ഞു. അത്യാധുനിക കമ്പ്യൂട്ടർ ലാബുകളോടുകൂടിയ അക്കാദമിക് ബ്ലോക്ക്, 300 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സൗകര്യങ്ങളടക്കം നിർമ്മിച്ച് ലോക റാങ്കിൽ ആദ്യ ഇരുപതിനകത്തെത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. വിദേശത്തുനിന്നുള്ള വിദ്യാർത്ഥികളെയടക്കം ആകർഷിക്കുന്നതിന് ഒരുലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങളും ഉടൻ സജ്ജമാക്കും. വിദേശ സർവ്വകലാശാലകളും പഠന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പരസ്പര സഹായത്തോടുകൂടി നൂതന സാങ്കേതികവിദ്യകളുടെ പഠനത്തിനും ഇവിടെ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഡിജിറ്റൽ സയൻസിൽ ബിരുദാനന്തരബിരുദ ഗവേഷണ പഠനത്തിനാണ് സർവ്വകലാശാല പ്രാധാന്യം നൽകുന്നത്. ഇൻഡസ്ട്രി റെഗുലർ പി.എച്ച്.ഡി.-യിൽ സ്വന്തം തൊഴിലിടമോ യൂണിവേഴ്സിറ്റി അംഗീകരിച്ച ഇൻഡസ്ട്രി ലാബുകളോ ഗവേഷണത്തിനായി ഉപയോഗിക്കാമെന്നതിലൂടെ സ്വന്തം തൊഴിലിടത്തിലെ വിദഗ്ദ്ധരെത്തന്നെ ഗവേഷണത്തിനുള്ള മാർഗ്ഗമായി സ്വീകരിക്കാം. ഐ.ടി. മേഖലയിലുൾപ്പെടെ പ്രവർത്തിക്കുന്നവർക്ക് കരിയർ ബ്രേക്ക് ഇല്ലാതെതന്നെ ഗവേഷണത്തിൽ ഏർപ്പെടാമെന്ന പ്രത്യേകതകൂടി ഇതിലുണ്ട്. കോഴ്സ് പൂർത്തിയാകാറാകുമ്പോൾ കുറച്ചുകാലം ഏതെങ്കിലും സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് പോകുന്ന രീതിയാണ് നമ്മുടെ നാട്ടിൽ നിലവിലുള്ളത്. അത് പൂർണ്ണമായും വിജയകരമല്ല. എന്നാൽ അക്കാദമിക രംഗവും ഇൻഡസ്ട്രിയും എല്ലാകാര്യത്തിലും തുടർച്ചയായി ചേർന്ന് പ്രവർത്തിക്കുന്ന തരത്തിലാണ് ഡിജിറ്റൽ സർവ്വകലാശാല വിഭാവന ചെയ്തിരിക്കുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയിൽ രാജ്യാന്തര നിലവാരത്തിലുള്ള പഠനത്തിനും ഗവേഷണത്തിനും ഡിജിറ്റൽ സർവ്വകലാശാല തുടക്കമിടുന്നു. അക്കാദമിയിൽ ഇൻഡസ്ട്രി ബന്ധം ഉറപ്പാക്കാൻ എല്ലാ കോഴ്സുകളിലേയും അഞ്ച് ശതമാനം ഭാഗം അതുമായി ബന്ധപ്പെട്ട കമ്പനികളിലെ പ്രഗത്ഭരായിരിക്കും നയിക്കുക. ഓരോ ഡിപ്പാർട്ട്മെന്റിനും അക്കാദമിയിൽ ബോർഡും ഇൻഡസ്ട്രിയൽ ബോർഡും ഇന്റർനാഷണൽ ബോർഡും ഉണ്ടാകും. ബോർഡ് ഓഫ് സ്റ്റഡീസിൽ മൂന്ന് വിഭാഗത്തിന്റെയും പ്രാതിനിധ്യം ഉണ്ടാകും. അദ്ധ്യയനത്തിന് പുറമെ ഡിജിറ്റൽ രംഗത്ത് സർക്കാരിനുവേണ്ടിയും സ്വകാര്യ കമ്പനികൾക്കുവേണ്ടിയും കരാറെടുത്ത് കൺസൾട്ടിംഗ് പ്രോജക്ട് ചെയ്യും. സർക്കാർ ഗ്രാന്റും ഫീസും ചേർന്നാൽപ്പോലും ചെലവിന്റെ മുപ്പത്തിയഞ്ച് ശതമാനം മാത്രമേവരുന്നുള്ളൂ. ബാക്കി അറുപത്തിയഞ്ച്

ശതമാനവും ഇത്തരം പ്രോജക്ടുകളിൽനിന്നുള്ള വരുമാനമാണ്. ഞാൻ അധികം ദീഘിപ്പിക്കുന്നില്ല. പ്രവർത്തിയിടങ്ങളിലൂടെത്തന്നെ സർവ്വകലാശാല ഒരു സാങ്കേതികവിദ്യ സജ്ജമാക്കുന്നതിലൂടെ സർക്കാർ നൽകുന്ന സന്ദേശം വ്യവസായ രംഗവുമായികൂടിച്ചേർന്ന് കൈകോർത്ത് വരുംകാല വിജ്ഞാന വിപ്ലവത്തിനുകൂടി വഴിയൊരുക്കുകയെന്നതാണ്. നാം മണ്ണിലും അരിയിലും എഴുതി പഠിച്ചിട്ടുള്ള ആളുകളാണ്. ഇന്ന് വലിയ മാറ്റങ്ങളിലൂടെയാണ് ഇന്റർനെറ്റ് സംവിധാനങ്ങളിലേയ്ക്കെല്ലാം തന്നെ എത്തിയിട്ടുള്ളത്. പുതിയ സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഭാഗമായിട്ട് തന്നെ നമ്മുടെ മക്കൾക്ക് ലോകത്തുള്ള എല്ലാ അറിവുകളും അവരുടെ വിരൽത്തുമ്പിൽ എത്തിയിട്ടുണ്ടെന്നുള്ളതാണ്. പാരിസ്ഥിതികവും ശാസ്ത്രവും കായികവും കാർഷികവും വ്യാവസായികവും തുടങ്ങി ലോകത്തുള്ള ഏത് വിഷയങ്ങളും അവരുടെ വിരൽത്തുമ്പിലേയ്ക്ക് എത്തുന്ന കാലമാണ്. നാം പഠിച്ച കാലത്ത് പാഠപുസ്തകങ്ങളിലും ലൈബ്രറികളിലും മാത്രമുള്ള പഠനമാണ് ഉണ്ടായിരുന്നതെങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി ഇന്ന് ഇന്റർനെറ്റ് സംവിധാനങ്ങളിലൂടെ ലോകത്തെ അറിഞ്ഞുകൊണ്ട് ലോകത്തെ മുഴുവൻ വിജ്ഞാനങ്ങളും തന്റെ തലച്ചോറിൽ എത്തിച്ചുകൊണ്ട് പുതിയ മാറ്റങ്ങളിലേയ്ക്ക് കടക്കുന്ന കുട്ടികളെയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. അവർക്ക് ലോകത്തിന്റെ അറിവുകൾ ഏതെല്ലാം മേഖലകളിൽനിന്ന് എത്തിച്ചുകൊടുക്കാൻ കഴിയുന്നുവോ, എവിടെയാണ് അവന്റെ തൊഴിലിടമെന്ന് കണ്ടുപിടിക്കാൻ നമുക്ക് സാധിക്കുന്നുവോ, എവിടെയാണ് വിപ്ലവങ്ങളും മാറ്റങ്ങളും ഉണ്ടാക്കിയെടുക്കാൻ അവന് കഴിയുന്നുവോ, ഏതെല്ലാം കണ്ടുപിടിത്തങ്ങൾ അവനിലൂടെ ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നുവോ അതാണ് നമ്മുടെ വിജ്ഞാനമെന്ന് പറയുന്നത്. ആ വിജ്ഞാനം ഉണ്ടാക്കിക്കൊടുക്കുന്നത് നിരാകരിക്കപ്പെടുകയെന്ന് പറയുമ്പോൾ അത് വിജ്ഞാനത്തെ ഇല്ലാതാക്കുന്നതിനും പുതിയ തലമുറയെ ഭാവി കണ്ടെത്തുന്നതിൽ നിന്ന് തടയുന്നതിനും കാരണമാകുമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട്, ഇതിനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുകയാണ്. ഇതുസംബന്ധിച്ച് സുദീർഘമായ സംസാരങ്ങൾ നടന്നുകഴിഞ്ഞു. എനിക്ക് സൂചിപ്പിക്കാനുള്ളത് 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ എന്നതിനെ ഡിജിറ്റൽ സർവ്വകലാശാല എന്ന് നമ്മൾ ചുരുക്കിപ്പറയും. എന്റെ അഭിപ്രായത്തിൽ ഇത് ഡിജിറ്റൽ സർവ്വകലാശാല ബിൽ അല്ല, ഒരു പ്രായശ്ചിത്ത സർവ്വകലാശാല ബില്ലാണ്. കാരണം എല്ലാക്കാലത്തും ഡിജിറ്റലൈസേഷനെയും യന്ത്രവൽക്കരണത്തെയും കമ്പ്യൂട്ടറൈസേഷനേയും എതിർത്ത ഒരു വിഭാഗം ആളുകൾക്ക് ഇന്ന് പുതിയ തലമുറയോടൊപ്പം നിൽക്കണമെങ്കിൽ ഇതുപോലെയുള്ള ഒരു ബിൽ ആവശ്യമാണെന്ന് തോന്നിയതുകൊണ്ടാണ്

ഇത്തരത്തിൽ ഒരു ബില്ലും ഒരു യൂണിവേഴ്സിറ്റിയും സ്ഥാപിക്കാൻ മുന്നോട്ടു വന്നിട്ടുള്ളതെന്നാണ് എന്റെ ഒരു തോന്നൽ. കാരണം ഇതുപോലെയുള്ള ഇന്നവേറ്റീവായിട്ടുള്ള എല്ലാ കാര്യങ്ങളേയും എതിർത്തയാളുകൾക്ക് ഇപ്പോൾ അത്തരമൊരു ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും ഒരു പുതുമയുണ്ടാകാം. പക്ഷെ ഒരു കുറ്റബോധം അവരെ നിരന്തരം അലട്ടുന്നുണ്ടെന്നുള്ളതിന്റെ തെളിവായിട്ടാണ് എനിക്ക് തോന്നിയത്. പ്രിയപ്പെട്ട എ. എൻ. ഷംസീറിനുപോലും ഇതിൽ പങ്കെടുത്ത് സംസാരിക്കാനുള്ള കുറ്റബോധംകൊണ്ടാണ് മറ്റൊരാളെ ഏൽപ്പിച്ച് പോയിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. ആ രീതിയിലാണ് ബില്ലിന്റെ അവസ്ഥ എന്നു പറയുന്നത്. ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞിട്ട് ബില്ലിന്റെ കാര്യത്തിലേയ്ക്ക് കടക്കാം. പ്രിയപ്പെട്ട സെബാസ്റ്റ്യൻ കുളത്തുങ്കൽ പറഞ്ഞത് യു.ഡി.എഫ്.-ന്റെ കാലത്താണ് ഇതൊക്കെ കുഴപ്പത്തിലാക്കിയതെന്നാണ്. ആ കാലത്ത് യു.ഡി.എഫ്.-ന്റെ ഒപ്പം നിന്ന ആളാണ് ഇപ്പോൾ അപ്പുറത്തുപോയി ഇതുപോലെ പ്രസംഗിക്കുന്നത്. അത്തരത്തിൽ പഴയ ചരിത്രത്തെ മുഴുവൻ തള്ളിപ്പറഞ്ഞ് മുന്നോട്ടുപോകാൻ കഴിയുമോ? ഞങ്ങളെ സംബന്ധിച്ചിടത്തോളം പഴയ ചരിത്രമൊക്കെ അഭിമാനപൂർവ്വം ഓർക്കുകയാണ്. അതുകൊണ്ടാണ് കുസാറ്റ് സർവ്വകലാശാലയുണ്ടാക്കിയത്. കുസാറ്റ് സർവ്വകലാശാല സി. എച്ച്. മുഹമ്മദ് കോയ സാഹിബാണ് ഉണ്ടാക്കിയത്. അതുപോലെതന്നെ കേരള സർവ്വകലാശാലയുടെ ഉത്ഭവം എങ്ങനെയായിരുന്നു? ശ്രീചിത്തിര തിരുനാൾ മഹാരാജാവ് കേരള സർവ്വകലാശാല ഉണ്ടാക്കിയപ്പോൾ, സാധിക്കുമെങ്കിൽ ആൽബർട്ട് ഐൻസ്റ്റീനെ അതിന്റെ വി.സി. ആക്കണമെന്നാണ് ചിന്തിച്ചത്. സി. എച്ച്. മുഹമ്മദ്കോയ, സി. അച്യുതമേനോൻ സർക്കാരിന്റെ ഭാഗമായിരുന്ന് കുസാറ്റ് സർവ്വകലാശാല ഉണ്ടാക്കിയപ്പോൾ കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ജോസഫ് മുണ്ടശ്ശേരിയെ അതിന്റെ വൈസ് ചാൻസലറാക്കി. എന്നാൽ ഇന്ന് ഈ സർവ്വകലാശാലയുടെ വി.സി. ആക്കാൻ പോകുന്നത്, ഒരുപക്ഷെ കഴിഞ്ഞ കുറച്ച് സംഭവങ്ങളുണ്ടായിരുന്നില്ലെങ്കിൽ, സ്വപ്നയെ വി.സി. ആക്കുമായിരുന്നുവെന്നാണ് എനിക്ക് തോന്നിയത്. ഇത് സത്യത്തിൽ ഒരു ഡിജിറ്റൽ സർവ്വകലാശാല അല്ല. ഒരു സ്വപ്ന സർവ്വകലാശാലയാണ്. യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ശിവശങ്കറും സ്വപ്നയും ഭരിച്ചിരുന്ന, അവർ നിയന്ത്രിച്ചിരുന്ന ആ കാലഘട്ടത്തിന്റെ ഒരു സന്തതിയാണ്, ഉൽപ്പന്നമാണ്, സത്യത്തിൽ ഈ സർവ്വകലാശാല. അല്ലെങ്കിൽ ഇങ്ങനെയൊരു സർവ്വകലാശാലയുടെ ഒരാവശ്യവുമില്ല. ഈ സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങളൊക്കെ ഇവിടെ വളരെ വിശദമായി ശ്രീ. റോജി എം. ജോൺ, ഡോ. എം. കെ. മുനീർ എന്നിവരൊക്കെ വായിച്ചു. ഞാൻ ഇത് വായിക്കുന്നില്ല. ഈ ഉദ്ദേശ്യലക്ഷ്യങ്ങളിൽ മഹാഭൂരിപക്ഷവും കുസാറ്റും എ.പി.ജെ. അബ്ദുൾ കലാം യൂണിവേഴ്സിറ്റിയും കവർ ചെയ്യുന്നുണ്ട്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി,

ഏതാണ് ഈ സർവ്വകലാശാല? കെ.ടി. യൂണിവേഴ്സിറ്റി എന്നുപറയുന്നത് സി.ഇ.ടി. പോലെയുള്ള ഇരുന്നൂറോളം എഞ്ചിനീയറിംഗ് കോളേജുകളെ സംയോജിപ്പിച്ചു കൊണ്ട്, ഇന്ത്യയിലെതന്നെ അറിയപ്പെടുന്ന എഞ്ചിനീയറിംഗ് കോളേജുകളെ മുഴുവൻ അഫിലിയേറ്റ് ചെയ്ത യൂണിവേഴ്സിറ്റിയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ആ യൂണിവേഴ്സിറ്റിയെ ശക്തിപ്പെടുത്തി എന്നാണ്. ഇത് എല്ലാ വിജ്ഞാനമേഖലയെയും സ്പർശിക്കുന്നതാണ്, ഗവേഷണത്തിന് അവസരം കൊടുക്കുന്നതാണ്, അതുപോലെതന്നെ ജ്ഞാനസമ്പാദനത്തിനും ജ്ഞാനോൽപ്പാദനത്തിനുമൊക്കെ ഹേതുവാകണം എന്നാണ് പറഞ്ഞത്. ഒരു സർവ്വകലാശാലയുടെ ലക്ഷ്യവും അതുതന്നെയാണ്. അത് എല്ലാ സർവ്വകലാശാലകളുടെയും ലക്ഷ്യം തന്നെയാണ്. അത് കുസാറ്റോ, കേരള സാങ്കേതിക സർവ്വകലാശാലയോ കവർ ചെയ്യുന്നില്ലെങ്കിൽ കവർ ചെയ്യുന്നതിനായി സർവ്വകലാ ശാലകളെ ആ രീതിയിൽ ശാക്തീകരിക്കുകയാണ് വേണ്ടത്. അതിന്റെ Jurisdiction area ആ രീതിയിലേയ്ക്ക് കൊണ്ടുപോകുകയാണ് വേണ്ടത്. 23 യൂണിവേഴ്സിറ്റികളുള്ള സ്ഥാനത്ത് വെറുതെ ഒരു യൂണിവേഴ്സിറ്റി കൂടി സ്ഥാപിക്കുന്നു. എന്തിനാണ് ഈ യൂണിവേഴ്സിറ്റി എന്ന് ചോദിച്ചാൽ വ്യക്തമായ ഉത്തരമില്ല. കാരണം ഇതിന് ഒരുപാട് അപാകതകളുണ്ട്. ഇവിടെ പ്രതിപക്ഷനേതാവ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. റോജി എം. ജോൺ, ശ്രീ. പി. സി. വിഷ്ണുനാഥ് തുടങ്ങി എല്ലാവരും പറഞ്ഞ കാര്യങ്ങൾ ഞാൻ ഓരോന്നായി ആവർത്തിക്കുന്നില്ല. മുനീർ സാഹിബും അതുപോലെ ശ്രീ. റോജി എം. ജോണും വളരെ വിശദമായി പറഞ്ഞു. എന്നിട്ടും ഒരു യൂണിവേഴ്സിറ്റിയുടെ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അപ്പുറത്തുനിന്ന് ഞങ്ങളെ എതിർത്തുകൊണ്ട് യു.ഡി.എഫ്. അത് ചെയ്തു, ഇത് ചെയ്തുവെന്ന് പറയുകയല്ല വേണ്ടത്. സത്യത്തിൽ, ലോക പ്രശസ്തനായ ശാസ്ത്രജ്ഞനും ഇന്ത്യയുടെ മുൻ പ്രസിഡന്റുമായിരുന്ന എ. പി. ജെ. അബ്ദുൾകലാമിന്റെ പേരിലുള്ള സർവ്വകലാശാലയെ തകർക്കാനുള്ള ഒരു സർവ്വകലാശാലയാണിതെന്ന് ഞങ്ങൾ ആരോപിക്കുകയാണ്. യാതൊരു സംശയവുമില്ല. യു.ഡി.എഫ്. എന്നുപറയുന്നത് പണ്ടുമുതലേ ചിന്തിച്ചവരാണ്. സി.പി.ഐ.(എം.)-ന് സ്വപ്നം കാണാൻ കഴിയാത്ത കാലത്താണ് ഞങ്ങൾ കുസാറ്റ് യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നത്. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ വൈസ് ചാൻസലറാക്കിക്കൊണ്ടാണ് ഞങ്ങൾ അത് കൊണ്ടുവന്നത്. ഞങ്ങൾക്ക് കാഴ്ചപ്പാടുണ്ട്. ഇവർ ചിന്തിക്കുന്നതിന് ഒരു നൂറ്റാണ്ടുമുമ്പ് ഞങ്ങൾ ചിന്തിച്ചതുകൊണ്ടാണ് ഞങ്ങൾ അന്ന് കുസാറ്റ് യൂണിവേഴ്സിറ്റി കൊണ്ടുവന്നത്. ഇത് നിങ്ങൾ കൊണ്ടുവരേണ്ട ആവശ്യമില്ല. കെ.ടി. യൂണിവേഴ്സിറ്റി കൊണ്ടുവന്നത് അങ്ങനെയാണ്. ആ കെ.ടി. യൂണിവേഴ്സിറ്റിക്ക് ഇതുവരെ അഞ്ച് പൈസയോ സ്വന്തമായി ഭൂമിയോ കൊടുത്തിട്ടില്ല; കെട്ടിടം നിർമ്മിച്ചിട്ടില്ല.

ഓർഡിനൻസ് ആകുന്നതിന് മുമ്പുതന്നെ ഈ സർവ്വകലാശാലയ്ക്ക് 74 കോടിരൂപ കൊടുത്തുവെന്നാണ് ഇതിൽപ്പറയുന്നത്. പത്ത് ഏക്കർ ഭൂമിയും കൊടുത്തു. ആ രീതിയിൽ ഈ സർവ്വകലാശാലയെ നോക്കുമ്പോൾ കെ.ടി. സർവ്വകലാശാല എന്താണ് പിഴച്ചത്? ഞാൻ നേരത്തെ പറഞ്ഞല്ലോ ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികൾ അഫിലിയേറ്റ് ചെയ്യപ്പെട്ട ഒരു സർവ്വകലാശാലയെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് ഇതിലേയ്ക്ക് പോകുന്നത്. ഇത് കൊണ്ടുവരുമ്പോൾ വേറെ ഒരുപാട് കുഴപ്പങ്ങളുണ്ട്. ഇത് ആരുടെ കീഴിലാണെന്നത് ഒരു പ്രശ്നമാണ്. ഇത് വിദ്യാഭ്യാസ വകുപ്പിന് കീഴിലല്ല. ഇവിടെ ഇവർ പറഞ്ഞതുപോലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മറ്റ് പലരും പ്രോ-ചാൻസലറായി നിൽക്കുമ്പോൾ ഒരു ഐ.ടി. വകുപ്പുമന്ത്രിക്ക്, ഇപ്പോൾ മുഖ്യമന്ത്രിയാണ്, അദ്ദേഹത്തിന് പ്രോ-ചാൻസലറായി നിൽക്കാനായി ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കുകയാണോ ലക്ഷ്യം എന്നുപോലും ഞങ്ങൾ സംശയിക്കുന്ന വിധത്തിലാണ് കാര്യങ്ങളുടെ പോക്ക്. ഇതിലെ ഗുരുതരമായ ഒരു സംഗതിയെന്ന് പറയുന്നത്, കേരളത്തിൽ തന്നെ ICFOSS (ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ഓപ്പൺ സോഫ്റ്റ്‌വെയർ സർവ്വീസ്) എന്ന ഒരു സ്ഥാപനമുണ്ട്. ഏറ്റവും മികച്ച രീതിയിൽ ലോകത്തുതന്നെ അറിയപ്പെടുന്ന സ്ഥാപനമാണത്. ആ സ്ഥാപനം ജെ.എൻ.യു.-മായി അഫിലിയേറ്റ് ചെയ്തതാണ്. ബഹുമാനപ്പെട്ട ചെയറിനോട് ജെ.എൻ.യു.-ന്റെ പ്രത്യേകത പറയേണ്ട കാര്യമില്ലല്ലോ? ജെ.എൻ.യു.-ന്റെ സർട്ടിഫിക്കറ്റ് തന്നെയാണ് താങ്കളെ ഏറ്റവുമധികം പ്രസിദ്ധനാക്കിയതെന്ന് ഞാൻ മനസ്സിലാക്കുന്നു. ജെ.എൻ.യു.-ന്റെ പി.എച്ച്.ഡി. അടക്കമുള്ള ഗവേഷണ ബിരുദത്തിനൊക്കെ സർട്ടിഫിക്കറ്റ് കൊടുക്കുന്ന, ജെ.എൻ.യു.-വുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള, ICFOSS പോലും ഇതിലേയ്ക്ക് കൂട്ടിച്ചേർത്തുകൊണ്ട് അതിന്റെ പേരും ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ICFOSS-ൽ ഗവേഷണം നടത്തുന്ന ഒരു കുട്ടിയോട് ഡിജിറ്റൽ സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റ് വേണോ, ജെ.എൻ.യു.-വിന്റെ സർട്ടിഫിക്കറ്റ് വേണോയെന്ന് ചോദിച്ചാൽ, കോമൺസെൻസുള്ള ഏതൊരു കുട്ടിയും ജെ.എൻ.യു.-ന്റെ സർട്ടിഫിക്കറ്റ് മതിയെന്ന് പറയുമെന്നത് ചെയറിന് തന്നെ അറിയാവുന്നതാണ്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും കൃത്യമായി പറയുന്നത് IIITM-K എന്ന സ്ഥാപനത്തെ അപ്ഗ്രേഡ് ചെയ്ത് യൂണിവേഴ്സിറ്റിയാക്കുമെന്നാണ്. കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത IIITM-K എന്ന സ്ഥാപനത്തെ എങ്ങനെയാണ് സർവ്വകലാശാലയാക്കുന്നത്; ഇതിന് യു.ജി.സി. അംഗീകാരം കിട്ടുമോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നേരത്തെതന്നെ യു.ജി.സി. അംഗീകാരം കിട്ടിയെന്നുള്ളതാണ്. നേരത്തെ ഞങ്ങൾ പറഞ്ഞത് സംഭവിച്ചു. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ബിൽ പരിഗണിക്കുന്ന വേളയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. എൻ. ഷംസുദ്ദീനുമൊക്കെ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് സംസാരിച്ചിരുന്നു. കേരളത്തിലെ

മറ്റ് സർവ്വകലാശാലകളിൽ നടത്തുന്ന ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കോഴ്സ് ഇനി നടത്താൻ പാടില്ലെന്നുള്ള ക്ലോസ് പിൻവലിക്കണം. ആ ക്ലോസ് മാറ്റണമെന്ന് പറഞ്ഞത് കേൾക്കാതെ വാശിപിടിച്ചു. നിങ്ങൾക്ക് ഇവിടെ മൃഗീയ ഭൂരിപക്ഷമുണ്ട്. ആ ഭൂരിപക്ഷം ഉപയോഗിച്ച് സ്വാഭാവികമായും ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് നിങ്ങൾ ഇത് പാസ്സാക്കിയെടുക്കും. അതിൽ ഞങ്ങൾക്ക് സംശയമൊന്നുമില്ല. പക്ഷെ, പറയാനുള്ള കാര്യങ്ങൾ ഞങ്ങൾ പറഞ്ഞു എന്നുമാത്രം. അതിനുശേഷം സഭ പാസ്സാക്കിയ ഈ 72-ാം ക്ലോസ് തന്നെ ഇല്ലാതാക്കിക്കൊണ്ട്, അവസാനം 'വൈഷമ്യങ്ങൾ തീർക്കൽ' എന്ന ക്ലോസ് ഉപയോഗിച്ച്, മറ്റ് സർവ്വകലാശാലകളിലെ കുട്ടികൾക്ക് ഡിസ്റ്റന്റ് എഡ്യൂക്കേഷനു വേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അവസരം കൊടുത്തു. ഇതും അങ്ങനെതന്നെ വരും. യാതൊരു സംശയവുമില്ല. ഇതുമായി ബന്ധപ്പെട്ട് ആരെങ്കിലും കോടതിയിൽ പോയാൽ, കോടതിയുടെ പടിവാതിൽക്കൽ വച്ച് എടുത്തെറിയപ്പെടുമെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം ഒരു കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തെ സർവ്വകലാശാലയാക്കുന്നു. കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനം എങ്ങനെയാണ് സർവ്വകലാശാലയാകുന്നത്? മാത്രമല്ല കമ്പനിയുടെ സ്പോൺസർഡ് എന്റിറ്റി പ്രകാരം ഏത് കൗൺസിലാണെങ്കിലും അവരുടെ ഒരു പ്രതിനിധിയുണ്ടാകുമെന്ന് പറയുന്നു. ഒരു സ്ഥാപനം അപ്ഗ്രേഡ് ചെയ്യുന്നു. ആ സ്ഥാപനത്തെ സർവ്വകലാശാലയാക്കി മാറ്റുന്നു. ഈ പറയുന്ന സ്ഥാപനത്തിന്റെ എല്ലാ ബോഡികളിലേയ്ക്കും ആളുകളെ നോമിനേറ്റ് ചെയ്യാനുള്ള ഒരു സർവ്വകലാശാലയാക്കി എങ്ങനെയാണ് ഇത് മാറ്റുക എന്നുള്ളത് വളരെയധികം ചിന്തിക്കേണ്ടതാണ്. ജീവനക്കാരെയും ഫാക്കൽറ്റി മെമ്പേഴ്സിനെയുമൊക്കെ ഇങ്ങോട്ട് അബ്സോർബ് ചെയ്യുവെന്ന് പറയുന്നു. സർവ്വകലാശാലയായി അംഗീകാരം കിട്ടുമ്പോൾ യു.ജി.സി. നോംസ് പ്രകാരം, ആ ക്വാളിഫിക്കേഷനുള്ള ആളുകളല്ല ഇപ്പോൾ സത്യത്തിൽ IIITM-K-യിലുള്ളത്. അവിടെ ഇപ്പോൾ അഞ്ച് എം.ടെക് കോഴ്സുകളും അതുപോലെ നാല് എം.എസ്സി. കോഴ്സുകളും നടത്തുന്നുണ്ട്. ഇപ്പോൾത്തന്നെ തുടങ്ങിക്കഴിഞ്ഞു. അങ്ങനെ നടത്തുന്ന ആ സർവ്വകലാശാലയിലെ ടീച്ചിംഗ് ഫാക്കൽറ്റിയുടെ ക്വാളിഫിക്കേഷൻ യൂണിവേഴ്സിറ്റി അംഗീകരിച്ച ക്വാളിഫിക്കേഷൻ തന്നെയാണോ? അവരെ പിൻവാതിലിലൂടെ ഈ സർവ്വകലാശാലയുടെ ഭാഗമാക്കി മാറ്റാനുള്ള കുൽസിത ശ്രമം തന്നെയാണ് ഇതിന് പിന്നിലുള്ളതെന്ന് തീർച്ചയായും ഞങ്ങൾ മനസ്സിലാക്കുന്നു.

അതുപോലെതന്നെ, ബില്ലിലെ പേജ് 18-ൽ ഖണ്ഡം 17-ൽ ജനറൽ കൗൺസിൽ സംബന്ധിച്ച് പറയുന്നുണ്ട്. അതിന്റെ ഉപഖണ്ഡം 2-ൽ കൗൺസിലിന്റെ ഘടന എന്നതിൽ, കമ്പനിയുടെ ഡയറക്ടർ ബോർഡിന്റെ ചെയർപേഴ്സൺ

ജനറൽ കൗൺസിൽ അംഗമാണെന്ന് പറയുന്നുണ്ട്. സത്യത്തിൽ ഈ ഡിജിറ്റൽ സർവ്വകലാശാലയുടെ സൈറ്റിൽ നോക്കിയാൽ 2000-ൽ സ്ഥാപിച്ച IIITM-K അപ്ഗ്രേഡ് ചെയ്തുവെന്നാണ് പറയുന്നത്. യൂണിവേഴ്സിറ്റിയുടെ പ്രൊഫസർ, ഡീൻ എന്നിവരെല്ലാം യു.ജി.സി.-യുടെ റെഗുലേഷൻ അനുസരിച്ചുള്ളവരാണെന്ന് പറയാൻ സാധിക്കുമോ? സാധിക്കില്ലെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്. യൂണിവേഴ്സിറ്റി റെഗുലേഷൻ പ്രകാരം ഇത് നിൽക്കില്ല. യു.ജി.സി.-യുടെ അംഗീകാരമുണ്ടെന്ന് പറയുന്നത് ഏത് തലത്തിലാണെന്ന് എനിക്കറിയില്ല. യു.ജി.സി.-യുടെ അംഗീകാരം സംബന്ധിച്ച വിഷയം വരുമ്പോൾ സ്വാഭാവികമായും നേരത്തെ ഓപ്പൺ സർവ്വകലാശാലയ്ക്ക് വന്ന ഗതി ഇതിനും വരുമെന്ന് തന്നെയാണ് ഞങ്ങളെല്ലാവരും പറയുന്നത്. ഇത് രാജ്യാന്തര സർവ്വകലാശാലയാകും, ഏറ്റവും ഇന്നൊവേറ്റീവായിട്ടുള്ള മനുഷ്യന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ വരെ ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള കോഴ്സുകളും മറ്റുമൊക്കെയാണെന്നാണ് പറയുന്നത്. അങ്ങനെവരുമ്പോൾ IIITM-K-യിൽ നിന്നല്ല ഫാക്കൽറ്റിയെ എടുക്കേണ്ടത്. IISER (Indian Institute of Science Education and Research), IIT (Indian Institute of Technology), രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അത്തരത്തിലുള്ള ഇന്ത്യയിലെ പേരുകേട്ട സർവ്വകലാശാലകളിൽനിന്നല്ലേ ഫാക്കൽറ്റിയെ ഡെപ്യൂട്ടേഷനിൽ കൊണ്ടുവരേണ്ടത്. അല്ലാതെ ഇതിന്റെ ഉപസ്ഥാപനമായ IIITM-K എന്ന സ്ഥാപനത്തിൽനിന്നാണോ ഇങ്ങനെയുള്ള ആളിനെ കൊണ്ടുവരേണ്ടത്?

പുതിയ കേന്ദ്ര വിദ്യാഭ്യാസ നയത്തിന് ഞങ്ങളെതിരാണ്. വിദ്യാഭ്യാസത്തിന്റെ നൂതനമായ ശാസ്ത്ര-സാങ്കേതിക കാഴ്ചപ്പാടുകളെ പിന്നോട്ടുവലിക്കുകയും വളരെ യാഥാസ്ഥിതികമായ കാഴ്ചപ്പാടുകൾ വിദ്യാഭ്യാസ നയത്തിന്റെ രൂപത്തിൽ ഇൻജക്ട് ചെയ്യുകയും ചെയ്തുകൊണ്ടാണ് കേന്ദ്ര വിദ്യാഭ്യാസ നയം വന്നിട്ടുള്ളത്. ഞങ്ങൾ അതിനെതിരാണ്. ബംഗാൾ, തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങൾ ആ വിദ്യാഭ്യാസ നയത്തെ അതിശക്തമായി എതിർക്കുന്നുണ്ട്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നേരത്തെ എതിർത്തിരുന്നു. പക്ഷേ, മോദി-പിണറായി കൂടിക്കാഴ്ചയ്ക്കുശേഷം അതിന് ചെറിയ മാറ്റം വന്നിട്ടുണ്ടോയെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. ആ മാറ്റം പുതിയ വിദ്യാഭ്യാസ നയത്തിന്റെ സമീപനത്തിലേയ്ക്ക് വന്നുതുടങ്ങിയിട്ടുണ്ടെന്ന് തോന്നുന്നു. പുതിയ വിദ്യാഭ്യാസ നയപ്രകാരം ഈ സർവ്വകലാശാല ഇങ്ങനെ വേറെ സർവ്വകലാശാലയുടെ ബ്രാഞ്ചുകളിലേയ്ക്ക് പോകണ്ട. ജ്ഞാനമേഖലയുടെ എല്ലാ ഏരിയകളെയും ഒരുപോലെ സ്പർശിക്കുന്ന സർവ്വകലാശാല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി തുടക്കത്തിൽ പറഞ്ഞിട്ടുള്ളത്. ജ്ഞാനത്തിന്റെയും ജ്ഞാനോല്പാദനത്തിന്റെയും എല്ലാ ഏരിയകളെയും ഒരുപോലെ സ്പർശിക്കുന്ന, ഒരുപോലെ

ആവാഹിച്ചെടുക്കുന്ന, സർവ്വകലാശാലയാണ് ഇപ്പോൾ വിഭാവന ചെയ്യുന്നത്. മാത്രമല്ല, എല്ലാ കോളേജുകളെയും ആ രീതിയിലേയ്ക്ക് മാറ്റുകയും ആ കോളേജുകളെ ആ രീതിയിലുള്ള സർവ്വകലാശാലയാക്കി ഉയർത്തുകയും ചെയ്യുകയെന്ന കാഴ്ചപ്പാടിന്റെയടിസ്ഥാനത്തിൽ ഈ സർവ്വകലാശാല വീണ്ടും ചെറിയ മൈന്യൂട്ട് ഏരിയയിലേയ്ക്ക് പോകുന്നതാണ്. അതുകൊണ്ട് തീർച്ചയായും ഇങ്ങനെയൊരു സർവ്വകലാശാല ഇവിടെ ആവശ്യമില്ല. കുസാറ്റിന്റെയും കെ.ടി.യു.-വിന്റെയും അധികാര പരിധിയിൽ ഏതെങ്കിലുമൊരു ഏരിയ ഇല്ലെങ്കിൽ അതുകൂടി കവർ ചെയ്യുന്ന രീതിയിലാണിത് വേണ്ടത്. ഈ സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിന്റെ കാര്യത്തിലും ഫാക്കൽറ്റിയെ ഡെപ്യൂട്ട് ചെയ്യുന്ന കാര്യത്തിലുമൊക്കെ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ വിദഗ്ദ്ധന്മാരുടെ സേവ് യൂണിവേഴ്സിറ്റി ഫോറം ഗവർണർക്ക് പരാതി അയച്ചുകഴിഞ്ഞു. ഇത് പിൻവാതിൽ നിയമനത്തിനുള്ള വാതിൽ തുറക്കുകയാണെന്നാണ് ഞങ്ങൾക്ക് തോന്നിയത്. കാരണം, ഇതിലെ നിയമനങ്ങളൊന്നും പി.എസ്.സി.-ക്ക് വിടുന്നതായി ഞങ്ങളൊരിടത്തും കണ്ടില്ല. ചട്ടത്തിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം നിയമനം നടത്തുമെന്നാണ് പറയുന്നത്. പി.എസ്.സി.-ക്ക് വിടുമെന്ന് എന്തുകൊണ്ട് പറഞ്ഞുകൂടാ? കേരളത്തിലെ സർവ്വകലാശാലകളുടെ നിയമനം ഉടൻതന്നെ പി.എസ്.സി.-ക്ക് വിടേണ്ടതുണ്ട്. കാരണം, സർവ്വകലാശാലകളിൽ പിൻവാതിൽ നിയമനം നടത്തുന്നതുസംബന്ധിച്ച് നിരവധി കോടതിവിധികളുണ്ട്. കേരള സർവ്വകലാശാലയുടെയും കണ്ണൂർ സർവ്വകലാശാലയുടെയും നിയമനങ്ങളൊക്കെ ഇപ്പോൾ ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. ഇവിടെ പിൻവാതിലിലൂടെ സി.പി.ഐ.(എം)-ന്റെ ആളുകളെയും സ്വന്തക്കാരെയും ബന്ധുക്കളെയും തിരുകിക്കയറ്റുന്നതിനുവേണ്ടിയുള്ള യൂണിവേഴ്സിറ്റിയാണോ എന്നുപോലും സംശയിക്കുന്ന വിധത്തിലാണ് കാര്യങ്ങൾ പോകുന്നത്. ഇന്ന് ഈ ബിൽ അവതരിപ്പിക്കുമ്പോൾ, ഇവിടെ ചില സംഗതികളുണ്ടായിരുന്നില്ലെങ്കിൽ, ഇവിടത്തെ ഉദ്യോഗസ്ഥ ഗ്യാലറിയിലിരുന്ന് ഇത് കൺകുളിർക്കെ കണ്ട് ആനന്ദിക്കുന്ന രണ്ട് വ്യക്തിത്വങ്ങൾ ഇവിടെയുണ്ടാകുമായിരുന്നു. ഒരാൾ ജയിലിലായി, ഒരാൾ തല്ക്കാലം ജാമ്യത്തിലാണ്. ആ വ്യക്തികളുണ്ടായിരുന്നെങ്കിൽ കൺകുളിർക്കെ കണ്ടുകൊണ്ടുള്ള ആഹ്ലാദമുഹൂർത്തമായിരുന്നു ഒരുപക്ഷേ ഇന്നത്തെ ഈ ബില്ലിന്റെ അവതരണ വേള. ഇങ്ങനെ പ്രതീക്ഷിക്കാത്ത ചിലതൊക്കെ സംഭവിച്ചതുകൊണ്ടും കേരളത്തിന്റെ ഭാഗ്യംകൊണ്ടും സർവ്വകലാശാലയെ ആ രീതിയിലേയ്ക്ക് മാറ്റി. അങ്ങനെയുള്ള ഒരു സർവ്വകലാശാല ഇവിടെ ആവശ്യമില്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഈ സർവ്വകലാശാല ബില്ലിനുള്ള ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് വിധേയമാകേണ്ടതിനാൽ എല്ലാകാര്യങ്ങൾക്കും അക്കമിട്ട് മറുപടി പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ പറഞ്ഞ കാര്യങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. രാഷ്ട്രീയബാധകൊണ്ടായിരിക്കാം, ആധുനിക കാലഘട്ടത്തിന്റെ ശാസ്ത്രസാങ്കേതിക മേഖലയിലുള്ള വലിയ കുതിച്ചുചാട്ടം കേരളത്തിലെ ഭാവിതലമുറയ്ക്ക് പ്രാപ്യമാക്കുന്ന നിയമം ഒരുകാരണവശാലും വരരുതെന്ന വാശി അദ്ദേഹം പ്രകടിപ്പിച്ചത്. അത് പാടില്ലായിരുന്നെന്നാണ് എന്റെ അഭിപ്രായം. അവകാശമൊക്കെയുണ്ട്, എങ്കിലും ഭാവി തലമുറയോടും ഈ നാടിനോടും അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടില്ലായിരുന്നു. ഇത് കൊച്ചുകേരളമാണ്. കേരളത്തിന് ഇത്രയധികം സർവ്വകലാശാലകൾ താങ്ങാൻ കഴിയുമോ എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. പ്രസംഗത്തിൽ നമ്മളെല്ലാവരും കൊച്ചുകേരളമെന്നൊക്കെ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ കേരളം അത്ര ചെറുതല്ല. ലോകത്തിലെ ഏത് രാജ്യങ്ങളിൽ ചെന്നാലും, അമേരിക്കയായാലും യൂറോപ്പായാലും മറ്റ് വികസിത രാജ്യങ്ങളായാലും ആ രാജ്യങ്ങളിലെ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്ന കമ്പനികളിലോ മറ്റ് വ്യവസായശാലകളിലോ അവരുടെ പാർലമെന്റുകളിലോ മറ്റ് നിയമനിർമ്മാണ സംവിധാനങ്ങളിലോ ആയാലും അവിടെയെല്ലാം മലയാളിയുണ്ടെന്നുള്ളത് നമ്മളറിയണം. കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന്റെ മികവുകൊണ്ടാണ് കേരളം ഇങ്ങനെയായത്. അതിവേഗത്തിൽ വന്ന മാറ്റങ്ങളെല്ലാം സ്വാംശീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പല ഘട്ടങ്ങളിലും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കൊച്ചി സർവ്വകലാശാലയെ സംബന്ധിച്ച് ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതൊരു മാറ്റം തന്നെയാണ്. ആദ്യം കൊച്ചി സർവ്വകലാശാലയായിരുന്നു. പിന്നീടാണ് കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്ന തരത്തിൽ സ്പെഷ്യലൈസ് ചെയ്യുന്ന മേഖലയിലേയ്ക്ക് മാറിയത്. അതിന്റെ ആദ്യത്തെ വൈസ് ചാൻസലറായി മുണ്ടശ്ശേരി മാഷിനെ നിയമിച്ച കാര്യവും അദ്ദേഹം പറഞ്ഞിരുന്നു. സി.എച്ച്. മുഹമ്മദ് കോയയുടെ കാലത്താണെന്ന് സൂചിപ്പിച്ചു. കേരളത്തിലെ ഒരു സ്കൂൾ അദ്ധ്യാപകനെ വൈസ് ചാൻസലറാക്കി മാറ്റിയ ചരിത്രത്തിന്റെ പ്രതിനിധികളാണ് നിങ്ങളെന്ന് കാണണം. സി. എച്ച്. മുഹമ്മദ് കോയയുടെ കാലഘട്ടത്തിൽ അന്ന് സ്വീകരിച്ച ആ മാതൃകകളെ ഞങ്ങൾ പിന്തുണയ്ക്കുന്നു, അംഗീകരിക്കുന്നു. നിങ്ങൾ അതിൽനിന്നും ഏറെ മാറി. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ മാറി. ഒരു കമ്പനിയുടെ നിയന്ത്രണത്തിൽ ഒരു സർവ്വകലാശാലയെ വിട്ടുകൊടുക്കാമോ എന്ന്

അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അങ്ങ് കാര്യങ്ങളെല്ലാം പഠിച്ച് അവതരിപ്പിക്കുന്ന ആളാണല്ലോ? ഈ സർവ്വകലാശാലയുടെ ഭരണസമിതികളെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ഈ സർവ്വകലാശാലയുടെ ചാൻസലർ ആരാണ്? കേരളത്തിന്റെ ഗവർണറാണ്. കേരള ഗവർണർ ചാൻസലറായിട്ടുള്ള ഒരു സ്ഥാപനം, ഒരു കമ്പനി നിർദ്ദേശിക്കുന്നതുപോലെ പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞാൽ, കേരളത്തിലെ ഗവർണർ കമ്പനിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു എന്നാണ് അതിനർത്ഥം. അങ്ങ് അങ്ങനെ പറയാൻ പാടില്ലായിരുന്നു. ഇതിനകത്ത് വേറെ ആരൊക്കെയുണ്ട്? ഗവേണിംഗ് കൗൺസിൽ, ചാൻസലർ, പ്രോ-ചാൻസലർ. ചാൻസലർ ഗവർണറാണ്. മുഖ്യമന്ത്രി പിണറായി വിജയൻ എന്നുപറയുന്ന ആൾക്ക് പ്രോ-ചാൻസലർ പദവി പാടില്ലെന്ന് ഇവിടെ പറയുകയുണ്ടായി. ഈ ചർച്ചയിൽ ഇങ്ങനെയൊക്കെ പറയാമോ?

6.00 P.M.]

കേരളത്തിലെ ജനങ്ങൾ ചരിത്രത്തിലാദ്യമായി ഒരു മുഖ്യമന്ത്രിയെതന്നെ വീണ്ടും മുഖ്യമന്ത്രിയാകാൻ അംഗീകാരം നൽകി പുതിയ ചരിത്രം സൃഷ്ടിച്ചു. അതാണ് ശ്രീ. പിണറായി വിജയൻ. അങ്ങനെയൊരു പുതുചരിത്രം സൃഷ്ടിച്ച മുഖ്യമന്ത്രിക്ക് പ്രോ-ചാൻസലർ ആയിരിക്കാൻവേണ്ടി ഒരു സർവ്വകലാശാല തുടങ്ങുന്നുവെന്നൊക്കെ നിയമനിർമ്മാണ സഭയ്ക്കകത്ത് പ്രസംഗിക്കുമ്പോൾ, നമ്മളൊക്കെ വല്ലാതെ ചെറുതായിപ്പോകുന്നുണ്ടോയെന്ന് സ്വയം പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

ഇതുകൂടാതെ, അതിനകത്ത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി, കമ്പനി ഡയറക്ടർ ബോർഡിന്റെ പ്രതിനിധി, ബോർഡ് ഓഫ് ഗവേർണേഴ്സിന്റെ ചെയർപേഴ്സൺ, യു.ജി.സി.-യുടെ ഒരു മുതിർന്ന പ്രതിനിധി എന്നിവരുമുണ്ടാകും. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ബോഡി ജനറൽ കൗൺസിലാണ്. വിവര സാങ്കേതിക വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, വൈസ് ചാൻസലർ എന്നിവരാണ് ഇതിന്റെ ജനറൽ കൗൺസിലിലുൾപ്പെടുന്നത്.

ബോർഡ് ഓഫ് ഗവേർണേഴ്സ് - അതും ഈ മേഖലയിൽതന്നെ ഉള്ളവരാണ്. വിവര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഇതുമായി ബന്ധപ്പെട്ട ഗവൺമെന്റിന്റെ പ്രധാനപ്പെട്ട മുതിർന്ന ഉദ്യോഗസ്ഥർ, ഭാരത സർക്കാരിന്റെ വാർത്താവിനിമയ വിവര സാങ്കേതികവിദ്യ മന്ത്രാലയത്തിലെ ഒരു പ്രതിനിധി, ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ ഒരു പ്രതിനിധി, തിരുവനന്തപുരത്തെ

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ & റിസർച്ചിലെ ഒരു പ്രതിനിധി, ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി (തിരുവനന്തപുരം)-യിലെ ഒരു പ്രതിനിധി, ഡയറക്ടർ, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി ഇവരെല്ലാം ഇതിൽ എക്സ് ഒഫീഷ്യോ അംഗങ്ങളായി ഉണ്ട്. ഇവരെല്ലാമുൾപ്പെടുന്നതാണ് ഗവേണിംഗ് കൗൺസിൽ. പിന്നെ വൈസ് ചാൻസലർ സമർപ്പിക്കുന്ന വിദ്യാഭ്യാസം, ഗവേഷണം, വിവരസാങ്കേതികവിദ്യ പ്രയോഗം, അനുബന്ധ വിജ്ഞാനശാഖകൾ എന്നീ മേഖലകളിൽനിന്ന് ഗവർണർ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളുകൾ ഇവരൊക്കെയാണുള്ളത്. ഇതാണ് ഇതിന്റെ ഗവേണിംഗ് കൗൺസിൽ. ഇത് എങ്ങനെയാണ് ഒരു കമ്പനിയുടെ നിയന്ത്രണത്തിലേയ്ക്ക് പോകുന്നത്? ഈ കമ്പനി പൂർണ്ണമായും ഗവൺമെന്റ് owned ആയിട്ടുള്ള സ്ഥാപനമാണ്. പ്രൈവറ്റ് സ്ഥാപനമല്ല. 100 ശതമാനവും ഗവൺമെന്റ് owned ആയിട്ടുള്ള ഒരു കമ്പനിയുടെ പ്രതിനിധി ഇതിനകത്ത് അംഗമായി വരുന്നു. ഇത്രമാത്രം വൈവിദ്ധ്യമാർന്ന വ്യത്യസ്ത വിജ്ഞാനശാഖകളിൽ അഗാധമായ പ്രാവീണ്യമുള്ള വ്യക്തിത്വങ്ങളെക്കൂടി ഉൾക്കൊള്ളുന്ന ഒരു ഗവേണിംഗ് കൗൺസിൽ കേരള ചരിത്രത്തിൽ ഡിജിറ്റൽ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ഈ നാടിന് എത്രമാത്രം അഭിമാനകരമാണെന്നാണ് മനസ്സിലാക്കേണ്ടത്. അതാണ് ഇതിന്റെ ഘടന.

അദ്ദേഹവും വേറെ ചിലരും ചില പേരുകളൊക്കെ പരാമർശിച്ചു. ചർവ്വിത ചർവ്വണംപോലെ ആവർത്തിച്ച് ചവറ്റുകുട്ടയിലേയ്ക്ക് ജനങ്ങൾ വലിച്ചെറിഞ്ഞ കാര്യങ്ങൾ വീണ്ടും ഇവിടെ പറയരുത്. അതിന്റെ ഭാഗമായിട്ടാണല്ലോ കുറേ പേരുകൾ നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്. ഇതൊക്കെ ജനങ്ങൾ കണ്ടല്ലോ. ഞങ്ങൾക്ക് തുടർഭരണം നൽകിയെന്നു മാത്രമല്ല, ആ ചരിത്രം സൃഷ്ടിച്ചപ്പോൾ കഴിഞ്ഞതവണ ലഭിച്ചതിനേക്കാളും കൂടുതൽ അംഗങ്ങളുമായിട്ടാണ് ഞങ്ങൾ തിരിച്ചുവന്നത്. ചർവ്വിതചർവ്വണംപോലെ ആവർത്തിച്ചുള്ള നുണക്കൂമ്പാരങ്ങളുടെ മുകളിൽ മാത്രമാണ് നിങ്ങൾ നിന്നിരുന്നത്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊള്ളണം. അല്ലെങ്കിൽ വീണ്ടും ഇതുപോലെയുള്ള പ്രധാനപ്പെട്ട ചർച്ചയ്ക്കകത്ത് ഇത്തരം പേരുകൾ പരാമർശിച്ചുകൊണ്ട് ആത്മനിർവൃതിയടയുന്നത് ജനങ്ങൾ കാണുന്നുണ്ടെന്ന് നിങ്ങൾ തിരിച്ചറിയണം.

നോളഡ്ജ് സിറ്റി, ഐ.ടി. പാർക്ക് ഇതെല്ലാം നല്ല സങ്കല്പങ്ങളാണ്. കഴിഞ്ഞ ദിവസങ്ങളിലെ മാധ്യമങ്ങളിൽ വായിച്ചില്ലേ, ലോകത്തിൽ ഏറ്റവും പ്രശസ്തമായ ഐ.ടി. കമ്പനി ഐ.ബി.എം., അതിന്റെ പ്രധാനപ്പെട്ട കാമ്പസ് കൊച്ചിയിൽ

ആരംഭിക്കുകയാണ്. ടി.സി.എസ്. കൊച്ചിയിൽ അതിന്റെ യൂണിറ്റ് ആരംഭിക്കുന്നു. ഇവിടെയുള്ള ടെക്നോപാർക്ക്, ഐ.ടി. പാർക്ക് എന്നിവ നോളഡ്ജ് മേഖലയിലുള്ള സിറ്റികൾ തന്നെയാണ്. വിജ്ഞാനത്തിന്റെ വളർച്ചയുടെ ഒരു ഭാഗം, അതിന്റെ പ്രയോഗത്തിന്റെ വ്യവസായങ്ങൾ മറ്റൊരു ഭാഗം, ഇതെല്ലാം കോർത്തിണക്കിക്കൊണ്ടുപോകാൻ കഴിയുന്ന ഒരു സംവിധാനമാണ് ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നതുകൊണ്ട് ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റി വരുന്നത്, ഈ നാടിനെ സ്നേഹിക്കുന്ന കേരളത്തിന്റെ ഭാവിതലമുറയെക്കുറിച്ച് ഉത്കണ്ഠയുള്ള മുഴുവൻ ആളുകളുടെയും താല്പര്യമാണ്.അങ്ങ് ഈ നിരാകരണപ്രമേയം രാഷ്ട്രീയപ്രേരിതമായി അവതരിപ്പിച്ചതാണെങ്കിലും ഉള്ളുകൊണ്ട് അങ്ങയെപ്പോലെ പ്രൊഫഷണലായ ആൾ ഈ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ പൂർണ്ണമായും പിന്തുണയ്ക്കുന്നുണ്ടാകും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം റോജി എം. ജോൺ, എന്തിനാണ് പുതിയ സർവ്വകലാശാല; നമുക്ക് കൊച്ചി സർവ്വകലാശാലയില്ലേ എന്നാണ് ചോദിച്ചത്. അപ്പോൾ ബഹുമാന്യനായ അംഗം പി. വി. ശ്രീനിജിൻ, അങ്ങനെയാണെങ്കിൽ കൊച്ചി സർവ്വകലാശാലയുണ്ടാക്കിയതിനുശേഷം നിങ്ങൾ എന്തിനാണ് കെ.റ്റി.യു ഉണ്ടാക്കിയത്, രണ്ടും ഒന്നല്ലേ എന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം, അത് അഫിലിയേറ്റഡ് ആണ്, അതുകൊണ്ട് ഞങ്ങൾ ഇതുണ്ടാക്കിയെന്ന് പറഞ്ഞു. കേവല യുക്തിയാണെങ്കിൽ അത് നിൽക്കുന്നുണ്ടല്ലോ. യഥാർത്ഥത്തിൽ ലോകത്ത് വരുന്ന മാറ്റം നമ്മൾ കാണണം. പുതിയ സർവ്വകലാശാലകൾ ഏത് രൂപത്തിലാണ് വരുന്നത്? അങ്ങ് പറഞ്ഞ ആ കൺസെപ്റ്റിന്റെ ഭാഗങ്ങളിൽ എനിക്ക് വിയോജിപ്പുള്ള അല്ലെങ്കിൽ സർക്കാരിന് ധാരണയുള്ള ചില ഭാഗങ്ങളാണ് സൂചിപ്പിക്കുന്നത്.

കേരളത്തിൽ ധാരാളം ലാ കോളേജുകളുണ്ട്. കാര്യവട്ടം ലാ കാമ്പസ്, എം.ജി. ലാ കാമ്പസ് എന്നിവ യൂണിവേഴ്സിറ്റിക്കകത്തുണ്ട്. കൊച്ചി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിക്കകത്ത് പ്രത്യേകം ലീഗൽ ഡിപ്പാർട്ടുമെന്റുണ്ട്. അവിടെ ഗവേഷണമുണ്ട്; ബിരുദാനന്തര ബിരുദ പഠനമുണ്ട്. നമ്മൾ NUALS (National University of Advanced Legal Studies) തുടങ്ങി. NUALS തുടങ്ങിയതോടുകൂടി കൊച്ചിൻ യൂണിവേഴ്സിറ്റിയിലെയും എം.ജി. യൂണിവേഴ്സിറ്റിയിലെയും കേരള യൂണിവേഴ്സിറ്റിയിലെയും കണ്ണൂർ യൂണിവേഴ്സിറ്റിയിലെയും ലാ കാമ്പസുകളൊക്കെ അടച്ചുപൂട്ടിയോ? ഇപ്പോഴും കുട്ടികൾ അഡ്മിഷനുവേണ്ടി കാത്തിരിക്കുകയാണ്. ഈ കാമ്പസുകൾക്കകത്ത്, ഈ സെന്ററുകളിൽ ആയിരക്കണക്കിന് കുട്ടികളാണ് പരീക്ഷ എഴുതുന്നത്. NUALS-ൽ എഴുതുന്നതും ഇവിടെ എഴുതുന്നതും പരസ്പര പൂരകങ്ങളാണ്. ഫിഷറീസ് യൂണിവേഴ്സിറ്റി വന്നു. കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുണ്ടായിരുന്ന ഫിഷറീസ് കോളേജ് ഫിഷറീസ് യൂണിവേഴ്സിറ്റിയാക്കി. ആ

ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ വൈവിദ്ധ്യമാർന്ന കോഴ്സുകൾ വന്നു. അവിടെ മറൈൻ സയൻസും മറൈൻ ജിയോളജിയും ഓഷ്യാനോഗ്രാഫിയുമുണ്ട്. ഇതെല്ലാം കൊച്ചി സർവ്വകലാശാലയിലുമുണ്ട്. കൊച്ചി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസ്, ഇൻഡ്യയിലെ മറൈൻ ഗവേഷണ സ്ഥാപനങ്ങളിൽ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഒരു സ്ഥാപനം. ഇപ്പോൾ ഉന്നത പദവികൾ അലങ്കരിക്കുന്ന പ്രതിഭകൾ പഠിച്ചിറങ്ങിയ സ്ഥാപനമാണ്. ഈ കോഴ്സുകളൊക്കെ ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്. അതിന് വ്യത്യസ്തമായ കോമ്പിനേഷനുകളാണ്. ഫിഷറീസ് യൂണിവേഴ്സിറ്റിയും സ്കൂൾ ഓഫ് മറൈൻ സയൻസും മികവോടുകൂടി പ്രവർത്തിക്കുന്നു. എല്ലാ കോളേജുകളിലും മലയാളം പഠിപ്പിക്കുന്നില്ലേ? നമ്മൾ മലയാളം, സംസ്കൃതം സർവ്വകലാശാലകൾ ആരംഭിച്ചു. ഇങ്ങനെ ഓരോ സർവ്വകലാ ശാലകൾ ആരംഭിച്ചപ്പോൾ മറ്റെല്ലാ സർവ്വകലാശാലകളും തകർന്നുപോയോ? വെറ്ററിനറി സയൻസിന് യൂണിവേഴ്സിറ്റി ആരംഭിച്ചു; അത് ശക്തിപ്പെട്ടു. മറ്റ് പലയിടങ്ങളിലും അത്തരത്തിലുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളുണ്ട്. ഈ നിയമത്തിനകത്തെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ കൃത്യമായി വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ അഞ്ചാമത്തെ പാരഗ്രാഫിൽ, "ഈ സർവ്വകലാശാല ആസൂത്രണം ചെയ്തിട്ടുള്ള കോഴ്സുകൾ ഒന്നുംതന്നെ കേരള സാങ്കേതിക സർവ്വകലാശാല വാഗ്ദാനം ചെയ്യുന്നില്ല. ഇതിന്റെ പ്രവൃത്തികൾ കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലകളുടെ പ്രവൃത്തികൾക്ക് പൂരകമാകുന്നതും കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ നിന്നുള്ള ബിരുദധാരികളെ ഗവേഷണത്തിലും വിജ്ഞാന സാങ്കേതികവിദ്യയുടെ പഠനത്തിലും മികവിന്റെ ഉന്നതതലങ്ങളിലെത്തിക്കാൻ പ്രാപ്തമാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ഡോ. എം. കെ മുനീർ, ശ്രീ. റോജി എം. ജോൺ എന്നീ അംഗങ്ങൾ കുസാറ്റിനെക്കുറിച്ചും കുറച്ച് കോഴ്സുകളെക്കുറിച്ചും പറയുകയുണ്ടായി. ഉണ്ടായിരിക്കാം.

ഇവിടത്തെ ഫോക്കസ് എന്താണ്? ഐ.ഐ.ടി.-ക്കകത്ത് ടെക്നോളജി മാത്രമല്ല, ഹ്യൂമാനിറ്റീസുമുണ്ട്. സർവ്വകലാശാലയിൽ ടെക്നോളജി മാത്രമല്ല, ഹ്യൂമാനിറ്റീസും വേണമെന്ന് ജവഹർലാൽ നെഹ്റുവാണ് പറഞ്ഞത്. ഈ കൂടിച്ചേരലുകൾ അന്നത്തെ കാലത്തുള്ളതുപോലെയല്ല ഇന്ന് നിൽക്കുന്നത്. ഇന്നത്തെ കാലം, ഒരു കോഴ്സും ഒരു ശാസ്ത്ര ശാഖയും അല്ലെങ്കിൽ ഒരു മാനവിക ശാഖയും പഴയ നിർവ്വചനങ്ങൾക്കകത്ത് നിൽക്കുന്നില്ല. എല്ലാം ഇന്റഗ്രേറ്റഡ് ആയി മാറുകയാണ്. എല്ലാ യൂണിവേഴ്സിറ്റികളും അതിലേയ്ക്ക് മാറേണ്ടിവരും. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാൽവെയ്പാണ് മൾട്ടി ഡിസിപ്ലിനറിയായിട്ടുള്ള, ഇന്റഗ്രേറ്റഡായിട്ടുള്ള കാഴ്ചപ്പാടോടുകൂടിയ ബിരുദാനന്തര ബിരുദത്തിനും ഗവേഷണത്തിനുമുള്ള ഈ സർവ്വകലാശാല. ഇത് കേവലം ബിരുദ ധാരികളെ സൃഷ്ടിക്കുന്ന ഒരു കാഴ്ചപ്പാടിനകത്തുമാത്രം പരിമിതപ്പെടുന്ന സർവ്വകലാ

ശാലയല്ല. കേരളം ഒരു വിജ്ഞാനസമൂഹമായി മാറുമ്പോൾ ആ വിജ്ഞാന സമൂഹത്തിന്റെ വികാസത്തിന് ലോകത്ത് വരുന്ന ശാസ്ത്ര സാങ്കേതിക മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന മാനവ വിഭവശേഷിയാണ് ഈ സർവ്വകലാശാല ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് ഇത് ബിരുദമോ അല്ലെങ്കിൽ ഡോക്ടറേറ്റോ ആഗ്രഹിക്കുന്നവർക്ക് മാത്രമുള്ളതല്ല. കർഷകന്റെ ടെക്നോളജിയും എത്രമാത്രം മാറിയിരിക്കുന്നു. നമുക്ക് ഇവിടെയിരുന്ന് വേണമെങ്കിൽ നമ്മുടെ കൃഷിയിടത്തിൽ ഇന്ന് എത്ര യൂറിയ കൊടുക്കണം, എത്ര വെള്ളം വേണം എന്നുള്ളത് മൊബൈൽ ഫോണിൽ ചെയ്യാം. എവിടെയാണ് മത്സ്യം കൂടുതലുള്ളതെന്ന് മത്സ്യ ത്തൊഴിലാളിക്ക് സെൻസറുകൾ വഴി അറിയാൻ കഴിയും. ഒരു സാങ്കേതികവിദ്യയും ഒരു ശാസ്ത്രവും ഒറ്റയ്ക്ക് നിൽക്കുന്നില്ല, ഒരു മാനവിക വിഷയവും ഒറ്റയ്ക്ക് നിൽക്കുന്നില്ല. ഇതെല്ലാം പരസ്പരം ബന്ധിതമാണ്; പരസ്പരം പൂരകമാണ്; പരസ്പരം ശക്തിപ്പെടുത്തു ന്നതാണ്. അതുകൊണ്ടാണ് ഇതിന്റെ പീഠികയിൽ കൃത്യമായി ഞങ്ങൾ പറയുന്നത്. കേരളത്തിന്റെ കയർ മേഖലയിലും കൈത്തറി മേഖലയിലും പുതിയ സാദ്ധ്യതയുണ്ട്. അവിടെയൊക്കെ മൂല്യവർദ്ധനവും വൈവിദ്ധ്യവൽക്കരണവും ടെക്നോളജിയും വേണം. യഥാർത്ഥത്തിൽ ഇതിനെല്ലാം സഹായിക്കുന്ന രൂപത്തിലുള്ള ഒരു സർവ്വകലാശാല, അത് വളരെ മുന്നിൽ സഞ്ചരിക്കുന്ന ഒരു കാഴ്ചപ്പാടാണ്. ആ കാഴ്ചപ്പാട് ഉൾക്കൊള്ളു കയാണ് വേണ്ടത്.

നമ്മുടെ രാജ്യത്ത് പല നിയമങ്ങളും പാസ്സാക്കുന്നുണ്ട്. The Indian Institutes of Information Technology (Public-Private Partnership) Act, 2017-ൽ പാസ്സാക്കിയതാണ്. Industry partnership സംബന്ധിച്ചാണ് 3 (ജി)-യിൽ പറയുന്നത്. "Industry partner means an individual, or a trust established under the Indian Trusts Act, 1882 or a company established under the Companies Act, 2013 or a society formed and registered under the Societies Registration Act, 1860 or a financial institution or a combination of one or more such industry partners" ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആക്ടിന്റെ ഭാഗമാണ്. നമ്മൾ അതിലേയ്ക്ക് പൂർണ്ണമായും പോകുകയല്ല ചെയ്തത്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് The Indian Institute of Information Technology and Management-Kerala (IIITM-K) രൂപീകരിച്ചത്. അത് നേരെ upgrade ചെയ്യുകയല്ല ചെയ്തത്. അതിനെയൊരു entity ആയി നിർത്തി, ആ entity-യുടെ പിന്തുണയോടുകൂടി ഈ സർവ്വകലാശാലയിലേയ്ക്ക് മാറുന്നു. STEM എന്ന് പറഞ്ഞാൽ എന്താണ്? സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്സ് ഇതല്ലേയുള്ളൂവെന്ന് അദ്ദേഹം വളരെ ലളിതമായി പറഞ്ഞു. STEM മാത്രമല്ല STEAM-ഉം (സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, ആർട്സ് ആൻഡ്

മാത്സ്) ഉണ്ട്. ഇത് പുതിയ കാലത്തിന്റെ ചില കാഴ്ചപ്പാടുകളാണ്. STEAM-ൽ സയൻസും ടെക്നോളജിയും ഉണ്ടല്ലോ; ടെക്നോളജി അവിടെ പഠിപ്പിക്കുന്നുണ്ടല്ലോ; എഞ്ചിനീയറിംഗ് ഇവിടെ പഠിപ്പിക്കുന്നുണ്ടല്ലോ; ആർട്സ് അവിടെ പഠിപ്പിക്കുന്നുണ്ടല്ലോ; മാത്സ് ഇവിടെ പഠിപ്പിക്കുന്നുണ്ടല്ലോ; ഇത് integrate ചെയ്തുവന്ന പുതിയ കാഴ്ചപ്പാടാണ്. ലോകത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വരുന്ന വിപ്ലവകരമായ മാറ്റങ്ങൾ നമ്മൾ കാണണം. ഇത്തരം കോഴ്സുകളെല്ലാം ഇതിന്റെ ഭാഗമായി വരുമ്പോൾ ലോകത്തെ മാറ്റത്തോടൊപ്പം കേരളവും മാറുന്നു. അതാണ് നാം കാണേണ്ടത്.

ശ്രീ. റോജി എം. ജോൺ: സർ, രണ്ട് കാര്യങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്. The School of Digital Sciences-നെ STEM എന്ന് define ചെയ്തിരിക്കുകയാണ്. സംസ്ഥാനത്ത് പുതിയതായി ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ, അതിൽ ഏറ്റവും ഫോക്കസ് പോയിന്റാണല്ലോ സ്കൂൾ ഓഫ് ഡിജിറ്റൽ സയൻസസ് എന്ന് പറയുന്നത്. സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്സ് (STEM) എന്നാണോ ഡിജിറ്റൽ സയൻസസിനെ ഡിഫൈൻ ചെയ്യുന്നത്; രണ്ട്, ഒരു സ്പോൺസറിംഗ് എന്റിറ്റി അല്ലെങ്കിൽ ഒരു കമ്പനി ഈ ബില്ലിന്റെ ഭാഗമായി വരികയാണ്. ഇൻഡസ്ട്രി പാർട്ണർഷിപ്പ് അല്ലെങ്കിൽ ഇൻഡസ്ട്രി ലിങ്കേജുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ നല്ല കാര്യം. ആധുനിക കാലഘട്ടത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനവുമായി ഇൻഡസ്ട്രി പാർട്ണർഷിപ്പ് ഉണ്ടാകേണ്ടത് വളരെ നല്ല കാര്യമാണ്. അങ്ങനെയാണെങ്കിൽ നിലവിലുള്ള യൂണിവേഴ്സിറ്റികളിലെ ആക്ട് ഭേദഗതി ചെയ്ത്, ആ യൂണിവേഴ്സിറ്റികൾക്കും ഇങ്ങനെയൊരു ഇൻഡസ്ട്രിയൽ പാർട്ണർഷിപ്പ് നടത്തുമോ; മറ്റു രീതികളിൽ ഇൻഡസ്ട്രിയൽ പാർട്ണർഷിപ്പും ഇന്ററാക്ഷൻസും നടക്കുന്നുണ്ട്. ഇതുപോലെ ഒരു ഇൻഡസ്ട്രിയൽ പാർട്ണർഷിപ്പ് അല്ലെങ്കിൽ ഒരു സ്പോൺസറിംഗ് എന്റിറ്റി മറ്റു യൂണിവേഴ്സിറ്റികളിൽ എന്തുകൊണ്ട് ഉണ്ടായിട്ടില്ല. എന്റെ ചോദ്യം, ഡിജിറ്റൽ സയൻസസുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്നത്തെ കാലഘട്ടത്തിനനുസൃതമായി അത്യാധുനികമായ ഒരു യൂണിവേഴ്സിറ്റി നിലവിൽ വരികയെന്നതാണ് ലക്ഷ്യമെങ്കിൽ എന്തിനാണ് ഒരു സ്പോൺസറിംഗ് എന്റിറ്റിയുടെ ആവശ്യം; സർക്കാരിന് സ്വതന്ത്രമായി ഒരു യൂണിവേഴ്സിറ്റി ആരംഭിച്ചാൽ പോരേ?

ശ്രീ. പി. രാജീവ്: സർ, സ്വതന്ത്രമായി ഒരു യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട ഒരംഗം പിന്തുണയ്ക്കുന്നത് സന്തോഷകരമാണ്. അപ്പോൾ ഇത്തരമൊരു യൂണിവേഴ്സിറ്റി നാടിന് ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ലല്ലോ; അതിന്റെ സ്ട്രക്ച്ചറിലായിരിക്കും പ്രശ്നമുള്ളത്. ഞാൻ വായിച്ച സെൻട്രൽ ആക്ട് പ്രൈവറ്റ് പാർട്ണർഷിപ്പിന്റേതാണ്. പ്രൈവറ്റ് കമ്പനിക്കുകൂടി Indian Institute of Information Technology and Management-Kerala (IIITM-K)-ൽ വരാനുള്ള

Public-Private Partnership-ന്റേതാണ്. എന്നാൽ ഈ സർവ്വകലാശാലയുടെ തുടക്കത്തിന് നേതൃത്വം നൽകുന്ന, അല്ലെങ്കിൽ ഇവിടെ പരാമർശിക്കപ്പെട്ട കമ്പനി പ്രൈവറ്റല്ല. പി.പി.പി. പോലും അല്ല. 100% State owned കമ്പനിയാണ്. ഇന്ത്യയിൽ IIITM-K സംവിധാനം വരുമ്പോൾ അത് കമ്പനി സ്റ്റാറ്റസിനകത്ത് വരുന്നുണ്ട്. അത് പല സാധ്യതകളുണ്ട്. ഹൈദരാബാദിൽ പി.പി.പി. ആയിട്ടാണ് വന്നത്. ഇപ്പോൾ നമുക്ക് ഒരു പരിമിതി വന്നു. ഈ സ്ഥാപനത്തിന് സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കില്ലെന്നതാണ് ആ പരിമിതി. ആ പരിമിതി മറികടക്കാൻ ഒരു യൂണിവേഴ്സിറ്റി വേണം. അങ്ങ് പറഞ്ഞത് ശരിയാണ്. അത് ഉൾക്കൊണ്ടു കൊണ്ടാണ് ഗവർണർ നയപ്രഖ്യാപനം നടത്തിയത്. ഇത് നമ്മൾ കാണേണ്ടൊരു ഭാഗമാണ്. STEM-ഉം STEAM-ഉം ഡിജിറ്റൽ സയൻസിന്റെ നിർവ്വചനമാണോയെന്ന് ചോദിച്ചു. നിർവ്വചനത്തിനപ്പുറം പോകണോ, അതൊക്കെ നമുക്ക് ചർച്ച ചെയ്യാം. കാഴ്ചപ്പാട് എന്നത് നാല് അക്ഷരങ്ങൾ/അക്കങ്ങൾ കാണുമ്പോൾ അതോരോന്നും ഒറ്റയ്ക്കൊറ്റയ്ക്ക് നിൽക്കുന്നുവെന്ന് കാണരുത്. വിശാലമായ കാഴ്ചപ്പാടാണെന്ന് അങ്ങേയ്ക്കറിയാം. ആധുനിക വിദ്യാഭ്യാസത്തിന്റെ എല്ലാ മാറ്റങ്ങളെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരു ഫ്ലക്സിബിലിറ്റിയുള്ള ഘടനയുള്ളതാണല്ലോ ജെ.എൻ.യു. ജെ.എൻ.യു.-വിൽ പഠിച്ചയാൾ എന്ന നിലയിൽ അങ്ങേയ്ക്ക് അത് അറിയാവുന്നതായിരിക്കും. കമ്പനിയുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഒരുകാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ഇപ്പോൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി തുടങ്ങുന്നു. മറ്റെല്ലാ യൂണിവേഴ്സിറ്റികളെയും ആത്മഹത്യയ്ക്ക്/കൊലപാതകത്തിന് വിട്ടുകൊടുക്കുമോ എന്ന് ചോദിച്ചു; അങ്ങനെയാണോ? ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ അതിന് ഉത്തരം പറഞ്ഞു. ഡോ. എം. കെ. മുനീർ, പ്രിയപ്പെട്ട റോജി എം.ജോൺ തുടങ്ങിയവർ കൊച്ചിൻ യൂണിവേഴ്സിറ്റി, ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നിവയിൽ ഇന്നത്തെ ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചുള്ള പുതിയ പുതിയ കോഴ്സുകൾ ആരംഭിച്ച കാര്യം പ്രഖ്യാപിച്ചില്ലേ? അത്രമാത്രം ഉൾക്കൊള്ളുന്ന രൂപത്തിലേയ്ക്ക് അവിടെ മാറ്റം വരുന്നു. ഇന്നലെ ബഹുമാന്യയായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിച്ചതാണ്. ഇന്നത്തെ കാലത്തിനനുസരിച്ച് യൂണിവേഴ്സിറ്റി സംവിധാനത്തെ മാറ്റാൻ ശ്രമിക്കുന്നു. എന്നാൽ അത് മാത്രം പോരാ. പുതിയ സംവിധാനങ്ങൾകൂടി വേണം. അതിനുവേണ്ടി ഇങ്ങനെയൊരു സർവ്വകലാശാലയ്ക്ക് നമ്മൾ നേതൃത്വം നൽകാൻ ശ്രമിക്കുന്നു. സർവ്വശ്രീ എം. വിജിൻ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, വി. ആർ. സുനിൽ കുമാർ എന്നിവരെല്ലാം ഈ മാറ്റങ്ങളെ പിന്തുണച്ചു കൊണ്ട് സംസാരിക്കുകയുണ്ടായി. ശ്രീ. ടി. വി. ഇബ്രാഹിം സംസാരിക്കുമ്പോൾ നിങ്ങൾ innovation-ന് എതിരാണ്, കമ്പ്യൂട്ടറിന് എതിരാണ് എന്ന് പറയുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി ടെക്നോപാർക്ക് സ്ഥാപിച്ചതാരാണ്? ഇന്ത്യയിൽ ആദ്യമായി

തിരുവനന്തപുരത്ത് ടെക്നോപാർക്ക് സ്ഥാപിച്ച അന്നത്തെ മുഖ്യമന്ത്രിയുടെ പേര് ഇ. കെ. നായനാർ എന്നാണ്. അവർ അമേരിക്കയിൽ പോയി, സിലിക്കൻ വാലിയിലേയ്ക്ക് പോയി. ഞങ്ങൾക്ക് നിലപാടുണ്ട്. എല്ലാ ശാസ്ത്ര സാങ്കേതിക മാറ്റങ്ങൾക്കുമൊപ്പം നിൽക്കുന്നവരാണ് ഞങ്ങൾ. നിങ്ങൾ എന്തിന് വിയോജിക്കുന്നു; നിങ്ങൾ പൂർണ്ണമായും തൊഴിലാളികളെ, ജീവനക്കാരെ ഡിസ്പ്ലേസ് ചെയ്യാനാണോ; ഞങ്ങൾ എന്തിനാണ് എതിര് നിൽക്കുന്നത്? മാനവരാശിയുടെ പുരോഗതിക്കുവേണ്ടി ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിക്കുമ്പോൾ ഞങ്ങൾ അതിനൊപ്പം നിൽക്കും. ഇന്ത്യയിൽ ആദ്യമായി മെട്രോ തുടങ്ങിയത് എവിടെയാണ്? ഡൽഹിയിൽ അല്ല ബംഗാളിലായിരുന്നു, കുറവുകളുണ്ടായിരിക്കാം. ഇന്ത്യയിൽ ആദ്യത്തെ ടെക്നോപാർക്ക് സ്ഥാപിച്ചത് കേരളത്തിലായിരുന്നു. അതുകൊണ്ട് അങ്ങനെ അങ്ങ് പറഞ്ഞുകളയരുത്. ഞങ്ങൾ ഇവിടെ ഒരു കമ്മ്യൂണിസ്റ്റ് മോഡൽ നടപ്പാക്കാൻ പോകുന്നുവെന്ന് ശ്രീ. റോജി എം. ജോൺ പറയുകയുണ്ടായി. ഞങ്ങൾ ഒരു പുതിയ മാതൃകതന്നെ സൃഷ്ടിക്കും. ലോകത്താകെ വരുന്ന വിപ്ലവകരമായ വിജ്ഞാന മാറ്റങ്ങൾ ഈ നാടിന്റെ തലമുറയ്ക്ക് പൂർണ്ണമായും പ്രാപ്യമാക്കാൻ കഴിയുന്ന സംവിധാനങ്ങൾ ഒരുക്കലാണ് ആ മാതൃകയിലുള്ളത്. അതിനാണ് നമ്മൾ ശ്രമിക്കുന്നത്. അതൊരു മാതൃകയാണ്. പല മാതൃകകളും സൃഷ്ടിക്കുന്നതിൽ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം സംഭാവനകൾ ചെയ്തിട്ടുണ്ട്. അതിന്റെ തുടർച്ചയായിത്തന്നെ ഇതിനെ കാണേണ്ടതുണ്ട്. യു.ജി.സി.-യെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. നിയമനങ്ങൾ സംബന്ധിച്ച്, ബഹുമാന്യരായ അംഗങ്ങൾക്ക് ഇതെല്ലാം നന്നായി അറിയാവുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇൻഡസ്ട്രിയൽ പാർട്ണർഷിപ്പ് പ്രൈവറ്റല്ല ഗവൺമെന്റാണെന്ന് പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും കയ്യടിച്ചല്ലോ. The whole idea of partnership with the industry എന്തിനാണ്? അവർ നടത്തുന്ന R&D, അവരുടെ ഇൻവെസ്റ്റ്മെന്റ് അതിവിടെ കിട്ടുമോയെന്ന് അറിയാൻ വേണ്ടിയാണ്. Every liabilities bringing on the Government.

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞത് അങ്ങേയ്ക്ക് മനസ്സിലായില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂഷൻ ലിങ്കേജ്/അക്കാഡമിക് ഇൻഡസ്ട്രിയൽ ലിങ്കേജിനെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതിൽ പ്രൈവറ്റുണ്ട്. ഇതിനകത്ത് ഒരു കമ്പനി എങ്ങനെ വന്നു എന്നതാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച പ്രധാന പ്രശ്നം. ഇവിടെ പ്രതിപാദിക്കുന്ന ഇൻഡസ്ട്രി അല്ലെങ്കിൽ കമ്പനി എന്നത് ഈ നിയമത്തിൽ പ്രതിപാദിക്കുന്ന കമ്പനിയാണ്. ആ കമ്പനിയുടെ എന്റിറ്റിയും അത് നിയമങ്ങളിൽ എങ്ങനെ നിൽക്കുന്നുവെന്നതും മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. ഞങ്ങൾ രണ്ടുതരത്തിൽ കാണുന്നു. ഒന്ന്, ഇൻഡസ്ട്രി ആവശ്യപ്പെടുന്ന

രൂപത്തിൽ നമ്മുടെ വിദ്യാഭ്യാസ കോഴ്സുകൾ റീ-സ്ട്രക്ച്ചർ ചെയ്യപ്പെടേണ്ടതുണ്ട്. രണ്ട്, ഇൻഡസ്ട്രിക്കാവശ്യമായ പുതിയ ഉൽപ്പാദന രീതികൾക്കനുസരിച്ചുള്ള ഗവേഷണ പിന്തുണ ഇൻസ്റ്റിറ്റ്യൂഷൻ നൽകേണ്ടതുണ്ട്. അതിൽ പ്രൈവറ്റുണ്ട്. നിയമനങ്ങളെല്ലാം യു.ജി.സി. സ്റ്റാറ്റ്യൂട്ടനുസരിച്ചാണ് നടത്തുന്നത്. ഇതിൽ ആകെ പറയുന്നത് വൈസ് ചാൻസലറുടെ നിയമനത്തെപ്പറ്റിയാണ്. വൈസ് ചാൻസലറെ കമ്പനി നിയമിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. നിങ്ങൾ സെർച്ച് കമ്മിറ്റി വായിക്കൂ. ഞാൻ സെർച്ച് കമ്മിറ്റി വായിച്ച് സമയം കളയുന്നില്ല. ആരൊക്കെയാണ് ഈ സെർച്ച് കമ്മിറ്റിക്കകത്തുള്ളതെന്ന് അത് വായിച്ചാലറിയാം. കമ്പനി എന്ന് കേൾക്കുമ്പോൾ ഏതോ സ്വകാര്യ കുത്തക കമ്പനി എന്ന ധാരണയിലാണ് സംസാരിക്കുന്നത്. 100 ശതമാനം ഗവൺമെന്റ് സ്ഥാപനമാണ്. കമ്പനിയുടെ പ്രതിനിധിയെപ്പോലും ഗവർണറാണ് നോമിനേറ്റ് ചെയ്യുന്നത്. സെർച്ച് കമ്മിറ്റി ആരാണ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ആശയക്കുഴപ്പം ഉണ്ടാകുന്നതുകൊണ്ട് വിശദീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റിയിൽ പോയി ബിൽ വീണ്ടും സഭയുടെ പരിഗണനയ്ക്കുവരും. അപ്പോൾ clause by clause discussion-ൽ കൂടുതൽ വിശദമായി ചർച്ച നടത്താം.

<u>ശ്രീ. പി. രാജീവ്</u>: സർ, നിയമനങ്ങളെല്ലാം യു.ജി.സി. സ്റ്റാറ്റ്യൂട്ടനുസരിച്ചാണ് നടത്തുന്നത്. നമ്മൾ ഓരോ യൂണിവേഴ്സിറ്റി നിയമം കൊണ്ടുവരുമ്പോഴും non teaching നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുമെന്ന് പറയേണ്ട കാര്യമില്ല. അതുസംബന്ധിച്ച് നേരത്തെ ഒരു നിയമമുണ്ട്. എല്ലാ യൂണിവേഴ്സിറ്റികളുടെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് ഒരു ധാരണയുണ്ട്. നിയമനങ്ങളെല്ലാം യു.ജി.സി അംഗീകരിച്ചു കഴിഞ്ഞുവെന്ന കാര്യം ഞാൻ സൂചിപ്പിച്ചു. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിച്ച് ഇനി എന്തെങ്കിലും സമ്പന്നമാക്കാനുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അതിനകത്തും തുടർന്നുള്ള ചർച്ചകളിലും സമ്പന്നമാക്കി ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചുള്ള ഒരു യൂണിവേഴ്സിറ്റിയാക്കി ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ മാറ്റാൻ ഈ സഭ ഒറ്റക്കെട്ടായി നിൽക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ഡോ. എം. കെ. മുനീർ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u> : നിരാകരണപ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ........ ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് 12-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.23-ന് പിരിഞ്ഞു.)

## അനുബന്ധം

## നക്ഷത്രചിഹ്നമിട്ട 422-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിന് നൽകിയ അനുബന്ധം

അനുബന്ധം (എ )

1. 'മിഷൻ കോവിഡ്' എന്ന പേരിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സാമൂഹ്യാധിഷ്ഠിത കോവിഡ് പ്രതിരോധ ക്യാമ്പെയിൻ സംഘടിപ്പിക്കൽ.
2. കോവിഡിന്റെ സാഹചര്യത്തിൽ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ കൗൺസിലിംഗ് ഉൾപ്പെടെ നടത്തി കാര്യക്ഷമമായ ഇടപെടൽ.
3. കോവിഡ് കാലത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ആവശ്യമായ പിന്തുണാസംവിധാനം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുക. ഇതിനുവേണ്ടി 14 ജില്ലകളിലുമുള്ള സ്നേഹിത ഹെൽപ്പ് ഡെസ്കിന്റെ സഹായം 24 മണിക്കൂറും ലഭ്യമാക്കൽ.
4. ആശ്രയ/അഗതിരഹിത ഗുണഭോക്താക്കൾക്ക് സേവനങ്ങൾ എത്തുന്നുണ്ടെന്ന് കുടുംബശ്രീ റെസ്പോൺസ് ടീം മുഖേന ഉറപ്പുവരുത്തൽ.
5. കോവിഡ്-19 എന്ന മഹാമാരിയെ ചെറുക്കാൻ പ്രാദേശിക സാമ്പത്തിക സഹായ/വികസന പദ്ധതികൾ നടപ്പാക്കൽ.
6. ലോക്ക്ഡൗൺമൂലമുണ്ടാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് സാധാരണക്കാർക്ക് അടിയന്തര വായ്പാ സഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഒരു അയൽക്കൂട്ടത്തിന് പരമാവധി നാല് ലക്ഷം രൂപ വരെ പലിശരഹിതവായ്പയായി ലഭ്യമാക്കുന്ന മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി നടപ്പാക്കൽ.
7. കോവിഡ് നിയന്ത്രണങ്ങളുടെ സാമ്പത്തിക പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന ദുർബല വിഭാഗങ്ങൾക്ക് ധനസഹായത്തിനായി കുടുംബശ്രീയുടെ 2000 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ (എ.ഡി.എസ്.) വഴി സംസ്ഥാനത്താകെ 200 കോടി രൂപയുടെ ധനസഹായ വിതരണം.

8. കോവിഡ് വ്യാപന സാഹചര്യത്തിൽ ദുരിതമനുഭവിക്കുന്ന അതി ദരിദ്രരെ കണ്ടെത്തി അവരുടെ പുനരുജ്ജീവന പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി പ്രത്യേക സർവ്വേ.

9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആയിരം പേരിൽ 5 പേർക്ക് തൊഴിൽ എന്ന കണക്കിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി.

10. കോവിഡ് മഹാമാരിമൂലമുള്ള പ്രതിസന്ധി ഘട്ടത്തിൽ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള കൗൺസിലിംഗ് പരിപാടികൾ, കുടുംബശ്രീ, ആരോഗ്യ വകുപ്പ് തുടങ്ങിയവരുടെ നേതൃത്വത്തിൽ.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള വാർഡുതല സമിതികൾ, RRT -കൾ തുടങ്ങിയവയുടെ ശാക്തീകരണം.

അനുബന്ധം (ബി)

## നക്ഷത്രചിഹ്നമിട്ട 422-ാം നമ്പർ ചോദ്യത്തിന്റെ 'ബി' പിരിവിന് നൽകിയ അനുബന്ധം

### തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടി

തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന വികസന പ്രവർത്തനത്തോടൊപ്പം നടപ്പാക്കേണ്ട ക്ഷേമപ്രവർത്തനങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തിനും മുൻഗണന നൽകുന്നതിനാണ് പന്ത്രണ്ടിന പരിപാടി സർക്കാർ പ്രഖ്യാപിച്ചത്. ഇതിനുള്ള മാർഗ്ഗരേഖ 6-3-2020-ലെ 45/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും സംക്ഷിപ്തമായി താഴെ ചേർക്കുന്നു :

1. വിശപ്പുരഹിത കേരളം - ജനകീയ ഹോട്ടൽ

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗര സഭകളിലും ഒന്ന് വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്ന ക്രമത്തിലും 25 രൂപയ്ക്ക് ഉച്ചയൂണ് നൽകുന്നതിന് ജനകീയ ഹോട്ടൽ ആരംഭിക്കുക യെന്നതാണ് ലക്ഷ്യം. ആവശ്യമെങ്കിൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നിലേറെ ഹോട്ടലുകൾ ആരംഭിക്കാം. ആകെ നൽകുന്ന ഊണിന്റെ 10 ശതമാനം സൗജന്യമായി നൽകണം. ഒരു ഹോട്ടലിന് 10,000 രൂപ ജില്ലാ പഞ്ചായത്തും അതത് ബ്ലോക്ക് പഞ്ചായത്തുകൾ 20,000 രൂപയും റിവോൾവിംഗ് ഫണ്ടായി നൽകും. കെട്ടിടത്തിന്റെ വാടക, വൈദ്യുതി തുടങ്ങിയവ അതാത് ഗ്രാമപഞ്ചായത്ത്/നഗരസഭ വഹിക്കണം. പാചകത്തിന് പാത്രങ്ങളും മറ്റും കുടുംബശ്രീ ലഭ്യമാക്കണം. ഊണിനുവേണ്ട അരി സബ്സിഡി നിരക്കിൽ (10.90 രൂപ) സിവിൽ സപ്ലൈസ് നൽകും. ഒരു ഊണിന് 5 രൂപ വീതം സബ്സിഡി സർക്കാർ കുടുംബശ്രീ മുഖേന നൽകും. കിടപ്പുരോഗികൾക്കും വയോജനങ്ങൾക്കും ആവശ്യമായ ഭക്ഷണം ജനകീയ ഹോട്ടലിൽ നിന്നും വീടുകളിൽ എത്തിക്കും. ഒരു ജനകീയ ഹോട്ടലിൽ കുറഞ്ഞത് 2-3 പേർ വനിതകളായി രിക്കണം. ഈ സംരംഭത്തിന് ആവശ്യമായ തുക തനത്/വികസന ഫണ്ടിൽനിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. 1145 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 956 എണ്ണവും നഗരസഭകളിൽ 189 എണ്ണവും.

2. വയോ ക്ലബ്ബുകൾ

ഓരോ തദ്ദേശഭരണ സ്ഥാപനവും സമ്പൂർണ്ണ വയോജന സൗഹൃദ തദ്ദേശ ഭരണ സ്ഥാപനമായി മാറുകയെന്നതാണ് ലക്ഷ്യം. വയോജനങ്ങൾക്കു വേണ്ടി പകൽസമയത്ത് പ്രവർത്തിക്കുന്ന വിശ്രമ വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുകയെ

ന്നതാണ് പ്രധാന പ്രവർത്തനം. ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും മൂന്നുവീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒന്നും എന്ന കണക്കിലാണ് വയോ ക്ലബ്ബുകൾ ലക്ഷ്യമിടുന്നത്. ഒരു വയോ ക്ലബ്ബിന് ഒരു കെയർ ടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽനിന്ന് നൽകണം. ഇതിനായി കുടുംബശ്രീ മിഷൻ 4000 രൂപ തദ്ദേശഭരണ സ്ഥാപനത്തിന് നൽകും. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 500 രൂപ വീതം നൽകണം. നഗരസഭ 1000 രൂപ നൽകണം. ഈ കേന്ദ്രങ്ങളിൽ നിശ്ചിത ദിവസങ്ങളിൽ പി.എച്ച്.സി. ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാക്കും.

3. <u>ശുചിത്വ കേരളം</u>

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഘട്ടംഘട്ടമായി ശുചിത്വ പദവി നേടുകയെന്നതാണ് ലക്ഷ്യം. ഇതിനകം 715 ഗ്രാമപഞ്ചായത്തുകളും 71 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ഈ ലക്ഷ്യം കൈവരിച്ചു. വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് APL, BPL വ്യത്യാസമില്ലാതെ യൂണിറ്റ് ചെലവിന്റെ 90 ശതമാനം സബ്സിഡി നൽകാം. ഈ ക്യാമ്പെയിന്റെ സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകും. ഹരിത കേരളം മിഷനാണ് മോണിറ്ററിംഗിന്റെ ചുമതല. അനുയോജ്യമായ സ്ഥലത്ത് കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി 5.00 കോടി രൂപ പ്രത്യേക വികസന ഗ്രാന്റായി സർക്കാർ നൽകും.

4. <u>പൊതു ടോയ്‌ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും</u>

പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ 12000-ത്തോളം പൊതു ടോയ്‌ലെറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുകയാണ് ലക്ഷ്യം. വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണത്തോടെയാണ് ഇത് യാഥാർത്ഥ്യമാക്കുന്നത്. ദേശീയപാതയുടെയും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെയും ഓരത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും പൊതു ടോയ്‌ലെറ്റുകൾ സ്ഥാപിക്കും. ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും ഒന്നുവീതവും വലിയ മുനിസിപ്പാലിറ്റികളിൽ 2 വീതവും കോർപ്പറേഷനുകളിൽ 5 വീതവും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുകയാണ് ലക്ഷ്യം. ഇതിനായി CSR, MP/MLA ഫണ്ടുകളും ഉപയോഗപ്പെടുത്താം. ഇതിനകം 201 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ സംസ്ഥാനത്ത് സ്ഥാപിച്ചു. ഇതിൽ 151 എണ്ണം അടിസ്ഥാന (മിനിമം) സൗകര്യമുള്ളതും 48 എണ്ണം സ്റ്റാൻഡേർഡ് സൗകര്യമുള്ളതും 8 എണ്ണം

പ്രീമിയം സൗകര്യമുള്ളതുമാണ്. ടേക്ക് എ ബ്രേക്കിന്റെ നടത്തിപ്പ് ചുമതല കുടുംബശ്രീക്കാണ്. രാവിലെ 6 മുതൽ 8 വരെ കേന്ദ്രം പ്രവർത്തിക്കും. അനിവാര്യ സ്ഥലങ്ങളിൽ രാത്രിയിലും പ്രവർത്തിപ്പിക്കും.

5. തോടുകളുടെ ശുചീകരണം

50000-ത്തോളം കിലോമീറ്റർ തോടുകൾ ശുചിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രധാനമായും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. പൊതുകുളങ്ങൾ, തോടുകൾ, കനാലുകൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകൾ സംരക്ഷിക്കുകയാണ് ലക്ഷ്യം.

6. ഫലവൃക്ഷതൈകൾ നട്ട് പരിപാലിക്കൽ

പ്രതിവർഷം ഒരു കോടി ഫലവൃക്ഷ തൈകൾ വീതം നട്ടുവളർത്തുന്ന ഒരു ദശവത്സര പരിപാടിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ് സോഷ്യൽ ഫോറസ്ട്രി, ഹരിത മിഷൻ എന്നീ ഏജൻസികൾ മുഖേനയാണ് ഇത് നടപ്പാക്കുന്നത്. പച്ചത്തുരുത്ത് പദ്ധതിയുടെ മാതൃക ഈ പദ്ധതിക്കായി അവലംബിക്കുന്നുണ്ട്. ഒഴിഞ്ഞുകിടക്കുന്ന പൊതു സ്ഥലങ്ങൾ, പുറമ്പോക്ക്, ദേവസ്വം ബോർഡുകളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം, വിവിധ വകുപ്പുകളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവ ഇതിനായി തെരഞ്ഞെടുക്കാം.

7. ജൈവപച്ചക്കറി കൃഷി

പച്ചക്കറി ഉൽപ്പാദനത്തിൽ കഴിയുന്നത്ര സ്വാശ്രയത്വം കൈവരിക്കുന്നതിനും വിഷരഹിത നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി ജൈവപച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ജനകീയ ക്യാമ്പെയിനാണിത്. കുടുംബശ്രീ മുഖേന 20000 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.

8. ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രം (LEAP)

പ്രാദേശിക സർക്കാരുകളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. മൃഗസംരക്ഷണ/ക്ഷീര വികസന മേഖലയിലെ സംരംഭങ്ങൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ, പ്ലാസ്റ്റിക് ബദൽ ഉല്പന്ന യൂണിറ്റുകൾ, സാങ്കേതിക സേവന കേന്ദ്രങ്ങൾ, ഇവന്റ് മാനേജ്മെന്റ് യൂണിറ്റുകൾ, കാർഷിക മൂല്യ വർദ്ധിത യൂണിറ്റുകൾ മുതലായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. <u>പൊതു വിദ്യാഭ്യാസ യജ്ഞം</u>

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ അക്ഷരവും അക്കവും ഉറച്ചിട്ടില്ലാത്തവരെ അദ്ധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി റെമഡിയൽ വിദ്യാഭ്യാസം നൽകുന്ന പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുകയാണ് ഉദ്ദേശം. ഇതിനായി പി.റ്റി.എ. യുടെ സഹായവും തേടും.

10. <u>പാലിയേറ്റീവ് പരിചരണം</u>

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ഇത് എല്ലായിടത്തും നൽകുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുകയാണ് ലക്ഷ്യം. നിലവിലുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഇതിനായി ഏകോപിപ്പിക്കണം.

11. <u>പട്ടിക വിഭാഗങ്ങളുടെ വികസനം</u>

ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ള കോളനി/സങ്കേത നവീകരണ പദ്ധതികളുടേയും വീടുകളുടേയും പഠനമുറികളുടേയും സാമൂഹ്യ പഠന കേന്ദ്രങ്ങളുടേയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഉദ്ദേശിക്കുന്നു. കോളനി/ഊര് സന്ദർശനവും വികസന വിടവുകൾ കണ്ടെത്തലും മറ്റൊരു പ്രവർത്തനമാണ്. നിലവിലുള്ള സർക്കാർ സേവനങ്ങൾ അർഹതയുള്ള എല്ലാവരിലും എത്തിക്കാനുള്ള നടപടി സ്വീകരിക്കും.

12. <u>ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ (നമ്മൾ നമുക്കായി)</u>

സംസ്ഥാനത്ത് സമീപകാലത്തായി അനുഭവപ്പെടുന്ന വരൾച്ച, പ്രളയം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് എന്നിവയെ അതിജീവിക്കുന്നതിനും ദുരന്ത മുഖത്ത് പകച്ചുനിൽക്കാതെ ഇടപെടുന്നതിനും എല്ലാ ഗ്രാമപഞ്ചായത്ത്, നഗരസഭാതലത്തിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇത് 2020-21-ൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കി. പ്രകൃതി ദുരന്തത്തിലും പ്രാദേശിക പ്രതിസന്ധി ഘട്ടത്തിലും സഹായമെത്തിക്കുന്നതിനായി 100 പേർക്ക് ഒരാൾ വീതം എന്ന നിലയിൽ സാമൂഹ്യ സന്നദ്ധസേന രൂപീകരിക്കാനുള്ള ശ്രമവും ഇതിന്റെ ഭാഗമായി നടന്നു.

## അനുബന്ധം (സി)

## നക്ഷത്രചിഹ്നമിട്ട 422-ാം നമ്പർ ചോദ്യത്തിന്റെ 'ബി' പിരിവിന് നൽകിയ അനുബന്ധം

11-6-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ താഴെ വിശദീകരിക്കുന്നു :

1. കോവിഡ് നിയന്ത്രണങ്ങളുടെ സാമ്പത്തിക പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന ദുർബല വിഭാഗങ്ങൾക്ക് ധനസഹായത്തിനായി 20000 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ (ADS) വഴി സംസ്ഥാനത്താകെ 200 കോടി രൂപയുടെ ധനസഹായ വിതരണം.
2. ലൈഫ് മിഷന്റെ കീഴിൽ 10000 വീടുകൾ പൂർത്തീകരിക്കും.
3. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (അമൃത് പദ്ധതിപ്രകാരം)
4. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP)-യുടെ ഭാഗമായി റോഡുകളുടെ പൂർത്തീകരണം.
5. വിവിധ വകുപ്പുകളുടെ കീഴിൽ പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന 7000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.
6. വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടലുകൾക്ക് നിലവാര റേറ്റിംഗ് നൽകുന്ന പരിപാടി.
7. വിദ്യാശ്രീ പദ്ധതിയുടെ കീഴിൽ 50000 ലാപ്ടോപ്പുകളുടെ വിതരണം.
8. ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സംവിധാനം ഒരുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാര വിതരണം.
9. ടേക്ക് എ ബ്രേക്ക് ടോയ്ലെറ്റ് കോംപ്ലക്സ് - യാത്രികർക്കായുള്ള 100 ടോയ്ലെറ്റ് കോംപ്ലക്സുകൾ
10. കില മ്യൂസിയം
11. നിലാവ് പദ്ധതി

12. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) - ഭരണ നിർവ്വഹണവും സേവന പ്രദാനവും ഓൺലൈനിൽ സാധ്യമാകുന്ന നിലവിൽ 153 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച് പ്രവർത്തിക്കുന്ന ILGMS അടുത്ത 150 ഗ്രാമപഞ്ചായത്തുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കൽ.

13. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലത്തിൽ 1000-ൽ 5 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള മുന്നോടിയായി പദ്ധതിയുടെ കരട് സമർപ്പിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുന്ന പദ്ധതി.

<u>അനുബന്ധം- (ഡി)</u>

## നക്ഷത്രചിഹ്നമിട്ട 423-ാം നമ്പർ ചോദ്യത്തിന്റെ 'സി' പിരിവിന് നൽകിയ അനുബന്ധം

<u>ടെക്നോപാർക്കുകളുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ</u>

i. ടെക്നോപാർക്ക് ഫേസ്-1-ൽ ബ്രിഗേഡ്

ii. കാർണിവൽ ഇൻഫോപാർക്ക്

iii. ടെക്നോപാർക്ക് ഫേസ്-3-യിൽ ടെക്നോപാർക്കിന്റെ പുതിയ ഐ.ടി. കെട്ടിടം

iv. ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ

v. വിൻവിഷ് ടെക്നോളജീസ്

vi. ടെക്നോസിറ്റിയിൽ ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രേഡ് സെന്റർ

vii. വി.എസ്.എസ്.സി.-യുമായി ചേർന്ന് കെ.എസ്.ഐ.ടി.എൽ. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്പേസ് പാർക്ക്

viii. ടി.സി.എസ്.-ടാറ്റാ ഇലക്സി ഗ്രൂപ്പിന്റെ ഡിജിറ്റൽ ഡേറ്റാ സെന്റർ ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾ

ix. സൺടെക് ബിസിനസ്സ് സൊല്യൂഷൻസ്

x. IIITM-K, കേരള അക്കാഡമി ഓഫ് സ്കിൽ എക്സലൻസി, സംസ്ഥാന ഡിജിറ്റൽ സർവ്വകലാശാല എന്നിവ

xi. ടെക്നോപാർക്കിന്റെ ഐ.ടി./ഐ.ടി.ഇ.എസ്. കെട്ടിട സമുച്ചയം തുടങ്ങിയവ.

പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ/Non-SEZ) ഐ.ടി./ ഐ.ടി.ഇ.എസ്. അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇൻഫോപാർക്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം ഭാവി വികസന പദ്ധതികൾക്കായി ഇൻഫോപാർക്ക് കൊച്ചിയിലും

ഇൻഫോപാർക്ക് കൊരട്ടിയിലും കൂടുതൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കുമായി ബന്ധപ്പെട്ട് പുരോഗമിച്ചു കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ ഇവയാണ്,

i. ഐ.ബി.എസ്. ഐ.ടി കാമ്പസ് (6 ലക്ഷം ച.അടി സ്പേസ്) ആദ്യ ഘട്ട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

ii. ക്ലെയ്സിസ് ഐ.ടി. കാമ്പസ് രണ്ടാം ഘട്ടം (1 ലക്ഷം ച.അടി സ്പേസ്) പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

iii. കാസ്പിയൻ ടെക് പാർക്ക് (4.5 ലക്ഷം ച.അടി സ്പേസ്)- 2022 ആദ്യപാദത്തിൽ ആദ്യ ഘട്ടം പൂർത്തീകരിക്കും

iv. ക്ലൗഡ്സ്പേസ് ഐ.ടി. പാർക്ക് (62000 ച.അടി സ്പേസ്)- 2021 അവസാനത്തോടെ പദ്ധതി പൂർത്തീകരിക്കും.

സൈബർ പാർക്കുമായി ബന്ധപ്പെട്ട് നടത്താനുദ്ദേശിക്കുന്ന ഭാവി വികസന പദ്ധതികൾക്കായി സൈബർ പാർക്കിൽ Non-SEZ മേഖലയിൽ പുതിയതായി ഒരു ഐ.ടി ബിൽഡിംഗ് തുടങ്ങാൻ (3 ലക്ഷം ച.അടി സ്പേസ്) സൈബർ പാർക്ക് ബോർഡ് അംഗീകാരം നൽകുകയും അതുമായി ബന്ധപ്പെട്ട് ഒരു സാധ്യതാപഠനം നടത്താൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

ഐ.ടി. മേഖലയിലെ വികസനത്തിനായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളിൽ മൊബൈൽ ഗവേണൻസ് പദ്ധതി, കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക്) പദ്ധതി, സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) തുടങ്ങിയവ പ്രധാന പദ്ധതികളാണ്. സംസ്ഥാനത്ത് ഡിജിറ്റൽ വിപ്ലവം സൃഷ്ടിക്കുകയെന്നതാണ് ഇതുകൊണ്ടുള്ള ലക്ഷ്യം.

## അനുബന്ധം (ഇ)

## ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദീകരണം.

1. സമ്പാദ്യ സമാശ്വാസ പദ്ധതി

സംസ്ഥാനത്ത് കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. ഗുണഭോക്താക്കളിൽ നിന്നും പരമാവധി 1500 രൂപ ഗഡുക്കളായി ശേഖരിക്കുകയും സംസ്ഥാന, കേന്ദ്ര സർക്കാർ വിഹിതമായ 1500 രൂപ വീതവും ചേർത്ത് 4500 രൂപ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ 3 ഗഡുക്കളായി അനുവദിക്കുന്ന പദ്ധതിയാണിത്. മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും പഞ്ഞമാസത്തെ ജീവനോപാധി സഹായവുമായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഒറ്റത്തവണയായി തുക അനുവദിക്കാൻ കഴിയില്ല. കഴിഞ്ഞ 2 വർഷമായി ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ധനസഹായം ലഭിക്കുന്നില്ല. 2021-22 സാമ്പത്തിക വർഷം പദ്ധതിയിൽ അംഗമായ 179376 ഗുണഭോക്താക്കൾക്ക് അനുവദിക്കേണ്ട 25.51 കോടി രൂപയുടെ പ്രൊപ്പോസൽ യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിച്ചെങ്കിലും കേന്ദ്ര വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. ഈ പദ്ധതിയിൽ മാത്രം 98.26 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ളത്.

2. ഭവന പദ്ധതി

2010-ന് എൻ.ഐ.ആർ.ഡി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്) ഹൈദരാബാദ് മുഖാന്തരം നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്താകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമാണ്. 2011 വർഷം മുതൽ ഇതുവരെ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി 19158 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. വകുപ്പിന്റെ ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം 1854 പേരെ പരിഗണിച്ചതിൽ 1418 പേർ സ്ഥലം രജിസ്റ്റർ ചെയ്തു. 1119 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 2017-18 വർഷം മുതൽ ഫിഷറീസ് വകുപ്പ് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നില്ല. സമ്പൂർണ പാർപ്പിടം ലക്ഷ്യമിട്ട് ലൈഫ് മിഷൻ മുഖേനയാണ് മത്സ്യത്തൊഴിലാളികൾക്കും ഭവന പദ്ധതി നടപ്പാക്കുന്നത്. 7778 ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും 7346 ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും വിവരം ഫിഷറീസ് വകുപ്പ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ

അർഹരാണെന്ന് കണ്ടെത്തിയ 2011 ഭവന രഹിതരിൽ 1161 പേർ ഭവന നിർമ്മാണവും 374 ഭൂരഹിത ഭവനരഹിതരിൽ 17 പേർ ഭൂമി വാങ്ങി ഭവന നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പ് വഴി ഭവന അറ്റകുറ്റപ്പണി പദ്ധതി നടപ്പാക്കുന്നില്ല.

3. തണൽ പദ്ധതി

തൊഴിൽ വകുപ്പിന്റെ സഹായത്താൽ കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്കായി നടപ്പാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതിയിലെ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായ പദ്ധതിയാണ് "തണൽ". മത്സ്യ/അനുബന്ധ തൊഴിലാളികൾക്ക് പ്രതിവർഷം 1350 രൂപ പൂരക വേതനമായി പദ്ധതി പ്രകാരം അനുവദിച്ചിരുന്നു. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 5516.85 ലക്ഷം രൂപയാണ് അനുവദിച്ചത്. പദ്ധതി നടപ്പാക്കുന്നതിന് തൊഴിൽ വകുപ്പിൽനിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെയാണ് ചുമതലപ്പെടുത്തിയത്. ആയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

4. ജലാശയങ്ങളിലെ പോളപ്പായൽ

നമ്മുടെ ചെറുതും വലുതുമായ ജലാശയങ്ങളിൽ ബഹുഭൂരിപക്ഷവും പോളപ്പായൽ നിറഞ്ഞ് നാശോന്മുഖമായിരിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജലാശയമാണ് വേമ്പനാട് കായൽ, പായലിനുപരിയായി പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിക്ഷേപവും മറ്റും കായൽ സമ്പത്തിനേയും കായൽ അടിത്തട്ടിനേയും ദോഷകരമായി ബാധിക്കുന്നുണ്ട്. ഇത് മത്സ്യസമ്പത്തിന്റെ കുറവിനും കാരണമാകുന്നു. തന്മൂലം മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. വേമ്പനാട് കായൽ സംരക്ഷിക്കുന്നതിന് ഒരുവർഷം നീണ്ടുനിൽക്കുന്ന ജനകീയ കായൽ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തുക പ്രഖ്യാപിക്കുകയും ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം പ്രദേശത്തെ ബഹുമാനപ്പെട്ട മന്ത്രിമാർ, MP-മാർ, MLA-മാർ, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ ഉൾപ്പെടുത്തി 2021 ജൂലൈ 3-ാം തീയതി യോഗം ചേർന്നു. പ്രാദേശിക തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുവാനും ക്യാമ്പയിൻ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. 2021 നവംബർ 1 മുതൽ 2022 നവംബർ 1 വരെ ഒരുവർഷം കൊണ്ട് കായലിന്റെ ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഓരോ പ്രവർത്തനങ്ങൾക്കും കാലഗണനയും നിശ്ചയിച്ചു. യോഗതീരുമാന പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലഗണന താഴെപ്പറയും പ്രകാരമാണ്.

**ഒന്നാംഘട്ടം**

2021 ആഗസ്റ്റ് 30-നുള്ളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് പ്രസിഡന്റ് അദ്ധ്യക്ഷനായി കമ്മിറ്റികൾ രൂപീകരിക്കും

2021 സെപ്റ്റംബർ 30-നുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അതാതിന്റെ അദ്ധ്യക്ഷന്മാർ ചെയർമാനായി കമ്മിറ്റി രൂപീകരിക്കും.

2021 ക്ടോബർ 30 വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെ ചെയർമാന്മാരാക്കി ജനകീയ കമ്മിറ്റി രൂപീകരിക്കും.

2021 നവംബർ 1-ന് കേരളപ്പിറവി ദിനത്തിന് ആരംഭിച്ച് ജനകീയ പങ്കാളിത്തത്തോടെയുള്ള കായൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കും. 2022 നവംബർ 1-ന് സമാപിക്കും

**രണ്ടാം ഘട്ടം**

വിവിധ വകുപ്പുകളുടെ പദ്ധതി ക്രോഡീകരണവും തുക വകയിരുത്തലും പ്രവർത്തന കലണ്ടർ തയ്യാറാക്കലും നിർമ്മാണം ആരംഭിക്കലും.

മേൽ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും സംഘട നകളെയും പ്രാദേശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജനങ്ങളെയും കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുവാൻ ഒരു മിഷൻ മാതൃക അനിവാര്യമാണ്. വിവിധ വകുപ്പുകൾ തുടർപ്രവർത്തനത്തിനായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി രണ്ടാംഘട്ട നിർവ്വഹണം പൂർത്തീകരിക്കും. ഇതോടൊപ്പം ശുചീകരിക്കപ്പെട്ട ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളുടെ സംഭരണവും ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കും. വേമ്പനാട് കായൽ മാതൃകയിൽ മറ്റ് വൻജലാശയങ്ങളെയും സംരക്ഷിക്കുന്നതിനുള്ള ജനകീയ പ്രവർത്തനവും ആരംഭിക്കും.

5. <u>കാലാവസ്ഥാ മുന്നറിയിപ്പ് - പ്രത്യേക പാക്കേജ്</u>

2020-21-ൽ കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എസ്.ഡി.ആർ. എഫ്./സി.എം. ഡി.ആർ.എഫ്. എന്നീ ഫണ്ടുകളിൽ നിന്നും 36.126 കോടി രൂപ ധനസഹായം അനുവദിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. 207104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്.

2021-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ 6 ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു കുടുംബത്തിന് 1200 രൂപ വീതം കടലോരത്തെ മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി കുടുംബത്തിന് നൽകുന്നതിന് 18.36 കോടി രൂപ അനുവദിക്കുകയും 153040 മത്സ്യ/അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഈ സാമ്പത്തിക സഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡിന്റെ രണ്ടാം വരവിനോടനുബന്ധിച്ച് മത്സ്യബന്ധന നിയന്ത്രണം ഏർപ്പെടുത്തിയതിനാലും ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ മത്സ്യബന്ധനം നടത്തുന്നതിന് വിലക്കേർപ്പെടുത്തിയതിനാലും മത്സ്യത്തൊഴിലാ ളികൾക്ക് ജീവനോപാധി നഷ്ടപ്പെട്ട സാഹചര്യത്തിൽ പയർവർഗ്ഗങ്ങൾ, പലവ്യഞ്ജന സാധനങ്ങൾ, സോപ്പ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയ 20 ഇനങ്ങൾ ഉൾപ്പെട്ട കിറ്റ് റേഷൻ കടകൾ വഴി 122377 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രോൾബാൻ കാലയളവിൽ സൗജന്യ റേഷനും അനുവദിച്ചിട്ടുണ്ട്.

കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് പ്രതിസന്ധി എന്നീ കാരണങ്ങളാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടില്ലെങ്കിലും ഇതെല്ലാംതന്നെ ഒരു പാക്കേജിനേക്കാളും തീരദേശ ജനതയുടെ കണ്ണീരൊപ്പുന്നതായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമ്പാദ്യ സമാശ്വാസ പദ്ധതി ധനസഹായമായി 25.51 കോടി രൂപ അനുവദിച്ചതിന് പുറമെ 66.95 കോടി രൂപയുടെ ധനസഹായങ്ങളാണ് മത്സ്യ അനുബന്ധ തൊഴിലാളികൾക്കായി ചുരുങ്ങിയ കാലയളവിൽ അനുവദിച്ചത്.

മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാൻ കഴിയുമാറ് തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയും നടപ്പാക്കുന്നു.

**അനുബന്ധം (എഫ്)**

ഉപധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗത്തിനിടയിൽ ബഹു.ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച കിഫ്ബിയുടെ ആഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ്പാർലമെന്റിൽ നൽകിയ വിശദീകരണം.

Unstarred question No.1672

Will the Minister of Finance be pleased to state:

(a) whether Comptroller and Auditor General (CAG) has conducted an audit of financial transactions of Kerala Infrastructure Investment Fund Board (KIIFB) and Kannur International Airport Ltd. (KIAL) in the past;

(b) if so, the details thereof and, if not, the reasons therefor

(c) Whether the Government of Kerala has allowed CAG audit of KIIFB and KIAL ever since their commencement;

(d) if so, the details thereof and, if not the reasons therefore including the actions taken;

&

(e) Whether CAG that is empowered under Section 14(1) CAG's (Duties, Powers and conditions of Service) Act, 1971 in conducting suo motu audit of KIIFB and KIAL?

THE MINISTER OF STATE IN THE MINISTRY OF FINANCE

(SHRI PANKAJ CHAUDHARY)

(a) and (b):

(i) Compliance Audit of Kerala Infrastructure Investment Fund Board (KIIFB) for the period 1999-2007 and for the period 2016-20 was conducted under Section 14(1) of the CAG's (DPC) Act, 1971. Financial Audit of KIIFB for the period 1999-2000 to 2006-07 was conducted as per the provisions of KIIFB Act, 1999.

(ii) For Kannur International Airport Ltd. (KIAL) Compliance Audit for 2009-11, 2011-15 and 2015-16 was conducted under Section 143(7) of

the Companies Act, 2013 read with Section 19 of CAG's (Duties, Powers and Conditions of Service) Act, 1971. Financial Audit for 2009-10 to 2015-16 was conducted under Section 143(6) of the Companies Act, 2013.

(c) and (d):

(i) Compliance Audit of KIIFB under Section 14(1) of the CAG's (DPC) Act, 1971 was completed for the periods 1999-2007 and 2016-20.

(ii) Government of Kerala allowed Compliance and Financial audits of KIAL up to 2015-16 under Section 143(6) and 143(7) of the Companies Act, 2013 read with Section 19 of CAG's (DPC) Act, 1971. Compliance and Financial Audits of KIAL from 2016 have not been allowed. Ministry of Corporate Affairs, Government of India directed KIAL to comply with the provisions of Section 139(5) and 139(7) of the Companies Act, 2013 by virtue of the fact that about 64 percent of the shares of the Company are held by the Government of Kerala (32.86 percent) and PSUs (31.93 percent). However, KIAL obtained an interim stay from the Hon'ble High Court of Kerala. Presently the case is pending in Hon'ble High Court of Kerala.

(e):

(i) CAG is empowered to conduct the Compliance audit of KIIFB under Section 14(1) of CAG's (DPC Act), 1971. The audit is conducted as per the prescribed procedure for conduct of such audits.

(ii) CAG is not empowered under Section 14(1) of CAG's (DPC) Act, 1971 in conducting suo moto audit of KIAL.